കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 11, ചൊവ്വ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 196 –നമ്പർ 8

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 11, ചൊവ്വ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്

ഉള്ളടക്കം **പേജ്**

I ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

III ശ്രദ്ധ ക്ഷണിക്കൽ

(1) സമഗ്ര മാനസികാരോഗ്യ പദ്ധതി

- ശ്രീ. മുഹമ്മദ് മുഹസിൻ

(2) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

- ശ്രീ. സി. ആർ. മഹേഷ്

IV സബ്മിഷൻ

1. മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡ് നിർമ്മാണം

- ശ്രീ. റോജി എം. ജോൺ

2. ആലത്തൂരിലെ വർക്കുകൾക്ക് പി.എം.സി.-കളെ ചുമതലപ്പെടുത്തൽ

- ശ്രീ. കെ. ഡി. പ്രസേനൻ

3. എസ്.സി./എസ്.ടി. വിദ്യാർഥികൾക്കുള്ള ധനസഹായം

- ശ്രീ. വി. ശശി

4. പൊന്നാനി കടലോര മേഖലകളിലുള്ളവർക്ക് നികുതി അടയ്ക്കാൻ സംവിധാനം

- ശ്രീ. പി. നന്ദകുമാർ

5. കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമവും സബ്സ്റ്റേഷൻ നിർമ്മാണവും

- ശ്രീമതി ശാന്തകുമാരി കെ.

6. ചാലക്കുടി നിയോജകമണ്ഡലത്തിലെ റോഡുകളുടെ റെസ്റ്റോറേഷൻ പ്രവൃത്തികൾ

- ശ്രീ. സനീഷ് കുമാർ ജോസഫ്

7. അന്യസംസ്ഥാനങ്ങളിലേക്കുള്ള വിറക് കടത്ത് തടയൽ

- ശ്രീ. കെ. വി. സുമേഷ്

8. പീരുമേട് നിയോജകമണ്ഡലത്തിലെ കാട്ടാന ആക്രമണം

- ശ്രീ. വാഴൂർ സോമൻ

9. പുതുക്കിയ കോടതി ഫീസും വ്യവഹാരസ്വയും പിൻവലിക്കൽ

- ശ്രീ. യു. എ. ലത്തീഫ്

10. സ്കൂൾ പാചക തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ

-ശ്രീ. വി. ആർ. സുനിൽ കുമാർ

11. ഹയർ സെക്കൻഡറി പരീക്ഷകളുടെ സമയക്രമം

-ശ്രീ. കുറുക്കോളി മൊയ്തീൻ

V റിപ്പോർട്ട് സമർപ്പണം

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ മുപ്പത്തിനാല് മുതൽ നാൽപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ

VI ധനകാര്യം

2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതുചർച്ച

VII നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

ലഹരി വ്യാപനം

– ശ്രീ. പി. സി. വിഷ്ണുനാഥ്

ധനകാര്യം (തുടർച്ച)

അനുബന്ധം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 11, ചൊവ്വ

വാല്യം 196} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 8

നിയമസഭ 2025 ഫെബ്രുവരി മാസം 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*61)

മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ്

1(*61) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എം. വിജിൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി എത്രത്തോളം പ്രയോജനകരമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ എണ്ണം എത്രയാണെന്നറിയിക്കുമോ;

(സി) മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസിൽ എഫ്.ഐ.എം.എസ്. രജിസ്ട്രേഷൻ അനുസരിച്ച് മത്സ്യത്തൊഴിലാളി ലിസ്റ്റ് ഉൾപ്പെടുത്തുമ്പോൾ മസ്റ്ററിംഗ് നടത്തിയാണോ പോളിസി വിഹിതം ഒടുക്കുന്നതെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) ഉണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡുവഴി നടപ്പാക്കിവരുന്ന പദ്ധതിയാണിത്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം പൂർണ്ണമായും സർക്കാർ വഹിക്കുന്നു. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽനിന്ന് ഈടാക്കുന്നില്ലെന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ആശ്രിതർക്കും ഇൻഷ്വറൻസ് തുക ലഭ്യമാകുന്നതുകൊണ്ട് കുടുംബത്തിന്റെ സാമ്പത്തികഭദ്രത ഉറപ്പാക്കുന്നതിനും ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ കഴിയുന്നു.

മേൽ പദ്ധതിപ്രകാരം, അപകടമരണത്തിന് 10 ലക്ഷം രൂപയും മത്സ്യബന്ധനവേളയിൽ അപകടംമൂലം കാണാതായാൽ 10 ലക്ഷം രൂപയും

സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് 10 ലക്ഷം രൂപയും സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 5 ലക്ഷം രൂപയും അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളിയുടെ 2 കുട്ടികൾക്ക് ഒരാൾക്ക് 5000 രൂപ വീതം പരമാവധി 10,000 രൂപ വിദ്യാഭ്യാസ ധനസഹായവും അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സയ്ക്കുവേണ്ടി വരുന്നവർക്ക് പരമാവധി 25,000 രൂപയും ശവസംസ്കാരച്ചെലവിന് 2,500 രൂപയും ധനസഹായമായി നൽകുന്നു. കൂടാതെ മത്സ്യത്തൊഴിലാളികൾക്കായി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയും മത്സ്യഫെഡ് മുഖേന നടപ്പാക്കിവരുന്നു. 2024-25 വർഷത്തിൽ മത്സ്യത്തൊഴിലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിപ്രകാരം 509 രൂപ പ്രീമിയം അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. അപകടമരണത്തിനും അപകടംമൂലം സ്ഥിരമായ പൂർണ്ണ അംഗവൈകല്യത്തിനും 10 ലക്ഷം രൂപയുടെ (പത്ത് ലക്ഷം രൂപ) പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പാക്കിവരുന്നത്. കൂടാതെ ടി പദ്ധതിയിൽ മരണാനന്തര ചടങ്ങുകൾക്കായി 5000 രൂപയും (അയ്യായിരം

രൂപ), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 1,00,000 രൂപയും (ഒരു ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിന്റെ തോതനുസരിച്ച് പരമാവധി പത്ത് ലക്ഷം രൂപവരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.

(ബി) 2024-25 വർഷത്തെ ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 18-12-2024 മുതൽ ഒരു വർഷത്തേയ്ക്ക് 226093 മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ മത്സ്യഫെഡ് നടപ്പാക്കുന്ന 2024-25 ഇൻഷ്വറൻസ് പദ്ധതിയിൽ 99760 മത്സ്യത്തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്.

(സി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മത്സ്യത്തൊഴിലാളി പട്ടികയിലും അനുബന്ധത്തൊഴിലാളി പട്ടികയിലും ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും മസ്റ്ററിങ് നടത്താതെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം പോളിസി വിഹിതം ഒടുക്കിവരുന്നുണ്ട്. മത്സ്യഫെഡിന്റെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി

സംഘങ്ങളിലെ അംഗങ്ങളെയാണ് മത്സ്യത്തൊഴിലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയിൽ മത്സ്യഫെഡ് മുഖേന ഉൾപ്പെടുത്തുന്നത്.

ശ്രീ. പി. നന്ദകുമാർ: സർ, മത്സ്യത്തൊഴിലാളി മേഖലയിൽ സർക്കാർ നടത്തുന്ന ഇടപെടലിനെ അഭിനന്ദിക്കുന്നു. അപകടത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മൃതശരീരം ലഭ്യമായാൽ മാത്രമെ ആശ്രിതർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുകയുള്ളൂ. പലപ്പോഴും അത് ലഭ്യമാകാറില്ല. ആവശ്യമായ രേഖകളുണ്ടെങ്കിലും മൃതശരീരം ലഭ്യമാകാത്തതിനാൽ കുടുംബാംഗങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നില്ല. അതിനാൽ അവർക്കുകൂടി ആനുകൂല്യം ലഭ്യമാക്കാനാവശ്യമായ ഇടപെടൽ നടത്തുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്. കേന്ദ്രനിയമം അനുസരിച്ച്, ഒരാളെ കാണാതായി 7 വർഷം കഴിയാതെ ആനുകൂല്യം നൽകാൻ ഇൻഷ്വറൻസ് കമ്പനി തയ്യാറാകില്ല. ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തിയെങ്കിലും ഇത്തരം കേസുകളിൽ ആനുകൂല്യം അനുവദിക്കാനോ നിയമം ഭേദഗതി ചെയ്യാനോ സാധിക്കില്ലെന്ന

മറുപടിയാണ് ലഭിച്ചത്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. പി. നന്ദകുമാർ: സർ, മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ അനുബന്ധത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി ബോർഡുവഴി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, അപകടത്തിൽ മരണപ്പെട്ട അനുബന്ധത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് 10 ലക്ഷം രൂപ ധനസഹായം ലഭിക്കുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതിന്റെ തുക മുഴുവൻ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 77431 അനുബന്ധ തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

ശ്രീ. എം. നൗഷാദ്: സർ, പീലിങ് ഷെഡ്ഡിൽ ജോലി ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസിൽനിന്നുള്ള ആനുകൂല്യം ലഭ്യമാകുമോ; അതോടൊപ്പം ഇവർക്ക് പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, വളരെ പ്രസക്തമായ ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. അനുബന്ധ തൊഴിലാളി വിഭാഗത്തിൽ ഉൾപെട്ടിട്ടുള്ള പീലിങ് തൊഴിലാളികൾക്ക് അപകടമരണത്തിനും സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്കും 10 ലക്ഷം രൂപയും സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 5 ലക്ഷം രൂപയും ലഭിക്കുന്ന വിധത്തിലുള്ള പദ്ധതി നടപ്പാക്കി വരുന്നുണ്ട്. മതിയായ സൗകര്യങ്ങളില്ലാതെ കൂടുതൽ സമയം നിന്ന് ജോലി ചെയ്യുന്നതുകൊണ്ട് ഇവർക്ക് ധാരാളം ആരോഗ്യപ്രശ്നങ്ങളുണ്ടാകുന്നുണ്ടെന്നത് മനസ്സിലാക്കി സംസ്ഥാന ഗവൺമെന്റ് ഒരു ആരോഗ്യ സുരക്ഷാ പദ്ധതിയെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്ന കാര്യവും സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എം. വിജിൻ: സർ, 2021-22, 2022-23 വർഷങ്ങളിൽ നടപ്പാക്കിയ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി വഴി എത്ര മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കാണ് ഇൻഷ്വറൻസ് ആനുകൂല്യം ലഭിച്ചത്; എത്ര തുകയാണ് സർക്കാർ മത്സ്യത്തൊഴിലാളികൾക്കായി നൽകിയത്?

ശ്രീ. സജി ചെറിയാൻ: സർ, മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് തുകയായി 2021-22-ൽ 107 പേർക്ക് 10.76 കോടി രൂപയും 2022-23-ൽ 97 പേർക്ക് 9.71 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

ശ്രീമതി ഒ. എസ്. അംബിക: സർ, എത്ര മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയാണ് ഇൻഷ്വറൻസ് തുക ചെലവഴിച്ചത്; ചെലവഴിച്ച തുകയുടെ വിശദവിവരം നൽകുമോ?

ശ്രീ. സജി ചെറിയാൻ: സർ, 2021-22 വർഷം 240867 മത്സ്യത്തൊഴിലാളികൾക്കായി 10.24 കോടി രൂപയും 2022-23 വർഷം 240974 മത്സ്യത്തൊഴിലാളികൾക്കായി 13.66 കോടി രൂപയും 2023-24 വർഷം 236992 മത്സ്യത്തൊഴിലാളികൾക്കായി 11.99 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

ശ്രീമതി കെ. കെ. രമ: സർ, നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതിയിലെ ചില നിബന്ധനകൾമൂലം എല്ലാ മത്സ്യത്തൊഴിലാളികൾക്കും ആനുകൂല്യം ലഭ്യമാകുന്നില്ല. കടലിൽവച്ച് ഹൃദയാഘാതംമൂലം മരണപ്പെടുന്ന

തൊഴിലാളികളുടെ ആശ്രിതർക്കും ഇൻഷ്വറൻസ് ലഭിക്കില്ല. ഡോക്ടർ ഹൃദയാഘാതമാണെന്ന് സർട്ടിഫൈ ചെയ്താലും ഒരുതരത്തിലുള്ള ആനുകൂല്യവും അവർക്ക് ലഭ്യമാകില്ല. കരയിൽ വച്ച് ഇത്തരം രോഗങ്ങളുണ്ടാകുകയാണെങ്കിൽ ആശുപത്രിയിലെത്തിക്കാൻ സാധിക്കും. പക്ഷേ മത്സ്യബന്ധനത്തിനായി കടലിൽപോയ തൊഴിലാളികൾക്ക് അവിടെവച്ച് ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടാകുമ്പോൾ ആശുപത്രിയിൽ എത്തിക്കാൻ പോലും സാധിക്കില്ല. അതിനാൽ കടലിൽവച്ച് മത്സ്യത്തൊഴിലാളികൾക്ക് ഏത് വിധത്തിൽ മരണം സംഭവിച്ചാലും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം പല ഘട്ടങ്ങളിലായി ഇൻഷ്വറൻസ് കമ്പനിക്കാരുമായി ചർച്ച ചെയ്തെങ്കിലും ഹാർട്ട് അറ്റാക്ക് പോലുള്ള അസുഖംമൂലമുള്ള ചില മരണങ്ങൾക്ക് തുക നൽകാൻ അവർ തയ്യാറാകുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

മുൻകൈയെടുത്ത് അത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് പ്രത്യേക ധനസഹായം വഴി 5 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.

ശ്രീമതി കാനത്തിൽ ജമീല: സർ, മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനിടെ സംഭവിക്കുന്ന സ്വാഭാവിക മരണത്തിന് ഇൻഷ്വറൻസ് ബാധകമാണോ; മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അടയ്ക്കേണ്ട പ്രീമിയം നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, കേരളത്തിലാണ് ഇന്ത്യയ്ക്ക് മാതൃകയായ രണ്ട് പദ്ധതികളുള്ളത്. ഒന്ന്, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കിവരുന്ന പദ്ധതിയിൽ മുഴുവൻ ഇൻഷ്വറൻസ് പ്രീമിയവും സംസ്ഥാന ഗവൺമെന്റാണ് നൽകുന്നത്. പ്രീമിയം ഇനത്തിൽ മത്സ്യത്തൊഴിലാളി ഒരു പൈസപോലും മുടക്കേണ്ടതില്ല. രണ്ടാമത്തേത്, മത്സ്യഫെഡ് വഴി നടപ്പാക്കുന്ന 10 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പദ്ധതിയാണ്. ടി പദ്ധതിയിൽ അംഗമാകുന്നതിന് 509 രൂപ പ്രീമിയം തുക അടയ്ക്കണം. മേൽ പദ്ധതികളിൽ അംഗങ്ങളാകുന്നവർ അപകടത്തിൽ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക് 20 ലക്ഷം രൂപ കൃത്യമായി

ലഭിക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടുമില്ല. പക്ഷേ ഇവിടെ സൂചിപ്പിച്ചതുപോലുള്ള ചില പ്രശ്നങ്ങളുണ്ട്. ഹാർട്ട് അറ്റാക്ക് ഉൾപ്പെടെയുള്ള ചില പ്രയാസങ്ങളുടെ ഭാഗമായുള്ള മരണങ്ങൾക്ക് ഇൻഷ്വറൻസ് കമ്പനി ആനുകൂല്യം നൽകാറില്ല. ഇത്തരം ഘട്ടങ്ങളിൽ സർക്കാരിന്റെ പ്രത്യേക ധനസഹായമാണ് നൽകാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പലിശരഹിത വായ്പയുടെ അടവ് മുടങ്ങിയാൽ പലിശയും പിഴപ്പലിശയും ഈടാക്കുന്ന പ്രവണത അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടാകും. തീരദേശ മേഖലയിലെ സ്ഥിതി അങ്ങേയ്ക്ക് അറിയാവുന്നതാണ്. അവിടെ വരുതിയും പട്ടിണിയുമാണ്. മത്സ്യഫെഡ് നൽകുന്ന പലിശരഹിത വായ്പകളുടെ തിരിച്ചടവ് മുടങ്ങിയാൽ പരമാവധി ലഘൂകരിച്ച് വായ്പ തിരിച്ചടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. സജി ചെറിയാൻ: സർ, തീരദേശ മേഖലയിൽ വരുതി എന്ന പരാമർശം ബഹുമാനപ്പെട്ട അംഗം നടത്തുകയുണ്ടായി. അവിടെ ഒരു വരുതിയുമില്ല; കേരളത്തിന്റെ തീരദേശമേഖല വളരെ സുരക്ഷിതവും

മത്സ്യത്തൊഴിലാളികൾ അതീവ സന്തോഷവാന്മാരുമാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് ധാരാളം സഹായങ്ങൾ അവർക്ക് നൽകിയിട്ടുണ്ട്. മത്സ്യഫെഡ് മുഖേന നൽകുന്ന വായ്പയെക്കുറിച്ചാണ് അങ്ങ് പരാമർശിച്ചത്. മത്സ്യഫെഡിന്റെ ഏറ്റവും പ്രധാന ഉത്തരവാദിത്വം അതിന്റെ സഹകരണ സംഘങ്ങൾ വഴി സഹായങ്ങൾ നൽകുക എന്നതാണ്. നിയമാനുസൃതമായ എല്ലാ സഹായങ്ങളും കൃത്യമായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നുണ്ട്. കുടിശ്ശിക വരുത്തിയ ഏതെങ്കിലും കേസ് അങ്ങ് പ്രത്യേകമായി ചൂണ്ടിക്കാണിച്ചാൽ മത്സ്യഫെഡിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, 'പുനർഗേഹം' പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് വീട് വച്ച് നൽകുന്നുണ്ട്. എന്നാൽ ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ടി പദ്ധതി പ്രകാരം വീടുവയ്ക്കുന്നതിനായി തീരദേശമേഖലയിൽ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; എന്റെ നിയോജകമണ്ഡലത്തിലെ ബേക്കലിൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, 'പുനർഗേഹം' പദ്ധതി ഭംഗിയായി

കേരളത്തിൽ നടപ്പാക്കികൊണ്ടിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. പ്രസ്തുത പദ്ധതിയുടെ ഭാഗമായി മിക്കവാറും എല്ലാവർക്കും ഭവനം നിർമ്മിച്ച് നൽകാൻ കഴിയുന്ന സ്ഥിതിയാണ്. നിലവിൽ 1200-ഓളം ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. അങ്ങയുടെ നിയോജകമണ്ഡലത്തിലെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട വിഷയം ഞാൻ നേരിട്ടുപോയി മനസ്സിലാക്കിയിട്ടുള്ളതാണ്. ഭൂമി ഏറ്റെടുത്ത് നൽകുന്നതിനായി ബന്ധപ്പെട്ട കളക്ടർക്കും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമി ലഭ്യമാകുന്നമുറയ്ക്ക് അക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, പരമ്പരാഗത മത്സ്യബന്ധന സമൂഹങ്ങളെ ബ്ലൂ ഇക്കോണമി പ്രതികൂലമായി ബാധിക്കുകയാണ്. ബ്ലൂ ഇക്കോണമി പ്രവർത്തനങ്ങളിൽനിന്നുള്ള മലിനീകരണവും വിനോദസഞ്ചാരം, റിയൽ എസ്റ്റേറ്റ്, വ്യവസായ ആവശ്യങ്ങൾ എന്നിവയ്ക്കായുള്ള തീരപ്രദേശങ്ങളുടെ വികസനവും മത്സ്യത്തൊഴിലാളി സമൂഹങ്ങളെ അവരുടെ പൂർവികരുടെ

ഭ്രമിയിൽനിന്നും തൊഴിലിടങ്ങളിൽനിന്നും അകറ്റുന്നതിനും കൂടിയിറക്കുന്നതിനും ഇടയാക്കും. അതിനാൽ ബ്ലൂ ഇക്കോണമി പ്രവർത്തനങ്ങളുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹങ്ങളെ ഉൾപ്പെടുത്താനും അവർക്ക് നഷ്ടപരിഹാരം നൽകാനും സുസ്ഥിരമായ ജീവനോപാധി മാർഗം കണ്ടെത്താനും സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, കേന്ദ്രഗവൺമെന്റിന്റെ പുതിയ നയമനുസരിച്ച് ഖനനത്തിന്റെയും ബ്ലൂ ഇക്കോണമിയുടെയും ഭാഗമായി ധാരാളം പ്രയാസങ്ങൾ മത്സ്യമേഖല നേരിടുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ എതിർപ്പ് വിശദമായി കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ബ്ലൂ ഇക്കോണമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നമുക്ക് കൂട്ടായ പരിശ്രമത്തിലൂടെ മാത്രമെ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. കടലിനെ ഇത്തരത്തിൽ ചൂഷണം ചെയ്യാൻ പാടില്ലെന്നതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നിലപാട്. പരമ്പരാഗത

മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനാണ് ഈ ഗവൺമെന്റ് മുൻതൂക്കം നൽകുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ, കടലിൽനിന്നും മാർക്കറ്റിലെത്തിക്കുന്ന മത്സ്യങ്ങൾ വാങ്ങി സൈക്കിളിലും മോട്ടോർ സൈക്കിളിലും വഴിയോരങ്ങളിലിരുന്നും കച്ചവടം ചെയ്യുന്നവരാണ് യഥാർഥത്തിൽ മത്സ്യം നമ്മുടെ വീടുകളിലേയ്ക്ക് എത്തിക്കുന്നത്. ഇവരിൽ പലർക്കും അപകടങ്ങളും അപകടമരണങ്ങളും ഉൾപ്പെടെ സംഭവിക്കാറുണ്ട്. അതിനാൽ ഇത്തരത്തിലുള്ള തൊഴിലാളികളെക്കൂടി ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അനുബന്ധ തൊഴിലാളികൾക്കും അംഗമാകാം. അതായത്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാവർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാം. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യം വളരെ പ്രസക്തമാണ്. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമല്ലാത്ത ഇത്തരം

അനുബന്ധ തൊഴിലാളികൾക്ക് അപകടമുണ്ടാകുമ്പോൾ നഷ്ടപരിഹാരം നൽകാൻ സാധിക്കില്ല. അതുകൊണ്ട് കൂട്ടായൊരു ക്യാമ്പയിൻ നടത്തി ഇത്തരത്തിലുള്ളവരെ ബോധവൽക്കരിച്ച് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്.

ശ്രീ. വി. ജോയി: സർ, യഥാർഥത്തിൽ അനുബന്ധത്തൊഴിലാളികളാണ് ജനങ്ങളിലേയ്ക്ക് മത്സ്യം എത്തിക്കുന്നത്. അവർക്ക് പ്രത്യേകമായി ക്ഷേമനിധിയോ അതുപോലെയുള്ള മറ്റെന്തെങ്കിലും സംവിധാനങ്ങളോ കൊണ്ടുവരാൻ സാധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, 77431 അനുബന്ധത്തൊഴിലാളികൾക്കാണ് ഇപ്പോൾ ആനുകൂല്യങ്ങൾ ലഭിക്കുന്നത്. കേരളത്തിലെ പീലിങ് തൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ, സൈക്കിളിലും വഴിയോരങ്ങളിലും കച്ചവടം ചെയ്യുന്നവരടക്കമുള്ള ലക്ഷക്കണക്കിന് അനുബന്ധ തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന കാര്യത്തിൽ ഗവൺമെന്റിന് യാതൊരു ബുദ്ധിമുട്ടുമില്ല. അവരെക്കൂടി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ

അംഗങ്ങളാക്കിക്കൊണ്ട് പദ്ധതി പൂർണ്ണമായും നടപ്പാക്കുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. ജോബ് മൈക്കിൾ: സർ, കായലുകളിലും പുഴകളിലും മറ്റ് ജലാശയങ്ങളിലുമായി മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമപദ്ധതികളിൽ ആവശ്യമായ പരിഗണന നൽകുമോ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യത്തൊഴിലാളികളിലെ അനുബന്ധ/ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകാം. ഇവരെ ബോധവൽക്കരിച്ച് ക്ഷേമനിധിയിൽ അംഗങ്ങളാക്കുകയെന്ന ഉത്തരവാദിത്വം ജനപ്രതിനിധികളായ നമ്മൾ കൂട്ടായി ഏറ്റെടുത്താൽ 20 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പദ്ധതിയിലും ആരോഗ്യ പരിരക്ഷാ പദ്ധതിയിലും ഇവരെ ഉൾപ്പെടുത്താൻ സാധിക്കും. കൂടുതൽ സമയം നിന്ന് ജോലി ചെയ്ത് അവശതയനുഭവിക്കുന്ന വിഭാഗമെന്ന നിലയിൽ പീലിങ് തൊഴിലാളികൾക്കായി ഒരു പ്രത്യേക ആരോഗ്യ സുരക്ഷാ പദ്ധതിയും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, പഞ്ഞമാസത്തിൽ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി സർക്കാർ ആരംഭിച്ച സമ്പാദ്യ സമാശ്വാസ പദ്ധതി അവതാളത്തിലാണെന്ന് വാർത്തയുണ്ട്. മത്സ്യത്തൊഴിലാളികളുടെ വിഹിതം കൃത്യമായി വാങ്ങുന്നതിൽ ഉദ്യോഗസ്ഥർ കാണിച്ച അനാസ്ഥയാണ് ഇതിന് കാരണമെന്നും പറയുന്നുണ്ട്. ആലപ്പാട് പഞ്ചായത്തിൽ മാത്രം നൂറുകണക്കിന് തൊഴിലാളികൾക്ക് ആദ്യ ഗഡു അടയ്ക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് മുഴുവൻ തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതിയിലൂടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി തകരാറിലായെന്ന് പറയുന്നത് ശരിയല്ല. ഈ പദ്ധതിക്കായി ഗവൺമെന്റ് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നുണ്ട്. ആലപ്പാട് പഞ്ചായത്തിലെ കേസ് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട അംഗം എഴുതിനൽകിയാൽ അക്കാര്യം പരിശോധിക്കാം.

ഭൂരഹിത പട്ടികവർഗക്കാരുടെ പുനരധിവാസം

2 (*62) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ ആരംഭിക്കുന്നതിനുമുമ്പ് നിർമ്മാണം തുടങ്ങിയ പട്ടികവർഗ വിഭാഗക്കാരുടെ വീടുകളുടെ പൂർത്തീകരണവും ജീർണ്ണാവസ്ഥയിലുള്ള വീടുകളുടെ പുനരുദ്ധാരണവും ലക്ഷ്യമാക്കി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിപ്രകാരം എത്ര ഗുണഭോക്താക്കൾക്ക് എന്തെല്ലാം സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ഭൂരഹിതരായ പട്ടികവർഗക്കാരുടെ പുനരധിവാസ പദ്ധതിയനുസരിച്ച് ഭൂമി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, (എ) ഉണ്ട്. 2006 ഏപ്രിൽ 1-നുശേഷം ആരംഭിച്ച് പൂർത്തിയാക്കാത്ത പട്ടികവർഗ വിഭാഗങ്ങളുടെ ഭവനപൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് 2.50 ലക്ഷം രൂപ നിരക്കിൽ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നതിന് SAFE (Secure Accommodation and Facility Enhancement) പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) 2022-23 സാമ്പത്തിക വർഷം 1500 വീടുകൾ സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. അതിൽ 764 വീടുകൾ പദ്ധതിപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 3072 വീടുകളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതിൽ 523 വീടുകൾ പദ്ധതിപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, 2024-25 സാമ്പത്തിക വർഷം ആദ്യഘട്ടത്തിൽ 3576 വീടുകളെയും അധികമായി 250 വീടുകളെയും സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമപ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് ഭൂമി നൽകുന്നുണ്ട്. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം 260 പേർക്ക് 50.83 ഏക്കർ ഭൂമിയും നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതിപ്രകാരം 718 പേർക്ക് 243.80 ഏക്കർ ഭൂമിയും വനാവകാശ നിയമപ്രകാരം 2843 പേർക്ക് 3945.86 ഏക്കർ ഭൂമിയും റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണ പദ്ധതിപ്രകാരം 27 പേർക്ക് 20.98 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 3848 പേർക്ക് 4261.47 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം വാങ്ങിയ 52.34 ഏക്കർ ഭൂമിക്കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടിയും പദ്ധതിപ്രകാരം സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച 6.99 ഏക്കർ ഭൂമിക്കൂടി വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ലാൻഡ് ബാങ്ക് പദ്ധതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 27.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതികൾപ്രകാരം വിവിധ ജില്ലകളിൽ അനുവദിച്ച ഭൂമിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ശ്രീ. പി. വി. ശ്രീനിജിൻ: സർ, പട്ടികവർഗ വികസന വകുപ്പ് മുൻകാലങ്ങളിൽ അനുവദിച്ച നിരവധി ഭവനങ്ങൾ പൂർത്തീകരിക്കുന്നതിന് ലൈഫ് പദ്ധതിയിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, ലൈഫ് ഭവന പദ്ധതി നിലവിൽ വരുന്നതിനുമുമ്പ് പട്ടികവർഗ വികസന വകുപ്പ് മുഖേന അനുവദിച്ച വീടുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി രണ്ട് രീതിയിലാണ് പദ്ധതി നടപ്പാക്കുന്നത്. 2006 ഏപ്രിൽ 1-ന് മുമ്പുള്ള പൂർത്തീകരിക്കാത്ത പട്ടികവർഗ വിഭാഗങ്ങളുടെ വീടുകൾ സേഫ് 1-ലും 2006 ഏപ്രിൽ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-നുശേഷം ആരംഭിച്ച് പൂർത്തീകരിക്കാത്ത വീടുകൾ സേഫ് പദ്ധതിയിലും ഉൾപ്പെടുത്തി പൂർത്തീകരിച്ചുവരുന്നുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, സർക്കാർ നടപ്പാക്കിയ ജനോപകാരപ്രദമായ സേഫ് ഭവന പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ നേരത്തെ നൽകിയ മറുപടിയിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. കൂടുതൽ ഗുണഭോക്താക്കളെ ഈ പദ്ധതിയിലുൾപ്പെടുത്തി സേവനം ലഭ്യമാക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, ലാൻഡ് ബാങ്ക് പദ്ധതി വഴി പട്ടികവർഗ പുനരധിവാസ മേഖലകളിൽ ഭൂമി വാങ്ങി അടിസ്ഥാന സൗകര്യവികസനത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, 'എല്ലാവർക്കും ഭൂമി' എന്ന നയമാണ് ലാൻഡ് ബാങ്ക് പദ്ധതിയിലൂടെ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പട്ടികവർഗ

ഭ്രരഹിതരില്ലാത്ത ജില്ലയായി തിരുവനന്തപുരത്തെ നേരത്തെതന്നെ പ്രഖ്യാപിച്ചിരുന്നു. പട്ടികവർഗ ഭ്രരഹിതരില്ലാത്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. "എല്ലാവർക്കും ഭ്രമി എല്ലാ ഭ്രമിക്കും രേഖ" എന്നതാണ് സർക്കാരിന്റെ നയം. ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭ്രമി വിതരണം, വനാവകാശ നിയമപ്രകാരമുള്ള ഭ്രമി വിതരണം, റവന്യൂ/ഫാം/പ്രോജക്ട് ഭ്രമി വിതരണം എന്നീ പദ്ധതികളിലൂടെയാണ് ഭ്രരഹിത കുടുംബങ്ങൾക്ക് ഭ്രമി ലഭ്യമാക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചുവരുന്നത്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഭ്രരഹിത പട്ടികവർഗക്കാരുടെ പുനരധിവാസം ഏറ്റവും ഫലപ്രദമായാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വനാവകാശ നിയമപ്രകാരം ലഭിച്ച എത്ര അപേക്ഷകൾ ഇനി തീർപ്പാക്കാനുണ്ടെന്നും പ്രസ്തുത നിയമപ്രകാരം അനുവദിച്ച ഭ്രമി റവന്യൂ വില്ലേജായി മാറ്റുന്നതിന് സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, വനാവകാശ നിയമപ്രകാരം ലഭിച്ചതിൽ 2347

വ്യക്തിഗത അവകാശ അപേക്ഷകളിലും 280 സാമൂഹ്യ വനാവകാശ അപേക്ഷകളിലും 81 വികസന അവകാശ അപേക്ഷകളിലും തീർപ്പ് കൽപ്പിക്കാനുണ്ട്. അതോടൊപ്പം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി താൽപര്യമെടുത്ത് വനാവകാശ നിയമപ്രകാരം അനുവദിച്ച ഭൂമി റവന്യൂ വില്ലേജുകളായി പരിവർത്തനം ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി 03-02-2025-ൽ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ലാൻഡ് ബാങ്ക് പദ്ധതിയിലെ മാനദണ്ഡപ്രകാരം ഒരേക്കറെങ്കിലും ഭൂമിയുള്ളവരിൽനിന്നുമാത്രമെ ഭൂമി വാങ്ങാൻ സാധിക്കുകയുള്ളൂ. അതിനാൽ സംസ്ഥാനമൊട്ടാകെ ടി പദ്ധതി പ്രായോഗികമായി നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യമാണ്. ഈ പ്രയാസം മറികടക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം ശരിയാണ്. ഒരു ഏക്കറെങ്കിലും ഭൂമിയുള്ളവരിൽനിന്നുമാത്രമേ ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി വാങ്ങാൻ സാധിക്കുകയുള്ളൂ. ആലപ്പുഴ പോലെയുള്ള ജില്ലകളിൽ ഒരേക്കർ ഭൂമിയുള്ളവരെ കണ്ടെത്താൻ വളരെ

ബുദ്ധിമുട്ടാണ്. അതുകൊണ്ട് നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കുന്ന കാര്യം വകുപ്പ് പരിശോധിച്ചുവരുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വനാവകാശ നിയമമനുസരിച്ച് ആദിവാസികൾക്ക് ലഭിക്കേണ്ട ഭൂമി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്ന സാഹചര്യത്തിലും ധാരാളം ഭൂമി നിലവിൽ സ്വകാര്യ വ്യക്തികളുടെയും ഗവൺമെന്റിന്റെയും കൈവശത്തിലിരിക്കുകയാണ്. ടി ഭൂമി അവർക്കുതന്നെ നൽകാനുള്ള ശ്രമം ഗവൺമെന്റ് ഒരു ഭാഗത്ത് നടത്തിക്കൊണ്ടിരിക്കുമ്പോൾത്തന്നെ തിരിച്ചുപിടിക്കാൻ കഴിയാത്ത ഭൂമിക്ക് പകരമായി ഗവൺമെന്റ് റവന്യൂ ലാൻഡ് നൽകുകയെന്ന മുൻകാല ഗവൺമെന്റ് എടുത്ത ഒരു തീരുമാനവുമുണ്ട്. അത്തരത്തിൽ വനാവകാശ നിയമമനുസരിച്ച് ആദിവാസികൾക്ക് ലഭിക്കേണ്ട സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്നതുൾപ്പെടെയുള്ള ഭൂമി തിരിച്ചുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടോ; അല്ലെങ്കിൽ അതിനുപകരമായി റവന്യൂ ലാൻഡ് അവർക്ക് കൊടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, നിലവിലെ കണക്കുകൾപ്രകാരം കേരളത്തിലെ പട്ടികവർഗ വിഭാഗത്തിലെ 5736 പേർക്കാണ് ഭൂമി ലഭ്യമാക്കാനുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ആദിവാസികളുടെ ഭൂമി അന്യാധീനപ്പെട്ടതും സർക്കാർ ഭൂമി വിവിധ ഏജൻസികൾ കൈവശം വച്ചിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കാര്യങ്ങളിൽ ഗവൺമെന്റിന്റെ നയപരമായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽമാത്രമെ നടപടിയെടുക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. ജി. സ്റ്റീഫൻ: സർ, നിലവിൽ തിരുവനന്തപുരം ജില്ലയെ പട്ടികവർഗ ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗക്കാർക്ക് പൂർണ്ണമായും ഭൂമി ലഭിക്കുന്ന സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇതുസംബന്ധിച്ച് നേരത്തെ സൂചിപ്പിച്ചിരുന്നു. കേരളത്തിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 5736 കുടുംബങ്ങൾക്കാണ് ഭൂമി ലഭിക്കാനുള്ളത്. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ അവർക്ക് പൂർണ്ണമായും

ഭൂമി ലഭ്യമാക്കുന്നതിനുള്ള യുദ്ധകാലാടിസ്ഥാനത്തിലുള്ള പരിശോധനയും നടപടികളുമാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. അനൂപ് ജേക്കബ്: സർ, പട്ടികജാതി വിദ്യാർഥികൾക്ക് വിദേശപഠനത്തിനും സംസ്ഥാനത്തിന് പുറത്തുനിന്നുമുള്ള വിദ്യാലയങ്ങളിൽ/കോളേജുകളിൽ പഠിക്കുന്നതിനും ധനസഹായം നൽകുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ടി വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തിയിരുന്നു. പഠന ധനസഹായം പല ഗഡുക്കളായാണ് നൽകുന്നത്. അതിന് കാലതാമസം വരുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. സാമ്പത്തിക വർഷാവസാനം പഠന ധനസഹായം ഒന്നിച്ച് നൽകുന്ന രീതിയാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അത്തരത്തിൽ കൊടുക്കുന്നത് കുട്ടികൾക്ക് പ്രയോജനപ്പെടുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നേരത്തെ പല ഗഡുക്കളായാണ് ധനസഹായം നൽകിയിരുന്നത്. ഇക്കാര്യങ്ങളിലെ പ്രയാസം ഒഴിവാക്കുന്നത് സംബന്ധിച്ച്

പരിശോധിച്ചുവരികയാണ്.

<u>ശ്രീമതി ശാന്തകുമാരി കെ.:</u> സർ, ഭൂരഹിത-ഭവനരഹിതരെ പുനരധിവസിപ്പിക്കാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയാണ്. ഭൂരഹിത പട്ടികവർഗ ജനവിഭാഗങ്ങൾക്കുള്ള ലാൻഡ് ബാങ്ക് പദ്ധതി ശ്രദ്ധേയമാണ്. എന്റെ നിയോജകമണ്ഡലത്തിലെ കരിമ്പ ഗ്രാമപഞ്ചായത്തിൽ കപ്പടം ജി.എൽ.പി. സ്കൂളിന് സമീപത്തായി 42 ആദിവാസി കുടുംബങ്ങൾക്ക് പത്തേക്കർ ഭൂമി വാങ്ങി വിതരണം ചെയ്യുന്ന നടപടി അന്തിമഘട്ടത്തിലാണ്. എന്നാൽ അവർക്ക് ഭൂമി നൽകിയാലും വീടില്ലെന്ന പ്രശ്നം ഉയർന്നുവരുന്നുണ്ട്. അവർ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുമില്ല. അതുകൊണ്ട് അങ്ങനെയുള്ള ഭവനരഹിതർക്കുവേണ്ടി പ്രത്യേക പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. ഒ. ആർ. കേളു:</u> സർ, അത്തരത്തിലുള്ള കുടുംബങ്ങൾക്ക് സെറ്റിൽമെന്റ് എന്ന നിലയ്ക്ക് Tribal Resettlement and Development Mission (TRDM) പ്രകാരം പ്രത്യേക പദ്ധതി വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. ഒരു യൂണിറ്റായി ഭൂമി എടുത്തുകൊടുക്കുന്ന കുടുംബങ്ങൾക്കെല്ലാം അവിടെത്തന്നെ

വീട് നിർമ്മിച്ചുനൽകുന്ന പദ്ധതിയാണ്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചതിന്റെ ഫലമായി പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്ക് ഭവനങ്ങൾ നിർമ്മിച്ച് നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കാത്ത സ്ഥിതിയാണ്. അതിദരിദ്ര വിഭാഗത്തിൽപ്പെട്ട അവരെ സഹായിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, അത്തരത്തിൽ പദ്ധതി വെട്ടിക്കുറച്ചിട്ടൊന്നുമില്ല. പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം ശ്രദ്ധയിൽപെട്ടതിനാൽ, നിലവിലെ പദ്ധതി പ്രവർത്തനങ്ങളിൽ പ്രയോറിറ്റി നിശ്ചയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ, ലൈഫ് ഭവന പദ്ധതിക്ക് വകുപ്പിന്റെ അലോട്ടുമെന്റ് പ്രകാരമുള്ള മുഴുവൻ ഫണ്ടും അനുവദിച്ചുകഴിഞ്ഞു.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, മലപ്പുറം ജില്ലയിലെ 570 ഭൂരഹിത

പട്ടികവിഭാഗക്കാർക്ക് ഭൂമി വിതരണം ചെയ്തതായി ശ്രദ്ധയിൽപെട്ടിരുന്നു. സമാന നിലയിൽ മറ്റുജില്ലകളിലും ത്വരിതഗതിയിൽ ഭൂമി വിതരണ നടപടി പൂർത്തിയാക്കുമോ; കോഴിക്കോട് ജില്ലയെ സംബന്ധിച്ച് പ്രത്യേകമായ എന്തെങ്കിലും വിവരങ്ങൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇതുസംബന്ധിച്ച കാര്യങ്ങൾ നേരത്തെ സൂചിപ്പിച്ചിരുന്നു. ഭൂരഹിതരായ 5736 കുടുംബങ്ങൾക്ക് ഭൂമിനൽകാൻ ബാക്കിയുണ്ട്. ഇക്കാര്യത്തിൽ മലപ്പുറം, തിരുവനന്തപുരം തുടങ്ങിയ ജില്ലകളിൽ പൂർണ്ണത കൈവരിക്കുകയാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ' എന്നതാണ് സർക്കാരിന്റെ നയം. വനാവകാശ നിയമത്തിലൂടെയും ലാൻഡ് ബാങ്ക് പദ്ധതിയിലൂടെയും മിച്ചഭൂമി പതിച്ചുനൽകലിലൂടെയും ഭൂരഹിതരായ എല്ലാ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടിയാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്.

ശ്രീ. നജീബ് കാന്തപുരം: സർ, എന്റെ നിയോജകമണ്ഡലത്തിൽ മൂന്ന് പട്ടികവർഗ നഗറുകളുണ്ട്. പട്ടികവർഗ വിഭാഗങ്ങൾ ഒരുമിച്ച് താമസിക്കുന്ന പ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമായി ഒറ്റപ്പെട്ട് താമസിക്കുന്ന സ്ഥലങ്ങളിലാണ് വലിയ പ്രശ്നങ്ങളുള്ളത്. അവർക്ക് ഭൂമിയില്ലെന്ന് മാത്രമല്ല ഭൂമിയുള്ളവർക്കുതന്നെ ഭവനനിർമ്മാണത്തിനുവേണ്ടി ലൈഫ് പദ്ധതി പ്രകാരം നാല് ലക്ഷം രൂപ ഗഡുക്കളായാണ് ലഭിക്കുന്നത്. അവരുടെ നിലവിലെ ചെറിയ വീട് പൂർണ്ണമായും പൊളിച്ചതിനുശേഷമാണ് പുതിയ വീട് നിർമ്മിക്കുന്നത്. അങ്ങനെവരുമ്പോൾ അവർ പൂർണ്ണമായും ഭവനരഹിതരായി മാറുന്ന അവസ്ഥയാണുണ്ടാകുന്നത്. അതുകൊണ്ട് നാല് ലക്ഷം രൂപ എന്നുള്ളത് വർദ്ധിപ്പിച്ച് അവർക്ക് ഭവനനിർമ്മാണത്തിനാവശ്യമായ തുക നൽകാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. ഒ. ആർ. കേളു: സർ, പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിനായി ആറ് ലക്ഷം രൂപയാണ് നിലവിൽ നൽകി വരുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ സ്കാറ്റേർഡായി ചില വീടുകൾ നമ്മുടെ നിയോജകമണ്ഡലങ്ങളിലും ജില്ലകളിലുമൊക്കെയുണ്ടെന്നുള്ളത് ശരിയാണ്.

ഇത്തരത്തിൽ റിമോട്ട് ഏരിയയിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് കൺവീനിയൻസ് ചാർജായി അധിക തുക അനുവദിച്ചുകൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുവേണ്ടി നിലവിൽ നിയമസാധുതയുണ്ട്. അക്കാര്യങ്ങളൊക്കെ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. മാത്യു ടി. തോമസ്: സർ, 2025 നവംബർ 1-ാം തീയതിയോടുകൂടി അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാനുള്ള നടപടികളിലേക്ക് സർക്കാർ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതിനായി തിരഞ്ഞെടുത്ത അറുപതിനായിരത്തിലധികം കുടുംബങ്ങളിൽ എത്ര പട്ടികജാതി/പട്ടികവർഗ കുടുംബങ്ങളുണ്ട്; അവരെ അതിദരിദ്ര ഗണത്തിൽനിന്ന് ഉയർത്താൻവേണ്ടി സ്വീകരിച്ച നടപടികളെപ്പറ്റി വ്യക്തമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, അതുസംബന്ധിച്ച വ്യക്തമായ കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല. അതിദരിദ്രരില്ലാത്ത കേരളം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

സാന്നിധ്യത്തിൽ മൂന്ന് തവണ യോഗം ചേർന്ന് പ്രശ്നങ്ങൾ വിശദമായി പരിശോധിക്കുകയും അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയുമാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഗവി വനാന്തരങ്ങളിൽ അലഞ്ഞുനടക്കുന്ന വനവാസി സമൂഹത്തിന്റെ പ്രശ്നങ്ങൾ അങ്ങ് നേരിട്ടെത്തി മനസ്സിലാക്കുകയും അങ്ങുതന്നെ മുൻകൈയെടുത്ത് അവർക്ക് വീട് നിർമ്മിച്ചുനൽകുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കുകയും ചെയ്തിരുന്നു. ഇപ്പോൾ വൈദ്യുതി വകുപ്പ് 4 ഏക്കർ ഭൂമി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറിയിട്ടുണ്ട്. ആ ഭൂമിയിൽ വീട് നിർമ്മിച്ച് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച പ്രദേശം ഞാൻ മന്ത്രിയാകുന്നതിനുമുമ്പുതന്നെ സന്ദർശിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്. അവർ താമസിക്കുന്നത് വൈദ്യുതി വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ഭൂമിയിലായതിനാൽ അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരുന്നതിനുള്ള കാലതാമസമാണ് നേരിട്ടിട്ടുള്ളത്. അത്

പൂർത്തീകരിച്ച സ്ഥിതിക്ക് വകുപ്പിന്റെ ടി.ആർ.ഡി.എം. പദ്ധതി പ്രകാരം, ആ ഉന്നതിയെ ഒരു യൂണിറ്റായി എടുത്തുകൊണ്ട് അവിടെ എത്രയുംവേഗം വീട് നിർമ്മിച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിക്കാം.

ശ്രീ. കെ. പി. മോഹനൻ: സർ, കണ്ണൂർ ജില്ലയിൽ എന്റെ നിയോജകമണ്ഡലത്തിലെ കണ്ണവം ഉന്നതിയിൽ ഒരു പട്ടികജാതി യുവതിയെ കാണാതായി 40 ദിവസത്തോളമായിട്ടും അവർ എവിടെയാണെന്നുപോലും കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല. അവർ ഒരു കുടിലിലാണ് താമസിച്ചിരുന്നത്. കാണാതാകുന്നവരെ കണ്ടുപിടിക്കുന്നതിന് ഇപ്പോൾ സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിക്കാറുണ്ട്. ഇപ്പോൾ എല്ലാ സ്ഥലത്തും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. സോളാർ ഉപയോഗിച്ച് ഇത്തരം ക്യാമറകൾ പ്രവർത്തിപ്പിക്കാനും കഴിയും. അതുപോലെ ഇത്തരം ഉന്നതികളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, കണ്ണവം ഉന്നതിയിലെ ഒരു പെൺകുട്ടിയെ കാണാതായത് സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.

ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഒരു ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് പരിശോധനയും മറ്റും ആഴ്ചകളോളം നടത്തിയെങ്കിലും പെൺകുട്ടിയെ കണ്ടെത്താൻ സാധിച്ചിട്ടില്ല. എല്ലാ ഉന്നതികളിലും സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതുസംബന്ധിച്ച് പരിശോധിച്ചുമാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ.

കടൽ മണൽ ഖനനം

3(*63) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളതീരത്തെ ആഴക്കടലിലും തീരക്കടലിലും മണൽ ഖനനം നടത്തുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

വിശദീകരിക്കുമോ;

(ബി) ഇന്ത്യൻ തീരത്തെ മത്സ്യസമ്പത്തിന്റെ ഏറ്റവും വലിയ കേന്ദ്രമായ അമ്പലപ്പുഴ മുതൽ വർക്കല വരെയുള്ള കൊല്ലം ഫിഷിങ് ബാങ്ക്

ഖനനം ചെയ്യുന്നതിനുള്ള ടെൻഡർ നടപടികളുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുന്ന സാഹചര്യം വിശകലന വിധേയമാക്കിയിട്ടുണ്ടോ; അറിയിക്കുമോ;

(സി) 12 നോട്ടിക്കൽ മൈൽ വരെയുള്ള തീരക്കടൽ പരിപാലനാവകാശം സംസ്ഥാന സർക്കാരിന് അവകാശപ്പെട്ടതാണെന്നിരിക്കെ കേന്ദ്രസർക്കാരിന്റെ ഖനന നീക്കത്തെ പ്രതിരോധിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇന്ത്യൻ തീരമേഖലയിലെ ലക്ഷക്കണക്കിനുവരുന്ന മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെയും വരുമാനത്തെയും മത്സ്യക്കയറ്റുമതിയെയും ബാധിക്കുന്ന കേന്ദ്രനീക്കത്തെ ചെറുക്കുന്നതിന് തീരദേശമുള്ള എല്ലാ സംസ്ഥാനങ്ങളുടെയും സഹകരണം ഉറപ്പാക്കുമോ; വിശദമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) ഉണ്ട്. സംസ്ഥാന മൈനിങ് ആൻഡ് ജിയോളജി

വകുപ്പിൽനിന്നുള്ള റിപ്പോർട്ട് പ്രകാരം, കേരളത്തിന്റെ ഓഫ്ഷോർ മേഖലയിൽ കേന്ദ്ര ഏജൻസിയായ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ നടത്തിയ പഠനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയുക്തമാകുന്ന മണൽ നിക്ഷേപമുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 2002-ലെ ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ടിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കി പ്രസ്തുത ധാതുവിഭവമടങ്ങുന്ന ബ്ലോക്കുകൾ ഓക്ഷൻ (ലേലം) ചെയ്യുന്നതിനുള്ള നടപടികൾ കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുണ്ട്. മണൽ ബ്ലോക്ക് ഓക്ഷനുമായി ബന്ധപ്പെട്ട് നിലവിൽ പരിഗണിക്കുന്ന കൊല്ലം മേഖലയിലെ 3 ബ്ലോക്കുകളിലുംകൂടി ഏകദേശം 300 ദശലക്ഷം ടൺ മണൽ നിക്ഷേപമുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ടി മേഖലയിൽ സമുദ്രത്തിന് ഏകദേശം 48 മീറ്റർ മുതൽ 62 മീറ്റർവരെ ആഴമുള്ളതാണ്. മേൽപറഞ്ഞ ആക്ടിൽ 2023-ൽ വരുത്തിയ ഭേദഗതിയിലൂടെ സ്വകാര്യ സ്ഥാപനങ്ങൾക്ക് ഖനനമേഖല തുറന്ന് നൽകിയിരിക്കുകയാണ്. കടൽ ഖനനം ഏറെ സാമ്പത്തിക മുതൽമുടക്കും സാങ്കേതിക പിൻബലവും ആവശ്യമുള്ള

മേഖലയാണ്. ഈ മേഖലയിലേക്ക് കടന്നുവരുന്നത് തീർച്ചയായും വൻകിട കുത്തക കമ്പനികളായിരിക്കും. വൻകിട കമ്പനികളുടെ ലാഭത്തിനായി പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണ മാർഗവും സാധാരണ ജനങ്ങളുടെ പോഷകസ്രോതസ്സും ഇല്ലാതാക്കുന്നത് തീരപ്രദേശത്ത് അരക്ഷിതാവസ്ഥയ്ക്ക് കാരണമാകുമെന്നതിൽ സംശയമില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് സംസ്ഥാനത്തിന്റെയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും ആശങ്കകളും വിയോജിപ്പും ഫിഷറീസ് വകുപ്പ് കൃത്യമായി കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാന മൈനിങ് ആൻഡ് ജിയോളജി വകുപ്പിൽനിന്നുള്ള റിപ്പോർട്ട് പ്രകാരം, 2002-ലെ ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ടിലെ മാനദണ്ഡങ്ങളും വ്യവസ്ഥകളും അവയിൽ 2023-ൽ വരുത്തിയ ഭേദഗതികളും സംസ്ഥാനങ്ങളുടെ താത്പര്യങ്ങൾ പൂർണ്ണമായും കണക്കിലെടുത്തിട്ടില്ല. പ്രസ്തുത ആക്ടിലെ സെക്ഷൻ 16 പ്രകാരം ധാതുസമ്പത്തിന്റെ ഖനനത്തിലൂടെ ലഭിക്കുന്ന റോയൽറ്റി പൂർണ്ണമായും കേന്ദ്രസർക്കാരിനുള്ളതുമാണ്. മാത്രമല്ല,

2023-ലെ ഭേദഗതിയിലൂടെ (സെക്ഷൻ 5) സ്വകാര്യമേഖലയ്ക്കുകൂടി ഖനനമേഖലയിൽ പങ്കാളിത്തം നൽകിയിട്ടുണ്ട്. ആക്ടിലെ പോരായ്മയും പരിമിതികളും സംബന്ധിച്ച്, ആക്ടിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ടുള്ള അഭിപ്രായ സ്വരൂപണവേളയിൽ സംസ്ഥാനത്തിന്റെ വിയോജിപ്പ് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. കൂടാതെ ഓഫ്ഷോർ ധാതുക്കളുടെ ഖനനവുമായി ബന്ധപ്പെട്ടുള്ള ആക്ടിന്റെ ഭേദഗതിയിൽ പാരിസ്ഥിതിക ഘടകങ്ങളെ പരിഗണിക്കുന്നില്ല എന്നുള്ളതും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മുൻപ് ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ്, അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് എന്നീ കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലായിരുന്ന ഓഫ്ഷോർ പര്യവേക്ഷണങ്ങളും ഖനനവും നടന്നുവന്നിരുന്നത്. എന്നാൽ 2023-ലെ ഭേദഗതിയിൽ (സെക്ഷൻ 5(2)) ഈ അധികാരം നീക്കം ചെയ്തു. ടി വിഷയവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ, 11-01-2025-ൽ കൊച്ചി റിനൈ ഹോട്ടലിൽവച്ച് നടത്തിയ റോഡ് ഷോയിൽ കേന്ദ്ര ഖനി സെക്രട്ടറി ശ്രീ. കാന്തറാവു ഐ.എ.എസ്. മുൻപാകെ കേരള സർക്കാരിലെ വ്യവസായ

വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അവതരിപ്പിക്കുകയും സംസ്ഥാനത്തിന്റെ നയപരമായ നിലപാടും ആശങ്കയും അറിയിക്കുകയും ഓഫ്ഷോർ മിനറൽ ഡ്രെഡ്ജിംഗ് ഉയർത്താവുന്ന വിവിധ പാരിസ്ഥിതികവും സാമൂഹികവുമായ വിഷയങ്ങളെ അഭിസംബോധന ചെയ്യുകയും ചെയ്തു. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നും അഭ്യർഥിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തിന്റെ ആവശ്യം 2025 ജനുവരി 19-ന് ഒറീസ്സയിലെ ഭുവനേശ്വറിൽ നടന്ന അറുപത്തിനാലാമത് സെൻട്രൽ ജിയോളജിക്കൽ പ്രോഗ്രാമിങ് ബോർഡിൽ ചർച്ചയ്ക്ക് വന്നപ്പോൾ കേന്ദ്ര ഖനി സെക്രട്ടറിയായ ശ്രീ. കാന്തറാവു ഐ.എ.എസ്. ടി വിഷയത്തിൽ കേരളത്തിന് ഉത്കണ്ഠയുള്ളതായി യോഗത്തിൽ അവതരിപ്പിക്കുകയുമുണ്ടായി. ഇതേതുടർന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി എന്ന സ്ഥാപനത്തോട് ഓഫ്ഷോർ മൈനിങ് സംബന്ധിച്ച പാരിസ്ഥിതിക വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചതായും മനസ്സിലാക്കുന്നു.

(സി) 2002-ലെ ഓഫ്ഷോർ മിനറൽ (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ടിന്റെ സെക്ഷൻ 4(എൻ)-ൽ "ഓഫ്ഷോർ" എന്നതിനുള്ള നിർവചനം നൽകിയിട്ടുള്ളതാണ്. ടെറിറ്റോറിയൽ വാട്ടേഴ്സ്, കോണ്ടിനെന്റൽ ഷെൽഫ്, എക്സ്ക്ലൂസീവ് ഇക്കണോമിക് സോൺ ആൻഡ് അദർ മാരിടൈം സോൺസ് എന്നിവ "ഓഫ്ഷോർ" എന്നതിനുള്ള നിർവചനത്തിൽ ഉൾപ്പെടുന്നു. "ഓഫ്ഷോർ" പ്രദേശത്തെ ഖനികളുടെ നിയന്ത്രണവും ധാതുക്കളുടെ വികസനവും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായതാണെന്ന് ടി ആക്ടിലെ സെക്ഷൻ (2)-ൽ വ്യവസ്ഥ ചെയ്യുന്നു.

കടലിന്റെ അടിത്തട്ടിലെ ധാതുഖനനം ടെറിട്ടോറിയൽ മേഖല, പ്രത്യേക സാമ്പത്തിക മേഖല (Exclusive Economic Zone), ആഴക്കടൽ മേഖല എന്നിവിടങ്ങളിലാണ് നടക്കുന്നത്. ഈ പ്രദേശത്തുള്ള കടൽ ഖനനം നമ്മുടെ നാട്ടിലെ കടൽ, കായൽ മത്സ്യബന്ധന മേഖലയെ പൂർണ്ണമായും ഇല്ലാതാക്കും. കടൽ ഖനനത്തിനായും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കുമായും തീരക്കടലിലെത്തുന്ന നിരവധി കപ്പലുകളും ബോട്ടുകളും മത്സ്യബന്ധനത്തിന് അസൗകര്യം സൃഷ്ടിക്കുകയും തീരക്കടലിൽ പ്രവർത്തിക്കുന്ന

മത്സ്യത്തൊഴിലാളികളുടെയും അവരുടെ യാനങ്ങളുടെയും സുരക്ഷയെ നേരിട്ട് ബാധിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ തൊഴിലിടങ്ങൾ നഷ്ടപ്പെടുത്തുന്നതിനും ഹേതുവാകുകയും ചെയ്യും. അടിത്തട്ടിലെ ധാതുഖനനം കടലിലെയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യ ഉത്പാദനം ഗണ്യമായി കുറയാനും കാരണമാകും. താരതമ്യേന വിലകുറഞ്ഞ മാംസ്യസ്രോതസ്സായ മത്സ്യത്തിന്റെ ലഭ്യതക്കുറവ് പൊതുജനാരോഗ്യത്തെ നേരിട്ട് ബാധിക്കും. ധാതുഖനനം കടലിന്റെ അടിത്തട്ടിൽ അധിശോഷണാവസ്ഥയിൽ അടിഞ്ഞുകൂടിയ വിഷവാതകങ്ങളെ സ്വതന്ത്രമാക്കുന്നതിന് ഇടയാക്കുന്നു. ഇത് കടൽജലത്തിന്റെ മലിനീകരണത്തിനും അതുമൂലം മത്സ്യങ്ങൾ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെ വ്യാപക നാശത്തിനും കാരണമാകും. അതുപോലെ അടിത്തട്ടിലെ ധാതുഖനനം കടൽജലം കലങ്ങുന്നതിന് കാരണമാകുന്നു. ഇത് കടലിലെ പ്രകാശിത മേഖലയുടെ (കടലിലെ ജലത്തിൽ പ്രകാശ രശ്മികൾ എത്തിച്ചേരുന്ന ആഴപ്രദേശം) ശോഷണത്തിന് ഹേതുവാകുന്നു. പ്രകാശിത മേഖലയുടെ ശോഷണം കടലിലെ പ്രകാശ സംശ്ലേഷണത്തിന്റെ തോത് (പ്രാഥമിക ഉത്പാദനം) ഗണ്യമായി കുറയുവാൻ

കാരണമാകുന്നു. കടലിലെ പ്രാഥമിക ഉത്പാദനമാണ് മത്സ്യങ്ങൾ ഉൾപ്പെടെയുള്ള സകല ജന്തുജാലങ്ങളുടെയും നിലനിൽപ്പിനുള്ള ആധാരം. അതിനാൽ കടൽ വെള്ളത്തിലെ കലക്കൽമൂലം മത്സ്യലഭ്യത നല്ലതുപോലെ കുറയാനും കാരണമാകും.

(ഡി) ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ (ആർട്ടിക്കിൾ 246) പ്രകാരം "മത്സ്യബന്ധനം" ഒരു സംസ്ഥാന വിഷയമാണ് (ലിസ്റ്റ് II, എൻട്രി 21), കൂടാതെ "പ്രാദേശിക ജലാതിർത്തികൾക്കപ്പുറമുള്ള മത്സ്യബന്ധനവും മത്സ്യബന്ധന പ്രവർത്തനങ്ങളും" മാത്രം യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിലും (ശുദ്ധജലം, അഴിമുഖങ്ങൾ, കായലുകൾ ഉൾപ്പെടെയുള്ള ഉപ്പുവെള്ളം) കടലിലും അടിസ്ഥാനരേഖയിൽനിന്ന് 12 നോട്ടിക്കൽ മൈൽവരെ മത്സ്യബന്ധനത്തിന്റെ വികസനവും മത്സ്യബന്ധന പ്രവർത്തനങ്ങളും ഒരു സംസ്ഥാന വിഷയമാണ്. പ്രാദേശിക ജലാശയങ്ങളിലെ ധാതുഖനനം പ്രാദേശിക ജലാശയങ്ങളിലെയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യബന്ധനത്തെ പ്രതികൂലമായി ബാധിക്കുകയും അത് ഇല്ലാതാക്കുകയും

ചെയ്യും. പ്രാദേശിക ജലാശയങ്ങളിൽ ഖനനം അനുവദിക്കാൻ ഖനി മന്ത്രാലയം നടത്തുന്ന ഇപ്പോഴത്തെ ശ്രമം സംസ്ഥാനങ്ങളുടെ അധികാരപരിധിയിലേക്കുള്ള നേരിട്ടുള്ള കടന്നുകയറ്റമാണ്. തീരത്തിനടുത്തുള്ള കടലിൽ വൻതോതിലുള്ള ധാതു ഖനനം നടക്കുന്നതോടെ, ഈ പ്രദേശത്ത് സഞ്ചരിക്കുന്ന കപ്പലുകളുടെയും ബോട്ടുകളുടെയും എണ്ണം വളരെയധികം വർധിക്കും. ഇത് മത്സ്യബന്ധന യാനങ്ങളുമായി കൂട്ടിയിടിക്കുന്നത് വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ജീവൻ നഷ്ടപ്പെടുന്നതിനും കാരണമാകും. സമുദ്ര ഖനനം മത്സ്യബന്ധനത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് മത്സ്യത്തൊഴിലാളികളുമായും മത്സ്യമേഖലയിലെ ബന്ധപ്പെട്ട സംഘടനാ പ്രതിനിധികളുമായുംകൂടി ആലോചിക്കേണ്ട വിഷയമാണ്. മത്സ്യബന്ധന വ്യവസായങ്ങൾക്കും മറ്റ് അനുബന്ധ വ്യവസായങ്ങൾക്കും ഓഫ്ഷോർ മേഖലയിലെ ധാതുഖനനം ഏതൊക്കെ തരത്തിൽ ബാധിക്കും എന്നതിനെക്കുറിച്ച് ദേശീയ തലത്തിൽ ഗൗരവമായ ചർച്ചകൾ ആവശ്യമാണ്.

ശ്രീ. സി. സി. മുകുന്ദൻ: സർ, ആഴക്കടൽ ഖനനം മത്സ്യലഭ്യതയെ വൻതോതിൽ ബാധിക്കുമെന്ന സാഹചര്യത്തിൽ പത്ത് ലക്ഷത്തിലധികം വരുന്ന മത്സ്യത്തൊഴിലാളികളുടെ ഉപജീവനവും വരുമാനവും നഷ്ടപ്പെടുത്തുന്നതോടൊപ്പം രാജ്യത്തിന്റെ കയറ്റുമതിയിലും വിദേശ നാണ്യശേഖരണത്തിലും കുറവ് വരുത്തുമെന്നുള്ള കാര്യവും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് മാത്രമല്ല, ബന്ധപ്പെട്ടവരുമായി ഇക്കാര്യം ചർച്ച ചെയ്ത് നമുക്കനുയോജ്യമായ നിലപാട് സ്വീകരിക്കുന്നതിനുള്ള പരിശ്രമവും ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്.

ശ്രീ. സി. സി. മുകുന്ദൻ: സർ, ആഴക്കടൽ ഖനനം സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ എതിർക്കുന്ന സാഹചര്യത്തിൽ വലിയ തോതിലുള്ള പ്രതിഷേധങ്ങൾക്കും സമരങ്ങൾക്കും കാരണമാകുന്നതിനുള്ള സാധ്യത കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ഇക്കാര്യം തന്നെയാണ് ഞാൻ നേരത്തെ

പറഞ്ഞത്.

ശ്രീ. ഇ. കെ. വിജയൻ: സർ, ആഴക്കടൽ ഖനനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ കേരള ഗവൺമെന്റിന്റെ നിലപാടുകൾ സൂചിപ്പിക്കുകയുണ്ടായി. മത്സ്യത്തൊഴിലാളികളുടെ കാര്യത്തിലേറെ ശ്രദ്ധ പതിപ്പിക്കുന്ന മന്ത്രി എന്ന നിലയ്ക്ക് അദ്ദേഹം അക്കാര്യത്തിൽ വളരെ വേഗത്തിൽ നടപടിയെടുത്തതായി എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. മത്സ്യത്തൊഴിലാളികളും കേരളത്തിലെ മത്സ്യസമ്പത്ത് ഉപയോഗിക്കുന്ന ജനങ്ങളും ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ, ഇത്രയേറെ ആശങ്കയുണ്ടാക്കുന്ന ഈ വിഷയത്തിൽ നമ്മുടെ വികാരം അറിയിക്കാൻ നിയമസഭയിൽ ഒരു പ്രമേയം കൊണ്ടുവരുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. സജി ചെറിയാൻ: സർ, പ്രമേയം കൊണ്ടുവരുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കടൽ മണൽ ഖനനം കൂടുതൽ നടക്കുന്ന ഇന്തോനേഷ്യ ആയിരുന്നു സുനാമി ദുരന്തത്തിന്റെ പ്രഭവ

കേന്ദ്രമെന്നുള്ളത് മറക്കാനാവില്ല. ഇന്ത്യൻ മഹാസമുദ്രത്തിൽ ഏറ്റവും വലിയ മത്സ്യപ്രജനന കേന്ദ്രമായ കൊല്ലം മത്സ്യബാങ്ക് മേഖലയിൽ ഖനനം ആരംഭിക്കുന്നതിന് മുമ്പായി ഭാവികാലത്തെ മത്സ്യലഭ്യത സംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ? ആഴക്കടൽ ഖനനവുമായി ബന്ധപ്പെട്ട് ജനങ്ങളാകെ ആശങ്കയിലാണ്. അതുസംബന്ധിച്ച് വലിയ പ്രതിഷേധമാണ് നാട്ടിലുണ്ടാകുന്നത്. ഇത്തരം പഠനങ്ങൾ നടത്തി ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

ശ്രീ. സജി ചെറിയാൻ: സർ, 2002-ലെ ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ടിലെ മാനദണ്ഡങ്ങളും വ്യവസ്ഥകളും അവയിൽ 2023-ൽ വരുത്തിയ ഭേദഗതികളും സംസ്ഥാനങ്ങളുടെ താൽപര്യങ്ങൾ പൂർണ്ണമായി കണക്കിലെടുത്തിട്ടില്ല. രണ്ടാമത്തെ പ്രശ്നം, ഈ ആക്ടിലെ സെക്ഷൻ 16 പ്രകാരം ധാതുസമ്പത്തിന്റെ ഖനനത്തിലൂടെ റോയൽറ്റി പൂർണ്ണമായും കേന്ദ്ര സർക്കാരിനുള്ളതാണ്. അതുപോലെ സ്വകാര്യ മേഖലയ്ക്കുകൂടി ഖനനത്തിന് പങ്കാളിത്തം നൽകുന്നതും ഒരു പ്രശ്നമായി ഉയർന്നുവന്നിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിൽ

ഒരുപാട് പ്രയാസങ്ങളുണ്ടാക്കുന്നതിനാലും അവരുടെ സുരക്ഷയെ ബാധിക്കുന്നതിനാലും ഇതിനെതിരെ സംസ്ഥാനം അതിശക്തമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഈ നിലപാടിനെതിരെ കക്ഷി ഭേദമെന്യേ എല്ലാവരും യോജിച്ചുള്ള പ്രക്ഷോഭത്തിലേക്ക് വരണമെന്നതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കേന്ദ്ര സർക്കാരിന്റെ പുതിയ ബ്ലൂ ഇക്കോണമി നയത്തിന്റെ ഭാഗമായി കടൽ മണൽ ഖനനംമൂലം മത്സ്യോൽപാദനത്തിലുണ്ടാകുന്ന കുറവ്, തീരശോഷണം, തൊഴിൽ നഷ്ടം എന്നിവയൊക്കെ സംസ്ഥാന സർക്കാർ പ്രത്യേകമായി കണക്കാക്കിയിട്ടുണ്ടോ; അതിന് എന്ത് പരിഹാരമാണ് ഇപ്പോൾ നിർദ്ദേശിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, കടൽ മണൽ ഖനനം നമ്മുടെ സംസ്ഥാനത്തെ കടൽ, കായൽ മത്സ്യബന്ധന മേഖലയെ പൂർണ്ണമായും ഇല്ലാതാക്കും. കടൽ ഖനനത്തിനായും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കായും തീരക്കടലിലെത്തുന്ന നിരവധി കപ്പലുകൾ, ബോട്ടുകൾ എന്നിവ

മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്ക് അപകടങ്ങളുണ്ടാക്കുകയും അവരുടെ തൊഴിൽ നഷ്ടപ്പെടുത്തുന്നതിനിടയാക്കുകയും ചെയ്യും. ഈ പ്രശ്നങ്ങളെയെല്ലാം സംബന്ധിച്ച് വ്യക്തമായ ധാരണ ഗവൺമെന്റിനുണ്ട്. നമ്മുടെ ആശങ്ക കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അക്കാര്യത്തിൽ ഉറച്ച നിലപാടാണ് സംസ്ഥാന ഗവൺമെന്റിനുള്ളത്. കേരളത്തിലെ മത്സ്യത്തൊഴിലാളികളോടൊപ്പമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റെന്ന് ആവർത്തിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, കടൽ മണൽ ഖനനം നടത്തുന്നതുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്കും തീരപ്രദേശത്തുമുണ്ടാകുന്ന പ്രയാസങ്ങളെക്കുറിച്ച് അങ്ങ് പരാമർശിക്കുകയുണ്ടായി. അങ്ങ് മത്സ്യബന്ധന വകുപ്പുമന്ത്രിക്കൂടിയാണ്. കേന്ദ്രസർക്കാരിന്റെ കടൽ മണൽ ഖനനത്തെ അങ്ങ് എതിർക്കുന്നു. എന്നാൽ ആലപ്പുഴ-തോട്ടപ്പള്ളി സ്പിൽവേയുമായി ബന്ധപ്പെട്ട് ഈ സർക്കാർ എൻവയോൺമെന്റൽ ക്ലിയറൻസോ മൈനിങ് പ്ലാനോ സാങ്കേതിക പരിജ്ഞാനമോ മറ്റ് നടപടികളോ ഇല്ലാതെ 55 ലക്ഷം മെട്രിക് ടൺ മണൽ അവിടെനിന്നും ഖനനം ചെയ്ത് കൊണ്ടുപോയി. മന്ത്രിയെന്ന

നിലയിൽ അതിനെതിരെ അങ്ങ് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ; എന്തുകൊണ്ടാണ് അക്കാര്യത്തിൽ സർക്കാർ നിലപാട് സ്വീകരിക്കാത്തത്?

ശ്രീ. സജി ചെറിയാൻ: സർ, മൂവാറ്റുപുഴ പ്രദേശത്ത് താമസിക്കുന്നതുകൊണ്ട് ബഹുമാനപ്പെട്ട അംഗത്തിന് ആലപ്പുഴയെപ്പറ്റി അറിയില്ല. 2018-ലെ പ്രളയം ഏറ്റവും കൂടുതൽ ബാധിച്ചത് പത്തനംതിട്ട-ആലപ്പുഴ ജില്ലകളെയാണ്. 2018-ലെ പ്രളയത്തിന്റെ പ്രധാന കാരണം തോട്ടപ്പള്ളി സ്പിൽവേയിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യാതിരുന്നതാണെന്ന് പഠനത്തിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് അത് മാറ്റിത്തുടങ്ങിയത്. അങ്ങനെ ചെയ്യാതെ അപ്പർ കുട്ടനാട്, ഓണാട്ടുകര എന്നീ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ജീവിക്കാൻ കഴിയില്ല. ഈ വസ്തുതയെ നിങ്ങൾ എന്തിനാണ് എതിർക്കുന്നത്? നിങ്ങൾ യഥാർഥത്തിൽ ഞങ്ങൾക്ക് എതിരായിട്ടാണ് സംസാരിക്കുന്നത്. ഇനി അങ്ങനെ പറയരുത്. ഈ സർക്കാർ തോട്ടപ്പള്ളി ഭാഗത്ത് ഒരു അനധികൃത ഖനനവും നടത്തിയിട്ടില്ല എന്നതാണ് വസ്തുത.

ഡോ. സുജിത് വിജയൻപിള്ള: സർ, കാലാവസ്ഥാ വ്യതിയാനത്താലും

മറ്റ് പലകാരണങ്ങളാലും മത്സ്യബന്ധന മേഖല വലിയ പ്രതിസന്ധി നേരിടുകയാണ്. മത്സ്യലഭ്യതയിലെ കുറവ്, ഡീസൽ വിലയിൽ അടിക്കടിയുണ്ടാകുന്ന വർധനവ് എന്നിവമൂലം ഇത് ലാഭകരമല്ലാത്ത ഒരു വ്യവസായമായി മാറിക്കൊണ്ടിരിക്കുന്നതിനിടയ്ക്കാണ് കടൽ മണൽ ഖനനം പ്രഖ്യാപിച്ചിരിക്കുന്നത്. ഇത് മത്സ്യബന്ധന മേഖലയെ സമഗ്രമായി ബാധിക്കും. ഇതിനായി എന്തെങ്കിലും പഠനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, സംസ്ഥാന ഗവൺമെന്റിന്റെ അധികാര പരിധി 12 നോട്ടിക്കൽ മൈലിനുള്ളിലാണ്. എന്നാൽ അതിനുശേഷം 16 മുതൽ 30 വരെ നോട്ടിക്കൽ മൈൽ പ്രദേശത്താണ് ഇപ്പോൾ ഖനനം പ്രഖ്യാപിച്ചിട്ടുള്ളത്. ഇന്നത്തെ പരിതസ്ഥിതിയിൽ അത് നമ്മുടെ അധികാരപരിധിയിൽ വരാത്തതുകൊണ്ട് അവിടെ പര്യവേക്ഷണം/പഠനം നടത്താൻ സാധിക്കില്ല. എന്നാൽ ഈ പ്രശ്നം കേരളത്തെ എങ്ങനെ ബാധിക്കുമെന്നുള്ള കാര്യം ഞാൻ ആമുഖമായി സൂചിപ്പിക്കുകയുണ്ടായി. ഇവിടത്തെ മത്സ്യത്തൊഴിലാളികളുടെ ജീവിതം തകർക്കുകയും അവരുടെ

നിലനിൽപ്പിനെ ബാധിക്കുകയും ചെയ്യുന്ന ഈ പ്രശ്നത്തെ നമ്മൾ ഗൗരവമായി കാണുകയാണ്. അക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കഴിഞ്ഞു. മത്സ്യത്തൊഴിലാളികളെ യോജിപ്പിച്ചുകൊണ്ട്, എല്ലാവരും ചേർന്നുകൊണ്ടുള്ള പ്രക്ഷോഭത്തിലേക്ക് പോകേണ്ട സ്ഥിതിയിലേക്കാണ് കാര്യങ്ങൾ എത്തിയിട്ടുള്ളത്. കൊല്ലം അടക്കമുള്ള പ്രദേശത്ത് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ഖനനം ഒരു കാരണവശാലും അനുവദിക്കാൻ കഴിയുന്നതല്ലെന്ന് വ്യക്തമായി സഭയിൽ പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് നേരത്തെ പറഞ്ഞതിൽ വസ്തുതാപരമായ വ്യത്യാസമുണ്ടോയെന്ന് പരിശോധിക്കണം. തോട്ടപ്പള്ളി സ്പിൽവേയിലെ കരിമണൽ ഖനനം ചെയ്യാത്തതുകൊണ്ടാണ് ഓണാട്ടുകര ഭാഗത്ത് വെള്ളം പൊങ്ങുന്നതെന്നാണ് അങ്ങ് പറഞ്ഞത്. ഓണാട്ടുകര ഭാഗത്ത് വെള്ളം പൊങ്ങാനുള്ള പ്രധാന കാരണം വേമ്പനാട്ടുകായലിലെ ഡെപ്ത് കൂടാത്തതാണ്. അവിടെയാണ് ഖനനം നടക്കേണ്ടത്. എന്നാൽ വെള്ളപ്പൊക്കത്തിന്റെ പേരുപറഞ്ഞ് തോട്ടപ്പള്ളി ഭാഗത്തുനിന്ന് കരിമണൽ

ഖനനം ചെയ്യുന്നതിന് ഒരു വളഞ്ഞവഴി സ്വീകരിക്കുന്നത് ശരിയല്ലെന്ന കാര്യം ഞാൻ അങ്ങയെ ഓർമ്മിപ്പിച്ചുവെന്നേയുള്ളൂ. കരിമണൽ ഖനനം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് എടുക്കുന്ന നയമെന്താണെന്നതാണ് പ്രധാന പ്രശ്നം. ആ നയത്തെക്കുറിച്ച് കൃത്യമായി സഭയിൽ പറയാൻ അങ്ങേയ്ക്ക് കഴിയുമോ?

ശ്രീ. സജി ചെറിയാൻ: സർ, കരിമണൽ ഖനനവും തോട്ടപ്പള്ളി ഖനനവും രണ്ടും രണ്ടാണ്. അങ്ങ് പരിണതപ്രജ്ഞനായ ഒരു ജനപ്രതിനിധിയാണ്. തോട്ടപ്പള്ളി സ്പിൽവേയിൽ അടിഞ്ഞുകൂടിയ മണൽ മാറ്റിയശേഷമാണ് വെള്ളപ്പൊക്കത്തിൽനിന്ന് 2019 മുതൽ 2025 വരെയുള്ള കാലത്ത് ഞങ്ങൾ രക്ഷപ്പെട്ടത്. ഓണാട്ടുകര മാത്രമല്ല, അപ്പർ കുട്ടനാട്, കുട്ടനാട്, പത്തനംതിട്ട അടക്കമുള്ള മലയോര മേഖലയുൾപ്പെടെ വെള്ളപ്പൊക്കത്തിൽനിന്നും രക്ഷപ്പെട്ടതിന്റെ കാരണം വെള്ളം ഒഴുകിപോയതുകൊണ്ടാണ്. ഞാൻ അങ്ങയോട് ഒരു ചോദ്യം ചോദിച്ചോട്ടേ; ഈ പൊഴിയിൽനിന്നല്ലാതെ ഒരു നല്ല് കരിമണൽ അവിടെനിന്ന് ഗവൺമെന്റ് എടുത്തുവെന്ന് അങ്ങേയ്ക്ക് തെളിയിക്കാമോയെന്ന് ഞാൻ

വെല്ലുവിളിക്കുകയാണ്.

ശ്രീ. എച്ച്. സലാം: സർ, 2002-ലെ ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ടിന്റെ ഭേദഗതിയിലൂടെ കടൽ മണൽ ഖനനത്തിന് കേന്ദ്ര ഗവൺമെന്റ് സ്വകാര്യമേഖലാ പങ്കാളിത്തം കൊണ്ടുവന്നിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ അമ്പലപ്പുഴ മുതൽ തിരുവനന്തപുരം ജില്ലയിലെ വർക്കലവരെയുള്ള പ്രദേശത്തെ ആഴക്കടൽ ഖനനത്തിന് നിലവിൽ ടെൻഡർ നടപടിയിലേക്ക് പോകുകയാണ്. മൂവാറ്റുപുഴ അംഗവും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും തോട്ടപ്പള്ളിയെക്കുറിച്ച് പറഞ്ഞത് വസ്തുതാവിരുദ്ധമാണ്. തോട്ടപ്പള്ളി സ്പിൽവേയ്ക്ക് 320 മീറ്റർ വീതിയാണുള്ളത്. പണ്ട് പൊഴി തുറന്നുവിട്ടിരുന്നത് 60 മീറ്റർ മാത്രമാണ്. പ്രളയത്തിന്റെ സന്ദർഭത്തിൽ സയന്റിഫിക് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തോട്ടപ്പള്ളിയിൽ, പൂർണ്ണമായും അതേ വീതിയിൽതന്നെ പൊഴി മുറിക്കണമെന്നൊരു തീരുമാനം കൈക്കൊണ്ടതിന്റെ ഭാഗമായി കിഴക്കൻ വെള്ളം സമുദ്രത്തിലേക്ക് കടക്കാൻ കഴിയുന്ന നിലയിലേക്ക് വന്നു. കടലിന്റെ അടിത്തട്ടിലുള്ള ധാതുഖനനത്തെ തോട്ടപ്പള്ളിയിലെ മണൽ നീക്കം

ചെയ്തതുമായി ചേർത്തുവച്ച് തെറ്റായി പറയുകയാണ്. പൊഴിമുഖത്തെ മണ്ണുമാറ്റുന്നതിനെയും കടലിന്റെ അടിത്തട്ടിലെ ഖനനത്തെയും ഒരുപോലെ അവതരിപ്പിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: യെസ്..... അതിന്റെ ഉത്തരം മിനിസ്റ്റർ പറഞ്ഞോളും..... ചോദ്യത്തിലേക്ക് വരൂ.

ശ്രീ. എച്ച്. സലാം: സർ, കടലിന്റെ അടിത്തട്ടിലെ ഖനനംമൂലം ഏതെല്ലാം മത്സ്യയിനങ്ങൾക്ക് പ്രയാസമുണ്ടാകുമെന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. സജി ചെറിയാൻ: സർ, കേന്ദ്രസർക്കാർ പുതിയ നിയമനിർമ്മാണ പ്രകാരം നടത്താൻ ഉദ്ദേശിക്കുന്ന കടൽ ധാതുഖനനം ടെറിട്ടോറിയൽ മേഖല, പ്രത്യേക സാമ്പത്തിക മേഖല, ആഴക്കടൽ മേഖല എന്നിവിടങ്ങളിലാണ് നടക്കുന്നത്. ഈ പ്രദേശത്തുള്ള കടൽ ഖനനം കേരള തീരത്ത് ലഭ്യമായ കരിക്കാടി, സാന്റ്ലോബ്സ്റ്റർ, കലവ, പല്ലിക്കോര, പൂവാലൻ ചെമ്മീൻ, പുല്ലൻ ചെമ്മീൻ, ചാള, അയല, നെത്തോലി, കണവ തുടങ്ങിയ കയറ്റുമതി പ്രാധാന്യവും ആഭ്യന്തര ഉപയോഗത്തിൽ പ്രധാനപ്പെട്ടതുമായ മത്സ്യങ്ങളുടെ

ലഭ്യതയെ കാര്യമായി ബാധിക്കും; മത്സ്യലഭ്യതയിൽ കുറവുണ്ടാകുമെന്നതന്നെയാണ് ഗവൺമെന്റ് വിലയിരുത്തുന്നത്.

ശ്രീമതി ദെലീമ: സർ, കേന്ദ്രസർക്കാരിന്റെ ആഴക്കടൽ മണൽ ഖനനംമൂലം മത്സ്യത്തൊഴിലാളികളുടെ ജീവിതം വലിയ അപകടത്തിലാകാൻ സാധ്യതയില്ലേ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യത്തൊഴിലാളികളുടെ ജീവിതം അപകടത്തിലേക്ക് പോകുന്നുവെന്നുള്ളതിന്റെ കാരണമാണ് ഞാൻ പറഞ്ഞത്. ഈ പ്രദേശത്തുള്ള കടൽ ഖനനം നമ്മുടെ നാട്ടിലെ കടൽ, കായൽ മത്സ്യബന്ധന മേഖലയെ ഗുരുതരമായി ബാധിക്കും. അതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ ജീവിതം നേരിട്ട് അപകടത്തിലാകുന്നില്ലെങ്കിലും മത്സ്യബന്ധനത്തിൽ കുറവുവരുന്നതിലൂടെ അവരുടെ വരുമാനത്തിൽ ഗണ്യമായ പ്രത്യാഘാതമുണ്ടാകുകയും സാമ്പത്തികസ്ഥിതിയെ ബാധിക്കുകയും ചെയ്യും. കടൽ ഖനനത്തിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി എത്തുന്ന കൂറ്റൻ കപ്പലുകളും ബോട്ടുകളും മത്സ്യബന്ധന യാനങ്ങളുടെ സഞ്ചാരത്തിന് തടസ്സമാവുകയും

മത്സ്യബന്ധനത്തിന് അസൗകര്യം സൃഷ്ടിക്കുകയും തീരക്കടലിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികളുടെ യാനങ്ങളുടെ സുരക്ഷയെ നേരിട്ട് ബാധിക്കുകയും അവരുടെ തൊഴിലിടങ്ങൾ നഷ്ടമാകുന്നതിന് ഹേതുവാകുകയും ചെയ്യും. അടിത്തട്ടിലെ ധാതുഖനനം കടലിലെയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യോൽപാദനം ഗണ്യമായി കുറയ്ക്കാൻ കാരണമാകും. താരതമ്യേന വിലകുറഞ്ഞ മാംസ്യ സ്രോതസ്സായ മത്സ്യത്തിന്റെ ലഭ്യതക്കുറവ് പൊതുജനാരോഗ്യത്തെ നേരിട്ട് ബാധിക്കുകയും ചെയ്യും. ധാതു ഖനനം കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയ വിഷവാതകങ്ങളെ സ്വതന്ത്രമാക്കുന്നതിനിടയാക്കുകയും ഇത് കടൽജലത്തിന്റെ മലിനീകരണത്തിനും മത്സ്യങ്ങളുൾപ്പെടെയുള്ള ജീവജാലങ്ങളുടെ വ്യാപകമായ നാശത്തിനും കാരണമാകും. അങ്ങനെ മത്സ്യമേഖലയെ മൊത്തത്തിൽ ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണിതെന്ന് ഗവൺമെന്റ് കാണുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, അങ്ങ് പറഞ്ഞതുപോലെ, ഉൾനാടൻ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് സംവിധാനമുണ്ട്.

പക്ഷേ മത്സ്യമില്ലാതെ എങ്ങനെയാണ് മത്സ്യം പിടിക്കുന്നത്? അതിനാൽ വേമ്പനാട്ടുകായലിൽ അതിനുള്ള സംവിധാനമൊരുക്കണം. മത്സ്യം ലഭിക്കാത്തതിനാൽ തൊഴിലാളികൾ വളരെ ബുദ്ധിമുട്ടിലാണ്. കൂടാതെ മത്സ്യത്തിന് വളർച്ചയുമില്ല, ജലാശയത്തിൽ പോള തിങ്ങിനിറഞ്ഞിരിക്കുകയുമാണ്. അതിനാൽ വേമ്പനാട്ട് കായൽ നവീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, സംസ്ഥാന ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ വേമ്പനാട്ട് കായൽ നവീകരണത്തിന് തുക വകയിരുത്തിയിട്ടുണ്ട്. ഒരു ജനകീയ പ്രസ്ഥാനമാക്കിയെടുത്ത് വേമ്പനാട്ട് കായലിനെ നവീകരിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനത്തിന് ഗവൺമെന്റ് മുൻകൈയെടുക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ഇറിഗേഷൻ ടൂറിസം പദ്ധതി

4(*64) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി എവിടെയെങ്കിലും പ്രാവർത്തികമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, (എ) ജലവിഭവ വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളും മറ്റ് ജലസേചന നിർമ്മിതികളും അതിനോടനുബന്ധിച്ച സ്ഥലങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതിയാണ് ഇറിഗേഷൻ ടൂറിസം പദ്ധതി. ഈ പദ്ധതിയിലൂടെ പൊതുജനങ്ങൾക്ക് കൂടുതൽ ഗുണമേന്മയുള്ള ടൂറിസം സൗകര്യങ്ങൾ നൽകുന്നതോടൊപ്പം സർക്കാരിലേക്ക് കൂടുതൽ

വരുമാനം ലഭ്യമാകുകയും അതിന്റെ വരുമാനം ഉപയോഗിച്ച് ആസ്തികളുടെ സൗന്ദ്യവൽക്കരണവും അറ്റകുറ്റപ്പണികളും നടത്താനും സാധിക്കും.

ജലവിഭവ വകുപ്പിന് കീഴിലുള്ള പല വിനോദസഞ്ചാര കേന്ദ്രങ്ങളും സ്ഥിരമായ വരുമാനമാർഗങ്ങൾ എന്ന നിലയിൽ മികച്ച വിജയം നേടിയതിന്റെ അടിസ്ഥാനത്തിലും വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളും അനുബന്ധ സംവിധാനങ്ങളും കേന്ദ്രീകരിച്ച് ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായും പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് ബാരേജിൽ 25.412 കോടി രൂപയും പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഡാമിൽ 161 കോടി രൂപയും 'ഇറിഗേഷൻ ടൂറിസം' പദ്ധതി നടപ്പാക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂതത്താൻകെട്ട് ബാരേജ് ഇറിഗേഷൻ ടൂറിസം പദ്ധതിയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 5 ശതമാനവും കാഞ്ഞിരപ്പുഴ ഡാം ഇറിഗേഷൻ ടൂറിസം പദ്ധതിയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 3 ശതമാനവും

സർക്കാരിന് ലഭിക്കും. 30 വർഷമാണ് ഇരുപദ്ധതികളുടെയും നടത്തിപ്പ് കാലയളവ്. പ്രസ്തുത പദ്ധതികൾ കൂടാതെ ഇടുക്കി ജില്ലയിലെ കാഞ്ഞാർ ഇറിഗേഷൻ ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ ഇറിഗേഷൻ ടൂറിസം പദ്ധതി ഒരുസ്ഥലത്തും പ്രാവർത്തികമായിട്ടില്ല.

(സി) ഇറിഗേഷൻ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ജലവിഭവ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.ഐ.ഐ.ഡി.സി.) ഇറിഗേഷൻ-ടൂറിസം പദ്ധതികൾ പ്രാവർത്തികമാക്കാൻവേണ്ടിയുള്ള നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുണ്ട്. അതാത് ഡാമിന്റെ ചാർജുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ആ പ്രദേശം സംബന്ധിച്ചുള്ള ഇറിഗേഷൻ ടൂറിസം നോഡൽ ഓഫീസർ. അദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. മാത്രമല്ല 'ഇറിഗേഷൻ ടൂറിസം' പദ്ധതി

നടപ്പിലാക്കുന്നതിലേക്കായി മാർഗനിർദേശങ്ങൾക്ക് രൂപരേഖ നൽകിയിട്ടുണ്ട്.

ജലസേചന വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും ഭാവി ആവശ്യങ്ങൾക്കും തടസ്സങ്ങൾ വരുന്നില്ലെന്ന് ഉറപ്പാക്കി പ്രസ്തുത പദ്ധതിയിൽനിന്ന് ലഭിക്കുന്ന വരുമാനം സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതും വരുമാനം പങ്കിടുന്നത് സംബന്ധിച്ച രേഖകൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതും ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. ഇതിനായി തുറക്കുന്ന അക്കൗണ്ട് ഒരു ദേശസാൽകൃത ബാങ്കിൽ ആയിരിക്കേണ്ടതും ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയറും ടിയാൾ ചുമതലപ്പെടുത്തുന്ന മറ്റൊരു ഉദ്യോഗസ്ഥന്റെയും കൂട്ടായ കൈയ്യൊപ്പുകളോടെ ട്രാൻസാക്ഷൻ നടത്താവുന്നതുമാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഇറിഗേഷൻ ടൂറിസം നയം ആവിഷ്കരിച്ചിരിക്കുന്നത് അഭിനന്ദനാർഹവും നമ്മുടെ സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് വലിയ മുതൽക്കൂട്ടുമാണ്. ഈ രംഗത്ത് സാധ്യതയുള്ള എല്ലായിടത്തും സ്വകാര്യ സംരംഭകരെക്കൂടി ഭാഗഭാക്കാക്കി പി.പി.പി.

മോഡലിൽ ബൃഹത്തായ രൂപത്തിൽ ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, തീർച്ചയായും. ഇറിഗേഷൻ ടൂറിസവുമായി ബന്ധപ്പെട്ട് പി.പി.പി. മോഡൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ തടസ്സമില്ല. ഇറിഗേഷൻവക സ്ഥലത്തെയും അനുബന്ധ സൗകര്യങ്ങളെയും പ്രയോജനപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. അതിനാവശ്യമായ നിലയിൽ പരിശോധന നടത്തി ഏത് പ്രോജക്ടാണ് അനുയോജ്യമാണെന്ന പഠനങ്ങൾക്കുശേഷം, പി.പി.പി. മോഡലിൽ നടപ്പാക്കുന്നതിന് യാതൊരു തടസ്സവുമില്ല. അങ്ങനെതന്നെ നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള എല്ലാ ഡാമുകളോടും അനുബന്ധിച്ച് മലങ്കര ഡാമിലുള്ളതുപോലെ ഉദ്യാനങ്ങൾ ക്രമീകരിക്കുകയും ലൈറ്റ് ഷോ ഉൾപ്പെടെ കൊണ്ടുവന്ന് സഞ്ചാരികളെ ആകർഷിക്കത്തക്ക നിലയിലുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തുകൊണ്ട് ഇറിഗേഷൻ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, നിലവിൽ ഇറിഗേഷൻ വക ഡാം, റിസർവോയർ, ബാരേജുകൾ എന്നിവയുടെ പരിസരങ്ങളിൽ ടൂറിസം സംബന്ധമായി നടത്തേണ്ട പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകുന്നത്. അതുകൊണ്ട് അത്തരം കാര്യങ്ങളിൽ ബുദ്ധിമുട്ടില്ല. ഭൂതത്താൻകെട്ടിലും കാഞ്ഞിരപ്പുഴയിലും ഡാമിനോട് അനുബന്ധമായാണ് പദ്ധതി നടപ്പാക്കുന്നത്, നിലവിൽ എടുത്തിട്ടുള്ള മറ്റ് പദ്ധതികളും അങ്ങനെ ആരംഭിക്കാനാണുദ്ദേശിക്കുന്നത്. നിയോജകമണ്ഡലങ്ങളിൽ ഇത്തരം സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഉതകുന്ന പ്രദേശങ്ങളെ സംബന്ധിച്ച് അതത് എം.എൽ.എ.-മാർ ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിച്ച് ഇറിഗേഷൻ ടൂറിസത്തിന്റെ ഭാഗമായി ചെറുതും വലുതുമായ പദ്ധതികൾ വിവിധ തലങ്ങളിൽ വ്യാപകമായി നടപ്പാക്കി ജനങ്ങൾക്ക് പ്രയോജനകരമാകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ചങ്ങനാശ്ശേരി-ആലപ്പുഴ എ.സി. റോഡ് ഏകദേശം 700 കോടിയിലധികം രൂപ മുടക്കി പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. ഈ റോഡിലെ എ.സി.

കനാലിന് അഭിമുഖമായി യാത്രക്കാരെ ആകർഷിക്കുംവിധം വിവിധ ടൂറിസം പദ്ധതികൾ ഉൾപ്പെടുത്തി മനയ്ക്കച്ചിറ ടൂറിസം യാഥാർഥ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ചങ്ങനാശ്ശേരി - ആലപ്പുഴ എ.സി. റോഡും എ.സി. കനാലും ഏറ്റവും മനോഹരമായ പ്രദേശമാണ്. അവിടെയുള്ള ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനാണ് മനയ്ക്കച്ചിറ ടൂറിസം പദ്ധതി ഡി.റ്റി.പി.സി. (ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ) നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതിനാവശ്യമായ എല്ലാ സഹായങ്ങളും സാങ്കേതികപരമായി ഇറിഗേഷൻ വകുപ്പ് നൽകുന്നുണ്ട്. അതോടൊപ്പം കനാലിലെ പോളകളും അനുബന്ധ തടസ്സങ്ങളും മാറ്റി മെച്ചപ്പെടുത്താനും വിപുലീകരിക്കുന്നതിനുമായി ടൂറിസം ഡിപ്പാർട്ടുമെന്റുമായി കൂടിയാലോചിക്കും. ഇറിഗേഷൻ വകുപ്പ് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുകയും ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഭാവി പരിപാടികൾ ആവിഷ്കരിക്കാവുന്നതുമാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, ശബരിമലയുടെ ചരിത്രത്തിൽ

ആദ്യമായി നിലയ്ക്കലിൽ നേരിട്ട് കുടിവെള്ളമെത്തിക്കാൻ പണികഴിപ്പിച്ച ബൃഹത്തായ സംഭരണികളോട് ചേർന്നുള്ള ചെറുവള്ളിക്കാവ് ക്ഷേത്രത്തിനും ഗോശാലയ്ക്കും സമീപം തീർഥാടകർക്കായി ഭക്ഷണശാലയും താമസത്തിന് സൗകര്യവും ഒരുക്കുന്നതിനും വനത്തിന്റെ മധ്യത്തിൽ ജലസംഭരണിയുടെ ഹൃദയഹാരിയായ ദൃശ്യാനുഭവം തീർക്കുന്ന മണിയാർ ടൂറിസം പദ്ധതിക്കായി ടൂറിസം വകുപ്പിനാവശ്യമായ പിന്തുണ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഏറ്റവും പ്രധാനപ്പെട്ട കാര്യം ശബരിമലയിലെ നിലയ്ക്കലിൽ കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞുവെന്നതാണ്. ഇക്കാലമത്രയും അതിനുള്ള സൗകര്യം ഇല്ലായിരുന്നു, ആദ്യമായാണ് ശബരിമലയിൽ കുടിവെള്ള സൗകര്യം എത്തുന്നത്. വർഷംതോറും ഏകദേശം 4.25 കോടി രൂപ ചെലവാക്കിക്കൊണ്ട് ടാങ്കർ ലോറിയിൽ വെള്ളം എത്തിച്ചുകൊണ്ടിരുന്ന ഒരു സ്ഥലമായിരുന്നു. ഇപ്പോൾ പത്തനംതിട്ടയിലെ നിലയ്ക്കൽ ബേസ് ക്യാമ്പിലുള്ള പള്ളിയറക്കാവ്, ഗോശാല, ബി.എസ്.എൻ.എൽ. എന്നിവിടങ്ങളിലെ ജലവിതരണ

ഘടകങ്ങളിൽ സംഭരണം നടത്തുന്നതിന് സാധിച്ചു. അതിനനുബന്ധമായി ഏതാണ്ട് ഒരു ഗസ്റ്റ് ഹൗസ് പോലെതന്നെയുള്ള അറുപതോളം മുറികൾ നൽകാൻ സാധിക്കും. ഭക്ഷണശാലയും അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടെയുള്ള പ്രവൃത്തികൾ 2025 മാർച്ച്-ഏപ്രിൽ മാസങ്ങളാകുമ്പോഴേയ്ക്കും പൂർത്തീകരിക്കാൻ സാധിക്കും. പണി പൂർത്തീകരിച്ചുകഴിഞ്ഞാൽ അതിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിലയ്ക്കലിൽ എത്തിച്ചേർന്ന് നിർവഹിക്കുന്നതായിരിക്കും.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഇറിഗേഷൻ മേഖലയിൽ നൂതന പദ്ധതികൾ ആവിഷ്കരിക്കുന്ന പ്രിയപ്പെട്ട വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. കാഞ്ഞിരപ്പള്ളി കരിമ്പുകയത്ത് വർഷങ്ങൾക്കുമുമ്പ് ജലോത്സവം നടത്തപ്പെട്ടിട്ടുണ്ട്, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ആ സ്ഥലം നേരിട്ട് സന്ദർശിച്ചതുമാണ്. പ്രസ്തുത സ്ഥലത്ത് ജലസേചന വകുപ്പ് കുറച്ചധികം നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ഇപ്പോൾ ഫണ്ടിന്റെ കുറവ് അനുഭവപ്പെടുന്നുണ്ട്. ടൂറിസം മേഖലയിൽ വളരെ പിന്നാക്കം നിൽക്കുന്ന മേഖലയാണ് കാഞ്ഞിരപ്പള്ളി. നവീകരണ പ്രവർത്തനങ്ങൾ

പൂർത്തീകരിച്ച് കരിമ്പുകയം ടൂറിസം പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കരിമ്പുകയം ടൂറിസം പദ്ധതി നടപ്പാക്കാൻ സാധിക്കുന്നതാണ്. ഒന്നേകാൽ കോടി രൂപയോളം ചെലവഴിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾത്തന്നെ അവിടെ നടക്കുന്നുണ്ട്, അനുബന്ധമായി പണം കണ്ടെത്തേണ്ടതുണ്ട്. പദ്ധതി എങ്ങനെ വിപുലീകരിക്കണമെന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. പദ്ധതി ഏറ്റെടുക്കാൻ മുനിസിപ്പാലിറ്റിയോ, ഗ്രാമപഞ്ചായത്തോ തയ്യാറാകുകയാണെങ്കിൽ അവരുമായി സഹകരിച്ചുകൊണ്ട് പദ്ധതി നടപ്പാക്കുന്നതും ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, വർഷംതോറും അവിടെ നടന്നിരുന്ന വള്ളംകളി ഉൾപ്പെടെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കുമോയെന്നതും പരിശോധിക്കാം. കരിമ്പുകയം ടൂറിസം പദ്ധതി ഇറിഗേഷൻ ടൂറിസത്തിന്റെ ഭാഗമായിത്തന്നെ മുമ്പോട്ടുകൊണ്ടുപോകുന്നതിന് സാധ്യമായ എല്ലാ സഹായവും വകുപ്പിൽനിന്നും ഉണ്ടാകുന്നതാണ്.

ശ്രീ. സജീവ് ജോസഫ്: സർ, കണ്ണൂർ ജില്ലയിലെ പയ്യാവൂർ

പഞ്ചായത്തിലെ ചമതച്ചാലിൽ പണി പൂർത്തീകരിച്ചിരിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജിനോടനുബന്ധിച്ചുള്ള ജലസംഭരണി ഉൾപ്പെടുന്ന ഭൂപ്രദേശം വളരെ മനോഹരമാണ്. പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തിക്കൊണ്ട് ഉല്ലാസബോട്ടുകൾ ഉൾപ്പെടെയുള്ള ടൂറിസം പദ്ധതികൾ ആരംഭിക്കാൻ സാധിക്കുമോ; ഇതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പദ്ധതിയുമായി ബന്ധപ്പെട്ട് സാധ്യമാകുന്ന തലത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുമെങ്കിൽ അത്തരം കാര്യങ്ങൾ ആലോചിക്കാവുന്നതാണ്. വിഷയം നിയമസഭയിൽ ഉന്നയിച്ചതിനാൽ പദ്ധതി സംബന്ധിച്ച സാധ്യതാ കാര്യങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി എം.എൽ.എ.യുമായി ഒരു ആലോചനായോഗം വളരെ താമസിയാതെതന്നെ, അതായത് സഭാസമ്മേളന കാലയളവിൽത്തന്നെ നടത്തുന്നതാണ്.

വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടക്കുന്നത് തടയാൻ നടപടി

5(*65) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടന്നുവരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥ ഉറപ്പാക്കി ജനവാസ മേഖലകളിലേക്ക് അവ കടന്നുവരുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) പരിശോധിച്ചിട്ടുണ്ട്. വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടന്നുവരുന്നതിന് വിവിധ കാരണങ്ങളാണുള്ളത്. വന്യമൃഗ ഇടനാഴികളുടെയും വനമേഖലയുടെയും ശിഥിലീകരണം, കാലാവസ്ഥാ വ്യതിയാനം, മാലിന്യ നിക്ഷേപം, കാട്ടുതീ, വനമേഖലകളിലെ അശാസ്ത്രീയ ടൂറിസം പ്രവർത്തനങ്ങൾ/റോഡ് നിർമ്മാണം തുടങ്ങിയവ, ജനസാന്ദ്രത,

വനമേഖലകളിൽ ജലത്തിന്റെയും ആഹാരത്തിന്റെയും ലഭ്യതക്കുറവ്, തെറ്റായ ഭൂവിനിയോഗം, വനമേഖലയോട് ചേർന്നുകിടക്കുന്ന ഭൂപ്രദേശത്തെ കൃഷി രീതി, ഭൂപ്രദേശത്തിന്റെ കിടപ്പ്, കളകളുടെ ആധിക്യം, വന്യമൃഗങ്ങളെ ആകർഷിക്കാൻ ഭക്ഷണ പദാർത്ഥങ്ങൾ നൽകുന്നത്, വനമേഖലയോട് ചേർന്നുപ്രവർത്തിക്കുന്ന അനധികൃത ഫാമുകൾ, പരിപാലിക്കാത്ത തോട്ടങ്ങൾ തുടങ്ങി വിവിധ കാരണങ്ങളാലാണ് വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടന്നുവരുന്നത്.

(ബി) സ്വീകരിച്ചിട്ടുണ്ട്. വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉണ്ടെന്ന് ഉറപ്പുവരുത്താൻ വിവിധ നടപടികൾ വനം വകുപ്പ് ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കിവരുന്നുണ്ട്. വനമേഖലകളിൽ ജലലഭ്യത ഉറപ്പുവരുത്താനായി വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ചെറുഡാമുകളും 574 വയലുകളും വാട്ടർഹോൾസ് തുടങ്ങി 308-ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ചുവരുന്നുണ്ട്.

വേനൽക്കാലത്ത് വന്യമൃഗങ്ങൾക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽതന്നെ സജ്ജീകരിക്കുന്നതിനായി 2025 ഫെബ്രുവരി 1-ാം

തീയതി മുതൽ “മിഷൻ ഫുഡ്, ഫോഡർ & വാട്ടർ” പദ്ധതി ആരംഭിച്ചിട്ടുണ്ട്. വനത്തിനുള്ളിൽ ഭക്ഷണലഭ്യത ഉറപ്പ് വരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്ത് ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനത് വൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ആയതിൻപ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. വയനാട് ജില്ലയിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനായി കേരള പേപ്പർ പ്രോഡക്ട്സിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നബാർഡ്, ആർ.കെ.ഡി.പി. ഫണ്ടുകളും ചില സന്നദ്ധ സംഘടനകളുടെ സേവനവും ഉപയോഗിച്ചുവരുന്നു.

വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിലേക്കായി വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിത മേഖലകളിൽ പുതിയ പുല്ല് മുളപ്പിക്കുന്നതിലേക്കായി അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തിവരുന്നുണ്ട്. വയനാട് ജില്ലയിലെ

വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ്‌വഴി ലഭിച്ച 25 കോടി രൂപയുള്ള പ്രവൃത്തികൾ വിവിധ ലാൻഡ് സ്കേപ്പുകളിൽ പുരോഗമിച്ചുവരുന്നു.

(സി) വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടന്നുവരുന്നത് തടയുന്നതിലേക്കായി വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ആഹാരവും ജലവും ഉറപ്പുവരുത്തുന്നതിലേക്ക് മുകളിൽ പ്രതിപാദിച്ച പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിലുപരിയായി വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടക്കുന്നത് തടയുന്നതിലേക്കായി താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

1. "മിഷൻ സോളാർ ഫെൻസിങ് 2024" - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിങുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി "മിഷൻ സോളാർ ഫെൻസിങ് 2024" എന്ന കർമ്മ പദ്ധതി നടപ്പാക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം 2024-25 വർഷത്തിൽ 848 കി.മീ. സോളാർ ഫെൻസിങ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.

2.വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കി.മീ സോളാർ ഹാങ്ങിങ്ങ് ഫെൻസിങ്ങും 10 കി.മീ. റെയിൽ ഫെൻസിങ്ങും 0.11 കി.മീ. അയൺ ഫെൻസിങ്ങും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

3. പ്രതിരോധ നിർമ്മിതിയായ ആനക്കിടങ്ങ് (Elephant Proof Trench) 69.07 കി.മീ. ദൈർഘ്യത്തിലും 1.92 കി.മീ. ദൈർഘ്യത്തിൽ എലിഫന്റ് പ്രൂഫ് വാൾ-ഉം 1.58 കി.മീ. ദൈർഘ്യത്തിൽ സ്റ്റോൺ വാളും 2.09 കി.മീ. ദൈർഘ്യത്തിൽ ബൗണ്ടറി വാൾ/കയ്യാലയും വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് തടയുന്നതിന് നിർമ്മിച്ചിട്ടുള്ളതാണ്.

4. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ടാഞ്ച XXVII ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമ്മിക്കുന്നതിനായി ലഭിച്ച 586.11 ലക്ഷം രൂപയുടേയും ടാഞ്ച XXIX-ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 ലക്ഷം രൂപയുടേയും പ്രവൃത്തികൾ നിർമ്മാണ പുരോഗതിയിലാണ്.

5. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ

കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിങ്ങും പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിങ്ങും അന്തർ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിങ്ങും നടത്തുന്നുണ്ട്.

6. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 ആർ.ആർ.ടി.-കൾ അടക്കം സംസ്ഥാനത്ത് ഉടനീളം 28 ആർ.ആർ.ടി.-കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിങ് ശക്തിപ്പെടുത്തി നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആർ.ആർ.ടി.-കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.

7. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ആർ.ആർ.ടി.-കൾക്ക് സുരക്ഷാ ഉപകരണങ്ങൾ സംഭരിക്കൽ, ആയുധം ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവൃത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

8. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും, AI ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

9. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1-ൽ നിന്നും ഷെഡ്യൂൾ 2-ലേക്ക് മാറ്റുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കിവരികയാണ്.

10. ജനവാസമേഖലകളിൽ അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനുള്ള കാലാവധി 25-02-2024-ലെ സ.ഉ.(കൈ) നം. 9/2024/വനം പ്രകാരം 28-05-2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ

ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും നൽകാനായി അവരെ ഓണററി വൈൽഡ്‌ലൈഫ് വാർഡനായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസ മേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

11. പാമ്പുകൾമൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "സർപ്പ" മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രാം പ്രകാരം 2024 വർഷത്തിൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

12. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകർ

ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചുവരുന്നുണ്ട്.

13. ജനവാസ മേഖലയോട് ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

14. ജനവാസ മേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

15. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽനിന്ന്

മാറിതാമസിക്കുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

16. വന്യജീവി സംഘർഷബാധിതർക്ക് നൽകുന്ന നഷ്ടപരിഹാര രീതി പരിഷ്കരിക്കുന്നതിനായി തയ്യാറാക്കിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

17. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തം" ആയി പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിതഗതിയിൽ നടപ്പാക്കുക എന്ന് ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

18. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കുന്നതിലേക്കായി ഏർളി വാർണിംഗ് സിസ്റ്റം, എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

19. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും കുറ്റിക്കാടുകളും നീക്കംചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

20. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

21. ജനവാസ മേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട മന്ത്രി സ്ഥിരമായി സഭയിൽ നൽകുന്ന മറുപടികൾതന്നെയാണ് ഇപ്പോഴും പറഞ്ഞിരിക്കുന്നത്. കേരളത്തിലെ വന്യജീവി ആക്രമണത്തിന്റെ ഇന്നത്തെ അവസ്ഥ എത്രമാത്രം ഭീതിതമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ? ഓരോ ദിവസവും കേരളത്തിൽ വന്യജീവി ആക്രമണത്താൽ ജനങ്ങൾ കൊല്ലപ്പെടുന്നു; വനം വകുപ്പാണെങ്കിൽ ഇതുപോലെ പദ്ധതികളുണ്ടെന്ന് പറയുകയും ചെയ്യുന്നു.

അവസാനമായി വയനാട്ടിൽ തോട്ടംതൊഴിലാളിയായ ഒരു സഹോദരിയെ കടുവ കടിച്ചുവലിച്ചുകൊണ്ടുപോയി ഭക്ഷിച്ച വളരെ പ്രയാസകരമായ രംഗവും നമുക്ക് കാണേണ്ടിവന്നു.

മി. സ്പീക്കർ: ചോദ്യത്തിലേക്ക് വരൂ, അല്ലെങ്കിൽ അങ്ങയുടെ പാർട്ടിയിൽപ്പെട്ട അംഗങ്ങൾക്ക് സംസാരിക്കാനുള്ള അവസരം നഷ്ടപ്പെടും, മറ്റ് പ്രശ്നങ്ങളൊന്നുമില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഒറ്റ ചോദ്യം മാത്രമേയുള്ളൂ, കടുവയുടെ സാന്നിധ്യം കണ്ടെത്താൻ വനം വകുപ്പിന് കഴിയാത്തത് എന്തുകൊണ്ടാണ്? വന്യമൃഗങ്ങളുടെ സാന്നിധ്യം കണ്ടെത്താനുള്ള ക്യാമറകൾ ഇപ്പോൾ വനം വകുപ്പിന്റെ കൈവശമുണ്ട്. തോട്ടംതൊഴിലാളികൾ സഞ്ചരിക്കുന്ന സ്ഥലമായതിനാൽ അവർ പോകുന്നതിന് മുമ്പുതന്നെ കടുവയുടെ സാന്നിധ്യത്തെക്കുറിച്ചുള്ള അറിയിപ്പ് നൽകാമായിരുന്നു. ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചത് ആർക്കാണ്; അത് ഏതുതരത്തിലുള്ള വീഴ്ചയാണ്; കടുവയുടെ സാന്നിധ്യം കണ്ടെത്താൻ വനം വകുപ്പിന് കഴിയാതെ പോയത് എന്തുകൊണ്ടാണ്?

മി. സ്പീക്കർ: കടുവയുടെ സാന്നിധ്യം കണ്ടെത്താൻ കഴിയാത്തത് എന്തുകൊണ്ടാണെന്നാണ് ചോദിച്ചിരിക്കുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ആ ചോദ്യത്തിനുമാത്രം ഉത്തരം പറഞ്ഞാൽ മതിയാകുമല്ലേ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതെന്താണ്, ...(മൈക്ക് ഓഫ്)....

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങയോടോ അങ്ങയുടെ ചോദ്യത്തോടോ ഉള്ള മറുപടിയല്ല, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞപ്പോൾ അതോടനുബന്ധിച്ച് പറഞ്ഞതാണ്. വന്യജീവി ആക്രമണത്തെ വളരെ നിസ്സാരമായി ഗവൺമെന്റ് കാണുന്നുവെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ പരാമർശം ഖേദകരമാണ്. ക്യാമറകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വന്യമൃഗങ്ങൾ ക്യാമറകളുടെ നിരീക്ഷണ ഏരിയയിൽ വരുമ്പോൾ മാത്രമെ അതിൽപ്പെടുകയുള്ളൂ. കാടിനെ മൊത്തമായി ക്യാമറാ നിരീക്ഷണത്തിൽപ്പെടുത്താൻ സാധിക്കില്ല. ക്യാമറ സ്ഥാപിച്ചതിന് കീഴിലുള്ള സ്ഥലങ്ങളിൽ പച്ചപ്പുണ്ടാകും. വന്യമൃഗങ്ങൾ വന്നുചേരുന്നത് ഇത്തരം ചെറുകാടുകളുടെയും പച്ചപ്പുകളുടെയും ഇടയിലാണ്. മിക്കവാറും

ക്യാമറകളിലൂടെ കാണുന്നത് പുൽപ്പരപ്പുകളാണ്, അത് കേരളത്തിലെ വനമേഖലയുടെയും ഭൂപ്രദേശത്തിന്റെയും സവിശേഷതയാണ്. ഉൾക്കാടുകളിലേക്കുകൂടി നിരീക്ഷണം നടത്താൻ സാധിക്കണമെങ്കിൽ മനുഷ്യശേഷികൂടി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അത്തരം കാര്യങ്ങളിൽ ഫലപ്രദമായ നടപടി സ്വീകരിക്കുമെന്ന് അങ്ങേയ്ക്ക് ഉറപ്പുനൽകുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പലപ്പോഴും ഇത്തരം വന്യജീവികളെ കണ്ടാൽ വെടിവയ്ക്കാൻ വനം വകുപ്പ് അനുമതി നൽകാറില്ല, അതിനായി വിവിധ കമ്മിറ്റികൾ ചേരേണ്ടതുണ്ടെന്നാണ് സാധാരണയായി പറഞ്ഞുവരുന്നത്. എന്നാൽ വയനാട് സംഭവത്തിൽ പ്രതിഷേധമുണ്ടായപ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വെടിവയ്ക്കുന്നതിന് ഉത്തരവിട്ടു, അങ്ങനെ ഉത്തരവിട്ടത് നല്ല കാര്യമാണ്. എന്നാൽ അവസാനം കടുവയെ ചത്തനിലയിൽ കണ്ടെത്തിയതിനാൽ വെടിവയ്ക്കേണ്ടി വന്നില്ല. ഇങ്ങനെ ഉത്തരവ് നൽകാൻ കഴിയുമായിരുന്നെങ്കിൽ ആനയുൾപ്പെടെയുള്ള ആക്രമണകാരികളായ മൃഗങ്ങളെ കേരളത്തിന്റെ പല സ്ഥലങ്ങളിലും കാണുമ്പോൾ വെടിവയ്ക്കാനുള്ള ഉത്തരവിനായി വളരെയധികം

കഷ്ടപ്പെടേണ്ടിവരില്ല. അതുകൊണ്ട് ആക്രമണകാരികളായ വന്യജീവികളെ എവിടെക്കണ്ടാലും വെടിവയ്ക്കുന്നതിന് വയനാട് മോഡൽ ഉത്തരവ് വനം വകുപ്പ് നൽകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങയെപ്പോലെ പരിചയമുള്ള ഒരു അംഗം ഇങ്ങനെ ചോദിക്കുന്നത് വളരെ കഷ്ടമാണ്. വെടിവയ്ക്കാനുള്ള നടപടികളിൽ നേരത്തെ കാലതാമസം നേരിട്ടിരുന്നു, അതിന് കാരണമായിട്ടുള്ളത് പലതരം നിയമങ്ങളാണ്. പക്ഷേ കഴിഞ്ഞ 6 മാസത്തിനിടയ്ക്ക് പ്രസ്തുത വിഷയത്തിൽ കാലതാമസമുണ്ടായ ഏതെങ്കിലും സംഭവം ചൂണ്ടിക്കാണിച്ചാൽ അതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, വന്യമൃഗ ഭീഷണി നേരിടുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത്തരം ഭീഷണികൾ തടയുന്നതിനായി ഫെൻസിങ് ഉൾപ്പെടെ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്കാവശ്യമായ ഫണ്ട് വനം വകുപ്പിന്റെ കൈവശമുണ്ടോ; ഇത്തരം പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് പറയാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വന്യജീവികളുടെ ആക്രമണം തടയുന്നതിനാവശ്യായ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്. അത്തരം ആക്രമണങ്ങൾ എന്നത്തേക്ക് പൂർണ്ണമായി തടയപ്പെടുമെന്ന ചോദ്യത്തിന് കൃത്യമായ മറുപടി എന്റെ കൈവശമില്ല, എന്നാൽ അതിനുള്ള ശ്രമം നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രവൃത്തികൾക്ക് ബഹു. ധനകാര്യ വകുപ്പുമന്ത്രി ഇത്തവണ അവതരിപ്പിച്ച ബജറ്റിൽ ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ നബാർഡ്, കേന്ദ്ര കൃഷി വികാസ് യോജന എന്നിവയുടെ ഫണ്ടുകൾ വിനിയോഗിച്ച്, കൃഷി വകുപ്പുമായി ആലോചിച്ച് ഇത്തരം പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിക്കുകയും ഒന്നര വർഷത്തിനുള്ളിൽ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വന്യമൃഗങ്ങളുടെ ശല്യം ധാരാളമുള്ള ജില്ലയാണ് കാസർഗോഡ്. കേരളത്തിൽ ഫോറസ്റ്റ് സ്റ്റേഷൻ ഇല്ലാത്ത ഏകജില്ലയും കാസർഗോഡാണ്. അവിടെ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സംസ്ഥാനത്ത് ഫോറസ്റ്റ് സ്റ്റേഷനുകളുടെയും മാൻപവറിന്റെയും അപര്യാപ്തതയുണ്ടെന്നത് ശരിയാണ്. ഇരുപത് ഫോറസ്റ്റ് സ്റ്റേഷനുകളെങ്കിലും അടിയന്തരമായി സ്ഥാപിക്കണമെന്ന പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ട്. സഭയുടെ വികാരം മാനിച്ച് അതിൽ പത്തെണ്ണമെങ്കിലും അനുവദിച്ചാൽ മാത്രമെ വന്യമൃഗങ്ങളുടെ ആക്രമണത്തിനെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കാൻ സാധിക്കൂ. അങ്ങനെ അനുവദിക്കുന്ന അവസരത്തിൽ ആദ്യത്തെ പരിഗണന നൽകുന്നത് കാസർഗോഡ് ജില്ലയ്ക്കായിരിക്കും.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വയനാട് ജില്ലയിൽ മനു എന്ന വ്യക്തിയെ ആന കൊന്നതായി ഇന്ന് സഭയിലേയ്ക്ക് വരുന്ന സമയത്ത് വാർത്ത വന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്, അതുമാത്രമല്ല, മരിച്ച വ്യക്തിയുടെ ഭാര്യയെ കാണാതായിട്ടുമുണ്ട്, അവരെ തിരഞ്ഞുകൊണ്ടിരിക്കുകയാണ്. വന്യജീവികൾ മനുഷ്യരെ കൊല്ലുക മാത്രമല്ല ചെയ്യുന്നത്, വ്യാപക കൃഷിനാശവും വരുത്തുന്നുണ്ട്. നമ്മുടെ നാട്ടിൻപുറങ്ങളിൽപോലും പന്നികളുടെ ആക്രമണമുണ്ടാകുന്നു, കുരങ്ങന്മാർ

തെങ്ങുകളിലെ നാളികേരം നശിപ്പിക്കുന്നു, ഇത്തരത്തിൽ വ്യാപക കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം വിഷയങ്ങളിൽ ശാസ്ത്രീയമായി ഏത് തരത്തിലുള്ള പരിഹാരമാണ് കണ്ടെത്താൻ പോകുന്നത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ നിരവധി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. ഉൾക്കാട്ടിൽ പോയപ്പോൾ കാണാതായവരുടെ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. കാടിനകത്തേയ്ക്ക് പോകുമ്പോൾ ഏതുതരത്തിലായിരിക്കുമെന്ന് അങ്ങേയ്ക്ക് ഊഹിക്കാമല്ലോ. ഞാൻ അക്കാര്യത്തിലേക്കൊന്നും കടക്കുന്നില്ല. അങ്ങനെ സംഭവിച്ചതിലെ ശരിതെറ്റുകൾ നോക്കാതെ, സർക്കാരിന്റെ എല്ലാ ആനുകൂല്യങ്ങളും നൽകണമെന്ന നിർദേശമാണ് ഇന്ന് ലഭിച്ചിട്ടുള്ളത്.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു)

* അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

10.00 a.m]

ll. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: സംസ്ഥാനത്ത് ലഹരിയുടെ വ്യാപനം കാരണം കൊലപാതകങ്ങളും കുറ്റകൃത്യങ്ങളും വർധിക്കുന്നതായി പറയപ്പെടുന്ന സാഹചര്യംമൂലം സമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ലഹരിയെ ഒരു സാമൂഹിക വിപത്തായി അതീവഗൗരവത്തോടെ കാണുകയും അതിനെ ചെറുക്കാൻ ജനങ്ങളെയാകെ കക്ഷിരാഷ്ട്രീയ ജാതിമത ചിന്തകൾക്കതീതമായി ഒറ്റക്കെട്ടായി അണിനിരത്തുകയും ചെയ്യുന്ന ഈ സർക്കാരിന് ഇതുപോലുള്ള കാര്യങ്ങളിൽ ഒന്നും മറച്ചുവയ്ക്കാനോ ഒളിച്ചുവയ്ക്കാനോ ഇല്ലെന്ന് മാത്രമല്ല ഈ പ്രശ്നത്തിനെതിരെ എല്ലാവരെയും ഒരുമിച്ച് അണിനിരത്താൻ ഉറന്ന

സമീപനമാണുള്ളത്. അതുകൊണ്ടുതന്നെ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാണെന്ന് അറിയിക്കുന്നു.

മി. സ്പീക്കർ: നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഉപക്ഷേപം ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു. ഉച്ചയ്ക്ക് 12.00 മണിക്ക് ചർച്ച ആരംഭിക്കുന്നതാണ്. രണ്ട് മണിക്കൂർ ചർച്ചയായിരിക്കും.

ഒരു കാര്യം ചെയറിന് പ്രത്യേകം പറയാനുള്ളത്, എൽ.ഡി.എഫ്., യു.ഡി.എഫ്., മറ്റ് പാർട്ടി അംഗങ്ങൾ എന്നിവർ ശ്രദ്ധക്ഷണിക്കലിനുവേണ്ടിയും സബ്മിഷനുവേണ്ടിയും ചെയറിനെ സമീപിക്കുന്നുണ്ട്. എന്നാൽ സമയകൃത്യത ആരും പാലിക്കുന്നില്ല. സബ്മിഷൻ അവതരിപ്പിക്കുന്ന അംഗങ്ങളും പരമാവധി സമയമെടുക്കുന്നുണ്ട്. അതുകൊണ്ട് സബ്മിഷൻ അവതരിപ്പിക്കുന്നതിലും മറുപടി പറയുന്നതിലും മന്ത്രിമാരും അംഗങ്ങളും സമയകൃത്യത പാലിച്ച് ചെയറുമായി സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

10.03 a.m]

lll ശ്രദ്ധക്ഷണിക്കൽ

(1) സമഗ്ര മാനസികാരോഗ്യ പദ്ധതി

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, വിദ്യാർഥികളിലുയർന്നുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ എന്ന അതീവ ഗൗരവമുള്ള വിഷയമാണ് ഞാനിവിടെ ശ്രദ്ധക്ഷണിക്കലായി അവതരിപ്പിക്കുന്നത്. ശാരീരികാരോഗ്യം പോലെ വളരെ പ്രധാനപ്പെട്ടതാണ് മാനസികാരോഗ്യവും. ആത്മഹത്യാ പ്രവണത, ഉത്കണ്ഠ, വിഷാദം, മനോവൈകല്യങ്ങൾ, സ്വഭാവ വൈകല്യങ്ങൾ, ഡിജിറ്റൽ അഡിക്ഷൻ തുടങ്ങിയ മാനസിക പ്രശ്നങ്ങളും ലഹരി ഉപയോഗവും വിദ്യാർഥികളിൽ വളരെയേറെ വർധിച്ചിരിക്കുകയാണ്. ഇന്നത്തെ 'മാധ്യമം' അടക്കമുള്ള പല പത്ര മാധ്യമങ്ങളും അക്കാര്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുട്ടികൾക്കിടയിൽ ഇപ്പോൾ ആത്മഹത്യാപ്രവണത വർദ്ധിക്കുകയാണ്. റിസ്ക് ഫാക്ടർ ഏറ്റവും കൂടുതലുള്ള മാനസിക പ്രശ്നമാണത്.

ഇന്ത്യാരാജ്യത്ത് ആത്മഹത്യാ നിരക്ക് വളരെയേറെ വർധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ആത്മഹത്യയുടെ നിരക്ക് ദേശീയ ശരാശരിയെക്കാൾ രണ്ടിരട്ടിയാണ്. പട്ടാമ്പിയിൽ സംഘടിപ്പിച്ച യൂത്ത് സമ്മിറ്റിൽ കുട്ടികൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു. കുട്ടികൾക്ക് മാനസിക പിന്തുണ നൽകുന്ന സംവിധാനങ്ങൾ സ്കൂളുകളിലുണ്ടാകണമെന്ന് 69 ശതമാനത്തിലധികംപേരും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി IMHANS (Institute of Mental Health and Neurosciences)-ന്റെ ഡയറക്ടർ ഡോ. പി. കൃഷ്ണകുമാറുമായി (അദ്ദേഹം ഇപ്പോൾ ജീവിച്ചിരിപ്പില്ല, കഴിഞ്ഞദിവസം മരണപ്പെട്ടു) ബന്ധപ്പെട്ട് 'മാനസമിത്ര' എന്ന പദ്ധതി തയ്യാറാക്കി. ഇത് പാലക്കാട് ജില്ലയിലോ പട്ടാമ്പിയിലോ മാത്രമല്ല കേരളത്തിലാകെയുള്ള പ്രശ്നമായതിനാൽ സമഗ്ര മാനസികാരോഗ്യ പദ്ധതി എന്ന നിലയ്ക്കാണ് നടപ്പാക്കേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെടുകയും ചെയ്തു. നമ്മുടെ വിദ്യാലയങ്ങളിൽ നിലവിൽ നിരവധി പദ്ധതികളുണ്ടെങ്കിലും അവയൊന്നും കോ-ഓർഡിനേഷനോടുകൂടിയല്ല മുന്നോട്ടുപോകുന്നത്. അതൊരു യൂണിഫൈഡ് മെന്റൽ ഹെൽത്ത്

പ്രോഗ്രാമാക്കി മാറ്റിയാൽ വിവിധ വകുപ്പുകളിലെ മാനസികാരോഗ്യ പദ്ധതികളെ ക്രോഡീകരിച്ച് കൊണ്ടുപോകാൻ കഴിയും. കുട്ടികൾക്കുണ്ടാകുന്ന പ്രശ്നങ്ങളെന്താണെന്ന് വളരെ കൃത്യമായി തിരിച്ചറിയാനും മാനസിക പ്രശ്നമുള്ളവരെ ചികിത്സയ്ക്കായി റഫർ ചെയ്യിപ്പിക്കാനും കഴിയുന്ന രീതിയിൽ അധ്യാപകരെ പ്രാപ്തരാക്കേണ്ടതുണ്ട്. കൂടാതെ അപമാനഭയം മാറ്റി മാനസിക പ്രശ്നങ്ങൾക്ക് മടികൂടാതെ ചികിത്സ തേടുന്നതിന് കുട്ടികളെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കേണ്ടതുമുണ്ട്. മാനസികാരോഗ്യത്തിന്റെ പ്രാധാന്യം അധ്യാപകർക്ക് മാത്രമല്ല, വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും മനസ്സിലാക്കുന്നതിന് സമഗ്ര പദ്ധതി ആവശ്യമാണ്. നിലവിൽ സ്കൂൾ കൗൺസലർമാർ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. പലപ്പോഴും കൗൺസലിങ്ങിനുള്ള സൗകര്യംപോലും വിദ്യാലയങ്ങളിൽ ഉണ്ടായിരിക്കുകയില്ല. പട്ടാമ്പി മണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളിലും കൗൺസലിങ്ങിന് സൗകര്യമൊരുക്കാൻവേണ്ടി 'സ്കോൾ കേരള' അംഗീകരിച്ച മാനസമിത്ര പദ്ധതിക്ക് ഈ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നത് സന്തോഷത്തോടെ അറിയിക്കുകയാണ്. എല്ലാ

വിദ്യാലയങ്ങളിലും അതിനുള്ള സൗകര്യമുണ്ടാകണം. സ്കൂളുകളിൽ കൗൺസലർമാരുടെ മാത്രമല്ല, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ് എന്നിവരുൾപ്പെടെയുള്ള മെന്റൽ ഹെൽത്ത് പ്രൊഫഷണലുകളുടെയും സേവനം ആവശ്യമാണെങ്കിലും പലപ്പോഴും affordable അല്ലാത്തതിനാലും സമീപത്തുണ്ടാകാത്തതിനാലും ലഭ്യമാകാറില്ല. ഇത്തരത്തിലുള്ള പ്രശ്നങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് നിലവിലെ കൗൺസലിങ് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും കൂടുതൽ കൗൺസലർമാരെ നിയമിച്ച് രക്ഷിതാക്കൾക്കുൾപ്പെടെ പരിശീലനം നൽകിക്കൊണ്ട് സമഗ്ര മാനസികാരോഗ്യ പദ്ധതി രൂപീകരിക്കണം. വിദ്യാർഥികൾക്ക് അത്യാവശ്യമുള്ള സമയത്ത് സൈക്യാട്രിസ്റ്റിനെയോ ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെയോ അഫോർഡബിളായ രീതിയിൽ വളരെ വേഗത്തിൽ ബന്ധപ്പെടാനുള്ള സൗകര്യം ക്ലസ്റ്ററോ ബ്ലോക്ക് റിസോഴ്സ് സെന്ററോ (BRC) മുഖാന്തരം ഒരുക്കണം. മാനസികാരോഗ്യത്തിന് ശാരീരികാരോഗ്യത്തിന്റെ അത്ര പ്രാധാന്യമുണ്ടെന്ന് ഉൾക്കൊണ്ടുകൊണ്ട് വിദ്യാലയങ്ങളിൽ സമഗ്ര മാനസികാരോഗ്യ പദ്ധതി നടപ്പാക്കണമെന്നാണ്

ആവശ്യപ്പെടാനുള്ളത്. 'മാനസമിത്ര' പദ്ധതി നിലവിൽ സമർപ്പിച്ചിട്ടുണ്ട്. അതുകൂടി പരിശോധിച്ചുകൊണ്ട് സമഗ്ര മാനസികാരോഗ്യ പദ്ധതി പട്ടാമ്പി മണ്ഡലത്തിൽ ആദ്യഘട്ടമെന്ന നിലയ്ക്ക് നടപ്പാക്കണമെന്ന് അഭ്യർഥിക്കുന്നതോടൊപ്പം കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഇത് നടപ്പാക്കി കുട്ടികളുടെ മാനസികാരോഗ്യ നില മെച്ചപ്പെടുത്താനും നിലവിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കഴിയണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സ്കൂൾ കുട്ടികളിലുള്ള മാനസികാരോഗ്യ പ്രശ്നങ്ങളുടെ വ്യാപനവും തോതും കണ്ടെത്തുന്നതിനും അത് എപ്രകാരമാണ് കൈകാര്യം ചെയ്യേണ്ടതെന്ന് മനസ്സിലാക്കുന്നതിനും അവരുടെ സുസ്ഥിതി ഉറപ്പാക്കുന്നതിനുംവേണ്ടി വിപുലമായ ഒരു പഠനം എസ്.സി.ഇ.ആർ.ടി.-യുടെ ആഭിമുഖ്യത്തിൽ നടത്തുകയും റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിനുള്ള നയസമീപനം എന്തായിരിക്കണമെന്ന് വിശദമാക്കുന്ന ഒരു സമീപനരേഖ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾക്ക് കുട്ടികളെ മാത്രം

കേന്ദ്രീകരിച്ചല്ല പരിഹാരം തേടേണ്ടതെന്നും കുട്ടികളുമായി ഇടപെടുന്ന മുതിർന്നവരെക്കൂടി ഭാഗഭാക്കാക്കണമെന്നും ഈ രേഖ പറയുന്നുണ്ട്. കോവിഡ് കാലത്ത് പൊതുവിദ്യാലയങ്ങളിലെ കുട്ടികൾ അഭിമുഖീകരിച്ച മാനസികാരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പ്രത്യേക പഠനവും എസ്.സി.ഇ.ആർ.ടി. സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികൾ അഭിമുഖീകരിക്കുന്ന വിവിധ വെല്ലുവിളികളും അത് പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളും സംബന്ധിച്ച നിർദേശങ്ങളും വിദ്യാഭ്യാസത്തിൽ അക്കാദമികമായ വികാസത്തോടൊപ്പംതന്നെ സാമൂഹിക വൈകാരിക വികാസത്തിനും പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകതയും ഈ പഠനം ചൂണ്ടിക്കാണിക്കുന്നുണ്ട്. എസ്.സി.ഇ.ആർ.ടി. പ്രസിദ്ധീകരിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പരിഹാരനടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

നിലവിൽ ഹയർ സെക്കൻഡറി തലത്തിൽ കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിനും അവർക്ക് പിന്തുണ നൽകുന്നതിനുംവേണ്ടി 'സൗഹൃദ' എന്ന പേരിൽ ക്ലബ്ബുകൾ

പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ കോ-ഓർഡിനേറ്റർമാരായ അധ്യാപകർക്ക് വിവിധ തലങ്ങളിലുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഹൈസ്കൂൾ തലത്തിലുള്ള കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങളെ മാനേജ് ചെയ്യുന്നതിനുവേണ്ടി സ്കൂളുകളിൽ വനിത-ശിശു വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കൗൺസലർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. കൂടാതെ എല്ലാ അധ്യാപകരേയും പ്രൈമറി കൗൺസലിങ്ങിന് പ്രാപ്തിയുള്ളവരാക്കുകയും കുട്ടികൾക്ക് ഗൈഡൻസ് നൽകാനുള്ള ശേഷിയുണ്ടാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിലുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്. എന്നാൽ വിവിധ ഏജൻസികൾ ഇടപെടുന്ന ഈ മേഖലയിൽ ഏകോപനമുണ്ടാക്കുകയെന്നത് ഒരു വെല്ലുവിളിയാണ്.

"ക്രിയാത്മ കൗമാരം - കരുത്തും കരുതലും" എന്ന പദ്ധതി പൊതു വിദ്യാലയങ്ങളിലെ ഒൻപതാം ക്ലാസിലെ കുട്ടികളെ കേന്ദ്രീകരിച്ച് നടപ്പാക്കുന്നുണ്ട്. കൗമാര കാലത്തെ ശാരീരിക-മാനസിക-വൈകാരിക-സാമൂഹിക വികാസത്തെക്കുറിച്ച് ധാരണ രൂപപ്പെടുത്തുക, സ്വന്തം ശക്തി

ദൗർബല്യങ്ങളെ തിരിച്ചറിഞ്ഞ് വെല്ലുവിളികളെ അതിജീവിക്കാനുള്ള ജീവിത നൈപുണികൾ സ്വായത്തമാക്കുക എന്നിവയാണ് പദ്ധതികൊണ്ട് പ്രധാനമായും ലക്ഷ്യമിടുന്നത്. ഈ മേഖലയിൽ അധ്യാപകർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി 'നന്മ പൂക്കുന്ന നാളേയ്ക്ക്' എന്ന പേരിൽ ഹാൻഡ്ബുക്കുകളും എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ആദ്യഘട്ടത്തിൽ അധ്യാപകർ തന്നെ ഇടപെടുകയും ആവശ്യമായ സമയങ്ങളിൽ കൗൺസലർമാരുടെ സഹായം തേടുകയും ചെയ്യുക എന്നതാണ് നിലവിലെ രീതി. കൗൺസലർമാർ ആവശ്യമായ ഘട്ടങ്ങളിൽ വനിതാ ശിശുവികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പാരന്റൽ ക്ലിനിക്കുകളുടെയും സൈക്കോളജിസ്റ്റുകളുടെയും സഹായവും തേടുന്നു. നിലവിൽ എല്ലാ സ്കൂളുകളിലും കൗൺസലർമാരുടെ സേവനം ലഭ്യമാക്കാൻ കഴിയുന്നില്ലെന്ന പരിമിതിയുണ്ട്. മുഴുവൻ അധ്യാപകരെയും പ്രാഥമിക കൗൺസലർമാർ എന്ന നിലയിൽക്കൂടി പ്രവർത്തിക്കാൻ കഴിയത്തക്ക രീതിയിൽ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ ആലോചിച്ചുവരുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, അധ്യാപകരെ പ്രാപ്തരാക്കുന്നതോടൊപ്പംതന്നെ നിലവിൽ എല്ലാ സ്കൂളുകളിലും ആനുപാതികമായി കൗൺസലർമാരെക്കൂടി നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം. എറണാകുളം ഗ്ലോബൽ പബ്ലിക് സ്കൂളിൽ കഴിഞ്ഞ ദിവസം ഒരു കുട്ടിയുടെ മരണത്തിനിടയാക്കിയ ദാരുണ സംഭവം നടന്നത് നമുക്കെല്ലാവർക്കുമറിയാം. സ്കൂൾ മാനേജ്മെന്റുപോലും ഇത്തരം കാര്യങ്ങൾ മൂടിവയ്ക്കുന്ന സാഹചര്യമാണുണ്ടാകുന്നത്. ഇതുപോലുള്ള സംഭവങ്ങൾ അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ കഴിയുന്നത്?

ശ്രീ. വി. ശിവൻകുട്ടി: സർ, അടുത്തകാലത്തായി അപൂർവം ചില സ്കൂളുകളിലെങ്കിലും നടന്ന സംഭവങ്ങളുടെ പശ്ചാത്തലത്തിൽ, സ്കൂൾ കുട്ടികളിലുണ്ടാകുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾക്ക് മുന്തിയ പരിഗണന കൊടുക്കേണ്ടതുണ്ട്. ഹെഡ്മാസ്റ്ററെയും അധ്യാപകരെയും സഹപാഠികളെയും ആക്രമിക്കൽ, ആത്മഹത്യാ പ്രവണത എന്നിവ കുട്ടികൾക്കിടയിൽ വർധിച്ചുവരുന്നുണ്ട്. ഏറ്റവും അവസാനം എറണാകുളം തിരുവാണിയൂർ

ഗ്ലോബൽ പബ്ലിക് സ്കൂളിൽ നടന്ന സംഭവങ്ങൾ വളരെ ഗൗരവമുള്ളതാണ്. സഹപാഠികളുടെ പീഡനങ്ങൾക്ക് ഇരയായ മിഹിർ അഹമ്മദ് എന്ന ഒമ്പതാം ക്ലാസ്സ് വിദ്യാർഥി ജീവനൊടുക്കിയെന്ന വാർത്ത നമ്മെ ഏവരെയും ഞെട്ടിപ്പിക്കുന്നതാണ്. പ്രാഥമിക അന്വേഷണത്തിൽ സ്കൂൾ അധികൃതരുടെ ഭാഗത്തെ വീഴ്ച കണ്ടെത്തിയിട്ടുണ്ട്. സി.ബി.എസ്.ഇ. സ്കൂളാണെങ്കിലും അതോടൊപ്പം കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ ഇന്റർനാഷണൽ സിലബസും അവിടെ പഠിപ്പിക്കുന്നുണ്ട്. നിലവിലെ നിയമമനുസരിച്ച് ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണമെങ്കിൽ സംസ്ഥാന സർക്കാരിന്റെ അംഗീകാരം ആവശ്യമാണ്. അത്തരത്തിൽ അനുവാദം വാങ്ങാതെ വൻ ഫീസ് ഈടാക്കിയും നിലവിലുള്ള വിദ്യാഭ്യാസ നിയമങ്ങൾ പാലിക്കാതെയും നടത്തുന്ന നിരവധി സ്കൂളുകളുടെ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്കൂളുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. എറണാകുളം തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂളിന് എൻ.ഒ.സി. ലഭിച്ചിട്ടില്ല. എല്ലാ രേഖകളും ഹാജരാക്കണമെന്ന് സ്കൂൾ അധികൃതരോട് ആവശ്യപ്പെട്ടിരിക്കുകയാണ്. മതിയായ രേഖകൾ ഹാജരാക്കുന്നില്ലെങ്കിൽ

വിപുലമായ അന്വേഷണം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

(2) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

ശ്രീ. സി. ആർ. മഹേഷ്: സർ, കേരളത്തിലാകമാനം സാധാരണക്കാരായ ലക്ഷക്കണക്കിന് തൊഴിലുറപ്പ് തൊഴിലാളികൾ അനുഭവിക്കുന്ന സങ്കടകരമായ തൊഴിൽ പ്രശ്നങ്ങൾ ഞാൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ഇന്നത്തെ മാതൃഭൂമി പത്രത്തിൽ 'തൊഴിലുറപ്പിൽ കൊഴിഞ്ഞുപോക്ക്: കാരണം തേടി കേരളം' എന്ന വാർത്ത വന്നിരിക്കുകയാണ്. ഈ വർഷം മാത്രം 1,86,000 തൊഴിലുറപ്പ് തൊഴിലാളികൾ ഈ മേഖലയിൽനിന്നും കൊഴിഞ്ഞുപോയതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കുറഞ്ഞ വേതനവും കേന്ദ്ര ഗവൺമെന്റിന്റെ കടുത്ത നിബന്ധനകളുമാണ് ഇതിന് കാരണം. മൺമറഞ്ഞ ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് പാവങ്ങളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി ആരംഭിച്ച, സമാനതകളില്ലാത്ത, ദൈവത്തിന്റെ സ്വന്തം

പദ്ധതിയെന്ന് വിശേഷിപ്പിച്ചാൽപോലും അതിശയോക്തിയില്ലാത്ത തൊഴിലുറപ്പ് പദ്ധതിയിൽ ലക്ഷക്കണക്കിനാളുകളാണ് തൊഴിലെടുത്ത് ജീവിക്കുന്നത്. കാടും പടർപ്പും ചപ്പുചവറുകളും മറ്റും നിറഞ്ഞ പറമ്പുകളും വഴിയോരങ്ങളും തോടുകളുടെയും നദികളുടെയും വശങ്ങളും വൃത്തിയാക്കുകയും മറ്റ് അപകടകരമായ സ്ഥലങ്ങളിൽ തൊഴിലെടുക്കുകയും ചെയ്യുന്ന തൊഴിലാളികൾ പാമ്പിന്റെയും വിഷജന്തുക്കളുടെയും കടിയേറ്റും കടന്നലാക്രമണത്താലും മറ്റ് അപകടങ്ങളിൽപ്പെട്ടും കുഴഞ്ഞുവീണും മരിക്കുന്നതും പരിക്കേൽക്കുന്നതും നിത്യസംഭവമായി മാറിയിരിക്കുകയാണ്. മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് 75,000/- രൂപയും ഗുരുതരമായി പരിക്കേൽക്കുന്നവർക്ക് 30,000/- രൂപയും മാത്രമാണ് നഷ്ടപരിഹാരമായി നൽകുന്നത്. അപകടംമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നിലവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഒരു ലക്ഷം രൂപ ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ തൊഴിലിടങ്ങളിൽ മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായം പത്ത് ലക്ഷം രൂപയായും ഗുരുതരമായി പരിക്കേൽക്കുന്നവർക്കുള്ള ധനസഹായം

ഒരു ലക്ഷം രൂപയായും ഉയർത്തണം. ഈ മേഖലയിൽ പണിയെടുക്കുന്നവരിൽ കൂടുതൽ പേരും പ്രായാധിക്യത്താൽ നിരവധി അസുഖങ്ങളും ശാരീരിക ബുദ്ധിമുട്ടുകളും അനുഭവിക്കുന്നവരാണ്. അതുകൊണ്ടുതന്നെ അപകട മരണങ്ങളും സ്വാഭാവിക മരണങ്ങളും സംഭവിക്കാൻ സാധ്യത കൂടുതലാണ്. കേരളത്തിലാകമാനം 25 ലക്ഷത്തിൽപ്പരം തൊഴിലാളികളാണ് തൊഴിലുറപ്പ് പദ്ധതിമൂലം ഉപജീവനം നടത്തുന്നത്. ഇവരിൽ പലരും നിത്യവൃത്തിക്ക് നിർവാഹമില്ലാത്തവരും നിരാലംബരും നിരാശ്രയരും നിരവധി രോഗങ്ങളുള്ളവരുമാണ്. ഇവരുടെ ക്ഷേമത്തിനായി തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുമെന്ന് സർക്കാർ പറഞ്ഞെങ്കിലും നാളിതുവരെ നടപ്പാക്കിയിട്ടില്ല. ഇവർക്ക് ഗം ബൂട്ട്, ഗ്ലൗസ്, ഫസ്റ്റ് എയ്ഡ് ബോക്സ് എന്നീ തൊഴിൽ സുരക്ഷാ ഉപകരണങ്ങൾ നൽകണമെന്ന സർക്കാർ ഉത്തരവുണ്ട്. ഈ ഇനത്തിൽ ഒരു വർഷം പഞ്ചായത്ത് 75,000/- രൂപ ചെലവാക്കാൻ സർക്കാർ ആവശ്യപ്പെടുന്നുണ്ട്. എന്നാൽ നൂറുകണക്കിന് തൊഴിലാളികളുള്ള ഈ മേഖലയിൽ ടി തുക ഉപയോഗിച്ച് ഓരോ പഞ്ചായത്തിനും എത്ര സുരക്ഷാ

ഉപകരണങ്ങൾ വാങ്ങാൻ കഴിയും? ഇത് വാങ്ങിച്ച് തൊഴിലിടങ്ങളിൽ കൃത്യമായി ഉപയോഗിക്കുന്നുണ്ടോയെന്ന് സർക്കാർ പരിശോധിച്ച് ഉറപ്പുവരുത്തണം. പെരുമഴയത്തും പൊരിവെയിലത്തും പണിയെടുക്കുന്ന ഇവർക്ക് ലഭിക്കുന്ന കൂലി 346/- രൂപ മാത്രമാണ്. ഇപ്പോഴത്തെ ജീവിത ചെലവുകൾ വച്ച് നോക്കുമ്പോൾ ഇത് വളരെ പരിമിതമായതിനാൽ തുക വർധിപ്പിക്കണം. തൊഴിലുറപ്പ് തൊഴിലാളികൾക്ക് 2021 വരെ മൺവെട്ടി, മൺകോരി, കുന്താലി തുടങ്ങിയവയ്ക്ക് മെയിന്റനൻസ് ഇനത്തിൽ പത്ത് രൂപ നൽകുമായിരുന്നു. ഇപ്പോഴത് ലഭിക്കുന്നില്ല. മാത്രമല്ല, ഇവരുടെ ഹാജർ രേഖപ്പെടുത്തുന്ന National Mobile Monitoring System (NMMS) സംബന്ധിച്ചും പല പരാതികളുമുണ്ട്. പല സ്ഥലങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾ ഒരു കേന്ദ്രത്തിൽവന്ന് രാവിലെയും വൈകുന്നേരവും രജിസ്റ്റർ ചെയ്യണമെന്നുള്ളത് തൊഴിലാളികൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുകയാണ്. അതുകൊണ്ട് തൊഴിലിടങ്ങളിൽതന്നെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനമുണ്ടാക്കണം. തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ

കേന്ദ്രഗവൺമെന്റിനോട് ശിപാർശ ചെയ്യണം. നൂറ് ദിനം തൊഴിൽ ഉറപ്പുനൽകുന്ന ഈ പദ്ധതിയിൽ നിലവിൽ പകുതി ദിനങ്ങൾപോലും നൽകാൻ പഞ്ചായത്തിന് സാധിക്കുന്നില്ല. അതുകൊണ്ട് കാർഷിക, മൃഗസംരക്ഷണ മേഖലകളിൽ ഇവരുടെ സേവനം ലഭ്യമാക്കി തൊഴിൽ ദിനങ്ങൾ വർധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. പാമ്പുകടിയേറ്റും അപകടങ്ങളിൽപ്പെട്ടും മരിക്കുന്ന തൊഴിലാളികളുടെ എണ്ണം ദിനംപ്രതി കൂടിവരുന്ന സാഹചര്യത്തിൽ സർക്കാർ വിഹിതവും തൊഴിലാളികളുടെ വിഹിതവും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതുൾപ്പെടെയുള്ള തൊഴിലുറപ്പ് തൊഴിലാളികളുടെ സങ്കടകരമായ പ്രശ്നങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി അപകടകരമായ സാഹചര്യങ്ങളിൽ ജോലി ചെയ്യേണ്ടിവരുന്ന തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ

ഉപകരണങ്ങളും മറ്റും ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് മിഷൻ ഡയറക്ടർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങളായ ഗം ബൂട്ട്, കൈയുറ എന്നിവ നൽകേണ്ടത് അതത് ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയാണ്. ഇതിനാവശ്യമായ തുക ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽനിന്നോ സംസ്ഥാന മിഷന്റെ മുൻകൂർ അനുമതിയോടെ പദ്ധതിയുടെ ഭരണചെലവിൽനിന്നോ ചെലവഴിക്കാനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. തൊഴിലാളികൾക്ക് പ്രവൃത്തിയുടെ ഭാഗമായുണ്ടാകുന്ന അപകടത്തെത്തുടർന്ന് മരണമോ സ്ഥിരമായ അംഗവൈകല്യമോ ഉണ്ടാകുന്നപക്ഷം സഹായം നൽകേണ്ടത് സംബന്ധിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക II-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലാളികൾക്ക് നൽകേണ്ട സഹായങ്ങളെ സംബന്ധിച്ച് സർക്കാർ 05-02-2021-ലെ ഡിഡി2/252/2020/തസ്വഭവ നമ്പർ സർക്കുലറിൽ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രവൃത്തി സമയത്ത് മൃഗങ്ങൾ, ജീവികൾ എന്നിവമൂലം അപകടമോ തുടർന്ന് മരണമോ

ഉണ്ടാകുന്ന സാഹചര്യത്തിൽ തൊഴിലാളികൾക്ക് നൽകേണ്ട ചികിത്സ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അതിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തിയിലേർപ്പെട്ടിരിക്കുമ്പോൾ തൊഴിലാളികൾക്ക് അപകടമരണമോ സ്ഥായിയായ അംഗവൈകല്യമോ സംഭവിക്കുന്നപക്ഷം ടിയാളുടെ നിയമപരമായ അവകാശികൾക്ക് എക്സ്-ഗ്രേഷ്യ ഇനത്തിൽ 75,000/- രൂപ നൽകിവരുന്നു. കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരം തൊഴിൽവേളയിൽ മരണം, സ്ഥായിയായ അംഗവൈകല്യം എന്നിവ സംഭവിക്കുന്നപക്ഷം തൊഴിലാളികൾക്ക് പ്രധാനമന്ത്രി സുരക്ഷാ ഭീമാ യോജന പ്രകാരമുള്ള രണ്ട് ലക്ഷം രൂപ നൽകാൻ വ്യവസ്ഥയുണ്ട്. തൊഴിലാളികളുടെ നിലവിലെ എക്സ്-ഗ്രേഷ്യ നിരക്ക് തത്തുല്യമായി വർധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. തൊഴിലിൽ ഏർപ്പെടുന്ന ആളിനൊപ്പം പ്രവൃത്തി സ്ഥലത്ത് വരുന്ന കുട്ടികൾക്ക് മരണമോ സ്ഥായിയായ അംഗവൈകല്യമോ ഉണ്ടാകുന്നപക്ഷം 37,500/- രൂപ നൽകുന്നതിനും നിലവിൽ വ്യവസ്ഥയുണ്ട്. തൊഴിലാളിക്ക് അവരുടെ മറ്റ് അർഹതകളുടെ ഭാഗമായി സർക്കാർ വകുപ്പുകൾ മുഖേന ആനുകൂല്യം

ലഭ്യമാക്കുന്നതിന് ഇത് തടസ്സമാകുന്നുമില്ല. പ്രവൃത്തി സ്ഥലത്ത് വച്ചുണ്ടാകുന്ന അപകടങ്ങൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. കൂടാതെ അപകടത്തിൽപ്പെടുന്ന തൊഴിലാളികൾക്ക് പ്രസ്തുത ദിനത്തിലെ മുഴുവൻ വേതനവും നൽകുകയും അടുത്ത ദിവസം മുതൽ തൊഴിലാളി തൊഴിൽ ഡിമാന്റ് ചെയ്തിരുന്ന ദിവസം വരെ വേതനത്തിന്റെ പകുതി തുക കണക്കാക്കി അനുവദിച്ചുനൽകുകയും ചെയ്യുന്നു. തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കേരളത്തിൽ മാത്രം ചെയ്തിട്ടുള്ള ഒരു കാര്യമാണത്. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി, 2023 പ്രകാരം ക്ഷേമനിധിയിലെ ഒരംഗം അസുഖം, അപകടം എന്നിവമൂലം മരണപ്പെട്ടാൽ ആദ്യ മൂന്ന് വർഷത്തെ അംഗത്വ കാലയളവിനുള്ളിൽ 5,000/- രൂപയും ശേഷമുള്ള ഓരോ വർഷത്തെ അംഗത്വ കാലയളവിലും 1,000/- രൂപ വീതവും രണ്ടുംകൂടി പരമാവധി 20,000/- രൂപ വരെയും അംഗത്തിന്റെ കുടുംബത്തിന് സഹായമായി ലഭിക്കും. തൊഴിലുറപ്പ് തൊഴിലാളികളുടെ ചികിത്സാ

സഹായമായി പരമാവധി 10,000/- രൂപ ക്ഷേമനിധിയിൽനിന്നും നൽകാൻ കഴിയുന്നതാണ്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി രജിസ്ട്രേഷൻ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗതിയിലാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, തൊഴിലുറപ്പ് തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കിന്റെ കാരണം അന്വേഷിക്കുന്നതിനായി സോഷ്യൽ ഓഡിറ്റ് വിഭാഗം റിസോഴ്സ് പേഴ്സൺമാരെ സർവേയ്ക്ക് ചുമതലപ്പെടുത്തിയെന്നറിയാൻ കഴിഞ്ഞു, ഇക്കാര്യം ശരിയാണോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട അംഗം കൊഴിഞ്ഞുപോക്കിനെ സംബന്ധിച്ച് മാതൃഭൂമിയിൽ ഇന്നുവന്ന വാർത്ത പരാമർശിക്കുകയുണ്ടായി. അതിൽത്തന്നെ കൊഴിഞ്ഞുപോക്കിലേയ്ക്ക് നയിച്ച സാഹചര്യങ്ങളെക്കുറിച്ചും പറയുന്നുണ്ട്. എൻ.എം.എം.എസ്.-ന്റെ കാര്യം അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. അത്തരത്തിലുള്ള നിബന്ധനകൾ കേന്ദ്ര ഗവൺമെന്റ് തുടർച്ചയായി അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആ നിബന്ധനകൾ കർശനമാക്കുന്നതിന്റെ ഉദ്ദേശ്യം തൊഴിലുറപ്പ് പദ്ധതിയെ പരിമിതപ്പെടുത്തുക എന്നതാണ്. കേന്ദ്രഗവൺമെന്റ് ആസൂത്രിതമായൊരു

ആക്രമണം തൊഴിലുറപ്പ് പദ്ധതിക്കെതിരെ നടത്തുന്നു. അതിന്റെ ഏറ്റവും വലിയൊരു ഉദാഹരണമാണ് ഈ വർഷത്തെ യൂണിയൻ ബജറ്റിൽ തൊഴിലുറപ്പ് പദ്ധതിക്ക് കഴിഞ്ഞ വർഷത്തെ അതേ തുകമാത്രം നീക്കിവച്ചിട്ടുള്ളത്; ഒരു നയാപൈസയുടെ വർധനയില്ല. ഇൻഫ്ലേഷന്റെ റേറ്റുകൂടി കണക്കിലെടുത്താൽ റിയൽ ടൈമിൽ അത് കുറയുകയാണ് ചെയ്തിട്ടുള്ളതെന്ന് കാണാൻ സാധിക്കും. കാലാനുസൃതമായി വേതനം വർധിപ്പിക്കാത്തത് പോലുള്ള കേന്ദ്ര നടപടികളാണ് തൊഴിലുറപ്പ് തൊഴിലാളികൾ കൊഴിഞ്ഞുപോകുന്നതിന് കാരണമായിത്തീരുന്നത്. നൂറുദിവസം തൊഴിൽ നൽകുന്നതിനെക്കുറിച്ച് സൂചിപ്പിച്ചു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ നൂറുദിവസം തൊഴിൽ കൊടുത്ത സംസ്ഥാനങ്ങളിൽ ഒന്നാമതോ രണ്ടാമതോ ആണ് കേരളം. ഇതിൽ മാത്രമല്ല, പ്രവർത്തന മികവിന്റെ ഒമ്പത് സൂചികകളെടുത്താൽ, നാല് സൂചികയിൽ കേരളം ഇന്ത്യയിൽ ഒന്നാമതാണ്. അഞ്ചെണ്ണത്തിൽ ഇന്ത്യയിൽ രണ്ടാമതുമാണ്. കാര്യക്ഷമമായാണ് കേരളം തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നത്. എന്നാൽ കേന്ദ്രത്തിന്റെ സമീപനം ഈ പദ്ധതിയെ എങ്ങനെയെങ്കിലും ഇല്ലാതാക്കുക എന്നതാണ്. അത്

സൃഷ്ടിക്കുന്ന വെല്ലുവിളികളുമുണ്ട്. സോഷ്യൽ ഓഡിറ്റിൽ ഇന്ത്യയിൽ ഒന്നാമതാണ് കേരളം. നൂറ് ശതമാനം സോഷ്യൽ ഓഡിറ്റ് പഞ്ചായത്തുതലത്തിൽ നടത്തുന്ന ഏക സംസ്ഥാനം കേരളമാണ്. രണ്ടാമത് നിൽക്കുന്ന സംസ്ഥാനത്തിന് അറുപതുശതമാനത്തിൽ അല്പം മാത്രം കൂടുതലാണുള്ളത്; കേരളത്തിന്റെ വളരെ പിന്നിലാണ്. തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

10.23 a.m]
IV സബ്മിഷൻ

(1) മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡ് നിർമ്മാണം

ശ്രീ. റോജി എം. ജോൺ: സർ, 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ്' പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡ് നിർമ്മാണത്തെ വളരെ പ്രതീക്ഷയോടുകൂടിയാണ് ഞങ്ങളെല്ലാം വരവേറ്റത്. ബഹുമാന്യനായ മുഖ്യമന്ത്രി 2021-ൽ നിർമ്മാണോദ്ഘാടനം നടത്തിയ ടി പ്രവൃത്തി നാലുവർഷമായിട്ടും

പൂർത്തിയായിട്ടില്ല; ഇഴഞ്ഞുനീങ്ങുന്ന ഒരവസ്ഥയാണ്. അത് എന്ന് പൂർത്തീകരിക്കുമെന്നുപോലും പറയാൻ സാധിക്കാത്ത തരത്തിൽ ആ പ്രദേശത്തുള്ള ജനങ്ങൾ വലിയ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. നാല് റോഡുകളുടെയും വീതി കൂട്ടുന്നതിന് പലയാളുകളും ഭൂമി വിട്ടുനൽകാൻ തയ്യാറായി. എന്നാൽ ആ ഭൂമിപോലും ഏറ്റെടുത്തുകൊണ്ട് റോഡ് വികസിപ്പിക്കാൻ സാധിക്കാത്ത സാഹചര്യം പലഭാഗങ്ങളിലും നിലനിൽക്കുന്നുണ്ട്. കുറേ ഭാഗങ്ങളിൽ ചെയ്തു; പക്ഷേ പല ഭാഗങ്ങളിലും അത് പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. കെ.എസ്.ടി.പി.-ക്കാണ് പദ്ധതിയുടെ നിർമ്മാണ ചുമതല. കൂടാതെ ഇതിനൊരു കൺസൾട്ടന്റിനെയും നിയമിച്ചിട്ടുണ്ട്. കെ.എസ്.ടി.പി.-യും കൺസൾട്ടന്റും കരാറുകാരനും പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകുന്നതിൽ കാലതാമസമുണ്ടാക്കുന്നുണ്ട്. ഇതുസംബന്ധിച്ച് നിരവധിതവണ പഞ്ചായത്ത് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന് പ്രവൃത്തി വിലയിരുത്തിയെങ്കിലും ഇതുവരെ അതിന്റെ പൂർത്തീകരണത്തിലേയ്ക്ക് എത്തിയിട്ടില്ല. കരാർ കാലാവധിയും കഴിഞ്ഞിരിക്കുകയാണ്. പക്ഷേ ഇപ്പോൾ കാലാവധി നീട്ടി

നൽകിയിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞു. ഈ മഴക്കാലത്തിന് മുമ്പെങ്കിലും ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്നാണ് എല്ലാവരുടെയും ആവശ്യം. സുപ്രധാന പ്രവൃത്തിയായതുകൊണ്ട് ഞാൻ നേരത്തെയും അങ്ങേയ്ക്ക് കത്ത് നൽകിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകൈയെടുത്ത് ഒരു യോഗം വിളിച്ച് ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനും ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ റോഡ് ലഭ്യമാക്കുന്നതിനുംവേണ്ടിയുള്ള ഇടപെടൽ അങ്ങേയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ?

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, "റീബിൽഡ് കേരള ഇനിഷ്യേറ്റീവ്" പദ്ധതിയിലുൾപ്പെടുത്തിയാണ് മുക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിന്റെ നിർമ്മാണം നടക്കുന്നത്. റോഡിന്റെ പുനരുദ്ധാരണം മാത്രമായിരുന്ന ആദ്യ പദ്ധതിയിലുൾപ്പെട്ടിരുന്നത്. എന്നാൽ ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കി വീതി വർധിപ്പിച്ച് പ്രവൃത്തി ചെയ്യണമെന്ന

ആവശ്യമുയർന്നു. പിന്നീട് ഫണ്ടിങ് ഏജൻസിയായ ജർമ്മൻ ഡെവലപ്മെന്റ് ബാങ്ക് സ്ഥലം ഏറ്റെടുക്കേണ്ടതില്ലെന്ന് നിർദേശിച്ചതിനെത്തുടർന്ന് പ്രവൃത്തി വൈകുന്ന സാഹചര്യമുണ്ടായി. നിരവധി ചർച്ചകൾക്കും ഇടപെടലുകൾക്കുംശേഷം പ്രവൃത്തി പുനരാരംഭിക്കുന്ന സാഹചര്യമൊരുക്കുകയായിരുന്നു. പ്രവൃത്തി പൂർത്തിയാക്കേണ്ട സമയപരിധി 2025 ഏപ്രിൽ 30 വരെ നീട്ടിയിട്ടുണ്ട്. നിലവിൽ 87 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞു. 19.6 കിലോമീറ്റർ ജി.എസ്.ബി. (ഗ്രാനുലാർ സബ് ബേസ്), 17.76 കിലോമീറ്റർ ഡബ്ല്യു.എം.എം. (വെറ്റ് മിക്സ് മെക്കാഡം), 16.97 കിലോമീറ്റർ ഡി.ബി.എം. (ഡെൻസ് ബിറ്റുമിനസ് മെക്കാഡം), 0.93 കിലോമീറ്റർ ബി.സി. (ബിറ്റുമിനസ് കോൺക്രീറ്റ്), 1 കിലോമീറ്റർ പി.ക്യു.സി. (പേവ്മെന്റ് ക്വാളിറ്റി കോൺക്രീറ്റ്), 60 കൾവട്ടുകൾ തുടങ്ങിയവ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി നിശ്ചയിച്ച സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുമെന്ന് സഭയെ അറിയിക്കുകയാണ്. ബാക്കി പ്രവൃത്തിക്ക് കൃത്യമായൊരു ടൈം ഷെഡ്യൂളുണ്ടാക്കി മോണിറ്റർ ചെയ്യുന്നതിന് വകുപ്പുസെക്രട്ടറിയെ

ചുമതലപ്പെടുത്താം.

(2) ആലത്തൂരിലെ വർക്കുകൾക്ക് പി.എം.സി.-കളെ ചുമതലപ്പെടുത്തൽ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ മണ്ഡലത്തിൽ കഴിഞ്ഞ എട്ടുവർഷങ്ങൾക്കിടയിൽ ബജറ്റ് വർക്കുകൾ പരമാവധി നടപ്പാക്കാൻ പ്രൊപ്പോസ് ചെയ്തിരുന്നത് എൽ.എസ്.ജി.ഡി.-യെയാണ്. എന്നാൽ വലിയ കാലതാമസമാണ് അതുമായി ബന്ധപ്പെട്ട് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തെ കുറ്റം പറയുകയല്ല. താങ്ങാനാവാത്ത ജോലിഭാരം അവർക്കുണ്ട്. സ്വാഭാവികമായും അവർക്ക് ഏറ്റെടുക്കേണ്ടിവരുന്ന പല വർക്കുകളുമുണ്ട്. ഇവ മണ്ഡലാടിസ്ഥാനത്തിലുള്ള പൊതുവർക്കുകളായതുകൊണ്ട്, ബ്ലോക്ക് അടിസ്ഥാനത്തിലും പഞ്ചായത്തടിസ്ഥാനത്തിലും ചുമതല ഏൽപ്പിക്കാൻ കഴിയാത്ത ഒരവസ്ഥയും അവർ നേരിടുകയാണ്. കൂടാതെ പുതിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്താനായി ആധുനിക സാങ്കേതിക വിജ്ഞാനമുള്ള എഞ്ചിനീയർമാരില്ല എന്ന പ്രശ്നവും ചിലയിടത്തുണ്ട്. ഇതിന്റെയെല്ലാം ഫലമായി ആലത്തൂർ മണ്ഡലത്തിലെ പല ബജറ്റ് വർക്കുകളും വർഷങ്ങളായി

നടപ്പാക്കാൻ സാധിക്കാത്ത ഒരു സാഹചര്യമാണ്. അത് എത്രയും പെട്ടെന്ന് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരന്തരമായി ഇടപെട്ടപ്പോൾ, അവർക്കത് ഏറ്റെടുക്കാൻ കഴിയില്ലെന്ന് അറിയിക്കുകയാണുണ്ടായത്. എന്നാൽ ധനാകാര്യ വകുപ്പിൽനിന്ന് വീണ്ടും അവരോട് ക്ലാരിഫിക്കേഷൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. മണ്ഡലാടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം കൂടിയപ്പോൾ അടിയന്തരമായി ചില വർക്കുകൾ പി.എം.സി. (പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി) മുഖാന്തരം നടപ്പാക്കണമെന്ന നിർദ്ദേശമാണ് മുന്നോട്ടുവച്ചത്. ചാലുകളുടെ പുനർനിർമ്മാണം, ചെക്ക് ഡാം നിർമ്മാണം, ഡ്രെയർ മെഷീനുകൾ പർച്ചേസ് ചെയ്യൽ തുടങ്ങിയ വർക്കുകളൊന്നും സാങ്കേതിക വിജ്ഞാനമില്ലാത്തതുകൊണ്ട് എൽ.എസ്.ജി.ഡി.-ക്ക് ഏറ്റെടുക്കാൻ സാധിക്കില്ലെന്ന് അറിയിച്ചിട്ടുണ്ട്. 2019-20 മുതലുള്ള വർക്കുകളുണ്ട്. 2017-18-ലെ വർക്കുകൾപോലും അവർക്ക് പൂർത്തീകരിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് വർക്കുകൾ പി.എം.സി.യെ ഏൽപ്പിക്കുന്നതിന് അടിയന്തരമായി അംഗീകാരം നൽകണമെന്ന്

അഭ്യർഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ആലത്തൂർ മണ്ഡലത്തിലെ വിവിധ വർഷങ്ങളിലെ ബജറ്റ് വർക്കുകളുടെ നിർവഹണ ഏജൻസിയായ എൽ.എസ്.ജി.ഡി.-ക്ക് സാങ്കേതിക പ്രശ്നങ്ങൾമൂലം സമയബന്ധിതമായി ചില നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്നതാണ് സബ്മിഷനിലൂടെ ഉന്നയിച്ചത്. ഈ സാഹചര്യത്തിൽ പ്രസ്തുത വർക്കുകൾ പി.എം.സി. മുഖാന്തരം നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാം. ഉചിതമായ ശിപാർശകൾ ഭരണവകുപ്പ് മുഖേന ലഭ്യമാക്കുന്ന മുറയ്ക്ക് ഇത് പരിഗണിക്കാവുന്നതാണ്. പാലക്കാട് ജില്ലയിൽ ഇത്തരം കാര്യങ്ങൾക്ക് ഇപ്പോൾത്തന്നെ അനുമതി കൊടുത്തിട്ടുണ്ട്.

(3) എസ്.സി./എസ്.ടി. വിദ്യാർഥികൾക്കുള്ള ധനസഹായം

ശ്രീ. വി. ശശി: സർ, എസ്.സി./എസ്.ടി., പോസ്റ്റ്മെട്രിക് വിദ്യാർഥികളുടെ ഇ-ഗ്രാന്റ് കുടിശ്ശികയില്ലാതെ വിതരണം ചെയ്യാനുള്ള

നടപടി ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന വിഷയം ശ്രദ്ധയിൽപ്പെടുത്താനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഓരോ വർഷവും ഈ ഇനത്തിൽ ബജറ്റിൽ നീക്കിവയ്ക്കുന്ന തുക മുൻവർഷത്തെ കുടിശ്ശിക നൽകാനാണ് ഉപയോഗിക്കുന്നത്. അതത് വർഷം അവർക്ക് ലഭിക്കേണ്ട ധനസഹായം അതത് വർഷം തന്നെ ലഭ്യമാക്കാനുള്ള ക്രമീകരണം ഉണ്ടാകണമെന്നാണ് എന്റെ അഭ്യർഥന. 2.5 ലക്ഷം രൂപയിൽ താഴെ വാർഷികവരുമാനമുള്ള എസ്.സി. വിദ്യാർഥികളുടെ 60 ശതമാനവും എസ്.ടി. വിദ്യാർഥികളുടെ 75 ശതമാനവും തുക കേന്ദ്ര ധനസഹായമായി അനുവദിക്കുന്നുണ്ട്. അതുപോലും അതത് വർഷം നൽകാനുള്ള നടപടി ഉണ്ടാകുന്നില്ലെന്ന് ശ്രദ്ധയിൽപ്പെടുത്തുകയാണ്. നോൺ സി.എസ്.എസ്. കാറ്റഗറിയിലെ എസ്.സി. പോസ്റ്റ്മെട്രിക് വിദ്യാർഥികൾക്ക് 230 കോടി രൂപയും സി.എസ്.എസ്. കാറ്റഗറിയിലെ എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് 43 കോടി രൂപയും എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് 38.66 കോടി രൂപയും കുടിശ്ശികയാണ്. ഇവയെല്ലാം അടിയന്തരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം. അടുത്ത

അധ്യയനവർഷം മുതൽ അതത് വർഷത്തെ ധനസഹായം അതത് വർഷം തന്നെ നൽകാനുള്ള ക്രമീകരണം കൂടി നടത്തണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പട്ടികജാതി വിഭാഗക്കാരായ കുട്ടികൾക്ക് 2023-24 വരെ നൽകാനുള്ള മുഴുവൻ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ആനുകൂല്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. വാർഷിക വരുമാനം 2.5 ലക്ഷം രൂപയോ അതിൽ കുറവോ ഉള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മാത്രമാണ് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള സ്കോളർഷിപ്പ് ആനുകൂല്യം ലഭിക്കുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് കേന്ദ്ര പദ്ധതി പ്രകാരമുള്ള പോസ്റ്റ് മെട്രിക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള ആനുപാതിക സംസ്ഥാന വിഹിതമായി നടപ്പുവർഷം 73 കോടി രൂപ വകയിരുത്തിയിരുന്നു. ഈ തുക പൂർണ്ണമായും ചെലവഴിച്ചതിനെത്തുടർന്ന് 43.77 കോടി രൂപ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പദ്ധതി പ്രകാരമുള്ള സ്കോളർഷിപ്പിന് 2.5 ലക്ഷം രൂപ

വാർഷിക വരുമാനം നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ അർഹരായ മുഴുവൻ കുട്ടികൾക്കും വരുമാന പരിധി കണക്കിലെടുക്കാതെ സംസ്ഥാന സർക്കാർ അധിക തുക വകയിരുത്തി ധനസഹായം നൽകുന്നുണ്ട്. അതിനായി നടപ്പുവർഷത്തെ ബജറ്റ് വിഹിതമായി 150 കോടി രൂപയും അധികധനാനുമതി വഴി അനുവദിച്ച 110 കോടി രൂപയും ഉപധനാഭ്യർത്ഥന വഴി അനുവദിച്ച 25.19 കോടി രൂപയും ചേർത്ത് ആകെ 285.19 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബജറ്റ് വിഹിതത്തിന്റെ ഇരട്ടി തുക ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി പ്രീ മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള ആനുപാതിക വിഹിതമായി 8 കോടി രൂപയും സംസ്ഥാനം നേരിട്ട് നടത്തുന്ന പദ്ധതികൾക്കായി 166 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ നോൺ പ്ലാൻ ശീർഷകത്തിൽ 18 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇവയെല്ലാം ചേർത്ത് പട്ടികജാതി വിഭാഗക്കാരുടെ സ്കോളർഷിപ്പ് ആനുകൂല്യം നൽകുന്നതിനായി നടപ്പുവർഷം ഇതുവരെ 594.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2024-25 വർഷം ഇതുവരെ ക്ലെയിം ചെയ്ത മുഴുവൻ തുകയും അനുവദിക്കുന്നതിനുള്ള തുക വകയിരുത്തി നൽകിയിട്ടുണ്ട്. ക്ലെയിം

പലപ്പോഴും വരുന്നില്ലായെന്നതും രണ്ടോ മൂന്നോ നാലോ വർഷങ്ങൾക്ക് മുൻപുള്ള ക്ലെയിമുകൾ വരുന്നുവെന്നുള്ളതും വകുപ്പിൽ നിന്ന് അറിയാൻ സാധിച്ചിട്ടുണ്ട്. പട്ടികജാതി പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ആനുകൂല്യം നൽകുന്നതിനായി കേന്ദ്ര പദ്ധതിയുടെ ആനുപാതിക സംസ്ഥാന വിഹിതവും സംസ്ഥാന പദ്ധതി വിഹിതവും ചേർത്ത് 2021-22 മുതൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2021–22	456.32 കോടി രൂപ
2022-23	360.76 കോടി രൂപ
2023-24	505.75 കോടി രൂപ

പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെടുന്ന കുട്ടികളുടെ സ്കോളർഷിപ്പ് പദ്ധതിയിലും 2.5 ലക്ഷം രൂപയെന്ന വാർഷിക വരുമാന നിബന്ധന കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. അതിനാൽ ഇതിൽക്കൂടുതൽ വരുമാനമുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പിനുള്ള മുഴുവൻ തുകയും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗക്കാരായ കുട്ടികൾക്കുള്ള പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകളുടെ ആനുപാതിക സംസ്ഥാന വിഹിതവും സംസ്ഥാനം നേരിട്ട് നടത്തുന്ന പദ്ധതികൾക്കുള്ള വിഹിതവും ചേർത്ത്

നടപ്പുവർഷം ആകെ 71.82 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള സ്കോളർഷിപ്പ് പദ്ധതിയിൽ യാതൊരുവിധ കുടിശ്ശികയുമില്ല. പട്ടികവർഗ്ഗ സ്കോളർഷിപ്പ് ആനുകൂല്യം നൽകുന്നതിനുള്ള കേന്ദ്ര പദ്ധതിയുടെ ആനുപാതിക സംസ്ഥാന വിഹിതവും സംസ്ഥാന പദ്ധതി വിഹിതവും ചേർത്ത് 2021-22 മുതൽ സംസ്ഥാന സർക്കാർ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2021–22	60.76 കോടി രൂപ
2022-23	57.88 കോടി രൂപ
2023-24	72.3 കോടി രൂപ

(4) <u>പൊന്നാനി കടലോര മേഖലകളിലുള്ളവർക്ക് നികുതി അടയ്ക്കാൻ സംവിധാനം</u>

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, 1961-ലെ കേരള ഭൂപതിവ് നിയമപ്രകാരം പൊന്നാനി കടലോര മേഖലയിൽ 1980 കാലഘട്ടത്തിൽ ധാരാളം പേർക്ക് പട്ടയം നൽകിയിരുന്നു. കടപ്പുറം പുറമ്പോക്ക് ഭൂമി സർവെ ചെയ്ത് എഫ്.എം.ബി. (ഫീൽഡ് മെഷർമെന്റ് ബുക്ക്) തയ്യാറാക്കി അതിലെ കണക്കിന്റെ അടിസ്ഥാനത്തിൽ കൈവശക്കാർക്ക് പട്ടയം

നൽകുകയായിരുന്നു. പുറമ്പോക്ക് ഭൂമി പട്ടയ ഭൂമിയാക്കി റവന്യൂ രേഖയിൽ മാറ്റം വരുത്തുന്നതുവരെ പ്രസ്തുത ഭൂമി പതിച്ച് കിട്ടുന്നതിനായി ഭൂനികുതി (Basic Tax) സ്വീകരിക്കുന്നതിനുപകരം ഭൂനികുതിയില്ലാത്ത നികുതി (OBT - Other than Basic Tax) എന്ന ഇനത്തിലായിരുന്നു നികുതി സ്വീകരിച്ചിരുന്നത്. ഇത് റവന്യൂ വകുപ്പിന്റെ റവന്യൂ അക്കൗണ്ട് ശരിപ്പെടുത്താനുള്ള സാങ്കേതിക നടപടി മാത്രമായിരുന്നു. വില്ലേജിലെ മൊത്തം കരംകൊണ്ട ഭൂമിയും അതിന് ലഭിക്കുന്ന ഭൂനികുതിയും ജമാബന്ധി രേഖകൾ പ്രകാരം നിശ്ചയപ്പെടുത്തിയിരിക്കും. ആ രേഖയിൽ മാറ്റം വരുത്താതെ ഭൂനികുതി സ്വീകരിക്കാൻ സാങ്കേതികമായി ഉദ്യോഗസ്ഥർക്ക് സാധ്യമല്ലായിരുന്നു. നേരത്തെ പരാമർശിക്കപ്പെട്ട കടപ്പുറം പുറമ്പോക്ക് ഭൂമി പതിച്ച് കിട്ടിയിവർക്ക് ഒരു സംക്രമ കാലത്തേക്ക് മാത്രമായിരുന്ന ഭൂനികുതിയില്ലാത്ത നികുതി സ്വീകരിച്ചിരുന്നത്. എന്നാൽ റവന്യൂ വകുപ്പ് രേഖയിൽ മാറ്റം വരുത്തുന്ന നടപടി അര നൂറ്റാണ്ട് കാലം കഴിഞ്ഞിട്ടും പൂർത്തിയാക്കാത്തതിന്റെ ഫലമായി പതിച്ചുകൊടുത്ത പട്ടയ ഭൂമിക്കൂടി കടപ്പുറം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടുവന്നു. റവന്യൂ വകുപ്പ് രേഖകൾ

കംപ്യൂട്ടർവത്കരിച്ചപ്പോൾ മേൽപ്പറഞ്ഞ ഭൂമിയെല്ലാം സർക്കാർ പുറമ്പോക്ക് ഭൂമിയാണെന്ന തരത്തിൽ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി. എന്നിരുന്നാലും നേരത്തെ സൂചിപ്പിച്ച കടപ്പുറം നിവാസികൾക്ക് ഭൂനികുതി സ്വീകരിക്കാനായി ഒരു സംവിധാനം സന്നിവേശിപ്പിച്ചിരുന്നു. ഇത് യാതൊരു മുന്നറിയിപ്പും കൂടാതെ അവസാനിപ്പിച്ചതിന്റെ ഫലമായി സർക്കാർ പട്ടയം കൈവശമുള്ളവർക്കും ഭൂനികുതി അടയ്ക്കാനോ അവ വില്ലേജ് ഓഫീസർമാർക്ക് സ്വീകരിക്കാനോ സാധിക്കാതെ വന്നുവെങ്കിലും ആവശ്യമായ ഇടപെടൽ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അത് താത്കാലികമായി പരിഹരിക്കപ്പെട്ടു. എന്നാൽ ഇപ്പോഴും പൊന്നാനി മണ്ഡലത്തിലെ മൂന്ന് വില്ലേജുകളിൽ ഡിജിറ്റൽ സർവെ പൂർത്തീകരിച്ചിട്ടും കടപ്പുറം പുറമ്പോക്ക് ഡിജിറ്റൽ മേഖലയ്ക്ക് പുറത്താണ്. അത് ഉൾപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കണം. സർക്കാർ പട്ടയം കൈവശംവച്ച് വരുന്ന പാവപ്പെട്ട കുടുംബങ്ങളുടെ പ്രശ്നം പരിഹരിക്കാൻ സത്വര നടപടി കൈക്കൊള്ളണമെന്ന് ഈ സബ്മിഷനിലൂടെ സർക്കാരിനോട് ആവശ്യപ്പെടുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, മലപ്പുറം

ജില്ലയിലെ പൊന്നാനി നഗരം, വെളിയംകോട്, പെരുമ്പടപ്പ് തുടങ്ങിയ വില്ലേജുകളിൽ തീരദേശ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരിൽനിന്ന് ഭൂനികുതി സ്വീകരിക്കാത്തത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് സർക്കാർ ഗൗരവമായി പരിശോധിച്ച് വരുന്നുണ്ട്. കേരളത്തിൽ പട്ടയത്തിനർഹരായവരിൽ ഇതുവരെ പട്ടയം ലഭിക്കാത്ത മുഴുവൻ ആളുകളെയും പട്ടയത്തിന് അവകാശികളാക്കുക എന്ന ലക്ഷ്യത്തോടെ ഈ ഗവൺമെന്റ് പട്ടയ അസംബ്ലികൾ ആരംഭിക്കുകയും അതിനെതുടർന്ന് പട്ടയ ഡാഷ് ബോർഡ് രൂപീകരിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട അംഗത്തിന്റെ നേതൃത്വത്തിൽ നടത്തിയ പട്ടയഅസംബ്ലിയിൽ ഉയർത്തിയ ഒരു വിഷയമായതുകൊണ്ട് തുടർച്ചയായി ഇക്കാര്യത്തിലൊരു ശ്രദ്ധ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. സംസ്ഥാന സർവെ അതിർത്തിക്കുപുറത്ത് അൺസർവെയ്ഡ് ലാൻഡായി കിടക്കുന്ന കടലിറങ്ങിയ സ്ഥലമാണിത്. സർവെ നടപടികൾ നടന്ന 1930-35 കാലഘട്ടത്തിൽ കടൽ പുറമ്പോക്കായി മാറ്റിയിട്ടിരുന്ന പ്രസ്തുത സ്ഥലത്ത്

കാലക്രമത്തിൽ കടലിറങ്ങുകയും വലിയ വിസ്തൃതിയിലുള്ള സ്ഥലം പുറമ്പോക്കായി മാറുകയും ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവർ അവിടെ വീടുകൾ നിർമ്മിച്ച് താമസിക്കുകയും ചെയ്തു. ഈ സ്ഥലത്തെ താമസക്കാർക്ക് പട്ടയം വിതരണം ചെയ്യണമെന്ന ആവശ്യം ശക്തമായതോടെ ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് സർവെ നടത്തി പ്ലോട്ടുകളാക്കി 1982 മുതലുള്ള താമസക്കാർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഭൂമി സർവെ രേഖകളിൽ ഉൾപ്പെടുത്തുകയോ വിജ്ഞാപനം ചെയ്യപ്പെടുകയോ ചെയ്യാത്തതുകാരണം പട്ടയങ്ങൾ നിയമവിധേയമല്ലാത്തതിനാൽ ഈ ഭൂമിക്ക് പോക്കുവരവ് ചെയ്ത് കരം അടയ്ക്കാൻ കഴിഞ്ഞിട്ടില്ല. കേരള ലാൻഡ് ടാക്സ് ആക്ട് പ്രകാരം കൈവശഭൂമിക്ക് കൈവശക്കാരനിൽനിന്ന് Land Revenue Other than Basic Tax (LROBT) എന്ന പേരിലാണ് ഭൂനികുതി സ്വീകരിച്ചിരുന്നത്. സംസ്ഥാനത്തെ സർവെ അതിർത്തിക്ക് പുറത്തുള്ള സ്ഥലമായതിനാൽ സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 3, 4 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് മാത്രമെ സർവെ നടപടികൾ പൂർത്തീകരിക്കാൻ കഴിയൂ.

അതിന്റെ ഭാഗമായി സർവെ അതിരടയാള നിയമത്തിന്റെ സെക്ഷൻ 3-ഉം 4-ഉം പ്രകാരം കാസർഗോഡ് ജില്ലയിൽ ഒരു വിജ്ഞാപനം പുറത്തിറക്കി നിയമ വകുപ്പിന്റെ പരിഗണനയ്ക്കയച്ച് എത്രയുംപെട്ടെന്ന് നടപടിയാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ സർവെ നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ ഇത്തരം അൺസർവെയ്ഡ് ലാൻഡുകൾക്ക് പ്രഥമ പരിഗണന നൽകി സർവെ നടപടികൾ പൂർത്തീകരിച്ച് ഹൈ ടൈഡ് ലൈനിൽനിന്നുള്ള ദൂരപരിധി പരിഗണിച്ച് പട്ടയം നൽകുന്ന വിഷയവും നൽകിയ പട്ടയങ്ങൾ ആധികാരിക രേഖയാക്കുന്ന വിഷയവും പരിഗണിക്കുകയാണ്. ഡിജിറ്റൽ റീ- സർവെ നടന്ന വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരമുള്ള പ്രസിദ്ധീകരണത്തിനുശേഷം സെക്ഷൻ 13(1) പ്രകാരം നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് റവന്യൂ വകുപ്പിന്റെ ഭാഗമാക്കുന്നതിന് മുൻപായി ഇത്തരം കാര്യങ്ങളിൽ സ്ഥിരീകരണമുണ്ടാക്കുകയെന്നത് സർക്കാരിന്റെ ഇപ്പോഴത്തെ നയമാണ്. വ്യക്തിപരമായി അടുത്ത ബന്ധമുള്ള പൊന്നാനി പ്രദേശത്തിന്റെ വിഷയങ്ങൾ നേരിട്ടറിയാവുന്നതുകൊണ്ട് ആ വിധത്തിൽതന്നെ

പരിഹരിക്കാനുള്ള ശ്രമവും നടത്തുന്നതാണ്. പൊന്നാനി താലൂക്കിലെ കടലോര മേഖലയിൽ പട്ടയത്തിന്റെ പിൻബലത്തോടെ ഭൂമി കൈവശം വച്ചിരിക്കുന്നവരിൽനിന്ന് ഭൂനികുതി ഈടാക്കാനാകാത്ത പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട അംഗം ഈ സഭയുടെ മുൻപാകെ നേരത്തെ അവതരിപ്പിച്ച സബ്മിഷനെത്തുടർന്ന് നിരവധി യോഗങ്ങൾ ചേരുകയുണ്ടായി. ഉദ്യോഗസ്ഥതലത്തിൽ കൂടിയ യോഗത്തിൽ ഈ അജണ്ട തന്നെ ഉൾപ്പെടുത്തുകയും അതിൽ ഉയർന്നുവന്ന നിർദേശങ്ങളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ReLIS (Revenue Land Information System) പോർട്ടലിൽ ലാൻഡ് അസൈൻമെന്റ് ഓപ്ഷൻ വഴി നികുതി സ്വീകരിക്കാൻ തീരുമാനിക്കുകയും ഈ മാസം മുതൽ ആ നികുതി സ്വീകരിക്കാനുള്ള നടപടി ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നത്തിന്റെ പരിഹാരമെന്ന നിലയിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. കേരളത്തിൽ പട്ടയ ഡാഷ് ബോർഡ് വരുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പരിഗണനയാണ് നൽകുന്നത്. കടൽ പുറമ്പോക്കെന്നത് 1964-ലെ കേരള

ഭൂപതിവ് ചട്ടത്തിലെ സെക്ഷൻ 11(2)(5) പ്രകാരം restrict ചെയ്യുമ്പോൾ 30.17 മീറ്റർ അകലെയാണെങ്കിൽ പതിച്ച് നൽകരുതെന്ന് മാത്രമെ പറഞ്ഞിട്ടുള്ളൂ. ഈ പ്രശ്നത്തിൽ വളരെ ശ്രദ്ധയോടെ ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്തെയും കൊല്ലത്തെയും 1172 തീരദേശവാസികൾക്ക് ഈ വർഷം പട്ടയം നൽകിയിട്ടുണ്ട്. അതേ ഗൗരവത്തോടുകൂടി പൊന്നാനിയിലും ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ അർഹരായ മുഴുവൻ പേരുടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

(5) കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമവും സബ്സ്റ്റേഷൻ നിർമ്മാണവും

ശ്രീമതി ശാന്തകുമാരി കെ.: സർ, കാഞ്ഞിരപ്പുഴ ഡാം കേന്ദ്രീകരിച്ച് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം ഉപയോഗപ്പെടുത്തി 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിച്ച് അതുവഴി വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്നതാണ് എന്റെ ആവശ്യം. കോങ്ങാട് നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പുഴ, തച്ചമ്പാറ, കാരാകുറുശ്ശി, കരിമ്പ, കോങ്ങാട് എന്നീ പഞ്ചായത്തുകളിൽ കൂടിവെള്ളത്തിനുവേണ്ടി

ഉപയോഗിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ജലസ്രോതസ്സാണ് കാഞ്ഞിരപ്പുഴ ഡാം. ജൽജീവൻ മിഷൻ പദ്ധതി വന്നതിനുശേഷം ഈ പഞ്ചായത്തുകളിലെ പതിനായിരത്തിലധികം വരുന്ന ഗാർഹിക കണക്ഷനുകളിൽ വെള്ളം എത്തിക്കേണ്ടതായിട്ടുണ്ട്. 95 കുതിരശക്തി ശേഷിയുള്ള പമ്പിങ് സ്റ്റേഷൻ RO Water Treatment Plant (Reverse Osmosis Plant) 24 മണിക്കൂർ പ്രവർത്തിച്ചാൽ മാത്രമെ എന്റെ മണ്ഡലത്തിലെ ഏറ്റവും പടിഞ്ഞാറ് അറ്റത്തെ പതിനഞ്ച് കിലോമീറ്ററിനപ്പുറം സ്ഥിതി ചെയ്യുന്ന കാരാകുറുശ്ശി വരെ വെള്ളം എത്തുകയുള്ളൂ. വോൾട്ടേജ് ക്ഷാമം നേരിടുന്നതിനാൽ വെള്ളം പമ്പ് ചെയ്യാൻ കഴിയാതെ ജനങ്ങൾ കടുത്ത കുടിവെള്ള ക്ഷാമം നേരിടുകയാണ്. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞതുപോലെ, ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ഇറിഗേഷൻ ഡെസ്റ്റിനേഷൻ കാഞ്ഞിരപ്പുഴ ഉദ്യാനമാണ്. അതുപ്രകാരം 161 കോടി രൂപയുടെ പദ്ധതികൂടി വരുമ്പോൾ വൈദ്യുതി ഉപയോഗം വർധിക്കും. മാത്രമല്ല നിരവധി ആദിവാസി ജനവിഭാഗങ്ങളും മലയോര കർഷകരും അവിടെയുണ്ട്. അറുപതിലധികം ആദിവാസികൾ

താമസിക്കുന്ന പ്രദേശമായ കോരണക്കുന്നിൽ ഒരു ലൈറ്റോ ഫാനോ മറ്റ് വീട്ടുപകരണങ്ങളോ പ്രവർത്തിപ്പിക്കാൻ കഴിയാത്ത തരത്തിൽ വോൾട്ടേജ് ക്ഷാമം നേരിടുകയാണ്. നിരവധി വ്യാപാര സ്ഥാപനങ്ങളും വാണിജ്യ കേന്ദ്രങ്ങളുമൊക്കെയുള്ള മണ്ണാർക്കാട് ടൗണിന് അടുത്തുള്ള പ്രദേശമാണ് കാഞ്ഞിരപ്പുഴ ഡാമും പരിസരവും. അവിടത്തെ വോൾട്ടേജ് ക്ഷാമം അടിയന്തരമായി പരിഹരിക്കുന്നതിനുവേണ്ടി അഞ്ച് വർഷം മുമ്പ് കെ.എസ്.ഇ.ബി.എൽ.-ന്റെ ഒരു സബ്സ്റ്റേഷൻ ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്ത് സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടായിരുന്നു. അതുകൊണ്ട് പ്രസ്തുത സ്ഥലം അടിയന്തരമായി വിട്ടുനൽകി, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുമായി സംസാരിച്ച് ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തണം. ഇപ്പോൾ അവിടെനിന്ന് വെള്ളം പമ്പ് ചെയ്യാൻപോലും കഴിയാത്തതിനാൽ അതിനൊരു ആൾട്ടർനേറ്റീവ് സംവിധാനംകൂടി ഇതിന്റെ ഭാഗമായി ഉണ്ടാകണം. വർഷങ്ങൾ കഴിഞ്ഞ ശേഷമാണ് സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതെങ്കിൽ അതുവരെ ഞങ്ങൾ എന്തുചെയ്യും? ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം അവിടെ ലഭ്യമാണ്. അതിനാവശ്യമായ

ഇൻവെസ്റ്റിഗേഷനും ജോയിന്റ് വെരിഫിക്കേഷനും നടത്തിയിട്ടുള്ളതാണ്. ആ സ്ഥലത്ത് അടിയന്തരമായി സബ്സ്റ്റേഷൻ സ്ഥാപിക്കാനായി ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം വിട്ടുനൽകാൻ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കാഞ്ഞിരപ്പുഴ ടൗണിലും ഡാം പ്രദേശത്തും വോൾട്ടേജ് പ്രശ്നമുള്ളതിനാൽ പുതിയ 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ 50 സെന്റ് സ്ഥലം ലീസിന് നൽകുന്നതിനുവേണ്ടി കെ.എസ്.ഇ.ബി. ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.- ജലസേചന വകുപ്പുദ്യോഗസ്ഥർ നടത്തിയ സംയുക്ത പരിശോധനയിൽ കെ.പി.ഐ.പി. ഡിവിഷൻ കാര്യാലയത്തിന് മുന്നിൽ ഇറിഗേഷൻ ക്വാർട്ടേഴ്സിനോടുചേർന്ന് സ്ഥിതി ചെയ്യുന്ന വില്ലേജ് രേഖ പ്രകാരം സർവെ നമ്പർ 151/1 ബി-യിൽ ഉൾപ്പെട്ട 50 സെന്റ് സ്ഥലം പ്രസ്തുത ആവശ്യത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും സൂപ്രണ്ടിങ് എഞ്ചിനീയർ ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാട് റിപ്പോർട്ട്

ചെയ്തിട്ടുണ്ട്. 24-12-2024-ന് നടന്ന മണ്ണാർക്കാട് താലൂക്ക് അദാലത്തിൽ ഈ വിഷയം ചർച്ച ചെയ്തിരുന്നു. കാഞ്ഞിരപ്പുഴയിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നത് കേരള വാട്ടർ അതോറിറ്റിയുടെ പുതിയ പ്ലാന്റുകൾക്ക് ആവശ്യമായ വൈദ്യുതി ലഭിക്കുന്നതിന് അനിവാര്യമാണെന്ന് കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ പ്രസ്തുത യോഗത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ ഇത് പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സഹായകമാകുമെന്ന് കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരും അറിയിച്ചിട്ടുണ്ട്. പുതിയ ഉദ്യാനവികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ ഊർജ്ജ ലഭ്യത ഉറപ്പുവരുത്തുവാൻ പുതിയ സബ് സ്റ്റേഷൻ സഹായകമാകുമെന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കാഞ്ഞിരപ്പുഴയിൽ കെ.എസ്.ഇ.ബി.എൽ. സബ് സ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത പാലക്കാട് ജില്ലാ വികസന സമിതി യോഗത്തിലും ഉന്നയിച്ചിട്ടുണ്ട്. മാത്രമല്ല, ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യം പലതവണ സൂചിപ്പിച്ചിട്ടുള്ളതുമാണ്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. ആ

നിലയിൽ 50 സെന്റ് ഭൂമി കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്നതിനുള്ള അപേക്ഷ പരിശോധിക്കുന്നതാണ്. കെ.എസ്.ഇ.ബി.എൽ. ആയതുകൊണ്ട് ലീസിനാണ് അത് കൊടുക്കാൻ കഴിയുന്നത്. അക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് പോസിറ്റീവായി പരിഗണിക്കുന്നതാണ്. ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനുള്ള സാഹചര്യം ഉള്ളതുകൊണ്ട് ഈ സ്ഥലം ലഭ്യമാക്കി കൊടുക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

(6) ചാലക്കുടി നിയോജകമണ്ഡലത്തിലെ റോഡുകളുടെ റെസ്റ്റോറേഷൻ പ്രവൃത്തികൾ

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ചാലക്കുടി നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിക്കായി കോടശ്ശേരി, മേലൂർ, കാടുകുറ്റി, കൊരട്ടി, പരിയാരം, കൊടകര ഗ്രാമപഞ്ചായത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കുഴിച്ച റോഡുകൾ നാളിതുവരെ പൂർവ്വസ്ഥിതിയിലാക്കാത്തതുമൂലം സഞ്ചാരയോഗ്യമല്ലാത്ത അവസ്ഥയിലാണ്. ഇവിടെ വളരെ ദയനീയ സാഹചര്യമാണുള്ളത്. റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാനുള്ള നിർദ്ദേശം എസ്.ഇ. ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ യോഗത്തിൽ ഉന്നയിച്ചിട്ടും ഫണ്ട് ലഭിക്കാത്തതുകൊണ്ട്

റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ സാധ്യമല്ലെന്ന നിലപാടാണ് കരാറുകാർ സ്വീകരിച്ചത്. റോഡിന്റെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള തുടർപരിപാലനത്തിന് ഗ്രാമപഞ്ചായത്തുകൾ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമൂലം വിനിയോഗിക്കാൻ കഴിയുന്നില്ല. മാർച്ച് 31-നകം സ്പിൽ ഓവർ പ്രവൃത്തികൾക്ക് ഉൾപ്പെടെ തുക വിനിയോഗിച്ചില്ലെങ്കിൽ ലാപ്സാകുന്ന സ്ഥിതിവിശേഷമാണുള്ളത്. ഇതുമൂലം പഞ്ചായത്തുകൾ വലിയ പ്രതിസന്ധി നേരിടുകയാണ്. പൈപ്പ് സ്ഥാപിച്ച് കഴിഞ്ഞ റോഡുകൾ 2024 ഡിസംബർ മാസത്തോടുകൂടി പൂർവ്വസ്ഥിതിയിലാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി രേഖാമൂലം മറുപടി നൽകിയിരുന്നു. റോഡുകൾ അടിയന്തരമായി പൂർവ്വസ്ഥിതിയിലാക്കണമെന്നും ജൽജീവൻ മിഷന്റെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ജൽജീവൻ മിഷൻ പദ്ധതികൾ സംസ്ഥാനത്തൊട്ടാകെ പുരോഗതി കൈവരിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ചില കാര്യങ്ങൾ വസ്തുതാപരമാണ്. റോഡുകൾ താൽക്കാലികമായും പെർമനന്റായും റെസ്റ്റോറേഷൻ ചെയ്യേണ്ടതുണ്ട്. പൈപ്പ് ലൈൻ സ്ഥാപിച്ചതിനുശേഷം വാട്ടർ പ്രഷർ ടെസ്റ്റ് നടത്തിയാൽ മാത്രമേ പെർമനന്റ് റെസ്റ്റോറേഷൻ നടത്താൻ കഴിയൂ. ചില സ്ഥലങ്ങളിൽ അത്തരം കാര്യങ്ങൾ പെട്ടെന്ന് ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ട്. ചാലക്കുടി നിയോജകമണ്ഡലത്തിൽ പരിയാരം, മേലൂർ, കൊരട്ടി, കാടുകുറ്റി, കൊടകര, കോടശ്ശേരി എന്നീ പഞ്ചായത്തുകളിലാണ് പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നത്. റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ കരാർ പ്രകാരം സമയബന്ധിതമായി പൂർത്തീകരിക്കാൻ കരാറുകാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം കരാറുകാർക്കെതിരെ കരാർ നിബന്ധനകൾക്കനുസൃതമായി തുടർനടപടി സ്വീകരിച്ച് മുന്നോട്ടുപോകുന്നതാണ്. ജൽജീവൻ മിഷൻ പദ്ധതി നല്ല രീതിയിൽ കൊണ്ടുപോകാൻ എം.എൽ.എ.-മാർ താല്പര്യമെടുത്തതിനാൽ അവരവരുടെ നിയോജകമണ്ഡലങ്ങളിൽ ഇതുസംബന്ധിച്ച് യോഗങ്ങൾ

വിളിക്കാനും പ്രവൃത്തി മോണിറ്റർ ചെയ്യാനും അവകാശമുണ്ട്. പദ്ധതി പൂർത്തീകരിക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന ബോദ്ധ്യം നമുക്കെല്ലാവർക്കുമുണ്ടാകണം. കേരളത്തിൽ 55 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞു. 17 ലക്ഷം എന്നുള്ളിടത്തുനിന്നും 40 ലക്ഷം കുടുംബങ്ങൾക്ക് വെള്ളമെത്തിക്കാൻ സാധിച്ചുവെന്നത് ഗൗരവപൂർവമായി കാണേണ്ടതാണ്. സമരവുമായി ബന്ധപ്പെട്ട വിഷയം കരാറുകാരുമായി സംസാരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഫണ്ടിന്റെ തടസ്സമില്ല; ഗവൺമെന്റ് അത് കൊടുക്കാൻ ബാധ്യസ്ഥനാണ്; അതിനാവശ്യമായ നടപടി സ്വീകരിക്കും. അതൊരു കാരണമായി പറഞ്ഞ് താൽക്കാലികമായെങ്കിലും പ്രവൃത്തി മുടക്കുന്നുണ്ടോയെന്ന് എം.എൽ.എ.-മാർ പരിശോധിക്കുന്നത് നല്ലതായിരിക്കും. പഞ്ചായത്തുകൾക്ക് ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിന് യാതൊരു തടസ്സവുമില്ല. റെസ്റ്റോർ ചെയ്യുന്ന സ്ഥലത്ത് പ്രായോഗികമായി ബുദ്ധിമുട്ട് നേരിടുന്നുണ്ടെങ്കിൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്ക് പഞ്ചായത്തിലെ ബന്ധപ്പെട്ടവരുമായി സംസാരിക്കാനാവശ്യമായ നടപടി സ്വീകരിക്കാം; കരാറുകാരുമായും

സംസാരിക്കുന്നതാണ്. പദ്ധതി നല്ല നിലയിൽ പൂർത്തീകരിക്കണമെന്ന് മാത്രമെയുള്ളൂ. ഫെബ്രുവരി-മാർച്ച്-ഏപ്രിൽ മാസങ്ങളിലാണ് കൂടുതൽ പ്രവൃത്തി ചെയ്യാൻ സാധിക്കുന്നത്. അതുകൊണ്ട് ഈ സമയത്തുതന്നെ ഈ വിഷയങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കും. ചാലക്കുടി നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് സബ്മിഷൻ വന്ന സാഹചര്യത്തിൽ അവിടത്തെ പ്രവൃത്തികൾ കൃത്യമായി മോണിറ്റർ ചെയ്യാനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുന്നതാണ്.

(7) അന്യസംസ്ഥാനങ്ങളിലേക്കുള്ള വിറക് കടത്ത് തടയൽ

ശ്രീ. കെ. വി. സുമേഷ്: സർ, അഴീക്കോട് നിയോജകമണ്ഡലം വളപട്ടണം ഉൾപ്പെടുന്ന പ്രധാന ഇൻഡസ്ട്രിയൽ ഏരിയയാണ്. അവിടെ വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ്സ് ഉൾപ്പെടെ പതിനാറോളം പ്ലൈവുഡ് ഇൻഡസ്ട്രിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആ മേഖല അഭിമുഖീകരിക്കുന്ന ഗുരുതര പ്രതിസന്ധി ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപെടുത്താനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. Kerala Murikku (Erythrina species) and Firewood

(Movement Control) Order, 1985 പ്രകാരം നമ്മുടെ സംസ്ഥാനത്തുനിന്നും പ്ലൈവുഡ് മേഖലയ്ക്കാവശ്യമായ അസംസ്കൃത മരങ്ങൾ, വിറകുകൾ ഉൾപ്പെടെയുള്ള ഫയർവുഡ് എന്നിവ ഇതര സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകാൻ പാടില്ല. തമിഴ്നാട്, കർണ്ണാടക ഉൾപ്പെടെയുള്ള ഇതര സംസ്ഥാനങ്ങളിൽനിന്നും ഇങ്ങോട്ടും വിറകുകൾ വരുന്നില്ല. എന്നാൽ ഇപ്പോൾ ഇവിടെനിന്നും ഇതര സംസ്ഥാനങ്ങളിലേക്ക് യഥേഷ്ടം വിറകുകൾ കൊണ്ടുപോകുന്നത് തടയപ്പെടുന്നില്ലെന്നാണ് വെസ്റ്റേൺ ഇന്ത്യ ഉൾപ്പെടെയുള്ള പ്ലൈവുഡ് മേഖലയിലെ സ്ഥാപനങ്ങൾ പറയുന്നത്. അതിന്റെ ഭാഗമായി ഇവിടെയുള്ള സ്ഥാപനങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാകാത്ത പ്രശ്നമുണ്ട്. അഴീക്കോട് മണ്ഡലത്തിലെ പതിനാറോളം സ്ഥാപനങ്ങളിലായി നൂറ് കണക്കിന് തൊഴിലാളികളാണ് തൊഴിൽ ചെയ്യുന്നത്. ആവശ്യത്തിനുള്ള അസംസ്കൃത മരങ്ങൾ ലഭിക്കാത്തത് ഈ വ്യവസായത്തെ സാരമായി ബാധിക്കുന്നുണ്ട്. മുന്നോട്ടുപോകാൻ കഴിയാത്ത വലിയൊരു പ്രശ്നമാണ് ഈ വ്യവസായം അഭിമുഖീകരിക്കുന്നത്. അതിർത്തികളിൽ വിറക് കടത്തൽ തടയാൻ കർശന നടപടിയും നിലപാടും

സ്വീകരിക്കണമെന്നാണ് പ്രധാനമായും അവരുടെ അസോസിയേഷൻ ഉൾപ്പെടെ ആവശ്യപ്പെടുന്നത്. ഇത് കേരളമാകെ നേരിടുന്ന പ്രധാന വിഷയമാണ്. നമ്മുടെ പ്ലൈവുഡ് മേഖലയുൾപ്പെടെയുള്ള വ്യവസായത്തെ ബാധിക്കുന്ന ഈ പ്രശ്നത്തിന് പരിഹാരമായി അവർക്കാവശ്യമായ അസംസ്കൃത മരങ്ങൾ, ഫയർവുഡ്സ് എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോട് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. നേരത്തെയുള്ള ഓർഡർ പ്രകാരം ഇതര സംസ്ഥാനത്തേക്ക് വിറകുകൾ കൊണ്ടുപോകുന്നതും തടയാവുന്നതാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട അഴീക്കോട് എം.എൽ.എ. പ്ലൈവുഡ് മേഖലയെ ബാധിക്കുന്ന പ്രധാന പ്രശ്നമാണ് ഉന്നയിച്ചത്. 1985-ലെ ഉത്തരവ് പ്രകാരം വിറകുകൾ അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നത് വിലക്കിയിരുന്നു. എന്നാൽ ആ ഉത്തരവ് പ്രാബല്യത്തിലില്ല. അതേസമയം 1982 മാർച്ച് 11-ാം തീയതി

മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം 2008-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് വിറകിനത്തിൽ 15 ഇനങ്ങൾ സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിറക് കടത്തിനെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശവും നൽകിയിട്ടുണ്ട്. നമ്മുടെ നാട്ടിലെ വ്യവസായ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ അതുസംബന്ധിച്ച് പ്രത്യേകമായി പരിശോധിച്ച്, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ സൗകര്യംകൂടി പരിഗണിച്ച് ഒരു ചർച്ച നടത്തി ജനങ്ങൾക്ക് പ്രയോജനകരമാകുംവിധം ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

(8) പീരുമേട് നിയോജകമണ്ഡലത്തിലെ കാട്ടാന ആക്രമണം

ശ്രീ. വാഴൂർ സോമൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പെരുവന്താനം പഞ്ചായത്തിൽ ടി.ആർ.&ടീ എസ്റ്റേറ്റിൽ നെല്ലിവിള പുത്തൻവീട്ടിൽ 45 വയസ്സുള്ള സോഫിയ ഇസ്മയിൽ കാട്ടാനയുടെ ആക്രമണത്താൽ ഇന്നലെ ദാരുണമായി കൊല്ലപ്പെട്ടു. ഇവർക്ക് രണ്ട്

കുട്ടികളാണുള്ളത്. സംസാരശേഷിയില്ലാത്ത മൂത്തകുട്ടി ആമിന പള്ളിക്കത്തോട് ഐ.ടി.ഐ.-യിലെ വിദ്യാർഥിനിയാണ്. ഇളയ മകൾ കോരുത്തോട് സി. കേശവൻ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് വൺ വിദ്യാർഥിനിയാണ്. മരണപ്പെട്ട സോഫിയ ഇസ്മയിലിന്റെ കുടുംബാംഗങ്ങൾ നിർധനരാണ്. ഈ സംഭവം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ഇന്നലെ രാത്രിതന്നെ വിളിച്ച് അറിയിച്ചിരുന്നു. അദ്ദേഹം ഇടപെട്ടതിനെത്തുടർന്ന് ജില്ലാ കളക്ടർ രാത്രി ഒരുമണിക്ക് സംഭവസ്ഥലത്ത് എത്തിയിരുന്നു. അല്ലാതെ അവിടെയുണ്ടായിരുന്ന ജനക്കൂട്ടം മൃതശരീരം എടുക്കാൻ സമ്മതിച്ചിരുന്നില്ല. ജില്ലാകളക്ടർ ജനങ്ങളുമായി സംസാരിച്ച് 10 ലക്ഷം രൂപ ഇന്ന ദിവസം ലഭ്യമാക്കാമെന്നും ഒരാൾക്ക് ജോലി നൽകാമെന്നുമുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് മൃതശരീരം ആശുപത്രിയിലേക്ക് മാറ്റിയത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇത് ആദ്യസംഭവമല്ല. എന്റെ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം ഭാഗം മുതൽ കുമളി, തേക്കടി, ചക്കുപള്ളം വരെ ഏകദേശം നൂറ്റിപ്പത്ത് കിലോമീറ്റർ ദൈർഘ്യം വരുന്ന പ്രദേശം വനമേഖലയോട് ചേർന്ന് കിടക്കുന്നതാണ്.

ഇവിടെയാണ് തേക്കടി വൈൽഡ് ലൈഫ് സാങ്ച്വറി സ്ഥിതി ചെയ്യുന്നത്. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ, പീരുമേട് മണ്ഡലത്തിലുള്ള റേഞ്ച് ഓഫീസ് കോട്ടയം ജില്ലയിലെ എരുമേലിയിലാണ് പ്രവർത്തിക്കുന്നത്. പീരുമേടിൽ റേഞ്ച് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് ഞാൻ നേരത്തെ ഒരു സബ്മിഷൻ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കാമെന്ന് മറുപടി നൽകുകയും ചെയ്തെങ്കിലും നാളിതുവരെ നടപടിയൊന്നുമുണ്ടായിട്ടില്ല. നിരവധി വന്യജീവി ആക്രമണങ്ങൾ അവിടെയുണ്ടാകുന്നുണ്ട്. കോട്ടയം ഡി.എഫ്.ഒ.-യെയും എരുമേലി റേഞ്ച് ഓഫീസറെയും കാര്യങ്ങൾ അറിയിച്ച് വരുമ്പോൾ ആളുകൾ മരണപ്പെടുന്ന സ്ഥിതിവിശേഷമാണുണ്ടാകുന്നത്. അതുകൊണ്ട് പീരുമേടിൽ റേഞ്ച് ഓഫീസ് ആരംഭിക്കുന്നത് ഗൗരവമായി പരിശോധിക്കണമെന്ന് അഭ്യർഥിക്കുകയാണ്. ദിവസേന രാവിലെ പീരുമേട് മജിസ്ട്രേറ്റ്, തഹസിൽദാർ എന്നിവരുടെ ക്വാർട്ടേഴ്സിന് മുന്നിലും ആശുപത്രി, സ്കൂൾ പരിസരങ്ങളിലും കാട്ടാന എത്തുകയാണ്. ചിലപ്പോൾ അവ എന്തെങ്കിലും പരാതികൾ പറയാനായിരിക്കും വരുന്നത്. എന്തായാലും അവിടെ ജനങ്ങൾക്ക് ജീവിക്കാനാകാത്ത സാഹചര്യമാണുള്ളത്. ഈ

അടുത്ത ദിവസം ഒരു ഇക്കോഷോപ്പ് ഉദ്ഘാടനം ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി വരുമെന്ന് അറിയിച്ചിരുന്നെങ്കിലും അദ്ദേഹം വന്നില്ല. വരാതിരുന്നത് നന്നായി എന്നാണ് ഞാൻ അദ്ദേഹത്തോട് രഹസ്യമായി പറഞ്ഞത്. കാരണം അത്രത്തോളം കാര്യങ്ങൾ ശുഷ്കമാണ്. പ്ലാക്കത്തടം ആദിവാസി മേഖലയിലേക്കുള്ള റോഡ് ടാറന്നുകൊടുക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ ഗോത്ര കമ്മീഷൻ ഈ റോഡ് ടാറന്നുകൊടുക്കണമെന്ന് ഉത്തരവിടുകയും ചെയ്തിരുന്നു. പക്ഷേ അങ്ങനെയൊരു റോഡ് ഇല്ലെന്നാണ് കോട്ടയം ഡി.എഫ്.ഒ. പറയുന്നത്. ഈ വഴിയിലൂടെ വർഷങ്ങളോളം ജീപ്പ് ഓടിച്ച് പോയിട്ടുള്ള എനിക്കാണ് അത്തരമൊരു റോഡില്ലെന്ന മറുപടി നൽകിയിരിക്കുന്നത്. നിരുത്തരവാദപരമായി പെരുമാറുന്ന ഇത്തരം ഉദ്യോഗസ്ഥരെ നിലയ്ക്കുനിർത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നുകൂടി ഈ സന്ദർഭത്തിൽ അഭ്യർഥിക്കുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട പീരുമേട് എം.എൽ.എ. സബ്മിഷനിലൂടെ മൂന്ന-നാല്

കാര്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. അതിൽ ഏറ്റവും ഗൗരവത്തിൽ കാണേണ്ടത് നെല്ലിവിള സ്വദേശിനി സോഫിയ ഇസ്മയിൽ മരണപ്പെട്ട സംഭവമാണ്. മരണപ്പെടാനിടയായ സാഹചര്യങ്ങൾ പൊതുവെ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണ്. എന്നാൽ ആ വിവരം അറിയിച്ചയുടൻതന്നെ വനം, റവന്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഫലപ്രദമായി ഇടപെടുകയും ആശ്വാസ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബത്തിലെ ഒരാൾക്ക് ജോലി നൽകുന്ന കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം പറയുന്നത്. സ്ഥിരജോലി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ വനം വകുപ്പിന് മാത്രമായി ഒരു തീരുമാനമെടുക്കാൻ കഴിയില്ലെന്ന് അംഗത്തിന് അറിയാവുന്നതാണ്. വന്യജീവി ആക്രമണത്താൽ മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങളെ ആശ്രിതനിയമനത്തിന് പരിഗണിക്കുന്നത് നയപരമായ വിഷയമായതിനാൽ അതുസംബന്ധിച്ച് ചർച്ച ചെയ്തുവരുന്നുണ്ട്. തീർച്ചയായും ജനങ്ങൾക്ക് പ്രയോജനകരമായ വിധത്തിൽ അതിൽ തീരുമാനമെടുക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

മറ്റൊന്ന്, പീരുമേടുമായി ബന്ധപ്പെട്ട ഓഫീസുകളെല്ലാം ദൂരസ്ഥലത്താണെന്നും അവിടെയൊന്നും എത്താൻ സാധിക്കുന്നില്ലെന്നുള്ള വിഷയമാണ്. ഇക്കാര്യം നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. 1972-ൽ ഇടുക്കി ജില്ല രൂപീകൃതമായത് മുതൽ റേഞ്ച് ഓഫീസ് അവിടെയാണ് പ്രവർത്തിക്കുന്നത്. അത് മാറ്റി സ്ഥാപിക്കുന്നതിന് പുതിയ ഫോറസ്റ്റ് സ്റ്റേഷൻ അംഗീകരിച്ച് കിട്ടേണ്ടതുണ്ട്. അക്കാര്യം സംബന്ധിച്ച് നേരത്തെ ഒരു സബ്മിഷന് മറുപടിയായി നൽകിയിരുന്നു. ഈ വിഷയം ഗവൺമെന്റിന്റെ പരിഗണനയിലാണ്. പുതിയ ഫോറസ്റ്റ് സ്റ്റേഷൻ അംഗീകരിക്കുന്ന ഘട്ടം വരുമ്പോൾ പുനഃസംവിധാനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റൊന്ന്, ആദിവാസി മേഖലയിലെ റോഡുമായി ബന്ധപ്പെട്ട പ്രശ്നമാണ്. റവന്യൂ/പൊതുമരാമത്ത്/വനം വകുപ്പ് രേഖകളിൽ അങ്ങനെയൊരു റോഡ് ഉള്ളതായി കാണുന്നില്ലെന്നാണ് ഡി.എഫ്.ഒ. നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത്. ആ ഉത്തരത്തിൽ തൃപ്തികേടിന്റെ ആവശ്യമില്ല. ഇതുസംബന്ധിച്ച് വനം വകുപ്പിലെ ഉന്നതോദ്യോഗസ്ഥർ നേരിട്ട് സംഭവസ്ഥലം പരിശോധിച്ച് റിപ്പോർട്ട്

നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

(9) പുതുക്കിയ കോടതി ഫീസും വ്യവഹാരസ്വലയും പിൻവലിക്കൽ

ശ്രീ. യു. എ. ലത്തീഫ്: സർ, ബജറ്റ് പ്രസംഗത്തിലെ ഭാഗം-IV, വിഭവസമാഹരണം എന്ന ശീർഷകത്തിൽ 204 മുതൽ 212 വരെയുള്ള പേജുകളിലാണ് 150 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിച്ച് കോടതി ഫീസുകൾ വർധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നിർദേശങ്ങൾ വന്നിരിക്കുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ സാധാരണക്കാരന് നീതി ലഭിക്കാനുള്ള ആശ്രയകേന്ദ്രമായ കോടതിയിലെ ഫീസിനത്തിൽ വലിയ വർധന വരുന്നതാണ്. സർഫാസി ആക്ട് പ്രകാരമുള്ള ഫീസും മറ്റ് ചെലവുകളും വർധിപ്പിച്ചത് വായ്പയെടുക്കുന്ന പാവങ്ങളെയാണ് ബാധിക്കുന്നത്, ബാങ്കുകൾ ഒരിക്കലും അത് വഹിക്കാറില്ല. 'ഭാരതീയ നാഗരിക് സുരക്ഷാ സംഹിത' പ്രകാരം ജാമ്യാപേക്ഷയ്ക്ക് ഹൈക്കോടതിയിൽ 500 രൂപയും സെഷൻസ് കോടതിയിൽ 200 രൂപയും മുൻകൂർ ജാമ്യാപേക്ഷയ്ക്ക് 250 രൂപയും മറ്റ് കോടതികളിൽ 50 രൂപയുമായി ഫീസ്

വർധിപ്പിച്ചിരിക്കുന്നു. മാത്രമല്ല, തുടർന്നുള്ള ഓരോ ഹർജിക്കും അതതിന്റെ പകുതി ഫീസും നൽകണമെന്നാണ്. അങ്ങ് ഒരു അഭിഭാഷകനല്ലേ; പൊളിറ്റിക്കൽ കേസുകളിൽ ധാരാളമായി ഹാജരായ ഒരു വക്കീലാണ് ഞാൻ. മുസ്ലീംലീഗിന്റെയും കോൺഗ്രസിന്റെയും സി.പി.ഐ.(എം.)-ന്റെയും പൊളിറ്റിക്കൽ കേസുകളിൽ 80-100 പ്രതികളുണ്ടായാൽ എത്ര രൂപയാണ് ചെലവ് വരുന്നത്? 25,000-50,000 രൂപ വരെ ചെലവ് വരും. ഓരോ തുടർഹർജിക്കും അത്രയും തുക നൽകുന്നത് സാധ്യമാണോ? ഒരു ജൂനിയർ അഭിഭാഷകൻ ഒരു സീനിയർ അഭിഭാഷകന് വക്കാലത്ത് കൊടുക്കുന്നതിനുള്ള ഫീസും വർധിപ്പിച്ചു. ഇക്കാര്യങ്ങൾ സമയക്കുറവുകാരണം ഞാൻ വിശദീകരിക്കുന്നില്ല. ഈ സമീപനം ഭരണഘടനയുടെ നിർദേശകതത്വങ്ങൾക്ക് വിരുദ്ധമാണ്. ആർട്ടിക്കിൾ 39(A)-ൽ പറയുന്നത്, 'The State shall secure that the operation of the legal system promotes justice, on a basis of equal opportunity, and shall, in particular, provide free legal aid, by suitable legislation or schemes or in any other way, to ensure that opportunities for securing justice are not denied to any citizen

by reason of economic or other disabilities" എന്നാണ്. പക്ഷേ ഈ ബജറ്റിലെ നിർദേശങ്ങൾ അതിനെതിരാണ്. അതുപോലെ ഫാമിലി കോർട്ട് ഫീസ് വർധിപ്പിച്ചത് ആർട്ടിക്കിൾ 15(3)-ന് വിരുദ്ധമാണ്. ആർട്ടിക്കിൾ 15(3)-ൽ പറയുന്നത്, "Nothing in this article shall prevent the State from making any special provisions for women and children" എന്നാണ്. അതിനുപകരം അവർക്കും ഫീസ് വർധിപ്പിക്കുകയാണ് ചെയ്തത്. സുപ്രീംകോടതിയുടെ മൂന്നംഗ ബെഞ്ചും [കേസ് നം. 2019 (5) SCC page 384] കേരള ഹൈക്കോടതിയും [കേസ് നം. 1994 (2) KLT 169] സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ സംരക്ഷണം നൽകണമെന്നാണ് വിധിച്ചത്. ഇക്കാര്യങ്ങളെല്ലാം കേരള ലോയേഴ്സ് ഫോറം സംസ്ഥാന പ്രസിഡന്റ് അഡ്വ. എ. എ. റസാഖ്, ആലപ്പുഴ, ജനറൽ സെക്രട്ടറി എന്നിവർ ജസ്റ്റിസ് വി. കെ. മോഹനൻ കമ്മിറ്റി മുമ്പാകെ വളരെ വിശദമായി ധരിപ്പിച്ചെങ്കിലും ഒന്നും സ്വീകരിച്ചതായി കാണുന്നില്ല. അതിനാൽ ഈ ഫീസ് വർധനവ് നടപ്പാക്കരുതെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് വിനീതമായി അഭ്യർഥിക്കുന്നു.

11.00 a.m]

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് ബജറ്റ് നിർദേശങ്ങളിൽ വന്നിട്ടുള്ള വിഷയമായതിനാൽ ബജറ്റ് ചർച്ചയുടെ ഭാഗമായി ചർച്ച ചെയ്യേണ്ട ഒന്നാണ്. ഫീസ് വർധന ഭരണഘടനാവിരുദ്ധമാണെന്നതായിരുന്നു അദ്ദേഹത്തിന്റെ സബ്മിഷനിലെ ഊന്നൽ. 1959-ലെ കേരള കോർട്ട് ഫീസ് ആൻഡ് സ്യൂട്ട്സ് വാല്യുവേഷൻ നിയമപ്രകാരം ഇതുവരെ 13 തവണ ഫീസ് വർധന വരുത്തിയിട്ടുണ്ട്. ആനുപാതികമായി ഫീസ് വർധിപ്പിക്കാമെന്ന് ലാ കമ്മീഷന്റെ ശിപാർശയും സുപ്രീംകോടതി ജഡ്ജ്മെന്റുമുണ്ട്. 2023-24-ലെ ബജറ്റ് പ്രസംഗത്തിൽ ഫീസിനത്തിൽ മാറ്റംവരുത്തുമെന്ന് ബഹു. ധനകാര്യ വകുപ്പുമന്ത്രി പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യങ്ങൾ പഠിക്കുന്നതിനായി ഹൈക്കോടതി മുൻ ജസ്റ്റിസ് വി. കെ. മോഹനൻ അധ്യക്ഷനായി ഒരു അഞ്ചംഗ വിദഗ്ധ സമിതിയെ സർക്കാർ രൂപീകരിക്കുകയുണ്ടായി. വിദഗ്ധ സമിതിയുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ചുമടങ്ങ് വർധന വരുത്തി എന്നുപറയുമ്പോഴും ചിലതിന്റെ ഫീസ് 2 രൂപയിൽനിന്നും 10 രൂപയേ ആയിട്ടുള്ളൂ. അതുപോലെ

മറ്റുചില ഫീസുകളും വർധിപ്പിച്ചിട്ടുണ്ട്. വിദഗ്ധ സമിതി സ്റ്റേക്ക്ഹോൾഡേഴ്സിനെയുൾപ്പെടെ കേട്ടതിന്റെ അടിസ്ഥാനത്തിലാണ് നിർദേശങ്ങൾ നൽകിയിട്ടുള്ളത്. ഈ നിർദേശങ്ങൾ നടപ്പാക്കുന്നതിനായി 1959-ലെ കേരള കോർട്ട് ഫീസ് ആൻഡ് സ്യൂട്ട്സ് വാല്യുവേഷൻ നിയമം ഭേദഗതി ചെയ്യേണ്ടതുണ്ട്. അതിൽ രണ്ട് ഷെഡ്യൂളുകളാണുള്ളത്. ഒന്നാം ഷെഡ്യൂളിലാണ് ഫീസുകൾ നിശ്ചയിച്ചിട്ടുള്ളത്. രണ്ടാം ഷെഡ്യൂളിൽ നമുക്ക് മാറ്റം വരുത്താവുന്നതാണ്. അതാണ് ബജറ്റ് പ്രസംഗത്തിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ളത്. ഭരണഘടനയുടെ അനുച്ഛേദം 246 പ്രകാരം നിയമനിർമ്മാണം നടത്താൻ നിയമസഭയ്ക്ക് അധികാരമുണ്ട്. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് KeLSA (Kerala State Legal Services Authority) പോലുള്ള സംവിധാനങ്ങൾക്ക് നിയമനിർമ്മാണംപോലും നടത്തിയിട്ടുള്ളത്. പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് നീതി ഉറപ്പുവരുത്താനും നിയമസഹായം സൗജന്യമായി ലഭ്യമാക്കാനുമുള്ള നിയമം നമ്മുടെ രാജ്യം പാസ്സാക്കിയിട്ടുള്ളതും ഇവിടെ അതിന് സംവിധാനങ്ങളേർപ്പെടുത്തിയിട്ടുള്ളതും അതിനായി ഗവൺമെന്റ് ബജറ്റിൽ

തുക വകയിരുത്തുന്നതും ഭരണഘടനയുടെ കാഴ്ചപ്പാടിനനുസൃതമായാണ്. അത് പൂർണ്ണമായും നമ്മുടെ നാട്ടിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 2003-ലാണ് അവസാനമായി ഫീസ് വർധന വരുത്തിയത്. അന്ന് ഒരു പഠനവും നടത്താതെ വരുത്തിയ വർധനവ് വലിയ തരത്തിലുള്ള വിമർശനത്തിനിടയാക്കി. എന്നാൽ ഈ സർക്കാർ ആദ്യമായാണ് ഒരു വിദഗ്ധ സമിതിയെ നിയോഗിച്ച്, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച സംഘടനാ പ്രതിനിധികളുടെയും മുഴുവൻ സ്റ്റേക്ക്ഹോൾഡേഴ്സിന്റെയും അഭിപ്രായങ്ങളുൾപ്പെടെ കേട്ട് കേരള ചരിത്രത്തിൽ ജനാധിപത്യപരമായ പ്രക്രിയയിലൂടെ ഒരു വർധന വരുത്താൻ തീരുമാനിച്ചത്. മറ്റ് കാര്യങ്ങളെല്ലാം ബജറ്റ് ചർച്ചയിൽ ചർച്ച ചെയ്യാവുന്നതാണ്. ഫീസ് വർധിപ്പിച്ചത് ഭരണഘടനാനുസൃതമായാണ്. ജനാധിത്യപരമായ ഒരു പ്രക്രിയയുടെ ഭാഗമായി വന്ന റിപ്പോർട്ടിനെ ആധാരമാക്കിയുള്ള നിർദേശങ്ങളാണ് ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(10) സ്കൂൾ പാചക തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, സംസ്ഥാനത്തെ പതിനേഴായിരത്തിലധികം വരുന്ന സ്കൂൾ പാചകത്തൊഴിലാളികൾ വളരെ കുറഞ്ഞ വേതനത്തിലാണ് ജോലി ചെയ്യുന്നത്. മിനിമം കൂലി, വർഷാവർഷ വേതനവർധന, ഇ.എസ്.ഐ., പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ ആനുകൂല്യങ്ങൾ നടപ്പിലാക്കണമെന്ന് തൊഴിലാളികൾ വർഷങ്ങളായി ആവശ്യപ്പെടുന്നു. 500 കുട്ടികൾക്ക് ഒരു തൊഴിലാളി എന്ന അനുപാതം വർധിപ്പിക്കണമെന്ന ആവശ്യവും നിലനിൽക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂൾ പാചകത്തൊഴിലാളികളെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് അവരുടെ ക്ഷേമം ഉറപ്പുവരുത്തണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സ്കൂൾ ഉച്ചഭക്ഷണ പദ്ധതി തികച്ചും വികേന്ദ്രീകൃതമായിട്ടാണ് സംസ്ഥാനത്ത് നടപ്പാക്കിവരുന്നത്. സ്കൂൾതലത്തിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള ചുമതല സ്കൂൾ പി.ടി.എ. പ്രസിഡന്റ് ചെയർമാനും പ്രധാനാധ്യാപകൻ/പ്രധാനാധ്യാപിക കൺവീനറുമായുള്ള സ്കൂൾ ഉച്ചഭക്ഷണ

കമ്മിറ്റിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് തൊഴിലാളികളെ നിയമിക്കുന്നത് പ്രസ്തുത കമ്മിറ്റിയാണ്. കേന്ദ്ര മാർഗരേഖപ്രകാരം ഓണറേറിയം വ്യവസ്ഥയിലാണ് പാചകത്തൊഴിലാളികളെ ഉച്ചഭക്ഷണ കമ്മിറ്റി നിയമിക്കുന്നത്. ഇപ്രകാരം നിയമിക്കുന്ന പാചകത്തൊഴിലാളികൾക്ക് ഓണറേറിയം നൽകുക മാത്രമാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചെയ്യുന്നത്. കേന്ദ്ര മാർഗരേഖപ്രകാരം നിശ്ചയിക്കപ്പെട്ട പദ്ധതി അടങ്കലിന്റെ 60% തുക കേന്ദ്ര സർക്കാരും 40% തുക സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന പദ്ധതിയടങ്കലിന് ഉപരിയായി വരുന്ന പദ്ധതിച്ചെലവ് സംസ്ഥാന സർക്കാരിന്റെ അധികബാധ്യതയാണ്. പാചകത്തൊഴിലാളികൾക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രതിമാസ നിർബന്ധിത ഓണറേറിയമായ 1000 രൂപയിൽ കേന്ദ്ര വിഹിതം 600 രൂപയും സംസ്ഥാന വിഹിതം 400 രൂപയുമാണ്. സ്കൂൾ കുട്ടികൾക്ക് സൗജന്യമായി പോഷകാഹാരം ലഭ്യമാക്കുന്നതിനായി കേന്ദ്രം നിഷ്കർഷിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ തുക ഓണറേറിയം ഇനത്തിൽ

സംസ്ഥാനം അധികവിഹിതമായി നൽകിവരികയാണ്. 2021 ജൂൺ 17-ലെ സർക്കാർ ഉത്തരവുപ്രകാരം കേരളത്തിലെ സ്കൂൾ പാചകത്തൊഴിലാളികൾക്ക് നൽകുന്ന കുറഞ്ഞ പ്രതിദിന ഓണറേറിയം 600 രൂപയും പരമാവധി പ്രതിദിന ഓണറേറിയം 675 രൂപയുമാണ്. ഇപ്രകാരം ആകെ 20 സ്കൂൾ പ്രവൃത്തിദിവസങ്ങൾക്ക് പ്രതിമാസം ഒരു പാചകത്തൊഴിലാളിക്ക് കുറഞ്ഞത് 12,000 രൂപയും കൂടിയത് 13,500 രൂപയും സംസ്ഥാനം അധിക വിഹിതമായി അനുവദിക്കുകയാണ്. ഇത് കേന്ദ്രം പ്രതിമാസം നിഷ്കർഷിക്കുന്ന തുകയുടെ 12 മുതൽ 13 വരെ ഇരട്ടിയാണ്. 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന ഫണ്ടും സംസ്ഥാന അധികവിഹിതവുമുപയോഗിച്ചാണ് നിലവിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കുന്നത്.

ഓണറേറിയത്തിനുപുറമെ സംസ്ഥാന സർക്കാർ പ്രത്യേക താൽപര്യമെടുത്ത് 2017 മുതൽ സ്കൂൾ വേനൽ അവധിക്കാലമായ ഏപ്രിൽ-മേയ് മാസങ്ങളിൽ പാചകത്തൊഴിലാളികൾക്ക് സമാശ്വാസമായി പ്രതിമാസം 2,000 രൂപ അനുവദിക്കുന്നുണ്ട്. പാചകത്തൊഴിലാളികൾക്ക് ഇത്തരത്തിൽ സമാശ്വാസം അനുവദിക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം

കേരളമാണ്. കേന്ദ്ര സർക്കാർ നാളിതുവരെ പാചകത്തൊഴിലാളികളുടെ ഓണറേറിയത്തിന് യാതൊരുവിധ വർധനയും നൽകിയിട്ടില്ലെന്ന വസ്തുത നിലനിൽക്കെ സംസ്ഥാന സർക്കാർ 2016-17 മുതൽ 2021-22 വരെ അഞ്ചുതവണ ഓണറേറിയം വർധിപ്പിച്ചിട്ടുണ്ട്. ഏകദേശം 160 കോടി രൂപ സംസ്ഥാന സർക്കാരിന് പ്രതിവർഷം ഈയിനത്തിൽ അധിക ബാധ്യതയുണ്ടാകുന്നുണ്ട്. മുൻകാലങ്ങളിൽ പാചകത്തൊഴിലാളികൾക്ക് മാസത്തിന്റെ 5-ാം തീയതി അല്ലെങ്കിൽ 10-ാം തീയതിക്കുമുമ്പായി ഓണറേറിയം നൽകിവന്നിരുന്നു. എന്നാൽ പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (പി.എഫ്.എം.എസ്.) നടപ്പാക്കിയ 2021-22 വർഷം മുതൽ ടി സിസ്റ്റം മുഖേനയാണ് ഓണറേറിയം വിതരണം ചെയ്യാനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ധന ഇടപാടുകളും നടത്തുന്നത്. കേന്ദ്ര വിഹിതം ലഭ്യമായാൽ മാത്രമേ അതിന് ആനുപാതികമായി സംസ്ഥാന വിഹിതംകൂടി ചേർത്ത് താഴെത്തട്ടിലേയ്ക്ക് ഓണറേറിയം വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. എന്നാൽ കേന്ദ്രവിഹിതം ലഭിക്കുന്നതിലെ കാലതാമസം താഴെത്തട്ടിലേയ്ക്ക് സമയബന്ധിതമായി തുക ലഭ്യമാക്കുന്നതിൽ തടസ്സം

സൃഷ്ടിക്കുന്നുണ്ട്. പാചകത്തൊഴിലാളികൾ അനുഭവിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിനായി സംസ്ഥാനം അധികവിഹിതത്തിൽനിന്നും ഓണറേറിയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ പാചകത്തൊഴിലാളികളുടെ 2024 ആഗസ്റ്റ് വരെയുള്ള മുഴുവൻ ഓണറേറിയവും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ സംസ്ഥാന അധികവിഹിതത്തിൽനിന്നുള്ള ഓണറേറിയവും ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ കേന്ദ്ര മാനദണ്ഡപ്രകാരമുള്ള പ്രതിമാസം 1000 രൂപ വീതവും ഡിസംബർ മാസത്തെ മുഴുവൻ ഓണറേറിയവുമാണ് നിലവിൽ കുടിശ്ശികയായി വിതരണം ചെയ്യാനുള്ളത്. പ്രസ്തുത കുടിശ്ശിക തുക വിതരണം ചെയ്യുന്നതിലേയ്ക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും നടപ്പുവർഷത്തെ ആദ്യഗഡുവിന്റെ ബാലൻസ് തുക പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പി.എഫ്.എം.എസ്. സിംഗിൾസ് നോഡൽ അക്കൗണ്ടിൽ എത്തിക്കുകയും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. കൂടാതെ ഡിസംബർ

മാസത്തെ സംസ്ഥാന അധികവിഹിതത്തിൽനിന്നുള്ള ഓണറേറിയം അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക് മിനിമം വേജസ് ആക്ട് പ്രകാരമുള്ള മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് തൊഴിൽ വകുപ്പ് 2016 ആഗസ്റ്റ് 8-ന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനമനുസരിച്ച് സ്കൂൾ ഉച്ചഭക്ഷണ പാചകത്തൊഴിലാളികളുടെ കുറഞ്ഞ വേതനം പ്രതിദിനം 350 രൂപയായി നിശ്ചയിച്ചിരുന്നു. എന്നാൽ പിന്നീട് സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും സ്കൂൾ പാചകത്തൊഴിലാളി എന്നത് കേന്ദ്രാവിഷ്കൃത പദ്ധതിയിൻകീഴിൽ വരുന്നതിനാലും നിലവിൽ മിനിമം വേതനത്തേക്കാൾ ഉയർന്ന തുക ഓണറേറിയമായി നൽകിവരുന്നതിനാലും മിനിമം വേജസ് ആക്ടുപ്രകാരമുള്ള മിനിമം വേതനം നൽകണമെന്നുള്ള ആവശ്യം 2022 ഏപ്രിൽ 6-ലെ ഉത്തരവുപ്രകാരം നിരസിക്കുകയുണ്ടായി. നിലവിലെ വ്യവസ്ഥകൾപ്രകാരം 500 കുട്ടികൾക്ക് ഭക്ഷണം പാചകം ചെയ്യാൻ ഒരാളും 500 കുട്ടികൾക്ക് മുകളിൽ രണ്ടുപേരും വേണമെന്ന കണക്കിലാണ് സംസ്ഥാനത്തെ സ്കൂളുകളിൽ പാചകത്തൊഴിലാളികളെ

നിയമിക്കുന്നത്. എന്നാൽ പാചകത്തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച വിഷയത്തിൽ സംസ്ഥാനം പിന്തുടരുന്ന രീതിയിൽനിന്നും തികച്ചും വ്യത്യസ്ത മാർഗ്ഗങ്ങളാണ് 'പി.എം പോഷൺ' മാർഗ്ഗനിർദേശങ്ങളിൽ പരാമർശിക്കുന്നത്. അതായത് 25 കുട്ടികൾക്കുവരെ ഒരു പാചകത്തൊഴിലാളി, 26 മുതൽ 100 കുട്ടികൾക്കുവരെ രണ്ട് പാചകത്തൊഴിലാളി എന്നിങ്ങനെയുള്ള നിയന്ത്രണങ്ങൾ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരികയും ഒരു പാചകത്തൊഴിലാളിക്ക് നൽകുന്നത് വെറും 1000 രൂപ മാത്രവുമാണ്. ആദ്യത്തെ 100 കുട്ടികൾക്കുശേഷം വരുന്ന ഓരോ 100 കുട്ടിക്കും ഓരോ പാചകത്തൊഴിലാളിക്കൂടി അധികംവേണം. കേന്ദ്ര സർക്കാർ മാർഗ്ഗനിർദേശങ്ങളനുസരിച്ച് 500 കുട്ടികൾക്ക് ആറ് തൊഴിലാളികളെ നിയമിക്കേണ്ടതുണ്ട്. പക്ഷേ കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്നതിനേക്കാൾ വളരെ ഉയർന്ന നിരക്കിൽ പാചകത്തൊഴിലാളികൾക്ക് വേതനം നൽകുന്നതിനാൽ ടി മാർഗ്ഗരേഖ സംസ്ഥാനത്ത് നടപ്പാക്കുന്നത് പ്രായോഗികമല്ല. ഒരു നിശ്ചിത പ്രവൃത്തി ചെയ്യുന്നതിനുള്ള പ്രതിഫലമായി ഓണറേറിയം കൈപ്പറ്റിക്കൊണ്ട് ജോലിയിൽ തുടരുന്ന

പാചകത്തൊഴിലാളികൾ പ്രതിമാസ ഓണറേറിയവും അവധിക്കാല സമാശ്വാസവും ഒഴികെ മറ്റൊരു തരത്തിലുമുള്ള ആനുകൂല്യങ്ങൾക്ക് നിലവിലെ വ്യവസ്ഥകൾപ്രകാരം അർഹരല്ല. ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരായതിനാൽ അവരെ സ്ഥിരം ജീവനക്കാരാക്കാനോ ആശ്രിത നിയമനം നൽകുവാനോ നിലവിൽ വ്യവസ്ഥകളില്ല. കേന്ദ്ര സർക്കാർ പാചകത്തൊഴിലാളികൾക്ക് പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ അനുവദിച്ചിട്ടില്ല. നിശ്ചിത സേവനം അനുവദിക്കുന്നതിനായി ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവരായതിനാൽ പെൻഷൻ ഏർപ്പെടുത്താനും നിർവാഹമില്ല. പാചകത്തൊഴിലാളികളെ ഇ.എസ്.ഐ., ഇ.പി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം തൊഴിൽ-നൈപുണ്യ വകുപ്പ് പരിശോധിച്ചുവരികയാണ്. പാചകത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പാചകത്തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷ ലഭിക്കുന്നത് സംബന്ധിച്ച

വിഷയം നിലവിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് പരിശോധിച്ച് വരികയാണ്.

(11) ഹയർ സെക്കൻഡറി പരീക്ഷകളുടെ സമയക്രമം

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സംസ്ഥാനത്ത് ഈ വർഷത്തെ ഹയർ സെക്കൻഡറി പരീക്ഷ നടത്തുന്നത് മാർച്ചുമാസം മൂന്നാം തീയതി മുതൽ ഇരുപത്തിയാറാം തീയതി വരെ ഉച്ചയ്ക്കുശേഷമാണ്. ഇത് വേനൽക്കാലമാണ്. സമീപകാലങ്ങളിൽവച്ച് ഏറ്റവും ചൂടുള്ള വർഷം ഇതായിരിക്കുമെന്ന് കാലാവസ്ഥാ നിരീക്ഷകർ പ്രവചിച്ചിട്ടുമുണ്ട്. ഫാൻ പോലുമില്ലാത്ത ക്ലാസ് മുറികൾ ഇപ്പോഴുമുണ്ട്. ഇന്നലെ പട്ടികളെ വന്ധ്യംകരണം ചെയ്യുന്നതിനുള്ള സൗകര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അത്രയും സൗകര്യംപോലും നമ്മുടെ കുട്ടികൾക്ക് പഠിക്കാനില്ലെന്നത് ഒരു വസ്തുതയാണ്. പ്രായോഗിക പരീക്ഷയുള്ള വിഷയങ്ങളിൽ രണ്ടുമണിക്കൂറും പ്രായോഗിക പരീക്ഷയില്ലാത്ത വിഷയങ്ങളിൽ രണ്ടര മണിക്കൂറുമാണ് കുട്ടികൾക്ക് ക്ലാസ് മുറിയിൽ ഇരിക്കേണ്ടത്. കടുത്ത ചൂട് അനുഭവിച്ചുകൊണ്ടാണ് അവർ പരീക്ഷ

എഴുതേണ്ടത്. ഉപരിപഠനത്തിനും മത്സര പരീക്ഷകൾക്കും ഇന്ന് പരിഗണിക്കുന്നത് ഹയർ സെക്കൻഡറി തലമാണ്. രാജ്യത്തിനകത്തും പുറത്തുമുള്ള സർവ്വകലാശാലകളിലെ മത്സര പരീക്ഷകളിൽ നമ്മുടെ കുട്ടികൾക്ക് ഒരു മാർക്ക് കുറഞ്ഞുപോയാൽ റാങ്ക് ലിസ്റ്റിൽ എത്രമാത്രം വിദൂരതയിലേയ്ക്കാണ് അവർ തള്ളിനീക്കപ്പെടുകയെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. അതുകൊണ്ട് നമ്മുടെ കുട്ടികൾ പിന്നോട്ട് പോകുന്ന സാഹചര്യമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. മാത്രമല്ല ഈ വർഷത്തെ മാർച്ച് മാസം പരിശുദ്ധ റംസാൻ മാസം കൂടിയാണ്. വെള്ളിയാഴ്ചകൂടി വരുന്നുണ്ട്; വെള്ളിയാഴ്ചയിലെ പരീക്ഷാസമയം ക്രമീകരിച്ചതിൽ സന്തോഷമുണ്ട്. കുട്ടികൾക്ക് പരീക്ഷയെഴുതാൻ ഏറ്റവും നല്ല സമയം രാവിലെയാണ്. എസ്.എസ്.എൽ.സി. പരീക്ഷ നടക്കുന്നതിനൊപ്പമാണ് ഹയർ സെക്കൻഡറി പരീക്ഷയും നടത്തിയിരുന്നത്. പ്രഭാത നേരത്ത് കുട്ടികൾക്ക് പരീക്ഷയെഴുതാവുന്ന സാഹചര്യം ഒരുക്കുന്നത് അവരുടെ ഭാവിക്ക് നല്ലതായിരിക്കും. അതുകൊണ്ട് ഈ പരീക്ഷാസമയത്തിൽ പുന:ക്രമീകരണം നടത്താൻ സർക്കാർ

തയ്യാറാകണമെന്ന് സബ്മിഷനിലൂടെ അഭ്യർഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, നാല്ക്കൾക്ക് വന്ധ്യംകരണം ചെയ്യുന്ന റൂമിനുള്ള സൗകര്യംപോലും വിദ്യാഭ്യാസ വകുപ്പിലെ സ്ഥാപനങ്ങൾക്കില്ലെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനോട് ഒട്ടും യോജിക്കാനാവില്ല. അദ്ദേഹം ഈ ലോകത്തായിരിക്കില്ല ജീവിക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ അയ്യായിരം കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനം നടന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. മാത്രമല്ല, എ.സി. ക്ലാസ് മുറികൾ, ലിഫ്റ്റ് എന്നീ സൗകര്യങ്ങളുള്ള സ്കൂളുകൾ ഇന്നുണ്ട്. അങ്ങ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയാൽപോലും ഇക്കാര്യങ്ങൾ ചെയ്യാൻ സാധിക്കില്ല; അതിനൊക്കെ ഒരു പരിമിതിയുണ്ടാകും. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ കേരളം ഏറ്റവും മുന്നിലാണെന്ന് മനസ്സിലാക്കണം. ദയവുചെയ്ത് പട്ടികളുടെ ശസ്ത്രക്രിയയെ കുട്ടികളുമായി കൂട്ടിക്കുഴയ്ക്കരുത്. അങ്ങനെ ചെയ്യുന്നത് ഒട്ടും ശരിയല്ല.

2025 മാർച്ച് മാസം 3 മുതൽ 26 വരെ രണ്ടാം വർഷ ഹയർ

സെക്കൻഡറി പരീക്ഷകളും മാർച്ച് 6 മുതൽ 29 വരെ ഒന്നാം വർഷ ഹയർ സെക്കൻഡറി പരീക്ഷകളും നടത്താനായി വിജ്ഞാപനവും ടൈംടേബിളും 2024 നവംബർ മാസം 1-ാം തീയതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉച്ചയ്ക്കുശേഷമാണ് ഹയർ സെക്കൻഡറി പരീക്ഷാ സമയം നിശ്ചയിച്ചിട്ടുള്ളത്. എസ്.എസ്.എൽ.സി., സ്കൂൾ വാർഷിക പരീക്ഷകൾ രാവിലെ നടത്തുന്ന വിധത്തിലാണ് സമയം ക്രമീകരിച്ചിട്ടുള്ളത്. ഈ വർഷം മുതൽ രണ്ടാം വർഷം പഠിക്കുന്ന വിദ്യാർഥികളുടെ ഒന്നാം വർഷത്തെ ഇംപ്രൂവ്മെന്റ് പരീക്ഷകൾ, ഒന്നാം വർഷ ഹയർ സെക്കൻഡറി പരീക്ഷകളോടൊപ്പം നടത്തുന്നതിനാൽ ഹയർ സെക്കൻഡറി പരീക്ഷകൾ നടത്താൻ ആകെ 18 ദിവസം വേണ്ടിവരും. മാർച്ച് മാസത്തെ ചൂട് കാലാവസ്ഥയും റംസാൻ വ്രതവും കണക്കിലെടുത്ത് എസ്.എസ്.എൽ.സി. പരീക്ഷകളും ഒൻപതാം ക്ലാസ്സ് വരെയുള്ള വാർഷിക പരീക്ഷകളും രാവിലെ നടത്തുന്നതിനുള്ള ക്രമീകരണമാണ് ചെയ്തിട്ടുള്ളത്. അതിനാലാണ് ഹയർ സെക്കൻഡറി പരീക്ഷാ സമയം ഉച്ചയ്ക്കുശേഷം നിശ്ചയിച്ചിരിക്കുന്നത്. ഹയർ സെക്കൻഡറി പരീക്ഷകൾ ഉച്ചയ്ക്കുശേഷം 1.30-ന് ആരംഭിച്ച് വൈകുന്നേരം 4.15-ന്

അവസാനിക്കും. അങ്ങ് ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, രണ്ട് വെള്ളിയാഴ്ചകളിലെ ഹയർ സെക്കൻഡറി പരീക്ഷകൾ ഉച്ചയ്ക്കുശേഷം 2.00 മണിക്ക് ആരംഭിച്ച് 4.45-ന് അവസാനിക്കുന്ന തരത്തിൽ ക്രമീകരിക്കാം. പൊതു പരീക്ഷകൾ മാർച്ച് മാസത്തിലാണ് നടത്തുന്നത്. അവ രാവിലത്തെ സമയക്രമത്തിലേക്ക് മാറ്റിയാൽ മാർച്ച് മാസത്തിൽ പരീക്ഷ അവസാനിക്കാത്ത സാഹചര്യം സംജാതമാകുകയും ഫലപ്രഖ്യാപനം നീണ്ടുപോകുകയും വിദ്യാർഥികളുടെ ഉപരിപഠനത്തെ ബാധിക്കുകയും ചെയ്യും. അതിനാൽ പരീക്ഷകളുടെ സമയത്തിൽ മാറ്റം വരുത്തണമെന്ന ആവശ്യം നിലവിൽ പരിഗണിക്കാൻ നിർവാഹമില്ലെന്ന് അറിയിക്കുകയാണ്. ഹയർ സെക്കൻഡറി പരീക്ഷ നടത്തുന്നത് ഇരുപത്തി ആറായിരത്തോളം അധ്യാപകരെയും നാലരലക്ഷത്തോളം വിദ്യാർഥികളെയുമാണ് ബാധിക്കുന്നത്. എസ്.എസ്.എൽ.സി. പരീക്ഷ നടത്തുന്നത് മുപ്പത്തിയാറ് ലക്ഷത്തോളം വിദ്യാർഥികളെയും ഒന്നര ലക്ഷത്തോളം അധ്യാപകരെയുമാണ് ബാധിക്കുന്നത്. അതുകൊണ്ട് പരീക്ഷ നടത്തിപ്പ് മാർച്ച് മാസം കഴിഞ്ഞുപോകാൻ സാധിക്കില്ല. അങ്ങനെയൊരു നിലപാട്

സ്വീകരിച്ചാൽ അവധിക്കാലത്ത് പരീക്ഷ നടത്തിയെന്ന പരാതിയുണ്ടാകും. വളരെ ആലോചിച്ചശേഷം മാത്രമാണ് പരീക്ഷാ തീയതി നിശ്ചയിച്ചിട്ടുള്ളത്. ഭാവിയിൽ അങ്ങ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയാലും ഇതിൽക്കൂടുതൽ ഒരുകാര്യവും ചെയ്യാൻ സാധിക്കില്ല.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. കെ. ബാബു (നെന്മാറ): സർ, നായ്ക്കളുമായി കുട്ടികളെ ഉപമിച്ച ശ്രീ. കുറുക്കോളി മൊയ്തീന്റെ വാചകം സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പരിശോധിക്കാം+.

11.19 a.m]

V റിപ്പോർട്ട് സമർപ്പണം

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ മുപ്പത്തിനാല് മുതൽ നാൽപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതി (2023-26)-യുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. കെ.എൽ.എസ്.1229/2025-ഇ.ബി. തീയതി 12-02-2025) രേഖയിൽ നിലനിർത്തി.

മുപ്പത്തിനാല് മുതൽ നാൽപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VI ധനകാര്യം

2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഈ ബജറ്റിനെ ഞാൻ അനുകൂലിക്കുന്നു. കേന്ദ്രത്തിന്റെ സാമ്പത്തിക ഉപരോധത്തിനിടയിലും ജനക്ഷേമകരമായ ബജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. രണ്ട് ബജറ്റുകളാണ് നമ്മുടെ മുമ്പിലുള്ളത്. ഒന്നാമത്തേത്, ഫെബ്രുവരി 1-ാം തീയതി പാർലമെന്റിൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ അവതരിപ്പിച്ച ബജറ്റ്. രണ്ടാമത്തേത്, ഫെബ്രുവരി 7-ാം തീയതി ഈ സഭയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റ്. കേവലം വരവ്-ചെലവ് കണക്ക് മാത്രമല്ല,

സർക്കാരിന്റെ നയസമീപനങ്ങൾകൂടി വ്യക്തമാക്കുന്ന രേഖയാണ് ബജറ്റ്. ആ നിലയിൽ പരിശോധിച്ചാൽ കേന്ദ്രത്തിന്റേത് ജനവിരുദ്ധ കോർപറേറ്റ് ബജറ്റാണെന്ന് കാണാൻ സാധിക്കും. ഇന്ത്യാ രാജ്യത്തിന്റെ ചരിത്രത്തിൽ, സ്വാതന്ത്ര്യാനന്തരം കാർഷിക മേഖലയ്ക്ക് ഏറ്റവും കുറവ് വിഹിതം വകയിരുത്തിയ ബജറ്റാണ് കേന്ദ്രം അവതരിപ്പിച്ചത്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിലെല്ലാം വൻതോതിലുള്ള വെട്ടിക്കുറവാണ് കേന്ദ്രബജറ്റിൽ കാണാൻ കഴിയുന്നത്. കർഷകർ വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന ഘട്ടത്തിൽ വളം സബ്സിഡി ഇനത്തിൽ 3400 കോടി രൂപ വെട്ടിക്കുറച്ചതിലൂടെ കൃഷിക്കാർക്കും കാർഷികമേഖലയ്ക്കും ഏറ്റവും വലിയ തിരിച്ചടിയാണുണ്ടായത്. കൊട്ടിഘോഷിക്കപ്പെട്ട പ്രധാൻമന്ത്രി ഫസൽ ബീമാ യോജനയ്ക്ക് 3,622 കോടി രൂപയാണ് ബജറ്റിൽ വെട്ടിക്കുറച്ചത്. എസ്.സി./എസ്.ടി. മേഖലകളിൽ തുച്ഛമായ സംഖ്യ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. കാർഷികോൽപന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിക്കുമെന്നും സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്നും 2016-ലെ തിരഞ്ഞെടുപ്പ് ഘട്ടത്തിൽ

പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി കർഷകർക്ക് ഉറപ്പുനൽകിയതാണ്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഈ ബജറ്റിലും അതിനുള്ള യാതൊരു നടപടിയുമുണ്ടായില്ല. കോൺഗ്രസിന്റെ ഭരണകാലത്ത് ഒപ്പിട്ട ആസിയാൻ കരാർ കേരളത്തിലെ റബ്ബർ കർഷകരെ മുഴുവനും കണ്ണീര് കുടിപ്പിക്കുന്ന നയമായി മാറി. റബ്ബർ ഇറക്കുമതിയിൽ നിയന്ത്രണം വേണമെന്ന് നിരന്തരം ആവശ്യപ്പെട്ടിട്ടും യാതൊരു പരിഗണനയും നൽകിയിട്ടില്ല. ചുരുക്കത്തിൽ കേന്ദ്രബജറ്റ് സമ്പന്നർക്കുവേണ്ടി മാത്രമുള്ളതാണെന്ന് കാണാൻ സാധിക്കും. ഫെഡറൽ തത്വമനുസരിച്ച് രാജ്യത്തിന്റെ വിഭവം മുഴുവനും ഓരോ സംസ്ഥാനത്തിനും തുല്യമായി വിതരണം ചെയ്യേണ്ടതിനുപകരം രാഷ്ട്രീയ ലക്ഷ്യംമാത്രം വച്ചുകൊണ്ട് ബജറ്റ് ആനുകൂല്യങ്ങൾ നൽകുന്ന കാഴ്ചയാണ് കാണാനാകുന്നത്. ബീഹാറിന് നൽകിയ ബജറ്റ് വിഹിതം പരിശോധിച്ചാൽ അത് മനസ്സിലാകും. ഊർജ മേഖല സമ്പൂർണ്ണമായും സ്വകാര്യവൽക്കരിക്കുകയാണ്. അതിനേക്കാൾ അപകടകരമാണ് ആണവോർജ മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പുവരുത്തുന്നത്. രാജ്യത്തിന്റെ സുരക്ഷയെപോലും അപകടപ്പെടുത്തുന്ന രൂപത്തിലാണ്

പ്രസ്തുത മേഖല മുന്നോട്ടുപോകുന്നത്. ഇന്ത്യാ രാജ്യത്തെ ജനങ്ങൾ മുണ്ടുമുറുക്കിയുടുത്ത് പടുത്തുയർത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ മുഴുവനും കേന്ദ്രസർക്കാർ വിറ്റുതുലയ്ക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. മുഹമ്മദ് മുഹസിൻ)

പൊതുമേഖലാ സ്ഥാപനങ്ങളുടെ വിൽപനയിലൂടെ വരുംവർഷങ്ങളിൽ പത്തുലക്ഷം കോടി രൂപയുടെ വരുമാനമുണ്ടാക്കുമെന്നാണ് ബജറ്റിൽ ഉറപ്പുനൽകിയിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി ചില്ലിക്കാശുപോലും വർധിപ്പിക്കാൻ തയ്യാറായില്ല. പൂർണ്ണമായും കോർപറേറ്റ്വത്കൃത ബജറ്റാണ് കേന്ദ്രസർക്കാർ അവതരിപ്പിച്ചത്. കേരളം ഒട്ടനവധി ആവശ്യങ്ങൾ കേന്ദ്രസർക്കാരിനുമുമ്പിൽ സമർപ്പിച്ചു. സാമ്പത്തിക പരാധീനതകൾ മറികടക്കാൻ പ്രത്യേകമായി 24,000 കോടി രൂപയുടെയും വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി 5000 കോടി രൂപയുടെയും പാക്കേജ് ആവശ്യപ്പെട്ടുവെങ്കിലും അംഗീകരിച്ചില്ല. ദേശീയപാത വികസനത്തിനുവേണ്ടി കേരളം നൽകിയ 6,000 കോടി രൂപയ്ക്കുപകരം കടമെടുക്കാനെങ്കിലും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടും അത്

അംഗീകരിച്ചില്ല. വിദേശനാണ്യ ശേഖരത്തിലെ 21 ശതമാനവും കേരളത്തിലെ പ്രവാസികളുടെ സംഭാവനയാണ്. എന്നാൽ പ്രവാസി ക്ഷേമത്തിനുവേണ്ടി ആവശ്യപ്പെട്ട 300 കോടി രൂപയുടെ പ്രത്യേക പാക്കേജ് അംഗീകരിച്ചില്ല. വയനാട് ദുരന്തനിവാരണത്തിനായി 2000 കോടി രൂപയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി 1000 കോടി രൂപയുടെ പ്രത്യേക പാക്കേജും ആവശ്യപ്പെട്ടുവെങ്കിലും അംഗീകരിച്ചില്ല. കേരള സർക്കാരിന്റെ ഒരു ആവശ്യവും പരിഗണിച്ചില്ല. കേരളം ഇന്ത്യാ രാജ്യത്തിന്റെ ഭാഗമല്ലേ? യഥാർഥത്തിൽ കേരളത്തോട് യുദ്ധപ്രഖ്യാപനമാണ് കേന്ദ്രം നടത്തിയിട്ടുള്ളത്. 'തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ'; കേന്ദ്രത്തിന്റെ ഈ ദ്രോഹനടപടികൾക്കെതിരായി, കേരള വിരുദ്ധ നടപടികൾക്കെതിരായി കേരളത്തിലെ മുഴുവൻ ജനങ്ങളും ഒറ്റക്കെട്ടായി മുന്നോട്ടുവരണമെന്നാണ് അഭ്യർഥിക്കാനുള്ളത്. പ്രതിപക്ഷം അതിന് സന്നദ്ധമാകുമോ? യു.ഡി.എഫ്.-ന് എൽ.ഡി.എഫ്.-നോട് വിരോധമുണ്ടാകാം. പക്ഷേ ആ വിരോധം കേരള ജനതയോടുള്ള ശത്രുതയായി മാറാൻ പാടുണ്ടോ? അതുകൊണ്ട് യോജിച്ച പ്രക്ഷോഭത്തിന്

പ്രതിപക്ഷം മുന്നോട്ടുവരണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അതിനുള്ള സന്നദ്ധത പ്രകടിപ്പിക്കുമോയെന്നാണ് ചോദിക്കാനുള്ളത്. കേന്ദ്രത്തിന്റെ ജനവിരുദ്ധ കോർപറേറ്റ് ബജറ്റിനെതിരെ ജനകീയ ബദൽ ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. 2025-ലെ കേരള ബജറ്റ് ഓർമ്മിപ്പിക്കുന്നത് മഹാത്മാഗാന്ധിയുടെ വചനങ്ങളാണ്. "നിങ്ങൾ ഒരു കാര്യം ചെയ്യുമ്പോൾ ഏറ്റവും അവസാനത്തെ മനുഷ്യനെ, ഏറ്റവും ദരിദ്രനായ മനുഷ്യനെ ഓർക്കുക. നിങ്ങളുടെ തീരുമാനം അയാൾക്ക് എന്തുഗുണം ചെയ്യുമെന്ന് ആലോചിക്കുക" എന്ന ഗാന്ധിവചനത്തിന്റെ ഓർമ്മയാണ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റ് കൊണ്ടുവരുന്നത്. ലൈഫ് ഭവന പദ്ധതിപ്രകാരം 427736 വീടുകൾ പൂർത്തിയാക്കി. 111306 വീടുകളുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. അതുംകൂടി പൂർത്തിയായാൽ ടി പദ്ധതിയനുസരിച്ച് 539042 വീടുകൾ പൂർത്തിയാകും. ലോകചരിത്രത്തിൽ ഏതെങ്കിലും ഒരു രാജ്യത്ത് ഒരേസമയം അഞ്ച് ലക്ഷം വീടുകൾ നിർമ്മിച്ച് ജനങ്ങളെ പുനരധിവസിപ്പിച്ചതായി കാണാൻ കഴിയുമോ? ലോകത്തെവിടെയും

കാണാൻ കഴിയില്ല. ചരിത്ര പ്രസിദ്ധമായ നടപടികളാണ് പിണറായി സർക്കാർ കഴിഞ്ഞ എട്ടുവർഷക്കാലമായി കേരളത്തിൽ നടപ്പാക്കി വരുന്നത്. അടച്ചുറപ്പുള്ള വീടില്ലാത്ത ധാരാളം പേരുണ്ടെന്നത് മനസ്സിലാക്കി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു ലക്ഷം പേർക്കുകൂടി വീട് നിർമ്മിക്കാനായി 1160 കോടി രൂപ ഈ ബജറ്റിൽ നീക്കിവയ്ക്കുകയുണ്ടായി. പ്രകൃതിദുരന്തങ്ങളിൽ എല്ലാം നഷ്ടപ്പെട്ട വയനാട്ടിലെ ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 750 കോടി രൂപയാണ് വകയിരുത്തിയത്. സാമ്പത്തിക അവലോകന റിപ്പോർട്ടിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശ്രീമതി നിർമ്മല സീതാരാമൻ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. ഈ വർഷത്തെ സംസ്ഥാന ബജറ്റിൽ കഴിഞ്ഞതവണത്തേക്കാൾ 750 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാറ്റിവച്ചിട്ടുണ്ട്. യാത്രാക്ലേശം ഏറെ അനുഭവിക്കുന്ന വയനാടിൽ തുരങ്കപാത പൂർത്തിയാക്കുന്നതിനുവേണ്ടി 2000 കോടി രൂപയാണ് ഈ ബജറ്റിൽ മാറ്റിവച്ചിരിക്കുന്നത്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത രൂപത്തിൽ ഗ്രാമപ്രദേശങ്ങളിലെ തൊഴിലുറപ്പ്

പദ്ധതിപോലെ പട്ടണപ്രദേശങ്ങളിൽ നടപ്പാക്കുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി 180 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് 50 ഗവേഷണ പ്രോജക്ടുകൾക്ക് 10 ലക്ഷം രൂപ വീതം നൽകിക്കൊണ്ട് പുതിയ പദ്ധതികൾ മുന്നോട്ടുവച്ചിട്ടുണ്ട്. ഇന്ത്യാ രാജ്യത്ത് അതിദരിദ്രരില്ലാത്ത ആദ്യ സംസ്ഥാനമായി കേരളം മാറുന്നു. ഇത്തരം പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന പിണറായി വിജയൻ സർക്കാരിനെ ഈ രാജ്യത്തെ മുഴുവൻ ജനങ്ങളും മുക്തകണ്ഠം പ്രശംസിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ആരോഗ്യ മേഖലയ്ക്ക് 10431.73 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഗുണഭോക്താക്കൾക്ക് അഞ്ച് ലക്ഷം രൂപ വരെ സൗജന്യ ചികിത്സ നൽകുന്നു. ഭക്ഷ്യ സബ്സിഡി നൽകുന്നതിന് 2064 കോടി രൂപയാണ് നീക്കിവയ്ക്കുന്നത്. ഇത് കഴിഞ്ഞതവണത്തെ വിഹിതത്തേക്കാൾ 131.51 കോടി രൂപ കൂടുതലാണെന്നതുകൂടി പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. കേന്ദ്ര ഉപരോധത്തിനിടയിലും സ്വന്തം കാലിൽനിന്നുകൊണ്ട് മുന്നോട്ടുപോകാനുള്ള പരിശ്രമമാണ് കേരളത്തിലെ ധനകാര്യ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്.

മൊത്തം റവന്യൂ വരുമാനത്തിന്റെ 73 ശതമാനം തനത് വരുമാനമാണ്. റവന്യൂ വരുമാനത്തിൽ 60 ശതമാനവും നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞു. കേരളത്തിന്റേത് മികച്ച പ്രകടനമാണെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 2015-16-ൽ 39,004 കോടി രൂപയായിരുന്ന തനത് വരുമാനം. 2021-22-ൽ അത് 58,359 കോടി രൂപയായും 2023-24-ൽ 77,058 കോടി രൂപയായും ഉയർന്നു. 8 വർഷംകൊണ്ട് തനത് വരുമാനം ഇരട്ടിയായി മാറി എന്നതാണ് വസ്തുത. തനത് നികുതിയേതര വരുമാനം 8,425 കോടി രൂപയിൽനിന്നും 16,853 കോടി രൂപയായി ഉയർന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ സഭയിൽ എപ്പോഴും ആവർത്തിച്ചുപറയുന്നത്, 'നികുതി പിരിക്കുന്നില്ല, കെടുകാര്യസ്ഥതയാണ്, അഴിമതിയാണ്, നികുതി പിരിക്കാതെ ഉന്നതരെ സംരക്ഷിക്കുകയാണ്, ധൂർത്തും കെടുകാര്യസ്ഥതയുംകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരാണ്' എന്നൊക്കെയാണ്. ദയവുചെയ്ത് വസ്തുതാപരമായി കാര്യങ്ങൾ അവതരിപ്പിക്കാൻ അങ്ങ് ശ്രമിക്കണമെന്ന് വിനയപൂർവം അഭ്യർഥിക്കുന്നു. സാമ്പത്തിക സുരക്ഷ നേടിക്കൊണ്ട് സംസ്ഥാനം സ്വയം

മുന്നോട്ടുപോകുകയാണ്. അതുകൊണ്ട് കാടടച്ച് വെടിവയ്ക്കുന്ന അങ്ങയുടെ ഈ നിലപാട് ഇനിയെങ്കിലും അവസാനിപ്പിക്കണം. ശ്രീ. അരവിന്ദ് കെജ്‌രിവാളിന്റെ തല താലത്തിൽ വെട്ടിവച്ച് ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി പ്രിയങ്ക ഗാന്ധിയും ചേർന്ന് ശ്രീ. നരേന്ദ്രമോദിക്ക് സമർപ്പിച്ച സ്ഥിതിയാണ് നമുക്ക് കാണാൻ കഴിയുന്നത്. 'കണ്ടാൽ പഠിച്ചില്ലെങ്കിൽ കൊണ്ടാൽ പഠിക്കും' എന്ന് പറയാറുണ്ട്. കൊണ്ടാലും പഠിക്കാത്ത പാർട്ടിയാണ് കോൺഗ്രസ് എന്ന് തെളിയിക്കുകയാണ്. ഹരിയാനയിലെയും മഹാരാഷ്ട്രയിലെയും ഉത്തർപ്രദേശിലെയും തിരഞ്ഞെടുപ്പ് അനുഭവങ്ങൾ മനസ്സിലാക്കിയിട്ടും ഡൽഹിയിലും കാലുവാരൽ രാഷ്ട്രീയവുമായി മുന്നോട്ടുപോയി. രാഷ്ട്രീയമില്ലാത്ത രാഷ്ട്രീയ പാർട്ടിയായും ആർക്കും വിശ്വസിക്കാൻ കഴിയാത്ത പാർട്ടിയായും കോൺഗ്രസ് മാറിയിരിക്കുകയാണ്. കുറ്റ്യാടി നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന വടകര താലൂക്ക് ടൂറിസം മേഖലയിൽ ഏറ്റവും ശ്രദ്ധേയമായ പ്രദേശമാണ്. വടകര സാൻഡ് ബാങ്ക്, ലോകനാർക്കാവ്, പെരുവണ്ണാമൂഴി, ജാനകിക്കാട് ഇക്കോ ടൂറിസം സെന്റർ എന്നിവയെ ബന്ധിപ്പിക്കുന്ന കുറ്റ്യാടി പൈതൃക

പ്രോജക്ടിനുവേണ്ടി വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പഴശ്ശിരാജയുടെ ചരിത്രവുമായി ബന്ധപ്പെട്ട പ്രസ്തുത പ്രോജക്ടിനുവേണ്ടി അഞ്ചുകോടി എഴുപത് ലക്ഷം രൂപ പ്രത്യേകമായി അനുവദിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർഥിക്കുകയാണ്. കേരളത്തിന്റെ ഏറ്റവും പ്രധാന ഉല്പന്നവും വരുമാനമാർഗവുമാണ് നാളികേരം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ നാളികേരം ഉൽപാദിപ്പിച്ചിരുന്നത് കേരളത്തിലായിരുന്നു. എന്നാൽ ഇന്ന് തമിഴ്നാടിനും കർണ്ണാടകത്തിനും പിന്നിലായി കേരളത്തിന്റെ സ്ഥാനം മാറിയിരിക്കുന്നു. തുടർച്ചയായ വിലയിടിവ്, കാലാവസ്ഥാ വ്യതിയാനം എന്നിവയുടെ ഫലമായി കൃഷിക്കാർ തെങ്ങിനെ പരിചരിക്കാത്തതിനാൽ നാളികേര ഉൽപാദനവും ഉൽപാദനക്ഷമതയും വലിയ നിലയിലിടിഞ്ഞു. അതുകൊണ്ട് കർഷകരെ നാളികേര കൃഷിയിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടി ഒരു സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കണം. നാളികേര വികസനത്തിനായി ബജറ്റിൽ ഇപ്പോൾ 73 കോടി രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് കോഴിക്കോട് ജില്ലയിലെ ഏക ജലസേചന പദ്ധതിയാണ്. 50 വർഷം കഴിഞ്ഞ ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായുള്ള കനാലുകളും

അക്വഡക്ടുകളും അനുബന്ധ ഭാഗങ്ങളുമെല്ലാം ഇടിഞ്ഞുപൊളിഞ്ഞ് വീഴാറായ സ്ഥിതിയിലാണ്. ഏതാനും ദിവസങ്ങൾക്കകം കനാൽ തുറക്കുമ്പോൾ എവിടെയൊക്കെ പ്രയാസങ്ങളുണ്ടാകുമെന്ന് പറയാൻ സാധിക്കില്ല. കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ അടിയന്തര അറ്റകുറ്റപണികൾക്കുവേണ്ടി 5 കോടി രൂപമാത്രമാണ് ഇപ്പോൾ നീക്കിവച്ചിട്ടുള്ളത്. 20 കോടി രൂപയെങ്കിലും അതിനുവേണ്ടി മാറ്റിവയ്ക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, ഈ ബജറ്റ് നിർദേശങ്ങളെ ഞാൻ എതിർക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ നിഴലിച്ചുനിന്നത് നിരാശമാത്രമായിരുന്നു. അദ്ദേഹത്തിന്റെ സംസാരത്തിലും ശരീരഭാഷയിലും അത് പ്രകടമായിരുന്നു. ബജറ്റ് അവതരിപ്പിച്ച മന്ത്രിക്കുതന്നെ ആത്മവിശ്വാസം നഷ്ടപ്പെട്ടിരിക്കുകയാണ്. കേന്ദ്ര ബജറ്റിനുശേഷമാണ് കേരള ബജറ്റ് അവതരിപ്പിച്ചത്. കേന്ദ്ര ബജറ്റുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ പറഞ്ഞതിനോട് യോജിക്കുന്നു. കേന്ദ്ര ബജറ്റിൽ പ്രതീക്ഷ നഷ്ടപ്പെട്ട നമ്മൾ കേരള ബജറ്റിൽ പ്രതീക്ഷയർപ്പിച്ചു. എന്നാൽ 'കടിച്ചതിലും വലുതായിരുന്നു

പുനത്തിലിരുന്നത് എന്നുപറഞ്ഞതുപോലെയായി. ബജറ്റ് പ്രസംഗത്തിൽ കേൾക്കുന്ന പതിവുപല്ലവിയാണ് 'വകയിരുത്തി' എന്നുള്ളത്. ഇത് കാലോചിതമായി പരിഷ്കരിച്ച് 'ജനങ്ങളെ വകവരുത്തി' എന്നാക്കണം. ഉള്ളി പൊളിച്ചതുപോലെയായിപ്പോയി ഈ ബജറ്റ്. ഇതിലൊന്നുമില്ല. ക്ഷേമ പെൻഷൻ വർധിപ്പിക്കുമെന്ന് എല്ലാവരും കരുതിയിരുന്നുവെങ്കിലും വർധിപ്പിച്ചില്ല. നിർമ്മാണ മേഖലയിലെ ലക്ഷക്കണക്കിന് തൊഴിലാളികൾ ഇഷ്ടിക കളത്തിൽ പണിയെടുത്തും സിമന്റ് കൂട്ടിയും പാറ പൊട്ടിച്ചും മെറ്റലടിച്ചും കോൺക്രീറ്റ് പണിയും ആശാരിപ്പണിയും പെയിന്റ് പണിയും ചെയ്ത ലഭിച്ച തുക, അവന്റെ വിയർപ്പിന്റെ/അധ്വാനത്തിന്റെ വില വാർധക്യത്തിൽ മരുന്ന് വാങ്ങാനെങ്കിലും ഉപകരിക്കുമെന്ന് കരുതി അംശദായമായി ക്ഷേമനിധിയിലേക്ക് അടച്ചു. എന്നാൽ ഈ നിർമ്മാണത്തൊഴിലാളികളുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമ പെൻഷൻ വർഷങ്ങളായി കുടിശ്ശികയാണ്. ഏറെ കൊട്ടിഘോഷിക്കപ്പെട്ട ലൈഫ് പദ്ധതിയെ പിന്തുണയ്ക്കുകയാണ്. പക്ഷേ നിർമ്മാണസാമഗ്രികളുടെ നിലവിലെ വില അനുസരിച്ച് നാല് ലക്ഷം രൂപയ്ക്ക് ഒരു സാധാരണക്കാരന്

വീട് നിർമ്മിക്കാൻ സാധിക്കുമോ? അയൽക്കാരിൽനിന്നുപോലും അന്തിവായ്പ ലഭിക്കാൻ മാർഗമില്ലാത്തവരാണ് സർക്കാരിന്റെ വീടും പ്രതീക്ഷിച്ച് വർഷങ്ങളായി കാത്തിരിക്കുന്നത്. ആർട്ടിസ്റ്റ് സുജാതൻ മാഷിനെപ്പോലുള്ള വ്യക്തികളെക്കൊണ്ട് നാടകത്തിൽ ഒരു വീടിന്റെ സെറ്റ് ചെയ്യിക്കണമെങ്കിൽ ലക്ഷക്കണക്കിന് രൂപ നൽകണം. പണമില്ലാത്തതിനാൽ പണിതീരാത്ത വീടുകളുടെ എണ്ണം കേരളത്തിൽ വർധിച്ചുവരികയാണ്. ഭൂമി വാങ്ങാൻ ഈ സർക്കാർ നൽകുന്നത് വെറും രണ്ട് ലക്ഷം രൂപയാണ്. ആ രൂപയ്ക്ക് അന്തരീക്ഷത്തിലോ പാതാളത്തിലോ വാസയോഗ്യമായ ഭൂമി ലഭിക്കുമോ? അതുകൊണ്ട് ഇപ്പോഴത്തെ സാഹചര്യത്തിൽ ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനുമുള്ള ധനസഹായം പത്ത് ലക്ഷം രൂപയായി വർധിപ്പിക്കണം. വന്യജീവി ആക്രമണത്തെ പ്രതിരോധിക്കാൻ സംസ്ഥാന ബജറ്റിൽ 50 കോടി രൂപയാണ് വകയിരുത്തിയത്. ഇക്കാര്യം കഴിഞ്ഞ ദിവസം ഡോ. മാത്യു കുഴൽനാടൻ സൂചിപ്പിച്ചു. വന്യജീവികൾ മനുഷ്യനെ വകവരുത്തുകയാണ്. പുരയ്ക്ക് പുറത്തിറങ്ങിയാൽ പുലി പിടിക്കും, അകത്തിരുന്നാൽ ചെന്താമര പിടിക്കും. മുള്ളുമുരുക്ക് മൂർഖൻ പാമ്പ്, ആന,

മയിൽ, ഒട്ടകം, കാട്ടുപന്നി, കാട്ടുപോത്ത്, കടുവ, കാട്ടാന എന്നിവ കൂടാതെ തെരുവുനായ്ക്കളും മനുഷ്യനെ ഓടിച്ചിട്ട് കൊല്ലുകയാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലത്തിൽ ഒരു പിഞ്ചുബാലൻ തെരുവുനായ ഓടിച്ചതിനെതുടർന്ന് കനാലിൽ വീണ് മരിച്ച ദാരുണ സംഭവമുണ്ടായി. അതുപോലെ വള്ളിക്കുന്നത്തും ഒരു കുട്ടി മരണപ്പെട്ടു. കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്ന ചിറ്റമ്മ നയത്തിൽ ഞങ്ങൾക്കാർക്കും അഭിപ്രായവ്യത്യാസമില്ല, ഞങ്ങൾ അതിനോട് യോജിക്കുന്നു. പക്ഷേ ഭരണപക്ഷം പ്രതിപക്ഷത്തോട് കാണിക്കുന്ന അവഗണന പറയാതിരിക്കാൻ സാധിക്കില്ല. ബജറ്റിൽ ഭരണപക്ഷ എം.എൽ.എ.-മാർക്ക് മാറ്റിവയ്ക്കുന്ന തുകയുടെ പകുതിപോലും പ്രതിപക്ഷ എം.എൽ.എ.-മാർക്ക് ലഭിക്കുന്നില്ല, ഇത് അന്യായമാണ്. ഗ്രാമീണ റോഡുകളുടെ ഫണ്ട് വിതരണത്തിലും അവഗണനയുണ്ടായി. എല്ലാവരേയും ജനങ്ങൾ തിരഞ്ഞെടുത്തുവിടുന്നതല്ലേ; അവിടെ ഭരണ-പ്രതിപക്ഷ വ്യത്യാസമുണ്ടോ? (..... ബഹളം.....)

ശ്രീ. ടി. സിദ്ദിഖ്: സർ, സി.എം.ഡി.ആർ.എഫ്.-ൽ ലഭിച്ച 750 കോടി

രൂപ നിങ്ങൾ കൊടുത്തതല്ല, ജനങ്ങൾ നൽകിയതാണ്. ആ തുക ഉൾപ്പെടെ വയനാട് പുനരധിവാസ പദ്ധതിക്കായി വിനിയോഗിക്കുമെന്നാണ് ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. (..... ബഹളം.....)

ചെയർപേഴ്സൺ: ശ്രീ. സി. ആർ. മഹേഷിന്റെ പ്രസംഗത്തിന്റെ സമയമാണ്. അദ്ദേഹം വഴങ്ങിയതാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, നവകേരള സദസ്സിന്റെ ഭാഗമായി ഓരോ നിയോജകമണ്ഡലത്തിനും ഏഴ് കോടി രൂപവരെയുള്ള പദ്ധതികൾ അനുവദിക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ പക്ഷഭേദം കാണിക്കാതെ, ആ പണത്തിൽ കുറവുവരുത്താതെ പ്രതിപക്ഷ എം.എൽ.എ.-മാരുടെ നിയോജകമണ്ഡലത്തിലും നൽകണമെന്ന് ആവശ്യപ്പെടുകയാണ്. (.....ബഹളം.....) ഇത് ആരുടെയും ഔദാര്യമല്ല.

ചെയർപേഴ്സൺ: ചെയറിനെ നോക്കി പ്രസംഗിക്കൂ. പ്രകോപനമുണ്ടാക്കരുത്.

ശ്രീ. സി. ആർ. മഹേഷ്: സർ, പാലക്കാട് വൻസംരംഭമായി ചാരായം നിർമ്മിക്കുന്നത് അഭിമാനത്തോടുകൂടിയാണ് വകുപ്പുമന്ത്രി

അവതരിപ്പിക്കുന്നത്. കുടിവെള്ളം ഊറ്റി മദ്യമാക്കി നൽകുന്നതാണോ സംരംഭം. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനുവേണ്ടി ഞങ്ങൾ പൂട്ടിയ ബാറുകളെല്ലാം ഭരണപക്ഷം തുറന്നു. മാത്രമല്ല, പുതിയ ബാറുകൾ കൂടി അനുവദിച്ചുകൊണ്ട് കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുകയാണ്. സ്വാമി വിവേകാനന്ദൻ ഇന്ന് ജീവിച്ചിരുന്നെങ്കിൽ കേരളത്തെ ഭ്രാന്താലയം എന്നതിനുപകരം മദ്യാലയം എന്ന് വിളിക്കുമായിരുന്നു. ഇതിലും ഭേദം കുടിൽ വ്യവസായംപോലെ സർക്കാർ മേഖലയിൽ വാറ്റ് ആരംഭിച്ചിട്ട് ചെറുകിട സംരംഭമെന്ന് പേര് നൽകുന്നതായിരുന്നു. ഇപ്പോൾ കേന്ദ്ര സർക്കാർ കടലിൽനിന്ന് മണൽ ഖനനം ചെയ്യാൻ പോകുകയാണ്. കഴിഞ്ഞ പത്ത് വർഷം കൊണ്ട് കര മുഴുവൻ അവർ കുഴിച്ച് കുളമാക്കിയിരിക്കുകയാണ്. ഇനി കുഴിക്കാൻ കടൽ മാത്രമേയുള്ളൂ. മത്സ്യത്തിന്റെ ലഭ്യതക്കുറവ്, ഇന്ധന വില വർധനവ്, കാലാവസ്ഥാവ്യതിയാനം തുടങ്ങിയ കാരണങ്ങളാൽ തീരപ്രദേശത്തെ ജനങ്ങളുടെ ജീവിതം അരക്ഷിതാവസ്ഥയിലായ സാഹചര്യത്തിൽ ആ പാവങ്ങളെ ഇരുട്ടിലാക്കുന്നതും ഏറ്റവും കൂടുതൽ വിഷമിപ്പിക്കുന്നതുമായ ഈ കടൽ കുഴിക്കൽ പദ്ധതിയെ ഭരണ-പ്രതിപക്ഷ

ഭേദമെന്യേ എതിർക്കേണ്ടതാണ്. അങ്ങനെ മണലെടുക്കാൻ ആരെങ്കിലും വന്നാൽ കടലിന്റെ മക്കളുടെ കൈക്കരുത്ത് അവർ അറിയും. ഒരു തരി മണ്ണ് വാരുവാൻ ഞങ്ങൾ അനുവദിക്കില്ല. എല്ലാ ബജറ്റിലും മൺമറഞ്ഞ മഹാന്മാരുടെ സ്മാരകം നിർമ്മിക്കാൻ ഫണ്ട് വകയിരുത്താറുണ്ട്. പക്ഷേ നിർമ്മാണം കഴിയുമ്പോൾ ഉദ്ദേശിക്കുന്ന വ്യക്തിയുടെ മുഖവുമായി യാതൊരു സാമ്യവുമുണ്ടാകില്ല. സ്മാരകം നിർമ്മിച്ചതിനുശേഷം അതുസംബന്ധിച്ച് വലിയ വാർത്തയും ചർച്ചയുമുണ്ടാകാറുണ്ട്. അതിനാൽ സ്മാരകം നിർമ്മിച്ചില്ലെങ്കിലും അവരെ അപമാനിക്കരുത്. വാഗ്ദാനങ്ങൾകൊണ്ട് പെരുമഴ പെയ്യിക്കുന്നതും എന്നാൽ പ്രവൃത്തികൊണ്ട് ഒരു ചാറ്റൽ മഴ പോലും പെയ്യിക്കാൻ സാധിക്കാത്തതുമായ ഈ ബജറ്റ് നിർദ്ദേശങ്ങളെ ഞാൻ ഒരിക്കൽക്കൂടി ശക്തമായി എതിർക്കുകയാണ്.

ശ്രീമതി സി. കെ. ആശ: സർ, ഈ ബജറ്റിനെ ഞാൻ അനുകൂലിക്കുന്നു. ഈ വർഷത്തെ കേന്ദ്ര ബജറ്റ് കണ്ടപ്പോൾ മലയാളത്തിന്റെ പ്രിയപ്പെട്ട കവി ശ്രീ. കുരീപ്പുഴ ശ്രീകുമാറിന്റെ ചില വരികളാണ് എനിക്ക് ഓർമ്മവന്നത്.

'കപട സ്നേഹിതാ, നിന്നോടുവാസ്തവ-

ക്കവിത ചൊല്ലിപ്പരാജയപ്പെട്ടു ഞാൻ

പല നിറങ്ങളിൽ നിന്റെ മുഖംമൂടി

പല നിലങ്ങളിൽ നിൻ ഞെരിഞ്ഞിൽ കൃഷി

മധുരമാകർഷകം മന്ദഹാസവും

കരുണ മൂടിയ കൺകെട്ടു വിദ്യയും

സുഖദമാത്മ പ്രകാശനം,നാടക-

ക്കളരി തോൽക്കുന്ന ഭാഷയും ഭാവവും.

കപട സ്നേഹിതാ,നിൻ നാട്യ വൈഭവം

കവിത ചൊല്ലി തിരസ്കരിക്കുന്നു ഞാൻ'.

ഞാനിവിടെ പറയാനുദ്ദേശിച്ചത് ശ്രീ. നരേന്ദ്ര മോദിയെക്കുറിച്ചാണ്. നമ്മുടെ പ്രധാനമന്ത്രിയുടെ നാട്യവൈഭവം കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ല. (.....ബഹളം.....) അതുപറയുമ്പോൾ ഇവർക്ക് സുഖിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അതായിരിക്കാം ബഹളമുണ്ടാക്കുന്നത്. ചൂരൽമല ദുരന്തത്തിൽ ഉറ്റവരും ഉടയവരും നഷ്ടപ്പെട്ട് നിരാലംബയായ ഒരു പിഞ്ചുകുഞ്ഞിന്റെ അടുത്തുപോലും, ശ്രീ. കുരീപ്പുഴ ശ്രീകുമാർ

പറയുന്നതുപോലെ, നാടകക്കളരി തോൽക്കുന്ന അഭിനയമല്ലേ രാജ്യത്തിന്റെ പ്രധാനമന്ത്രി അന്ന് കാഴ്ചവച്ചത്. കേരളം മോദി സർക്കാരിന്റെ നിരന്തരമായ അവഗണനയുടെയും രാഷ്ട്രീയ വൈരുദ്ധ്യങ്ങളുടെയും ഇരയാണെന്ന് ഇത്തവണത്തെ കേന്ദ്ര ബജറ്റ് ഒരിക്കൽക്കൂടി ആവർത്തിച്ച് ഉറപ്പിക്കുന്നു. കേന്ദ്ര ബജറ്റ് അവതരണത്തിൽ ബീഹാറിന്റെ പേര് അര ഡസൻ തവണയാണ് ബഹുമാന്യയായ ധനകാര്യ വകുപ്പുമന്ത്രി പരാമർശിച്ചത്. ഒറീസയ്ക്ക് വാരിക്കോരി കൊടുക്കുന്ന കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി കേരളത്തെക്കുറിച്ച് ഒരക്ഷരം പറഞ്ഞോ; ഒരു രൂപയുടെ സാമ്പത്തിക പിന്തുണ കേരളത്തിന് പ്രഖ്യാപിച്ചോ? ഇത് നിങ്ങളുടെ ഔദാര്യമല്ല, ഞങ്ങളുടെ അവകാശമാണ്. ഇവിടെ മുമ്പ് സംസാരിച്ച ശ്രീ. സി. ആർ. മഹേഷ് പറയുകയുണ്ടായി, 'ഇത് നിങ്ങളുടെ ഔദാര്യമല്ല ഞങ്ങളുടെ അവകാശമാണ്' എന്ന്. ഈ അവകാശങ്ങൾ നേടിയെടുക്കുന്നതിനാണ് പാർലമെന്റിനുമുന്നിൽ ഒരുമിച്ച് സമരം ചെയ്യാമെന്ന് ഞങ്ങൾ പറഞ്ഞത്. അന്ന് നിങ്ങൾ വന്നോ; നിങ്ങൾ അതിൽനിന്ന് മാറി നിന്നില്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബഹുമാന്യരായ മന്ത്രിമാരും

എം.എൽ.എ.-മാരും ഡൽഹിയിലെ തണുപ്പിൽ വിറങ്ങലിച്ചുനിന്ന് സമരം ചെയ്തപ്പോൾ ഈ അവകാശം പറയുന്ന ആളുകളെല്ലാം എവിടെയായിരുന്നു; എന്നിട്ടിപ്പോൾ അവകാശം പറയാൻ വന്നിരിക്കുകയാണ്. നിയമസഭയിൽ മാത്രമാണോ നിങ്ങൾ അവകാശത്തെക്കുറിച്ച് സംസാരിക്കുന്നത്? ഈ നിലപാട് ഇരട്ടത്താപ്പാണെന്ന് കോൺഗ്രസ് മനസ്സിലാക്കണം. ബി.ജെ.പി.-യുടെ തിരഞ്ഞെടുപ്പ് രാഷ്ട്രീയ സമ്മർദവും പ്രേരണയും ആർക്കും മനസ്സിലാകും. എന്നാൽ അതിന് നൽകേണ്ടിവരുന്ന വില രാജ്യത്തിന്റെ സാമ്പത്തിക ഫെഡറൽ സന്തുലിതാവസ്ഥയുടെ തകർച്ചയാണെന്ന് നിങ്ങൾ ഓർമ്മിക്കണം. ഒരു ലോക്സഭാ സീറ്റും മന്ത്രി പദവിയും വികസനത്തിന്റെയും നിക്ഷേപത്തിന്റെയും വളർച്ചയുടെയും ദിനങ്ങളെക്കുറിച്ചുള്ള വാഗ്ദാനവും പ്രതീക്ഷയും നൽകി ബി.ജെ.പി. കേരള ജനതയെ എങ്ങനെ കബളിപ്പിച്ചു എന്നതിന്റെ ഉദാഹരണം കൂടിയാണ് ഈ കേന്ദ്ര ബജറ്റ്. കേരളത്തിന്റെ ന്യായമായ ആവശ്യങ്ങൾപോലും കേന്ദ്രം അവഗണിച്ചിരിക്കുകയാണ്. വയനാട് ദുരന്തത്തിന്റെ ഇരകളോടുള്ള മനുഷ്യത്വ ഹീനമായ ക്രൂരത ബി.ജെ.പി. രാഷ്ട്രത്തിന്റെ മുഖമുദ്രയാണെന്ന് ഒരിക്കൽക്കൂടി ഈ ബജറ്റ് നമ്മെ

ബോധ്യപ്പെടുത്തുന്നു. കോർപ്പറേറ്റുകളുടേയും അതിസമ്പന്നരുടേയും സംരക്ഷകർ മാത്രമാണ് തങ്ങളെന്നും അധികാരം നിലനിർത്താൻ ജനാധിപത്യം, ഫെഡറലിസം തുടങ്ങിയ രാഷ്ട്രീയ മൂല്യങ്ങൾ അട്ടിമറിച്ച് ഏതറ്റം വരെ പോകാനും മടിയില്ലെന്നുമുള്ള പ്രഖ്യാപിക്കൽ കൂടിയാണ് മോദി സർക്കാരിന്റെ ഈ ബജറ്റ്. ഇക്കാര്യങ്ങൾക്ക് അടിവരയിടുന്നതാണ് കേരളത്തിൽ നിന്നുള്ള രണ്ട് കേന്ദ്രമന്ത്രിമാരുടെ ചില പ്രസ്താവനകൾ. രണ്ട് ദിവസങ്ങളിലായി കേന്ദ്രമന്ത്രിമാർ നടത്തിയ പ്രസ്താവനകളെ കേരളം എത്ര ആശങ്കയോടുകൂടിയാണ് കേട്ടിരുന്നതെന്ന് ഓർക്കണം. ഇതിലൊരു കേന്ദ്രമന്ത്രി പ്രതിനിധാനം ചെയ്യുന്ന ലോക്സഭാ മണ്ഡലം ഉൾപ്പെടുന്ന ജില്ലയിലെ ഒരു വ്യക്തിയാണ് ഞാൻ. ടി ജില്ലയിൽനിന്നും കേന്ദ്രമന്ത്രി സ്ഥാനത്തെത്തിയ ഒരാളുടെ വാക്കുകളെക്കുറിച്ച് ഓർക്കുമ്പോൾ ഞാൻ ലജ്ജിക്കുകയാണ്. കാരണം, ഒരിക്കലും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന സംസ്ഥാനത്തിന്റെ വിഷയങ്ങളിന്മേൽ അത്തരത്തിലൊരു പ്രതികരണമുണ്ടാകാൻ പാടില്ലായിരുന്നു. കേരളം പിന്നാക്കാവസ്ഥയിലാണെന്ന് പ്രഖ്യാപിക്കണമെന്നാണ് അദ്ദേഹം

പറഞ്ഞത്. കേന്ദ്രസഹായം ലഭിക്കണമെങ്കിൽ എല്ലാ അർഥത്തിലും കേരളം പിന്നാക്കാവസ്ഥ അംഗീകരിച്ചുകൊടുക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഒരു സംസ്ഥാനത്തിന്റെ നേട്ടങ്ങൾ മറച്ചുവച്ചുകൊണ്ട് യാതൊന്നും നേടിയിട്ടില്ലെന്ന രീതിയിൽ കേന്ദ്രത്തിന് മുന്നിൽ അടിയറവ് പറയണമെന്നാണ് കേന്ദ്രമന്ത്രി ആവശ്യപ്പെട്ടിരിക്കുന്നത്. റോഡുകളുടെ കാര്യം പരിശോധിക്കുകയാണെങ്കിൽ, 2016 മുതലുള്ള ഇടതുപക്ഷ സർക്കാരിന്റെ കാലയളവ് മാത്രം കണക്കിലെടുത്താൽ, അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നാളിതുവരെയുണ്ടായിട്ടുള്ളതിന്റെ ഏറ്റവും വലിയ വികസനക്കുതിപ്പാണ് റോഡുകളുടേയും പാലങ്ങളുടേയും കാര്യത്തിൽ കേരളത്തിലുണ്ടായതെന്ന കാര്യം ആർക്കാണറിയാത്തത്; പഴയ രീതിയിലുള്ള റോഡുകളിലൂടെയാണോ കേന്ദ്രമന്ത്രി ഇപ്പോൾ കേരളത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്? ഇവിടെ നടക്കുന്ന വികസന പ്രവർത്തനങ്ങളെ എന്തുകൊണ്ടാണ് അദ്ദേഹത്തിന് അംഗീകരിക്കാൻ കഴിയാത്തത്? അദ്ദേഹത്തിന്റെ രീതി ഒരിക്കലും ഒരു കേന്ദ്രമന്ത്രിക്ക് യോജിച്ചതല്ല. കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ പിന്നാക്കമാണെന്ന് അംഗീകരിക്കണമെന്നാണ്

അദ്ദേഹം പറയുന്നത്. വിദ്യാഭ്യാസ മേഖലയിൽ കേരളത്തിൽ നടക്കുന്ന നവീകരണപ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസന മേഖലയിലുണ്ടായിട്ടുള്ള പുരോഗതിയും എടുത്തുപറയേണ്ടതാണ്. 2016 മുതൽ നാളിതുവരെ എത്രകോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയിട്ടുള്ളതെന്ന് മനസ്സിലാക്കണം. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, വിദ്യാകിരണം പദ്ധതി എന്നിങ്ങനെയുള്ള ബജറ്റ് പ്രഖ്യാപനങ്ങൾ യാഥാർഥ്യമാകുകയാണ്. ഇതെല്ലാം കേന്ദ്രമന്ത്രി അറിയാതെ സംഭവിക്കുന്നതാണോ? പൊതുവിദ്യാഭ്യാസ മേഖല മാത്രമല്ല ഉന്നത വിദ്യാഭ്യാസ മേഖലയും ഇതിലുൾപ്പെടുന്നു. ബഹു. ഗവർണ്ണറെ കൊണ്ടുവന്ന് ഇവിടത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ തകർക്കാൻ സകല പണികളും നോക്കിയിട്ടും കേരളം തകരാതെ പിടിച്ചുനിന്നതിന്റെ പ്രതികാരം തീർക്കുന്ന തരത്തിലാണ്, വിദ്യാഭ്യാസ മേഖലയിൽ കേരളം പിന്നാക്കമാണെന്ന് സ്വയം പ്രഖ്യാപിക്കണമെന്നുള്ള തീട്ടൂരം കേന്ദ്രമന്ത്രി കേരളത്തിന് നൽകുന്നതെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. കൂടാതെ സാമൂഹികമായി നാം

പിന്നാക്കാവസ്ഥയിലാണെന്നതും അംഗീകരിക്കണമെന്നാണ് പറയുന്നത്. കേരളം സാമൂഹികമായി പിന്നാക്കമാണെന്ന് അംഗീകരിച്ചാൽ പിന്നെ ഇന്ത്യയിലെ ഏത് സംസ്ഥാനമാണ് സാമൂഹികമായി പിന്നാക്കമുള്ളത്. സ്വാമി വിവേകാനന്ദൻ ഇപ്പോൾ ജീവിച്ചിരുന്നെങ്കിൽ അദ്ദേഹം കേരളത്തെക്കുറിച്ച് എന്തുപറയുമായിരുന്നുവെന്ന് ശ്രീ. സി. ആർ. മഹേഷ് സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ ജാതിക്കോമരങ്ങൾ നിറഞ്ഞാടിയിരുന്ന സമയത്താണ് കേരളത്തെ ഭ്രാന്താലയമെന്ന് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ചത്. നവോത്ഥാന നായകരുടേയും സാമൂഹിക പരിഷ്കർത്താക്കളുടേയും പ്രവർത്തനത്തിന്റെ ഫലമായി നമ്മുടെ മനസ്സിൽ നിന്ന് അത്തരത്തിലുള്ള ജാതി ചിന്തകളുടെ ഇരുട്ട് മാറി വെളിച്ചമെത്തിയത് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി അറിയുന്നില്ലേ; മരണപ്പെട്ടാൽ കുഴിച്ചിടാൻ ആറടി മണ്ണുപോലും അവകാശപ്പെടാനില്ലായിരുന്ന ജനങ്ങൾക്ക് ഇന്ന് സ്വന്തമായി വീട് നൽകിയ ഇടതുപക്ഷത്തിന്റെ ഒന്നാം മന്ത്രിസഭ മുതലുള്ള പ്രവർത്തനങ്ങൾ കേന്ദ്രമന്ത്രി അറിയുന്നില്ലേ? പണ്ട് ജാതിയിൽ താഴെയെന്ന് മുദ്രകുത്തി അക്ഷരാഭ്യാസം അനുഭവിക്കാൻ അവകാശമില്ലാതിരുന്ന ഒരുകൂട്ടം

ജനങ്ങളെ അക്ഷരത്തിന്റെ വെളിച്ചത്തിലേയ്ക്ക് നയിക്കാൻ ശ്രീനാരായണഗുരുവിന്റെയും അയ്യങ്കാളിയുടേയും മറ്റ് നവോത്ഥാന നായകരുടേയും സാമൂഹിക പരിഷ്കർത്താക്കളുടേയും പരിശ്രമമുണ്ടായിരുന്നെന്നും ആയതിന്റെ ഫലമായാണ് ഇന്ന് അക്ഷരത്തിന്റെ അറിവ് ഞാനുൾപ്പെടെയുള്ള സമൂഹത്തിന് ലഭിച്ചതെന്നും കേന്ദ്രമന്ത്രിക്ക് അറിയില്ലേ? അവരുടെ മനസ്സിന്റെയുള്ളിൽ ഇപ്പോഴും അധമവികാരം തഴച്ച് വളർന്നുകൊണ്ടിരിക്കുകയാണ്. മറ്റൊരു കേന്ദ്രമന്ത്രിയുടെ പ്രസ്താവനയും ഇതേ രീതിയിലുള്ളതാണ്. ഗോത്രവർഗത്തിന്റെ വകുപ്പുകൾ ഉന്നതകുലജാതർക്ക് കൈമാറണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഇന്ത്യയിലെ ഉന്നതകുലജാതർ ആരാണെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഇവിടെ എല്ലാവരും സമന്മാരാണ്. ഇന്ത്യയെന്ന ജനാധിപത്യരാജ്യത്ത് ആരാണ് ഉന്നതകുലജാതർ; ഉന്നതകുലത്തിൽ ജനിച്ചവർക്കുമാത്രമേ ഭരിക്കാനറിയാവൂ എന്നുണ്ടോ; അവർക്കുമാത്രമേ അതിനുള്ള അറിവുള്ളൂ എന്നുണ്ടോ? ഇപ്പോഴും സവർണ്ണ മനോഭാവവുമായി നടക്കുന്ന മേലാളന്മാരുടെ വാക്കുകൾ കേരളത്തിലുള്ളവർ പുച്ഛിച്ചുതള്ളുകയാണ്. ഒരു ഉന്നതകുലജാതനും

ഇവിടെയില്ല; എല്ലാവരും സമന്മാരാണ്; ഭരണഘടനയാണ് ഞങ്ങളെ മുന്നോട്ട് നയിക്കുന്നത്. ഭരണഘടനയിൽ എല്ലാവരും സമന്മാരാണ്. ഭരണഘടന എഴുതിയതാരാണെന്നും ഭരണഘടനാ അസംബ്ലിയിലുണ്ടായിരുന്ന ദാക്ഷായണി വേലായുധൻ ആരാണെന്നും നമ്മൾ മറന്നുപോകരുത്. ഈ ഭരണഘടനയാണ് ഞങ്ങളെ മുന്നോട്ടുനയിക്കുന്നത്. ഭരണഘടനയിൽ ഉന്നതകുലജാതരില്ല. സംവരണാനുകൂല്യം മാറ്റണമെന്ന് ചിലർ വാദിക്കാറുണ്ട്. സംവരണ വിഭാഗക്കാർക്ക് യാതൊന്നും അറിയില്ലെന്നാണോ; ഞങ്ങൾക്ക് വിദ്യാഭ്യാസം ലഭിച്ചിട്ടുണ്ട്. അയ്യങ്കാളിയുടെയും ശ്രീനാരായണഗുരുവിന്റെയും മറ്റ് സാമൂഹിക പരിഷ്കർത്താക്കളുടെയും പ്രവർത്തനത്തിന്റെ ഫലമായി ഞങ്ങളുടെ തലമുറകൾക്ക് വിദ്യാഭ്യാസം ലഭിച്ചിട്ടുണ്ട്. ഭരണഘടനയും ഇവിടത്തെ മറ്റ് നിയമങ്ങളും പഠിക്കാനുള്ള കഴിവും ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. തങ്ങൾ മാത്രമാണ് ഭരിക്കാൻ യോഗ്യരെന്ന് പറയാൻ ആർക്കാണിവിടെ അവകാശമുള്ളത്? അത്തരത്തിലുള്ള പ്രസ്താവനകൾ പൂർണ്ണമായും പിൻവലിച്ച് കേന്ദ്രമന്ത്രിമാർ നാടിനോട് മാപ്പ് പറയണം.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്.

ശ്രീമതി സി. കെ. ആശ: സർ, ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് പ്രസംഗം അവസാനിപ്പിക്കാം. കേന്ദ്രബജറ്റ് എങ്ങനെയുള്ളതായാലും കേരളത്തിലെ ബജറ്റ് പ്രതീക്ഷാനിർഭരമാണ്. ശ്രീ. സി. ആർ. മഹേഷ് പറഞ്ഞതുപോലെയൊന്നുമല്ല, ഉദിച്ച് നിൽക്കുന്ന സൂര്യനെ നിങ്ങൾ പാഴ്മുറം കൊണ്ട് മറയ്ക്കുന്നതുപോലെയാണ് കേരളത്തിലെ ബജറ്റിനെക്കുറിച്ച് പറയുന്നത്. നവകേരള സദസ്സിന്റെ ഭാഗമായി അനുവദിക്കുന്ന ഏഴ് കോടി രൂപയുടെ പദ്ധതികളിൽ പക്ഷഭേദം കാണിക്കരുതെന്നാണ് ശ്രീ. സി. ആർ. മഹേഷ് പറഞ്ഞത്. പക്ഷേ നിങ്ങൾ ഒരുകാര്യം മനസ്സിലാക്കണം, ഞങ്ങളെല്ലാം നവകേരള സദസ്സിനെ വിജയിപ്പിക്കാൻ ശ്രമിക്കുമ്പോൾ അത് തകർക്കാനല്ലേ നിങ്ങൾ ശ്രമിച്ചത്. വിഹിതം അനുവദിക്കുന്നതിൽ പക്ഷഭേദം പാടില്ലെന്ന് പറയാൻ നിങ്ങൾക്ക് എന്ത് അർഹതയാണുള്ളത്? ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ പണ്ടും ഉണ്ടായിരുന്നു. നിങ്ങളുടെ ഭരണകാലത്ത് ഞങ്ങൾക്ക് അഞ്ചുകോടി രൂപ മാത്രം കിട്ടുമ്പോൾ മുന്നൂറ്റി അറുപത് കോടി രൂപവരെ കിട്ടിയ മണ്ഡലങ്ങൾ

കോട്ടയം ജില്ലയിൽ തന്നെയുണ്ടെന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ട് ഇപ്പോൾ മാത്രമല്ല പക്ഷഭേദമുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. അതുപോലെതന്നെ വൈക്കത്തിന് ബജറ്റിൽ നൽകിയ പിന്തുണയ്ക്ക് ഞാൻ പൂർണ്ണമായും നന്ദി അറിയിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എന്റെ നിയോജകമണ്ഡലത്തിലെ മാക്കേക്കടവ്-നേരേകടവ് പാലം നിർമ്മാണത്തിനുവേണ്ടി നൂറ് കോടി രൂപ നേരത്തെ അനുവദിച്ചിരുന്നു. ഇപ്പോൾ 43 കോടി രൂപ അധികം അനുവദിച്ച് അതിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടക്കുന്ന സന്ദർഭത്തിൽ നേരേകടവ് മുതൽ ഉദയനാപുരം വരെയുള്ള റോഡിന് വീതി കൂട്ടേണ്ടത് അത്യാവശ്യമാണ്. അതുകൂടി ഈ ബജറ്റിന്റെ ഭാഗമായി പരിഗണിക്കണമെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ബജറ്റിലും ഈ ബജറ്റിലുമുണ്ടായ പ്രഖ്യാപനങ്ങളിൽ സർക്കാർ ആത്മാർഥതയോടെ അടിയന്തര നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർഥിക്കുന്നു. സ്കൂൾ പാചക

തൊഴിലാളികളുടെ വിഷയംകൂടി പറയാൻ ഞാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ സബ്മിഷന്റെ മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി വളരെ വിശദമായി ഇക്കാര്യത്തിൽ മറുപടി പറഞ്ഞു. കേന്ദ്ര വിഹിതം നമുക്ക് ലഭിക്കുന്നില്ലെങ്കിലും അതത് മാസങ്ങളിൽ അവർക്ക് കൃത്യമായി ശമ്പളം ലഭിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തണമെന്നുകൂടി അഭ്യർഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ബജറ്റിനെ ശക്തിയുക്തം എതിർക്കുന്നു. കേരളത്തിന് നിരാശ നൽകിയതിനോടൊപ്പം കാസർഗോഡ് ജില്ലയോട് അതീവ അവഗണന കാണിച്ചൊരു ബജറ്റാണിത്. കാസർഗോഡിനോട് കാണിക്കുന്ന അനീതിക്കെതിരെ പ്രശസ്ത കന്നഡ മഹാകവി കയ്യാർ കിഞ്ഞണ്ണറൈ അമ്പതു വർഷങ്ങൾക്കുമുമ്പ് എഴുതിയ പ്രശസ്തമായ ഒരു കവിതയുണ്ട്.

"ബെങ്കി ബിദ്ധിദെ മനെഗ
ഓ ബേഗ ബന്നി
എല്ലരു എദ്ദെദ്ദു ഓഡീ ബന്നി
കന്നഡദ ഗഡി കായെ
ഗുഡി കായെ
നുടി കായെ
കായലാരെനു സായെ"

കേന്ദ്ര ഗവൺമെന്റ് ബജറ്റ് അവതരിപ്പിച്ച സമയത്ത് ബഹുമാന്യനായ കേരളത്തിന്റെ മുഖ്യമന്ത്രി മീഡിയകൾക്ക് മുമ്പിൽ ചോദിച്ചത് കേരളം ഇന്ത്യയിൽപ്പെട്ടതല്ലേയെന്നാണ്. കാസർഗോഡും മഞ്ചേശ്വരവും കേരളത്തിന്റെ ഭാഗമല്ലേയെന്ന് ബഹു. ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കാൻ ഞാൻ ആഗ്രഹിച്ചുപോകുകയാണ്. ഫാസിസത്തോട് ശക്തമായി പടപൊരുതുന്ന മണ്ഡലമാണ് മഞ്ചേശ്വരം. കേന്ദ്രത്തിന്റെ അവഗണനയെക്കുറിച്ചും യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം ഒന്നിച്ചു നിൽക്കേണ്ട ആവശ്യകതയെക്കുറിച്ചും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സഭയിൽ എപ്പോഴും പരാമർശിക്കും. ഈ ബജറ്റിൽ ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗം തുടങ്ങിയതുമുതൽ അവസാനിക്കുന്നതുവരെ കൊതിയോടുകൂടി കാത്തുനിന്നത് കാസർഗോഡിന്റെ പേര് ഒരു പ്രാവശ്യമെങ്കിലും ഉച്ചരിക്കുമോയെന്ന് അറിയാനായിരുന്നു. കഴിഞ്ഞ മൂന്ന് ബജറ്റുകളിലും അദ്ദേഹം കുട്ടനാട് പാക്കേജും ഇടുക്കി പാക്കേജും പറയുന്ന കൂട്ടത്തിൽ കാസർഗോഡ് പാക്കേജിന്റെ പേരെങ്കിലും പറയുമായിരുന്നു, ഇപ്രാവശ്യം അതുമില്ലാതായി.

ബഹുമാന്യനായ രമേശ് ചെന്നിത്തല കാൽനട യാത്ര നടത്തി ഉമ്മൻ ചാണ്ടി ഗവൺമെന്റിന് സമർപ്പിച്ച ഒരു പദ്ധതിയാണ് കാസർഗോഡ് പാക്കേജ്. അതിന്മേൽ ലഭിച്ച ഫണ്ടാണ് ഞങ്ങൾ അഞ്ച് എം.എൽ.എ.-മാർ സ്കൂളുകൾക്കും വികസന ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നത്. യു.ഡി.എഫ്. പ്രഖ്യാപിച്ച കാസർഗോഡ് മെഡിക്കൽ കോളേജിന് ഒരു ചില്ലിക്കാശുപോലും നീക്കിവയ്ക്കാത്ത ബജറ്റാണിത്. എൻഡോസൾഫാൻ ദുരിതബാധിതരുടെ ദയനീയാവസ്ഥയും ധാരാളം ആളുകൾ അതുമൂലം മരിക്കുന്നുണ്ടെന്നതും എല്ലാവർക്കും അറിയാം. പക്ഷേ എൻഡോസൾഫാൻ ദുരിതബാധിതർക്കായി പതിനേഴ് കോടി രൂപ നീക്കിവച്ചുയെന്നല്ലാതെ അവരെ ആശ്വസിപ്പിക്കുന്ന, ചേർത്തുനിർത്തുന്ന ഒരുപദ്ധതിപോലും ഈ ബജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. എന്റെ ജില്ലയിലെ എൻഡോസൾഫാൻ രോഗികളുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായുള്ള സെല്ലിന്റെ മീറ്റിങ് വിളിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞുവെന്നത് ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തുകയാണ്. അതിനാൽ ഈ മീറ്റിങ് വിളിച്ചുചേർക്കാൻ അങ്ങ് ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്.

കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ ആരംഭിക്കുന്ന ദേശീയപാതയെക്കുറിച്ച് ബഹുമാന്യരായ മുഖ്യമന്ത്രിയും മന്ത്രിമാരും എപ്പോഴും അഭിമാനത്തോടുകൂടി പറയാറുണ്ട്. ഞങ്ങൾ ഈ സഭയിൽ ഹൈവേ ആരുടേതെന്ന് ചോദിക്കുമ്പോൾ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലെ ഏറ്റവും മികച്ച നേട്ടമാണെന്നാണ് നിങ്ങൾ പറയുന്നത്. പക്ഷേ ദേശീയപാതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഒരു ഇടപെടലും ഇതുവരെയുണ്ടായിട്ടില്ല. കേരളത്തിന്റെ ഭൂപടത്തിൽ ഒരു സ്ഥലത്തും ഒന്നാം നിലയിൽ ഒരു താലൂക്ക് ഓഫീസുണ്ടാകില്ല. മഞ്ചേശ്വരം താലൂക്കിലെ മിനി സിവിൽ സ്റ്റേഷന് ഫണ്ട് നീക്കിവയ്ക്കണമെന്ന് ഞാൻ എന്റെ കന്നി പ്രസംഗം മുതൽ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് നൂറോളം പ്രാവശ്യം ബഹുമാന്യരായ മുഖ്യമന്ത്രിയെയും മന്ത്രിമാരെയും സമീപിച്ചിട്ടുണ്ട്. തഹസീൽദാർ താഴെയിറങ്ങിവന്ന് എൻഡോസൾഫാൻ രോഗികളുടെ പരാതികൾ സ്വീകരിക്കേണ്ട ഗതികേടാണ് നിലവിലുള്ളത്. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ ഇതുസംബന്ധിച്ച് പരാതി നൽകിയിരിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മഞ്ചേശ്വരം-കുമ്പള പൊലീസ് സ്റ്റേഷൻ വിഭജിച്ച് ഒരു പൊലീസ് സ്റ്റേഷൻകൂടി അനുവദിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടിട്ടും ഇതുവരെയും ലഭിച്ചിട്ടില്ല. ഒരു മാസംമുമ്പ് ആക്സിഡന്റിൽ മരിച്ച ബായാർപദവിലെ മുഹമ്മദ് ആസിഫിന്റെ കുടുംബം പ്രസ്തുത മരണം കൊലപാതകമാണെന്ന് ബഹു. മുഖ്യമന്ത്രി, മന്ത്രി, ഡി.ജി.പി. എന്നിവരോടെല്ലാം സംശയം പ്രകടിപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ഒരു ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് സമരം നടന്നുകൊണ്ടിരിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ബി.ജെ.പി.-ക്ക് എതിരാണെന്നും കേന്ദ്രം സംസ്ഥാനത്തെ അവഗണിക്കുന്നുവെന്നും എപ്പോഴും പറയുന്ന നിങ്ങൾക്ക് മതേതര കേരളത്തിന്റെ അഭിമാനം ഓരോ നിയമസഭയിലും കാത്തുസൂക്ഷിക്കുന്നതും മതേതരത്വത്തിന്റെ മികച്ച മെസ്സേജ് നൽകുന്നതുമായ മേഖലയെ ചേർത്തുനിർത്തേണ്ട ബാധ്യതയില്ലേ? 'മരത തഡ്യെ പൊണക തരെ ദെരെത്ത് ത്തുവോഡുഗെ' എന്ന് എന്റെ നാട്ടിൽ തുളു ഭാഷയിൽ സാധാരണയായി പറയാറുണ്ട്. അതുപോലെയാണ് ഈ ബജറ്റിൽ എപ്പോഴും

ഞങ്ങളോട് കാണിച്ചുകൊണ്ടിരിക്കുന്നത്. എന്റെ നാട്ടുകാർ മൂന്ന് ബജറ്റാണ് വീക്ഷിക്കാറുള്ളത്. ഒന്ന്, കേന്ദ്ര ബജറ്റ്; രണ്ട്, കേരള ബജറ്റ്; മൂന്ന്, കർണ്ണാടകയിലെ ശ്രീ. സിദ്ധരാമയ്യയുടെ ബജറ്റ്. നമ്മുടെ തൊട്ടടുത്ത സംസ്ഥാനത്ത് ബി.ജെ.പി.-ക്കെതിരെ നെഞ്ചുവിരിച്ച് പടപൊരുതുന്ന ശ്രീ. ഡി. കെ. ശിവകുമാർ എത്ര മനോഹരമായാണ് അവിടത്തെ ജനതയെ കൊണ്ടുപോകുന്നത്. അതുകൊണ്ട് കാസർഗോഡിനെയും മഞ്ചേശ്വരത്തെയും പ്രത്യേക രീതിയിൽ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ബജറ്റിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

12.00 noon]

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഈ ബജറ്റ് നിർദ്ദേശങ്ങളെ എതിർക്കുന്നു. സാധാരണക്കാരെ പൂർണ്ണമായും മറന്നുകൊണ്ടുള്ള ബജറ്റാണ് ഗവൺമെന്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ക്ഷേമ പെൻഷൻ, ആശാ-അങ്കണവാടി വർക്കർമാരുടെ വേതനം എന്നിവയിലെ വർധനവോ തൊഴിലുറപ്പ് തൊഴിലാളികളുടെ സംരക്ഷണത്തിനുള്ള പദ്ധതികളോ ഈ ബജറ്റിൽ പരാമർശിച്ചിട്ടില്ല. ഭൂനികുതി, കോടതി ഫീസ് എന്നിവ വർധിപ്പിച്ചതടക്കമുള്ള

കാര്യങ്ങൾ പരിശോധിച്ചാൽ എത്രമാത്രം ജനവിരുദ്ധമാണ് ഈ ബജറ്റ് എന്ന് കാണാൻ കഴിയും. അങ്ങ് കഴിഞ്ഞ പ്രാവശ്യത്തെപോലെ ഇത്തവണയും റബ്ബറിന്റെ അടിസ്ഥാനവിലയിൽ പത്ത് രൂപയാണ് വർധിപ്പിച്ചിട്ടുള്ളത്. ഇത് ആരുടെ കണ്ണിൽ പൊടിയിടാനാണ്. ഇതിലൂടെ കർഷകർക്ക് എന്ത് പ്രയോജനമാണ് ലഭിക്കുന്നതെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ? ഉൽപാദന ചെലവുകൾക്കനുസൃതമായും മറ്റ് ചെലവുകൾ കണക്കാക്കിയും റബറിന്റെ അടിസ്ഥാനവില 250 രൂപയായെങ്കിലും നിർണ്ണയിക്കപ്പെടേണ്ടതാണ്. ഇക്കാര്യം ഇടതുമുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ളതാണ്. മാത്രമല്ല, ഈ സർക്കാരിന്റെ അവസാന സമ്പൂർണ്ണ ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതിൽപോലും കർഷകരെ സംരക്ഷിക്കാനോ, അവരെ ചേർത്ത് നിർത്താനോ കഴിയുന്ന രീതിയിലുള്ള യാതൊരു പ്രഖ്യാപനവുമില്ല. അതുകൊണ്ട് പൊള്ളയായ പ്രഖ്യാപനങ്ങളിലൂടെ മുന്നോട്ടുപോകുന്ന ബജറ്റെന്ന നിലയിൽമാത്രമെ ഇതിനെ കാണാൻ സാധിക്കുകയുള്ളൂ. സമയക്കുറവുമൂലം മറ്റ് വിഷയങ്ങളിലേക്കൊന്നും കടക്കുന്നില്ല. ബജറ്റിൽ എല്ലാ നിയോജകമണ്ഡലങ്ങളുടെയും കാര്യത്തിൽ

നീതിയുക്തമായ സമീപനമുണ്ടാകണം. ഇവിടെ ചൂണ്ടിക്കാട്ടിയതുപോലെ ഭരണകക്ഷി എം.എൽ.എ.-മാർക്ക് കൂടുതൽ ഫണ്ടും പ്രതിപക്ഷ എം.എൽ.എ.-മാർക്ക് കുറഞ്ഞ ഫണ്ടും അനുവദിക്കുന്നത് പൂർണ്ണമായ വിവേചനമാണ്. ഒരിക്കലും അങ്ങയുടെ ഭാഗത്തുനിന്നും അങ്ങനെയുണ്ടാകാൻ പാടില്ല. എന്റെ നിയോജകമണ്ഡലത്തിൽ അഞ്ച് പഞ്ചായത്തുകളിലെ ഗ്രാമീണ റോഡുകൾക്കായി ഒരു രൂപപോലും ബജറ്റിൽ വകയിരുത്തിയിട്ടില്ല; അതിൽ എന്ത് ന്യായീകരണമാണ് അങ്ങേയ്ക്ക് പറയാനുള്ളത്? അങ്ങ് പറഞ്ഞതനുസരിച്ച് ഞാൻ ഉൾപ്പെടെയുള്ള സാമാജികർ 30 റോഡുകളുടെ ലിസ്റ്റ് നൽകിയില്ലേ? ഇത്തരത്തിലുള്ള ഭരണ-പ്രതിപക്ഷ വിവേചനം ഒരു കാരണവശാലും കാണിക്കാൻ പാടില്ല. ഇക്കാര്യത്തിൽ നീതിയുക്തമായ സമീപനമുണ്ടാകണം. ഇതെല്ലാം നികുതി പണമാണല്ലോ; ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചതുപോലെ മറ്റെവിടെനിന്നെങ്കിലും എടുത്തുകൊണ്ടുവരുന്ന പണമല്ലല്ലോ? അത് 140 നിയോജകമണ്ഡലത്തിലേക്കും തുല്യമായി അനുവദിക്കാനുള്ള ഉത്തരവാദിത്വം ബഹുമാനപ്പെട്ട മന്ത്രിക്കുണ്ട്. അങ്ങ് സംസ്ഥാനത്തിന്റെ ധനകാര്യ

വകുപ്പുമന്ത്രിയാണെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട പ്രവൃത്തികളുടെ ലിസ്റ്റ് നൽകിയിട്ടുണ്ട്; അത് പരിഗണിക്കണമെന്ന് അഭ്യർഥിക്കുന്നു. എല്ലാ പ്രാവശ്യവും ചട്ടപ്രകാരം 4 മുതൽ 6 കോടി രൂപവരെ ഇതിനായി വകയിരുത്താറുണ്ട്. പക്ഷേ, അതുകൊണ്ട് യാതൊരു കാര്യവുമില്ല. പ്രധാനപ്പെട്ട പ്രോജക്ടുകൾ അവഗണിക്കപ്പെടുകയാണ്. ടി പ്രവൃത്തികൾ നടപ്പിലാക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. അതോടൊപ്പംതന്നെ കിഫ്ബി മുഖാന്തരം നടപ്പാക്കുന്ന പല പ്രവൃത്തികളും പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. കഴിഞ്ഞ ദിവസം അതിനെക്കുറിച്ച് ചർച്ച ചെയ്തതാണ്. കിഫ്ബിയിലൂടെ 5 വർഷംകൊണ്ട് അവസാനിക്കുമെന്ന് പ്രഖ്യാപിച്ച പ്രവൃത്തികൾ 10 വർഷത്തോടടുക്കുമ്പോഴും പൂർത്തീകരിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. കിഫ്ബിയെക്കുറിച്ചുള്ള ഗവൺമെന്റിന്റെ കണക്കുകൂട്ടൽ പൂർണ്ണമായി തെറ്റിയിരിക്കുന്നു. ഇന്നലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയിൽ കിഫ്ബി റോഡുകൾക്ക് ടോൾ

ഏർപ്പെടുത്തുമോ ഇല്ലയോ എന്ന വാർത്ത സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമായ മറുപടി നൽകിയില്ല. അതുസംബന്ധിച്ച് ഗവൺമെന്റിന്റെ നയമെന്താണെന്ന് മറുപടി പ്രസംഗത്തിൽ വ്യക്തമാക്കണം.

12.02 p.m]

VII നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

ലഹരി വ്യാപനം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, "സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ചർച്ചയിൽ പങ്കെടുക്കുന്ന അംഗങ്ങൾ സമയകൃത്യത പാലിക്കണം. യാതൊരു കാരണവശാലും 10 സെക്കന്റ് പോലും ആർക്കും അധികമായി അനുവദിക്കുന്നതല്ല. എല്ലാവരും ചെയറുമായി സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അസുഖബാധിതയായി സഹോദരിയുടെ വീട്ടിൽ കഴിയുകയായിരുന്ന 52 വയസ്സുള്ള സുബൈദയെ കാണാനാണ് 25 വയസ്സുള്ള മകൻ മുഹമ്മദ് ആഷിഖ് എത്തിയത്. ഉമ്മയോടൊപ്പം

സന്തോഷവാനായി ചിരിച്ച് ഉല്ലസിച്ചുനിൽക്കുന്ന ആഷിഖിന്റെ ഫോട്ടോയ്ക്ക് അധികം പഴക്കമൊന്നുമില്ല. പിതാവ് ഉപേക്ഷിച്ചുപോയതിനുശേഷം ഉമ്മയ്ക്ക് മകനും മകന് ഉമ്മയുമായിരുന്നു എല്ലാം. ഉമ്മയുടെ സഹോദരി വീട്ടിലില്ലാത്ത സമയത്ത് ആഷിഖ് അടുത്ത വീട്ടിൽ ചെന്ന് തേങ്ങ പൊതിക്കാൻ ഒരു കൊടുവാൾ ആവശ്യപ്പെട്ടു. തന്റെ പ്രിയപ്പെട്ട ഉമ്മയെ വീട്ടിലെ ഡൈനിങ് ഹാളിൽ വച്ച് കഴുത്തറുത്ത് കൊന്നതിനുശേഷം രക്തം പുരണ്ട കൈയുമായി നിൽക്കുന്ന ആഷിഖിനെയാണ് ഓടിയെത്തിയവർ പിന്നീട് കാണുന്നത്. തനിക്ക് ജന്മം നൽകിയതിനുള്ള ശിക്ഷയാണ് ഉമ്മയ്ക്ക് നൽകിയതെന്ന് ആ അരുംകൊലയ്ക്ക് കാരണമായി അയാൾ പറഞ്ഞതുകേട്ട് അവിടെ നിന്നവരെല്ലാം ഞെട്ടിപ്പോയി. ഇതൊരു സിനിമാക്കഥയല്ല. ഇത്ര വൈകാരികവും തീക്ഷ്ണവുമായ ഡയലോഗ് എഴുതാൻ എം. ടി. വാസുദേവൻ നായരോ, ലോഹിതദാസോ ഒരു നിമിഷം മടിക്കും. കാരണം, മാതാവ് എന്നത് കേവലം ഒരു വിളിപ്പേരല്ല. വാൽസല്യത്തിന്റെയും സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സഹനത്തിന്റെയും ആൾരൂപമാണ്. ആ ആൾരൂപത്തെയാണ് കോഴിക്കോട് താമരശ്ശേരിയിൽ അടിവാരത്ത്

നിഷ്കരുണം മകൻ കഴുത്തറുത്ത് കൊന്നത്. എം. ടി. വാസുദേവൻ നായരുടെ 'നാലുകെട്ട്' എന്ന നോവലിൽ തന്റെ പിതാവിന്റെ ഘാതകരോട് പ്രതികാരം ചെയ്യാൻ പകയുമായി വളരുന്ന അപ്പുണ്ണി എന്ന കഥാപാത്രത്തെ വരച്ചിടുന്നുണ്ട്. എന്നാൽ, അപ്പുണ്ണി വളർന്നപ്പോൾ ആ പക അവനോടൊപ്പം വളർന്നില്ല; അയാൾ മാനസാന്തരപ്പെട്ടു. ഇന്നായിരുന്നെങ്കിൽ അയാൾ മാനസാന്തരപ്പെടില്ലായിരുന്നു. കാരണം, ലഹരി മനുഷ്യമനസ്സുകളെ കീഴടക്കുന്ന കാലമാണിത്. രക്ഷാകർത്താക്കളെപോലും കഴുത്തറുത്തും ചവിട്ടിയും കൊല്ലുന്ന ലഹരിക്കടിമപ്പെട്ട മക്കളുടെ കാലമാണ്. താമരശ്ശേരിയിലേത് ഒറ്റപ്പെട്ട സംഭവമല്ല. ഒരു തലമുറയുടെ മസ്തിഷ്കത്തെ കാർന്നുതിന്നുന്ന വൈറസായി ലഹരി മാറുകയാണ്. ഇന്നലെ തൃശ്ശൂരിലെ കൊടുങ്ങല്ലൂരിൽ ലഹരി ഉപയോഗം ചോദ്യം ചെയ്തതിന് മകൻ അമ്മയുടെ കഴുത്തറുത്തു. ബഹു. പ്രതിപക്ഷ നേതാവിന്റെ മണ്ഡലമായ പറവൂർ ചേന്ദമംഗലത്ത് ഒരു വീട്ടിലെ അച്ഛനെയും അമ്മയെയും മകളെയും കൊച്ചുമക്കളുടെ മുന്നിലിട്ട് അയൽവാസിയായ ഋതുജയൻ അടിച്ചുകൊന്നു. ഇയാളും ലഹരിക്കടിമയായിരുന്നു. കോട്ടയത്ത് കാരിത്താസ് ആശുപത്രിക്ക്

സമീപം സിവിൽ പൊലീസ് ഓഫീസറായ ശ്യാമപ്രസാദിനെ കൊല ചെയ്ത കേസിലെ പ്രതി ജിബിൻ ജോർജ് ലഹരിക്കടിമയായിരുന്നു. പത്തനംതിട്ട വള്ളിക്കോട് ലഹരി വിൽപന ചോദ്യം ചെയ്ത യുവാവിനെയും കുടുംബത്തെയും ലഹരി മാഫിയ ആക്രമിച്ച വാർത്തയും ഈ അടുത്ത ദിവസങ്ങളിലാണ് നമ്മൾ വായിച്ചത്. എന്റെ നിയോജകമണ്ഡലമായ കുണ്ടറയിൽ ലഹരിക്കടിമയായ യുവാവ് അമ്മയെയും മുത്തച്ഛനെയും അടിച്ചുകൊന്നു. അമ്മ വീട്ടിലില്ലാതിരുന്ന സമയത്ത് മുത്തച്ഛനെ ചുറ്റിക കൊണ്ട് തലയ്ക്കടിച്ച് വീഴ്ത്തി. പിന്നീട് അമ്മ വന്നപ്പോൾ അവരെ മുറിയിലേക്ക് വലിച്ചുകൊണ്ടുപോയി ചുറ്റികകൊണ്ട് തലയ്ക്കടിച്ചുകൊന്നു. എന്നിട്ട് ഇയാൾ ആ മൃതദേഹത്തിന്റെ സമീപം ഇരുന്ന് മണിക്കൂറുകളോളം പാട്ട് കേൾക്കുകയും പിന്നീട് ഓംലെറ്റ് ഉണ്ടാക്കി കഴിക്കുകയും ചെയ്തുവെന്നാണ് പൊലീസുകാരോട് പറഞ്ഞത്. ഉച്ചയ്ക്കുശേഷം മൂന്നര മണിക്ക് കൊലപാതകം നടത്തിയിട്ട് രാത്രിയാകുംവരെ ആ വീട്ടിൽ അമ്മയുടെ മൃതശരീരത്തിനടുത്തിരുന്ന് പാട്ട് കേൾക്കുകയും പിന്നീട് അയാൾ മതിൽ ചാടി രക്ഷപ്പെടുകയുമാണ് ചെയ്തത്. കഴിഞ്ഞ ദിവസം കാശ്മീരിൽ നിന്ന് പൊലീസ് അറസ്റ്റ് ചെയ്യുമ്പോൾ അയാൾക്ക്

അശ്ശേഷം കുറ്റബോധമുണ്ടായിരുന്നില്ല. ഇയാൾ ഒന്നിലധികം രൂപത്തിലുള്ള മയക്കുമരുന്നിന് അടിമയായിരുന്നുവെന്നാണ് അറിയാൻ സാധിച്ചത്. അതായത്, ഗ്രാമപ്രദേശങ്ങളിൽപോലും പലതരം മയക്കുമരുന്നുകൾ സുലഭമായി ലഭിക്കുന്നുണ്ടെന്ന അപകടകരമായ യാഥാർഥ്യം സഭയുടെ മുന്നിൽ കൊണ്ടുവരികയാണ്. "അങ്കിളേ, ഞാൻ എന്റെ അച്ഛനെ കൊന്നു" കഴിഞ്ഞ ദിവസം പത്രത്തിൽ വന്ന ഒരു തലക്കെട്ടാണിത്. തിരുവനന്തപുരത്ത് വെള്ളറട കിളിയൂരിൽ അച്ഛനെ കൊന്നിട്ട് അച്ഛന്റെ സഹോദരനെ വിളിച്ച് എം.ബി.ബി.എസ്. വിദ്യാർഥിയായ മകൻ പ്രജിൻ ജോസ് പറയുന്നതാണിത്. ഇയാളും ലഹരിക്കടിമയായിരുന്നു. ഒരമ്മയുടെ വാക്കുകൾ മാധ്യമത്തിൽ വന്നത് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. "മകൻ പ്ലസ്ടു കാലം മുതലാണ് വഴിതെറ്റി തുടങ്ങിയത്. പ്ലസ്ടുവിന് പഠിക്കുന്ന സമയത്ത് ബാഗിൽനിന്നും ഒരു കുഞ്ഞു പൊതി ലഭിച്ചു. അതിൽ തരി പോലെയുള്ള വെള്ള പൊടിയായിരുന്നു. കെമിസ്ട്രി ലാബിൽ ഉപയോഗിക്കാൻ കൂട്ടുകാരൻ നൽകിയതാണെന്നാണ് അവൻ പറഞ്ഞത്. പിന്നീട് ബാഗിൽനിന്നും ഉണങ്ങിയ ഇലകൾ

ലഭിച്ചപ്പോഴാണ് സംശയം മുളപൊട്ടിയത്. തരക്കേടില്ലാത്ത മാർക്ക് വാങ്ങി പ്ലസ്ടു ജയിച്ചുവെങ്കിലും ബിരുദ പഠനത്തിനായി കോളേജിൽ ചേർന്നതിനുശേഷം കാര്യങ്ങൾ കൈവിട്ടു. അവന്റെ കണ്ണുകൾ ചത്ത മീനിനെ പോലെയാകുകയും പ്രസരിപ്പെല്ലാം എങ്ങോ മാഞ്ഞുപോകുകയും ചെയ്തു. വസ്ത്രധാരണം അലസമാകുകയും പണത്തിനുവേണ്ടി വീട്ടിൽ എന്നും അടിയുണ്ടാക്കുകയും വീട്ടിൽനിന്ന് മോഷ്ടിക്കാൻ തുടങ്ങുകയും ചെയ്തു. വൈകിട്ട് ജോലി കഴിഞ്ഞെത്തിയാൽ നാട്ടിലെയും വീട്ടിലെയും കോളേജിലെയും വിശേഷങ്ങൾ പങ്കുവച്ചിരുന്ന അവന് ഇപ്പോൾ അതിനൊന്നും താൽപര്യമില്ല. എന്തെങ്കിലും ചോദിച്ചാൽ ഒന്നോരണ്ടോ വാക്കിൽ മറുപടി പറയും. ഓരോ കാരണങ്ങൾ പറഞ്ഞ് അച്ഛന്റെയും അമ്മയുടെയും സഹോദരിയുടെയും കൈയിൽനിന്നും പണം വാങ്ങും. പണം കൊടുത്തില്ലെങ്കിൽ കാണുന്നതെല്ലാം തല്ലിപ്പൊട്ടിക്കും. ലഹരിക്കുവേണ്ടി ആരെയും കൊല്ലാൻപോലും മടിക്കില്ല. ലഹരി ഉള്ളിലാക്കിയാൽ ആരോട് എങ്ങനെ പെരുമാറുമെന്നുപോലും അറിയില്ല". ഒരമ്മ മാധ്യമങ്ങളോട് പറഞ്ഞ വാക്കുകളാണിത്.

സംസ്ഥാനത്ത് ലഹരിയുടെ ഉപയോഗംമൂലം കുറ്റകൃത്യങ്ങൾ

വർധിക്കുമ്പോൾ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ കൈവശം കൃത്യമായ കണക്കില്ല. ലഹരിക്ക് അടിമയായവരുൾപ്പെട്ട കൊലപാതക കേസുകളെയും അക്രമങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടപ്പോൾ ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ലെന്ന മറുപടിയാണ് ശ്രീ. ടി. സിദ്ദിഖ് എം.എൽ.എ.-യ്ക്ക് ഗവൺമെന്റിൽനിന്നും ലഭിച്ചത്. ലഹരിക്ക് അടിമയായവരുൾപ്പെട്ട കൊലപാതക കേസുകളെ സംബന്ധിച്ച പഠനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടത് അത്യാവശ്യമാണ്. NDPS ആക്ട് (The Narcotic Drugs and Psychotropic Substances Act) പ്രകാരമുള്ള കേസുകൾ പരിശോധിച്ചാൽ കേരളത്തിൽ ലഹരിയുടെ ഉപഭോഗം വർധിച്ചുവരുന്നതായി മനസ്സിലാക്കാൻ സാധിക്കും. 2016-ൽ 5924-ഉം 2017-ൽ 9244-ഉം 2021-ൽ 5695-ഉം 2022-ൽ 26619-ഉം 2023-ൽ 30697-ഉം 2024-ൽ 27530-ഉം കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. സ്കൂളിൽ പഠിക്കുന്ന കുട്ടികളിൽ ലഹരി ഉപഭോഗം വർധിക്കുന്നതായാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. 19 മാസത്തിനിടയിൽ 145 സ്ത്രീകളെയും 102 ആൺകുട്ടികളെയും പ്രതികളാക്കി എക്സൈസ് വകുപ്പ്

കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നും ഇവിടേയ്ക്ക് ലഹരിയെത്തിക്കുന്ന കണ്ണികൾ മുറിക്കാൻ സാധിക്കണം. കൊറിയറുകളിലൂടെ മാത്രമല്ല ഓൺലൈൻ സൈറ്റുകളിലൂടെയും ഡാർക്ക് വെബുകളിലൂടെയും ലഹരിയുടെ വ്യാപാരം നടക്കുകയാണ്. അതുകൊണ്ടുതന്നെ വളരെ സൂക്ഷ്മതയോടും ശാസ്ത്രീയമായും ജാഗ്രതയോടുമുള്ള പരിശോധനയിൽക്കൂടി മാത്രമേ മയക്കുമരുന്ന് വിതരണത്തിന്റെ പ്രഭവകേന്ദ്രം കണ്ടെത്താൻ സാധിക്കൂ. ലഹരി ഉപയോഗിക്കുന്നവർ മാത്രമല്ല ലഹരിയുടെ കാരിയർമാരാകുന്നത്. വിദ്യാർഥികളെയും കാരിയർമാരായി ഉപയോഗിക്കുന്നുണ്ട്. കാരണം, മയക്കുമരുന്ന് കച്ചവടത്തിന് പിന്നിൽ വലിയ സാമ്പത്തികലാഭമുണ്ട്. അതുകൊണ്ട് വിദ്യാർഥികളെയടക്കം ഇതിന്റെ കാരിയർമാരായി ഉപയോഗിക്കുകയാണ്. അതിർത്തി ചെക്ക്പോസ്റ്റുകളിലെ സർവയലൻസും പരിശോധനയും ശക്തമാക്കിയാൽ മാത്രമേ സംസ്ഥാനത്തിനകത്തേയ്ക്കുള്ള ലഹരി കടത്ത് തടയാൻ സാധിക്കുകയുള്ളൂ. എം.ഡി.എം.എ. പോലുള്ള ആധുനിക സിന്തറ്റിക് മയക്കുമരുന്നുകൾ കുറഞ്ഞ അളവിൽ ഉപയോഗിച്ചാലും ലഹരി വളരെ കൂടുതലായിരിക്കും. മാത്രമല്ല, മറ്റ്

ലഹരി വസ്തുക്കളുടെ ഗന്ധമൊന്നും ഇത്തരം രാസലഹരികൾക്കില്ലാത്തതിനാൽ മക്കൾ ഇതുപയോഗിക്കുന്നുണ്ടെന്ന് മാതാപിതാക്കൾക്കുപോലും അറിയാൻ സാധിക്കില്ല. എന്നാൽ, ഒരുഘട്ടം കഴിഞ്ഞ് ഗുരുതര മാനസികാരോഗ്യപ്രശ്നമായി മാറുന്ന അവസ്ഥയിലാണ് ഇത് തിരിച്ചറിയാൻ സാധിക്കുന്നത്. അപ്പോഴേയ്ക്കും ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ കഴിയാത്തവിധം അപകടകരമായ അവസ്ഥയിലേയ്ക്ക് ഈ കുട്ടികൾ മാറിയിട്ടുണ്ടാകും. നേരത്തെ സൂചിപ്പിച്ചതുപോലെ ഇതൊരു മാനസികാരോഗ്യപ്രശ്നമായി മാറുമ്പോൾ മാത്രമാണ് എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുന്നത്. മുമ്പ് കഞ്ചാവ് മാത്രമാണ് ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്നത് ഹാഷിഷ് ഓയിൽ, എം.ഡി.എം.എ. തുടങ്ങിയ മാരക രാസലഹരികളിൽ കൊണ്ടെത്തിച്ചിരിക്കുകയാണ്. അതുപോലെ LSD (Lysergic acid diethylamide) എന്ന അതിമാരക ലഹരി വസ്തു നമ്മുടെ വിദ്യാലയങ്ങളിലും കലാലയങ്ങളിലും പൊതുയിടങ്ങളിലും സുലഭമായി ലഭിക്കുന്നുവെന്നതും അപകടകരമാണ്. COTPA (The Cigarettes and Other Tobacco Products Act) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമ

പ്രകാരം പാൻപരാഗ് പോലെയുള്ള ലഹരി വസ്തുക്കൾ പിടിച്ചെടുക്കാൻ കഴിയും. പാൻപരാഗ്, ഹാൻസ് തുടങ്ങിയവയൊക്കെ ഗേറ്റ്വേ ഡ്രഗ്സാണ്. ഇതൊക്കെ ഉപയോഗിച്ചുതുടങ്ങിയതിനുശേഷമാണ് പിന്നീട് ഗുരുതരമായ അളവിലുള്ള മറ്റ് മയക്കുമരുന്നുകളിലേയ്ക്ക് കുട്ടികൾ കടക്കുന്നത്. COTPA നിയമത്തിലെ ഒരു പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപെടുത്തുകയാണ്; ടി നിയമപ്രകാരം നിരോധിത പുകയില ഉൽപന്നങ്ങൾ കൈവശം വയ്ക്കുന്നവർ പിടിക്കപ്പെട്ടാൽ 200/- രൂപ പിഴയടച്ച് കേസിൽനിന്നും ഒഴിവാകുകയാണ്. അതുമാത്രമല്ല, COTPA കേസുകളുടെ എണ്ണം 2016-ൽ 236291 ആയിരുന്നുവെങ്കിൽ ഇപ്പോൾ അത് കുറഞ്ഞ് 62618 ആയി. കേസുകളുടെ എണ്ണം വർഷം തിരിച്ച് ഞാൻ ശേഖരിച്ചിട്ടുണ്ടെങ്കിലും സമയക്കുറവുമൂലം അതിലേയ്ക്ക് കടക്കുന്നില്ല. COTPA കേസുകളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നത് സംബന്ധിച്ച് ഗവൺമെന്റ് കൃത്യമായി പരിശോധിക്കേണ്ടതാണ്. കഴിഞ്ഞ 10 വർഷമായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന ലഹരി കേസുകളിൽ ഉൾപ്പെട്ട ഭൂരിഭാഗംപേരും 18 വയസ്സിനും 40 വയസ്സിനും ഇടയിൽ പ്രായമുള്ളവരാണ്. അതിൽ എഞ്ചിനീയർമാരും ഡോക്ടർമാരും ഐ.ടി. പ്രൊഫഷണലുകളും

ഉന്നതതലങ്ങളിൽവരെ ജോലി ചെയ്യുന്നവരുമുണ്ട്. എല്ലാ മേഖലയിലുമുള്ളവർ ലഹരിമാഫിയയുടെ പിടിയിൽ അകപ്പെടുന്നുവെന്ന ഗുരുതര സാഹചര്യം നിലനിൽക്കുന്നതുകൊണ്ടാണ് ഈ വിഷയം സഭ മുമ്പാകെ അവതരിപ്പിച്ചത്. പ്രസ്തുത വിഷയം ഒരിക്കൽ നിയമസഭയിൽ അവതരിപ്പിക്കുകയും ഗവൺമെന്റ് ചില പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്തു. എന്നാൽ അതുകൊണ്ട് മാത്രം ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. അതിനുമപ്പുറത്തേക്ക് നിലവിലെ സാഹചര്യം മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്ത് ഈ സമ്മേളനത്തിൽ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിൽ പാഠ്യപദ്ധതിയുടെ ഭാഗമായി ലഹരി ബോധവൽക്കരണം കൊണ്ടുവരണമെന്ന് ആവശ്യപ്പെടുകയുണ്ടായി. അതുപോലെ സ്കൂളുകളിൽ മാതൃ പി.ടി.എ.-കളുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുകയും ഹരിയാന മോഡൽ സ്പോർട്സ് നഴ്സറികൾ സ്ഥാപിക്കുകയും വേണം. ആറുമാസത്തിനിടയിൽ കുട്ടികളിൽ വൈദ്യ പരിശോധന നടത്തണം. കൂടാതെ അവരിൽ സ്വഭാവമാറ്റങ്ങൾ ഉണ്ടാകുന്നുണ്ടോയെന്ന് കണ്ടുപിടിക്കുന്നതിനായി നിരന്തരം പരിശോധനകൾ

നടത്തണം. ചില വാർത്തകളുടെ തലക്കെട്ട് ഞാൻ വായിക്കാം; 'തൃശ്ശൂർ ചിൽഡ്രൻസ് ഹോമിൽ 17 വയസ്സുകാരനെ 15 വയസ്സുകാരൻ തലയ്ക്കടിച്ചുകൊന്നു; തൃശ്ശൂരിൽ ന്യൂ ഇയറിന്റെ തലേദിവസം (ഡിസംബർ 31-ന്) യുവാവിനെ 14 വയസ്സുകാരൻ കുത്തിക്കൊന്നു; തിരുവനന്തപുരത്ത് ഒൻപതാം ക്ലാസ് വിദ്യാർഥി പ്ലസ്ടു വിദ്യാർഥിയെ കുത്തി; പൊലീസ് സബ് ഇൻസ്പെക്ടറെ പ്ലസ്ടു വിദ്യാർഥി കഴുത്തിനുപിടിച്ചു നിലത്തടിച്ചു' എന്നീ വാർത്തകൾ ഈ അടുത്ത ദിവസങ്ങളിൽ വന്നതാണ്. ഇവിടെ എന്തൊക്കെയാണ് സംഭവിക്കുന്നതെന്നത് സംബന്ധിച്ച് കേവലമായി ചിരിച്ചുതള്ളിക്കളയാവുന്ന ഒരു ടോൾ വാചകമല്ല ഇതെന്നും നമ്മെയെല്ലാം ഇരുത്തി ചിന്തിപ്പിക്കേണ്ട സാമൂഹിക അവസ്ഥയാണെന്നതും ഈ സഭയിൽ വളരെ ഉത്തരവാദിത്വത്തോടുകൂടി ഉന്നയിക്കുകയാണ്. ലഹരി കുടത്തിൽനിന്നും പുറത്തുവന്ന ഭൂതം കേരളത്തെ വരിഞ്ഞുമുറുക്കുകയാണ്. ഇതുസംബന്ധിച്ച് സർക്കാർതലത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ? കുറഞ്ഞപക്ഷം കഴിഞ്ഞ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്തുനിന്നും ഇവിടേയ്ക്കെത്തുമ്പോൾ ലഹരി കേസുകൾ കൂടിയിട്ടുണ്ടോ, ഏതെല്ലാം

മേഖലകളിലാണ് കൂടിയത് എന്നുള്ളത് സംബന്ധിച്ച പഠനമോ ശാസ്ത്രീയ നിരീക്ഷണമോ നടത്തിയിട്ടുണ്ടോ? ലഹരിയുമായി ബന്ധപ്പെട്ട ക്രൈമുകളെ സംബന്ധിച്ച പഠനമോ അതുമായി ബന്ധപ്പെട്ട രേഖകളോ സർക്കാരിന്റെ കൈവശമുണ്ടോയെന്നറിയാൻ കേരളത്തിന് ആഗ്രഹമുണ്ട്. ഇക്കാര്യത്തിൽ എക്സൈസ് വകുപ്പിനെ ആധുനികവൽക്കരിച്ചേ മതിയാകൂ. എൻഫോഴ്സ്മെന്റ് വിഭാഗത്തിന് ലഹരി മാഫിയയുടെ മുമ്പിൽ പിടിച്ചുനിൽക്കാൻ സാധിക്കുന്നില്ല. ഇക്കാര്യങ്ങൾ വിമർശന രൂപത്തിലോ, നിർദേശരൂപത്തിലോ അങ്ങേയ്ക്ക് പരിഗണിക്കാം; കാരണം, ലഹരി മാഫിയയുടെ കിരാത വളർച്ചയ്ക്കുമുന്നിൽ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. അതിനാൽ എക്സൈസ് വകുപ്പിനെ ആധുനികവൽക്കരിക്കുകയും ജീവനക്കാരുടെ സ്ട്രെങ്ത് വർധിപ്പിക്കുകയും വേണം. വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർഥിക്കുപോലും നിയമനം നൽകുന്നില്ല. സ്ട്രെങ്ത് വർധിപ്പിക്കാതെ എങ്ങനെ ഇതൊക്കെ നേരിടാൻ കഴിയും. അതുകൊണ്ട് നിയമങ്ങൾ ശക്തമാക്കുന്നതോടൊപ്പം സർക്കാർ

ഇക്കാര്യത്തിൽ ഉണർന്ന് പ്രവർത്തിക്കുകയും വേണം.

ഒരു അമ്മ കുറച്ചുദിവസങ്ങൾക്കുമുമ്പ് ഒരു ദിനപത്രത്തിന് നൽകിയ ഇന്റർവ്യൂവിൽ പറഞ്ഞ കാര്യം പരാമർശിച്ചുകൊണ്ട് അവസാനിപ്പിക്കാം. "എന്റെ മകൻ രാത്രിയിൽ വരുമ്പോൾ അവന് കതക് തുറന്നുകൊടുക്കാൻ പേടിയാണ്, അവന് ഭക്ഷണം വിളമ്പി കൊടുക്കാൻ ധൈര്യമില്ല, ലഹരി ഉപയോഗിച്ച് വീട്ടിലെത്തുന്ന അവൻ എന്നെ അമ്മയായിട്ടല്ല കാണുന്നത്. വിദേശത്തുള്ള അവന്റെ അച്ഛനെ കാര്യങ്ങൾ അറിയിച്ചിട്ടില്ല, അറിഞ്ഞാൽ അദ്ദേഹം നെഞ്ചുപൊട്ടി മരിക്കും, ഒറ്റ മകനാണ്" എന്ന് ഒരമ്മ പറയുകയാണ്. ഇതുപോലെ ഒരുപാട് അമ്മമാർ ഇക്കാര്യങ്ങൾ പുറത്തുപറയാൻ കഴിയാതെ നെഞ്ചുനീറി വീടുകളിൽ കഴിയുകയാണ്. ലഹരിയുടെ വലയത്തിലകപ്പെട്ട് ജീവിതം ഹോമിക്കുന്ന മക്കളെ ഭയന്നുകഴിയുന്ന അമ്മമാരുടെ നാടായി കേരളം മാറുകയാണ്. രാസലഹരിയുടെ ചുഴിയിൽപ്പെട്ട് സഹജീവിയെപ്പോലും കൊല്ലാൻ മടിയില്ലാത്ത ഒരു പുതിയ തലമുറ ഇവിടെ വളർന്നുവരികയാണ്. നമ്മൾ വൈകുന്ന ഓരോ നിമിഷവും ഒരു തലമുറ നമ്മുടെ കൈയിൽനിന്നും വഴുതിപ്പോകുകയാണെന്ന ബോധ്യത്തിൽ ഈ വിഷയത്തിൽ

അടിയന്തരനടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് വളരെ ശരിയായ കാര്യങ്ങളാണ് ഇവിടെ അവതരിപ്പിച്ചത് എന്നതുകൊണ്ടുതന്നെ ഞാൻ അതിനെ പിന്താങ്ങുകയാണ്. കേരളത്തിന്റെ സാമൂഹ്യവിപത്തായി ലഹരി ഉപയോഗം മാറിയിരിക്കുന്നുവെന്നത് വസ്തുതയാണ്. അദ്ദേഹം സുബൈദയുടെയും മകൻ ആഷിഖിന്റെയും കഥ പറഞ്ഞതുപോലെ വളരെ ദാരുണവും ദയനീയവുമായ ഒരു സംഭവത്തെക്കുറിച്ച് വിശദീകരിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ പുതുപ്പരിയാരം പഞ്ചായത്തിൽ ഒരു തപാൽ ജീവനക്കാരനായ അച്ഛനും വീട്ടമ്മയായ അമ്മയ്ക്കും ഒരു പെൺകുട്ടിയും രണ്ട് ആൺകുട്ടികളുമുൾപ്പെടെ മൂന്നുമക്കളാണുള്ളത്. ചുരുങ്ങിയ വരുമാനമേയുള്ളുവെങ്കിലും ആ മാതാപിതാക്കൾ പഠിക്കാൻ മിടുക്കനായ മൂത്ത മകനെ ഉപരിപഠനത്തിനായി ബാംഗ്ലൂരിലേക്ക് അയച്ചു. മറ്റ് രണ്ടുകുട്ടികൾ നാട്ടിൽ നല്ല രീതിയിൽ പഠിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ അച്ഛനും അമ്മയും നിരവധി വെട്ടേറ്റ് മരണപ്പെട്ടതായാണ് ഒരു ദിവസം രാവിലെ

നാട്ടുകാർ അറിയുന്നത്. മോഷണശ്രമത്തിന്റെ ഭാഗമായി കള്ളന്മാർ കൊലചെയ്തതാണോയെന്ന് നാട്ടിലാകെ ആശങ്കയും ഭയപ്പാടുമുണ്ടായ അവസ്ഥയിൽ മകന്റെ ഫോണുമായി ബന്ധപ്പെട്ട് സൈബർ പൊലീസ് നടത്തിയ അന്വേഷണത്തിലാണ് യഥാർഥ സംഭവമെന്താണെന്ന് തെളിയുന്നത്. ബാംഗ്ലൂരിലായിരുന്ന മകൻ രാത്രിയിൽ വീട്ടിലെത്തുകയും പെട്ടെന്ന് 2 ലക്ഷം രൂപ വേണമെന്ന് അച്ഛനോടും അമ്മയോടും ആവശ്യപ്പെടുകയും ചെയ്തു. ഇതിനിടയിൽ വാതരോഗം ബാധിച്ച് കിടപ്പിലായിരുന്ന അച്ഛൻ അത്രയും രൂപ തരാൻ യാതൊരു മാർഗവുമില്ലെന്ന രീതിയിൽ മകനോട് സംസാരിക്കുകയും സ്നേഹപൂർവ്വം അവനെ സ്വന്തം കട്ടിലിൽ കിടത്തുകയും ചെയ്തു. രാത്രിയിൽ വെള്ളം ആവശ്യപ്പെട്ട അച്ഛന് വെള്ളം കൊടുക്കാതെ മകൻ കൊടുവാളെടുത്ത് വെട്ടിക്കൊലപ്പെടുത്തുകയാണ് ചെയ്തത്. ഇതുകണ്ട് നിലവിളിച്ചോടിയെത്തിയ അമ്മയെയും മകൻ വെട്ടിക്കൊലപ്പെടുത്തി. പിന്നീട് മകൻ കൊടുവാൾ കഴുകിവയ്ക്കുകയും ഒരു കത്തിയെടുത്ത് ഒരു ആപ്പിളിന്റെ പകുതിഭാഗം മുറിച്ചുകഴിച്ച് രാത്രിയിൽത്തന്നെ ഏതോ വാഹനത്തിൽ ബാംഗ്ലൂരിലേക്ക്

തിരിച്ചുപോകുകയും ചെയ്തു. സംഭവദിവസം അവരുടെ വീട്ടിൽ മറ്റാരും ഉണ്ടായിരുന്നില്ലെന്നാണ് നാട്ടുകാരൊക്കെ പറഞ്ഞത്. അവസാനം പൊലീസിന്റെ മികവുറ്റ അന്വേഷണത്തിലൂടെയാണ് സ്വന്തം മകനാണ് ഈ കൊല നടത്തിയതെന്ന് കണ്ടെത്തിയത്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ സംഭവങ്ങളെല്ലാം സംസ്ഥാനത്തെ പല പ്രദേശത്തേയും വീടുകളിൽ നിത്യേന നടന്നുകൊണ്ടിരിക്കുന്നതാണ്. ഈയൊരു പശ്ചാത്തലത്തിൽ അത്യന്താധുനിക രീതിയിൽ ശാസ്ത്രസാങ്കേതിക രംഗത്തിന്റെ വികസനവും പുരോഗതിയും പരമാവധി ഉപയോഗപ്പെടുത്തി ലഹരിയുടെ ഉപയോഗം അവസാനിപ്പിക്കാനായി പ്രവർത്തിക്കേണ്ടതാണ്. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, എന്റെ നിയോജകമണ്ഡലത്തിന്റെ അതിർത്തി പ്രദേശമായ തമിഴ്നാടിലെ വാളയാർ മുതൽ ചാവടി വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ധാരാളം മലയാളികൾ പഠിക്കുന്നുണ്ട്. ഈ വിദ്യാർഥികളെയും വീട്ടുകാരെയും സ്വാധീനിക്കുന്നതിന് മയക്കുമരുന്ന് ലോബി സാമ്പത്തികമായി അവരെ സഹായിക്കുകയാണ്. കാറുകളിലും ബസ്സുകളിലും ഹൈസ്പീഡ് ബൈക്കുകളിലുമൊക്കെയാണ് കുട്ടികൾ അവരുടെ

ബാഗുകളിൽ പുസ്തകങ്ങൾ കൊണ്ടുപോകുന്ന രീതിയിൽ ലഹരി വസ്തുക്കൾ കടത്തുന്നത്. നിലവിൽ കുട്ടികൾ ലഹരികടത്തൽ ഒരു വരുമാനമാർഗ്ഗമായി കാണുന്ന അവസ്ഥയാണ്. എക്സൈസ് വകുപ്പ് പഴയ വാഹനങ്ങളൊക്കെ മാറ്റി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ടെന്നതിൽ യാതൊരു തർക്കവുമില്ല. പക്ഷേ, അതിനൊക്കെ അതീതമായ രീതിയിലാണ് ഇത്തരം അക്രമ സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. അതുപോലെ ബ്രീത്ത് അനലൈസർ ഉപയോഗിച്ച് ഊതിപ്പിച്ചാണ് മദ്യം കഴിച്ചിട്ടുണ്ടോയെന്ന് കണ്ടുപിടിക്കുന്നത്. എന്നാൽ ഇപ്പോൾ എങ്ങനെ ഊതിയാലും കണ്ടെത്താൻ കഴിയാത്തവിധം മാരകമായതും വിഷാംശങ്ങൾ അടങ്ങിയിട്ടുള്ളതുമായ ലഹരി പദാർഥങ്ങളാണ് സംസ്ഥാനത്ത് ഉപയോഗിച്ചുവരുന്നത്. മാത്രമല്ല, എൽ.പി. സ്കൂളുകളിൽപോലും സുലഭമായി മയക്കുമരുന്ന് വിതരണം നടക്കുന്നുവെന്നത് അവിശ്വസനീയമാണ്. അതുസംബന്ധിച്ചും ഒരു കഥ പറയാനുണ്ട്; എന്റെ നിയോജകമണ്ഡലത്തിൽ നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് ഭാരത്

മാതാ സ്കൂൾ. ആ സ്കൂളിൽനിന്നും മറ്റൊരു ബ്ലോക്കിലേക്ക് പോകാൻ ഇടയ്ക്കൊരു പഞ്ചായത്ത് റോഡുണ്ട്. ക്ലാസിന്റെ ഇടവേളകളിൽ കുട്ടികൾ പഞ്ചായത്ത് റോഡിലെ കടയിൽനിന്നും ഒരുതരം മിഠായി വാങ്ങികഴിക്കുകയും ശേഷം വെപ്രാളം കാണിക്കുകയും ചെയ്യാറുണ്ട്. ഇതേത്തുടർന്ന് അധ്യാപകരും രക്ഷിതാക്കളും ചേർന്ന് അന്വേഷിച്ചപ്പോൾ വിൽക്കാൻ പാടില്ലാത്ത ഒരുതരം മിഠായിയാണ് നൽകുന്നതെന്ന് മനസ്സിലാക്കി. ഇത് വിൽക്കരുതെന്ന് ഇവർ കടക്കാരനോട് ആവശ്യപ്പെട്ടപ്പോൾ അയാൾ കത്തിയെടുത്ത് കുത്താൻ പോകുകയാണ് ചെയ്തത്. ഞാൻ ഇക്കാര്യം പറയാൻ കാരണം, അവിടെയൊരു ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് അനുമതി നിഷേധിച്ച സാഹചര്യത്തിലാണ് സ്കൂൾ അധികൃതർ എന്നെ കാണാനെത്തിയത്. ഇപ്പോൾ ഓവർബ്രിഡ്ജ് നിർമ്മിക്കുകയും നാട്ടുകാർ ഇടപെട്ട് കച്ചവടക്കാരനെ അവിടെനിന്നും ആട്ടിപ്പായിക്കുകയും ചെയ്തു. സമൂഹത്തിന്റെ യോജിച്ചുള്ള ശക്തമായ ഇടപെടലിലൂടെയും പ്രവർത്തനത്തിലൂടെയും ലഹരിയുടെ വിപത്തിൽനിന്നും കേരളത്തെ രക്ഷിക്കാൻ സാധിക്കും. നമ്മുടെ

നിയമത്തിലുള്ള ഒരു പോരായ്മകൂടി തിരുത്തണമെന്ന് ഈ അവസരത്തിൽ അഭ്യർഥിക്കുകയാണ്. കാരണം, നിയമത്തിലെ വ്യവസ്ഥ പ്രകാരം നിശ്ചിത അളവിലുള്ള ലഹരി പദാർഥം കൈവശം വച്ചാൽ മാത്രമെ ശിക്ഷിക്കാനും ജയിലിലടയ്ക്കാനും സാധിക്കൂ. എന്നാൽ, ചെറിയൊരു അംശം ലഹരിവസ്തുപോലും കൈവശം വച്ചാൽ ജയിൽശിക്ഷ ഉറപ്പാക്കുന്ന രീതിയിൽ നിയമത്തിൽ ഭേദഗതി വരുത്തണമെന്നാണ് നിർദേശിക്കാനുള്ളത്. സംസ്ഥാനത്തെ ലഹരിവ്യാപനത്തിന് പിന്നിൽ രാഷ്ട്രീയലക്ഷ്യമുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഇടതുപക്ഷത്തിന്റെ സ്വാധീനമുള്ള സംസ്ഥാനമാണ് കേരളമെന്ന് നമുക്കറിയാം. കേന്ദ്രത്തിൽ ബി.ജെ.പി. മാത്രമല്ല, കോൺഗ്രസ് ഭരിക്കുമ്പോഴും കേരളത്തോട് പല തരം അവഗണന കാണിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിലെ കേന്ദ്ര നിക്ഷേപം താരതമ്യം ചെയ്താൽ നമുക്കത് മനസ്സിലാകും. ഇതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ഇടതുപക്ഷത്തിന് സ്വാധീനമുള്ള ഒരു തലമുറ കേരളത്തിൽ വളർന്നുവരികയാണ്. ജാതിക്കും മതത്തിനും അതീതമായി ചിന്തിക്കുന്ന കേരള സംസ്ഥാനത്തിലെ തലമുറയെ തകർക്കാൻവേണ്ടി വളരെ

ബോധപൂർവം ഒരു ലോബി പ്രവർത്തിക്കുന്നതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. വളരുന്ന തലമുറയെ തകർക്കാൻ വേണ്ടിയുള്ള ബോധപൂർവമായ ശ്രമം ഇവിടെ നടക്കുകയാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്നാണ് ലഹരിവസ്തുക്കൾ കേരളത്തിലേക്ക് കടത്തിവിടുന്നത്. മറ്റുസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലാണ് ലഹരി കടത്ത് കൂടുതലായുള്ളത്. ശരിയായ രീതിയിൽ ചിന്തിക്കുന്ന യുവതലമുറയെ തെറ്റായി വളർത്തിയെടുത്ത് കേരളത്തെ തകർക്കാൻ വേണ്ടിയുള്ള പ്രവർത്തനംകൂടി ഇതിന്റെ പിന്നിൽ നടക്കുന്നുണ്ടോയെന്ന് ഞാൻ ബലമായി സംശയിക്കുന്നു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇക്കാര്യത്തിൽ കാര്യക്ഷമമായി ഇടപെടുന്നുണ്ട്. ജനകീയ സദസ്സുകൾ സംഘടിപ്പിച്ചുകൊണ്ട് വളരെ കാര്യക്ഷമമായി ഇതിനെ നേരിടാനുള്ള പ്രവർത്തനം എക്സൈസ് വകുപ്പ് നടത്തുന്നുണ്ട്. സ്വന്തം മക്കൾ ഇത്തരം കൃത്യങ്ങളിൽ ഏർപ്പെട്ടാലും അവർ അങ്ങനെ ചെയ്തില്ലെന്ന് വരുത്തി തീർക്കാനുള്ള ശ്രമം ചില രക്ഷിതാക്കൾ നടത്തുന്നുണ്ട്. രക്ഷിതാക്കളും അധ്യാപകരും വിദ്യാർഥികളുമുൾപ്പെടുന്ന

സമൂഹം ഒറ്റക്കെട്ടായി നിന്നാൽ മാത്രമെ ഈ വിപത്തിനെ നേരിടാൻ സാധിക്കുകയുള്ളൂ. കർശനമായ നിയമം ഇക്കാര്യത്തിലുണ്ടാവണം. കേരള സംസ്ഥാനത്തിലെ വളർന്നുവരുന്ന തലമുറയെ സമൂലമായി തകർക്കാൻ ബോധപൂർവം ചിലർ പ്രവർത്തിക്കുകയാണ്. അതുകൊണ്ട് മറ്റ് മേഖലകളിലെ ചെലവ് കുറച്ചാലും കുഴപ്പമില്ല, ഇതിനായി പ്രത്യേക ഫണ്ട് കണ്ടെത്തി ഭാവിതലമുറയെ രക്ഷിക്കാനാവശ്യമായ ഇടപെടൽ നടത്താൻ ഗവൺമെന്റ് സന്നദ്ധമാകണം. ലഹരി ഒരു മഹാവിപത്തായി മാറിയിരിക്കുന്നതിനാൽ ഇതിൽനിന്ന് കര കയറിയേ മതിയാകൂ. ലഹരി വ്യാപനം നേരിടാനായി നിയമപരവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾ സർക്കാർ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ശ്രീ. എ. പ്രഭാകരൻ ഇവിടെ സൂചിപ്പിച്ചതിൽനിന്നും കേരളത്തിൽ ലഹരി ഉപയോഗത്തിനെതിരെ പ്രതിരോധങ്ങളോ ക്യാമ്പയിനുകളോ നടക്കുന്നില്ലെന്ന് വ്യക്തമായി മനസ്സിലാകും. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ മനസ്സിലും ഗവൺമെന്റിനും

ഇക്കാര്യത്തിൽ കുറ്റബോധമുള്ളതുകൊണ്ടാണ് നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചത്. മയക്കുമരുന്ന് മാഫിയയെ അറിഞ്ഞോ അറിയാതെയോ കയറൂരി വിട്ടിരിക്കുന്നുവെന്നത് സർക്കാർ കേരളത്തോട് ചെയ്യുന്ന ഏറ്റവും വലിയ അപരാധമാണ്; അത് വളരെ ദൗർഭാഗ്യകരവുമാണ്. മയക്കുമരുന്ന് മാഫിയ ഉപദ്രവിക്കുമെന്ന ഭയംമൂലം പൊലീസ്, എക്സൈസ് വകുപ്പുദ്യോഗസ്ഥർ ഇവർക്കെതിരെ നടപടിയെടുക്കാൻ മടികാണിക്കുന്നു. കാരണം, ഈ ഉദ്യോഗസ്ഥർക്കും മക്കളും കുടുംബവുമുണ്ട്. പല ഉദ്യോഗസ്ഥരും ഞങ്ങളോട് അവരുടെ ഭയത്തെക്കുറിച്ച് രഹസ്യമായി സംസാരിക്കാറുണ്ട്. അതിനാൽ സർക്കാർ സംവിധാനം സംഘടിതമായി സർവസന്നാഹവും ഉപയോഗിച്ച് മയക്കുമരുന്ന് മാഫിയയെ കേരളത്തിന്റെ മണ്ണിൽനിന്നും ഉന്മൂലനം ചെയ്യുമെന്ന് തീരുമാനിച്ചുറപ്പിച്ച് മുന്നോട്ടുപോയാൽ മാത്രമെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കൂ. മാത്രമല്ല, പൊലീസ്, എക്സൈസ് വകുപ്പുദ്യോഗസ്ഥർക്ക് ആത്മവിശ്വാസത്തോടുകൂടി പ്രവർത്തിക്കാനും നടപടിയെടുക്കാനുമുള്ള മനോധൈര്യം ലഭിക്കുകയും ചെയ്യും.

അത്തരത്തിലുള്ള ധൈര്യമാണ് ഉദ്യോഗസ്ഥർക്ക് നൽകേണ്ടത്. അതുമാത്രം പോര, സംസ്ഥാനത്തെ പൊലീസ്-എക്സൈസ് വകുപ്പുകളിൽ മതിയായ ജീവനക്കാരെ നിയമിക്കുകയും വേണം. ഒരു എക്സൈസ് സി.ഐ.-യുടെ പരിധിയിൽ 6 പൊലീസ് സ്റ്റേഷനുകളും രണ്ട് റെയ്ഞ്ച് ഓഫീസുമുണ്ട്. എന്നാൽ ഈ സി.ഐ.യുടെ കീഴിൽ 15 ഉദ്യോഗസ്ഥർ മാത്രമാണുള്ളത്. അതുകൊണ്ട് കാലാനുസൃതമായി സ്റ്റാഫ് സ്ട്രെങ്ത് വർധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ലഹരി ഉപയോഗം നാടിനെ കൂട്ടിച്ചോറാക്കുമ്പോൾ അതിനെതിരെ പ്രതിരോധിക്കാൻ നിലവിലുള്ള സ്ട്രെങ്ത് പോര; അത് വർധിപ്പിക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ അതിനാവശ്യമായ തുക വകയിരുത്തണം. സ്ട്രെങ്ത് വർധിപ്പിച്ചാൽമാത്രമെ ലഹരി വ്യാപനത്തിനെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ ഇത്തരത്തിൽ പ്രവർത്തിച്ചില്ലെങ്കിൽ ഭാവിയിൽ സർക്കാർ വിചാരിച്ചാൽപ്പോലും നിയന്ത്രിക്കാൻ സാധിക്കാത്ത നിലയിലേക്ക് ഈ മാഫിയ വളരും. ഇപ്പോൾത്തന്നെ അത്തരം സാഹചര്യങ്ങളിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യം വളരെ ഗൗരവമായി നാം

കാണണം. പുതിയ തലമുറയ്ക്കായി നമ്മൾ ചെയ്യേണ്ടത് എന്താണ്? യുവതലമുറയെ ശരിയായ ദിശയിലേക്ക് നയിക്കാനുള്ള സൗകര്യം നമ്മൾ ഒരുക്കണം. അതിനുള്ള ഏറ്റവും വലിയ മാർഗം സ്പോർട്സാണ്. ബജറ്റിൽ സ്പോർട്സിനുവേണ്ടി കൂടുതൽ തുക വകയിരുത്തണം. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതി എത്രമാത്രം യാഥാർഥ്യമായെന്നുള്ളത് പരിശോധിക്കണം. കാരണം, പലയിടത്തും ഈ പദ്ധതി പ്രഖ്യാപിച്ചിട്ടില്ല. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് ആഗ്രഹമുണ്ട്; അദ്ദേഹത്തിന്റെ മനസ്സിൽ ലഡു പൊട്ടിയിട്ട് കാര്യമില്ല. ഇത് യാഥാർഥ്യമാകണമെങ്കിൽ കൂടുതൽ ഫണ്ട് കായികമേഖലയ്ക്ക് വകയിരുത്തണം. യുവാക്കളെ സ്പോർട്സിന്റെ വിവിധ തലങ്ങളിൽ വ്യാപൃതരാക്കിയാൽ അവർ തെറ്റായ പ്രവണതയിലേക്ക് പോകില്ല. ആദ്യം മയക്കുമരുന്ന് ചെറിയ രീതിയിൽ ഉപയോഗിക്കുന്ന പല ചെറുപ്പക്കാരും പിന്നീട് അതിന് അടിമപ്പെടുകയാണ് ചെയ്യുന്നത്. എക്സൈസ് വകുപ്പ് ഒരു കൈകൊണ്ട് ലഹരി നൽകുകയും മറുകൈകൊണ്ട് ലഹരി വിരുദ്ധ ക്യാമ്പയിൻ നടത്തുകയും ചെയ്യുന്നത് പ്രഹസനമാണ്. അതിനാൽ ഈ രീതി മാറ്റണമെന്നാണ് ദൈവത്തെ സാക്ഷിനിർത്തി എനിക്ക്

സർക്കാരിനോടും മന്ത്രിയോടും പറയാനുള്ളത്. യഥാർഥത്തിൽ ഇതിന്റെ ക്യാമ്പയിൻ സംഘടിപ്പിക്കേണ്ടത് സാമൂഹികക്ഷേമ, സ്പോർട്സ്, യുവജനകാര്യ വകുപ്പുകൾ ആയിരിക്കണം. എക്സൈസ് വകുപ്പിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ലഹരി വ്യാപനവുമായി ബന്ധപ്പെട്ടും ധാരാളം ജോലിയുണ്ട്. തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കുന്നതുപോലെയാണ് എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ ജോലി ചെയ്യുകൊണ്ടിരിക്കുന്നത്. അവർ എൻഫോഴ്സ്മെന്റ് നടത്തട്ടെ; ലഹരി വിരുദ്ധ ക്യാമ്പയിൻ ഏറ്റെടുക്കേണ്ടത് മറ്റ് വകുപ്പുകളാണ്. ഒരു കൈ കൊണ്ട് കൊടുത്തിട്ട് മറുകൈകൊണ്ട് അത് പാടില്ലെന്ന് പറയുമ്പോൾ വിശ്വാസ്യത നഷ്ടപ്പെടും. അതുകൊണ്ട് എക്സൈസ് വകുപ്പിനെ മാറ്റിനിർത്തി മറ്റ് വകുപ്പുകൾക്ക് ക്യാമ്പയിന്റെ ചുമതല നൽകണം. ഇതുസംബന്ധിച്ച് ഞാനിവിടെ ഒരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നിരുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അതിന് നല്ല മറുപടിയാണ് നൽകിയത്. ചെറിയ പ്രായത്തിൽത്തന്നെ കുട്ടികളുടെ മനസ്സിൽ മയക്കുമരുന്നിനെക്കുറിച്ചുള്ള അവബോധം വളർത്തിയെടുക്കണം. അതിനായി ആറാം ക്ലാസ് മുതൽ പ്ലസ്ടു വരെയുള്ള പാഠ്യപദ്ധതിയിൽ ലഹരിമരുന്നിന്റെ

ദുരുപയോഗം ഉൾപ്പെടുത്തി അതിനെക്കുറിച്ചുള്ള നെഗറ്റീവ് ചിന്ത കുട്ടികളുടെ മനസ്സിലേക്ക് കൊണ്ടുവരേണ്ടത് അനിവാര്യമാണ്. ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുകയുണ്ടായി. പക്ഷേ കുറച്ച് മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളൂ. കുട്ടികൾ മാതാപിതാക്കൾ പറയുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ പഠിക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നത് അധ്യാപകരിൽ നിന്നാണ്. അങ്ങനെവരുമ്പോൾ ലഹരി അപകടമാണെന്നുള്ളത് കുട്ടികൾ മനസ്സിലാക്കും. ഒരു പിരീഡ് ഇതിനായി മാറ്റിവയ്ക്കുമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് സമയബന്ധിതമായി നടപ്പാക്കണം. ലഹരി ഉപയോഗത്തിനെതിരെ കുട്ടികൾക്ക് പ്രായോഗിക വിദ്യാഭ്യാസം നൽകുന്നതിനും നാട്ടിൽ നടക്കുന്ന തെറ്റായ പ്രവണതകൾക്കെതിരെ പോരാടുന്നതിനും സർക്കാരിന്റെ കൂട്ടായ തീരുമാനമുണ്ടാകണം. എക്സൈസ് വകുപ്പ് മുൻകൈയെടുത്ത് ഇക്കാര്യങ്ങൾ ഗവൺമെന്റിനെക്കൊണ്ട് ചെയ്യിക്കണം. അല്ലെങ്കിൽ ഈ വിപത്ത് നമ്മുടെ നാടിനെ കാർന്നുതിന്നുമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. എ. പ്രഭാകരൻ എന്നീ അംഗങ്ങൾ സൂചിപ്പിച്ച കാര്യങ്ങളിൽ ഞാൻ അടിവരയിടുകയാണ്. അണലിവിഷംപോലെ കേരളീയരുടെ ജീവിതത്തിന്റെ ഓരോ അടരിലേക്കും പടർന്നുവ്യാപിക്കുന്ന മാരകമായ രാസലഹരിയുടെ പിടിയിലേക്ക് സമൂഹം പതുക്കെപ്പതുക്കെ അമർന്നുപോകുകയാണെന്ന് സ്ഥിതിവിവരക്കണക്കുകളിലും അന്വേഷണ റിപ്പോർട്ടുകളിലും ആനുകാലിക പ്രസിദ്ധീകരണങ്ങളിലും ഔദ്യോഗിക രേഖകളിലും നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. തൃശ്ശൂരിലെ ഒല്ലൂർ നിയോജകമണ്ഡലത്തിലെ ഒരു ഗ്രാമപ്രദേശത്തെപ്പറ്റി മലയാളമനോരമ പത്രത്തിൽ വന്ന വാർത്ത - 'കരുണാമയനെ കാപ്പ ചുമത്തി നാടുകടത്തി' എന്നാണ്. ലഹരി ഉപയോഗത്തെ എതിർത്ത ഉമ്മയെയും സഹോദരനെയും അയൽവാസികളെയും കരുണാമയൻ കൈകാര്യം ചെയ്തതിനാലാണ് അയാളെ പോലീസ് കാപ്പ ചുമത്തി നാടുകടത്തിയത്. ദയാനന്ദൻ എന്ന വ്യക്തി സ്ഥിരമായി ലഹരി ഉപയോഗിച്ച് അയൽവാസികളെ ആക്രമിച്ചതിനെ തുടർന്ന് നാല് ക്രിമിനൽ കേസിൽ ഉൾപ്പെട്ടപ്പോൾ

അയാളെയും കാപ്പ ചുമത്തി നാടുകടത്തി. കാപ്പ ചുമത്തലും നാടുകടത്തലും ലഹരി ഉപയോഗത്തിന്റെ മറ്റൊരു വശമായിക്കണ്ട് പോലീസ് നടപടി സ്വീകരിക്കുകയാണ്. കേരളത്തിലെ കുട്ടികൾക്കിടയിൽ എൽ.എസ്.ഡി. സ്റ്റാമ്പ്, ഹാഷിഷ്, കൊക്കെയ്ൻ, ബ്രൗൺ ഷുഗർ എന്നിവയുടെ വിതരണം ശക്തിപ്പെട്ടിട്ടുണ്ടെന്നുള്ളത് മനസ്സിലാക്കി അതിനെ നേരിടാൻ ശ്രമിക്കണം. കൗമാരങ്ങളെ പ്രണയഭാവങ്ങൾ തൊട്ടുതീണ്ടുന്നതുമുതൽ ഈ വിഷലഹരി അവരെ വഴിതെറ്റിക്കുന്നു എന്നതിന്റെ തെളിവാണ് കേരളത്തിലുണ്ടായ 12 പ്രണയക്കൊലപാതകങ്ങൾ.

"അത്യനഘമാമീ നിമിഷത്തിലുത്തമേ, നീ മരിക്കണം,

മാമകാശയം ക്രൂരമാണെങ്കിലോമനേ നീ പൊറുക്കണേ"

എന്ന് 'പോർഫിറിയായുടെ കാമുകൻ' എന്ന കാവ്യശകലത്തിൽ പറയുന്നുണ്ട്. സുന്ദരിയായ കാമുകിക്ക് വയസ്സായാൽ ഇപ്പോഴുള്ള മനോഹാരിത നഷ്ടപ്പെടുമെന്ന് പറഞ്ഞ് കാമുകിയുടെ മുടികൊണ്ടുതന്നെ അവളെ കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തുന്ന കാമുകനെ അവതരിപ്പിച്ച ഈ കാവ്യശകലം നമ്മൾ പഠിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ നടക്കുന്ന

പ്രണയക്കൊലകളെന്താണ്? തെരുവിൽ വച്ചും വീട്ടിൽ വച്ചും പെട്രോൾ ഒഴിച്ച് കത്തിച്ചും കഠാരകൊണ്ട് കുത്തിയും കാമുകിയെ നിഷ്കരുണം കൊല്ലുന്നതും മറിച്ചാണെങ്കിൽ കഷായം കൊടുത്തും മറ്റ് തരത്തിലും വകവരുത്തുന്ന വിധത്തിലേക്കും കാര്യങ്ങൾ നീങ്ങുന്നു. എല്ലായിടത്തും ലഹരി മരുന്നിന്റെ സ്വാധീനമുണ്ടെന്ന് മനസ്സിലാക്കാൻ നമുക്ക് സാധിക്കണം. നമ്മുടെ അണുകുടുംബങ്ങളും പഴയകാലങ്ങളിൽനിന്നും വ്യത്യസ്തമായി കുടുംബസാഹചര്യങ്ങളിൽ വന്നിട്ടുള്ള മാറ്റവും യഥേഷ്ടം പണം ലഭിക്കുന്നതും കുട്ടികളെ ലഹരിയിലേയ്ക്ക് അടുപ്പിക്കുന്നതിന് കാരണമാകുന്നുണ്ട്. ഗ്രാമീണ മേഖലകളിലെ ലഹരി വ്യാപനം തടയാൻ നമുക്ക് സാധിക്കുമെന്നുള്ള സാമൂഹ്യജാഗ്രത വളർന്നുവരണം. ലഹരി മാഫിയയെ കയറൂരി വിട്ടിരിക്കുകയാണെന്നാണ് ശ്രീ. അൻവർ സാദത്ത് സൂചിപ്പിച്ചത്. മൂക്കുകയറിട്ട് നിർത്തിയാലും ലഹരി ഉപയോഗം വളർത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്ന ചില ശക്തികൾ കേരളത്തിനുപുറത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് മനസ്സിലാക്കണം. ഡൽഹിയിൽ 2000 കോടി രൂപയുടെ മയക്കുമരുന്നാണ് പിടിച്ചത്. ഇറാൻ, അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങളാണ്

അതിന്റെ സോഴ്സ് എന്ന് പത്രമാധ്യമങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. വിഘടനവാദത്തിന്റെയും വികസ്വര രാഷ്ട്രങ്ങളെ തകർക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിന്റെയും ഭാഗമായാണ് ഇത്തരം കേന്ദ്രങ്ങളിലേയ്ക്ക് ലഹരിമരുന്ന് എത്തിക്കുന്നത്. അതിന് പിന്നിൽ ചില രാഷ്ട്രീയ ഉദ്ദേശ്യങ്ങൾ കൂടിയുണ്ടെന്ന് സംശയിച്ചാലും തെറ്റാവില്ല. നമ്മുടെ സാമ്പത്തിക വളർച്ച പരിശോധിച്ചാൽ നോൺ പെർഫോമിംഗ് അസറ്റായി മാറ്റിവയ്ക്കപ്പെടുന്നതിൽ വലിയൊരു തുക ലഹരി വ്യാപാരത്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്നുവെന്നാണ് പുതിയ സാമ്പത്തിക വിശാരദന്മാരും പണ്ഡിതന്മാരും പറയുന്നത്. പല രാഷ്ട്രങ്ങളുടെയും ഭീകരവാദത്തിന്റെയും തകർച്ചയുടെയും പിന്നിൽ ലഹരി വ്യാപനമാണെന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. കേരളത്തിലെ ലഹരി വ്യാപനം എങ്ങനെ തടയാൻ സാധിക്കുമെന്ന് ആലോചിക്കണം. എ.ഡി.ജി.പി. ശ്രീ. പി. വിജയൻ പൊലീസ് കമ്മീഷണറായിരിക്കുമ്പോൾ കേരളത്തിലെ വിദ്യാലയങ്ങളിൽ ആരംഭിച്ചതും അദ്ദേഹത്തിന്റെ നേതൃത്വത്തിലും സമഗ്ര നിരീക്ഷണത്തിലും ശക്തിപ്രാപിച്ചതുമായ സ്റ്റുഡന്റ് പോലീസ് കേഡറ്റ്

പദ്ധതിയും കുട്ടികളിൽ കലാഭിരുചികളും കായികക്ഷമതയും വളർത്തിക്കൊണ്ടുവരുന്നതിനുള്ള സംവിധാനങ്ങളും സമഗ്രമായുണ്ടാകണം. ഡി-അഡിക്ഷൻ സെന്ററുകളുടെയും റീഹാബിലിറ്റേഷൻ സെന്ററുകളുടെയും നാടായി കേരളം മാറാതിരിക്കണമെങ്കിൽ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം. സ്പോർട്സിലേയ്ക്ക് കുട്ടികളെ കൊണ്ടുവരാൻ കളിക്കളങ്ങൾ ഉണ്ടായതുകൊണ്ടുമാത്രം കാര്യമില്ല. കായിക മേഖലയിലേയ്ക്ക് കുട്ടികളുടെ ശ്രദ്ധ തിരിയുന്ന വിധത്തിലുള്ള ഒരു വലിയ സംവിധാനമായി സ്പോർട്സിനെ വളർത്തിക്കൊണ്ടുവരാനുള്ള എല്ലാ സാഹചര്യവും നിലവിൽ നമുക്കുണ്ട്. സ്പോർട്സിനെയും കലാ-സാംസ്കാരിക സംരംഭങ്ങളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് രാസലഹരിയിൽനിന്ന് ലഭിക്കുന്നതിനേക്കാൾ കൂടുതൽ മാനസിക ഉല്ലാസവും ആനന്ദവും പ്രദാനം ചെയ്യുന്ന പരിപാടികൾ ആവിഷ്കരിക്കുന്നതിന് ശ്രമിക്കണം. അതിനുവേണ്ടി എക്സൈസ് ഡിപ്പാർട്ടുമെന്റ് മാത്രം ശ്രമിച്ചാൽ പോര; ചെറുതും വലുതുമായ എല്ലാ സന്നദ്ധസംഘടനകളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും കൈകോർത്തുപിടിച്ച്

അണിനിരക്കണം. 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന് കൗതുകം' എന്നുപറഞ്ഞതുപോലെ, ഇതിൽ ചില ലക്ഷ്യങ്ങൾ അല്ലെങ്കിൽ ദുഷ്ടലാക്കുകൾ മാത്രം വച്ച് ഇടപെടുകയല്ല വേണ്ടത്. കേരളീയ സമൂഹത്തെ അണലിവിഷം പോലെ കാർന്നുതിന്നുന്ന രാസലഹരിയിൽനിന്ന് വിമുക്തമാക്കുന്നതിനുവേണ്ടി യോജിച്ച യുവജന സംരംഭങ്ങളുണ്ടാകണം. യുവജനക്ഷേമ ബോർഡിനെയും യുവജനവേദികളെയും വിദ്യാർഥി സംരംഭങ്ങളെയും കോർത്തിണക്കിക്കൊണ്ട് സാമൂഹിക അവബോധത്തിന്റെ ഒരു വലിയ സംവിധാനം വളർത്തിക്കൊണ്ടുവരണം. കേരളത്തെ രക്ഷിക്കുന്നതിനുവേണ്ടി എല്ലാ വിഭാഗം ജനങ്ങളുടെയും മനസ്സിൽ ഒരു രാഷ്ട്രീയ ജാഗ്രത വളർന്നുവരണം. നാട്ടിൻപുറങ്ങളിലേയും പട്ടണങ്ങളിലേയും കൈവിട്ടുപോകുന്ന ജനജീവിതത്തിന്റെ സുരക്ഷിതത്വവും അവ തമ്മിലുള്ള സാംസ്കാരിക ഇഴയടുപ്പവും വർധിപ്പിച്ചുകൊണ്ട് മാത്രമെ നമുക്ക് ലഹരി വ്യാപനത്തെ എതിർക്കാൻ സാധിക്കുകയുള്ളൂ. ഇന്ന് കൊച്ചിപോലെയുള്ള ഓരോ മെട്രോപൊളിറ്റൻ സിറ്റിയിലും ഇതിനുള്ള റാക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിദഗ്ധ അന്വേഷണ സംഘങ്ങളുടെ റിപ്പോർട്ടുകൾ

പുറത്തുവന്നിട്ടുണ്ട്. അതെല്ലാം കേന്ദ്രീകരിച്ചുകൊണ്ട് സമഗ്രമായ പഠനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കണം. ലഹരി മാഫിയയെ സംബന്ധിച്ച് എക്സൈസ് വകുപ്പിന്റെ കൈവശമുള്ള വിശദമായ രേഖകൾ പരിശോധിച്ചുകൊണ്ട് കേരളത്തിലെ ഗ്രാമ-ഗ്രാമാന്തരങ്ങളെ ശുദ്ധീകരിക്കാനുള്ള പ്രക്രിയയ്ക്ക് തുടക്കം കുറിക്കണം. ഈ ഉപക്ഷേപം സഭയിൽ ചർച്ചയ്ക്ക് വിധേയമാക്കാൻ നിശ്ചയിച്ച എക്സൈസ് വകുപ്പിന് നേതൃത്വം കൊടുക്കുന്ന ശ്രീ. എം. ബി. രാജേഷിനെയും തുറന്ന സമീപനം സ്വീകരിക്കുന്ന ഗവൺമെന്റിനെയും ഇക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ പ്രതിപക്ഷം കാണിച്ച താൽപര്യത്തെയും പ്രശംസിക്കുകയാണ്. ഈ താൽപര്യം തുടർന്നുകൊണ്ടുപോകാൻ ഇരുപക്ഷത്തുനിന്നുമുള്ളവരുടെ യോജിപ്പുണ്ടാകണമെന്നുമാത്രം അഭ്യർഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> സർ, ഈ ചർച്ചയ്ക്ക് അവസരമുണ്ടാക്കിയതിലുള്ള സന്തോഷം രേഖപ്പെടുത്തുകയും ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയും ചെയ്യുകയാണ്. ഇവിടെ സംസാരിച്ച എന്റെ

പ്രിയപ്പെട്ട സുഹൃത്തുക്കളായ ശ്രീ. എ. പ്രഭാകരനും ശ്രീ. പി. ബാലചന്ദ്രനുമൊക്കെ ലഹരി ഉപയോഗത്തിന്റെ ഭവിഷ്യത്തിലേയ്ക്ക് സഭയുടെ ശ്രദ്ധ ക്ഷണിച്ചതിൽ വളരെ സന്തോഷമുണ്ട്. ലഹരി വ്യാപനത്തിന്റെ അപകടകരമായ സാഹചര്യം ഒഴിവാക്കാൻ നമ്മളെല്ലാവരും ഒന്നിച്ച് നിൽക്കണം. മദ്യവും മയക്കുമരുന്നുമുൾപ്പെടെയുള്ള എല്ലാ ലഹരി വസ്തുക്കളുടെയും ഉപയോഗം തടഞ്ഞേ മതിയാകൂ. അത്രമാത്രം പ്രയാസകരവും ദുരിതപൂർണ്ണവുമായ ഘട്ടത്തിലേയ്ക്കാണ് നമ്മുടെ നാട് പൊയ്ക്കൊണ്ടിരിക്കുന്നത്. അതിനാൽ സർക്കാരിന്റെ നയങ്ങളിലും തീരുമാനങ്ങളിലും ആവശ്യമായ തിരുത്തലുകൾ വരുത്തിയുള്ള പ്രവർത്തനങ്ങൾകൂടി അനിവാര്യമാണ്. വിദ്യാസമ്പത്ത് കൈമുതലായുള്ളതും കർഷക പ്രധാനവുമായ കേരള സംസ്ഥാനം ഇന്ന് ലഹരി പ്രധാനമായ ഒരു സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യമാണ്. ലഹരി മാഫിയകളുടെ കടന്നാക്രമണത്തിന്റെയും അതിൽ അകപ്പെടുന്ന കുട്ടികളുടെയും അതുമായി ബന്ധപ്പെട്ടുണ്ടാകുന്ന ദുരിതങ്ങളുടെയും വാർത്തകൾ ഓരോ ദിവസത്തെയും പത്രങ്ങളിൽ വരികയാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് ഉൾപ്പെടെയുള്ളവർ

വേദനാജനകമായ പല സംഭവങ്ങളും പരാമർശിക്കുകയുണ്ടായി. കേരളത്തിൽ ഇന്ന് വളർന്നുവരുന്ന ഒരേയൊരു മേഖല മദ്യവിപണന മേഖലയാണ്. അതിനോടൊപ്പം മദ്യവില്പന കേന്ദ്രങ്ങളും വർധിച്ചുകൊണ്ടിരിക്കുകയാണ്. എട്ട് വർഷങ്ങൾക്കുമുമ്പ് 27 ബാറുകൾ മാത്രമുണ്ടായിരുന്നതിൽനിന്ന് ഇന്ന് 836 ബാറുകളിലേയ്ക്ക് കുതിച്ചുയർന്നിരിക്കുകയാണ്. ഈ തിരഞ്ഞെടുപ്പിനുമുമ്പ് നമ്മളൊക്കെ ഇതിനെതിരായി സംസാരിച്ചവരായിരുന്നു. ഒരു തുള്ളി മദ്യംപോലും അധികമായി ഒഴുക്കില്ലെന്ന് പറഞ്ഞൊരു സാഹചര്യമുണ്ടായിരുന്നു. എന്നാൽ ഇന്ന് ആ സ്ഥിതിയൊക്കെ അപ്രത്യക്ഷമാകുകയും മദ്യം വ്യാപകമായിരിക്കുകയുമാണ്. ഇപ്പോൾ ടൂറിസ്റ്റ് സീസണുകളിൽ പ്രത്യേക വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ലൈസൻസ് ഫീസ് കുറച്ച് ബാറുകളും വൈൻ ഷോപ്പുകളുംവരെ തുടങ്ങാൻ അനുമതി നൽകിയിരിക്കുകയാണ്. ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് സന്തോഷിക്കാനെന്ന പേരിൽ വൈൻ ഷോപ്പുകളും ബിയർ പാർലറുകളും തുടങ്ങുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പ്രഖ്യാപിച്ചത് ഞെട്ടലോടെയാണ് നമ്മൾ കേട്ടത്. പത്ത് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 544 കോടി

രൂപയുടെ മയക്കുമരുന്നുകൾ പിടിക്കൂടിയിട്ടുണ്ടെന്നാണ് എക്സൈസ് വകുപ്പിന്റെ സെപ്റ്റംബർ വരെയുള്ള കണക്കുകൾ പറയുന്നത്. നമ്മുടെ സംസ്ഥാനത്തെ 1057 സ്കൂളുകൾ ലഹരി മാഫിയയുടെ വലയിലാണെന്ന് പൊലീസ് (ഇന്റലിജൻസ്) റിപ്പോർട്ടുണ്ടായിരുന്നു. എം.ഡി.എം.എ.-യും കഞ്ചാവും രാസലഹരിയുമുൾപ്പെടെയുള്ള മയക്കുമരുന്നുകളുമായി എത്രയെത്ര സംഘങ്ങളെയാണ് ഇതിനകം പിടിക്കൂടിയിട്ടുള്ളതെന്ന് നമുക്കറിയാം. വിദ്യാർഥികളെയും യുവാക്കളെയും വ്യാപകമായി ലഹരി മാഫിയ വലയെറിഞ്ഞു പിടിക്കൂടിക്കൊണ്ടിരിക്കുകയാണ്. ലഹരി മാഫിയ ആറാം ക്ലാസ്സിൽ പഠിക്കുന്ന പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെപ്പോലും ലഹരി വില്പനയ്ക്ക് ഉപയോഗപ്പെടുത്തിയ സാഹചര്യം കേരളത്തിലുണ്ടായി. എത്രമാത്രം വേദനാജനകമായ സംഭവങ്ങളാണ് ഓരോ ദിവസവും നടക്കുന്നത്. സർക്കാരിനും എക്സൈസ് വകുപ്പിനും പോലീസ് നൽകിയ റിപ്പോർട്ടിൽ, ചില സ്കൂളുകളിൽ ലഹരി വസ്തുക്കൾ സൂക്ഷിക്കാൻ പ്രത്യേകം സ്ഥലങ്ങളുണ്ടെന്നും സ്കൂളുകളുടെ പേരും വില്പനകഥകളും വിതരണത്തെയും വിൽക്കുന്ന വസ്തുക്കളെയും സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടെ

പറഞ്ഞിട്ടുള്ളതായും കേരള കൗമുദി വളരെ വിശദമായ ഒരു വാർത്ത ഈയിടെ പ്രസിദ്ധീകരിക്കുകയുണ്ടായി. എക്സൈസ് വകുപ്പിനുകീഴിലുള്ള 'വിമുക്തി' മിഷൻ 4 വർഷത്തിനിടെ ലഹരിയുമായി ബന്ധപ്പെട്ട് നടത്തിയ കൗൺസലിങ്ങിൽ 12000-ലധികം പേരാണ് പങ്കെടുത്തത്. അതിലധികവും സ്ത്രീകളാണ്. അതിൽ 21 വയസ്സിന് താഴെയുള്ള പെൺകുട്ടികൾ ആയിരത്തിലധികമാണ്. സമീപകാലത്തായി ആക്രമണങ്ങൾ, സ്ത്രീ പീഡനങ്ങൾ, കൊലപാതകങ്ങൾ, മോഷണം, ആത്മഹത്യകൾ എന്നിവ സംസ്ഥാനത്ത് വർധിച്ചുവരുന്നത് എല്ലാവർക്കും അറിയാവുന്നതാണ്. ഇതിനൊക്കെ ഒരു പ്രധാന കാരണം ലഹരിയാണ്. പ്രതി ലഹരിക്കടിമപ്പെട്ടിരുന്നു, കൊലപാതകി മദ്യത്തിനടിമപ്പെട്ടിരുന്നു എന്നൊക്കെയുള്ള വാർത്തകളാണ് വരുന്നത്. ഈ അടുത്തകാലത്ത് ഭിക്ഷതേടിവന്ന 82 വയസ്സുള്ള വൃദ്ധയായ സ്ത്രീയെ ഒരു പൊലീസ് ഉദ്യോഗസ്ഥനും അദ്ദേഹത്തിന്റെ സുഹൃത്തും ചേർന്ന് ആക്രമിച്ച വാർത്ത വളരെ ദു:ഖത്തോടും ഞെട്ടലോടുംകൂടിയല്ലേ നമ്മൾ കേട്ടത്? ഇത് തടയേണ്ട പൊലീസ് ഉദ്യോഗസ്ഥനല്ലേ ഇങ്ങനെയൊക്കെ ചെയ്തത്. മദ്യം കൊടുത്ത് മയക്കി വിദേശ വനിതയെ ആക്രമിച്ച സംഭവം

കുറച്ചുമാസങ്ങൾക്കുമുമ്പ് കരുനാഗപ്പള്ളി പൊലീസ് സ്റ്റേഷന്റെ കീഴിലുണ്ടായി. തിരുവനന്തപുത്ത് റെയിൽവെ സ്റ്റേഷനുമുമ്പിൽ 21 വയസ്സുള്ള ഒരു ആൺകുട്ടി മദ്യലഹരിയിൽ 20 വാഹനങ്ങളുടെ ഗ്ലാസുകളാണ് അടിച്ചുപൊട്ടിച്ചത്. ഇത്തരത്തിൽ എത്രയെത്ര സംഭവങ്ങളാണ് നമുക്ക് കേൾക്കേണ്ടിവരുന്നത്. ഇടുക്കി ജില്ല കഞ്ചാവ് കൃഷിയുടെ ആസ്ഥാനമായി ഒരുകാലത്ത് അറിയപ്പെട്ടിരുന്നു. ഇന്ന് ആ അവസ്ഥയ്ക്ക് മാറ്റം വന്നിട്ടുണ്ട്. ചെറിയ അളവിലൊക്കെ അവിടെ കഞ്ചാവ് കൃഷിയുണ്ടായേക്കാം. എന്നാൽ ഇടുക്കി ബ്രാൻഡ് എന്ന പേരിൽ മറ്റ് പ്രദേശങ്ങളിൽനിന്നും വിദേശരാജ്യങ്ങളിലേയ്ക്കടക്കം കഞ്ചാവ് കയറ്റി അയയ്ക്കുന്ന സാഹചര്യം നിലനിൽക്കുന്നതായി പത്രങ്ങളിൽ വാർത്ത വരുന്നുണ്ട്. മദ്യമുൾപ്പെടെയുള്ള സർവ ലഹരികളും തടയാനുള്ള സംവിധാനം നമ്മുടെ നാട്ടിലുണ്ടാകേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് കഞ്ചിക്കോട് ബ്രൂവറിയും അതുപോലുള്ള അനുബന്ധ ലഹരി നിർമ്മാണ സ്ഥാപനങ്ങളുമൊക്കെ ആരംഭിക്കാൻ തീരുമാനിക്കുന്നത്. കുട്ടികളിൽ ചെറിയ ലഹരി പകർന്ന് ഭാവിയിൽ അവരെ ലഹരിയുടെ അടിമകളാക്കി മാറ്റുന്ന സാഹചര്യമാണ്

ഇതിലൂടെ ഉണ്ടാകുന്നത്. അതിനാൽ അവ പൂർണ്ണമായും തടയുന്നതിനുള്ള സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കണം. അതുകൊണ്ട് ലഹരിയോട് അടുപ്പവും പ്രേമവും കാണിക്കുന്ന സാഹചര്യം ഒരാൾക്കും ഉണ്ടാകരുതെന്ന നിലപാടാണ് നമ്മൾ സ്വീകരിക്കേണ്ടത്. കുട്ടികൾ മയക്കുമരുന്നിന് ഇരയാകുന്നത് തടയാൻ എക്സൈസ് വകുപ്പിൽ വനിത ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യം വർധിപ്പിക്കേണ്ടത് അനിവാര്യമാണ്. വിദ്യാലയങ്ങളിലെ ചെറിയ വിദ്യാർഥികളെപ്പോലും മയക്കുമരുന്ന് മാഫിയ ഉപയോഗപ്പെടുത്തുന്നു. ഇവരുടെ വലയിലായ 1057 സ്കൂളുകളുണ്ടെന്ന റിപ്പോർട്ട് വന്ന സാഹചര്യത്തിൽ ആ മേഖലയിൽ വനിതകളുടെ പ്രാതിനിധ്യം അനിവാര്യമാണ്. പുരുഷന്മാരേക്കാൾ മിടുക്കോടുകൂടി കുട്ടികളെ സംരക്ഷിക്കാൻ വനിതകൾക്ക് സാധിക്കും. നിലവിലുള്ള വനിതാ സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ പോകുകയാണ്. നിലവിലുള്ള ലിസ്റ്റിൽനിന്നും പത്തനംതിട്ടയിലും കണ്ണൂരിലും ഇടുക്കിയിലുമുള്ള ഒന്നാം റാങ്കുകാർക്കുപോലും നാളിതുവരെ നിയമനം ലഭിച്ചിട്ടില്ല. എല്ലായിടത്തും ജീവനക്കാരുടെ കുറവുകളുണ്ട്. ലഹരി മാഫിയ റാക്കറ്റുകളെ തടയാൻ

സാധിക്കുന്ന വിധത്തിലുള്ള കർശന നിയമനിർമ്മാണം നടത്തണം. അതിനെ തലോടുന്ന സാഹചര്യമല്ല ഉണ്ടാകേണ്ടത്. ഇക്കാര്യത്തിൽ എക്സൈസ് വകുപ്പും പൊലീസ് ഉദ്യോഗസ്ഥരും കർശന നിലപാട് സ്വീകരിക്കണം. അതനുസരിച്ച് ഭരണകൂടവും മുന്നോട്ടുപോകണം. ഭാവിയിൽ മദ്യത്തിലേയ്ക്കും മയക്കുമരുന്നിലേയ്ക്കും ലഹരി വസ്തുക്കളിലേയ്ക്കും ഒരാൾപോലും അധികമായി കടന്നുവരാതിരിക്കാനുള്ള മുൻകരുതലുകളാണ് സ്വീകരിക്കേണ്ടത്. അതിന് മുഴുവൻ പ്രതിനിധികളും ഇവിടെ ഒരേ സ്വരത്തിൽ സംസാരിക്കുന്നതിലുള്ള സന്തോഷംകൂടി രേഖപ്പെടുത്തിക്കൊണ്ട് ഈ ഉപക്ഷേപത്തെ പിന്തുണച്ചുകൊണ്ട് ചുരുക്കുന്നു. നന്ദി.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, നമ്മുടെ നാട്ടിലെ ലഹരി വ്യാപനവും അതുമൂലമുണ്ടാകുന്ന ഗുരുതര ഭവിഷ്യത്തുകളും സംബന്ധിച്ച് നടക്കുന്ന ഈ ചർച്ചയിൽ സംസാരിച്ച എല്ലാവരും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുകയാണ്. ഈ ഉപക്ഷേപത്തിന് നോട്ടീസ് നൽകിയ ശ്രീ. പി. സി. വിഷ്ണുനാഥിനെയും ചർച്ചയ്ക്ക് അവസരം ഒരുക്കിയ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിനെയും

ഗവൺമെന്റിനെയും ഞാൻ അഭിനന്ദിക്കുകയാണ്. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ പരിധിയിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒരു വിഷയമല്ല. ആഗോളതലത്തിൽത്തന്നെ ഇന്ന് ലഹരി വലിയൊരു ഭീഷണിയായി മാറിയിരിക്കുകയാണ്. സ്വാഭാവികമായും അതിന്റെ കണ്ണികൾ/വലകൾ/ശൃംഖല നമ്മുടെ നാട്ടിലേയ്ക്കും നീളുന്നുവെന്നത് ഗൗരവമായി കാണണം. നമ്മുടെ സംസ്ഥാനാതിർത്തിയിൽ വിശാല തലത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങളും സുരക്ഷിതത്വ ക്രമീകരണങ്ങളും ഒരുക്കുകയായിരിക്കും കൂടുതൽ ഫലപ്രദമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇതിനായി എക്സൈസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള 'KEMU' (Kerala Excise Mobile Intervention Unit) പദ്ധതി കുറച്ചുകൂടി ഫലപ്രദമാക്കണമെന്ന നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്. അതുപോലെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിലുള്ള ഉണർവ്, വിമുക്തി എന്നീ പദ്ധതികളും മികച്ച നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ലഹരിയെ പ്രതിരോധിക്കുന്നതിനുള്ള പരിശ്രമം ഏറ്റവും നല്ല നിലയിൽ നടക്കുന്നൊരു കാലമാണ് ഇതെന്നുകൂടി എടുത്തുപറയേണ്ടിയിരിക്കുന്നു. അതിനെ

ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് നാം ഒരുമിച്ചുനിന്ന് പ്രവർത്തിക്കണമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. രാഷ്ട്രീയ മുതലെടുപ്പിനുള്ള വേദിയായി സഭയെ ഉപയോഗിക്കാതെ നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവിയെ ഓർത്ത് എല്ലാവരുടെയും ഒരുമിച്ചുള്ള പ്രവർത്തനമാണ് ആവശ്യമായിട്ടുള്ളത്. കായിക മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് ചെറുപ്പത്തിൽതന്നെ നമ്മുടെ കുട്ടികളെ അതിലേക്ക് കൊണ്ടുവരുന്നത് കൂടുതൽ ഗുണകരമായിരിക്കുമെന്ന് മുൻ പ്രാസംഗികരായ സർവ്വശ്രീ അൻവർ സാദത്തും പി. ബാലചന്ദ്രനും പറഞ്ഞതിനോട് ഞാനും യോജിക്കുകയാണ്. അതോടൊപ്പം ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ ഗുണമേന്മയ്ക്കായി 'Future Stars Education Project' എന്നൊരു പരിപാടി നടത്തുന്നുണ്ട്. അതിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ സ്കൂളുകളിൽ മെഡിക്കൽ/ദന്ത പരിശോധനാക്യാമ്പ് നടത്തിയപ്പോൾ നിരവധി വിദ്യാർഥികൾ ലഹരി ഉപയോഗിക്കുന്നതായി ഡോക്ടർമാർ കണ്ടെത്തുകയും പ്രസ്തുത റിപ്പോർട്ട് രഹസ്യമായി പ്രഥമാധ്യാപകർക്ക്

നൽകുകയും അതിനെത്തുടർന്ന് പ്രത്യേക പ്രതിരോധ സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. അത് കുറച്ചുകൂടി വ്യാപിപ്പിക്കുന്നതുവഴി ലഹരി ഉപയോഗിക്കുന്ന വിദ്യാർഥികളെ പെട്ടെന്ന് കണ്ടെത്തുന്നതിന് സാധിക്കും. ഇക്കാര്യത്തിൽ ഗവൺമെന്റ് നടത്തുന്ന എല്ലാ പരിശ്രമങ്ങളെയും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല: സർ, ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച ഉപക്ഷേപം വസ്തുനിഷ്ഠമായി ചർച്ച ചെയ്യേണ്ടതാണ്. ലഹരിയുടെ ഉപയോഗംമൂലം സംസ്ഥാനത്ത് വളരെയധികം പ്രയാസങ്ങളാണ് ഉണ്ടായിരിക്കുന്നത്. മുമ്പ് മദ്യമായിരുന്നെങ്കിൽ ഇപ്പോൾ കൂടുതലായും ലഹരി വസ്തുക്കളാണ് ഉപയോഗിക്കുന്നത്. മദ്യം കഴിച്ചാൽ അതിന്റെ ഗന്ധത്തിൽനിന്നും മദ്യപാനികളെ തിരിച്ചറിഞ്ഞ് ആവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമായിരുന്നു. പക്ഷേ മയക്കുമരുന്ന് ഉപയോഗിക്കുന്ന ആൾക്കാരെ തിരിച്ചറിയാൻ സാധിക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത്. എം.ഡി.എം.എ.-പോലുള്ള ലഹരിമരുന്നുകൾ ഉപയോഗിച്ചാൽ ഭ്രാന്താണ് ഉണ്ടാകുന്നത്. നമ്മൾ ജനപ്രതിനിധികളെല്ലാം വിവിധ മേഖലകളിൽ

ഇടപെടുന്നവരാണ്; വ്യത്യസ്ത അനുഭവങ്ങൾ ഓരോരുത്തർക്കും പറയാനുമുണ്ടാകും. ഈ ഉപക്ഷേപത്തെ ഒരു രാഷ്ട്രീയ വിഷയമായി കാണുന്നില്ല. ഇന്ന് സമൂഹത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ് ഉപക്ഷേപമായി കൊണ്ടുവന്നിട്ടുള്ളത്. ഓരോ ദിവസവും ഞെട്ടിക്കുന്ന വാർത്തകളാണ് പത്രമാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ ലഹരിക്കടിമപ്പെട്ട മകൻ ഉമ്മയെ കത്തിയെടുത്ത് കുത്തുകയും താലോലിച്ച് വളർത്തിയ അപ്പൂപ്പനെ കൊല്ലുകയുമാണ്; ആരാണെന്നുപോലും നോക്കാതെ വെട്ടിക്കൊല്ലുകയാണ്. അയൽവീട്ടിൽനിന്നും കൊടുവാൾ വാങ്ങിക്കൊണ്ടുവന്നും വെട്ടിക്കൊല്ലുകയാണ്. ലഹരിക്കടിമപ്പെടുമ്പോൾ ആരാണ്, എന്താണെന്നറിയാതെ ചെയ്തുപോകുകയാണ്. ലഹരി വ്യാപനം തടയാൻ ഗവൺമെന്റ് വിമുക്തി മിഷൻ പോലുള്ള ഒട്ടനവധി സംവിധാനങ്ങൾ നടപ്പാക്കുന്നുണ്ട്. ഇക്കാര്യങ്ങളിൽ എക്സൈസ്-പൊലീസ് വകുപ്പുകൾ സംയുക്തമായി ഇടപെടേണ്ട സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. കഴിഞ്ഞ ദിവസം എന്റെ നിയോജകമണ്ഡലത്തിലെ കൊയിലാണ്ടി ബസ്

സ്റ്റാൻഡിൽ ഗുണ്ടാസംഘങ്ങൾ തമ്മിൽ അക്രമമുണ്ടാക്കുകയും പൊലീസ് ഇടപെട്ടപ്പോൾ അതിലുള്ള ഒരു വ്യക്തി കുപ്പി പൊട്ടിച്ച് പൊലീസ് ഉദ്യോഗസ്ഥന്റെ കഴുത്തിൽ കുത്തുകയും ചെയ്തെങ്കിലും പൊലീസ് ഇവരെ കീഴ്പ്പെടുത്തി. എന്നാൽ അക്രമികളെ കോടതിയിൽ ഹാജരാക്കിയപ്പോൾ മജിസ്ട്രേറ്റ് ഗുണ്ടകളോട് ചോദിക്കുന്നത്, നിങ്ങൾക്ക് എന്തെങ്കിലും പ്രയാസം പൊലീസുകാരിൽനിന്നും ഉണ്ടായോ എന്നാണ്. ആ ഗുണ്ടകൾ പറഞ്ഞതനുസരിച്ച് അവരെ വെറുതെവിടുന്ന സ്ഥിതിയുണ്ടായി. പൊലീസുകാരുടെ മനോവീര്യം തകർക്കുന്ന ഒരു സംഭവമാണിത്. ഇത്തരത്തിലുള്ള പല സംഭവങ്ങൾ ഇവിടെ നടക്കുന്നുണ്ട്. സ്കൂളുകളിലും കോളേജുകളിലും ലഹരി ഉപയോഗത്തിനെതിരെയുള്ള പദ്ധതികൾ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പക്ഷേ ഇതൊന്നും മതിയാകുന്നില്ലെന്നതാണ് സത്യം. രാഷ്ട്രീയപരമായും കണക്കുകളുടെ അടിസ്ഥാനത്തിലും ചിലർ പറയുന്നത് കേട്ടാൽ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് വലിയ രീതിയിൽ ലഹരി കൊടുത്തുകൊണ്ട് ആളുകളെ ഈ രീതിയിലേക്ക് മാറ്റിയതെന്ന് തോന്നും.

പക്ഷേ അതല്ല. ലഹരിക്കടിമപ്പെട്ടവർ വലിയ രീതിയിൽ അക്രമം ഉണ്ടാക്കുന്നു. എന്നാൽ നിലവിലുള്ള പ്രതിരോധ സംവിധാനങ്ങൾ മതിയാകില്ല എന്നുള്ളതാണ് സത്യം.

1.00 p.m]

കഴിഞ്ഞ ദിവസം എനിക്കൊരു അനുഭവമുണ്ടായി. ഒരു രക്ഷിതാവ് രാത്രി 11 മണിക്ക് എന്റെ ഫോണിൽ വിളിക്കുകയും മകൻ വലിയ രീതിയിലുള്ള അക്രമമുണ്ടാക്കുന്നതിനാൽ എങ്ങനെയെങ്കിലും അവനെ ആശുപത്രിയിൽ എത്തിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഞാൻ പരിസരത്തുള്ള യുവാക്കളെ ഇക്കാര്യങ്ങൾ ചെയ്യാനായി ഏൽപ്പിക്കുകയും പൊലീസ് സ്റ്റേഷനിലേക്ക് വിളിച്ചു പറയുകയും ചെയ്തു. ബന്ധപ്പെട്ട പൊലീസ് സ്റ്റേഷനിൽനിന്നും ഉടൻതന്നെ പൊലീസുകാർ സ്ഥലത്തെത്തുകയും ആ മകനെ ബലംപ്രയോഗിച്ച് കീഴ്പ്പെടുത്തി ആശുപത്രിയിൽ കൊണ്ടുപോകുകയും ചെയ്തു. പിന്നീട് ആ രക്ഷിതാവ് എന്നെ വിളിച്ച് നന്ദി അറിയിച്ചു; എനിക്കുമാത്രമല്ല, ഗവൺമെന്റിനും നന്ദി പറഞ്ഞു. ഈ സർക്കാരിന്റെ കീഴിലുള്ള പൊലീസുകാരുടെ സഹായത്താലാണ് ഞങ്ങൾ

ജീവിച്ചിരിക്കുന്നതെന്നും അല്ലെങ്കിൽ എന്റെ മകൻ ഞങ്ങളെ രണ്ടുപേരെയും കൊലപ്പെടുത്തുമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഇതുപോലുള്ള ധാരാളം അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. അതുകൊണ്ട് സർക്കാരിന്റെ ഭാഗത്തുനിന്നും പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്നല്ല പറയേണ്ടത്. എന്നാൽ അതൊന്നും മതിയാകുന്നില്ല എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. എക്സൈസ് വകുപ്പിന്റെ കൈവശമുള്ള 15 വർഷം പഴക്കമുള്ള വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞു. കൂടാതെ ഇത്തരം സന്ദർഭങ്ങളിൽ ഉപയോഗിക്കാനാവശ്യമായ ഉപകരണങ്ങളെല്ലാം വകുപ്പിന് നൽകിയിട്ടുമുണ്ട്, അത്തരത്തിൽ ഒട്ടനവധി കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുന്നുണ്ട്. എന്നാൽ ഇതിനെല്ലാം അതീതമായാണ് ഇപ്പോൾ സംഭവിക്കുന്നതെന്ന് നമ്മൾ കാണേണ്ടതുണ്ട്. ലഹരിവസ്തുക്കളുടെ വ്യാപനത്തിനായി വിതരണക്കാർ ഒരു ചാനൽ രൂപീകരിക്കുകയാണ്, കമ്പനിപോലെ ഒരു ഗ്രൂപ്പുണ്ടാക്കുകയാണ്. കുട്ടികളെ ഉൾപ്പെടെ ലഹരിവസ്തുക്കളുടെ വാഹകരാക്കിക്കൊണ്ട് ആരും അറിയാത്ത രീതിയിൽ ഇത്തരം വസ്തുക്കളുടെ വില്പന നടത്തുകയാണ്. ഏതെങ്കിലും കുട്ടികളിൽനിന്നും ലഹരിവസ്തു പിടിച്ചാൽ അവരെ അറസ്റ്റുചെയ്ത്

റിമാൻഡ് ചെയ്യുന്ന നടപടി മാത്രമാണ് ഉണ്ടാകുന്നത്. എന്നാൽ ലഹരി വസ്തുക്കളുടെ ഉറവിടം എവിടെയാണെന്ന് കണ്ടെത്തുന്നില്ലെന്നതാണ് യാഥാർഥ്യം. ഇത്തരം വില്പനയ്ക്ക് പിന്നിലെല്ലാം വമ്പൻ സ്രാവുകൾ ഒളിച്ചിരിക്കുന്നുണ്ടെന്നത് തീർച്ചയാണ്, അക്കാര്യങ്ങളെല്ലാം അറിയാമെങ്കിലും അവരെ കണ്ടുപിടിക്കാൻ കഴിയുന്നില്ലെന്ന ഒരു വലിയ സത്യം നിലനിൽക്കുന്നുണ്ട്. അവർ ലഹരി വില്പനയിലൂടെ, മനുഷ്യജീവിതത്തെ വിറ്റ് പണമുണ്ടാക്കുകയാണ്, മറ്റുള്ളവരുടെ ജീവിതം ഇല്ലാതാക്കുകയാണ്. ഇത്തരം ആളുകൾ പണമുണ്ടാക്കി കൊഴുത്തുവളരുന്ന സ്ഥിതിയുണ്ടാകുന്നുവെങ്കിലും അക്കാര്യം ആരുടെയും ശ്രദ്ധയിൽപ്പെടുന്നില്ല. ഇത്തരം കുറ്റകൃത്യങ്ങളിൽ പിടിക്കപ്പെടുന്നത് പലപ്പോഴും സ്കൂളിലും കോളേജിലുമൊക്കെ പഠിക്കുന്ന കുട്ടികളായിരിക്കും. ലഹരി വില്പനയിൽ യഥാർഥത്തിൽ പിടിക്കേണ്ടത് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന കണ്ണികളെയാണ്.

ഈ വിഷയത്തോടനുബന്ധിച്ച മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത് ഇന്നത്തെ സിനിമകളെക്കുറിച്ചാണ്. സ്കൂളില്ലാത്ത ദിവസമാണെങ്കിൽ കുട്ടികൾ 24 മണിക്കൂറും ടെലിവിഷനോ ടാബോ ഫോണോ കണ്ടുകൊണ്ടിരിക്കും,

അവർ ഇതിന്റെ അടിമയായിക്കൊണ്ടിരിക്കുകയാണ്. എങ്ങനെയാണ് ഒരാളെ പെട്ടെന്ന് കൊല്ലുന്നതെന്നും ലഹരി ഉപയോഗിക്കുന്നതിനുള്ള എളുപ്പവഴികളും ഇതിലൂടെ അവർ മനസ്സിലാക്കുകയാണ്. ഫോണും അതുപോലുള്ള ഇലക്ട്രോണിക് മാധ്യമങ്ങളും ഇത്തരം കാര്യങ്ങൾ കുട്ടികളെ കാണിച്ചുകൊണ്ടിരിക്കുകയാണ്, പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ സമൂഹത്തെ ബാധിക്കുന്ന വേണ്ടാത്ത കാര്യങ്ങൾ സിനിമയിലുണ്ടെങ്കിൽ സെൻസറിങ്ങിലൂടെ ഒഴിവാക്കുമായിരുന്നു. സിഗരറ്റ് വലിക്കാൻ പാടില്ലെന്ന മുന്നറിയിപ്പോടെയാണ് സിഗരറ്റ് വലിക്കുന്ന സീൻ കാണിച്ചിരുന്നത്. എന്നാൽ ഇപ്പോൾ സെൻസറിങ്ങൊന്നും നടക്കുന്നില്ല, എങ്ങനെ എളുപ്പത്തിൽ കൊലചെയ്യാൻ സാധിക്കുമെന്നൊക്കെയാണ് കാണിക്കുന്നത്, ഈ രീതിയിൽ നമ്മുടെ സിനിമകളും മാറുകയാണ്. കുട്ടികൾ ഇതൊക്കെ പകലന്തിയോളവും നേരം പുലരുവോളവും കാണുന്നതിലൂടെ ലഹരിക്കും അക്രമവാസനയ്ക്കും അടിമപ്പെട്ടുപോകുന്ന സ്ഥിതിയുണ്ട്. കഞ്ചാവുപോലുള്ള ലഹരി വസ്തുക്കൾ ഒരു കിലോഗ്രാം തൂക്കം കൈവശം വച്ചാൽ മാത്രമെ ശിക്ഷിക്കപ്പെട്ട് ജയിലിലടയ്ക്കപ്പെടുകയുള്ളൂ. പ്രസ്തുത

ളുക്കത്തിൽനിന്നും ഒരു ഗ്രാം കുറഞ്ഞാൽപ്പോലും പ്രശ്നമില്ലാതെ രക്ഷപ്പെടാം, പൊലീസ് സ്റ്റേഷനിൽനിന്നുതന്നെ ജാമ്യം അനുവദിക്കപ്പെടും. ഇതെല്ലാം കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ വീണ്ടുവിചാരമില്ലാത്ത നിയമത്തിന്റെ കുഴപ്പമാണ്. അതുകൊണ്ടുതന്നെ നിയമത്തിലുള്ള ഇത്തരം വ്യവസ്ഥകളിൽ ഭേദഗതി വരുത്തുകയും നിയമം കർശനമാക്കുകയും ചെയ്യണം. അതുപോലെ രാത്രികാലങ്ങളിൽ ഇരുചക്രവാഹനങ്ങളുടെ പരിശോധന നടത്തുന്നതിനായി പട്രോളിംഗ് കർശനമാക്കണം. എന്നാൽ ആ രീതിയിലുള്ള ഇടപെടൽ നടക്കുന്നില്ല. കാരണം, പൊലീസുകാർക്ക് അവരുടെ ജീവനിൽ കൊതിയുണ്ട്. ഇവയെല്ലാം പരിഹരിക്കുന്നതിന് കൂടുതൽ നടപടികൾ ഗവൺമെന്റ് സ്വീകരിക്കേണ്ടതുണ്ട്.

ലഹരി മാഫിയകളെ കയറൂരി വിട്ടുകൊണ്ട് നാട്ടിൽ വലിയ പ്രയാസം സൃഷ്ടിക്കുന്നുവെന്ന് ഉപക്ഷേപത്തിന്റെ ചർച്ചയിൽ ആരോപിക്കുന്നുണ്ട്, ഈ വിഷയവുമായി ബന്ധപ്പെട്ട ചർച്ചകൾ അത്തരത്തിലാകരുത്. കാരണം, ഇതിൽ ഉൾപ്പെടുന്നത് നമ്മുടെയെല്ലാം കുട്ടികളാണ്, ആരുടെ കുട്ടികൾ എന്നത് ഒരു വിഷയമല്ല, നമ്മുടെ മക്കൾ ആരായാലും ഇതിലേക്ക്

അകപ്പെടുന്ന സ്ഥിതിയുണ്ട്. ഒരു സർക്കാരിനെ കുറ്റം പറഞ്ഞുകൊണ്ട് ഇതൊന്നും കണ്ടില്ലെന്ന് നടിക്കാൻ നമുക്ക് കഴിയില്ല. നാട്ടിൽ നമുക്ക് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യേണ്ടതായിട്ടുണ്ട്. സ്കൂളുകളിലെ ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തമാക്കുകയും പ്രീ-പ്രൈമറിതലം മുതൽ കോളേജ് വിദ്യാർഥികൾവരെയുള്ളവർക്ക് ബോധവൽക്കരണം നൽകുകയും വേണം. ആ രീതിയിൽ ശക്തമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയാൽ മാത്രമെ ഇതിനെ നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. മറ്റൊന്ന്, നമ്മുടെ നാട്ടിലെ ഇതര സംസ്ഥാന തൊഴിലാളികളെ ശ്രദ്ധാപൂർവം നിരീക്ഷിക്കണം. ഹൈവേയുടെ പ്രവൃത്തിക്കും മറ്റുമായി ഗുജറാത്തിൽനിന്നും വന്ന തൊഴിലാളികൾ നാട്ടിൽ പോയി വരുമ്പോഴെല്ലാം ഇവിടെയുള്ള പലരുമായും സാധനങ്ങൾ കൈമാറ്റം ചെയ്യുന്നുണ്ടെന്ന് പൊലീസുകാരടക്കം പറയുന്നുണ്ട്. ഇത്തരം കാര്യങ്ങൾ നിരീക്ഷണവിധേയമാക്കണം. ഈ വിഷയത്തെ രാഷ്ട്രീയപരമായോ രാഷ്ട്രീയ വിഷയമായോ കാണേണ്ടതില്ല. ഇത് ഒരു സമൂഹത്തിന്റെ വിപത്താണ്. ആ വിപത്തിനെ തിരിച്ചറിഞ്ഞുകൊണ്ട് ഇടപെടേണ്ട വിഷയമാണ്. ഈ ഉപക്ഷേപം ക്രിയാത്മകമായി ചർച്ച

ചെയ്യപ്പെടണം. ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്തുണയ്ക്കുകയാണ്. കോവിഡ് മഹാമാരിയെക്കാൾ ഏറ്റവും വേഗത്തിൽ പടർന്ന് വ്യാപിച്ചുകൊണ്ടിരിക്കുന്ന ഒരു മഹാമാരിയാണ് മയക്കുമരുന്ന് എന്ന ലഹരി. ലഹരിക്കെതിരെ നിരന്തരം ചർച്ചകളും ഘോഷയാത്രകളും പ്രതിജ്ഞയും സംഘടിപ്പിക്കാറുണ്ടെങ്കിലും കാര്യമായ ഒരു മാറ്റവും ഇപ്പോഴും വരുത്താൻ സാധിച്ചിട്ടില്ല. ഒരുതരത്തിലും പിടിക്കപ്പെടാത്ത രൂപത്തിലേക്ക് സമൂഹത്തിൽ ലഹരിവ്യാപനം മാറിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ വിദ്യാർഥികളെയാണ് ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് എന്നതുകൊണ്ടുതന്നെ ഭയാനകമായ ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെടുകയാണ്. നാലും അഞ്ചും ക്ലാസിൽ പഠിക്കുന്ന ചെറിയ കുട്ടികളെപ്പോലും ലഹരി മാഫിയാ സംഘങ്ങൾ പിടികൂടുകയാണ്. ഇത്തരം സംഘങ്ങളുടെ ഭീഷണിക്കുമുന്നിൽ ഭയപ്പെട്ട് പലപ്പോഴും കുട്ടികൾക്ക് സ്വന്തം രക്ഷിതാക്കളോടും അധ്യാപകരോടുംപോലും ഇക്കാര്യങ്ങൾ പറയാൻ കഴിയാത്ത സാഹചര്യമുണ്ടെന്നുള്ളതാണ് വാസ്തവം. സർഗാത്മക

പ്രവർത്തനങ്ങളിലേക്ക് വരേണ്ട വിദ്യാർഥികളെയും യുവാക്കളെയുമാണ് ഇത്തരം മാഫിയാ സംഘങ്ങൾ പിടിമുറുക്കുന്നത്. ഇന്ന് ഏറ്റവും കൂടുതൽ ലഹരി വസ്തുക്കൾ പിടിക്കപ്പെടുന്ന കേന്ദ്രമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. നേരത്തെ ഒരുഗ്രാം, രണ്ടുഗ്രാം, മൂന്നുഗ്രാം എന്ന നിലയിലായിരുന്നെങ്കിൽ ഇന്ന് ടൺ കണക്കിന് മയക്കുമരുന്നുകൾ പിടിക്കൂടുന്ന ഒരു കേന്ദ്രമായി നമ്മുടെ നാട് മാറിക്കൊണ്ടിരിക്കുന്ന ഭയാനക സാഹചര്യമാണ് നിലവിലുള്ളത്. ഇതിനെതിരെ ക്രിയാത്മകവും പ്രായോഗികവുമായ പ്രവർത്തനങ്ങളാണ് നമുക്ക് ആവശ്യം. അതിനായി എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കുറച്ചുകൂടി ശക്തമാക്കണം. എക്സൈസ് വകുപ്പിൽ ആവശ്യത്തിന് ഉദ്യോഗസ്ഥരില്ലെന്നത് ഒരു പോരായ്മയാണ്. പല പ്രശ്നങ്ങളിന്മേലും നമ്മൾ വിളിക്കുമ്പോൾ പലയിടത്തും വേണ്ടത്ര ഉദ്യോഗസ്ഥരില്ലാത്ത അവസ്ഥയാണ്. ഇത്തരം ഡ്യൂട്ടികൾ നിർവഹിക്കുന്നതിനായി അവർക്ക് സഞ്ചരിക്കാൻ നല്ല വാഹനങ്ങളില്ല. ഇത്തരത്തിൽ എക്സൈസ് വകുപ്പ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ സർക്കാരിന്റെ

ഭാഗത്തുനിന്നുണ്ടാകണം. ഈ വകുപ്പിൽ വനിത ഉദ്യോഗസ്ഥരുടെ കുറവുണ്ട്. വനിതാ സിവിൽ എക്സൈസ് ഓഫീസറിന്റെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടുപോലും നിയമനം നടത്തുന്നില്ല. നമ്മൾ ലഹരിക്കെതിരെ പറയുകയും മറുവശത്ത് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ അഭിസംബോധന ചെയ്യാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ബദൽ ഓപ്ഷൻ സ്വീകരിക്കേണ്ടതുണ്ട്. ലഹരി ഉപയോഗത്തിനെതിരെ പ്രതിജ്ഞ എടുക്കുകയോ ബോധവൽക്കരണം നടത്തുകയോ ചെയ്യുന്നതോടൊപ്പം ടി വിഷയം സംബന്ധിച്ച് പുതിയ തലമുറയിലെ കുട്ടികൾക്ക് എന്താണ് പറഞ്ഞുകൊടുക്കാനുള്ളത് എന്നതാണ് വിഷയം. വിദ്യാഭ്യാസ വകുപ്പ് ഈ വിഷയം വളരെ ഗൗരവമായി ചർച്ച ചെയ്ത് ലഹരിയുടെ ദൂഷ്യവശങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കാര്യമാണ് കുട്ടികൾക്ക് കളിക്കാനുള്ള ഇടങ്ങൾ ഇല്ലെന്നുള്ളത്. കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് കൂടുതൽ ഫണ്ട് വകയിരുത്തുകയും അത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു സാഹചര്യം സൃഷ്ടിക്കുകയെന്നുള്ളതാണ് ഇതിനുള്ള നല്ല ബദൽ ഓപ്ഷൻ. ലഹരിവിരുദ്ധ

ബോധവൽക്കരണ ക്ലാസ്സുകളിൽ പങ്കെടുക്കുന്ന കുട്ടികൾ പലപ്പോഴും തിരിച്ചുപോകുമ്പോൾ ലഹരി ഉപയോഗിക്കുന്നതായി കാണാൻ സാധിക്കും. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രായോഗികവും ക്രിയാത്മകവുമായ നിർദേശങ്ങളും പ്രവർത്തനങ്ങളുമാണ് വേണ്ടത്. ടി വിഷയങ്ങൾ സംബന്ധിച്ച് എപ്പോഴും ചർച്ച ചെയ്യുന്നുണ്ട്. കേവലം ഒരു ചർച്ചയിലൊതുക്കാതെ മറ്റ് നിർദേശങ്ങൾ മുന്നോട്ടുവച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും സ്ത്രീകളെയും ലഹരി ഉപയോഗത്തിൽനിന്നും രക്ഷിക്കാൻ കഴിയണം. ഒരു അമ്മ കൊടുത്ത ഇന്റർവ്യൂവിൽ "എന്റെ മകൻ വീട്ടിലേക്ക് വരുമ്പോൾ കതക് തുറന്നുകൊടുക്കാൻ എനിക്ക് ഭയമാണ്" എന്നുപറഞ്ഞത് ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് ഇവിടെ സൂചിപ്പിച്ചു. അമ്മയെ തിരിച്ചറിയാത്ത മക്കളുണ്ടാകുന്നു. ഇതാണ് ഓരോ വീട്ടിലെയും അവസ്ഥ. ഇന്ന് എന്റെ വീട്ടിലാണെങ്കിൽ നാളെ മറ്റൊരു വീട്ടിലായിരിക്കും ഈ അവസ്ഥയുണ്ടാകുന്നത്. ഇത്തരം അനുഭവങ്ങൾ എന്റെ വീട്ടിൽ വരില്ലെന്ന് ഒരാൾക്കും പറയാൻ സാധിക്കാത്ത രൂപത്തിലേക്ക് കാര്യങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. അതിനനുസരിച്ചുള്ള നടപടി സർക്കാരിന്റെ

ഭാഗത്തുനിന്നുണ്ടാകണം. എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ എണ്ണം വർധിപ്പിച്ച് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം. ലഹരിവസ്തുക്കൾ വിൽക്കാൻ സാധ്യതയുള്ളത് വിദ്യാലയങ്ങളുടെ സമീപത്തുള്ള കടകളിലായതിനാൽ അവിടങ്ങളിൽ നിരന്തര പരിശോധനകൾ നടത്തണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, സമകാലിക സാമൂഹിക പ്രാധാന്യം അർഹിക്കുന്ന ഒരു പ്രശ്നമെന്ന നിലയിലാണ് നിയമസഭ ഇന്ന് ഈ വിഷയം പ്രധാനമായും ചർച്ചയ്ക്കെടുത്തത്. ഈ വിഷയം ചർച്ച ചെയ്യുമ്പോൾ കേരളമാണ് ലഹരിയുടെ കേന്ദ്രം എന്നുള്ളനിലയിലാണ് പ്രതിപക്ഷാംഗങ്ങൾ പ്രസംഗിക്കുന്നത്. എന്നാൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ലഹരി ഉപയോഗത്തിലും വ്യാപനത്തിലും കേരളം മുന്നിലല്ല എന്ന് വസ്തുതകൾ പരിശോധിച്ചാൽ നമുക്ക് തിരിച്ചറിയാൻ കഴിയും. മാത്രമല്ല, ഈ പ്രശ്നം വളരെ കുറച്ചുമാത്രമുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. പത്തിനും എഴുപത്തിയഞ്ചിനുമിടയിൽ പ്രായമുള്ള 14.6% ഇന്ത്യാക്കാർ അതായത് 16 കോടി ജനങ്ങൾ മദ്യം എന്ന ലഹരി

ഉപയോഗിക്കുന്നവരാണ്. അതിൽ ഏറ്റവും കൂടുതൽ ആളുകൾ മദ്യം ഉപയോഗിക്കുന്നത് അരുണാചൽ പ്രദേശിലാണ്. അതായത്, അവിടെ 52.5% ജനങ്ങൾ മദ്യം ഉപയോഗിക്കുന്നുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. തൊട്ടുപിന്നിലുള്ള സംസ്ഥാനം, 43.4% ജനങ്ങൾ മദ്യം ഉപയോഗിക്കുന്ന തെലങ്കാനയാണ്. അതിനുപുറകിലുള്ള സംസ്ഥാനം, 39.9% പേർ മദ്യം ഉപയോഗിക്കുന്ന സിക്കിം ആണ്. ലഹരിയെ ശക്തമായി പ്രതിരോധിക്കുന്നതിലും ജനങ്ങളെ ബോധവൽക്കരിക്കുന്നതിലും ഏറ്റവും മാതൃകാപരമായി പ്രവർത്തിക്കുന്ന സംസ്ഥാനമാണ് കേരളമെന്നുള്ളത് ഇന്ത്യയിലെ പൊതുസാഹചര്യം പരിശോധിക്കുമ്പോൾ ഒരു വസ്തുതയായി പറയാതിരിക്കാൻ നിർവാഹമില്ല. മറ്റൊരു ലഹരി വസ്തുവായ കഞ്ചാവിന്റെ ഉപയോഗം കൂടുതലുള്ള സംസ്ഥാനങ്ങളുടെ പട്ടികയിലും കേരളം വളരെ പുറകിലാണെന്നത് ആശ്വാസകരമായ വസ്തുതയാണ്. കഞ്ചാവിന്റെ ഉപയോഗം താരതമ്യേന കൂടുതലുള്ളത് ഉത്തർപ്രദേശ്, പഞ്ചാബ്, സിക്കിം, ഛത്തീസ്ഗഡ്, ഡൽഹി എന്നീ സംസ്ഥാനങ്ങളിലാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഈ നിലയിലെല്ലാം പരിശോധിക്കുമ്പോൾ കേരളം

ലഹരിക്കെതിരായി ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുവെന്നത് നാം കാണേണ്ട ഏറ്റവും പ്രധാനപ്പെട്ട വസ്തുതയാണ്. കേന്ദ്ര ഭരണപ്രദേശമായ പോണ്ടിച്ചേരിയെ മാറ്റിനിർത്തിയാൽ കഞ്ചാവ് ഉപയോഗം ഏറ്റവും കുറവുള്ളത് കേരളത്തിലാണ് എന്നതുകൂടി നാം തിരിച്ചറിയേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റ് നടത്തുന്ന മാതൃകാപരമായ നിരവധി പ്രവർത്തനങ്ങളെ കാണാതിരിക്കാൻ കഴിയില്ല. സർക്കാരിന് ഇക്കാര്യത്തിൽ എന്തെങ്കിലും കരുതലുണ്ടോയെന്ന് ബഹുമാന്യനായ ഉപക്ഷേപാവതാരകൻ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. സർക്കാർ നടപ്പാക്കുന്ന നിരവധി പദ്ധതികൾ അദ്ദേഹത്തിന് അറിയാത്തതുകൊണ്ടല്ല, അതിനെക്കുറിച്ചെല്ലാം വ്യക്തമായ നിലയിൽ അറിവുള്ളവരാണ് എം.എൽ.എ.-മാർ. 2016 മുതൽ പരിശോധിച്ചാൽ സംസ്ഥാന ഗവൺമെന്റിന്റെ നിരവധി പദ്ധതികൾ നമ്മുടെയെല്ലാം നേതൃത്വത്തിൽ കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. കേരളത്തിൽ 'വിമുക്തി' പദ്ധതിക്ക് 2016 ഒക്ടോബറിൽ രൂപംകൊടുത്തു. അതിന്റെ നേതൃത്വത്തിൽ

വാർഡുതലത്തിലുൾപ്പെടെ ലഹരിക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഈ പദ്ധതിയുടെ ഭാഗമായി 'Say No To Drugs' ഉൾപ്പെടെയുള്ള പ്രത്യേക മുദ്രാവാക്യങ്ങളുയർത്തി ഗ്രാമീണമേഖലയെയും നഗരങ്ങളെയും ഒരുപോലെ ബോധവൽക്കരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ കേരള ഗവൺമെന്റ് നടപ്പാക്കിവരികയാണ്. സ്കൂളുകളെയും കോളേജുകളെയും കേന്ദ്രീകരിച്ചുകൊണ്ടുള്ള ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ 5585 സ്കൂളുകളിലും 890 കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരി പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. വിദ്യാർഥികളുടെ കഴിവുകളെ നശിപ്പിക്കുംവിധമുള്ള ലഹരി ഉപയോഗം തിരിച്ചറിഞ്ഞുകൊണ്ടാണ് ഗവൺമെന്റ് ഈ നിലയിലുള്ള പദ്ധതികൾ നടപ്പാക്കാൻ ശക്തമായ നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. കോളേജുതലത്തിൽ പ്രിൻസിപ്പലിന്റെയും/വൈസ് പ്രിൻസിപ്പലിന്റെയും നേതൃത്വത്തിൽ 'ശ്രദ്ധ', 'നേർക്കൂട്ടം' പോലുള്ള പദ്ധതികൾ ശക്തമായ നിലയിൽ സർക്കാർ നടത്തിവരികയാണ്. അധ്യാപകരെയും രക്ഷാകർത്താക്കളെയും വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ

വിഭാഗം സംഘടനകളെയും ജനവിഭാഗങ്ങളെയും കോർത്തിണക്കിക്കൊണ്ട് വിദ്യാലയങ്ങളെ ലഹരിവിമുക്ത കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള വലിയ ഇടപെടലുകൾ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗമായി നടക്കുന്നുവെന്നുള്ളത് ശ്രദ്ധേയമാണ്. ഗവൺമെന്റിന്റെ ലഹരിവിരുദ്ധ പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ 'ഉണർവ്', 'നേർവഴി' പദ്ധതികൾ ഏറ്റവും ശക്തമായി നടപ്പാക്കിയത് നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. ആശുപത്രികൾ കേന്ദ്രീകരിച്ചുള്ള ഡീ-അഡിക്ഷൻ സെന്ററുകളെയും ലഹരി ഉപയോഗത്തെ നിയന്ത്രിക്കുന്നതിനുവേണ്ടി ഏറ്റവും നന്നായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞു; ഇക്കാര്യത്തിൽ പൊലീസിന്റെ നടപടികളും ശ്രദ്ധേയമാണ്. ഹൈദ്രാബാദിലെ മയക്കുമരുന്ന് നിർമ്മാണശാലയുമായി ബന്ധപ്പെട്ട് സമീപകാലയളവിൽ കേരള പൊലീസ് നടത്തിയ അന്വേഷണം മാതൃകാപരമായിരുന്നു. ഹൈദ്രാബാദിൽപോയി റെയ്ഡ് നടത്താനും അവിടെയുള്ള ലഹരി നിർമ്മാണകേന്ദ്രത്തെ നിയമപരമായി നേരിടാനാവശ്യമായ സമീപനം സ്വീകരിക്കാനും കേരള പൊലീസിന് കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. സംസ്ഥാനത്തെ ഏറ്റവും വലിയ

ലഹരിമരുന്ന് വേട്ടയിൽ 3.407 കിലോ വരുന്ന എം.ഡി.എം.എ.-യും അതിന്റെ ഭാഗമായി പ്രവർത്തിച്ച പ്രതിയെയും കാസർഗോഡ് പോലീസ് പിടികൂടി എന്ന വാർത്തയും സമീപകാലയളവിൽ നമുക്ക് കേൾക്കാൻ കഴിഞ്ഞു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ എക്സൈസ് ഡിപ്പാർട്ടുമെന്റ് സജീവമായി ഇടപെടുന്നുണ്ടെങ്കിലും ഇത് സാമൂഹ്യവിരുദ്ധരുമായിട്ടുള്ള ഏറ്റുമുട്ടലാണ്. അവരെ നേരിടുന്ന സർക്കാർ സംവിധാനത്തോട് സാമൂഹ്യവിരുദ്ധർ/ലഹരി മാഫിയാ സംഘം ഏത് മാർഗ്ഗമുപയോഗിച്ചും ഏറ്റുമുട്ടുന്ന സാഹചര്യമുണ്ടാകുന്നു. അവർ ആയുധങ്ങളുപയോഗിച്ചുകൊണ്ട് ഉദ്യോഗസ്ഥരെ കീഴ്പ്പെടുത്താൻ ശ്രമിക്കുന്നതിനാൽ എക്സൈസ് ഉദ്യോഗസ്ഥർക്കും അതുമായി ബന്ധപ്പെട്ട ഫോഴ്സിനും ആവശ്യമായ ആയുധങ്ങൾ നൽകി അവരുടെ ജീവൻ രക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ ഭാഗമായി വിവിധ ക്യാമ്പയിനുകൾ, ജാഗ്രതാ സംവിധാനങ്ങൾ, ജനകീയ ബോധവൽക്കരണം എന്നിവ ഏറ്റെടുക്കാൻ നമുക്ക് കഴിയണം. ലഹരി ഉപയോഗിക്കുന്നവരെ കടുത്ത ശിക്ഷാനടപടികളുടെ പരിധിയിൽ കൊണ്ടുവരുന്നതിനായി നിയമം

ഭേദഗതി ചെയ്യണം. ഇവിടെ അന്യസംസ്ഥാന തൊഴിലാളികളുടെ കാര്യം സൂചിപ്പിച്ചു. അവരുടെ ഈ നാട്ടിലെ പ്രവർത്തനങ്ങളിൽ ലഹരിയുടെ സ്വാധീനമുണ്ടാകുന്നുണ്ടോയെന്ന് പ്രത്യേകമായി പരിശോധിക്കണം. അഭിമാനത്തോടുകൂടി ഒരു കാര്യം ചൂണ്ടിക്കാണിക്കട്ടെ, ഞാൻ കേരളത്തിലെ ഒരു യുവജന പ്രസ്ഥാനമായ ഡി.വൈ.എഫ്.ഐ.-യിൽ പ്രവർത്തിക്കുന്ന ഒരാളാണ്. ആ പ്രസ്ഥാനം സംസ്ഥാന വ്യാപകമായി ലഹരിക്കെതിരായി ശക്തമായ നിലയിൽ ക്യാമ്പയിൻ നടത്തിവരുന്നുണ്ട്. ഡി.വൈ.എഫ്.ഐ. സംസ്ഥാന വ്യാപകമായി ലഹരിക്കെതിരെ സംഘടിപ്പിക്കുന്ന ജാഗ്രതാ പരേഡിൽ പങ്കെടുത്തുകൊണ്ടാണ് ആ പ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന എം.എൽ.എ.-മാരുൾപ്പെടെ ഈ നിയമസഭാ സമ്മേളനത്തിൽ വന്നിട്ടുള്ളത്. അങ്ങനെ മാതൃകാപരമായി യുവജനസംഘടനകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ജനകീയ ബോധവൽക്കരണത്തിന്റെ ഭാഗമായി ക്ലബ്ബുകൾക്കും വ്യത്യസ്ത സംഘടനകൾക്കും കൂട്ടായി ഈ വിപത്തിനെ നേരിടാൻ കഴിയണം. ഈ

പ്രശ്നത്തെ സർക്കാർ ഏറ്റവും ജാഗ്രതയോടുകൂടി കാണുന്നുവെന്നതിലുള്ള സന്തോഷം രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ:</u> സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ച ചെയ്യാൻ സന്മനസ് കാണിച്ച എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിനെയും ഗവൺമെന്റിനെയും അഭിനന്ദിക്കുന്നു. നമ്മുടെ സമൂഹത്തിൽ ലഹരി വളരെയധികം സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കുമുമ്പ് കോഴിക്കോട് ജില്ലയിലെ താമരശ്ശേരിയിൽ കാൻസർ രോഗിയായ സ്വന്തം മാതാവിനെ വെട്ടിക്കൊലപ്പെടുത്തിയ ഇരുപത്തിനാലുകാരൻ പൊലീസിന് നൽകിയ മൊഴി 'എന്നെ ജനിപ്പിച്ചതിനുള്ള ശിക്ഷ ഞാൻ നടപ്പാക്കി' എന്നാണ്. കൂട്ടുകാരോടൊപ്പം ഒരു ആസ്വാദനത്തിനുവേണ്ടി ആദ്യം ലഹരി ഉപയോഗിക്കുകയും പിന്നീടൊരിക്കലും ജീവിതത്തിലേക്ക് തിരിച്ചുവരാനാകാത്തവിധം ദുരന്തങ്ങളിൽ അകപ്പെടുകയും ചെയ്യുന്ന എത്രയോ ലഹരി ജീവിതങ്ങളുണ്ട്. കൂട്ടുകെട്ടുകളും സൗഹൃദങ്ങളും നന്മയുടേതിനെക്കാൾ തിന്മയുടെ വഴികളിലേക്കാണ് പുതുതലമുറയെ നയിച്ചുകൊണ്ടിരിക്കുന്നത്.

ജീവിതത്തിൽ ഒരു പ്രാവശ്യം ഉപയോഗിച്ചാൽത്തന്നെ അഡിക്ടായി പോകുംവിധമുള്ള മാരക മയക്കുമരുന്നുകൾ ഇന്ന് വിദ്യാർഥികൾക്കിടയിൽ വ്യാപകമാണ്. പലയിടത്തും വിദ്യാലയങ്ങൾക്കടുത്തുള്ള പെട്ടിക്കടകളിൽ ചോക്ലേറ്റ് രൂപത്തിലും സ്റ്റാമ്പ് രൂപത്തിലുമൊക്കെ ഇത് ലഭ്യമാകുന്നുവെന്നത് ഏറെ ദുഃഖകരമാണ്. പക്ഷേ കേരളത്തിന്റെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് ലഹരി ഉപയോഗം തടയാൻ നാം പരമാവധി ശ്രമിക്കുന്നുണ്ട്. എന്നാൽ ഗുജറാത്തിലെ മുന്ദ്ര പോർട്ട് വഴി കടത്തിക്കൊണ്ടുവരുന്ന മയക്കുമരുന്ന് തടയുന്നതിന് കേന്ദ്രസർക്കാർ സ്വീകരിച്ച നടപടികളെന്താണെന്ന് സ്വാഭാവികമായും നാം ചോദിക്കേണ്ടതായിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിലേക്ക് ലഹരി മരുന്നുകൾ കയറ്റുമതി ചെയ്യുന്ന ഗുജറാത്തിനെതിരെ ശബ്ദമുയർത്താൻ ഇവിടെ ഉപക്ഷേപം അവതരിപ്പിച്ച കോൺഗ്രസിന് അവരുടെ എം.പി.-മാരെക്കൊണ്ട് കേന്ദ്രത്തിലൊരു ശ്രമം നടത്താമായിരുന്നുവെന്ന് സാന്ദർഭികമായി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് 2020-ൽ 4650-ഉം 2021-ൽ

5334-ഉം 2022-ൽ ഇരുപതിനായിരത്തിലധികം കേസുകളുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 2020-ൽ 5674 പേരെയും 2021-ൽ 6704 പേരെയും 2022-ൽ 18743 പേരെയുമാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്. കേരളത്തിൽ കഴിഞ്ഞവർഷം 5.04 ലക്ഷം കേസുകളാണ് പൊലീസ് രജിസ്റ്റർ ചെയ്തത്. അതിൽ 1.09 ലക്ഷവും ലഹരി, അബ്കാരി കേസുകളാണ് എന്നത് ലഹരിയുടെ വ്യാപനത്തിന്റെ തോത് കൃത്യമായി ബോധ്യപ്പെടുത്തുന്നതാണ്. 330 പേരാണ് കഴിഞ്ഞവർഷം കേരളത്തിൽ കൊല്ലപ്പെട്ടത്. അതിലെ പ്രതിപട്ടികയിലുള്ളവരിൽ നല്ലൊരു ഭാഗവും ലഹരിക്ക് അടിമപ്പെട്ടവരാണെന്ന വസ്തുത വിസ്മരിക്കാനാകില്ല. ഓരോ കേസിലും ലഹരിക്ക് കൃത്യമായ സ്വാധീനമുണ്ട്. ലഹരി വഴികളെ കൃത്യമായി നിരീക്ഷിച്ച് ശക്തമായ നിയമനടപടി സ്വീകരിക്കുകയെന്നത് അനിവാര്യമാണ്. നിരവധി സർക്കാർ സംവിധാനങ്ങളുടെ ഏകോപിതമായ പരിശ്രമത്തിന്റെ ഫലമായി ലഹരിക്കടത്ത് വലിയതോതിൽ തടയാൻ സാധിക്കുന്നുണ്ട്. സംസ്ഥാന പൊലീസ് മേധാവിയുടെ നേതൃത്വത്തിൽ മയക്കുമരുന്നിനെതിരെ സംസ്ഥാനതലത്തിൽ

കേരള ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സും ജില്ലാതലത്തിൽ ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സും പ്രവർത്തിച്ചുവരുന്നുണ്ട്. ആശുപത്രികളിലെ ഡീ-അഡിക്ഷൻ സെന്ററുകളും മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ട്. എല്ലാ സ്റ്റേഷൻ പരിധിയിലും എല്ലാ മാസവും രണ്ടാഴ്ച നടത്തിവരുന്ന എൻ.ഡി.പി.എസ്. സ്പെഷ്യൽ ഡ്രൈവ് ഏറെ ഗുണകരമാണ്. കേരളത്തെ മയക്കുമരുന്ന് മുക്ത സംസ്ഥാനമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ ആരംഭിച്ച 'Say No to Drugs' ലഹരിവിരുദ്ധ ക്യാമ്പയിൻ നല്ല നിലയിലാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. നിലവിലെ സമാധാനപൂർണ്ണവും സ്നേഹനിർഭരവും ആരോഗ്യമുള്ളതുമായ അനന്തര തലമുറകളെ തകർത്തുകളയുന്ന ഒരു മഹാവിപത്താണ് മയക്കുമരുന്ന്. ലഹരി കടത്ത് കണ്ടെത്തുന്നതിനും ലഹരി മാഫിയകളെ തകർക്കുന്നതിനും നിയമങ്ങളും പൊലീസിന്റെയും എക്സൈസിന്റെയും പ്രതിരോധ പ്രവർത്തനങ്ങളുംകൊണ്ട് സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രാദേശിക ഇടങ്ങളിൽ ലഹരിക്കെതിരായ

ഹ്രസ്വ സിനിമകൾ, വീഡിയോകൾ, സെമിനാറുകൾ, ലഹരിവിരുദ്ധ ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നുണ്ട്. വിദ്യാലയങ്ങളിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർഥികളുടെ നേതൃത്വത്തിൽ റോൾ പ്ലേ, സ്കിറ്റ്, കവിതാലാപനം, കഥാ വായന, പ്രസംഗം, പോസ്റ്റർ രചന തുടങ്ങിയ വിവിധ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. എൻ.സി.സി., എസ്.പി.സി., എൻ.എസ്.എസ്., സ്കൗട്ട് ആൻഡ് ഗൈഡ്സ്, ജെ.ആർ.സി. (ജൂനിയർ റെഡ് ക്രോസ്), വിമുക്തി ക്ലബ്ബുകൾ മുതലായ സംവിധാനങ്ങളെ കൃത്യമായിനിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നുണ്ട്. പക്ഷേ അതുകൊണ്ടുമാത്രം പൂർണ്ണമായും ലക്ഷ്യം നേടാനാകില്ല. ലഹരി ഉപഭോഗം സൃഷ്ടിക്കുന്ന ശാരീരിക-മാനസികാരോഗ്യ പ്രശ്നങ്ങൾ, സാമൂഹികാഘാതങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിയ പരിശീലനമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. വ്യാപാര സ്ഥാപനങ്ങളിൽ ലഹരി പദാർഥങ്ങൾ വില്പന നടത്തുന്നില്ലെന്ന ബോർഡ് പ്രദർശിപ്പിക്കുക, അതിൽ ബന്ധപ്പെടേണ്ട പോലീസ്/എക്സൈസ് ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ, മേൽവിലാസം എന്നിവയുണ്ടാകുക, എല്ലാ എക്സൈസ് ഓഫീസുകളിലും ലഹരി ഉപഭോഗവും

വിതരണവും സംബന്ധിച്ച വിവരങ്ങൾ സമാഹരിക്കാൻ കൺട്രോൾ റൂം, സംസ്ഥാനമൊട്ടാകെ പോലീസിന്റെയും എക്സൈസിന്റെയും നേതൃത്വത്തിൽ ലഹരിവിരുദ്ധ സ്പെഷ്യൽ ഡ്രൈവ് എന്നിങ്ങനെയുള്ള സമഗ്രമായ പ്രവർത്തനം നടന്നുവരുന്നുണ്ട്. നാർക്കോട്ടിക് കേസുകളിലുൾപ്പെട്ട പ്രതികളുടെ ശിക്ഷ ഉറപ്പുവരുത്താൻ മുൻകാല കുറ്റകൃത്യങ്ങളെക്കൂടി കുറ്റപത്രത്തിലുൾപ്പെടുത്തുക, കാപ്പ രജിസ്റ്റർ മാതൃകയിൽ ലഹരിക്കടത്ത് ഉൾപ്പെടെയുള്ള കുറ്റകൃത്യം ചെയ്യുന്നവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുക, ആവർത്തിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കരുതൽ തടങ്കൽ നടപടികൾ സ്വീകരിക്കുക തുടങ്ങിയവയെല്ലാം നടപ്പാക്കിവരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഇത്തരം നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും ലഹരി വ്യാപനത്തിന് കുറവുണ്ടാകുന്നില്ലെന്നത് പരമമായ വസ്തുതയാണ്. സാമൂഹിക സഹകരണത്തോടെ എല്ലാ വിഭാഗത്തെയും വിശ്വാസത്തിലെടുത്തുകൊണ്ട് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി ഇതിനെതിരായി നമുക്ക് മുന്നോട്ടുനീങ്ങാമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, ഒരു പൊതുവിഷയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിലുള്ള താൽപര്യവും അതിനെതിരെയുള്ള ശക്തമായ ഇടപെടലിന്റെയും ഭാഗമായാണ് ഈ വിഷയം ചർച്ച ചെയ്യാൻ സന്നദ്ധമായത്. അക്കാര്യത്തിൽ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇന്ത്യ വധശിക്ഷ നിയമം നിലവിലുള്ള രാജ്യമാണ്. അതുകൊണ്ട് നമ്മുടെ രാജ്യത്ത് കൊലപാതകം ഇല്ലാതാകുന്നില്ല. ഏതെങ്കിലും നിയമത്തിന്റെ അഭാവം കൊണ്ടല്ല ലഹരി മാഫിയ ആഗോളതലത്തിൽതന്നെ വളർന്നുകൊണ്ടിരിക്കുന്നത്. രാസലഹരി എന്നത് ഒരു പുതിയ ട്രെൻഡായി മാറിക്കൊണ്ടിരിക്കുകയാണ്. ഒരു വലിയ മാഫിയ അതിന് പിന്നിൽ പ്രവർത്തിക്കുകയാണ്. ശ്രീലങ്ക, ബംഗ്ലാദേശ്, ഇന്ത്യ, നേപ്പാൾ തുടങ്ങിയ സൗത്ത് ഏഷ്യൻ രാജ്യങ്ങളെ വലിയ നിലയിൽ ലക്ഷ്യംവച്ചാണ് ലഹരി മാഫിയ പ്രവർത്തിക്കുന്നതെന്നാണ് Global SMART Programme (Global Synthetics Monitoring: Analysis, Reporting and Trends) എന്ന സംഘടനയുടെ അഭിപ്രായം. Amphetamine, Methamphetamine, Ecstasy ഗുളികകൾക്ക് ഇന്ന് ലോകത്ത് വലിയ വിപണന മാർക്കറ്റാണുള്ളത്.

ഇത് വലിയ സിന്തറ്റിക് ഡ്രഗ്സുകളാണ്. സംസ്ഥാന സർക്കാർ വളരെ സൂക്ഷ്മതയോടും അവധാനതയോടുകൂടിയുമാണ് ലഹരി വ്യാപനത്തിനെതിരെ നടപടി സ്വീകരിക്കുന്നത്. മദ്യത്തിൽനിന്നുള്ള വരുമാനംകൊണ്ടാണ് സംസ്ഥാനത്തിന്റെ റവന്യൂ മെയിന്റയിൻ ചെയ്യുന്നതെന്നും അതിനാൽ സംസ്ഥാന സർക്കാർ മദ്യവില്പന പ്രോത്സാഹിപ്പിക്കുന്നു എന്നുമാണ് കേരളത്തിലുള്ള പ്രചാരണം. ഇതുസംബന്ധിച്ച് മാതൃഭൂമി പത്രത്തിൽ വാർത്തയും വന്നിട്ടുണ്ട്. മദ്യഉപഭോഗത്തിന്റെ ഭാഗമായിട്ടുള്ള റവന്യൂ വരുമാനം കേരളത്തിൽ കഴിഞ്ഞ പത്ത് വർഷക്കാലമായി 4.8% കുറഞ്ഞിരിക്കുകയാണ്. 2012-13-ൽ 18.2 ശതമാനം വരുമാനമുണ്ടായിരുന്നത് 2023-24-ൽ 14.23 ശതമാനമായി കുറഞ്ഞു. ഇത് വ്യക്തമാക്കുന്നത് എന്താണ്? എല്ലാവരുടെയും പിന്തുണയോടെ സർക്കാർ സ്വീകരിച്ച പോസിറ്റീവായ ചുവടുവയ്പിന്റെ ഭാഗമാണിത്. കേരളത്തിൽ മദ്യശാലകളുടെ എണ്ണം 390 ആണ്. എന്നാൽ നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ 5329-ഉം കർണ്ണാടകയിൽ 3926-ഉം ആണ്. ജനങ്ങളിൽ മദ്യാസക്തി കുറയ്ക്കുന്നതിൽ കേരള ഗവൺമെന്റ് പരാജയപ്പെടുന്നുവെന്ന വാദം അർഥശൂന്യമാണ്. ഇതിലെ പ്രശ്നമെന്താണ്?

ആഗോള പ്രതിഭാസത്തിന്റെ ഭാഗമായി പുതിയ തലമുറയിൽ depoliticize വരുന്നുണ്ട്. കേരളത്തിലെ അണുകുടുബങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അരാജക സ്വഭാവത്തിലൂടെയുള്ള ജീവിതക്രമത്തെക്കുറിച്ച് ഉപക്ഷേപാവതാരകൻ ശ്രീ. പി. സി. വിഷ്ണുനാഥ് ഉൾപ്പെടെ സൂചിപ്പിക്കുകയുണ്ടായി. ഇത് വളരെ പ്രധാനപ്പെട്ട കാര്യമായാണ് ഗവൺമെന്റ് കാണുന്നത്. നേരത്തെതന്നെ ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന്റെ ഭാഗമായി വളരെ വിപുലമായ ഒരു പ്ലാൻ അവതരിപ്പിക്കുകയും നാമത് ശക്തമായി പ്രചരിപ്പിക്കുകയുമുണ്ടായി. നിയമത്തിന്റെ അഭാവമല്ല, സാമൂഹിക അവബോധത്തിന്റെ പ്രശ്നമാണിത്. പുകവലിക്കുന്നത് അപമാനമായി കാണുന്ന നിലയിലേക്കാണ് പുതിയ തലമുറ പോയിരിക്കുന്നത്. സിഗരറ്റ് മാർക്കറ്റിൽ കിട്ടാത്തതുകൊണ്ടല്ല, പക്ഷേ പുകവലിക്കാൻ ഇന്ന് ആരും സന്നദ്ധരാകുന്നില്ല. അതിന് കാരണമെന്താണ്? ആരോഗ്യപരമായ കാര്യങ്ങൾ മുൻനിർത്തി കേരളത്തിൽ നടത്തിയിട്ടുള്ള വിപുലമായ പ്രചാരണത്തിന്റെ ഭാഗമാണത്. മാർക്കറ്റിൽ കിട്ടുന്നതുകൊണ്ട് ഉപയോഗിക്കുന്നുവെന്ന് പറയുന്നത് തെറ്റായ പ്രചാരണമാണ്. ഒരു

അവബോധമാണ് പ്രധാനമായും നമുക്ക് വേണ്ടത്. അത് ശക്തമാക്കണം. ആധുനിക വെബ് സീരീസുകൾ വൈൽഡ് ക്രൈം പ്രോത്സാഹിപ്പിക്കുകയാണെന്ന് നേരത്തെ ചർച്ചയുടെ ഭാഗമായി പറഞ്ഞു. ചുരുക്കം ചില സിനിമകളിലും സിന്തറ്റിക് ഡ്രഗ്സ് ഉപയോഗിച്ച് നടത്തുന്ന കൊലപാതകങ്ങൾ കാണിക്കുന്നുണ്ട്. ഇത് പുതിയ തലമുറയെ പ്രത്യേകമായ രീതിയിൽ സ്വാധീനിക്കും. അടുത്തകാലത്തുണ്ടായ നെന്മാറ ഇരട്ടക്കൊലക്കേസ് പ്രതി ചെന്താമര ഉൾപ്പെടെ നടത്തുന്നത് ക്രൂരമായ കൊലപാതകങ്ങളാണ്. അതൊരു പുതിയ പ്രവണതയായി മാറുകയാണ്. ഇത്തരം വൈൽഡ് ക്രൈം നമ്മുടെ സമൂഹത്തിൽ ഒരു പ്രത്യേകമായ അവബോധമാണ് സൃഷ്ടിക്കുന്നത്. മാധ്യമങ്ങളെല്ലാം ഡ്രഗ്സിനെതിരെ ശക്തമായി രംഗത്ത് വരുന്നുണ്ടെങ്കിലും രാത്രിയിൽ 'ക്രൈം ഫയൽ' പോലുള്ള പേരുകളിൽ അവതരിപ്പിക്കുന്ന പ്രത്യേക സംപ്രേഷണങ്ങൾ ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള പ്രേരണയാണ് സൃഷ്ടിക്കുന്നത്. അതിനാൽ ഇക്കാര്യത്തിൽ വലിയൊരു അവബോധവും ഇടപെടലും സമൂഹത്തിൽ അനിവാര്യമായിക്കൊണ്ടിരിക്കുന്ന ഘട്ടമാണ് നമ്മുടെ മുന്നിലുള്ളത്. ഇവിടെ

ധാരാളം കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. ഞാൻ അതിന്റെ കണക്കുകൾ പരിശോധിച്ചു. അബ്കാരി കേസുകൾ - 69926, എൻ.ഡി.പി.എസ്. കേസുകൾ - 24670, COTPA കേസുകൾ - 289210 എന്നിങ്ങനെയാണുള്ളത്. കേരളത്തിൽ കേസുകൾ കൂടുന്നതിന് കാരണമെന്താണ്? കേരളത്തിൽ പോലീസ്-എക്സൈസ് വകുപ്പുകൾ സ്വീകരിക്കുന്ന ശക്തമായ നിലപാടുകളുടെ ഭാഗമായാണ് കേസുകളുടെ എണ്ണത്തിൽ വലിയ നിലയിൽ വർധനയുണ്ടാകുന്നത്. സാമൂഹ്യ അവബോധം എല്ലാ തലത്തിലും നാം ജാഗ്രതയോടെ കൊണ്ടുവരികയും അതൊരു പൊതുഅവബോധമായി മാറുകയും ചെയ്യണം. പ്രധാനമായും ഇത് യുവജനങ്ങളെയാണ് ലക്ഷ്യം വയ്ക്കുന്നത്. അതുകൊണ്ട് രക്ഷാകർത്താക്കൾ, കുടുംബങ്ങൾ, പൊതുവിദ്യാലയങ്ങൾ തുടങ്ങി എല്ലാ മേഖലകളും ജാഗ്രതയോടുകൂടി ഇതിനെ കാണണം. അണുകുടുംബമായി മാറിയതോടുകൂടി ഇന്ന് പഴയതുപോലെയല്ല കാര്യങ്ങൾ. അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിക്കും ഇന്ന് വീട്ടിൽ സ്വന്തമായി മുറിയും മറ്റ് സംവിധാനങ്ങളുമുണ്ട്. അണുകുടുംബവും അതിവേഗതയിലുള്ള ജീവിത സംസ്കാരവും കാരണം രക്ഷാകർത്താക്കളും കുട്ടികളും തമ്മിൽ

പഴയതുപോലെയുള്ള ബന്ധമില്ല. ഒരു സ്കൂളിലെ ടീച്ചർ എന്നോട് പറഞ്ഞത്; ഒരു കുട്ടിയെ സംശയംതോന്നി പിടിക്കുടിയപ്പോൾ കുട്ടി കൈയിലുണ്ടായിരുന്ന സാധനം വസ്ത്രത്തിനുള്ളിലേക്ക് ഇട്ടു. ടീച്ചറത് പിടിക്കാൻ നോക്കിയപ്പോൾ പോക്സോ ആക്ട് പ്രകാരം പരാതി കൊടുക്കുമെന്നാണ് കുട്ടി പറഞ്ഞത്. ഒരു വലിയ മാഫിയ പ്രവർത്തനം ഇതിന്റെ ഭാഗമായി നടക്കുന്നുണ്ട്. പുതിയ തലമുറയെ വലിയ രീതിയിൽ ആകർഷിച്ച് അവരെ ഒരു അരാഷ്ട്രീയ, അരാജകത്വ സ്വഭാവത്തിലേക്ക് കൊണ്ടുപോകുകയാണ്. ഇത് കേരളത്തെ പൊതുവിൽ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു സാമൂഹിക പ്രശ്നമായി മാറിയിരിക്കുകയാണ്. അതിനെ എല്ലാവരും യോജിച്ചുനിന്ന് സംഘടിതമായി നേരിടണം. ആഗോള പ്രതിഭാസത്തിന്റെ ഭാഗമായി രൂപപ്പെട്ടുവരുന്ന പുതിയ അന്തരീക്ഷമാണ്. ഇക്കാര്യത്തിൽ കേരള ഗവൺമെന്റിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കാരണം നമ്മുടെ ഗവൺമെന്റ് പുലർത്തുന്ന സൂക്ഷ്മതയും ജാഗ്രതയും ശ്രദ്ധയുംകൊണ്ടാണ് കേരളത്തിൽ ഒരു പരിധിക്കപ്പുറത്തേയ്ക്ക് അപകടകരമായ സ്ഥിതിയിലേക്ക് കാര്യങ്ങൾ പോകാത്തത്. എന്നിരുന്നാലും അപകടകരമായ പ്രവണതകൾ ചില

പ്രത്യേക വിഭാഗങ്ങളിൽ ശക്തമായി രൂപപ്പെട്ടുവരുന്നുണ്ടെന്നത് നാം ഗൗരവമായി കാണുകയും അതിനെ പ്രതിരോധിക്കാനായി വിപുലവും ശക്തവും യോജിച്ചതുമായ ശ്രമം ഇതിന്റെ ഭാഗമായി കൊണ്ടുവരികയും വേണം. അതിന് ആധുനിക സംവിധാനങ്ങളിലേക്ക് നാം പോകണം. ഏറ്റവും കൂടുതൽ സിന്തറ്റിക് ഡ്രഗ്സ് പിടിച്ചതായുള്ള വാർത്തകൾ വരുന്നത് കേരളത്തിലാണ്. എന്നാൽ അത് മറികടക്കാൻ കഴിയുന്ന നിലയിലേക്കുള്ള മാഫിയ സംവിധാനങ്ങൾ ഇതിന്റെ ഭാഗമായി ഉണ്ടായിരിക്കാം. അതുകൊണ്ട് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, നിലവിൽ എല്ലാവരുടെയും സഹായത്തോടുകൂടി ഏറ്റവും ശക്തമായി ഇക്കാര്യത്തിൽ ഇടപെടുന്നുണ്ടെങ്കിലും, ആധുനിക സംവിധാനങ്ങളുപയോഗിച്ചുള്ള ഇടപെടൽ അനിവാര്യമായി വന്നിരിക്കുകയാണ്. കാരണം, മാഫിയ എന്നത് വലിയ നിലയിൽ സ്വാധീനമുള്ള ഒരു സംവിധാനമായി മാറിയിരിക്കുന്നു. ഇന്ത്യയിൽ ഗുജറാത്ത്, ബീഹാർ, മിസോറാം എന്നിവ സിന്തറ്റിക് ഡ്രഗ്സ് നിരോധിച്ച സംസ്ഥാനങ്ങളാണ്. എന്നാൽ ഇവിടങ്ങളിലെ സ്ഥിതിയെന്താണ്?

ഗുജറാത്തിലൊക്കെ ഏത് ഘട്ടത്തിലും ഒരു ഫോൺകാളിൽ ഡ്രഗ്സ് ലഭ്യമാണ്. അതിനാൽ നിരോധനംകൊണ്ടുമാത്രം ലഹരിയെ ഇല്ലാതാക്കാൻ കഴിയില്ല എന്ന അനുഭവം ഇന്ത്യയിൽതന്നെയുണ്ട്. നിരോധിച്ചതുകൊണ്ട് ഇന്ത്യയിൽ ഒരു സ്ഥലത്തും ഇത് ഇല്ലാതായിട്ടില്ല. ലോകത്തെവിടെയും നിരോധനത്തിന്റെ ഭാഗമായി ആ പ്രദേശം രക്ഷപ്പെടുകയല്ല ചെയ്യുന്നത്. നിരോധനം വരുമ്പോൾ എഴുതാൻ ഉപയോഗിക്കുന്ന മഷി, വൈറ്റ്നർ എന്നിവപോലും ലഹരിയായി ഉപയോഗിക്കുന്ന സ്ഥിതിയുണ്ടാകും. കണ്ണൂർ എസ്.എൻ. കോളേജിൽ ഇത്തരത്തിലുള്ള അനുഭവമുണ്ടായിട്ടുണ്ട്. ലഹരി നിരോധിച്ച സ്ഥലത്തെ യുവതലമുറ ഭീകരമായ മറ്റ് വഴികളിലേക്കാണ് പോകുന്നത്. നിരോധനമല്ല ഇതിനുള്ള പരിഹാരമാർഗം. സാമൂഹ്യ അവബോധമാണ് പ്രധാനം. അതിനാൽ ഈ വിഷയം ചർച്ചയ്ക്കെടുത്ത ഗവൺമെന്റിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഈ അപകടകരമായ പ്രവണതയെ പ്രതിരോധിക്കാനായി ശക്തമായ സാമൂഹിക അവബോധമുണ്ടാക്കാൻ കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും മതസംഘടനകളും യുവജന സംഘടനകളും യോജിച്ച് പ്രവർത്തിക്കണം.

പുതിയ തലമുറയെ കായികമേഖലയിൽ സജീവമാക്കിക്കൊണ്ട് രാസലഹരി ഉപയോഗമെന്ന പുതിയ ട്രെൻഡിൽനിന്നും അവരെ മാറ്റണം. ഗവൺമെന്റ് നടത്തുന്ന പരിശ്രമങ്ങളോടൊപ്പം നാം ഒരുമിച്ച് നിന്നാൽ ഇത് വിജയിപ്പിക്കാൻ കഴിയും. സാമൂഹ്യ അവബോധമുണ്ടാക്കാൻ എല്ലാവരും ഒത്തൊരുമയോടുകൂടി പരിശ്രമിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരള യുവത്വം ലഹരിയുടെ മയക്കത്തിലേയ്ക്ക് വഴുതിവീഴുകയാണ്. ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാവരും ഇക്കാര്യത്തിൽ സംസ്ഥാനം എത്തിയിരിക്കുന്ന അപകടാവസ്ഥയെക്കുറിച്ച് സൂചിപ്പിച്ചു. ലഹരിയുടെ കേന്ദ്രമായി കേരളം മാറിയിരിക്കുകയാണ്. അയൽസംസ്ഥാനങ്ങളിൽനിന്നുൾപ്പെടെ ഇവിടേയ്ക്ക് ലഹരിമരുന്നുകളുടെ ഒഴുക്കാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ എം.ഡി.എം.എ.-യും എൽ.എസ്.ഡി. സ്റ്റാമ്പും കെമിക്കൽ സബ്സ്റ്റൻസുമുൾപ്പെടെയുള്ള അപകടകരമായ ലഹരി വസ്തുക്കളാണ് കേരളത്തിലേയ്ക്ക് വരുന്നത്. കഞ്ചാവ് ഉപയോഗിക്കുന്ന കാലമൊക്കെ

കടന്നുപോയി. ഇപ്പോൾ അതിനുമപ്പുറത്തേയ്ക്കാണ് കാര്യങ്ങളുടെ പോക്ക്. കേരളത്തിൽ ഇപ്പോൾ കഞ്ചാവിന്റെ ഉപയോഗം കുറവാണെന്ന് ഇവിടെ സംസാരിക്കുകയുണ്ടായി. മറ്റ് കെമിക്കൽ സബ്സ്റ്റൻസിന്റെ ഉപയോഗം കൂടിയതിനാലാണ് കഞ്ചാവ് കുറഞ്ഞത്. ഏറ്റവും അപകടകരമായ രീതിയിലേയ്ക്കാണ് സംസ്ഥാനം കടന്നുപോകുന്നത്. കെമിക്കൽ സബ്സ്റ്റൻസിന് അഡിക്ടാകുന്നവർ പിന്നീട് ജീവിതത്തിലേയ്ക്ക് മടങ്ങിവരുന്നില്ല. ഡീ അഡിക്ഷൻ സെന്ററിനുപോലും അതിൽനിന്നും അവരെ രക്ഷിക്കാൻ സാധിക്കുകയില്ല. മരണത്തിലേയ്ക്കുള്ള യാത്രയാണ് തുടങ്ങുന്നത്. അത്രയും അപകടത്തിലാണ് സംസ്ഥാനം നിൽക്കുന്നത്. സ്കൂൾ, കോളേജ്, ഹോസ്റ്റൽ, ബീച്ച്, പൊതുസ്ഥലം, ഹോട്ടൽ, വാക്ക് വേ, ഒഴിഞ്ഞുകിടക്കുന്ന വീടും പറമ്പും, കലുങ്കിന്റെ അടിഭാഗം എന്നിങ്ങനെ എവിടെനോക്കിയാലും ലഹരി സുലഭമാണ്. വിദൂര ഗ്രാമം, പട്ടണം, നഗരം എന്നിങ്ങനെ വ്യത്യാസമില്ലാതെ എല്ലായിടത്തും ലഹരി സുലഭമായി ലഭിക്കുകയാണ്. എവിടെനിന്നാണ് ഇത്രയും വലിയ ഒഴുക്ക് വരുന്നത്? ഒരുകാലത്തുമില്ലാത്ത തരത്തിലാണ് കേരളത്തിലേയ്ക്ക് ലഹരി വസ്തുക്കൾ വരുന്നത്. പക്ഷേ വളരെ

കുറച്ച് ലഹരിപദാർഥങ്ങൾ മാത്രമേ പിടിക്കപ്പെടുന്നുള്ളൂ. എവിടെയെങ്കിലും പരിശോധിച്ചാൽ ചെറിയ അളവിൽ ലഭിക്കും. എന്നാൽ ചൂരം കടന്നും അതിർത്തി കടന്നും ട്രെയിൻ മാർഗ്ഗവും ബസിലും കൊറിയർ വഴിയും വലിയതോതിൽ ഇവ കേരളത്തിലേയ്ക്ക് ഒഴുകുകയാണ്. ഒരു സ്ഥലത്തും ഇതിനെ തടയാനും നിയന്ത്രിക്കാനും സാധിക്കുന്നില്ല. നമ്മുടെ നിയന്ത്രണത്തിനുമപ്പുറത്തുള്ള ക്വാണ്ടിറ്റിയാണ് ഇവിടേയ്ക്ക് വരുന്നത്. പിടിച്ചെടുക്കുന്ന ലഹരിപദാർഥങ്ങളും യഥാർഥത്തിലുള്ള ക്വാണ്ടിറ്റിയും തമ്മിൽ ഒരു സാമ്യവുമില്ല. ലഹരി മാഫിയകൾ തമ്മിലുള്ള വഴക്കിന്റെ ഭാഗമായി ഒറ്റികൊടുക്കുന്നതുകൊണ്ടാണ് കുറച്ചൊക്കെ പിടിക്കാൻ സാധിക്കുന്നത്. ഇവിടെയൊരു മാഫിയ ഉണ്ടെന്ന് എല്ലാവരും പറഞ്ഞു. ഇതൊരു അന്താരാഷ്ട്ര പ്രതിഭാസമാണെന്നുള്ള കൺക്ലൂഷനിലേയ്ക്കാണും ഞാൻ പോകുന്നില്ല. ചില കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടിയുള്ള ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. സുമേഷിന്റെ കൗശലപൂർവമായ പ്രയോഗമാണത്. കേരളത്തിലെ യുവത്വത്തെ വഴിതെറ്റിക്കുന്ന ഒരു മാഫിയ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയെ പുറത്തുകൊണ്ടുവരേണ്ട ചുമതല

ആർക്കാണ്; ആരാണ് അത് ചെയ്യുന്നത്; എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? 2022-ൽ പ്രതിപക്ഷം ഈ വിഷയം വളരെ ഗൗരവത്തോടുകൂടി സഭയിൽ കൊണ്ടുവന്നു. അന്ന് ബഹു. മുഖ്യമന്ത്രിയടക്കമുള്ളവർ ഇടപെട്ടു, ഞങ്ങൾ എല്ലാം മറന്ന് പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്തു. ബഹു. മുഖ്യമന്ത്രി അതിനെ അഭിനന്ദിച്ചു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നമുക്ക് ഒരുമിച്ച് തുടങ്ങാമെന്ന് പറഞ്ഞു. ഇപ്പോൾ രണ്ടുവർഷമായി. എന്താണ് ഒരുമിച്ച് തുടങ്ങിയത്; എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? എക്സൈസ് വകുപ്പ് വിമുക്തി മിഷൻ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ പോയി ബോധവത്കരണം നടത്തുകയും ഫോട്ടോ എടുക്കുകയും ബാനർ സ്ഥാപിക്കുകയുമൊക്കെയാണ് ചെയ്യുന്നത്. അവരെക്കൊണ്ട് അതിനേ കഴിയൂ. അവർക്ക് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നില്ല. ഇതിന്റെ ഇഫക്ട്/ഇംപാക്ട് എന്താണെന്നും ലഹരി ഉപയോഗം കുറഞ്ഞിട്ടുണ്ടോയെന്നും നിങ്ങൾ റിവ്യൂ ചെയ്തിട്ടുണ്ടോ? ഇപ്പോൾ ലഹരി ഉപയോഗം പതിൻമടങ്ങ് വർധിച്ചില്ലേ? 2022-ൽ സഭ ഇത് ചർച്ച

ചെയ്തപ്പോഴുണ്ടായിരുന്ന സാഹചര്യത്തിൽനിന്ന് എത്ര മോശം അവസ്ഥയിലേയ്ക്കാണ് കേരളം ഇന്ന് പോയിരിക്കുന്നത്. എവിടെയാണ് എത്തിയിരിക്കുന്നത്; എവിടെ ചെന്നാലും ഇതുസംബന്ധിച്ച പരാതിയാണ് കേൾക്കുന്നത്. പക്ഷേ നൂറിലൊന്ന് കേസുകൾപോലും ഇപ്പോൾ പുറത്തുവരുന്നില്ല. കാരണം, മക്കളുടെ ലഹരി ഉപയോഗം പുറത്തറിയുമെന്ന് ഭയന്ന് പല മാതാപിതാക്കളും ഇത് ഒളിച്ചുവയ്ക്കുകയാണ്. മാത്രമല്ല സ്കൂൾ അധികാരികളും പി.റ്റി.എ.-യും ഇത് ഒതുക്കിവയ്ക്കാനുള്ള ശ്രമമാണ് നടത്തിവരുന്നത്. വലിയ രീതിയിൽ വയലൻസ് വർധിച്ചെന്നുമാത്രമല്ല, അതിന്റെ സ്വഭാവംതന്നെ മാറിയില്ലേ? ക്രൂരമായ കൊലപാതകങ്ങളും ആക്രമണങ്ങളുമാണ് നടക്കുന്നത്. സാധാരണഗതിയിൽ പെട്ടെന്നുള്ള provocation-ന്റെ ഭാഗമായുള്ള ക്രൈമാണോ ഇപ്പോൾ നടക്കുന്നത്, ക്രൈമിന്റെ സ്വഭാവം എന്താണ്? പൊലീസുകാരൻ ആക്രമിക്കപ്പെട്ട സംഭവമുണ്ടായി. നിലത്തുവീണ പൊലീസുകാരനെ ചവിട്ടി, വാരിയെല്ല് മുഴുവൻ ഒടിഞ്ഞ് അയാളുടെ ലങ്സിൽ കയറി. ഞാൻ ആ പൊലീസുകാരന്റെ വീട്ടിൽ പോയിരുന്നു. മൂന്ന് പെൺകുട്ടികളാണ് ആ കുടുംബത്തിലുള്ളത്.

പാവപ്പെട്ട കുടുംബമാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു വീട്ടിൽ കയറി അമ്മയെയും അപ്പൂപ്പനെയും അമ്മൂമ്മയെയും ആറിലും നാലിലും പഠിക്കുന്ന രണ്ടു കുഞ്ഞുങ്ങളുടെ മുമ്പിൽവച്ചാണ് യാതൊരു കാരണവുമില്ലാതെ ഒരാൾ വെട്ടിക്കൊലപ്പെടുത്തിയത്. അതിൽ വെട്ടുകൊണ്ട അച്ഛൻ സീരിയസായി കിടക്കുകയാണ്. ആ കുഞ്ഞ് എന്റെ നെഞ്ചോടുചേർന്നുനിന്ന് കരഞ്ഞപ്പോൾ എന്ത് മറുപടി നൽകുമെന്ന് ഞാൻ ചിന്തിച്ചു? ഇത്തരത്തിലുള്ളവരെക്കുറിച്ച് എത്ര പ്രാവശ്യം പരാതി പറഞ്ഞാലും ഇവരെ വിളിച്ച് ശാസിച്ച് വിടുകയാണ് പതിവ്. നമ്മുടെ നിയന്ത്രണം വിട്ടുപോകുന്ന തലത്തിലേയ്ക്ക് കാര്യങ്ങൾ പോകുന്നുണ്ടെന്നുള്ള യാഥാർഥ്യം മനസ്സിലാക്കാതെ ഉറക്കം നടിച്ചിട്ട് കാര്യമില്ല. വയലൻസ് വർധിക്കുകയാണ്. പുറത്തിറങ്ങി നടക്കാൻ ആളുകൾക്ക് പേടിയാണ്. കേരളത്തിൽ എവിടെവച്ചും ഏതുനിരപരാധിയും ലഹരിക്കടിമയായവരുടെ ആക്രമണത്തിനിരയാകാമെന്ന സ്ഥിതിയിലേയ്ക്ക് മാറുകയാണ്. മാത്രമല്ല, ചെറിയ ക്ലാസിൽ പഠിക്കുന്ന കുഞ്ഞുങ്ങളെയുൾപ്പെടെ കാരിയേഴ്സാക്കുകയാണ്. ഒരു നെറ്റ്വർക്കിൽ അവരെ കൊണ്ടുവരികയാണ്. ഇത് വലിയൊരു

പ്ലാനാണ്. ഇതിന് അഡിക്ടായിക്കഴിഞ്ഞവർ വാങ്ങാൻ പണമില്ലാത്തപ്പോൾ ഇതിന്റെ കാരിയറായി മാറുകയാണ്. കേരളത്തിൽ എന്തൊരു ദുരന്തമാണ് സംഭവിക്കുന്നത്? സർക്കാർ വിമുക്തി മിഷൻ രൂപീകരിച്ചിട്ടുണ്ടെന്നും സെമിനാറും ക്യാമ്പയിനുകളും സംഘടിപ്പിക്കുന്നുണ്ടെന്നും പറയുന്നതിൽ ഒരർഥവുമില്ല. ബോധവൽക്കരണം വേണം. എക്സൈസ് ഡിപ്പാർട്ടുമെന്റിന് കുറച്ച് സ്റ്റാഫും മറ്റ് സംവിധാനങ്ങളും മാത്രമേയുള്ളൂ. എൻഫോഴ്സ്മെന്റാണ് ഏറ്റവും പ്രധാനം, അതുകൊണ്ട് എല്ലാ സംവിധാനങ്ങളും ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തണം. എവിടെയെല്ലാം നമുക്ക് ഇവരെ തടയാൻ സാധിക്കുമോ അവിടെയെല്ലാം തടയണം. എക്സൈസ് വകുപ്പിന് നല്ലൊരു ഇന്റലിജൻസ് സംവിധാനമുണ്ടോ? ഒരു കേസ് പിടിച്ചാൽ അതിന്റെ സോഴ്സ് എവിടെയാണെന്ന് അന്വേഷിക്കാനുള്ള മെക്കാനിസമോ മെഷിനറിയോ ഇല്ല. നമുക്കെല്ലാം കിട്ടുന്ന വിവരങ്ങൾ ഈ സഭയിൽ പറയാൻ സാധിക്കുമോ; തൊട്ടടുത്തിരിക്കുന്ന സഹപ്രവർത്തകനുമായി ഷെയർ ചെയ്യാൻപോലും സാധിക്കാത്ത വിവരങ്ങളാണ് ജനപ്രതിനിധികളായ എന്റെയും നിങ്ങളുടെയുമെല്ലാം മനസ്സിലുള്ളത്.

ശരിയല്ലേ; നമ്മൾ കേട്ടിട്ടുള്ള കാര്യങ്ങൾ, നമുക്കറിയാവുന്ന കാര്യങ്ങൾ എല്ലാം പറയാൻ സാധിക്കുമോ? ഒരാളോട് ഷെയർ ചെയ്യാൻപോലും സാധിക്കാത്ത സംഭവങ്ങളാണ് കുടുംബങ്ങൾക്കകത്തും പുറത്തും നടക്കുന്നത്. എവിടെയും ആരും എപ്പോൾ വേണമെങ്കിലും ആക്രമിക്കപ്പെടാം. നമ്മുടെ കുഞ്ഞുങ്ങളെ കൊലയ്ക്ക് കൊടുക്കണോ? ഇതൊക്കെ തടയാൻ പദ്ധതികൾ വേണ്ടേ? കഴിഞ്ഞ പ്രാവശ്യവും ഇതിനെക്കുറിച്ച് സൂചിപ്പിച്ചതാണ്. മൂന്നുവർഷം മുമ്പാണ് എല്ലാവരുംകൂടി വലിയൊരു മൂവ്മെന്റ് വേണമെന്ന് പറഞ്ഞത്. മൂന്നുകൊല്ലത്തിനിടയിൽ എന്തുണ്ടായി; ഒരു വ്യത്യാസവും കണ്ടില്ല. കൺവെൻഷണലായി ചെയ്യുന്നതിനപ്പുറത്തേയ്ക്ക് ഒന്നും ചെയ്യുന്നില്ല. എനിക്കത് പറയാതിരിക്കാൻ പറ്റില്ല. കുഞ്ഞുങ്ങളെ അവരുടെ വിധിക്കുവിട്ടുകൊടുത്താൽ മതിയോ; അവരെ കൊലയ്ക്കുകൊടുത്താൽ മതിയോ? ഇതുസംബന്ധിച്ച് സർക്കാർ ഗൗരവമായി ചിന്തിക്കണമെന്ന് അഭ്യർഥിക്കുകയാണ്. ഉത്തരവാദിത്വബോധത്തോടുകൂടിയാണ് പ്രതിപക്ഷം ഈ വിഷയം കൊണ്ടുവന്നത്. കേട്ടാൽ വിഷമിക്കുന്ന, ചങ്ക് തകർന്നുപോകുന്ന കാര്യങ്ങളാണ് കേരളത്തിൽ നടക്കുന്നത്. കേരളത്തെ മയക്കുമരുന്ന്

ലോബിക്കും മാഫിയ സംഘത്തിനും വിട്ടുകൊടുക്കില്ലെന്ന ഉറച്ച നിലപാടെടുത്തുകൊണ്ടുള്ള ഗൗരവതരമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകണമെന്ന് ആവശ്യപ്പെടുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് കൊണ്ടുവന്ന ഉപക്ഷേപത്തിന്റെ കക്ഷി രാഷ്ട്രീയ ഉള്ളടക്കത്തോട് യോജിക്കുന്നില്ലെങ്കിലും ഗൗരവമുള്ള സാമൂഹിക വിപത്ത് ഉയർത്തുന്നുണ്ടെന്നത് കണക്കിലെടുത്താണ് ചർച്ച ചെയ്യാൻ തയ്യാറാണെന്ന് സർക്കാരിനുവേണ്ടി അറിയിച്ചത്. ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് വളരെ കാര്യഗൗരവത്തോടുകൂടിയാണ് ഈ വിഷയം അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ അവതരണത്തിൽ കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരമല്ല പ്രശ്നത്തിന്റെ ഗൗരവം തന്നെയാണ് ഉണ്ടായിരുന്നത്. വളരെ ഹൃദയസ്പർശിയായും അനുഭവങ്ങളെ മുൻനിർത്തിക്കൊണ്ടുമാണ് അദ്ദേഹം അവതരിപ്പിച്ചത്. 2022-ലും നടപടികൾ നിർത്തിവയ്ക്കാനുള്ള ഇത്തരമൊരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത് ഞാൻ ഓർമ്മിക്കുകയാണ്. അന്ന്

ഞാൻ സ്പീക്കറായിരുന്നു. അന്നത്തെ ദിവസത്തിന്റെ പ്രത്യേകതകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ കഴിയാത്തതുകൊണ്ടാണ് യഥാർഥത്തിൽ ചർച്ച ചെയ്യേണ്ട വിഷയമാണെന്ന് പറഞ്ഞുകൊണ്ട് ഈ വിപത്തിനെതിരെ എല്ലാവരും ഒരുമിച്ച് നിൽക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടത്. അന്ന് ചെയറിലിരുന്നുകൊണ്ട് ഞാൻ ശ്രീ. പി. സി. വിഷ്ണുനാഥിനെ അഭിനന്ദിച്ചു. ഇന്ന് മന്ത്രിയായിരുന്നുകൊണ്ടും അദ്ദേഹത്തിന്റെ ഹൃദയസ്പർശിയായ അവതരണത്തെ അഭിനന്ദിക്കാൻ ഒരു മടിയുമില്ല. ഒരിക്കൽക്കൂടി ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾ പലരും ഗൗരവമുള്ള പ്രശ്നങ്ങൾ ഉന്നയിക്കുകയുണ്ടായി. അവസാനം കുറച്ച് രാഷ്ട്രീയം കയറിവന്നു, പ്രത്യേകിച്ച് പ്രതിപക്ഷ നേതാവ് സംസാരിച്ചപ്പോൾ സാധാരണ ഉണ്ടാകാറുള്ളതിന്റെയത്ര ഇല്ലെങ്കിലും രാഷ്ട്രീയമായുള്ള മുനകൾ അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലുണ്ടായിരുന്നു.

ഈ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ട് മറുപടി പറയാനാണ് ഞാനാഗ്രഹിക്കുന്നത്. കേരളത്തിൽ മാത്രമാണ് ഈ പ്രശ്നം എന്ന നിലയിൽ

കാണുന്നത് ശരിയല്ല, കേരളത്തിൽ മാത്രമുള്ളൊരു പ്രശ്നമല്ലിത്. കേരളത്തിൽ മയക്കുമരുന്നിന്റെ വ്യാപനം ഉണ്ടാകുന്നുണ്ടെന്നത് മുൻകാലങ്ങളിലും ഇപ്പോഴും വളരെ ഗൗരവത്തോടുകൂടിയാണ് സർക്കാർ കാണുന്നത്. എന്നാലിത് കേരളത്തിൽ മാത്രമുള്ളൊരു പ്രശ്നമാണെന്ന് പറഞ്ഞാൽ ഈ വിഷയത്തെ ശരിയായി അഭിസംബോധന ചെയ്യാൻ കഴിയില്ല. കേരളത്തിലേക്ക് മയക്കുമരുന്നെത്തുന്നത് പുറത്തുനിന്നാണ്. ഇന്ത്യയിലേക്കും പുറത്തുനിന്നാണ് ഇവ വരുന്നത്. ലോകമാകെയുള്ള പ്രശ്നമാണിത്. നേരത്തെ ബഹുമാനപ്പെട്ട കെ. വി. സുമേഷ് ഇക്കാര്യം ചൂണ്ടിക്കാട്ടിയപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അതിനെ ഖണ്ഡിക്കുകയുണ്ടായി. പക്ഷേ വസ്തുത നമ്മൾ കാണണം. United Nations Office on Drugs and Crime (UNODC) എന്നത് ഒരു ആധികാരിക ഏജൻസിയാണ്. അതിന്റെ 2023-ലെ ഏറ്റവും പുതിയ റിപ്പോർട്ടനുസരിച്ച് ലോകത്ത് മയക്കുമരുന്ന് ഉപയോഗിക്കുന്നവരുടെ എണ്ണം 2011-ൽ 24 കോടി ആയിരുന്നുവെങ്കിൽ 2021 ആയപ്പോൾ അതായത്, ഒരു ദശകത്തിനിടയിൽ 29.6 കോടിയായി ഉയർന്നു. ലോകത്താകെയുള്ള പ്രശ്നമായതിനാൽ ഇതിനെ നമ്മൾ ഗൗരവത്തിലെടുക്കേണ്ടയെന്ന് മന്ത്രി

അഭിപ്രായപ്പെട്ടതായി ദയവുചെയ്ത് വ്യാഖ്യാനിക്കരുത്, ഞാനിതിന്റെ വസ്തുത ചൂണ്ടിക്കാണിക്കുകയാണ്. ഒരു ദശകം കൊണ്ട് ലോകമാകെ 56 മില്ല്യൺ ആളുകൾക്കൂടി മയക്കുമരുന്ന് ഉപയോഗിക്കുന്നവരായി മാറിയെന്ന് UNODC-യുടെ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഇതൊരു ആഗോള പ്രതിഭാസമായി മാറിയിരിക്കുന്നു. ഇന്ത്യയിലും ഈ കാലയളവിൽ ലഹരിയുടെ ഉപയോഗം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. അതിന്റെ കണക്കുകളെ സംബന്ധിച്ച് പാർലമെന്റിൽ സമർപ്പിച്ച നിരവധി മറുപടികളുണ്ട്. അവയുടെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഇക്കാര്യത്തിൽ ഏറ്റവും ഒടുവിൽ നടന്ന പഠനറിപ്പോർട്ട് Magnitude of Substance Use in India–2019 ആണ്. മയക്കുമരുന്നിന്റെ ഉപയോഗത്തിൽ ദേശീയതലത്തിൽ കേരളം ഏറ്റവും പിന്നിലാണെന്ന് പ്രസ്തുത റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. നമുക്ക് ആശ്വസിക്കാമെന്നല്ല ഇതിന്റെ അർഥം. അങ്ങനെയാണെങ്കിൽ സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകില്ലായിരുന്നു. വസ്തുതയെ വസ്തുതയായി കാണണം. നമ്മുടെ സംസ്ഥാനത്തും മയക്കുമരുന്നിന്റെ വ്യാപനം കൂടുന്നുണ്ട്. എന്നാൽ

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പരാമർശിച്ചതുപോലെ കേരളം ലഹരിയുടെ കേന്ദ്രമായി മാറിയിട്ടില്ല, എന്നാലിതിന്റെ വ്യാപനം കൂടുന്നുണ്ട്. കേരളമല്ല ഏറ്റവും കൂടുതൽ ലഹരി ഉപഭോഗം നടക്കുന്ന സംസ്ഥാനം. ലോകത്താകെയും ഇന്ത്യയിലും ലഹരിയുടെ ഉപയോഗം വർധിക്കുന്നു. അതിനാനുപാതികമായിട്ടല്ലെങ്കിലും കേരളത്തിലും ലഹരിയുടെ ഉപയോഗം കൂടുന്നുണ്ടെന്നതാണ് വസ്തുത. ഇന്നലെ പ്രസ് ഇൻഫർമേഷൻ ബ്യൂറോ (PIB) പുറത്തിറക്കിയ പത്രക്കുറിപ്പനുസരിച്ച് 2024-ൽ 25,000 കോടി രൂപയുടെ മയക്കുമരുന്ന് ഇന്ത്യയിൽ പിടികൂടിയിട്ടുണ്ട്. "More than ₹25,000 crore worth of drugs were seized in 2024 as part of the Zero Tolerance policy against drugs" - ഇന്നലെ PIB പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നതാണിത്. 2023-ൽ 16,100 കോടി രൂപയുടെ മയക്കുമരുന്നാണ് പിടികൂടിയത്. അതായത് ഒരു വർഷം കൊണ്ട് ഇന്ത്യയിലാകെ 55 ശതമാനത്തിലധികം മയക്കുമരുന്നാണ് പിടികൂടിയത്. 25,000 കോടി രൂപയിൽ കേരളത്തിൽനിന്ന് പിടികൂടിയ മയക്കുമരുന്നിന്റെ മൂല്യം ആകെ 60 കോടി രൂപയാണ്. ലഹരി വ്യാപനം ഗൗരവമായി കാണേണ്ട വിഷയമാണെങ്കിലും

കേരളം മയക്കുമരുന്നിന്റെ തലസ്ഥാനമായി എന്ന് ദയവുചെയ്ത് വ്യാഖ്യാനിക്കരുത്. വസ്തുതയെ വസ്തുതയായിതന്നെ, ആവശ്യമായ ഗൗരവത്തോടെ കാണണം. നമ്മൾ ഇക്കാര്യത്തിലൊരു ക്ഷുദ്രമായ തർക്കത്തിൽ ഏർപ്പെടേണ്ടവരല്ല. ഞാൻ പറഞ്ഞതെല്ലാം വസ്തുതകളാണ്. (.....ബഹളം.....) ശ്രീ. എ. പി. അനിൽ കുമാർ ഈ ചർച്ച നടക്കുമ്പോഴൊന്നും ഇവിടെ ഉണ്ടായിരുന്നില്ല, അങ്ങ് ഉണ്ടായിരുന്നില്ല, ഞങ്ങൾ ഇവിടെയിരുന്ന് എണ്ണിയതാണ്. (.....ബഹളം.....) ഞാൻ തർക്കത്തിനില്ല.

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്... അങ്ങ് ചെയറിനെ നോക്കി സംസാരിക്കൂ.

ശ്രീ. എം. ബി. രാജേഷ്: സർ, അങ്ങ് ഇതിനെല്ലാം സാക്ഷിയാണല്ലോ, ഞാൻ ഇവിടെ വസ്തുതാപരമായി വളരെ മിതമായിട്ടേ കാര്യങ്ങൾ പറഞ്ഞിട്ടുള്ളൂ. കേരളം ലഹരിയുടെ കേന്ദ്രമായി എന്നുപറഞ്ഞത് ശരിയല്ലെന്നേ പറഞ്ഞുള്ളൂ. ലഹരിയുടെ ഉപയോഗം വർദ്ധിച്ചിട്ടുണ്ടെന്നത് ശരിയാണ്. ലഹരിയുടെ കേന്ദ്രമായെന്ന് പറയുന്നത് ശരിയല്ല. (.....ബഹളം.....) അങ്ങ് ഏറ്റുമുട്ടാനാണെച്ചാൽ തൽക്കാലം ഞാനതിനില്ല. അതിനുവേറെ അവസരം നമുക്ക് ഉപയോഗിക്കാം. ഈ വിഷയത്തിൽ

ഏറ്റുമുട്ടാനില്ലെന്ന് വ്യക്തമാക്കുകയാണ്. പക്ഷേ വസ്തുതകൾ പറയേണ്ടിവരും. പ്രതിപക്ഷത്തുനിന്ന് പലരും സംസാരിച്ചത് വളരെ കാര്യഗൗരവത്തോടെയാണ്. ഇപ്പുറത്തുനിന്നും അങ്ങനെയാണ് സംസാരിച്ചത്. ആ സ്പിരിറ്റാണ് നമുക്ക് നിലനിർത്തേണ്ടത്. പക്ഷേ സർക്കാരിന്റെ ഭാഗത്തുനിന്ന് വസ്തുതകളും കണക്കും പറയേണ്ടിവരും.

സംസ്ഥാനത്ത് ഒരു എൻഫോഴ്സ്മെന്റും നടക്കുന്നില്ലെന്ന വിമർശനമുണ്ടായി. അത് നിർഭാഗ്യകരമാണ്. അങ്ങനെയല്ല വസ്തുത. സ്കൂൾ പരിസരങ്ങളിലെ പരിശോധന 2023-ൽ 10761 ആണ്. 2024-ൽ 32846 പരിശോധനകളാണ് നടത്തിയത്. ഒരു വർഷത്തിനിടയിൽ മൂന്നിരട്ടിയായി പരിശോധനകളുടെ എണ്ണം വർധിച്ചു. അതിനുപുറമേ, കേസുകളെ സംബന്ധിച്ച് സർക്കാർ പാർലമെന്റിൽ നൽകിയ ആധികാരികമായ മറുപടിയുണ്ട്. കേരളത്തിൽനിന്ന് പിടിക്കൂടിയ മയക്കുമരുന്നിന്റെ മൂല്യം വളരെ കുറവാണ്. പക്ഷേ കേസുകളുടെയും അറസ്റ്റ് ചെയ്യപ്പെട്ടവരുടെയും എണ്ണം വളരെ കൂടുതലാണ്. പാർലമെന്റിൽ കഴിഞ്ഞ ഫെബ്രുവരി 5-ാം തീയതി കൊടുത്ത മറുപടിയാണിത്. 24517 പേരെ 2024-ൽ കേരളത്തിൽ അറസ്റ്റ്

ചെയ്യ. ഇന്ത്യയുടെ ഡ്രഗ് ക്യാപിറ്റൽ എന്നറിയപ്പെടുന്ന സംസ്ഥാനമാണ് പഞ്ചാബ് എന്ന് നമുക്കെല്ലാവർക്കുമറിയാം. അവിടെ അറസ്റ്റ് ചെയ്തത് വെറും 9734 പേരെ മാത്രമാണ്. അതായത്, കേരളത്തിൽ അറസ്റ്റ് ചെയ്തതിന്റെ മൂന്നിലൊന്ന് മാത്രമേ പഞ്ചാബിൽ അറസ്റ്റ് ചെയ്തിട്ടുള്ളൂ. നമ്മുടെ എൻഫോഴ്സ്മെന്റ് എത്രമാത്രം ശക്തമാണെന്നാണിത് കാണിക്കുന്നത്. കൂടുതൽ ശക്തിപ്പെടുത്തണമെന്ന വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. അതിനാണ് ശ്രമിക്കുന്നത്. സംസ്ഥാനത്ത് ഒന്നും നടക്കുന്നില്ലെന്ന് വിമർശിക്കുമ്പോൾ ഞാൻ ഈ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നുവെന്നേയുള്ളൂ. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കുറ്റക്കാരെ അറസ്റ്റ് ചെയ്തത് നമ്മളാണ്. എന്നാൽ നേരത്തെ സൂചിപ്പിച്ച Magnitude of Substance Use in India-2019 റിപ്പോർട്ടനുസരിച്ച് ഏറ്റവും കുറഞ്ഞ മയക്കുമരുന്നുപയോഗമുള്ള സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. എന്നാൽ ഏറ്റവും കൂടുതൽ ആളുകളെ അറസ്റ്റ് ചെയ്യുന്നത് കേരളത്തിലാണ്. വസ്തുത ചൂണ്ടിക്കാണിക്കുന്നുവെന്നേയുള്ളൂ, തർക്കത്തിനായി പറയുന്നതല്ല. എൻഫോഴ്സ്മെന്റിന്റെ മികവിനെ സംബന്ധിച്ച് വേറൊരു ഉദാഹരണം

പറയാം. വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് കൺവിക്ഷൻ റേറ്റ്. 2022 ഡിസംബർ 14-ന് രാജ്യസഭയിൽ നൽകിയ മറുപടിയനുസരിച്ച് ഇന്ത്യയിൽ ഏറ്റവും കൂടുതൽ കൺവിക്ഷൻ റേറ്റുള്ള സംസ്ഥാനം കേരളമാണ്. 98.9 ശതമാനമാണ് കേരളത്തിലെ കൺവിക്ഷൻ റേറ്റ്. എൻഫോഴ്സ്മെന്റ് ദുർബലമാണെങ്കിൽ ഇത് സാധ്യമാകുമോ? ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകളെ അറസ്റ്റ് ചെയ്യുന്നതും ഏറ്റവും കൂടുതൽ കൺവിക്ഷൻ റേറ്റ് ഉള്ളതും കേരളത്തിലാണ്.

2.00 p.m]

ഇരുപത്തിനാലായിരത്തിലധികം പേരെ അറസ്റ്റ് ചെയ്യുമ്പോൾ ഇവിടത്തെ കൺവിക്ഷൻ റേറ്റ് 98.9 ശതമാനമാണ്. ദേശീയ ശരാശരി 78 ശതമാനം മാത്രമാണ്. ദേശീയ ശരാശരിയെക്കാൾ ഇരുപത് ശതമാനം കൂടുതലാണ് കേരളത്തിലെ കൺവിക്ഷൻ റേറ്റെന്ന് കാണാൻ സാധിക്കും. അയൽ സംസ്ഥാനങ്ങളിലെ കൺവിക്ഷൻ റേറ്റ് നോക്കിയാൽ കേരളത്തിന്റെ അടുത്തെങ്ങുമില്ല. തെലങ്കാനയിൽ 25.6 ശതമാനവും ആന്ധ്രാപ്രദേശിൽ 25.4 ശതമാനവുമാണ് കൺവിക്ഷൻ റേറ്റ്. ഭേദപ്പെട്ട കൺവിക്ഷൻ റേറ്റുള്ളത്

തമിഴ്നാട്ടിലാണ്; അത് 82.9 ശതമാനമാണ്. അപ്പോൾ ഇവിടെ ഒന്നും നടക്കുന്നില്ലെന്ന നിഗമനത്തിൽ എങ്ങനെയാണ് എത്താൻ കഴിയുന്നത്? എൻഫോഴ്സ്മെന്റിന്റെ മികവാണ് കൺവിക്ഷന്റെ കാര്യത്തിലും കാണുന്നത്. നമുക്ക് മയക്കുമരുന്നിന്റെ ഉറവിടം അന്വേഷിച്ച് കണ്ടുപിടിക്കാൻ കഴിയുന്നില്ലെന്ന് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞു. നമ്മുടെ ടെലിവിഷൻ ചാനലുകളെല്ലാം വളരെ പ്രാധാന്യത്തോടെ സംപ്രേഷണം ചെയ്തൊരു അറസ്റ്റായിരുന്നു മൂർഖൻ ഷാജി എന്ന മയക്കുമരുന്ന് കുറ്റവാളിയുടേത്. ബഹുമാനപ്പെട്ട ഹൈക്കോടതി ജാമ്യം അനുവദിച്ച കേസിൽ ബഹു. സുപ്രീംകോടതി മുമ്പാകെപ്പോയാണ് നമ്മൾ ജാമ്യം റദ്ദാക്കിയത്. എക്സൈസ് വകുപ്പുദ്യോഗസ്ഥർ തമിഴ്നാട്ടിൽ പോയി അതിസാഹസികമായാണ് മൂർഖൻ ഷാജിയെ അറസ്റ്റുചെയ്തത്. അതിന്റെ ദൃശ്യങ്ങൾ എല്ലാവരും കണ്ടിട്ടുണ്ടാകുമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഡൽഹിയിൽപ്പോയാണ് വേറൊരു പ്രതിയെ പിടിച്ചത്. ആൻഡമാൻ നിക്കോബാറിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ മയക്കുമരുന്ന് വേട്ട നടത്തിയത് കേരള എക്സൈസ് ഉദ്യോഗസ്ഥർ മഞ്ചേരിയിൽ നിന്ന്

അറസ്റ്റുചെയ്ത പ്രതികളിൽനിന്നും ലഭിച്ച ലീഡ് ഉപയോഗിച്ചുകൊണ്ടാണ്. മയക്കുമരുന്നിന്റെ ഉറവിടം അന്വേഷിച്ച് കണ്ടെത്താൻ പറ്റുന്നുണ്ടോയോന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചതുകൊണ്ടാണ് ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്. കേരളത്തിലെ എക്സൈസ് വകുപ്പിന് അതിന്റെ പരിധിയിൽനിന്നുകൊണ്ട് മാത്രമെ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. എന്നാലും ഉറവിടത്തിൽപ്പോയി പിടിച്ച കേസ്സുകളുടെ ചില അനുഭവങ്ങളാണ് പറഞ്ഞത്. ആൻഡമാൻ നിക്കോബാറിലെ ബങ്കറിൽ സൂക്ഷിച്ചിരുന്ന 100 കോടി രൂപയുടെ രാസലഹരി കണ്ടെത്തുകയും അവിടത്തെ ഏജൻസിയുടെ സഹായത്തോടുകൂടി അത് ബങ്കറിൽ വച്ചുതന്നെ നശിപ്പിക്കുകയും ചെയ്തു. മയക്കുമരുന്നിന്റെ ഒരു പ്രധാന ഹബ്ബായി ആൻഡമാൻ നിക്കോബാർ മാറി എന്ന വിവരം കേരള എക്സൈസ് വകുപ്പാണ് നൽകിയത്. നമ്മുടെ ഉദ്യോഗസ്ഥർ കാരണം അവർക്കുണ്ടായ പ്രയോജനത്തെക്കുറിച്ച് പറയുന്നതിനായി അവിടത്തെ മലയാളിയായ കളക്ടർ എന്നെ കാണാൻ വരികയുണ്ടായി. ഇങ്ങനെയുള്ള കാര്യങ്ങളും നടക്കുന്നുണ്ട്. ഹൈദ്രാബാദിലെ മയക്കുമരുന്ന് വേട്ടയെക്കുറിച്ച് ഇവിടെ പറഞ്ഞു; അതുമായി ബന്ധപ്പെട്ട് ഒരു

ശതകോടീശ്വരനെയാണ് അറസ്റ്റ് ചെയ്തത്. എം.ഡി.എം.എ. കൈവശം വച്ചതിന് തൃശ്ശൂർ സിറ്റി പോലീസ് അറസ്റ്റ് ചെയ്ത പ്രതിയിൽനിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിന്റെ അവസാനമാണ് കേരള പോലീസ് ഹൈദ്രാബാദിലെ സിന്തറ്റിക് മയക്കുമരുന്ന് നിർമ്മാണശാല കണ്ടെത്തിയത്. ഹൈദ്രാബാദിലെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വലിയൊരു മയക്കുമരുന്നുശാല പ്രവർത്തിച്ചിരുന്നു. അവിടെ നിന്നാണ് വലിയതോതിൽ ഇത് ഉൽപാദിപ്പിച്ച് എത്തിച്ചുകൊണ്ടിരിക്കുന്നത്. ബില്യണറും പ്രമുഖ സിനിമാ നിർമ്മാതാവുമായ വെങ്കിട നരസിംഹരാജുവിനെയാണ് കേരള പോലീസ് ഹൈദ്രാബാദിൽനിന്നും അറസ്റ്റ് ചെയ്തത്. ഇത്തരത്തിൽ നമ്മുടെ ഉദ്യോഗസ്ഥർ പല സ്ഥലങ്ങളിലും പോയി അന്വേഷണം നടത്തുകയും വമ്പൻ സ്രാവുകളെയുൾപ്പെടെ അറസ്റ്റ് ചെയ്യുകയും ചെയ്തെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് എൻഫോഴ്സ്മെന്റ് വളരെ ദുർബലമാണെന്ന് പറയുന്നത് ഒട്ടും ശരിയല്ല, നേരെ തിരിച്ചാണ്. വേറൊരു ഉദാഹരണം പറയാം. കൺവിക്ഷൻ റേറ്റിന്റെ കാര്യം പറഞ്ഞു. നാർക്കോട്ടിക്സ്

കൺട്രോൾ ബ്യൂറോ കൊച്ചിയിൽനിന്ന് ഒരാളെ അറസ്റ്റ് ചെയ്തത് എല്ലാവർക്കുമറിയാമായിരിക്കും. 15,000 കോടി രൂപയുടെ രണ്ടായിരത്തി അഞ്ഞൂറ്റിചില്വാനം കിലോഗ്രാം ഡ്രഗ്സ് പിടിക്കൂടിയത് വലിയ വാർത്തയായിരുന്നു. എന്നാൽ ആ കേസിലെ പ്രതിയായ ഇറാനിയൻ സ്വദേശിയെ തെളിവുകളുടെ അഭാവത്തിൽ വെറുതെ വിടുകയാണുണ്ടായത്. Times of India റിപ്പോർട്ട് ചെയ്ത വാർത്ത എന്റെ മുന്നിലുണ്ട്. 'Proof insufficient, Iranian acquitted in 15kcr drug-seizure case' എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. കൊച്ചിയിൽനിന്ന് അവർ പിടിക്കൂടിയതാണ്. തെളിവില്ലാതെ വെറുതെ വിട്ടു; ചില്ലറ പ്രതിയല്ല. 15,000 കോടി രൂപയുടെ മയക്കുമരുന്നാണ് പിടിച്ചത്. ആ അളവിലാണ് മയക്കുമരുന്ന് ഇന്ത്യയിലേക്ക് വരുന്നതെന്ന് നമ്മൾ കാണണം. കേരളത്തിനാണ് ഇന്ത്യയിൽ ഏറ്റവും ഉയർന്ന കൺവിക്ഷൻ റേറ്റുള്ളത്. അപ്പോഴാണ് മയക്കുമരുന്ന് കൊമേഴ്സ്യലായി ഉൽപ്പാദിപ്പിക്കുന്ന ശതകോടീശ്വരനായ ഹൈദ്രാബാദിലെ മയക്കുമരുന്ന് വ്യവസായിയെയും കൂട്ടാളികളെയും അവിടെച്ചെന്ന് നമുക്ക് അറസ്റ്റ് ചെയ്യാൻ കഴിഞ്ഞത് എന്ന വസ്തുത കൂടി നമ്മൾ കാണണം.

എക്സൈസ് വകുപ്പിനെ ശാക്തീകരിക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും അതിനോട് യോജിപ്പാണുള്ളത്. എക്സൈസ് വകുപ്പിനെ ശാക്തീകരിക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനിയും നടപടികൾ സ്വീകരിക്കുമെന്ന കാര്യത്തിലും സംശയമൊന്നുമില്ല. പുതിയ 66 മഹീന്ദ്ര ബൊലേറോ വാഹനങ്ങൾ എക്സൈസ് വകുപ്പിന് ലഭ്യമാക്കുകയുണ്ടായി. ചെക്ക് പോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിന് സി.സി.ടി.വി. ഉൾപ്പെടെ സ്ഥാപിക്കുകയും സെൻട്രലൈസ്ഡ് മോണിറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സൈബർ സെൽ നവീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ഡിവിഷനുകൾക്കും സി.ഡി.ആർ. (Call Detail Record) അനലൈസറുകൾ, മൊബൈൽ ഫോറൻസിക് സോഫ്റ്റ്വെയർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഐ.ടി. സെല്ലിന് MacBook, iMac കമ്പ്യൂട്ടറുകൾ, ടെയിനിങ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഡ്രഗ്സ് ഡിറ്റക്ഷൻ കിറ്റുകളും ആയുധങ്ങളും വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിനെ ശാക്തീകരിക്കാനായി ഇത്രയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനിയും ശാക്തീകരിക്കണമെന്ന് ഭരണ-പ്രതിപക്ഷ

ഭേദമില്ലാതെ അംഗങ്ങൾ പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുകയാണ്. കാരണം, എൻഫോഴ്സ്മെന്റ് കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ടെന്നതിൽ സംശയമില്ല. പക്ഷേ, ഈ നടപടികളൊക്കെ നമ്മൾ സ്വീകരിച്ചുകഴിഞ്ഞിട്ടുള്ളതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ വളരെ സംഘടിതമായ drug trafficking-ന്റെ റൂട്ടുണ്ട്. അത് വളരെ താഴത്തെ തലത്തിൽ പ്രവർത്തിക്കുകയാണ്. ഈ ചെയിൻ ബ്രേക്ക് ചെയ്യാൻ കഴിയാത്തിടത്തോളം കാലം ഇതിന്റെ സപ്ലൈ വളരെ വിശാലമായി പോകും. നമ്മൾ അവസാന പോയിന്റിൽ നിൽക്കുന്ന ആളുകളെ പിടിക്കുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. അത് കൊള്ളാം; അതിൽ കുഴപ്പമില്ല. പക്ഷേ, ഇത് സപ്ലൈ ചെയ്യുന്ന മേൽത്തട്ട് മുതൽ താഴെത്തലം വരെയുള്ള വലിയ റൂട്ടുണ്ട്. സ്വാഭാവികമായും തർക്കം വരുമ്പോൾ പറയുന്നത്, നമ്മുടെ സംസ്ഥാനത്തിന് പുറത്തുനിന്നാണ് ഇതൊക്കെ വരുന്നത് എന്നൊക്കെയാണ്. ആയിക്കോട്ടെ. പക്ഷേ നമ്മുടെ സംസ്ഥാനത്ത് വരുന്ന ഈ റൂട്ട് പൊളിക്കുന്നതിനുവേണ്ടി നടപടി എടുക്കുന്നില്ലെങ്കിൽ, താൽക്കാലികമായി നമ്മൾ എന്ത്

നടപടിയെടുത്താലും ശരി, അത് ശാശ്വതമായി നിലനിൽക്കാതെ പോകും. അതിന് ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ചെയർ അറിയാതെ ഈൽഡ് ചെയ്താൽ ഇനി മൈക്ക് നൽകില്ല.

ശ്രീ. എം. ബി. രാജേഷ്: സർ, ഇനി അങ്ങയുടെ അനുവാദത്തോടുകൂടി മാത്രമെ ഈൽഡ് ചെയ്യുകയുള്ളൂ.

മി. സ്പീക്കർ: ഇത് എല്ലാ അംഗങ്ങൾക്കുമുള്ള പൊതുനിർദ്ദേശമാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, ഇത് പൊതുതാൽപ്പര്യമുള്ള വിഷയമെന്ന നിലയിലാണ് അദ്ദേഹത്തെപ്പോലൊരു മുതിർന്ന അംഗം എഴുന്നേറ്റപ്പോൾ ഞാൻ ഈൽഡ് ചെയ്തത്. അങ്ങ് ക്ഷമിക്കണം. ഇനി അങ്ങയുടെ അനുവാദത്തോടുകൂടിയെ ഈൽഡ് ചെയ്യുകയുള്ളൂ.

മി. സ്പീക്കർ: ക്ഷമയുടെ പ്രശ്നമല്ല. പൊതുവിൽ എല്ലാവരും പാലിച്ചാൽ മതി.

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. മയക്കുമരുന്നിന്റെ ഉറവിടം

അന്വേഷിച്ച് കണ്ടുപിടിച്ച ചില കേസ്സുകളെക്കുറിച്ച് ഞാൻ പറഞ്ഞു. അതിലൊന്നാണ് ഹൈദ്രാബാദിലെ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വലിയൊരു മയക്കുമരുന്ന് നിർമ്മാണശാല സ്ഥാപിച്ച് മയക്കുമരുന്ന് ഉൽപാദനം നടത്തി കേരളത്തിലേക്കും വിദേശത്തേക്കുംവരെ കയറ്റുമതി ചെയ്ത് എത്തിച്ചുകൊണ്ടിരുന്ന വെങ്കിട നരസിംഹരാജു എന്ന ശതകോടീശ്വരനും സിനിമാ നിർമ്മാതാവുമായ വ്യക്തിയെ അറസ്റ്റ് ചെയ്തത്. തൃശ്ശൂർ സിറ്റി പൊലീസിന്റെ അന്വേഷണത്തിലാണ് ഈ അറസ്റ്റുണ്ടായത്. ആൻഡമാൻ നിക്കോബാറിൽ കേരള എക്സൈസ് വകുപ്പുദ്യോഗസ്ഥർ പോയി ബങ്കറിൽ സൂക്ഷിച്ചിരുന്ന 100 കോടിയുടെ രാസലഹരി കണ്ടെത്തി നശിപ്പിച്ചു. നമ്മൾ അറസ്റ്റ് ചെയ്ത പ്രതിയിൽ നിന്നാണ് ഇതുസംബന്ധിച്ച വിവരം കിട്ടിയത്. ഡൽഹിയിൽപ്പോയി ഒരു പ്രതിയെയും തമിഴ്നാട്ടിൽപ്പോയി മൂർഖൻ ഷാജിയെയും അറസ്റ്റ് ചെയ്തതിനെക്കുറിച്ച് ഞാൻ നേരത്തേ പറഞ്ഞത് ആവർത്തിക്കുന്നില്ല. സംസ്ഥാന എക്സൈസിന്റെ അധികാരപരിധിക്കകത്ത് നിന്നുകൊണ്ട് നമ്മൾ അറസ്റ്റ് ചെയ്യുന്ന പ്രതികളിൽനിന്ന് കിട്ടുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഉറവിടം വരെ

എത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അങ്ങ് പറഞ്ഞ കാര്യത്തെ ഞാൻ ഗൗരവത്തോടെ കാണുന്നു. നമ്മുടെ പരിമിതിക്കകത്തുനിന്നുകൊണ്ട് പ്രവർത്തിക്കുന്നതാണ്.

2022-ൽ ശ്രീ. പി. സി. വിഷ്ണുനാഥിന്റെ അടിയന്തരപ്രമേയ നോട്ടീസിന് മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ച ലഹരിവിരുദ്ധ ക്യാമ്പയിൻ നമ്മളെല്ലാവരും ഒറ്റക്കെട്ടായി അംഗീകരിച്ച് ഏറ്റെടുത്തതാണ്. 2022 ഒക്ടോബർ 6 മുതൽ 2022 നവംബർ 1 വരെ ഒന്നാം ഘട്ടം, നവംബർ 14 ശിശുദിനം മുതൽ 2023 ജനുവരി 26-വരെ രണ്ടാംഘട്ടം, 2023 ജനുവരി 26 മുതൽ 2024 ജനുവരി 30 രക്തസാക്ഷി ദിനംവരെ മൂന്നാംഘട്ടം, ഇപ്പോൾ അതിന്റെ നാലാംഘട്ടം നടന്നുകൊണ്ടിരിക്കുകയാണ്. പരമ്പരാഗതമായ രീതിയിൽ മാത്രമല്ല ക്യാമ്പയിൻ നടന്നത്. അതിനുമപ്പുറമുള്ള വലിയ ഇടപെടലുകളാണ് നടന്നത്. ഏകദേശം രണ്ട് കോടി വിദ്യാർഥികളും രക്ഷിതാക്കളും അധ്യാപകരും അണിനിരന്ന മനുഷ്യചങ്ങല സംഘടിപ്പിച്ചു. അതിൽ നിങ്ങളെല്ലാവരും പങ്കെടുത്തിട്ടുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. ജനങ്ങളെ അങ്ങനെയല്ലേ

മൊബിലൈസ് ചെയ്യുന്നത്. ലഹരിക്കെതിരെ ജനങ്ങളെ എങ്ങനെ അണിനിരത്തിയെന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ബോധവൽക്കരണത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ആ ക്യാമ്പയിന്റെ ഭാഗമായി 9337 ബോധവൽക്കരണ പരിപാടികൾ എക്സൈസ് വകുപ്പ് മാത്രം നടത്തിയിട്ടുണ്ട്. ലോകകപ്പ് ഫുട്ബോൾ മത്സരം വന്ന സമയത്താണ് നമ്മൾ 'ലഹരിക്കെതിരെ ഫുട്ബോൾ ലഹരി' എന്ന മുദ്രാവാക്യം ഉയർത്തിയത്. എല്ലാ അവസരത്തെയും നമ്മൾ ഉപയോഗിക്കുകയാണ് ചെയ്തത്. ചെറുപ്പക്കാരെ ആകർഷിക്കാൻ കഴിയുന്ന ഒന്നാണ് ഫുട്ബോൾ. യുവതലമുറയെ സ്പോർട്സിൽ സജീവമാക്കുന്നതിനെക്കുറിച്ച് ഉപക്ഷേപാവതാരകൻ മുതൽ എല്ലാവരും ചൂണ്ടിക്കാണിച്ചു. രണ്ട് കോടി ഗോൾ അടിക്കുന്ന ക്യാമ്പയിൻ സംഘടിപ്പിച്ചു. 20140526 ഗോൾ അടിച്ചു. അതായത് ഈ മെസേജ് അത്രയും ആളുകളിലേക്ക് എത്തിക്കാൻ കഴിഞ്ഞുവെന്നാണ്. ഇത് കഴിഞ്ഞപ്പോഴാണ് പഞ്ചാബ്, ബീഹാർ, മേഘാലയ തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുള്ള ഡെലിഗേഷൻ ഈ ജനകീയ ക്യാമ്പയിനെക്കുറിച്ച് പഠിക്കാൻ കേരളത്തിലേക്ക് വന്നത്. നമ്മൾ

അതിനെ ഇകഴ്ത്താൻ പാടില്ല. മറ്റ് സംസ്ഥാനങ്ങൾ അതിൽനിന്ന് പാഠം ഉൾക്കൊള്ളാനാണ് ശ്രമിക്കുന്നത്. ലഹരിയുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന പ്രസക്തമായ ഒരു ചോദ്യം ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് ഇവിടെ ഉന്നയിച്ചിരുന്നു. രണ്ട് പഠനങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. 2023 ജനുവരിയിൽ ഒരു പഠന റിപ്പോർട്ട് പ്രകാശിപ്പിച്ചിട്ടുണ്ട്. വിമുക്തിയുടെ ഡീ-അഡിക്ഷൻ കേന്ദ്രങ്ങളിലും കൗൺസലിങ് കേന്ദ്രങ്ങളിലും ചികിത്സയ്ക്കായി എത്തിയ 600 പേരിലാണ് ആദ്യത്തെ പഠനം നടത്തിയത്. അതെല്ലാം പത്തൊൻപത് വയസ്സിന് താഴെയുള്ളവരാണ്. 155 പേർ കുറ്റാരോപിതരും 376 പേർ വിമുക്തി ജില്ലാ ഡീ-അഡിക്ഷൻ കേന്ദ്രങ്ങളിലും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കൗൺസലിങ് സെന്ററുകളിൽ ചികിത്സയ്ക്ക് എത്തിയവരുമാണ്. ഇതിൽ 69 പേർ രണ്ട് ക്ലൂട്ടത്തിലുമുൾപ്പെടുന്നവരാണ്; അതായത്, ചികിത്സയ്ക്ക് എത്തിയവരും കുറ്റാരോപിതരുമുണ്ട്. മനഃശാസ്ത്ര വിദഗ്ധരും എക്സൈസ് ഉദ്യോഗസ്ഥരുമാണ് ഈ പഠനത്തിന് നേതൃത്വം നൽകിയത്. സർവെയുടെ കണ്ടെത്തൽപ്രകാരം ഈ 600 പേരിൽ 97 ശതമാനം കൗമാരക്കാരും

ഏതെങ്കിലും ലഹരി ഉപയോഗിച്ചുവെന്നാണ്. രണ്ടാമത്തേത് കുറച്ചുകൂടി വിശദമായ പഠനമാണ്. 62693 പേരെ ഉൾക്കൊള്ളിച്ചുകൊണ്ട് എസ്.പി.സി.-യുടെ (സ്റ്റുഡന്റ് പൊലീസ് കേഡറ്റ്) സഹായത്തോടെയാണ് സർവെ നടത്തിയത്. തൊഴിലാളികൾ മുതൽ ഐ.ടി. പ്രൊഫഷണൽ വരെയുള്ള വ്യത്യസ്തമായ 26 സാമൂഹിക വിഭാഗങ്ങളിൽനിന്നുള്ളവരുടെ വിവരങ്ങളാണ് ശേഖരിച്ചത്. ഇതിൽ മൂന്ന് ഘട്ടമാണ് വരുന്നത്. ലഹരിയിലേക്ക് ആകർഷിക്കപ്പെടുന്നതിന്റെ കാരണങ്ങൾ ഒന്നാംഘട്ടവും വിമുക്തിയുടെ പ്രവർത്തനങ്ങൾ എത്രത്തോളം ഫലപ്രദമാണ്, അതിന്റെ കുറവുകളെന്തെല്ലാമാണെന്നുള്ളത് രണ്ടാംഘട്ടവും എൻഫോഴ്സ്മെന്റ് എങ്ങനെ ശക്തിപ്പെടുത്താമെന്നുള്ളത് മൂന്നാംഘട്ടവുമാണ്. അങ്ങനെ മൂന്ന് ഘട്ടങ്ങളിലായി നടത്തിയ പഠനം പൂർത്തിയായിട്ടുണ്ട്, റിപ്പോർട്ട് ഉടനെ പ്രസിദ്ധീകരിക്കും. കഴിയുമെങ്കിൽ റിപ്പോർട്ട് എല്ലാ എം.എൽ.എ.-മാർക്കും നൽകുന്ന കാര്യം ആലോചിക്കാം.

യുവതലമുറയെ സ്പോർട്സിൽ സജീവമാക്കുന്നതിനെക്കുറിച്ചാണ് ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചത്. അത് ശരിയായ കാര്യമാണ്. പല

സ്ഥലങ്ങളിലും അത്തരമൊരു മാതൃക വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാരണം, കായികലഹരി എന്നത് ഇത്തരത്തിലുള്ള മാരകമായ ലഹരിയെ ചെറുക്കാനുള്ള നല്ലൊരു പ്രത്യൗഷധമാണ് എന്ന് കണ്ടിട്ടുണ്ട്. അത് മനസ്സിലാക്കിയതുകൊണ്ടാണ് എക്സൈസ് വകുപ്പ് 'ഉണർവ്' എന്ന കായിക പരിശീലന പരിപാടി ആവിഷ്കരിച്ചത്. 5 ലക്ഷം രൂപ കായിക ഉപകരണങ്ങൾക്കും പശ്ചാത്തല സൗകര്യമൊരുക്കുന്നതിനുമായി നൽകിക്കൊണ്ട് എക്സൈസ് വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണിത്. സാമ്പത്തിക പരിമിതികൾ അതിന് കുറച്ച് പ്രയാസമൊക്കെ സൃഷ്ടിക്കുന്നുണ്ടെങ്കിലും ആ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 2024-25-ൽ മുഖ്യമന്ത്രിയുടെ നാലാം നൂറുദിന കർമ്മ പരിപാടിയിലാണ് ഈ പദ്ധതി പ്രഖ്യാപിച്ചത്. സർക്കാർ എത്ര സൂക്ഷ്മമായിട്ടാണ് ഇതിലിടപെട്ടത് എന്നതിന്റെ തെളിവാണ് ഇപ്പോൾ നടപ്പാക്കിയ പദ്ധതികളെല്ലാം. സ്കൂൾ വിദ്യാർഥികളുടെ പെരുമാറ്റത്തിലുണ്ടാകുന്ന മാറ്റം ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ എന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് ഉൾപ്പെടെയുള്ള അംഗങ്ങൾ സൂചിപ്പിച്ചു. വിദ്യാർഥികളുടെ പെരുമാറ്റ വൈകല്യങ്ങൾ

പരിശോധിച്ച് ഇടപെടുന്നതിനാണ് വിമുക്തി പദ്ധതിയുടെ ഭാഗമായി 'നേർവഴി' പദ്ധതി ആരംഭിച്ചത്. അത് സ്കൂൾ വിദ്യാർഥികൾക്കുവേണ്ടി മാത്രമുള്ളതാണ്. എക്സൈസ് വകുപ്പിന്റെ 9656178000 എന്ന ഫോൺ നമ്പറിൽ വരുന്ന പരാതികളിന്മേൽ പ്രത്യേക കൗൺസലിങ് നൽകുന്നതിന് വിമുക്തി മെന്റർമാരുണ്ട്. വിമുക്തി പദ്ധതിയുടെ പ്രവർത്തനം അത്ര ചെറുതല്ല. അത് രാജ്യത്തിനാകെ മാതൃകയാണ്.

ശ്രീമതി യു. പ്രതിഭ: സർ, അങ്ങ് വഴങ്ങുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ചെയർ അനുവദിക്കാതെ വഴങ്ങില്ലെന്ന് നേരത്തെ പറഞ്ഞതാണ്. ചെയർ അനുവദിച്ചാൽ മാത്രമെ വഴങ്ങുകയുള്ളൂ. അങ്ങയുടെ അനുവാദമില്ലാതെ വഴങ്ങില്ല.

ശ്രീമതി യു. പ്രതിഭ: സർ, വളരെ ഗൗരവതരമായ ഒരു വിഷയമായതുകൊണ്ടാണ് ഇടപെടുന്നത്. നേർവഴി അടക്കമുള്ള ധാരാളം പ്രോജക്ടുകൾ നമ്മുടെ സ്കൂളുകളിലുണ്ടെന്ന് അങ്ങ് ഇവിടെ പറഞ്ഞു. സർക്കാർ എന്തൊക്കെ പ്രോജക്ടുകൾ നടപ്പാക്കുന്നുവെന്ന് അറിയാൻവേണ്ടി പരിശോധിക്കുമ്പോഴാണ് ഇത്തരം പ്രോജക്ടുകളുടെ നല്ല വശങ്ങൾ നമുക്ക്

മനസ്സിലാകുന്നത്. പക്ഷേ നമ്മുടെ സ്കൂളുകളിൽ എത്രത്തോളം ആത്മാർഥമായി ഇത്തരം പ്രോജക്ടുകൾ നടത്തുന്നുണ്ടെന്ന പരിശോധന നടത്തിയിട്ടുണ്ടോ? അതോടൊപ്പം എക്സൈസ് വകുപ്പ് കേസെടുക്കുമ്പോൾ ശരിയായ പരിശോധന നടത്താനാവശ്യമായ സംവിധാനങ്ങൾ സാധാരണ സ്റ്റേഷനുകളിലുണ്ടോ; ആവശ്യമായ പരിശോധന നടത്തിയിട്ടാണോ ഒരാൾക്കെതിരെ കേസെടുക്കുന്നത്; ഇത്തരം കാര്യങ്ങളൊക്കെ ശ്രദ്ധയിൽപ്പെടുന്നുണ്ടോ; ഇക്കാര്യം പരിശോധിക്കുമോ?

ശ്രീ. ടി. സിദ്ദിഖ്: സർ, ഹയർ സെക്കൻഡറി തലത്തിലുള്ള സ്കൂൾ-കോളേജ് വിദ്യാർഥികളുടെ ലഹരി ഉപയോഗത്തിന്റെ സ്റ്റാർട്ടിംഗ് എന്നുപറയുന്നത് പ്രധാനമായും ഇ-സിഗരറ്റ്സും വേപ്സും ഉൾപ്പെടെയുള്ള വസ്തുക്കളാണ്. വിദേശരാജ്യങ്ങളിൽനിന്നും വരുന്നവർ ഹൈ ഡെൻസിറ്റിയുള്ള ഇ-സിഗരറ്റ്സ് ഉൾപ്പെടെ കൊണ്ടുവരികയാണ്. മാത്രമല്ല, ഇവിടെ നിർമ്മിക്കപ്പെടുന്നുമുണ്ട്. ഫോറിൻ സാധനങ്ങൾ വിൽക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളിലുൾപ്പെടെ എല്ലാ സിറ്റികളിലും ഇത് വ്യാപകമായിരിക്കുകയാണ്. നമ്മുടെ കുട്ടികൾ ഇ-സിഗരറ്റ്സ് വാങ്ങി

രഹസ്യമായും സൗകര്യപ്രദമായിടത്തുംവച്ച് ഉപയോഗിക്കുന്ന ശീലം വ്യാപകമായി വളർന്നുകൊണ്ടിരിക്കുകയാണ്. ഇ-സിഗരറ്റ്സ് ഇതിന്റെയൊരു ഗേറ്റ് വേ ആണ്. ഇതിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

മി. സ്പീക്കർ: ശ്രീ. മുഹമ്മദ് മുഹസിൻന്റെ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ മെന്റൽ ഹെൽത്ത് പ്രോഗ്രാം ഇവിടെ ക്വാട്ട് ചെയ്യുകയാണ്. ഇതുസംബന്ധിച്ച് അദ്ദേഹം രാവിലെ ശ്രദ്ധക്ഷണിക്കലിൽ പരാമർശിക്കുകയും ചർച്ച നടത്തുകയും ചെയ്തതാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, ശരിയാണ്. അങ്ങയെപ്പോലെ ഞാനും അദ്ദേഹത്തിന്റെ ശ്രദ്ധക്ഷണിക്കൽ ശ്രദ്ധിച്ചിരുന്നു. മാതൃകാപരമായ ഒരു പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത്. അതിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. ഇവിടെ ബഹുമാന്യയായ യു. പ്രതിഭ കേസ് എടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യമാണ് ഉന്നയിച്ചത്. തെറ്റായ രീതിയിൽ/പകപോക്കൽ എന്ന നിലയിൽ കേസ് എടുത്തിട്ടുണ്ടെങ്കിൽ അത്തരം കാര്യങ്ങളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടിയിലെ കേസ്

സംബന്ധിച്ച കാര്യങ്ങൾ നമുക്ക് അറിയാവുന്നതാണ്. ബഹുമാന്യനായ ടി. സിദ്ദിഖ് ഇ-സിഗരറ്റ്സിനെക്കുറിച്ച് പറഞ്ഞതിൽ ആധികാരികമായി പറയാനുള്ള വൈദഗ്ധ്യമോ വിവരമോ ഇപ്പോൾ കൈവശമില്ല. ഇതുസംബന്ധിച്ച് വിദഗ്ധരുടെ സഹായത്തോടെ പരിശോധിക്കുകയും മനസ്സിലാക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യാം.

മി. സ്പീക്കർ: ഇ-സിഗരറ്റ്സ് നിരോധിച്ചിട്ടില്ല.

ശ്രീ. എം. ബി. രാജേഷ്: സർ, അത് നിരോധിതമല്ല. അത് എവിടെയും മയക്കുമരുന്നായി കണക്കാക്കുന്നില്ല.

ശ്രീ. ടി. സിദ്ദിഖ്: സർ, വിദേശത്തുനിന്നും കൊണ്ടുവരുന്ന ഹൈ ഡെൻസിറ്റി നിക്കോട്ടിൻ അളവ് കൂടുതലുള്ള ഇ-സിഗരറ്റ്സാണ് വ്യാപകമായി പ്രചാരത്തിലുള്ളത്. ഇത് ലിക്വർ അഡിക്ഷനെക്കാൾ വളരെ കൂടുതൽ ആരോഗ്യ പ്രശ്നങ്ങൾക്കാണ് വഴിവയ്ക്കുന്നത്. അത് പരിശോധിക്കപ്പെടേണ്ടതാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, എനിക്കതിനെപ്പറ്റി ആധികാരികമായി പറയാൻ കഴിയില്ല. ഇവിടെ ഉന്നയിക്കുന്ന ഏതുപ്രശ്നവും

പരിശോധിക്കാവുന്നതേയുള്ളൂ. കോളേജ് വിദ്യാർഥികൾക്കുള്ള പദ്ധതിയായ 'നേർക്കുട്ടം' കോളേജ് പ്രിൻസിപ്പലിന്റെയോ വൈസ് പ്രിൻസിപ്പലിന്റെയോ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് നടപ്പാക്കുന്നത്. ഹോസ്റ്റലുകൾ ലഹരി ഉപയോഗത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രങ്ങളായതിനാൽ കുട്ടികൾ പലപ്പോഴും ഇതിലേയ്ക്ക് വഴുതിപ്പോകുന്നു. അതിനായി 'ശ്രദ്ധ' എന്ന പദ്ധതി പ്രത്യേകമായി നടപ്പാക്കുന്നുണ്ട്. 2024-ൽ 'നേർക്കുട്ട'ത്തിന്റെ 1020 യോഗങ്ങളും 'ശ്രദ്ധ'യുടെ 512 യോഗങ്ങളുമാണ് കോളേജുകളിൽ ചേർന്നത്. അതുപോലെ ക്വിസ് മത്സരങ്ങൾ, സംവാദ സദസ്സ്, പ്രത്യേക ശിശുദിന സദസ്സ്, ഡിസംബർ 10-ന് മനുഷ്യാവകാശ ദിനത്തിന്റെ ഭാഗമായുള്ള പരിപാടി എന്നിങ്ങനെ ധാരാളം പ്രവർത്തനങ്ങൾ ക്യാമ്പയിന്റെ ഭാഗമായി നടന്നിട്ടുണ്ട്. ഇന്ത്യക്കാകെ മാതൃകയായ പദ്ധതിയാണ് വിമുക്തി. അതുകൊണ്ടാണ് മറ്റ് സംസ്ഥാനങ്ങളൊക്കെ ഇതിനെക്കുറിച്ച് പഠിക്കാൻ വരുന്നത്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് അതായത്, 2018 നവംബർ മുതലാണ് വിമുക്തി നടപ്പാക്കിയത്. ഇതിനായി 14 ജില്ലകളിലും ഒരു മെഡിക്കൽ ഓഫീസർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക്

സോഷ്യൽ വർക്കർ, മൂന്ന് സ്റ്റാഫ് നഴ്സ് എന്നിവരടങ്ങുന്ന കൗൺസലിങ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 136550 പേർക്ക് ഔട്ട് പേഷ്യന്റായിട്ടും 11078 പേർക്ക് ഐ.പി. ആയും കൗൺസലിങ്/ഡീ-അഡിക്ഷൻ ചികിത്സ കൊടുക്കാൻ വിമുക്തി കൗൺസലിങ് കേന്ദ്രങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്. വലിയൊരു സേവനമാണ് വിമുക്തി നടത്തിയിട്ടുള്ളത്. തിരുവനന്തപുരത്തെ നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിലും കോഴിക്കോട് ബീച്ച് ആശുപത്രിയിലും സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക കൗൺസലിങ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ ബഹുമാന്യരായ മുഖ്യമന്ത്രി അധ്യക്ഷനായും എക്സൈസ് വകുപ്പുമന്ത്രി കോ-ചെയർമാനുമായി സംസ്ഥാനതലത്തിൽ ലഹരിവിരുദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ഇത് സംസ്ഥാന, ജില്ല, തദ്ദേശസ്ഥാപന, വിദ്യാലയ തലങ്ങളിൽ യോഗം ചേരുകയും കാര്യങ്ങൾ മോണിറ്റർ ചെയ്ത് വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഈ യോഗങ്ങളിൽ എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവർ പങ്കെടുക്കണം. ഇത് സജീവമായി മുന്നോട്ടുകൊണ്ടുപോകുകയെന്നത് ജനപ്രതിനിധികളുടെ ഉത്തരവാദിത്വമാണ്. നാം കൂട്ടായി അതിന് ശ്രമിക്കണം. സ്കൂളുകളെയെല്ലാം

വൾനറബിൾ സ്പോട്ടുകളായാണ് എക്സൈസ് വകുപ്പ് കണക്കാക്കിയിട്ടുള്ളത്. കൂടാതെ ഹോട്ട്സ്പോട്ടുകളും നിശ്ചയിച്ചിട്ടുണ്ട്. 2024-ൽ മാത്രം സ്കൂളുകളിൽ 59917-ഉം കോളേജുകളിൽ 5825-ഉം ബോധവത്കരണ പരിപാടികളാണ് നടന്നിട്ടുള്ളത്. ഇതിനുപുറമേ തീരദേശ, ആദിവാസി മേഖലകളിലും പ്രത്യേക ബോധവത്കരണ പരിപാടികൾ, ജനമൈത്രി എക്സൈസ് സ്ക്വാഡ്, ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, കരിയർ ഗൈഡൻസ് പരിപാടികൾ, പി.എസ്.സി. പരിശീലനം, ക്വിസ് മത്സരങ്ങൾ, സ്പോർട്സ് മത്സരങ്ങൾ തുടങ്ങിയവയെല്ലാം സംഘടിപ്പിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ ജനമൈത്രി എക്സൈസ് നടത്തിയ പി.എസ്.സി. പരിശീലനത്തിൽ പങ്കെടുത്താണ് ശ്രീമതി സെൽവി എന്ന ആദിവാസി വനിത ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നേടിയത്. നെടുമങ്ങാടുള്ള അഭിജിത്ത് ലാൽ, ദേവികുളത്തെ അമൽ രവി എന്നീ ആദിവാസി യുവാക്കളും ഇപ്രകാരം ജോലി ലഭിച്ചവരാണ്. ഇതെല്ലാം ജനമൈത്രി എക്സൈസ് നടത്തിയ പ്രവർത്തനത്തിന്റെ ഫലമാണ്. 463 പോലീസ് സ്റ്റേഷനുകളിൽ 1360 ബ്ലാക്ക് സ്പോട്ടുകളും എൻ.ഡി.പി.എസ്. ചെക്കിങ് പോയിന്റുകളും ഐഡന്റിഫൈ ചെയ്ത് പൊലീസ് പ്രത്യേകം

നിരീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട്. കൂടാതെ എല്ലാ പൊലീസ് സ്റ്റേഷനുകളിലും സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. തുടർച്ചയായി ഒന്നിൽ കൂടുതൽ തവണ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി കൂടുതൽ തടങ്കലും സ്വത്ത് കണ്ടുകെട്ടാനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുന്നു. എക്സൈസ്, പൊലീസ് വകുപ്പുകളിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും 24 മണിക്കൂറും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. പൊലീസിന്റെയും എക്സൈസിന്റെയും സൈക്കിങ് ഫോഴ്സും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ നാർക്കോട്ടിക് സ്ക്വാഡും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പൊലീസിനും എക്സൈസിനും പ്രത്യേകമായി ഹൈവേ പട്രോൾ യൂണിറ്റുണ്ട്. തീരദേശ പൊലീസുമായി ചേർന്ന് പരിശോധനകൾ നടത്തുന്നുണ്ട്. തിരുവനന്തപുരം, കാസർഗോഡ്, വയനാട്, പാലക്കാട് എന്നീ നാല് അതിർത്തി മേഖലകളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (കെമു) പ്രവർത്തിക്കുന്നുണ്ട്. അതിനുപുറമേ പൊലീസിന്റെ പ്രത്യേക പദ്ധതിയായ 'യോദ്ധാവ്' സ്കൂളുകളിൽ വളരെ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

മഫ്തി പൊലീസിന്റെ നിരീക്ഷണം സ്കൂളുകൾ, കോളേജുകൾ എന്നിവയുടെ പരിസരങ്ങളിൽ ഉറപ്പാക്കിയിട്ടുണ്ട്. പൊലീസ്-എക്സൈസ് കേസുകളിലുൾപ്പെടുന്നവരുടെ ഹിസ്റ്ററി ഷീറ്റ് പൊലീസ് സ്റ്റേഷന്റെയും എക്സൈസ് റേഞ്ച് ഓഫീസിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്നുണ്ട്. ഇത്തരത്തിലുള്ള നടപടികളെല്ലാം സർക്കാർ സ്വീകരിച്ചിരിക്കുകയാണ്.

എൻഫോഴ്സ്മെന്റിന്റെ കാര്യം ഒരിക്കൽ കൂടി പറയട്ടെ, 2024-ൽ 4474 പേരെ ശിക്ഷിച്ചപ്പോൾ വിട്ടയച്ചത് 161 പേരെയും 2023-ൽ 4998 പേർ ശിക്ഷിക്കപ്പെട്ടപ്പോൾ വിട്ടയയ്ക്കപ്പെട്ടത് 100 പേരെയും മാത്രമാണ്. 15,000 കോടി രൂപയുടെ മയക്കുമരുന്ന് എൻ.സി.ബി. പിടിച്ചതിൽ പ്രതിയെ തെളിവില്ലാതെ വിട്ടയച്ചതിനെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചു. മയക്കുമരുന്ന് ഇന്ത്യയിലേയ്ക്ക് പ്രധാനമായും വരുന്നത് കടൽമാർഗമാണെന്ന് (മുന്ദ്ര പോർട്ട്, മുംബൈ പോർട്ട്) പലരും ചൂണ്ടിക്കാണിച്ചു. 2022-ലെ കണക്കുനോക്കിയപ്പോൾ കടൽമാർഗം 22 കേസുകൾ പിടികൂടിയതിൽ 10 എണ്ണം ഗുജറാത്ത് വഴിയും അഞ്ചെണ്ണം മഹാരാഷ്ട്ര വഴിയുമാണ് വന്നത്. ഇത് കേരളം മാത്രം അഭിമുഖീകരിക്കുന്ന പ്രശ്നമല്ല. കേരളം ഒരു തുരുത്തല്ല;

കേരളം ഇന്ത്യയുടെ ഭാഗമാണ്. ലോകമാകെ ഈ ലഹരി ശൃംഖല പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഗ്ലോബലൈസേഷന്റെ കാലമാണിത്. മറ്റെല്ലാം ഗ്ലോബലൈസ് ചെയ്യപ്പെടുന്നതുപോലെയാണ് ലഹരിയും ഗ്ലോബലൈസ് ചെയ്യപ്പെടുന്നത്. അതുകൊണ്ടാണ് യു.എൻ.ഒ.ഡി.സി.-യുടെ റിപ്പോർട്ട് ഇവിടെ ചൂണ്ടിക്കാണിച്ചത്. ബാംഗ്ലൂർ, ഗോവ എന്നിവിടങ്ങളിൽ നിന്നാണ് പ്രധാനമായും രാസലഹരികൾ കേരളത്തിലേയ്ക്കുവരുന്നത്. അത് തടയാൻ എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിലും കൺവിക്ഷൻ റേറ്റിന്റെ കാര്യത്തിലും രാജ്യത്ത് നമ്മൾ ഒന്നാമതാണ്. അതിനുപുറമേ ജനങ്ങളെയാകെ അണിനിരത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളും സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രവർത്തനങ്ങൾ ഇനിയും വർധിപ്പിക്കണമെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഗവൺമെന്റ് അതിനോട് യോജിക്കുന്നു. അതുകൊണ്ടാണ് ഈ വിഷയം സംബന്ധിച്ച് ചർച്ചയ്ക്ക് തയ്യാറാണെന്ന് അറിയിച്ചത്. ഈ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം. അതിനേറ്റവും പ്രധാനം നമ്മൾ ഒറ്റക്കെട്ടായി നിൽക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതുതന്നെയാണ്. നമുക്ക്

തർക്കിക്കാനും ആരോപണ-പ്രത്യാരോപണങ്ങൾ ഉന്നയിക്കാനും വേറെ വിഷയങ്ങളും മറ്റു മേഖലകളും തിരഞ്ഞെടുക്കാം. ആരോപണ-പ്രത്യാരോപണങ്ങളുന്നയിക്കാം. പക്ഷേ ഇതിനെ ക്ഷുദ്രമായ തർക്കങ്ങളുടെ ഒരു വിഷയമാക്കി മാറ്റാൻ ശ്രമിച്ചാൽ അത് വരുന്ന തലമുറയോടും സമൂഹത്തോടും നാം ചെയ്യുന്ന അന്യായവും അനീതിയുമായിരിക്കും എന്നുമാത്രമാണ് ചൂണ്ടിക്കാട്ടാനുള്ളത്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട ഉപക്ഷേപാവതാരകനും മറ്റംഗങ്ങളും ഉന്നയിച്ച പ്രസക്തമായ കാര്യങ്ങളോട് അതേ സ്പിരിറ്റോടുകൂടി പ്രതികരിച്ചത്. ബഹുമാനപ്പെട്ട അംഗം ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് പറഞ്ഞപ്പോൾ 'കെമു'-വിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. അതുപോലെ 7, 8 ക്ലാസുകളുടെ പാഠ്യപദ്ധതിയിൽ ലഹരിയുടെ ദുരുപയോഗത്തെക്കുറിച്ചുള്ള ഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അംഗങ്ങൾ ഉന്നയിച്ച എല്ലാ കാര്യങ്ങൾക്കും ഞാൻ മറുപടി പറഞ്ഞിട്ടുണ്ട്. അതോടൊപ്പം ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. നമുക്ക് ഒറ്റക്കെട്ടായി മുന്നോട്ടുപോകണം. ഈ വിപത്തിനെതിരെയുള്ള ഏറ്റവും

വലിയ കരുത്ത് നമുക്കിടയിലുള്ള യോജിപ്പാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടും ഈ ഉപക്ഷേപത്തെ എതിർത്തുകൊണ്ടും ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങയുടെ ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഉപക്ഷേപം സഭ നിരാകരിച്ചിരിക്കുന്നു.

2.28 p.m]

ധനകാര്യം (തുടർച്ച)

ശ്രീ. ജോബ് മൈക്കിൾ: സർ, സമൂഹത്തെ കാർന്നുതിന്നുന്ന ഏറ്റവും പ്രധാനപ്പെട്ട ലഹരി എന്ന വിഷയത്തിന്മേൽ നടന്ന ചർച്ചയിൽ സഭയിലെ എല്ലാ എം.എൽ.എ.-മാരും സജീവമായി പങ്കെടുക്കുകയും ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു. ഈ ചർച്ചയെ ഞാൻ സ്വാഗതം ചെയ്യുന്നു.

2025-26 സാമ്പത്തികവർഷത്തെ കേരള ബജറ്റിനെ ഞാൻ

അംഗീകരിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാരിൽനിന്നും നാം നേരിടുന്ന സാമ്പത്തിക ഉപരോധത്തെ ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റ് മറികടക്കുന്ന കാഴ്ചയാണ് ഈ ബജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ കാണിച്ചുതന്നത്. അദ്ദേഹം 2025-26 ബജറ്റിൽ ആമുഖമായി പറഞ്ഞിരിക്കുന്നത്, "സമീപവർഷങ്ങളിൽ സംസ്ഥാന സർക്കാരിനെ ബാധിച്ച ക്രൂക്ഷമായ ധനഞെരുക്കത്തിന്റെ തീക്ഷ്ണമായ ഘട്ടത്തെ കേരളം അതിജീവിച്ചിരിക്കുന്നു" എന്നാണ്. അതെങ്ങനെ സാധിച്ചുവെന്ന് നാം ചിന്തിക്കണം. വികസന-ക്ഷേമ പ്രവർത്തനങ്ങളിലൊന്നും മുടക്കം വരാതെ സാമ്പത്തിക വളർച്ച കൈവരിക്കുകയാണ് ചെയ്തിരിക്കുന്നത്. വരുംവർഷങ്ങളിൽ സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളും ഈ ബജറ്റിലുണ്ട്. ഈ പ്രതികൂല സാഹചര്യത്തിലും നമ്മുടെ സമ്പദ്ഘടന വളർന്നിരിക്കുകയാണ്. ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന്റെ നികുതിയേതര വരുമാന വളർച്ച 17.4 ശതമാനമാണ്. സംസ്ഥാനത്തെ ധനക്കമ്മി 4.04 ശതമാനത്തിൽനിന്ന് 2.9 ശതമാനമായി കുറയ്ക്കാൻ

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് സാധിച്ചുവെന്ന് പറയുമ്പോൾ അദ്ദേഹം ചെയ്ത അധ്വാനം വളരെ വലുതാണെന്ന് കാണാനാകും. പൊതുകടം 35.92 ശതമാനത്തിൽനിന്ന് 34.2 ശതമാനമായി കുറയ്ക്കാൻ സാധിച്ചതുകൂടാതെ സംസ്ഥാനത്തിന്റെ തനതുവരുമാനം 54,988 കോടി രൂപയിൽനിന്നും 1,03,240 കോടി രൂപയായി വർധിപ്പിച്ചിരിക്കുകയുമാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. ടി. ജെ. വിനോദ്)

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മലയോര കർഷകയാത്ര നടത്തിയിരുന്നു. 'കേരളത്തിൽ ഞങ്ങൾ കൊടുങ്കാറ്റുപോലെ വരും' എന്നാണ് ആ യാത്രയിൽ അദ്ദേഹം പറഞ്ഞത്. എല്ലാത്തിനെയും നശിപ്പിക്കുന്ന കൊടുങ്കാറ്റിനെ കേരളത്തിലെ മാത്രമല്ല ഒരു രാജ്യത്തെയും ജനങ്ങൾ ആഗ്രഹിക്കില്ല. അതിനെ അവർ തിരസ്കരിക്കുകയേയുള്ളൂ. പ്രിയപ്പെട്ട പ്രതിപക്ഷ നേതാവിനോട് എനിക്ക് പറയാനുള്ളത്, 1972-ൽ കോൺഗ്രസിന്റെ പ്രധാനമന്ത്രിയും മന്ത്രിമാരും മാത്രമുണ്ടായിരുന്ന കേന്ദ്രമന്ത്രിസഭ വന്യജീവി (സംരക്ഷണ) നിയമം പാസ്സാക്കിക്കൊണ്ട് സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുത്തപ്പോൾ നിങ്ങൾ ഒന്നും

പറഞ്ഞില്ല. അന്ന് നിങ്ങൾ അതിനെ എല്ലാ രീതിയിലും അനുകൂലിച്ചു. കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ പ്രസക്തിയെക്കുറിച്ചും ഈ നിയമം ഞങ്ങളാണ് കൊണ്ടുവന്നതെന്നും അത് തെറ്റായിപ്പോയി എന്നും ഇപ്പോൾ ആ നിയമത്തിൽനിന്നും മാറേണ്ട സമയമായിരിക്കുന്നുവെന്നും നിങ്ങൾ മലയോര കർഷകയാത്രയിൽ പറയണമായിരുന്നു. നിങ്ങളുടെ 19 എം.പി.-മാർ പാർലമെന്റിലുണ്ടായിട്ടും ഇതുസംബന്ധിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? 1972-ലെ നിയമം പരിഷ്കരിക്കണമെന്ന് നിങ്ങൾ ആവശ്യപ്പെട്ടില്ല. ഈ യാത്ര ജനങ്ങൾക്കിടയിൽ വളരെയധികം സ്വാധീനം ചെലുത്തിയെന്ന തോന്നലുണ്ടെങ്കിൽ നിങ്ങൾക്ക് തെറ്റി. ഏതെങ്കിലും രാജ്യത്തെ ഒരു സംസ്ഥാനം ഒരിക്കലും നാശത്തിലേയ്ക്ക് പോകാൻ ആഗ്രഹിക്കില്ല.

കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി ഈ ബജറ്റിനെ അനുകൂലിക്കുകയാണ്. കിഫ്ബിയെക്കുറിച്ച് ഇവിടെ പരാമർശിച്ചു. ബഹുമാനപ്പെട്ട അങ്കമാലി അംഗം റോജി എം. ജോൺ ഇന്നലെ കിഫ്ബിയുമായി ബന്ധപ്പെട്ട ഉപക്ഷേപം അവതരിപ്പിച്ചു. കിഫ്ബിയിൽനിന്നും അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിന് ലഭിച്ച തുക

പറഞ്ഞാൽ നമ്മളെല്ലാവരും അത്ഭുതപ്പെട്ടും. അങ്കമാലി ബൈപ്പാസ് ഉൾപ്പെടെയുള്ള രണ്ട് പദ്ധതികൾക്ക് മാത്രമായി ആയിരം കോടി രൂപയിൽ അധികമാണ് അവിടെ ഇപ്പോൾ അനുവദിച്ചത്. ആ പ്രോജക്ടിന്റെ നടപടികളുമായി കിഫ്ബി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, കിഫ്ബി പദ്ധതി വഴി അങ്കമാലി ബൈപ്പാസിന് ഉൾപ്പെടെ ആയിരത്തിലേറെ കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് ബഹുമാന്യനായ ചങ്ങനാശ്ശേരി അംഗം പറഞ്ഞത് വസ്തുതാവിരുദ്ധമാണ്. അങ്ങനെ അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കണക്ക് കൃത്യമായി അദ്ദേഹം പുറത്തുവിടാൻ തയ്യാറാകണം. വസ്തുതാവിരുദ്ധമായ കാര്യങ്ങളാണെങ്കിൽ അദ്ദേഹം അത് പിൻവലിക്കാൻ തയ്യാറാകണം. അത് ക്രമവിരുദ്ധമാണോയെന്ന് ചെയർ പരിശോധിക്കണം.

ശ്രീ. ജോബ് മൈക്കിൾ: സർ, കിഫ്ബിയിൽ അന്വേഷിച്ചാൽ ഇതുസംബന്ധിച്ച കൃത്യമായ കണക്ക് ലഭിക്കും. ഞാൻ ഇന്നലെ വൈകുന്നേരം കിഫ്ബിയിലെ ഉദ്യോഗസ്ഥരോട് അന്വേഷിച്ചതിന്റെ അടിസ്ഥാനത്തിലാണ് പറഞ്ഞത്. ആയിരം കോടി രൂപയെന്നാണ് ഞാൻ പറഞ്ഞതെങ്കിലും

അതിലും കൂടുതലുണ്ട്. കാര്യങ്ങൾ മനസ്സിലാക്കി ആ പ്രോജക്ടുകൾ നടപ്പാക്കുകയെന്നത് ഒരു എം.എൽ.എ.-യുടെ കഴിവാണ്. ബഹുമാനപ്പെട്ട അംഗം അതിന് തയ്യാറാകണം. അല്ലാതെ കിഫ്ബിയെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഞാൻ കർഷകപക്ഷ നിലപാട് ഉയർത്തിപ്പിടിച്ച പാർട്ടിയുടെ ആളാണ്. കെ. എം. മാണി അവതരിപ്പിച്ച ബജറ്റുകളിൽ കർഷകരെ വളരെയധികം പരിപോഷിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ബജറ്റിലും ശ്രീ. കെ. എൻ. ബാലഗോപാൽ റബ്ബറിന്റെ താങ്ങുവില വർധിപ്പിച്ചു. ഈ ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ റബ്ബറിന്റെ താങ്ങുവില വർധിപ്പിക്കുമെന്ന് എനിക്ക് പ്രതീക്ഷയുണ്ട്. തീർച്ചയായും അത് വർധിപ്പിക്കുമെന്ന് എനിക്കറിയാം. ഈ ബജറ്റിൽ നെൽകർഷകർക്കായി 150 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വില കൃത്യമായി കൊടുക്കാനുള്ള നടപടിയെടുത്തു. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ധാരാളം നെൽകർഷകരുണ്ട്. അവിടെ എല്ലാവർക്കും വളരെ കൃത്യമായി നെല്ലിന്റെ വില ലഭിക്കുന്നുണ്ട്. നെൽകൃഷി ആരംഭിക്കുന്നതിനുമുമ്പും കൊയ്ത്തിന്റെ സമയമാകുമ്പോഴും ഞാൻ നെൽകർഷകരെ വിളിച്ചുചേർത്ത്

അവരുടെ ആവശ്യങ്ങൾ അന്വേഷിക്കുകയും പാഡി ഓഫീസറുമായി സംസാരിക്കുകയും അദ്ദേഹത്തിന്റെ നമ്പർ അതത് നെൽകൃഷി കൺവീനർമാർക്ക് നൽകുകയും ചെയ്യാറുണ്ട്. മില്ലുടമകളുമായും ഇക്കാര്യത്തിൽ കൃത്യമായ ഇടപെടലുകൾ നടത്താറുണ്ട്. ഇങ്ങനെയൊക്കെ ചെയ്യുന്നതിലൂടെ നമുക്ക് കർഷകരെ സഹായിക്കാൻ സാധിക്കും. നെൽകൃഷി വളരെ നഷ്ടത്തിലായതിനാൽ അത് പിൻവലിക്കണമെന്ന് ചില ആളുകൾ പറയുന്നണ്ട്, അത് ശരിയല്ല. വർഷങ്ങൾക്കുമുമ്പ് കേരളത്തിലെ നെൽകൃഷിക്കാർക്ക് വമ്പിച്ച സബ്സിഡി ഉൾപ്പെടെ എല്ലാ രീതിയിലുമുള്ള ആനുകൂല്യങ്ങൾ കെ. എം. മാണി അദ്ദേഹത്തിന്റെ ബജറ്റിലൂടെ നൽകിയിട്ടുള്ളതാണ്. ഈ ബജറ്റിലൂടെയും കേരളത്തിലെ സർക്കാർ കർഷകർക്ക് കൂടുതൽ സഹായങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ നെൽകർഷകർക്കെതിരെ പറഞ്ഞുകൊണ്ട് അവരെ അതിൽനിന്നും പിന്തിരിപ്പിക്കുന്ന രീതി ശരിയല്ല. മറുപടി പറയുന്ന അവസരത്തിൽ റബ്ബറിന്റെ താങ്ങുവില സംബന്ധിച്ച പ്രഖ്യാപനമുണ്ടാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ

ചങ്ങനാശ്ശേരി ഗവൺമെന്റ് ആശുപത്രിക്കുവേണ്ടി 80 കോടി രൂപയാണ് കിഫ്ബി വഴി നൽകിയത്. അതിന്റെ ടെൻഡർ നടപടി പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ പോകുകയാണ്. അതുപോലെ പല പദ്ധതികളെക്കുറിച്ചും ഇവിടെ പറയാനുണ്ടെങ്കിലും സമയക്കുറവുമൂലം വിശദീകരിക്കുന്നില്ല. പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബജറ്റിൽ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി നൽകുന്ന എല്ലാ സേവനങ്ങളിലൂടെയും സംസ്ഥാനത്ത് കൂടുതൽ വളർച്ചയുണ്ടാകുമെന്ന പ്രതീക്ഷയോടെ ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ.: സർ, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച അഞ്ചാമത് ബജറ്റ് കേരളത്തിലെ അടിസ്ഥാന ജനവിഭാഗങ്ങളെ നെഞ്ചോട് ചേർത്തുപിടിച്ചുകൊണ്ടുള്ളതാണ്. അതിന് മന്ത്രിക്കും സർക്കാരിനും ഹൃദയാഭിവാദ്യങ്ങൾ നേർന്നുകൊണ്ട് ഈ ബജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു. കേന്ദ്ര സർക്കാർ രാഷ്ട്രീയ വിരോധം തീർക്കാൻ ഭരണഘടനാ തത്വങ്ങളെ ചവിട്ടിമെതിച്ചും അർഹമായ സംസ്ഥാന വിഹിതം

നിരസിച്ചും കടമെടുക്കാനുള്ള കേരളത്തിന്റെ ഭരണഘടനാവകാശത്തെ തകർത്തും സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയും ഭരണസ്വാധീനം ഉപയോഗപ്പെടുത്തി പ്രതിപക്ഷസംസ്ഥാനങ്ങളോട് പ്രതികാരനടപടികളുമായി മുന്നോട്ടു പോകുമ്പോഴും കേരളം സർവ്വശക്തിയും സമാഹരിച്ച് പ്രതിബന്ധങ്ങളെ അവസരങ്ങളാക്കി ഉപയോഗിച്ച് മുന്നോട്ട് കുതിച്ചുകൊണ്ടിരിക്കുകയും ആഭ്യന്തരവളർച്ച നേടിക്കൊണ്ടിരിക്കുകയുമാണെന്ന വസ്തുത നാം മനസ്സിലാക്കിയതാണ്. ടൈംസ് ഓഫ് ഇന്ത്യയും ഇന്ത്യൻ എക്സ്പ്രസ്സും ചൂണ്ടിക്കാണിക്കുന്നതുപോലെ കോവിഡിനുശേഷം 10 ശതമാനത്തിൽ താഴെമാത്രമുണ്ടായിരുന്ന നമ്മുടെ തനത് നികുതി വരുമാനം 22-23 ശതമാനത്തിലേയ്ക്ക് ഉയർന്നുവെന്നത് വസ്തുതയാണ്. 2020-21-ൽ 47,600 കോടി രൂപ മാത്രമുണ്ടായിരുന്ന ആഭ്യന്തര തനത് വരുമാനം രണ്ടുവർഷംകൊണ്ട് 71,900 കോടി രൂപയായി വർധിച്ചിരിക്കുകയാണ്. ഏകദേശം 51 ശതമാനത്തിന്റെ വർധനവാണ് ഉണ്ടായിരിക്കുന്നത്. 2023-24-ൽ 70 ശതമാനം വർധിച്ചു. ധനമാനേജ്മെന്റ് കൃത്യമായി പാലിച്ചുകൊണ്ട് പെൻഷനും ശമ്പളവും മുടങ്ങാതെ ജനങ്ങളിൽ

എത്തിച്ചും സേവന, പശ്ചാത്തല മേഖലകളിൽ ഫണ്ടുകൾ ചെലവഴിച്ചും ഈ സർക്കാർ നവകേരള നിർമ്മിതിക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. 2025 ഫെബ്രുവരി മാസം 1-ാം തീയതി കേന്ദ്ര സർക്കാർ ബജറ്റ് അവതരിപ്പിച്ചു. കേന്ദ്രത്തിന് കേരളത്തോട് ഇത്ര വൈരാഗ്യം എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. കേരളത്തോട് കടുത്ത അവഗണനയും അനീതിയുമാണ് കേന്ദ്ര ബജറ്റ് മുഖേന കാണിച്ചിരിക്കുന്നത്. തങ്ങളുടെ അധികാരത്തിനുമുകളിൽ ഏറാൻമൂളികളായി വണങ്ങി നിന്നുകഴിഞ്ഞാൽ എന്തെങ്കിലും തരാമെന്ന സമീപനമാണ് കേന്ദ്രഗവൺമെന്റിനുള്ളത്. കേരളം കണ്ടതിൽ ഏറ്റവും വലിയ പ്രകൃതിദുരന്തത്തിന്റെ ഫലമായി തോരാത്ത കണ്ണീരും വിറങ്ങലിച്ച മനസ്സുമായി ജീവിക്കുന്ന വയനാട്ടിലെ നൂറുകണക്കിന് ജനങ്ങൾക്കുവേണ്ടി ഒരു രൂപപോലും കേന്ദ്രം നൽകിയില്ല. നമ്മുടെ സഹപ്രവർത്തകരെല്ലാം ഇക്കാര്യത്തിനുവേണ്ടി സംസാരിച്ചുകഴിഞ്ഞതാണ്. പ്രധാനമന്ത്രി കേരളത്തിൽ വന്നതിന്റെ ചെലവുപോലും സംസ്ഥാനം തിരികെ നൽകണമെന്നാണ് പറഞ്ഞിരിക്കുന്നത്. കേന്ദ്ര ബജറ്റിൽ വിഴിഞ്ഞം

അന്താരാഷ്ട്ര തുറമുഖത്തെയും അവഗണിച്ചിരിക്കുകയാണ്. 25 ലക്ഷം കോടി രൂപ സംസ്ഥാനങ്ങൾക്കായി മാറ്റിവച്ചപ്പോൾ നമുക്ക് വെറും 32,000 കോടി രൂപ മാത്രമാണ് ലഭിച്ചത്. 73,000 കോടി രൂപയായിരുന്നു ലഭിക്കേണ്ടിയിരുന്നത്. തിരഞ്ഞെടുപ്പ് അജണ്ടയാക്കിയാണ് ബീഹാറിനും ഡൽഹിക്കും ബജറ്റിൽ തുക അനുവദിച്ചത്. സമ്പന്നർക്ക് മാത്രമുള്ളൊരു ബജറ്റായി കേന്ദ്ര ബജറ്റ് മാറുകയാണ്. ഊർജ മേഖലയെ പൂർണ്ണമായും സ്വകാര്യവൽക്കരിച്ചു. ഇൻഷ്വറൻസ് മേഖലയിൽ വിദേശ നിക്ഷേപം 100 ശതമാനമാണ്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. പാവപ്പെട്ട ഗ്രാമീണ ജനതയിൽ ഉണർവുണ്ടാക്കുന്ന തൊഴിലുറപ്പ് മേഖലയെ കേന്ദ്രസർക്കാർ പാടെ അവഗണിച്ചു. വിദ്യാഭ്യാസ-ആരോഗ്യ മേഖലകൾക്കും ഒന്നും നൽകിയില്ല; എയിംസും അനുവദിച്ചില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ കേന്ദ്രം അവതരിപ്പിച്ച ബജറ്റിൽ കേരളമെന്നൊരു വാക്കുണ്ടോ? പട്ടികജാതി വിഭാഗങ്ങൾക്ക് സംസ്ഥാന ബജറ്റിൽ എന്തെങ്കിലും നൽകിയോ, കിഫ്ബിയിൽ എന്തെങ്കിലും മാറ്റിവച്ചോ തുടങ്ങിയ കാര്യങ്ങൾ ശ്രീ. റോജി എം. ജോൺ, ശ്രീ. സി. ആർ. മഹേഷ്

ഉൾപ്പെടെയുള്ള പ്രതിപക്ഷാംഗങ്ങൾ ചോദിക്കുകയുണ്ടായി. അത്തരത്തിലുള്ള വലിയൊരു വിലാപമാണ് നമ്മൾ കേട്ടത്. കേന്ദ്ര സർക്കാർ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് അനുവദിച്ച ഫണ്ടിനെ സംബന്ധിച്ച് പ്രതിപക്ഷത്തിന്റെ അഭിപ്രായം വ്യക്തമാക്കേണ്ടതുണ്ട്. ഇന്ത്യാ രാജ്യത്ത് 16.6 ശതമാനമുള്ള പട്ടികജാതി വിഭാഗങ്ങൾക്ക് 3.4 ശതമാനം തുകയും 8.6 ശതമാനമുള്ള പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2.6 ശതമാനം തുകയുമാണ് കേന്ദ്രബജറ്റിൽ മാറ്റിവച്ചത്. ഇക്കാര്യം പ്രതിപക്ഷം അറിഞ്ഞില്ലേ? നമ്മുടെ നാട്ടിലെ പാവപ്പെട്ട ദളിത് പിന്നാക്ക വിഭാഗങ്ങൾക്കെതിരെയുള്ള കേന്ദ്രസർക്കാരിന്റെ സമീപനത്തെക്കുറിച്ച് പ്രതിപക്ഷത്തിന് അറിയില്ലേ? അവർ ഇതൊന്നും അന്വേഷിക്കുന്നില്ല. കേരളത്തിൽനിന്നുള്ള രണ്ട് കേന്ദ്രമന്ത്രിമാരുണ്ട്. മലയാളികൾക്കും പട്ടികജാതി ജനവിഭാഗങ്ങൾക്കും അപമാനകരമായ രീതിയിലാണ് ശ്രീ. സുരേഷ് ഗോപി സംസാരിക്കുന്നത്. കേരളത്തിൽ ഈ ജാതിയിലൊന്നും ജനിച്ചാൽ പോരെന്നും ഉന്നതകുലജാതനായി ജനിക്കണമെന്നുമാണ് അദ്ദേഹം മുമ്പ് പ്രസ്താവിച്ചത്. ഇന്ത്യൻ ഭരണഘടനയെ തൊട്ട് അധികാരത്തിൽവന്ന ഒരു

ജനപ്രതിനിധിയുടെ നാവിൽനിന്നും വരേണ്ട വാക്കുകളാണോ കേരളത്തിൽനിന്നുള്ള കേന്ദ്രമന്ത്രി ശ്രീ. സുരേഷ് ഗോപി പറഞ്ഞത്? യഥാർഥത്തിൽ ഇന്ത്യയുടെ രാഷ്ട്രപതിയെ ഉൾപ്പെടെ അപമാനിക്കുന്ന രീതിയിലാണ് അദ്ദേഹം പ്രസ്താവന നടത്തിയത്. ഇന്ത്യയിൽ സാധാരണക്കാരുടെ അവകാശങ്ങളും അവരുമായി ബന്ധപ്പെട്ട വകുപ്പുകളും കൈകാര്യം ചെയ്യാൻ കഴിവില്ലാത്തവരാണ് അധികാരത്തിലിരിക്കുന്നത് എന്ന നിലയിലല്ലേ അദ്ദേഹം സംസാരിച്ചത്; സവർണ്ണ വിഭാഗത്തിൽപ്പെട്ട ഒരാൾക്ക് ആദിവാസി വകുപ്പിന്റെ ചുമതല കൊടുക്കണമെന്നും അദ്ദേഹത്തിന് അടുത്ത ജന്മത്തിൽ ബ്രാഹ്മണനായി ജനിക്കണമെന്നും പറയുന്നത് എന്ത് മനോവിഭ്രാന്തിയിലാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇങ്ങനെയാണോ പറയേണ്ടത്? ജനാധിപത്യപരമായി അധികാരത്തിൽ വന്ന, Equality before law എന്ന ഇന്ത്യൻ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കേണ്ട ആളുകളല്ലേ ഇവർ; ഇവരുടെ സമീപനം ഇതാണെന്ന് നമ്മൾ കണ്ടതാണ്. ആ നിലയിലാണ് കേന്ദ്രമന്ത്രിമാർ സംസാരിക്കുന്നത്. കേരളം ഏറ്റവും പിന്നാക്കമാണെന്നും നിങ്ങൾ മോശക്കാരാണെന്നും പറഞ്ഞാൽ സഹായം

കിട്ടുമെന്നാണ് കേരളത്തിൽനിന്നുള്ള മറ്റൊരു കേന്ദ്രമന്ത്രി പറഞ്ഞത്. കേന്ദ്ര സർക്കാരിനുമുന്നിൽ അടിയറവ് വയ്ക്കണമെന്ന് പറയുന്നത് ആർക്കുവേണ്ടിയാണ്? കേരളത്തിൽ തല നിവർത്തി നടക്കാനാണ് നമ്മെ പഠിപ്പിച്ചത്. നവോത്ഥാന കാലഘട്ടത്തിൽ ആരംഭിച്ച് നമ്മൾ ഇന്ന് കാണുന്ന നേട്ടങ്ങൾ കേരളത്തിന്റെ മണ്ണിൽ ഉണ്ടാക്കിയെടുത്തത് തല താഴ്ത്തിയിട്ടല്ല. പാവപ്പെട്ട മനുഷ്യരെ തല ഉയർത്തി നിൽക്കാനും വീണിടത്തുനിന്നും ഉയർന്നെഴുന്നേൽക്കാനും ആഹ്വാനം ചെയ്ത നവോത്ഥാന നായകരുടെ നാൾവഴികൾ ചികഞ്ഞുനോക്കിയാൽ ചരിത്രം മനസ്സിലാകും. അതൊന്ന് ഗൂഗിളിൽ തിരഞ്ഞുനോക്കിയശേഷം പറഞ്ഞാൽ മതിയായിരുന്നു. ഇപ്രകാരം നമ്മുടെ നേട്ടങ്ങളെ അവഗണിച്ചുകൊണ്ടും മറച്ചുവച്ചുകൊണ്ടുമാണോ കേരളത്തിന് ഭരണഘടനാപരമായി ലഭ്യമാകേണ്ട അവകാശങ്ങൾ വാങ്ങിയെടുക്കേണ്ടത്? കേരളം ഇന്ന് നേടിയ നേട്ടങ്ങളെക്കുറിച്ച് എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ വളരെ വ്യക്തമായി പറഞ്ഞതാണ്. കേന്ദ്രസർക്കാർ നൽകിയ സർട്ടിഫിക്കറ്റ് മടക്കിയെടുത്ത് വയ്ക്കണമെന്ന് ഞങ്ങളാരും പറഞ്ഞതല്ല. കേരളത്തിലെ ഗവൺമെന്റിനും

ജനങ്ങൾക്കും കേന്ദ്ര സർക്കാർ നൽകിയ അംഗീകാരം മടക്കി പോക്കറ്റിൽ ഇടണമെന്നാണ് കേരളത്തെക്കുറിച്ച് ഒരു കേന്ദ്രമന്ത്രി ഡൽഹിയിൽ പോയി പറയുന്നത്. മാനവ വികസന സൂചികയിൽ ഉയർന്ന സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണെന്നത് ഐക്യരാഷ്ട്ര സഭയുടെ അംഗീകാരമാണ്. മാത്രമല്ല ട്രാൻസ്ജെൻഡർ നയവും ഇന്റർനെറ്റ് ലഭ്യത പൗരന്റെ അവകാശമായും പ്രഖ്യാപിച്ച ആദ്യത്തെ സംസ്ഥാനം, നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ പഠനത്തിന്റെ ഭാഗമായി വർഗീയ കലാപമില്ലാത്ത ഇന്ത്യയുടെ ഏക സംസ്ഥാനം, ബജറ്റിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി വിഹിതം നീക്കിവയ്ക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം തുടങ്ങിയവയുടെയെല്ലാം ഉത്തരം കേരളം എന്നാണ്. ഞാൻ വിശദമായി പറയുന്നില്ല. ശ്രീ. സുരേഷ് ഗോപിയോട് എനിക്ക് പറയാനുള്ളത്, കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ, ഇവിടെ ഭരണഘടനാപരമായ റിസർവേഷനിലൂടെ 142 അബ്രാഹ്മണരെ ശാന്തിക്കാരായി നിയമിച്ചിട്ടുണ്ട്. അതിൽ 62 പേർ പിന്നാക്ക പട്ടികജാതിക്കാരാണ്. ഇത് അദ്ദേഹം അംഗീകരിക്കുമോ; അദ്ദേഹത്തിന്റെ

വാക്കുകളിൽ പറഞ്ഞാൽ അത് അംഗീകരിക്കാൻ അദ്ദേഹം തയ്യാറല്ല എന്നായിരിക്കും.

പാവപ്പെട്ട മനുഷ്യന്റെ എല്ലാ അർഥത്തിലുമുള്ള പുരോഗമനാത്മകമായ വികസനത്തിനുവേണ്ടിയുള്ളതും സർക്കാർ മുന്നോട്ടുവച്ച ആശയങ്ങൾ നടപ്പാക്കാനുതകുന്ന രീതിയിലുമുള്ളതാണ് ഈ ബജറ്റെന്ന് നമുക്കറിയാം. എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഒന്നുരണ്ട് കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കഥകളി ആചാര്യനായ കോങ്ങാട് മധു, പാലക്കാടിന്റെ പരമ്പരാഗത കലാരൂപമായ പൊറാട്ടുനാടകത്തിൽ പ്രശസ്തനായ മണ്ണൂർ ചന്ദ്രൻ, കർണ്ണാടക സംഗീതജ്ഞൻ രാജകുമാരൻ ഉണ്ണി എന്നിവരെല്ലാം താമസിക്കുന്നത് എന്റെ നിയോജകമണ്ഡലത്തിലെ കോങ്ങാട്, മണ്ണൂർ, കേരളശ്ശേരി പഞ്ചായത്തുകളിലായാണ്. ഇതുമായി ബന്ധപ്പെട്ട് ടൂറിസം കേന്ദ്രീകരിച്ച് ഒരു ആർട്ട് ഗ്യാലറി ആരംഭിക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്. മലയാള സിനിമയിലെ അതുല്യ പ്രതിഭയായിരുന്ന ഒടുവിൽ ഉണ്ണിക്കൃഷ്ണന്റെ നാട് എന്റെ നിയോജകമണ്ഡലത്തിലെ കേരളശ്ശേരിയിലാണ്. നിരവധി കലാപ്രതിഭകളെ

വാർത്തെടുക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയസംഗീതം, വാദ്യോപകരണങ്ങൾ, നൃത്തം, ഓട്ടൻതുള്ളൽ തുടങ്ങിയവ അഭ്യസിക്കാനുള്ള ഒരു കേന്ദ്രമെന്ന നിലയിൽ ഒടുവിൽ ഉണ്ണിക്കൃഷ്ണൻ സ്മാരകത്തെ ഒരു സാംസ്കാരിക കേന്ദ്രമായി ഉയർത്തിക്കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. അതോടൊപ്പം പാലക്കാടിന്റെ തനത് കലാരൂപമായ പൊറാട്ടുനാടകം അന്യംനിന്നുപോകാതെ കാത്തുസൂക്ഷിക്കാൻ മണ്ണൂരിൽ പൊറാട്ടുനാടക ഗവേഷണ കേന്ദ്രവും പത്തിരിപ്പാലയിലെ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ ബിരുദാനന്തര ബിരുദ കോഴ്സുകളും ന്യൂ ജനറേഷൻ കോഴ്സുകളും ആരംഭിക്കണം. എന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളായ കാഞ്ഞിരപ്പുഴ അണക്കെട്ട്, ശിരുവാണി അണക്കെട്ട്, മീൻവല്ലം വെള്ളച്ചാട്ടം തുടങ്ങിയവയെ കോർത്തിണക്കി ഇക്കോ ടൂറിസം ഹബ്ബ് ആരംഭിക്കണം. അതുപോലെ ഇന്ത്യയിൽ ആദ്യമായി വൈദ്യുതി ഉൽപാദിപ്പിക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം പാലക്കാട് ജില്ലാപഞ്ചായത്താണ്. കരിമ്പയിലെ മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതിയാണത്. അതുമായി ബന്ധപ്പെട്ട് ആറ്റില, വട്ടപ്പാറ എന്നീ രണ്ട്

വെള്ളച്ചാട്ടങ്ങൾ അവിടെയുണ്ട്. ഈ രണ്ട് പ്രദേശങ്ങളിലും മിനി ഹൈഡൽ പ്രോജക്ടുകൾ കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. പറളിയെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. കേരളത്തിന്റെ കായിക ഭൂപടത്തിൽ പാലക്കാട് ജില്ലയെ രേഖപ്പെടുത്തിയതിൽ പറളി ഹയർ സെക്കൻഡറി സ്കൂൾ ഒന്നാം സ്ഥാനത്താണ്. പറളിയിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കിഫ്ബിയിൽ ഉൾപ്പെടുത്തി ഏഴരക്കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച അതിമനോഹരമായ സ്പോർട്സ് ഫെസിലിറ്റി സെന്ററിൽ അത്യാധുനിക പരിശീലനത്തിനാവശ്യമായ സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. കൂടാതെ, പറളിയിൽ ഒരു സ്പോർട്സ് അക്കാദമികൂടി ആരംഭിക്കാൻ പ്രിയപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ബജറ്റിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിനെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. കേന്ദ്ര

സർക്കാരിന്റെ ഉപരോധ സമാനമായ സാമ്പത്തിക അവഗണനയിൽ കേരളത്തിനുണ്ടായ സാമ്പത്തിക ഞെരുക്കത്തെ മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ മറികടക്കാൻ സർക്കാരിന് സാധിച്ചു. സംസ്ഥാനം ഒരു പുതിയ ടേക്ക് ഓഫിന് തയ്യാറായിരിക്കുന്നുവെന്നും സാമ്പത്തിക ഞെരുക്കത്തെ മറികടന്നുകൊണ്ട് വികസനത്തിന്റെ പുതിയ ധാരയിലേയ്ക്ക് എത്തുന്നുവെന്നുമുള്ള ശുഭസൂചകമായ അവതരണത്തോടുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രി ബജറ്റിന് തുടക്കംകുറിച്ചത്. നിലവിലെ നമ്മുടെ സാഹചര്യമെന്താണ്? കേന്ദ്ര ബജറ്റിൽ കേരളത്തെ പാടെ അവഗണിച്ചുവെന്ന് പറയാതിരിക്കാൻ വയ്യ. കേരളമെന്ന വാക്കുപോലും ഒരിടത്തും ഉച്ചരിക്കാത്ത രീതിയിലായിരുന്നു ബജറ്റ് അവതരിപ്പിച്ചത്. മാന്ദ്യവിരുദ്ധ പാക്കേജിനായി 24,000 കോടി രൂപയും മുണ്ടക്കൈ-ചൂരൽമല പുനരധിവാസ പാക്കേജിനായി 2,000 കോടി രൂപയും ആവശ്യപ്പെട്ടെങ്കിലും നൽകിയില്ല. നൽകുമെന്ന് വളരെ പ്രതീക്ഷയായിരുന്നു, പക്ഷേ നൽകിയില്ല. ബഹുമാനപ്പെട്ട പ്രധാനമന്ത്രി നേരിട്ട് അവിടം സന്ദർശിച്ചതാണ്. ദേശീയപാത വികസനത്തിനായി കിഫ്ബിയിൽനിന്നും നൽകിയ 6500 കോടി രൂപയ്ക്ക് പകരമായി

കടമെടുക്കാനുള്ള അനുമതി ആവശ്യപ്പെട്ടെങ്കിലും അതും നൽകിയില്ല. വി.ജി.എഫ്. (വയബിലിറ്റി ഗ്യാപ് ഫണ്ട്) ഉൾപ്പെടെ വിഴിഞ്ഞം പാക്കേജിനായി 5000 കോടി രൂപ ആവശ്യപ്പെട്ടതും നൽകിയില്ല. കേരളത്തിൽ എയിംസ് അനുവദിക്കണമെന്ന് 10 വർഷത്തോളമായി ആവശ്യപ്പെടുന്നുണ്ടെങ്കിലും അനുവദിച്ചില്ല. ഇത്തരത്തിൽ ഒരു കേരള വിരുദ്ധ ബജറ്റ് അവതരിപ്പിച്ചുകൊണ്ട് മലയാളികളെ വെല്ലുവിളിക്കുന്ന രീതിയുമായാണ് കേന്ദ്ര സർക്കാർ മുന്നോട്ടുപോകുന്നത്. നമ്മുടെ കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കുന്നതും സാമ്പത്തിക ഉപരോധം തീർക്കുന്നതുമായിട്ടുള്ള കേന്ദ്ര നിലപാടിനെതിരെ ഈ ഗവൺമെന്റിന് സുപ്രീംകോടതിയെ സമീപിക്കേണ്ടിവന്നു. ഇന്ത്യാ രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് കേന്ദ്ര സർക്കാരിനെതിരെ ഒരു സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ സമീപിക്കുന്നതെന്ന് എനിക്ക് തോന്നുന്നു. നമ്മുടെ ഫെഡറൽ സംവിധാനത്തെ നിലനിർത്താൻ വേണ്ടിയുള്ള ഒരു വലിയ സമരത്തിന്റെ ഭാഗമായിട്ടാണ് ഇതിനെ നാം കാണേണ്ടത്. ഇപ്പോൾ സുപ്രീംകോടതി അത് അഞ്ചംഗ ഭരണഘടനാ ബഞ്ചിന് വിട്ടിരിക്കുകയാണ്. നമ്മളോടൊപ്പം മറ്റ്

സംസ്ഥാനങ്ങളും ഈ വിഷയത്തിൽ കക്ഷി ചേർന്നിരിക്കുന്നുവെന്നത് വളരെ ശുഭസൂചകമാണ്. ഈ നാടിന്റെ വികസനത്തെ പിന്നോട്ടടിപ്പിക്കുന്ന കേന്ദ്ര നയങ്ങളെ മറികടക്കാൻ പ്ലാൻ വിഭവങ്ങൾ മാത്രം മതിയാകില്ല. അർഹമായ കേന്ദ്ര വിഹിതം ലഭ്യമാക്കാതിരിക്കുകയും ലഭ്യമാക്കുന്നവ വൈകിപ്പിക്കുകയും ഗ്രാന്റുകൾ വെട്ടിക്കുറയ്ക്കുകയും ചെയ്യുന്ന അവസരത്തിൽ ബദൽ മാർഗ്ഗങ്ങൾ ആലോചിക്കേണ്ടിവരും. അങ്ങനെ നമ്മൾ പരീക്ഷിച്ച കിഫ്ബി എന്ന പദ്ധതി ഏറ്റവും വിജയകരമായിരുന്നു. നമ്മുടെ മൂലധന ചെലവിൽ കഴിഞ്ഞ അഞ്ചാറ് വർഷങ്ങൾകൊണ്ടുണ്ടായ പുരോഗതി കാണാതിരിക്കാൻ സാധിക്കില്ല. ജനോപകാരപ്രദവും സാമൂഹികക്ഷേമ പെൻഷൻ അടക്കമുള്ള സാമൂഹ്യനീതിയിൽ അധിഷ്ഠിതവുമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോഴും വികസന കാര്യത്തിൽ ഒരിഞ്ചുപോലും പിന്നോട്ടുപോകാൻ നമ്മൾ തയ്യാറായില്ലെന്നതും എടുത്തുകാണണം. ഇന്നലത്തെ ചർച്ചകളിൽ പ്രതിപക്ഷാംഗങ്ങൾ കിഫ്ബിയെക്കുറിച്ച് ആശങ്ക പ്രകടിപ്പിക്കുകയും കിഫ്ബി എന്നത് തെറ്റായ തീരുമാനമായിരുന്നുവെന്ന് ആവർത്തിച്ച് സംസാരിക്കുകയും ചെയ്തു. കിഫ്ബി വഴി നടപ്പാക്കിയ

പദ്ധതികൾ പ്ലാൻ ഫണ്ട് വഴി നടപ്പാക്കാൻ തീരുമാനിച്ചിരുന്നെങ്കിൽ പത്തോ പതിനഞ്ചോ ഇരുപതോ വർഷംകൊണ്ടുമാത്രമെ പൂർത്തിയാക്കാൻ സാധിക്കുമായിരുന്നുള്ളൂ. ആ പദ്ധതികളാണ് ഈ കുറഞ്ഞ കാലയളവുകൊണ്ട് നടപ്പാക്കാൻ സാധിച്ചതെന്നത് എടുത്തുപറയേണ്ടതാണ്. ഇവിടത്തെ പ്രശ്നം പലപ്പോഴും പ്രവൃത്തികൾ പൂർത്തിയാക്കാൻ കാലതാമസം വരുന്നുവെന്നതാണ്. അതിനുള്ള കാരണം, കിഫ്ബിയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് എസ്.പി.വി.-ക്കോ കോൺട്രാക്ടർമാർക്കോ പ്രവൃത്തികൾ ചെയ്യാൻ സാധിക്കുന്നില്ലെന്നതാണെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. അതിനെല്ലാം പരിഹാരം കണ്ടെത്തി എത്രയും വേഗത്തിൽ പദ്ധതി പൂർത്തിയാക്കുകയെന്നതാണ് നമ്മുടെ ലക്ഷ്യം. കിഫ്ബിയുടെ റവന്യൂ മോഡലിനെക്കുറിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. ഇന്ന് ബഹുമാനപ്പെട്ട പിറവം അംഗം കിഫ്ബി റോഡുകൾക്ക് ടോൾ പിരിക്കുമോ എന്ന് ചോദിച്ചു. അങ്ങനെയൊരു പ്രഖ്യാപനം ബജറ്റിലുണ്ടാകാത്ത സാഹചര്യത്തിൽ ആ ചോദ്യത്തിന് പ്രസക്തിയില്ല. റവന്യൂ ജനറേറ്റ് ചെയ്യാൻ സാധിക്കുന്ന ബദൽ

മാർഗ്ഗങ്ങൾ എങ്ങനെ കണ്ടെത്താമെന്ന് ബജറ്റിൽ പറയുന്നുണ്ട്. കൊല്ലം, കൊട്ടാരക്കര ഐ.ടി. പാർക്കുകളെക്കുറിച്ച് പറയുന്നുണ്ട്. സ്വകാര്യ വസ്തുക്കൾ ഏറ്റെടുക്കാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും കൈവശമുള്ള ഭൂമിയിൽ ഷോപ്പിങ് കോംപ്ലക്സുകളും ഐ.ടി. പാർക്കുകളും മാളുകളുമൊക്കെ നിർമ്മിച്ച് റവന്യൂ ജനറേറ്റ് ചെയ്യുന്ന മോഡലിനെക്കുറിച്ച് ബജറ്റിൽ പരാമർശിക്കുകയുണ്ടായി. അത്തരം പോസിറ്റീവായ ചർച്ചകളിലേയ്ക്ക് നമ്മൾ കടക്കണം. അതുപോലെ ഹോസ്പിറ്റലുകളും ടൂറിസം സെന്ററുകളും കിഫ്ബി വഴി വികസിപ്പിക്കാൻ സാധിക്കണം. ആശുപത്രികളിൽ പേവാർഡുകൾ ഉൾപ്പെടെ അത്തരത്തിൽ വികസിപ്പിച്ചാൽ എച്ച്.എം.സി.-ക്കുപോലും ഗുണകരമാകുന്ന രീതിയിലേയ്ക്ക് പദ്ധതിയെ മാറ്റാൻ സാധിക്കും. അതിനെയൊക്കെ നമ്മൾ എതിർക്കേണ്ട കാര്യമില്ല. രാജ്യം ഇന്നുവരെ കാണാത്ത രീതിയിൽ ബി.ജെ.പി. സർക്കാർ സംസ്ഥാനത്തിനുനേരെ വിവേചനപരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ മതേതര സമൂഹമായ കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത്, പ്രതിപക്ഷം കുറച്ചുകൂടി ക്രിയേറ്റീവ് ഓപ്പോസിഷനായി

മാറണമെന്നാണ്. കിഫ്ബിപോലുള്ള പദ്ധതികളെ ഡിസ്ട്രക്ട് ചെയ്ത് ഒരു ഡിസ്ട്രക്ടീവ് ഓപ്പോസിഷനായി മാറരുതെന്നാണ് ഇത്തരുണത്തിൽ എനിക്ക് വിനീതമായി അഭ്യർഥിക്കാനുള്ളത്.

കഴിഞ്ഞ പത്ത് വർഷത്തെ കണക്ക് പരിശോധിക്കുമ്പോൾ നമ്മുടെ തനത്, നികുതിയേതര വരുമാനം ഇരട്ടിയോളം വർധിച്ചുവെന്നത് കാണാതെ പോകരുത്. നികുതി പിരിവിനെ കൗടില്യന്റെ അർഥശാസ്ത്രത്തിലെ വാചകവുമായാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എപ്പോഴും താരതമ്യം ചെയ്യുന്നത്. ഒരു പൂവിൽനിന്നും ഒരു വണ്ട് തേനെടുക്കുന്നതുപോലെ ലളിതമായും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിലുമായിരിക്കണം നികുതി പിരിവ് എന്നാണ് പറയുന്നത്. അതുതന്നെയല്ലേ സംഭവിച്ചത്? നമ്മുടെ നികുതി വരുമാനം ഇക്കാലയളവിൽ ഇരട്ടിയാക്കാൻ സാധിച്ചു. പക്ഷേ ഭാരിച്ച ബുദ്ധിമുട്ടുകൾ ജനങ്ങളിലേയ്ക്ക് എത്തിച്ചില്ലെന്നത് എടുത്തുപറയേണ്ടതുണ്ട്. ഇന്നലത്തെ ചർച്ചയിൽ Ease of Doing Business-ൽ കേരളം ഒന്നാമത് വന്നുവെന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗം അതിനെ താരതമ്യപ്പെടുത്തിയത് പരീക്ഷയിൽ പരാജയപ്പെട്ട

കുട്ടികൾ സേ പരീക്ഷ എഴുതിയിട്ട് അതിൽ ഒന്നാം റാങ്ക് ലഭിച്ചുവെന്ന് പറയുന്നതുപോലെയാണെന്നാണ്. അദ്ദേഹം പരിഹാസ രൂപേണയാണ് അത് സൂചിപ്പിച്ചത്. പക്ഷേ അദ്ദേഹത്തിന്റെ അറിവിലേയ്ക്ക് ഞാൻ ഒരുകാര്യം പറയാം. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ കീഴിലുള്ള Department for Promotion of Industry and Internal Trade ചെയ്തിട്ടുള്ള State Business Reforms Action Plan-ൽ Ease of Doing Business-ൽ ഓരോ സംസ്ഥാനവും കേന്ദ്രഭരണ പ്രദേശവും എത്രത്തോളം പുരോഗതി കൈവരിച്ചു എന്നതിനെ ഒരു സർവെയിലൂടെ കണ്ടെത്തിയിട്ടാണ് മികച്ച സംസ്ഥാനങ്ങളെ തിരഞ്ഞെടുത്തത്. ഇതിൽ ഒൻപത് റിഫോംസ് വരുത്തിയ നമ്മുടെ വ്യവസായ വകുപ്പിനെയാണ് കേന്ദ്ര വ്യവസായ വകുപ്പുമന്ത്രി അനുമോദിച്ചത്. സംസ്ഥാന വ്യവസായ വകുപ്പുമന്ത്രിമാരുടെ സമ്മിറ്റിൽവച്ചാണ് ആദരവ് നൽകിയത്. ഇതിനെ നമ്മൾ അഭിമാനത്തോടെയല്ലേ കാണേണ്ടത്; നമ്മുടെ നാടിനുണ്ടായ മാറ്റത്തെ സ്വീകരിക്കുകയല്ലേ ചെയ്യേണ്ടത്? അതിനുപകരം അത് തെറ്റായ കാപ്സ്യൂളുകളാണെന്നും ഭരണപക്ഷം അത് വിഴുങ്ങിയെന്നുമുള്ള രീതിയിൽ

അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹം അത് ഒന്നുകൂടി പഠിച്ച് തിരുത്തണമെന്ന് ആവശ്യപ്പെടുകയാണ്. Ease of Doing Business-ൽ രണ്ടാം സ്ഥാനത്ത് ആന്ധ്രാപ്രദേശും മൂന്നാം സ്ഥാനത്ത് ഗുജറാത്തുമാണ്. റിഫോംസ് വരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ സംസ്ഥാനങ്ങളെ തിരഞ്ഞെടുത്തത്. ഇൻവെസ്റ്റർമാരുടെയും മറ്റ് ബിസിനസ്സ് ജേണലുകളുടെയുമൊക്കെ അഭിപ്രായം ആരാഞ്ഞുകൊണ്ടാണ് ഇത്തരത്തിലുള്ള തിരഞ്ഞെടുപ്പുണ്ടായത്. കേന്ദ്ര സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ച Special Assistance to States for Capital Expenditure Scheme-ൽ ഏതാണ്ട് ഒന്നര ലക്ഷം കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതുപ്രകാരം 50 വർഷ കാലാവധിയുള്ള പലിശരഹിത വായ്പയാണ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നത്. സംസ്ഥാനത്തിന്റെ മികച്ച പ്രവർത്തനത്തിലൂടെ പ്രസ്തുത വായ്പ പരമാവധി നേടിയെടുക്കാനുള്ള ശ്രമം സംസ്ഥാന ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സന്ദർഭവശാൽ സൂചിപ്പിക്കുകയാണ്.

എന്റെ നിയോജകമണ്ഡലത്തെക്കുറിച്ച് പറയുമ്പോൾ, ചവറയിലെ

ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ ബജറ്റിനെ നോക്കിക്കണ്ടത്. കെ.എം.എം.എൽ. (കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്)-ന്റെ പരിസര പ്രദേശത്ത് ചിറ്റൂർ, പന്മന, കളരി എന്നീ വാർഡുകളിലായി സ്ഥിതിചെയ്യുന്ന മലിനീകരിക്കപ്പെട്ട ഭൂമി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഘട്ടംഘട്ടമായി ഏറ്റെടുക്കാമെന്ന് തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 76 ഏക്കർ ഭൂമി ഒന്നാം ഘട്ടമായി എടുക്കാൻ തീരുമാനിച്ചു. വിഴിഞ്ഞം തുറമുഖം, ഡി.പി. വേൾഡ് വ്യാപാരകേന്ദ്രം തുടങ്ങിയവയൊക്കെ വന്ന സ്ഥിതിക്ക് പ്രസ്തുത സ്ഥലം ഏറ്റെടുത്ത് ലോജിസ്റ്റിക് പാർക്ക് ആരംഭിക്കുന്നതിന് നല്ല സാഹചര്യമാണുള്ളത്. നാഷണൽ വാട്ടർവേ, റയിൽവേ, നാഷണൽ ഹൈവേ എന്നിവയുടെ സാമീപ്യവുമുണ്ട്. അല്ലെങ്കിൽ ലാൻഡ് പൂളിലേയ്ക്ക് കിൻഫ്ര വഴി കിഫ്ബി ഫണ്ട് ഉപയോഗിച്ചുകൊണ്ട് ഈ ഭൂമി ഏറ്റെടുക്കാനുള്ള സാധ്യത പരീക്ഷിക്കണം. ഐ.ആർ.ഇ.എൽ. (ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡ്)-ഉം കെ.എം.എം.എൽ.-ഉം ചേർന്ന് പുതിയ പ്രോഡക്ടുകൾ ഉൽപാദിപ്പിക്കാനുള്ള പദ്ധതികൾ ആരംഭിക്കാൻ ശ്രമിക്കുന്നുണ്ട്. അതിനായും ഈ സ്ഥലം ഉപയോഗിക്കാം. അല്ലെങ്കിൽ

ഡി.ആർ.ഡി.ഒ. (ഡിഫൻസ് റിസർച്ച് & ഡെവലപ്മെന്റ് ഓർഗനൈസേഷൻ)-യും ഐ.എസ്.ആർ.ഒ.-യും കെ.എം.എം.എൽ.-ഉം ചേർന്നുള്ള സ്പോഞ്ച് നിർമ്മാണ യൂണിറ്റും ആലോചിക്കുന്നുണ്ട്. എങ്ങനെയായാലും ഈ സ്ഥലം ഏറ്റെടുക്കാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് വിനീതമായി അഭ്യർഥിക്കുകയാണ്. നിർദിഷ്ട തീരദേശ ഹൈവേയിൽ ചവറ നിയോജകമണ്ഡലത്തിലെ നീണ്ടകര, ചവറ, പന്മന പഞ്ചായത്തിന്റെ ഭാഗികമായ ഭാഗം എന്നിവ ഒഴിവാക്കിയിരിക്കുകയാണ്. അത് മത്സ്യബന്ധന മേഖലയാണ്, ഒരു സൈഡ് കായലും മറുസൈഡ് കടലുമായി കിടക്കുന്ന ഏറ്റവും മനോഹരമായ ടൂറിസ്റ്റ് പ്രദേശംകൂടിയാണ്. തീരദേശ ഹൈവേ വരുമ്പോൾ ആ പ്രദേശത്തുണ്ടാകുന്ന വികസനം, ജനങ്ങൾക്കുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ കണക്കിലെടുത്ത് നിർദിഷ്ട പ്ലാനിൽ മാറ്റംവരുത്താൻ സർക്കാരിന്റെ ഭാഗത്തുനിന്ന് ഇടപെടലുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു. ഒരിക്കൽക്കൂടി ഈ ബജറ്റിന് പൂർണ്ണ പിന്തുണ അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുന്നു.

ഇടതുപക്ഷ നയങ്ങളെ തൃണവൽക്കരിച്ചുകൊണ്ട് മുതലാളിത്ത സമീപനങ്ങൾക്ക് പാലൂട്ടുന്നതും കേരള ജനതയുടെ സാമാന്യബോധത്തെ വെല്ലുവിളിക്കുന്നതുമായ സി.പി.ഐ.(എം.) നയങ്ങളാണ് ഈ ബജറ്റിലൂടനീളം നമുക്ക് കാണാൻ സാധിക്കുന്നത്. കഴിഞ്ഞ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പട്ടികവർഗ വിഭാഗത്തിനുള്ള 111 കോടി രൂപയും പട്ടികജാതി വിഭാഗത്തിനുള്ള 500 കോടി രൂപയും ലൈഫ് മിഷൻ പദ്ധതിക്കുള്ള 180 കോടി രൂപയും വെട്ടിക്കുറച്ചു. പിന്നാക്ക വികസന കോർപ്പറേഷന്റെ വിഹിതം ഒൻപത് കോടി രൂപയിൽനിന്ന് ഏഴരക്കോടി രൂപയായി വെട്ടിക്കുറച്ചു. വിദ്യാർഥികളുടെ സ്കോളർഷിപ്പ് തുകയും ഉച്ചഭക്ഷണ തുകയും കുറച്ചു. ഇത്തരത്തിൽ എല്ലാ തുകകളും വെട്ടിക്കുറച്ചതായാണ് ഈ ബജറ്റിൽ കാണാൻ സാധിക്കുന്നത്. പാവപ്പെട്ട പാചകത്തൊഴിലാളികളുടെ ഇൻസെന്റീവ് മാസങ്ങളായി മുടങ്ങിക്കിടക്കുന്നതിനാൽ അവർ വലിയ ബുദ്ധിമുട്ട് നേരിടുകയാണ്. ധാരാളം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയെന്ന നിലയിൽ അത് നൽകാനുള്ള തീരുമാനമെങ്കിലും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. കഴിഞ്ഞ ബജറ്റിലും സർക്കാർ

ധാരാളം പ്രഖ്യാപനങ്ങൾ നടത്തിയിരുന്നു. പക്ഷേ അതൊന്നും നടപ്പാക്കുന്നതായി കാണാൻ സാധിക്കുന്നില്ല.

3.00p.m]

കഴിഞ്ഞ ബജറ്റിൽ വിദേശത്തുള്ളവർക്കുൾപ്പെടെ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ നാട്ടിലുള്ളവർക്കുപോലും ചികിത്സ ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. പല മെഡിക്കൽ കോളേജുകളുടെയും അവസ്ഥ വളരെ ദയനീയമാണ്. മരുന്നുകൾ കിട്ടാനില്ല; ആശുപത്രികളിൽ രോഗികൾ വലിയ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്; മതിയായ ജീവനക്കാരില്ല. നിലവിലുള്ളവർക്ക് ജോലിഭാരം കൂടുന്നത് രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഡയാലിസിസിന് ആവശ്യമായ മരുന്നുകൾ ലഭ്യമല്ലാത്തതിനാൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ രോഗികളും വലിയ ബുദ്ധിമുട്ടിലാണ്. പുറമെ നിന്ന് കൂടിയ വിലയ്ക്ക് മരുന്ന് വാങ്ങേണ്ടിവരുന്നു. സ്വകാര്യ മരുന്ന് കമ്പനികൾ ഇവരെ വൻതോതിൽ ചൂഷണം ചെയ്യുകയാണ്. ആരോഗ്യമേഖലയ്ക്ക് ആവശ്യമായ ധനസഹായം നൽകി പാവപ്പെട്ട ജനങ്ങൾക്ക് മതിയായ ചികിത്സാ സൗകര്യം ലഭിക്കാനാവശ്യമായ പദ്ധതികൾ സർക്കാരിന്റെ

ഭാഗത്തുനിന്നുണ്ടാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. മത്സ്യത്തൊഴിലാളി വനിതകളുടെ വിധവാ പെൻഷൻ മുടങ്ങിയിട്ട് മാസങ്ങളായി. ഏകദേശം ആറ് മാസത്തിലധികമായി പെൻഷൻ ലഭ്യമാകാത്ത സാഹചര്യമാണ്. മാത്രമല്ല, കേരളത്തിലെ കടൽതീരങ്ങൾ സുരക്ഷിതമല്ല. കടൽഭിത്തികൾ നിർമ്മിക്കുന്നതിൽ അശാസ്ത്രീയ രീതികൾ തുടർന്നുവരികയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഏകദേശം പത്ത് കിലോമീറ്ററിലധികം കാലപ്പഴക്കമുള്ള കടൽഭിത്തികളാണുള്ളത്. ഇവ വലിയതോതിൽ മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ ബാധിക്കുകയാണ്. ഇത് പരിഹരിക്കാനാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. 'പുനർഗേഹം' ഉൾപ്പെടെയുള്ള പദ്ധതികൾക്ക് വളരെ ചെറിയ തുകയാണ് ബജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ഈ തുകകൊണ്ട് സാധാരണക്കാർക്ക് വീട് വയ്ക്കാനോ, സ്ഥലം വാങ്ങാനോ കഴിയില്ല. കൂടാതെ സർക്കാർ ജീവനക്കാർക്ക് നൽകാനുള്ള 42,000 കോടി രൂപ തടഞ്ഞുവച്ചിരിക്കുകയാണ്. ജൽ ജീവൻ മിഷന്റെ ഭാഗമായി 400 കോടി രൂപ നൽകാനുണ്ട്. ഇത്തരം പദ്ധതികൾക്ക് നൽകാനുള്ള തുക കുടിശ്ശികയാകുന്ന സാഹചര്യമാണ് തുടർച്ചയായി

കാണുന്നത്. കോടതി ഫീസുകൾ വലിയ തോതിൽ വർധിച്ചിരിക്കുകയാണ്. കോടതിയെ ആശ്രയിക്കേണ്ടിവരുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള പാവപ്പെട്ടവർക്ക് നീതി ലഭ്യമാക്കാൻ കഴിയാത്ത രൂപത്തിലേയ്ക്ക് കഴിഞ്ഞതവണയും ഇത്തവണയും കോടതി ഫീസ് വർധിപ്പിക്കുകയുണ്ടായി. നിലവിലുള്ള ഭ്രനികൃതി നിരക്കുകൾ 50% വർധിപ്പിച്ചിരിക്കുകയാണ്. ഇങ്ങനെ എല്ലാ അർഥത്തിലും സാധാരണക്കാരെ ഈ ബജറ്റിലൂടെ ദ്രോഹിക്കുകയാണ്. യഥേഷ്ടം കച്ചവടം നടത്തിയിട്ടും രക്ഷ കാണാതെ വൻഇളവുമായി മദ്യനിർമ്മാണ കമ്പനിയെ രംഗത്തിറക്കിയിരിക്കുകയാണ് ഈ തൊഴിലാളി സർക്കാർ. കേരള സർക്കാരിന്റെ മദ്യനയം മുൻകൂട്ടി കണ്ടിട്ടാകും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിലേയ്ക്കുകൂടി മദ്യനിർമ്മാണ കമ്പനി ഇപ്പോൾ നീങ്ങുന്നത്. ഇതെല്ലാം ഇടതുപക്ഷ സർക്കാരിന്റെ പുതിയ നയമാണോയെന്ന് വിശദീകരിച്ചാൽ നന്നായിരിക്കും. കേന്ദ്ര അവഗണനയെക്കുറിച്ച് വാതോരാതെ സംസാരിക്കുന്ന സർക്കാർ പ്രതിപക്ഷാംഗങ്ങളുടെ നിയോജകമണ്ഡലങ്ങളെ ഏത് രൂപത്തിലാണ് അവഗണിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. എന്റെ

നിയോജകമണ്ഡലത്തിന്റെ തൊട്ടടുത്ത നിയോജകമണ്ഡലങ്ങളിൽ പതിനാറും പതിനേഴും കോടിയോളം രൂപ അനുവദിച്ചപ്പോൾ അഞ്ച് കോടി രൂപമാത്രമാണ് എന്റെ നിയോജകമണ്ഡലത്തിലേയ്ക്ക് നീക്കിവച്ചിരിക്കുന്നത്. വടകരയിലെ ചോമ്പാൽ ഫിഷിങ് ഹാർബർ വളരെക്കാലമായി പരിതാപകരമായ അവസ്ഥയിലാണ്. ഇക്കാര്യം നിരവധി തവണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. നാളിതുവരെയും യാതൊരു നടപടിയുമുണ്ടായിട്ടില്ല. ഈ ബജറ്റിൽ അതിനുവേണ്ടി ഒരു തുക നീക്കിവയ്ക്കാൻ സർക്കാർ തയ്യാറാകണമെന്നുകൂടി അഭ്യർഥിക്കുന്നു. സർക്കാരിനെ കിഫ്ബി മറ്റൊരു തരത്തിലേക്ക് മാറ്റിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഒരിക്കൽകൂടി ബജറ്റിനെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ്: സർ, ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്രസർക്കാർ കേരളത്തോടുള്ള അവഗണന തുടരുന്ന സാഹചര്യത്തിലും പ്രതീക്ഷാനിർഭരമായ ഒരു ബജറ്റാണ് പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. കേരള ബജറ്റിനുമുമ്പാണ് കേന്ദ്ര ബജറ്റ്

അവതരിപ്പിക്കപ്പെട്ടത്. കേന്ദ്ര ബജറ്റിലൂടെ കേരളത്തെ ശത്രുവായി പ്രഖ്യാപിച്ചിരിക്കുന്നുവെന്ന് കേന്ദ്രം ആവർത്തിച്ച് പറയുന്നതാണ് കാണാൻ കഴിയുന്നത്. കേരളത്തിന്റെ വികസന നേട്ടങ്ങളാണ് സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം നൽകാതിരിക്കുന്നതിന് കാരണമെന്ന് ഇവിടെനിന്ന് തിരഞ്ഞെടുക്കപ്പെട്ട രണ്ട് കേന്ദ്ര മന്ത്രിമാർ പറയുന്നത് ദൗർഭാഗ്യകരമാണെന്ന് പറയാതിരിക്കാൻ കഴിയില്ല. കേന്ദ്രം ഭരിക്കുന്ന പാർട്ടി നേതാക്കളുടെ സ്വത്തിന്റെ ഒരു ഭാഗമല്ല കേരളത്തിലെ ജനങ്ങൾ ആവശ്യപ്പെടുന്നത്. ഈ നാട്ടിലെ ജനങ്ങളുടെ വിയർപ്പിന്റെ ഓഹരിയാണ് ചോദിക്കുന്നതെന്ന ബോധ്യം കേന്ദ്രസർക്കാരിനുണ്ടാകണമെന്നും സൂചിപ്പിക്കുകയാണ്. ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് യഥേഷ്ടം പണം അനുവദിക്കുകയാണ്. ഉത്തർപ്രദേശ് പോലുള്ള സംസ്ഥാനങ്ങൾക്ക് ആകെ നികുതി വരുമാനത്തിന്റെ 18 ശതമാനവും ബി.ജെ.പി.-യെ ഏറ്റവും ശക്തമായി എതിർക്കുന്ന, മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്ന ഇന്ത്യയിലെ ഏറ്റവും മികച്ച

സംസ്ഥാനമായ കേരളത്തിന് കേവലം 1.92 ശതമാനവും വിഹിതം നൽകുന്ന രീതിയിൽ ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ, സംസ്ഥാനങ്ങളുടെ ജനസംഖ്യാനുപാതം നോക്കണമെന്നാണ് സംഘി ചാനലുകളിൽ ആർ.എസ്.എസ്./ബി.ജെ.പി. അനുഭാവികൾ ഉറഞ്ഞുതുള്ളി പറയുന്നത്. കേരളത്തേക്കാൾ ജനസംഖ്യ കുറഞ്ഞ സംസ്ഥാനമാണ് ഛത്തീസ്ഗഢ്. എന്നാൽ കേരളത്തിന് അനുവദിച്ച നികുതി വിഹിതത്തിന്റെ ഇരട്ടിയാണ് അവർക്ക് നൽകുന്നത്. കേരളത്തിലേതുപോലെ ജനസംഖ്യയുള്ള ആസാമിലും നമുക്ക് അനുവദിച്ചതിനേക്കാൾ ഇരട്ടിത്തുക നൽകുകയാണ്. ബി.ജെ.പി.-ക്കെതിരായ നിലപാട് സ്വീകരിക്കുന്നു എന്നതിന്റെ പേരിൽ കേരളത്തോട് ശത്രുതാ മനോഭാവം കാണിക്കുന്നത് അതീവ ദുഃഖകരമാണ്. ഇന്ത്യ കണ്ട ഏറ്റവും വലിയ ദുരന്തങ്ങളിലൊന്നാണ് മുണ്ടക്കൈ-ചൂരൽമലയിൽ സംഭവിച്ചത്. ദുരന്തം നടന്ന് ദിവസങ്ങൾക്കകം അവിടെയെത്തിയ പ്രധാനമന്ത്രിയെക്കുറിച്ചും അദ്ദേഹത്തിന്റെ താടിയെക്കുറിച്ചും

വാർത്തയെഴുതിയ മാധ്യമങ്ങളും ലേഖനങ്ങൾ സൃഷ്ടിച്ചവരും കേരളത്തിലെ ദുരന്തഭൂമിക്കുവേണ്ടി ഒരു നയാപൈസപോലും കേന്ദ്രസർക്കാർ നീക്കിവച്ചിട്ടില്ലെന്നതിനെ എങ്ങനെയാണ് നോക്കിക്കണ്ടതെന്ന് ഈ സഭ ഗൗരവമായി ചർച്ച ചെയ്യണം. മറ്റ് സംസ്ഥാനങ്ങളോട് ഇവർ സ്വീകരിക്കുന്ന സമീപനം ഇങ്ങനെയല്ല. നമ്മളേക്കാൾ കുറഞ്ഞ ആഘാതമുണ്ടായ സംസ്ഥാനങ്ങൾക്ക് വാരിക്കോരി നഷ്ടപരിഹാരം നൽകുകയാണ്. ബജറ്റിന്റെ ഭാഗമായി ആന്ധ്രാപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങൾക്ക് 3448 കോടി രൂപയും ദുരന്തത്തിന്റെ ഭാഗമായി ബീഹാറിന് 11500 കോടി രൂപയും മഹാരാഷ്ട്രയ്ക്ക് 1492 കോടി രൂപയും ആസാമിന് 716 കോടി രൂപയും നീക്കിവച്ചു. ഏതുവിധേനയും കേരളം രക്ഷപ്പെടരുതെന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. കേന്ദ്ര ബജറ്റിനെ എങ്ങനെ മറികടക്കാമെന്ന ദീർഘവീക്ഷണത്തിന്റെ കാഴ്ചപ്പാടിലാണ്, വരുമാനം പരമാവധി വർധിപ്പിച്ചുകൊണ്ട് കേരളസർക്കാർ പിടിച്ചുനിൽക്കുന്നതെന്നാണ് ഈ അവസരത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളം പ്രതീക്ഷയോടുകൂടി കാത്തുനിന്ന എയിംസ് ലഭ്യമായില്ല. വിഴിഞ്ഞം

പദ്ധതിക്ക് ആവശ്യമായ തുക അനുവദിക്കുന്നില്ല. മറ്റ് പദ്ധതികളുമില്ല. കേരളത്തിലെ ജനത ഇന്ത്യയുടേതല്ലേ എന്ന് സംശയിപ്പിക്കുന്ന വിധത്തിലാണ് കേന്ദ്രസർക്കാരിന്റെ ബജറ്റ്. ഈ അവസരത്തിൽ, ഇവിടത്തെ ജനങ്ങൾ കേരള ബജറ്റിനെ കൂടുതൽ പ്രതീക്ഷയോടെയാണ് കാണുന്നത്. ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ 2001 എന്ന വർഷത്തെ നമുക്ക് മറക്കാൻ കഴിയില്ല. 2001 ജനുവരി 26-നാണ് ഗുജറാത്തിലെ കച്ച് ജില്ലയിൽ വലിയൊരു ദുരന്തമുണ്ടായത്. ഇന്ത്യയുടെ നിലവിലെ പ്രധാനമന്ത്രിയായ ശ്രീ. നരേന്ദ്ര ദാമോദർദാസ് മോദിയായിരുന്നു അന്നത്തെ ഗുജറാത്ത് മുഖ്യമന്ത്രി. ആ ദുരന്തത്തിൽ ആയിരക്കണക്കിന് മനുഷ്യജീവൻ നഷ്ടമാകുകയും ധാരാളം കെട്ടിടങ്ങൾക്ക് നാശനഷ്ടം സംഭവിക്കുകയും ചെയ്തു. ഈ അവസരത്തിൽ ലോകരാജ്യങ്ങളാകെ ഗുജറാത്തിനെ സഹായിക്കാനാവശ്യമായ നിലപാട് സ്വീകരിച്ചു. പാകിസ്ഥാൻ ഉൾപ്പെടെ 65 രാജ്യങ്ങളുടെയും വിവിധ സംസ്ഥാനങ്ങളുടെയും സഹായം ലഭ്യമായി. അന്ന് കേരളത്തിൽനിന്നും പത്ത് കോടി രൂപയാണ് നൽകിയത്. ഇത്തരത്തിൽ വിവിധ സഹായങ്ങളുടെ ഭാഗമായി ഗുജറാത്തിലുണ്ടായ ദുരന്തത്തെ മറികടക്കാൻ കഴിഞ്ഞു. അന്നത്തെ

ഗുജറാത്ത് മുഖ്യമന്ത്രി ശ്രീ. നരേന്ദ്ര ദാമോദർദാസ് മോദി, നമ്മുടെ രാജ്യത്തിന്റെ പ്രധാനമന്ത്രിയായിരിക്കുന്ന ഘട്ടത്തിലാണ് 2018-ൽ കേരളത്തിൽ ഈ നൂറ്റാണ്ടുകണ്ട ഏറ്റവും വലിയ പ്രളയമുണ്ടാകുന്നത്. അഞ്ഞൂറിലധികം മനുഷ്യജീവനുകൾ നഷ്ടപ്പെടുകയും സ്കൂളുകളും ആശുപത്രി കെട്ടിടങ്ങളും സർക്കാർ സ്ഥാപനങ്ങളും ഉൾപ്പെടെ നാല് ലക്ഷത്തോളം കെട്ടിടങ്ങൾ തകരുകയും ചെയ്തു. വിവിധ രാജ്യങ്ങൾ നമ്മുടെ നേരെ സഹായഹസ്തം നീട്ടി. എന്നാൽ അവയെ വെട്ടിമാറ്റിയ ആളിന്റെ പേരാണ് നരേന്ദ്ര മോദി എന്ന് പറയേണ്ടി വരികയാണ്. 2019-ൽ വീണ്ടും ദുരന്തമുണ്ടായി. അതിനെ മറികടക്കാനാവശ്യമായ സഹായവും കേരളത്തിന് നൽകിയില്ല. മാത്രമല്ല, രക്ഷാദൗത്യത്തിന് ഹെലികോപ്ടർ നൽകിയതുൾപ്പെടെയുള്ള സഹായങ്ങൾക്ക് വാടക ചോദിച്ചവരായി കേന്ദ്രസർക്കാർ മാറുകയാണുണ്ടായത്. കേന്ദ്രം എന്തിനാണ് ഈ രീതിയിൽ കേരളത്തോട് ശത്രുതാമനോഭാവം സ്വീകരിക്കുന്നത്? ലോകമാകെ പടർന്നുപിടിച്ച കോവിഡ് മഹാമാരിയിൽ വിറങ്ങലിച്ചുനിൽക്കുന്ന രാജ്യത്തെ നമ്മൾ കണ്ടു. ആ സാഹചര്യത്തിൽ ലോകരാജ്യങ്ങൾ പിന്നോട്ടുപോകുന്നത്

കണ്ടു. എന്നാൽ ലോകത്തിനുമുന്നിൽ മാതൃകയായി കേരളമെന്ന കൊച്ചുസംസ്ഥാനവും ഇവിടെത്തെ ആരോഗ്യമേഖലയും മുന്നോട്ടുപോയപ്പോൾ ലോകം അതിനെ പ്രശംസിക്കുന്ന കാഴ്ചയാണ് നാം കണ്ടത്. കേരളത്തിലെ ജനങ്ങളുടെ കൈകൾ കൂട്ടിയിണക്കിയാണ് ഇതിനെയെല്ലാം നാം മറികടന്നത്. ജനങ്ങളുടെ സാഹോദര്യത്തിന്റെ ഭാഗമായാണിത്. കേന്ദ്രസർക്കാരിൽനിന്ന് യാതൊരു സഹായവും ലഭ്യമായിട്ടില്ലെങ്കിലും കേരളമെന്ന കൊച്ചുസംസ്ഥാനം പിടിച്ചുനിൽക്കും. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. രാഷ്ട്രീയകക്ഷി നേതാക്കളുടെ തറവാട് സ്വത്തല്ല ഞങ്ങൾ ആവശ്യപ്പെടുന്നത്, ഈ നാട്ടിലെ സാധാരണക്കാരായ മനുഷ്യരുടെ വിയർപ്പിന്റെ ഓഹരിയാണ്. ഈ ബജറ്റ് അവതരിപ്പിക്കുന്ന വേളയിൽ വലിയ രൂപത്തിലുള്ള വരുമാന വർധനവ് നേടിക്കൊണ്ടാണ് നമ്മുടെ സംസ്ഥാനം മുന്നോട്ടുപോകുന്നത്. നമ്മുടെ നാടിനെ പുനർനിർമ്മിക്കാൻ ആവശ്യമായ വലിയ കാഴ്ചപ്പാടോടുകൂടിയ പദ്ധതികൾ വിഭാവനം ചെയ്യുകയാണ്. അങ്ങനെ വിഭാവനം ചെയ്ത പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കിഫ്ബി. യു.ഡി.എഫ്. ഇപ്പോഴും കിഫ്ബിക്ക് എതിരാണ്. അതുകൊണ്ടാണ്

അതിനെതിരെ ഇന്നലെ സഭയിൽ ഉപക്ഷേപം അവതരിപ്പിച്ചത്. കിഫ്ബി ആരുടെയും തറവാട് സ്വത്തല്ലെന്നും അതിലേയ്ക്ക് വരുന്ന പണം ഞങ്ങളുടെ നികുതി പണമാണെന്നുമാണ് വാക്കൗട്ട് പ്രസംഗത്തിൽ കേരളത്തിന്റെ പ്രിയങ്കരനായ പ്രതിപക്ഷ നേതാവ് അഭിപ്രായപ്പെട്ടത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ ഒരാളും കിഫ്ബിയിലേയ്ക്ക് വരുന്ന പണം ഞങ്ങളുടെ തറവാട് സ്വത്താണെന്ന് അവകാശപ്പെട്ടിട്ടില്ല. ആ നികുതി വരുമാനത്തെ നിങ്ങളുടെ നികുതി വരുമാനമല്ലെന്നും ഞങ്ങളാരും പറഞ്ഞിട്ടില്ല. പക്ഷേ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. 2016-ൽ ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയായ ദിവസം മുതലല്ല കേരളത്തിൽ നികുതി പിരിക്കാൻ തുടങ്ങിയതെന്ന് പ്രിയപ്പെട്ട പ്രതിപക്ഷ നേതാവ് ഓർക്കേണ്ടതുണ്ട്. എങ്ങനെ നികുതി വരുമാനത്തെ ക്രിയാത്മകമായി ഉപയോഗിക്കാനും വലിയ പദ്ധതികൾ ആവിഷ്കരിക്കാനും കഴിയുമെന്നുള്ള തോന്നലിൽ നിന്നാണ് 25 വർഷങ്ങൾക്കുശേഷം കേരളം കാണേണ്ട വലിയ വികസന പ്രവർത്തനങ്ങളെ ഇന്നുള്ള മനുഷ്യന് കാണാൻ കഴിയുന്ന രൂപത്തിലേയ്ക്ക് കിഫ്ബിയെ അവതരിപ്പിച്ചിട്ടുള്ളത്. ഇക്കാര്യം

അഭിമാനത്തോടുകൂടിതന്നെ ഞങ്ങൾക്ക് പറയാൻ കഴിയും. കിഫ്ബി പദ്ധതി ആവിഷ്കരിക്കാനും നടപ്പാക്കാനും ദീർഘവീക്ഷണത്തോടെ സമീപിക്കാനും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കഴിഞ്ഞു എന്നതാണ് ആ പദ്ധതിയുടെ വിജയം. ഇന്നലത്തെ ഉപക്ഷേപത്തിന്റെ ഭാഗമായി ചില അംഗങ്ങൾ ചോദിച്ചച്ചത് കിഫ്ബി പദ്ധതികൾ എവിടെ നടക്കുന്നു എന്നാണ്. യു.ഡി.എഫ്.-ന്റെ പ്രിയപ്പെട്ട 41 എം.എൽ.എ.-മാരെയും എന്റെ നിയോജകമണ്ഡലമായ തിരുവമ്പാടിയിലേക്ക് സ്വാഗതം ചെയ്യുകയാണ്. ജനങ്ങൾ സൗജന്യമായി നൽകിയ ഭൂമിയിൽ 200 കോടി രൂപ ചെലവിൽ നിർമ്മിച്ച 12 മീറ്റർ വീതിയും 27 കിലോമീറ്റർ ദൈർഘ്യമുള്ള ഞങ്ങളുടെ സ്വപ്നപദ്ധതിയായ മലയോര ഹൈവേയുടെ ഉദ്ഘാടനത്തിനായി 15-ാം തീയതി കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി വരികയാണ്. നിങ്ങൾ അവിടെ വരുന്ന ഘട്ടത്തിൽ ആനക്കാംപൊയിലിലേക്കും പോകാം. വയനാട്, കോഴിക്കോട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന 2134 കോടി രൂപ മുടക്കി നിർമ്മിക്കുന്ന ഞങ്ങളുടെ മറ്റൊരു സ്വപ്നപദ്ധതിയായ ആനക്കാംപൊയിൽ-

കള്ളാടി-മേപ്പാടി തുരങ്ക പാത കാണാൻ നിങ്ങളെ ഏറെ സ്നേഹത്തോടുകൂടി ഞാൻ ക്ഷണിക്കുകയാണ്. തിരുവമ്പാടി മണ്ഡലത്തിലേക്ക് വന്നാൽ അഗസ്ത്യൻമുഴിയിൽനിന്ന് കൈതപ്പൊയിലേക്ക് 80 ശതമാനം പണി പൂർത്തീകരിച്ച റോഡ് കാണാം. പതിനേഴ് കിലോമീറ്റർ ദൈർഘ്യമുള്ള ഈ റോഡിന്റെ നിർമ്മാണ ചെലവ് 90 കോടി രൂപയാണ്. അവിടെനിന്ന് കുറച്ച് മുന്നോട്ടുപോയാൽ തിരുവമ്പാടിയിൽനിന്ന് മറിപുഴയിലേക്ക് 17 കിലോമീറ്റർ ദൂരത്തിൽ 108 കോടി രൂപ മുടക്കി നിർമ്മിക്കുന്ന മനോഹരമായ ഒരു പാത കാണാം. അതുപോലെ 36 കോടി രൂപ മുടക്കി മണാശ്ശേരിയിൽനിന്ന് ചുള്ളിക്കാപറമ്പിലേക്ക് 95 ശതമാനം പണി പൂർത്തീകരിച്ച റോഡും കാണാം. ഇതെല്ലാം തിരുവമ്പാടി നിയോജകമണ്ഡലത്തിലാണ്. സ്കൂളുകൾ, ആശുപത്രി കെട്ടിടങ്ങൾ, സ്റ്റേഡിയങ്ങൾ എന്നിങ്ങനെ നിരവധിയായ പ്രവൃത്തികൾ നടന്ന ഒരു മണ്ഡലത്തിലെ ജനപ്രതിനിധിയെന്ന നിലയിൽ മലയോരമേഖല അനുഭവിക്കുന്ന ദുരിതങ്ങൾക്ക്, പ്രയാസങ്ങൾക്ക്, പ്രതിസന്ധികൾക്ക് മറുപടി

നൽകാൻ കിഫ്ബി പദ്ധതികളിലൂടെ കഴിഞ്ഞുവെന്ന് ചൂണ്ടിക്കാണിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ നടത്തിയ മലയോര സംരക്ഷണ ജാഥയ്ക്ക് സ്വീകരണം നൽകിയത് കോടഞ്ചേരിയിലാണ്. കിഫ്ബിയുടെ മൂന്ന് പദ്ധതികൾ സംഗമിക്കുന്ന സ്ഥലമാണ് കോടഞ്ചേരി. 200 കോടി രൂപയുടെ മലയോര ഹൈവേ തുടങ്ങുന്നത് അവിടെ നിന്നാണ്. 48 കോടി രൂപയുടെ കണക്കിങ്ങ് റോഡ് നിർമ്മാണം ആരംഭിക്കുന്നതും അവിടെയാണ്. ആ റോഡ് ക്രോസ് ചെയ്താണ് അഗസ്ത്യൻമുഴി-കൈതപ്പൊയിൽ റോഡ് കടന്നുപോകുന്നത്. 90 കോടി രൂപ ചെലവിൽ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന നിലയിൽ ഒരു പദ്ധതി ആവിഷ്കരിച്ച് വികസന പ്രവർത്തനങ്ങൾ നടക്കുന്നത് മുമ്പൊന്നും ഇല്ലാത്തതാണ്. മരിച്ച് മണ്ണിനടിയിൽ കിടക്കുന്ന കാലത്ത് കാണേണ്ട സ്വപ്നങ്ങളല്ല, ജീവിച്ചിരിക്കുന്ന കാലത്ത് മനുഷ്യൻ അനുഭവിക്കേണ്ട സ്വപ്നങ്ങളെ യാഥാർഥ്യമാക്കുകയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. യു.ഡി.എഫ്. കണ്ണടച്ചാൽ അവർക്ക് മാത്രമെ ഇരുട്ടാകൂ.

കേരളത്തിലെ ജനതയ്ക്ക് കണ്ണുതുറന്നാൽ വെളിച്ചമാണ് കാണാൻ കഴിയുന്നത്. അതുകൊണ്ടുതന്നെ പ്രതീക്ഷാനിർഭരമായി കേരളത്തെ പടുത്തുയർത്തുന്നതിനും നവകേരളം സൃഷ്ടിക്കുന്നതിനുംമായി പ്രിയപ്പെട്ട ധനകാര്യമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു, ആശംസകൾ.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുന്നു. വികസനവും സാമൂഹികനീതിയും ഉറപ്പാക്കുന്ന ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. 2025-ൽ എത്തിനിൽക്കുമ്പോൾ കഴിഞ്ഞ നാല് ബജറ്റിന്റെ തുടർച്ചയെന്നോണം, സാമ്പത്തിക ഉപരോധത്തിലൂടെയും അർഹമായ വിഹിതം നൽകാതെയും അധികഭാരം ഏൽപ്പിച്ചും നമ്മുടെ സംസ്ഥാനത്തെ എല്ലാ അർഥത്തിലും അടിച്ചമർത്താൻ കേന്ദ്രഗവൺമെന്റ് ശ്രമിക്കുമ്പോൾ അതിനെയെല്ലാം മറികടക്കാനാവശ്യമായ ദിശാബോധവും വികസനത്തിന്റെ പുതിയ പന്ഥാവും ക്ഷേമപ്രവർത്തനത്തിന്റെ സാധ്യതകളുമെല്ലാം ഫലപ്രദമായി

അവതരിപ്പിക്കാൻ ഈ ബജറ്റിലൂടെ സാധിച്ചുവെന്ന് നിസ്സംശയം പറയാൻ സാധിക്കും. സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കേരളം കരകയറുന്നുവെന്ന ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം മലയാളിയെന്ന നിലയിൽ അഭിമാനം നൽകുന്ന ഒന്നാണ്. കേന്ദ്ര ബജറ്റ് ഏതാനും ദിവസങ്ങൾക്ക് മുമ്പാണ് അവതരിപ്പിച്ചത്. അതിലെ പല പ്രഖ്യാപനങ്ങളും കേരളം വർഷങ്ങൾക്ക് മുമ്പ് നടപ്പാക്കിയവയാണ്. വിദ്യാലയങ്ങളിൽ സൗജന്യ ഇന്റർനെറ്റ് ഉൾപ്പെടെയുള്ളവ കേന്ദ്ര ബജറ്റിന്റെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിലേക്ക് കൊടുക്കുമ്പോൾ, അതെല്ലാം വളരെ മുമ്പുതന്നെ നടപ്പാക്കിയ നാടാണ് കേരളമെന്ന് നിസ്സംശയം പറയാൻ സാധിക്കും. സംസ്ഥാനം കൈവരിച്ച പുരോഗതിയെ തള്ളിപ്പറഞ്ഞാൽ സഹായം നൽകാമെന്ന കേന്ദ്ര സഹമന്ത്രിയുടെ പ്രഖ്യാപനം കേരളത്തെ അപമാനിക്കുന്നതിന് തുല്യമാണ്. കേരളം കണ്ട എറ്റവും വലിയ ദുരന്തം വയനാട്ടിൽ ഉണ്ടായിട്ടുപോലും ഒരു സഹായവും നൽകിയില്ലെന്ന് മാത്രമല്ല വിഴിഞ്ഞം, എയിംസ് ഉൾപ്പെടെയുള്ള പദ്ധതികളുടെ നേരെയും നിഷേധാത്മക സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. ഈ

ബജറ്റിൽ കാർഷിക മേഖലയ്ക്ക് വലിയ തുക മാറ്റിവച്ചിട്ടുണ്ട്. പാലക്കാട് ഉൾപ്പെടെയുള്ള ജില്ലകൾക്ക് സഹായകരമാകുന്ന സമഗ്ര നെല്ല് വികസന പദ്ധതിക്കായി 150 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. പാലക്കാട് ജില്ല ഉൾപ്പെടെയുള്ള ഒട്ടേറെ മണ്ഡലങ്ങളിൽ കണ്ണെത്താദൂരത്തോളം പരന്ന് കിടക്കുന്ന നെൽപ്പാടങ്ങൾ നമുക്ക് കാണാൻ സാധിക്കും. വർഷത്തിൽ രണ്ടുതവണയാണ് കർഷകർ ആ പാടങ്ങളിൽ കൃഷി ചെയ്യുന്നത്. അതുകൊണ്ട് നെല്ലിന്റെ താങ്ങുവില വർധിപ്പിക്കാനാവശ്യമായ തീരുമാനം ഈ ബജറ്റിന്റെ ഭാഗമായി ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. അതോടൊപ്പം കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതും അതിന്റെ വില നൽകുന്നതുമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സഹകരണ മേഖലയെ ഏൽപ്പിക്കുന്നതായിരിക്കും ഉചിതം. അങ്ങനെ ചെയ്താൽ കഴിഞ്ഞ രണ്ടുമൂന്ന് വർഷക്കാലമായി പാലക്കാട് ജില്ലയിലെ നെൽ കർഷകർ ഉൾപ്പെടെ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. മുപ്പതിനായിരത്തോളം ടൺ നെല്ല് സംഭരിക്കാനും സംസ്കരിക്കാനും വിതരണം ചെയ്യാനും സാധിക്കുന്ന രൂപത്തിലുള്ള ഗവൺമെന്റിന്റെ സ്വപ്ന

പദ്ധതിയായ കണ്ണമ്പ്ര പഞ്ചായത്തിലെ ആധുനിക റൈസ് മിൽ ഒന്നാം പിണറായി വിജയൻ ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിക്കപ്പെട്ടതാണ്. കേരളത്തിൽ കോട്ടയം ജില്ലയിലും പാലക്കാട് കണ്ണമ്പ്രയിലുമാണ് അത്തരം ആധുനിക റൈസ് മില്ലുകൾ പ്രഖ്യാപിക്കപ്പെട്ടത്. കണ്ണമ്പ്രയിൽ റൈസ് മില്ലിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി പൂർത്തീകരിച്ചു. ഈ വർഷംതന്നെ നബാർഡിന്റെ ധനസഹായത്തോടുകൂടി ആ പദ്ധതി തുടങ്ങാൻ ആവശ്യമായ തീരുമാനമെടുക്കണമെന്ന് അഭ്യർഥിക്കുകയാണ്. നാലുവരി ദേശീയപാത കേരളത്തിൽ ഈ വർഷം യാഥാർഥ്യമാകാൻ പോകുന്നു. മലബാർ മേഖലയിലെ എം.എൽ.എ.-മാർക്കുൾപ്പെടെ ഇതിന്റെ സാധ്യത ഉപയോഗപ്പെടുത്തി നിയമസഭയിലേക്ക് വേഗത്തിലെത്തിച്ചേരാൻ സാധിക്കും. കേരളത്തിൽ ഒരുപാട് ഗവൺമെന്റുകൾ മാറി മാറി ഭരിച്ചപ്പോഴൊന്നും സാധിക്കാതിരുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് ഇപ്പോൾ കിഫ്ബിയുടെ സാധ്യത ഉൾപ്പെടെ ഉപയോഗപ്പെടുത്തിക്കൊണ്ട് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് 2025-ൽ യാഥാർഥ്യമാകാൻ പോകുന്നത്. അതോടൊപ്പം മറ്റൊരു പ്രധാനപ്പെട്ട പദ്ധതിയാണ് കൊച്ചി-

ബാംഗ്ലൂർ-വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് 1800 ഏക്കർ ഭൂമിയിൽ വരാൻ പോകുന്ന വ്യവസായ പാർക്കുകൾ. മലമ്പുഴ നിയോജകമണ്ഡലത്തിലെ കഞ്ചിക്കോട് ഉൾപ്പെടെയുള്ള പ്രദേശത്തും വ്യവസായ പാർക്കുകൾ വരുന്നുണ്ട്. എന്റെ നിയോജകമണ്ഡലമായ തരൂരിലെ കണ്ണമ്പ്ര ഉൾപ്പെടെയുള്ള പ്രദേശത്ത് അതിനാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ സഹായം കഴിഞ്ഞ വർഷം നമ്മൾ നേടിയെടുത്തു. ഈ പദ്ധതികൾക്കെല്ലാം കിഫ്ബിയുടെ സഹായവുമുണ്ട്. കിഫ്ബിയിലൂടെ എന്തുണ്ടായിയെന്ന് പ്രതിപക്ഷം ചോദിച്ചതിന്റെ ഉത്തരമാണ് ഈ പദ്ധതികളിൽക്കൂടി ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ 2026-27-ൽ ഉണ്ടാകാൻ പോകുന്നുവെന്നത്. കിഫ്ബിയുടെ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് മെച്ചപ്പെട്ട നിലയിലേക്ക് കേരളം മാറുന്ന കാഴ്ച കാണാൻ സാധിക്കും. ഇന്നലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപവുമായി ബന്ധപ്പെട്ട് കിഫ്ബിയിൽ പട്ടികജാതി വിഭാഗങ്ങൾക്ക് എന്താണ് മാറ്റിവച്ചതെന്ന് ചോദിച്ചു. കേരളത്തിൽ 376 സ്കൂൾ കെട്ടിടങ്ങൾ കിഫ്ബി വഴി പൂർത്തീകരിച്ച്

നാടിന് സമർപ്പിക്കുകയും 400 കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം നടന്നുകൊണ്ടിരിക്കുകയുമാണ്. ഇതെല്ലാം പൊതുവിദ്യാലയങ്ങളാണ്. അവിടെയാണ് പട്ടികജാതി ജനവിഭാഗങ്ങൾ ഉൾപ്പെടെയുള്ള സാധാരണ കുടുംബങ്ങളിലെ കുട്ടികളെല്ലാം പഠിക്കുന്നത്. അതുകൊണ്ടാണ് പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് കരുത്തുപകരാനും അതിന്റെ പശ്ചാത്തല വികസന സൗകര്യത്തിന്റെ സാധ്യത പ്രയോജനപ്പെടുത്താനുംവേണ്ടിയുള്ള ത്രുപത്തിലുള്ള കെട്ടിടങ്ങൾ കേരളത്തിലുടനീളം നിർമ്മിച്ചത്. അതോടൊപ്പംതന്നെ കിഫ്ബിയുടെ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് ആശ്രുപത്രി കെട്ടിടങ്ങളും നിർമ്മിച്ചു. ഇത്തരത്തിൽ പൊതുവിദ്യാഭ്യാസം, ആരോഗ്യം ഉൾപ്പെടെയുള്ള മേഖലകളിൽ നല്ല ഇൻവെസ്റ്റ്മെന്റ് കിഫ്ബിയുടെ ഭാഗമായി വന്നു. ആത്യന്തികമായി അതിന്റെ ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളും അവരുടെ കുടുംബാംഗങ്ങളുമായിരിക്കുമെന്ന് നിസ്സംശയം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബജറ്റിലും പദ്ധതികളിലും പ്രതിപക്ഷത്തോട് വിവേചനം

കാട്ടുന്നുവെന്ന് ചർച്ചയുടെ ഭാഗമായി പ്രതിപക്ഷ എം.എൽ.എ.-മാർ ഉന്നയിച്ചു. ഉമ്മൻ ചാണ്ടിയുടെയും ശ്രീ. എ. കെ. ആന്റണിയുടെയും നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാർ കേരളം ഭരിക്കുന്ന കാലത്തെല്ലാം ഇടതുപക്ഷ മണ്ഡലങ്ങളോട് അങ്ങേയറ്റം വിവേചനപരമായ സമീപനമായിരുന്നു സ്വീകരിച്ചിരുന്നത്. ഇപ്പോൾ ഏറ്റവും ഒടുവിൽ നവകേരള സദസ്സിന്റെ ഭാഗമായി 710 കോടി രൂപയുടെ പദ്ധതികളാണ് കേരളത്തിൽ നടപ്പാക്കാൻ പോകുന്നത്. അതനുസരിച്ച് ഓരോ നിയോജകമണ്ഡലത്തിനും 7 കോടി രൂപയുടെ പദ്ധതികൾ ഏറ്റെടുക്കാനാകും. ഒരു വർഷം മുമ്പ് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നവകേരള സദസ്സ് പര്യടനം നടത്തിയപ്പോൾ സഹകരിക്കാതെ മാറിനിൽക്കുന്ന ധിക്കാരപരമായ സമീപനമായിരുന്നു യു.ഡി.എഫ്-ന്റെ എം.എൽ.എ.-മാർക്കുണ്ടായിരുന്നത്. എന്നാൽ 710 കോടി രൂപയുടെ പ്രൊപ്പോസലുകൾ ക്ഷണിക്കുമ്പോൾ അതിന്റെ ഗുണഭോക്താക്കളായി ഭരണപക്ഷത്തെ എം.എൽ.എ.-മാർ മാത്രമല്ല, മറിച്ച് പ്രതിപക്ഷത്തെ എം.എൽ.എ.-മാരുമുൾപ്പെടെ മാറുമെന്ന കാര്യത്തിൽ തർക്കമില്ല. സൈബർ അധിക്ഷേപങ്ങളും കുറ്റകൃത്യങ്ങളും വ്യാജ

പ്രചാരണങ്ങളും തടയാൻ വേണ്ടി ബജറ്റിൽ തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. മൂന്നേമുക്കാൽ വർഷം മുമ്പ് നടന്ന ഒരു പ്രധാനപ്പെട്ട സംഭവം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. 2021-ൽ നിയമസഭ തിരഞ്ഞെടുപ്പ് നടന്ന വേളയിൽ തൃത്താല അസംബ്ലി മണ്ഡലത്തിൽ ഇപ്പോഴത്തെ മന്ത്രി ശ്രീ. എം. ബി. രാജേഷ് മത്സരിക്കുമ്പോൾ, എങ്ങനെയാണ് സൈബർ ഇടത്തിന്റെ കുപ്രചാരണങ്ങൾ യു.ഡി.എഫ്. ആ മണ്ഡലത്തിൽ പ്രയോജനപ്പെടുത്തിയതെന്ന് അദ്ദേഹം ഇന്നലെ ഫേസ്ബുക്ക് പേജിലുൾപ്പെടെ കുറിച്ചിട്ടുള്ളതാണ്. വാളയാറിലെ പ്രതികൾക്കുവേണ്ടി പ്രവർത്തിച്ചവനെയല്ല, നീതിക്കുവേണ്ടി ശബ്ദമുയർത്തിയവനെയാണ് തൃത്താലയ്ക്ക് ആവശ്യമെന്നായിരുന്നു മുമ്പ് യു.ഡി.എഫ്.-ന്റെ തൃത്താല അസംബ്ലി മണ്ഡലത്തിലെ പ്രചാരണം. വാളയാർ അമ്മയെ തൃത്താലയിലും അതോടൊപ്പം ധർമ്മടം മണ്ഡലത്തിലും കൊണ്ടുപോയി പ്രചാരണം നടത്തി. സൈബർ ഇടങ്ങളിൽ വളരെ മോശപ്പെട്ട പ്രചാരണങ്ങൾ നടത്തുന്ന സാഹചര്യമുണ്ടായി. ഇപ്പോൾ സി.ബി.ഐ. സമർപ്പിച്ച കുറ്റപത്രത്തിലൂടെ സത്യങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. സ്വന്തം പെൺമക്കളെ

ദുരുപയോഗം ചെയ്യാൻ കൂട്ടുനിന്നുവെന്ന കണ്ടെത്തലുകളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് കാലത്തിന് കാവ്യനീതിയുണ്ട്. മൂന്നേമുക്കാൽ വർഷം മുമ്പ് ശ്രീ. എം. ബി. രാജേഷ് തൃത്താല മണ്ഡലത്തിൽ ജയിക്കാനും ഈ പ്രചാരണം നടത്തിയ യു.ഡി.എഫ്-ന്റെയും കോൺഗ്രസിന്റെയും നേതാവായ ശ്രീ. വി. ടി. ബൽറാമിന് തോൽക്കാനുമുള്ള സാഹചര്യമുണ്ടായത് ഇതെല്ലാം ജനങ്ങൾ തള്ളിക്കളഞ്ഞതുകൊണ്ടാണ്. ഈ ബജറ്റിന്റെ ഭാഗമായി സൈബർ ഇടത്തിലെ കുറ്റകൃത്യങ്ങൾ ഉൾപ്പെടെ തടയാനായി തുക മാറ്റിവച്ചത് അഭിനന്ദനാർഹമാണ്.

ഡൽഹിയിൽ 27 വർഷത്തിനുശേഷം ബി.ജെ.പി. അധികാരത്തിൽ വന്നിരിക്കുകയാണ്. അവിടെ എ.എ.പി. തോറ്റു. കോൺഗ്രസിന് വട്ടപൂജ്യമാണ്. എ.എ.പി.-യെ തോൽപ്പിക്കാനും ബി.ജെ.പി.-യെ ജയിപ്പിക്കാനുമാവശ്യമായ രൂപത്തിൽ കോൺഗ്രസ് ഇടപെട്ടത് 15 മണ്ഡലങ്ങളിലാണ്. ഡൽഹി മുഖ്യമന്ത്രിയായിരുന്ന കോൺഗ്രസിന്റെ ഷീലാ ദീക്ഷിത് ഉൾപ്പെടെയുള്ളവർ മത്സരിച്ച പ്രധാനപ്പെട്ട സ്ഥലങ്ങളിൽ കോൺഗ്രസ് തോൽക്കുക മാത്രമല്ല, ബി.ജെ.പി.-യെ ജയിപ്പിക്കുന്നു.

അതുകൊണ്ട് അനുഭവങ്ങളിൽനിന്ന് പാഠം പഠിക്കാത്ത കോൺഗ്രസ് രാജ്യത്തുടനീളം ബി.ജെ.പി.-യെ വളർത്താനാവശ്യമായ സമീപനമാണ് സ്വീകരിക്കുന്നതെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഈ ബജറ്റ് നിർദേശങ്ങളെ എതിർക്കുന്നു. ഒരു സന്തോഷവാർത്ത അറിയിക്കുകയാണ് എന്നുപറഞ്ഞ് പ്രവാചകൻമാർ പ്രസംഗിക്കുന്നതുപോലെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് അവതരിപ്പിച്ചത്. പക്ഷേ 226 പേജും 862 ഖണ്ഡികകളുമുള്ള ബജറ്റ് നിർദേശം മുഴുവൻ വായിച്ചു നോക്കിയിട്ടും സന്തോഷമുണ്ടാക്കുന്ന ഒരു സംഗതി എനിക്ക് മാത്രമല്ല കേരളത്തിലെ ഒരു ജനവിഭാഗത്തിനും ഒരിടത്തും കാണാൻ കഴിഞ്ഞില്ല. കേരളത്തിലെ മന്ത്രിമാർക്കുമാത്രം സന്തോഷമുണ്ടാകുന്ന ഒരു ബജറ്റാണിത്. ബഹുമാനപ്പെട്ട മന്ത്രിക്ക് തീരെ ദൃഷ്ടിയില്ലെന്ന് പറഞ്ഞുകൂടാ. മന്ത്രിക്ക് ദീർഘദൃഷ്ടി തീരെയില്ല, പക്ഷേ സൂക്ഷ്മദൃഷ്ടിയുണ്ട്. കൊല്ലം, കൊട്ടാരക്കര, പത്തനാപുരം, തിരുവനന്തപുരം കോറിഡോർ എന്നുപറഞ്ഞ സൂക്ഷ്മദൃഷ്ടി. ദീർഘമായി

പറഞ്ഞാൽ കുറച്ച് ദീർഘദൃഷ്ടി കണ്ണൂരിലേയ്ക്കും പോകുന്നുണ്ട്. അതിനിടയിൽ മലപ്പുറം, കോഴിക്കോട്, കാലിക്കറ്റ് എയർപോർട്ട്, മോയിൻകുട്ടി വൈദ്യർ സ്മാരകം തുടങ്ങിയവയുമുണ്ട്. എന്നാൽ ഇവയെ വിസ്മരിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി ബജറ്റ് അവതരിപ്പിച്ചത്. എന്റെ നിയോജകമണ്ഡലത്തിലെ കോഴിക്കോട് വിമാനത്താവളം സർക്കാർ അധീനതയിലുള്ള കേരളത്തിലെ ഏക അന്താരാഷ്ട്ര വിമാനത്താവളമാണ്. കഴിഞ്ഞ വർഷം എല്ലാ വിമാനത്താവളങ്ങളുടെയും പരിസരത്ത് സയൻസ് പാർക്ക് അനുവദിച്ചിട്ടും കോഴിക്കോടിന് മാത്രം നൽകിയില്ല. അദാനിക്കും വൻകിട കുത്തകകൾക്കും അവിടെ പങ്കാളിത്തമില്ലാത്തതുകൊണ്ടായിരിക്കും നൽകാത്തതെന്ന് ഞങ്ങൾ കരുതുകയാണ്. ഈ ബജറ്റിൽ കണ്ണൂർ എയർപോർട്ടിന് സമീപം ഐ.ടി. പാർക്ക് അനുവദിച്ചിട്ടുണ്ട്. നമുക്ക് ഐ.ടി. പാർക്കൊന്നും വേണ്ട. പക്ഷേ ഏറ്റവും ചുരുങ്ങിയത് വിമാനത്താവളത്തിലേക്കുള്ള റോഡിന്റെ അറ്റകുറ്റപ്പണിയെങ്കിലും നടത്തണം. കഴിഞ്ഞ പ്രാവശ്യം ഇക്കാര്യം ആവശ്യപ്പെട്ടപ്പോൾ പരിഗണിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പ്രസംഗത്തിൽ പറഞ്ഞിരുന്നു. എന്നാൽ

കഴിഞ്ഞ പ്രാവശ്യവും അറ്റകുറ്റപ്പണി നടത്തിയില്ല. അതുപോലെ വിമാനത്താവളത്തിന് സ്ഥലം നൽകിയവർക്ക് എൻ.ഒ.സി. ലഭിക്കാത്തതിനാൽ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽപ്പെട്ട ആർക്കും വീട് വയ്ക്കാൻ സാധിക്കുന്നില്ല. അതുപോലെ കുളത്തൂർ ജങ്ഷനിൽനിന്നും എയർപോർട്ടിലേക്ക് പോകുന്ന റോഡിന്റെ അറ്റകുറ്റപ്പണി ഇതുവരെ നടത്തിയിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു നയാപൈസപോലും അതിന് വകയിരുത്തിയിട്ടില്ല. എയർപോർട്ടിന് സ്ഥലമെടുത്തപ്പോൾ അവിടെയുണ്ടായിരുന്ന ക്രോസ് റോഡ് നഷ്ടപ്പെട്ടു. അതിനുപകരം ക്രോസ് റോഡ് നൽകാമെന്ന് നാല് മന്ത്രിമാർ എയർപോർട്ടിൽ വന്ന് ഉറപ്പുനൽകിയതാണ്. എന്നാൽ അതിനും തുക വകയിരുത്തിയിട്ടില്ല. മാത്രമല്ല, കോഴിക്കോട് വിമാനത്താവളം ഹജ്ജ് എമ്പാർക്കേഷൻ പോയിന്റാണ്. ഇന്ത്യയിലെതന്നെ ഏറ്റവുമധികം തീർഥാടകർ ഹജ്ജിന് പോകുന്ന ഈ പോയിന്റിലേക്കുള്ള റോഡിനുവേണ്ടി ഒരു നയാപൈസയും പിണറായി ഗവൺമെന്റിന്റെ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും നൽകിയില്ല. യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന

എല്ലാസമയത്തും ഹജ്ജ് എമ്പാർക്കേഷൻ പോയിന്റിലേക്കുള്ള എല്ലാ റോഡിന്റെയും അറ്റകുറ്റപ്പണി നടത്താറുണ്ട്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ കോഴിക്കോട് വിമാനത്താവളത്തിനെ അവഗണിക്കുകയാണ്.

കേന്ദ്ര അവഗണനയെക്കുറിച്ച് മന്ത്രിയടക്കം വാതോരാതെ പ്രസംഗിക്കുകയാണ്. വികസന പ്രവർത്തനങ്ങളിൽ കേന്ദ്രസർക്കാർ കേരളത്തെ അവഗണിക്കുന്നുവെന്നാണ് നിങ്ങൾ പറയുന്നത്. അങ്ങനെ പറയാൻ നിങ്ങൾക്ക് എന്ത് അവകാശമാണുള്ളത്? ഇവിടെ യു.ഡി.എഫ്.-ന്റെ എം.എൽ.എ.-മാർക്ക് നൽകുന്ന ബജറ്റ് വിഹിതം അഞ്ചും ആറും കോടി രൂപയാണ്. എന്നാൽ ഭരണപക്ഷത്തിന്റെ എല്ലാ എം.എൽ.എ.-മാരുടെയും നിയോജകമണ്ഡലങ്ങൾക്ക് നൽകുന്നത് പതിനൊന്നും പന്ത്രണ്ടും കോടി രൂപയാണ്. ഇത്തരത്തിൽ ഈ ഒമ്പത് വർഷക്കാലം ഞങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ എത്ര ബജറ്റ് വിഹിതം നഷ്ടപ്പെട്ടിട്ടുണ്ടായിരിക്കും. ഞങ്ങളുടെ നാട്ടുകാർ നികുതി നൽകുന്നില്ലേ; ഞങ്ങളും എം.എൽ.എ.-മാരല്ലേ? എല്ലാവിഭാഗം ജനങ്ങളും നൽകുന്ന നികുതി പണം തുല്യമായി വിതരണം ചെയ്താണ് വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടത്.

അതിനെയാണ് നിങ്ങൾ നിഷേധിച്ചുകൊണ്ട് പിടിച്ചുവയ്ക്കുന്നത്. ഇത്തരത്തിലുള്ള വിവേചനമാണ് കാണിക്കുന്നത്. തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കായി എല്ലാ നിയോജകമണ്ഡലങ്ങൾക്കും ഏഴ് കോടി രൂപ നൽകുമെന്നാണ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പരസ്യപ്രസ്താവന നടത്തിയത്. പക്ഷേ പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിൽ ലഭിച്ചത് 4.10 കോടി രൂപയാണ്. മറ്റുള്ളവർക്ക് ഏഴും എട്ടും കോടി രൂപയാണ് ലഭിച്ചത്. ഈ വിവേചനം കാണിക്കുന്നവർക്ക്, കേന്ദ്രത്തിന്റെ വിവേചനത്തെ എങ്ങനെയാണ് ന്യായീകരിക്കാൻ കഴിയുക? എയർപോർട്ടിന്റെ കാര്യംകൂടി പറയാം. കാലിക്കട്ട് എയർപോർട്ടിന്റെ Runway End Safety Area (RESA)-യുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്രമന്ത്രി രാജ്യസഭയിൽ നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത്, സംസ്ഥാന ഗവൺമെന്റ് സഹകരിക്കാത്തതുകൊണ്ടാണ് എയർപോർട്ടിന്റെ RESA നിർമ്മാണം നടക്കാത്തത് എന്നാണ്. എന്നാൽ 74 അപേക്ഷകർ വന്നതിൽ നാല് പേർക്ക് മാത്രമേ ജിയോളജി വകുപ്പ് പെർമിഷൻ നൽകിയിട്ടുള്ളൂ. ഇത്തരത്തിലുള്ള വിവേചനമാണ് കോഴിക്കോട് വിമാനത്താവളത്തിനോട് കാണിക്കുന്നത്.

കിഫ്ബിയുടെ കാര്യംകൂടി പറയാം. ഇന്നലെ പ്രതിപക്ഷ നേതാവ് കിഫ്ബിയിലെയും പി.ഡബ്ല്യു.ഡി.-യിലെയും സംവിധാനങ്ങളെ താരതമ്യപ്പെടുത്തി പ്രസംഗിച്ചിരുന്നു. ഏറ്റവും നല്ല ഉദാഹരണം എന്റെ മണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിലുണ്ട്. ഒന്ന്, സി.ആർ.ഐ.എഫ്. (സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട്) ഉപയോഗിച്ച് സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച പാലമാണ് എളമരംകടവ് പാലം. തൊട്ടടുത്താണ് കിഫ്ബി നിർമ്മിച്ച കുളിമാട് പാലം. അത് പൊളിഞ്ഞുപോയെങ്കിലും പിന്നീട് നന്നാക്കി. അപ്രോച്ച് റോഡുകൾ ഉൾപ്പെടെ വളരെ മനോഹരമായാണ് എളമരംകടവ് പാലം നിർമ്മിച്ചിട്ടുള്ളത്. എന്നാൽ കിഫ്ബി മുഖേന നിർമ്മിച്ച കുളിമാട് പാലത്തിന്റെ അവസ്ഥയെന്താണ്? ഒരു അപ്രോച്ച് റോഡുപോലും നിർമ്മിക്കാതെയാണ് കുളിമാട് പാലം ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്തത്. ഇതാണ് കിഫ്ബിയും പി.ഡബ്ല്യു.ഡി.-യും തമ്മിലുള്ള വ്യത്യാസമെന്ന് ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ഞാൻ അടിവരയിടുകയാണ്. സംസ്ഥാനത്തിന്റെ ധനസ്ഥിതിയെക്കുറിച്ച്

പറഞ്ഞു. ധനക്കമ്മി രണ്ട് ശതമാനമാക്കി കുറച്ചുവെന്ന് ശ്രീ. ജോബ് മൈക്കിൾ പറയുകയുണ്ടായി. സി.&എ.ജി. റിപ്പോർട്ട് പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. കഴിഞ്ഞ വർഷം ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ വിഹിതത്തിൽ 50 ശതമാനം വരെ വെട്ടിക്കുറച്ചതിനാലാണ് ധനക്കമ്മി കുറഞ്ഞത്. ഇവിടെയെല്ലാ ഫണ്ടുകളും വെട്ടിക്കുറച്ചു. ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്ക് ഫണ്ട് വർധിപ്പിച്ചുവെന്ന് ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി പറയുകയുണ്ടായി. യു.ഡി.എഫ്. ഭരണകാലത്ത് ശ്രീ. മഞ്ഞളാംകുഴി അലി ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അനുവദിച്ചിരുന്ന തുകയേക്കാൾ ഒരു രൂപപോലും ഇപ്പോൾ വർധിപ്പിച്ച് നൽകിയിട്ടില്ലെന്നതാണ് യഥാർഥ വസ്തുത. അതോടൊപ്പംതന്നെ 2023-24-ൽ എസ്.സി./എസ്.ടി., ഒ.ബി.സി., ന്യൂനപക്ഷ വിഭാഗങ്ങൾക്കായി വകയിരുത്തിയ 3150 കോടി രൂപയിൽ ആകെ 2793 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഈയിനത്തിൽ വകയിരുത്തിയ തുകപോലും പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. എന്നാൽ മുന്നാക്ക വിഭാഗങ്ങൾക്കുള്ള പദ്ധതി വിഹിതം

നൂറ് ശതമാനവും ചെലവഴിച്ചു. അത് നല്ല കാര്യമാണ്. പക്ഷേ, അതേ ശ്വാസ്കാന്തി ന്യൂനപക്ഷ വിഭാഗങ്ങളിൽ പ്രത്യേകിച്ച്, പിന്നാക്ക അധഃകൃത വിഭാഗങ്ങൾക്കുള്ള പദ്ധതിവിഹിതം ചെലവഴിക്കുന്നതിനും ഉണ്ടാകേണ്ടതായിരുന്നു. കേരളത്തിൽ സ്വകാര്യ സർവകലാശാല ആരംഭിക്കുമെന്ന് കഴിഞ്ഞ വർഷത്തെ ബജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. ഞങ്ങൾ അതിൽ അത്ഭുതപ്പെടുകയാണ്. യു.ഡി.എഫ്. ഭരിക്കുന്ന സമയത്ത് ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി വിദ്യാർഥി സംഘടനാ നേതാവായിരുന്നു. സ്വകാര്യ സർവകലാശാലയ്ക്കെതിരെ അവർ നടത്തിയ സമരത്തിൽ എത്രയോ പേർക്ക് ജീവൻ നഷ്ടമായി. അതുകൊണ്ട് സ്വകാര്യ സർവകലാശാലയ്ക്ക് അനുമതി നൽകിയ നിങ്ങൾ അവരോടൊക്കെ മാപ്പ് ചോദിക്കണം; കേരളത്തിലെ എല്ലാ വിദ്യാർഥികളോടും നിങ്ങൾ മാപ്പ് ചോദിക്കണം.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം പ്രസംഗം ചുരുക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇവിടെ ധാരാളം രക്തസാക്ഷികളുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇപ്പോഴത്തെ നിങ്ങളുടെ നയംമാറ്റത്തെപ്പറ്റി

എന്താണ് വിശേഷിപ്പിക്കേണ്ടത്? പണ്ടൊക്കെയാണെങ്കിൽ 'ഓന്ത് നാണിക്കുമെന്ന്'' ഒരു ഉപമ പറയുമായിരുന്നു. എന്നാൽ, ഇന്നത്തെ കാലഘട്ടത്തിൽ ഓന്ത് നാണിക്കുമെന്നല്ല ഓന്തുകളെല്ലാം കൂട്ട ആത്മഹത്യ ചെയ്യാൻ പോകുകയാണ് എന്നാണ് പറയേണ്ടത്. ആ രീതിയിലേയ്ക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മാറിയിരിക്കുന്നു. അതുകൊണ്ട് മുതലാളിത്ത സംവിധാനത്തെ പ്രകീർത്തിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബജറ്റിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ ഈ ബജറ്റിനെ സർവാത്മനാ സ്വാഗതം ചെയ്യുകയാണ്. ലോക പ്രസിദ്ധ ഫ്രഞ്ച് ചിന്തകനായ ജീൻ പോൾ സാർത്ര് പറഞ്ഞ പ്രസിദ്ധമായ വാചകം ഉദ്ധരിച്ചുകൊണ്ടാണ് ഞാൻ സംസാരിക്കാൻ തുടങ്ങുന്നത്. അൾജീരിയയെ ഫ്രാൻസ് കീഴ്പ്പെടുത്താൻ ശ്രമിച്ചപ്പോൾ അന്ന് ഇറങ്ങിയ പ്രതികരണങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് അദ്ദേഹത്തിന്റേതായിരുന്നു. ഫ്രാൻസ് എന്നത് ഒരു രാജ്യത്തിന്റെ പേരല്ലെന്നും ഇന്ന് അതൊരു രോഗത്തിന്റെ പേരായി

മാറിയിരിക്കുന്നുവെന്നുമാണ് അദ്ദേഹം പറഞ്ഞത്. വാസ്തവത്തിൽ ആ വാക്യം അതിന് കൈവരാവുന്ന എല്ലാ അർഥവ്യാപ്തിയോടുംകൂടി രാജ്യത്തെ വലയം ചെയ്ത സന്ദർഭത്തിലാണ് നാം നിൽക്കുന്നത്. മതാധിഷ്ഠിതമായി ഈ രാജ്യത്തെ ഛിന്നഭിന്നമാക്കുന്നതിനുള്ള ശ്രമത്തെ വലിയ ആശങ്കയോടുകൂടിയാണ് മതനിരപേക്ഷവാദികൾ കാണുന്നത്. അത്തരമൊരു അന്തരീക്ഷത്തിൽ കോൺഗ്രസ് സ്വീകരിക്കുന്ന രാഷ്ട്രീയ നിലപാട് എന്താണെന്ന് നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുകയാണ്. എല്ലാ തിരഞ്ഞെടുപ്പിന്റെയും കാര്യങ്ങൾ ഞാൻ ഇവിടെ പറയുന്നില്ല. ഏറ്റവും അവസാനം നടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്വീകരിച്ച നിലപാടിനോട്, മുസ്ലീം ലീഗിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുന്നത് നല്ലതാണ്. ഡൽഹി തിരഞ്ഞെടുപ്പിൽ ബി.ജെ.പി.-ക്ക് 47.16 ശതമാനവും ആം ആദ്മി പാർട്ടിക്ക് (എ.എ.പി.)43.16 ശതമാനവും കോൺഗ്രസിന് 6.54 ശതമാനവും വോട്ടുകളാണ് ലഭിച്ചത്. മുസ്ലീം ലീഗിനെപോലെതന്നെ സി.പി.ഐ. (എം.)-ഉം ഡൽഹിയിൽ കാര്യമായ സ്വാധീനമില്ലാത്ത പാർട്ടിയാണെന്ന് എല്ലാവർക്കുമറിയാം. (...ബഹളം.....) ശ്രീ. എൻ. ഷംസുദ്ദീന്

ബുദ്ധിമുട്ടുണ്ടാകേണ്ട കാര്യമില്ല. ഡൽഹിയിൽ ഞങ്ങളും നിങ്ങളെപോലെ തന്നെയാണ്. ഞങ്ങൾ അവിടെ പ്രബലമായ പാർട്ടിയല്ല. ജനകീയ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് നല്ല നിലയിൽ പ്രക്ഷോഭങ്ങളും സമരങ്ങളും പരിപാടികളും സംഘടിപ്പിക്കാറുണ്ടെങ്കിലും അത് വോട്ടിൽ പ്രതിഫലിക്കുന്ന രീതിയിലുള്ള കരുത്ത് സി.പി.ഐ.(എം.)-ന് ഡൽഹിയിലില്ല. ഞങ്ങൾ അങ്ങനെയൊരു അവകാശവാദം ഉന്നയിച്ചിട്ടുമില്ല. മതനിരപേക്ഷ രാഷ്ട്രീയം ഉയർത്തിപ്പിടിക്കേണ്ട കോൺഗ്രസ് ഡൽഹിയിൽ സ്വീകരിക്കുന്ന നിലപാട് ഈ രാജ്യത്തിന്റെ താൽപര്യത്തിന് ഗുണകരമാണോ; അതിൽ മുസ്ലീം ലീഗിന്റെ അഭിപ്രായം എന്താണെന്നാണ് ഞങ്ങൾ ചോദിക്കുന്നത്. തീർച്ചയായും നിലപാട് വ്യക്തമാക്കുന്നത് നല്ലതാണ്, ഇതൊരു ഡിബേറ്റ് ആണല്ലോ. നിങ്ങൾക്കും അഭിപ്രായം പറയാം. മുസ്ലീം ലീഗിന് അഭിപ്രായങ്ങൾ പങ്കുവയ്ക്കുന്നതിൽ കുഴപ്പമില്ല. കോൺഗ്രസ് വിചാരിച്ചിരുന്നുവെങ്കിൽ ഇന്ന് ഡൽഹി ബി.ജെ.പി. ഭരിക്കുന്ന സ്ഥിതി ഉണ്ടാകുമായിരുന്നില്ല. ഇതുതന്നെയാണ് നിങ്ങൾ തൃശ്ശൂരിലും നടത്തിയത്. തൃശ്ശൂരിൽ വോട്ട് കൊടുത്ത് ബി.ജെ.പി.-ക്കാരനെ വിജയിപ്പിച്ച്

പാർലമെന്റിലേയ്ക്ക് അയച്ച നിങ്ങളുടെ നിലപാടിനെ രാജ്യമാസകലമുള്ള കോൺഗ്രസ് അഭിമുഖീകരിക്കുന്ന രോഗത്തിന്റെ ലക്ഷണമായി ഞങ്ങൾ കാണുകയാണ്. കടുത്ത അസഹിഷ്ണതയും അധികാര നഷ്ടത്തിന്റെ വേവലാതികളും വിഷമങ്ങളും സങ്കടങ്ങളുമെല്ലാം യു.ഡി.എഫ്. പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെയാണ് ചിലർക്ക് ഈ ബജറ്റിൽ സന്തോഷിക്കാനുള്ള യാതൊരു കാര്യവും കാണാനില്ലെന്ന് പറയേണ്ടിവരുന്നത്. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തിനും സ്വപ്നത്തിൽപ്പോലും വിചാരിക്കാൻ സാധിക്കാത്ത നിലയിലുള്ള ബദൽ നിലപാടുകളുള്ളൊരു ബജറ്റാണിത്. ഇത് മുതലാളിത്ത നയമാണെന്നാണ് ഇവിടെ ചിലർ പറയുന്നത്. ഒരു മുതലാളിത്ത രാജ്യത്ത് ഒരു സംസ്ഥാനത്തിനുമാത്രം സോഷ്യലിസം ഉണ്ടാക്കാൻ സാധിക്കില്ലെന്നത് സാമാന്യമായ രാഷ്ട്രീയ ധാരണയാണ്. 1957-ൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം നൽകുന്ന ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇ.എം.എസ്. നടത്തിയ ഒരു പ്രസ്താവനയുണ്ട്. ഞാൻ സോഷ്യലിസം നടപ്പിൽ വരുത്താനല്ല അധികാരത്തിൽ വരുന്നതെന്നും ഒരു മുതലാളിത്ത

രാജ്യത്ത് ബദൽ നിലപാടുകളുയർത്തിപ്പിടിച്ചുകൊണ്ട് ജനങ്ങൾക്ക് എത്രമാത്രം ക്ഷേമകരമായ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമോ അത്രയും കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയാണ് അധികാരമേൽക്കുന്നതെന്നും അദ്ദേഹം പറയുകയുണ്ടായി. ആ നിലപാട് തന്നെയാണ് 2025-ൽ ഈ ബജറ്റ് അവതരിപ്പിക്കുമ്പോൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയ കാഴ്ചപ്പാട്. അതിനെ അംഗീകരിക്കുന്നില്ലെങ്കിലും മനസ്സിലാക്കാനെങ്കിലും യു.ഡി.എഫ്. പ്രതിനിധികൾ സന്നദ്ധരാകണം. യു.ഡി.എഫ്.-ന്റേത് മുതലാളിത്ത വിരുദ്ധ നിലപാടാണെന്ന് പറയാൻ അവർക്ക് സാധിക്കുമോ എന്നൊരു ചോദ്യം ഞങ്ങൾ മുന്നോട്ടുവയ്ക്കുകയാണ്. ഈ ബജറ്റിന്റെ ആമുഖത്തെ വളരെ പരിഹാസത്തോടുകൂടി പ്രതിപക്ഷം വിലയിരുത്തുന്നത് കണ്ടു. ദേശാഭിമാനി പത്രത്തിൽ പറഞ്ഞതുപോലെ ഇതൊരു ടേക്ക് ഓഫിന്റെ ബജറ്റാണ്. പലരും ആ വാക്കിനെത്തന്നെ ആക്ഷേപിക്കുന്ന രീതിയിലാണ് പറഞ്ഞത്. കേന്ദ്രമന്ത്രി ശ്രീ. ജോർജ് കുര്യന്റെ അതേ മനസ്സാണ് യു.ഡി.എഫ്.-ന് എന്ന് വ്യക്തമാക്കുന്നതാണ് ഈ ബജറ്റിന്റെ ആമുഖത്തെക്കുറിച്ചും അതിന്റെ

ഉള്ളടക്കത്തെക്കുറിച്ചുമുള്ള യു.ഡി.എഫ്.-ന്റെ വിലയിരുത്തലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സന്തോഷകരമായൊരു വാർത്തയാണ് എനിക്ക് പങ്കുവയ്ക്കാനുള്ളതെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് പ്രസംഗത്തിന്റെ ആമുഖത്തിൽ പറയുന്നത്. 2025-26 വർഷത്തെ ബജറ്റ് എങ്ങനെയാണ് സന്തോഷകരമാകുന്നതെന്നും അദ്ദേഹം വ്യക്തമായി പറഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാരിനെ ബാധിച്ച ശ്വാസംമുട്ടിക്കുന്ന ധനഞെരുക്കത്തിന്റെ തീക്ഷ്ണഘട്ടത്തെ കേരളം അതിജീവിച്ചിരിക്കുന്നുവെന്നതാണ് ആ സന്തോഷകരമായ വാർത്ത. അതിന്റെ കൃത്യമായ കണക്കും കാര്യങ്ങളും ഈ ബജറ്റിന്റെ ഉള്ളടക്കത്തിലൂടെ കടന്നുപോകുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. ധനഞെരുക്കമുണ്ടായപ്പോഴും ശ്വാസംമുട്ടിക്കുന്ന സാമ്പത്തിക പ്രയാസങ്ങൾ അഭിമുഖീകരിച്ചപ്പോഴും വികസന കാര്യത്തിലോ ക്ഷേമപ്രവർത്തനങ്ങളിലോ കാര്യമായ മുടക്കമില്ലാതെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തെ അഭിമാനകരമായ രീതിയിൽ മുന്നോട്ടുനയിച്ചു. ഈ സർക്കാർ കൈവരിച്ച നേട്ടങ്ങൾ ആവർത്തിച്ചാവർത്തിച്ച് ഓരോ പ്രാസംഗികനും

പറഞ്ഞത് ഞാനും ആവർത്തിക്കുകയാണ്. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിലും പബ്ലിക് അഫയേഴ്സ് സൂചികയിലും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ശ്രേഷ്ഠതാ സൂചികയിലും ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനം കേരളമാണ്. നീതി ആയോഗിന്റെ സൂചിക പ്രകാരം ദാരിദ്ര്യം ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണ്. ഇന്ത്യാ ടുഡേയുടെ 2021-ലെ ഹാപ്പിനസ് ഇൻഡക്സ് സർവെയിലും കേരളത്തിന് ഒന്നാം സ്ഥാനമാണ്. നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ തുടർച്ചയായി നാലുവർഷം ഒന്നാമതെത്തിയത് കേരളമാണ്. നീതി ആയോഗിന്റെ സംസ്ഥാന ഊർജ കാലാവസ്ഥാ സൂചികയിൽ രണ്ടാം സ്ഥാനത്ത് കേരളമാണ്. നമ്മുടെ നേട്ടങ്ങളുടെ പട്ടിക ഇങ്ങനെ നീണ്ടുപോവുകയാണ്. ഈ രാജ്യത്ത് കേരളം എങ്ങനെയാണ് ഇത്തരം മികച്ച നേട്ടങ്ങൾ കൈവരിച്ചതെന്ന് നിങ്ങൾ ആലോചിക്കണം. ഈ ബജറ്റ് നിരാശാജനകമാണെന്നും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാഴ്ചപ്പാടുകൾ കേരളത്തിലെ താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്നും പറയുന്നവർക്കുവേണ്ടി മറുപടി പറയാതെ പോകുന്നത് ശരിയല്ലല്ലോ. പല

രീതിയിലും കാര്യങ്ങൾ വ്യാഖ്യാനിക്കുന്നത് ഞങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. കിഫ്ബിയുടെ പ്രയോജനമെന്താണെന്നാണ് നിങ്ങൾ ചോദിക്കുന്നത്. ഞാൻ അതിന്റെ മറ്റ് കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. കിഫ്ബിയിൽ സി.&എ.ജി.-യുടെ ഓഡിറ്റ് നടക്കുന്നില്ലെന്നാണ് വിമർശിച്ചത്. 2023-24 വരെയുള്ള സി.&എ.ജി.-യുടെ എല്ലാ പരിശോധനകളും കിഫ്ബിയിൽ നടന്നുകഴിഞ്ഞിട്ടുണ്ട്. പുതിയ സാമ്പത്തിക വർഷത്തെ പരിശോധന സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് കേരളത്തിലെ ഗവൺമെന്റല്ലെന്ന് എല്ലാവർക്കുമറിയാം. അത് സി.&എ.ജി.-യുടെ തീരുമാനമാണ്, സമയമാകുമ്പോൾ അവർ പരിശോധനകൾ നടത്തും. വികസനപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിനെ താറടിച്ചുകാണിക്കുന്നതിന് കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതികളെ വരെ തെറ്റായി വ്യാഖ്യാനിക്കുകയാണ്. നട്ടാൽ മുളയ്ക്കാത്ത നുണകളാണ് യു.ഡി.എഫ്. പ്രചരിപ്പിക്കുന്നത്.

ഞങ്ങൾ ദേശീയപാത 66-ന്റെ വികസനത്തിനില്ലെന്ന് വ്യക്തമാക്കി ഉമ്മൻ ചാണ്ടി സർക്കാർ മതിയാക്കി പോയതല്ലേ; ദേശീയപാത

വികസനവുമായി ബന്ധപ്പെട്ട് യു.ഡി.എഫ്. സർക്കാർ വരുത്തിയ വീഴ്ചകൾക്ക് കേന്ദ്രസർക്കാർ ചുമത്തിയ പിഴയെന്താണ്? ദേശീയപാത വികസനത്തിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കലിന് ചെലവാകുന്ന തുകയുടെ ഇരുപത്തിയഞ്ച് ശതമാനം സംസ്ഥാന ഗവൺമെന്റ് നൽകണമെന്നുണ്ടായിരുന്നു. ഇതിന്റെ ഫലമായി കിഫ്ബി വഴി 6000 കോടി രൂപ സംസ്ഥാന സർക്കാർ കൊടുത്തു. ഈ രൂപ കൊടുക്കുമ്പോൾ കേരളത്തിന്റെ സാമ്പത്തികരംഗത്തുണ്ടായിട്ടുള്ള മാറ്റമെന്താണ്? കിഫ്ബി പദ്ധതികൊണ്ട് എന്ത് ഗുണമാണുണ്ടായത് എന്നതിനുള്ള ഉത്തരം വളരെ കൃത്യമാണ്. 79,000 കോടി രൂപയുടെ ദേശീയപാത വികസന പ്രവർത്തനങ്ങളാണ് നടന്നത്. 6000 കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചപ്പോൾ അതിനനുസരിച്ചുള്ള വികസനം കേരളത്തിലുണ്ടാകണമെന്ന് ഈ സർക്കാരിന് നിർബന്ധമുണ്ടായിരുന്നു. 6000 കോടി രൂപ നാം കൊടുത്തപ്പോൾ ദേശീയപാത വികസത്തിനായി 79,000 കോടി രൂപയാണ് കേരളത്തിൽ വിനിയോഗിക്കപ്പെട്ടിട്ടുള്ളതെന്നത് നമ്മുടെ മുന്നിലുള്ള വസ്തുതയല്ലേ? അത് പ്രതിപക്ഷത്തിനും അറിയാവുന്നതാണ്. സമയക്കുറവുമൂലം മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ

കടക്കുന്നില്ല. ശ്രീ. ടി. വി. ഇബ്രാഹിം വളരെ നല്ല രീതിയിൽ കാര്യങ്ങൾ പറഞ്ഞു. ആഹ്ലാദത്തിന്റെ ചെറിയ കണികപോലും ഈ ബജറ്റിലെ ഒരു പേജിലും കാണാൻ സാധിക്കുന്നില്ലെന്നും കടുത്ത വിവേചനമാണെന്നുമാണ് അദ്ദേഹം പറഞ്ഞത്. ഒരുകാര്യം നിങ്ങൾ ആലോചിക്കണം; കണ്ണൂരിൽ ഹജ്ജ് ഹൗസ് ആരംഭിക്കുന്നതിന് അഞ്ച് കോടി രൂപ ഈ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. മുസ്ലീംലീഗിന്റെ സുഹൃത്തുകൾക്ക് അതിൽ ആഹ്ലാദമുണ്ടോ? ഞങ്ങളുടെ പ്രിയപ്പെട്ട നേതാവായ പാലോളി മുഹമ്മദ് കുട്ടിയുടെ കാലത്താണ് കോഴിക്കോട് കരിപ്പൂരിൽ ഹജ്ജ് ഹൗസ് ആരംഭിച്ചത്. അന്ന് മുസ്ലീംലീഗ് അതിനെതിരായിരുന്നു. ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് കണ്ണൂരിൽ ഹജ്ജ് ഹൗസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതിൽ നിങ്ങൾക്ക് കുറച്ച് വിഷമമുണ്ട്. കാരണം, നിങ്ങൾക്ക് സാധിക്കാത്ത കാര്യങ്ങൾ ഞങ്ങൾ നടത്തി മുന്നോട്ടുപോകുന്നുവെന്നതിലാണ് വിഷമം. ബജറ്റിൽ പ്രതിപക്ഷ എം.എൽ.എ.-മാരെ അവഗണിച്ചുവെന്ന് സൂചിപ്പിച്ചു. നിങ്ങളുടെ ഭരണകാലത്തെ ശീലങ്ങളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനുള്ളതുമെന്ന് നിങ്ങൾ തെറ്റിദ്ധരിച്ചിരിക്കുന്നു. ഈ സാമ്പത്തിക

ഞെരുക്കത്തിനിടയിലും എല്ലാ എം.എൽ.എ.-മാർക്കും നല്ലരീതിയിലുള്ള പരിഗണന സർക്കാർ നൽകിയിട്ടുണ്ട്. എവിടെ പരിഗണന നൽകിയില്ലെന്നാണ് നിങ്ങൾ പറയുന്നത്? നിങ്ങൾക്ക് അനുവദിച്ച തുകയിൽ ചിലപ്പോൾ കുറച്ച് വ്യത്യാസമുണ്ടാകും. എനിക്ക് കിട്ടിയ അത്രയും തുക ചിലപ്പോൾ എന്റെ തൊട്ടടുത്തിരിക്കുന്ന ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർക്ക് ലഭിച്ചിട്ടുണ്ടാകില്ല. അദ്ദേഹത്തിന് ലഭിച്ച തുകയായിരിക്കില്ല ശ്രീ. പി. മമ്മിക്കുട്ടിക്ക് ലഭിച്ചത്. പദ്ധതികളെ അടിസ്ഥാനമാക്കി എം.എൽ.എ.-മാർക്ക് വികസന പ്രവർത്തനങ്ങൾക്ക് ലഭിച്ച തുക പരിശോധിച്ചാൽ ഏറെക്കുറെ ഒരുപോലെയാണ്.

<u>ചെയർപേഴ്സൺ</u>: അങ്ങ് ചുരുക്കണം.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, കേരളത്തിലെ എല്ലാ എം.എൽ.എ.-മാരെയും നല്ലനിലയിൽ പരിഗണിച്ച് യു.ഡി.എഫ്.-ന്റെ ഭരണകാലത്തില്ലാത്ത, അവഗണനയുടെ ഒരു ചെറിയ കണികപോലുമില്ലാതെ എല്ലാവരെയും ചേർത്തുപിടിക്കുന്ന നയവും നിലപാടുമാണ് ഈ ഗവൺമെന്റ് തുടർന്നുവന്നിട്ടുള്ളത്. ആ നിലയിൽ കേരളത്തിന് വെളിച്ചവും പുതിയ

കാഴ്ചപ്പാടും നൽകുന്ന ബജറ്റാണ് ശ്രീ. കെ. എൻ. ബാലഗോപാൽ ഇവിടെ അവതരിപ്പിച്ചത്. അതിനെ സർവ്വാത്മനാ സ്വാഗതം ചെയ്തുകൊണ്ട് ഉപസംഹരിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുകയാണ്. സംസ്ഥാനത്ത് ഓരോ പ്രതിസന്ധിയുണ്ടാകുമ്പോഴും ജനങ്ങളുടെ പ്രതീക്ഷ സർക്കാരിലാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തെ അവഗണിച്ചതുപോലെ കേരളത്തിലെ സാധാരണക്കാരായ ജനങ്ങളെയും പ്രതിപക്ഷത്തെയും അവഗണിക്കുന്നൊരു ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് അമിതഭാരം ഏൽപ്പിക്കുന്നതുപോലെതന്നെ സാധാരണക്കാർക്കുമേൽ അമിതഭാരം അടിച്ചേൽപ്പിച്ചൊരു ബജറ്റാണിത്. ചരിത്രത്തിലാദ്യമായി രണ്ടുഘട്ടങ്ങളിലായി ബജറ്റിലൂടെ ഭ്രനികുതി വർധിപ്പിച്ചിരിക്കുകയാണ്. മാത്രമല്ല, സെക്കൻഡ് ഹാൻഡ് വാഹനങ്ങളുടെ നികുതിയും വർധിപ്പിച്ചു. ഭ്രനികുതി വർധിപ്പിക്കുമ്പോൾ സാധാരണക്കാരുടെ സ്ഥിതികൂടി നമ്മൾ പരിശോധിക്കേണ്ടതുണ്ട്. കേരളത്തിൽ പട്ടികജാതി-പട്ടികവർഗ

വിഭാഗക്കാരുടെ നിലവിലെ സാഹചര്യം ഗവൺമെന്റ് പരിശോധിക്കണം. പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിനായി നീക്കിവച്ചിരിക്കുന്ന തുകയിൽ 111.76 കോടി രൂപയുടെ വെട്ടിക്കുറവാണ് ഈ ബജറ്റിൽ വരുത്തിയിരിക്കുന്നത്. പട്ടികവർഗ്ഗക്കാരോടുള്ള അവഗണനയാണ് ഇതിലൂടെ വ്യക്തമാകുന്നത്. അവർക്കായുള്ള ഭൂമി ഏറ്റെടുക്കൽ, ഭവനനിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, കുടിവെള്ള വിതരണം, ഉന്നതികളിലേക്കുള്ള റോഡുകൾ തുടങ്ങിയവയ്ക്കെല്ലാം എവിടെനിന്നാണ് പണം ലഭിക്കുന്നത്? ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനായി 70 കോടി രൂപയാണ് മാറ്റിവച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് 53 കോടി രൂപയായി ചുരുങ്ങി. ലൈഫ് മിഷൻ പദ്ധതി വന്നതിനുശേഷം സാധാരണക്കാരായ പട്ടികവർഗക്കാരുടെ മനോഹരമായ ഭവനം എവിടെയും കാണാൻ കഴിഞ്ഞിട്ടില്ല. ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളൊക്കെ വലിയ പ്രതിസന്ധിയിലാണ്. പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുന്നതിലൂടെ പട്ടികവർഗ വിഭാഗത്തോട് വലിയ അവഗണനയാണ് ഗവൺമെന്റ് കാണിക്കുന്നത്. ഓരോ പട്ടികവർഗ്ഗ ഉന്നതികളിലും അഞ്ചും പത്തും സെന്റ് സ്ഥലങ്ങളിലായി

മൂന്നും നാലും അഞ്ചും വീടുകൾ വച്ച് ശൗചാലയങ്ങളും കൂടിവെള്ള സൗകര്യങ്ങളുമില്ലാതെ താമസിക്കുന്ന പാവങ്ങൾക്ക് ഭൂമി വാങ്ങി വീടുകൾ നിർമ്മിച്ചുകൊടുക്കേണ്ടതുണ്ട്. എന്നാൽ അതിനുവേണ്ടി വകുപ്പിന് മാറ്റിവച്ച തുക നേർപകുതിയായി വെട്ടിക്കുറച്ചിരിക്കുകയാണ്. അങ്ങനെവരുമ്പോൾ ഇവർ പഴയ സ്ഥിതിയിലേക്ക് പോകേണ്ട സാഹചര്യമാണുള്ളത്. ഇന്ന് കേരളത്തിലൊട്ടാകെ വന്യമൃഗ ശല്യം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇടുക്കി ജില്ലയിൽ ഇന്നലെ 45 വയസ്സുള്ളൊരു സഹോദരിയെ ആന ചവിട്ടിക്കൊന്ന വാർത്ത നമ്മളെല്ലാവരും കണ്ടതാണ്. എന്റെ നിയോജകമണ്ഡലത്തിലെ നൂൽപ്പുഴ കാപ്പാട് ഉന്നതിയിൽ 45 വയസ്സുള്ള മാനു എന്ന ആദിവാസി സഹോദരനെ ആന ചവിട്ടിക്കൊന്നു. കഴിഞ്ഞ രണ്ടാഴ്ചയ്ക്കുമുമ്പ് രാധ എന്ന സ്ത്രീയെ കടുവ ആക്രമിച്ചുകൊന്നു. കർഷകർക്കും പാവപ്പെട്ടവർക്കും വനാന്തരങ്ങളിലൂടെ യാത്ര ചെയ്യാനോ കൃഷി ചെയ്യാനോ സാധിക്കാത്ത സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ ഈ ഗവൺമെന്റ് ബജറ്റിൽ തുച്ഛമായ തുകയാണ് വനം വകുപ്പിന് മാറ്റിവച്ചിട്ടുള്ളത്. സംസ്ഥാനത്തെ പ്രതിസന്ധികൾ പരിശോധിച്ച് അവ പരിഹരിക്കുന്നതിന്

ഊന്നൽ കൊടുത്തുകൊണ്ടുള്ള ബജറ്റാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ഇന്ന് കർഷകർ വലിയ പ്രതിസന്ധിയിലാണ്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകൾ അടയ്ക്കാൻ കഴിയാതെ നിരവധി കർഷകർ ബുദ്ധിമുട്ടുകയാണ്. ജപ്തി നടപടികൾക്കെതിരെ നിയമം കൊണ്ടുവന്നെങ്കിലും അതൊന്നും ഉദ്യോഗസ്ഥർ പാലിക്കുന്നില്ല.

ശ്രീ. സി. ആർ. മഹേഷ്, ശ്രീ. ടി. വി. ഇബ്രാഹിം എന്നീ അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചത് യാഥാർഥ്യമാണ്. എന്നാൽ പ്രതിപക്ഷ എം.എൽ.എ.-മാരെ അവഗണിച്ചിട്ടില്ലെന്നാണ് ശ്രീ. ടി. ഐ. മധുസൂദനൻ സൂചിപ്പിച്ചത്. ഞാൻ ഇത് പറയുമ്പോൾ മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ ഓർക്കുകയാണ്. അദ്ദേഹം 2012-ൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് 5 കോടി രൂപയായി വർധിപ്പിച്ചപ്പോൾ 140 എം.എൽ.എ.-മാർക്കും ഒരേ തുകയാണ് കൊടുത്തത്. ഗ്രാമീണ റോഡുകളുടെ വികസനത്തിനുവേണ്ടി ആയിരം കോടി രൂപ അനുവദിച്ചതിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അതിനായി ഓരോ മണ്ഡലത്തിനും 7-8 കോടി രൂപവരെ ലഭിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. എന്നാൽ അതുപോലും വെട്ടിക്കുറച്ച് തുച്ഛമായ തുക

നൽകി തൃപ്തിപ്പെടുത്തുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. എന്റെ മുൻഗാമി സി.പി.ഐ.(എം)-ന്റെ സുൽത്താൻ ബത്തേരിയിലെ മുൻ എം.എൽ.എ. പി. വി. വർഗീസ് വൈദ്യരെ ഞാൻ ഓർക്കുകയാണ്. അദ്ദേഹം തൊഴിലാളി പ്രസ്ഥാനത്തിന്റെ നേതാവാണ്. രാഷ്ട്രീയം നോക്കാതെ എല്ലാവരുടെയും പ്രശ്നങ്ങളിൽ ഇടപെടുമായിരുന്ന അദ്ദേഹം തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും കാർഷികമേഖലയെ മെച്ചപ്പെടുത്തി കർഷകരെ സഹായിക്കുന്നതിനുംവേണ്ടി 1999-ൽ കൊണ്ടുവന്നതാണ് വയനാട് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി. ഈ ബജറ്റിൽ പ്രസ്തുത സൊസൈറ്റിക്കുവേണ്ടി 10 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. 2016-ൽ മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബജറ്റിലും 16 കോടി രൂപ ഇതിനുവേണ്ടി അനുവദിച്ചിരുന്നു. എന്നാൽ ഈ തുകയൊക്കെ എന്തുചെയ്തു? മുങ്ങിക്കൊണ്ടിരിക്കുന്ന കപ്പലിന്റെ അവസ്ഥയിലാണ് ഇന്ന് ആ സൊസൈറ്റി. വയനാട്ടിലെ നിരവധി കർഷകരും റിട്ടയേർഡ് ഉദ്യോഗസ്ഥരും പ്രവാസികളും ഡെപ്പോസിറ്റ് ചെയ്ത കോടിക്കണക്കിന് രൂപ തിരിച്ചുകൊടുക്കാതെ നൂറോളം കോടി രൂപ

ധൂർത്തടിച്ച സൊസൈറ്റിക്കുവേണ്ടിയാണ് ഈ ബജറ്റിൽ 10 കോടി രൂപ മാറ്റിവച്ചിരിക്കുന്നത്. ആരോടുള്ള വെല്ലുവിളിയാണിത്? വനം മേഖലയിലും മറ്റുള്ള മേഖലകളിലുമൊക്കെ നിരവധി പ്രതിസന്ധികളുണ്ട്. ഒന്നാം പിണറായി ഗവൺമെന്റിന്റെ അവസാന ബജറ്റിലും ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള നാല് ബജറ്റുകളിലും സുൽത്താൻ ബത്തേരിയിൽ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എല്ലാ രേഖകളും സബ്മിറ്റ് ചെയ്തിട്ടും ഇതുവരെ അവിടെ ഗവൺമെന്റ് കോളേജ് അനുവദിച്ചിട്ടില്ല. അവിടത്തെ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കും സാധാരണക്കാരായ കർഷകരുടെ മക്കൾക്കുംവേണ്ടിയാണ് കോളേജ് ആവശ്യപ്പെട്ടത്. അതൊന്നും പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക് 10 കോടി രൂപ അനുവദിച്ചിരിക്കുകയാണ്. എന്തിനാണ് ഈ തുക അനുവദിച്ചിരിക്കുന്നത്? സൊസൈറ്റിയുടെ മുൻ ചെയർമാനും എം.എൽ.എ.-യുമായിരുന്ന പി. കൃഷ്ണപ്രസാദിന്റെ ഭൂമി പണയം വച്ച് ആറ് കോടി രൂപ

ബാങ്കിൽ നിന്നും ലോണെടുത്തത് തിരിച്ചടയ്ക്കാത്തതിനാൽ ജപ്തി നടപടികളിലേയ്ക്ക് പോകുകയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് തിരിച്ചെടുത്ത് കൊടുക്കാനാണോ ഇപ്പോൾ ഈ തുക അനുവദിച്ചത്? അതോ അവിടെ ഡെപ്പോസിറ്റ് ചെയ്ത സാധാരണക്കാർക്ക് തിരിച്ചുകൊടുക്കാനാണോ? അവിടെ എന്ത് മെയിന്റനൻസാണുള്ളത്; അത് നിങ്ങൾ പരിശോധിക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഫണ്ട് അനുവദിക്കുന്നതിനൊന്നും ഞങ്ങൾക്ക് എതിർപ്പില്ല. പക്ഷേ, മുൻ എം.എൽ.എ. വർഗ്ഗീസ് വൈദ്യരുടെ ഓർമ്മ നിലനിൽക്കണം. സാധാരണക്കാരന്റെ നികുതി പണത്തിൽനിന്ന് 10 കോടി രൂപ കൊടുക്കുമ്പോൾ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ നിലവിലെ പ്രതിസന്ധിക്ക് കാരണമെന്താണെന്നും അത് പൂട്ടിപ്പോയതെന്തുകൊണ്ടാണെന്നും പരിശോധിക്കണം. അതിന്റെ ഡയറക്ടർ ബോർഡിൽ യു.ഡി.എഫ്.-ലെ പ്രതിനിധികളാരുമില്ല. എൽ.ഡി.എഫ്.-ന്റെയും സി.പി.ഐ. (എം.)-ന്റെയും പ്രതിനിധികളാണ് ഡയറക്ടർ ബോർഡ് അംഗങ്ങൾ. അവരുടെയിടയിലും ഇപ്പോൾ അഭിപ്രായ വ്യത്യാസങ്ങളുണ്ട്.

ഇന്ന് രാവിലെ പുൽപ്പള്ളിയിൽനിന്നും ഒരു സഹോദരി എന്നെ വിളിച്ചിരുന്നു. അവർ ഏറെക്കാലം വിദേശത്ത് നഴ്സായി ജോലി ചെയ്ത് സമ്പാദിച്ച 40 ലക്ഷം രൂപ ഈ സൊസൈറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു. ആ തുക ഇന്നും അവർക്ക് കിട്ടിയിട്ടില്ല. അവർ സുൽത്താൻ ബത്തേരി, മാനന്തവാടി, കൽപ്പറ്റ എന്നീ സ്ഥലങ്ങളിൽ പത്രസമ്മേളനങ്ങൾ നടത്തി ഇക്കാര്യങ്ങൾ പറഞ്ഞു. പട്ടികവർഗക്കാർ, വിദ്യാർഥികൾ, സാധാരണക്കാർ, കർഷകർ എന്നിവർക്കുതകുന്ന പദ്ധതികളാണ് വേണ്ടത്. കേന്ദ്രം കേരളത്തെ അവഗണിച്ചതുപോലെ ബജറ്റിലൂടെ പ്രതിപക്ഷ എം.എൽ.എ.-മാരെയും അവരുടെ മണ്ഡലങ്ങളെയും ഈ ഗവൺമെന്റ് അവഗണിച്ചതുകൊണ്ടാണ് ബജറ്റിനെ എതിർക്കുന്നതെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, കേരളത്തിന്റെ മനസ്സറിഞ്ഞ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2025-26 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ കേരളത്തിലെ ജനസമൂഹത്തിനുവേണ്ടി ഞാൻ പിന്തുണയ്ക്കുന്നു. പിണറായി സർക്കാരിന്റെ ഈ വർഷത്തെ ബജറ്റ് അനുദിനം മാറ്റങ്ങൾക്ക്

വിധേയമാകുന്ന പുതിയ കാലഘട്ടത്തിനും പുതിയ തലമുറയ്ക്കുംവേണ്ടി സമർപ്പിക്കുകയാണ്. കഴിഞ്ഞ ദിവസം അന്തരിച്ച മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ എം.ടി. വാസുദേവൻ നായരുടെ 'നാലുകെട്ട്' എന്ന നോവലിന്റെ അവസാനഭാഗത്ത് കാറ്റും വെളിച്ചവും കടന്നുവരുന്നൊരു വീട് നിർമ്മിക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. അതുപോലെ ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ഈ ബജറ്റിനെയും കേരളത്തിലേയ്ക്ക് പ്രതീക്ഷയുടെ പുതിയ കാറ്റും വെളിച്ചവും കടന്നുവരാനുള്ള നിർദേശങ്ങളായിട്ടാണ് ഞാൻ കാണുന്നത്. കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്തായ മനുഷ്യവിഭവശേഷിയെ നല്ലരീതിയിൽ ഉപയോഗിക്കാനും വർധിപ്പിക്കാനും സാധിച്ചാൽ നിലവിലെ പ്രതിസന്ധികളെ നമുക്ക് അതിജീവിക്കാൻ സാധിക്കും. ഭരണഘടന വാഗ്ദാനം ചെയ്യുന്ന സംസ്ഥാനത്തിന്റെ അവകാശങ്ങൾ കേന്ദ്രസർക്കാർ ദിവസേന വെട്ടിക്കുറയ്ക്കുകയാണ്. കോവിഡും പ്രകൃതിദുരന്തങ്ങളും കേന്ദ്ര സർക്കാരിന്റെ അനീതിയും സൃഷ്ടിച്ച കഷ്ടങ്ങളും നഷ്ടങ്ങളും നിറഞ്ഞുനിൽക്കുമ്പോഴും അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് പിണറായി സർക്കാർ

മുന്നോട്ടുപോകുന്നത് നമ്മുടെ നാടിന്റെ നന്മയ്ക്കുവേണ്ടിയാണ്. അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറുകയാണ്. നാലര ലക്ഷം കുടുംബങ്ങൾക്ക് അടച്ചുറപ്പുള്ള വീടുകൾ നിർമ്മിച്ചുനൽകാൻ പിണറായി സർക്കാരിന് സാധിച്ചു. ഒരു ലക്ഷം വീടുകൾ കൂടി ഉടൻ യാഥാർഥ്യമാകുകയാണ്. കേരളം പിറവിയെടുത്തതിനുശേഷം ആദ്യമായി 558000 ഹെക്ടർ ഭൂമിയിൽ ഡിജിറ്റൽ സർവെ പൂർത്തിയാക്കി. മാലിന്യക്കൂമ്പാരങ്ങളില്ലാത്ത സംസ്ഥാനമായി കേരളം മാറുകയാണ്. കഴിഞ്ഞ മൂന്നര വർഷം കൊണ്ട് 275000 വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചു. നിക്ഷേപ സൗഹൃദാന്തരീക്ഷം മെച്ചപ്പെട്ട് വരികയാണ്. ഇതിനാവശ്യമായ പശ്ചാത്തലസൗകര്യം കിൻഫ്ര, കെ.എസ്.ഐ.ഡി.സി. മുതലായവ മുഖേന നമുക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ കുത്തുപറമ്പിലെ നവോദയക്കുന്നിൽ ഭൂമി ഏറ്റെടുക്കുന്നതിന് കിൻഫ്ര നടപടിയാരംഭിച്ച് വർഷങ്ങളായെങ്കിലും ഇതുവരെ പൂർത്തിയായില്ല. അതിനാൽ ഈ ഭൂമി പരിവർത്തനപ്പെടുത്താനോ ക്രയവിക്രയം നടത്താനോ കൃഷി ചെയ്യാനോ കർഷകർക്കും ഭൂവുടമകൾക്കും

സാധിക്കുന്നില്ല. ഇത് പരിഹരിക്കാനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് വിനയപൂർവം അഭ്യർഥിക്കുകയാണ്. ദേശീയപാത മുതൽ ഗ്രാമീണപാതകൾ വരെയുള്ള റോഡ് ശൃംഖല, ഗെയിൽ പൈപ്പ്ലൈൻ, വൈദ്യുതി പ്രസരണ സംവിധാനം, വിഴിഞ്ഞം തുറമുഖം, വിമാനത്താവള വികസനം, ദേശീയ ജലപാത തുടങ്ങി പശ്ചാത്തലമേഖലയിൽ കഴിഞ്ഞ എട്ടുവർഷംകൊണ്ട് വലിയ വികസനം നടപ്പാക്കാൻ സാധിച്ചു. ടൂറിസം മേഖലയിലെ പരിഷ്കാരങ്ങൾ കാരണം ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർധനവുണ്ടായി. എന്റെ നിയോജകമണ്ഡലമായ കുത്തുപറമ്പിൽ നരിക്കോട് മല-വാഴമല ഇക്കോ ടൂറിസം പദ്ധതിക്ക് നടപടി ആരംഭിച്ചിട്ടുണ്ട്. പഴശ്ശി കാനനപാത അടങ്ങിയ പ്രസ്തുത ടൂറിസം പദ്ധതി യാഥാർഥ്യമാകുന്നതോടുകൂടി ഈ മലയിലേയ്ക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാധിക്കും. അതിനാൽ ഈ ടൂറിസം പദ്ധതി പൂർത്തീകരിക്കാനാവശ്യമായ നടപടിയുണ്ടാകണം. 'ന്യൂ ഇന്നിങ്സ്' പദ്ധതിയിലൂടെ പുതിയ സംരംഭങ്ങളും വ്യവസായങ്ങളും ആരംഭിക്കുന്നതിന് മുതിർന്ന പൗരന്മാരുടെ അനുഭവവും സേവനവും ഉപയോഗപ്പെടുത്തുകയാണ്.

കേരളത്തിലെ കാർഷിക-കൈത്തറി മേഖലകളെ സമൃഷ്ടമാക്കിയ വിദഗ്ധ തൊഴിലാളികളുടെ അഭാവം ഈ മേഖലകളെ സാരമായി ബാധിച്ചിട്ടുണ്ട്. അതിനാൽ കാർഷിക-കൈത്തറി മേഖലകളിലും വിദഗ്ധരായ കർഷകരുടെയും തൊഴിലാളികളുടെയും അനുഭവങ്ങളും സേവനങ്ങളും ഉപയോഗപ്പെടുത്താൻ നമുക്ക് സാധിക്കണം. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമി തരം മാറ്റുന്നതിനെക്കുറിച്ച് ഇന്നലെ സൂചിപ്പിച്ചു. ഭൂമി തരം മാറ്റത്തിലൂടെ ഫീസായി ലഭിച്ച 1510 കോടി രൂപ കാർഷിക വികസനത്തിനുവേണ്ടി ഉപയോഗിക്കണം. വളരെ ഗൗരവത്തോടുകൂടിയാണ് ഇക്കാര്യം പറയുന്നത്. ക്ഷീര-കൈത്തറി മേഖലകളെ സംരക്ഷിക്കാൻ മതിയായ സബ്സിഡിയും നിലവിലെ കുടിശ്ശികയും നൽകാൻ നടപടി സ്വീകരിക്കണം. വന്യജീവികളുടെ ആക്രമണംമൂലം കാർഷിക മേഖലയിൽ നിരാശയും കണ്ണീരുമാണ്. കണ്ണുനീർ കുടിച്ചും ദാരിദ്ര്യം തിന്നും ജീവിക്കുന്ന പാവപ്പെട്ട കർഷകരെ സംരക്ഷിക്കാൻ പ്രത്യേക പാക്കേജ് നടപ്പാക്കുന്നത് നന്നായിരിക്കും. സമ്പൂർണ്ണ സാക്ഷരതയുള്ള നാട്ടിൽ സമ്പൂർണ്ണ മണ്ണ് സാക്ഷരത അനിവാര്യമാണ്.

കർഷകത്തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും നൂതന കാർഷിക സമ്പ്രദായം യുവതലമുറയെ പഠിപ്പിക്കുന്നതിനുംവേണ്ടി കേരളത്തിലാദ്യമായി കൂത്തുപറമ്പിലാണ് ബയോ റിസോഴ്സ്-കം-അഗ്രോ സർവീസ് സെന്റർ ആരംഭിച്ചത്. അതുപോലെ യങ് ജനറേഷൻ പവർ ടില്ലർ നിർമ്മിക്കാൻ വേണ്ടി വലിയവെളിച്ചത്ത് കാംകോ (കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്)-യുടെ ഒരു യൂണിറ്റും ആരംഭിച്ചിരുന്നു. എന്നാൽ ഈ രണ്ട് സ്ഥാപനങ്ങളും നിലവിൽ നല്ല നിലയിലല്ല മുന്നോട്ടുപോകുന്നത്. അതുകൊണ്ട് ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഇന്ന് ഇ-ലേണിങ്ങിന്റെ കാലമാണ്. കമ്പ്യൂട്ടർ പഠനം എൽ.പി. സ്കൂൾ മുതൽ ആരംഭിക്കാനായി 20 വർഷങ്ങൾക്കുമുമ്പ് ഞാൻ പ്രതിനിധീകരിച്ച പെരിങ്ങളം നിയോജകമണ്ഡലത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കമ്പ്യൂട്ടർ വിതരണം ചെയ്തിരുന്നു. 2023-24 വർഷംവരെ എന്റെ മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ വിദ്യാർഥികൾക്ക് പഠിക്കാൻ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കമ്പ്യൂട്ടർ നൽകിയിരുന്നു. അവസാനത്തെ കമ്പ്യൂട്ടർ

വിതരണം ചെയ്തത് ഒരു എയ്ഡഡ് വിദ്യാലയത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിലായിരുന്നു. എന്നാൽ ആ വിദ്യാലയത്തിൽനിന്നും ഏതാനും മീറ്റർ അകലെയുള്ള മറ്റൊരു എയ്ഡഡ് വിദ്യാലയത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കമ്പ്യൂട്ടർ വാങ്ങാൻ നൽകിയ അപേക്ഷ നിരസിച്ചിരിക്കുകയാണ്. അവിടെ ചലഞ്ച് ഫണ്ടിന്റെ സാധ്യത ഉപയോഗപ്പെടുത്തണമെന്നാണ് പറയുന്നത്. എട്ടുമാസത്തിനിടയ്ക്കാണ് ഈ മാറ്റങ്ങളുണ്ടാകുന്നത്. ഇത് വിവേചനമാണ്. കമ്പ്യൂട്ടർ പഠനത്തിന് എം.എൽ.എ. ഫണ്ട് വിനിയോഗിക്കാനുള്ള മുൻകാല കീഴ്വഴക്കം തുടർന്നുകൊണ്ടുപോകാൻ അങ്ങ് മുൻകൈയെടുക്കണം. സ്കൂൾ അധ്യാപകരുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി ഒരു പുതിയ പദ്ധതി നടപ്പാക്കുമെന്ന നിർദേശത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം ആവശ്യത്തിന് കുട്ടികളില്ലാത്ത വിദ്യാലയങ്ങളിൽ നിരവധി വർഷങ്ങളായി തുച്ഛമായ ദിവസവേതനത്തിൽ ജോലി ചെയ്യുവരുന്ന അധ്യാപകസമൂഹത്തോട് കരുണ കാണിക്കണമെന്നും അഭ്യർഥിക്കുകയാണ്. കണ്ണൂരിൽ ഹജ്ജ് ഹൗസ് സ്ഥാപിക്കുന്നതിന് 5 കോടി രൂപ അനുവദിച്ച

നടപടിയെ വളരെയധികം അഭിനന്ദിക്കുന്നു. കേരളത്തിന്റെ സാമൂഹ്യ പരിഷ്കർത്താവായ വാഗ്ഭടാനന്ദ ഗുരുദേവരുടെ ജന്മനാടായ പാട്യത്ത് അദ്ദേഹത്തിന്റെ പേരിൽ ഒരു സാംസ്കാരികകേന്ദ്രം സ്ഥാപിക്കാനും കൂത്തുപറമ്പിൽ ജെൻഡർ കോംപ്ലക്സ് സ്ഥാപിക്കാനുമുള്ള നടപടി മന്ദഗതിയിലാണ്. ഇതിന്റെ പ്രവർത്തനം ഈ വർഷം തന്നെ പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. പ്രശസ്ത സാഹിത്യകാരൻ എം.ടി. വാസുദേവൻ നായർക്ക് തിരുർ തുഞ്ചൻപറമ്പിനോട് ചേർന്ന് സ്മാരകം നിർമ്മിക്കാൻ തുക വകയിരുത്തിയ നടപടിയെ അഭിനന്ദിക്കുന്നു. എം.ടി. ദീർഘകാലം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത സാഹിത്യനഗരി കൂടിയായ കോഴിക്കോടുംകൂടി ഉചിതമായ സ്മാരകം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്. അനുദിനം വർധിച്ചുവരുന്ന ഡയാലിസിസ് രോഗികളുടെ ദയനീയാവസ്ഥ പരിഹരിക്കാനുള്ള സർക്കാരിന്റെ നടപടിയെ വളരെയധികം ശ്ലാഘിക്കുന്നു. കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കാനും

അതിനുവേണ്ടി ഫണ്ട് അനുവദിക്കാനും നടപടി സ്വീകരിക്കണം. കിടപ്പുരോഗികളെ പരിചരിക്കുന്നവർക്കുള്ള സർക്കാർ ധനസഹായം സമയബന്ധിതമായി നൽകാൻ നടപടിയുണ്ടാകണം. സർക്കാർ നടപ്പാക്കിയ മെഡിസെപ് പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പണരഹിത ചികിത്സാ സേവനത്തിന് പുത്തൻ മാതൃക സൃഷ്ടിക്കാനും കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാനും സാധിക്കണം. ഈ സർക്കാർ ക്ഷേമത്തിനും വികസനത്തിനും ഒരുപോലെ ശ്രദ്ധചെലുത്തിയാണ് മുന്നോട്ടുപോകുന്നത്. എന്നാൽ കിഫ്ബി, എം.എൽ.എ. ഫണ്ട് എന്നിവ വിനിയോഗിച്ച് നടപ്പാക്കുന്ന ചില പ്രവൃത്തികൾക്ക് സാങ്കേതിക കാരണങ്ങളാൽ കാലതാമസം നേരിടുകയാണ്. ഞങ്ങൾ ഡി.ഡി.സി. (ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റി) യോഗത്തിൽ പോയാലും പലപ്പോഴും ഇതിനെക്കുറിച്ച് ഉന്നയിക്കാറുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് മുഖാന്തരം നടപ്പാക്കുന്ന റോഡ് വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന സ്ഥിതി വരികയാണ്. ഇത് പരിഹരിക്കാനുള്ള നടപടികൾ നിർബന്ധമായും അങ്ങയുടെ

ഭാഗത്തുനിന്നുമുണ്ടാകണം. എന്റെ നിയോജകമണ്ഡലത്തിലെ കുത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി കെട്ടിട നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടും നടപടികൾ മന്ദഗതിയിലാണ് നീങ്ങുന്നത്. പത്മവിഭ്രഷൺ പുരസ്കാര ജേതാവായ പ്രശസ്ത ചിത്രകാരൻ കെ. ജി. സുബ്രഹ്മണ്യത്തിന്റെ നാടായ കുത്തുപറമ്പിൽ അദ്ദേഹത്തിന്റെ ഓർമ്മ പുതുക്കുന്നതിനും നിലനിർത്തുന്നതിനുമായി ഒരു ചിത്രകലാ മ്യൂസിയം സ്ഥാപിക്കണമെന്ന അവിടത്തെ നാട്ടുകാരുടെ അഭ്യർഥന കണക്കിലെടുത്ത് അതിനായി ഫണ്ട് നീക്കിവയ്ക്കണമെന്ന് കുറേക്കാലമായി ആവശ്യപ്പെടുകയാണ്. എന്നാൽ അതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിരുന്നെങ്കിലും ഇതുവരെയും മറ്റ് നടപടികളൊന്നുമുണ്ടായില്ല. അത് നിർബന്ധമായും നടപ്പാക്കണമെന്നുള്ള അഭ്യർഥനകൂടിയുണ്ട്. ക്ഷേമവും വികസനവും നടപ്പാക്കുന്ന ഈ ബജറ്റിനെ പിന്തുണയ്ക്കാൻ പ്രതിപക്ഷവും തയ്യാറാകണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഒരുവട്ടംകൂടി ബജറ്റിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

4.00 p.m]

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. ഈ ബജറ്റിനെ സംബന്ധിച്ച്

പ്രതിപക്ഷാംഗങ്ങൾ നടത്തിയ പ്രസംഗം ഞാൻ പരമാവധി ശ്രദ്ധയോടുകൂടി കേൾക്കുകയായിരുന്നു. അപ്പോഴാണ് പണ്ട് വായിച്ച ഏതാനും പുസ്തകങ്ങളുടെ ഓർമ്മ വന്നത്. യവന ഇതിഹാസ കഥകളിലെ മുഖ്യ കഥാപാത്രമാണ് പ്രോമിത്യൂസ്. അദ്ദേഹം അസുരവംശത്തിൽ ജനിച്ച ആളാണെങ്കിലും ദൈവത്തിന്റെ കല്പനപ്രകാരം യുദ്ധത്തിൽ പങ്കെടുക്കുകയും ദൈവത്തിന്റെ ഭാഗമായി മാറുകയും ചെയ്തു. അമരത്തേയ്ക്ക് ഉയർത്തിയ പ്രോമിത്യൂസിന് പിൽക്കാലത്ത് ധാരാളം ജീവിത പീഡനങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. കശാപ്പുചെയ്ത കാളയുടെ മാംസം ഒരു പെട്ടിയിലും എല്ലിന്റെ കഷണങ്ങൾ മറ്റൊരു പെട്ടിയിലും വച്ച് ദൈവത്തോട് എടുക്കാൻ പറഞ്ഞപ്പോൾ ദൈവം എടുത്തത് അസ്ഥികൂടങ്ങൾ നിറച്ച പെട്ടിയായിരുന്നു. മനുഷ്യൻ പച്ചമാംസം കഴിച്ച് ജീവിച്ചാൽ മതിയെന്ന് ദൈവം കല്പിക്കുകയാണ്. എല്ലിന്റെ കഷണങ്ങൾ എടുത്തുപോയതിന്റെ പേരിൽ ശിക്ഷ അനുഭവിക്കേണ്ടി വന്നത് പിൽക്കാലത്ത് പ്രോമിത്യൂസായിരുന്നു. പച്ചമാംസം വേവിച്ച് കഴിക്കാൻ മനുഷ്യന് അഗ്നിയെ പരിചയപ്പെടുത്തിക്കൊടുത്തത് പ്രോമിത്യൂസായിരുന്നു. അതുമനസ്സിലാക്കിയ ദൈവം അദ്ദേഹത്തെ ശപിച്ചു. കാക്കസസ് മലനിരയിൽ

അദ്ദേഹത്തെ തടവറയിൽ പാർപ്പിച്ചു. പകൽ സമയത്ത് കഴുകൻ അദ്ദേഹത്തിന്റെ കരൾ കൊത്തിക്കീറുകയും രാത്രിയിൽ ആ കരൾ പുനർജനിക്കുകയും ചെയ്യുമായിരുന്നു. നീണ്ട മുപ്പതുവർഷത്തിനുശേഷം ഹെർക്കുലീസ് വന്ന് അദ്ദേഹത്തെ മോചിപ്പിച്ചതായ ഇതിഹാസ കഥയാണ് യവന സാഹിത്യത്തിൽ നമ്മൾ വായിക്കുകയും പഠിക്കുകയും ചെയ്തിട്ടുള്ളത്. കേരളത്തിലെ സാധാരണ ജനങ്ങൾക്കുവേണ്ടി ഇടതുപക്ഷം നടത്തുന്ന പ്രവർത്തനങ്ങളെ എത്രകണ്ട് യാഥാർഥ്യബോധത്തോടുകൂടിയാണ് പ്രതിപക്ഷം വിലയിരുത്തുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അവരുടെ വിമർശനം കേൾക്കുമ്പോൾ അതാണ് എനിക്ക് തോന്നുന്നത്. കേന്ദ്രസർക്കാരിന്റെ കടുത്ത അവഗണന, സാമ്പത്തിക ഉപരോധം, ചരക്കുസേവന നികുതിപോലുള്ള വരുമാന കേന്ദ്രീകരണ നീക്കങ്ങൾ എന്നിവയാണ് സംസ്ഥാന സാമ്പത്തിക പ്രതിസന്ധിയുടെ പ്രധാന ഘടകമായി മാറിയത്. അതോടൊപ്പം നാം നേരിട്ട മഹാമാരി, അസാധാരണ ദുരന്തങ്ങൾ എന്നിവ പ്രതിസന്ധിയുടെ ആക്കം കൂട്ടുകയായിരുന്നു. എന്നാൽ തനത് നികുതി വരുമാനം വർധിപ്പിച്ചും അനാവശ്യ ചെലവുകൾ

ഒഴിവാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചുമാണ് കേരളം പിടിച്ചുനിൽക്കുന്നതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് പ്രസംഗത്തിലെ ആമുഖത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 2020-21-ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 47,660 കോടി രൂപയായിരുന്നു. അത് 2024-25 സാമ്പത്തികവർഷം കഴിയുമ്പോഴേക്കും 81,000 കോടി രൂപയാകുമെന്നും നാലുവർഷംകൊണ്ട് 70 ശതമാനത്തിന്റെ വർധനവുണ്ടാകുമെന്നും കേരളം മെച്ചപ്പെട്ട ധനമാനേജ്മെന്റിലാണെന്നും അദ്ദേഹം ബജറ്റിലൂടെ വ്യക്തമാക്കിയിരിക്കുകയാണ്. കേന്ദ്രം സംസ്ഥാനത്തിന് നൽകേണ്ട വിഭവ കൈമാറ്റത്തിൽ 50,000 കോടി രൂപയിലധികം വെട്ടിക്കുറച്ചിട്ടും നമ്മൾ പിടിച്ചുനിന്നു. അടിസ്ഥാന സൗകര്യ വികസന രംഗത്ത് പണം നിക്ഷേപിക്കുന്നതിൽ ധനകാര്യ വകുപ്പ് ലക്ഷ്യബോധത്തോടെയാണ് പ്രവർത്തിക്കുന്നതെന്ന് നമുക്കറിയാം. കൊച്ചി മെട്രോ റെയിലിന്റെ വികസനം ഉറപ്പാക്കുമെന്നും തിരുവനന്തപുരം മെട്രോ റെയിലിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്ക് 2025-26 സാമ്പത്തിക വർഷംതന്നെ തുടക്കം കുറിക്കുമെന്നും ബജറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്.

വികസനത്തിന്റെയും ആസൂത്രണത്തിന്റെയും പുതിയ ഭാവനയും സങ്കല്പങ്ങളും യാഥാർഥ്യമാക്കുന്നതാണ് ഭവന പദ്ധതികൾ. സി. അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി, ഇപ്പോൾ നിലവിലുള്ള ലൈഫ് മിഷൻ, പുനർഗേഹം, സഹകരണ ഭവന പദ്ധതി എന്നിവയിലൂടെ ഭവനരഹിതരില്ലാത്ത കേരളം എന്നത് സാധ്യമാക്കുകയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം അടുത്ത സാമ്പത്തിക വർഷം 11 കോടിയോളം തൊഴിൽ ദിനങ്ങൾ കണ്ടെത്താനാവശ്യമായ നടപടി സ്വീകരിക്കുമെന്നും നിയമപ്രകാരമുള്ള 100 തൊഴിൽദിനങ്ങൾ നൽകുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം നഗര മേഖലയിൽ തൊഴിൽ നൽകുന്നതിന് 180 കോടി രൂപ മാറ്റിവച്ചു. ആരോഗ്യമേഖല സാധാരണക്കാർക്ക് കൈത്താങ്ങാകുകയാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി 700 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. അതുപോലെ റോഡുകൾ, പാലങ്ങൾ എന്നിവയ്ക്കുള്ള തുകയും മാറ്റിവച്ചു. വയോജനങ്ങൾ,

കുട്ടികൾ, സ്ത്രീകൾ തുടങ്ങിയവർക്ക് സേവനവും സുരക്ഷയും ക്ഷേമവും നൽകുന്നതിനാവശ്യമായ പ്രത്യേക പരിഗണനകളും ബജറ്റിൽ നിർദേശിക്കുന്നുണ്ട്.

ഇന്ത്യയെപ്പോലെതന്നെ കേരളവും ഒരു കാർഷിക സമ്പദ്ഘടനയ്ക്ക് പ്രാധാന്യമുള്ള സംസ്ഥാനമാണ്. കേരപദ്ധതി, നെൽകൃഷി വികസനം, ജലസംരക്ഷണ പ്രവർത്തനം, മൃഗസംരക്ഷണ മേഖല, ക്ഷീരവികസനം എന്നിവ മുഖേന ഉൽപാദനക്ഷമത കൈവരിക്കാൻ കാർഷിക രംഗത്ത് ശക്തമായ നീക്കങ്ങൾ നടത്തുമെന്ന് ബജറ്റ് നിർദേശങ്ങളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള വിപണി ഇടപെടലിനുവേണ്ടി 2063 കോടി രൂപ മാറ്റിവച്ചതായാണ് കാണുന്നത്. നാം നേരിടുന്ന സമകാലിക പ്രശ്നമായ വന്യജീവി-മനുഷ്യ സംഘർഷങ്ങൾക്ക് വിരാമമിടാനും പ്രത്യേക പാക്കേജ് കൊണ്ടുവരുന്നുണ്ട്. ആ രംഗത്ത് പുതിയ പഠനം ആവശ്യമുണ്ട്. മനുഷ്യശേഷിയുടെ ഗുണമേന്മ ഉറപ്പാക്കാത്ത ലോക രാജ്യങ്ങൾക്കൊന്നും സാമ്പത്തിക വികസനം സാധ്യമാകില്ല. ഈ യാഥാർഥ്യം ശരിയായ വിധത്തിൽ തിരിച്ചറിയാതെയാണ് ഇന്ത്യ ഒരു ലോക

സാമ്പത്തിക ശക്തിയായി അതിവേഗം രൂപാന്തരപ്പെടുകയാണെന്ന് വീമ്പിളക്കുന്നത്. ദേശീയതലത്തിൽ മതിയായ വിദ്യാഭ്യാസ നിലവാരമോ ആരോഗ്യ സംരക്ഷണമോ ഇല്ലാത്തൊരു അധ്വാന ശക്തിയായിട്ടും ആഗോള സാമ്പത്തിക ശക്തി എന്ന പദവിക്കായി പരിശ്രമം നടത്തിവരുന്ന ഏക ലോകരാജ്യം ഇന്ത്യയാണെന്ന് സാമ്പത്തികശാസ്ത്ര നോബൽ സമ്മാനജേതാവ് ഡോ. അമർത്യാസെൻ വ്യക്തമാക്കുകയുണ്ടായി. എന്നാൽ കേരളം ആ വഴിക്കല്ല ചിന്തിക്കുന്നതെന്ന് കഴിഞ്ഞ ഒമ്പത് വർഷത്തെ സമീപനംകൊണ്ട് നമ്മൾ വ്യക്തമാക്കിയിരിക്കുകയാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, നൈപുണ്യ വിദ്യാഭ്യാസം, കായികക്ഷമത ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്നിവ സംസ്ഥാനത്ത് നടപ്പാക്കിവരികയാണ്. കേരളത്തിൽ വ്യവസായം വരില്ലെന്നും അതിന് അന്ത്യം കുറിച്ചുവെന്നും പ്രചരിപ്പിച്ചിരുന്നു. എന്നാൽ ആ പ്രചാരണത്തിന്റെ അന്ത്യം കുറിക്കുകയാണ് ചെയ്തത്. സംരംഭക ക്യാമ്പയിനിലൂടെ മൂന്നുലക്ഷത്തിലധികം സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ നിലവിൽവന്നു. എന്റെ നിയോജകമണ്ഡലമായ പാറശ്ശാലയിൽ 2807 സംരംഭങ്ങൾ ആരംഭിച്ചതിലൂടെ 4584 പേർക്ക് തൊഴിൽ നൽകാൻ

സാധിച്ചുവെന്ന് അഭിമാനത്തോടുകൂടി പറയുകയാണ്. കേരളത്തിൽ ഐ.ടി. പ്രൊഫഷണലുകളുടെ എണ്ണം വർധിക്കുകയും ആ മേഖലയിൽ ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപമുണ്ടാകുകയും ചെയ്തു. ഇവയെല്ലാം വളർച്ചയുടെ ലക്ഷണങ്ങളാണ്. കേരളത്തിലെ അടിസ്ഥാന വികസന രംഗത്ത് കിഫ്ബി നിക്ഷേപിക്കുന്ന പണം വഴി ജനങ്ങളുടെ ജീവിതത്തിൽ വലിയ മാറ്റമാണ് വന്നുകൊണ്ടിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ 32 കി.മീ. നീളത്തിൽ മലയോര ഹൈവേയും അതിനോടനുബന്ധിച്ചുള്ള റോഡുകളും പൂർത്തിയാകുകയാണ്. കേരള-തമിഴ്നാട് അതിർത്തിയിലെ പാറശ്ശാല ആശുപത്രിയുടെ നിർമ്മാണം കിഫ്ബി ഫണ്ടിൽനിന്നും 50 കോടി രൂപ ചെലവഴിച്ച് പൂർത്തിയാകുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

സംസ്ഥാനത്തെ ഐ.ടി.ഐ.-കൾ അന്താരാഷ്ട്രതലത്തിലേക്ക് ഉയർന്നിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ധനുവച്ചപുരം ഐ.ടി.ഐ.-യെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തി. ഗോട്ട്ഫാം നവീകരിക്കാനും അതിന്റെ വളർച്ചയ്ക്കും വികസനത്തിനും ആവശ്യമായ

പ്രവർത്തനങ്ങൾ ആരംഭിക്കാനും കഴിഞ്ഞു. ബജറ്റിൽ 10 കോടി രൂപയാണ് ഗ്ലോബൽ ഡയറി വില്ലേജിനായി അനുവദിച്ചത്. ഡിജിറ്റൽ സർവെവഴി എല്ലാവർക്കും ഭൂമി എല്ലാവർക്കും ഭൂരേഖ എന്ന സ്വപ്നം യാഥാർഥ്യമാകുകയാണ്. എല്ലാവർക്കും പട്ടയം നൽകിക്കൊണ്ട് ഭൂമിയുടെ ഉടമകളാക്കുന്ന പ്രവർത്തനം ത്വരിതപ്പെടുത്തണം. സഹകരണ മേഖലയിൽ ഒരു സഹകാരി യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനാകുമോയെന്ന് ആലോചിക്കണം. അടുത്തകാലത്ത് ജോർദാനിൽ വച്ചുനടന്ന ഏഷ്യാ പസഫിക് കോ-ഓപ്പറേറ്റീവ് മിനിസ്റ്റേഴ്സ് കോൺഫറൻസിൽ കേരളത്തിലെ സഹകരണ വകുപ്പുമന്ത്രി പങ്കെടുത്ത വാർത്ത ശ്രദ്ധയിൽപ്പെട്ടു. അതിൽ കേരളത്തിലെ സഹകരണ മേഖലയുടെ പ്രവർത്തനത്തിന് വലിയ അംഗീകാരം ലഭിച്ചതായി മനസ്സിലാക്കാൻ സാധിച്ചു. ഇന്ത്യയുടെ സഹകരണ മേഖലയുടെ ആകെ നിക്ഷേപത്തിൽ 50 ശതമാനത്തിലേറെ നിക്ഷേപമുള്ള ഏക സംസ്ഥാനമാണ് കേരളം. കേരള സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഗവേഷണവും ശാസ്ത്രീയമായ പഠനവും ഇടപെടലും ആവശ്യമാണ്. കേന്ദ്രമന്ത്രി ശ്രീ. അമിത് ഷായുടെ

നേതൃത്വത്തിൽ ഗുജറാത്തിൽ തൃിട്ടവൻ സഹകാരി യൂണിവേഴ്സിറ്റി ആരംഭിക്കാനുള്ള നടപടി പൂർത്തീകരിച്ചുവരികയാണ്. സഹകാരി യൂണിവേഴ്സിറ്റിക്ക് വലിയ സാധ്യതയുള്ള ഒരു സംസ്ഥാനമാണ് കേരളമെന്നതിനാൽ അതിനായുള്ള നീക്കം ആരംഭിക്കണമെന്ന് അഭ്യർഥിക്കുകയാണ്. തിരുവനന്തപുരം ജില്ലയുടെ വികസനത്തിനായി കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു. വിഴിഞ്ഞം പദ്ധതി യാഥാർഥ്യമായി. എന്നാൽ രണ്ട് സംസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന കരമന-കളിയിക്കാവിള റോഡിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് കനിഞ്ഞ് അനുഗ്രഹിക്കണമെന്ന് അഭ്യർഥിക്കുകയാണ്, ആ മേഖലയിൽ വലിയ മാറ്റം കൊണ്ടുവരാൻ ഈ പദ്ധതിക്ക് സാധിക്കും. ബാലരാമപുരം മുതൽ കളിയിക്കാവിള വരെയുള്ള റോഡുകൂടി നന്നാക്കിയെടുത്താൽ ആ നാട്ടിലുണ്ടാകുന്ന മാറ്റം ചെറുതായിരിക്കില്ല. മറുപടി പ്രസംഗത്തിലെങ്കിലും അതിനുള്ള പ്രഖ്യാപനമുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. സ്വതന്ത്ര ഇന്ത്യയിൽ ഇതുവരെ 73 പൂർണ്ണ ബജറ്റുകളും 14 ഇടക്കാല ബജറ്റുകളും 4 മിനി ബജറ്റുകളും അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്.

അതിൽത്തന്നെ 7 പൂർണ്ണ ബജറ്റുകളും ഒരു ഇടക്കാല ബജറ്റും അവതരിപ്പിച്ച് ശ്രീമതി നിർമ്മലാ സീതാരാമൻ ഒന്നാമതെത്തി എന്ന കാര്യത്തിൽ അഭിമാനിക്കാം. പക്ഷേ ഇത്തവണത്തെ ബജറ്റിലൂടെ ഭൂരിപക്ഷജനതയ്ക്കുണ്ടായ നേട്ടമെന്താണ്? ഏത് ബജറ്റിലൂടെയും എന്തെങ്കിലുമൊക്കെ നേട്ടങ്ങൾ ജനങ്ങൾക്കുണ്ടാകും, പൊതുസമൂഹത്തിന് എന്തെങ്കിലും ചെറിയ നേട്ടങ്ങൾ കിട്ടുകയും ചെയ്തിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെയും ചൈന ഉൾപ്പെടെയുള്ള മറ്റ് രാജ്യങ്ങളുടെയും സ്ഥിതി പരിശോധിച്ചാൽ ഇന്ത്യയുടെ അവസ്ഥ എത്രമാത്രം ദയനീയമാണെന്ന് കാണാൻ കഴിയും. ഈ സാമ്പത്തിക വർഷത്തെ രാജ്യത്തിന്റെ മൊത്തം വരവ് 34.95 ലക്ഷം കോടി രൂപയും ചെലവ് 50.65 ലക്ഷം കോടി രൂപയുമാണ്. ഈ ഒരു വർഷംമാത്രം 15.69 ലക്ഷം കോടി രൂപ കേന്ദ്രഗവൺമെന്റ് കടം വാങ്ങണം. ലോകത്തിലെ 193 രാജ്യങ്ങളിൽ ഏറ്റവും വേഗത്തിൽ കടം കൂതിച്ചുയരുന്ന രാജ്യം ഇന്ത്യയാണെന്ന കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. രാജ്യത്തെ മൊത്തം വരുമാനത്തിന്റെ 37 ശതമാനം തുക പലിശ അടവിനായിമാത്രം മാറ്റിവയ്ക്കുന്ന സ്ഥിതിയിലേക്ക് നമ്മുടെ രാജ്യം എത്തിയിരിക്കുന്നു. ആ രാജ്യമാണ്, നിങ്ങൾ

കടമെടുക്കുന്നതെന്തിനാണെന്ന് നമ്മുടെ സംസ്ഥാനത്തോട് ചോദിക്കുന്നത്; ഇതാണ് നിലവിലെ അവസ്ഥയെന്ന് പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഈ ബജറ്റിനെ ഞാൻ എതിർക്കുന്നു. വർണ്ണമനോഹരമായ കാഴ്ചകളുള്ള, അതായത് മദ്യം, തേൻ, പാൽ ഇവയൊക്കെ ഒഴുകുന്നതും മദിരാക്ഷികളുള്ളതുമായ ഒരു ചിത്രം ആലേഖനം ചെയ്ത ഒരു LED Wall നരകത്തിന്റെ മുമ്പിൽ സ്ഥാപിച്ചു. ആ ചിത്രം കണ്ട് നരകം സ്വീകരിക്കുകയാണെന്ന് അവിടെ എത്തപ്പെട്ട ഒരാൾ പറഞ്ഞു. എന്നാൽ അതിനകത്ത് ചെന്നപ്പോൾ, പാമ്പും തേളും തീയും വറചട്ടിയിൽ ആളുകളെ വറുക്കുന്നതുമൊക്കെയാണ് അദ്ദേഹം കണ്ടത്. അവിടെനിന്നും തിരിച്ചുവന്നിട്ട് അദ്ദേഹം കാവൽക്കാരനോട്, "നിങ്ങളുടെ LED Wall-ൽ കാണിച്ച കാര്യങ്ങളുമായി അകത്ത് യാതൊരു ബന്ധവുമില്ലല്ലോ" എന്ന് ചോദിച്ചു. ഉടൻ കാവൽക്കാരൻ പറഞ്ഞത്, "നരകത്തിലേക്ക് ആളെ കിട്ടുന്നതിനുള്ള ഒരു പി.ആർ. വർക്ക് മാത്രമാണ് അത്" എന്നാണ്. വളരെ മനോഹരമായ ഒരു LED Wall ആണ് ഈ ബജറ്റിന്റെ മുഖചിത്രമെങ്കിലും

ഇതിനുള്ളിലെ കാര്യങ്ങൾ നരകസമാനമാണ്. ഭ്രൂനികൃതി 50 ശതമാനം വർധിപ്പിച്ചുകൊണ്ട് പാവപ്പെട്ടവന്റെ നട്ടെല്ലൊടിക്കുകയാണ്. പെട്രോൾ വിലവർധനമൂലമാണ് ആളുകൾ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നത്. ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നുവെന്ന് പറയുകയും അതിനുശേഷം അതിന്റെ നികുതി കൂട്ടുകയും ചെയ്യുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 1800 കോടി രൂപയുടെ കുടിശ്ശികയുണ്ട്, എന്നാൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് കേവലം 700 കോടി രൂപ മാത്രമാണ്, അതിനർഥം പാവപ്പെട്ടവൻ നാളെയും പ്രൈവറ്റ് മെഡിക്കൽ ഷോപ്പുകളിൽനിന്നുതന്നെ മരുന്ന് വാങ്ങണമെന്നാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഒരു ഇഞ്ചുപോലും മുന്നോട്ടുപോയിട്ടില്ല; അതിൽ അല്പമെങ്കിലും വർധനയുണ്ടാകുമെന്ന് ജനങ്ങൾ പ്രതീക്ഷിച്ചു. കോക്ലിയർ ഇംപ്ലാന്റേഷന്റെ ആനുവൽ മെയിന്റനൻസ് കോൺട്രാക്ടിനുള്ള പണം വകയിരുത്തിയിട്ടില്ല. 650 കുട്ടികൾക്ക് കേൾവി ശക്തി ലഭിച്ചത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ ബജറ്റിൽ ആകെ പ്രതീക്ഷയുള്ള കാര്യം 'പാമ്പുവിഷബാധ ജീവഹാനി രഹിത കേരളം' പദ്ധതിയുടെ പ്രഖ്യാപനത്തിലാണ്, അതുകൊണ്ട് 5 വർഷത്തേയ്ക്ക്

ഇനി പാമ്പ് കടിക്കില്ല. പാമ്പുമായി ഉണ്ടാക്കിയ ധാരാണാപത്രം (MOU) അങ്ങ് മേശപ്പുറത്ത് വയ്ക്കണം. പാമ്പുവിഷബാധ ജീവഹാനി രഹിത കേരളം എന്നുപറയാൻ അല്പം ബുദ്ധിമുട്ടുള്ളതിനാൽ ആ പദ്ധതിയുടെ പേര് കെ-പാമ്പ് പദ്ധതി എന്ന് മാറ്റണമെന്നുകൂടി അഭ്യർഥിക്കുകയാണ്. ഇതുപോലെതന്നെയാണ് പട്ടികളുടെ വിഷയവും. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. ബഷീർ പറഞ്ഞതുപോലെ പട്ടികളുടെ വന്ധ്യംകരണം നടത്തിയിട്ടും കടിനിർത്തുന്നില്ല; ഒരു പിഞ്ചുകുഞ്ഞിനെ 5-10 പട്ടികൾ ചേർന്ന് കടിച്ചുകീറുന്ന ദൃശ്യം സോഷ്യൽ മീഡിയയിൽ നമ്മൾ കാണുകയാണ്. നോർത്ത് ഇന്ത്യയിൽ പശുക്കൾക്കായി ഗോശാലകൾ ഉണ്ടാക്കുന്നതുപോലെ ഇവയെ റീഹാബിലിറ്റേറ്റ് ചെയ്യുന്നതിനായി തെരുവുനായശാലകൾ തുടങ്ങുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം, അതിനും ആവശ്യമെങ്കിൽ കെ-പട്ടി പദ്ധതി എന്ന് പേരിടാം.

ബജറ്റുകൊണ്ട് ആകെ ഗുണമുണ്ടായത് ഇവിടെയുള്ള കോർപ്പറേറ്റുകൾക്കാണ്. 2024-ലെ ബജറ്റിലെ പ്രഖ്യാപനമായിരുന്ന വിദേശ/സ്വകാര്യ സർവകലാശാലകൾ സംസ്ഥാനത്ത് സ്ഥാപിക്കാം എന്ന

തീരുമാനം ഇന്നലെ ക്യാബിനറ്റ് കൈക്കൊണ്ടിട്ടുണ്ട്. ക്യാബിനറ്റ് ഇത്തരമൊരു തീരുമാനമെടുത്ത സ്ഥിതിക്ക് പോളിറ്റ് ബ്യൂറോയുമായി ബന്ധപ്പെട്ട് സി.പി.ഐ.(എം)-ന്റെ വെബ്സൈറ്റിൽ മാറ്റം വരുത്താൻ പറയണം. 76 ശതമാനം ഇപ്പോൾത്തന്നെ സ്വകാര്യ മേഖല കൊണ്ടുപോയെന്നും 33 ശതമാനം മാത്രമാണ് ഗവൺമെന്റ് സെക്ടറിലുള്ളതെന്നും അതിൽ പറയുന്നുണ്ട് "It is clearly indicated that professional and higher education sectors are already privatised" എന്ന് കാണിക്കുന്നുണ്ട്. മാത്രമല്ല, സ്വകാര്യ സർവകലാശാലയ്ക്ക് തീരുമാനമെടുക്കുമ്പോൾ സീതാറാം യെച്ചൂരിയുടെ ഓർമ്മയെങ്കിലും നിങ്ങൾക്ക് ഉണ്ടാകേണ്ടതായിരുന്നു. 'Trade in Educational Services' എന്ന തലക്കെട്ടിൽ 'പീപ്പിൾസ് ഡെമോക്രസി' എന്ന പത്രത്തിൽ അച്ചടിച്ചുവന്ന അദ്ദേഹത്തിന്റെ ലേഖനത്തിൽ വിദേശ/സ്വകാര്യ സർവകലാശാലകൾ നമ്മുടെ രാജ്യത്തേയ്ക്ക് വരുന്നതിനെതിരെ പറഞ്ഞിട്ടുണ്ട്. അതുപോലെ ബഹുമാനപ്പെട്ട എം. എ. ബേബിയും ഇക്കാര്യം പറഞ്ഞിട്ടുണ്ട്. 2010-ൽ വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ

പ്രൊഫ. സി. രവീന്ദ്രനാഥിന്റെ ചോദ്യത്തിന് അദ്ദേഹം കൊടുത്തിട്ടുള്ള മറുപടിയിൽ ഒരു കാരണവശാലും അത്തരത്തിലുള്ള പോളിസിയിലേക്ക് സി.പി.ഐ.(എം) പോകില്ലെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ 14 വർഷം കഴിഞ്ഞപ്പോഴാണ് ഇതെല്ലാമാകാം എന്ന് നിങ്ങൾക്ക് തോന്നിയത്; നിങ്ങൾ എപ്പോഴും 14 വർഷം പിന്നിലാണ്. ഞങ്ങളുടെ ഭരണകാലത്ത് എക്സ്പ്രസ്സ് ഹൈവേ പദ്ധതി കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ നിങ്ങൾ പറഞ്ഞത് Controlled-access highway ആയതിനാൽ പശുവിനെ റോഡ് മുറിച്ചുകടത്താൻ പറ്റില്ലെന്നാണ്. ഇപ്പോഴുള്ള റോഡ് പദ്ധതിയിലും Controlled-access highway ആണ്. നിങ്ങൾക്ക് എങ്ങനെയാണ് ഗോപാലന്റെ പശുവിനെ ആ റോഡ് മുറിച്ചുകടത്തി അപ്പുറത്തേയ്ക്ക് കൊണ്ടുപോകാൻ സാധിക്കുന്നത്? എന്നിട്ടും, നാലുവരിപ്പാതയാക്കിയെന്നൊക്കെ നിങ്ങൾ അഭിമാനത്തോടെ ഈ ബജറ്റിൽ പറയുകയാണ്. ഞങ്ങളുടെ കാലത്ത് ഇത്തരമൊരു പദ്ധതി പ്രാവർത്തികമാക്കാൻ ശ്രമിച്ചപ്പോഴുള്ള ന്യായം പശുവിനെ അപ്പുറം കടത്താൻ പറ്റില്ലെന്നാണ്. എന്നാൽ ആ പദ്ധതിയിൽ ഓരോ 500

മീറ്ററിനുള്ളിലും 'Cattle Pass' ഉണ്ടായിരുന്നു. ഇന്നത്തെ റോഡ് പദ്ധതിയിൽ അതില്ല. മാത്രമല്ല ഒരാൾക്ക് മൂത്രമൊഴിക്കാനാണെങ്കിൽപ്പോലും എവിടെ പോകണമെന്ന് മനസ്സിലാകാത്ത രീതിയിലുള്ള റോഡ് കൊണ്ടുവന്നിട്ട് നിങ്ങൾ അതിൽ അഭിമാനം കൊള്ളുന്നു, ഞങ്ങളും അഭിമാനം കൊള്ളുന്നു, കാരണം, 15 വർഷം കഴിഞ്ഞാണെങ്കിലും ഞങ്ങൾ പറഞ്ഞതിലേക്ക് നിങ്ങൾ എത്തിയല്ലോ? നിങ്ങൾ ട്യൂബ്‌ലൈറ്റ് പോലെയാണ്, കുറച്ച് കഴിഞ്ഞാലേ കത്തുകയുള്ളൂ, അതൊന്ന് മാറണം.

ബ്രൂവറി സംബന്ധിച്ചാണ് അടുത്തതായി പറയാനുള്ളത്, ബ്രൂവറി മനോഹരം! നിങ്ങൾക്കൊക്കെ ഓർമ്മയില്ലേ; പ്ലാച്ചിമട സമരനായകന്മാർ ഇപ്പോൾ ഇവിടെയുണ്ട്. പ്ലാച്ചിമടയിൽ വെള്ളം 'കോള' ആക്കുന്നതിനെതിരെയായിരുന്നു സമരം. ഇപ്പോൾ നിങ്ങൾ വെള്ളം വീഞ്ഞാക്കിയിരിക്കുന്നു. പ്രളയത്തിൽനിന്നും രക്ഷപ്പെടാൻ വെള്ളം വീഞ്ഞാക്കി അകത്താക്കുക എന്നുള്ളതാണ് ഏകമാർഗമെന്നാണ് നിങ്ങൾ പറയുന്നത്. അവിടെയുള്ള ജനങ്ങൾക്ക് വെള്ളം കുടിച്ച് മരിക്കാൻ പറ്റിയില്ലെങ്കിലും മദ്യം കഴിച്ച് മരിക്കാൻ പറ്റുമല്ലോ? മറ്റൊരു കാര്യം, എല്ലാ

സ്കോളർഷിപ്പുകളുടെയും തുക പകുതിയാക്കിയിരിക്കുകയാണ്. ജോസഫ് മുണ്ടശ്ശേരി, എ. പി. ജെ. അബ്ദുൾകലാം, മദർ തെരേസ എന്നിവരുടെ പേരിൽ പ്രഖ്യാപിച്ച എല്ലാ സ്കോളർഷിപ്പുകളും 50 ശതമാനമാക്കി മൈനോറിറ്റിയുടെ എല്ലാ അവകാശങ്ങളും എടുത്തുകളയുന്ന ഒരു സാഹചര്യമുണ്ടാക്കി. അതിനുശേഷം നിങ്ങൾ മറ്റുപലതും പ്രഖ്യാപിക്കുകയാണ്. എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകൾക്ക് തുക കൊടുക്കാതെ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. മാത്രമല്ല, ആ സ്കോളർഷിപ്പിനെ CM-KID Scholarship (Chief Minister's Knowledge Intelligence and Diligence Scholarship) എന്ന് പുനർനാമകരണം ചെയ്തിരിക്കുകയാണ്. അതുപോലെ C.M-Researchers Scholarship (CMRS) പദ്ധതിയുമുണ്ട്. ഇത്തരത്തിൽ എല്ലാ പദ്ധതികൾക്കും സി.എം.-ന്റെ പേര് ചേർക്കുന്നതിലൊരു നരേന്ദ്ര മോദി സിൻഡ്രോമുണ്ട്. എല്ലാ പദ്ധതികൾക്കും ശ്രീ. നരേന്ദ്ര മോദിയുടെ പേരുണ്ടാകണമെന്നും ഫോട്ടോയുണ്ടാകണമെന്നുമാണ് കേന്ദ്രസർക്കാരിന്റെ നയം. ഇതിനെക്കുറിച്ച് ശ്രീ. ആശിഷ് നന്ദി പറഞ്ഞിട്ടുള്ളത്, ഇത് ഓട്ടോക്രസിയുടെ ഭാഗമായിട്ടുള്ള സൈക്കോളജിക്കൽ പ്രശ്നമാണെന്നാണ്.

നമ്മുടെ മുഖ്യമന്ത്രിക്കും അങ്ങനെയുള്ള പ്രശ്നമുണ്ടെങ്കിൽ ഉടൻതന്നെ ചികിത്സിച്ച് ഭേദമാക്കണം. കാരണം, ഈ സിൻഡ്രോം നമുക്ക് പറ്റിയതല്ല. അദ്ദേഹത്തെ കൂടുക്കാൻവേണ്ടിയാണിത് ചെയ്തതെങ്കിൽ അവരെ നിലയ്ക്കുനിർത്താൻ തയ്യാറാകണം. കാരണം, ഇതിനെയൊരു അടവുനയത്തിന്റെ ഭാഗമായാണ് ഞാൻ കാണുന്നത്.

എന്റെ നിയോജകമണ്ഡലത്തിലെ ഒന്നുരണ്ട് വിഷയങ്ങളെക്കുറിച്ചാണ് ഇനി പറയാനുള്ളത്. 'ഫ്രഷ് കട്ട്' എന്ന സ്ഥാപനത്തിലെ കോഴി വേസ്റ്റ് കാരണമുള്ള ദുർഗന്ധംകൊണ്ട് യാതൊരു നിർവാഹവുമില്ല. പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റിയുടെ ചെയർപേഴ്സണായ ശ്രീ. ഇ. കെ. വിജയൻ എം.എൽ.എ.-യും സമിതിയംഗങ്ങളും പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. അതിന്റെ റിപ്പോർട്ട് എന്തായി? നാട്ടുകാരായ നാന്നൂറോളം കുടുംബങ്ങളിലുള്ളവർ അവിടെ സമരം ചെയ്യുകയാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടിയാണോ ആ സ്ഥാപനം പ്രവർത്തിക്കുന്നതെന്ന് അങ്ങ് പരിശോധിക്കണം.

ബജറ്റിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളെക്കുറിച്ചൊന്നും സംസാരിക്കാതെ

വേറെ കാര്യങ്ങൾ പറയുന്നതിന് കാരണം, അതിനെക്കുറിച്ച് ഒന്നും പറയാനില്ലാത്തതുകൊണ്ടാണ്. 20 ശതമാനം തുക വകയിരുത്തിയ എന്റെ നിയോജകമണ്ഡലത്തിലെ അഞ്ചോളം പ്രോജക്ടുകൾ അങ്ങയുടെ ഇൻബോക്സിൽ വന്നുകിടക്കാൻ തുടങ്ങിയിട്ട് ഏകദേശം ആറോഏഴോ മാസമായി. ഇക്കാര്യം അറിയിക്കാനായി ഞാൻ അങ്ങയെ എത്രയോ തവണ വിളിച്ചിരുന്നു. എന്തിനാണ് നിങ്ങൾ ഇരുപത് ശതമാനം വയ്ക്കുന്നത്; 100 രൂപ ടോക്കൺ പ്രൊവിഷൻ വച്ചാൽ പോരേ? പ്രതിപക്ഷത്തുള്ളവർക്ക് ഇത്ര തുക മാത്രമേ അനുവദിക്കുകയുള്ളൂവെന്ന് അങ്ങ് പ്രഖ്യാപിക്കണം. നിങ്ങളുടെ ദൃഷ്ടിയിൽ ഞങ്ങൾ രണ്ടാംതരം പൗരന്മാരാണോ? ഞങ്ങൾ ഓടിളക്കി വന്നതല്ല; നിങ്ങളുടെ പാർട്ടിയിലുള്ളവരെ തോൽപ്പിച്ച് ജയിച്ചുവന്ന എം.എൽ.എ.മാരാണ്. എന്റെ തൊട്ടടുത്ത മണ്ഡലത്തിന് കൊടുക്കുന്ന ആനുകൂല്യങ്ങൾപോലും എനിക്ക് നൽകില്ലെന്നത് അംഗീകരിക്കാൻ സാധിക്കില്ല. അക്കാര്യത്തിൽ പ്രതിഷേധിച്ച് ഞാൻ അങ്ങയുടെ മുന്നിൽ വന്നിരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ നരിക്കുനി ഫയർസ്റ്റേഷന് അംഗീകാരം ലഭിച്ചിട്ട് നാലുവർഷമായി.

അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എനിക്ക് ഉറപ്പുനൽകിയതാണ്. എന്നാൽ 5 ഫയർ സ്റ്റേഷൻ ആരംഭിക്കാൻ തീരുമാനിച്ചത് പിന്നീട് 4 എണ്ണമാക്കി. അതെല്ലാം മറ്റുള്ളവർക്ക് കൊടുക്കുകയും അവരെല്ലാം പോസ്റ്റർ വയ്ക്കുകയും ചെയ്യുമ്പോൾ ഞാനവിടെ വായ തുറന്നിരിക്കുകയാണ്. ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ട ഭൂമി വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഞങ്ങൾ ഭൂമി കൊടുത്തു. അതുപോലെ താമരശ്ശേരി താലൂക്കാശുപത്രിയുടെ വികസനത്തിന് ഈ ബജറ്റിൽ ഫണ്ട് വകയിരുത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിച്ചതാണ്. അതനുസരിച്ച് ചീഫ് സെക്രട്ടറിയും ഹെൽത്ത് സെക്രട്ടറിയുമൊക്കെ വിവരങ്ങൾ എഴുതി അങ്ങേയ്ക്ക് നൽകി. എന്നാൽ നബാർഡിന്റെ ഫണ്ടുള്ളതുകൊണ്ട് അതിന്റെ വിശദാംശങ്ങൾ നൽകണമെന്നാണ് അങ്ങ് പറഞ്ഞത്. എനിക്ക് അതിന്റെ ആവശ്യമൊന്നുമില്ല. പക്ഷേ, "ഇവനെ രണ്ടാംതരം പൗരനായി കാണുന്നതുകൊണ്ട് ഫണ്ട് നൽകാൻ കഴിയില്ല" എന്ന് അങ്ങ് അവിടെ വന്ന് പറയണം. ഞാൻ വൈകാരികമായി പറയുകയാണ്; ഇക്കാര്യത്തിൽ അനുകൂല തീരുമാനമെടുക്കുന്നതിന് ഞാൻ

അങ്ങയുടെ മുന്നിൽ വന്നിരിക്കും. ഒരു നിയോജകമണ്ഡലത്തെ ഇങ്ങനെ വിവേചനത്തോടുകൂടി കാണരുത്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ഈ ബജറ്റിനെ പൂർണ്ണമായും അംഗീകരിക്കുകയാണ്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ നമ്മൾ അതിജീവിക്കുന്നുവെന്ന ആശാവഹമായ കാര്യമാണ് ഈ ബജറ്റിലുള്ളത്. വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കാനും നവകേരള സൃഷ്ടി സാധ്യമാക്കാനും പ്രാപ്തമായിട്ടുള്ളൊരു ബജറ്റാണിത്. പ്രതിസന്ധികളെ അതിജീവിക്കാൻ പ്രാപ്തമാക്കുന്ന റിയലിസ്റ്റിക് ബജറ്റ് എന്ന നിലയ്ക്ക് വലിയ പ്രഖ്യാപനങ്ങളേക്കാൾ, ഇപ്പോൾ നടപ്പാക്കുന്ന പദ്ധതികൾ മികച്ച രീതിയിൽ യാഥാർഥ്യമാക്കാനുള്ള ലക്ഷ്യബോധത്തോടെയുള്ള ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. രാജ്യത്ത് ആദ്യമായി ഭൂരഹിതരും ഭവനരഹിതരുമില്ലാത്ത, അതിദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം മാറുന്നുവെന്നുള്ളത് അഭിമാനകരമാണ്. ലൈഫ് പദ്ധതി വഴി 427736 ഭവനങ്ങൾ ഇപ്പോൾ പൂർത്തീകരിച്ചുകഴിഞ്ഞു. വീടില്ലാത്ത സാധാരണക്കാരായ മനുഷ്യർക്ക് സുഖമായി കിടന്നുറങ്ങാൻ വീടെന്ന സ്വപ്നം

യാഥാർഥ്യമാകുമ്പോൾ, ഈ വർഷം 111306 വീടുകളുൾപ്പെടെ ഏതാണ്ട് 539000 വീടുകളെന്ന സ്വപ്നമാണ് യാഥാർഥ്യമാകുന്നത്. 2016 മുതൽ ലൈഫ് പദ്ധതിക്കുവേണ്ടി 18,000 കോടി രൂപയാണ് സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ളത്. ഈ വർഷം 1160 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

നീതി ആയോഗിന്റെ Global Multidimensional Poverty Index പ്രകാരം അതിദാരിദ്ര്യം ഏറ്റവും കുറവുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഏതാണ്ട് എല്ലാം കൈവരിച്ച സംസ്ഥാനമായും വ്യവസായ സൗഹൃദ സംസ്ഥാനമായും കേരളം മാറുന്നു. ഇന്ത്യയിൽ വർഗീയ കലാപങ്ങളില്ലാത്ത അഭിമാനകരമായ നാടായി നമ്മുടെ നാട് നിലനിൽക്കുകയാണ്. ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024 പ്രകാരം പ്രതിഭകളായ സ്ത്രീകളും പുരുഷന്മാരും നമ്മുടെ രാജ്യത്ത് ജോലി ചെയ്യാൻ താൽപര്യപ്പെടുന്ന നാടായി കേരളം മാറിയിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ വിശപ്പുരഹിത സംസ്ഥാനങ്ങളിൽ ഒന്നാമത് കേരളമാണ്. ഗുണനിലവാരമുള്ള വിദ്യാഭ്യാസം, പശ്ചാത്തല സൗകര്യം,

ഇ-ഗവേണൻസ് ഉൾപ്പെടെയുള്ള നിരവധി കാര്യങ്ങളിൽ കേരളം മുന്നിലാണ്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സയും 62 ലക്ഷം ആളുകൾക്ക് 1600 രൂപ സാമൂഹ്യക്ഷേമ പെൻഷനും കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. ദേശീയപാത, കൊച്ചി മെട്രോ, ഗെയിൽ പൈപ്പ്‌ലൈൻ, വാട്ടർ മെട്രോ, ദേശീയ ജലപാത, വിഴിഞ്ഞം തുറമുഖം, വിമാനത്താവളങ്ങളുടെ വികസനം, ഡിജിറ്റൽ യൂണിവേഴ്സിറ്റി, സയൻസ് പാർക്ക് എന്നിവ അടക്കമുള്ള നിരവധി വികസന കാര്യങ്ങളിലും കേരളത്തെക്കുറിച്ച് അഭിമാനിക്കാം. കെ-റെയിലിനെക്കുറിച്ച് കുറച്ചുകാലം കഴിഞ്ഞായിരിക്കും ചില ആളുകൾക്ക് ട്യൂബ്‌ലൈറ്റ് കത്തുന്നത്. സിൽവർലൈൻ അടക്കമുള്ള പദ്ധതികൾ കേരളത്തിന് അത്യാവശ്യമായതിനാൽ അതിനുവേണ്ട ഫണ്ട് വകയിരുത്തണമെന്ന് അഭ്യർഥിക്കുന്നു.

കേരളം കണ്ടതിൽവച്ച് ഏറ്റവും വിപ്ലവകരമായ അടിസ്ഥാനസൗകര്യ വികസന പദ്ധതികളാണ് കിഫ്ബിയിലൂടെ നടപ്പാക്കുന്നത്. നമുക്ക് പല വികസന സ്വപ്നങ്ങളും കാണാൻ കഴിയും. എന്നാൽ അതെല്ലാം യാഥാർഥ്യമാക്കാനുള്ള ധൈര്യമാണ് കിഫ്ബി നൽകിയത്. 87378.33 കോടി

രൂപ ചെലവഴിച്ചുകൊണ്ട് 1200-ഓളം പദ്ധതികളാണ് കിഫ്ബി വഴി നടപ്പാക്കുന്നത്. പല പദ്ധതികളും വളരെ മികച്ച രീതിയിൽ നടപ്പാക്കുമ്പോൾ ചിലത് സാങ്കേതിക പ്രശ്നങ്ങൾകൊണ്ട് വൈകുന്നുണ്ട്. അക്കാര്യം പ്രത്യേകം പരിശോധിക്കുകയും അവ വേഗത്തിലാക്കാൻ ശ്രമിക്കുകയും ചെയ്യണമെന്നുകൂടി അഭ്യർഥിക്കുകയാണ്. കേരളത്തിൽ അതിദാരിദ്ര്യമില്ലാതാക്കാനുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തുകയാണ്. രാജ്യത്ത് 2021-ൽ 0.71 ശതമാനം അതിദാരിദ്ര്യമുള്ളവരുണ്ടെങ്കിൽ നിലവിൽ കേരളത്തിൽ അത് 0.55 ശതമാനമായി മാറിയിട്ടുണ്ട്. ഇപ്പോൾ വീണ്ടുമത് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ അതിദാരിദ്ര്യമില്ലെങ്കിൽപ്പോലും ദൈനംദിന ജീവിതം കൂട്ടിമുട്ടിക്കാൻ പാടുപെടുന്ന കുറെയാളുകളുണ്ട്. ആശാവർക്കർമാർ, പാചകത്തൊഴിലാളികൾ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവരെല്ലാം അതിൽപ്പെടുന്നവരാണ്. കേന്ദ്രസർക്കാരാണ് ഇവർക്കുള്ള ധനസഹായം കൊടുക്കേണ്ടത്. കേരളത്തിന്റെ വിഹിതം പരമാവധി കൊടുക്കുന്നുണ്ട്. ചികിത്സാച്ചെലവുകൾ കൂടുന്നതുകൊണ്ട് ആരോഗ്യ ഇൻഷ്വറൻസ് പരിധിയിൽ അവരെ കൊണ്ടുവരണം. കൂടാതെ ക്ഷേമനിധിയുടെ

ഭാഗമായുള്ള തൊഴിലാളികളെക്കൂടി ആകർഷകമായ കുടുംബാരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ അവർക്ക് വലിയ രീതിയിൽ മാറ്റമുണ്ടാകും. അതോടൊപ്പം പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന അവരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തണമെന്നും അഭ്യർഥിക്കുകയാണ്.

ലോക കേരള സഭയ്ക്കുശേഷം പ്രവാസി മേഖലയ്ക്കുവേണ്ടി സംസ്ഥാന ബജറ്റിൽ കേരളത്തിന്റെ economic, cultural and facilitation centre എന്ന നിലയിൽ വിവിധ രാജ്യങ്ങളിൽ ലോക കേരള കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നത് മലയാളി സമൂഹത്തിന് ഏറെ പ്രയോജനം ചെയ്യും. വിമാന കമ്പനികളുടെ അമിത വിമാനടിക്കറ്റ് നിരക്ക് കുറയ്ക്കാൻ യാതൊന്നും കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കാതിരിക്കുമ്പോഴാണ് ഇത്തരമൊരു നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചത്. കേന്ദ്ര സർക്കാരും അമിത വിമാനടിക്കറ്റ് നിരക്ക് അടക്കമുള്ള കാര്യങ്ങൾ നിയന്ത്രിച്ച് പ്രവാസികളെ സഹായിക്കുന്ന സമീപനം സ്വീകരിക്കണമെന്നാണ് പറയാനുള്ളത്. ഇവിടെ ന്യൂനപക്ഷ സ്കോളർഷിപ്പ് ഉൾപ്പെടെയുള്ളവ നിർത്തലാക്കി എന്നുപറഞ്ഞു. ആര്

നിർത്തലാക്കി? കേന്ദ്ര സർക്കാരാണ് നിർത്തലാക്കിയത്. എന്നാൽ ആ വിഭാഗം ജനങ്ങൾക്കുകൂടി ഫണ്ട് എത്തിക്കാൻവേണ്ടി പ്രത്യേക സ്കോളർഷിപ്പ് ഏർപ്പെടുത്തിക്കൊണ്ട് രാജ്യത്തിന് കേരളം മാതൃകയായിരിക്കുകയാണ്. സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ., ക്ഷേമപെൻഷൻ എന്നിവയിലെ കുടിശ്ശിക വിതരണം ചെയ്യാൻ തീരുമാനിച്ചത് നല്ല കാര്യമാണ്. അതോടൊപ്പം ആരോഗ്യ ഇൻഷ്വറൻസ് അടക്കമുള്ള പദ്ധതികളിൽ താൽക്കാലിക ജീവനക്കാരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് അവരെ കരകയറ്റാൻ ശ്രമിക്കണമെന്ന അഭ്യർഥനകൂടി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. പ്രകൃതിദുരന്തങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ നമുക്കറിയാം. Disaster Preparedness-നുവേണ്ടി 'കവചം' (KaWaCHaM-Kerala Warnings Crisis and Hazards Management System) ഉദ്ഘാടനം ചെയ്ത് ഫണ്ട് മാറ്റിവച്ചിട്ടുണ്ട്. SDRF (State Disaster Response Fund), CMDRF (Chief Minister's Distress Relief Fund) എന്നിവയിലൊക്കെ പരിമിതമായ ഫണ്ടാണുള്ളത്. അതിനാൽ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മുൻകൂട്ടി

കണ്ടുകൊണ്ട് ബജറ്റിൽ അതിനാവശ്യമായ ഫണ്ട് സ്വരൂപിക്കാനുള്ള ശ്രമം നടത്തണം. നമുക്കെല്ലാം അറിയാവുന്നതുപോലെ വയനാടിന്റെ കാര്യം വളരെ വേദനിപ്പിക്കുന്നതാണ്. നിരവധി മനുഷ്യർ മരണപ്പെടുകയും അവശേഷിക്കുന്നവർക്ക് ജീവിതവും സ്വത്തും വീടും നഷ്ടപ്പെട്ട് പൂജ്യത്തിൽനിന്നും തുടങ്ങേണ്ട അവസ്ഥയിലുമാണ്. ദുരന്തമുണ്ടായി പത്താം ദിവസം രാജ്യത്തിന്റെ പ്രധാനമന്ത്രി ഹെലികോപ്റ്ററിൽ വന്നിറങ്ങി, അവിടെയൊക്കെ സന്ദർശിച്ച് കുട്ടികളെ ഉമ്മ വച്ച് സ്നേഹിച്ച് തിരിച്ചുപോയി. എന്തെങ്കിലും പ്രഖ്യാപനമുണ്ടാകുമെന്ന് നമ്മളെല്ലാവരും പ്രതീക്ഷിച്ചു. എന്നാൽ ഒരു ആശ്വാസംപോലും ലഭിച്ചില്ല. കേന്ദ്ര ബജറ്റ് വരെ കാത്തിരുന്നിട്ടും വയനാടിന്റെ അതിജീവനത്തിന് നയാപൈസ നീക്കിവയ്ക്കാതെ ഡിസാസ്റ്റർ ടൂറിസം നടത്തിയ പ്രധാനമന്ത്രി വളരെ മോശമായ പ്രവർത്തനമാണ് ചെയ്തിരിക്കുന്നത്. ബി.ജെ.പി.-യുടെ രാഷ്ട്രീയ നയമാണ് ഇവിടെ വ്യക്തമാകുന്നത്. മറ്റ് സംസ്ഥാനങ്ങൾക്കൊക്കെ ദുരന്തത്തിൽനിന്നും കരകയറാൻ ആയിരക്കണക്കിന് കോടി രൂപ കൊടുക്കുമ്പോൾ കേരളത്തെ അവഗണിക്കുന്ന സമീപനമാണ് കേന്ദ്ര

ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. എന്നാൽ ആ ജനങ്ങളെ ഒറ്റപ്പെടുത്തില്ലെന്ന് തീരുമാനിച്ചുകൊണ്ട് സംസ്ഥാന ബജറ്റിൽ 750 കോടി രൂപ വയനാട് പാക്കേജിനുവേണ്ടി വകയിരുത്തിയതിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം വർധിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്തിന് കേന്ദ്രം നൽകുന്ന വിഹിതങ്ങളിൽ ഗണ്യമായ കുറവാണ് വന്നുകൊണ്ടിരിക്കുന്നത്. ഞാനതിന്റെ കണക്കുകളിലേക്ക് പോകുന്നില്ല. ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള നികുതി വിഹിതം ഘട്ടംഘട്ടമായി കുറഞ്ഞ് രാജ്യത്ത് ഏറ്റവും കുറവ് വിഹിതം കിട്ടുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള കേന്ദ്ര വിഹിതത്തിലും ഗണ്യമായ കുറവാണ് വന്നുകൊണ്ടിരിക്കുന്നത്. ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കിയെന്ന് മാത്രമല്ല, കടമെടുക്കാനുള്ള പരിധി കുറച്ചുകൊണ്ട് കേരളത്തെ ബുദ്ധിമുട്ടിക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. വയനാട് പാക്കേജ്, പ്രത്യേക സാമ്പത്തിക പാക്കേജ്, തലശ്ശേരി-മൈസൂർ റെയിൽ പാത, വിഴിഞ്ഞം പദ്ധതി, സിൽവർ ലൈൻ,

ശബരി റെയിൽപാത തുടങ്ങിയവയ്ക്ക് കേന്ദ്രഫണ്ട് വകയിരുത്തിയിട്ടില്ല. എന്നാൽ ശബരിമല മാസ്റ്റർ പ്ലാനിനായി 1033.62 കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റ് വകയിരുത്തിയത്. അതിനുപോലും കേന്ദ്ര ഗവൺമെന്റ് ഫണ്ട് വകയിരുത്താതെ കേരളത്തെ അവഗണിക്കുന്നതിൽ നമുക്ക് പ്രതിഷേധമുണ്ടെന്ന് അറിയിക്കുകയാണ്. അതോടൊപ്പം കണ്ണൂരിൽ ഹജ്ജ് ഹൗസിനായി അഞ്ച് കോടി രൂപ അനുവദിച്ചതിന് ഹജ്ജ് കമ്മിറ്റി അംഗംകൂടിയായ ഞാൻ പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു. കേരളം ആവശ്യപ്പെട്ട ഫണ്ട് നൽകാതെ കേരളത്തെ ഞെക്കിക്കൊല്ലുക മാത്രമല്ല, സംസ്ഥാനങ്ങൾക്ക് നൽകേണ്ട നികുതി വരുമാനം ഒഴിവാക്കാൻവേണ്ടി സർചാർജും സെസ്സും കൂട്ടുകയും നികുതി കുറയ്ക്കുകയും ചെയ്യുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇത് ഫെഡറൽ തത്വങ്ങളെ അട്ടിമറിക്കും.

എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് കാര്യങ്ങൾകൂടി പറയാനാഗ്രഹിക്കുകയാണ്. പട്ടാമ്പിയിൽ എക്സൈസ് സർക്കിൾ ഓഫീസും താലൂക്ക് വ്യവസായ ഓഫീസും ആരംഭിക്കുന്നതിന് സഹായിക്കണം. ഭാരതപ്പുഴയിൽ മണൽ അടിഞ്ഞുകൂടി വലിയ രീതിയിലുള്ള

അപകടമുണ്ടാകുന്നുണ്ട്. അവിടെ പ്രളയ സാധ്യതയുമുണ്ട്. അങ്ങനെ വന്നാൽ അത് വലിയ ചെലവിലേക്ക് പോകും. അതിനാൽ അത് മുൻകൂട്ടി കണ്ടുകൊണ്ട് മണൽ നീക്കം ചെയ്യുകയാണെങ്കിൽ വരുമാനം ലഭിക്കുകയും ചെലവ് കുറയുകയും ചെയ്യും, കൂടാതെ പ്രളയവുമുണ്ടാകില്ല. അതുകൂടി പരിശോധിക്കണമെന്ന് അറിയിക്കുകയാണ്. രാജ്യത്തെ ആദ്യത്തെ 'ലേണിങ് കോൺസ്റ്റിറ്റ്യൂവൻസി' ആയി പട്ടാമ്പി മണ്ഡലത്തെ മാറ്റാനുള്ള ശ്രമം നടത്തുന്നുണ്ട്. ബജറ്റിൽ അതിനുള്ള ഇൻഫ്രാസ്ട്രക്ചറിനായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിന് അനുബന്ധമായി വിജ്ഞാന കേരളമടക്കമുള്ള പദ്ധതികൾ പട്ടാമ്പിയിൽ നടപ്പിലാക്കുന്നതിന് സഹായിക്കണമെന്നുകൂടി അഭ്യർഥിക്കുകയാണ്. സാമൂഹ്യസുരക്ഷാ പെൻഷൻ വർധിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിലും ഭിന്നശേഷി വിഭാഗക്കാരുടെ പെൻഷൻ തുക കുറച്ചെങ്കിലും വർധിപ്പിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. അതുപോലെ മെഡിക്കൽ സോഷ്യൽ വർക്കർമാർ കഴിഞ്ഞ ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ ഉന്നയിക്കുന്നുണ്ട്. പബ്ലിക് റിലേഷൻ ഓഫീസറുടെ ക്വാളിഫിക്കേഷനുള്ളതുകൊണ്ട് അതിന്

തുല്യമായ സാലറി നൽകണമെന്ന ആവശ്യം പരിഗണിക്കണമെന്ന് അവർ അഭ്യർഥിച്ചിട്ടുണ്ട്. ഏറ്റവും മികച്ച രീതിയിൽ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ഉതകുന്ന ബജറ്റാണിത്. ഈ വിഷയങ്ങളെല്ലാം പരിഗണിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ബജറ്റിന് എല്ലാവിധ അഭിനന്ദനങ്ങളും അറിയിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ ബജറ്റ് നിർദേശങ്ങളെ എതിർക്കുകയാണ്. ബജറ്റ് ഡോക്യുമെന്റ് എന്നുപറയുന്നത് ഒരു ആധികാരിക രേഖയാണ്. അതിനോട് പരമാവധി നീതി പുലർത്താനാണ് എല്ലാകാലത്തുമുള്ള ഗവൺമെന്റും ധനകാര്യ വകുപ്പുമന്ത്രിമാരും ശ്രമിക്കുന്നത്. നിർഭാഗ്യമെന്ന് പറയട്ടെ, ഈ ബജറ്റിൽ വിശ്വാസ്യതയില്ലാത്ത ഒരുപാട് കാര്യങ്ങളുണ്ടെന്ന് പറയാതിരിക്കാൻ വയ്യ. സാമ്പത്തിക ഞെരുക്കത്തിന്റെ തീക്ഷ്ണഘട്ടത്തെ കേരളം അതിജീവിച്ചിരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് പ്രസംഗത്തിൽ പറഞ്ഞത്. ആ ഘട്ടം അതിജീവിച്ചിട്ടുണ്ടെങ്കിൽ, ഭിന്നശേഷിക്കാരുടെ കാര്യമെങ്കിലും പരിഹരിക്കണമെന്ന് പാവം ശ്രീ. മുഹമ്മദ് മുഹസിൻ വളരെ പതുക്കെ

പറയില്ലല്ലോ. ക്ഷേമ പെൻഷനെക്കുറിച്ചൊക്കെ അദ്ദേഹം വളരെ പതുക്കെയാണ് പറഞ്ഞത്, അതിനുമുമ്പ് വളരെ ഉച്ചത്തിലാണ് സംസാരിച്ചുകൊണ്ടിരുന്നത്. ഈയൊരു ഘട്ടം കടന്നുവെങ്കിൽ ആദ്യം നാം പരിഗണന കൊടുക്കേണ്ടത് അതിനല്ലേ? സ്വാഭാവികമായും ഒരു ഗവൺമെന്റിന്റെ ധനസ്ഥിതി മെച്ചപ്പെട്ടാൽ അത് സമൂഹത്തിന്റെ വിവിധതലങ്ങളിൽ പ്രതിഫലിക്കുമെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. സാമ്പത്തികമായി നാം മെച്ചപ്പെട്ടെന്നും ടേക്ക് ഓഫിന് തയ്യാറാകുന്നുവെന്നുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. ആ ടേക്ക് ഓഫ് എടുക്കുമ്പോൾ തിരിഞ്ഞുനോക്കണം. സമൂഹത്തിലെ പാവപ്പെട്ടവർ, പട്ടികജാതിക്കാർ, ന്യൂനപക്ഷങ്ങൾ, ഭിന്നശേഷിക്കാർ, ക്ഷേമപെൻഷൻ വാങ്ങുന്നവർ എന്നിവരെ കൂട്ടാതെയുള്ള ഒരു ടേക്ക് ഓഫാണ് സർക്കാർ നടത്തുന്നത്. ആ ഫ്ലൈറ്റിൽ ആരെയും കൊണ്ടുപോകുന്നില്ല. മുഖ്യമന്ത്രിയും ഇരുപത് മന്ത്രിമാരും മാത്രമാണുള്ളത്. ആ ടേക്ക് ഓഫ് എന്നുപറയുന്നത് 2026-ൽ ഈ സംസ്ഥാനത്തുനിന്നും പുറത്തേയ്ക്ക് പോകാനുള്ളതാണ്. അല്ലാതെ ജനങ്ങൾക്ക് ഉപകാരപ്രദമായിട്ടുള്ളതല്ല.

2017-ൽ ഡോ. ടി. എം. തോമസ് ഐസക് ആദ്യത്തെ ഇടക്കാല ബജറ്റ് അവതരിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് റവന്യൂ കമ്മിയും ധനകമ്മിയും കുറച്ചുകൊണ്ടുവരും എന്നാണ്. എട്ട് വർഷം കഴിഞ്ഞ് ഒമ്പതാമത്തെ വർഷം എത്തിയപ്പോൾ റവന്യൂ കമ്മിയും ധനകമ്മിയും കുറച്ചു എന്നാണല്ലോ ഈ സർക്കാർ പറഞ്ഞുകൊണ്ടിരിക്കുന്നത്. യഥാർഥത്തിൽ അത് എങ്ങനെയാണ് കുറച്ചത്? സാമ്പത്തിക വിദഗ്ധനായ ശ്രീ. കെ. പി. കണ്ണൻ കോൺഗ്രസിന്റെ സഹയാത്രികനല്ല എന്ന് അങ്ങേയ്ക്ക് അറിയാമല്ലോ; അദ്ദേഹം പറയുന്നത്, സർക്കാരിന്റെ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തിയാക്കിയ കരാറുകാർക്കും സ്ഥാപനങ്ങൾക്കും നൽകാനുള്ള 16,000 കോടി രൂപയും സാമൂഹ്യ പെൻഷൻ ഇനത്തിൽ മൂന്ന് മാസത്തെ കുടിശ്ശികയായ 3400 കോടി രൂപയും ശമ്പള പരിഷ്കരണ കുടിശ്ശികയായ 15,000 കോടി രൂപയും ചെലവുകളിൽ ഉൾപ്പെടുന്നു എന്നാണ്. ഈ പ്രധാന കുടിശ്ശികകൾ നടപ്പ് വർഷത്തെ ചെലവിൽ ചേർത്താൽ റവന്യൂ കമ്മി സംസ്ഥാന വരുമാനത്തിന്റെ 4.98 ശതമാനമായിരിക്കും. അതുപോലെ അങ്കണവാടികളിലേക്കുള്ള പേമെന്റ്, സ്കൂളുകളിലെ ഉച്ചഭക്ഷണം തുടങ്ങിയ മറ്റ് പേമെന്റ് ബാധ്യതകളും കൃത്യമായ

വിശദാംശങ്ങളുടെ ആവശ്യമില്ലാത്തവയും കണക്കാക്കിയിട്ടില്ല. അവകൂടി ഉൾപ്പെടുത്തിയാൽ റവന്യൂ കമ്മി സംസ്ഥാന വരുമാനത്തിന്റെ 5 ശതമാനത്തിൽ കൂടുതൽ വരുമെന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹം പറയാതെപോയ ഒരു കാര്യംകൂടിയുണ്ട്. പ്ലാൻ ഫണ്ട് ഏതാണ്ട് 50 ശതമാനം വെട്ടിക്കുറയ്ക്കുമ്പോഴുണ്ടാകുന്ന സാമ്പത്തിക നേട്ടം കൂടിയാകുമ്പോൾ റവന്യൂ കമ്മി ആറ് ശതമാനത്തിന് മുകളിൽ വരും. അപ്പോൾ എന്തിനുവേണ്ടിയാണ് ഇത്തരം കണക്കുകൾ കാണിക്കുന്നത്? റവന്യൂ കമ്മി കുറച്ചുവെന്ന് പറഞ്ഞതുകൊണ്ട് കാര്യമുണ്ടോ; അത് കുറയുമ്പോൾ നികുതി വരുമാനം കൂടിയോ? 2022-23 ബജറ്റിൽനിന്നും 2024-25-ൽ എത്തുമ്പോൾ വലിയ വർധനവുണ്ടായിട്ടുണ്ടോ; സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനത്തിൽ വർദ്ധനവുണ്ടായോ? ഇല്ല. അപ്പോൾ നികുതി വരുമാനം കൂടാതിരുന്നിട്ടും റവന്യൂ കമ്മി കുറച്ചു, ധനകമ്മി താഴോട്ട് കൊണ്ടുവന്നുവെന്നാണ് നിങ്ങൾ പറയുന്നത്. പണം ചെലവഴിക്കാതെ, ബജറ്റിൽ പ്രഖ്യാപിക്കുന്നത് അടുത്ത ദിവസത്തേയ്ക്കുള്ള പത്രങ്ങൾക്കുള്ള ഒരു വാർത്ത മാത്രമായി കണ്ടാൽ ആർക്കും ഇത്തരത്തിൽ റവന്യൂ കമ്മിയും

ധനകമ്മിയുമൊക്കെ കുറയ്ക്കാൻ സാധിക്കും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചെയ്തുകൊണ്ടിരിക്കുന്നത് അതാണ്. നികുതി പിരിച്ചെടുത്ത് പാവപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ടാണ് സർക്കാർ ഇത് ചെയ്യുന്നതെങ്കിൽ നമുക്കത് ഉൾക്കൊള്ളാൻ കഴിയും. ആധികാരികമായി സർക്കാർ പറഞ്ഞതെല്ലാം വിശ്വാസ്യതയില്ലാത്തതും തെറ്റായ കണക്കുകളുമാണെന്ന് അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. സമയപരിമിതികൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല.

കിഫ്ബി, ടോൾ പിരിവ് തുടങ്ങിയവയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഞങ്ങൾ ഈ സഭയിലിരുന്ന് എത്ര തവണ ഡോ. ടി. എം. തോമസ് ഐസക്കിനോട് പറഞ്ഞതാണ്, "നിങ്ങൾ ഈ കാണിക്കുന്നതൊക്കെ അബദ്ധത്തിലേയ്ക്കാണ് പോകുന്നത്, ഇൻകം ജനറേറ്റ് ചെയ്യുന്ന പദ്ധതികൾ കൊണ്ടുവരണം, അല്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകും" എന്ന്. അപ്പോൾ നിങ്ങൾ എന്താണ് പറഞ്ഞത്? അന്ന് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞതൊക്കെ രേഖയിലുണ്ട്. അദ്ദേഹം ജുബ്ബയുടെ പോക്കറ്റിൽ കൈയിട്ട് രണ്ടുവശത്തേയ്ക്കും തിരിഞ്ഞുകൊണ്ട്, ഞങ്ങളൊക്കെ പറയുന്നതിൽ യാതൊരു

കാര്യവുമില്ലെന്ന രീതിയിൽ പുച്ഛത്തോടെയാണ് സംസാരിച്ചത്. ഒമ്പതുകൊല്ലം കഴിഞ്ഞപ്പോൾ അന്ന് പറഞ്ഞതല്ലേ ഇപ്പോൾ ഞങ്ങൾ വീണ്ടും പറയുന്നത്. അന്ന് നിങ്ങൾ ആ രീതിയിൽ പോയിരുന്നെങ്കിൽ ഈ ഗതികേടുണ്ടാകുമായിരുന്നോ? ടോൾ പിരിവൊക്കെ സി.പി.ഐ.(എം) അംഗീകരിക്കുക എന്നുപറഞ്ഞാൽ പാർട്ടി എവിടെ എത്തിനിൽക്കുകയാണെന്ന് മനസ്സിലാകും. ടോൾ ടാക്സ് എന്ന ആശയംതന്നെ തെറ്റാണെന്നും ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്ന ഇരട്ടനികുതിയാണെന്നും സീതാറാം യെച്ചൂരി വളരെ വ്യക്തമായി പാർലമെന്റിൽ പറഞ്ഞിട്ടുണ്ട്. ഓരോ ലിറ്റർ പെട്രോളിനും ഡീസലിനും സർക്കാർ രണ്ടുരൂപ റോഡ് നികുതിയായി എടുക്കുകയും റോഡ് ഉപയോഗിക്കുന്നതിന് അതേ വാഹനങ്ങളിൽനിന്ന് വീണ്ടും ചാർജ് ഈടാക്കുകയും ചെയ്യുന്നത് അങ്ങേയറ്റംവരെ തെറ്റാണെന്ന് പറഞ്ഞത് സീതാറാം യെച്ചൂരിയാണ്. സി.പി.ഐ.(എം.)-ന്റെ വെബ്സൈറ്റ് മാറ്റുന്ന കാര്യം ബഹുമാന്യനായ ഡോ. എം. കെ. മുനീർ ഇവിടെ സൂചിപ്പിച്ചു. എല്ലാ വെബ്സൈറ്റും നിയന്ത്രിക്കുന്നത് ഒന്നാം നമ്പർ കസേരയിലിരിക്കുന്ന ആളാണ്. ഡൽഹിയിലേയ്ക്കൊന്നും വിളിക്കേണ്ട; അദ്ദേഹത്തോടൊന്ന്

പറഞ്ഞാൽ മതി. പോളിറ്റ് ബ്യൂറോ എന്നുപറയുന്നതുതന്നെ അദ്ദേഹമാണ്. അദ്ദേഹം തീരുമാനിക്കുന്നതാണ് നടക്കുന്നത്. ടോളിന്റെ കാര്യത്തിലും നിങ്ങളുടെ നയവ്യതിയാനം പ്രതിഫലിക്കുന്നുണ്ട്. അതുപോലും ഞങ്ങൾക്ക് പ്രശ്നമില്ലെന്നാണ് നിങ്ങളുടെ സംസ്ഥാന സെക്രട്ടറി പറയുന്നത്. ഞാൻ ആവർത്തിച്ച് പറയുന്നില്ല. ഏതായാലും ഒരു സമരത്തിൽ പങ്കെടുത്ത് ജീവിച്ചിരുന്ന രക്തസാക്ഷിയായ പുഷ്പൻ മരിച്ചതിനുശേഷമാണ് നിങ്ങൾ സ്വകാര്യ സർവകലാശാല കൊണ്ടുവരാൻ തീരുമാനിച്ചുവെന്നുള്ളത് അല്പം ആശ്വാസം നൽകുന്ന കാര്യമാണ്. പക്ഷേ ഇതൊക്കെയാണോ സി.പി.ഐ. (എം)-ൽനിന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നത്; ഇതാണോ ഇടതുപക്ഷ ബദൽ; ഇതാണോ ഇടതുപക്ഷ നയം?

ഈ ബജറ്റിനെ പൂർണ്ണമായി എതിർക്കാൻ എനിക്ക് കഴിയില്ല. കാരണം, അതിൽ സീപ്ലെയിനിനുവേണ്ടി 20 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. സീപ്ലെയിൻ പദ്ധതി വീണ്ടും വരുന്നുവെന്ന് ദിനപത്രങ്ങളിൽ വാർത്ത കണ്ടു. അതിൽ ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ മനോഹരമായ ചിത്രവുമുണ്ടായിരുന്നു. 2013-ൽ ഞാൻ ടൂറിസം വകുപ്പുമന്ത്രിയായിരിക്കുമ്പോൾ

ഈ പദ്ധതി കൊണ്ടുവന്നതാണ്. ധാരാളം ബുദ്ധിമുട്ടുകൾക്കിടയിലാണ് ആ പദ്ധതി നടപ്പാക്കിയത്. അന്ന് ആ പദ്ധതി വരുമ്പോഴുണ്ടാകുന്ന ധാരാളം പ്രശ്നങ്ങളെക്കുറിച്ച് സൂചിപ്പിച്ചതിനാൽ അതിനെക്കുറിച്ച് പഠിക്കാൻ ഞങ്ങളൊരു കമ്മിറ്റിയെ നിയോഗിച്ചു. ജലാശയത്തിലൂടെ ഒരു ബോട്ട് പോകുമ്പോൾ ചിലപ്പോൾ അതിൽനിന്നും ഓയിൽ ലീക്കുണ്ടാകും. പക്ഷേ വിമാനത്തിലൊരിക്കലും അതുണ്ടാകുന്ന സാഹചര്യമില്ല. അതുകൊണ്ട് ആ രീതിയിൽപ്പോലും ഒരു പ്രയാസവും ഉണ്ടാകില്ലെന്നുള്ള റിപ്പോർട്ടാണ് കമ്മിറ്റി നൽകിയത്. അതിന്റെ അടിസ്ഥാനത്തിൽ 2013-ൽ കൊല്ലം അഷ്ടമുടിക്കായലിൽവച്ച് ഉമ്മൻ ചാണ്ടി പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. ഞാനും അന്നത്തെ കേന്ദ്രമന്ത്രി ശ്രീ. കെ. സി. വേണുഗോപാലും ആദ്യയാത്രയിൽ പങ്കെടുത്തു. അഷ്ടമുടിക്കായലിൽനിന്ന് പറന്ന് പുന്നമടക്കായലിൽ ചെന്നിറങ്ങുക എന്നുള്ളതായിരുന്നു ഞങ്ങളുടെ തീരുമാനം. പുന്നമടക്കായലിൽ ശ്രീ. പി. സി. വിഷ്ണുനാഥ് ഉൾപ്പെടെയുള്ളവർ കാത്തുനിന്നു. എന്നാൽ ഞങ്ങൾക്കവിടെ ലാൻഡ് ചെയ്യാൻ സാധിച്ചില്ല. സി.പി.ഐ.-ക്കാർ ഉൾപ്പെടെ വഞ്ചികൾ മുഴുവൻ കായലിൽ ഇറക്കി അവിടെ

ലാൻഡ് ചെയ്യാൻ സാധിക്കാത്ത സാഹചര്യമുണ്ടാക്കി. ഇവിടെനിന്ന് പറന്നുപൊങ്ങിയ ഞങ്ങൾക്ക് വീണ്ടും അഷ്ടമുടിക്കായലിൽത്തന്നെ ഇറങ്ങേണ്ടിവന്നു. കേരളം ധാരാളം ജലാശയങ്ങളുള്ള സംസ്ഥാനമാണ്. കടലും കായലുകളും തടാകങ്ങളുമുള്ളതിനാൽ ഏറ്റവും നന്നായി വിനിയോഗിക്കാൻ കഴിയുന്ന പദ്ധതിയാണ് സീപ്ലെയിൻ. നിങ്ങൾ ആ പദ്ധതിയുമായി മുന്നോട്ടുപോകണം. 2013-ൽ ഈ പദ്ധതി ആരംഭിച്ചപ്പോൾ ഞങ്ങളെ പറപ്പിച്ചുകളഞ്ഞ നിങ്ങൾ പതിനൊന്ന് വർഷം നഷ്ടപ്പെടുത്തിയതിന് ജനങ്ങളോട് ക്ഷമ പറഞ്ഞുകൊണ്ടാവണം സീപ്ലെയിൻ പദ്ധതി തുടങ്ങേണ്ടത് എന്നുമാത്രമാണ് സൂചിപ്പിക്കാനുള്ളത്. ഒറ്റക്കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. പ്രതിപക്ഷത്തെ അവഗണിക്കുന്നതിനെക്കുറിച്ച് ഇവിടെ പല അംഗങ്ങളും വളരെ വികാരഭരിതമായി സംസാരിച്ചു. വളരെയധികം പ്രയാസമുള്ളതുകൊണ്ടാണ് ബഹു. ഡോ. എം. കെ. മുനീർ ഉൾപ്പെടെ അങ്ങനെ പറഞ്ഞത്. ഞങ്ങൾക്കൊക്കെ വികാരമുണ്ട്. ഞങ്ങളൊക്കെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമിരുന്നവരാണ്. ഞങ്ങൾ ഭരണപക്ഷത്തിരുന്നപ്പോൾ

എയ്ഡഡ് കോളേജോ ഗവൺമെന്റ് കോളേജോ ഇല്ലാത്ത മുഴുവൻ സ്ഥലങ്ങളിലും കോളേജ് കൊടുക്കാൻ തീരുമാനിച്ചു. ഞങ്ങളുടെ ഗവൺമെന്റ് ഒരു കാരണവശാലും സി.പി.ഐ.(എം) ആണോ കോൺഗ്രസാണോ മുസ്ലീംലീഗാണോ എന്നുനോക്കിയല്ല, എവിടെയാണോ ഇല്ലാത്തതെന്ന് നോക്കിയാണ് കൊടുത്തത്. ഡോ. കെ. ടി. ജലീലിന്റെ നിയോജകമണ്ഡലമായ തവനൂരിൽ കോളേജില്ല. അവിടെ കോളേജ് കൊടുത്തത് യു.ഡി.എഫ്. ഗവൺമെന്റാണ്. ഡോ. കെ. ടി. ജലീൽ പ്രതിപക്ഷമാണെന്ന് കരുതി ഞങ്ങൾ അനുവദിക്കാതിരുന്നില്ല. അതുപോലെ തലശ്ശേരിയിൽ കൊടുത്തു. കോടിയേരി ബാലകൃഷ്ണനായിരുന്ന അന്ന് തലശ്ശേരി എം.എൽ.എ. ഇപ്പോൾ അങ്ങയുടെ നിയോജകമണ്ഡലത്തിൽ കോളേജ് അനുവദിച്ചു. അതുപോലെ ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകളിൽ അവ അനുവദിച്ചപ്പോൾ കോൺഗ്രസാണോ സി.പി.ഐ.(എം.) ആണോയെന്ന് നോക്കിയില്ല, എവിടെയാണോ ഇല്ലാത്തത് അവിടെയാണ് അനുവദിച്ചത്. എല്ലാ വിഭാഗം ജനങ്ങളുമുള്ളതിനാൽ രാഷ്ട്രീയം നോക്കാതെയാണ് ഒട്ടനവധി കാര്യങ്ങൾ

ചെയ്തത്. സമയപരിമിതികൊണ്ട് അതിലേയ്ക്ക് പോകുന്നില്ല. കുറച്ചെങ്കിലും പ്രതിപക്ഷത്തോട് നീതിപുലർത്താൻ തയ്യാറാകേണ്ടത് ഗവൺമെന്റിന്റെ ധാർമ്മികമായ ബാധ്യതയാണ്. ആ ബാധ്യത ഏറ്റെടുക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ലെന്നത് അങ്ങേയറ്റം വേദനാജനകമാണ് എന്നുള്ളതുകൊണ്ടുതന്നെ ഒരിക്കൽക്കൂടി ഞാൻ ഈ ബജറ്റിനെ ശക്തമായി എതിർക്കുകയാണ്.

<u>മി. സ്പീക്കർ</u>: ഇന്ന് സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന്മേൽ നടന്ന ചർച്ചയ്ക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മറുപടി പറയുന്നവേളയിൽ ലഹരി ഉൽപന്നമായ ഇലക്ട്രോണിക് സിഗരറ്റുകൾ നിയമംമൂലം നിരോധിച്ചിട്ടില്ലെന്ന രീതിയിൽ ചെയറിന്റെ ഭാഗത്തുനിന്നും ഒരു പരാമർശമുണ്ടായി. എന്നാൽ പ്രസ്തുത പരാമർശം വസ്തുതാപരമായിരുന്നില്ല എന്നറിയിക്കുകയാണ്. 2019-ലെ 42-ാം കേന്ദ്ര ആക്ടായ, "The Prohibition of Electronic Cigarettes (Production, Manufacture, Import, Export, Transport, Sale, Distribution, Storage and Advertisement) Act, 2019 (Act No. 42 of 2019)" പ്രകാരം

ഇലക്ട്രോണിക് സിഗരറ്റുകൾ നിയന്ത്രിക്കപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. ഇത്തരത്തിൽ ഒരു തെറ്റായ പരാമർശം ചെയറിന്റെ ഭാഗത്തുനിന്നുമുണ്ടായതിൽ ഖേദിക്കുന്നു.

ശ്രീ. എം. നൗഷാദ്: സർ, കേരള ഗവൺമെന്റിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തെ സ്നേഹിക്കുന്ന ഈ ഗവൺമെന്റിന്റെ ബജറ്റിനെ പിന്തുണയ്ക്കാതെ എനിക്ക് നാട്ടിലേയ്ക്ക് പോകാൻ കഴിയില്ല. കാരണം, ഇത്രയും മനോഹരമായും കേരളത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ ജനപക്ഷത്ത് ഉറച്ചുനിന്നുകൊണ്ടും സമസ്തമേഖലകളിലെയും ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ടും നാടിന്റെ വികസനം ഉറപ്പാക്കുന്ന തരത്തിലും അവതരിപ്പിച്ച ഈ ബജറ്റിനെ പിന്തുണയ്ക്കുകയല്ലാതെ മറ്റെന്താണ് ചെയ്യേണ്ടത്. പ്രതിപക്ഷനിരയിൽനിന്ന് സംസാരിച്ചവരെല്ലാം ബജറ്റിനെ എതിർക്കുന്നുവെന്ന് പറഞ്ഞു. എന്നിട്ട് പ്രസംഗത്തിന്റെ അവസാനം പറയുന്നത് ഇന്ന പദ്ധതിയിൽ എന്റെ നിയോജകമണ്ഡലംകൂടി ഉൾപ്പെടുത്തണമെന്നാണ്. എന്തൊരു വിരോധാഭാസമാണിത്. ബജറ്റിനെ

എതിർക്കുന്നവരെല്ലാം ബജറ്റിൽ നിങ്ങളുടെ നിയോജകമണ്ഡലത്തിനുവേണ്ടി നിർദേശിച്ചിട്ടുള്ളതെല്ലാം ഒഴിവാക്കണമെന്നുകൂടി എഴുതിക്കൊടുക്കണം. അതല്ലേ ചെയ്യേണ്ടത്? നികുതി-നികുതിയേതര വരുമാനം വർധിപ്പിച്ചും പൊതുകടവും ധനകമ്മിയും കുറച്ചുകൊണ്ടുമുള്ള സമഗ്രമായ ബജറ്റാണ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. വരവുചെലവ് കണക്കുകൾ മാത്രമായിട്ടാണ് നമ്മൾ ബജറ്റിനെ കാണുന്നത്. ബജറ്റിന്റെ കോപ്പി കൈയിൽ ലഭിക്കുമ്പോൾ എം.എൽ.എ.-മാരുൾപ്പെടെ എല്ലാവരും അവരവരുടെ നിയോജകമണ്ഡലത്തിൽ ഏതൊക്കെ പദ്ധതികൾ വന്നിട്ടുണ്ടെന്നാണ് ആദ്യം പരിശോധിക്കുന്നത്. ഈ നാടിന്റെ പ്രശ്നങ്ങൾ അറിഞ്ഞും വരാൻപോകുന്ന പ്രശ്നങ്ങളെ മുൻകൂട്ടി കണ്ടും ദീർഘവീക്ഷണത്തോടുകൂടിയാണ് ഈ ബജറ്റ് അവതരിപ്പിച്ചത്. കേരളം അഡ്രസ് ചെയ്യാൻ പോകുന്ന വയോജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി, അവരെക്കൂടി ഉല്പാദനമേഖലയിൽ പങ്കാളികളാക്കി അവരെ സംരംഭകരാക്കുന്നതിനുള്ള പദ്ധതികൾ നിർദേശിച്ച കേരളത്തിലെ ആദ്യത്തെ ബജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. അക്കാദമിക്

വിദ്യാഭ്യാസം കൊണ്ടുമാത്രം നമുക്ക് ഡിജിറ്റൽ ലിറ്ററസി ഉണ്ടാകില്ല. അതിന് ജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള പദ്ധതികളുണ്ടാകണം. സൈബർ തട്ടിപ്പുകൾ, സാമ്പത്തിക തട്ടിപ്പുകൾ തുടങ്ങിയവയെയെല്ലാം അഡ്രസ് ചെയ്യുന്നതിനുള്ള നിർദേശങ്ങൾ ഈ ബജറ്റിലുണ്ട്. എന്നാൽ ഈ ബജറ്റ് അവതരിപ്പിക്കുമ്പോഴുള്ള അവസ്ഥയെന്താണ്? ഒരു ഗവൺമെന്റിന് പ്രവർത്തിക്കണമെങ്കിൽ സാമ്പത്തികം വേണം. നമുക്ക് അർഹമായത് കേന്ദ്രസർക്കാർ തരുന്നില്ല. എന്നാൽ പ്രതിപക്ഷത്തുള്ളവർ കേന്ദ്രത്തിന്റെ നിലപാട് എന്നൊരു വാക്ക് മാത്രം പറഞ്ഞുപോകുകയാണ്. സഭയ്ക്ക് പുറത്തേക്കുപോയാൽ പിന്നെ 'കമ' എന്നൊരക്ഷരം മിണ്ടില്ല. കേന്ദ്രം സംസ്ഥാനത്തെ വരിഞ്ഞുമുറുക്കിയും കൈയുംകാലും കെട്ടി പ്രവർത്തിക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്തെങ്കിലും അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് അടിമത്തത്തിനെതിരായ പോരാട്ടം നടത്തിയ ഇതിഹാസ നായകൻ സ്പാർട്ടക്കസിനെപ്പോലെ കേരളത്തെ മുന്നോട്ട് നയിക്കുന്നതിനുള്ള സമഗ്രമായ ബജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. കേന്ദ്രം എന്തുകൊണ്ടാണ് ഈ നിലപാട്

സ്വീകരിച്ചത്? എന്തുപറഞ്ഞാലും കേന്ദ്ര അവഗണനയാണെന്ന് ഞങ്ങൾ പറയുമെന്നാണ് നിങ്ങളിപ്പോൾ സ്ഥിരം ഉന്നയിക്കുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഞങ്ങൾ അങ്ങനെയൊരു വാക്ക് പറഞ്ഞിട്ടില്ല. അധികമൊന്നും തരേണ്ട, പക്ഷേ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ലഭിച്ചിരുന്നതുപോലെയെങ്കിലും നൽകിയിരുന്നെങ്കിൽ നന്നായിരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിപോലും 57,000 കോടി രൂപ കേന്ദ്ര അവഗണനമൂലം നഷ്ടപ്പെട്ടെന്നേ പറയുന്നുള്ളൂ. എന്നാൽ 4 വർഷക്കാലംകൊണ്ട് കേരളത്തിന്റെ ഖജനാവിലേക്ക് എത്തേണ്ടിയിരുന്ന 2 ലക്ഷം കോടി രൂപയാണ് യഥാർഥത്തിൽ നഷ്ടപ്പെട്ടത്. എനിക്കും നിങ്ങൾക്കും ഈ നാട്ടിലെ ജനങ്ങളുടെ ക്ഷേമത്തിനും നാടിന്റെ വികസനത്തിനുംവേണ്ടി ഉപയോഗിക്കേണ്ട 2 ലക്ഷം കോടി രൂപ വിവിധ കാരണങ്ങൾ പറഞ്ഞുകൊണ്ട് ഇല്ലാതാക്കിയതിനെതിരെ ശബ്ദിക്കാൻ പ്രതിപക്ഷത്തിന് നാവ് പൊങ്ങുന്നില്ല. അതിന് കാരണമുണ്ട്. കേന്ദ്ര അവഗണന ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ഇതിനുമുൻപ് കോൺഗ്രസ്സാണല്ലോ ഭരിച്ചിരുന്നത്. പാലക്കാട് കോച്ച് ഫാക്ടറി

ആരംഭിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിനെക്കൊണ്ട് 429 ഏക്കർ സ്ഥലം ഏറ്റെടുപ്പിച്ചു. പിന്നീട് 231 എക്കർ സ്ഥലം മതിയെന്ന് പറഞ്ഞതനുസരിച്ച് അത്രയും സ്ഥലം റെയിൽവേയ്ക്ക് കൈമാറി. അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി 2012 ഫെബ്രുവരി മാസം 21-ാം തീയതി അന്നത്തെ റെയിൽവേ മന്ത്രിയായിരുന്ന ശ്രീ. ദിനേഷ് ത്രിവേദിയെ കൊണ്ടുവന്ന് പാലക്കാട് പട്ടണത്തിൽ തറക്കല്ലിട്ടു. എന്നാൽ ഇതിനായി ഭൂമി ഏറ്റെടുത്തിരിക്കുന്നത് 16 കിലോമീറ്റർ അപ്പുറത്താണ്. കല്ലിട്ട് പോയതല്ലാതെ കോച്ച് ഫാക്ടറി നിങ്ങൾ നൽകിയില്ല. അന്ന് 8 കേന്ദ്രമന്ത്രിമാർവരെ കേരളത്തിൽ നിന്നുണ്ടായിട്ടും നമുക്ക് ഒരു പദ്ധതിയും ലഭിച്ചില്ല. അതുകൊണ്ട് കേന്ദ്ര അവഗണന ഇപ്പോൾ തുടങ്ങിയതല്ല, അന്നേയുള്ളതാണ്. ഇപ്പോൾ ആ സ്ഥലം ആനത്താവളമാണ്. ആനകൾക്ക് ചേക്കേറാനുള്ള സ്ഥലമായി അത് രൂപാന്തരപ്പെട്ടിരിക്കുന്നു. അതുപോലെ എത്രയോ കാലത്തെ കേരളത്തിന്റെ ആവശ്യമായ എയിംസും നൽകിയിട്ടില്ല. കേരളത്തിൽ 5 വർഷം എൽ.ഡി.എഫ്. ഭരിച്ചാൽ അടുത്ത 5 വർഷം യു.ഡി.എഫ്. ആയിരിക്കും എന്നതായിരുന്നു സ്ഥിതി. പക്ഷേ ഞങ്ങൾക്ക് ഭരണത്തുടർച്ച കിട്ടി,

എന്തുകൊണ്ടാണ് കിട്ടിയത്? ഈ നാട്ടിലെ സാധാരണക്കാരന്റെ മക്കൾക്ക് പഠിക്കാൻ ഹൈടെക് സ്കൂളുകളും ചികിത്സിക്കാൻ ആശുപത്രികളും സഞ്ചരിക്കാൻ റോഡുകളും പാലങ്ങളും നിർമ്മിച്ച് ജനക്ഷേമ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോയതുകൊണ്ടാണ്. മാത്രമല്ല ഓഖിയെയും നിപയെയും മഹാപ്രളയത്തെയും കൊറോണയെയും നേരിട്ടു. നിങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ ജനങ്ങൾക്കാവശ്യമായ ഭക്ഷ്യകിറ്റുൾപ്പെടെ നൽകിക്കൊണ്ട് ഗവൺമെന്റ് മുന്നോട്ടുപോയി. ഇതൊക്കെ ചെയ്യണമെങ്കിൽ കാശ് വേണം. സാധാരണഗതിയിൽ ഭരണ നേതൃത്വത്തിനെതിരെയുള്ള അഴിമതി ആരോപണങ്ങളും ആക്ഷേപങ്ങളും അന്നും ഉന്നയിക്കപ്പെട്ടു. സ്വർണ്ണക്കടത്ത് കേസ് മറന്നുപോയോ? ആരെല്ലാം രംഗത്തിറങ്ങി, പക്ഷേ ഒരു ചുക്കും ചെയ്യാൻ സാധിച്ചില്ല. ആ നുണപ്രചാരണങ്ങളെയെല്ലാം അതിജീവിച്ച് സഖാവ് പിണറായി വിജയന്റെ ഗവൺമെന്റിന് ജനങ്ങൾ ഭരണത്തുടർച്ച നൽകി. ഈ ഗവൺമെന്റിനെതിരെ ആക്ഷേപം ഉന്നയിച്ചിട്ടൊന്നും കാര്യമില്ല, ജനം അത് വിശ്വസിക്കില്ല. അതുകൊണ്ടാണ് സാമ്പത്തികമായി ഞെരുക്കണമെന്ന രാഷ്ട്രീയ നിലപാടിന്റെ ഭാഗമായി

കേന്ദ്രം സാമ്പത്തിക ഉപരോധം തുടങ്ങിയത്. അതിന്റെ കെടുതിയാണ് ഇന്ന് കേരളം അനുഭവിക്കുന്നത്. തങ്ങളുടെ സ്വപ്നങ്ങൾ വീണുടയുന്നുവെന്നും ഇനിയത് പൂക്കുന്ന പ്രശ്നമില്ലെന്നും മനസ്സിലാക്കി യു.ഡി.എഫ്. അതിനോടൊപ്പം ചേർന്നു. മുൻപ് വയനാട്ടിൽ ആരായിരുന്നു എം.പി.; ഇപ്പോൾ ആരാണ് എം.പി.? മുൻപ് ശ്രീ. രാഹുൽ ഗാന്ധിയും ഇപ്പോൾ ശ്രീമതി പ്രിയങ്കാ ഗാന്ധിയുമാണ്. വയനാടിലെ ഉരുൾപൊട്ടലിനെ ദേശീയ ദുരന്തമായി പ്രഖ്യാപിച്ചത് സംസ്ഥാന ഗവൺമെന്റിന്റെ നിരന്തര ഇടപെടൽ കാരണമാണ്. പക്ഷേ ശ്രീമതി പ്രിയങ്കാ ഗാന്ധി ഇടപെട്ട് ദേശീയ ദുരന്തമായി പ്രഖ്യാപിച്ചുവെന്നല്ലേ നിങ്ങൾ ഇപ്പോൾ പറയുന്നത്. എന്നാൽ യൂണിയൻ ബജറ്റിൽ ഒരു നയാപൈസപോലും ദേശീയ ദുരന്തമായി പ്രഖ്യാപിച്ച വയനാട് ഉരുൾപൊട്ടലിനുവേണ്ടി നീക്കിവയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായില്ല. അതിനെതിരെ കോൺഗ്രസ്സിന്റെ ഭാഗത്തുനിന്ന് ഒരു പ്രതിഷേധവും ഉണ്ടായില്ല. കോൺഗ്രസ് പണ്ടും കേരളത്തെ ഒറ്റുകൊടുക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അവരെ സംബന്ധിച്ചിടത്തോളം ഭരണമില്ലാത്ത അവസ്ഥ സങ്കൽപ്പിക്കാൻപോലും

കഴിയില്ല. മുസ്ലീംലീഗിന് അത് ഓർക്കാനേ പറ്റില്ല. ഇപ്പോൾ 9 വർഷം ആകുന്നു. എങ്ങനെയും ഭരണം പിടിച്ചെടുക്കുന്നതിനായി നുണകൾ പ്രചരിപ്പിക്കുകയും വികസനത്തെ തടസ്സപ്പെടുത്തുകയുമാണ് ചെയ്യുന്നത്. നിങ്ങൾ എന്തെല്ലാമാണ് പറഞ്ഞത്? ഗെയിൽ പൈപ്പ്‌ലൈൻ നടപ്പാക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ച് നിങ്ങൾ സമരം നടത്തിയില്ലേ? നാഷണൽ ഹൈവേയ്ക്കെതിരെയുള്ള വയൽക്കിളി സമരം ഓർമ്മയുണ്ടോ? എല്ലാവരും മറന്നുപോയി. നന്ദിഗ്രാമിൽനിന്ന് മണ്ണ് കൊണ്ടുവന്ന് അവിടെ പ്രതിഷ്ഠിച്ച് സമരം നടത്തി. ഇപ്പോൾ വിഴിഞ്ഞത്തിന്റെ പേരിൽ ഗോളടിക്കാൻ നോക്കിക്കൊണ്ടിരിക്കുകയാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ സമരത്തിന് പിന്തുണ പ്രഖ്യാപിക്കുകയല്ല, വേണമെങ്കിൽ വിമോചനസമരം നടത്തുമെന്നാണ് നിങ്ങൾ പറഞ്ഞത്. പക്ഷേ ഇതെല്ലാം യാഥാർഥ്യമാക്കി കേരള ജനതയെ ചേർത്തുപിടിച്ചുകൊണ്ടാണ് പിണറായി വിജയൻ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. നിങ്ങൾക്ക് നുണകൾമാത്രം പ്രചരിപ്പിക്കാനേ കഴിയൂ. ഇപ്പോൾ ഇവിടെ പറയുന്ന പ്രധാനപ്പെട്ടൊരു കാര്യം എം.എൽ.എ.-മാരോട്

വിവേചനം കാണിക്കുന്നുവെന്നാണ്. ഒരു വിവേചനവുമില്ലാതെ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലെയും ഓരോ സ്കൂളിനും 5 കോടി രൂപ വീതം ലഭിച്ചില്ലേ? ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കിഫ്ബിയെ സംബന്ധിച്ച് മറ്റൊരു കണക്ക് പറയുകയുണ്ടായി. കിഫ്ബി വഴിയല്ലേ നിങ്ങളുടെ നിയോജകമണ്ഡലത്തിലും പദ്ധതികൾ നടപ്പാക്കിയത്? പക്ഷേ അത് പ്ലാൻ വിഹിതത്തിൽ ഉൾപ്പെടുത്തിയിരുന്നെങ്കിൽ കൂടുതൽ ലഭിക്കുമായിരുന്നുവെന്നാണ് നിങ്ങൾ പറയുന്നത്. ബഹു. പ്രതിപക്ഷ നേതാവ് ഇപ്പോൾ അഞ്ച് ടേമിലായി എം.എൽ.എ. ആണ്. കിഫ്ബിവഴി ലഭിച്ച പദ്ധതിയുടെ പകുതിയെങ്കിലും 25 വർഷത്തിനിടയിൽ താങ്കളുടെ നിയോജകമണ്ഡലത്തിൽ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? അത്രയും വലിയ മാറ്റമാണ് ഓരോ നിയോജകമണ്ഡലത്തിലുമുണ്ടായത്. കിഫ്ബി ഇപ്പോൾ ബാധ്യതയാണെന്നാണ് നിങ്ങൾ പറയുന്നത്. അതെ, ഭാരമാണ്. കിഫ്ബിയിലൂടെയും ബജറ്റ് പ്രഖ്യാപനങ്ങളിലൂടെയും ഈ ഗവൺമെന്റ് കേരളത്തിൽ നടപ്പാക്കിയ പദ്ധതികളെക്കുറിച്ചുള്ള ഫ്ലക്സുകൾ നിങ്ങളുടെയെല്ലാം നിയോജകമണ്ഡലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. അത്

ചുമക്കുന്ന ഭാരമാണ് ഇന്ന് ജനങ്ങൾക്കുള്ളത്. ഡോ. എം. കെ. മുനീർ വളരെ വികാരാധീനനായി പ്രസംഗിച്ചു. എന്നാൽ ഞാൻ പറയുന്നതെല്ലാം ചെയ്യുന്നതുപോലെ മന്ത്രിയും ഗവൺമെന്റുമാണ് ഭരിക്കുന്നതെന്ന് താങ്കളുടെ നിയോജകമണ്ഡലത്തിലെ ആരാമ്പ്രത്ത് താങ്കൾ നടത്തിയ പ്രസംഗത്തിന്റെ വീഡിയോ എന്റെ കൈവശമുണ്ട്. എല്ലാവരെയും ചേർത്ത് പിടിക്കുന്ന ഗവൺമെന്റാണിത്. ഇപ്പോഴത്തെ നിങ്ങളുടെ ആവശ്യമെന്താണ്? ഗ്രാമീണ റോഡുകൾക്ക് അനുവദിച്ച ഫണ്ടിന്റെയും നവകേരള സദസ്സിന്റെ ഭാഗമായിട്ടുള്ള ഫണ്ടിന്റെയും ഷെയർ ലഭിക്കണമെന്നാണ്. ഭരണപക്ഷത്ത് ലഭിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ ഫണ്ട് പ്രതിപക്ഷത്തെ എം.എൽ.എ.-മാർക്ക് ലഭിച്ചിട്ടുണ്ടെന്ന് ആധികാരികമായി ഞാൻ പറയുന്നു, ഞാൻ വെല്ലുവിളിക്കുകയാണ്, കണക്കുകൾ പരിശോധിക്കാം. ഭരണപക്ഷത്തെ പല എം.എൽ.എ.-മാർക്കും ലഭിച്ചതിനേക്കാൾ കൂടുതൽ നിങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. ഒരു വിവേചനവും ഞങ്ങളെ സംബന്ധിച്ചില്ല. കാരണം, വികസനം ജനങ്ങൾക്കുവേണ്ടിയാണ്. അവിടത്തെ എം.എൽ.എ.-യുടെ പാർട്ടി നോക്കിയല്ല നിലപാട് സ്വീകരിക്കുന്നത്. ജനങ്ങളെ ഒന്നായി ചേർത്ത്

പിടിക്കുന്ന ഗവൺമെന്റാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ജനപക്ഷ നിലപാടുകളുമായി നമ്മൾ മുന്നോട്ടുപോകുമ്പോൾ ഇന്ന് കേരളത്തിന്റെ അവസ്ഥ എന്താണ്? സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയമെന്ന് വിളിച്ചതിന് കാരണക്കാർ ആരാണ്? നിങ്ങൾ ആലോചിക്കണം, സമ്പൂർണ്ണ സാക്ഷരതയുള്ള ഏക സംസ്ഥാനമാണ് കേരളം. ആരാണ് സമ്പൂർണ്ണ സാക്ഷരതായജ്ഞം തുടങ്ങിയത്; സമ്പൂർണ്ണ വൈദ്യുതീകരണവും സമ്പൂർണ്ണ ശൗചാലയവും പ്രഖ്യാപിച്ചത് ഏത് ഗവൺമെന്റാണ്? സാധാരണക്കാരന്റെ മക്കൾക്ക് പഠിക്കാൻ സ്കൂളില്ലാത്ത ഏതെങ്കിലും ഒരു പഞ്ചായത്ത് കേരളത്തിലുണ്ടോ; മാത്രമല്ല സ്കൂളുകളെല്ലാം ഹൈടെക്കാക്കി മാറ്റിയത് ഏത് ഗവൺമെന്റാണ്; സാധാരണക്കാരന് ചികിത്സ ലഭ്യമാക്കാൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളില്ലാത്ത ഒരു പ്രദേശമുണ്ടോ; ആരാണ് ഇതെല്ലാം നടപ്പാക്കിയത്? ഇവിടെ എല്ലാവർക്കും റേഷൻ വിഹിതമുണ്ട്. അത് വാങ്ങിക്കുന്നതിനായി പെൻഷനും നൽകുന്നുണ്ട്. 94 ലക്ഷം കുടുംബങ്ങളുള്ളതിൽ 62 ലക്ഷം കുടുംബങ്ങളിലേക്കും

ക്ഷേമപെൻഷനെത്തിക്കുന്ന ഗവൺമെന്റാണിത്. ഇവിടെ നിങ്ങൾക്ക് ഇഷ്ടമുള്ള ഭക്ഷണം കഴിക്കാം. കേരളത്തിന് പുറത്തുപോയാൽ ബീഫ് കഴിക്കാൻ സാധിക്കുമോ? ഇല്ല. ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന കേരളത്തിൽ മാത്രമേ അതിന് കഴിയൂവെന്ന് മറന്നുപോകരുത്. ഇഷ്ടമുള്ള ഭക്ഷണം കഴിക്കാം, ഇഷ്ടമുള്ള വസ്ത്രം ധരിക്കാം, ഇഷ്ടമുള്ള ആരാധന നടത്താം. സമാധാനത്തോടെ ജീവിക്കാൻ കഴിയുന്ന നാടാക്കി കേരളത്തെ മാറ്റി. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ ഭൂമിയിലെ സ്വർഗ്ഗമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിന് ഊർജം പകരുന്ന ബജറ്റാണ് സഖാവ് കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചിരിക്കുന്നത്.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 ഫെബ്രുവരി 12-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.00 മണിക്ക് പിരിഞ്ഞു.)

അനുബന്ധം I

ചോദ്യം നമ്പർ (*62)-ന്റെ 'സി' ഭാഗത്തിന്റെ അനുബന്ധം

പട്ടികവർഗ്ഗക്കാർക്ക് വിവിധ പദ്ധതികൾ പ്രകാരം വാങ്ങി നൽകിയ ഭൂമിയുടെ വിശദാംശങ്ങൾ

- തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്തിലെ ചെറ്റച്ചലിൽ ഭൂമിക്കായി രണ്ട് പതിറ്റാണ്ടായി നടത്തി വന്നിരുന്ന സമരം അവസാനിപ്പിക്കുകയും വനാവകാശ നിയമ പ്രകാരം 33 കുടുംബങ്ങൾക്ക് 20 സെന്റ് മുതൽ 50 സെന്റ് വരെയുള്ള ഭൂമിക്ക് കൈവശാവകാശരേഖ നൽകുകയും ചെയ്തു. ഇത്തരത്തിൽ ഭൂരഹിതരില്ലാത്ത ജില്ലയായി തിരുവനന്തപുരം ജില്ല മാറി.
- കൊല്ലം ജില്ലയിലെ അച്ചൻകോവിലിൽ വർഷങ്ങളായി ഷെഡിൽ താമസിച്ചു വന്നിരുന്ന 12 മലമ്പണ്ടാര കുടുംബങ്ങൾക്ക് 12.5 സെന്റ് വീതം ഭൂമി ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങിനൽകി.
- പത്തനംതിട്ട ജില്ലയിലെ നൊമാഡിക് വിഭാഗക്കാരായ 20 മലമ്പണ്ടാര കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം വനാവകാശ നിയമപ്രകാരം

കൈവശാവകാശരേഖ നൽകി. ഈ വിഭാഗത്തിലെ 23 കുടുംബങ്ങൾക്ക് കൂടി ഭൂമി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

► തൃശ്ശൂർ ജില്ലയിൽ ചിമ്മിനി ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് കള്ളിചിത്രമലയിൽനിന്നും കുടിയിറക്കപ്പെട്ട കള്ളിചിത്ര നടാംപാടം കോളനിയിലെ 17 കുടുംബങ്ങൾക്ക് ചാലക്കുടി താലൂക്കിൽ മുപ്ലിയം വില്ലേജിൽ 7.50 ഏക്കർ ഭൂമി വിതരണം ചെയ്തു.

► മുത്തങ്ങ സമരത്തിൽ പങ്കെടുത്തതും ഭൂമി അനുവദിക്കേണ്ടതുമായ 37 കുടുംബങ്ങൾക്കുകൂടി ഒരേക്കർ വീതം ഭൂമി അനുവദിച്ചു.

► മലപ്പുറം ജില്ലയിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്രാനുമതി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ 570 പേർക്ക് 176.10 ഏക്കർ വിതരണം ചെയ്യുകയും 37 ഹെക്ടർ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

അനുബന്ധം II

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അംബേദ്കർ ഗ്രാമവികസന പദ്ധതി

6 (*66) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതി കാലോചിതമായി പരിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

അംബേദ്കർ ഗ്രാമവികസന പദ്ധതിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ഗ്രാമങ്ങൾക്ക് ഭരണാനുമതി നൽകുന്നതും നിർവഹണ ഏജൻസിയെ തിരഞ്ഞെടുത്ത് അംഗീകാരം നൽകിയിരുന്നതും വകുപ്പ് ഡയറക്ടറാണ്. ടി പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി

പൂർത്തീകരിക്കുന്നതിനായി പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേക്കുള്ള മാനദണ്ഡങ്ങൾ 16-01-2025-ലെ സ.ഉ.(കൈ)നം.4/2025/പജപവവിവ പ്രകാരം നിലവിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻപ്രകാരം നിർവഹണ ഏജൻസികൾ സമർപ്പിക്കുന്ന എസ്റ്റിമേറ്റ് പരിശോധിക്കുന്നതിനായി ജില്ലാ പട്ടികജാതി വികസന ഓഫീസർ കൺവീനറായും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ കളക്ടർ ശിപാർശ ചെയ്യുന്ന പ്രാദേശിക പദ്ധതി നിർവഹണത്തിൽ പരിചയമുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത തസ്തികയിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥൻ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി ടെക്നിക്കൽ കമ്മിറ്റികൾ പരിശോധിച്ച് അംഗീകരിക്കുന്ന എസ്റ്റിമേറ്റുകൾക്ക് അതത് ജില്ലാ കളക്ടർമാർ ഭരണാനുമതി നൽകുന്നതാണ്. പദ്ധതി നിർവഹണത്തിനായി എം.എൽ.എ-മാർ ശിപാർശചെയ്യുന്ന നിർവഹണ ഏജൻസികൾക്ക് സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കുവിധേയമായി ജില്ലാ പട്ടികജാതി വികസന

ഓഫീസർമാർ അംഗീകാരം നൽകുന്നു. ഭരണാനുമതി ലഭിച്ച് മൂന്ന് മാസത്തിനകം പ്രവൃത്തികൾ ആരംഭിക്കാത്ത ഗ്രാമങ്ങളെ പദ്ധതിയിൽനിന്നും നീക്കം ചെയ്യുന്നതിനും എം.ഒ.യു. ഒപ്പിട്ട് ഒരു വർഷത്തിനുള്ളിൽ പദ്ധതികൾ പൂർത്തീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ത്രൈമാസ ഗ്രാമതല മോണിറ്ററിങ് കമ്മിറ്റി യോഗങ്ങൾ ചേരുന്നതിനും ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ ത്രൈമാസ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും ഡയറക്ടർതലത്തിൽ അവലോകന യോഗങ്ങൾ സംഘടിപ്പിച്ച് പദ്ധതി പുരോഗതി വിലയിരുത്തി പുരോഗതി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിനും നിലവിലെ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ആറളം കാർഷിക ഫാമിലെ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കാർഷിക സർവകലാശാലയുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ആറളം കാർഷിക ഫാമിലെ ഭൗതിക സൗകര്യം ഉപയോഗപ്പെടുത്തി ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ

കാർഷിക സർവകലാശാല സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 23-11-2024-ലെ മന്ത്രിതല യോഗത്തിൽ നൽകിയ നിർദേശപ്രകാരം ദീർഘകാല പരിശീലന പരിപാടികളുടെ സാധ്യതകൂടി പരിശോധിച്ചുകൊണ്ട് ഭേദഗതി വരുത്തിയ പ്രൊപ്പോസൽ കാർഷിക സർവകലാശാലയുടെ ഡയറക്ടർ ഓഫ് എക്സ്റ്റെൻഷൻ ആഫീസർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു.

(സി) പട്ടികവർഗക്കാരുടെ ആരോഗ്യ സുരക്ഷാ പരിചരണത്തിനായി എല്ലാവർക്കും ആരോഗ്യ സുരക്ഷാ കാർഡ് ലഭ്യമാക്കുമോ; ആയതിനുള്ള നടപടികൾ വിശദമാക്കുമോ?

കേരള സർക്കാർ സ്പോൺസർ ചെയ്യുന്ന എല്ലാ ആരോഗ്യ പരിരക്ഷകളും സംയോജിപ്പിക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് നടപ്പാക്കിവരുന്ന ABPMJAY-KASP പദ്ധതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് ബാധകമാക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ ഭാഗമായി പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ തിരുനെല്ലി വില്ലേജിൽ

നടപ്പാക്കുന്നതിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നിർദേശം നൽകുകയും ചെയ്തിരുന്നു. ആയതിന്റെ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടിക്രമങ്ങളുടെ ഭാഗമായി തിരുനെല്ലി വില്ലേജിൽ ABPMJAY-KASP പദ്ധതിയിൽ നിലവിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനായി പട്ടികവർഗ പ്രൊമോട്ടർമാരെ ഉപയോഗപ്പെടുത്തി ഈ മേഖലയിൽ വീടുവീടാന്തരമുള്ള സർവെ നടത്തി കുടുംബങ്ങളുടെ റേഷൻകാർഡ്, ആധാർ കാർഡ് മുതലായ രേഖകൾ സംബന്ധിച്ച വിവരങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറാനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാർക്കായുള്ള പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. മേൽ വിവരങ്ങൾ ലഭ്യമാക്കി ABPMJAY-KASP കാർഡ് ലഭ്യമാക്കുന്നതിന്/പുതുക്കുന്നതിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന തുടർനടപടികൾ സ്വീകരിച്ചുവരുന്നു. തുടർന്ന് സംസ്ഥാനത്തെ മറ്റ് പട്ടികവർഗ മേഖലകളിലേക്കും ടി പദ്ധതി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

വന്യമൃഗ പ്രതിരോധ പദ്ധതികൾ

7 (*67) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വന്യമൃഗ ആക്രമണമുണ്ടാകുന്ന വയനാട്ടിൽ കഴിഞ്ഞ ഏഴ് വർഷങ്ങൾക്കിടയിൽ വന്യമൃഗ പ്രതിരോധത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കി എന്ന് വിശദമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനും വന്യമൃഗ പ്രതിരോധത്തിനുമായി കഴിഞ്ഞ ഏഴ് വർഷങ്ങൾക്കിടയിൽ ചുവടെപ്പറയുന്ന പദ്ധതികൾ വയനാട് വനമേഖലയിൽ നടപ്പാക്കിയിട്ടുണ്ട്.

വയനാട് ജില്ലയിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുന്നതിനും നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി തത്സമയം ഏകോപിപ്പിക്കുന്നതിനുമായി 12-03-2024-ന് സർക്കാർ ഉത്തരവ് (സാധാ) നം. 129/2024/വനം പ്രകാരം ചീഫ് ഫോറസ്റ്റ്

കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ വയനാട് സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. നിലവിൽ ഈസ്റ്റേൺ സർക്കിൾ സി.സി.എഫ്. പ്രസ്തുത ചുമതല വഹിക്കുന്നു. വയനാട് ജില്ലയിൽ കഴിഞ്ഞ ഏഴ് വർഷങ്ങൾക്കിടയിൽ പുതിയതായി 4.59 കി.മീ. ആനക്കിടങ്ങ്, 0.38 കി.മീ ആനമതിൽ, 11 കി.മീ. സൗരോർജ വേലി, 15.91 കി.മീ. ക്രാഷ് ഗാർഡ് വേലി, 32.16 കി.മീ. സൗരോർജ തൂക്കുവേലി, 10 കി.മീ. റെയിൽ ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 5.663 കി.മീ. ആനക്കിടങ്ങ്, 0.331 കി.മീ. ആനമതിൽ, 61.95 കി.മീ. സൗരോർജ വേലി എന്നിവ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

വയനാട് ജില്ലയിൽ വന്യജീവി സംഘർഷ നിവാരണത്തിനായി പുതിയതായി സർക്കാർ അനുവദിച്ച ഒരു ആർ.ആർ.റ്റി. ഉൾപ്പെടെ മൂന്ന് സ്ഥിരം ആർ.ആർ.റ്റി.-കളെയും അഞ്ച് താൽകാലിക ആർ.ആർ.റ്റി.-കളെയും വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിങ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.റ്റി.കൾ മുൻകൈയെടുത്ത് പ്രവൃത്തിച്ചുവരുന്നു.

വയനാട് ജില്ലയിൽ പ്രവൃത്തിക്കുന്നവയടക്കം സംസ്ഥാനത്ത് പ്രവൃത്തിച്ചുവരുന്ന ആർ.ആർ.റ്റി.-കൾക്ക് സുരക്ഷാ ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവ ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവൃത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

ജനവാസമേഖലകളിൽ എത്തിപ്പെട്ടതുമൂലവും പരിക്കേറ്റ നിലയിലും പിടികൂടപ്പെടുന്ന കടുവകളെ പരിചരിക്കുന്നതിനും ആവശ്യമായ ചികിത്സ നൽകുന്നതിനുമായി വയനാട് ജില്ലയിലെ കൂപ്പാടിയിൽ ആനിമൽ ഹോസ്പൈസ് സെന്റർ പ്രവൃത്തിച്ചുവരുന്നു.

ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക

അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

വയനാട് ജില്ലയിലെ വന്യജീവി സംഘർഷം ലഘൂകരിക്കുന്നത് സംബന്ധിച്ച യോഗത്തിന്റെ തുടർനടപടിയായി വയനാട് സൗത്ത്, നോർത്ത്, വൈൽഡ് ലൈഫ് ഡിവിഷനുകളിൽ വന്യമൃഗ സാന്നിധ്യത്തെകുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനും ഫെൻസിങ് അറ്റകുറ്റപ്പണികൾ ഏകോപിപ്പിക്കുന്നതിനും മറ്റുമായി പ്രദേശവാസികളെയും ജനപ്രതിനിധികളെയും സ്റ്റാഫിനെയും ഉൾപ്പെടുത്തി വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ പഞ്ചായത്ത് തലത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ വയനാട് ജില്ലയിൽ ആകെ 78 വാട്സ്ആപ്പ് ഗ്രൂപ്പുകളിലായി 6310 അംഗങ്ങളുണ്ട്

വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC

അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവൃത്തിച്ചുവരുന്നുണ്ട്.

ജില്ലയിലെ ജനവാസ മേഖലയോട് ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുന്നതിനും നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി തത്സമയം ഏകോപിപ്പിക്കുന്നതിനുമായി 3 ഡിവിഷൻതല കൺട്രോൾ റൂമുകൾ (Division Emergency Operations Centre – DEOC) 24 മണിക്കൂറും പ്രവൃത്തിച്ചുവരുന്നു.

വയലുകളുടെ പുനഃസ്ഥാപനവും പരിപാലനവും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് അത്യന്താപേക്ഷിതമാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിന് പ്രഥമ പരിഗണന നൽകുകയും കർമ്മപദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം വയനാട്

ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുള്ള പ്രവൃത്തികൾ വിവിധ ലാൻഡ്സ്കേപ്പുകളിൽ പുരോഗമിച്ചുവരുന്നു. ഇതിൽ 8.69 കോടി രൂപ വയനാട് ജില്ലയിലെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ളതാണ്.

വയനാട് ജില്ലയിലെ സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

"മിഷൻ സോളാർ ഫെൻസിങ് 2024" - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിങ്ങുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി "മിഷൻ സോളാർ ഫെൻസിങ് 2024" എന്ന കർമ്മപദ്ധതി വയനാട് ജില്ലയിൽ ഉൾപ്പെടെ നടപ്പാക്കുകയുണ്ടായി.

വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത

വനത്തിനുള്ളിൽതന്നെ സജ്ജീകരിക്കുന്നതിനുമായി “മിഷൻ ഫുഡ്, ഫോഡർ & വാട്ടർ” പദ്ധതി 2025 ഫെബ്രുവരി ഒന്നാം തീയതി ആരംഭിച്ചു. കുളങ്ങളും മറ്റ് ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനം ചെയ്യും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽതന്നെ നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

വയനാട് ജില്ലയിൽ പാമ്പുകൾമൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "സർപ്പ” എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകട സാധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫ് രാപ്പകൽ പട്രോളിങ്ങും പരിശോധനയും ശക്തമാക്കിയിട്ടുള്ളതും അന്തർ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ

തീരുമാനപ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിങ്ങും നടത്തുന്നുണ്ട്.

സംസ്ഥാനത്താകെ 273 പഞ്ചായത്തുകൾ വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻഡ്സ്കേപ്പുകളെ ഹോട്ട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 21-10-2024-ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്. അതിലൊരു സുപ്രധാന ലാൻഡ്സ്കേപ്പാണ് വയനാട്.

നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1-ൽനിന്നും ഷെഡ്യൂൾ 2-ലേക്ക് മാറ്റുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇവയുടെ വംശവർധനവ്

നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കിവരികയാണ്.

ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനായിട്ടുള്ള കാലാവധി 25-02-2024-ലെ സ.ഉ.(കൈ) നം. 9/2024/വനം പ്രകാരം 28-05-2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും നൽകാനായി അവരെ ഓണററി വൈൽഡ്‌ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനാതിർത്തി കടന്നെത്തി സംഘർഷമുണ്ടാക്കുന്ന വന്യജീവികളെ നിരീക്ഷിച്ച് പരസ്പരം വിവരങ്ങൾ കൈമാറുക, മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ ചേർന്ന് അന്തർ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിക്കുകയുണ്ടായി.

ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

(ബി) വന്യമൃഗ പ്രതിരോധത്തിനായി കേന്ദ്രത്തിന് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത കാലയളവിൽ ഈയിനത്തിൽ കേന്ദ്രത്തിൽനിന്നും ഫണ്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സംസ്ഥാന സർക്കാർ അടുത്ത അഞ്ച് വർഷം കൊണ്ട് നടപ്പിലാക്കുന്നതിനായി 620 കോടി (60:40 അനുപാതത്തിൽ) രൂപയുടെ ഒരു കർമ്മപദ്ധതി തയ്യാറാക്കി കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി ധനസഹായത്തിനായി 07-09-2021-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിക്കുകയും ആയത് 22-11-2021-ൽ ബഹു. കേരള വനം വകുപ്പുമന്ത്രി ബഹു. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിക്ക് നേരിട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം സമർപ്പിച്ച പദ്ധതിയെക്കുറിച്ച് കേന്ദ്രസർക്കാരിന്റെ നിലപാട് 12-01-2023-ലെ DO No. NA-13/16/2020-NA (Pt) നമ്പർ അർധ ഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ടി അർധ ഔദ്യോഗിക കത്തിൽ നിലവിൽ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ, CAMPA എന്നിവ മുഖാന്തരം സംസ്ഥാനവുമായി ചെലവ് പങ്കിടുന്ന പദ്ധതികൾക്ക് ധനസഹായം

നൽകുന്നുണ്ടെന്നും ടി പ്രൊപ്പോസലിൽ പറഞ്ഞിട്ടുള്ള വിധത്തിലുള്ള ദീർഘകാല സുസ്ഥിര പദ്ധതികൾക്ക് ശാസ്ത്രീയവും ആധുനികവുമായ രീതികൾ അവലംബിച്ച് വിവിധ സംസ്ഥാന പദ്ധതികളിൽനിന്നും വിഭവസമാഹരണം നടത്തണമെന്നും ബഹു. കേന്ദ്ര വനം പരിസ്ഥിതി വകുപ്പുമന്ത്രി അറിയിച്ചിരുന്നു. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി തുക ലഭിച്ചുവരുന്നത് കേന്ദ്രാവിഷ്കൃത പദ്ധതികളായ 2406-02-110-35 പ്രോജക്ട് എലിഫന്റ് (60:40 അനുപാതത്തിൽ) & 2406-02-110-52 IDWH – Outside PA (60:40 അനുപാതത്തിൽ) എന്നീ ശീർഷകങ്ങളിലും സംസ്ഥാന പദ്ധതിയായ 2406-02-110-09 Measures to Reduce Man-Animal Conflict & 2406-01-800-92 Relief to Victims എന്നിവയിലുമാകുന്നു.

കേന്ദ്ര സർക്കാരിന്റെ മേൽ പരാമർശിച്ച രണ്ട് പദ്ധതികളിൽ അനുവദിക്കുന്ന മുഴുവൻ തുകയും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പദ്ധതികൾക്ക് മാത്രം ഉള്ളവയല്ല. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് പരിശോധിച്ചാൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന്

കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ സംസ്ഥാന വനം വകുപ്പിന് അനുവദിച്ചത് ശരാശരി ഒരു വർഷം 585 ലക്ഷം രൂപ മാത്രമാകുന്നു. വന്യജീവി സംരക്ഷണം ഉറപ്പുവരുത്താനുള്ള വിവിധ പദ്ധതി ഘടകങ്ങളിൽ ഒരു ഘടകം മാത്രമാണ് മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം. എന്നാൽ മേൽ സൂചിപ്പിച്ച സംസ്ഥാന പദ്ധതികൾ രണ്ടും മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് മാത്രമുള്ളതാകുന്നു. ടി സംസ്ഥാന പദ്ധതികളിലൂടെ പ്രസ്തുത ആവശ്യത്തിലേക്കായി ശരാശരി ഒരുവർഷം 3493 ലക്ഷം രൂപ ലഭിച്ചുവരുന്നു.

(സി) 2021 മുതലുള്ള കാലയളവിൽ എം.എൽ.എ./എം.പി. ഫണ്ട് ഏതെങ്കിലും വിധത്തിൽ പ്രസ്തുത ആവശ്യത്തിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

2021 മുതലുള്ള കാലയളവിൽ വയനാട് ജില്ലയിൽ എം.എൽ.എ./എം.പി. ഫണ്ട് പ്രയോജനപ്പെടുത്തി നടപ്പാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വന്യജീവി ആക്രമണവും വനവിസ്തൃതിയും

8 (*68) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എം. എം. മണി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം ഫലപ്രദമായി തടയുന്നതിനും മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘർഷം തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം തടയുന്നതിന് വനം വകുപ്പ് പ്രത്യേകം ജാഗ്രത പുലർത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ആയത് ചുവടെ ചേർക്കുന്നു.

1. വനമേഖലകളിൽ ജലലഭ്യത ഉറപ്പുവരുത്താനായി വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ചെറുഡാമുകളും 574 വയലുകളും വാട്ടർഹോൾസ് തുടങ്ങി 308-ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ച് വരുന്നുണ്ട്.

2. വേനൽക്കാലത്ത് വനമേഖലയിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽതന്നെ സജ്ജീകരിക്കുന്നതിനായി 2025 ഫെബ്രുവരി 1 മുതൽ "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

3. വനത്തിനുള്ളിൽ ഭക്ഷണ ലഭ്യത ഉറപ്പുവരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്ത് ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനത് വൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ആയതിൻ പ്രകാരം ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. വയനാട് ജില്ലയിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനായി കേരള പേപ്പർ പ്രോഡക്ടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നബാർഡ്, ആർ.കെ.ഡി.പി. ഫണ്ടുകളും ചില സന്നദ്ധ സംഘടനകളുടെ സേവനവും ഉപയോഗിച്ചുവരുന്നു.

4. വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിത മേഖലകളിൽ പുതിയ പുല്ല് മുളപ്പിക്കുന്നതിലേക്കായി അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തിവരുന്നുണ്ട്.

5. വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുള്ള പ്രവൃത്തികൾ വിവിധ ലാൻഡ്സ്കേപ്പുകളിൽ പുരോഗമിച്ചുവരുന്നു.

6. "മിഷൻ സോളാർ ഫെൻസിങ് 2024" - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിങ്ങുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി "മിഷൻ സോളാർ ഫെൻസിങ് 2024" എന്ന കർമ്മപദ്ധതി നടപ്പാക്കുകയുണ്ടായി. ടി പദ്ധതിപ്രകാരം 2024-25 വർഷത്തിൽ 848 കി.മീ. സോളാർ ഫെൻസിങ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.

7. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കി.മീ. സോളാർ ഹാംഗിങ്

ഫെൻസിങ്ങും 10 കി.മീ റെയിൽ ഫെൻസിങ്ങും 0.11 കി.മീ അയൺ ഫെൻസിങ്ങും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

8. പ്രതിരോധ നിർമ്മിതിയായ ആനക്കിടങ്ങ് (Elephant Proof Trench) 69.07 കി.മീ. ദൈർഘ്യത്തിലും 1.92 കി.മീ. ദൈർഘ്യത്തിൽ എലിഫന്റ് പ്രൂഫ് വാൾ-ഉം 1.58 കി.മീ. ദൈർഘ്യത്തിൽ സ്റ്റോൺ വാളും 2.09 കി.മീ. ദൈർഘ്യത്തിൽ ബൗണ്ടറി വാൾ/കയ്യാലയും വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് തടയുന്നതിന് നിർമ്മിച്ചിട്ടുള്ളതാണ്.

9. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ച XXVII-ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമ്മിക്കുന്നതിനായി ലഭിച്ച 586.11 കോടി രൂപയുടേയും ട്രാഞ്ച XXIX-ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 കോടി രൂപയുടെയും പ്രവൃത്തികൾ നിർമ്മാണ പുരോഗതിയിലാണ്.

10. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിങ്ങും പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിങ്ങും അന്തർ സംസ്ഥാന

കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിങ്ങും നടത്തുന്നുണ്ട്.

11. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 ആർ.ആർ.റ്റി.-കളടക്കം സംസ്ഥാനത്തുടനീളം 28 ആർ.ആർ.റ്റി.-കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിങ്ങ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.റ്റി.-കൾ മുൻകൈയെടുത്ത് പ്രവൃത്തിച്ചുവരുന്നു.

12. സംസ്ഥാനത്ത് പ്രവൃത്തിച്ചുവരുന്ന ആർ.ആർ.റ്റി.-കൾക്ക് സുരക്ഷാ ഉപകരണങ്ങൾ സംഭരിക്കൽ, ആയുധം ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവൃത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

13. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ വിളക്കുകളും ഫൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും AI ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

14. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1-ൽനിന്നും ഷെഡ്യൂൾ 2-ലേക്ക് മാറ്റുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കിവരികയാണ്.

15. ജനവാസമേഖലകളിൽ അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മചെയ്യുന്നതിനായിട്ടുള്ള കാലാവധി 25-02-2024-ലെ സ.ഉ.(കൈ) നം. 9/2024/വനം പ്രകാരം 28-05-2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. പന്നികളെ ഇല്ലായ്മ ചെയ്യുന്ന

ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും നൽകാനായി അവരെ ഓണററി വൈൽഡ്ലൈഫ് വാർഡനായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസ മേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

16. പാമ്പുകൾമൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "സർപ്പ" എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകട സാധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രം പ്രകാരം 2024 വർഷത്തിൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

17. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകർ

ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവൃത്തിച്ചുവരുന്നുണ്ട്.

18. ജനവാസ മേഖലയോടുചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

19. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവുമുണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

20. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതിപ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ്പ്രകാരമുള്ള തുക നൽകി

മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽനിന്ന് മാറിത്താമസിക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

21. വന്യജീവി സംഘർഷ ബാധിതർക്ക് നൽകുന്ന നഷ്ടപരിഹാര രീതി പരിഷ്കരിക്കുന്നതിനായി തയ്യാറാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

22. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിതഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

23. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗ്രതകരാക്കുന്നതിലേക്കായി ഏർളി

വാർണിംഗ് സിസ്റ്റം, എസ്.എം.എസ് അലർട്ട് സിസ്റ്റം തുടങ്ങിയ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

24. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും കുറ്റിക്കാടുകളും നീക്കംചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

25. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

26. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

(ബി) കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കൃഷിക്കും ജീവനും സ്വത്തിനും വിനാശം വരുത്തുന്ന കാട്ടുപന്നികളെ നിയമാനുസൃതമായി നിലവിൽ നശിപ്പിക്കുന്നത് 28-05-2022-ലെ സ.ഉ.

(കൈ) നം. 29/2022/വനം സർക്കാർ ഉത്തരവ് പ്രകാരമാണ്. ടി സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുയോജ്യമായ മാർഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യാൻ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ്‌ലൈഫ് വാർഡന് അഥവാ അധികാരപ്പെട്ട ഉദ്യോഗസ്ഥന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ വിഷപ്രയോഗം, സ്ഫോടകവസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ എന്നീ മാർഗങ്ങളിലൂടെ കാട്ടുപന്നികളെ കൊല്ലാൻ പാടുള്ളതല്ല.

2. മേൽ പ്രകാരം അധികാരപ്പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ ചെയർപേഴ്സൺ, കോർപ്പറേഷൻ മേയർ എന്നിവരെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 4(1)(bb) പ്രകാരം ഓണററി വൈൽഡ്‌ലൈഫ് വാർഡനായി സർക്കാർ നിയമിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പൽ സെക്രട്ടറി, കോർപ്പറേഷൻ

സെക്രട്ടറി എന്നിവരെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 4(1) (c) പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥരായി വന്യജീവി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 11 (1) (b) പ്രകാരമുള്ള ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ അധികാരപ്രകാരം നിയമിക്കാവുന്നതാണ്.

3. ഇത്തരത്തിൽ കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യാൻ, വന്യജീവി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 11(1)(b) പ്രകാരമുള്ള ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ അധികാരം ഓണററി വൈൽഡ്ലൈഫ് വാർഡന്മാർക്കും അധികാരപ്പെട്ട ഉദ്യോഗസ്ഥർക്കും വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 5(2) പ്രകാരം ഡെലിഗേറ്റ് ചെയ്യാനുള്ള അനുമതി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകുന്നു.

4. ഇപ്രകാരം കാട്ടുപന്നികളെ കൊല്ലുന്ന വേളകളിൽ മനുഷ്യജീവനും സ്വത്തിനും വളർത്തുമൃഗങ്ങൾക്കും ഇതര വന്യജീവികൾക്കും നാശനഷ്ടങ്ങൾ ഉണ്ടാകുന്നില്ലെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

5. കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും ആയത് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണ്.

6. കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്.

7. ജന ജാഗ്രതാ സമിതികളുടെ സേവനം കാട്ടുപന്നികളെ കൊല്ലുന്നതിനും ജഡം യഥാവിധി സംസ്കരിക്കുന്നതിലും മേൽ പ്രസ്താവിച്ച അധികാര സ്ഥാനങ്ങൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.

മേൽ മാർഗനിർദേശങ്ങളും നടപടിക്രമങ്ങളും അടങ്ങുന്ന ഉത്തരവിന്റെ കാലാവധി 27-05-2023-ലെ സ.ഉ (കൈ) നം. 11/2023/വനം പ്രകാരം 28-05-2023 മുതൽ ഒരു വർഷത്തേക്കും തുടർന്ന് 25-02-2024-ലെ സ.ഉ (കൈ) നം. 9/2024/വനം പ്രകാരം 28-05-2024 മുതൽ വീണ്ടും ഒരു വർഷത്തേക്കുംകൂടി ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ 10 വർഷത്തിനിടയിൽ വനത്തിന്റെ വിസ്തൃതി കുറഞ്ഞിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

10 വർഷത്തെ വനവിസ്തൃതിയുടെ കണക്ക് പരിശോധിക്കുമ്പോൾ വനവിസ്തൃതിയിൽ കുറവ് രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. 2013-14 മുതൽ 2022-23 വരെയുള്ള കഴിഞ്ഞ 10 വർഷത്തെ വനവിസ്തൃതിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ഡി) വനത്തിന്റെ വിസ്തൃതി കൂട്ടാൻ വനം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വനവിസ്തൃതി നിലനിർത്താനായി വനം വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- ശോഷിതമേഖലകളിലും നദീതടങ്ങളിലും വനവൽക്കരണ പദ്ധതികൾ നടപ്പാക്കി വനവിസ്തൃതി വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- വനത്തിനും വനാതിർത്തിയോട് ചേർന്നും വസിക്കുന്ന ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ആർ.കെ.ഡി.പി. പദ്ധതിയിലുൾപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നടപടിയിലൂടെ വനശോഷണം തടയുന്നതിനും വനവിസ്തൃതി വർധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- 17-12-2021-ലെ സ.ഉ(കൈ) നം. 29/2021/വനം പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം സംബന്ധിച്ച നയരേഖയിൽ വ്യാവസായിക ആവശ്യങ്ങൾക്കുവേണ്ടി കേരളത്തിലെ സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് വച്ചുപിടിപ്പിച്ചതും പരിസ്ഥിതിക്കും ആവാസവ്യവസ്ഥക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടംഘട്ടമായി നീക്കംചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുന:സ്ഥാപനം നടത്താനും വനത്തിന്റെ ആവാസവ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലെന്റാന, മൈക്കേനിയ തുടങ്ങിയ കളസസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കംചെയ്ത് സ്വാഭാവികമായി കാണപ്പെടുന്ന തദ്ദേശ ഇനം സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയും വനവിസ്തൃതി വർധിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

- വനങ്ങളുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ ക്യാമ്പിംഗ്, പെരാമ്പുലേഷൻ എന്നിവ നടത്തിയും M-Stripes മോണിറ്ററിങ് മുഖേനയും Real Time ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിയും വനസംരക്ഷണം കാര്യക്ഷമമായി നടത്തിവരുന്നു.

- കൂടാതെ എല്ലാ മാസവും ഉൾവനങ്ങളിൽ വനസംരക്ഷണവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ക്യാമ്പുകൾ നടത്തിവരുന്നതിനാൽ വനം കൈയേറ്റങ്ങൾ, വനംകൊള്ള, വനവിഭവങ്ങളുടെ ചൂഷണം എന്നിവ തടയുന്നതിനുള്ള കർമ്മപദ്ധതികൾ നടപ്പാക്കിവരുന്നു.

- വനമേഖലയും മറ്റുപ്രദേശങ്ങളുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ സ്ഥിരമായ ജണ്ടകൾ സ്ഥാപിച്ച് വനപ്രദേശത്തെ അനധികൃത കൈയേറ്റങ്ങളിൽനിന്നും സംരക്ഷിക്കുന്നു.

പട്ടികജാതി പട്ടികവർഗ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക്

9 (*69) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന

ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽനിന്ന് പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്കുമൂലം എണ്ണത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികളെ തിരികെയെത്തിക്കാൻ

എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നും അതിന്റെ പുരോഗതിയും അറിയിക്കുമോ?

(എ&ബി) പട്ടികജാതി-പട്ടികവർഗ വിഭാഗം വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിനും സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികളെ തിരികെയെത്തിക്കുന്നതിനും പഠനത്തിന് പ്രോത്സാഹനവും സഹായകരവും ആകുന്ന തരത്തിൽ താഴെപ്പറയുന്ന വിവിധ വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

1. മോഡൽ റസിഡൻഷ്യൽ സ്കൂൾ, സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ
2. പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ
3. പ്രീമെട്രിക് സ്കോളർഷിപ്പ്
4. പ്രൈമറി/സെക്കൻഡറി എഡ്യൂക്കേഷൻ എയ്ഡ്
5. പഠന മുറി/സാമൂഹ്യപഠനമുറി
6. പൊതുവിദ്യാലയങ്ങൾ ഹൈടെക്/സ്മാർട്ട് ക്ലാസ്സ് റൂമുകൾ
7. സമർഥരായ വിദ്യാർഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം
8. വിദ്യാവാഹിനി

9. ഗോത്രബന്ധു

10. ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

11. അംഗീകൃത എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീഇംബേഴ്സ്മെന്റ്

കൂടാതെ കൊഴിഞ്ഞുപോയ വിദ്യാർഥികളെ കണ്ടെത്തി അവരെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിന് ജില്ലാതലത്തിൽ ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.ടി. പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ സഹായത്തോടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തിവരുന്നു.

(സി) ഇതിനായി മറ്റ് ഏതൊക്കെ വകുപ്പുകളുടെ സഹകരണമാണ് ഇതുവരെ ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കുമോ?

പൊലീസ് ഡിപ്പാർട്ട്മെന്റിലെ സോഷ്യൽ പോലീസിങ് ഡയറക്ടറേറ്റുമായി സഹകരിച്ച് 'ഹോപ്പ്' പദ്ധതിയിലൂടെ കുടുംബ പശ്ചാത്തലവും സാഹചര്യങ്ങളുംമൂലം പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്ന കുട്ടികളെയും എസ്.എസ്.എൽ.സി/പ്ലസ്ടു പരീക്ഷകളിൽ പരാജയപ്പെട്ട

വിദ്യാർഥികളെയും കണ്ടെത്തി അവർക്ക് തുടർപഠനത്തിന് അവസരമൊരുക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങിയവരുടെ സഹകരണത്തോടുകൂടി വിദ്യാർഥികളുടെ എൻറോൾമെന്റ് ഉറപ്പാക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം വിദ്യാർഥികൾ നേടുന്നതിനും സംയുക്ത ഇടപെടലുകൾ നടത്തിവരുന്നുണ്ട്.

പമ്പ–അച്ചൻകോവിൽ–വൈപ്പാർ നദീസംയോജന പദ്ധതി

10 (*70) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽനിന്നും വലിയതോതിൽ ജലം ടണലുകളിലൂടെ വൈപ്പാർ നദീതടത്തിലേക്ക് തിരിച്ചുവിടുന്ന നദീസംയോജന പദ്ധതി വീണ്ടും ദേശീയ ജലവികസന ഏജൻസിയുടെ പരിഗണനയിലാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

വിശദീകരിക്കുമോ?

വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 09-07-2024-ൽ നടന്ന ദേശീയ ജലവികസന ഏജൻസി (NWDA)-യുടെ എഴുപത്തിമൂന്നാമത് ഗവേണിങ് ബോഡിയുടെ അജണ്ടയിലെ 73.9 annexure ആയ Status of Interbasin water transfer link schemes under Peninsular Component-ലെ പതിനാലാമത്തെ ഇനമായി നൽകിയിട്ടുള്ള പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്കിന്റെ സ്റ്റാറ്റസിൽ NWDA 1995-ൽ തയ്യാറാക്കിയ ഫീസിബിലിറ്റി റിപ്പോർട്ടിന്റെ പരിഷ്കരണം (Modification) പുരോഗമിച്ചുവരികയാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(ബി) സംസ്ഥാനത്തിന്റെ ശക്തമായ എതിർപ്പിനെത്തുടർന്ന് നിർത്തിവച്ചിരുന്ന പ്രസ്തുത പദ്ധതി നടപ്പാക്കിയാൽ സംസ്ഥാനത്തിന്റെ വനഭൂമിയിലുണ്ടാകാവുന്ന കുറവ് സംബന്ധിച്ച് ജലവിഭവ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ജലവിഭവ വകുപ്പ് ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. എന്നാൽ ദേശീയ ജലവികസന ഏജൻസിയുടെ 1995-ലെ ഫീസിബിലിറ്റി

റിപ്പോർട്ടിൽ ഇതേക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ഇതുപ്രകാരം വനവും പ്ലാന്റേഷനുമുൾപ്പെടെ 1987.672 ഹെക്ടർ ഭൂമി ജലത്തിനടിയിൽ ആകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(സി) സംസ്ഥാനത്ത് ഉത്ഭവിച്ച് സംസ്ഥാനത്തിനുള്ളിലൂടെ മാത്രം ഒഴുകുന്ന അച്ചൻകോവിൽ, പമ്പ എന്നീ നദികളെ സംബന്ധിച്ച് കേന്ദ്രസർക്കാർ തീരുമാനമെടുക്കുന്നതിൽ നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

കേരളം ഈ പദ്ധതിക്ക് പൂർണ്ണമായും എതിരാണെന്ന് ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ ശക്തമായി അറിയിച്ചിട്ടുണ്ട്. കേരളത്തിന്റെ സമ്മതമില്ലാതെ ഈ പദ്ധതിയുമായി മുന്നോട്ട് പോകില്ലെന്ന് ദേശീയ ജലവികസന ഏജൻസിയുടെ 28-02-2024-ലെ കത്ത് മുഖേന ഉറപ്പ് നൽകിയിട്ടുണ്ട്.

(ഡി) നദീസംയോജനത്തിന്റെ ഭാഗമായി വലിയൊരളവ് ജലം അയൽസംസ്ഥാനത്തിന്റെ കാർഷികാവശ്യത്തിനായി വിനിയോഗിക്കപ്പെടുന്നത് സംസ്ഥാനത്തിന്റെ ജൈവ-പാരിസ്ഥിതിക

വ്യവസ്ഥയെ എങ്ങനെ ബാധിക്കുന്നുവെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; അറിയിക്കുമോ?

പ്രസ്തുത പദ്ധതി പമ്പ-അച്ചൻകോവിൽ നദികളെയും അവ വന്നുപതിക്കുന്ന വേമ്പനാട് കായലിലെ ജലലഭ്യതയെയും വളരെ പ്രതികൂലമായി ബാധിക്കുമെന്നാണ് ഇതുസംബന്ധിച്ച് പഠിക്കാൻ കേരളം ചുമതലപ്പെടുത്തിയ ജലവിഭവ വികസന വിനിയോഗ കേന്ദ്രം കോഴിക്കോട്, ഐ.ഐ.ടി. ഡൽഹി എന്നീ വിദഗ്ധ ഏജൻസികളുടെ പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

കടുവയുടെ ആക്രമണം തടയാൻ നടപടി

11 (*71) ശ്രീമതി ഉമ തോമസ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടുവയുടെ ആക്രമണം വർധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ കടുവ ആക്രമണംമൂലം സംഭവിച്ച മനുഷ്യമരണങ്ങൾ പരിശോധിച്ചതിൽ സംസ്ഥാനത്ത് കടുവയുടെ ആക്രമണം വർധിച്ചുവരുന്ന സാഹചര്യം കാണുന്നില്ല. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) മാനന്തവാടി പഞ്ചാരക്കൊല്ലിയിൽ രാധ എന്ന സ്ത്രീ കടുവ ആക്രമണത്തിൽ മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

ഗൗരവത്തോടെ കാണുന്നുണ്ട്. നോർത്ത് വയനാട് ഡിവിഷൻ ബേഗൂർ റെയ്ഞ്ചിലെ തലപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ പഞ്ചാരക്കൊല്ലി ഭാഗത്ത് വനത്തിനുള്ളിലാണ് രാധയുടെ മൃതദേഹം കണ്ടെത്തിയത്. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് നിർഭാഗ്യകരമായ ഈ സംഭവം ഉണ്ടായിട്ടുള്ളത്. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) കടുവയുടെ ആക്രമണം തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പഞ്ചാരക്കൊല്ലിയിൽ രാധ എന്ന സ്ത്രീയുടെ അപകടമരണത്തിന് ഇടയാക്കിയ കടുവയുടെ മരണത്തിനുശേഷവും വനത്തിനോട് ചേർന്ന ജനവാസകേന്ദ്രങ്ങളിൽ പട്രോളിങ്ങും നിരീക്ഷണവും ശക്തമാക്കുകയും പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ വനത്തിനോട് ചേർന്ന് കിടക്കുന്നതും കടുവ സാന്നിധ്യമുണ്ടാകാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളെ പ്രത്യേകം കണ്ടെത്തി ഹോട്ട്സ്പോട്ടുകളാക്കി പ്രത്യേകം പട്രോളിങ്ങ് നടത്തുന്നതിനായി ഓപ്പറേഷൻ വയനാട് 2.0 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. ഹോട്ട്സ്പോട്ടുകളിൽ Camera traps, live cameras മുതലായവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ അങ്ങോളമിങ്ങോളം വന്യമൃഗങ്ങൾക്ക് വനാന്തർ ഭാഗത്തുതന്നെ ഭക്ഷണവും വെള്ളവും സുലഭമാക്കുന്നതിന്റെ ഭാഗമായി "മിഷൻ ഫുഡ്, ഫോഡർ ആൻഡ് വാട്ടർ" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി വയനാട് ലാൻഡ്സ്കേപ്പിലും

ഊർജിതമായി നടപ്പാക്കാനാരംഭിച്ചിട്ടുണ്ട്. കൂടാതെ കടുവകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിന് ഫെൻസിങ്ങുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് "മിഷൻ ഫെൻസിങ്" എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. വനപ്രദേശത്തെ വഴിയോരങ്ങളും വനാതിർത്തിയിലുള്ള തോട്ടങ്ങളുടെ അടിക്കാടുകളും തെളിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ, പിന്നാക്കവിഭാഗ ക്ഷേമ പദ്ധതികൾ

12 (*72) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ, പിന്നാക്കവിഭാഗ വികസന വകുപ്പുകളുടെ ക്ഷേമ, വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ ക്ഷേമ വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾക്കായി സമർപ്പിക്കുന്ന അപേക്ഷകളോടൊപ്പം വളരെ അനിവാര്യമായ സർട്ടിഫിക്കറ്റുകൾ മാത്രം ഉൾപ്പെടുത്തി സേവനം സാധ്യമാക്കുന്നതിനായി 24-05-2023-ലെ സ.ഉ(സാധാ)നം. 632/2023/SCSTD പ്രകാരം സർട്ടിഫിക്കറ്റുകളുടെ എണ്ണം ലഘൂകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികളുടെ ഉത്തരവുകളും മാനദണ്ഡങ്ങളും പരിഷ്കരിക്കുന്നതിന് നടപടികൾ ആരംഭിക്കുകയും പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടറെ കൺവീനറായി ചുമതലപ്പെടുത്തി 13 അംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ വിഭാഗങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ, ആയതിലേക്കായി നീക്കിവച്ചിരിക്കുന്ന തുക ഉപയോഗപ്പെടുത്തി കൃത്യമായി സംസ്ഥാനത്തുടനീളം പട്ടികവർഗക്കാർ അധിവസിക്കുന്ന സ്ഥലങ്ങളിൽ നടപ്പാക്കിവരുന്നു. പട്ടികവർഗക്കാരുടെ ക്ഷേമ, വികസന പദ്ധതികൾ എല്ലാ വർഷവും തയ്യാറാക്കുന്നത് ബന്ധപ്പെട്ട

ജില്ലാ ഓഫീസർമാരുമായി ചർച്ച ചെയ്താണ്. ജില്ലാ ഓഫീസർമാർ ബന്ധപ്പെട്ട ഊരുകൂട്ടങ്ങളുമായി നിരന്തരം കൂടിയാലോചനകൾ നടത്തുന്നതിനാൽ ഈ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് അവബോധം ഉണ്ടായിരിക്കുന്നതാണ്. പട്ടികവർഗ വികസന വകുപ്പ് ശില്പശാലകളും സെമിനാറുകളും സംഘടിപ്പിക്കാറുണ്ട്. ഇത്തരം വേദികളിൽനിന്നും ഉയർന്നുവരുന്ന നിർദേശങ്ങൾ കൂടി കണക്കിലെടുത്താണ് പദ്ധതികൾ തയ്യാറാക്കുന്നത്. കൂടാതെ വകുപ്പിൽ എഞ്ചിനീയർമാരുടെയും ആരോഗ്യ മേഖലയിലെ വിദഗ്ധരുടെയും സേവനം ലഭ്യമായതിനാൽ അവരുടെ നിർദേശങ്ങൾ കൂടി പദ്ധതികൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കാറുണ്ട്. സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ വിദ്യാഭ്യാസ ആനുകൂല്യങ്ങളെല്ലാം ഓൺലൈനായിട്ടാണ് നടപ്പാക്കുന്നത്. മാന്വലായി നടപ്പാക്കിവന്നിരുന്ന വിവിധ വികസന പദ്ധതികൾ കൂടി ഈ വർഷം മുതൽ ബി-വിൻ എന്ന

പോർട്ടലിലൂടെ നടപ്പാക്കാൻ തുടങ്ങിയതോടെ മുഴുവൻ സ്കീമുകളും ഓൺലൈൻ രീതിയിലേക്ക് മാറിയിട്ടുണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കിവരുന്ന പിന്നാക്ക വിഭാഗത്തിലെ ബാർബർ തൊഴിൽ ചെയ്യുന്നവർക്ക് തൊഴിൽ നവീകരിക്കുന്നതിനുള്ള ധനസഹായം (ബാർബർഷോപ്പ് നവീകരണ ധനസഹായം), പരമ്പരാഗതമായി മൺപാത്ര നിർമ്മാണ തൊഴിൽ ചെയ്തുവരുന്ന സമുദായങ്ങൾക്കുള്ള ധനസഹായം, പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ധർ, കൈപണിക്കാർ, അവിദഗ്ധ തൊഴിലാളികൾ എന്നിവർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം (ടൂൾ കിറ്റ് ഗ്രാന്റ്), നീതിന്യായ വ്യവസ്ഥയിൽ പിന്നാക്ക വിഭാഗങ്ങളുടെ മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് ഈ വിഭാഗത്തിലെ നിയമ ബിരുധധാരികൾക്ക് നൽകുന്ന ധനസഹായം, സ്വകാര്യ പങ്കാളിത്തത്തോടെ ഓട്ടോമൊബൈൽ/ഹോട്ടൽ മാനേജ്മെന്റ്/ലോജിസ്റ്റിക്/പോളിമർ ടെക്നോളജി എന്നീ മേഖലയിൽ ഡിഗ്രി/ഡിപ്ലോമ/ഐ.ടി.ഐ./ഐ.ടി.സി. കോഴ്സ് പൂർത്തിയാക്കിയവർക്ക് പരിശീലനവും തൊഴിലും ഉറപ്പാക്കുന്നതിനുള്ള

പദ്ധതി എന്നീ 5 പദ്ധതികളാണ് പുതിയ സോഫ്റ്റ്വെയർ മുഖേന ഓൺലൈനായി നടപ്പ് വർഷം അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. 2024-25 സാമ്പത്തിക വർഷം ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിധവകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി, തെരുവ് കച്ചവടക്കാർക്ക് മൊബൈൽ സ്ട്രീറ്റ് വെന്റിങ് കാർട്ട്, എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങൾ എന്നീ 3 പുതിയ പദ്ധതികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. കൂടാതെ 2023-24 മുതൽ നടപ്പാക്കിവരുന്ന ഇലക്ട്രിക്/സി.എൻ.ജി. ഓട്ടോ ടാക്സി വാങ്ങുന്നതിനുള്ള സഹായ പദ്ധതിയിൽ 2024-25 വർഷം മുതൽ പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാർക്ക് ത്രീവീലർ യൂട്ടിലിറ്റി സ്കൂട്ടറുകൾ വാങ്ങുന്നതിനുള്ള സഹായം കൂടി പുതിയ ഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പട്ടികജാതിക്കാരിലെ അതിദുർബലർക്ക് തൊഴിലുറപ്പ് പദ്ധതിയിൽ അധിക ദിനങ്ങൾ നൽകാൻ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വിശദമാക്കുമോ?

പട്ടികജാതിക്കാരിലെ അതിദുർബലർക്ക് തൊഴിലുറപ്പ് പദ്ധതിപ്രകാരം നിലവിൽ നൽകിവരുന്ന 100 തൊഴിൽ ദിനങ്ങൾക്ക് പുറമെ 50 ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനുവേണ്ടി സ്വീകരിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്. പട്ടികജാതിക്കാരിലെ അതിദുർബലർക്ക് അധിക തൊഴിൽ ദിനങ്ങൾ നൽകുന്നതിനായി എം.ജി.എൻ.ആർ.ഇ.ജി.എസ്.-ന്റെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ പ്രത്യേകം ഓപ്ഷൻ ചേർക്കുന്നതിനും ആയതിലേക്കായി പട്ടികജാതി വിഭാഗത്തിലെ വളരെ ദുർബല വിഭാഗങ്ങളെ എൻ.ആർ.ഇ.ജി.എ. സോഫ്റ്റ്വെയറിൽ പ്രത്യേകം മാർക്ക് ചെയ്യുന്നതിനും ടി വിഭാഗത്തിന് വേതനം വിതരണം ചെയ്യുന്നതിന് പ്രത്യേക ബാങ്ക് അക്കൗണ്ട് മാർക്ക് ചെയ്യുന്നതിനും ഓപ്ഷൻ ലഭ്യമാക്കി നൽകുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിൽ കത്ത് നൽകിയിട്ടുണ്ട്.

(സി) പട്ടികജാതി കുടുംബങ്ങളുടെ സമഗ്ര വിവരശേഖരണ പദ്ധതിയായ ഹോം സർവെ എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്; ആയത് എന്നത്തേക്ക്

പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി കുടുംബങ്ങളുടെ സമഗ്ര വിവരശേഖരണ പദ്ധതിയായ ഹോം സർവെയിൽ 4-02-2025-ലെ കണക്കുപ്രകാരം 90.73 ശതമാനം കുടുംബങ്ങളുടെ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. നിലവിൽ പത്തനംതിട്ട, കണ്ണൂർ, മലപ്പുറം, എറണാകുളം, പാലക്കാട് എന്നീ 5 ജില്ലകളിൽ വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ട്. ഹോം സർവെ സംബന്ധിച്ചുള്ള എല്ലാ പ്രക്രിയകളും 2025-26 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

നിരോധിത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം

13 (*73) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ബോട്ടുകളിൽ നിരോധിത പെലാജിക് വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്. പെലാജിക് ട്രോൾ വല ഉൾപ്പെടെയുള്ള നിരോധിത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയുന്ന വിഷയം ചർച്ച ചെയ്യുന്നതിന് 30-10-2024-ന് മന്ത്രിതലത്തിൽ ഒരു യോഗം ചേർന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇപ്രകാരം മത്സ്യബന്ധനം നടത്തുന്നതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പ്രതിസന്ധി നേരിടുന്നത് പരിശോധിച്ചിട്ടുണ്ടോ?

പെലാജിക് ട്രോൾ വലകൾ ഉൾപ്പെടെയുള്ള നിരോധിത വലകൾ ഉപയോഗിച്ച് അനധികൃതമായി മത്സ്യബന്ധനം നടത്തുന്നത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ ബാധിക്കുമെന്നതിനാൽ പരിശോധന നടത്തി നിയമലംഘനത്തിനെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കർശന പരിശോധന നടപടികൾ സ്വീകരിക്കാൻ തീരദേശ ജില്ലകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന 12 നോട്ടിക്കൽ മൈൽ അപ്പുറത്തുള്ള EEZ-ൽ നിരോധിത വലകളും നിരോധിത മത്സ്യബന്ധന രീതികളും നിയന്ത്രിക്കുന്നതിന് അടിയന്തരമായി നിയമനിർമ്മാണം

നടത്തുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തി വരുന്നു.

(സി) അനധികൃത വലകൾ ഉപയോഗിക്കുന്ന ബോട്ടുകളെ കണ്ടെത്തുന്നതിന് വ്യാപകമായ പരിശോധന നടത്താനും നടപടി സ്വീകരിക്കാനും തയ്യാറാകുമോ; എങ്കിൽ വിശദമാക്കുമോ?

പെലാജിക് ട്രോൾ വല ഉൾപ്പെടെയുള്ള നിരോധിത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന് 30-10-2024-ന് മന്ത്രിതലത്തിൽ ഒരു യോഗം ചേർന്ന് നിർദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ തീരപ്രദേശത്ത് 12 നോട്ടിക്കൽ മൈലിനകത്തും കൂടാതെ 12 നോട്ടിക്കൽ മൈലിന് പുറത്തും മത്സ്യ സമ്പത്തിന് ദോഷകരമായിട്ടുള്ള പെലാജിക് ട്രോൾ വലകളും മറ്റ് നിരോധിത വലകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം പൂർണ്ണമായും ഒഴിവാക്കണമെന്നും നിയമലംഘനത്തിനെതിരെ കർശന നടപടി സ്വീകരിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കർശനമായ പരിശോധന നടപടികൾ സ്വീകരിക്കാൻ തീരദേശ ജില്ലകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന 12

നോട്ടിക്കൽ മൈലിനപ്പുറത്തുള്ള EEZ-ൽ നിരോധിത വലകളും നിരോധിത മത്സ്യബന്ധന രീതികളും നിയന്ത്രിക്കുന്നതിന് അടിയന്തരമായി നിയമനിർമ്മാണം നടത്തുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തിവരുന്നു. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ മത്സ്യബന്ധന ബോട്ടുകൾ കേരളത്തിന്റെ തീരക്കടലിൽ അനധികൃതമായി കടന്നുകയറി നിരോധിത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതും തീരക്കടലിലും EEZ-ലും പെലാജിക് ട്രോൾ വലകൾ, പെയർ ട്രോളിംഗ്, ലൈറ്റ് ഫിഷിങ് എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നടത്തുന്നതും വിലക്കണമെന്ന് ആവശ്യപ്പെട്ട് രണ്ട് സംസ്ഥാനങ്ങളിലെയും മത്സ്യബന്ധന വകുപ്പുകൾക്ക് കത്ത് നൽകിയിട്ടുമുണ്ട്. പെലാജിക് ട്രോൾ വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം, പെയർ ട്രോളിംഗ്, ലൈറ്റ് ഫിഷിങ് എന്നിവയുടെ ദോഷവശങ്ങളെക്കുറിച്ചും പ്രത്യാഘാതങ്ങളെക്കുറിച്ചും മത്സ്യബന്ധന മേഖലയിലുള്ളവരെ ബോധ്യപ്പെടുത്തുന്നതിന് ജില്ലാതലത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും അച്ചടി, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെ ബോധവത്കരണം നടത്തുന്നതിനും തീരുമാനിച്ചു.

അതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും അച്ചടി, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെ ടി നടപടികൾ പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അനധികൃതവലകൾ ഉപയോഗിക്കുന്നത് തടയുന്നതിനുള്ള നടപടികൾ ഹാർബറുകൾ കേന്ദ്രീകരിച്ച് സ്വീകരിക്കുകയും വാഹനങ്ങളിൽ കൊണ്ടുപോകുന്ന നിരോധിത വലകൾ പിടിച്ചെടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. പെലാജിക് ട്രോൾവല ഉൾപ്പെടെയുള്ള അനധികൃത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നടത്തുന്ന ബോട്ടുകളെ ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിങ് നടത്തി കണ്ടുകെട്ടി നിയമപ്രകാരമുള്ള പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കടൽ പട്രോളിങ് ശക്തിപ്പെടുത്തുകയും മത്സ്യത്തൊഴിലാളി പ്രതിനിധികൾ, യാനമുടമകൾ, ലേലക്കാർ, സാമുദായിക നേതാക്കൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പട്രോളിങ് ശക്തിപ്പെടുത്തിയും ഇത്തരക്കാരെ നിയന്ത്രിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കെ.എം.എഫ്.ആർ. ആക്ട്, കെ.എം.എഫ്.ആർ. റൂൾ എന്നിവയുടെ അടിസ്ഥാനത്തിൽ യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിൽ അവയെ നിരീക്ഷിക്കുന്നതിനുതകുന്ന തരത്തിലുള്ള ആട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (AIS)/വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം (VMS) ഘടിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരം നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ റൂമുകളും ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ പ്രവൃത്തിക്കുന്നുണ്ട്. പ്രധാന ഹാർബറുകളിൽ നിരീക്ഷണം ശക്തമാക്കുന്നതിനായി സി.സി.ടി.വി. സ്ഥാപിക്കുന്ന പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു. ഇതിനകം 10 ഹാർബറുകളിൽ പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞു. കൂടാതെ 'നഭമിത്ര' ആപ്ലിക്കേഷൻ മുഖാന്തരം യാനങ്ങളെ നിരീക്ഷിക്കുന്നതിനും ഇരുവശങ്ങളിലേക്കും ആശയവിനിമയം നടത്തുന്നതിനുമായി പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന

(പി.എം.എം.എസ്.വൈ.) പദ്ധതിയിലുൾപ്പെടുത്തി 6000 മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടർ ഘടിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ 9 തീരദേശ ജില്ലകളിലായി പെലാജിക് വല ഉൾപ്പെടെ നിരോധിത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തിയ 18 യാനങ്ങളെ കണ്ടുകെട്ടുകയും 38.10 ലക്ഷം രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി വിദ്യാർഥികളുടെ മികവിന് സമയബന്ധിത പുരസ്കാര വിതരണം

14 (*74) ശ്രീ. യു. എ. ലത്തീഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) പഠനത്തിലും കലാപ്രവർത്തനങ്ങളിലും മികവ് തെളിയിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ?

പഠനത്തിൽ മികവ് തെളിയിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി മുഖേന ക്യാഷ് അവാർഡ്, ശ്രീഅയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് സ്കോളർഷിപ്, കലാപ്രവർത്തനങ്ങളിൽ മികവ് തെളിയിക്കുന്ന വിദ്യാർഥികൾക്ക് സർഗോത്സവം പദ്ധതി എന്നിവയും വകുപ്പുമുഖേന നടപ്പാക്കിവരുന്നുണ്ട്.

(ബി) എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും 'എ പ്ലസ്' നേടുന്ന പട്ടികജാതി വിദ്യാർഥികൾക്ക് നൽകിവരുന്ന സ്വർണ്ണമെഡൽ പദ്ധതി നിലച്ചതായ ആക്ഷേപം പരിശോധിക്കുമോ;

(സി) സ്കൂൾ കലോത്സവങ്ങളിൽ 'എ' ഗ്രേഡ് നേടുന്ന കുട്ടികൾക്ക് നൽകിവരുന്ന പതിനായിരം രൂപയുടെ പ്രോത്സാഹന സമ്മാന വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ?

(ബി&സി) പരിശോധിക്കുന്നതാണ്.

(ഡി) സ്വർണ്ണമെഡലുകളും പ്രോത്സാഹന സമ്മാനത്തുകയും കുടിശ്ശിക

സഹിതം എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ?

പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ നടപടി

15 (*75) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കനത്തചൂട് അനുഭവപ്പെടാൻ ഇടയുണ്ടെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രങ്ങളിൽനിന്നും അറിയിപ്പുണ്ടായ സാഹചര്യത്തിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ?

റണ്ണിങ് കോൺട്രാക്ടർ, ബ്ലൂ ബ്രിഗേഡ് സംവിധാനത്തെ ഉപയോഗപ്പെടുത്തി ലീക്കുകൾ അടിയന്തരമായി പരിഹരിക്കുകയും ജലനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ജലസ്രോതസ്സുകളിലെ ജല ലഭ്യത നിരീക്ഷിച്ച് അതനുസരിച്ച് പമ്പിങ് ക്രമീകരിക്കുന്നു. കൂടാതെ

കേടുവന്ന പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നു. ജല ശുദ്ധീകരണശാലയുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പാക്കുന്നുണ്ട്. കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് കിണറുകളും ഗ്യാലറികളും വൃത്തിയാക്കുകയും ലീഡിങ് ചാനലുകളായ പൈപ്പുകളിലും ഗ്യാലറികളിലും അടിഞ്ഞുകൂടുന്ന ചെളി നീക്കംചെയ്ത് കിണറിനടുത്തേക്ക് ചാലുകൾ കീറിയും താൽക്കാലിക തടയണകൾ സ്ഥാപിച്ച് ലഭിക്കാവുന്ന ജലം കിണറുകളിൽ ഉറപ്പാക്കുന്നു. ലഭ്യമായ എല്ലാ ഫണ്ടുകളും ഉപയോഗിച്ച് പഴയതും നിരന്തരം പൊട്ടുന്നതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി നടപ്പാക്കിവരുന്നു. ഇതിനോടൊപ്പം ഇറിഗേഷൻ വകുപ്പ്, കെ.എസ്.ഇ.ബി.എൽ. എന്നിവയുമായി സംയുക്തമായി പ്രവർത്തിച്ച് ഡാമുകളിൽ ജലം സംഭരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുഴകളിൽ താൽക്കാലിക ബണ്ട് നിർമ്മിക്കുകയും ടാങ്കർ ലോറി ഉപയോഗിച്ച് കുടിവെള്ള വിതരണം നടത്തുകയും ചെയ്യുന്നു. ഉയർന്ന ജല ദൗർലഭ്യമുള്ള പ്രദേശങ്ങളിലേക്ക് പമ്പിങ് സമയം വർധിപ്പിക്കുന്നതിനും വാൽവുകളുടെ ക്രമീകരണം നടത്തി

ജലവിതരണം മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വേനൽ രൂക്ഷമാകുന്നപക്ഷം 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂം സജ്ജീകരിച്ച്, ജലദൗർലഭ്യവുമായി ബന്ധപ്പെട്ട പരാതികൾക്ക് തൽസമയ പരിഹാരം നൽകുന്നതിനുള്ള സംവിധാനം ഒരുക്കുന്നതും ജലമോഷണവും ദുരുപയോഗവും തടയാൻ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുകയും പൊതുജനങ്ങൾക്ക് ജല ഉപഭോഗത്തിൽ കരുതലും ജാഗ്രതയും പാലിക്കേണ്ടതിന്റെ നിർദ്ദേശങ്ങൾ നൽകുന്നതും പരിഗണനയിലാണ്.

(ബി) ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നടത്തിവരുന്ന നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പഴയ വ്യാസം കുറഞ്ഞതും ചോർച്ച സാധ്യത കൂടുതൽ ഉള്ളതുമായ എ.സി./ജി.ഐ. പൈപ്പുകൾ മാറ്റി കൂടുതൽ വ്യാസമുള്ളതും കാര്യക്ഷമവുമായ പി.വി.സി., എച്ച്.ഡി.പി.ഇ., ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നു. നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലും കുടിവെള്ള വിതരണ സംവിധാനത്തെ വിപുലീകരിക്കുന്നതിനായി പുതിയ ജലശുദ്ധീകരണ ശാലകൾ

സ്ഥാപിക്കുകയും നിലവിലുള്ളവ നവീകരിക്കുകയും ചെയ്യുന്നു. പമ്പിങ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കാലപ്പഴക്കംചെന്ന പമ്പ്സെറ്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നു. പൈപ്പ്ലൈൻ ലീക്കുകൾ ജല അതോറിറ്റിയെ അറിയിക്കുന്നതിനും ആയത് സമയബന്ധിതമായി പരിഹരിക്കുന്നതിനുമായി അക്വാലൂം സോഫ്റ്റ്വെയർ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിലൂടെ ജനങ്ങൾക്ക് നേരിട്ട് ഹെൽപ്പ്ലൈൻ നമ്പറിൽ ബന്ധപ്പെട്ട് പരാതി രജിസ്റ്റർ ചെയ്യാനും രജിസ്റ്റർ ചെയ്ത പരാതികളുടെ നിജസ്ഥിതി അറിയാനും സാധിക്കും. വാട്ടർ അതോറിറ്റിയുടെ ബില്ലിങ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി, പുതിയ ബില്ലിങ് സോഫ്റ്റ്വെയർ വാങ്ങുന്നതിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച്, പ്രാവർത്തികമാക്കുന്നത് അന്തിമഘട്ടത്തിലാണ്. ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദമായ സേവനം ഉറപ്പാക്കുന്നതിനായി, സ്പോട്ട് ബില്ലിങ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, Palm Held സ്പോട്ട് ബില്ലിങ് മെഷീനുകൾ എല്ലാ സെക്ഷൻ ഓഫീസുകളിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയാണ്. പുതിയ ബില്ലിങ് മെഷീൻ വഴി

ഉപഭോക്താക്കൾക്ക് ബിൽ ലഭിക്കുമ്പോൾതന്നെ അതിന്റെ തുക തത്സമയം അടയ്ക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. വിവിധ പ്രോജക്ടുകളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി PASK (Project Status Alert System of KWA) സോഫ്റ്റ്വെയർ സംവിധാനവും വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. ഇതുമുഖേന വാട്ടർ അതോറിറ്റി നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി പൊതുജനങ്ങൾക്ക് അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

(സി) സംസ്ഥാന ജല അതോറിറ്റിയുടെ സാങ്കേതികവിഭാഗം ശക്തിപ്പെടുത്തുന്നതിനും ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

ജല അതോറിറ്റിയുടെ സാങ്കേതിക വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനും പുതിയ ജീവനക്കാർക്ക് ജോലി സംബന്ധമായി ആവശ്യമായ ട്രെയിനിങ് നൽകുന്നതിനും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷൻ എന്ന പേരിൽ പ്രത്യേക ട്രെയിനിങ് സെൻററും

പ്രവർത്തിച്ചുവരുന്നുണ്ട്. ഇതുകൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (ഐ.ഐ.എം.), അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ, ഹൈദരാബാദ് എന്നിവ ഉൾപ്പെടെയുള്ള രാജ്യത്തെ പ്രമുഖ സ്ഥാപനങ്ങൾ നടത്തുന്ന ടെയിനിങ് പ്രോഗ്രാമുകളിൽ വാട്ടർ അതോറിറ്റിയിലെ സാങ്കേതിക വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ സ്ഥിരമായി പങ്കെടുപ്പിക്കാറുണ്ട്. വാട്ടർ അതോറിറ്റിയിൽ ജോലിചെയ്യുവരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർക്ക് ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഷയത്തിൽ രാജ്യത്തെ പ്രമുഖ സാങ്കേതിക സ്ഥാപനങ്ങളിൽ ചേർന്ന് മാസ്റ്റർ ബിരുദം നേടുന്നതിനുള്ള സംവിധാനവും ഇപ്പോൾ നിലവിലുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന 'ജെ.ജെ.എം', 'അമൃത്' പദ്ധതികളുടെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ടെയിനിങ് നൽകിവരുന്നുണ്ട്. ജെ.ജെ.എം. പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാർ നാമനിർദേശം ചെയ്ത കീ റിസോഴ്സ് സെന്റർ മുഖേനയാണ് പരിശീലനം നൽകിവരുന്നത്. ശുദ്ധജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള

പരിശീലനം മേൽ പ്രതിപാദിച്ച ടെയിനിങ്ങുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കെ.ഡബ്ല്യു.എ.-യുടെ ഗുണനിലവാര നിയന്ത്രണ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തിവരുന്നു. ഇതിനായി സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് നെട്ടൂർ ഓഫീസിനുകീഴിൽ കേരളത്തിലുടനീളം വിവിധ ജില്ലകളിലായി എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിച്ച ഒരു സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും കൂടാതെ 71 സബ് ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളിൽ എൻ.എ.ബി.എൽ. റെക്കഗ്നിഷൻ ലഭിച്ച 60 ലാബുകളും ഉൾപ്പെട്ട് മൊത്തം 86 ലാബുകൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ ജില്ലാ ലാബുകൾക്ക് നിലവിൽ ഫിസിക്കൽ - കെമിക്കൽ പാരാമീറ്ററുകൾക്ക് എൻ.എ.ബി.എൽ. അംഗീകാരമുണ്ട്. ഇതുകൂടാതെ ബാക്ടീരിയോളജിക്കൽ പരാമീറ്ററുകൾക്കുകൂടി എൻ.എ.ബി.എൽ. അംഗീകാരം നേടുന്നതിന് നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. കൂടാതെ, വിതരണത്തിനായി ജലമെടുക്കുന്ന നദീസ്രോതസ്സുകളിലെയും കിണറുകളിലേയും വീടുകളിലെ ടാപ്പുകളിലെയും ജലത്തിന്റെ ഗുണനിലവാരം, ഗുണനിലവാര നിയന്ത്രണ

വിഭാഗത്തിന് കീഴിലുള്ള ലാബുകളിൽ പരിശോധിക്കുകയും ഈ പരിശോധനാ ഫലം കേന്ദ്ര ജലശക്തി മന്ത്രാലയത്തിനുകീഴിലുള്ള ഡബ്ല്യു.ക്യു.എം.ഐ.എസ്. (വാട്ടർ ക്വാളിറ്റി മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) സൈറ്റിൽ അപ്ലോഡ് ചെയ്യുന്നു.

(ഡി) ജല ഗുണനിലവാര പരിശോധനാ ലാബുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും പ്രത്യേക നിർദേശങ്ങൾ നൽകുമോ?

ജലഗുണനിലവാര പരിശോധനക്കായി ഭൂജല വകുപ്പിനുകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണലുകളിലായി മൂന്ന് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. മൂന്ന് ലാബുകളിലും ജലത്തിന്റെ ഭൗതിക രാസ പരിശോധനകളും ബാക്ടീരിയോളജിക്കൽ പരിശോധനകളും നടത്തുന്നുണ്ട്. വകുപ്പിന്റെ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട ജലസാമ്പിളുകളുടെ പരിശോധനയും മേൽ റീജിയണൽ ലാബുകളിൽ നടത്തിവരുന്നു. വകുപ്പിന്റെ മൊബൈൽ ജല പരിശോധനാ ലബോറട്ടറി യൂണിറ്റ് 14 ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. മൊബൈൽ ലബോറട്ടറിയിൽ

തിരഞ്ഞെടുത്ത ബ്ലോക്കുകളിലാണ് ജല പരിശോധന നടത്തിവരുന്നത്. വകുപ്പിന് 14 ജില്ലകളിലായി 28 സ്കൂളുകളിൽ ജല പരിശോധനാ ലാബുകൾ സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ പരിശോധന വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ ഡയറക്ടറുടെ കീഴിൽ കൊച്ചിയിലെ സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കീഴിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് ഡിവിഷനുകളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കീഴിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനുകളും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ കീഴിൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിൽ അതത് ജില്ലയുടെ പരിധിയിലുള്ള ജല ഗുണനിലവാര പരിശോധന ലാബുകൾ നിരീക്ഷിക്കുന്നത് അസിസ്റ്റന്റ് എഞ്ചിനീയർമാരാണ്. ഈ ലാബുകളുടെ സുഗമമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി ഡിവിഷൻ തലത്തിൽ എല്ലാ മാസവും റിവ്യൂ മീറ്റിങ്ങുകൾ ചേരുന്നുമുണ്ട്. കൂടാതെ സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിനുകീഴിലും

മീറ്റിങ്ങുകൾ കൂടി വരുന്നുണ്ട്. ഇത്തരത്തിൽ ലാബുകളുടെ പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ നിരീക്ഷിച്ചുവരുന്നുണ്ട്. കേരളത്തിലുടനീളം 86-ഓളം ലാബുകൾ വിവിധ ജില്ലകളിലായി സ്ഥിതിചെയ്യുന്നതിനാൽ ജല ഗുണനിലവാര പരിശോധനാ ലാബുകൾ വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യം നിലവിലില്ല. എന്നിരുന്നാലും ഭാവിയിൽ ലാബുകൾ വ്യാപിപ്പിക്കുന്നത് ആവശ്യമെന്ന് കണ്ടാൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

ഉന്നത വിദ്യാഭ്യാസം നേടുന്ന പട്ടികവർഗ വിദ്യാർഥികൾക്കുള്ള സഹായങ്ങൾ

16 (*76) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുള്ള സർവകലാശാലകളിലും പ്രശസ്തമായ വിദേശ സർവകലാശാലകളിലും ഉന്നതവിദ്യാഭ്യാസം നേടുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് സാമ്പത്തിക സഹായവും മറ്റ് പിന്തുണാ സംവിധാനങ്ങളും ഒരുക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തിനുപുറത്തുള്ള സർവകലാശാലകളിലും പ്രശസ്തമായ വിദേശ സർവകലാശാലകളിലും ഉന്നതവിദ്യാഭ്യാസം നേടുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് സാമ്പത്തിക സഹായവും മറ്റ് പിന്തുണാ സംവിധാനങ്ങളും ഒരുക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യ തലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും സുതാര്യവും നീതിയുക്തവുമായ രീതിയിൽ മെറിറ്റ്/റിസർവേഷനിൽ സ്പോട്ട് അഡ്മിഷൻ നേടുന്നവർക്കും സംസ്ഥാനത്തിന് പുറത്തുള്ള പഠനത്തിന് 05-01-2023-ലെ സ.ഉ(അച്ചടി)നം.2/2023/പജപവവിവ പ്രകാരം പോസ്റ്റ് മെട്രിക് സ്കോളർഷിപ് നിലവിൽ അനുവദിച്ചുവരുന്നു. പട്ടികവർഗ വിദ്യാർഥികൾക്ക് വിദേശ രാജ്യങ്ങളിലെ മികച്ച യൂണിവേഴ്സിറ്റികളിൽ പോസ്റ്റ് ഗ്രാഡ്യുവേഷൻ മുതലുള്ള പഠനത്തിനായി 4-10-2017-ലെ സർക്കാർ ഉത്തരവ് (കൈ) നം. 81/2017/പജപവവിവ പ്രകാരം പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ മുഖേന പരമാവധി 25 ലക്ഷം രൂപ വരെ അനുവദിച്ച് നൽകിയിരുന്നു.

1-08-2023-ലെ സർക്കാർ ഉത്തരവ് (കൈ)നം. 5/2023/പജപവവിവ പ്രകാരം വിദേശപഠന സ്കോളർഷിപ്പിന്റെ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുപ്രകാരം കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ODEPC (Overseas Development and Employment Promotion Consultants)-ന്റെ സഹകരണത്തോടെ "കേരള സർക്കാർ- ഉന്നതി വിദേശ പഠന സ്കോളർഷിപ്പ്" എന്ന പേരിൽ പരമാവധി 25 ലക്ഷം രൂപ വരെ (വരുമാന പരിധി ഇല്ലാതെ) പട്ടികവർഗ വിദ്യാർഥികൾക്ക് അനുവദിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഈ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 45 വിദ്യാർഥികൾക്ക് വിദേശപഠന ധനസഹായവും 93 വിദ്യാർഥികൾക്ക് കേരളത്തിന് പുറത്ത് മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിനുള്ള ധനസഹായവും അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ആധുനിക നൈപുണ്യ വികസന പരിശീലനം നൽകി പട്ടികവർഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വ്യക്തികൾക്കും സ്വയംസഹായ സംഘങ്ങൾക്കും പിന്തുണ നൽകുന്നതിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആധുനിക നൈപുണ്യ വികസന പരിശീലനം നൽകി പട്ടികവർഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വ്യക്തികൾക്കും സ്വയംസഹായ സംഘങ്ങൾക്കും പിന്തുണ നൽകുന്നതിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. വിദ്യാഭ്യാസപരമായി ഏറെ മുന്നോട്ടുവന്ന പട്ടികവർഗക്കാരുടെ എണ്ണം വർധിക്കുന്നതിന് ആനുപാതികമായി എല്ലാവർക്കും തൊഴിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി വിവിധങ്ങളായ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്നു. ഇതിലൂടെ ആധുനിക സ്വാശ്രയ മേഖലകളിൽകൂടി പട്ടികവർഗ യുവജനങ്ങൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും

പട്ടികവർഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാധിക്കുന്നുണ്ട്. അഭ്യസ്തവിദ്യരായ പട്ടികവർഗ യുവതീയുവാക്കൾക്ക് അവരുടെ താൽപര്യത്തിനും അഭിരുചിക്കും അനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ അംഗീകൃത തൊഴിൽ പരിശീലന സ്ഥാപനങ്ങൾ വഴി നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി ചേർന്ന് തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത തൊഴിൽ മേഖലയിൽ സ്വന്തമായി ഉപജീവനം കണ്ടെത്തുന്നതിനോ സാധിക്കുന്നുണ്ട്. ഇതിലൂടെ ഒരു പരിധിവരെ പട്ടികവർഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. അതോടൊപ്പം പട്ടികവർഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെയും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി വ്യക്തികൾക്കും സ്വയംസഹായ സംഘങ്ങൾക്കും പിന്തുണ നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

ആഴക്കടൽ മത്സ്യബന്ധന പദ്ധതി

17 (*77) ശ്രീ. എച്ച്. സലാം:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. വി.സുമേഷ്:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധന പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവത്കൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുന്നതിന് പി.എം.എം.എസ്.വൈ. 2020-21 പദ്ധതിയിലുൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പ്രകാരം ഒരു

യൂണിറ്റ് ആഴക്കടൽ മത്സ്യബന്ധന യാനത്തിന് 1.20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം (40%) രൂപയാണ് (കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപ + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ). എന്നാൽ കൊച്ചിൻ ഷിപ്യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ വില 1.50 കോടി രൂപയാണ്. സബ്സിഡി കഴിഞ്ഞ് ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റായി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപറേഷനിൽനിന്നും Chief Minister's Entrepreneurship Development Programme (CMEDP) ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവാകുകയും അധിക ഗ്രാന്റായി 10 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾക്ക് ആകെ 306 ലക്ഷം രൂപ സംസ്ഥാന സർക്കാർ

അനുവദിക്കുകയും ചെയ്തു. കൊച്ചിൻ ഷിപ്‌യാർഡിന്റെ Malpe കപ്പൽ നിർമ്മാണശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 യാനങ്ങൾ രജിസ്ട്രേഷൻ, ഇൻഷ്വറൻസ് നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ ക്ഷേമ സഹകരണ സംഘങ്ങൾക്ക് നൽകുകയും അവർ മത്സ്യബന്ധനം നടത്തിവരികയും ചെയ്യുന്നു. പ്രസ്തുത യാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ഗുണഭോക്താക്കൾ ചൂണ്ടിക്കാണിച്ച സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർതലത്തിൽ സമയബന്ധിതമായി ആവശ്യമായ ഇടപെടലുകൾ നടത്തുകയും പ്രസ്തുത യാനങ്ങൾ കൊച്ചിൻ ഷിപ്‌യാർഡ് ലിമിറ്റഡിന്റെ Malpe കപ്പൽ നിർമ്മാണശാലയിൽ എത്തിച്ച് CIFNET-ലെ വിദഗ്ധർ അടങ്ങുന്ന സംഘം സംയോജിത പരിശോധന നടത്തി പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽനിന്നുള്ള 2 ഗുണഭോക്തൃ ഗ്രൂപ്പുകൾ ആഴക്കടൽ മത്സ്യബന്ധനം തുടർന്ന് നടത്തുന്നതിന് വിമുഖത കാണിക്കുകയും താല്പര്യമുള്ള മറ്റ് ഗ്രൂപ്പുകൾക്ക് ടി യാനങ്ങൾ കൈമാറുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് താല്പര്യമുള്ള മറ്റ് ഗ്രൂപ്പുകൾക്ക്

പ്രസ്തുത രണ്ട് യാനങ്ങൾ കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, പി.എം.എം.എസ്.വൈ. 2023-24 പദ്ധതിയിലുൾപ്പെടുത്തി 1.20 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക്/മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് യൂണിറ്റ് തുകയുടെ 40 ശതമാനമായ 48 ലക്ഷം രൂപയാണ് (കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപ + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ). ബാക്കി 72 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമാണ്. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് കൊച്ചിൻ ഷിപ്യാർഡ് കൂടാതെ ഫിഷറീസ് വകുപ്പ് എംപാനൽ ചെയ്തിട്ടുള്ള യാന നിർമ്മാണശാലകളിലും സ്വന്തം നിലക്ക് യാനങ്ങൾ നിർമ്മിക്കാവുന്നതാണ്. ഇതിനായി പി.എം.എം.എസ്.വൈ. മാർഗരേഖയുടെ അടിസ്ഥാനത്തിൽ യാന നിർമ്മാണശാലകളിൽനിന്നും Expression of Interest ക്ഷണിക്കുകയും അപ്രകാരം യോഗ്യതയുള്ള രണ്ട് യാന നിർമ്മാണശാലകൾ എംപാനൽ ചെയ്ത് സർക്കാർ ഉത്തരവ്

പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലകളിൽ ഗുണഭോക്ത തിരഞ്ഞെടുപ്പ് നടത്തി പദ്ധതി നടപ്പാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്നും എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. പി.എം.എം.എസ്.വൈ. 2020-21 പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചിൻ ഷിപ്യാർഡിന്റെ Malpe കപ്പൽ നിർമ്മാണശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 ബോട്ടുകൾ രജിസ്ട്രേഷൻ, ഇൻഷ്വറൻസ് നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ ക്ഷേമ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്ത മത്സ്യബന്ധനം നടത്തിവരുന്നു. പ്രസ്തുത യാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ഗുണഭോക്താക്കൾ ചൂണ്ടിക്കാണിച്ച സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർതലത്തിൽ സമയബന്ധിതമായി ആവശ്യമായ ഇടപെടലുകൾ നടത്തുകയും പ്രസ്തുത യാനങ്ങൾ കൊച്ചിൻ ഷിപ്യാർഡിന്റെ Malpe കപ്പൽ നിർമ്മാണശാലയിൽ

എത്തിച്ച് CIFNET-ലെ വിദഗ്ധർ അടങ്ങുന്ന സംഘം സംയോജിത പരിശോധന നടത്തി പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽനിന്നുള്ള 2 ഗുണഭോക്തൃ ഗ്രൂപ്പുകൾ ആഴക്കടൽ മത്സ്യബന്ധനം തുടർന്ന് നടത്തുന്നതിന് വിമുഖത കാണിക്കുകയും താല്പര്യമുള്ള മറ്റ് ഗ്രൂപ്പുകൾക്ക് യാനങ്ങൾ കൈമാറുന്നതിന് സമ്മതം അറിയിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് താല്പര്യമുള്ള മറ്റ് ഗ്രൂപ്പുകൾക്ക് പ്രസ്തുത രണ്ട് യാനങ്ങൾ കൈമാറുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) യാനങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടായിരുന്ന സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

യാനങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടായിരുന്ന സാങ്കേതിക തകരാറുകൾ പരിഹരിച്ചിട്ടുണ്ട്. പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന (PMMSY) സ്കീം 2020-21 പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് വിതരണം ചെയ്ത ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ (DSFV)

പ്രവർത്തനത്തിലെ പ്രശ്നങ്ങൾ സംയുക്തമായി പരിശോധിക്കുന്നതിന് മന്ത്രിതലത്തിൽ 06-11-2023-ൽ നടന്ന യോഗത്തിലെ നിർദേശപ്രകാരം മത്സ്യഫെഡ്, ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥ സംഘം, കൊച്ചിൻ ഷിപ്യാർഡ് ലിമിറ്റഡിന്റെ പ്രതിനിധികൾ, യാനത്തിൽ സ്ഥാപിച്ചിട്ടുള്ള എഞ്ചിൻ, ഫ്രീസർ, ജനറേറ്റർ എന്നിവയുടെ ചുമതലയുള്ള കമ്പനികൾ എന്നിവർ സംയുക്തമായി 13-11-2023, 29-11-2023 തീയതികളിൽ യാനങ്ങൾ പരിശോധിക്കുകയും അപ്പോൾ കണ്ടെത്തിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ കൊച്ചിൻ ഷിപ്യാർഡിന് നൽകുകയും ചെയ്തിരുന്നു. കൂടാതെ, 16-01-2024-ലെ മന്ത്രിതല യോഗത്തിൽ യാനങ്ങളുടെ പ്രവർത്തനം കടലിൽ വച്ച് നേരിട്ട് വിലയിരുത്തുന്നതിന് നിർദേശം നൽകിയിരുന്നതനുസരിച്ച് ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 23-01-2024-ന് CIFNET-മായി ചർച്ച നടത്തുകയും 31-01-2024-ൽ CIFNET, Matsyafed, CSL-ലെ ഉദ്യോഗസ്ഥർ എന്നിവർ കൊല്ലം ജില്ലയിലെ സെന്റ് ആന്റണി യാനത്തിൽ കടലിൽ വച്ചുള്ള പ്രവർത്തന പരിശോധന നടത്തുകയും ചെയ്തു. യാനങ്ങളുടെ

സുഗമമായ പ്രവർത്തനത്തിന് CIFNET മുന്നോട്ടുവച്ച നിർദേശങ്ങൾ CSL-നെക്കൂടി ഉൾപ്പെടുത്തി ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ 04-03-2024-ന് ചേർന്ന യോഗത്തിൽ വിലയിരുത്തി. തുടർന്ന് 2024 ആഗസ്റ്റ് മാസം 3 യാനങ്ങൾ CSL-ന്റെ ഉടുപ്പി യാർഡിൽ എത്തിച്ച് CIFNET മുന്നോട്ടുവച്ച നിർദേശങ്ങൾ അനുസരിച്ചുള്ള റീ കണ്ടീഷനിങ് വർക്കുകൾ പൂർത്തീകരിക്കുകയും 13-08-2024-ന് CIFNET-ലെ വിദഗ്ധർ, ഗുണഭോക്താക്കൾ, ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിധ്യത്തിൽ 'സീ ട്രയൽ' നടത്തി പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിച്ചതായി ബോധ്യപ്പെടുത്തി യാനങ്ങൾ ഗുണഭോകതാക്കൾക്ക് കൈമാറിയിട്ടുണ്ട്. തുടർന്ന് മലപ്പുറം ജില്ലയിലെ രണ്ട് യാനങ്ങളും ഉടുപ്പി CSL-ൽ എത്തിച്ച് റീ കണ്ടീഷനിങ് വർക്കുകൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽനിന്നുള്ള 2 ഗുണഭോക്തൃ ഗ്രൂപ്പുകൾ ആഴക്കടൽ മത്സ്യബന്ധനം തുടരുന്നതിന് വിമുഖത കാണിക്കുകയും താല്പര്യമുള്ള മറ്റ് ഗ്രൂപ്പുകൾക്ക് യാനങ്ങൾ കൈമാറുന്നതിന് സമ്മതം അറിയിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം ആഴക്കടൽ

മത്സ്യബന്ധനം നടത്തുന്നതിന് താല്പര്യമുള്ള മറ്റ് ഗ്രൂപ്പുകൾക്ക് പ്രസ്തുത രണ്ട് യാനങ്ങൾ കൈമാറുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

പുനർഗേഹം പദ്ധതിയുടെ നിർവഹണ പുരോഗതി

18 (*78) ശ്രീമതി ദെലീമ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. വിജിൻ:
ശ്രീ എം മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയുടെ നിർവഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പുനർഗേഹം പദ്ധതിയുടെ നിർവഹണ പുരോഗതി യഥാസമയങ്ങളിൽ മന്ത്രിതലത്തിലും സർക്കാരിന്റെ വിവിധ തലങ്ങളിലും വിലയിരുത്തുന്നുണ്ട്. നിർവഹണ പുരോഗതി ചുവടെ ചേർക്കുന്നു.

നിർവഹണ പുരോഗതി

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളെയും

സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ബൃഹത് പദ്ധതിയാണ് 'പുനർഗേഹം'. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷം ഭരണാനുമതി നല്കിയിരുന്നു. പദ്ധതിപ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ, സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പാക്കിവരുന്നു. ഇത്തരത്തിൽ മാറിത്താമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. പുനർഗേഹം പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ചെലവാകുന്ന തുക കൂടി ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. വേലിയേറ്റ രേഖയിൽനിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും നിലവിൽ വേലിയേറ്റ രേഖയിൽനിന്നും 50

മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവെ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതി മാർഗനിർദേശങ്ങളിൽ ഭേദഗതി വരുത്തി പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിപ്രകാരം 9098 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4414 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3812 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2446 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1366 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), കൊല്ലം ജില്ലയിൽ കൃ.എസ്.എസ്. കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128) എന്നീ കെട്ടിട സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ഇപ്രകാരം 2836 കുടുംബങ്ങളെ പൂർണ്ണമായും

പുനരധിവസിപ്പിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം വിവിധ ജില്ലകളിലായി 1136 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും 944 ഫ്ലാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. കടകംപള്ളിയിൽ ഭരണാനുമതി നൽകിയ 168 ഫ്ലാറ്റുകളുടെയും വലിയതുറ സെന്റ് ആന്റണീസിൽ ഭരണാനുമതി നൽകിയ 24 ഫ്ലാറ്റുകളുടെയും നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് രണ്ടാം ഘട്ടം (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി 76.92 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാ കളക്ടർ/ലാൻഡ് റവന്യൂ കമ്മീഷണർ/ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളിലായി സ്വീകരിച്ചുവരുന്നു. പദ്ധതി പ്രവർത്തനത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 250 കോടി രൂപയും സംസ്ഥാന ബജറ്റ് വിഹിതത്തിൽനിന്നും 178.10 കോടി രൂപയും ഉൾപ്പെടെ

428.10 കോടി രൂപ ഇതുവരെ അനുവദിക്കുകയും 427.85 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന ഫ്ലാറ്റുകൾ എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ?

തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), കൊല്ലം ജില്ലയിൽ കൃ.എസ്.എസ്. കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128) എന്നീ കെട്ടിട സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾക്കായി ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി (204), തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (400), മലപ്പുറം ജില്ലയിലെ നിറമരുതൂർ (16), പൊന്നാനി ഫേസ് II (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. 2025 വർഷത്തിൽ തന്നെ ഇവയുടെ നിർമ്മാണം പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. കടകംപള്ളിയിൽ ഭരണാനുമതി നൽകിയ 168 ഫ്ലാറ്റുകളുടെയും വലിയതുറ

സെന്റ് ആന്റണീസിൽ ഭരണാനുമതി നൽകിയ 24 ഫ്ലാറ്റുകളുടെയും നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. ഇപ്രകാരം ആകെ 1136 ഫ്ലാറ്റുകളുടെ നിർമ്മാണത്തിനാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

നിലവിൽ നിർമ്മാണം നടക്കുന്ന ഫ്ലാറ്റുകളുടെ പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതി

ക്രമ നം.	പദ്ധതി	നിലവിലെ അവസ്ഥ	പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതി
1	മണ്ണമ്പുറം ഫ്ലാറ്റ് സമുച്ചയം (204 വ്യക്തിഗത ഫ്ലാറ്റുകൾ)	സിവിൽ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിൽ	31-03-2025
2	കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80)	പ്രവൃത്തി പുരോഗമിക്കുന്നു	30-06-2025
3	തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (400)	പ്രവൃത്തി പുരോഗമിച്ചുവരുന്നു.	31-05-2025
4	മലപ്പുറം നിറമരുതൂർ (16)	80% പ്രവൃത്തി പൂർത്തീകരിക്കുകയും വൈദ്യുതീകരണ പ്രവൃത്തികൾ 70% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.	31-03-2025
5	മലപ്പുറം പൊന്നാനി II ഫേസ് (100)	സിവിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.	31-07-2025
6	കാസർഗോഡ് കോയിപ്പാടി	സിവിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.	31-12-2025

(സി) ഫ്ലാറ്റുകളിലേക്ക് മതിയായ ഗുണഭോക്താക്കൾ ഇല്ലാത്തപക്ഷം

ഭ്രരഹിത ഭവനരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പുനർഗേഹം പദ്ധതിപ്രകാരം നിർമ്മിച്ചുവരുന്ന ഫ്ലാറ്റുകളിലേക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്. നിർമ്മാണം പൂർത്തിയാകുമ്പോൾ മതിയായ ഗുണഭോക്താക്കൾ ഇല്ലാത്തപക്ഷം ഭ്രരഹിത ഭവനരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ടി ഫ്ലാറ്റുകളിൽ പുനരധിവസിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

'ഉന്നതി' പദ്ധതി

19 (*79) ഡോ. എം. കെ. മുനീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) പട്ടിക വിഭാഗക്കാരുടെയും പിന്നാക്ക വിഭാഗങ്ങളുടെയും വികസന, വിദ്യാഭ്യാസ, ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആരംഭിച്ച

'ഉന്നതി' പദ്ധതി നിലവിൽ പ്രവർത്തിക്കുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ?

പട്ടികവർഗ വികസന വകുപ്പിന്റെ തിരഞ്ഞെടുക്കപ്പെട്ട പദ്ധതികൾ "ഉന്നതി" എന്ന പൊതുനാമത്തിൻ കീഴിലാണ് നടപ്പാക്കിവരുന്നത്. ആയതിന്റെ ഭാഗമായി പട്ടികജാതി-പട്ടികവർഗ വിദ്യാർഥികൾക്ക് ഉന്നതി പദ്ധതിയിലൂടെ വിദേശ പഠന സ്കോളർഷിപ് അനുവദിച്ചുനൽകുകയും ഒപ്പം യുവതീയുവാക്കളെ സ്വയംതൊഴിൽ പ്രാപ്തരാക്കുന്നതിനുവേണ്ടി സംരംഭകത്വ വികസന പദ്ധതി 'ഉന്നതി' എന്ന സംവിധാനത്തിനുകീഴിൽ നടപ്പാക്കിവരികയും ചെയ്യുന്നു.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ കാണാതായിട്ടുണ്ടോ; എങ്കിൽ അവ വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ഉന്നതി പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ കാണാതായിട്ടില്ല.

(സി) പദ്ധതിയുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ?

പട്ടികവർഗ വികസന വകുപ്പും പട്ടികജാതി വികസന വകുപ്പും തങ്ങളുടെ ബജറ്റിൽ വകയിരുത്തിയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നത്.

(ഡി) 'ഉന്നതി'-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉന്നതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നദികളിലെ വെള്ളം വൈപ്പാർ നദീതടത്തിലേക്ക് തിരിച്ചു വിടുന്ന പദ്ധതി

20(*80) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉത്ഭവിച്ച് പൂർണ്ണമായും സംസ്ഥാനത്തിലൂടെ ഒഴുകുന്ന പമ്പ, അച്ചൻകോവിൽ എന്നീ നദികളിലെ വെള്ളം തമിഴ്നാട്ടിലെ കൃഷിക്കും ജലസേചനത്തിനുമായി വൈപ്പാർ നദീതടത്തിലേക്ക് തിരിച്ചുവിടുന്ന പദ്ധതിക്ക് നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 09-07-2024-ൽ നടന്ന ദേശീയ ജല വികസന ഏജൻസി (NWDA)-യുടെ എഴുപത്തിമൂന്നാമത് ഗവേണിങ് ബോഡിയുടെ അജണ്ടയിലെ 73.9 annexure ആയ Status of Interbasin water transfer link schemes under Peninsular component-ലെ പതിനാലാമത്തെ ഇനമായി നൽകിയിട്ടുള്ള പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്കിന്റെ സ്റ്റാറ്റസിൽ NWDA 1995-ൽ തയ്യാറാക്കിയ ഫീസിബിലിറ്റി റിപ്പോർട്ടിന്റെ പരിഷ്കരണം (Modification) പുരോഗമിച്ചുവരികയാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നപക്ഷം വെള്ളത്തിലാകുന്ന വനഭൂമിയെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ?

ജലവിഭവ വകുപ്പ് ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. എന്നാൽ ദേശീയ ജല വികസന ഏജൻസിയുടെ 1995-ലെ ഫീസിബിലിറ്റി റിപ്പോർട്ടിൽ ഇതേക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ഇതുപ്രകാരം വനവും പ്ലാന്റേഷനുമുൾപ്പെടെ 1987.672 ഹെക്ടർ വനഭൂമി ജലത്തിനടിയിൽ ആകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(സി) പദ്ധതി നടപ്പാക്കുന്നപക്ഷം വേമ്പനാട്ടുകായലിൽ

ഓരുവെള്ളത്തിന്റെ കടന്നുകയറ്റം തുക്ഷമമാകാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ?

വേമ്പനാട് കായലിൽ പതിക്കുന്ന 5 നദികളെക്കുറിച്ച് (പമ്പ, അച്ചൻകോവിൽ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ) സമഗ്രമായി പഠിച്ച് അധിക ജലമുണ്ടോ എന്ന് വിലയിരുത്താനായി കേരളം ജലവിഭവ വികസന വിനിയോഗ കേന്ദ്രം (CWRDM), കോഴിക്കോടിനെ ചുമതലപ്പെടുത്തിയിരുന്നു. 1999-ൽ ജലവിഭവ വികസന വിനിയോഗ കേന്ദ്രം (CWRDM) കേരള ഗവൺമെന്റിന് സമർപ്പിച്ച അന്തിമ റിപ്പോർട്ട് പ്രകാരം കുട്ടനാട് ബെൽറ്റിലെ salinity നിശ്ചിത അളവിൽ നിയന്ത്രിച്ച് നിർത്താനായി Natural flushing ആണ് ഏക മാർഗം. ഇതിനായി പ്രതിമാസം 138.14 Mm3 ജലം ആവശ്യമായി വരുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ ഗുരുതരമായി ബാധിക്കുന്ന ഈ പദ്ധതി നടപ്പാക്കുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

NWDA-യുടെ വിവിധ യോഗങ്ങളിൽ പങ്കെടുത്ത കേരളത്തിന്റെ

പ്രതിനിധികൾ (മന്ത്രിമാർ ഉൾപ്പെടെ) കേരളത്തിന്റെ ശക്തമായ എതിർപ്പ് അറിയിച്ചിട്ടുണ്ട്. കേരളത്തിന്റെ എതിർപ്പിനെത്തുടർന്ന് കേരളത്തിന്റെ സമ്മതമില്ലാതെ ഈ പദ്ധതിയുമായി മുന്നോട്ടുപോകില്ലെന്ന് 28-02-2024-ലെ കത്ത് മുഖേന NWDA ഉറപ്പ് നൽകിയിട്ടുണ്ട്.

മത്സ്യമേഖലയുടെ സുസ്ഥിര വികസനം

21(*81) ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. വി. ജോയി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനംമൂലം ഭൂമിയും വീടും നഷ്ടപ്പെടുന്ന, കടലോരത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളെയും

സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷം 26-12-2019-ലെ സ.ഉ (സാധാ) നം.1009/2019/മത്സ്യ പ്രകാരം ഭരണാനുമതി നല്കിയിരുന്നു. പദ്ധതിപ്രകാരം വ്യക്തിഗത ഭവനനിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ, സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പാക്കിവരുന്നു. ഇത്തരത്തിൽ മാറിത്താമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. പുനർഗേഹം പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും 20-12-2021-ലെ സ.ഉ. (അച്ചടി) നം. 130/2021/ടാക്സസ് & 20-12-2021-ലെ സ.ഉ. (അച്ചടി) നം. 131/2021/ടാക്സസ് (എസ്.ആർ.ഒ നം. 962 & 963) എന്നിവ പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ചെലവാകുന്ന തുക കൂടി ഇപ്രകാരം

ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. വേലിയേറ്റ രേഖയിൽനിന്നും 200 മീറ്ററിന് പുറത്ത് സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും നിലവിൽ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവെ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗനിർദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽനിന്നും അനുവദിച്ച് 05-01-2024-ലെ സ.ഉ. (കൈ) നം. 1/2024/മത്സ്യ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിപ്രകാരം 9098 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4414 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3812 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2446 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1366 ഭവനങ്ങൾ

നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. മാറിത്താമസിക്കാൻ സന്നദ്ധരായവരിൽ അനുയോജ്യമായ ഭൂമി കണ്ടെത്താൻ കഴിയാത്തവർ ഭൂമി കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നപ്രകാരം ജില്ലാതല സമിതി കൂടി തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് രണ്ടാം ഘട്ടം (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ പരിഗണനയിലാണ്. പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി 76.92 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാകളക്ടർ/ലാൻഡ് റവന്യൂ കമ്മീഷണർ/ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളിലുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

(ബി) ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യമായ 'എസ്.ഡി.ജി.-14:ലൈഫ് ബിലോ വാട്ടർ' എന്നതിൽ ലക്ഷ്യം സാക്ഷാത്കരിക്കാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അറിയിക്കുമോ?

താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

1. ശുചിത്വ സാഗരം സുന്ദര തീരം (കടലിലെയും തീരത്തെയും പ്ലാസ്റ്റിക് നീക്കം ചെയ്യുന്ന പദ്ധതി)
2. മണ്ണെണ്ണ എഞ്ചിനുകളെ എൽ.പി.ജി.-യിലേക്ക് മാറ്റുന്ന പദ്ധതി
3. കൃത്രിമപ്പാര് നിക്ഷേപിക്കൽ
4. സീ കേജ് (കടലിലെ കൂട്ട് കൃഷി)
5. മിനിമം ലീഗൽ സൈസ് (കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം)
6. കൺസർവേഷൻ-ഇൻലാൻഡ്/മറൈൻ
7. റാഞ്ചിങ്-ഇൻലാൻഡ്
8. ലൈവ് ഫിഷ് വെന്റിങ് സെന്റർ (LFVC)
9. Construction of fish kiosks including kiosks of aquarium/ornamental fish (അക്വേറിയം/അലങ്കാര മത്സ്യത്തിന്റെ കിയോസ്കുകൾ എന്നിവ ഉൾപ്പെടെയുള്ള മത്സ്യ കിയോസ്കുകൾ)
10. മത്സ്യവിഭവങ്ങളുടെ സംരക്ഷണം, പരിപാലനം പദ്ധതി
11. മത്സ്യത്തൊഴിലാളികൾക്ക് സ്ക്വയർ മെഷ് കോഡ് എന്റ് വിതരണം ചെയ്യുന്ന പദ്ധതി

12. മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ എൽ.പി.ജി. തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ അനുവദിക്കുന്ന പദ്ധതികൾ

13. പരമ്പരാഗത മത്സ്യബന്ധന യാനങ്ങളുടെ മോട്ടോറൈസേഷൻ

14. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വല വാങ്ങുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി

15. കടലിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ.

(സി) ഐ.യു.യു. (ഇല്ലീഗൽ, അൺറിപ്പോർട്ടഡ് ആൻഡ് അൺ റെഗുലേറ്റഡ്) ഫിഷിങ് കുറയ്ക്കുന്നതിന് നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുന്നതിനുള്ള ദേശീയ, പ്രാദേശിക ശ്രമങ്ങളെ ദുർബലപ്പെടുത്തി സമുദ്ര ആവാസ വ്യവസ്ഥയ്ക്ക് ഏറ്റവും വലിയ ഭീഷണിയായി നിയമവിരുദ്ധവും റിപ്പോർട്ട് ചെയ്യപ്പെടാത്തതും അനിയന്ത്രിതവുമായ (Illegal, Unreported and Unregulated-IUU) മത്സ്യബന്ധനം തുടരുന്നു. ഭക്ഷണത്തിനും വരുമാനത്തിനുമായി മത്സ്യബന്ധനത്തെ മുഖ്യമായി ആശ്രയിക്കുന്ന തീരദേശ സമൂഹങ്ങളിൽ IUU മത്സ്യബന്ധനം സാമൂഹിക-സാമ്പത്തിക ആഘാതം സൃഷ്ടിക്കുന്നു.

മത്സ്യബന്ധന പ്രവർത്തനങ്ങളെയും മത്സ്യവിഭവ ലഭ്യതയെയും കുറിച്ചുള്ള വിവരങ്ങൾ റിപ്പോർട്ട് ചെയ്യാതിരിക്കുക, അല്ലെങ്കിൽ തെറ്റായി റിപ്പോർട്ട് ചെയ്യുക, സംസ്ഥാനം ഏതെന്ന് അറിയാത്ത യാനങ്ങൾ മത്സ്യബന്ധനം നടത്തുക, സംസ്ഥാനങ്ങൾക്ക് നിയന്ത്രിക്കാനും എളുപ്പത്തിൽ നിരീക്ഷിക്കാനും കഴിയാത്തതുമായ മത്സ്യബന്ധന പ്രവർത്തനങ്ങൾ നടത്തുക തുടങ്ങി ദേശീയ, പ്രാദേശിക, അന്തർദേശീയ നിയമങ്ങൾക്ക് വിരുദ്ധമായി നടത്തുന്ന മത്സ്യബന്ധനവും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും IUU മത്സ്യബന്ധനത്തിൽ ഉൾപ്പെടുന്നു. മത്സ്യവിഭവങ്ങളുടെ സംരക്ഷണം, പരിപാലനം, സുസ്ഥിര ഉപയോഗം എന്നിവ കണക്കിലെടുത്തും നിയമവിരുദ്ധവും റിപ്പോർട്ട് ചെയ്യപ്പെടാത്തതും അനിയന്ത്രിതവുമായ മത്സ്യബന്ധന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുമായി കേരള മറൈൻ ഫിഷിങ് റെഗുലേഷൻ ആക്ട് (KMFRA 1980) 2017 & 2021 വർഷങ്ങളിൽ കാലോചിതമായി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ 2018-ൽ പുതിയ കേരള മറൈൻ ഫിഷിങ് റെഗുലേഷൻ ചട്ടങ്ങൾ (റൂളുകൾ) ആവിഷ്കരിച്ച് ഉത്തരവാകുകയും തുടർന്ന് 2019, 2023, 2024 എന്നീ വർഷങ്ങളിൽ നിയമം

നടപ്പാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. സുസ്ഥിര മത്സ്യബന്ധനം ലക്ഷ്യമിട്ട് തീരക്കടലിലെ മത്സ്യബന്ധന സമ്മർദം കുറയ്ക്കുന്നതിനായി 20 മീറ്ററോ അതിൽ കൂടുതലോ നീളമുള്ളതും 250 എച്ച്.പി.-യിൽ കൂടുതൽ കുതിര ശക്തിയുള്ള എഞ്ചിനുള്ളതുമായ യന്ത്രവത്കൃത മത്സ്യബന്ധനയാനങ്ങളുടെ തീരക്കടലിലെ മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്. 20 മീറ്ററിൽ കൂടുതൽ നീളമുള്ള മത്സ്യബന്ധന യാനങ്ങൾക്ക് 12 നോട്ടിക്കൽ മൈലിനുള്ളിൽ മത്സ്യബന്ധനം നടത്താൻ ലൈസൻസ് നൽകുന്നില്ല. എന്നാൽ 25,000/- രൂപ പെർമിറ്റ് ഫീസ് അടച്ച് ഇറമുഖ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ അനുവദിക്കുന്നു. പഴ്സീൻ വലകൾ, പെലാജിക് ട്രോൾ വലകൾ, മിഡ് വാട്ടർ ട്രോൾ, ബുൾ ട്രോൾ/പെയർ ട്രോൾ, മുൻകൂട്ടി അനുമതി വാങ്ങാത്ത പുതിയതരം മത്സ്യബന്ധന വലകൾ എന്നിവ നിരോധിച്ചിട്ടുണ്ട്. സൂര്യാസ്തമയം മുതൽ സൂര്യോദയംവരെ കടലിന്റെ അടിത്തട്ടുവരെ ഉഴുതുമറിക്കുന്ന തരത്തിലുള്ള ബോട്ടം ട്രോളിങ് നിരോധിച്ചിട്ടുണ്ട്. കേരള തീരത്ത് സുലഭമായി കണ്ടുവരുന്ന പ്രധാന മത്സ്യ ഇനങ്ങളെ പിടിക്കാൻ ഉപയോഗിക്കുന്ന വലകളുടെ ആകെ

വലിപ്പം, കുറഞ്ഞ കണ്ണി വലിപ്പം എന്നിവ നിയന്ത്രിച്ചിട്ടുണ്ട്. ഡൈനാമിറ്റ് അല്ലെങ്കിൽ മറ്റ് സ്ഫോടകവസ്തുക്കൾ, വിഷം അല്ലെങ്കിൽ ദോഷകരമായ രാസവസ്തുക്കൾ, 12 വാട്ട്സിൽ കൂടുതലുള്ള കൃത്രിമ ലൈറ്റുകൾ എന്നിവ ഉപയോഗിച്ചുള്ള വിനാശകരമായ മത്സ്യബന്ധന രീതികൾ നിരോധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് വസ്തുക്കൾ, ഉപയോഗശൂന്യമായ വലകൾ, തെങ്ങിന്റെ ക്ലാഞ്ഞിൽ, തൊണ്ട്, ഓല, മറ്റ് സസ്യഭാഗങ്ങൾ എന്നിവ കൂട്ടിക്കെട്ടി ഉണ്ടാക്കുന്ന മത്സ്യക്കെണികൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്. പിടിക്കുന്ന മത്സ്യത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും കയറ്റുമതി സുഗമമാക്കുന്നതിനും ട്രോൾ വലകളുടെ കോഡ് എൻഡിൽ സ്ക്വയർ മെഷും Turtle Excluder device (TED)-ഉം നിർബന്ധമാക്കിയിട്ടുണ്ട്. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം (MLS) നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പാക്കുകയും ചെയ്തുവരുന്നു. സുസ്ഥിര

മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് കേരളതീരത്തെ പ്രധാന മത്സ്യ ഇനങ്ങളുടെ പ്രജനന കാലമായ മൺസൂൺ കാലത്ത് 52 ദിവസം ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നു. കെ.എം.എഫ്.ആർ. നിയമത്തിന്റെ ലംഘനങ്ങൾക്ക് പിഴ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. MLS ലംഘനം, പെയർ ട്രോളിങ്ങ്, രജിസ്ട്രേഷനും ലൈസൻസും ഇല്ലാതെ മത്സ്യബന്ധനം, മത്സ്യബന്ധനത്തിന് അല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്നത് തുടങ്ങിയ ലംഘനങ്ങൾക്ക് എഞ്ചിന്റെ കുതിരശക്തിയെ അടിസ്ഥാനമാക്കി 5000 രൂപ മുതൽ 2.5 ലക്ഷം രൂപ വരെ പിഴ ശിക്ഷ കെ.എം.എഫ്.ആർ, നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ട്.

(ഡി) കടലിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കംചെയ്യുന്നതിനും കടൽത്തീരം വൃത്തിയാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

2018 വർഷം മുതൽ നീണ്ടകര ഹാർബർ കേന്ദ്രീകരിച്ച് ട്രോൾ ബോട്ട് ഉടമകളുടെയും തൊഴിലാളികളുടെയും സഹകരണത്തോടെ 'ശുചിത്വ സാഗരം' എന്ന പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നു. കടലിന്റെ അടിത്തട്ടിൽ

അടിഞ്ഞുകൂടിയിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ട്രോൾ വലകളിൽ കുടുങ്ങി ബോട്ടുകളിലേക്ക് എത്തിപ്പെടാറുണ്ട്. അങ്ങനെ എത്തിപ്പെടുന്ന പ്ലാസ്റ്റിക് തിരികെ കടലിലേക്ക് വലിച്ചെറിയാതെ പ്രത്യേകമായി നൽകുന്ന ബാഗുകളിലാക്കി കരയിലെത്തിക്കുകയും ഹാർബറിൽവച്ച് പദ്ധതി പ്രവർത്തകർ അത് ഏറ്റുവാങ്ങി വൃത്തിയാക്കി റീസൈക്ലിങ്ങിന് വിധേയമാക്കി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതാണ് 'ശുചിത്വ സാഗരം' പദ്ധതി. പ്രസ്തുത പദ്ധതി നിലവിൽ നീണ്ടകര കേന്ദ്രീകരിച്ച് നടന്നുവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം 145238 കിലോഗ്രാം പ്ലാസ്റ്റിക് കടലിൽനിന്നും കൂടാതെ 49965 കിലോഗ്രാം പ്ലാസ്റ്റിക് സമീപ പഞ്ചായത്തുകളിൽനിന്നും ശേഖരിച്ച് ഷ്രെഡിങ്ങിന് വിധേയമാക്കി റോഡ് ടാറിങ്ങിനും മറ്റും ഉപയോഗപ്പെടുത്തിവരുന്നു.

കടലിനെയും കടലോരത്തെയും പ്ലാസ്റ്റിക് മുക്തമാക്കി സ്വാഭാവിക ആവാസ വ്യവസ്ഥ വീണ്ടെടുക്കുന്നതിനായി മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ, മറ്റ് സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ,

ഏജൻസികൾ തുടങ്ങി മുഴുവൻ ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ കടലും തീരവും പ്ലാസ്റ്റിക് മുക്തമാക്കുക എന്നതാണ് 'ശുചിത്വ സാഗരം സുന്ദര തീരം' പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. പദ്ധതി മൂന്ന് ഘട്ടങ്ങളിലായി നടപ്പാക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. സാധ്യമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ചുള്ള ബോധവത്കരണ പ്രവർത്തനങ്ങളാണ് ഒന്നാം ഘട്ടത്തിൽ നടപ്പാക്കുന്നതിന് ഉദ്ദേശിച്ചിരുന്നത്. 2022 ജൂൺ മാസം 8-ന് സംസ്ഥാനതല ഉദ്ഘാടനത്തോടുകൂടി ഒന്നാം ഘട്ടമായ ബോധവത്കരണ ക്യാമ്പയിൻ ആരംഭിച്ചു. സെമിനാറുകൾ, ബിറ്റ് നോട്ടീസുകൾ വിതരണം, ബ്രോഷറുകൾ, കലാപരിപാടികൾ, റോഡ് ഷോകൾ, ബൈക്ക് റാലികൾ, മെഴുകുതിരി ജാഥ, കടലോര നടത്തം, കുടുംബയോഗങ്ങൾ, വിദ്യാർഥികൾക്കുള്ള ക്വിസ്സ് മത്സരങ്ങൾ, ചിത്രരചനാ മത്സരങ്ങൾ, സോഷ്യൽ മീഡിയ, എഫ്.എം. റേഡിയോ വഴിയുള്ള പ്രചാരണം എന്നിവയിലൂടെയാണ് പ്രധാനമായും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചത്. കേരളത്തിലെ 9 തീരദേശ ജില്ലകളിലും ഇത്തരം പ്രവർത്തനങ്ങൾ ഒന്നാംഘട്ടത്തിൽ സംഘടിപ്പിച്ചിരുന്നു.

ഒരു ദിവസം നീണ്ടുനിൽക്കുന്ന പ്ലാസ്റ്റിക് മാലിന്യ ശേഖരണവും അതിന്റെ പുനരുപയോഗവുമാണ് രണ്ടാം ഘട്ടത്തിൽ നടത്താൻ ഉദ്ദേശിച്ചിരുന്നത്. 590 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന കേരളത്തിന്റെ കടൽത്തീരം പ്ലാസ്റ്റിക് മുക്തമാക്കുന്നതിനാണ് രണ്ടാം ഘട്ടത്തിൽ തീരുമാനിച്ചിരുന്നത്. ഓരോ കിലോമീറ്ററിലും ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് 25 സന്നദ്ധ പ്രവർത്തകർ വീതം ഉൾപ്പെടുന്ന 600 ആക്ഷൻ ഗ്രൂപ്പുകളെ സജ്ജമാക്കുന്നതിനും ഓരോ ആക്ഷൻ ഗ്രൂപ്പും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് അതത് ആക്ഷൻ കേന്ദ്രങ്ങളിൽ സംഭരിക്കുകയും ക്ലീൻ കേരള കമ്പനി, ശുചിത മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ചുമതലയിൽ ഷ്രെഡിങ് യൂണിറ്റുകളിലേക്ക് മാറ്റി ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്യുന്നതിനാണ് പദ്ധതിയിലെ രണ്ടാംഘട്ടം വിഭാവനം ചെയ്തിരുന്നത്. ഹാർബറുകൾ കേന്ദ്രീകരിച്ച് കടലിൽനിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണവും പുനരുപയോഗവും തുടർ ക്യാമ്പയിനുമാണ് മൂന്നാം ഘട്ടത്തിൽ സംഘടിപ്പിക്കുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ

നീണ്ടകര ഹാർബറിൽ നടപ്പാക്കിവരുന്ന 'ശുചിത്വ സാഗരം' പദ്ധതി സംസ്ഥാനത്തെ പൂർണ്ണതോതിൽ പ്രവർത്തിക്കുന്ന മറ്റ് 20 ഹാർബറുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനും കടലും തീരവും പ്ലാസ്റ്റിക് മുക്തമാകുന്നതിനായി ഒന്നാംഘട്ടം ഘട്ടങ്ങളിൽ നടപ്പാക്കുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ പ്രാദേശിക സർക്കാരുകളുടെ സഹകരണത്തോടെ തുടർവർഷങ്ങളിലും നടപ്പാക്കുന്നതിനുമാണ് പദ്ധതിയിൽ ഉദ്ദേശിച്ചിരുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 5 കോടി രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് 04-11-2022-ലെ സ.ഉ(സാധാ) നം. 746/2022/മത്സ്യ പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ ആയതിന് ആവശ്യമായ ഫണ്ട് അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനമായ പ്ലാസ്റ്റിക് നിർമ്മാർജന യജ്ഞം തിരഞ്ഞെടുക്കപ്പെടുന്ന ഹാർബറുകൾ, ബീച്ചുകൾ എന്നിവ കേന്ദ്രീകരിച്ച് നടപ്പാക്കാൻ നടപ്പുവർഷം 150 ലക്ഷം രൂപയുടെ പദ്ധതി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി ക്രമീകരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഭരണാനുമതി

അനുവദിക്കാവുന്ന തുക നിജപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കാൻ സാധിച്ചില്ല.

മത്സ്യബന്ധന തുറമുഖങ്ങളുടെ ആധുനികവൽക്കരണം

22(*82) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തുറമുഖങ്ങളുടെ ആധുനികവൽക്കരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വ്യക്തമാക്കാം. മത്സ്യബന്ധന തുറമുഖങ്ങളുടെ ആധുനികവൽക്കരണത്തിനായി പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിലുൾപ്പെടുത്തി 5 പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിങ് ഹാർബറിന്റെ ആധുനികവൽക്കരണത്തിനായി 18.73 കോടി രൂപയുടെ ഭരണാനുമതി

ലഭിച്ചതുപ്രകാരം പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിങ് ഹാർബറിന്റെ ആധുനികവൽക്കരണത്തിനായി 16.06 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതുപ്രകാരം ടി പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിങ് ഹാർബറിന്റെ ആധുനികവൽക്കരണത്തിനായി 20.9 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതുപ്രകാരം ടി പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

കാസർഗോഡ് ഫിഷിങ് ഹാർബറിലെ വിപുലീകരണത്തിനും ആധുനികവൽക്കരണത്തിനുമായി 70.53 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതുപ്രകാരം ടി പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി ഫിഷിങ് ഹാർബറിന്റെ വിപുലീകരണത്തിനും ആധുനികവൽക്കരണത്തിനുമായി 177.00 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതുപ്രകാരം ടി പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിനുപുറമേ കൊല്ലം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ 6 ഹാർബറുകളിൽ ഡ്രെഡ്ജിങ് മെയിന്റനൻസ് നടത്തുന്നതിന് 3489 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഡ്രെഡ്ജിങ് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വിഴിഞ്ഞം ഫിഷിങ് ഹാർബർ വിപുലീകരണത്തിന് 48 കോടി രൂപയുടെയും വിഴിഞ്ഞം സൗത്ത് ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണത്തിന് 25 കോടി രൂപയുടെയും കാസർകോട് ജില്ലയിലെ അജാനൂർ ഫിഷിങ് ഹാർബർ നിർമ്മാണത്തിന് 200 കോടി രൂപയുടെയും പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കൂടാതെ മറ്റ് ഹാർബറുകളുടെ ആധുനികവൽക്കരണത്തിനായി പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവർത്തനം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിലെ ഹാർബറുകളും ഇനി നിർമ്മിക്കാനുദ്ദേശിക്കുന്ന ഹാർബറുകളും സ്മാർട്ട് & ഗ്രീൻ എന്ന രീതിയിൽ ആധുനിക സൗകര്യങ്ങളോടെ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാണുദ്ദേശിക്കുന്നത്.

(സി) ബേപ്പൂർ, ശക്തികുളങ്ങര, പൊന്നാനി എന്നീ പ്രധാനപ്പെട്ട ഫിഷിങ് ഹാർബറുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

വ്യക്തമാക്കാം. ബേപ്പൂർ ഫിഷിങ് ഹാർബറിന്റെ വികസനത്തിനായി 85 കോടി രൂപയുടെ പദ്ധതി രൂപരേഖ പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കാനായി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി ബേപ്പൂർ

ഫിഷിങ് ഹാർബറിലെ ഡ്രഡ്ജിങ് പ്രവൃത്തിക്കായി 5.94 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതുപ്രകാരം സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

കൊല്ലം ജില്ലയിലെ ശക്തികുളങ്ങര ഫിഷിങ് ഹാർബറിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ് XXVI-യിൽ ഉൾപ്പെടുത്തി 34.5 കോടി രൂപ ഭരണാനുമതി നൽകിയതുപ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു.

മലപ്പുറം ജില്ലയിലെ പൊന്നാനി മത്സ്യബന്ധ തുറമുഖത്തെ റിപ്ലെനിഷ്മെന്റ് പ്രവൃത്തിക്കായി നബാർഡ് ആർ.ഐ.ഡി.എഫ്. XXIX-ൽ ഉൾപ്പെടുത്തി 16.94 കോടി രൂപയുടെ ഭരണാനുമതി നൽകിയതുപ്രകാരം പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ

23 (*83) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) 2023-24-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ സ്ഥാപിതമായിട്ടുണ്ടോയെന്നും അതിന്റെ സ്ഥാപിത ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ?

ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരുന്നു. കൗൺസിലിന്റെ കരട് നിയമാവലി അന്തിമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിലേക്കായി മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും ഫിഷറീസ് ഡയറക്ടർ കൺവീനറുമായുള്ള അഞ്ചംഗ സമിതി നടപടി സ്വീകരിച്ചുവരികയാണ്. നൂതന ആശയങ്ങൾ ആവിഷ്കരിച്ച് മത്സ്യബന്ധന മേഖലയിൽ വലിയ മാറ്റങ്ങൾ നടപ്പാക്കുന്നതിനാണ് ഇത് വിഭാവനം ചെയ്യുന്നത്.

പുതുതായി രൂപീകൃതമാകുന്ന ഫിഷറീസ് ഇന്നവേഷൻ കൗൺസിലിന്റെ കരട് ആശയ രേഖ പ്രകാരമുള്ള പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. നൂതനാശയങ്ങൾ കൊണ്ടുവരുന്നതിനും സുസ്ഥിര സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും കേരളത്തിൽ കൂട്ടായ

പ്രശ്നപരിഹാര മനോഭാവം പ്രോത്സാഹിപ്പിക്കുന്നതിനും സമുദ്രോത്പന്ന വ്യവസായ പ്രവർത്തകർ, ഗവേഷണ സ്ഥാപനങ്ങൾ, ഇന്ത്യയിലും വിദേശത്തുമുള്ള പ്രസക്തമായ മറ്റു പങ്കാളികൾ എന്നിവരുമായി സഹകരണം പ്രോത്സാഹിപ്പിക്കുക.

2. ഉത്പാദനത്തിനും അനുബന്ധ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പ്രോത്സാഹനം നൽകുക. മത്സ്യബന്ധനം, അക്വാകൾച്ചർ, സംസ്കരണം, മൂല്യവർധന എന്നിവയ്ക്കാവശ്യമായ സാങ്കേതിക പിന്തുണ നൽകുക, ഏകജാലക ക്ലിയറൻസ് സുഗമമാക്കുക, വ്യാവസായിക വളർച്ചക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക, മത്സ്യബന്ധന മേഖലയ്ക്ക് മാത്രമായി സംസ്ഥാനത്ത് ഒരു സമാന്തര വ്യാവസായിക ആവാസവ്യവസ്ഥ സൃഷ്ടിക്കുന്ന ഇൻപുട്ടുകൾ നൽകുക എന്നിവ.

3. ഗവേഷണ പഠനത്തെ സുഗമമാക്കുന്നതിനും വ്യവസായത്തിലൂടനീളം അത്യാധുനിക സാങ്കേതികവിദ്യകൾ പ്രചരിപ്പിക്കുന്നതിനും അക്കാദമിക മികവും ഭക്ഷ്യ വ്യവസായവും തമ്മിലുള്ള സംയോജനം

സുഗമമാക്കുന്നതിന് വിജ്ഞാന കൈമാറ്റം പ്രാപ്തമാക്കുകയും ശാസ്ത്രീയ മുന്നേറ്റങ്ങളെ പ്രായോഗിക നേട്ടങ്ങൾക്കായി പ്രയോജനപ്പെടുത്തുകയും ചെയ്യുക, പുതിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യകളുടെ വികസനത്തിന് പിന്തുണ നല്കുക.

4. നൂതനമായ ആശയങ്ങൾ, ആഴത്തിലുള്ള സാമ്പത്തിക വളർച്ച, ഗുണനിലവാരം, മൂല്യം, വരുമാനം എന്നീ മേഖലകളിൽ മൊത്തത്തിലുള്ള വികസനം കൊണ്ടുവരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകമായ വ്യാവസായിക ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനും നിക്ഷേപ സ്രോതസ്സുകളെ ആകർഷിക്കുക, കാര്യക്ഷമമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക എന്നിവയിലൂടെ സംരംഭകത്വവും നിക്ഷേപവും സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

5. ഇന്റർ സെക്ടറൽ, ദേശീയ, അന്തർദേശീയ സഹകരണ-വിജ്ഞാന പങ്കിടൽ, സാങ്കേതികവിദ്യ കൈമാറ്റം എന്നിവയിലൂടെ മത്സ്യബന്ധന മേഖലയിൽ സുസ്ഥിര വ്യാവസായിക വികസനം

പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, നൂതന ആശയങ്ങൾ എന്നിവ നടപ്പാക്കുക.

6. മത്സ്യബന്ധന വ്യവസായത്തിന്റെ പുരോഗതിക്കായി സംസ്ഥാനത്ത് സംരംഭകത്വ വികസനത്തിനും സ്വകാര്യ മേഖലയിലെ നിക്ഷേപത്തിനും സാഹചര്യമൊരുക്കുക.

7. ഇൻകുബേഷൻ സേവനങ്ങൾ സുഗമമാക്കുന്നതിന് മേഖലയിലെ സ്റ്റാർട്ടപ്പ് സ്ഥാപനങ്ങളുമായി മെന്ററിങ്ങും വ്യാവസായിക ബന്ധവും സ്ഥാപിക്കുക.

8. സുസ്ഥിര വ്യാവസായിക ആവാസ വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനായി വികസിപ്പിച്ച മത്സ്യ അനുബന്ധ മേഖലകളിലെ നെറ്റ്‌വർക്ക്/ക്ലസ്റ്ററിലെ വ്യവസായങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം സുഗമമാക്കുന്നതിന് പ്രവർത്തനം നടത്തുക.

9. കൃഷി, മത്സ്യബന്ധനം, അനുബന്ധ മേഖലകളിലെ നിക്ഷേപകരെ ആകർഷിക്കുന്നതിനായി നിക്ഷേപകർക്ക് ദീർഘകാല പാട്ടത്തിനോ

മറ്റോ അനുയോജ്യമായ ഭൂമി ഏറ്റെടുക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുക.

10. ആവശ്യമായ ഘട്ടങ്ങളിൽ ശരിയായ ഇൻപുട്ടുകളും സ്ഥിരമായ മാർഗനിർദേശവും നല്കുന്നതിനും അക്രഡിറ്റേഷൻ, ക്വാളിറ്റി സ്റ്റാൻഡേർഡുകൾ, ക്ലാസിഫിക്കേഷൻ, സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസുകൾ തുടങ്ങിയവ നേടിയെടുക്കാനുമുള്ള നടപടികൾ സ്വീകരിക്കുക.

11. പുതിയ സാങ്കേതികവിദ്യകൾ, പ്രൊഫഷണൽ മാനേജ്മെന്റ് എന്നിവയിലൂടെ തൊഴിലാളികളുടെയും ജീവനക്കാരുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിന് നിലവിലുള്ള വ്യവസായത്തിൽ ആധുനികവല്കരണം പഠിക്കുകയും നടപ്പാക്കുകയും ചെയ്യുക.

12. മറ്റ് രാജ്യങ്ങൾ/കേന്ദ്ര-സംസ്ഥാന സർക്കാരുകൾ/ മത്സ്യത്തൊഴിലാളികൾ/ഡെവലപർമാർ/ഏതെങ്കിലും സ്വകാര്യ അല്ലെങ്കിൽ പൊതു ലിമിറ്റഡ് കമ്പനി, കോർപ്പറേഷൻ, സഹകരണ സംഘങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുമായി കമ്പനിക്ക്

നേരിട്ടോ അല്ലാതെയോ പ്രയോജനം ലഭിക്കത്തക്കവിധത്തിൽ കരാർ/ധാരണാപത്രത്തിൽ ഏർപ്പെടുന്നതിനും തുടർ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കുക.

13. മത്സ്യകൃഷി, സംസ്കരണം, മത്സ്യം/മത്സ്യ ഉല്പന്നങ്ങളുടെ വിപണനം എന്നിവയുടെ പ്രോത്സാഹനത്തിനും വികസനത്തിനുമായി പദ്ധതികൾ നടപ്പാക്കുക.

14. മത്സ്യബന്ധന മേഖലയുടെ വികസനത്തിനായുള്ള ഗവേഷണ സ്ഥാപനം ഒറ്റയ്ക്കോ മറ്റ് ഏജൻസികളുമായി സഹകരിച്ചോ സ്വന്തമാക്കാനും സ്ഥാപിക്കാനും പരിപാലിക്കാനും ശ്രമിക്കുക.

(ബി) മത്സ്യബന്ധന-അനുബന്ധ മേഖലയിൽ ഒട്ടേറെ തൊഴിൽ സാധ്യതകൾ സൃഷ്ടിക്കുന്നതിന് പ്രസ്തുത കൗൺസിൽ സ്ഥാപിക്കുന്നതിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ?

മത്സ്യബന്ധന-അനുബന്ധ മേഖലയിൽ ഒട്ടനവധി വ്യവസായ സാധ്യതകൾ തുറക്കുകവഴി ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഇന്നവേഷൻ കൗൺസിൽ സ്ഥാപിക്കുന്നതിലൂടെ കഴിയുമെന്ന്

പ്രതീക്ഷിക്കുന്നു. കേരള ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ സ്ഥാപനം ഇന്നവേറ്റർമാർ, സ്റ്റാർട്ടപ്പുകൾ, വ്യവസായികൾ, നിക്ഷേപകർ, തൊഴിലന്വേഷകർ, ബിസിനസ്സുകാർ, കർഷകർ, മത്സ്യത്തൊഴിലാളികൾ എന്നിവർക്ക് അവരുടെ ആശയങ്ങൾ പങ്കുവയ്ക്കാനും ഉചിതമായ പരിഹാരം കൊണ്ടുവരാനും ഒരു പൊതുവേദി നല്കുന്നു. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർക്കാർ വകുപ്പുകൾ, ഏജൻസികൾ, ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടുകൾ, കോർപ്പറേറ്റ്, ബാങ്കിങ് മേഖല-ഏജൻസികൾ, മറ്റു സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ യോജിച്ച ബന്ധത്തിനും സഹകരണത്തിനും ഇത് അന്തരീക്ഷം സൃഷ്ടിക്കുന്നു. ഫിഷറീസ് മേഖലയിൽ സുസ്ഥിരമായ വിഭവ വിനിയോഗം, ഉൽപാദനം, മൂല്യവർധന, വിപണനം എന്നിവയ്ക്കുള്ള കാര്യക്ഷമമായ സംവിധാനം വികസിപ്പിക്കുന്നതിനും വമ്പിച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആത്യന്തികമായി സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിനും ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ സഹായകമാകും.

(സി) മത്സ്യ കയറ്റുമതി മേഖലയുടെ ഉന്നമനത്തിന് ഫിഷറീസ്

ഇന്നവേഷൻ കൗൺസിൽ സഹായകമാകുമോയെന്ന് വ്യക്തമാക്കാമോ?

പുതിയ സാങ്കേതികവിദ്യ കൈമാറ്റം ചെയ്യുന്നതിനും മത്സ്യ ഉൽപാദനവും മത്സ്യവ്യവസായവും മെച്ചപ്പെടുത്തുന്നതിനും നൂതനാശയങ്ങളിൽ ഊന്നി മത്സ്യകയറ്റുമതി മേഖലയുടെ ഉന്നമനത്തിന് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ ഉപകാരപ്രദമാകും. ആഗോള വിപണിയിൽ മത്സ്യവ്യാപാരത്തിനും മത്സ്യകയറ്റുമതിക്കും ഉതകുന്ന തരത്തിൽ കൂടുതൽ ആധുനികവൽക്കരണം കൊണ്ടുവരാനും അതിന്റെ ഗുണനിലവാരം ഉയർത്താനുമായി ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ സഹായകമാകും. കേരളത്തിലെ മത്സ്യ വിഭവങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിലുള്ള സ്വാധീനം ശക്തിപ്പെടുത്തുന്നതിന് സാങ്കേതിക സഹായവും മാർക്കറ്റിങ്ങും പ്രോത്സാഹിപ്പിക്കും. മത്സ്യങ്ങളുടെ ഉത്പാദന, പ്രോസസ്സിങ്, പാക്കേജിങ് എന്നിവയിലുള്ള നൂതന രീതികളും പ്രൊഫഷണൽ പരിശീലനങ്ങളും മാർക്കറ്റിലെ പുതിയ ടെൻഡുകളും കൗൺസിൽ വഴി പ്രചരിപ്പിക്കും. കൂടാതെ മത്സ്യ ഉൽപാദനവും മത്സ്യവ്യവസായവും മെച്ചപ്പെടുത്തുന്നതിനായി ഇന്റർ ഡിപ്പാർട്ട്മെന്റൽ/സെക്ടറൽ സഹകരണം

ശക്തിപ്പെടും, ഈ മേഖലയിലെ വിദഗ്ധർ, ശാസ്ത്രജ്ഞർ, ഫിഷറീസ് വകുപ്പ്, മത്സ്യ ഉൽപന്നങ്ങളുടെ കയറ്റുമതിക്കാർ, വ്യവസായ വകുപ്പ്, കെ-ഡിസ്ക്, കേരള സ്റ്റാർട്ടപ്പ് മിഷൻ, ആർ ആൻഡ് ഡി ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവരും മറ്റ് വിവിധ സ്ഥാപനങ്ങളും ഇന്നവേഷൻ ക്ലസ്റ്ററിൽ സഹകരിക്കുന്ന പങ്കാളികളായിരിക്കും. ഇപ്രകാരം മത്സ്യകയറ്റുമതി മേഖലയുടെ ഉന്നമനത്തിന് വളരെയധികം പ്രയോജനകരമാവുന്ന തരത്തിലാണ് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ വിഭാവനം ചെയ്തിട്ടുള്ളത്.

പട്ടികവർഗ സ്ത്രീകളുടെ പരിചരണം ഉറപ്പാക്കൽ പദ്ധതി

24(*84) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ സ്ത്രീകൾക്ക് ഗർഭാവസ്ഥയിലും പ്രസവശേഷവും ആവശ്യമായ പരിചരണം ഉറപ്പാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. പട്ടികവർഗക്കാരായ ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 'ജനനി ജന്മ രക്ഷ' പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം ഗർഭാവസ്ഥയുടെ മൂന്നുമാസം മുതൽ കുട്ടിക്ക് ഒരു വയസ്സ് പൂർത്തിയാകുന്നതുവരെ 18 മാസത്തേക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകിവരുന്നു. കൂടാതെ ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനായി 'ഊരിന്റെ താരാട്ട്' എന്ന പദ്ധതി അട്ടപ്പാടി മേഖലയിൽ നടപ്പാക്കിവരുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി അനുസരിച്ച് സഹായധനം ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ?

ഉണ്ട്. ഈ സർക്കാരിന്റെ കാലത്ത് 'ജനനി ജന്മ രക്ഷ' പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2021-22	2649.98
2022-23	1646.20
2023-24	1173.95
2024-25 (നാളിതുവരെ)	1597.99

(സി) പട്ടികവർഗ യുവതികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികവർഗ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 1.5 ലക്ഷം രൂപ അനുവദിക്കുന്ന വിവാഹ ധനസഹായ പദ്ധതി നിലവിലുണ്ട്. മാതാപിതാക്കൾ മരണപ്പെട്ടുപോയ പെൺകുട്ടികൾക്ക് 2 ലക്ഷം രൂപയാണ് ധനസഹായമായി നൽകിവരുന്നത്.

മനുഷ്യ-വന്യജീവി സംഘർഷം നേരിടാൻ പദ്ധതികൾ

25 (*85) ശ്രീ. പി. അബ്ദുൽ ഹമീദ്:
ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കി 2021-ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നോ?

സമർപ്പിച്ചിരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്

സംസ്ഥാന സർക്കാർ 620 കോടി (60:40 അനുപാതത്തിൽ) രൂപയ്ക്ക് 5 വർഷത്തേക്കുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കി ധനസഹായത്തിനായി 07-09-2021-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിക്കുകയും ആയത് 22-11-2021-ൽ കേരള വനം വകുപ്പുമന്ത്രി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിക്ക് നേരിട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

(ബി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

അറിയിച്ചിട്ടുണ്ട്. ഇപ്രകാരം സമർപ്പിച്ച പദ്ധതിയെക്കുറിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് 12-01-2023-ലെ DO No. NA-13/16/2020-NA(Pt) നമ്പർ അർധ ഔദ്യോഗിക കത്തുപ്രകാരം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ടി അർധ ഔദ്യോഗിക കത്തിൽ പ്രതിപാദിക്കുന്നത് സംസ്ഥാന സർക്കാരിനുള്ള ധനസഹായം നിലവിൽ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ, CAMPA എന്നിങ്ങനെ സംസ്ഥാനവുമായി കേന്ദ്രം ചെലവ് പങ്കിടുന്ന പദ്ധതികളിൽ പരിഗണിക്കാറുണ്ടെന്നും സംസ്ഥാനം ശാസ്ത്രീയവും ആധുനികവുമായ രീതികൾ അവലംബിച്ചും വിവിധ സംസ്ഥാന

പദ്ധതികളിൽനിന്നും വിഭവസമാഹരണം നടത്തിയും ദീർഘകാല, സുസ്ഥിര പദ്ധതികൾ ഉപയോഗിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതാണ് അഭികാമ്യമെന്നുമാണ് അറിയിച്ചിട്ടുള്ളത്.

(സി) മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനുള്ള പദ്ധതികൾക്കായി എപ്രകാരം തുക കണ്ടെത്താനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി തുക ലഭിച്ചുവരുന്നത് കേന്ദ്രാവിഷ്കൃത പദ്ധതികളായ 2406-02-110-35 പ്രോജക്ട് എലിഫന്റ് (60:40 അനുപാതത്തിൽ), & 2406-02-110-52 IDWH – Outside PA (60:40 അനുപാതത്തിൽ) എന്നീ ശീർഷകങ്ങളിലും സംസ്ഥാന പദ്ധതിയായ 2406-02-110-09 Measures to Reduce Man-Animal Conflict, & 2406-01-800-92 Relief to Victims എന്നിവയിലുമാണ്. കേന്ദ്ര സർക്കാരിന്റെ മേൽ പരാമർശിച്ച രണ്ട് പദ്ധതികളിൽ അനുവദിക്കുന്ന മുഴുവൻ തുകയും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പദ്ധതികൾക്ക് മാത്രം ഉള്ളവയല്ല. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് പരിശോധിച്ചാൽ

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ സംസ്ഥാന വനം വകുപ്പിന് അനുവദിച്ചത് ശരാശരി ഒരു വർഷം 585 ലക്ഷം രൂപ മാത്രമാണ്. വന്യജീവി സംരക്ഷണം ഉറപ്പുവരുത്താനുള്ള വിവിധ പദ്ധതി ഘടകങ്ങളിൽ ഒരു ഘടകം മാത്രമാണ് മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം. എന്നാൽ മേൽ സൂചിപ്പിച്ച സംസ്ഥാന പദ്ധതികൾ രണ്ടും മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് മാത്രം ഉള്ളതാണ്. ടി സംസ്ഥാന പദ്ധതികളിലൂടെ പ്രസ്തുത ആവശ്യത്തിലേക്കായി ശരാശരി ഒരുവർഷം 3493 ലക്ഷം രൂപ ലഭിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്ത് ഉടലെടുത്തിട്ടുള്ള മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിന് ടി തുകകൾ തികച്ചും അപര്യാപ്തമാണ്. ആയതിനാലും മനുഷ്യ-വന്യജീവി സംഘർഷം "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിച്ചതിനാലും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ നഷ്ടപരിഹാര രീതികൾ പരിഷ്കരിക്കുക, ആർ.ആർ.ടി.-കളുടെ ശാക്തീകരണം, ട്രൂൾ റൂമുകളുടെ സജ്ജീകരണം തുടങ്ങിയവയ്ക്ക് തുക വകയിരുത്താനുള്ള പ്രൊപ്പോസൽ സർക്കാരിൽ

സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ നബാർഡ്, കിഫ്ബി, ആർ.കെ.വി.വൈ. എന്നിവയിൽനിന്നും ഫണ്ട് ലഭ്യമാക്കിവരുന്നുണ്ട്.

വന്യമൃഗങ്ങൾ മനുഷ്യവാസ മേഖലയിൽ ഇറങ്ങുന്നത് തടയാനുള്ള പ്രതിരോധ സംവിധാനങ്ങൾ, ആവാസ വ്യവസ്ഥാ പരിപോഷണം തുടങ്ങിയവ ബഹുജന പങ്കാളിത്തത്തോടെയും സംസ്ഥാന - കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും മറ്റു സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയും കമ്പനികളുടെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ചും പ്രാവർത്തികമാക്കാനാണ് ലക്ഷ്യമിടുന്നത്.

പട്ടികവർഗ ജനവിഭാഗങ്ങൾക്ക് പ്രത്യേക ജീവനോപാധി പദ്ധതി

26(*86) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത ജീവനോപാധികളെ ആശ്രയിക്കുന്ന പട്ടികവർഗ ജനവിഭാഗങ്ങൾക്കുവേണ്ടി പ്രത്യേക ജീവനോപാധി പദ്ധതി

ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പരമ്പരാഗത ജീവനോപാധികളെ ആശ്രയിക്കുന്ന പട്ടികവർഗ ജനവിഭാഗങ്ങൾക്കുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഗോത്രജീവിക പദ്ധതി
2. ഹരിതരശ്മി പദ്ധതി
3. സഹ്യകിരൺ പദ്ധതി
4. പി.വി.റ്റി.ജി. പദ്ധതി

(ബി) പ്രസ്തുത പദ്ധതി ഏതൊക്കെ ജനവിഭാഗങ്ങൾക്കായാണ് നടപ്പാക്കുന്നതെന്നും ഏതൊക്കെ ഘടക പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും വിശദമാക്കുമോ?

ഗോത്രജീവിക

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട തൊഴിൽ സന്നദ്ധരായ യുവതീയുവാക്കൾക്ക് നൈപുണ്യ വികസനവും സുസ്ഥിരമായ ജീവനോപാധിയും സാമ്പത്തിക സാമൂഹിക ശാക്തീകരണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കുന്ന പദ്ധതിയാണിത്.

തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട മേസൺറി, മരപ്പണി, പ്ലംബിങ്, ഇലക്ട്രിക്കൽ, വയറിങ്, ടൈൽ വർക്കുകൾ, പെയിന്റിങ്, ഡ്രൈവിങ് തുടങ്ങിയ ഇനങ്ങളിൽ പരിശീലനം നൽകുകയും ഈ യുവതീയുവാക്കളെ ഉൾപ്പെടുത്തി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടുപ്രകാരം 57 സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുകയും അവർ പട്ടികവർഗ മേഖലയിലേതുൾപ്പെടെയുള്ള ഭവനനിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നുണ്ട്. കൂടാതെ റൂറൽ മേസൺ, അസിസ്റ്റന്റ് മേസൺ, ഫ്ളോറിങ്, പെയിന്റിങ്, പരിസ്ഥിതി സൗഹൃദ ബാഗ് നിർമ്മാണം, ഇലക്ട്രോണിക് ഉപകരണങ്ങൾ, മൊബൈൽ ഫോൺ എന്നിവയുടെ റിപ്പയറിങ് എന്നിവയിൽ പരിശീലനം നേടിയവരെ ഉൾപ്പെടുത്തി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടുപ്രകാരം 29 സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുകയും അവർ പട്ടികവർഗ മേഖലയിലേത് ഉൾപ്പെടെയുള്ള ഭവനനിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നുണ്ട്.

ഹരിതരശ്മി

പട്ടികവർഗ വിഭാഗത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും ജീവനോപാധി വർധിപ്പിക്കുന്നതിനുമായി പട്ടികവർഗക്കാരുടെ കൈവശം തരിശായി കിടക്കുന്ന ഭൂമിയെ കൃഷിക്ക് ഉപയുക്തമാക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയാണ് ഹരിതരശ്മി. പ്രാദേശികമായി കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും മേൽനോട്ടം വഹിക്കുന്നതും എല്ലാ സഹായങ്ങളും ഈ സംഘങ്ങളുടെ നേതൃത്വത്തിലാണ് നടപ്പാക്കുന്നത്. ഇത്തരത്തിൽ ഇടുക്കി, വയനാട് ജില്ലകളിലായി 157 സംഘങ്ങൾ പ്രവർത്തിക്കുന്നു. പദ്ധതിയുടെ ഭാഗമായി വിവിധതരം വിത്തുകൾ, പച്ചക്കറിത്തൈകൾ, ഔഷധ സസ്യങ്ങൾ, വാഴകൾ, വളങ്ങൾ, ജൈവകീടനാശിനികൾ, കൃഷിപരിപാലന ഉപകരണങ്ങൾ, മണ്ണ് പരിശോധന, വിവിധ തലങ്ങളിലുള്ള പരിശീലനങ്ങൾ, വിപണന സാധ്യതകൾ എന്നിവ കർഷകർക്ക് ലഭ്യമാക്കി. ഗുണഭോക്താക്കളുടെ അഭിരുചിയും താല്പര്യവും മണ്ണിന്റെ ഘടനയും കണക്കിലെടുത്താണ് കൃഷിരീതികൾ തീരുമാനിച്ചത്. കാർഷിക വിദഗ്ധരെ ഉൾപ്പെടുത്തി പദ്ധതിയിലൂടെ രൂപീകരിച്ച കർഷക ഗ്രൂപ്പുകൾക്ക് കൃഷിരീതികൾ, ശാസ്ത്രീയ

വിളവെടുപ്പ് രീതികൾ, വിത്തുകളുടെ പരിപാലനം, നഴ്സറി, മാനേജ്മെന്റ് എന്നിവയിൽ പ്രായോഗിക പരിശീലനം നൽകി. കൂടാതെ സംഘം പ്രതിനിധികൾക്ക് നേതൃപരിശീലനവും നൽകിയിട്ടുണ്ട്.

സഹ്യകിരൺ പദ്ധതി

കേരള സർക്കാർ, കേന്ദ്രസർക്കാർ സഹായത്തോടെ പട്ടികവർഗ ജനവിഭാഗങ്ങളുടെ പരമ്പരാഗത തൊഴിൽ മേഖലകളെ ശക്തിപ്പെടുത്തുന്നതിനായി രൂപം നൽകിയ പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, കണ്ണൂർ, വയനാട്, കാസർകോട് എന്നീ ജില്ലകളിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

1. മറയൂർ ശർക്കര നിർമ്മാണം
2. മുളയും ചൂരലും ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം
3. പായകളുടെയും പരമ്പുകളുടെയും കാർപ്പെറ്റുകളുടെയും നിർമ്മാണം
4. വനങ്ങളിൽനിന്ന് ശേഖരിക്കുന്ന തേൻ സംസ്കരണം
5. ഔഷധ ചെടികളുടെയും മറ്റ് വന വിഭവങ്ങളുടെയും ശേഖരണം

സഹ്യകിരൺ പദ്ധതിയിൽ ശർക്കര നിർമ്മാണത്തിൽ കാലങ്ങളായി പങ്കെടുത്തുവരുകയും പരമ്പരാഗതമായി കൃഷിചെയ്യുകയും ചെയ്യുന്ന ഇടുക്കി

ജില്ലയിൽ ഉൾപ്പെട്ട മറയൂരിലെ 150-ഓളം കുടുംബങ്ങളെ സംഘടിപ്പിച്ച് കൊണ്ട് മറയൂർ-കാന്തല്ലൂർ ട്രൈബൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി എന്ന പേരിൽ ഒരു കമ്പനി ഇതിനായി രൂപീകരിച്ചു. പൂർണ്ണമായും പട്ടികവർഗ കുടുംബങ്ങൾ മാത്രം അംഗങ്ങളായിട്ടുള്ള ഈ സംരംഭം ഇന്ത്യയിൽ തന്നെ ആദ്യത്തേതാണ്. പട്ടികവർഗ കർഷകരുടെ കൈവശമുള്ള ഭൂമിയിലെ കരിമ്പ് കൃഷിക്ക് മതിയായ വില ലഭ്യമാക്കുകയും അതോടൊപ്പം ശർക്കര നിർമ്മാണത്തിന്റെ ലാഭം പൂർണ്ണമായും പട്ടികവർഗ മേഖലയിലേക്ക് എത്തിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ ശർക്കര നിർമ്മാണ ഫാക്ടറി പ്രവർത്തനം ആരംഭിക്കുന്നത്. ശർക്കര ഉൽപാദനത്തിന്റെ എല്ലാ ഘട്ടങ്ങളിലും കാര്യക്ഷമമായ പ്രത്യേക പരിശീലനം ഗുണഭോക്താക്കൾക്ക് നൽകിവരുന്നു. പ്രസ്തുത ശർക്കര ഉൽപാദന പ്ലാന്റിൽ 30 പേർക്ക് നേരിട്ട് ജോലി നൽകുകയും അസംസ്കൃത വസ്തുക്കളുടെ വിളവെടുപ്പിലും വിനിമയത്തിലും 300-ഓളം പേർക്ക് പരോക്ഷമായി തൊഴിൽ നൽകുകയും ചെയ്യുന്നു. ഇത് ശർക്കര ഉൽപാദന പ്രക്രിയയിലൂടനീളം സജീവമായ ഗോത്രവർഗ വിഭാഗക്കാരുടെ പങ്കാളിത്തം

ഉറപ്പാക്കുന്നു. കാന്തല്ലൂർ പഞ്ചായത്തിലെ ദണ്ട്കൊമ്പ് കോളനിയിലാണ് ഈ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച മറയൂർ - കാന്തല്ലൂർ ടൈബൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

പി.വി.റ്റി.ജി. വിഭാഗക്കാർക്കുള്ള പദ്ധതി

കേരളത്തിലെ പ്രത്യേക ദുർബല ഗോത്രവർഗ വിഭാഗങ്ങളായ കൊറഗ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കുറുമ്പർ ജനവിഭാഗങ്ങളുടെ ജീവനോപാധി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പട്ടികവർഗ വികസന വകുപ്പ് കേന്ദ്ര ധനസഹായത്തോടെ പി.വി.റ്റി.ജി. വിഭാഗക്കാർക്കുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. പ്രത്യേക ദുർബല ഗോത്രവർഗ ജനവിഭാഗങ്ങളുടെ പ്രാതിനിധ്യമനുസരിച്ച് പാലക്കാട് (അട്ടപ്പാടി), വയനാട്, കാസർഗോഡ്, മലപ്പുറം (നിലമ്പൂർ) ജില്ലകളിലെ വനങ്ങളിൽനിന്നുള്ള തേൻ ശേഖരണം, ഔഷധ ചെടികളുടേയും മറ്റ് വനവിഭവങ്ങളുടേയും ശേഖരണം എന്നീ തൊഴിൽ മേഖലകളെയാണ് പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. വനങ്ങളിൽനിന്നുള്ള തേൻ

ശേഖരണം, ഔഷധ ചെടികളുടെയും മറ്റു വനവിഭവങ്ങളുടെയും ശേഖരണം പരിപാടിയിൽ ഉൾപ്പെടുത്തി ധാരാളം ഗുണഭോക്താക്കളാണ് പദ്ധതിയിലുള്ളത്.

(സി) പ്രസ്തുത പദ്ധതി പട്ടികവർഗ കുടുംബങ്ങൾക്ക് എത്രത്തോളം പ്രയോജനകരമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ ഉപപദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിവരുന്ന വിവിധ പദ്ധതികളിലൂടെ പട്ടികവർഗ യുവതീയുവാക്കൾക്ക് സംരംഭകത്വം വികസിപ്പിക്കുന്നതിനും സാമൂഹികവും സാമ്പത്തികവുമായ ഉയർച്ചയും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള വനവിഭവങ്ങളുടെ ശേഖരണം വാണിജ്യവത്കരിക്കുന്നതിലൂടെ പട്ടികവർഗ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാനവും തൊഴിലവസരങ്ങളും വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ദുർബല വിഭാഗങ്ങൾക്ക് ഉപജീവന അവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ അവരെ സാമ്പത്തികമായും സാമൂഹികമായും

ശാക്തീകരിക്കുന്നതിനും സമൂഹത്തിൽ ഇവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സംസ്കാരം വളർത്തിയെടുക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ജല മാനേജ്മെന്റ്

27(*87) ശ്രീ. കെ. പ്രേംകുമാർ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) ജല മാനേജ്മെന്റിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ജല മാനേജ്മെന്റിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1) കേരള സംസ്ഥാനത്തിനുള്ളിൽ ജലസ്രോതസ്സുകൾ കുറഞ്ഞുവരുന്നതും കാലാവസ്ഥാ വ്യതിയാനങ്ങൾ ആവർത്തിച്ച് സംഭവിക്കുന്നതും കണക്കിലെടുത്ത് ജലസ്രോതസ്സുകളുടെ സംരക്ഷണത്തിലും നിയന്ത്രണ രീതികളിലും കാര്യക്ഷമമായ മാനേജ്മെന്റ് നടപ്പാക്കുക.

2) ഓരോ നദീതടങ്ങൾക്കും സംയോജിത സംസ്ഥാന ജല പദ്ധതികൾ/ മാസ്റ്റർപ്ലാനുകൾ വികസിപ്പിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിലൂടെ സംയോജിത നദീതട മാനേജ്മെന്റ് പ്ലാൻ (IRBMP) സംസ്ഥാനത്തിനുള്ളിൽ നടപ്പാക്കുക.

3) ഉപരിതല, ഭൂഗർഭജല, ഗുണനിലവാരം സംരക്ഷിക്കുക.

4) സംസ്ഥാന/ജില്ലാ/തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ പ്രസക്തമായ സർക്കാർ ഭരണകൂടങ്ങൾക്കിടയിൽ ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ട നിലവിലുള്ള തന്ത്രങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുക.

5) തിരഞ്ഞെടുത്ത നദീതടങ്ങളിൽ ജലസ്രോതസ്സുകളുടെ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതികളും ഇടപെടലുകളും ആരംഭിക്കുക.

6) ജലസ്രോതസ്സുകളുടെ മാനേജ്മെന്റുമായി ബന്ധപ്പെട്ട ഡാറ്റ, വിവരങ്ങൾ, തീരുമാനങ്ങൾ, മികച്ച രീതികൾ, പഠിച്ച പാഠങ്ങൾ എന്നിവ

ജലസംരക്ഷണവുമായി ബന്ധപ്പെട്ടുകിടക്കുന്ന വകുപ്പുകളുമായി പങ്കിടുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കുക.

7) ലഭ്യമായ വെള്ളം ദുരുപയോഗം ചെയ്യാതെ കാര്യക്ഷമമായി ഉപയോഗിക്കുക, ലഭ്യമാകുന്ന മഴവെള്ളം സംരക്ഷിച്ചും മലിനീകരിക്കപ്പെടാതെ പരിരക്ഷിച്ചും ശുദ്ധീകരിച്ചും ഉപഭോഗം ക്രമപ്പെടുത്തിയും ആവശ്യങ്ങൾ നിറവേറ്റുക, ജലസ്രോതസ്സുകൾ മാലിന്യമുക്തമായി സംരക്ഷിക്കുക, അനിയന്ത്രിതമായ ജലചൂഷണം തടയുക.

(ബി) സംസ്ഥാനത്ത് ജല മാനേജ്മെന്റ് ഫലപ്രദമായി നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേരളത്തിലെ ജലസ്രോതസ്സുകളെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിന്റെ ഭാഗമായി ഓരോ പഞ്ചായത്തുകൾക്കും വാട്ടർ ഷെഡ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഈ മാസ്റ്റർപ്ലാനുകളിൽ മൈക്രോ വാട്ടർഷെഡ് ലെവൽ വരെയുള്ള ജലസ്രോതസ്സുകളുടെ സംക്ഷിപ്ത സാഹചര്യങ്ങൾ ഉൾപ്പെടുന്നു. ഫലപ്രദമായ

ജലവിഭവ പരിപാലനത്തിനായി ഇതുവരെ നടത്തിയിട്ടുള്ള വിവിധ ഇടപെടലുകളുടെ വിശദാംശങ്ങളും പുതിയ നിർദേശങ്ങളും ഈ മാസ്റ്റർപ്ലാനുകളിലുണ്ട്. കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ നിർദേശപ്രകാരം സംസ്ഥാന ജലവിഭവ വകുപ്പും മൈനർ ഇറിഗേഷൻ സെൻസസ്, വാട്ടർ ബോഡി സെൻസസ് എന്നിവ 5 വർഷം കൂടുമ്പോൾ നടത്തുന്നു. അതിൽ സംസ്ഥാനത്തെ എല്ലാ ജലാശയങ്ങളുടെയും സമഗ്രമായ ഡാറ്റയും സ്റ്റാറ്റസും സ്റ്റാറ്റിസ്റ്റിക്സും ഉൾപ്പെടുത്തി ഒരു റിപ്പോർട്ടായി പ്രസിദ്ധീകരിക്കുന്നു. നദീതടങ്ങളിലൂടനീളം സംയോജിത ജലവിഭവ മാനേജ്മെന്റ് (IWRM-Integrated Water Resources Management) നടപ്പാക്കുന്നതിനും നേരിടുന്ന വൈവിധ്യമാർന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനുമുള്ള ആധികാരിക ഗൈഡായി പ്രവർത്തിക്കുന്നതിനുവേണ്ടി "Operational Framework For Integrated River Basin Conservation And Management"-ന്റെ കരട് തയ്യാറാക്കിവരുന്നു. പ്രധാന ജലസംഭരണികളായ അണക്കെട്ടുകളുടെ ജലനിരപ്പ് ക്രമീകരിക്കുന്നതിന് ശാസ്ത്രീയമായ മാനദണ്ഡങ്ങൾ പാലിച്ച് നടപ്പാക്കുന്നതിലൂടെ പ്രളയ സാധ്യത കുറച്ച് ജല മാനേജ്മെന്റ്

ഫലപ്രദമാക്കിവരുന്നു. അണക്കെട്ടുകളിൽനിന്നും കനാലുകളിലൂടെ കൃഷിയിടങ്ങളിലേക്ക് ജലം തുറന്നുവിടുമ്പോൾ പാടശേഖരസമിതികൾ/Water User's Association എന്നിവ ജലസേചന എഞ്ചിനീയർ/അഗ്രികൾച്ചർ ഓഫീസർ എന്നിവരുടെ നിർദേശമനുസരിച്ച് ജല ഉപയോഗം ക്രമപ്പെടുത്തി ജല മാനേജ്മെന്റ് നടപ്പാക്കിവരുന്നു. നീർത്തടാധിഷ്ഠിത ജലസംരക്ഷണ പരിപാലന പ്രവൃത്തികളാണ് ഹരിതകേരളം മാസ്റ്റർപ്ലാനിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. കൂടാതെ ജല ബജറ്റിങ് തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ഹരിതകേരള മിഷൻ, CWRDM എന്നിവയുമായി സംയോജിച്ച് നടപ്പാക്കിവരുന്നു. ചെറുസംഭരണികളായ ചെക്ക് ഡാമുകളിൽ ജലനിരപ്പ് നിശ്ചിത അളവിൽ നിലനിർത്താനാകുന്നത് വരൾച്ച തടയുന്നതിന് പ്രയോജനപ്പെടുന്നുണ്ട്. പുഴകൾക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള റെഗുലേറ്ററുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നതിലൂടെ ഉപ്പ് വെള്ളം കൃഷിയിടങ്ങളിലേക്ക് എത്തുന്നത് തടയാനും തടസ്സമില്ലാത്ത തരത്തിൽ ജലവിതരണം നടപ്പാക്കുന്നതിനും സാധിക്കുന്നുണ്ട്. ജലമാനേജ്മെന്റ് ഫലപ്രദമായി

നടപ്പാക്കുന്നതിന് വർഷംതോറും ഡാമിന്റെയും റെഗുലേറ്ററുകളുടെയും ജലവിതരണ കനാലുകളുടെയും അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്. കാലവർഷത്തിന് മുന്നോടിയായും കാലവർഷത്തിനുശേഷവും മഴക്കാല മുന്നൊരുക്ക പ്രവൃത്തികൾ നടത്താറുണ്ട്. ജലസംഭരണത്തിനായും വെള്ളപ്പൊക്ക നിയന്ത്രണത്തിനായും താൽകാലിക ചിറകൾ നിർമ്മിക്കാറുണ്ട്. വിവിധ പുഴ മാപിനികളിൽനിന്നും മഴ മാപിനികളിൽനിന്നും ഏത് സാഹചര്യത്തിലും (ഉദാ: വെള്ളപ്പൊക്കം, പ്രളയം, പ്രകൃതി ദുരന്തങ്ങൾ) ഇടതടവില്ലാതെ ഡാറ്റ ശേഖരിക്കുകയും ആവശ്യ ഘട്ടങ്ങളിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറുകയും ചെയ്യുന്നു.

കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

1. പുഴകൾക്ക് കുറുകെ സ്ഥിരം/താൽക്കാലിക തടയണകൾ കെട്ടി ശുദ്ധജല വിതരണത്തിനായി ജലം ലഭ്യമാകുന്നു. ആയത് ഭൂഗർഭ ജലത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനും കാരണമാകുന്നു.

2. ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് ആവശ്യാനുസരണം പമ്പിങ് സംവിധാനം ഒരുക്കുന്നു.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ CWRDM-ന്റെ സാങ്കേതിക പിന്തുണയോടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ജലബജറ്റ് തയ്യാറാക്കുന്നതിനുള്ള മാർഗരേഖ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 438 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കി തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓരോ പത്ത് ദിവസത്തെയും ജലലഭ്യതയും ജല ആവശ്യവും കണക്കാക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ജല ബജറ്റിൽനിന്നും ലഭ്യമാകുന്ന വിവരങ്ങൾ Integrated Water Resources Management (IWRM) സംയോജിത ജല വിഭവ പരിപാലന തത്വങ്ങൾക്കനുസരിച്ച് ഉപയോഗപ്പെടുത്തിയാണ് ഭാവി പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നത്. സംസ്ഥാനത്തിന്റെ പ്രത്യേകതയായ ഉപേക്ഷിക്കപ്പെട്ട ക്വാറികളിലെ വെള്ളം ജലസേചനത്തിനും റീചാർജ്ജിങ്ങിനും ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിലുള്ള ആദ്യ പദ്ധതി കൊട്ടാരക്കരയിലെ കരീപ്രയിൽ ആരംഭിച്ച് വിജയകരമായി

നടപ്പാക്കിവരുന്നു. ഉപയോഗപ്പെടുത്താവുന്ന 286 ക്വാറികൾ കണ്ടെത്തിയിട്ടുണ്ട്. ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നത് തടയുന്നതിനായി ജലനിർഗമനം സുഗമമാക്കുന്നതിന് 'ഇനി ഞാനൊഴുകട്ടെ' എന്ന ക്യാമ്പയിൻ നടന്നുവരുന്നു. ഭൂജലവകുപ്പുമുഖേന ഭൂജല സംരക്ഷണ പദ്ധതികൾ നടപ്പാക്കിവരുന്നു. മേൽക്കൂരയിൽ ലഭിക്കുന്ന മഴവെള്ളം ശേഖരിച്ച് ഭൂമിയിലേക്ക് വിടുന്ന പദ്ധതികളും മഴവെള്ളം ഫിൽറ്റർ മീഡിയയിലൂടെ അരിച്ച് കിണറിലേക്ക് കടത്തിവിടുന്ന പദ്ധതികളും ഇപ്രകാരം ചെയ്തുവരുന്നു. വർഷംതോറും പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ഏകദേശം എഴുപതോളം പദ്ധതികൾ ചെയ്യാറുണ്ട്. കൂടാതെ മഴവെള്ളം ഒഴുക്കിക്കളയാതെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, ജല മലിനീകരണവും ദുരുപയോഗവും തടയുക എന്നിവയെ സംബന്ധിച്ച് ഭൂജല വകുപ്പ് മുഖേന പൊതുജനങ്ങൾ, ജനപ്രതിനിധികൾ, കർഷകർ, വിദ്യാർഥികൾ എന്നിവർക്കായി ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു.

(സി) ജലവിഭവ വകുപ്പിന്റെ പ്രവർത്തനം ചിട്ടപ്പെടുത്താനും

മെച്ചപ്പെടുത്താനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പിന്റെ പ്രവർത്തനം ചിട്ടപ്പെടുത്താനും മെച്ചപ്പെടുത്താനും സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ പറയുന്നു.

1. PRICE (Project Information & Cost Estimation) സംവിധാനം

ജലസേചന വകുപ്പിൽ കൈകാര്യം ചെയ്യുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും Administrative, Technical Sanction നൽകുന്നതിനുമായി February 2016-ൽ 'PRICE' എന്ന ഡിജിറ്റൽ സംവിധാനം നടപ്പാക്കി. ക്രമേണ ആവശ്യാനുസൃതമായ മാറ്റങ്ങൾ പ്രസ്തുത സോഫ്റ്റ്വെയറിൽ വരുത്തുകയും നിലവിൽ പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതുമുതൽ ബിൽ സമർപ്പണംവരെയുള്ള കാര്യങ്ങൾ PRICE വഴി ചെയ്യാനും മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കി നടപ്പാക്കുന്നതിന് സാധിക്കുകയും ചെയ്തു.

2. ഇ-ഓഫീസ്

ജലസേചന വകുപ്പിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന്

ഓൺലൈനായി ഫയൽ കൈകാര്യം ചെയ്യുന്നതിനുള്ള ഡിജിറ്റൽ സംവിധാനമായ ഇ-ഓഫീസും ജലസേചന വകുപ്പിൽ നടപ്പാക്കി. സെൻട്രൽ രജിസ്ട്രി യൂണിറ്റുകൾ (CRU) വഴി ഇന്റർ/ഇൻട്രാ, പബ്ലിക് മെയിൽ കമ്മ്യൂണിക്കേഷൻ സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. ഡിവിഷൻ ലെവൽ വരെയുള്ള എല്ലാ ഓഫീസുകൾക്കും ജീവനക്കാരുടെ മാസ്റ്റർ ഡാറ്റ ശേഖരണം പൂർത്തിയാക്കി അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. ഡിവിഷൻ ലെവൽ മുതൽ അമ്പത്തിയൊന്ന് സബ് ഡിവിഷനുകൾ വരെയുള്ള എല്ലാ ഫയൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കും VPN ആക്സസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഡിവിഷൻതലം വരെയുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് പരിശീലനം നൽകിയിട്ടുണ്ട്. ഫീൽഡ് ഓഫീസുകളിൽനിന്നുള്ള അപേക്ഷകൾക്ക് അനുസരിച്ച് ജീവനക്കാർക്കായി നിരവധി പ്രായോഗിക പരിശീലന സെഷനുകൾ നടത്തിയിട്ടുണ്ട്.

3. ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിങ് സംവിധാനം

ജലസേചന വകുപ്പിലെ ചീഫ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലും ജില്ലാ കേന്ദ്രങ്ങൾ, താലൂക്ക് കേന്ദ്രങ്ങൾ എന്നിവയിൽ പ്രവർത്തിക്കുന്ന

കാര്യാലയങ്ങളിലും ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിങ് സംവിധാനം നടപ്പാക്കുകയും സ്പാർക്കുമായി ബന്ധിപ്പിക്കുകയും ചെയ്തു. വകുപ്പിന് കീഴിലെ മുഴുവൻ കാര്യാലയങ്ങളിലും ബയോമെട്രിക് പഞ്ചിങ് സംവിധാനം നടപ്പാക്കുന്നതിനായി മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകിയതിനെത്തുടർന്ന് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

4. പരിശീലന പരിപാടികൾ

ജലസേചന വകുപ്പിനുകീഴിൽ ടെക്നിക്കൽ/നോൺ ടെക്നിക്കൽ വിഭാഗത്തിലെ ജീവനക്കാർക്ക് നിലവിലുള്ളതും പുതുതായി പ്രഖ്യാപിക്കുന്നതുമായ പദ്ധതികളെക്കുറിച്ച് അറിവ് നൽകുന്നതിനും അവ നടപ്പാക്കാനാവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിനും കാലാകാലങ്ങളിൽ വരുന്ന ഭേദഗതിയെക്കുറിച്ച് മനസ്സിലാക്കുന്നതിനും ചുവടെ ചേർക്കുന്ന അവബോധന പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. അതിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. ഇൻഡക്ഷൻ ട്രെയിനിങ് ഫോർ അസിസ്റ്റന്റ് എഞ്ചിനീയേഴ്സ് ആൻഡ് ഡ്രാഫ്റ്റ്സ്മാൻ

2. ട്രെയിനിങ് ഫോർ ഇ- ഓഫീസ്

3. ട്രെയിനിങ് ഫോർ പ്രൈസ്-3 സോഫ്റ്റ്വെയർ

4.പെർഫോമൻസ് ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം ഫോർ ക്ലാർക്സ്

5. ട്രെയിനിങ് ഫോർ RTI

കൂടാതെ Institute of Management in Government (IMG), Kerala State Remote Sensing and Environment Centre (KSREC), Centre for Water Resources Development and Management (CWRDM), Kerala Institute of Local Administration (KILA), National Council for Cement and Building Materials (NCCBM), Engineering Staff College of India (ESCI), National Water Academy (NWA) തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന ട്രെയിനിങ് പ്രോഗ്രാമുകളിലേക്കും ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കാറുണ്ട്.

5. ഓൺലൈൻ സംവിധാനങ്ങൾ

ഉപഭോക്താക്കൾക്ക് കുടിവെള്ളം ലഭിക്കാത്തതിനെക്കുറിച്ചോ പൈപ്പ് ലൈൻ ലീക്കുകളെ കുറിച്ചോ ജല അതോറിറ്റിയെ അറിയിക്കുന്നതിനും ആയത് സമയബന്ധിതമായി പരിഹരിക്കുന്നതിനുമായി അക്വാലൂം സോഫ്റ്റ്വെയർ സംവിധാനം കേരള ജല അതോറിറ്റി നടപ്പാക്കിയിട്ടുണ്ട്. ഇതിലൂടെ ജനങ്ങൾക്ക് നേരിട്ട് ഹെൽപ്ലൈൻ നമ്പരിൽ ബന്ധപ്പെട്ട് പരാതി രജിസ്റ്റർ ചെയ്യാനും പരാതി പരിഹാരത്തിന്റെ നിജസ്ഥിതി മനസ്സിലാക്കാനും സാധിക്കും. അതോറിറ്റിയുടെ റവന്യൂ കളക്ഷനുവേണ്ടി ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ കാലാനുസൃതമായി പരിഷ്കരിച്ച് പുതിയ സോഫ്റ്റ്വെയർ നിർമ്മിക്കാൻ ആരംഭിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും മറ്റുമായി പുതിയൊരു സോഫ്റ്റ്വെയർ 'പ്രവാഹക്' തയ്യാറാക്കിവരുന്നു. ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ ജലശുദ്ധീകരണശാലകൾ നിർമ്മിച്ചുവരുന്നു. വിവിധ പമ്പ് ഹൗസുകളിൽ ഓട്ടോമേഷൻ സംവിധാനം നടപ്പാക്കിവരുന്നു. കൂടാതെ, പമ്പ് ഹൗസുകളിൽ സി.സി.ടി.വി. ക്യാമറകളും സ്ഥാപിച്ചുവരുന്നുണ്ട്. കാലപ്പഴക്കംച്ചെന്ന എ.സി/പ്രിമോ/പി.വി.സി.

പൈപ്പുകൾ വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി മാറ്റി പുതിയ ഗുണനിലവാരമുള്ള ഡി.ഐ. പൈപ്പുകൾ സ്ഥാപിച്ചുവരുന്നു. മറ്റു വകുപ്പുകളുമായും ജനപ്രതിനിധികളുമായുമുള്ള അവലോകന യോഗങ്ങൾ കൂടി കാര്യക്ഷമത കൂട്ടാനുള്ള നടപടികൾ എടുത്തുവരുന്നു. വാട്ടർ കണക്ഷൻ നൽകുന്നതിനായി 'ഇ ടാപ്പ്' എന്ന ഓൺലൈൻ സംവിധാനം മുഖേന അപേക്ഷ സ്വീകരിച്ച് കണക്ഷൻ നൽകിവരികയാണ്. നിശ്ചിത ഇടവേളകളിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം നടത്തി സാമ്പിൾ പരിശോധിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

(ഡി) ജലവിഭവ വകുപ്പിന് കീഴിലുള്ള വിനോദസഞ്ചാര സാധ്യതയുള്ള പ്രദേശങ്ങൾ വികസിപ്പിച്ച് പൊതുജനങ്ങൾക്ക് സന്ദർശനത്തിന് അവസരമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ജലസേചന വകുപ്പിൽ ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള ആദ്യഘട്ടമായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനും

ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറെയും Nodal Implementing Agency-യായി KIIDC-യെയും ചുമതലപ്പെടുത്തുകയും മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ പരിധിയിൽവരുന്ന വിനോദസഞ്ചാര സാധ്യതയുള്ള പ്രദേശങ്ങൾ, സ്ഥലങ്ങളിലുള്ള നിർമ്മിതികൾ എന്നിവിടങ്ങളിൽ പൊതുജനങ്ങൾക്ക് സന്ദർശനത്തിന് അവസരം ഒരുക്കുന്നതോടൊപ്പം അതോറിറ്റിയുടെ ജല ഇതര വരുമാനം വർധിപ്പിക്കുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. ജലവിഭവ വകുപ്പിന് കീഴിലുള്ള പല വിനോദസഞ്ചാര കേന്ദ്രങ്ങളും സ്ഥിരമായ വരുമാന മാർഗങ്ങൾ എന്ന നിലയിൽ മികച്ച വിജയം നേടിയതിന്റെ അടിസ്ഥാനത്തിലും വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളും അനുബന്ധ സംവിധാനങ്ങളും കേന്ദ്രീകരിച്ച് ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട്, സർക്കാരിന് യാതൊരുവിധ ചെലവും വരുത്താതെ പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് ബാരേജിൽ 25.412 കോടി രൂപയുടെ 'ഇറിഗേഷൻ-ടൂറിസം' പദ്ധതി നടപ്പാക്കാനുള്ള അനുമതിയും പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ

ഡാമിൽ 161.00 കോടി രൂപയുടെ 'ഇറിഗേഷൻ-ടൂറിസം' പദ്ധതി നടപ്പാക്കാനുള്ള അനുമതിയും നൽകിയിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള ഡാമും അനുബന്ധ ഓഫീസ് കെട്ടിടങ്ങളും ഒഴിച്ചുള്ള ജലവിഭവ വകുപ്പിന്റെ പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹൃദമായിട്ടാണ് പദ്ധതി ആവിഷ്കരിക്കുന്നത്. എഫ്.എസ്.ഐ.ടി. റീഡിഫൈൻ ഡെസ്റ്റിനേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് എന്ന ഏജൻസിയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതുസംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

1. ഭൂതത്താൻകെട്ട് ബാരേജ്, എറണാകുളം

ഭൂതത്താൻകെട്ട് ബാരേജ് ഇറിഗേഷൻ ടൂറിസം പദ്ധതിയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 5 ശതമാനം സർക്കാരിന് ലഭിക്കും. 2 വർഷം കൊണ്ട് പദ്ധതി ഘടകങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച്, 30 വർഷത്തേക്കാണ് പദ്ധതി നടത്തിപ്പ് കാലയളവ്.

2. കാഞ്ഞിരപ്പുഴ ഡാം, പാലക്കാട്

കാഞ്ഞിരപ്പുഴ ഡാം ഇറിഗേഷൻ ടൂറിസം പദ്ധതിയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 3 ശതമാനം സർക്കാരിന് ലഭിക്കും. 2 വർഷം കൊണ്ട്

പദ്ധതി ഘടകങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച്, 30 വർഷത്തേക്കാണ് പദ്ധതി നടത്തിപ്പ് കാലയളവ്.

3. വാഴാനി ഡാം- വാഴാനി ഡാമിൽ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി (DMC) മുഖേന ഡി.ടി.പി.സി. ആണ് ടൂറിസം പ്രവർത്തനങ്ങൾ ചെയ്യുന്നത്. ടൂറിസം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഇറിഗേഷൻ പ്രോജക്ട് ടൂറിസം മാനേജ്മെന്റ് കമ്മിറ്റി (IPTMC) രൂപീകരിക്കുന്നതിന് ജില്ലാ കളക്ടറോട് അഭ്യർഥിച്ചിട്ടുണ്ട്.

4. ചിമ്മിനി ഡാം- ചിമ്മിനി ഡാമിൽ ടൂറിസം പ്രവർത്തനങ്ങൾക്കായി ഇറിഗേഷൻ പ്രോജക്ട് ടൂറിസം മാനേജ്മെന്റ് കമ്മിറ്റി (IPTMC) രൂപീകരിച്ചിട്ടുണ്ട്.

5. മലങ്കര ഡാം- ജലവിഭവ വകുപ്പിന്റെയും ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെയും സംയുക്ത നേതൃത്വത്തിൽ മലങ്കര ഡാമിൽ ടൂറിസം ഹബ്ബ് പ്രവർത്തിക്കുന്നുണ്ട്.

6. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം- ഈ പദ്ധതിയുടെ കീഴിൽ ഏഴാറ്റുമുഖം പ്രകൃതി ഗ്രാമം നിലവിൽ തന്നെ ടൂറിസം ഡെസ്റ്റിനേഷനായി

പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി Irrigation Project Tourism Management Committee (IPTMC) രൂപീകരിക്കുന്നതിനുള്ള നടപടികൾ ചെയ്തുവരുന്നു. കൂടാതെ തൂമ്പൂർമൂഴി ഉദ്യാനവും മറ്റ് ഡി.ടി.പി.സി-യുടെ സഹകരണത്തോടുകൂടി ടൂറിസം ആവശ്യങ്ങൾക്കായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. തൂമ്പൂർമൂഴിയിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവ് മുൻകൂട്ടി ബുക്ക് ചെയ്യുന്നതനുസരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.

7. പെരിയാർവാലി ജലസേചന പദ്ധതി- പെരിയാർവാലി ജലസേചന പദ്ധതിയുടെ ആലുവ ഓഫീസ് കോമ്പൗണ്ടിനോട് ചേർന്ന് കിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്തി പൂന്തോട്ടം, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

8. മണിയാർ ബാരേജ്- സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്ന് വിനോദസഞ്ചാരം നടത്തുന്നതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഇവ കൂടാതെ ഇടുക്കി ജില്ലയിലെ കാഞ്ഞാർ-കോളപ്ര, കൊല്ലം ജില്ലയിലെ തെന്മല ഡാം, തിരുവനന്തപുരം ജില്ലയിലെ നെയ്യാർ ഡാം എന്നിവിടങ്ങളിൽ ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിടുന്നു.

വന്യജീവി ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് നൽകുന്ന സഹായങ്ങൾ

28 (*88) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെയും പരിക്കേൽക്കുന്നവരുടെയും കുടുംബങ്ങൾക്ക് നിലവിൽ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയാണ് നൽകിവരുന്നത്. വനത്തിന് പുറത്തുവച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച/കടന്നൽ എന്നിവയുടെ കുത്ത് തുടങ്ങിയവമൂലമുണ്ടാകുന്ന

ജീവഹാനിക്ക് നഷ്ടപരിഹാരമായി രണ്ട് ലക്ഷം രൂപയും നൽകിവരുന്നു. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപയും പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപ വരെയും അനുവദിച്ചുവരുന്നു. പട്ടികവർഗക്കാരുടെ കാര്യത്തിൽ ചികിൽസാ ചെലവ് മുഴുവനായും അനുവദിച്ചുവരുന്നു.

(ബി) ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് ജോലി നൽകാനും കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് ഏറ്റെടുക്കാനും ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കുമോ?

മരണപ്പെടുന്നവരുടെ ആശ്രിതരുടെ ജീവിതസാഹചര്യം കണക്കിലെടുത്ത് സാധ്യമാകുന്നയിടങ്ങളിൽ എഫ്.ഡി.എ., വി.എസ്.എസ്., ഇ.ഡി.സി. എന്നിവ മുഖാന്തരം താൽക്കാലിക ജോലി നൽകിവരുന്നുണ്ട്. നിലവിൽ കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് ഏറ്റെടുക്കുന്നതിന് വ്യവസ്ഥയില്ല.

(സി) വന്യജീവി ആക്രമണംമൂലം സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ പൂർണ്ണ ചെലവ് ഏറ്റെടുക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന യഥാർത്ഥ തുക, പരമാവധി ഒരു ലക്ഷം രൂപ വരെ സർക്കാർ-സ്വകാര്യ ആശുപത്രി ഭേദവ്യത്യാസമില്ലാതെ നിലവിൽ അനുവദിച്ചുവരുന്നു. പട്ടികവർഗക്കാരുടെ കാര്യത്തിൽ ചികിത്സാചെലവ് മുഴുവനായും അനുവദിച്ചുവരുന്നുണ്ട്. സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ ചെലവ് പൂർണ്ണമായും ഏറ്റെടുക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(ഡി) നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുക വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുക പരിഷ്കരിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

മനുഷ്യ-വന്യജീവി സംഘർഷം

29 (*89) ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. എം. മണി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം പ്രത്യേക ദുരന്തമായി കേരളം പ്രഖ്യാപിച്ചിട്ടുണ്ടോ?

ഉണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം 07-03-2024-ലെ സർക്കാർ ഉത്തരവ് സ. ഉ (കൈ) നം. 4/2024/DMD പ്രകാരം "സംസ്ഥാന സവിശേഷ ദുരന്തമായി" സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) നിലവിൽ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബത്തിനുള്ള നഷ്ടപരിഹാരം ഉയർത്തി നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബത്തിന് 10 ലക്ഷം രൂപ നിലവിൽ നഷ്ടപരിഹാരമായി നൽകിവരുന്നു. വനത്തിന് പുറത്തുവച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച/കടന്നൽ എന്നിവയുടെ കുത്ത് തുടങ്ങിയവമൂലമുണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി രണ്ട് ലക്ഷം

രൂപയും നൽകിവരുന്നു. നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുക, നിലവിലെ നഷ്ടപരിഹാര രീതി, ദുരന്തനിവാരണ അതോറിറ്റിയുടെ വ്യവസ്ഥകൾ എന്നിവകൂടി കണക്കിലെടുത്ത് കാലോചിതമായി പരിഷ്കരിക്കുന്ന വിഷയം പരിശോധനയിലാണ്.

(സി) മനുഷ്യ-വന്യജീവി ആക്രമണം രൂക്ഷമായ മേഖലയിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും ഇപ്രകാരം എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷം ഏറ്റവും കൂടുതലായി കാണപ്പെടുന്ന വയനാട് ജില്ലയിലെ വയനാട് വന്യജീവി സങ്കേതത്തിനുള്ളിൽ 14 സെറ്റിൽമെന്റുകളിൽ നിന്നായി 643 കുടുംബങ്ങൾക്ക് അനുയോജ്യമായ മറ്റു സ്ഥലങ്ങളിലേക്ക് മാറിത്താമസിക്കാനായി 8000 ലക്ഷം രൂപയുടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ "വയനാട് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി" നടപ്പാക്കിവരുന്നു. ഇതിൽ 422 അർഹതാ കുടംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യുകയും അതിൽ 320 കുടുംബങ്ങൾ ഇതിനകം

സംരക്ഷിത മേഖലയിൽനിന്നും മാറുകയും ചെയ്തിട്ടുണ്ട്.

ഇതുകൂടാതെ ആർ.കെ.ഡി.പി. ഫണ്ടും കിഫ്ബി ഫണ്ടും ഉപയോഗിച്ച് "നവകിരണം" എന്ന പേരിൽ ഒരു 'സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി' നടപ്പാക്കിവരുന്നു. നവകിരണം പദ്ധതി പ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് നഷ്ടപരിഹാരത്തുക നൽകി വനാന്തരങ്ങളിൽനിന്ന് കൂടുതൽ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളിലേക്ക് മാറുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ടി 818 അർഹത കുടുംബങ്ങളിൽ, 684 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ) 134 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം വീതം ഇതിനകം നൽകിയിട്ടുള്ളതുമാണ്. ഇപ്രകാരം 'നവകിരണം സ്വയം സന്നദ്ധ പുനരധിവാസ' പദ്ധതിയിലൂടെ 112.65 കോടി രൂപ (റിബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി മുഖേന 87.075 കോടി രൂപയും കിഫ്ബി ഫേസ് II പദ്ധതി മുഖേന 25.575 കോടി രൂപയും) കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളതാണ്.

(ഡി) വന്യജീവി ആക്രമണം തടയാൻ അയൽ സംസ്ഥാനങ്ങളുമായി

സഹകരണ കരാർ ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വർധിക്കുന്നത് പരിഹരിക്കുന്നതിനായി സഹകരണവും സജീവ ഇടപെടലുകളും സ്വീകരിക്കേണ്ടതിന്റെ നിർണ്ണായക ആവശ്യകത അംഗീകരിച്ചുകൊണ്ട് അന്തർ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി 2024-ൽ രൂപീകരിക്കുകയുണ്ടായി. കേരളം, കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ തമ്മിലുള്ള സഹകരണവും ഘടനാപരമായ ഏകോപനവും പ്രോത്സാഹിപ്പിക്കുന്നതിനായി ഈ കമ്മിറ്റി ഒരു സമഗ്ര ചട്ടക്കൂട് നിർദ്ദേശിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി ഇടപെടലുകൾമൂലമുണ്ടാകുന്ന സങ്കീർണ്ണമായ വെല്ലുവിളികൾ പരിഹരിക്കുന്നതിനും മനുഷ്യരും മൃഗങ്ങളും തമ്മിൽ യോജിപ്പുള്ള ഒരു സഹവാസം പ്രോത്സാഹിപ്പിക്കുന്നതിനും ഇരുവിഭാഗത്തിന്റെയും ക്ഷേമം ഉറപ്പാക്കുന്നതിനും ഊന്നൽ നൽകിയാണ് അന്തർ സംസ്ഥാന ഉടമ്പടിയിൽ ഒപ്പുവച്ചിട്ടുള്ളത്.

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് മദ്യക്കമ്പനിക്ക് ജലം നൽകാനുള്ള തീരുമാനം

30 (*90) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിന് ഒയാസിസ് കമേർഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ആവശ്യമായ വെള്ളം ലഭ്യമാക്കാൻ ജല അതോറിറ്റിയുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

M/s. ഒയാസിസ് കമേർഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് പൊതുമേഖല എണ്ണ കമ്പനികളുടെ എഥനോൾ ഉൽപാദനവുമായി ബന്ധപ്പെട്ട ടെൻഡർ നടപടികളിൽ പങ്കെടുക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ പാലക്കാട് സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും 16-06-2023-ന് ഒരു സാക്ഷ്യപത്രം നല്കിയിരുന്നു. കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിലേക്ക് വേണ്ടി മാത്രം നിർമ്മിക്കാൻ പോകുന്ന 10 MLD

വ്യാവസായിക കുടിവെള്ള പദ്ധതിയിൽനിന്നും M/s. ഒയാസിസ് കമേർഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് ജലം ലഭിക്കാവുന്നതാണെന്നും സൂചിപ്പിച്ചിരുന്നു. പ്രസ്തുത കമ്പനിയും കേരള വാട്ടർ അതോറിറ്റിയുമായി യാതൊരുവിധ ധാരണയോ ധാരണാപത്രമോ ഉണ്ടാക്കിയിട്ടില്ല.

(ബി) ഇതുസംബന്ധിച്ച കരാറിന്റെ വിശദാംശം ലഭ്യമാക്കുമോ; എന്തൊക്കെ വ്യവസ്ഥകളാണ് ജല അതോറിറ്റി ഈ കരാറിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഏതൊക്കെ പദ്ധതികളിൽനിന്നാണ് ജല അതോറിറ്റി പ്രസ്തുത കമ്പനിക്ക് ജലം നൽകാൻ ധാരണയായതെന്ന് വ്യക്തമാക്കാമോ?

(ബി&സി) ബാധകമല്ല.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭൂരഹിത പുനരധിവാസ പദ്ധതി

1 (774) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എ. രാജ:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) എല്ലാവർക്കും സ്വന്തമായി ഭൂമി എന്ന നയം സംസ്ഥാന സർക്കാർ നടപ്പാക്കിയതിന്റെ ഭാഗമായി ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ആകെ 87836 പട്ടികജാതി കുടുംബങ്ങൾ ലൈഫ് മിഷൻ തയ്യാറാക്കിയ ഭൂരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ അപേക്ഷിക്കുന്നതിനുള്ള പ്രായപരിധിയും വരുമാനപരിധിയും ഉയർത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഭൂരഹിത പുനരധിവാസ പദ്ധതിയിൽ അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 55 വയസിൽനിന്നും 70 വയസ്സായി ഉയർത്തിയിട്ടുണ്ട്. 70 വയസ്സിനുമേൽ പ്രായമുള്ളവരിൽ ഒറ്റപ്പെട്ട് കഴിയുന്നവരും നിരാലംബരുമായവരെക്കൂടി ആനുകൂല്യത്തിന് പരിഗണിക്കാവുന്നതാണ്. ഒരു ലക്ഷം രൂപയാണ് വരുമാനപരിധി.

(സി) പ്രസ്തുത പദ്ധതിപ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് ലഭ്യമായ

ഭ്രമി സർക്കാർ അനുമതിയോടെ ഏതൊക്കെ ആവശ്യങ്ങൾക്കാണ് പണയപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഭ്രരഹിത പുനരധിവാസ പദ്ധതിപ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിച്ച ഭ്രമി ഭവനനിർമ്മാണം, തനിക്കോ കുടുംബാംഗങ്ങൾക്കോ ഉണ്ടാകുന്ന ഗുരുതരമായ അസുഖം, പെൺമക്കളുടെ വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി പൊതുമേഖല/ഷെഡ്യൂൾഡ്/ സഹകരണ ബാങ്കുകൾ, പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷൻ എന്നിവയിൽ വായ്പയ്ക്കായി പണയപ്പെടുത്താവുന്നതാണ്.

ലൈഫ്മിഷൻ ഭവന പദ്ധതി

2 (775) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് ലൈഫ്മിഷൻ ഭവന പദ്ധതിയിലൂടെ പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് വീട് നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് ലൈഫ് മിഷൻ ഭവന പദ്ധതിയിലൂടെ 63837 പട്ടികജാതി കുടുംബങ്ങൾക്കും 15402 പട്ടികവർഗ കുടുംബങ്ങൾക്കും വീട് അനുവദിച്ചിട്ടുണ്ട്.

വന്യജീവി സങ്കേതങ്ങളിലെ കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കൽ

3 (776) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾക്കകത്ത് അധിവസിക്കുന്ന കുടുംബങ്ങളെ വനത്തിന് പുറത്തേക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. നാഷണൽ റീഹാബിലിറ്റേഷൻ ആൻഡ് സെറ്റിൽമെന്റ് പോളിസി 2007 പ്രകാരം വന്യജീവി സങ്കേതങ്ങൾക്ക് അകത്തുള്ള സെറ്റിൽമെന്റുകളിൽ അധിവസിക്കുന്നവരെ വനാന്തരങ്ങളിൽനിന്നും മാറ്റിപ്പാർപ്പിക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി 2012 മുതൽ വനം

വകുപ്പിന്റെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിൽ നടപ്പാക്കിവരുന്നു. ഇതുപ്രകാരം ഇതുവരെ തിരുനെല്ലി പഞ്ചായത്തിലെ ഈശ്വൻകൊല്ലി, നരിമാന്തികൊല്ലി എന്നീ ഉന്നതികളിലുള്ള 7 കുടുംബങ്ങളെയും നൂൽപ്പുഴ പഞ്ചായത്തിലെ ഗോളൂർ, അമ്മവയൽ, വെള്ളക്കോട്, കൊട്ടങ്കര, കുറിച്യാട്, ചെട്ട്യാലത്തൂർ, പങ്കളം, മണിമുണ്ട എന്നീ ഉന്നതികളിലെ 160 കുടുംബങ്ങളെയും മാറ്റിപ്പാർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വയനാട് ഒഴികെയുള്ള മറ്റ് ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കുന്നില്ല.

ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി

4 (777) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങിനൽകാൻ 2016 മുതൽ നാളിതുവരെ ബജറ്റുകളിൽ ഓരോ വർഷവും എത്ര തുക വീതമാണ്

വകയിരുത്തിയിരുന്നതെന്ന് അറിയിക്കുമോ; ഇതിൽ ഓരോ വർഷവും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോ വർഷവും എത്ര ഏക്കർ ഭൂമി വാങ്ങിയെന്നും ഇപ്രകാരം വാങ്ങിയ ഭൂമി എത്ര ഗുണഭോക്താക്കൾക്ക് ഇതിനകം വിതരണം ചെയ്തുവെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

(എ-സി) ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള കണക്കുകൾപ്രകാരം സംസ്ഥാനത്ത് ഭൂരഹിതരായ 73687 പട്ടികജാതി കുടുംബങ്ങളുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഭവനരഹിത പട്ടികജാതി, പട്ടികവർഗ കുടുംബങ്ങൾ

5 (778) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളാണുള്ളതെന്ന് ജില്ല തിരിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശം നൽകുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) ലൈഫ് മിഷൻ ഭവനനിർമ്മാണത്തിന്റെ ഭാഗമായി പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് നാളിതുവരെ എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്നും ആയതിൽ എത്ര തുകയാണ് ചെലവഴിച്ചതെന്നുമുള്ള വിവരം ലഭ്യമാക്കുമോ?

ലൈഫ് മിഷൻ ഭവനനിർമ്മാണത്തിന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 1561.3 കോടി രൂപയും പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് 802 കോടി രൂപയും വകയിരുത്തിയതിൽ പട്ടികജാതി വിഭാഗക്കാർക്കായി 1199.3 കോടി രൂപയും പട്ടികവർഗ വിഭാഗക്കാർക്കായി 537.46 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) ലൈഫ് മിഷൻ പദ്ധതിയിലൂടെ 2017-18 മുതൽ നാളിതുവരെ എത്ര പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ ഭവനനിർമ്മാണമാണ് പൂർത്തീകരിച്ചതെന്ന് അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലൈഫ് മിഷൻ പദ്ധതിയിലൂടെ 2017-18 മുതൽ നാളിതുവരെ 116610 പട്ടികജാതി കുടുംബങ്ങളും 43629 പട്ടികവർഗ കുടുംബങ്ങളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

കൊയിലാണ്ടി മണ്ഡലത്തിലെ ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി

6 (779) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ വീട് വയ്ക്കാൻ സ്ഥലമില്ലാത്ത പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട എത്ര കുടുംബങ്ങൾ ഭൂമി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര പേർക്ക് ഭൂമി ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

(എ&ബി) ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ഭൂരഹിതരുടെ പട്ടികയിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽനിന്നുള്ള 251 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. അതിൽ 131 പേർക്ക് ഭൂമി ലഭിച്ചിട്ടുണ്ട്.

ഭൂരഹിത പട്ടികവർഗ കുടുംബങ്ങൾക്ക് ഭൂമി

7 (780) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര പട്ടികവർഗ കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഭൂരഹിതരായ 5736 പട്ടികവർഗ കുടുംബങ്ങളുണ്ട്.

(ബി) ഭൂരഹിത പട്ടികവർഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങിനൽകാൻ 2016 മുതൽ നാളിതുവരെയുള്ള ബജറ്റുകളിൽ ഓരോ വർഷവും എത്ര തുക വീതമാണ് വകയിരുത്തിയിരുന്നതെന്ന് അറിയിക്കുമോ; ഇതിൽ ഓരോ വർഷവും എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതിക്കും ടി പദ്ധതിപ്രകാരം ഭൂമി ലഭിച്ചവർക്ക് വീട് ഉൾപ്പെടെയുള്ള അടിസ്ഥാന

സൗകര്യങ്ങളൊരുക്കി പുനരധിവസിപ്പിക്കുന്നതിനും നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ഭൂമി ലഭിക്കുന്ന പട്ടികവർഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുമായി ഓരോ വർഷവും 2225-02-283-90-ഭൂരഹിത പട്ടികവർഗക്കാരുടെ പുനരധിവാസം (പ്ലാൻ) എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. ഭൂമി വാങ്ങുന്നതിന് മാത്രം പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ മേൽ ശീർഷകത്തിൽനിന്നും ഭൂമി വാങ്ങുന്നതിനായി ആവശ്യമായിവരുന്ന തുക അനുവദിക്കുന്നു.

2016-17 മുതൽ ഭൂമി വാങ്ങുന്നതിനും മറ്റ് പുനരധിവാസ പദ്ധതികൾക്കുമായി വകയിരുത്തിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ഭൂമി, പുനരധിവാസ പദ്ധതിക്കുമായി വകയിരുത്തിയ തുക (കോടി രൂപയിൽ)	ഇതിൽ ഭൂമി വാങ്ങുന്നതിനായി ചെലവഴിച്ച തുക
2016-17	45.08	-
2017-18	47.31	-
2018-19	55.00	5,42,15,074

2019-20	50.00	13,01,90,403
2020-21	50.00	7,64,31,529
2021-22	50.00	4,33,18,773
2022-23	49.00	5,32,83,904
2023-24	45.00	13,76,82,286
2024-25	42.00	1,23,28,231

(സി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോ വർഷവും എത്ര ഏക്കർ ഭൂമി വാങ്ങിയെന്നും ഇപ്രകാരം വാങ്ങിയ ഭൂമി എത്ര ഗുണഭോക്താക്കൾക്ക് ഇതിനകം വിതരണം ചെയ്തുവെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം നാളിതുവരെ ഭൂമി വാങ്ങിയത് സംബന്ധിച്ച വിവരങ്ങൾ

വർഷം	ജില്ല	ഭൂമിയുടെ അളവ് (ഏക്കറിൽ)
2018-19	മലപ്പുറം	5.26
2019-20	പാലക്കാട്	7.31
	കോഴിക്കോട്	0.28
	കാസർഗോഡ്	18.22
2020-21	കോട്ടയം	2.15
	എറണാകുളം	6.27
	വയനാട്	12.93
2021-22	തിരുവനന്തപുരം	2.49
	പത്തനംതിട്ട	5.3

	പാലക്കാട്	9.02
	കോഴിക്കോട്	8.06
2022-23	പാലക്കാട്	1.50
	കാസർഗോഡ്	19.56
2023-24	പാലക്കാട്	10.00
	വയനാട്	3.90
	കൊല്ലം	2.68
	എറണാകുളം	0.79
2024-25	വയനാട്	3.22
ആകെ		**118.94**

ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം നാളിതുവരെ ഭൂമി വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ

വർഷം	ജില്ല	ഭൂമിയുടെ അളവ് (ഏക്കറിൽ)	ഗുണഭോക്താക്കളുടെ എണ്ണം
2019-20	മലപ്പുറം	5.26	34
	കോഴിക്കോട്	0.28	1
2020-21	പാലക്കാട്	3.40	15
	വയനാട്	6.76	58
2021-22	വയനാട്	6.17	53
2022-23	തിരുവനന്തപുരം	1.35	9
	പാലക്കാട്	11.33	49
	കോഴിക്കോട്	8.06	40
	കാസർഗോഡ്	11.66	47
2023-24	തിരുവനന്തപുരം	0.15	1
	കൊല്ലം	1.5	12

	കോട്ടയം	2.15	18
	പാലക്കാട്	1.9	9
	കാസർഗോഡ്	0.75	3
2024-25	കാസർഗോഡ്	5.81	19
ആകെ		**66.53**	**368**

ലാൻഡ് ബാങ്ക് പദ്ധതി കൂടാതെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 173 പേർക്ക് 20.90 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

വർഷം	ജില്ല	ഭൂമിയുടെ അളവ് (ഏക്കറിൽ)	ഗുണഭോക്താക്കളുടെ എണ്ണം
2018-19	വയനാട്	20.47	171
2019-20	കണ്ണൂർ	0.40	1
2020-21	തൃശ്ശൂർ	0.03	1
ആകെ		**20.9**	**173**

ഭവനരഹിത പട്ടികവർഗ കുടുംബങ്ങൾക്ക് ഭൂമി

8 (781) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഭവനരഹിത പട്ടികവർഗ

കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ആകെ 16513 ഭവനരഹിത പട്ടികവർഗ കുടുംബങ്ങളുണ്ട്.

(ബി) ഭവനരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകാൻ 2016 മുതൽ നാളിതുവരെ ബജറ്റുകളിൽ ഓരോ വർഷവും എത്ര തുക വീതമാണ് വകയിരുത്തിയിരുന്നതെന്ന് അറിയിക്കുമോ; ഇതിൽ ഓരോ വർഷവും എത്ര ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

2016-17 മുതൽ ഭൂമി വാങ്ങുന്നതിനും പുനരധിവാസ പദ്ധതികൾക്കുമായി വകയിരുത്തിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	വകയിരുത്തിയ തുക (കോടി രൂപയിൽ)	ഭൂമി വാങ്ങുന്നതിനായി ചെലവഴിച്ച തുക
2016-17	45.08	-
2017-18	47.31	-
2018-19	55.00	5,42,15,074/-രൂപ
2019-20	50.00	13,01,90,403/-രൂപ
2020-21	50.00	7,64,31,529/-രൂപ
2021-22	50.00	4,33,18,773/-രൂപ
2022-23	49.00	5,32,83,904/-രൂപ
2023-24	45.00	13,76,82,286/-രൂപ
2024-25	42.00	1,23,28,231/-രൂപ

ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ ഭൂ-ഭവനരഹിതർക്ക് വീട്

9 (782) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിലെ ഭൂ-ഭവനരഹിതർക്ക് വാസയോഗ്യമായ വീട് നിർമ്മിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ?

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിലെ ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നു. ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതിയിൽപ്പെട്ട ഭൂരഹിതർക്ക് ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരവും ഭൂമി അനുവദിക്കുന്നുണ്ട്. പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ലാൻഡ് ബാങ്ക് പദ്ധതി പ്രകാരവും ഭൂരഹിതരായ പട്ടികവർഗ വിഭാഗക്കാർക്ക് ഭൂമി അനുവദിക്കുന്നുണ്ട്.

(ബി) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലെ ഭൂ-ഭവനരഹിതരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകി എന്നതിന്റെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

(ബി&സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഭവനരഹിത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി

10 (783) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള കണക്കുകൾപ്രകാരം നിലവിൽ 62750 ഭവനരഹിതരും 73687 ഭൂരഹിതഭവനരഹിതരുമായ പട്ടികജാതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കുടുംബങ്ങളുണ്ട്.

(ബി) ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകാൻ 2016 മുതൽ നാളിതുവരെ ബജറ്റുകളിൽ ഓരോ വർഷവും എത്ര തുക വീതമാണ് വകയിരുത്തിയിരുന്നതെന്ന് അറിയിക്കുമോ; ഇതിൽ ഓരോ വർഷവും എത്ര ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോ വർഷവും എത്ര ഏക്കർ ഭൂമി വാങ്ങി എന്നും ഇപ്രകാരം വാങ്ങിയ ഭൂമി എത്ര ഗുണഭോക്താക്കൾക്ക് ഇതിനകം വിതരണം ചെയ്തുവെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

(ബി&സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് ഭൂമി

11 (784) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നത്?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലൈഫ് മിഷൻ ലിസ്റ്റിലുൾപ്പെട്ട ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് അതത് സാമ്പത്തിക വർഷങ്ങളിൽ ബജറ്റിൽ വകയിരുത്തുന്ന തുകയ്ക്ക് ആനുപാതികമായി പട്ടികജാതി വികസന വകുപ്പും തദ്ദേശസ്ഥാപനങ്ങളും മുഖേന ഭൂമി അനുവദിച്ചുവരുന്നു. ലൈഫ് പദ്ധതി കൂടാതെ 'മനസ്സോടിത്തിരി മണ്ണ്' കൃാമ്പയിന്റെ ഭാഗമായി ലഭിക്കുന്ന ഭൂമിയും ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് അനുവദിക്കുന്നുണ്ട്. ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വില കൊടുത്ത് വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമപ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് ഭൂമി നൽകുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതരായ പട്ടികവർഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നു.

(ബി) എത്രപേർക്കാണ് ഈ സർക്കാർ കാലയളവിൽ ഭൂമി നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

ഈ സർക്കാർ കാലയളവിൽ 10663 പട്ടികജാതി ഗുണഭോക്താക്കൾക്ക് ഭൂമി നൽകിയിട്ടുണ്ട്.

ജില്ല	2021-22	2022-23	2023-24
തിരുവനന്തപുരം	538	353	361
കൊല്ലം	423	259	306
പത്തനംതിട്ട	224	165	218
ആലപ്പുഴ	250	270	224
കോട്ടയം	199	119	162
ഇടുക്കി	163	127	88
എറണാകുളം	324	294	365
തൃശ്ശൂർ	407	381	390
പാലക്കാട്	450	596	431
മലപ്പുറം	283	355	377
കോഴിക്കോട്	302	190	215
വയനാട്	103	48	40
കണ്ണൂർ	213	102	103
കാസർഗോഡ്	141	44	60
ആകെ	**4020**	**3303**	**3340**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം പട്ടികവർഗക്കാരായ 260 പേർക്ക് 50.83 ഏക്കർ ഭൂമിയും നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതിപ്രകാരം 718 പേർക്ക് 243.80 ഏക്കർ

ഭൂമിയും വനാവകാശ നിയമപ്രകാരം 2843 പേർക്ക് 3945.86 ഏക്കർ ഭൂമിയും റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണം പദ്ധതിപ്രകാരം 27 പേർക്ക് 20.98 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 3848 പേർക്ക് 4261.47 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം വാങ്ങിയ 52.34 ഏക്കർ ഭൂമി കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടിയും പദ്ധതിപ്രകാരം സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച 6.99 ഏക്കർ ഭൂമി കൂടി വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ലാൻഡ് ബാങ്ക് പദ്ധതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 27.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഭൂമിയില്ലാത്ത കുടുംബാംഗങ്ങൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിച്ചുനൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് അർഹത പരിശോധിച്ച് പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ഭൂമി അനുവദിക്കുന്നു. തുടർന്ന് പി.എം.എ.വൈ./ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് തദ്ദേശസ്ഥാപനങ്ങൾ മുഖേന ധനസഹായം

ലഭ്യമാക്കുന്നു.

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി ലഭ്യമാക്കുന്ന പട്ടികവർഗ കുടുംബങ്ങൾക്ക് മിഷൻ മുഖേന തന്നെ വീട് നിർമ്മാണത്തിനുള്ള ധനസഹായവും അനുവദിച്ച് നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 299 പേർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വീട് അനുവദിച്ചിട്ടുണ്ട്. ഭൂമിയില്ലാത്ത പട്ടികവർഗക്കാർക്ക് ലൈഫ് മിഷൻ (ഫേസ് 3) മുഖേനയും ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കോടഞ്ചേരി വട്ടച്ചിറ ഉന്നതിയിലെ ഭവനനിർമ്മാണ പദ്ധതി

12 (785) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോടഞ്ചേരി പഞ്ചായത്തിലെ വട്ടച്ചിറ ഉന്നതിയിൽ നടപ്പാക്കുന്ന ഭവനനിർമ്മാണ പദ്ധതി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(ബി) ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഭൂമിയിൽ ഭവന പദ്ധതി

13 (786) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗത്തിൽപ്പെട്ടവർക്കായി 1997-ൽ കളക്ടറുടെ ഉത്തരവുപ്രകാരം വാങ്ങിയതും വർഷങ്ങളായി ഉപയോഗിക്കാത്തതുമായ 1.87 ഏക്കർ ഭൂമിയിൽ ഉപയോഗയോഗ്യമായ ഒരേക്കർ ഭൂമിയിൽ അർഹരായ ഗുണഭോക്താക്കൾക്ക് വാസഗൃഹം ഒരുക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിന് വിതരണം ചെയ്യുന്നതിനായി

53/1997-ലെ ബഹു. എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവുപ്രകാരം 187.793 സെന്റ് ഭൂമി വാങ്ങിയതിൽ ഒരേക്കർ ഭൂമി വാസയോഗ്യമാക്കിയിട്ടുണ്ട്. ബാക്കി 88 സെന്റ് ഭൂമിയിലേക്ക് പ്രവേശിക്കണമെങ്കിൽ പാലം നിർമ്മാണം പൂർത്തീകരിച്ചതിനുശേഷമേ സാധ്യമാകൂ. ആയതിനുശേഷം ഭൂമി അഭിവൃദ്ധിപ്പെടുത്തി വിതരണം ചെയ്യാവുന്നതാണ്. എന്നാൽ പ്രസ്തുത ഭൂമിയുടെ ചുറ്റും തോടുകളും ചെമ്മീൻ ബണ്ടുകളും നിലനിൽക്കുന്നതിനാൽ സി.ആർ.ഇസഡ്. പരിധിയിൽ വരുന്നതുകൊണ്ട് അഭിവൃദ്ധിപ്പെടുത്തിയ ഭൂമി പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്ക് വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. സി.ആർ.ഇസഡ്. പരിധിയിൽപ്പെട്ട പ്രസ്തുത ഭൂമിയിൽ പ്രത്യേക ഇളവുനൽകി വീട് നിർമ്മാണം അനുവദിക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി അഭ്യർഥിച്ചിട്ടുണ്ട്.

(ബി) ബാക്കിയുള്ള ഭൂമി ഉപയോഗയോഗ്യമാക്കുന്നതിനായി പാലം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

പാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

(സി) പ്രസ്തുത ഭൂമി സി.ആർ.ഇസഡ്. പരിധിയിൽപ്പെട്ടതിനാൽ വീട് നിർമ്മാണത്തിന് പ്രത്യേക അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ ഇളവ് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ഭൂമി സി.ആർ.ഇസഡ്. പരിധിയിൽപ്പെട്ടതിനാൽ വീട് നിർമ്മാണത്തിന് പ്രത്യേക അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്മേൽ ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതാണ്.

അംബേദ്കർ ഗ്രാമം പദ്ധതി

14 (787) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21-ൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ നടത്തിപ്പാറ-രക്കാണ്ടി പദ്ധതിയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണ്; പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ വികസന വകുപ്പുമുഖേന 2020-21 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിപ്രകാരം തിരഞ്ഞെടുത്ത നടത്തിപ്പാറ-രക്കാണ്ടി ഉന്നതിയിൽ 70% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി ഉന്നതിയിൽ അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ അംബേദ്കർ നഗറുകൾ

15 (788) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര നിയോജകമണ്ഡലത്തിൽ ഏതൊക്കെ അംബേദ്കർ നഗറുകൾക്കാണ് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

2016-17-ൽ ഉൾപ്പെടുത്തിയിട്ടുള്ള മൊയോറക്കുന്ന്, നരിമഞ്ചിക്കൽ നഗറുകളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വലിയപ്പറമ്പ് നഗർ (2019-20) സാംസ്കാരിക നിലയത്തിന്റെ മുറ്റം ടൈൽ ഇടുന്ന പ്രവൃത്തി

ഒഴികെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുണ്ടുതറ നഗറിൽ (2021-22) നടപ്പാക്കേണ്ട പ്രവൃത്തികൾ സംബന്ധിച്ച് തീരുമാനമാകാത്തതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെറിയപറമ്പ് നഗറിന്റെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്.

വേളം ഗ്രാമപഞ്ചായത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

16 (789) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വേളം ഗ്രാമപഞ്ചായത്തിലെ ചോയ് മഠം പട്ടികജാതി നഗർ, കുളിക്കുന്ന് പട്ടികജാതി നഗർ എന്നീ അംബേദ്കർ ഗ്രാമം പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെട്ട കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ചോയ് മഠം, കുളിക്കുന്ന് നഗറുകളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഈ പ്രവൃത്തിയുടെ ഭാഗമായി എന്തൊക്കെ പ്രധാന പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

കുളിക്കുന്ന് നഗർ – ഭവന പുനരുദ്ധാരണം -29, ഫുട്പാത്ത് -1, റോഡ്-4, സോളാർ സ്ട്രീറ്റ്-10 എന്നിവയാണ് പ്രധാന പ്രവൃത്തികൾ

ചോയിമഠം നഗർ – ഭവന പുനരുദ്ധാരണം -14, ഫുട്പാത്ത് -5, റോഡ്-4, സോളാർ സ്ട്രീറ്റ്-18 എന്നിവയാണ് പ്രധാന പ്രവൃത്തികൾ.

എഗ്രിമെന്റ് പ്രകാരം 2 പ്രവൃത്തികളും 2026 ജനുവരിയോടുകൂടി പൂർത്തീകരിക്കുന്നതാണ്.

മുത്തപ്പൻപുഴ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

17 (790) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി പഞ്ചായത്തിലെ മുത്തപ്പൻപുഴ ഉന്നതിയിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയുടെ ഭരണാനുമതി നടപടികൾ ഏത്

ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിക്കുന്നതിനും പദ്ധതികൾ ആരംഭിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) 2022-23 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെടുത്തിയ തിരുവമ്പാടി പഞ്ചായത്തിലെ മുത്തപ്പൻപുഴ ഉന്നതിയിലെ നിർമ്മാണ പ്രവൃത്തികൾക്കുള്ള ഡി.പി.ആർ. കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ ലഭ്യമായിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

18 (791) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഏത്ര നഗറുകളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് കുന്നത്തുനാട് നിയോജകമണ്ഡലത്തിൽനിന്നും മൂലേക്കുഴി (2020-21), പൂത്തേത്ത് മുഗൾ (2021-22), പുളിയാമ്പിള്ളി മുഗൾ (2021-22), സി.ആർ.എൽ. പീച്ചിങ്ങാച്ചിറ (2022-23) എന്നീ 4 നഗറുകളെ ടി പദ്ധതിയിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഓരോ നഗറിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഓരോ നഗറിലും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്നും അറിയിക്കാമോ?

പൂത്തേത്ത് മുഗൾ നഗറിന് 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. റീട്ടെയിനിങ് വാൾ നിർമ്മാണം, കിണർ നവീകരണം, നഗറുകളിലെ റോഡ് വീതി കൂട്ടൽ, cut and convert drain നിർമ്മാണം, കോൺക്രീറ്റ് റോഡ് നിർമ്മാണം, ഫുട്പാത്ത് നിർമ്മാണം, വീടുകൾക്ക് സംരക്ഷണ ഭിത്തി നിർമ്മാണം, RCC ബെഞ്ച്, ഭവന പുനരുദ്ധാരണം (19 എണ്ണം), സോളാർ ലൈറ്റ് എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. പുളിയാമ്പിള്ളി മുഗൾ നഗറിന് 76,03,208/- രൂപ അനുവദിച്ചു. ഭവന പുനരുദ്ധാരണം (34 എണ്ണം), പൊതുകിണർ നവീകരണം, അങ്കണവാടി

റോഡ് അറ്റകുറ്റപ്പണികൾ, ലൈബ്രറി ബുക്കുകളും സ്പോർട്സ് ഉപകരണങ്ങളും, നഗരുകളിലെ റോഡുകളുടെ നവീകരണം, നഗരുകളിലെ റോഡുകളുടെ Berm കോൺക്രീറ്റിങ് എന്നീ പ്രവൃത്തികൾ നിലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുളിയാമ്പിള്ളി മുഗൾ നഗറിലെ മൂന്ന് വീടുകൾക്കുള്ള ഭവനപുനരുദ്ധാരണത്തിനും ടെമ്പിൾ റൂഫ് നവീകരണത്തിനുമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് നിർവഹണ ഏജൻസി തയ്യാറാക്കിവരുന്നു.

(സി) നിലവിൽ എത്ര നഗരുകളിൽ പദ്ധതി പൂർത്തിയായെന്ന് വിശദമാക്കാമോ?

പുത്തേത്ത് മുഗൾ നഗറിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പദ്ധതി പൂർത്തീകരിക്കാത്ത നഗരുകളിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പുളിയാമ്പിള്ളി മുഗൾ നഗറിന്റെ പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് നിർവഹണ ഏജൻസിയിൽനിന്നും ലഭ്യമാകേണ്ടതുണ്ട്. സി.ആർ.എൽ. പീച്ചിങ്ങാച്ചിറ, മൂലേക്കുഴി എന്നീ നഗരുകളുടെ നിർവഹണ ഏജൻസിയെ മാറ്റുന്നതിനുള്ള കുന്നത്തുനാട് എം.എൽ.എ.-യുടെ

ശിപാർശയിന്മേലുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) മുഴുവൻ നഗരുകളിലും പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

19 (792) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ എത്ര ഉന്നതികളെ 2020 മുതൽ 2024 വരെയുള്ള കാലയളവിൽ ഉൾപ്പെടുത്തിയെന്ന് ഉന്നതിയുടെ പേര്, പഞ്ചായത്ത് എന്നിവ തിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ ഉന്നതിക്കും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിലേക്ക് 2019-20 കാലയളവിൽ ഉൾപ്പെടുത്തിയിട്ടുള്ള കാരോട് പഞ്ചായത്തിലെ വെട്ടുവിള ഗ്രാമത്തിന് 10 ലക്ഷം രൂപയും 2020-21 കാലയളവിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെങ്കൽ പഞ്ചായത്തിലെ അറയൂർ മച്ചിങ്ങവിളാകം ഗ്രാമത്തിന് 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2021-22 കാലയളവിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുളത്തൂർ പഞ്ചായത്തിലെ ഉള്ളൂർക്കോണം ഗ്രാമത്തിനും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ ആര്യശാല മുകളിൽ വിള ഗ്രാമത്തിനും പദ്ധതി പുരോഗതി അനുസരിച്ച് തുക അനുവദിക്കുന്നതാണ്.

അരുർ നിയോജകമണ്ഡലത്തിലെ അംബേദ്കർ നഗർ പദ്ധതി

20 (793) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ അരുർ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള അംബേദ്കർ നഗർ പദ്ധതികൾ ഏതെല്ലാമെന്ന്

വിശദമാക്കാമോ?

2016-17 മുതൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി അത്തൂർ നിയോജകമണ്ഡലത്തിൽനിന്നും പൊറ്റേത്തറ നഗർ, ഉളവെയ്പ് അംബേദ്കർ നഗർ, ഇളയപാടം ലക്ഷംവീട് നഗർ, ചുടുകാട്ടുപുറം നഗർ എന്നീ നാല് നഗറുകളെ തിരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ബാക്കിയുള്ളവയുടെ നിർമ്മാണഘട്ടം, ഏജൻസി എന്നിവ സംബന്ധിച്ച വിവരം വിശദമാക്കാമോ;

(സി) നിർമ്മാണം പൂർത്തീകരിക്കാത്ത എത്ര നഗറുകൾ ഉണ്ടെന്നും അവ പൂർത്തീകരിക്കാത്തതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

(ബി&സി) പൊറ്റേത്തറ നഗറിൽ 225 മീറ്റർ റോഡ് കോൺക്രീറ്റിങ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.എച്ച്.ബി. ആണ് നിർവഹണ ഏജൻസി. ശേഷിക്കുന്നവ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഉളവെയ്പ് അംബേദ്കർ നഗറിൽ റോഡിന്റെയും സംരക്ഷണഭിത്തി

നിർമ്മാണത്തിന്റെയും മണ്ണിട്ടുയർത്തൽ പൂർത്തീകരിച്ചു. സ്ളൂയിസ് കവർ സ്ളാബ്, ബോക്സ് കൾവെർട്ട് എന്നിവ ശേഷിക്കുന്നു. ഡി.എൻ.കെ. ആണ് നിർവഹണ ഏജൻസി. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഇളയപാടം ലക്ഷംവീട് നഗറിൽ പടന്നയിൽ കൾവർട്ട്, അങ്കണവാടി നടപ്പാത, പടന്നയിൽ റോഡ്, കല്ലുകെട്ട്, സംരക്ഷണഭിത്തി എന്നിവ പൂർത്തീകരിച്ചു. പുതുവൽ നികർത്ത് റോഡ് 90 ശതമാനം പൂർത്തിയായി. ഇതിന്റെ സംരക്ഷണഭിത്തി നിർമ്മാണം കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ചെയ്യു. സ്ളൂയിസ് കൾവെർട്ട് ഇനി പൂർത്തീകരിക്കാനുണ്ട്. ഡി.എൻ.കെ. ആണ് നിർവഹണ ഏജൻസി. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ചുടുകാട്ടുപുറം നഗറിന്റെ നിലവിലെ നിർവഹണ ഏജൻസി എൽ.എസ്.ജി.ഡി ആണ്. എം.എൽ.എ ശിപാർശ ചെയ്തപ്രകാരം ഏജൻസിയെ മാറ്റുന്നതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

പഴയകളം നഗർ നവീകരണ പ്രവൃത്തി

21 (794) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തിയ കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ പഴയകളം നഗർ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തിയ കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ പഴയകളം നഗർ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവഹണത്തിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

പാടശേഖരസമിതി റോഡ് വികസനത്തിന് തടസ്സം നിൽക്കുന്നതിനാൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. 3 മാസത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് നിർദേശം നല്കിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പട്ടികജാതി, പട്ടികവർഗ നഗറുകളിലെ അടിസ്ഥാന സൗകര്യ വികസനം

22 (795) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ നഗറുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ നഗറുകളുടെ നവീകരണത്തിനായി അംബേദ്കർ ഗ്രാമം പദ്ധതി, അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി, കോർപ്പസ് ഫണ്ട് പദ്ധതികൾ എന്നിവയാണ് നടപ്പാക്കി വരുന്നത്.

(ബി) ഇതിനായി ഒരു നഗറിൽ ചെലവഴിക്കുന്ന പരമാവധി തുക എത്രയാണെന്നും ഇതിന്റെ മാനദണ്ഡങ്ങളും വ്യക്തമാക്കാമോ?

അംബേദ്കർ ഗ്രാമം/സെറ്റിൽമെന്റ് വികസന പദ്ധതിപ്രകാരം ഒരു നഗറിൽ പരമാവധി 1 കോടി രൂപ ചെലവഴിക്കാവുന്നതാണ്. 03-02-2025-ലെ സ.ഉ.(കൈ)നം.5/2025/പജപവവിവ പ്രകാരം

അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയുടെയും 16-01-2025-ലെ സ.ഉ.(കൈ)നം.4/2025/പജപവവിവ പ്രകാരം അംബേദ്കർ ഗ്രാമം പദ്ധതിയുടെയും നടത്തിപ്പുമായി ബന്ധപ്പെട്ട് നിലവിലെ മാനദണ്ഡങ്ങൾ പുതുക്കി പരിഷ്കരിച്ചിട്ടുണ്ട് (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു)[+]. പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ കോർപ്പസ് ഫണ്ട് പദ്ധതി തുകയുടെ മൂന്നിലൊന്ന് ജില്ലകൾക്ക് അനുവദിച്ചുനൽകുന്നു. പട്ടികജാതി പട്ടികവർഗക്കാർക്കുള്ള ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്കുള്ള ഭരണാനുമതികൾ നൽകുന്നു. 25 ലക്ഷത്തിനുമേലുള്ള പദ്ധതികളുടെ ഭരണാനുമതി സംസ്ഥാന തലത്തിൽനിന്നും നല്കുന്നതാണ്.

(സി) നഗരുകളിലെ ഏതെല്ലാം അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയാണ് ഫണ്ട് അനുവദിക്കാറുള്ളതെന്ന് വ്യക്തമാക്കാമോ?

03-02-2025-ലെ സ.ഉ.(കൈ)നം.5/2025/പജപവവിവ പ്രകാരം അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരവും 16-01-2025-ലെ സ.ഉ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(കൈ)നം.4/2025/പജപവവിവ പ്രകാരം അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരവും ഉൾപ്പെടുത്താവുന്ന പ്രവൃത്തികൾ നിജപ്പെടുത്തിയിട്ടുണ്ട് (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു)+. കുടിവെള്ള വിതരണം, ഗതാഗത സൗകര്യ വികസനം, വൈദ്യുതീകരണം, പട്ടികജാതി ഗ്രാമങ്ങളുടെ വിദ്യാർഥികളുടെ സമഗ്ര പുരോഗതിക്ക് ഉതകുന്ന വിദ്യാഭ്യാസ സാംസ്കാരിക കായിക പ്രോജക്ടുകൾ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

(ഡി) 2016 മുതൽ നാളിതുവരെ സംസ്ഥാനത്തെ പട്ടികജാതി നഗരുകളിൽ നടപ്പിലാക്കിയ പദ്ധതികൾക്ക് അനുവദിച്ച തുക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ഇ) 2016 മുതൽ നാളിതുവരെ സംസ്ഥാനത്തെ പട്ടികവർഗ നഗരുകളിൽ നടപ്പിലാക്കിയ പദ്ധതികൾക്കായി നൽകിയ തുക വർഷം തിരിച്ചു ലഭ്യമാക്കാമോ?

(ഡി&ഇ) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കയ്യമംഗലം നിയോജകമണ്ഡലത്തിലെ അംബേദ്കർ നഗർ നവീകരണം

23 (796) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യമംഗലം നിയോജകമണ്ഡലത്തിൽ അംബേദ്കർ നഗർ നവീകരണവുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തിയിട്ടുള്ള മതിലകം ഗ്രാമപഞ്ചായത്തിലെ പൊന്നാംപടി നഗർ, പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ എസ്.ബി. നഗർ, എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ വാർഡ് 12 പട്ടികജാതി നഗർ എന്നിവയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

1. പൊന്നാംപടി നഗർ നവീകരണത്തിന് സാങ്കേതികാനുമതി നല്കിയിട്ടുണ്ട്.
2. എസ്.പി നഗർ നവീകരണത്തിന് എം.ഒ.യു. ഒപ്പുവച്ചു.
3. എടവിലങ്ങ് പഞ്ചായത്തിലെ വാർഡ് 12 പട്ടികജാതി നഗർ പ്രത്യേക അനുമതി നൽകി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ നഗറുകളുടെ നവീകരണം വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

ടെൻഡർ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനും പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിനും ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കരിഞ്ചാലോട് ഉന്നതിയിലെ അംബേദ്കർ ഗ്രാമം സമഗ്ര വികസന പദ്ധതി

24 (797) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ കരിഞ്ചാലോട് ഉന്നതിയിൽ അംബേദ്കർ ഗ്രാമം സമഗ്ര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രസ്തുത ഗ്രാമത്തിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഭവന പുനരുദ്ധാരണം ഒഴികെയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ

25 (798) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതികളുടെയും നഗറുകളുടെയും നവീകരണത്തിനായി സർക്കാർ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും അടിസ്ഥാനസൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ പട്ടികജാതി ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമവികസന പദ്ധതിയും പട്ടികവർഗ ഉന്നതികളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയും നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

റോഡ്/നടപ്പാത, കുടിവെള്ള വിതരണം, സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, ഇന്റർനെറ്റ് കണക്റ്റിവിറ്റി, ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഭവന പുനരുദ്ധാരണം, ടോയ്ലറ്റ് നിർമ്മാണം/ഉപയോഗയോഗ്യമാക്കൽ, വിജ്ഞാനവാടി നിർമ്മാണം/മെയിന്റനൻസ്, സെറ്റിൽമെന്റിനുള്ളിലെ പൊതു ആസ്തികളുടെ മെയിന്റനൻസ്, പൊതുവായ

സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, (കളിസ്ഥലം, കാവ്, കുളം ഉൾപ്പെടെ), സംരക്ഷണ ഭിത്തി നിർമ്മാണം, കിണർ നവീകരണം, ഭവന വൈദ്യുതീകരണം, സാംസ്കാരിക നിലയം, വായനശാല എന്നിവയുടെ നിർമ്മാണം.

(ബി) അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികളുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

16-01-2025-ലെ സ.ഉ(കൈ)നം.4/2025/SCSTD ഉത്തരവുപ്രകാരം അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെയും 03-02-2025-ലെ സ.ഉ(കൈ)നം.5/2025/SCSTD ഉത്തരവുപ്രകാരം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെയും മാനദണ്ഡങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.[+]

ചാക്കുടി–കടമ്പ്രവാരം ഉന്നതി

26 (799) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ചാക്കുടി-കടമ്പ്രവാരം ഉന്നതിയുടെ സമഗ്ര വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ചാക്കുടി - കടമ്പ്രവാരം ഗ്രാമത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി Retaining wall, Drain work, Interlock pathway എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് കോൺക്രീറ്റ് പുരോഗമിക്കുന്നു. പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള 9 വീടുകളുടെ പുനരുദ്ധാരണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ടി ഗ്രാമത്തിനായി 57,20,975/- രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ടി ഗ്രാമത്തിലെ പ്രവൃത്തികൾ 3 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണെന്ന് നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

27 (800) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം വികസന പദ്ധതിപ്രകാരം പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി നിർവഹണ ഏജൻസിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഇനി എത്ര തുക നൽകാനുണ്ടെന്നും വിശദമാക്കാമോ?

(എ-ഡി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

28 (801) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പദ്ധതിപ്രകാരം നഗറുകളുടെ നവീകരണത്തിന് അനുവദിച്ച ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിവരുന്ന 2020 മുതൽ 2024 വരെയുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം വെട്ടുവിള (2019-20) ഗ്രാമത്തിന്റെ എസ്റ്റിമേറ്റിന് 26-06-2024-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല. അറയൂർ മച്ചിങ്ങവിളാകം (2020-21) ഗ്രാമത്തിന് ഭരണാനുമതി നൽകി 20 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഉള്ളൂർക്കോണം (2021-22) ഗ്രാമത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആര്യശാല മുകളിൽ വിള (2021-22) ഗ്രാമത്തിന് 24-07-2024-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല.

മുനിക്കുന്ന് ലക്ഷം വീട് നഗറിന്റെ നവീകരണം

29 (802) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21-ൽ ഫണ്ട് അനുവദിച്ച വർക്കല നിയോജകമണ്ഡലത്തിലെ മുനിക്കുന്ന് ലക്ഷം വീട് നഗറിന്റെ നവീകരണ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(എ&ബി) മുനിക്കുന്ന് ലക്ഷം വീട് നഗറിന്റെ എം.ഒ.യു. 19-07-2024-ൽ ഒപ്പിട്ടിട്ടുണ്ട്. ഗ്രാമത്തിന്റെ പദ്ധതി നിർവഹണം ആരംഭിക്കുന്നതിനും ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എം.ഒ.യു. ഒപ്പിട്ട് ഒരു വർഷത്തിനകം പദ്ധതി പൂർത്തീകരിക്കുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കള്ളാംതോട് നഗറിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി

30 (803) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മലമ്പുഴ നിയോജകമണ്ഡലത്തിലെ എലപ്പുള്ളി പഞ്ചായത്തിലെ കള്ളാംതോട് നഗറിന്റെ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഈ പ്രവൃത്തിക്ക് വകുപ്പ് ഡയറക്ടർ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഭരണാനുമതി നൽകിയിട്ടുണ്ട്.

വടശ്ശേരിക്കോണം അംബേദ്കർ ഗ്രാമം പദ്ധതി

31 (804) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ വടശ്ശേരിക്കോണം ഉന്നതിയിൽ നടപ്പാക്കുന്ന അംബേദ്കർ ഗ്രാമം സമഗ്ര വികസന പദ്ധതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

നിർവഹണ ഏജൻസി തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പുതുക്കോട് പാടോല അംബേദ്കർ ഗ്രാമവികസന പദ്ധതി

32 (805)ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-24 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തിയ പുതുക്കോട് ഗ്രാമപഞ്ചായത്തിലെ പാടോല പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

പാടോല ഗ്രാമത്തിന്റെ നിർവഹണ ഏജൻസിയെ മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കല്ലുവാതുക്കൽ പാറയിൽ സെറ്റിൽമെന്റ് നഗർ പുനരുദ്ധാരണം

33 (806) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ലെ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ കല്ലുവാതുക്കൽ പാറയിൽ സെറ്റിൽമെന്റ് നഗർ പുനരുദ്ധരിക്കുന്നതിന് അനുമതി ലഭിച്ചതിൻ പ്രകാരം സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അനുമതി പ്രകാരം നിർവഹണ ചുമതലയുള്ള കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് പ്രസ്തുത പ്രവൃത്തി നടപ്പാക്കാൻ കഴിയാത്ത സാഹചര്യം വ്യക്തമാക്കിയും കൊല്ലം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ചുമതല നല്കണമെന്നും ആവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നിവേദനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;

(ഡി) നിവേദനം നൽകി ഒരു വർഷത്തിലധികമായെങ്കിലും നാളിതുവരെ പ്രസ്തുത വിഷയത്തിന്മേൽ തീരുമാനം കൈക്കൊള്ളാൻ കഴിയാത്ത സാഹചര്യം എന്താണെന്ന് വിശദമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

മഞ്ഞക്കടവ്, മാങ്കുന്ന് ഉന്നതികളിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

34 (807) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടരഞ്ഞി പഞ്ചായത്തിലെ മഞ്ഞക്കടവ്, മാങ്കുന്ന് ഉന്നതികളിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിക്കായുള്ള ഭരണാനുമതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) 2022-23 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തിരഞ്ഞെടുത്ത കൂടരഞ്ഞി പഞ്ചായത്തിലെ മഞ്ഞക്കടവ്, മാങ്കുന്ന് ഉന്നതികളിലെ നിർമ്മാണ പ്രവൃത്തികളുടെ ഡി.പി.ആർ. കോഴിക്കോട് ടൈബൽ ഡെവലപ്മെന്റ് ഓഫീസിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ. ജില്ലാതല വർക്കിങ് ഗ്രൂപ്പ് ശിപാർശ ചെയ്ത് ലഭ്യമാക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ചൊവ്വല്ലൂർ പട്ടികജാതി നഗറിന്റെ വികസനം

35 (808) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ ചൊവ്വല്ലൂർ പട്ടികജാതി നഗറിന്റെ വികസനത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പട്ടികജാതി നഗറിന്റെ വികസനത്തിനായി 83,33,854/- രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നഗറിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഭവന പുനരുദ്ധാരണം-22, റോഡ് ടാറിങ്-1, ഭൂമിസംരക്ഷണം-2, പൊതു കിണർ പുനരുദ്ധാരണം-1, പകൽവീട് ഇന്റർനെറ്റ് കണക്ഷൻ വിത്ത് ജി 1 പോസ്റ്റ് ആന്റ് ഫൗണ്ടേഷൻ, പകൽവീട് കോമ്പൗണ്ട് ക്ലീനിങ്, എർത്ത് ഫില്ലിങ്, ഗാർഡൻ വർക്ക്, പകൽവീട് ഇന്റർലോക്ക് റോഡ് വിത്ത്

പി.സി.സി., സാമൂഹ്യ പഠനകേന്ദ്രം, ചുറ്റുമതിൽ, സോളാർ മിനി മാസ്റ്റ് ലൈറ്റ്-1.

(സി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

റീടെൻഡറിങ് നടക്കുന്നു.

(ഡി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള നിർവഹണ ഏജൻസി ഏതാണെന്ന് അറിയിക്കാമോ?

FIT (FOREST INDUSTRIES TRAVANCORE Limited).

വാളാഞ്ഞികുളങ്ങരത്ത് നഗർ അംബേദ്കർ ഗ്രാമം പദ്ധതി

36 (809)ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വാളാഞ്ഞികുളങ്ങരത്ത് പട്ടികജാതി നഗർ വികസന പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം തിരഞ്ഞെടുത്ത കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വാളാഞ്ഞി കുളങ്ങരത്ത് നഗർ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ന്യൂനത ഉള്ളതിനാൽ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ബി) ടി പ്രവൃത്തിയിൽ ഏതൊക്കെ പ്രധാന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

ഭവന പുനരുദ്ധാരണം, കിണർ പുനരുദ്ധാരണം, സാംസ്കാരിക നിലയം, റോഡ് എന്നീ പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എം.ഒ.യു. ഒപ്പുവച്ച് ഒരു വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അംബേദ്കർ ഗ്രാമവികസന പദ്ധതി

37 (810) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തിയ പൂവത്തുംതറ, മണ്ണഴി-കോട്ടപ്പുറം പട്ടികജാതി നഗറുകളുടെ നവീകരണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ?

കോട്ടക്കൽ നിയോജകമണ്ഡലത്തിൽനിന്ന് 2021-22 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേക്ക് തിരഞ്ഞെടുത്തത് എടയൂർ ഗ്രാമപഞ്ചായത്തിലെ പൂവത്തുംതറ പട്ടികജാതി നഗർ, പൊൻമള ഗ്രാമപഞ്ചായത്തിലെ മണ്ണഴി-കോട്ടപ്പുറം പട്ടികജാതി നഗർ എന്നിവയാണ്. മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രമാണ് ടി നഗറുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവഹണ ഏജൻസി. പൂവത്തുംതറ നഗറിലെ നിർമ്മാണ പ്രവർത്തനങ്ങൾ 30% പൂർത്തീകരിച്ചിട്ടുണ്ട്. ഇന്റേണൽ റോഡ് & ഫുട്പാത്ത് 9 എണ്ണത്തിൽ 4 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. സംരക്ഷണഭിത്തി നിർമ്മാണം 4 എണ്ണത്തിൽ 2 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണം 25 എണ്ണത്തിൽ 6 എണ്ണം പൂർണ്ണമായും 3 എണ്ണം ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. മണ്ണഴി-കോട്ടപ്പുറം പട്ടികജാതി നഗറിലെ

നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റിന് 31-07-2024-ന് അംഗീകാരം ലഭിക്കുകയും ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്.

(ബി) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ മൂർദ്ധനാവ് പട്ടികജാതി നഗറിനെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഇല്ല.

(സി) അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത നഗർ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭിക്കുന്ന പക്ഷം പരിശോധിക്കുന്നതാണ്.

നാക്കിലംപാട് ഉന്നതിയിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

38 (811) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളുപ്പാടി പഞ്ചായത്തിലെ നാക്കിലംപാട് ഉന്നതിയിലെ

ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) നാക്കിലംപാട് ഉന്നതിയെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) പരിശോധിക്കുന്നതാണ്.

ചേലക്കര നിയോജകമണ്ഡലത്തിലെ പട്ടികജാതി നഗറുകൾ

39 (812) ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചേലക്കര നിയോജകമണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിലായി എത്ര പട്ടികജാതി നഗറുകളുണ്ട്; പഴയന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസ്, വടക്കാഞ്ചേരി ബ്ലോക്ക് പട്ടികജാതി വികസന ആഫീസ് എന്നിവയ്ക്ക് കീഴിൽവരുന്ന നഗറുകളും

അവയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ എണ്ണവും പ്രത്യേകം വ്യക്തമാക്കാമോ?

ചേലക്കര നിയോജകമണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിലായി ആകെ 509 പട്ടികജാതി നഗറുകളുണ്ട്. പഴയന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, വടക്കാഞ്ചേരി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് എന്നിവയ്ക്ക് കീഴിൽവരുന്ന നഗറുകളും അവയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.+

ദേവികുളം നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി

40 (813) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ദേവികുളം നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിപ്രകാരം അനുവദിച്ച നഗറുകൾ ഏതൊക്കെയെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

1. ചാനൽമേട് (2021-22)
2. ആനയ്ക്കൽപെട്ടി (2022-23)
3. പഴത്തോട്ടം (2023-24)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഈ നഗറുകളിൽ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വർഷം തിരിച്ച് വിശദമാക്കാമോ?

ചാനൽമേട് ഗ്രാമത്തിന്റെ എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. ടി ഗ്രാമത്തിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട കുടിവെള്ള പദ്ധതിക്ക് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആനയ്ക്കൽപെട്ടി, പഴത്തോട്ടം ഗ്രാമങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പിറവം നിയോജകമണ്ഡലത്തിലെ ഭവനരഹിതർക്ക് വീട്

41 (814) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ വെട്ടിക്കൽ ലക്ഷം വീട് നഗറിലെ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ആറ് കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ വെട്ടിക്കൽ

ലക്ഷം വീട് നഗറിലെ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 6 കുടുംബങ്ങളിൽ 5 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിപ്രകാരം ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയും 3 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരാൾക്ക് സ്വന്തമായി സ്ഥലവും വീടും ഉള്ളതിനാൽ ടിയാളെ ലൈഫ് മിഷൻ പദ്ധതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചത് എന്നാണെന്ന് അറിയിക്കാമോ?

ഇതുമായി ബന്ധപ്പെട്ട നിവേദനങ്ങളൊന്നും പട്ടികവർഗ വികസന വകുപ്പിൽ ലഭ്യമായിട്ടില്ല.

(സി) എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ പാർപ്പാംകോട് ലക്ഷം വീട് നഗറിലെ ഭവനരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പാർപ്പാംകോട് ലക്ഷം വീട് നഗറിൽ നിലവിൽ താമസിക്കുന്ന പട്ടികവർഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്. കൂടാതെ

ഭവനനിർമ്മാണത്തിന് അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ധനസഹായം നൽകിവരുന്നുണ്ട്.

(ഡി) പിറവം മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി - പട്ടികവർഗ വിഭാഗങ്ങൾക്ക് അടിയന്തരമായി വീട് നിർമ്മിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വീട് നിർമ്മാണത്തിന് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ?

പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കും ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നത്. ലൈഫ് ലിസ്റ്റിലുൾപ്പെട്ട പട്ടികജാതി-പട്ടികവർഗ വിഭാഗക്കാരുടെ അർഹത പരിശോധിച്ച് മുൻഗണനാക്രമത്തിൽ ഭവനനിർമ്മാണ ധനസഹായം തദ്ദേശസ്ഥാപനങ്ങൾ വഴി അനുവദിച്ചുവരുന്നു.

അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

42 (815) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിൽ നടന്ന ശിശുമരണങ്ങൾ എത്രയാണെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിൽ 32 പട്ടികവർഗ ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

ക്രമ നം.	വർഷം	ശിശുമരണം
1	2021 (മേയ് മാസം മുതൽ)	5
2	2022	12
3	2023	5
4	2024	9
5	2025	1

(ബി) വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനം ഉണ്ടായിട്ടും അട്ടപ്പാടിയിൽ ശിശുമരണങ്ങൾ വർധിച്ചുവരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ?

അട്ടപ്പാടിയിൽ ശിശുമരണങ്ങൾ വർധിച്ചുവരുന്ന സാഹചര്യം നിലവിലില്ല. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള

ഇടപെടലുകൾമൂലം മുൻകാലങ്ങളെ അപേക്ഷിച്ച് ശിശുമരണങ്ങൾ കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

പട്ടികവർഗ സങ്കേതങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

43 (816) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ സങ്കേതങ്ങളിൽ അടുത്ത കാലത്തായി വന്യജീവി ആക്രമണങ്ങൾ വർധിച്ചുവരുന്നതായും ആളുകൾക്ക് ജീവഹാനി സംഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യജീവി ആക്രമണങ്ങൾ തടയുന്നതിനായി റെയിൽ ഫെൻസിങ്, സോളാർ തൂക്കുവേലി, ട്രഞ്ച് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വനം വകുപ്പുമായി ചേർന്ന് സ്വീകരിച്ചുവരുന്നു.

(ബി) പട്ടികവർഗ സങ്കേതങ്ങളിലെ രാത്രികാല സുരക്ഷിതത്വം

ഉറപ്പാക്കുന്നതിന് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന കാര്യം ഗൗരവപൂർവം പരിഗണിക്കുമോ?

പട്ടികവർഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും അനർട്ട്, എം.പി. ലാഡ്സ്, ഗ്രാമപഞ്ചായത്തുകളുടെ റ്റി.എസ്.പി. ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തിയും തെരുവ് വിളക്കുകൾ സ്ഥാപിച്ചുവരുന്നു.

(സി) കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കണ്ണവം വനമേഖല ഉൾപ്പെടുന്ന പട്ടികവർഗ സങ്കേതങ്ങളിൽ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കുമോ?

കണ്ണവം വനമേഖല ഉൾപ്പെടുന്ന പട്ടികവർഗ സങ്കേതങ്ങളിൽ പ്രത്യേക പദ്ധതിയിലുൾപ്പെടുത്തി ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന വിഷയം ആവശ്യകതയുടെയും ഔരുക്കുട്ട തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്. ടി മേഖലയിൽ ഉൾപ്പെടുന്ന ചെക്കിയേരി, പെരുവ മേഖലയിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള

പ്രൊപ്പോസൽ കോളയാട് പഞ്ചായത്തിൽനിന്നും കെ.എസ്.ഇ.ബി. കോളയാട് സെക്ഷനിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. ആരംഭിച്ചിട്ടുണ്ട്.

അഴീക്കോട് നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

44 (817) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി നടപ്പാക്കുന്ന ഉന്നതികളിലെ പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

അഴീക്കോട് നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിലേക്ക് തിരഞ്ഞെടുത്തിട്ടുള്ള മുണ്ടയാട്ട് സെറ്റിൽമെന്റ് നഗർ, പുല്ലൂപ്പി പട്ടികജാതി നഗർ എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി വരുന്ന തുകയ്ക്ക് പുതിയ പ്രവൃത്തികൾ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ്

തയ്യാറാക്കിവരുന്നു. ആനന്ദതീർഥ നഗറിന്റെ Repair work of existing septic tank ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. നോർത്ത് അംബേദ്കർ നഗറിൽ കമ്മ്യൂണിറ്റി ഹാൾ, സേവന കേന്ദ്രം എന്നീ നിർമ്മാണ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് പ്രയാസമുള്ള ഉന്നതികൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പദ്ധതി നടപ്പാക്കാൻ പ്രയാസമുള്ള ഗ്രാമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സാമൂഹികാവകാശം

45 (818) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമത്തിലെ സാമൂഹികാവകാശം വഴി പട്ടികവർഗ നഗറുകൾക്ക് എത്ര ഹെക്ടർ വനഭൂമി ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

സാമൂഹികാവകാശം വഴി 261 അപേക്ഷകൾക്കായി ആകെ 319156.33 ഹെക്ടർ വനഭൂമി ലഭ്യമായിട്ടുണ്ട്. സാമൂഹികാവകാശത്തിനായി സമർപ്പിക്കപ്പെട്ട 280 അപേക്ഷകൾകൂടി തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) അതിൽ വിഭവശേഖരണം മാത്രമല്ലാതെ എന്തെല്ലാം പദ്ധതികളാണ് വകുപ്പ് പ്ലാൻ ചെയ്തിരിക്കുന്നതെന്ന് അറിയിക്കുമോ?

സാമൂഹികാവകാശങ്ങളിൽ താഴെപറയുന്നവ ഉൾപ്പെടുന്നു.

- വനാവകാശ നിയമം 2006 പ്രകാരം പരമ്പരാഗതമായി അനുഭവിച്ചുപോരുന്ന ഏത് തരം സാമൂഹികാവകാശങ്ങളും (വന്യമൃഗങ്ങളെ നായാടാനുള്ള അവകാശം ഒഴികെ) ഈ നിയമപ്രകാരം അനുവദനീയമാണ്.
- ചെറുകിട വനവിഭവങ്ങൾ (സ്വന്തം ആവശ്യത്തിനും സംസ്കരിച്ചോ അല്ലാതെയോ വിപണനം ചെയ്യാനുമുള്ള അവകാശം), മത്സ്യം തുടങ്ങിയ മറ്റ് ജലവിഭവങ്ങൾ, കന്നുകാലി മേയ്ക്കൽ, ദേശാടനവുമായി ബന്ധപ്പെട്ട അവകാശങ്ങൾ എന്നിവ.
- പ്രാക്തന ഗോത്ര വിഭാഗങ്ങൾക്കും മറ്റ് പൂർവ-കാർഷിക സമൂഹങ്ങൾക്കും അവരുടെ ആവാസ മേഖലകളിൽ സ്വന്തമായി വ്യാപരിക്കുന്നതിനുള്ള അവകാശം.
- പരമ്പരാഗതമായി സംരക്ഷിച്ചുപോരുന്ന ജൈവവൈവിധ്യാനുബന്ധിയായതും അല്ലാത്തതുമായ വനവിഭവങ്ങളും മറ്റ് പാരമ്പര്യ അറിവുകളും സമൂഹത്തിന്റെ പൊതുസ്വത്തായി വയ്ക്കുവാനുള്ള അവകാശം.

- സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള ഏത് തരം അവകാശങ്ങളും (പരമ്പരാഗതവും സാമുദായികവുമായ) ഈ നിയമപ്രകാരം വനവാസികൾക്ക് ലഭ്യമാണ്.
- സാമൂഹിക വനാവകാശം ലഭിച്ച ഉന്നതികളിൽ പട്ടികവർഗ വികസന വകുപ്പ് മുഖേനയും ഫിഷറീസ്, കൃഷി വകുപ്പുകളുമായി ചേർന്നും ജീവനോപാധി പദ്ധതികൾ നടപ്പാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു.

(സി) നിയമപ്രകാരം മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് സ്വന്തം നിലയിൽ ശാക്തീകരണം സാധ്യമാക്കിയ ഏതെങ്കിലും പട്ടികവർഗ ജനത സംസ്ഥാനത്തുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. തൃശ്ശൂർ ജില്ലയിൽ 9 സാമൂഹിക വനവിഭവ മേഖലാ പരിപാലന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

വിദ്യാർഥികൾക്കുള്ള സ്വർണ്ണമെഡൽ

46 (819) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനത്തിലും കലാപ്രകടനങ്ങളിലും മികവ് പുലർത്തുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർഥികൾക്ക് സർക്കാർ

നൽകിയിരുന്ന സ്വർണ്ണമെഡൽ, പ്രോത്സാഹന തുക എന്നിവയുടെ വിതരണം മുടങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ എത്ര കാലമായി വിതരണം മുടങ്ങിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

(എ & ബി) 2020 മുതൽ സ്വർണ്ണമെഡൽ നൽകുന്ന പദ്ധതിയും 2019 വർഷം മുതൽ നടത്തപ്പെട്ടിട്ടുള്ള സർഗോത്സവം പദ്ധതിപ്രകാരമുള്ള പതിനായിരം രൂപയുടെ ക്യാഷ് പ്രൈസ് വിതരണവും നടന്നിട്ടില്ല.

(സി) മെഡൽ വിതരണം മുടങ്ങിയതിന്റെ കാരണം വിശദമാക്കുമോ;

പരിശോധിക്കുന്നതാണ്.

(ഡി) ഏതെല്ലാം പരീക്ഷകളിൽ ഉന്നത വിജയം നേടിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കാണ് മെഡലും തുകയും വിതരണം ചെയ്തിരുന്നതെന്ന് വിശദമാക്കുമോ?

എസ്.എസ്.എ.ൽ.സി., പ്ലസ്ടു എന്നീ ക്ലാസ്സുകളിലെയും മെഡിക്കൽ/എഞ്ചിനീയറിങ് പ്രവേശന പരീക്ഷകളിലേയും ഉന്നത വിജയം

കരസ്ഥമാക്കുന്ന 2 പട്ടികജാതി വിദ്യാർഥികൾക്കാണ് വകുപ്പ് മുഖേന ഗോൾഡ് മെഡൽ വിതരണം ചെയ്തിരുന്നത്.

(ഇ) മുടങ്ങിയ മെഡൽ വിതരണം എപ്പോൾ നടത്തുമെന്ന് വിശദമാക്കുമോ?

പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

വർക്കല നിയോജകമണ്ഡലത്തിലെ ഐ.ടി.ഐ. കെട്ടിട നിർമ്മാണം

47 (820) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-ക്ക് കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അതുസംബന്ധിച്ച നടപടികൾ വിശദമാക്കുമോ?

വർക്കല ഐ.ടി.ഐ.-യിൽ പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചിട്ടുള്ള രണ്ടുകോടി രൂപ തിരിച്ചടയ്ക്കണമെന്ന നിബന്ധനയോടുകൂടി പുതിയ

അക്കാദമിക് ബ്ലോക്കിന്റെ ഗ്രൗണ്ട് ഫ്ലോർ നിർമ്മിക്കുന്നതിനായി കുഴൽക്കിണർ നിർമ്മാണം ഒഴിവാക്കി 12% ജി.എസ്.ടി. ഉൾപ്പെടെ 2,35,72,050/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി.-യിൽ നിക്ഷേപിച്ചിരുന്ന 2 കോടി രൂപ തിരിച്ചടയ്ക്കുകയും കെട്ടിടനിർമ്മാണം ആരംഭിച്ച് 70% നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോറിന്റെ ഒന്നാംഘട്ട നിർമ്മാണത്തിന് Turner lab, Electrician Lab, Fitter lab, 2 staff room, Toilet block, stair case, Verandas എന്നിവ ഉൾപ്പെട്ട 685 sqm. area-യാണ് ഉൾപ്പെട്ടിരുന്നത്. ഒന്നാംഘട്ട നിർമ്മാണത്തിനനുവദിച്ച തുക അപര്യാപ്തമായതിനാൽ vitrified ceramic flooring, epoxy flooring, ceramic tile flooring, ceramic wall tiles, PVC doors, External wall plastering, Internal and external painting and all sanitary items including connecting plumbing works എന്നിവ ആദ്യ എസ്റ്റിമേറ്റിൽനിന്നും ഒഴിവാക്കി ഈ വർക്കുകൾ റിവൈസ്ഡ് എസ്റ്റിമേറ്റിൽ സമർപ്പിച്ചിട്ടുണ്ട്. നിർമ്മാണം നടത്തിവരുന്ന കെട്ടിടത്തിന്റെ ഒന്നാം നിലയുടെയും ഗ്രൗണ്ട് ഫ്ലോറിന്റെ അവശേഷിക്കുന്ന പ്രവൃത്തികൾക്കുംകൂടി DSOR 2018 പ്രകാരം ജി.എസ്.ടി. 18%

ഉൾപ്പെടുത്തി തയ്യാറാക്കിയ 3,93,70,000/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

വാമനപുരം നിയോജകമണ്ഡലത്തിലെ പഠനമുറി പദ്ധതി

48 (821) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ പട്ടികജാതി, പട്ടികവർഗ വികസന വകുപ്പ് മുഖേന വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര പഠനമുറികൾ ആരംഭിച്ചിട്ടുണ്ടെന്നും എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന വാമനപുരം നിയോജകമണ്ഡലത്തിൽ ആരംഭിച്ച പഠനമുറികളുടെ വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

ക്രമ നം.	പഞ്ചായത്തിന്റെ പേര്	പഠനമുറികളുടെ എണ്ണം
1	നെല്ലനാട്	20

2	പുല്ലമ്പാറ	28
3	പാങ്ങോട്	29
4	നന്ദിയോട്	22
5	കല്ലറ	25
6	വാമനപുരം	11
7	പെരിങ്ങമ്മല	29
8	പനവൂർ	54
9	ആനാട്	52
	ആകെ	270

പട്ടികവർഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യമായി പഠനമുറി പദ്ധതി നടപ്പാക്കുന്നില്ല. എന്നാൽ ഉന്നതികളിലെ പൊതുകേന്ദ്രങ്ങളിൽ സാമൂഹ്യപഠനമുറി പദ്ധതി നടപ്പാക്കുന്നു. അപ്രകാരം വാമനപുരം നിയമസഭാമണ്ഡലത്തിന്റെ പരിധിയിൽ ആകെ 9 സാമൂഹ്യ പഠനമുറികൾ പ്രവർത്തിക്കുന്നു.

ഇ-ഗ്രാന്റ് വിതരണത്തിലെ തടസ്സം

49 (822) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ വിദ്യാർഥികളുടെ ഇ-ഗ്രാന്റ് വിതരണത്തിൽ തടസ്സം നേരിട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അതിനുള്ള സാഹചര്യം വിശദമാക്കുമോ;

(ബി) ഇ-ഗ്രാന്റ് വിതരണത്തിലുണ്ടായ തടസ്സം പരിഹരിച്ച് ഗ്രാന്റ് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഇനത്തിൽ വിതരണം ചെയ്യാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) ഇ-ഗ്രാന്റ് വിതരണത്തിലുണ്ടായ തടസ്സം പരിഹരിച്ച് ഗ്രാന്റ് പൂർണ്ണമായും വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ?

(എ-ഡി) അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷം ബജറ്റിൽ ലഭ്യമായ 223 കോടി രൂപയും അധിക തുക വകയിരുത്തിയത് മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപ്പെടെ 333 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചുകൊണ്ട് കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. 2024-25 അധ്യയന

വർഷത്തെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽനിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2021-ലെ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡങ്ങളും മാർഗനിർദേശങ്ങളും പ്രകാരം പട്ടികവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ എസ്.എൻ.എ.- പി.എഫ്.എം.എസ്. സംവിധാനം മുഖേന മാത്രമെ അനുവദിച്ചുനൽകാൻ പാടുള്ളൂവെന്ന കേന്ദ്ര സർക്കാരിന്റെ നിബന്ധനയുണ്ടായിരുന്നതിനാലും ഇ-ഗ്രാന്റ്സ് സമ്പ്രദായത്തിലൂടെ ഫീസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ പ്രതിബന്ധങ്ങൾ നേരിടുകയും കൂടാതെ പട്ടികവർഗ വിദ്യാർഥികളും അവർ പഠിക്കുന്ന സ്ഥാപനങ്ങളും കൃത്യസമയത്ത് അപേക്ഷകൾ സമർപ്പിക്കാതിരിക്കുകയും ചെയ്തതാണ് ആനുകൂല്യം വിദ്യാർഥികൾക്ക് ലഭ്യമാകാൻ കാലതാമസം നേരിട്ടിരുന്നത്. ഇ-ഗ്രാന്റ് വിതരണത്തിലുണ്ടായ കാലതാമസം പരിഹരിച്ച് പട്ടികവർഗ വിഭാഗ വിദ്യാർഥികളുടെ 2023-24 വർഷം വരെയുള്ള ഇ-ഗ്രാന്റ്സ് കുടിശ്ശിക

പൂർണ്ണമായും അനുവദിച്ചുനൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തെ സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു.

സ്കൂൾ, കോളേജ് വിദ്യാർഥികൾക്കുള്ള ആനുകൂല്യങ്ങൾ

50 (823) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട സ്കൂൾ, കോളേജ് വിദ്യാർഥികൾക്ക് മാസംതോറും എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറിതലം മുതൽ പ്രവേശനം നേടിയ പട്ടികജാതി, പട്ടികവർഗ വിദ്യാർഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പായി സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-

Refundable fees-ഉം സ്റ്റേറ്റ് അക്കാദമിക് അലവൻസുകളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി, ഹോസ്റ്റൽ ഫീസ് എന്നിവയും ലഭിക്കുന്നു. ഗവേഷണ വിദ്യാർഥികൾക്ക് ഫെല്ലോഷിപ്പ് ലഭിക്കുന്നു. പാരലൽ കോളേജ് വിദ്യാഭ്യാസത്തിന് വാർഷിക നിരക്കിൽ ഒറ്റത്തവണയായി ആനുകൂല്യങ്ങൾ നൽകുന്നു. സംസ്ഥാനത്തെ 1 മുതൽ 10 വരെ ക്ലാസുകളിലെ വിദ്യാർഥികൾക്ക് ലംപ്സം ഗ്രാന്റ്, എഡ്യൂക്കേഷൻ എയ്ഡ് ഇതിനുപുറമെ പട്ടികജാതിയിലെ ദുർബല സമുദായങ്ങളിലെ വിദ്യാർഥികൾക്കും പട്ടികവർഗത്തിലെ പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കും സ്റ്റൈപന്റ് എന്നിവയും ലഭിക്കുന്നു. അംഗീകൃത അൺഎയ്ഡഡ് സ്കൂളിലെ വിദ്യാർഥികൾക്കുള്ള റീ-ഇംബേഴ്സ്മെന്റ് സ്കോളർഷിപ്പ്, കേന്ദ്രീയ വിദ്യാലയങ്ങളിൽ പത്താം ക്ലാസ് വരെയുള്ള പഠനത്തിന് ലംപ്സം ഗ്രാന്റ്, Kendriya Vidyalaya Sangathan കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള കമ്പ്യൂട്ടർ ഫീസ്, വിദ്യാലയ വികാസ് നിധി (വി.വി.എൻ.), സൈനിക സ്കൂളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ വിദ്യാർഥികൾക്ക് ട്യൂഷൻ ഫീസ്, ക്ലോത്തിങ് ചാർജ്, പോക്കറ്റ് മണി, അദർ ചാർജസ് ഇനങ്ങളിലുള്ള തുകയും ലംപ്സം

ഗ്രാന്റും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള മെഡിക്/ നോൺമെഡിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിങ്/നോൺ എഞ്ചിനീയറിങ്, KGCE കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗ വിദ്യാർഥികൾക്കും വ്യവസായ പരിശീലന വകുപ്പിന്റെ അംഗീകാരമുള്ള നോൺ മെഡിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിങ്/ നോൺ എഞ്ചിനീയറിങ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗ വിദ്യാർഥികൾക്കും നിബന്ധനകൾക്ക് വിധേയമായ ആനുകൂല്യങ്ങളും ലഭിക്കുന്നു. നഴ്സറി തലത്തിൽ പഠനം നടത്തുന്ന വിദ്യാർഥികൾക്ക് ലംപ്സം ഗ്രാന്റ് അനുവദിച്ചുവരുന്നു. കൂടാതെ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ വിഭാഗം വിദ്യാർഥികൾക്ക് പ്രതിവർഷം 2250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്സ് തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർഥികൾക്ക് യഥാക്രമം 5250/- രൂപയും 1000/- രൂപയും നൽകുന്നു. വിവിധ വാർഷിക പൊതുപരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികൾക്ക് പ്രോത്സാഹന സമ്മാനവും സംസ്ഥാനത്തെ

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 4, 7 ക്ലാസുകളിലെ പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മിടുക്കരായ വിദ്യാർഥികൾക്ക് ശ്രീഅയ്യങ്കാളി മെമ്മോറിയൽ ടാലെന്റ് സെർച്ച് സ്കോളർഷിപ്പും ലഭിക്കുന്നു. പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികൾക്ക് ഒ.ഇ.സി. പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ, ഒ.ഇ.സി. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ, PM-YASASVI Pre-matric Scholarship for OBC & EBC, PM-YASASVI Post-matric Scholarship for OBC & EBC, കെടാവിളക്ക് സ്കോളർഷിപ്പ് എന്നിവയാണ് ലഭിക്കുന്നത്.

(ബി) പ്രസ്തുത ആനുകൂല്യങ്ങളിൽ എത്ര മാസത്തെ തുകയാണ് കുടിശ്ശികയെന്ന് വ്യക്തമാക്കാമോ?

അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷം ബജറ്റിൽ ലഭ്യമായ 223 കോടി രൂപയും അധിക തുക വകയിരുത്തിയത് മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപ്പെടെ 333 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചുകൊണ്ട് കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. 2023-24 അധ്യയന വർഷത്തെ പ്രീമെട്രിക്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ

പൂർണ്ണമായും പേമെന്റ് ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്പ്രൂവൽ ലഭിച്ച പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽനിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2024-25 വർഷത്തെ പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്തുവരുന്നു. പട്ടികവർഗ വിദ്യാർഥികളുടെ 2023-24 വർഷം വരെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സ് മുഖേന പൂർണ്ണമായും അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തെ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. സ്ഥാപനങ്ങൾ, കോഴ്സ് എന്നിവയനുസരിച്ച് പിന്നാക്ക വിഭാഗ വിദ്യാർഥികളുടെ കുടിശ്ശികയ്ക്ക് ഏകീകൃത സ്വഭാവമല്ല ഉള്ളത്.

ലംപ്സം ഗ്രാന്റ്/ഫിനാഷ്യൽ അസിസ്റ്റൻസ് പദ്ധതി

51 (824) <u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ വിദ്യാർഥികളുടെ ലംപ്സം ഗ്രാന്റ്/ഫിനാഷ്യൽ അസിസ്റ്റൻസ് പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം എത്ര വിദ്യാർഥികൾക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗം

പ്രീമെട്രിക് സ്കോളർഷിപ്പ്:- നടപ്പ് വർഷം ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ലംപ്സം ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭിച്ച അപേക്ഷകളിൽ 50453 വിദ്യാർഥികൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ചുനൽകിയിട്ടുണ്ട്.

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്:- പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ 15259 വിദ്യാർഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ചുനൽകിയിട്ടുണ്ട്.

പട്ടികജാതി

2024-25 സാമ്പത്തികവർഷം നാളിതുവരെ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതികൾ പ്രകാരം ആനുകൂല്യം അനുവദിച്ച വിദ്യാർഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

പദ്ധതി	വിദ്യാർഥികളുടെ എണ്ണം
പ്രീ-മെട്രിക് സ്കോളർഷിപ്പ്	314475
സെൻട്രൽ പ്രീ-മെട്രിക് കംപോണന്റ് I	7447
സെൻട്രൽ പ്രീ-മെട്രിക് കംപോണന്റ് II	13
അയ്യങ്കാളി സ്കോളർഷിപ്പ്	3023
സ്പെഷ്യൽ ഇൻസെന്റീവ്	9165
പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ്	146488

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വിദ്യാർഥികളുടെ എണ്ണം ഹൈസ്കൂൾ, ഹയർ സെക്കൻഡറി, പ്രൊഫഷണൽ കോഴ്സുകൾ എന്നിങ്ങനെ ഇനം തിരിച്ച് ലഭ്യമാക്കാമോ?

പട്ടികവർഗം

ഹൈസ്കൂൾ - 17492

ഹയർ സെക്കൻഡറി-7460

പ്രൊഫഷണൽ കോഴ്സുകൾ - 1718

പട്ടികജാതി

2024-25 വർഷം ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിനായി ലഭ്യമായ അപേക്ഷകളിൽ 06-02-2025 വരെ അപ്രൂവൽ ലഭിച്ച പട്ടികജാതി

വിഭാഗത്തിൽപ്പെട്ട സ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

കോഴസ്	അപ്രൂവ്ഡ് ആപ്ലിക്കേഷൻ
പ്രൈമറി	113389
അപ്പർ പ്രൈമറി	100772
ഹൈസ്കൂൾ	108026
ടെക്നിക്കൽ എച്ച്.എസ്.എസ്.	34
ഹയർ സെക്കൻഡറി	30159
വി.എച്ച്.എസ്.സി.	1776

പ്രൊഫഷണൽ കോഴ്സുകളിലെ വിദ്യാർഥികളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.+

(സി) വിദേശത്ത് വിവിധ കോഴ്സുകൾ പഠിക്കുന്ന വിദ്യാർഥികൾക്ക് വകുപ്പ് അനുവദിച്ചിട്ടുള്ള സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

പട്ടികവർഗം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ വിദ്യാർഥികൾക്ക് വിദേശ രാജ്യങ്ങളിലെ മികച്ച യൂണിവേഴ്സിറ്റികളിൽ പഠനത്തിനായി പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ മുഖേന പരമാവധി 25 ലക്ഷം രൂപ വരെ അനുവദിച്ച് നൽകിയിരുന്നു. പട്ടികവർഗ വികസന വകുപ്പിൽനിന്നും 38 പട്ടികവർഗ വിദ്യാർഥികൾക്ക് വിദേശപഠനത്തിനായി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. 01-08-2023-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 5/2023/പ.ജ.പ.വ.വി.വ. പ്രകാരം വിദേശപഠന സ്കോളർഷിപ്പിന്റെ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ODEPC (Overseas Development and Employment Promotion Consultants)-ന്റെ സഹകരണത്തോടെ കേരള സർക്കാർ - "ഉന്നതി വിദേശ പഠന സ്കോളർഷിപ്പ്" എന്ന പേരിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി 25 ലക്ഷം രൂപ വരെ വരുമാന പരിധിയില്ലാതെ പട്ടികവർഗ വിദ്യാർഥികൾക്ക് അനുവദിച്ചുനൽകുന്നു. നിലവിൽ പോസ്റ്റ് ഗ്രാഡ്യുവേഷൻ മുതലുള്ള പഠനത്തിനായി 16 വിദ്യാർഥികൾക്ക് തുക അനുവദിച്ചുനൽകിയിട്ടുണ്ട്.

പട്ടികജാതി

കേരളീയരായ പട്ടികജാതി വിഭാഗ വിദ്യാർഥികൾക്ക് 01-08-2023-ലെ ജി.ഒ.(പി)നം.5/2023/പ.ജ.പ.വ.വി.വ. പ്രകാരം ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ് എന്ന പേരിൽ സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കുന്നു. വിദേശ പഠന സ്കോളർഷിപ്പ് പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം ലഭ്യമായ 38 കോടി രൂപ പൂർണ്ണമായും ചെലവഴിക്കുകയും അതിനുശേഷം റീ അപ്രോപ്രിയേഷൻ മുഖേന 10 കോടി രൂപ കൂടി ലഭ്യമാക്കി മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ കുടിശ്ശികയാണെന്ന പരാതി നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പട്ടികവർഗം

ഇ-ഗ്രാന്റ്സ് കുടിശ്ശിക സംബന്ധിച്ച പരാതിയുണ്ടായിരുന്നു. അത് പരിഹരിച്ചിട്ടുണ്ട്.

പട്ടികജാതി

അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷം ബജറ്റിൽ ലഭ്യമായ 223 കോടി രൂപയും അധിക തുക വകയിരുത്തിയത് മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപ്പെടെ 333 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചുകൊണ്ട് കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. 2023-24 അധ്യയനവർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ പൂർണ്ണമായും പേമെന്റ് ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽനിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ട്രെയിനിങ് ഫോർ കരിയർ എക്സലൻസ് പദ്ധതി

52 (825) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെയിനിങ് ഫോർ കരിയർ എക്സലൻസ് പദ്ധതി പ്രകാരം നിലവിൽ ഏതെല്ലാം മേഖലയിലാണ് ഉദ്യോഗാർഥികൾക്ക് പരിശീലനം നൽകി വരുന്നത്;

(ബി) ഇതിലൂടെ പട്ടികവിഭാഗം ഉദ്യോഗാർഥികൾക്ക് ഏതെല്ലാം മേഖലയിൽ ഓണറേറിയത്തോടെ തൊഴിൽ ലഭിക്കുമെന്ന് അറിയിക്കാമോ?

(എ&ബി) പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരെ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി ഓണറേറിയത്തോടുകൂടി വിവിധ വകുപ്പുകൾക്ക് കീഴിൽ 2 വർഷ കാലയളവിലേക്ക് നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ടേസ് (ടെയിനിങ് ഫോർ കരിയർ എക്സലൻസ്). ടി പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പാക്കിവരുന്നു. വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർഥികൾക്ക് വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാകുകവഴി തങ്ങളുടെ സേവന മേഖലയിൽ കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു.

എഞ്ചിനീയറിങ്, നഴ്സിങ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അധ്യാപനം, ക്ലാർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഓണറേറിയത്തോടുകൂടി പരിശീലനത്തിനും പ്രവൃത്തിപരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടുവർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതത് മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിനുതകുന്ന പ്രത്യേക ട്രെയിനിങ് നൽകുകയും ചെയ്യുന്നു. സർക്കാർതലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

(സി) ഓരോ മേഖലയിലും എത്ര പേർക്കാണ് ഇതിനോടകം പ്രയോജനം ലഭിച്ചിട്ടുള്ളത്;

(ഡി) ഈ പദ്ധതി വളരെ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളത്?

(സി&ഡി) വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 5067 പേർക്ക് ഓണറേറിയം വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്. 500 (300 എസ്.സി., 200 എസ്.ടി.) എഞ്ചിനീയറിങ് ഉദ്യോഗാർഥികളെ അക്രഡിറ്റഡ് എഞ്ചിനീയർമാരായും 1048 പേരെ (798 എസ്.സി., 250 എസ്.ടി.) നഴ്സിങ് പാരാമെഡിക്കൽ മേഖലയിലും 114 എം.എസ്.ഡബ്ല്യു. ബിരുദധാരികളെ (60 എസ്.സി., 54 എസ്.ടി.) സോഷ്യൽ വർക്കർമാരായും 380 ബിരുദധാരികളെ അപ്രന്റിസ് ക്ലാർക്കുമാരായും 112 നിയമ ബിരുദധാരികളെ (87 എസ്.സി., 25 എസ്.ടി.) ലീഗൽ അസിസ്റ്റന്റ് തസ്തികയിലും നിയമിച്ചു. ഇതിനുപുറമെ 2398 പേരെ (1216 എസ്.സി., 1182 എസ്.ടി.) പ്രൊമോട്ടർ തസ്തികയിലും നിയമിച്ചു. കൂടാതെ 140 മാനേജ്മെന്റ് ട്രെയിനീസ്, 49 സ്റ്റുഡന്റ്സ് കൗൺസലർമാർ, 326 മെന്റർ ടീച്ചർമാർ എന്നിവരെയും ഓണറേറിയം വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. 'ട്രേസ്' പദ്ധതിയുടെ ഭാഗമായി രണ്ടുവർഷത്തെ പരിശീലനം

നേടിയിട്ടുള്ള, സിവിൽ എഞ്ചിനീയറിങ്ങിൽ ബിരുദമോ ടി മേഖലയിൽ ഡിപ്ലോമയോ നേടിയിട്ടുള്ള അക്രഡിറ്റഡ് എഞ്ചിനീയർമാർക്ക് പൊതു-സ്വകാര്യ മേഖല കമ്പനികളിൽ അവരവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ സാഹചര്യവും മികച്ച വേതനവും ഉറപ്പുവരുത്തുക എന്നുള്ള ഉദ്ദേശ്യത്തോടെ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിക്കുകയും യോഗ്യരായവർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്താൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

വിദ്യാർഥികൾക്കുള്ള ഗ്രാന്റ് മുടങ്ങൽ

53 (826) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി., എസ്.ടി. വിഭാഗങ്ങളിലെ വിദ്യാർഥികൾക്കുള്ള ഗ്രാന്റ് മുടങ്ങിയതുകാരണം പ്രസ്തുത കുട്ടികളുടെ പഠനം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഗ്രാന്റ് അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പാല നിയോജകമണ്ഡലത്തിലെ പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുള്ള ഗ്രാന്റ് വർഷങ്ങളായി മുടങ്ങിയത് സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ വിദ്യാർഥികളുടെ ഇ-ഗ്രാന്റ് സ്കോളർഷിപ്പ് ലഭ്യമാകാത്തതിനാൽ പഠനം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇ-ഗ്രാന്റ് സ്കോളർഷിപ്പ് വിതരണം മുടങ്ങുന്ന സാഹചര്യം നിലവിലില്ല. പട്ടികവർഗ വിഭാഗ വിദ്യാർഥികളുടെ 2023-24 വർഷം വരെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സ് മുഖേന പൂർണ്ണമായും അനുവദിച്ചുനൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തെ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷം ബജറ്റിൽ ലഭ്യമായ 223 കോടി രൂപയും അധിക തുക വകയിരുത്തിയത് മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപ്പെടെ 333 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചുകൊണ്ട് കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ്

ക്ലെയിമുകൾ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽനിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികജാതി വിഭാഗ വിദ്യാർഥികളുടെ 2023-24 അധ്യയന വർഷം വരെയുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2024-25 വർഷത്തെ സ്കോളർഷിപ്പ് വിതരണം ചെയ്തുവരുന്നു.

ഇ-ഗ്രാന്റ്സ് അപേക്ഷ നടപടിക്രമങ്ങൾ

54 (827) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് യു.ജി., പി.ജി. പഠനത്തിന് അനുവദിച്ചിട്ടുള്ള ഇ-ഗ്രാന്റ്സിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന്റെ നടപടിക്രമങ്ങൾ അറിയിക്കാമോ?

ഇ-ഗ്രാന്റ്സിൽ വൺ ടൈം രജിസ്ട്രേഷൻ നടത്തി പ്രൊഫൈൽ ക്രിയേറ്റ്

ചെയ്തതിനുശേഷം ചേർന്നിരിക്കുന്ന കോഴ്സ് സെലക്ട് ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(ബി) ഓൺലൈനായി അപേക്ഷ സമർപ്പിച്ചാൽ അപേക്ഷയിൽ തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ അത് തിരുത്തുന്നതിനുള്ള സൗകര്യം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) അപേക്ഷയിൽ തെറ്റ് സംഭവിച്ചാൽ അത് പരിഹരിക്കുന്നതിന് ഏത് ഓഫീസുമായിട്ടാണ് ബന്ധപ്പെടേണ്ടതെന്ന് വ്യക്തമാക്കാമോ?

(ബി&സി) സംസ്ഥാനത്തിനകത്ത് പോസ്റ്റ്മെട്രിക് തലത്തിൽ പഠനം നടത്തുന്ന പിന്നാക്ക വിഭാഗം വിദ്യാർഥികളുടെ ഓൺലൈൻ അപേക്ഷകളുടെ സൂക്ഷ്മ പരിശോധനവേളയിൽ തെറ്റുകൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ബന്ധപ്പെട്ട ജില്ല പട്ടികജാതി വികസന വകുപ്പിൽനിന്നും, സംസ്ഥാനത്തിന് പുറത്തുള്ള അപേക്ഷകൾ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകളിൽനിന്നും തെറ്റുകൾ തിരുത്തി ലഭ്യമാക്കുന്നതിന് വെബ്സൈറ്റ് മുഖേനതന്നെ തിരികെ നൽകുന്നതാണ്.

പട്ടികജാതി, പട്ടികവർഗ വിദ്യാർഥികൾക്ക് വിദ്യാഭ്യാസ വായ്പ

55 (828) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉയർന്ന മാർക്ക് വാങ്ങി യോഗ്യത പരീക്ഷ വിജയിച്ചിട്ടും പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നതിന് ബാങ്കുകൾ വഴിയും പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷൻ വഴിയും നൽകുന്ന വായ്പകൾക്കുള്ള കടുത്ത ജാമ്യ വ്യവസ്ഥകൾ കാരണം വായ്പ ലഭിക്കാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ?

മെറിറ്റ്/റിസർവേഷനിൽ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടിയ എല്ലാ പട്ടികജാതി പട്ടികവർഗ വിദ്യാർഥികൾക്കും വരുമാന പരിധി നോക്കാതെ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുനൽകുന്നുണ്ട്. അതിനാൽ ഉയർന്ന മാർക്ക് വാങ്ങി യോഗ്യതാ പരീക്ഷ വിജയിച്ച പട്ടികവർഗ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നതിന് നിലവിൽ വായ്പയെടുത്ത് പഠിക്കേണ്ട സാഹചര്യം

നിലവിലില്ല. ബാങ്കുകൾ വഴിയും പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷൻ വഴിയും നൽകുന്ന വായ്പകൾക്കുള്ള കടുത്ത ജാമ്യവ്യവസ്ഥകൾ കാരണം വായ്പ ലഭിക്കാത്ത സാഹചര്യം പരിശോധിച്ചിട്ടില്ല.

(ബി) വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിന് വായ്പതുകയ്ക്ക് ആനുപാതികമായി ഈട് നൽകുന്നതിന് സ്വന്തം ഭൂമിയോ ജാമ്യം നിൽക്കാൻ ഉദ്യോഗസ്ഥരോ വേണമെന്ന് ബാങ്കുകൾ നിബന്ധന വയ്ക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്വന്തമായി ഭൂമിയോ ജാമ്യം നിൽക്കുന്നതിന് ബന്ധുക്കളായ ഉദ്യോഗസ്ഥരോ ഇല്ലാത്ത ആളുകളാണ് പട്ടികജാതി വിഭാഗത്തിലേറെയും എന്നിരിക്കെ ബാങ്കുകളുടെ കടുത്ത ജാമ്യവ്യവസ്ഥ കാരണം മികച്ച പഠനനിലവാരമുള്ള പട്ടികജാതി, പട്ടികവർഗ വിദ്യാർഥികൾക്ക് അവസരങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിയിട്ടില്ല.

(ഡി) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ വികസന

കോർപ്പറേഷൻ മുഖേന ഉന്നത വിദ്യാഭ്യാസത്തിന് നൽകുന്ന ലോണിനായി അപേക്ഷ നൽകിയിട്ട് ലോൺ അനുവദിക്കാത്തതോ നിരസിച്ചതോ ആയ എത്ര അപേക്ഷകളാണ് നിലവിലുള്ളത്; വർഷം തിരിച്ചുള്ള കണക്ക് അറിയിക്കുമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ഫണ്ടിന്റെ അപര്യാപ്തതയാണോ ഇപ്രകാരം വിദ്യാർഥികൾക്ക് ലോൺ നിരസിക്കുന്നതിന് കാരണമാകുന്നതെന്ന് വെളിപ്പെടുത്തുമോ?

ബാധകമല്ല.

(എഫ്) വായ്പയെടുക്കുന്ന വിദ്യാർഥികൾക്ക് തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ കേന്ദ്ര സർക്കാരിന്റെ ക്രെഡിറ്റ് ഗാരന്റി ഫണ്ടിൽനിന്ന് വായ്പയുടെ വലിയ പങ്കും ബാങ്കുകൾക്ക് കിട്ടുന്ന സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തിരിച്ചടവ് തുകയുടെ എത്ര ശതമാനം വരെയാണ് ഇപ്രകാരം ബാങ്കുകൾക്ക് ലഭ്യമാകുകയെന്ന് അറിയിക്കാമോ?

അങ്ങനെയൊരു സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ നടപടി

56 (829) ശ്രീ. നജീബ് കാന്തപുരം:

ശ്രീ. എ. കെ. എം. അഷ്റഫ്:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ, മറ്റ് പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികളുടെ ലംപ്സം ഗ്രാന്റ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികവർഗം

നിലവിൽ പട്ടികവർഗ വിഭാഗ വിദ്യാർഥികളുടെ 2023-24 വർഷം വരെയുള്ള ഇ-ഗ്രാന്റ്സ് കുടിശ്ശിക പൂർണ്ണമായും അനുവദിച്ചുനൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തെ ആനുകൂല്യങ്ങൾ കേന്ദ്ര സംസ്ഥാന സ്കോളർഷിപ്പ് മാനദണ്ഡങ്ങൾക്ക് വിധേയമായി അനുവദിച്ചുവരുന്നു.

പട്ടികജാതി

അപ്പ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷം ബജറ്റിൽ ലഭ്യമായ 223 കോടി രൂപയും അധിക തുക വകയിരുത്തിയത് മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപ്പെടെ 333 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചുകൊണ്ട് കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. 2023-24 അധ്യയന വർഷത്തെ പ്രീ-മെട്രിക്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ പൂർണ്ണമായും പേമെന്റ് ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്പ്രൂവൽ ലഭിച്ച പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുകയുപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽനിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പിന്നാക്ക വിഭാഗ വികസന വകുപ്പ്

ഒ.ഇ.സി., ഒ.ബി.സി.(എച്ച്), ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്ന

വിദ്യാർഥികളുടെ പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിന് നാളിതുവരെ കുടിശ്ശിക വരുത്തിയിട്ടില്ല. സാങ്കേതിക പ്രശ്നങ്ങൾ ഇല്ലാതെ ഇ-ഗ്രാന്റ്സ് പോർട്ടൽ വഴി അപേക്ഷിച്ച ഒ.ഇ.സി., ഒ.ബി.സി.(എച്ച്), എസ്.ഇ.ബി.സി. വിഭാഗങ്ങളുടെ പോസ്റ്റ്മെട്രിക് ആനുകൂല്യം 2022-23 വരെ പൂർണ്ണമായും 2023-24 വരെ അംഗീകരിച്ച അപേക്ഷകൾക്കും അനുവദിച്ചിട്ടുണ്ട്.

(ബി) വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാത്തത് അവരുടെ തുടർവിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ?

പട്ടികജാതി, പട്ടികവർഗ വിഭാഗം വിദ്യാർഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്തുവരുന്നുണ്ട്. ആനുകൂല്യം അനുവദിക്കുന്നതിലെ കാലതാമസംമൂലം വിദ്യാർഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) വിദ്യാഭ്യാസാനുകൂല്യങ്ങളുടെ കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗം

പട്ടികവർഗ വിഭാഗ വിദ്യാർഥികളുടെ 2023-24 വർഷം വരെയുള്ള ഇ-ഗ്രാന്റ്സ് കുടിശ്ശിക പൂർണ്ണമായും അനുവദിച്ചനൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷ ആനുകൂല്യങ്ങൾ കേന്ദ്ര-സംസ്ഥാന സ്കോളർഷിപ്പ് മാനദണ്ഡങ്ങൾക്ക് വിധേയമായി അനുവദിച്ചുവരുന്നു.

പട്ടികജാതി

2023-24 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽനിന്നും ലഭ്യമായ തുകയും അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമായ 110 കോടി രൂപയും ചേർത്ത് ആകെ 333 കോടി രൂപകൊണ്ട് കുടിശ്ശിക പൂർണ്ണമായും വിതരണം നടത്തിയിട്ടുണ്ട്. 2024-25 വർഷത്തെ സ്കോളർഷിപ്പ് വിതരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

ആലത്തൂർ നിയോജകമണ്ഡലത്തിലെ 'പഠനമുറി' പദ്ധതി

57 (830) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്രപേർക്ക് 'പഠനമുറി' അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള 'പഠനമുറി' പദ്ധതികൾ സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

ക്രമ നം.	പഞ്ചായത്തിന്റെ പേര്	2021-22	2022-23	2023-24
1	ആലത്തൂർ	3	8	4
2	എരിമയൂർ	11	12	12
3	കിഴക്കഞ്ചേരി	7	10	6
4	തേങ്കുറിശ്ശി	7	11	9
5	കുഴൽമന്ദം	7	13	9
6	വണ്ടാഴി	7	7	11
7	മേലാർകോട്	7	3	7
	ആകെ	49	64	58

(ബി) 'പഠനമുറി' പദ്ധതികൾ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/സ്പെഷ്യൽ/ടെക്നിക്കൽ/കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ 5 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കാണ് പഠനമുറി അനുവദിക്കുന്നത്. ഒന്നിലധികം പെൺകുട്ടികൾ വിദ്യാർഥികളായുള്ള കുടുംബം, വിധവ കുടുംബനാഥയായ കുടുംബം, കിടപ്പുരോഗികൾ/ മാരകരോഗികളുള്ള കുടുംബം, ഒന്നിലധികം വിദ്യാർഥികളുള്ള കുടുംബം ഇവർക്ക് മുൻഗണന നൽകിവരുന്നു. വിദ്യാർഥികളുടെ അപേക്ഷ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം സഹിതം പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. പട്ടികജാതി വികസന ഓഫീസറുടെ നേരിട്ടുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ അർഹത പരിശോധിച്ച് ആനുകൂല്യം അനുവദിച്ചുവരുന്നു.

ഉന്നതി ഓവർസീസ് സ്കോളർഷിപ്

58 (831) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉന്നതി ഓവർസീസ് സ്കോളർഷിപ്പിന് 2023-24, 2024-25 വർഷങ്ങളിൽ എത്ര അപേക്ഷകരുണ്ടായിരുന്നു; അതിൽ എത്രപേർ അർഹത നേടി; എത്ര രൂപയാണ് പരമാവധി സ്കോളർഷിപ്പായി നൽകുന്നതെന്ന് വിശദമാക്കാമോ?

2023-24 സാമ്പത്തിക വർഷം 1040 അപേക്ഷകരും 2024-25 സാമ്പത്തിക വർഷം ഒക്ടോബർ മാസം വരെ 338 അപേക്ഷകരുമുണ്ട്. 418 പേർ അർഹത നേടിയിട്ടുണ്ട്. 25 ലക്ഷം രൂപയാണ് പരമാവധി സ്കോളർഷിപ്പായി നൽകുന്നത്. 12 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർഥികൾക്ക് പരമാവധി 25 ലക്ഷം രൂപയും 12 ലക്ഷത്തിനും 20 ലക്ഷത്തിനുമിടയ്ക്ക് വാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർഥികൾക്ക് പരമാവധി 20 ലക്ഷം രൂപയും 20 ലക്ഷത്തിനുമുകളിൽ വാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർഥികൾക്ക് 15 ലക്ഷം രൂപയും

ലഭിക്കും. വരുമാന പരിധിയില്ലാതെ പട്ടികവർഗ വിദ്യാർഥികൾക്ക് 25 ലക്ഷം രൂപയും ലഭിക്കും.

പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ

59 (832) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011-12 സാമ്പത്തിക വർഷം മുതൽ 2023-24 വരെ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകളിലായി ആകെ വിതരണം ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

2011-12 സാമ്പത്തിക വർഷം മുതൽ 2023-24 വരെ പട്ടികജാതി വിഭാഗ വിദ്യാർഥികളുടെ പ്രീമെട്രിക് സ്കോളർഷിപ്പിനായി 657.9 കോടി രൂപയും പട്ടികവർഗ വിദ്യാർഥികളുടെ പ്രീമെട്രിക് സ്കോളർഷിപ്പിനായി 229.2507 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗ വിദ്യാർഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനായി 3014.65 കോടി രൂപയും പട്ടികവർഗ വിദ്യാർഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനായി

345.1268 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ഒ.ബി.സി.&ഒ.ഇ.സി. പ്രീമെട്രിക് സ്കോളർഷിപ്പിനായി 538.7432 കോടി രൂപയും ഒ.ബി.സി.&ഒ.ഇ.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനായി 3262.8737 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം, ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി എന്നിവ ആരംഭിച്ചതുമുതൽ ഓരോ വർഷവും ഈ പദ്ധതികളിലൂടെ വിതരണം ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം, ഓവർസീസ് സ്കോളർഷിപ്പ് എന്നീ പദ്ധതികൾ ആരംഭിച്ചതുമുതൽ പ്രസ്തുത പദ്ധതികൾക്കായി വിതരണം ചെയ്ത തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (തുക ലക്ഷത്തിൽ)

വർഷം	സ്വയം തൊഴിൽ സബ്സിഡി	നൈപുണ്യ വികസന പരിശീലനം	വിദേശ തൊഴിൽ ധനസഹായ പദ്ധതി

2011-12	755.05	-	-
2012-13	322.23	625.64	-
2013-14	388.77	520.7	-
2014-15	388.81	528.66	77.2
2015-16	370.08	142.35	165.7
2016-17	389.07	856.52	165.2
2017-18	299.36	611.02	465.84
2018-19	227.94	1181.11	640.55
2019-20	156.81	1387.93	447.25
2020-21	190.98	1106.82	797.8
2021-22	134.8	1170.05	625.9
2022-23	214.59	184.59	707.8
2023-24	123.66	457.49	507
2024-25	171.44	164.6	581.2

ഓവർസീസ് സ്കോളർഷിപ്പ്

വർഷം	വിതരണം ചെയ്ത തുക
2017-18	79,50,473/-
2018-19	74,63,456/-
2019-20	3,18,02,420/-
2020-21	1,53,63,931/-
2021-22	17,97,30,935/-
2022-23	30,28,74,872/-
2023-24	50,41,12,396/-
2024-25 (നാളിതുവരെ)	48,64,23,413/-

പട്ടികവർഗം

പട്ടികവർഗ വികസന വകുപ്പ് മുഖേന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി നടപ്പാക്കി വരുന്നില്ല. പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കുന്ന ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി മുഖേന വിതരണം ചെയ്ത തുക ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	**വിതരണം ചെയ്ത തുക**
2016-17	20,00,000
2017-18	38,69,230
2018-19	31,15,561
2019-20	75,00,000
2020-21	75,00,000
2021-22	247,86,728
2022-23	265,30,171
2023-24	162,50,000
2024-25 (നാളിതുവരെ)	195,00,000

പിന്നാക്ക വിഭാഗം

വർഷം	എംബ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം	ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി

2013-14	4593	2.68
2014-15	380	64
2015-16	930.59	61.29
2016-17	550	99.5
2017-18	539.83	95.75
2018-19	599.98	99.87
2019-20	725.68	120
2020-21	600	110
2021-22	599.99	110
2022-23	389.9438	145.97
2023-24	350.45	156.95

പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കുള്ള സാമ്പത്തിക സഹായം

60 (833) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് ഏതെല്ലാം കാര്യങ്ങൾക്കാണ് സാമ്പത്തിക സഹായം നൽകിവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിൽ മെറിറ്റ്/റിസർവേഷനിൽ പ്രവേശനം നേടിയ വിദ്യാർഥികൾക്ക് പോസ്റ്റ്

മെട്രിക് സ്കോളർഷിപ്പായി സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable fees-ഉം സ്റ്റേറ്റ് അക്കാദമിക് അലവൻസുകളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി, ഹോസ്റ്റൽ ഫീസ് എന്നിവയും ലഭിക്കുന്നു.

(ബി) സംസ്ഥാനത്തും രാജ്യത്തെ മറ്റ് സർവകലാശാലകളിലും പഠിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമോ?

05-01-2023-ലെ സർക്കാർ ഉത്തരവ് (അച്ചടി)നം.2/2023/ പ.ജാ.പ.വ.വി.വ., പ്രകാരം സംസ്ഥാനത്തിനകത്തും പുറത്തും വിവിധ കോഴ്സുകളിൽ പഠനം നടത്തിവരുന്നതും മെറിറ്റ്/റിസർവേഷനിൽ പ്രവേശനം നേടിയതുമായ പട്ടികജാതി വിഭാഗം വിദ്യാർഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതാണ്. ദേശീയപ്രാധാന്യമുള്ള സ്ഥാപനങ്ങൾ, സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി. അംഗീകാരമുള്ള

സ്വയംഭരണ കോളേജുകൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, സംസ്ഥാന സർക്കാരിന്റെയോ കേന്ദ്രസർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദേശപ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ, കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ, NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ, 11, 12 ക്ലാസുകൾ അംഗീകാരമുള്ള സ്കൂളുകൾ, കേന്ദ്ര/സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ അഫിലിയേറ്റ്/അംഗീകരിച്ച കോഴ്സ്/സ്ഥാപനങ്ങൾ, NCVT-യുടെ അംഗീകാരമുള്ള വൊക്കേഷണൽ ട്രെയിനിങ് സ്ഥാപനങ്ങൾ എന്നീ സ്ഥാപനങ്ങളിലെ കോഴ്സുകൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്.

<u>സംസ്ഥാനത്തിനകത്തുള്ള സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു</u>

1. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, കേന്ദ്ര/സംസ്ഥാന യൂണിവേഴ്സിറ്റികൾ, കേന്ദ്ര/സംസ്ഥാന സർക്കാർ ഏജൻസികൾ,

കേന്ദ്ര/സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡുകൾ തുടങ്ങിയവ സംസ്ഥാനതലത്തിലോ അഖിലേന്ത്യാതലത്തിലോ നടത്തുന്ന പ്രവേശന പരീക്ഷകളിലൂടെ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്നവർക്ക് മാത്രം സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

2. യൂണിവേഴ്സിറ്റികളുടെ ഏകജാലക സംവിധാനം വഴി മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും മെറിറ്റ്/റിസർവേഷൻ പാലിച്ച് സ്പോട്ട് അഡ്മിഷൻ വഴി പ്രവേശനം നേടുന്നവർക്കും അലോട്ട്മെന്റ് മെമ്മോയുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

3. സ്പോർട്സ് ക്വാട്ടയിലും ഡിഫൻസ് ക്വാട്ടയിലും സംസ്ഥാനത്തിനകത്ത് പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗം വിദ്യാർഥികൾക്കും സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും. സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാതലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ

മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും സുതാര്യവും നീതിയുക്തവുമായ രീതിയിൽ മെറിറ്റ്/റിസർവേഷനിൽ സ്പോട്ട് അഡ്മിഷൻ നേടുന്നവർക്കുമാണ് ഇതര സംസ്ഥാനങ്ങളിലെ പഠനത്തിനായി സ്കോളർഷിപ്പ് ലഭിക്കുന്നത്.

(സി) കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ഓരോ വർഷവും എത്രപേർക്ക് ഇത്തരത്തിലുള്ള സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വർഷം	എണ്ണം
2019-20	25003
2020-21	23989
2021-22	25801
2022-23	26000
2023-24	26876
2024-25	13474

പട്ടികജാതി വിദ്യാർഥികൾക്കുള്ള വിദ്യാഭ്യാസ ഗ്രാന്റ്

61 (834) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ഗ്രാന്റ് നിർത്തലാക്കിയിട്ടുണ്ടോ; ഗ്രാന്റ് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് പദ്ധതി നിർത്തലാക്കിയിട്ടില്ല. പട്ടികജാതി വിഭാഗ വിദ്യാർഥികളുടെ 2023-24 അധ്യയന വർഷങ്ങളിലെ അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തികവർഷം ബജറ്റിൽ ലഭ്യമായ 223 കോടി രൂപയും അധിക തുക വകയിരുത്തിയതുമുഖേന ലഭിച്ച 110 കോടി രൂപയും ഉൾപ്പെടെ 333 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചുകൊണ്ട് കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപേക്ഷകൾ നിലവിൽ സ്വീകരിച്ചുവരികയാണ്. ഇതിൽ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകളുടെ തുക വിതരണം

പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ അധികതുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഗ്രാന്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി നിലവിൽ 05-01-2023-ലെ സ.ഉ. (അച്ചടി) നമ്പർ 2/2023/എസ്.സി.എസ്.ടി.ഡി., 26-12-2023-ലെ സ.ഉ.(അച്ചടി)നമ്പർ 9/2023/എസ്.സി.എസ്.ടി.ഡി., എന്നീ ഉത്തരവുകളിലെ മാനദണ്ഡപ്രകാരം വിതരണം ചെയ്തുവരുന്നു. ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു.+

(സി) 2024-25 വർഷം ഗ്രാന്റ് ലഭിക്കാത്ത പട്ടികജാതി വിദ്യാർഥികൾക്ക് അത് ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

പട്ടികജാതി വിഭാഗ വിദ്യാർഥികളുടെ 2024-25 അധ്യയന വർഷത്തെ അപ്പ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകളുടെ വിതരണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിക്കുന്നതിനായി അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നഴ്സിങ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്കുള്ള സ്റ്റൈപന്റ്, ഹോസ്റ്റൽ ഫീസ് എന്നിവ 2024-25 വർഷം വിതരണം ചെയ്തിട്ടുണ്ടോ; വിതരണത്തിൽ വരുന്ന കാലതാമസം ഒഴിവാക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വെബ് പോർട്ടലുകൾ ഇ-ഗ്രാന്റ് പോർട്ടലുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണ്; വിശദമാക്കുമോ?

പട്ടികജാതി വിഭാഗ വിദ്യാർഥികളുടെ 2023-24 അധ്യയന വർഷം വരെയുള്ള അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ ലഭ്യമായ തുക പൂർണ്ണമായും വിനിയോഗിച്ച് വിതരണം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള ക്ലെയിമുകളുടെ വിതരണം പൂർത്തീകരിക്കുന്നതിനായി അധിക തുക വകയിരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഹയർ സെക്കൻഡറി സ്ഥാപനങ്ങളുടെ അഡ്മിഷൻ പോർട്ടൽ ഇ-ഗ്രാന്റ്സ് പോർട്ടലുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

യൂണിവേഴ്സിറ്റികളുടെ വെബ് പോർട്ടലുകൾ ഇ-ഗ്രാന്റ് പോർട്ടലുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ

62 (835) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ വിഭാഗം വിദ്യാർഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറിതലം മുതൽ പ്രവേശനം നേടിയ വിദ്യാർഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പായി സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയുൾപ്പെടുന്ന Compulsory Non-Refundable fee-ഉം സ്റ്റേറ്റ്

അക്കാദമിക് അലവൻസുകളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി, ഹോസ്റ്റൽഫീസ് എന്നിവയും ലഭിക്കുന്നു. ഗവേഷണ വിദ്യാർഥികൾക്ക് ഫെല്ലോഷിപ്പ് ലഭിക്കുന്നു. പാരലൽ കോളേജ് വിദ്യാഭ്യാസത്തിന് വാർഷിക നിരക്കിൽ ഒറ്റത്തവണയായി ആനുകൂല്യങ്ങൾ നൽകുന്നു. സംസ്ഥാനത്തെ 1 മുതൽ 10 വരെ ക്ലാസുകളിലെ വിദ്യാർഥികൾക്ക് ലംപ്സം ഗ്രാന്റ്, എഡ്യൂക്കേഷൻ എയ്ഡ്, ഇതിനുപുറമെ പട്ടികജാതിയിലെ ദുർബല സമുദായങ്ങളിലെ വിദ്യാർഥികൾക്കും പട്ടികവർഗത്തിലെ പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കും സ്റ്റൈപന്റ് എന്നിവ ലഭിക്കുന്നു. അംഗീകൃത അൺ-എയ്ഡഡ് സ്കൂളിലെ വിദ്യാർഥികൾക്കുള്ള റീ-ഇംബേഴ്സ്മെന്റ് സ്കോളർഷിപ്പ്, കേന്ദ്രീയ വിദ്യാലയങ്ങളിൽ പത്താം ക്ലാസ് വരെയുള്ള പഠനത്തിന് ലംപ്സം ഗ്രാന്റ്, Kendriya Vidyalaya Sangathan കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള കമ്പ്യൂട്ടർ ഫീസ്, വിദ്യാലയ വികാസ് നിധി (വി.വി.എൻ.), സൈനിക സ്കൂളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ വിദ്യാർഥികൾക്ക് ട്യൂഷൻ ഫീസ്, ക്ലോത്തിങ് ചാർജ്, പോക്കറ്റ് മണി, അദർ ചാർജസ് ഇനങ്ങളിലുള്ള തുക,

ലംപ്സം ഗ്രാന്റ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള മെടിക്/നോൺ മെടിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിങ്/നോൺ എഞ്ചിനീയറിങ് കെ.ജി.സി.ഇ. കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗ വിദ്യാർഥികൾക്കും വ്യവസായ പരിശീലന വകുപ്പിന്റെ അംഗീകാരമുള്ള നോൺ മെടിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിങ്/നോൺ എഞ്ചിനീയറിങ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗ വിദ്യാർഥികൾക്കും നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം ലഭിക്കുന്നു. നഴ്സറി തലത്തിൽ പഠനം നടത്തുന്ന വിദ്യാർഥികൾക്ക് ലംപ്സം ഗ്രാന്റ് അനുവദിച്ചുവരുന്നു. കൂടാതെ 9, 10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിഭാഗം വിദ്യാർഥികൾക്ക് പ്രതിവർഷം 2250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്സ് തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ചുപഠിക്കുന്ന വിദ്യാർഥികൾക്ക് യഥാക്രമം 5250/- രൂപയും 1000/- രൂപയും നൽകുന്നു. വിവിധ വാർഷിക പൊതു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികൾക്ക് പ്രോത്സാഹന

സമ്മാനവും സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 4, 7 ക്ലാസുകളിലെ പാഠ്യ/പാഠ്യേതര വിഷയങ്ങളിൽ മിടുക്കരായ വിദ്യാർഥികൾക്ക് ശ്രീഅയ്യങ്കാളി മെമ്മോറിയൽ ടാലെന്റ് സെർച്ച് സ്കോളർഷിപ്പും ലഭിക്കുന്നു.

(ബി) പട്ടികജാതി, പട്ടികവർഗ വിഭാഗം വിദ്യാർഥികളുടെ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ നിലവിൽ കൃത്യമായി വിതരണം ചെയ്യുന്നുണ്ടോ; എത്ര വിദ്യാർഥികൾക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത്; ജില്ലതിരിച്ചുള്ള കണക്കുകൾ നൽകാമോ?

പട്ടികജാതി, പട്ടികവർഗ വിഭാഗം വിദ്യാർഥികളുടെ 2023-24 അധ്യയന വർഷത്തെ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകൾ വിതരണം ചെയ്തുവരുന്നു.

നടപ്പുവർഷം വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്ന പട്ടികവർഗ വിദ്യാർഥികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജില്ല	പ്രീ-മെട്രിക് സ്കോളർഷിപ്പ് എണ്ണം	പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് എണ്ണം
തിരുവനന്തപുരം	1976	1207
കൊല്ലം	946	306
ആലപ്പുഴ		130
പത്തനംതിട്ട	601	257
കോട്ടയം	1703	1091
ഇടുക്കി	4747	1228
എറണാകുളം	1184	984
തൃശ്ശൂർ	723	551
പാലക്കാട്	5328	1435
മലപ്പുറം	1700	577
കോഴിക്കോട്	1367	907
വയനാട്	19810	2868
കണ്ണൂർ	5175	1413
കാസർഗോഡ്	9118	2285
ആകെ	54378	15239

പട്ടികജാതി വിദ്യാർഥികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജില്ല	പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് എണ്ണം	സെൻട്രൽ പ്രീ-മെട്രിക് സ്കോളർഷിപ്പ് എണ്ണം

തിരുവനന്തപുരം	18510	5636
കൊല്ലം	14522	6253
ആലപ്പുഴ	7958	2701
പത്തനംതിട്ട	8933	3843
കോട്ടയം	9458	2915
ഇടുക്കി	5180	1446
എറണാകുളം	16069	4076
തൃശ്ശൂർ	17691	6651
പാലക്കാട്	16749	7488
മലപ്പുറം	16783	6213
കോഴിക്കോട്	12014	3184
വയനാട്	2078	733
കണ്ണൂർ	5775	1468
കാസർഗോഡ്	2454	969
ആകെ	154174	53174

സ്റ്റേറ്റ് പ്രീ-മെട്രിക് സ്കോളർഷിപ്പ്

ജില്ല	ഗ്രണഭോക്താക്കളുടെ എണ്ണം		
	ലംപ്സം ഗ്രാന്റ്	സ്റ്റൈപന്റ്	എഡ്യൂക്കേഷൻ എയ്ഡ്
തിരുവനന്തപുരം	42193	1258	29428
കൊല്ലം	38406	1844	27742
ആലപ്പുഴ	21537	31	15376
പത്തനംതിട്ട	17079	27	12602

കോട്ടയം	15940	429	11536
ഇടുക്കി	10765	892	7733
എറണാകുളം	27536	195	18784
തൃശ്ശൂർ	42316	155	31553
പാലക്കാട്	52579	1182	39438
മലപ്പുറം	44261	3804	34580
കോഴിക്കോട്	22769	1596	17055
വയനാട്	4382	311	3225
കണ്ണൂർ	10787	313	8213
കാസർഗോഡ്	7147	489	5312
ആകെ	357697	12526	262577

(സി) പട്ടികജാതി, പട്ടികവർഗ വിഭാഗം വിദ്യാർഥികൾക്ക് നൽകുന്ന എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ മുടങ്ങിയിട്ടുള്ളതെന്നും ഇതിന്റെ കുടിശ്ശികയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും ജില്ലാടിസ്ഥാനത്തിൽ നൽകാമോ;

(ഡി) പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് കോഴ്സുകൾ പഠിക്കുന്ന എസ്.സി., എസ്.ടി. വിദ്യാർഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾ മുടങ്ങിയിട്ടുണ്ടോ;

എങ്കിൽ കാരണം അറിയിക്കാമോ; എത്ര രൂപയാണ് ഈ ഇനത്തിൽ കുടിശ്ശികയായി നൽകാനുള്ളതെന്നും വിശദമാക്കാമോ;

(ഇ) സ്കോളർഷിപ്പുകൾ മുടങ്ങിയതുകാരണം എസ്.സി., എസ്.ടി. വിദ്യാർഥികളനുഭവിക്കുന്ന പ്രതിസന്ധികളും പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(സി-ഇ) നിലവിൽ പട്ടികവർഗ വിദ്യാർഥികളുടെ പ്രീ-മെട്രിക്/പോസ്റ്റ്-മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നത് മുടങ്ങിയിട്ടില്ല. 2024-25 അധ്യയന വർഷത്തെ സ്കോളർഷിപ്പ് ക്ലെയിമുകളിൽ തുക വിതരണം ചെയ്തുവരുന്നു. പട്ടികജാതി വിഭാഗ വിദ്യാർഥികളുടെ സ്കോളർഷിപ്പ് മുടങ്ങുന്ന സാഹചര്യം നിലവിലില്ല. അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷം ബജറ്റിൽ ലഭ്യമായ 223 കോടി രൂപയും അധിക തുക വകയിരുത്തിയത് മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപ്പെടെ 333 കോടി രൂപ പൂർണ്ണമായും

വിനിയോഗിച്ചുകൊണ്ട് കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുകയുപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽനിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2024-25 വർഷത്തെ പ്രീ-മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്തുവരുന്നു.

ഹരിപ്പാട് സൈബർശ്രീ സെന്റർ

63 (836) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൗജന്യ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി അനുവദിച്ചിരുന്ന സൈബർശ്രീ സെന്ററിന്റെ

പ്രവർത്തനം പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഹരിപ്പാട് സബ്സെന്റർ മുഖേന ഡിജിറ്റൽ പ്രിന്റ് വെബ് ഡിസൈൻ, കമ്പ്യൂട്ടറൈസ്ഡ് ഫിനാൻസ് മാനേജ്മെന്റ് എന്നീ രണ്ട് കോഴ്സുകൾ (ആകെ 60 വിദ്യാർഥികൾക്ക് 6 മാസം ദൈർഘ്യമുള്ള കോഴ്സുകൾ) ആരംഭിക്കുന്നതിന് 09-07-2019-ലെ ജി.ഒ. (ആർ.ടി.)നം. 754/2019/എസ്.സി.എസ്.ടി.ഡി.ഡി. പ്രകാരം ഭരണാനുമതി ലഭിക്കുകയും മൂന്ന് ബാച്ചുകളിലായി 39 പേർ പരിശീലനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 21 വിദ്യാർഥികൾക്കുകൂടി കോഴ്സ് തുടർന്ന് ചെയ്യുന്നതിനുള്ള അനുമതിക്കായി സൈബർശ്രീ അപേക്ഷിച്ചതിൻപ്രകാരം ഉത്തരവ് റീവാലിഡേറ്റ് ചെയ്തനൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) ഹരിപ്പാട് സൈബർശ്രീ സംബന്ധിച്ച് സെക്രട്ടേറിയറ്റിൽ പട്ടികജാതി വകുപ്പിന്റെ പരിഗണനയിലുള്ള നടപ്പ്, കുറിപ്പ് ഫയലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

പകർപ്പുകൾ ബന്ധപ്പെട്ട വകുപ്പിൽനിന്നും നിയമപ്രകാരം ശേഖരിക്കാവുന്നതാണ്.

പി.ജി. വിദ്യാർഥികൾക്കുള്ള ഇ-ഗ്രാന്റ്സ് കുടിശ്ശിക

64 (837) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ, ഒ.ബി.സി., ഒ.ഇ.സി. വിഭാഗങ്ങളിൽപ്പെടുന്ന പി.ജി. വിദ്യാർഥികൾക്കുള്ള ഇ-ഗ്രാന്റ്സ് ഏത് വർഷം വരെ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പി.ജി. വിദ്യാർഥികളുടെ 2023-24 അധ്യയനവർഷം വരെയുള്ള അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ക്ലെയിമുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ വിഭാഗത്തിലെ 2023-24 വർഷം വരെയുള്ള പി.ജി. വിദ്യാർഥികളുടെ എല്ലാ ക്ലെയിമുകൾക്കും തുക അനുവദിച്ചുനൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തികവർഷ

ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. ഒ.ഇ.സി., ഒ.ബി.സി.(എച്ച്), എസ്.ഇ.ബി.സി. വിഭാഗങ്ങൾക്ക് 2022-23 വർഷം പൂർണ്ണമായും 2023-24-ൽ ഭാഗികമായും ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഇ-ഗ്രാന്റ്സ് നൽകുന്നതിൽ കുടിശ്ശികയുണ്ടെങ്കിൽ ഏതെല്ലാം വിഭാഗത്തിന്റേതാണെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ അത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) നിലവിൽ പട്ടികവർഗ വിദ്യാർഥികളുടെ 2024-25 അധ്യയന വർഷത്തെ സ്കോളർഷിപ്പ് ക്ലെയിമുകളിൽ തുക വിതരണം ചെയ്തുവരുന്നു. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുകയുപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽനിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒ.ഇ.സി., ഒ.ബി.സി.(എച്ച്), എസ്.ഇ.ബി.സി. വിഭാഗങ്ങൾക്കാണ് കുടിശ്ശിക നിലനിൽക്കുന്നത്. ഒ.ഇ.സി., ഒ.ബി.സി.(എച്ച്), എസ്.ഇ.ബി.സി.

വിഭാഗങ്ങളുടെ ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽനിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി – പട്ടികവർഗ വിദ്യാർഥികൾക്ക് ലംപ്സം ഗ്രാന്റും സ്റ്റൈപന്റും നൽകാൻ നടപടി

65 (838) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട സ്കൂൾ, കോളേജ് വിദ്യാർഥികൾക്ക് മാസംതോറും നൽകിവരുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ?

09-01-2020-ലെ സ.ഉ. (അച്ചടി) നം.1/2020/പ.ജ.പ.വ.വി.വ. പ്രകാരം ഓരോ കോഴ്സിനും നിശ്ചയിച്ച നിരക്ക് പ്രകാരമുള്ള ലംപ്സം ഗ്രാന്റ് തുക പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികൾക്ക്

പ്രതിവർഷം അനുവദിച്ചുവരുന്നു. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.+ 1 മുതൽ 10 വരെ ക്ലാസുകളിലെ പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട സമുദായങ്ങളിലെ വിദ്യാർഥികൾക്കും പട്ടികവർഗത്തിലെ പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കും പ്രതിമാസം 200/- രൂപ സ്റ്റൈപന്റ് അനുവദിച്ചുവരുന്നു. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിൽ ഡേ സ്കോളറേഴ്സായ വിദ്യാർഥികൾക്ക് പ്രതിവർഷം 8500/- രൂപ നിരക്കിലും ഹോസ്റ്റലേഴ്സായ വിദ്യാർഥികൾക്ക് പ്രതിവർഷം 2000/- രൂപ നിരക്കിലും അക്കാദമിക് അലവൻസ് അനുവദിച്ചുവരുന്നു.

(ബി) ഇവ മാസങ്ങളായി അനുവദിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഗ്രാന്റുകൾ അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പട്ടികവർഗ വിദ്യാർഥികളുടെ പ്രീ-മെട്രിക്/പോസ്റ്റ്-മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നത് മുടങ്ങിയിട്ടില്ല. അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷം ബജറ്റിൽ ലഭ്യമായ 223 കോടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയും അധിക തുക വകയിരുത്തിയത് മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപ്പെടെ 333 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചുകൊണ്ട് കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. 2023-24 അധ്യയന വർഷത്തെ പ്രീ-മെട്രിക്/പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ പൂർണ്ണമായും പേമെന്റ് ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽനിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2024-25 വർഷത്തെ പ്രീ-മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്തുവരുന്നു.

പട്ടികവർഗ വിദ്യാർഥികളുടെ 2023-24 വർഷം വരെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സ് പൂർണ്ണമായും അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തെ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു.

(സി) ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവ കാലാനുസൃതമായി വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

'സേഫ്', 'പഠനമുറി' പദ്ധതികൾ

66 (839) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന 'സേഫ്,' 'പഠനമുറി' പദ്ധതികളിൽ നിശ്ചിതഘട്ടം പൂർത്തീകരിച്ചിട്ടും പണം ലഭിക്കാത്ത എത്ര ഗുണഭോക്താക്കളുണ്ടെന്നും അവർക്ക് എത്ര തുക നൽകാൻ ബാക്കിയുണ്ടെന്നും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആനുകൂല്യം അനുവദിച്ച് ഉത്തരവായ എത്ര ഗുണഭോക്താക്കൾക്ക് തുക കുടിശ്ശികയുണ്ടെന്നും ഇതിന് എത്ര രൂപ വേണ്ടിവരുമെന്നും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന 'സേഫ്',' 'പഠനമുറി' പദ്ധതികളിൽ ഓരോ നിർമ്മാണഘട്ടങ്ങളും പൂർത്തിയാക്കുന്നമുറയ്ക്കാണ് അടുത്ത ഗഡു ധനസഹായ തുക അനുവദിക്കുന്നത്. ഇപ്രകാരം പ്രവൃത്തി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് നൽകേണ്ട മതിയായ തുക ജില്ലകൾക്ക് നിലവിൽ അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ കുടിശ്ശിക നിലവിലില്ല.

(സി) 21-09-2023-ലെ സ.ഉ.(സാധാ) നം.1877/2023/ത.സ്വ.ഭ.വ. പ്രകാരം തദ്ദേശസ്ഥാപനങ്ങൾ നിർവഹണം നടത്തുന്ന 'പഠനമുറി' പദ്ധതിക്ക് ആരംഭഘട്ടത്തിലും പൂർത്തീകരണഘട്ടത്തിലും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയത് ഗുണഭോക്താക്കൾക്ക് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നതിനാൽ വാല്യുവേഷൻ പൂർത്തീകരണഘട്ടത്തിൽ മാത്രമായി പരിമിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഇ-ഗ്രാന്റ്സ്

67 (840) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ, ഒ.ബി.സി., ഒ.ഇ.സി. വിഭാഗങ്ങളിലെ പി.ജി. വിദ്യാർഥികൾക്കുള്ള ഇ-ഗ്രാന്റ്സ് ഏത് വർഷം വരെ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പി.ജി. വിദ്യാർഥികളുടെ 2023-24 അധ്യയന വർഷം വരെയുള്ള അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ക്ലെയിമുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ വിഭാഗത്തിലെ 2023-24 വർഷം വരെയുള്ള പി.ജി. വിദ്യാർഥികളുടെ എല്ലാ ക്ലെയിമുകൾക്കും തുക അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തികവർഷ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. ഒ.ഇ.സി., ഒ.ബി.സി.(എച്ച്), എസ്.ഇ.ബി.സി. വിഭാഗങ്ങൾക്ക് 2022-23 വർഷം പൂർണ്ണമായും

2023-24-ൽ അംഗീകരിച്ച അപേക്ഷകൾക്കും ആനുകൂല്യങ്ങൾ അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) ഇ-ഗ്രാന്റ്സ് നൽകുന്നതിൽ കുടിശ്ശികയുണ്ടെങ്കിൽ ഏതെല്ലാം വിഭാഗത്തിന്റേതാണെന്ന് വ്യക്തമാക്കാമോ; അത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(സി) പട്ടികജാതി, പട്ടികവർഗ, ഒ.ബി.സി., ഒ.ഇ.സി. വിഭാഗങ്ങളിലെ പി.ജി. വിദ്യാർഥികൾക്കുള്ള ഇ-ഗ്രാന്റ്സ് എത്ര രൂപ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ?

(ബി&സി) നിലവിൽ പട്ടികവർഗ വിദ്യാർഥികളുടെ 2024-25 അധ്യയന വർഷത്തെ സ്കോളർഷിപ്പ് ക്ലെയിമുകളിൽ തുക വിതരണം ചെയ്തുവരുന്നു. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുകയുപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽനിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഒ.ഇ.സി., ഒ.ബി.സി.(എച്ച്), എസ്.ഇ.ബി.സി. വിഭാഗങ്ങൾക്കാണ് കൂടിശ്ശിക നൽകാനുള്ളത്. ഒ.ഇ.സി., ഒ.ബി.സി.(എച്ച്), എസ്.ഇ.ബി.സി. വിഭാഗങ്ങളുടെ ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽനിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥാപനങ്ങൾ, കോഴ്സ് എന്നിവയനുസരിച്ച് പിന്നാക്ക വിഭാഗ വിദ്യാർഥികളുടെ കൂടിശ്ശികയ്ക്ക് ഏകീകൃത സ്വഭാവമല്ല ഉള്ളത്. ഒ.ബി.സി., ഒ.ഇ.സി. വിഭാഗങ്ങളിലെ പി.ജി. വിദ്യാർഥികളുടെ മാത്രമായിട്ടുള്ള കൂടിശ്ശിക വിവരങ്ങൾ പ്രത്യേകമായി പ്രോസസ്സ് ചെയ്ത് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വട്ടവട പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം

68 (841) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിലെ വട്ടവടയിൽ പട്ടികവർഗ വകുപ്പിനുകീഴിൽ നിർമ്മാണം നടക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

ഇടുക്കി ജില്ലയിൽ വട്ടവട പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിനായി 03-10-2015-ൽ ഭരണാനുമതി നൽകി നിർവഹണ ഏജൻസിയായി കിറ്റ്കോയെ തിരഞ്ഞെടുത്ത് പ്രവൃത്തി ആരംഭിച്ചിരുന്നു. എന്നാൽ വട്ടവട ഗ്രാമപഞ്ചായത്ത് സ്റ്റോപ്പ് മെമ്മോ നൽകിയതിനാൽ നിർമ്മാണം നിർത്തിവച്ചിരുന്നു. നിലവിൽ വട്ടവട വില്ലേജിൽ ബ്ലോക്ക് നം. 60 റീസർവെ 356/3-ൽ ഉൾപ്പെട്ട 0.2024 ഹെക്ടർ ഭൂമിയുടെ ഉപയോഗാനുമതി പട്ടികവർഗ വികസന വകുപ്പിന് നൽകി ഉത്തരവായിട്ടുണ്ട്. ഹോസ്റ്റൽ നിർമ്മാണം പുനരാരംഭിക്കുന്നതിന് സ്ട്രക്ചറൽ എഞ്ചിനീയറെക്കൊണ്ട് പരിശോധിപ്പിച്ചശേഷം നിലവിലുള്ള ഭരണാനുമതി തുകയിൽ നിലനിർത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർവഹണ ഏജൻസിയായ കിറ്റ്കോയ്ക്ക് നിർദേശം നൽകിയിട്ടുണ്ട്.

വില്ലുമല പ്രീ-മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം

69 (842) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തുപ്പുഴ വില്ലുമല നഗറിൽ ആരംഭിച്ച പട്ടികവർഗ പ്രീ-മെട്രിക് ഹോസ്റ്റൽ തകർച്ചയിലായതിനെത്തുടർന്ന് വാടക കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ പുതിയ ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വില്ലുമല പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ, ബെയ്സ്മെന്റ് എന്നിവയ്ക്ക് യാതൊരുവിധ കേടുപാടുകളും വിള്ളലുകളും കാണാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ കെട്ടിടം ഘടനാപരമായി ഉറപ്പുള്ളതാണെന്നും കൂടാതെ കെട്ടിടത്തിന്റെ ചുറ്റുമതിൽ ബലപ്പെടുത്തിയും കോമ്പൗണ്ടിൽ വെള്ളം കയറാതെ സംരക്ഷിച്ചും കെട്ടിടത്തിൽ അടിയന്തര അറ്റകുറ്റപ്പണികൾ നിർവഹിച്ചും കെട്ടിടം

പുനരുപയോഗിക്കാവുന്നതാണെന്ന് പി.ഡബ്ല്യു.ഡി. അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ അറ്റകുറ്റപ്പണികൾ നിർവഹിക്കുന്നതിനായി കെട്ടിടം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പട്ടികവർഗ വികസന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഹോസ്റ്റലിനോട് ചേർന്ന് പട്ടികവർഗ വിഭാഗത്തിനായി നിർമ്മിച്ച ആയുർവേദ ഡിസ്പെൻസറി കെട്ടിടം കാലപ്പഴക്കത്താൽ തകർന്ന് ഉപയോഗശൂന്യമായിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ വിഭാഗത്തിനായി കുളത്തുപ്പുഴയിൽ പ്രവർത്തിക്കുന്ന ആയുർവേദ ഡിസ്പെൻസറി കെട്ടിടത്തിൽ പരിശോധനാമുറി, ഫാർമസി, മരുന്ന് സബ്സ്റ്റോക്ക് മുറി, ഒരു ബാത്റൂം എന്നിവയാണ് നിലവിലുള്ളത്. ടി കെട്ടിടത്തിന്റെ ജനലുകളും വാതിലുകളും പൊളിഞ്ഞ അവസ്ഥയിലാണുള്ളത്. ടി കെട്ടിടത്തിന്റെ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കുളത്തുപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ്

എഞ്ചിനീയറിൽനിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി വാങ്ങുന്നതിനും കെട്ടിടത്തിന്റെ ടോയ്ലറ്റിന്റെ അടിയന്തര അറ്റകുറ്റപ്പണികൾ പ്രാദേശികമായി നിർവഹിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(സി) കുളത്തുപ്പുഴ വില്ലുമല പട്ടികവർഗ നെയ്ത്തുശാല/പരിശീലനകേന്ദ്രം പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി പട്ടികവർഗ വകുപ്പിന്റെ മേൽനോട്ടത്തിൽ വിശദമായ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇത് പുനരുജ്ജീവിപ്പിച്ച് ആദിവാസികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കൊല്ലം ജില്ലയിൽ കുളത്തുപ്പുഴയിലെ വില്ലുമല പട്ടികവർഗ നെയ്ത്തുശാല പുനരുജ്ജീവിപ്പിക്കാനായി ജില്ലാ വ്യവസായ സഹകരണസംഘം സമർപ്പിച്ചിരുന്ന 18,75,000/- രൂപയുടെ പ്രൊപ്പോസലിന് 2021-22 വർഷത്തിൽ ജില്ല വികസന സമിതി അംഗീകാരം നൽകിയിരുന്നു. എന്നാൽ ധനകാര്യ വകുപ്പിന്റെ ക്ലിയറൻസ് ലഭിക്കാത്തതിനാൽ തുക അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നെയ്ത്ത് സഹകരണസംഘം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ പരിശോധിക്കുന്നതാണ്.

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ നൈപുണ്യ വികസന പരിശീലനം

70 (843) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി നടപ്പാക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യവികസന പരിശീലന പരിപാടികളുടെ ഭാഗമായി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽനിന്നും എത്രപേർക്ക് പരിശീലനം നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി നടപ്പാക്കുന്ന നൈപുണ്യ വികസന പരിശീലന പരിപാടികളുടെ ഭാഗമായി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽനിന്നും പട്ടികജാതി

വിഭാഗത്തിൽപ്പെട്ട 41 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

പരിശീലനം	പരിശീലനാർഥികളുടെ എണ്ണം
Patient Care Management	4
Welding	8
Pipe fitter/Fabricator	7
Certified Nursing Assistant	4
Automobile Engineering	18

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ആരും പങ്കെടുത്തിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി പ്രകാരം പരിശീലനം നേടിയിട്ടുള്ളവരിൽ എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും എത്രപേർ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

പരിശീലനം നേടിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 41 പേർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി കൂടുതൽപേരിലേക്ക് വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നൈപുണ്യ വികസന പരിശീലനങ്ങൾ കൂടുതൽപേരിലേക്ക് വ്യാപിപ്പിക്കുന്നതിന് എറണാകുളം ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക ഘടകപദ്ധതി വിഹിതം വകയിരുത്തി എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 'മികവ്' എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. നിലവിൽ സംസ്ഥാനത്തൊട്ടാകെയുള്ള പട്ടികവർഗ വികസന വകുപ്പിന്റെ ഓഫീസുകൾ മുഖേനയും എസ്.സി./എസ്.ടി. പ്രൊമോട്ടർമാർ മുഖേനയും പരിശീലനം സംബന്ധിച്ച വിവരങ്ങൾ ഗുണഭോക്താക്കളിലേക്ക് എത്തിച്ചുവരുന്നു. നിലവിൽ പരിശീലനം നൽകുന്ന കോഴ്സുകൾക്ക് പുറമെ കൂടുതൽ മേഖലകളിൽ പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

പെരിങ്ങോം സ്കൂളിൽ പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്റർ

71 (844) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കുട്ടികളില്ലാത്ത സാഹചര്യത്തിൽ നിലവിലെ ഭൗതിക സൗകര്യം ഉപയോഗപ്പെടുത്താവുന്ന എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തി നൂതനമായ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിനോ പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്റർ തുടങ്ങുന്നതിനോ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഉപയോഗിക്കാത്ത കെട്ടിടങ്ങളിൽ പട്ടികവർഗ വികസന വകുപ്പിനുകീഴിലുള്ള കരിന്തളം സ്പോർട്സ് ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിലവിൽ താൽക്കാലികമായി പ്രവർത്തിച്ചുവരുന്നു. നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി മറ്റ് പദ്ധതികൾ ആവിഷ്കരിക്കുന്നകാര്യം പരിശോധിച്ചുവരുന്നു.

കുറിച്ചി സചിവോത്തമപുരം നഗറിലെ തൊഴിൽ സംരംഭങ്ങൾ

72 (845) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറിച്ചി സചിവോത്തമപുരം നഗറിൽ 2012-13-ൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച കെട്ടിടങ്ങളിലെ സംരംഭങ്ങൾ പ്രവർത്തനസജ്ജമാക്കി നഗർ അസോസിയേഷന് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രൊപ്പോസൽ ജില്ലാ ഓഫീസിൽ ലഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത സംരംഭങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പ്രൊപ്പോസൽ ജില്ലാതലത്തിൽ പരിശോധിച്ചുവരുന്നു.

(സി) സംരംഭങ്ങൾ പ്രവർത്തനസജ്ജമാകുന്നതോടെ സചിവോത്തമപുരം നഗറിലെ തൊഴിൽരഹിതർക്ക് തൊഴിൽ ലഭിക്കാനുള്ള സാഹചര്യം നിലവിലുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

സംരംഭങ്ങൾ പ്രവർത്തനസജ്ജമാകുന്നതോടെ സചിവോത്തമപുരം നഗറിലെ തൊഴിൽരഹിതർക്ക് തൊഴിൽ ലഭിക്കാനുള്ള സാഹചര്യമുണ്ടാകുന്നതാണ്.

(ഡി) സചിവോത്തമപുരം നഗറിലെ തൊഴിൽരഹിതർക്ക് ആവശ്യമായ പരിശീലനം നൽകി ഈ സംരംഭങ്ങളിൽ തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ഐ.ടി. പാർക്കുകളിൽ തൊഴിൽ പരിശീലനവും സംവരണവും

73 (846) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്ക്, ഇൻഫോപാർക്ക് അടക്കമുള്ള ഐ.ടി. പാർക്കുകളിൽ എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ പരിശീലനം ലഭ്യമാക്കുന്നത് പരിഗണനയിലുണ്ടോ?

പട്ടികജാതി വിഭാഗം യുവതീയുവാക്കൾക്കായി ടെക്നോപാർക്കിൽ വച്ച് ഡിജിറ്റൽ യൂണവേഴ്സിറ്റി കേരള മുഖേന സർട്ടിഫൈഡ് ബ്ലോക്ക്ചെയിൻ ആർക്കിടെക്ട്, പി.ജി. ഡിപ്ലോമ ഇൻ സൈബർ സെക്യൂരിറ്റി, സർട്ടിഫൈഡ് പ്രോഗ്രാം ഇൻ പി.സി.ബി. ഡിസൈൻ എന്നീ കോഴ്സുകൾ PM-AJAY പദ്ധതി പ്രകാരം നടപ്പാക്കി വരുന്നുണ്ട്. പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് ടെക്നോപാർക്ക്, ഇൻഫോപാർക്ക് അടക്കമുള്ള ഐ.ടി. പാർക്കുകളിൽ ഈ പരിശീലനം വഴി തൊഴിൽ ലഭിക്കുന്നതാണ്.

(ബി) ഐ.ടി. പാർക്കുകളിൽ നിയമനവുമായി ബന്ധപ്പെട്ട് എസ്.സി., എസ്.ടി. വിഭാഗക്കാർക്ക് നിലവിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവർക്ക് തൊഴിൽ പരിശീലനവും ജോലിയിൽ പ്രവേശിക്കുന്നതിന് സംവരണവും ഏർപ്പെടുത്തുന്നകാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

ഐ.ടി. പാർക്കുകളിൽ നിയമനവുമായി ബന്ധപ്പെട്ട് എസ്.സി., എസ്.ടി. വിഭാഗക്കാർക്ക് നിലവിൽ സംവരണം ഏർപ്പെടുത്തിയിട്ടില്ല. പട്ടികജാതി വിഭാഗത്തിന് തൊഴിൽ പരിശീലനം നൽകുന്നുണ്ട്.

ജോലിയിൽ പ്രവേശിക്കുന്നതിന് സംവരണം ഏർപ്പെടുത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

കാഞ്ഞാണി നഗറിൽ പുതിയ വ്യവസായ സംരംഭങ്ങൾ

74 (847) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനായി മണലൂർ പഞ്ചായത്തിലെ കാഞ്ഞാണി പട്ടികജാതി നഗറിൽ പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച എത്ര കെട്ടിടങ്ങൾ നിലവിലുണ്ട്; പ്രസ്തുത കെട്ടിടങ്ങൾക്ക് ആകെ എത്ര ചതുരശ്ര അടി വിസ്തീർണ്ണമുണ്ട്;

(ബി) പ്രസ്തുത കെട്ടിടങ്ങളിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത സ്ഥലത്ത് ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളിൽ പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പട്ടികജാതിക്കാർക്ക് ധനസഹായം നൽകി പ്രസ്തുത സ്ഥലത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(എ-ഡി) മണലൂർ പഞ്ചായത്തിലെ കാഞ്ഞാണി പട്ടികജാതി നഗറിൽ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികളുപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളില്ല. എന്നാൽ ജില്ലാപഞ്ചായത്തിന്റെ പദ്ധതികളുപയോഗിച്ച് നിർമ്മിച്ച കെട്ടിടമുണ്ട്. മണലൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വാർഡ് 8-ലാണ് ടി കെട്ടിടം പ്രവർത്തിക്കുന്നത്. കെട്ടിടത്തിന് 1237 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുണ്ട്. ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രസ്തുത കെട്ടിടത്തിൽ ജൂഡോ പരിശീലനം നടത്തിവരുന്നുണ്ട്. നിലവിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണ് കെട്ടിടം പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ പട്ടികജാതി വ്യവസായ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിനായി പ്രസ്തുത കെട്ടിടം ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ

75 (848) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ വിദ്യാർഥികളെ വിവിധ മത്സരപ്പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യപരിശീലനം നൽകുന്നതിനുമുള്ള പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ കണ്ണൂർ ജില്ലയിൽ എവിടെയെല്ലാം സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ കണ്ണൂർ ജില്ലയിലെ അഴീക്കോട് പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിനായി ഒരു കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ നിയോജകമണ്ഡലങ്ങളിലും വെർച്വൽ പി.ഇ.ടി.സി. ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ഡിസ്പെൻസറികളിലെ ജീവനക്കാർ

76 (849) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+ പട്ടികവർഗ വികസന വകുപ്പിനുകീഴിൽ ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നില്ല.

(ബി) വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം, സ്ഥാപനം, തസ്തിക എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഓരോ ഹോമിയോ ഡിസ്പെൻസറികളിലും മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, അറ്റൻഡർ, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളിലായി 4 പേർ വീതം ആകെ 29 ഹോമിയോ ഡിസ്പെൻസറികളിൽ 116 പേർ ജോലി ചെയ്യുന്നു.

(സി) പ്രസ്തുത ഹോമിയോ ഡിസ്പെൻസറികളിൽ ജോലിചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ എണ്ണം, സ്ഥാപനം, തസ്തിക എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പിൽ സ്ഥിരം ജീവനക്കാരെ ഇതുവരെ നിയമിച്ചിട്ടില്ല.

പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ

77 (850) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ക്രോഡീകരിച്ച ശിപാർശകൾ

വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്; വിശദാംശം നൽകാമോ?

വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ക്രോഡീകരിച്ച ശിപാർശകൾ 27-01-2022-ലെ SCDD/12293/2021-A1(ESTT A) നമ്പർ കത്ത് പ്രകാരം വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാമോ?

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പട്ടികജാതി വികസന വകുപ്പിൽ പ്രവൃത്തി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാർ ഇല്ലാത്തതുമൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മലപ്പുറം നഗരസഭയിൽ ഉൾപ്പെടെ മലപ്പുറം ജില്ലയിലെ പത്ത് നഗരസഭകളിൽകൂടി പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ

വിശദീകരിക്കാമോ; ഇക്കാര്യത്തിൽ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ ശിപാർശകളിൽ നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാമോ?

ഉണ്ട്. മലപ്പുറം ഉൾപ്പെടെ വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പട്ടികജാതി വികസന വകുപ്പിൽ പ്രവൃത്തി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പഠന റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പ്രൊപ്പോസൽ ലഭ്യമാക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. അത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഡിസ്പെൻസറികളിലെ മെഡിക്കൽ ഓഫീസർ നിയമനം

78 (851) <u>ശ്രീ. ചാണ്ടി ഉമ്മൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ ക്ഷേമ വകുപ്പുകൾക്കുകീഴിൽ പ്രവർത്തിച്ചുവരുന്ന ആയുർവേദ, ഹോമിയോ, അലോപ്പതി ഡിസ്പെൻസറികളുടെ വിവരങ്ങൾ നൽകാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ വിവിധ ജില്ലകളിലായി 29 ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നു. ഇവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ പട്ടികവർഗ വികസന വകുപ്പിനുകീഴിൽ സംസ്ഥാനത്ത് ആകെ 17 ആയുർവേദ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ പട്ടികവർഗ വികസന വകുപ്പിനുകീഴിൽ ഹോമിയോ, അലോപ്പതി ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നില്ല.

(ബി) പ്രസ്തുത ഡിസ്പെൻസറികളിലെ മെഡിക്കൽ ഓഫീസർമാരുടെ നിയമനം എപ്രകാരമാണ് നടത്തുന്നത്; മെഡിക്കൽ ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഹോമിയോ ഡിസ്പെൻസറികളിലെ മെഡിക്കൽ ഓഫീസർ തസ്തികകളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒരു വർഷത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമനം നടത്തിവരുന്നു. മെഡിക്കൽ ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം നിലവിലില്ല. പട്ടികവർഗ വികസന വകുപ്പിനുകീഴിലുള്ള ആയുർവേദ ഡിസ്പെൻസറികളിൽ മെഡിക്കൽ ഓഫീസർമാരുടെ നിയമനം നടത്തുന്നത് ഭാരതീയ ചികിത്സാ വകുപ്പാണ്. മെഡിക്കൽ ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം നിലവിലില്ല.

(സി) ഡിസ്പെൻസറികളിൽ മെഡിക്കൽ ഓഫീസർമാരുടെ സ്ഥിരനിയമനം നടത്തുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി, പട്ടികവർഗ വികസന വകുപ്പിനുകീഴിലുള്ള ഡിസ്പെൻസറികളിൽ മെഡിക്കൽ ഓഫീസർമാരുടെ സ്ഥിരനിയമനം നടത്തുന്നതിന് പട്ടികജാതി/പട്ടികവർഗ വികസന വകുപ്പുകളിൽ നടപടി സ്വീകരിച്ചിട്ടില്ല. പട്ടികവർഗ വികസന വകുപ്പിനുകീഴിലുള്ള ആയുർവേദ

ഡിസ്പെൻസറികളിലെ മെഡിക്കൽ ഓഫീസർ തസ്തിക ഭാരതീയ ചികിത്സാ വകുപ്പിന്റെ കേഡർ തസ്തികയാണ്.

പട്ടികജാതി വികസന ഓഫീസർമാരുടെ ജോലിഭാരം

79 (852) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന ഓഫീസർമാരുടെ ജോലിഭാരം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ ജോലിഭാരം കണക്കിലെടുത്ത് വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഉദ്യോഗ സ്ഥഭരണ പരിഷ്കാര വകുപ്പ് പട്ടികജാതി വികസന വകുപ്പിൽ പ്രവൃത്തി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) തദ്ദേശസ്ഥാപനങ്ങളിൽ ഇലക്ട്രിക് സ്കൂട്ടർ അനുവദിച്ച് സർക്കാർ ഉത്തരവിട്ടതുപോലെ ഫീൽഡ് വർക്കിലെ ജോലിഭാരം കണക്കിലെടുത്ത്

പട്ടികജാതി വികസന ഓഫീസർമാർക്കും ഇലക്ട്രിക് സ്കൂട്ടർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, തിരൂരങ്ങാടി മുനിസിപ്പാലിറ്റികളിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് - III തസ്തിക സൃഷ്ടിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (എ.ആർ.- 4) സമർപ്പിച്ച ശിപാർശയിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സമർപ്പിച്ച പ്രവൃത്തി പഠന റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പ്രൊപ്പോസൽ ലഭ്യമാക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

അക്രഡിറ്റഡ് എഞ്ചിനീയർമാരെ നിയമിക്കുന്ന നടപടി

80 (853) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ അക്രഡിറ്റഡ് എഞ്ചിനീയർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പിനുകീഴിൽ 2022-24 കാലയളവിൽ 300 അക്രഡിറ്റഡ് എഞ്ചിനീയർമാരുടെ ആദ്യ ബാച്ചിനെ നിയമിക്കുകയും പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത ബാച്ചിനെ തിരഞ്ഞെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇത്തരത്തിൽ അക്രഡിറ്റഡ് എഞ്ചിനീയർമാരെ നിയമിക്കുന്നതിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ?

സിവിൽ എഞ്ചിനീയറിങ്ങിൽ ബി.ടെക്/ഡിപ്ലോമ/ഐ.ടി.ഐ. പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിലെ യുവതീയുവാക്കൾക്ക് പ്രത്യേക പരിശീലനം നൽകി മികച്ച തൊഴിലുകൾ സംപ്രാപ്തമാക്കുന്നതിന്

സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതിയാണിത്. എഞ്ചിനീയറിങ് വൈദഗ്ധ്യം ആവശ്യമുള്ള വകുപ്പിന്റെ പദ്ധതികളുടെ നിർവഹണത്തിൽ വളരെ വലിയ പുരോഗതിയുണ്ടാക്കുന്നതിന് ഇവരുടെ സേവനം പ്രയോജനപ്പെടുന്നുണ്ട്. പ്രാവീണ്യം നേടിയിട്ടുള്ള പ്രൊഫഷനുമായി ബന്ധപ്പെട്ട് തൊഴിൽ നേടുന്നതിന് പ്രായോഗിക പരിജ്ഞാനം, അനുഭവജ്ഞാനം എന്നിവ ലഭ്യമാക്കുന്നതിനും അഭിമുഖങ്ങളിലും മറ്റും ആത്മവിശ്വാസത്തോടെ പങ്കെടുക്കുന്നതിനും പ്രസ്തുത പരിശീലന പദ്ധതിയിലൂടെ സാധിക്കുന്നുണ്ട്.

കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

81 (854) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് മാവേലിക്കര, ഭരണിക്കാവ് എസ്.സി.ഡി.ഒ. (ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്മെന്റ് ഓഫീസർ)-മാർ മുഖേന അനുവദിച്ചതും നടപ്പാക്കിയതുമായ കോർപ്പസ് ഫണ്ട് പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് മാവേലിക്കര, ഭരണിക്കാവ് എസ്.സി.ഡി.ഒ. (ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്മെന്റ് ഓഫീസർ)-മാർ മുഖേന അനുവദിച്ചതും നടപ്പാക്കിയതുമായ കോർപ്പസ് ഫണ്ട് പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

കാസർഗോഡ് ജില്ലയിലെ കോർപ്പസ് ഫണ്ട് വിനിയോഗം

82 (855) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എട്ട് വർഷക്കാലം കാസർഗോഡ് ജില്ലയിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

പട്ടികവർഗം

കഴിഞ്ഞ എട്ട് വർഷക്കാലം കാസർഗോഡ് ട്രൈബൽ ഓഫീസ് പരിധിയിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി

കഴിഞ്ഞ എട്ട് വർഷക്കാലം കാസർഗോഡ് ജില്ലയിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ നിയോജകമണ്ഡലം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ബി) കോർപ്പസ് ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കാമെന്നും ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

പട്ടികവർഗം

ടൈബൽ സബ്പ്ലാൻ സ്കീമുകളിലുണ്ടാകുന്ന നിർണ്ണായകമായ വിടവ് നികത്തുന്നതിനാണ് കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നത്. മാനവ വിഭവ വികസനം, അടിസ്ഥാനാവശ്യങ്ങൾ, സാമ്പത്തിക വികസനം മുതലായവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രോജക്ടുകൾക്കാണ് ഉപയോഗിക്കുന്നത്. കൂടാതെ ഇന്റർനെറ്റ് കണക്ടിവിറ്റി, ഓൺലൈൻ വിദ്യാഭ്യാസം, മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ, ജീവനോപാധി പ്രവർത്തനങ്ങൾ, വീടുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനും ശുചിത്വം, വീട് വയറിങ്ങ്,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈദ്യുതീകരണം, ബി.പി.എൽ.-കാർക്ക് പാചകവാതക കണക്ഷൻ, നൈപുണ്യ വികസനം, സ്വയംതൊഴിൽ, കമ്മ്യൂണിറ്റിഹാൾ നിർമ്മാണം, ലൈബ്രറി, കമ്മ്യൂണിറ്റി ഫെസിലിറ്റേഷൻ സെന്റർ, നടപ്പാത നിർമ്മാണം, കൂടാതെ സമർഥരായ പട്ടികവർഗ വിദ്യാർഥികൾക്ക് ദേശീയ/അന്തർദേശീയ തലത്തിൽ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും വിദേശത്ത് ജോലി നേടുന്നതിനും, അവിവാഹിതരായ അമ്മമാരുടെ പുനരധിവാസം, കുടുംബശ്രീ വിപുലീകരണം, പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ധനസഹായം മുതലായവയ്ക്കായി ചെലവാക്കാവുന്നതാണ്.

പട്ടികജാതി

18-9-2014 ലെ സ.ഉ.(കൈ)നം. 68/14/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കുടിവെള്ള വിതരണം, ഗതാഗതസൗകര്യ വികസനം, വൈദ്യുതി വിതരണം, പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർഥികളുടെ സമഗ്ര പുരോഗതി (വിദ്യാഭ്യാസം, സാംസ്കാരികം, കായികം) തുടങ്ങിയ മേഖലകളിൽ കോർപ്പസ് ഫണ്ട്

വിനിയോഗിക്കാവുന്നതാണ്. അടങ്കൽ തുക 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് ജില്ലാതല വർക്കിങ് ഗ്രൂപ്പിന്റെ അനുമതിയോടെയും 25 ലക്ഷത്തിന് മുകളിലുള്ള പദ്ധതികൾ പട്ടികജാതി/പട്ടികവർഗ ജില്ലാതല സമിതിയുടെ അംഗീകാരത്തോടെയും സംസ്ഥാനതല വർക്കിങ് ഗ്രൂപ്പിന്റെ അനുമതിയോടെയും നടപ്പാക്കുന്നു.

(സി) ഈ അടുത്തകാലത്ത് കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിലും വിനിയോഗിക്കുന്നതിലും നിയമഭേദഗതികൾ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിലും വിനിയോഗിക്കുന്നതിലും അടുത്തകാലത്ത് നിയമഭേദഗതികൾ വന്നിട്ടില്ല.

വർക്കല നിയോജകമണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പദ്ധതികൾ

83 (856) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് വർക്കല നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ചുള്ള എത്ര വികസന പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പ് മുഖേന മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് വർക്കല നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ വികസന പദ്ധതികളുടെ വിവരങ്ങൾ (2016-17 മുതൽ 2024-25 വരെയുള്ള), പദ്ധതികളുടെ നിർമ്മാണ പുരോഗതി എന്നിവ അനുബന്ധമായി ചേർക്കുന്നു.+

പഴയന്നൂർ ബ്ലോക്കിലെ വികസന പ്രവർത്തനങ്ങൾ

84 (857) ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിനുകീഴിൽ നിലവിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദാംശം നൽകാമോ;

(ബി) ഇതിൽ കോർപ്പസ് ഫണ്ട് മുഖേന നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിനുകീഴിൽ നിലവിൽ അംബേദ്കർ ഗ്രാമം പദ്ധതി മുഖേനയും കോർപ്പസ് ഫണ്ട് മുഖേനയും നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ പാലം നിർമ്മാണം

85 (858) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ എസ്.ടി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ആറ്റുമൺപുറം പാലം, നാരകത്തിൻകാല-മുണ്ടൻകുഴി പാലം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആറ്റുമൺപുറം പാലം പൂർത്തീകരണത്തിനും അപ്രോച്ച് റോഡ് നിർമ്മാണത്തിനുമുള്ള 141 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി എൽ.എസ്.ജി.ഡി. സൂപ്രണ്ടിങ് എഞ്ചിനീയർ പരിശോധിക്കുകയും അത് ന്യൂനതകൾ പരിഹരിക്കുന്നതിന് വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുമുണ്ട്. നാരകത്തിൻകാല-മുണ്ടൻകുഴി പാലം നിർമ്മാണത്തിനുള്ള 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 23-08-2024-ന് സാങ്കേതികാനുമതി ലഭ്യമായതായും സോയിൽ ടെസ്റ്റ് കഴിഞ്ഞ് 23-01-2025-ന് കരാറുകാരനുമായി എഗ്രിമെന്റ് വച്ചതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകുന്നതാണ്.

പട്ടികജാതി വികസന പദ്ധതികളിലെ കുടിശ്ശിക

86 (859) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിവരുന്ന സേഫ്, പഠനമുറി, വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽസഹായം തുടങ്ങിയ പദ്ധതികളിലെ ഗുണഭോക്താക്കളിൽ ഇനിയും തുക ലഭിക്കാത്തവർ എത്ര; ഓരോ പദ്ധതിയിലും എത്ര തുക വീതം അനുവദിക്കാൻ കുടിശ്ശികയുണ്ടെന്ന് പദ്ധതി തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിവരുന്ന മറ്റേതെല്ലാം പദ്ധതികളിലാണ് നിലവിൽ കുടിശ്ശികയുള്ളത്; ഓരോ പദ്ധതിയിലും എത്ര ഗുണഭോക്താക്കൾക്ക് തുക അനുവദിക്കാൻ ബാക്കിയുണ്ട്; ഓരോ പദ്ധതിയിലെയും കുടിശ്ശിക എത്ര; വിശദാംശങ്ങൾ തരം തിരിച്ച് ലഭ്യമാക്കുമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പ് നടപ്പാക്കി വരുന്ന 'സേഫ്', 'പഠനമുറി' പദ്ധതികൾക്ക് നിലവിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. ടി പദ്ധതികളിൽ നിലവിൽ കുടിശ്ശികയില്ല. മറ്റ് പദ്ധതികളിലെ തുക ലഭിക്കാത്ത ഗുണഭോക്താക്കളുടെ എണ്ണവും കുടിശ്ശിക സംബന്ധിച്ച വിവരവും ശേഖരിച്ച് നൽകുന്നതാണ്.

(സി) പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിവരുന്ന എല്ലാ പദ്ധതികളിലും അടിയന്തരമായി കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഫണ്ട് ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ തുക വിതരണം ചെയ്തുവരുന്നുണ്ട്.

ഗോത്രവർഗ കലാ മേള

87 (860) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കിർത്താഡ്സിൽ വർഷംതോറും നടത്തിവരുന്ന ഗോത്രവർഗ കലാ മേളയായ 'നെറതിങ്ക'-യുടെ സംഘാടന നിർവഹണ ചുമതല ആർക്കാണെന്ന് അറിയിക്കുമോ?

കിർത്താഡ്സ് വകുപ്പ് തന്നെയാണ് 'നെറതിങ്ക' എന്ന പേരിൽ നടത്തുന്ന ഗോത്രകലാമേള സംഘടിപ്പിക്കുന്നത്.

(ബി) പ്രസ്തുത മേളയ്ക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ, മറ്റ് ഏജൻസികൾ എന്നിവയുടെ ഭാഗത്തുനിന്നും സഹായം നൽകി വരുന്നുണ്ടോ?

'നെറതിങ്ക' പൂർണ്ണമായും കേന്ദ്ര/സംസ്ഥാന ഫണ്ട് ഉപയോഗിച്ചാണ് നടത്തിവരുന്നത്.

(സി) ഒരു വർഷം മേളയ്ക്ക് എത്ര രൂപ ചെലവഴിക്കാറുണ്ട്?

സംസ്ഥാന സർക്കാർ ധനസഹായത്താൽ 2022-23 വർഷം 11.59 ലക്ഷം രൂപയും 2023-24 വർഷം 19.33 ലക്ഷം രൂപയും 'നെറതിങ്ക'-യ്ക്കായി ചെലവഴിച്ചിരുന്നു. 2024-25 വർഷം കേന്ദ്ര സർക്കാർ ധനസഹായംകൊണ്ട്

നടത്തിയ 'നെറതിങ്ക'-യുടെ ബിൽ സെറ്റിൽമെന്റ് അവസാനഘട്ടത്തിലാണ്. നിലവിൽ 53.71 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഡി) മേളയുടെ നടത്തിപ്പിന് ഏതെങ്കിലും മാർഗനിർദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

'നെറതിങ്ക'-യ്ക്കായി അതത് വർഷം തയ്യാറാക്കി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് സർക്കാർ അംഗീകാരം നൽകിയാണ് മേള നടത്താറുള്ളത്.

വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ് കെട്ടിട നിർമ്മാണം

88 (861) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി ഇതുവരെ 80% പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. അഡ്മിനിസ്ട്രീവ് ബിൽഡിങ്ങിന്റെ പ്ലാസ്റ്ററിങ്, ഫ്ലോറിങ്, ഹാൻഡ് റെയിൽ വർക്ക് എന്നിവ പൂർത്തീകരിച്ചു. കതക്, ഗ്രിൽവിൻഡോ സ്ഥാപിച്ചു. ഫൈനൽ പെയിന്റിങ്, ഇലക്ട്രിക്കൽ വർക്ക്, പ്ലംബിങ്, അലുമിനിയം ജനൽ വർക്ക് എന്നിവ പൂർത്തീകരിക്കാനുണ്ട്.

ഹോസ്റ്റൽ ബിൽഡിങ്ങിന്റെ സ്ട്രക്ചറൽ വർക്ക്, ബ്രിക്ക് വർക്ക്, ഗ്രിൽ ഫിക്സിങ്, ഡോർ ഫ്രെയിം ഫിക്സിങ്, പ്ലാസ്റ്ററിങ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. സാനിട്ടറി വർക്ക് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഫ്ലോറിങ്, പെയിന്റിങ്, ഇലക്ട്രിക്കൽ വർക്ക്, പ്ലംബിങ്, അലുമിനിയം ജനൽ വർക്ക് എന്നിവ പൂർത്തീകരിക്കാനുണ്ട്. സെപ്റ്റിക് ടാങ്ക്, മഴവെള്ള സംഭരണി എന്നിവ പുരോഗതിയിലാണ്. 3 മാസത്തിനകം പദ്ധതി പൂർത്തീകരിക്കാമെന്ന് നിർവഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

ഉന്നതി പദ്ധതി

89 (862) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 'ഉന്നതി' പദ്ധതി നടപ്പാക്കിവരുന്നുണ്ടോ?

ഉണ്ട്. പട്ടികജാതി, പട്ടികവർഗ വകുപ്പുകൾമുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ കാര്യക്ഷമമാക്കുക എന്ന ആശയത്തോടെ ഉന്നതി എന്ന പൊതുനാമത്തിനുകീഴിൽ നടപ്പാക്കിവരുന്നു. യുവസംരംഭകർക്ക് പരിശീലനവും പ്രോത്സാഹനവും നൽകുന്നതിന് ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിക്കുകയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുന്നു. ഉന്നതി സൊസൈറ്റിയെ നിലവിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പ്രവർത്തന പദ്ധതികളുമായി ബന്ധപ്പെടുത്തിയിട്ടില്ല.

(ബി) 'ഉന്നതി' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്?

പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് കൃത്യമായ മാർഗനിർദേശവും പരിശീലനവും സാമ്പത്തികസഹായവും ശരിയായ മാനേജ്മെന്റ് പിന്തുണയും നൽകി ആധുനിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുക, സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ യുവാക്കൾക്കിടയിൽ തൊഴിലവസരങ്ങളും വരുമാനവും സ്വാശ്രയബോധവും സൃഷ്ടിക്കുക, പട്ടികജാതി പട്ടികവർഗ യുവാക്കളെ സംരംഭകരായും തൊഴിൽദാതാക്കളായും സജ്ജമാക്കുക, പട്ടികജാതി-പട്ടികവർഗ ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസ-ആരോഗ്യ-സാമ്പത്തിക ഉന്നമനം, സാമൂഹ്യസുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുക, എസ്.സി., എസ്.ടി. സംരംഭകരുടെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, വിവിധ സർക്കാർ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുക, സ്വദേശത്തും വിദേശത്തുമുള്ള തൊഴിൽ സാധ്യതകൾ വിലയിരുത്തി തൊഴിൽ നൈപുണ്യ പരിശീലനം നൽകി തൊഴിൽലഭ്യത ഉറപ്പുവരുത്തുക, ഇതുവഴി പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലെ ജനതയുടെ

തൊഴിലില്ലായ്മ പരിഹരിക്കുക എന്നിവ പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകൾവഴി കാര്യക്ഷമമായി നിർവഹിക്കുകയാണ് ഉദ്ദേശ്യലക്ഷ്യം.

(സി) ഉന്നതിയുടെ പ്രവർത്തനത്തിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉന്നതിയുടെ പ്രവർത്തനത്തിൽ തടസ്സങ്ങളുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഉദുമ നിയോജകമണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

90 (863) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലുൾപ്പെടുത്തി ഉദുമ നിയോജകമണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ?

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് പട്ടികവർഗ വികസന വകുപ്പിന്റെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 2020-21 വർഷത്തിൽ ഉദുമ നിയോജകമണ്ഡലത്തിലെ ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് ഉന്നതിയെയും 2022-23 വർഷത്തിൽ കുറ്റിക്കോൽ പഞ്ചായത്തിലെ കൂട്ടം ഉന്നതിയെയും തിരഞ്ഞെടുത്തിരുന്നു. ചെമ്പക്കാട് ഉന്നതിയിൽ 14 പുതിയ വീടുകളുടെ നിർമ്മാണം രണ്ടാം ഘട്ടവും 2 വീടുകളുടെ പുനരുദ്ധാരണവും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ചെമ്പക്കാട് റോഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൂട്ടം ഉന്നതിയിലെ പ്രവൃത്തികളുടെ നിർവഹണ ഏജൻസിയായി ജില്ലാ നിർമ്മിതി കേന്ദ്രയെ തിരഞ്ഞെടുത്തിട്ടുണ്ട്. ഡി.പി.ആർ. ലഭ്യമായിട്ടില്ല.

പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിങ് സെന്ററുകൾ

91 (864) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കൾക്ക് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിങ് സെന്ററുകൾ മുഖേന പൊലീസിലും കേന്ദ്ര സേനയിലും മറ്റ് സെക്യൂരിറ്റി വിഭാഗങ്ങളിലും ജോലി ലഭിക്കുന്നതിനായി 2016 മുതൽ 2024 വരെ എത്ര പേർക്ക് ട്രെയിനിങ് നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിങ് സെന്റർ എന്ന സ്ഥാപനം മുഖേന 2019-20 വർഷം നടപ്പാക്കിയ സെക്യൂരിറ്റി ഗാർഡ് പരിശീലന പദ്ധതി പ്രകാരം 96 പേർക്കും 2022-23 വർഷം നടപ്പാക്കിയ പ്രീ-റിക്രൂട്ട്മെന്റ് പരിശീലന പദ്ധതി പ്രകാരം 706 പേർക്കും പരിശീലനം നൽകിയിട്ടുണ്ട്.

(ബി) ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ട്രെയിനിങ് നൽകപ്പെട്ടവരുടെ പേരുവിവരവും ലഭ്യമാക്കാമോ?

2019-20, 2022-23 വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	പരിശീലനം	ചെലവഴിച്ച തുക (രൂപയിൽ)

2019-20	സെക്യൂരിറ്റി ഗാർഡ് പരിശീലനം	18,25,000/-
2022-23	പ്രീ-റിക്രൂട്ട്മെന്റ് പരിശീലനം	1,50,24,000/-

മേൽ പരാമർശിച്ചിട്ടുള്ള പരിശീലന പദ്ധതികൾപ്രകാരം പരിശീലനം നേടിയവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.+

നന്ദിയോട് ഗ്രാമപഞ്ചായത്തിലെ 'ക്ലൺ ഗ്രാമം' പദ്ധതി

92 (865) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും പട്ടികവർഗ വികസന വകുപ്പുമായി സഹകരിച്ച് വാമനപുരം നിയോജകമണ്ഡലത്തിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന 'ക്ലൺ ഗ്രാമം' പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും പട്ടികവർഗ വികസന വകുപ്പും സംയുക്തമായി നടപ്പാക്കുന്ന ഒരു പദ്ധതിയാണിത്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പാക്കുന്ന കേന്ദ്ര പദ്ധതിയായ RKVY-RAFTAAR 2022-23-ൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 100 മഷ്റൂം വില്ലേജുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി പട്ടികവർഗക്കാർക്കായി തിരുവനന്തപുരം ജില്ലയെ പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുത്തു. ഒരു കുൺ ഗ്രാമത്തിന് ചെലവ് വരുന്ന 68.125 ലക്ഷം രൂപയിൽ 30.25 ലക്ഷം രൂപ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വിഹിതവും 37.875 ലക്ഷം രൂപ പട്ടികവർഗ വികസന വകുപ്പിന്റെ വിഹിതമായി പൂൾഡ് ഫണ്ടിൽ ഉൾപ്പെടുത്തിയാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിലെ വാമനപുരം ടൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ സേവന പരിധിയിലുള്ള 75 ഗുണഭോക്താക്കളുടെ ലിസ്റ്റ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ സമർപ്പിക്കുകയും പദ്ധതി നടത്തിപ്പിനായി 16-12-2023-ന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷനിലെ കൃഷി ജോയിന്റ് ഡയറക്ടറുടെ അധ്യക്ഷതയിൽ യോഗം ചേരുകയും അതുപ്രകാരം 5 ഘട്ടമായി

സംസ്ഥാനത്ത് നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ 20 ക്ലസ്റ്റർ ഗ്രാമങ്ങളിലെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. രണ്ടാംഘട്ടത്തിൽ എസ്.ടി. ഗുണഭോക്താക്കൾക്കുള്ള പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിക്ക് പട്ടികവർഗ വികസന വകുപ്പ് അനുമതി ഉത്തരവ് നൽകുകയും അതിൽ എം.ഒ.യു. വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ 24-07-2024-ൽ ബന്ധപ്പെട്ട വകുപ്പുമായി യോഗം ക്കൂടുകയും യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി കരാർ അടിയന്തരമായി വയ്ക്കുന്നതിനും അത് ലഭ്യമാകുന്നമുറയ്ക്ക് മാത്രമെ ഫണ്ട് അനുവദിക്കുകയുള്ളുവെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ബന്ധപ്പെട്ട വകുപ്പിലെ പ്രതിനിധികൾ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കുള്ള കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്രയാണെന്നും തുക കൈമാറിയിട്ടുണ്ടോയെന്നും ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ടോയെന്നും വിശദമാക്കാമോ?

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, കേരള മുഖാന്തരം നടപ്പാക്കുന്ന രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ 'ക്ലൺ ഗ്രാമം' പദ്ധതിയിൽ കേന്ദ്ര വിഹിതമായി 18.15 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 12.10 ലക്ഷം രൂപയും നിശ്ചയിച്ചിട്ടുണ്ട്. പട്ടികവർഗ വികസന വകുപ്പിന്റെ വിഹിതമായി 37.875 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതി കരാർ വയ്ക്കുന്നമുറയ്ക്ക് ഫണ്ട് ലഭ്യമാക്കുന്നതാണ്.

(സി) ഹോർട്ടികൾച്ചർ മിഷൻ പട്ടികവർഗ വികസന വകുപ്പുമായി എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ടോയെന്നും പദ്ധതി എന്ന് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കുമോ?

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പട്ടികവർഗ വികസന വകുപ്പുമായി എം.ഒ.യു. ഒപ്പുവച്ചിട്ടില്ല. 2025-26 വർഷത്തിൽ പദ്ധതി പുനർനിർണ്ണയത്തിനായി ഹോർട്ടികൾച്ചർ മിഷൻ പ്രൊപ്പോസൽ

സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പട്ടികവർഗ വികസന വകുപ്പിന്റെ വർക്ക് ഓർഡർ പ്രകാരം തുടർനടപടി സ്വീകരിക്കുന്നമുറയ്ക്ക് ഫണ്ട് അനുവദിച്ച് പദ്ധതി നടപ്പാക്കുന്നതാണ്.

മണ്ണന്തല അംബേദ്കർ ഭവൻ നവീകരണം

93 (866) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തല അംബേദ്കർ ഭവനിൽ ശോച്യാവസ്ഥയിലായ ടെയിനിങ് സെന്റർ നവീകരണം നടത്തി സർക്കാർ വകുപ്പുകളുടെ ടെയിനിങ് സെന്ററായി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

അംബേദ്കർ ഭവനിലെ എല്ലാ നിലകളിലെയും ടോയ്ലറ്റുകൾ വാട്ടർപ്രൂഫാക്കുന്നതിനും പ്ലംബിങ് വർക്കുകൾ നടത്തുന്നതിനും ടെറസ് വാട്ടർ പ്രൂഫാക്കുന്നതിനും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലഭ്യമാക്കിയ 96,93,500/- രൂപയുടെ

എസ്റ്റിമേറ്റും അംബേദ്കർ ഭവന്റെ പെയിന്റിങ്ങിനായും ഓഡിറ്റോറിയത്തിന്റെ പണിയുടെയും അംബേദ്കർ ഭവന്റെ നടുത്തളത്തിന് മുകളിലെ തകരാറിലായ ഷീറ്റുകൾ മാറ്റിപ്പണിയുന്നതിനും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലഭ്യമാക്കിയ 60,40,600/- രൂപയുടെ എസ്റ്റിമേറ്റും വകുപ്പുതല വർക്കിങ് ഗ്രൂപ്പിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) മികച്ച അടിസ്ഥാന സൗകര്യങ്ങളും പാർക്കിങ് സൗകര്യങ്ങളുമുള്ള പ്രസ്തുത സെന്റർ പൊതുജനാവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത ക്യാമ്പസിലെ ഹോസ്റ്റലുകളും രണ്ട് കുളങ്ങളും നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഹോസ്റ്റൽ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. അംബേദ്കർ ഭവൻ കോമ്പൗണ്ടിലെ കുളം

നവീകരണവുമായി ബന്ധപ്പെട്ട കരാർനടപടി പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാട്ടാക്കട നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

94 (867) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

നിലമേൽ ഗ്രാമം (2016-17), തേരിക്കവിള (2016-17) എന്നീ ഗ്രാമങ്ങളുടെ പദ്ധതി പൂർത്തീകരിച്ചു. കണ്ടല പട്ടികജാതി ഗ്രാമത്തിന്റെ (2019-20) പ്രവൃത്തി അവസാനഘട്ടത്തിലാണ്. വെള്ളമാന്തർകോണം ഗ്രാമത്തിലെ (2023-24) വീട് അറ്റകുറ്റപ്പണികൾ പ്രവൃത്തി പുരോഗമിക്കുന്നു. കാവലോട്ടുകോണം ഗ്രാമം (2021-22) ഫീസിബിൾ അല്ലാത്തതിനാൽ മറ്റൊരുഗ്രാമമായ കുരിശുമുട്ടം ഗ്രാമത്തെകൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. മുതുവല്ലൂർ

പറയർക്കോണം ഗ്രാമം (2022-23) പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കാനാകുമെന്നും അതിലെ കാലതാമസത്തിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

കണ്ടല പട്ടികജാതി ഗ്രാമത്തിന്റെ (2019-20) പ്രവൃത്തികൾ രണ്ടാഴ്ചയ്ക്കുള്ളിൽ പൂർത്തീകരിക്കുന്നതാണെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്. പാർട്ട് ബിൽ മാറുന്നതിനുള്ള കാലതാമസം, കൂടാതെ ഫൈനൽ ബിൽ ലഭ്യമായിട്ടില്ല എന്നിവയാണ് പദ്ധതി പൂർത്തീകരണത്തിലെ കാലതാമസത്തിന്റെ കാരണങ്ങൾ. വെള്ളമാന്തുർകോണം ഗ്രാമത്തിന്റെ (2023-24) പ്രവൃത്തി പുരോഗമിക്കുന്നു. ഏജൻസി പാർട്ട് ബിൽ നൽകിയിട്ടില്ല. എം.ഒ.യു. ഒപ്പുവച്ച് ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കേണ്ടതാണ്.

കണ്ണൂർ ജില്ലയിലെ പ്രീ-എക്സാമിനേഷൻ സെന്ററുകൾ

95 (868) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എസ്.സി. വകുപ്പിന് കീഴിലായി പ്രീ-എക്സാമിനേഷൻ സെന്റർ എവിടെയൊക്കെയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഏതൊക്കെ സ്ഥലങ്ങളിൽ കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുണ്ട്?

(എ&ബി) പട്ടികജാതി വികസന വകുപ്പിനുകീഴിൽ കണ്ണൂർ ജില്ലയിലെ അഴീക്കോടിൽ പ്രീ-എക്സാമിനേഷൻ ടെയിനിങ് സെന്ററിനായി ഒരു കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) നിർമ്മാണം പൂർത്തിയായ എല്ലാ സെന്ററിന്റെയും ഉദ്ഘാടനം നിർവഹിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഉദ്ഘാടനം നിർവഹിച്ച സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(സി&ഡി) സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചിട്ടില്ല.

പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘങ്ങൾ

96 (869) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന എത്ര പട്ടികവർഗ സർവീസ് സഹകരണ സംഘങ്ങളുണ്ട്; അവയുടെ വിശദാംശം ലഭ്യമാക്കുമോ?

പുനലൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ സർവീസ് സഹകരണ സംഘങ്ങൾ നിലവിൽ പ്രവർത്തനക്ഷമമല്ല.

(ബി) പ്രവർത്തനം അവസാനിപ്പിച്ച സംഘങ്ങളുണ്ടെങ്കിൽ അവയുടെ വിശദാംശം നൽകുമോ?

3 സംഘങ്ങളുണ്ട്.

1) Q 800- അച്ചൻകോവിൽ ഗിരിജൻ CS Ltd- സംഘത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി നിലവിലുണ്ട്. സംഘം തുറന്നുപ്രവർത്തിക്കുന്നില്ല.

2) Q 978- ആര്യങ്കാവ് ഗിരിജൻ CS Ltd- സംഘത്തിൽ ഭരണ സമിതി നിലവിലില്ല. സംഘം സെക്രട്ടറി അനധികൃതമായി അവധിയിലാണ്. മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് നിലവിലുള്ളത്.

3) Q 566- ഉറുകുന്ന് SC/ST CS Ltd – സംഘത്തിൽ ഭരണസമിതി നിലവിലില്ല. സംഘത്തിൽ സ്ഥിരം ജീവനക്കാരില്ല.

(സി) കൊല്ലം ജില്ലയിലെ ആര്യങ്കാവ് പട്ടികവർഗ സർവീസ് സഹകരണ സംഘം പ്രവർത്തനം അവസാനിപ്പിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ?

സംഘത്തിൽ ഭരണസമിതി നിലവിലില്ലാത്തതും സംഘം സെക്രട്ടറി അനധികൃതമായി അവധിയിലായതുമാണ് സംഘം പ്രവർത്തനം അവസാനിപ്പിക്കാനിടയായ സാഹചര്യം. മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് നിലവിലുള്ളത്.

(ഡി) പ്രസ്തുത സംഘത്തിൽ തിരഞ്ഞെടുപ്പ് നടത്തി അതിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), പുനലൂർ മുഖേന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സംഘത്തിൽ 28-02-2025-ൽ ഭരണസമിതി തിരഞ്ഞെടുപ്പ് നടത്തുന്നതിന് സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

97 (870) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട പട്ടികജാതി നഗറുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കാരന്താട് നഗർ, മാടക്കാംപൊയിൽ നഗർ, കുക്കാനം നഗർ എന്നീ ഗ്രാമങ്ങളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൊരമ്പക്കല്ല് നഗർ നവീകരണത്തിന് ഉൾപ്പെടുത്തിയിട്ടുള്ള ഫുട്പാത്ത് നിർമ്മാണം, ഭവന പുനരുദ്ധാരണം,

ഇന്റേണൽ റോഡ്, കോൺക്രീറ്റ് റോഡ്, ഡ്രെയിനേജ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സാംസ്കാരിക നിലയം, അങ്കണവാടി എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേനോൻകുന്ന് നഗറിലെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന്റെ സ്ട്രക്ചറൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. കോൺക്രീറ്റ് റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ ഇതുവരെയും ആരംഭിച്ചിട്ടില്ല. വാടിപ്പുറം നഗറിന്റെ നവീകരണവുമായി ബന്ധപ്പെട്ട പ്രാരംഭയോഗം നടന്നിട്ടുണ്ട്.

(ബി) പ്രവൃത്തികൾ പൂർത്തീകരിച്ച് ഓരോന്നിന്റെയും ഉദ്ഘാടനം എപ്പോൾ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

പൂർത്തിയാക്കാൻ ശേഷിക്കുന്ന പ്രവൃത്തികൾ 3 മാസത്തിനകം പൂർത്തീകരിക്കുന്നതിന് കണ്ണൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദേശം നൽകിയിട്ടുണ്ട്.

ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമാക്കാൻ നടപടി

98 (871) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ ഇപ്പോഴും വൈദ്യുതി ലഭ്യമല്ലാത്ത മേഖലകൾ കണ്ടെത്തിയിട്ടുണ്ടോയെന്നും അവർക്ക് വൈദ്യുതി ലഭ്യമാക്കാൻ പട്ടികവർഗ ക്ഷേമ വകുപ്പ്, വൈദ്യുതി വകുപ്പുമായി ചേർന്ന് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അത് എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ?

പട്ടികവർഗ മേഖലകളിൽ ഇനിയും വൈദ്യുതീകരിക്കാത്ത പട്ടികവർഗ നഗറുകൾ വൈദ്യുതീകരിക്കുന്നതിന്റെ ഭാഗമായി 19 പട്ടികവർഗ നഗറുകൾ വൈദ്യുതീകരിക്കുന്നതിന് കെ.എസ്.ഇ.ബി. ലഭ്യമാക്കിയ 21.08 കോടി രൂപയുടെ പ്രൊപ്പോസലിൽ വകുപ്പിന്റെ വിഹിതമായി 20 ശതമാനം തുകയായ 4.22 കോടി രൂപ കെ.എസ്.ഇ.ബി.-ക്ക് അനുവദിച്ചിരുന്നു. പ്രസ്തുത 19 പട്ടികവർഗ നഗറുകളിൽ 8 പട്ടികവർഗ നഗറുകളുടെ വൈദ്യുതീകരണം നിലവിൽ കെ.എസ്.ഇ.ബി. പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം,

പാലക്കാട്, ഇടുക്കി, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ 30 പട്ടികവർഗ നഗറുകളിൽ സോളാർ വൈദ്യുതീകരണം നടപ്പാക്കുന്നതിന് 3697.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അനെർട്ട് ലഭ്യമാക്കിയിരുന്നു. അതിന്മേൽ ജില്ലാ ഓഫീസുകളിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രസ്തുത നഗറുകളുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് അനെർട്ടിൽനിന്നും ലഭ്യമാക്കി വൈദ്യുതീകരണം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പിന്നാക്ക മേഖലകളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി. തനത് ഫണ്ടിൽനിന്നും 20.5 കോടി രൂപ ചെലവഴിച്ച് 34 പട്ടികവർഗ നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണവും ഒരു നഗറിൽ സോളാർ വൈദ്യുതീകരണവും പൂർത്തീകരിച്ച് ടി നഗറുകളിലെ 610 വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ മാങ്ങാപ്പാറ, തായ്പണംകുടി, ആലാപെട്ടികുടി, ചെമ്പക്കാട്ടുകുടി, പാളപെട്ടികുടി, അമ്പലപ്പടിക്കുടി, കണ്ടത്തിക്കുടി, ആണ്ടവൻകുടി നഗറുകൾ വൈദ്യുതീകരിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ നടപ്പാക്കുന്ന PM-JANMAN

പദ്ധതിയുടെ ഭാഗമായി മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ് ലഭ്യമാക്കിയ വിവരങ്ങളുടെയടിസ്ഥാനത്തിൽ പി.വി.റ്റി.ജി. വിഭാഗത്തിൽപ്പെട്ട 345 ഗ്രണഭോക്താക്കളെ കെ.എസ്.ഇ.ബി. കണ്ടെത്തി അതിൽ 312 പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ശേഷിക്കുന്നവ പുരോഗമിച്ചുവരുന്നു.

(ബി) വൈദ്യുതിയുള്ള മേഖലകളിൽ കേബിൾ നെറ്റ്വർക്കോ ടവറുകളുടെ അഭാവമോമൂലം വിദ്യാർഥികൾക്ക് ഡിജിറ്റൽ പഠനം അസാധ്യമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

(ബി&സി) സംസ്ഥാനത്തെ വിദൂരങ്ങളായ പട്ടികവർഗ നഗറുകളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി എത്തിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പട്ടികവർഗ നഗറുകളിലെ വൈദ്യുതിയുള്ള മേഖലകളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കുന്നതിനായി മൊബൈൽ ഇന്റർനെറ്റ് കണക്ടിവിറ്റിയില്ലാത്ത പട്ടികവർഗ നഗറുകൾ കണ്ടെത്തി

പ്രസ്തുത പ്രദേശങ്ങളിൽ പട്ടികവർഗ വികസന വകുപ്പ്, ത്രിതലപഞ്ചായത്ത്, എം.പി. ഫണ്ട്, സി.എസ്.ആർ. ഫണ്ട്, ജില്ലാഭരണകൂടത്തിന്റെ ഫണ്ട് എന്നിവയുൾപ്പെടെയുള്ള വിവിധ ഫണ്ടുകളുപയോഗിച്ച് ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ നിർവഹിച്ചുവരുന്നു. സംസ്ഥാനത്തെ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കേണ്ടതായി കണ്ടെത്തിയിരുന്ന 1284 പട്ടികവർഗ മേഖലകളിൽ 1119 നഗറുകളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുകയും ശേഷിക്കുന്ന 165 പട്ടികവർഗ നഗറുകളിൽ 4G സാച്ചുറേഷൻ ലഭ്യമാക്കുന്നതിനായി ബി.എസ്.എൻ.എൽ. മുഖേന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ ഒപ്റ്റിക്കൽ ഫൈബർ കണക്ഷനിലൂടെ കണക്ടിവിറ്റി എത്തിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ ബി.എസ്.എൻ.എൽ., ജിയോ, പ്രാദേശിക കേബിൾ ഓപ്പറേറ്റർമാർ ഉൾപ്പെടെയുള്ള ഇന്റർനെറ്റ് സേവനദാതാക്കളുടെ സഹകരണവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തി വരുന്നു.

വടക്കാഞ്ചേരി ബ്ലോക്കിലെ വികസന പ്രവൃത്തികൾ

99 (872) ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചേലക്കര നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിനുകീഴിൽ വരുന്ന മുള്ളൂർക്കര, വരവൂർ, ദേശമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിലുൾപ്പെടുന്ന പട്ടികജാതി സങ്കേതങ്ങളിൽ എന്തൊക്കെ വികസന പ്രവൃത്തികളാണ് നടന്നുവരുന്നത്; അവയുടെ വിശദാംശങ്ങൾ പ്രത്യേകം വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ ചികിത്സാ ധനസഹായം

100 (873) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെകാലത്ത് കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് അറിയിക്കാമോ;

(ബി) അതിൽ ആർക്കൊക്കെ എത്ര തുക വീതം ധനസഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് ചികിത്സാ ധനസഹായത്തിനായി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗങ്ങളിൽനിന്നും 161 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ ധനസഹായം അനുവദിച്ച 144 പേരുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം അനുവദിച്ചത് സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

വിവാഹ ധനസഹായം

101 (874) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി ക്ഷേമ വകുപ്പിൽ വിവാഹ ധനസഹായത്തിനായി 2016 മുതൽ നാളിതുവരെ ഓരോ വർഷവും എത്ര അപേക്ഷകളാണ് ലഭിച്ചത്; അതിൽ എത്രപേർക്ക് വിവാഹ ധനസഹായം ഇതിനകം വിതരണം ചെയ്തു; വിശദാംശങ്ങൾ നൽകാമോ?

പട്ടികജാതി ക്ഷേമ വകുപ്പിൽനിന്നും വിവാഹ ധനസഹായ പദ്ധതിക്കായി 2016 മുതൽ ലഭിച്ചതും അനുവദിച്ചതുമായ അപേക്ഷകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

ആദിവാസികൾക്കിടയിലെ ആത്മഹത്യകൾ

102 (875) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ ആദിവാസി സമൂഹത്തിൽപ്പെട്ട എത്രപേർ ആത്മഹത്യ ചെയ്തുവെന്ന് വർഷം, ജില്ല എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആദിവാസി സമൂഹത്തിൽപ്പെട്ടവരിൽ ആത്മഹത്യ വർധിച്ചുവരുന്നത് തടയുന്നതിന് അടിയന്തര ഇടപെടൽ നടത്താൻ വകുപ്പ് തയ്യാറാകുമോ?

പട്ടികവർഗ മേഖലകളിൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗമാണ് ആത്മഹത്യയുടെ പ്രധാന കാരണമായി കണ്ടുവരുന്നത്. പട്ടികവർഗക്കാർക്കിടയിലുള്ള ലഹരി ഉപയോഗംമൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ച് പൊലീസ്, എക്സൈസ് വകുപ്പുകൾ, മറ്റ് സന്നദ്ധ സംഘടനകൾ മുഖേന ബോധവൽക്കരണ ക്ലാസുകൾ നൽകിവരുന്നുണ്ട്. കൂടാതെ കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ മുഖേന വ്യക്തികൾക്ക് ആത്മവിശ്വാസം വർധിപ്പിക്കുന്നതിനും കുടുംബ ബന്ധത്തിന്റെ ഭദ്രതയെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നുണ്ട്. വയനാട് ജില്ലയിൽ പട്ടികവർഗ വികസന വകുപ്പിന്റെ സഹായത്തോടെ കോഴിക്കോട് IMHANS (Institute of Mental Health and Neuro Sciences) മുഖേന ആവശ്യമുള്ള ചികിത്സയും കൗൺസിലിങ്ങും മാനസിക പിന്തുണയും നൽകിവരുന്നു. ഊരുകൂട്ടങ്ങളിലും ഊരുകൂട്ട സെമിനാറുകളിലും പട്ടികവർഗ

നഗരുകൾ കേന്ദ്രീകരിച്ച് നടത്തുന്ന വിവിധ യോഗങ്ങളിലും പട്ടികവർഗ ജനവിഭാഗങ്ങളുടെ മാനസിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും പരിഹരിക്കുന്നതിനും പര്യാപ്തമായ തലത്തിലുള്ള ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടുത്തുന്നു. കാസർഗോഡ് ജില്ലയിൽ പരപ്പ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ അധികാരപരിധിയിൽ 2022-23 സാമ്പത്തിക വർഷം മുതൽ പട്ടികവർഗ കുടുംബങ്ങളുടെ ആരോഗ്യ-മാനസിക പ്രശ്നങ്ങളിൽ ഇടപെടൽ നടത്തുന്നതിന് 'സഞ്ജീവനി' എന്ന പേരിൽ ഒരു പ്രോജക്ട് നടപ്പാക്കുന്നു. തൃശ്ശൂർ ജില്ലയിൽ പട്ടികവർഗ നഗരുകളിൽ അടുത്ത കാലത്തായി മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കാരണം ആത്മഹത്യ പ്രവണത കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ടി വിഷയം ജില്ലാ കളക്ടറിന്റെയും എക്സൈസ്, പൊലീസ് വകുപ്പുകളുടെയും ശ്രദ്ധയിൽപ്പെടുത്തി തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ പുറമെനിന്നും ലഹരി വസ്തുക്കൾ പട്ടികവർഗ നഗറിനകത്തേക്ക് പ്രവേശിക്കുന്നത് തടയുന്നതിന് എക്സൈസ്, പൊലീസ് വകുപ്പുകളുടെ പട്രോളിങ് സംവിധാനം ഉറപ്പുവരുത്തിയിട്ടുണ്ട്. ആത്മഹത്യാ പ്രവണത

കൂടിവരുന്ന മറ്റ് ജില്ലകളിലും വയനാട്, കാസർഗോഡ് ജില്ലകളിൽ നടപ്പാക്കിയതുപോലുള്ള പദ്ധതികൾ നടപ്പാക്കുന്നതാണ്.

കണ്ണവം ഗവ. ട്രൈബൽ യു.പി. സ്കൂളിന് ചുറ്റുമതിൽ

103 (876) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണവം വനമേഖലയോട് ചേർന്നുകിടക്കുന്ന കണ്ണവം ഗവൺമെന്റ് ട്രൈബൽ യു.പി. സ്കൂളിന് സ്വന്തമായി കെട്ടിടമായെങ്കിലും മതിയായ സുരക്ഷയൊരുക്കുന്നതിന് ചുറ്റുമതിൽ നിർമ്മിക്കേണ്ടത് അനിവാര്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനമേഖലയോട് ചേർന്നുകിടക്കുന്ന കണ്ണവം സ്കൂളിന്റെ ഒരു ഭാഗത്ത് വാഹനസഞ്ചാരമുള്ള കോൺക്രീറ്റ് റോഡാണ്. വിദ്യാർഥികളുടെയും സ്ഥാപനത്തിന്റെയും സുരക്ഷ ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്.

(ബി) പതിനഞ്ചാം നിയമസഭയുടെ മൂന്നാം സമ്മേളനത്തിൽ നക്ഷത്രചിഹ്നമിടാത്ത 2716-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിയിൽ പ്രസ്തുത

സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിരുന്നുവെങ്കിലും അത് ഇതുവരെയും നടപ്പാക്കാത്തത് പരിശോധിക്കുമോ; വിശദമാക്കുമോ;

(സി) അടുത്ത കാലത്തായി വന്യജീവി ആക്രമണങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത സ്കൂളിലെ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ സ്കൂളിന് ചുറ്റുമതിൽ നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കുമോ?

(ബി&സി) കണ്ണവം ഗവ. ട്രൈബൽ യു.പി. സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് മുഖേന എസ്റ്റിമേറ്റ് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

അഴീക്കോട് നിയോജകമണ്ഡലത്തിലെ പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണം

104 (877) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജകമണ്ഡലത്തിൽ ബജറ്റിൽ അനുവദിച്ചിട്ടുള്ള പ്രീ-മെട്രിക് ഹോസ്റ്റലിന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ; എന്തെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

(എ-ഡി) കണ്ണൂർ ജില്ലയിലെ അഴീക്കോട് പ്രീ-മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 20-12-2024-ൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ഏക വരുമാനദായകർ നഷ്ടപ്പെട്ട കുടുംബങ്ങൾക്കുള്ള ആനുകൂല്യം

105 (878) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദായകർ നഷ്ടപ്പെട്ട കുടുംബത്തിനുള്ള ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

ഈ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദായകർ നഷ്ടപ്പെട്ട കുടുംബത്തിനുള്ള ആനുകൂല്യത്തിനായി 65 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഇതിൽ 36 പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അർഹരായ മറ്റ് അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുറ്റിച്ചൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണം

106 (879) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റിച്ചൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തിരുവനന്തപുരം ജില്ലയിൽ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ കുറ്റിച്ചൽ എം.ആർ.എസ്. കെട്ടിടനിർമ്മാണത്തിനായി വാലിപ്പാറയിൽ വനാവകാശ നിയമപ്രകാരം ലഭിച്ച ഒരു ഹെക്ടർ സ്ഥലത്ത് നിർമ്മാണം നടത്താൻ തീരുമാനിച്ചിരുന്നെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി പ്രവൃത്തി സ്റ്റേ

ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണത്തിനായി കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെതന്നെ പാങ്കാവിൽ ഭൂമി കണ്ടെത്തി അത് വകുപ്പിന് ലഭിച്ചതിന്റെയടിസ്ഥാനത്തിൽ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കുകയും മരങ്ങൾ മുറിച്ചുമാറ്റി നിർമ്മാണത്തിനായി സൈറ്റ് ക്ലിയർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർവഹിക്കുന്ന ടി പദ്ധതിയുടെ നിർവഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ഭരണാനുമതി ലഭിച്ച തുകയിൽ നിജപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മണിമലയിൽ കരിയർ ഡെവലപ്മെന്റ് സെന്റർ-കം-പ്രീ-എക്സാമിനേഷൻ ടെയിനിങ് സെന്റർ

107 (880) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമലയിൽ പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പ്രയോജനപ്പെടുത്തി കരിയർ ഡെവലപ്മെന്റ് സെന്റർ-കം-പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററും ആധുനിക നിലവാരത്തിലുള്ള ഒരു ഓഡിറ്റോറിയവും ഒരു കളിസ്ഥലവും നിർമ്മിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്നതും നിർദിഷ്ട ശബരിമല എയർപോർട്ടിന് അടുത്തുള്ളതുമായ പട്ടികജാതി വികസന വകുപ്പിന്റെ സ്വന്തം സ്ഥലം എന്നത് പരിഗണിച്ച് പ്രസ്തുത പദ്ധതികൾ യാഥാർഥ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ?

(എ&ബി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമലയിൽ പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പ്രയോജനപ്പെടുത്തി കരിയർ ഡെവലപ്മെന്റ് സെന്റർ-കം-പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ അടക്കമുള്ളവ ആരംഭിക്കുന്നതിനുള്ള

പദ്ധതി രൂപീകരണ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമ പദ്ധതി

108 (881) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമ പദ്ധതികൾ നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമ നഗറുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് നിർമ്മാണം

109 (882) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ വളയം-ചെക്ക്യാട് ഗ്രാമ പഞ്ചായത്തിലെ എസ്.സി. നഗറിലേക്കുള്ള ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് യാത്രായോഗ്യമാക്കുന്ന വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നബാർഡ് പദ്ധതിയിൻകീഴിൽ നിർമ്മാണമാരംഭിച്ച പ്രസ്തുത റോഡ് നബാർഡ് ആർ.ഐ.ഡി.എഫ്.-20 സ്കീമിന്റെ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ പി.ഡബ്ല്യു.ഡി. മുഖേന പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ടി എസ്റ്റിമേറ്റ് പരിശോധിച്ചതിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി കോഴിക്കോട് ടി.ഡി.ഒ.-യ്ക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് എപ്പോൾ യാത്രായോഗ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

എസ്റ്റിമേറ്റ് സംബന്ധിച്ച് വ്യക്തത വരുത്തിയ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

ഇലയ്ക്കാട് നഗർ നിവാസികൾക്ക് പട്ടയം

110 (883) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിലെ ഇലയ്ക്കാട് നഗറിൽ 43 വർഷമായി താമസിക്കുന്ന പെണ്ണമ്മകുട്ടൻ, ലീലാ വർക്കി, അമ്മിണി തങ്കപ്പൻ, വിജയമ്മ വിജയൻ എന്നിവർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ?

വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പ് ഇവരുടെ അപേക്ഷ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; അതിന്റെ പട്ടികജാതി വികസന ഡയറക്ടറേറ്റിലെ ഫയൽ നമ്പർ, ഫയലിൽ സ്വീകരിച്ചിരിക്കുന്ന നടപടി എന്നിവ അറിയിക്കാമോ;

(സി) ഇതുസംബന്ധിച്ച് സർക്കാരിലെ ഫയൽ നമ്പർ, പ്രസ്തുത ഫയലിൽ സ്വീകരിച്ചുവരുന്ന നടപടി എന്നിവ വിശദമാക്കാമോ?

(ബി&സി) അപേക്ഷ സർക്കാരിൽ ലഭ്യമായിട്ടില്ല. പട്ടികജാതി വികസന ഡയറക്ടറേറ്റിലെ SCDD/5344/2024-A2 (DEV A) നമ്പർ പ്രകാരമുള്ള ഫയലിൽ ടി വിഷയം സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

കുവ്വപ്പാറ നഗറിലെ അംബേദ്കർ ഗ്രാമ പദ്ധതി

111 (884) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കാരശ്ശേരി കുവ്വപ്പാറ നഗറിലെ അംബേദ്കർ ഗ്രാമ പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭരണാനുമതി ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 24-01-2025-ന് അംഗീകരിച്ച് നൽകിയിട്ടുണ്ട്.

മണിമല മുക്കടയിലെ സാംസ്കാരിക കേന്ദ്രം

112 (885) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ട മണിമല മുക്കടയിലെ സാംസ്കാരിക കേന്ദ്രത്തിന്റെ പണി പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി 2012-13 വർഷത്തിലുൾപ്പെട്ട മണിമല മുക്കടയിലെ സാംസ്കാരിക കേന്ദ്രത്തിന്റെ പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ച നിർവഹണ ഏജൻസിയായ എൽ.എസ്.ജി.ഡി.-ക്ക് എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് നൽകിയ കത്തിന്റെ

പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

നിർവഹണ ഏജൻസിയായ എൽ.എസ്.ജി.ഡി.-ക്ക് എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ എസ്റ്റിമേറ്റ് 19-09-2024-ൽ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ലഭ്യമായിട്ടുണ്ട്.

(സി) പ്രസ്തുത നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുന്നതിനും നിലവിലെ നിർമ്മാണ ഏജൻസിക്ക് പകരം പുതിയൊരു ഏജൻസിയെ ഏല്പിക്കുന്നതിനും സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി ഉപയോഗസജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കാമോ?

ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചികിത്സാ ധനസഹായം

113 (886) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗങ്ങൾക്ക് നൽകിയിട്ടുള്ള ചികിത്സാ ധനസഹായത്തിന്റെ വിവരം നൽകാമോ?

2016 മുതൽ നാളിതുവരെ പട്ടികജാതി വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായമായി 260,71,54,118/- രൂപയും (ഇരുനൂറ്റി അറുപത് കോടി എഴുപത്തിയൊന്ന് ലക്ഷത്തി അമ്പത്തിനാലായിരത്തി ഒരുനൂറ്റി പതിനെട്ട് രൂപ മാത്രം) പട്ടികവർഗ വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായമായി 49,82,73,518/-രൂപയും (നാല്പത്തിയൊൻപത് കോടി എൺപത്തിരണ്ട് ലക്ഷത്തി എഴുപത്തിമൂവായിരത്തി അഞ്ഞൂറ്റി പതിനെട്ട് രൂപ മാത്രം) അനുവദിച്ചുനൽകിയിട്ടുണ്ട്. പിന്നാക്ക വിഭാഗക്കാർക്ക് നിലവിൽ പ്രസ്തുത വകുപ്പ് മുഖേന ചികിത്സാധനസഹായം അനുവദിക്കുന്നില്ല.

(ബി) ഓരോ വിഭാഗത്തിനും എത്ര രൂപയാണ് ചികിത്സാ ധനസഹായം ഇനത്തിൽ നൽകിയിട്ടുള്ളതെന്ന് വർഷം തിരിച്ച് പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചു നൽകുന്നതാണ്.

പട്ടികജാതി വിഭാഗങ്ങളുടെ അധീനതയിലുള്ള കാവുകളുടെ നവീകരണം

114 (887) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ അധീനതയിലുള്ള കാവുകളും അമ്പലങ്ങളും പുനരുദ്ധരിക്കുന്നതിനായി ധനസഹായം അനുവദിക്കാറുണ്ടോ; ധനസഹായം അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങളും അപേക്ഷയുടെ നടപടിക്രമങ്ങളും വിശദമാക്കാമോ?

പട്ടികജാതി വിഭാഗങ്ങളുടെ അധീനതയിലുള്ള കാവുകളും അമ്പലങ്ങളും പുനരുദ്ധരിക്കുന്നതിനായി ധനസഹായം അനുവദിക്കുന്നതിനുള്ള പ്രത്യേക പദ്ധതി നിലവിലില്ല. എന്നാൽ വകുപ്പിന്റെ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി കാവുകൾ നവീകരിക്കുന്നത്

പ്രത്യേക ഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ അപേക്ഷകൾ ലഭിക്കുകയാണെങ്കിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി അനുവദിക്കാൻ കഴിയും.

(ബി) ഇത്തരത്തിൽ ധനസഹായത്തിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോയെന്നും കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ ലഭിച്ച അപേക്ഷകളിൽ എന്നുവരെയുള്ളവ തീർപ്പാക്കിയിട്ടുണ്ടെന്നും അറിയിക്കാമോ?

കഴിഞ്ഞ 8 വർഷത്തിനുള്ളിൽ 375 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 2018-19 വരെ ലഭിച്ച അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) അപേക്ഷകൾ തീർപ്പാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; നിലവിൽ തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണവും ഇതിനായി വേണ്ടിവരുന്ന തുകയും എത്രയാണ്; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ, വിശദമാക്കാമോ?

2018-19 സാമ്പത്തിക വർഷം അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെയടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകൾ അർഹത

ഉറപ്പാക്കി 2019-20-ൽ ഭരണാനുമതി നൽകിയിരുന്നു. അതിനുശേഷം 229 അപേക്ഷകൾ ലഭ്യമായി. ഇതിനായി വേണ്ടിവരുന്ന തുക 10,41,45,830/- (പത്തുകോടി നാൽപ്പത്തിയൊന്ന് ലക്ഷത്തി നാൽപ്പത്തയ്യായിരത്തി എണ്ണൂറ്റി മുപ്പത് രൂപ മാത്രം). 2019-20-നുശേഷം അംബേദ്കർ ഗ്രാമം പദ്ധതി ഘടകമാക്കി നടപ്പാക്കിവരുന്നു.

വൈപ്പിൻകരയിലെ പട്ടികജാതി, പട്ടികവർഗ കുടുംബങ്ങളുടെ പുനരധിവാസം

115 (888) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്താൽ വർഷംതോറും വർധിച്ചുവരുന്ന വേലിയേറ്റത്താലും കടലാക്രമണത്താലും ഉപയോഗയോഗ്യമല്ലാതായി തീരുന്ന വസ്തുവകകളിലും ജീർണ്ണാവസ്ഥയിലായ ഗൃഹങ്ങളിലും താമസിക്കുന്ന വൈപ്പിൻകരയിലെ പട്ടികജാതി, പട്ടികവർഗ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ?

പുനരധിവസിപ്പിക്കേണ്ട പട്ടികവർഗ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത കുടുംബങ്ങളെ ഇവർക്കായി അനുവദിച്ചിട്ടുള്ള ഞാറക്കൽ, എളങ്കുന്നപ്പുഴ പഞ്ചായത്തുകളിലെ ഭൂമിയിൽ പുനരധിവസിപ്പിക്കാനും സംരക്ഷിക്കാവുന്ന വസ്തുവകകൾ സംരക്ഷിക്കാനും ജീർണ്ണാവസ്ഥയിലായ വാസഗൃഹങ്ങൾ പുനരുദ്ധരിക്കാനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ;

(സി) ഇല്ലെങ്കിൽ ഇത്തരം കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കാനും സംരക്ഷിക്കാനും പുനരുദ്ധരിക്കാനും സാധ്യമായ ഭൂമിയും വാസഗൃഹവും സംരക്ഷിക്കാനും അല്ലാത്തവരെ ലഭ്യമായ ഭൂമിയിൽ പുനരധിവസിപ്പിക്കാനും നടപടി സ്വീകരിക്കുമോ?

(ബി&സി) വൈപ്പിൻകരയിലെ ചാപ്പാ കടപ്പുറത്തെ 12 പട്ടികവർഗ കുടുംബങ്ങളെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങിയ 79 സെന്റ് സ്ഥലത്ത് പുനരധിവസിപ്പിക്കുന്നതിനും ഭവനനിർമ്മാണവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നടപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഓരുവെള്ളം കയറി വെള്ളത്തിനടിയിലായ ഭൂമിയിൽ ജീർണ്ണാവസ്ഥയിലായ വീട്ടിൽ താമസിക്കുന്ന വൈപ്പിൻ നിയോജകമണ്ഡലത്തിലെ നായരമ്പലം പഞ്ചായത്തിൽ നികത്തിത്തറ വീട്ടിൽ രാജി സെൽവദാസിനെയും രമേഷിനെയും പുനരധിവസിപ്പിക്കുന്നതിന് എം.എൽ.എ. മുഖാന്തരം സമർപ്പിച്ചതും പട്ടികജാതി വികസന ഡയറക്ടർക്ക് കൈമാറിയിട്ടുള്ളതുമായ നിവേദനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

പ്രസ്തുത നിവേദനത്തിന്മേൽ എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ഫണ്ട് വിനിയോഗം

116 (889) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെയുള്ള ബജറ്റുകളിൽ സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കായി വകയിരുത്തിയ തുക,

അനുവദിച്ച തുക, ചെലവഴിച്ച തുക, ചെലവഴിക്കാതെ ബാക്കിയായ തുക എന്നിവയുടെ ശതമാനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഈ കാലയളവിൽ സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കായി കേന്ദ്ര സർക്കാർ വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക, ചെലവഴിക്കാതെ ബാക്കിയായതും നഷ്ടപ്പെട്ടതുമായ തുക എന്നിവ എത്ര വീതമാണെന്ന് ശതമാനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഏറ്റവും പരിഗണന അർഹിക്കുന്ന പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ഫണ്ട് വിനിയോഗിക്കുന്നതിലുണ്ടായ വീഴ്ചകൾക്ക് കാരണമെന്താണെന്ന് അറിയിക്കുമോ; ഫണ്ട് പരമാവധി വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ആദിവാസികൾക്കിടയിലെ ആത്മഹത്യ

117 (890) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികൾക്കിടയിൽ ആത്മഹത്യ വർധിക്കുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പട്ടികവർഗ്ഗ മേഖലകളിൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗമാണ് ആത്മഹത്യയുടെ പ്രധാന കാരണമായി കണ്ടുവരുന്നത്. പട്ടികവർഗക്കാർക്കിടയിലുള്ള ലഹരി ഉപയോഗംമൂലമുണ്ടാകുന്ന ദൃഷ്യവശങ്ങളെ സംബന്ധിച്ച് പൊലീസ്, എക്സൈസ് വകുപ്പ്, മറ്റ് സന്നദ്ധ സംഘടനകൾ മുഖേന ബോധവൽക്കരണ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. കൂടാതെ കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ വ്യക്തികൾക്ക് ആത്മവിശ്വാസം വർധിപ്പിക്കുന്നതിനും കുടുംബബന്ധത്തിന്റെ ഭദ്രതയെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നുണ്ട്. വയനാട് ജില്ലയിൽ പട്ടികവർഗ വികസന വകുപ്പിന്റെ സഹായത്തോടെ കോഴിക്കോട് ഇംഹാൻസ് മുഖേന ആവശ്യമുള്ള ചികിത്സയും കൗൺസിലിങ്ങും മാനസിക പിന്തുണയും നൽകിവരുന്നു. ഊരുകൂട്ടങ്ങളിലും ഊരുകൂട്ട സെമിനാറുകളിലും പട്ടികവർഗ

നഗരുകൾ കേന്ദ്രീകരിച്ച് നടത്തുന്ന വിവിധ യോഗങ്ങളിലും സെമിനാറുകളിലും പട്ടികവർഗ ജനവിഭാഗങ്ങളുടെ മാനസിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും പരിഹരിക്കുന്നതിനും പര്യാപ്തമായ തലത്തിലുള്ള ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടുത്തുന്നു. കാസർഗോഡ് ജില്ലയിൽ പരപ്പ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ അധികാര പരിധിയിൽ 2022-23 സാമ്പത്തിക വർഷം മുതൽ പട്ടികവർഗ കുടുംബങ്ങളുടെ ആരോഗ്യ-മാനസിക പ്രശ്നങ്ങളിൽ ഇടപെടൽ നടത്തുന്നതിന് 'സഞ്ജീവനി' എന്ന പേരിൽ ഒരു പ്രോജക്ട് നടപ്പാക്കിവരുന്നു. തൃശ്ശൂർ ജില്ലയിൽ പട്ടികവർഗ നഗരുകളിൽ അടുത്തകാലത്തായി മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കാരണം ആത്മഹത്യ പ്രവണത കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ടി വിഷയത്തിൽ ജില്ലാ കളക്ടർ, എക്സൈസ്, പൊലീസ് വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ പുറമെനിന്നും ലഹരി വസ്തുക്കൾ പട്ടികവർഗ നഗറിനകത്തേക്ക് പ്രവേശിക്കുന്നത് തടയുന്നതിനും എക്സൈസ്, പൊലീസ് വകുപ്പുകളുടെ പട്രോളിങ് സംവിധാനം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ 2024-ൽ മാത്രം 23 ആദിവാസികൾ ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തിരുവനന്തപുരം ജില്ലയിൽ പട്ടികവർഗ മേഖലകളിൽ വർധിച്ചുവരുന്ന ആത്മഹത്യ പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത വിഷയത്തിൽ അടിയന്തര ഇടപെടൽ നടത്താൻ തയ്യാറാകുമോ?

പ്രസ്തുത വിഷയത്തിൽ തദ്ദേശസ്വയംഭരണം, എക്സൈസ്, ആരോഗ്യം, വിദ്യാഭ്യാസം, പൊലീസ്, വനം തുടങ്ങിയ വിവിധ വകുപ്പുകളുമായി ചേർന്ന് സംയോജിത ഇടപെടലുകൾ വിവിധ തലങ്ങളിൽ നടത്തിവരുന്നു.

പട്ടികജാതി വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

118 (891) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിന് സർക്കാർ ധനസഹായങ്ങൾ

വേഗത്തിൽ ലഭ്യമാക്കുന്നതിനായി നിലവിലുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പിൽ ഇ-ഗവേണൻസ് നടപ്പാക്കിയതുവഴി പട്ടികജാതി വിഭാഗത്തിന് സർക്കാർ ധനസഹായങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് സാധിക്കുന്നു. ഇ-ഓഫീസ് സംവിധാനത്തിലൂടെ ഫയൽ നീക്കം ത്വരിതപ്പെടുത്തുകവഴി പദ്ധതി നിർവഹണം സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ സംസ്ഥാന, ജില്ലാതല ഓഫീസുകളിൽ നടപ്പാക്കിയിട്ടുള്ള പദ്ധതി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും നടപ്പാക്കുന്നതോടെ പദ്ധതി നിർവഹണം കൂടുതൽ ഫലപ്രദമാകുന്നതാണ്. കൂടാതെ വകുപ്പിന്റെ വികസന ക്ഷേമ പദ്ധതികൾ ഓൺലൈനാക്കി നടപ്പാക്കുന്നതിന്റെ ഭാഗമായി സി-ഡിറ്റിന്റെ സഹായത്തോടെ ഉന്നതി പോർട്ടൽ സജ്ജമാക്കുന്നു. ഇതുവഴി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും ഫയൽനീക്കം സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് അപേക്ഷകർക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്.

(ബി) നിലവിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകളില്ലാത്ത ബ്ലോക്കുകളും മുൻസിപ്പാലിറ്റികളും ഏതെല്ലാമാണെന്ന് അറിയിക്കാമോ; അവിടങ്ങളിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക സൃഷ്ടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പത്താം ക്ലാസ്സിനുമുകളിലുള്ള വിദ്യാർഥികളുടെ വിദ്യാഭ്യാസ ഗ്രാന്റ് കുടിശ്ശിക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷം ബജറ്റിൽ ലഭ്യമായ 223 കോടി രൂപയും അധിക തുക വകയിരുത്തിയത് മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപ്പടെ 333 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചുകൊണ്ട് കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ് ക്ലെയിമുകൾ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തിയാക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽനിന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അധിക തുക വകയിരുത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിവാഹ ധനസഹായ കുടിശ്ശിക അനുവദിക്കുന്ന കാര്യത്തിലുണ്ടാകുന്ന കാലതാമസം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

വിവാഹ ധനസഹായ പദ്ധതിയിലെ കുടിശ്ശിക അപേക്ഷകൾ തദ്ദേശസ്വയംഭരണ വകുപ്പിലെ പട്ടികജാതിക്കാർക്കുള്ള പ്രത്യേക ഘടക പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ഇ) എസ്.സി. പ്രൊമോട്ടർമാരുടെ നിലവിലുള്ള ഓണറേറിയം വർധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഓണറേറിയം വർധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(എഫ്) മിശ്രവിവാഹ ധനസഹായത്തിന്റെ ആനുകൂല്യ തുക വർധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എത്ര രൂപയായി ഉയർത്താനാണുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

പരിശോധിക്കുന്നതാണ്.

ക്ഷേമ, വികസന പദ്ധതികൾ പരിഷ്കരിക്കാൻ നടപടി

119 (892) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുകളുടെ ക്ഷേമ, വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് പഠനം നടത്താൻ കമ്മിറ്റിയെ നിയോഗിക്കുമോ; വിശദമാക്കുമോ?

പട്ടികവർഗ, പിന്നാക്ക വിഭാഗ വികസന ക്ഷേമ വകുപ്പുകളുടെ ക്ഷേമ, വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

പട്ടികവർഗ വികസന വകുപ്പ്

പട്ടികവർഗ വിഭാഗങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ സംസ്ഥാനത്തുടനീളം പട്ടികവർഗക്കാർ അധിവസിക്കുന്ന സ്ഥലങ്ങളിൽ

നടപ്പാക്കിവരുന്നു. നിലവിൽ പട്ടികവർഗക്കാരുടെ ക്ഷേമ, വികസന പദ്ധതികൾ എല്ലാവർഷവും തയ്യാറാക്കുന്നത് സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ, കൺട്രോളിങ് ഓഫീസർമാർ എന്നിവരുമായി ചർച്ച ചെയ്യും വകുപ്പ് സംഘടിപ്പിക്കുന്ന ശില്പശാലകളിലും സെമിനാറുകളിലും ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കണക്കിലെടുത്തുമാണ്. കൂടാതെ വകുപ്പിലെ എഞ്ചിനീയർമാരുടെയും ആരോഗ്യ മേഖലയിലെ വിദഗ്ധരുടെയും നിർദ്ദേശങ്ങൾകൂടി പദ്ധതികൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കാറുണ്ട്. പട്ടികവർഗ, പിന്നാക്ക വിഭാഗ വികസന ക്ഷേമ വകുപ്പുകളുടെ ക്ഷേമ, വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ കമ്മിറ്റിയെ നിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി വികസന വകുപ്പിന്റെ ക്ഷേമ വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി വകുപ്പ് മുഖേന

നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾക്കായി സമർപ്പിക്കുന്ന അപേക്ഷകളോടൊപ്പം വളരെ അനിവാര്യമായ സർട്ടിഫിക്കറ്റുകൾ മാത്രം ഉൾപ്പെടുത്തി സേവനം സാധ്യമാക്കുന്നതിനായി 24-05-2023-ലെ സ.ഉ. (സാധാ) നം. 632/2023/എസ്.സി.എസ്.ടി.ഡി.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികളുടെ ഉത്തരവുകളും മാനദണ്ഡങ്ങളും പരിഷ്കരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ കൺവീനറായി 13 അംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഭൂരഹിത പുനരധിവാസ പദ്ധതി, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബത്തിനുള്ള ധനസഹായം, വിവാഹ ധനസഹായം, അംബേദ്കർ ഗ്രാമം പദ്ധതി, ഭവന നവീകരണ പദ്ധതി, പഠനമുറി തുടങ്ങിയ പദ്ധതികളിൽ ആവശ്യമായ പരിഷ്കരണം വരുത്തിയിട്ടുണ്ട്.

പിന്നാക്ക വിഭാഗ വികസന വകുപ്പ്

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന വികസന, ക്ഷേമ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. വകുപ്പിന്റെ

വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങളെല്ലാം ഓൺലൈനായിട്ടാണ് നടപ്പാക്കുന്നത്. മാന്വലായി നടപ്പാക്കിവന്നിരുന്ന വിവിധ വികസന പദ്ധതികൾകൂടി ഈ വർഷം മുതൽ 'ബി-വിൻ' എന്ന പോർട്ടലിലൂടെ നടപ്പാക്കാൻ തുടങ്ങിയതോടെ മുഴുവൻ സ്കീമുകളും ഓൺലൈൻ രീതിയിലേക്ക് മാറിയിട്ടുണ്ട്. പിന്നാക്ക വിഭാഗത്തിലെ ബാർബർ തൊഴിൽ ചെയ്യുന്നവർക്ക് തൊഴിൽ നവീകരിക്കുന്നതിന് നൽകുന്ന ധനസഹായം (ബാർബർഷോപ്പ് നവീകരണ ധനസഹായം), പരമ്പരാഗതമായി മൺപാത്ര നിർമ്മാണ തൊഴിൽ ചെയ്തുവരുന്ന സമുദായങ്ങൾക്കുള്ള ധനസഹായം, പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ധർ/കൈപണിക്കാർ അവിദഗ്ധ തൊഴിലാളികൾ എന്നിവർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം (ടൂൾ കിറ്റ് ഗ്രാന്റ്), നീതിന്യായ വ്യവസ്ഥയിൽ പിന്നാക്ക വിഭാഗങ്ങളുടെ മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് ഈ വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് നൽകുന്ന ധനസഹായം, പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ/ഹോട്ടൽ മാനേജ്മെന്റ്/

ലോജിസ്റ്റിക്/പോളിമർ ടെക്നോളജി എന്നീ മേഖലയിൽ ഡിഗ്രി/ഡിപ്ലോമ/ഐ.ടി.ഐ./ഐ.ടി.സി കോഴ്സ് പൂർത്തിയാക്കിയവർക്ക് പരിശീലനവും തൊഴിലും ഉറപ്പാക്കുന്നതിനുള്ള പദ്ധതി എന്നീ 5 പദ്ധതികളിലാണ് പുതിയ സോഫ്റ്റ്വെയർ മുഖേന ഓൺലൈനായി നടപ്പ് വർഷം അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിധവകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി, തെരുവുകച്ചവടക്കാർക്ക് മൊബൈൽ സ്ട്രീറ്റ് വെൻഡിങ് കാർട്ട്, എഞ്ചിനീയറിങ് പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങൾ എന്നീ 3 പുതിയ പദ്ധതികൾക്കുകൂടി 2024-25 സാമ്പത്തിക വർഷം അനുമതി ലഭിച്ചിട്ടുണ്ട്. 2023-24 മുതൽ നടപ്പാക്കിവരുന്ന ഇലക്ട്രിക്/സി.എൻ.ജി. ഓട്ടോ ടാക്സി വാങ്ങുന്നതിനുള്ള സഹായ പദ്ധതിയിൽ 2024-25 വർഷം മുതൽ പുതിയ ഘടകമായി പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാർക്ക് ത്രീവീലർ യൂട്ടിലിറ്റി സ്കൂട്ടറുകൾ വാങ്ങുന്നതിനുള്ള സഹായം കൂട്ടിച്ചേർത്ത് പരിഷ്കരിക്കുകയുണ്ടായി.

(ബി) എല്ലാ ഉന്നതി/നഗറുകളിലും അടച്ചുറപ്പുള്ള വീട്, കുടിവെള്ളം,

വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ എത്തിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

പട്ടികവർഗ വികസന വകുപ്പ്

പട്ടികവർഗക്കാർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം ലൈഫ് മിഷൻ മുഖേനയാണ് നൽകിവരുന്നത്. കൂടാതെ ഭവന പൂർത്തീകരണം, പുനരുദ്ധാരണം എന്നിവ ലക്ഷ്യമിട്ട് സേഫ് പദ്ധതിയും നടപ്പാക്കിവരുന്നു. കുടിവെള്ളം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നും തുക ചെലവഴിച്ചുവരുന്നു.

പട്ടികജാതി വികസന വകുപ്പ്

1. സേഫ് പദ്ധതി വഴി ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണവും ജീർണ്ണിച്ച ഭവനങ്ങളുടെ നവീകരണവും നടത്തുന്നു.
2. പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങൾക്കുള്ള വികസന പരിപാടികൾ മുഖേന ആവാസകേന്ദ്രങ്ങളുടെ വികസനവും വീടുകൾ നിർമ്മിക്കുന്നതിനുള്ള സഹായവും നൽകുന്നു. ലൈഫ് മിഷൻ വഴി

ഭൂമിയുള്ളവർക്ക് പുതിയ വീടുകൾ നിർമ്മിക്കുന്നതിനും ഭൂമിയില്ലാത്ത ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങളോ പാർപ്പിട ക്ലസ്റ്ററുകളോ നിർമ്മിച്ചുനൽകുന്നു.

3. അംബേദ്കർ ഗ്രാമവികസന പദ്ധതിവഴി കുടിവെള്ള വിതരണം, വീട് നവീകരണം, വൈദ്യുതീകരണവും വീടുകളുടെ റീ-വയറിങ്ങും എന്നിവ നടത്തുന്നു.

4. കോർപ്പസ് ഫണ്ട് മുഖേന എല്ലാ ഉന്നതി/നഗറുകളിലും കുടിവെള്ളം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ എത്തിക്കുന്നതിന് ലക്ഷ്യമിടുന്നു.

പിന്നാക്ക വിഭാഗ വികസന വകുപ്പ്

പിന്നാക്ക വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങളായ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതിക്ക് 'കുംഭാര നഗർ അടിസ്ഥാന സൗകര്യ വികസനം' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. നഗർ/സങ്കേതത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് പദ്ധതി പ്രധാനമായും ഊന്നൽ നൽകുന്നത്. പൊതുവായ വർക്ക് ഷെഡ്, പൊതുവായ മണ്ണരയ്ക്കുന്ന

യന്ത്രം, പൊതു ചൂള, പൊതു മാർക്കറ്റ്, മൊബൈൽ വിപണന യൂണിറ്റ്, മൂല്യവർധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള സൗകര്യം, കമ്മ്യൂണിറ്റി ഹാൾ, ഗ്രന്ഥശാല, സങ്കേതത്തിലേയ്ക്കുള്ള റോഡ്, നടപ്പാത, മണ്ണ് സംരക്ഷണം, കുടിവെള്ള സൗകര്യങ്ങൾ, വൈദ്യുതി എന്നിവയ്ക്കാണ് തുക അനുവദിക്കുന്നത്.

എസ്.സി.പി./ടി.എസ്.പി. ഫണ്ടിൽ വെട്ടിക്കുറവ്

120 (893) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50 ശതമാനം വരെ വെട്ടിക്കുറവ് വരുത്താനുള്ള തീരുമാനത്തെ തുടർന്ന് എസ്.സി.പി./ടി.എസ്.പി. ഫണ്ടിൽ കുറവ് വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കുറവ് വരുത്തിയിട്ടില്ല. 2024-25-ലെ അവസാന പാദത്തിൽ പദ്ധതി പുരോഗതി വിലയിരുത്തി മുൻഗണനാക്രമം നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(ബി) എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കായി സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള എസ്.സി.പി./ടി.എസ്.പി. ഫണ്ടിലെ വെട്ടിക്കുറവ് ഈ വിഭാഗങ്ങളുടെ പദ്ധതികൾ പ്രതിസന്ധിയിലാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം എസ്.സി.പി. ടി.എസ്.പി. ഫണ്ടിലെ വെട്ടിക്കുറവ് ഈ ദുർബല വിഭാഗങ്ങളെ ഏതുതരത്തിലാണ് ബാധിക്കുകയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ബി&സി) പട്ടികജാതി, പട്ടികവർഗ വികസന വകുപ്പ് നടപ്പുവർഷം ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ മുൻഗണനാക്രമം പാലിച്ച് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ചട്ടം 300 പ്രകാരം സഭയിൽ പ്രഖ്യാപിച്ച വിദ്യാഭ്യാസ ആനുകൂല്യം, മിശ്ര വിവാഹ ധനസഹായം എന്നിവയ്ക്ക് ബജറ്റിനുപുറമെ അധിക സഹായവും ലഭ്യമാക്കുന്നുണ്ട്.

ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ പദ്ധതികൾ

121 (894) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ 2016 മുതൽ പട്ടികജാതി, പട്ടികവർഗ വികസന വകുപ്പ് മുഖേന പട്ടികജാതി, പട്ടികവർഗ സങ്കേതങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് നൽകാമോ?

പട്ടികജാതി വികസന വകുപ്പുമായും പട്ടികവർഗ വികസന വകുപ്പുമായും ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഓരോ പട്ടികജാതി, പട്ടികവർഗ സങ്കേതങ്ങളിലും അനുവദിച്ച പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ?

ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ 2016 മുതൽ പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളിൽ തിങ്കൾക്കാട് നഗറിലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി ഒഴികെ മറ്റെല്ലാ പദ്ധതികളും പൂർത്തിയായി. തിങ്കൾക്കാട് നഗറിന്റെ നവീകരണ പ്രവർത്തനങ്ങളുടെ 20% പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

ആലപ്പുഴ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടത്തിയ പ്രവൃത്തികൾ

122(895) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ആലപ്പുഴ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന ഏതൊക്കെ പ്രവൃത്തികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതെന്നും അവയുടെ നിലവിലെ സ്ഥിതിയും പ്രവൃത്തികൾക്ക് ചെലവഴിക്കുന്ന തുകയെ സംബന്ധിച്ചുമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തി 2 നഗറുകളിൽ വികസന പ്രവർത്തനങ്ങൾ

ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+ ഇതര പ്രവൃത്തികളുടെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) പ്രസ്തുത കാലയളവിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതിപ്രകാരം എത്ര വീടുകൾക്കാണ് തുക അനുവദിച്ചത്; വിശദമാക്കാമോ?

പ്രസ്തുത കാലയളവിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതിപ്രകാരം തുക അനുവദിച്ചിട്ടില്ല.

പട്ടികവർഗ ക്ഷേമ പദ്ധതി തുക വെട്ടിച്ചുരുക്കൽ

123 (896) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് പട്ടികവർഗ ക്ഷേമ പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

തുക വെട്ടിച്ചുരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല. സാമ്പത്തിക വർഷത്തിന്റെ അവസാനപാദത്തിൽ പദ്ധതി ചെലവ് വിലയിരുത്തി മുൻഗണനാക്രമം പുതുക്കി നിശ്ചയിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ ആവശ്യമുള്ള ശീർഷകങ്ങളിൽ അധിക തുക വകയിരുത്തുകയും മറ്റു ശീർഷകങ്ങളിൽ ആനുപാതിക മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈയിനത്തിൽ വകയിരുത്തിയിരുന്ന തുക പൂർണ്ണമായും വിനിയോഗിച്ചോ; വിശദീകരിക്കുമോ?

2023-24 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ വികസന വകുപ്പിന് വകയിരുത്തിയ 69513.09 ലക്ഷം രൂപയിൽ 41786.64 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട് (60.11 %). പ്ലാൻ പ്രോഗ്രസ്സ് റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പാവപ്പെട്ടവർക്കുള്ള വീട് നിർമ്മാണത്തിനും ഊരുകൂട്ടം സംഘാടനത്തിനുമുള്ള തുക വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വീട് നിർമ്മാണത്തിനുള്ള ഫണ്ടിൽ കുറവ് വരുത്തിയിട്ടില്ല. ഊരുകൂട്ട സംഘാടനത്തിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ സമഗ്ര പുരോഗതി

124 (897) ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ഉപജീവനവും തൊഴിലും ഉറപ്പാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കെത്തിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ?

പട്ടികവർഗം

സംസ്ഥാനത്തെ പട്ടികവർഗ കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി മെച്ചപ്പെട്ട ഉപജീവനവും തൊഴിലും ഉറപ്പാക്കുന്നതിനായി വിവിധ ജീവനോപാധി പദ്ധതികളും തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങളും പട്ടികവർഗ

വികസന വകുപ്പ് നടത്തിവരുന്നു. പട്ടികവർഗ യുവതീയുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാമ്പത്തിക അഭിവൃദ്ധി മെച്ചപ്പെടുത്തി സ്വയംപര്യാപ്തരാക്കുന്നതിനുമായി വിവിധങ്ങളായ ഹ്രസ്വകാല തൊഴിലധിഷ്ഠിത പരിശീലനങ്ങൾ അംഗീകൃത പരിശീലന സ്ഥാപനങ്ങൾ വഴി നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽദാതാക്കളുമായി ചേർന്ന് മെച്ചപ്പെട്ട തൊഴിൽ ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇതിലൂടെ മെച്ചപ്പെട്ട ഉപജീവനം ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നു. കൂടാതെ ടെയിനിങ് ഫോർ കരിയർ എക്സലൻസ് പദ്ധതിയുടെ ഭാഗമായി (TRACE) സർക്കാർ മേഖലയിൽ നിരവധി പട്ടികവർഗ യുവതീയുവാക്കൾ മികച്ച ഓണറേറിയം നിരക്കിൽ സേവനമനുഷ്ഠിച്ചുവരുന്നു. ടൈബൽ പ്ലസ് പദ്ധതിയുടെ ഭാഗമായി പട്ടികവർഗക്കാർക്ക് നിലവിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുപുറമേ അധികമായി 100 ദിവസത്തെ തൊഴിൽ ഉറപ്പുവരുത്തുന്നു. കൂടാതെ ജീവനോപാധി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പരമ്പരാഗത ഉപജീവന മാർഗ്ഗങ്ങളായ കൃഷി, വനവിഭവങ്ങളുടെ ശേഖരണം, സംസ്കരണം

എന്നിവയിൽനിന്ന് അധികവരുമാനം കണ്ടെത്തുന്നതിനുള്ള സഹായവും വകുപ്പ് നൽകിവരുന്നു. ഇതിലൂടെയെല്ലാം പട്ടികവർഗ കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ഉപജീവനവും തൊഴിലും ഉറപ്പാക്കി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് ഒരു പരിധിവരെ കഴിയുന്നുണ്ട്.

പട്ടികജാതി

നൈപുണ്യ വികസന പരിശീലനങ്ങൾ - പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളതും അല്ലാത്തവരുമായ തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നുണ്ട്. വിവരസാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങി വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനുതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പാക്കിവരുന്നുണ്ട്. ഇത്തരം നൈപുണ്യ വികസന പരിശീലന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഉറപ്പാക്കുന്നുണ്ട്. കൂടാതെ നൈപുണ്യ

വികസന പരിശീലനങ്ങളിലൂടെ പരിശീലനം നേടുന്ന പരിശീലകർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനും ഇത് സഹായകരമാകും. നൈപുണ്യ വികസന പരിശീലന പദ്ധതികൾപ്രകാരം 2016-17 മുതൽ നാളിതുവരെ 72250 പേർക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്.

സ്വയംതൊഴിൽ പദ്ധതി - പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മൂന്നുലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 1/3 (പരമാവധി 1 ലക്ഷം രൂപ) സബ്സിഡിയായി ഈ പദ്ധതിപ്രകാരം അനുവദിക്കുന്നു. 2016-17 സാമ്പത്തികവർഷം മുതൽ നാളിതുവരെ 2488 പേർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആനുകൂല്യം അനുവദിച്ചു നൽകിയിട്ടുണ്ട്.

വിദേശ തൊഴിൽ ധനസഹായ പദ്ധതി - അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽദാതാവിൽനിന്നും ലഭിച്ചിട്ടുള്ള തൊഴിൽ കരാർപത്രം, വിസ എന്നിവയുടെ അടിസ്ഥാനത്തിൽ യാത്രാ/വിസാ സംബന്ധമായ

ചെലവുകൾക്കായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിച്ചുവരുന്നു. 20 വയസ്സിനും 50 വയസ്സിനും മധ്യേ പ്രായമുള്ളവരും വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ താഴെയുള്ളവരുമായ പട്ടികജാതി വിഭാഗക്കാരെയാണ് ആനുകൂല്യ വിതരണത്തിനായി പരിഗണിക്കുന്നത്. 2016-17 സാമ്പത്തിക വർഷംമുതൽ നാളിതുവരെ 6767 പേർക്ക് വിദേശ തൊഴിൽ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് സ്റ്റാർട്ടപ്പുകൾക്കായി ആരംഭിച്ച സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി 2016-ൽ പ്രവർത്തനം ആരംഭിക്കുകയും ഇതുവരെ 69 സ്റ്റാർട്ടപ്പുകൾക്ക് ഇൻകൃബേഷൻ നൽകുകയും 3 മാനുഫാക്ച്ചറിങ് സ്റ്റാർട്ടപ്പുകൾക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ സ്ഥലസൗകര്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി സ്റ്റാർട്ടപ്പുകൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷന്റെ പദ്ധതികളിലൂടെയുള്ള സഹായം കൂടാതെ പട്ടികജാതി വികസന വകുപ്പ് കേരള സ്റ്റാർട്ടപ്പ് മിഷന് നൽകിയിട്ടുള്ള റിവോൾവിങ് ഫണ്ട് മുഖേനയുള്ള പലിശരഹിത വായ്പയും ലഭ്യമാക്കിയിട്ടുണ്ട്.

TRACE (Training for Career Excellence) - വിദ്യാസമ്പന്നരായ

പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കൾക്ക് കൃത്യമായ പ്രായോഗിക പരിശീലനം ലഭിക്കാത്തതിനാൽ സർക്കാർ, സ്വകാര്യ മേഖലകളിലെ മികവാർന്ന തൊഴിൽ മേഖലകളിൽ എത്തിപ്പെടാതെ പോകുന്ന അവസ്ഥയിൽനിന്നും മികച്ച വിദ്യാഭ്യാസ യോഗ്യതയുണ്ടായിട്ടും തദനുസരണമുള്ള തൊഴിൽ ലഭ്യമാകാത്തതിനാൽ മറ്റ് മേഖലകളിൽ തൊഴിൽ അന്വേഷകരാകുന്ന അവസ്ഥയിൽനിന്നും പട്ടികജാതി വിഭാഗം ഉദ്യോഗാർഥികളുടെ ദയനീയ അവസ്ഥയിൽനിന്നും മോചനം ലഭിക്കുന്നതിനുവേണ്ടി ഉദ്യോഗാർഥികൾ പ്രാവീണ്യം നേടിയിട്ടുള്ള പ്രൊഫഷനുകളുമായി ബന്ധപ്പെട്ട് തൊഴിൽ നേടുന്നതിന് അവർക്കായി പ്രായോഗിക പരിജ്ഞാനം, അനുഭവജ്ഞാനം എന്നിവ ലഭ്യമാക്കുന്നതിനും അഭിമുഖങ്ങളിലും മറ്റും ആത്മവിശ്വാസത്തോടെ പങ്കെടുക്കുന്നതിനും കരുത്ത് നൽകുക എന്നുള്ള ഉദ്ദേശ്യത്തോടുകൂടി വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് ട്രേസ്. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

അക്രെഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ

ബി.ടെക്/ഡിപ്ലോമ/ഐ.ടി.ഐ. പഠനം പൂർത്തിയാക്കിയ പട്ടികജാതി

വിഭാഗക്കാരായ യുവതീയുവാക്കൾക്ക് പ്രത്യേക പരിശീലനം നൽകി അവർക്ക് മികച്ച തൊഴിലുകൾ പ്രാപ്തമാക്കുന്നതിന് സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയിട്ടുള്ള പദ്ധതിയാണിത്. ബി.ടെക്/ഡിപ്ലോമ/ഐ.ടി.ഐ. പഠനം പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 300 യുവതീയുവാക്കളെയാണ് ഇത്തരത്തിൽ പരിശീലന പരിപാടിയിലേക്ക് തിരഞ്ഞെടുത്തിട്ടുള്ളത്. എൻജിനീയറിങ് വൈദഗ്ധ്യം ആവശ്യമുള്ള വകുപ്പിന്റെ പദ്ധതികളുടെ നിർവഹണത്തിൽ വലിയ പുരോഗതിയുണ്ടാക്കുന്നതിന് ഇവരുടെ സേവനം പ്രയോജനപ്പെടുന്നുണ്ട്. 18,000/- രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

ക്ലറിക്കൽ അസിസ്റ്റന്റ്സ് (Training programme for clerical assistants)

പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവതീയുവാക്കൾക്ക് ഓഫീസ് ജോലികളിൽ പരിശീലനം നൽകി അവരുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനും അതുവഴി മറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി തൊഴിൽ പരിശീലന പദ്ധതി എന്ന നിലയിൽ പട്ടികജാതി വികസന വകുപ്പിന്

കീഴിൽ നടപ്പാക്കിവരുന്ന പദ്ധതിയാണ് ക്ലറിക്കൽ അസിസ്റ്റന്റ്സ് പരിശീലനം. ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസുകളിലുമായി 225 യുവതീയുവാക്കളെയാണ് ഇത്തരത്തിൽ പരിശീലന പരിപാടിയിലേക്ക് തിരഞ്ഞെടുക്കുന്നത്. 10,000 രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

ലീഗൽ അസിസ്റ്റന്റ്സ് (Legal Assistants)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിയമ ബിരുദധാരികളായ യുവതീയുവാക്കൾക്ക് പ്രായോഗിക പരിശീലനം നൽകി തങ്ങളുടെ കരിയറിൽ മികവ് തെളിയിക്കുന്നതിനും മികച്ച അഭിഭാഷകരായി രൂപപ്പെടുത്തുന്നതിലൂടെ പ്രൊഫഷനിൽ ഉയർന്നതലത്തിൽ എത്തിച്ചേരുന്നതിനും സഹായകരമായ രീതിയിൽ 69 ലീഗൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. നിയമബിരുദധാരികളായി എൻറോൾ ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കളെ അഡ്വക്കേറ്റ് ജനറൽ ഓഫീസിലും ജില്ലാ കോടതികളിലും

സ്പെഷ്യൽ കോടതികളിലും ഗവൺമെന്റ് പ്ലീഡർമാരുടെ കീഴിൽ ലീഗൽ അസിസ്റ്റന്റുമാരായി പരിശീലനം നൽകുന്ന പദ്ധതിയാണ്. പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയായ 'ജ്വാല'-യുടെ ഭാഗമായി പട്ടികവിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമത്തിന്റെ പരിധിയിൽവരുന്ന കേസുകളിൽ ആവശ്യമായ നിയമസഹായം ഒരുക്കുന്നതിനും നിയമം ശക്തമായും ഫലപ്രദമായും നടപ്പാക്കുന്നതിനും ഭരണ-നിയമ സംവിധാനങ്ങളെ സഹായിക്കുന്നതിനും ഇവർക്ക് കഴിയുന്നുണ്ട്. 20,000/- രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ (CSW)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള യുവതീയുവാക്കളെ വകുപ്പിന്റെ പദ്ധതികളുടെ നിർവഹണത്തിൽ പങ്കാളികളാക്കി ജോലി പരിചയം ആർജിക്കുന്നതിനും വികസന പദ്ധതികൾ അവസരമൊരുക്കുന്ന നൂതന പരിശീലന പദ്ധതിയാണിത്. സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദമുള്ള 60 യുവതീയുവാക്കളെയാണ് ഇത്തരത്തിൽ പരിശീലന പരിപാടിയിലേക്ക്

തിരഞ്ഞെടുത്തിട്ടുള്ളത്. 20,000 രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

എസ്.സി. പ്രൊമോട്ടർ

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും ഗുണഭോക്താക്കൾക്കിടയിൽ എത്തിക്കുന്നതിനും പട്ടികജാതി വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ നൽകിവരുന്ന സേവനങ്ങളെ സംബന്ധിച്ച് ഗുണഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനാണ് എസ്.സി. പ്രൊമോട്ടർമാരെ നിയമിക്കുന്നത്. പട്ടികജാതി വികസന വകുപ്പിന് കീഴിൽ 1216 എസ്.സി. പ്രൊമോട്ടർമാരാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ ഒന്നും നഗരസഭകളിൽ മൂന്നും കോർപ്പറേഷനുകളിൽ അഞ്ചും വീതം പ്രൊമോട്ടർമാരാണുള്ളത്. 10,000/- രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

(ബി) പ്രസ്തുത പദ്ധതിക്കായി സംസ്ഥാന സർക്കാർ ആരംഭിച്ച സമഗ്ര വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നിലവിൽ പ്രസ്തുത വിവരശേഖരണം പൂർത്തിയായിട്ടില്ല.

(സി) പട്ടികജാതി, പട്ടികവർഗ കുടുംബങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ പുരോഗതി ലക്ഷ്യമാക്കി പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ പുരോഗതി വിലയിരുത്തിയിട്ടില്ല.

(ഡി) വർധിച്ച ജനപങ്കാളിത്തത്തോടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും പട്ടികജാതി, പട്ടികവർഗ വിഭാഗത്തിന്റെ വരുംതലമുറയെ മാറിവരുന്ന ലോകക്രമത്തിനനുസൃതമായ കാഴ്ചപ്പാടുകളുള്ള സമൂഹമാക്കി വളർത്തിയെടുക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വിശദീകരിക്കുമോ?

പട്ടികവർഗം

സംസ്ഥാനത്തെ പട്ടികവർഗ കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി മെച്ചപ്പെട്ട ഉപജീവനവും

തൊഴിലും ഉറപ്പാക്കുന്നതിനായി വിവിധ ജീവനോപാധി പദ്ധതികളും തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങളും പട്ടികവർഗ വികസന വകുപ്പ് നടത്തിവരുന്നു. പട്ടികവർഗ യുവതീയുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാമ്പത്തിക അഭിവൃദ്ധി മെച്ചപ്പെടുത്തി സ്വയംപര്യാപ്തരാക്കുന്നതിനുമായി വിവിധങ്ങളായ ഹ്രസ്വകാല തൊഴിലധിഷ്ഠിത പരിശീലനങ്ങൾ അംഗീകൃത പരിശീലന സ്ഥാപനങ്ങൾ വഴി നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി ചേർന്ന് മെച്ചപ്പെട്ട തൊഴിൽ ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇതിലൂടെ മെച്ചപ്പെട്ട ഉപജീവനം ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നു. കൂടാതെ ടെയിനിങ് ഫോർ കരിയർ എക്സലൻസ് പദ്ധതിയുടെ ഭാഗമായി (TRACE) സർക്കാർ മേഖലയിൽ നിരവധി പട്ടികവർഗ യുവതീയുവാക്കൾ മികച്ച ഓണറേറിയം നിരക്കിൽ സേവനമനുഷ്ഠിച്ചുവരുന്നു. ടൈബൽ പ്ലസ് പദ്ധതിയുടെ ഭാഗമായി പട്ടികവർഗക്കാർക്ക് നിലവിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുപുറമേ അധികമായി 100 ദിവസത്തെ തൊഴിൽ ഉറപ്പുവരുത്തുന്നു. കൂടാതെ

ജീവനോപാധി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പരമ്പരാഗത ഉപജീവന മാർഗ്ഗങ്ങളായ കൃഷി, വനവിഭവങ്ങളുടെ ശേഖരണം, സംസ്കരണം എന്നിവയിൽനിന്ന് അധികവരുമാനം കണ്ടെത്തുന്നതിനുള്ള സഹായവും വകുപ്പ് നൽകിവരുന്നു. ഇതിലൂടെയെല്ലാം പട്ടികവർഗ കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ഉപജീവനവും തൊഴിലും ഉറപ്പാക്കി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് ഒരു പരിധിവരെ കഴിയുന്നുണ്ട്.

പട്ടികജാതി

നൈപുണ്യ വികസന പരിശീലനങ്ങൾ - പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളതും അല്ലാത്തവരുമായ തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നുണ്ട്. വിവരസാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങി വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനുതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പാക്കിവരുന്നുണ്ട്. ഇത്തരം നൈപുണ്യ വികസന പരിശീലന പരിപാടികൾ വിജയകരമായി

പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഉറപ്പാക്കുന്നുണ്ട്. കൂടാതെ നൈപുണ്യ വികസന പരിശീലനങ്ങളിലൂടെ പരിശീലനം നേടുന്ന പരിശീലകർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനും ഇത് സഹായകരമാകും. നൈപുണ്യ വികസന പരിശീലന പദ്ധതികൾപ്രകാരം 2016-17 മുതൽ നാളിതുവരെ 72250 പേർക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്.

സ്വയംതൊഴിൽ പദ്ധതി - പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മൂന്നുലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 1/3 (പരമാവധി 1 ലക്ഷം രൂപ) സബ്സിഡിയായി ഈ പദ്ധതിപ്രകാരം അനുവദിക്കുന്നു. 2016-17 സാമ്പത്തികവർഷം മുതൽ നാളിതുവരെ 2488 പേർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആനുകൂല്യം അനുവദിച്ചു നൽകിയിട്ടുണ്ട്.

വിദേശ തൊഴിൽ ധനസഹായ പദ്ധതി - അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവതീയുവാക്കൾക്ക് വിദേശത്ത്

തൊഴിൽദാതാവിൽനിന്നും ലഭിച്ചിട്ടുള്ള തൊഴിൽ കരാർപത്രം, വിസ എന്നിവയുടെ അടിസ്ഥാനത്തിൽ യാത്രാ/വിസാ സംബന്ധമായ ചെലവുകൾക്കായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിച്ചുവരുന്നു. 20 വയസ്സിനും 50 വയസ്സിനും മധ്യേ പ്രായമുള്ളവരും വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ താഴെയുള്ളവരുമായ പട്ടികജാതി വിഭാഗക്കാരെയാണ് ആനുകൂല്യ വിതരണത്തിനായി പരിഗണിക്കുന്നത്. 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 6767 പേർക്ക് വിദേശ തൊഴിൽ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് സ്റ്റാർട്ടപ്പുകൾക്കായി ആരംഭിച്ച സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി 2016-ൽ പ്രവർത്തനം ആരംഭിക്കുകയും ഇതുവരെ 69 സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ നൽകുകയും 3 മാനുഫാക്ചറിങ് സ്റ്റാർട്ടപ്പുകൾക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ സ്ഥലസൗകര്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി സ്റ്റാർട്ടപ്പുകൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷന്റെ പദ്ധതികളിലൂടെയുള്ള സഹായം കൂടാതെ പട്ടികജാതി വികസന വകുപ്പ് കേരള സ്റ്റാർട്ടപ്പ് മിഷന് നൽകിയിട്ടുള്ള റിവോൾവിങ് ഫണ്ട് മുഖേനയുള്ള

പലിശരഹിത വായ്പയും ലഭ്യമാക്കിയിട്ടുണ്ട്.

TRACE (Training for Career Excellence) - വിദ്യാസമ്പന്നരായ പട്ടികജാതിയിൽപെട്ട യുവതീയുവാക്കൾക്ക് കൃത്യമായ പ്രായോഗിക പരിശീലനം ലഭിക്കാത്തതിനാൽ സർക്കാർ, സ്വകാര്യ മേഖലകളിലെ മികവാർന്ന തൊഴിൽ മേഖലകളിൽ എത്തിപ്പെടാതെ പോകുന്ന അവസ്ഥയിൽനിന്നും മികച്ച വിദ്യാഭ്യാസ യോഗ്യതയുണ്ടായിട്ടും തദനുസരണമുള്ള തൊഴിൽ ലഭ്യമാകാത്തതിനാൽ മറ്റ് മേഖലകളിൽ തൊഴിൽ അന്വേഷകരാകുന്ന അവസ്ഥയിൽനിന്നും പട്ടികജാതി വിഭാഗം ഉദ്യോഗാർഥികളുടെ ദയനീയ അവസ്ഥയിൽനിന്നും മോചനം ലഭിക്കുന്നതിനുവേണ്ടി ഉദ്യോഗാർഥികൾ പ്രാവീണ്യം നേടിയിട്ടുള്ള പ്രൊഫഷനുകളുമായി ബന്ധപ്പെട്ട് തൊഴിൽ നേടുന്നതിന് അവർക്കായി പ്രായോഗിക പരിജ്ഞാനം, അനുഭവജ്ഞാനം എന്നിവ ലഭ്യമാക്കുന്നതിനും അഭിമുഖങ്ങളിലും മറ്റും ആത്മവിശ്വാസത്തോടെ പങ്കെടുക്കുന്നതിനും കരുത്ത് നൽകുക എന്നുള്ള ഉദ്ദേശ്യത്തോടുകൂടി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ട്രേസ്. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

അക്രെഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ

ബി.ടെക്/ഡിപ്ലോമ/ഐ.ടി.ഐ. പഠനം പൂർത്തിയാക്കിയ പട്ടികജാതി വിഭാഗക്കാരായ യുവതീയുവാക്കൾക്ക് പ്രത്യേക പരിശീലനം നൽകി അവർക്ക് മികച്ച തൊഴിലുകൾ പ്രാപ്തമാക്കുന്നതിന് സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയിട്ടുള്ള പദ്ധതിയാണിത്. ബി.ടെക്/ഡിപ്ലോമ/ഐ.ടി.ഐ. പഠനം പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 300 യുവതീയുവാക്കളെയാണ് ഇത്തരത്തിൽ പരിശീലന പരിപാടിയിലേക്ക് തിരഞ്ഞെടുത്തിട്ടുള്ളത്. എൻജിനീയറിങ് വൈദഗ്ധ്യം ആവശ്യമുള്ള വകുപ്പിന്റെ പദ്ധതികളുടെ നിർവഹണത്തിൽ വലിയ പുരോഗതിയുണ്ടാക്കുന്നതിന് ഇവരുടെ സേവനം പ്രയോജനപ്പെടുന്നുണ്ട്. 18,000/- രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

ക്ലറിക്കൽ അസിസ്റ്റന്റ്സ് (Training programme for clerical assistants)

പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവതീയുവാക്കൾക്ക് ഓഫീസ് ജോലികളിൽ പരിശീലനം നൽകി അവരുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനും അതുവഴി മറ്റ് സ്ഥാപനങ്ങളിൽ ജോലി

ചെയ്യുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി തൊഴിൽ പരിശീലന പദ്ധതി എന്ന നിലയിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ നടപ്പാക്കിവരുന്ന പദ്ധതിയാണ് ക്ലറിക്കൽ അസിസ്റ്റന്റ്സ് പരിശീലനം. ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസുകളിലുമായി 225 യുവതീയുവാക്കളെയാണ് ഇത്തരത്തിൽ പരിശീലന പരിപാടിയിലേക്ക് തിരഞ്ഞെടുക്കുന്നത്. 10,000 രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

ലീഗൽ അസിസ്റ്റന്റ്സ് (Legal Assistants)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിയമ ബിരുദധാരികളായ യുവതീയുവാക്കൾക്ക് പ്രായോഗിക പരിശീലനം നൽകി തങ്ങളുടെ കരിയറിൽ മികവ് തെളിയിക്കുന്നതിനും മികച്ച അഭിഭാഷകരായി രൂപപ്പെടുത്തുന്നതിലൂടെ പ്രൊഫഷനിൽ ഉയർന്നതലത്തിൽ എത്തിച്ചേരുന്നതിനും സഹായകരമായ രീതിയിൽ 69 ലീഗൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു.

നിയമബിരുദധാരികളായി എൻറോൾ ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കളെ അഡ്വക്കേറ്റ് ജനറൽ ഓഫീസിലും ജില്ലാ കോടതികളിലും സ്പെഷ്യൽ കോടതികളിലും ഗവൺമെന്റ് പ്ലീഡർമാരുടെ കീഴിൽ ലീഗൽ അസിസ്റ്റന്റുമാരായി പരിശീലനം നൽകുന്ന പദ്ധതിയാണ്. പട്ടികജാതി വികസനവകുപ്പ് നടപ്പാക്കുന്ന പദ്ധതിയായ 'ജ്വാല'-യുടെ ഭാഗമായി പട്ടികവിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമത്തിന്റെ പരിധിയിൽവരുന്ന കേസുകളിൽ ആവശ്യമായ നിയമസഹായം ഒരുക്കുന്നതിനും നിയമം ശക്തമായും ഫലപ്രദമായും നടപ്പാക്കുന്നതിനും ഭരണ-നിയമ സംവിധാനങ്ങളെ സഹായിക്കുന്നതിനും ഇവർക്ക് കഴിയുന്നുണ്ട്. 20,000/- രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ (CSW)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള യുവതീയുവാക്കളെ വകുപ്പിന്റെ പദ്ധതികളുടെ നിർവഹണത്തിൽ പങ്കാളികളാക്കി ജോലി പരിചയം ആർജിക്കുന്നതിനും വികസന പദ്ധതികൾ അവസരമൊരുക്കുന്ന നൂതന പരിശീലന

പദ്ധതിയാണിത്. സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദമുള്ള 60 യുവതീയുവാക്കളെയാണ് ഇത്തരത്തിൽ പരിശീലന പരിപാടിയിലേക്ക് തിരഞ്ഞെടുത്തിട്ടുള്ളത്. 20,000 രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

എസ്.സി. പ്രൊമോട്ടർ

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും ഗുണഭോക്താക്കൾക്കിടയിൽ എത്തിക്കുന്നതിനും പട്ടികജാതി വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ നൽകിവരുന്ന സേവനങ്ങളെ സംബന്ധിച്ച് ഗുണഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനാണ് എസ്.സി. പ്രൊമോട്ടർമാരെ നിയമിക്കുന്നത്. പട്ടികജാതി വികസന വകുപ്പിന് കീഴിൽ 1216 എസ്.സി. പ്രൊമോട്ടർമാരാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ ഒന്നും നഗരസഭകളിൽ മൂന്നും കോർപ്പറേഷനുകളിൽ അഞ്ചും വീതം പ്രൊമോട്ടർമാരാണുള്ളത്. 10,000/- രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

125(898) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം നടന്നുവരുന്ന പ്രവൃത്തികൾ വിശദമാക്കാമോ?

1. 2021-22 വർഷത്തിൽ വെൺപാലവട്ടം-ഈറോഡ് ഗ്രാമത്തിന്റെ എസ്റ്റിമേറ്റിലുൾപ്പെട്ട 12 ഭവന പുനരുദ്ധാരണ പ്രവൃത്തികളും മൂന്ന് കിണറുകളുടെ നവീകരണവും പൂർത്തീകരിച്ചിട്ടുണ്ട്.

2. 2021-22-ലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെട്ട അണമുഖംകുന്ന് ഗ്രാമത്തിന്റെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

3. 2023-24-ലെ ചെങ്കൊടിക്കാട് ഗ്രാമത്തിന്റെ സിവിൽ വർക്കുകളുടെ എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി. സമർപ്പിച്ചിട്ടുണ്ട്. ഇലക്ട്രിക് വർക്കുകളുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ സെക്ഷനിൽനിന്നും സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി വിശദമാക്കാമോ;

(സി) പ്രസ്തുത പ്രോജക്ട് പ്രകാരം ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(ബി&സി) എം.ഒ.യു. ഒപ്പിട്ട് ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കേണ്ടതാണെന്ന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ സാധ്യതയുള്ള എല്ലാ പട്ടികജാതി-പട്ടികവർഗ സങ്കേതങ്ങളിലും പ്രസ്തുത പ്രോജക്ട് നടപ്പാക്കുമോയെന്ന് വിശദമാക്കാമോ?

അംബേദ്കർ ഗ്രാമവികസന പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായി ഒരുവർഷം പരമാവധി രണ്ടു ഗ്രാമങ്ങളെയാണ് ഉൾപ്പെടുത്തുന്നത്.

'എൻ ഊര്' പദ്ധതി

126 (899) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) 'എൻ ഊര്' പദ്ധതിയിലൂടെ എന്തെല്ലാമാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

വയനാട് സബ്കളക്ടർ സ്ഥിരം പ്രസിഡന്റും വൈത്തിരി, പൊഴുതന ഗ്രാമപഞ്ചായത്തുകളിലെ ഊരുമൂപ്പൻമാർ അംഗങ്ങളുമായി സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പട്ടികവർഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി 2012-ൽ ആരംഭിച്ച പദ്ധതിയാണ് 'എൻ ഊര് ഗോത്ര പൈതൃക ഗ്രാമം'. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. വിവിധ പട്ടികവർഗ സമൂഹങ്ങൾക്ക് മധ്യവർത്തികളില്ലാതെ നേരിട്ട് വിപണിയെ സമീപിക്കുന്നതിനും ഇടപെടുന്നതിനും അവസരമൊരുക്കുക.
2. ജൈവ കൃഷി, കാർഷിക/വന ഉൽപന്നങ്ങളുടെ സംസ്കരണം, പാക്കിങ്, മൺപാത്ര നിർമ്മാണം, പുഷ്പകൃഷി, മരുന്ന് ചെടികളുടെ സംസ്കരണം, വിപണനം തുടങ്ങിയ പരിസ്ഥിതിക്കനുകൂലമായ മേഖലകളിൽ പട്ടികവർഗ സമൂഹത്തിൽപ്പെട്ടവർക്ക് ആവശ്യമായ പരിശീലനം

നൽകി, അവരുടെ കഴിവുകൾ വികസിപ്പിക്കുകയും തദ്വാര ജീവനോപാധിക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്യുക.

3. ധനസഹായം ലഭിക്കുന്നതിനും വിപണന, സാങ്കേതിക സഹായത്തിനുമുള്ള അവസരങ്ങൾ വർധിപ്പിക്കുന്നതിനുമായി പട്ടികവർഗ ജനസമൂഹവുമായി സർക്കാർ ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ധർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മറ്റ് സേവന തൽപരരായ സംരംഭകർ, പ്രയോജകർ എന്നിവർക്ക് സംവദിക്കുന്നതിനും ആശയവിനിമയത്തിനും അവസരമൊരുക്കുക.

4. പട്ടികവർഗ സമൂഹത്തിന്റെ ആവാസവ്യവസ്ഥയുടെ സമഗ്ര വികസനം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി സാമൂഹ്യ വ്യക്തിശുചിത്വം, ആരോഗ്യം, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, എന്നിവയെക്കുറിച്ചുള്ള അവബോധം ഊട്ടിയുറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

5. ആദിവാസി ഗോത്രകലകൾ ലോകത്തിന് പരിചയപ്പെടുത്തുക അഥവാ അവയെ മുഖ്യധാരാ സമൂഹത്തിന് പരിചിതമാക്കുക. ആദിവാസി

ഗോത്രകലകളുടെ പോഷണത്തിനായി പ്രവർത്തനങ്ങൾ നടത്തുക.

6. ആദിവാസികൾ നിർമ്മിക്കുന്ന കരകൗശല വസ്തുക്കൾ, അവർ ശേഖരിക്കുന്ന ആയുർവേദ മരുന്നുകൾ, ഔഷധമൂല്യമുള്ള ഭക്ഷ്യോൽപന്നങ്ങൾ മുതലായവ ജില്ലക്കകത്തും പുറത്തുമുള്ള സഞ്ചാരികൾക്കും പൊതുജനങ്ങൾക്കും നേരിട്ട് വിപണനം നടത്തുന്നതിനുള്ള അവസരമൊരുക്കുകയും അതുവഴി മെച്ചപ്പെട്ട വില ഉറപ്പാക്കുകയും ചെയ്യുന്നു.
7. പട്ടികവർഗ സമൂഹത്തിന് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭങ്ങൾ നടപ്പിലാക്കുക.

(ബി) ടൂറിസം വകുപ്പുമായി ചേർന്ന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്?

'എൻ ഊര്' പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനോദസഞ്ചാര വകുപ്പ് 4.53 കോടി രൂപ (നാല് കോടി അൻപത്തി മൂന്ന് ലക്ഷം മാത്രം) അനുവദിച്ചു. ഇതിൽ ഉൾപ്പെടുന്ന

ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- ഹെറിറ്റേജ് വാക്ക് വേ
- ടൈബൽ ഇന്റർപ്രട്ടേഷൻ സെന്റർ
- ടിക്കറ്റ് കൗണ്ടർ
- ചുറ്റുവേലി
- സ്കൾപ്ചർ വർക്ക്
- ജനറേറ്റർ

നിലവിൽ വയനാട് ജില്ലയിലാണ് 'എൻ ഊര്' പദ്ധതിയുള്ളത്.

പദ്ധതി അടങ്കലിലെ വെട്ടിക്കുറവ്

127(900) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50 ശതമാനം വരെ വെട്ടിച്ചുരുക്കൽ വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് എസ്.സി., എസ്.ടി., പിന്നാക്കക്ഷേമ വകുപ്പുകളിലെ ഏതൊക്കെ പദ്ധതികളാണ് വെട്ടിച്ചുരുക്കിയിട്ടുള്ളതെന്നും എത്ര ശതമാനം വരെ വെട്ടിച്ചുരുക്കൽ സംഭവിച്ചുവെന്നുമുള്ള വിവരം പദ്ധതി തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ സമൂഹം പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗമായതിനാൽ പ്രധാന പദ്ധതികളായ വിദ്യാഭ്യാസ സംബന്ധമായ പദ്ധതികളുടെയും ദുർബല വിഭാഗ പുനരധിവാസ പദ്ധതി, എം.ആർ.എസ്.-കളുടെ നടത്തിപ്പ്, തൊഴിലും പരിശീലനവും, പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നടപ്പാക്കൽ അടക്കം പദ്ധതികളുടെ വിഹിതത്തിൽ ഭേദഗതിയൊന്നും വരുത്തിയിട്ടില്ല. വകുപ്പ് നടപ്പാക്കുന്ന പദ്ധതികളിൽ മുൻഗണനാക്രമം നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

മഞ്ചേരി നിയോജകമണ്ഡലത്തിലെ ക്ഷേമ പദ്ധതികൾ

128 (901) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേരി നിയോജകമണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കായി അനുവദിച്ച ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ അനുവദിച്ചിട്ടുള്ള ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വെളിപ്പെടുത്താമോ;

(സി) മഞ്ചേരി നഗരസഭ പരിധിയിൽ അനുവദിച്ച അംബേദ്കർ ഗ്രാമം പദ്ധതി പ്രവൃത്തികൾ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) 2025-26-ൽ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് മഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

വർക്കല നിയോജകമണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

129 (902) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി വർക്കല

നിയോജകമണ്ഡലത്തിൽ എത്ര ഉന്നതികൾ വികസിപ്പിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

7 ഗ്രാമങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ഉന്നതികളുടെ വികസന പുരോഗതി വിശദമാക്കുമോ?

2016-17-ൽ ഉൾപ്പെടുത്തിയിട്ടുള്ള പുളിയറക്കോണം, കൈപ്പടക്കോണം, ഇ.പി.നഗർ എന്നീ ഗ്രാമങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2019-20-ൽ ഉൾപ്പെട്ട ശ്രീനിവാസപുരം ഗ്രാമത്തിലെ 20 വീടുകളുടെ അറ്റകുറ്റപ്പണിയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 19 വീടുകളുടേത് പൂർത്തിയാക്കിയിട്ടുണ്ട്. 2020-21-ൽ മുനിക്കുന്ന് ഗ്രാമത്തിന് 22-06-2024-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 2021-22-ൽ തേരിക്കൽ പാറയിൽ ഗ്രാമത്തിന്റെ കമ്മ്യൂണിറ്റി ഹാൾ ഓവർ അങ്കണവാടി, ഹൗസ് മെയിന്റനൻസ് എന്നിവയുടെ അവസാനഘട്ട പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. റീട്ടെയിനിങ് വാൾ, കോൺക്രീറ്റ് റോഡ്, സോളാർ സ്ട്രീറ്റ് ലൈറ്റ് എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. 2021-22-ൽ വട്ടപ്ലാമൂട്

ഗ്രാമത്തിന് 5-12-2024-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 2023-24-ൽ വണ്ടിപ്പുര ഹൗസിങ് നഗർ ഗ്രാമത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മങ്കട നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

130 (903) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി മങ്കട നിയോജകമണ്ഡലത്തിൽ അനുവദിച്ച വിവിധ നഗറുകളിലെ പ്രവൃത്തികൾ ഓരോന്നും ഏത് ഘട്ടത്തിലാണ്; ഓരോ പ്രവൃത്തിയും എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്; ഇനി എന്തെല്ലാം പ്രവൃത്തികളാണ് ബാക്കിയുള്ളത്; വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയും നടപ്പാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്

ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ-സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ മങ്കട പഞ്ചായത്തിൽനിന്നും 2016-17-ൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കളത്തിൽചാളത്തിൽ നഗർ, ചൊവ്വാണ നഗർ എന്നീ ഗ്രാമങ്ങളുടെയും 2019-20-ൽ ഉൾപ്പെടുത്തിയിട്ടുള്ള അമ്പലപ്പറമ്പ് നഗറിന്റെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2021-22-ൽ മങ്കട ബ്ലോക്കിൽനിന്നും തിരഞ്ഞെടുത്തിട്ടുള്ള പട്ടിയിൽപ്പറമ്പ് നഗറിലെ ഭവനപുനരുദ്ധാരണം, വ്യക്തിഗത കിണർ റിപ്പയറിങ്, സംരക്ഷണഭിത്തി നിർമ്മാണം എന്നീ പ്രവൃത്തികൾ പുരോഗതിയിലാണ്. ഡ്രെയിനേജ് പിറ്റ്, പൊതുകിണർ, ഇലക്ട്രിക് പോസ്റ്റ് മാറ്റിവയ്ക്കൽ എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. മങ്കട ബ്ലോക്കിലെ കല്ലറാംകുന്ന് നഗർ (2021-22) ഇന്റേണൽ റോഡ് ആന്റ് ഫുട്പാത്ത് ഒരെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ഭവനപുനരുദ്ധാരണ പ്രവൃത്തികൾ പുരോഗതിയിലാണ്. ശ്മശാനം ബിൽഡിങ് നിർമ്മാണം, കമ്മ്യൂണിറ്റിഹാൾ പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. സംരക്ഷണഭിത്തി നിർമ്മാണം, സാനിറ്റേഷൻ, പൊതുകിണർ റിപ്പയറിങ്,

സോളാർ മിനിമാസ്റ്റ് എന്നീ പ്രവൃത്തികൾ ആരംഭിക്കാനുണ്ട്. മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രമാണ് ടി നഗറുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവഹണ ഏജൻസി.

പിന്നാക്ക വിഭാഗങ്ങൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

131 (904) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗക്കാർക്കായി ഏർപ്പെടുത്തിയിരിക്കുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനും ഫ്രീഷിപ്പ് കാർഡിനും അർഹമായ ജാതിവിഭാഗങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പരിധിയിൽവരുന്ന ഒ.ഇ.സി, ഒ.ബി.സി.(എച്ച്), എസ്.ഇ.ബി.സി. വിഭാഗങ്ങൾ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് അർഹരാണ്. എന്നാൽ ഈ വിഭാഗങ്ങൾക്ക് ഫ്രീഷിപ്പ് കാർഡ് അനുവദിച്ചുനൽകിയിട്ടില്ല.

(ബി) മെറിറ്റിൽ പ്രവേശനം നേടിയതും ഒരു ലക്ഷം രൂപയിൽ താഴെ

വാർഷികവരുമാനവുമുള്ള ഈഴവ, തീയ്യ എന്നീ വിഭാഗങ്ങളെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഒഴിവാക്കിയതെന്ന് അറിയിക്കാമോ?

നിലവിൽ സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഈഴവ, തീയ്യ തുടങ്ങിയ വിഭാഗത്തിലുള്ള വിദ്യാർഥികൾക്ക് പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നുണ്ട്. കൂടാതെ സ്വാശ്രയ എഞ്ചിനീയറിങ് കോളേജിൽ പഠിക്കുന്ന ടി വിഭാഗം വിദ്യാർഥികൾക്കും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നുണ്ട്. ഈ വിഭാഗത്തിന് നൽകുന്ന വിദ്യാഭ്യാസാനുകൂല്യത്തിൽ മാറ്റം വരുത്തിയിട്ടില്ല.

പട്ടികവർഗ വിഭാഗങ്ങളിലെ ഭൂ-ഭവന രഹിതർ

132 (905) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 149129 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

(ബി) പ്രസ്തുത കുടുംബങ്ങളിൽ ഭൂരഹിത കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും സ്വന്തമായി ഭൂമിയുണ്ടായിട്ടും പാർപ്പിടമില്ലാത്ത കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും വിശദമാക്കുമോ?

ഭൂരഹിത ഭവനരഹിതരായ 5736 പട്ടികവർഗ കുടുംബങ്ങളും ഭൂമിയുള്ള ഭവനരഹിതരായ 10777 പട്ടികവർഗ കുടുംബങ്ങളുമുണ്ട്.

(സി) ഇവർക്ക് ഭൂമിയും ഭവനവും ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും ആയത് എപ്പോൾ പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ?

ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമപ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകുന്നു. കൂടാതെ റവന്യൂഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. ഈ

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം 260 പേർക്ക് 50.83 ഏക്കർ ഭൂമിയും നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതിപ്രകാരം 718 പേർക്ക് 243.80 ഏക്കർ ഭൂമിയും വനാവകാശ നിയമപ്രകാരം 2843 പേർക്ക് 3945.86 ഏക്കർ ഭൂമിയും റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണ പദ്ധതിപ്രകാരം 27 പേർക്ക് 20.98 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 3848 പേർക്ക് 4261.47 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം വാങ്ങിയ 52.34 ഏക്കർ ഭൂമികൂടി വിതരണം ചെയ്യുന്നതിനുള്ള നടപടിയും പദ്ധതിപ്രകാരം സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച 6.99 ഏക്കർ ഭൂമി കൂടി വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി ലഭ്യമാക്കുന്ന പട്ടികവർഗ കുടുംബങ്ങൾക്ക് മിഷൻ മുഖേന വീട് നിർമ്മാണത്തിനുള്ള ധനസഹായവും അനുവദിച്ച് നൽകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 299 പേർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വീട് അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഭൂരഹിത ഭവനരഹിതരായി

കണ്ടെത്തിയിട്ടുള്ള 5736 കുടുംബങ്ങൾക്ക് ഭൂമിയും വീടും ഭൂമിയുള്ള ഭവനരഹിതരായ 10777 പേർക്ക് വീടും കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ലൈഫ് മിഷൻ മുഖേനയും പട്ടികവർഗ വിഭാഗക്കാർക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നുണ്ട്.

പിന്നാക്ക വിഭാഗ വികസന കോർഷറേഷനിലെ ഒഴിവുകൾ

133 (906) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിലെ പ്രോജക്ട്/അസിസ്റ്റന്റ് യൂണിറ്റ് മാനേജർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ പ്രോജക്ട് അസിസ്റ്റന്റ്/യൂണിറ്റ് മാനേജർ തസ്തികയിൽ നിലവിൽ 3 ഒഴിവുകളുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഇല്ല. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ തസ്തികകളിലേക്കുള്ള നിയമനരീതി സ്പെഷ്യൽ റൂൾസിൽ വ്യക്തമായി നിർവചിച്ചിട്ടുണ്ട്. സ്പെഷ്യൽ റൂൾ, ക്ലോസ് 7(സി) പ്രകാരം പ്രൊമോഷന് അർഹരായ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ മാത്രമേ പ്രോജക്ട് അസിസ്റ്റന്റ്/യൂണിറ്റ് മാനേജർ തസ്തികയിലെ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുള്ളൂ. പ്രോജക്ട് അസിസ്റ്റന്റ്/യൂണിറ്റ് മാനേജർ തസ്തികയിലെ 3 ഒഴിവുകളിലേക്ക് പ്രൊമോഷന് യോഗ്യത നേടിയ ജൂനിയർ അസിസ്റ്റന്റുമാർ കോർപ്പറേഷനിൽ നിലവിലുണ്ട്.

(സി) റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഡയറക്ട് റിക്രൂട്ട്മെന്റ് പ്രൊമോഷൻ സംബന്ധിച്ച് റേഷ്യോ സ്പെഷ്യൽ റൂളിൽ വ്യക്തമായി നിർവചിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ തസ്തികകളിലേക്കുള്ള നിയമനരീതി സ്പെഷ്യൽ റൂൾസിൽ വ്യക്തമായി നിർവചിച്ചിട്ടുണ്ട്. സ്പെഷ്യൽ റൂൾ, ക്ലോസ് 7(സി) പ്രകാരം പ്രൊമോഷന് അർഹരായ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ മാത്രമെ പ്രോജക്ട് അസിസ്റ്റന്റ്/യൂണിറ്റ് മാനേജർ തസ്തികയിലെ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുള്ളൂ. പ്രോജക്ട് അസിസ്റ്റന്റ്/യൂണിറ്റ് മാനേജർ തസ്തികയിലെ 3 ഒഴിവുകളിലേക്ക് പ്രൊമോഷന് യോഗ്യത നേടിയ ജൂനിയർ അസിസ്റ്റന്റുമാർ കോർപ്പറേഷനിൽ നിലവിലുണ്ട്.

(ഡി) കേരള പിന്നാക്കവിഭാഗ വികസന കോർപ്പറേഷന്റെ വിപുലീകരണവുമായി ബന്ധപ്പെട്ട് പുതിയ ശാഖകൾ തുടങ്ങാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ കീഴിൽ പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ ഒരു ഉപജില്ലാ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കോർപ്പറേഷൻ സർക്കാരിൽ

ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്രൊപ്പോസലിന്റെ സാധ്യതാ പഠന റിപ്പോർട്ട് സഹിതം വിശദമായ പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കാൻ സർക്കാർ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആറളം ഫാമിലെ സംരംഭക കൃഷി

134 (907) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറളം ഫാമിലെ ഭൂമി സംരംഭകകൃഷി ചെയ്യുന്നതിനായി കമ്പനികൾക്കോ വ്യക്തികൾക്കോ നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ, എത്ര ഭൂമി വീതം, ഏത് കൃഷിക്കെന്നും കരാർ വ്യവസ്ഥകൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ആറളം ഫാമിൽ പങ്കാളിത്ത സംരംഭകകൃഷി നടപ്പാക്കുന്നത് സംബന്ധിച്ച് ആറളം ഫാമിൽനിന്നും ലഭ്യമായിട്ടുള്ള പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയം

135 (908) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ അതിർത്തി പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പക്ഷി സങ്കേതത്തിനകത്തുൾപ്പെട്ട ജനവാസമേഖലകളെ പൂർണ്ണമായി ഒഴിവാക്കിയുള്ള അതിർത്തി പുനർനിർണ്ണയ നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) നിലവിൽ ആകെ 25.16 ച.കീ.മീ. വിസ്തീർണ്ണമുള്ള തട്ടേക്കാട് പക്ഷി സങ്കേതത്തിലെ ജനവാസമേഖലയായ 8.9725 ച.കീ.മീ. ഒഴിവാക്കി പകരം മൂന്നാർ വനം ഡിവിഷന്റെ പരിധിയിലുള്ള നേര്യമംഗലം റെയിഞ്ചിലെ പക്ഷി സംരക്ഷണ പ്രാധാന്യമുള്ള 10.1694 ച.കീ.മീ. വനപ്രദേശം തട്ടേക്കാട് പക്ഷി സങ്കേതത്തോട് കൂട്ടിച്ചേർക്കുന്നതിനുള്ള പ്രൊപ്പോസൽ ദേശീയ

വന്യജീവി ബോർഡിന് പരിവേഷ് പോർട്ടൽ മുഖേന സമർപ്പിക്കുകയും തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയത്തിനായി ദേശീയ വന്യജീവി ബോർഡ് ഒരു കമ്മിറ്റി രൂപീകരിക്കുകയും 27-12-2024-ന് പ്രസ്തുത കമ്മിറ്റി സൈറ്റ് ഇൻസ്പെക്ഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. ടി വിഷയം നിലവിൽ ദേശീയ വന്യജീവി ബോർഡിന്റെ പരിഗണനയിലാണ്.

വനം നിയമ ഭേദഗതി ബിൽ

136 (909) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം നിയമ ഭേദഗതി ബില്ലിൽ പുതുതായി എന്തൊക്കെ മാറ്റങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമ ഭേദഗതി സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിലുള്ള ആശങ്ക പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(എ&ബി) 2024-ലെ വനം നിയമ ഭേദഗതി കരട് ബിൽ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും അതിന്റെ കരട് നിയമസഭ

പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി ഭേദഗതി ബിൽ നിയമസഭയിൽ അവതരിപ്പിക്കേണ്ടതില്ലെന്ന നിർദ്ദേശം പരിഗണനയിലാണ്.

വന നിയമ ഭേദഗതി

137(910) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2013-ൽ വന നിയമം ഭേദഗതി ചെയ്തുകൊണ്ടുള്ള ബിൽ അന്നത്തെ സംസ്ഥാന മന്ത്രിസഭ അനുമതി നൽകി ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

2013-ൽ വന നിയമം ഭേദഗതി ചെയ്തുകൊണ്ടുള്ള ബിൽ അന്നത്തെ സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകുകയോ ആയതു ഗസറ്റിൽ പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ല.

സ്വഭാവിക വനങ്ങളുടെ പുനഃസ്ഥാപനവും അധിനിവേശ സസ്യങ്ങളുടെ വ്യാപനം തടയലും

138 (911) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന

ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ ജനവാസമേഖലയിലേക്കിറങ്ങുന്നത് കുറയ്ക്കുന്നതിനായി അവയ്ക്ക് ഭക്ഷണലഭ്യത, കുടിവെള്ളലഭ്യത എന്നിവ കാടിനുള്ളിൽ ഉറപ്പുവരുത്താൻ നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; പ്രസ്തുത നടപടികൾ എത്രത്തോളം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വന്യജീവികൾ ജനവാസമേഖലയിലേക്കിറങ്ങുന്നത് കുറയ്ക്കുന്നതിനായി അവയ്ക്ക് ഭക്ഷണലഭ്യത, കുടിവെള്ളലഭ്യത എന്നിവ കാടിനുള്ളിൽ ഉറപ്പുവരുത്താനായി വനം വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

വനമേഖലകളിൽ ജലലഭ്യത ഉറപ്പുവരുത്താൻ വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ചെക്ക്ഡാമുകളും 574 വയലുകളും വാട്ടർഹോൾസ് തുടങ്ങി 308-ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ചുവരുന്നു.

വേനൽക്കാലത്ത് വനമേഖലയിൽ വന്യമൃഗങ്ങൾക്കാവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽതന്നെ സജ്ജീകരിക്കുന്നതിനായി 2025 ഫെബ്രുവരി 1 മുതൽ "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" എന്ന പദ്ധതി

ആരംഭിച്ചിട്ടുണ്ട്.

വനത്തിനുള്ളിൽ ഭക്ഷണലഭ്യത ഉറപ്പുവരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്ത് തദ്ദേശീയ ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനത് വൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ്/ആർ.കെ.ഡി.പി. സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. അതിൻപ്രകാരം ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

വന്യമൃഗങ്ങൾക്കാവശ്യമായ ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിത മേഖലകളിൽ പുതിയ പുല്ല് മുളപ്പിക്കുന്നതിലേയ്ക്കായി അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തിവരുന്നു.

ജലസ്രോതസ്സുകൾ മെച്ചപ്പെടുത്തിയും പരിപാലിച്ചും ആവശ്യമായിടത്ത് പുതിയവ നിർമ്മിച്ചും കൂടിവെള്ള ലഭ്യതയും പച്ചപ്പും നിലനിർത്താനുള്ള പദ്ധതിക്ക് നബാർഡ് മുഖേന 25 കോടി രൂപ വയലുകളുടെ

പരിപാലനത്തിനായി ലഭിച്ചിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിലെ നൂറ്റിമുപ്പതോളം വയലുകൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പരിചരിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം നടപ്പാക്കിയ പദ്ധതികൾ ഫലപ്രദമാണെന്ന് പ്രാദേശികമായി ഫീൽഡ് തലത്തിൽ വിലയിരുത്തിയിട്ടുള്ളതും ആവശ്യമുള്ള കാര്യങ്ങളിൽ കാലോചിതമായി മാറ്റങ്ങൾ വരുത്തുകയും ചെയ്തുവരുന്നു.

(ബി) പരിസ്ഥിതി പുനഃസ്ഥാപന നയപ്രകാരം കാടിനുള്ളിൽ തദ്ദേശീയ ഫലവൃക്ഷങ്ങൾ നട്ടുവളർത്താൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ എവിടെയെല്ലാം അത് നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) സ്വാഭാവികവനങ്ങളുടെ പുന:സ്ഥാപനത്തിനായി അധിനിവേശ സസ്യങ്ങൾക്ക് പകരമായി ഓരോ പ്രദേശത്തിനും അനുയോജ്യമായ തദ്ദേശീയ സസ്യങ്ങളെ നട്ടുവളർത്തുന്നതിന് പദ്ധതി രൂപീകരിക്കുമോ; വിശദമാക്കുമോ;

(ഡി) വന്യജീവികൾക്ക് ഉപയോഗപ്രദമല്ലാത്തതും തദ്ദേശയിനം സസ്യങ്ങളുടെ വളർച്ചയെ മുരടിപ്പിക്കുന്നതും സ്വാഭാവികവനത്തിന് ദോഷം

വരുത്തുന്നതുമായ അധിനിവേശ സസ്യങ്ങളുടെ വ്യാപനം തടയുന്നതിനും അവ നീക്കംചെയ്യുന്നതിനും നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(ബി-ഡി) കാടിനുള്ളിൽ തദ്ദേശീയ ഫലവൃക്ഷങ്ങൾ നട്ടുവളർത്താനും സ്വാഭാവികവനങ്ങളുടെ പുന:സ്ഥാപനത്തിനുമായി അധിനിവേശ സസ്യങ്ങൾക്ക് പകരമായി ഓരോ പ്രദേശത്തിനും അനുയോജ്യമായ തദ്ദേശീയ സസ്യങ്ങളെ നട്ടുവളർത്തുന്നതിനും വന്യജീവികൾക്ക് ഉപയോഗപ്രദമല്ലാത്തതും തദ്ദേശയിനം സസ്യങ്ങളുടെ വളർച്ചയെ മുരടിപ്പിക്കുന്നതും സ്വാഭാവികവനത്തിന് ദോഷം വരുത്തുന്നതുമായ അധിനിവേശ സസ്യങ്ങളുടെ വ്യാപനം തടയുന്നതിനും അവ നീക്കം ചെയ്യുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

17-12-2021-ലെ സർക്കാർ ഉത്തരവ് (കൈ) നം. 29/2021/വനം പ്രകാരം അംഗീകരിച്ച ഇക്കോ-റെസ്റ്റോറേഷൻ നയരേഖ അനുസരിച്ച് ഘട്ടംഘട്ടമായി നടപടികൾ സ്വീകരിച്ചുവരുന്നു. അതുപ്രകാരം തദ്ദേശീയ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുള്ളതിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനത്തിനുള്ളിൽ ഭക്ഷണലഭ്യത ഉറപ്പുവരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്ത് തദ്ദേശീയ ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനത് വൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിലുൾപ്പെടുത്തി നടപ്പാക്കിവരുന്നു. അതിൻപ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവികവനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

സ്വാഭാവികവനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നയരേഖ അനുസരിച്ച് പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും കാലികപ്രാധാന്യം നഷ്ടപ്പെട്ടതുമായ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കിലിഫോർമിസ്, അക്കേഷ്യ-മാഞ്ചിയം തുടങ്ങിയ വിദേശയിനം ഏകവിള തോട്ടങ്ങളും പരാജിത തേക്ക് തോട്ടങ്ങളും സെന്ന, വാറ്റിൽ പോലുള്ള അധിനിവേശ സസ്യങ്ങളും ഘട്ടംഘട്ടമായി നീക്കം ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി 1583.85 ഹെക്ടർ പ്രദേശത്ത് പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതും 5031 ഹെക്ടർ പ്രദേശത്ത് പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ ചെയ്തുവരികയുമാണ്.

27000 ഹെക്ടർ സ്ഥലത്ത് ഏകവിള തോട്ടങ്ങൾ പുന:സ്ഥാപിക്കുന്നത് രണ്ട് പതിറ്റാണ്ടുകൊണ്ട് പൂർത്തിയാക്കാനാണ് നയരേഖയിൽ വിഭാവനം ചെയ്തിട്ടുള്ളത്. വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുള്ള പ്രവൃത്തികൾ വിവിധ ലാൻഡ്സ്കേപ്പുകളിൽ പുരോഗമിച്ചുവരുന്നു.

ജൈവവൈവിധ്യത്തിന് ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന ലെന്റാന, മൈക്കേനിയ, സെന്ന തുടങ്ങിയ അധിനിവേശ സസ്യങ്ങളെ ഒഴിവാക്കുന്നതിനും തദ്ദേശീയ ജീവജാലങ്ങളുടെ നിലനിൽപ്പ് ഉറപ്പാക്കുന്നതിനും പാരിസ്ഥിതിക പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനും പുനഃസ്ഥാപനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും കടൽ-നദീതീര സംരക്ഷണം, മണ്ണ് സംരക്ഷണം എന്നിവ ലക്ഷ്യമാക്കിയും ഘട്ടംഘട്ടമായി തദ്ദേശീയ ഇനങ്ങൾ ഉപയോഗിച്ച് വനഃപുനസ്ഥാപനം ചെയ്യുന്നതിനും ഈ നയം വിഭാവനം ചെയ്യുന്നു. ഇതിന്റെ ഭാഗമായി വയനാട് ജില്ലയിൽ ജൈവവൈവിധ്യത്തിന് ഭീഷണിയായി

മാറിയിട്ടുള്ള അധിനിവേശ സസ്യങ്ങളായ സെന്ന ഉൾപ്പെടെയുള്ളവ നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നോർത്ത് വയനാട് ഡിവിഷനിൽ മാത്രം 400 ഹെക്ടറിലെ സെന്ന മരങ്ങൾ നശിപ്പിച്ചിട്ടുള്ളതും അടുത്ത 400 ഹെക്ടറിലെ സെന്ന നിർമ്മാർജനം ചെയ്തുകൊണ്ടിരിക്കുന്നതുമാണ്. വയനാട് വൈൽഡ് ലൈഫ് മേഖലയിൽ 5000 മെട്രിക് ടൺ സെന്ന മുറിച്ച് നീക്കം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ വനഭൂമിയുടെ അളവ് വർധിപ്പിക്കൽ

139 (912) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഭൂമി വനഭൂമിയാക്കി പരിവർത്തനം നടത്താൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വനഭൂമിയാക്കി പരിവർത്തനം നടത്താനുദ്ദേശിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം എത്രയെന്ന് അറിയിക്കുമോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത തീരുമാനപ്രകാരം ഇടുക്കി ജില്ലയിലെ ഏതൊക്കെ താലൂക്കുകളിലാണ് വനഭൂമിയാക്കുന്നതിനായി വിജ്ഞാപനം ചെയ്യാനുദ്ദേശിക്കുന്നത്; വിശദീകരിക്കുമോ?

(എ&ബി) ഇടുക്കി ജില്ലയിലെ ദേവികുളം, പീരുമേട്, തൊടുപുഴ താലൂക്കുകളിലായി റിസർവ് വനഭൂമി സ്റ്റാറ്റസ് ഇല്ലാതിരുന്നതും എന്നാൽ വനം വകുപ്പിന്റെ നിയന്ത്രണത്തിലുണ്ടായിരുന്നതുമായ 22047.9521 ഹെക്ടർ ഭൂമി, 1961-ലെ കേരള വനനിയമം സെക്ഷൻ 4 പ്രകാരം റിസർവ് വനമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രസ്തുത നിയമത്തിലെ സെക്ഷൻ 19 പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമം പുരോഗമിച്ചുവരികയും ചെയ്യുന്നു. കൂടാതെ തൊടുപുഴ, ഇടുക്കി, ദേവികുളം താലൂക്കുകളിലായി സ്വകാര്യ വ്യക്തികളിൽനിന്നും ആർ.കെ.ഡി.പി., നവകിരണം, സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി എന്നിവപ്രകാരം വനഭൂമിയോട് ചേർന്നുള്ള 20.8749 ഹെക്ടർ ഭൂമി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2010-ൽ കെ.ഡി.എച്ച്. വില്ലേജ് സംരക്ഷിത വനമാക്കുന്നതിന്

കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

നിലവിലെ കെ.ഡി.എച്ച്. (കണ്ണൻ ദേവൻ ഹിൽസ്) വില്ലേജിലെ 6909.5083 ഹെക്ടർ ഭൂമി റിസർവ് വനമാക്കുന്നതിന് 1961-ലെ കേരള വനനിയമം സെക്ഷൻ 4 പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 08-10-2010-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.67/2010/വനം പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

വനവിസ്തൃതി

140 (913) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വനവിസ്തൃതി നിലവിൽ എത്ര ഹെക്ടറാണെന്നും കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ വനവിസ്തൃതിയിൽ എത്ര ശതമാനം വർധനവുണ്ടായെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

നിലവിലെ വനവിസ്തൃതി - 1153190.8 ഹെക്ടർ. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ 0.57 ശതമാനം വർധനവ് വനവിസ്തൃതിയിലുണ്ടായിട്ടുണ്ട്.

(ബി) കേരളത്തിലെ വനങ്ങളുടെ കാർബൺ ശേഖരം എത്രയാണെന്ന്

കണക്കാക്കിയിട്ടുണ്ടോ; അത് രാജ്യത്തിന്റെ മൊത്തം കാർബൺ ശേഖരണത്തിന്റെ എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കുമോ?

കണക്കാക്കിയിട്ടില്ല.

ഇക്കോ-സെൻസിറ്റീവ് ഏരിയ

141 (914) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള നോട്ടിഫിക്കേഷൻ പ്രകാരം പാലക്കാട് ജില്ലയിലെ ഇക്കോ-സെൻസിറ്റീവ് ഏരിയയിൽ ഉൾപ്പെടുന്ന വില്ലേജുകൾ ഏതൊക്കെയാണെന്നും അവയുടെ വിസ്തൃതി എത്രയാണെന്നും തരംതിരിച്ച് വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഇക്കോ-സെൻസിറ്റീവ് ഏരിയയുടെ വ്യാപ്തി കുറയ്ക്കുന്നതിനായി സർക്കാർതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

(ബി&സി) ഉണ്ട്. ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയ (ഇ.എസ്.എ.) കണ്ടെത്തുന്നതിനായി ശ്രീ. മാധവ് ഗാഡ്ഗിൽ അധ്യക്ഷനായ വിദഗ്ധ സമിതിക്ക് 2010-ലാണ് കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം രൂപം നൽകിയത്. സമിതിയുടെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 12 ജില്ലകളിലെ ജനവാസ മേഖലകളുൾപ്പെടെ ഇ.എസ്.എ. ആയി മാറുന്ന സ്ഥിതിവന്നു. തുടർന്ന് ജനങ്ങളിലുണ്ടായ ആശങ്ക കണക്കിലെടുത്ത് അതിർത്തി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ശ്രീ. കസ്തൂരിരംഗന്റെ നേതൃത്വത്തിൽ ഉന്നതതല മേൽനോട്ട സമിതിയെ [ഹൈ ലെവൽ വർക്കിങ് ഗ്രൂപ്പ് (എച്ച്.എൽ.ഡബ്ല്യു.ജി.)] കേന്ദ്രസർക്കാർ നിയോഗിച്ചു. താലൂക്കടിസ്ഥാന യൂണിറ്റായി കണക്കാക്കിയുള്ള ഗാഡ്ഗിൽ റിപ്പോർട്ടിലെ പ്രായോഗികത വിലയിരുത്തിയശേഷം വില്ലേജുകളെ അടിസ്ഥാന യൂണിറ്റാക്കി മേഖല നിർണ്ണയിക്കാമെന്ന് കസ്തൂരിരംഗൻ കമ്മിറ്റി നിർദേശിച്ചു. പശ്ചിമഘട്ടത്തിന്റെ ഏകദേശം 37%, അതായത് 59940 ചതുരശ്ര കിലോമീറ്ററാണ് ഇ.എസ്.എ.

ആയി ഈ കമ്മിറ്റി കണ്ടെത്തിയത്. ഇതിൽ കേരളത്തിൽ 123 വില്ലേജുകളുടെ ആകെ വിസ്തൃതിയായ 13108 ചതുരശ്ര കിലോമീറ്റർ പ്രദേശം ഇ.എസ്.എ. ആയി മാറി. മറ്റ് സംസ്ഥാനങ്ങളിലും സമാനമായ സ്ഥിതിയുണ്ടായതിനെത്തുടർന്ന് കേന്ദ്ര മന്ത്രാലയം സ്ഥലപരിശോധനയുൾപ്പെടെ നടത്തി അതിർത്തി നിശ്ചയിച്ച് നൽകാൻ സംസ്ഥാനങ്ങളോട് നിർദേശിച്ചു. ഇതിനായി, സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ചെയർമാനായ ഡോ. ഉമ്മൻ വി. ഉമ്മന്റെ നേതൃത്വത്തിലുള്ള മൂന്നംഗ വിദഗ്ധ സമിതിയെ 2013-ൽ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി കെ.എസ്.ആർ.ഇ.സി. (കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്റർ) രേഖകൾപ്രകാരം ഈ വില്ലേജുകളിലെ കൃഷിഭൂമിയുടെ വിസ്തീർണ്ണമായ 3114.3 ചതുരശ്ര കിലോമീറ്റർ ഒഴിവാക്കിക്കൊണ്ട് 9993.7 ചതുരശ്ര കിലോമീറ്ററായി നിശ്ചയിക്കണമെന്ന് നിർദേശിച്ചു. ഇതിൽ 9107 ചതുരശ്ര കിലോമീറ്റർ സ്വാഭാവിക ഭൂപ്രകൃതിയും (Natural Landscape), 886.7 ചതുരശ്ര കിലോമീറ്റർ സാംസ്കാരിക ഭൂപ്രകൃതിയും (Cultural Landscape) ആയി കണക്കാക്കി. എന്നാൽ,

മേൽവിസ്തൃതി നിർണ്ണയവും വസ്തുതാ വിവരങ്ങളോ കൃത്യമായ സ്ഥലനിർണ്ണയമോ അടിസ്ഥാനപ്പെടുത്തിയായിരുന്നില്ല. അന്ന് ലഭ്യമായിരുന്ന വനം വകുപ്പിന്റെ ഭരണ റിപ്പോർട്ടുപ്രകാരമുള്ള 9107 ചതുരശ്ര കിലോമീറ്റർ വന വിസ്തൃതിയെ സ്വാഭാവിക ഭൂപ്രകൃതിയായും ഈ വിസ്തൃതി മേൽപ്പറഞ്ഞ 9993.7 ചതുരശ്ര കിലോമീറ്ററിൽനിന്ന് കുറവ് ചെയ്ത 886.7 ചതുരശ്ര കിലോമീറ്റർ സാംസ്കാരിക ഭൂപ്രകൃതി എന്നും നിർണ്ണയിച്ചു. 10-03-2014-ൽ പുറപ്പെടുവിച്ച ആദ്യ കരട് ഇ.എസ്.എ. വിജ്ഞാപന പ്രകാരം 9993.7 ചതുരശ്ര കിലോമീറ്റർ കേരളത്തിന്റെ ഇ.എസ്.എ. ആയി. അതിർത്തി സംബന്ധിച്ച രേഖകളോ മറ്റ് വിവരങ്ങളോ കേന്ദ്ര മന്ത്രാലയത്തിന് തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല. അതോടൊപ്പം ശാസ്ത്രീയമായി തയ്യാറാക്കിയ ഭൂപടവും പ്രസിദ്ധീകരിച്ചില്ല. ഇതുകാരണം 2014-ലെ കരട് ഇ.എസ്.എ. വിജ്ഞാപനത്തിലെ വിസ്തൃതി 9993.7 ചതുരശ്ര കിലോമീറ്റർ എന്നതിൽ ഇതുവരെ യാതൊരു മാറ്റവും വരുത്താൻ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം തയ്യാറായിട്ടില്ല.

വിവിധ അളവുകളിൽ കൂട്ടിയോജിപ്പിച്ചതിനാൽ കഡസ്ട്രൽ (Cadastral)

മാപ്പുകൾക്ക് ഏകീകൃത സ്വഭാവമുണ്ടായിരുന്നില്ല. ഇതിനിടെ, സംസ്ഥാനത്ത് ചില വില്ലേജുകൾ ഭരണസൗകര്യാർഥം വിഭജിക്കപ്പെട്ടു. വില്ലേജ് യൂണിറ്റായി കണക്കാക്കി ഇ.എസ്.എ. നിർണ്ണയിക്കുന്നതിനാൽ, വില്ലേജുകളുടെ ആകെ എണ്ണം 123-ൽ നിന്ന് 131 ആയി വർധിച്ചു. ഇ.എസ്.എ.-യുടെ ഭ്രവിസ്തൃതി കൃത്യമായി നിർണ്ണയിക്കുന്നതിന് സഹായകമായ കഡസ്ട്രൽ മാപ്പ് സമയബന്ധിതമായി തയ്യാറാക്കുന്നതിന് കെ.എസ്.ആർ.ഇ.സി.-യെ ചുമതലപ്പെടുത്തി. അതോടൊപ്പം വനം, റവന്യൂ, പരിസ്ഥിതി, തദ്ദേശസ്വയംഭരണം, ലാൻഡ് യൂസ് ബോർഡ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം വഴി ഈ മാപ്പ് പൂർത്തിയാക്കുന്നതിന് നടപടിയും ആരംഭിച്ചു. നിർദ്ദിഷ്ട ഭ്രവിവരങ്ങൾ വിവിധ സങ്കേതങ്ങൾ വഴി പരിശോധിച്ച് ആവശ്യമായ രേഖകൾ സഹിതം വിലയിരുത്തിയശേഷം 92 വില്ലേജുകളിലായി 8656.46 ചതുരശ്ര കിലോമീറ്റർ മാത്രമാണ് മൊത്തം ഇ.എസ്.എ. എന്ന് കണ്ടെത്തി. ഈ അളവിൽ ചെറിയ വ്യതിയാനങ്ങൾ ഉണ്ടാകാമെന്നതും കണക്കിലെടുത്തു. ഇതിന്റെ അടിസ്ഥാനത്തിൽ വിശദ വിവരങ്ങൾ അടങ്ങിയ കുറിപ്പുകൾ സംസ്ഥാന മന്ത്രിസഭ അംഗീകരിക്കുകയും

തുടർന്ന് ഇ.എസ്.എ. മാപ്പ് ഉൾപ്പെടെയുള്ള രേഖകൾ സഹിതം സംസ്ഥാനത്തിന്റെ കരട് നിർദ്ദേശം 16-06-2018-ൽ കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. നിർദ്ദിഷ്ട വില്ലേജുകളിലെ ജനവാസകേന്ദ്രങ്ങൾ ഇ.എസ്.എ.-യിൽ നിന്നും ഒഴിവാക്കുന്നതിനുള്ള പരിശോധനാ നടപടികളാണ് തുടർന്ന് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. 24-05-2022-ൽ ചീഫ് സെക്രട്ടറി യോഗം ചേർന്ന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി ജില്ലാതല പരിശോധനാ സമിതിക്ക് രൂപം നൽകി. ബന്ധപ്പെട്ട വകുപ്പുകളിൽ ലഭ്യമായ വിവരങ്ങൾ എല്ലാം സമിതിക്ക് പരിശോധനയ്ക്കായി കൈമാറണമെന്ന് നിർദ്ദേശിച്ചു. 18-04-2022-ൽ കേന്ദ്ര മന്ത്രാലയം സംസ്ഥാനങ്ങളുടെ ശിപാർശകൾ പരിശോധിക്കുന്നതിനായി നിയോഗിച്ച ശ്രീ. സഞ്ജയ്കുമാർ ഐ.എഫ്.എസ്. (റിട്ട.) അധ്യക്ഷനായ ആറംഗ സമിതി മുമ്പാകെ ഇ.എസ്.എ. എന്നത് വനപ്രദേശങ്ങളിൽ മാത്രമായി നിജപ്പെടുത്തണമെന്ന ആവശ്യം വീണ്ടും ഉന്നയിച്ചു. സംസ്ഥാനത്ത് രൂപീകരിച്ച പരിശോധനാ സമിതി പരിസ്ഥിതി വകുപ്പ് തയ്യാറാക്കിയ കരട്

Shape/Kml ഫയൽ പരിശോധിച്ചു. വനാതിർത്തിയിൽ വരുന്ന വില്ലേജുകളിലെ സ്ഥലപരിശോധന പൂർത്തിയാക്കി അപാകതകൾ നിർണ്ണയിച്ചു. ഇതേത്തുടർന്ന്, എല്ലാ രേഖകളും 2024 മാർച്ചിൽ പഞ്ചായത്തുകളിലേക്ക് കൈമാറി. സമിതിയുടെ പരിശോധനയ്ക്കുശേഷം ഇ.എസ്.എ. പുനർനിർണ്ണയിക്കുകയുണ്ടായി. പഞ്ചായത്തിൽനിന്നുള്ള അഭിപ്രായങ്ങൾകൂടി ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി സംസ്ഥാനത്തിന്റെ പുതുക്കിയ ഇ.എസ്.എ. നിർദ്ദേശം 2024 മേയ് 13-ന് കേന്ദ്ര വനം പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് സമർപ്പിച്ചു. നിലവിലുണ്ടായിരുന്ന വില്ലേജുകളുടെ അതിർത്തി പുനർനിർണ്ണയിക്കുകയും ചിലത് വിഭജിക്കുകയും ചെയ്തതിനെത്തുടർന്ന് ഇ.എസ്.എ. പരിധിയിൽവരുന്ന ആകെ വില്ലേജുകളുടെ എണ്ണം 92 -ൽ നിന്ന് 98 ആയി മാറി. അതോടൊപ്പം, വസ്തുതാ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആകെ അളവ് 8656.46 ചതുരശ്ര കിലോമീറ്റർ ഇ.എസ്.എ. എന്ന നിർദ്ദേശം 8711.96 ചതുരശ്ര കിലോമീറ്ററായും മാറിയിട്ടുണ്ട്. തുടർന്ന് ഭൂരേഖകളും പഞ്ചായത്തുകളുടെ അഭിപ്രായങ്ങളും

കണക്കിലെടുത്ത് കേരളത്തിൽ ഇ.എസ്.എ. 8590.69 ചതുരശ്ര കിലോമീറ്റർ എന്നായി അന്തിമമാക്കി കേന്ദ്ര സർക്കാരിന് 02-11-2024-ൽ അന്തിമ റിപ്പോർട്ട് നൽകുകയുണ്ടായി. ആയത് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. സാങ്കേതിക സഹായത്തോടെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചും ജനാഭിപ്രായം കണക്കിലെടുത്തും നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള വിസ്തൃതി നിർണ്ണയമായതിനാൽ ഇത് കേന്ദ്ര മന്ത്രാലയം അംഗീകരിക്കുമെന്നു കരുതുന്നു.

ബംഗ്ലാവ് കടവ് പാലം നിർമ്മാണം

142 (915) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടമ്പുഴ പഞ്ചായത്തിലെ വടാട്ടുപാറ-കൂട്ടമ്പുഴ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബംഗ്ലാവ് കടവ് പാലം നിർമ്മാണത്തിന് മുന്നോടിയായി പൊതുമരാമത്ത് വകുപ്പിന്റെ ആവശ്യത്തിന്മേൽ വനം വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

കൂട്ടമ്പുഴ പഞ്ചായത്തിൽ ബംഗ്ലാവ് കടവ് പാലം നിർമ്മിക്കുന്നതിന്റെ

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി എറണാകുളം ഡിവിഷൻ പൊതുമരാമത്ത് (ബ്രിഡ്ജസ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിവേഷ് പോർട്ടലിൽ 23-07-2023-ന് FP/KL/SRY/437664/2023 നമ്പരായി ഒരു പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഫീൽഡ് ഇൻസ്പെക്ഷനുശേഷം 20-12-2023-ന് ഇതുസംബന്ധിച്ച ഇൻസ്പെക്ഷൻ റിപ്പോർട്ട് നൽകുകയും നോഡൽ ഓഫീസറുടെ അഭിപ്രായം സഹിതം ആയത് 21-12-2023-ന് സംസ്ഥാന സർക്കാരിന് നൽകുകയും തുടർന്ന് ഗവൺമെന്റിൽനിന്ന് 02-02-2024-ന് കേന്ദ്ര സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു.

(ബി) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്രാനുമതി ലഭ്യമാകാത്ത സാഹചര്യം വ്യക്തമാക്കാമോ?

പാലം നിർമ്മിക്കുന്നതിനായി വിട്ടുനൽകാനുദ്ദേശിക്കുന്ന വനഭൂമി നിലവിൽ വിവിധയിനം വന്യമൃഗങ്ങളുടെ വിഹാര കേന്ദ്രവും യാതൊരുവിധ മനുഷ്യ സമ്പർക്കവുമില്ലാത്ത പ്രദേശവുമാണ്. അത്തരം വനഭൂമിയിൽ പാലം പണിത് സഞ്ചാരയോഗ്യമാക്കുന്നത് മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള

സംഘർഷം വർധിപ്പിക്കുന്നതിന് ഇടയാക്കുന്നതും വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥക്ക് വിഘാതം സൃഷ്ടിക്കുന്നതുമാണ്. കൂടാതെ ഉൾവനത്തിൽ ജനങ്ങളുടെ നിരന്തര സാന്നിധ്യമുണ്ടാകുന്നത് വനസംരക്ഷണത്തിനും ബുദ്ധിമുട്ട് സൃഷ്ടിക്കാവുന്നതാണ്. പദ്ധതിയിലുൾപ്പെട്ട പ്രദേശത്തെ വന്യമൃഗങ്ങൾ കുടിവെള്ളത്തിനായി പൂയംകുട്ടി ആറിനെയാണ് ആശ്രയിക്കുന്നത്. നിർദിഷ്ട പദ്ധതി പ്രദേശത്തുനിന്ന് ഏറെ അകലെയല്ലാതെ ഭൂതത്താൻകെട്ടിൽനിന്ന് കുട്ടമ്പുഴയിലേയ്ക്ക് നിലവിലുള്ള റോഡ് പ്രദേശവാസികൾ യഥേഷ്ടം ഉപയോഗിച്ചുവരുന്നുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് പരിവേഷ് പോർട്ടൽ വഴി കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പിന് സമർപ്പിച്ച അപേക്ഷ നിരാകരിച്ചിട്ടുള്ളതാണ്.

കോട്ടയം ജില്ലയിലെ നഗരവനങ്ങൾ

143 (916) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറു വനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിപ്രകാരം കോട്ടയം ജില്ലയിൽ

എവിടെയെല്ലാമാണ് നഗരവനങ്ങൾ സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചെറു വനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിപ്രകാരം കോട്ടയം ജില്ലയിൽ 2022-23-ൽ എസ്.ഡി. കോളേജ്, കാഞ്ഞിരപ്പള്ളിയിലും 2024-25-ൽ എസ്.ബി. കോളേജ് ചങ്ങനാശ്ശേരി, ബിഷപ്പ് സ്പീച്ചിലി കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ്, പള്ളം എന്നിവിടങ്ങളിലുമായി ആകെ 3 നഗര വനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം വൃക്ഷത്തൈകളാണ് നട്ടുപിടിപ്പിക്കുന്നതെന്നും അവയുടെ പരിപാലന ചുമതല ആർക്കാണെന്നും വിശദമാക്കുമോ?

മരവുരി, താന്നി, ആഞ്ഞിലി, കറവേങ്ങ, അകിൽ, പേരാൽ, മാവ്, കമ്പകം, വെള്ളപ്പൈൻ, ചമത, ഭദ്രാക്ഷം, അത്തി, അരയാൽ, മണിമരുത്, ആറ്റുകടമ്പ്, നെല്ലി, അമ്പഴം, കാവാലം, കടുക്ക, മരുത്, കരിമരുത്, ഏഴിലംപാല, വല്ലഭം, കണിക്കൊന്ന, കുടപ്പന, പൂച്ചക്കടമ്പ്, ആനത്തോണ്ടി, പുന്ന, പ്ലാവ്, കുന്തിരിക്കം, ചൂണ്ടപ്പന, കുടപ്പന, കരിമരം, പനച്ചി, കാര, കുടംപുളി, പൊങ്ങ്, ചെമ്പകം, ഇലഞ്ഞി, കാട്ടുജാതി, കാട്ടുഞാറ, നീർമരുത്,

കുവളം, പൂവരശ്ശ്, കാഞ്ഞിരം തുടങ്ങി 250-ൽപ്പരം വൃക്ഷത്തൈകളും 200-ഓളം കുറ്റിച്ചെടികളും ഔഷധികളുമാണ് നട്ടുപരിപാലിക്കുന്നത്. ടി നഗരവനങ്ങളുടെ പരിപാലന ചുമതല ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ രൂപീകരിച്ചിരിക്കുന്ന ഫോറസ്റ്റി ക്ലബ്ബുകളിൽ നിക്ഷിപ്തമാണ്.

നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി

144(917) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിപ്രകാരം ഏതൊക്കെ നഗരങ്ങളിൽ നഗരവനങ്ങൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ?

വളരെ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവികവനങ്ങളുടെ സാദൃശ്യമുള്ള അതിസാന്ദ്രതയിൽ നട്ടുവളർത്തിയെടുക്കുന്ന ചെറുവനങ്ങളാണ് നഗരവനങ്ങൾ. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി സംസ്ഥാനത്താകെ പ്രസ്തുത പദ്ധതിപ്രകാരം 28 നഗരവനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) തീരത്ത് ജൈവകവചം സൃഷ്ടിക്കുന്ന പദ്ധതിപ്രകാരം ആലപ്പുഴ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയോജകമണ്ഡലത്തിൽ ഏതൊക്കെ തീരദേശപ്രദേശങ്ങളിലാണ് തീരവനം നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2021-22 കാലയളവിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽപ്പെടുന്ന ചെത്തി മുതൽ മാരാരിക്കുളംവരെയുള്ള 2.8 ഹെക്ടർ തീരത്ത് 28000 കാറ്റാടിത്തൈകൾ തീരത്ത് ജൈവകവചം സൃഷ്ടിക്കുന്ന തീരവനം പദ്ധതി പ്രകാരം വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(സി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ വനം വകുപ്പിനുകീഴിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്നും വകുപ്പിനുകീഴിൽ എത്ര സ്ഥലമാണുള്ളതെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ വനം വകുപ്പിനുകീഴിലുള്ള 102 സെന്റ് സ്ഥലത്ത് സാമൂഹ്യവനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്, ആലപ്പുഴ റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, വനശ്രീ ഇക്കോ ഷോപ്പ് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

ഹൊസ്പൈസ് (HOSPICE) സെന്റർ, കോഴിക്കോട് ബയോളജിക്കൽ പാർക്ക്

145 (918) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര നിയമസഭാ മണ്ഡലത്തിൽ അനുവദിച്ച ഹൊസ്പൈസ് (HOSPICE) സെന്റർ, കോഴിക്കോട് ബയോളജിക്കൽ പാർക്ക് എന്നിവയുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കോഴിക്കോട് ബയോളജിക്കൽ പാർക്കിന്റെ നിർമ്മാണം സംബന്ധിച്ച് മാസ്റ്റർപ്ലാൻ, വിശദമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് ഇ-ടെൻഡർ നടപടികൾ സ്വീകരിക്കുകയും അതുപ്രകാരമുള്ള ഒരു കൺസൾട്ടൻസിയെ നിയോഗിക്കാൻ 30-10-2024-ന് ചേർന്ന ഹൈപവർ കമ്മിറ്റിയുടെ യോഗത്തിൽ തീരുമാനിക്കുകയും ചെയ്തു. 05-12-2024-ന് കൺസൾട്ടൻസിയുമായി കരാറിൽ ഒപ്പുവച്ചിട്ടുള്ളതുമാണ്. കരാർ പ്രകാരം 31-12-2024-ന് ഇൻസ്പെക്ഷൻ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഡീറ്റെയിൽഡ് മാനേജ്മെന്റ് പ്ലാൻ 05-03-2025-നും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് 05-06-2025-നുമുൻപും സമർപ്പിക്കാനാണ് കരാർ ഒപ്പുവച്ചിട്ടുള്ളത്. ഹൊസ്പൈസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലപരിശോധനയും നടത്തിയിട്ടുണ്ട്. ബയോളജിക്കൽ പാർക്കിനായി

2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ 5 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

വനം-വന്യജീവി വകുപ്പിന്റെ കീഴിലെ വിവിധ പദ്ധതികൾ

146 (919) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന്റെ കീഴിൽ വിവിധ പദ്ധതികളിലായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും എന്നാൽ 2021 മാർച്ചിനുമുൻപ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത കാലയളവിൽ അനുവദിച്ച പ്രവൃത്തികളിൽ/പദ്ധതികളിൽ നിലവിൽ നടപ്പിലുള്ളവയുടെ വിശദാംശം ലഭ്യമാക്കാമോ?

പിറവം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പ്രവൃത്തികളും/പദ്ധതികളും ഒന്നുംതന്നെ നടപ്പാക്കിയിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത

നിയോജകമണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിനുകീഴിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിയുടെയും പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിറവം നിയോജകമണ്ഡലത്തിലെ പിറവം, എം.കെ.എം. ഹയർ സെക്കൻഡറി സ്കൂളിൽ ഒരു വിദ്യാവനം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സ്കൂളിലെ ഫോറസ്ട്രി ക്ലബ്ബും എറണാകുളം സോഷ്യൽ ഫോറസ്ട്രി ഡിവിഷനും ചേർന്നാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. അതിലേയ്ക്ക് അനുവദിച്ച തുക 1,25,750/- രൂപയാണ്.

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ളവയുടെ വിശദാംശവും നടപ്പിലുള്ളവയുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ; നിലവിൽ നടപ്പിലുള്ളവ എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

പിറവം നിയോജകമണ്ഡലത്തിലെ എം.കെ.എം. ഹയർ സെക്കൻഡറി സ്കൂളിൽ വിദ്യാവനം പദ്ധതി 2023 ജനുവരി മാസത്തിൽ

പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) വനം-വന്യജീവി വകുപ്പിന് കീഴിൽ നിയോജകമണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ/പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ പുതിയ പദ്ധതികൾ ഒന്നുംതന്നെ വിഭാവനം ചെയ്തിട്ടില്ല.

ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി

147 (920) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാം വനമേഖലയിൽ ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും 50 ലക്ഷം രൂപ ചിമ്മിനി ഇക്കോ ടൂറിസം പദ്ധതിയുടെ ആദ്യഘട്ടത്തിനായി അനുവദിച്ച് ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ ടൂറിസം ഫണ്ടുൾപ്പെടെയുള്ള ഫണ്ട് വിനിയോഗിച്ച് ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി

യാഥാർഥ്യമാക്കുന്നതിനാവശ്യമായ നടപടികൾ വകുപ്പ് സ്വീകരിക്കുമോ?

(എ&ബി) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാം വനമേഖലയിൽ ചിമ്മിനി ഇക്കോടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് 5 കോടി രൂപയുടെ പദ്ധതി പ്രൊപ്പോസലിന് 28-10-2023-ലെ ഇക്കോ ടൂറിസം ക്ലിയറിങ് കമ്മിറ്റി യോഗം അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടമായി പുതുക്കാട് എം.എൽ.എ.-യുടെ എ.ഡി.എസ്. ഫണ്ടിൽനിന്നും 50 ലക്ഷം രൂപയും ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ച് ഫണ്ടിൽനിന്നും 50 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഇതിൽ ചിമ്മിനി ഇക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ടോയ്ലറ്റ് സൗകര്യം സ്ഥാപിക്കുന്നതിനും ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ സൈനേജ് സ്ഥാപിക്കുന്നതിനും എം.എൽ.എ. (എ.ഡി.എസ്.) ഫണ്ടിൽനിന്നും 50 ലക്ഷം രൂപ വകയിരുത്തുകയും തൃശ്ശൂർ ജില്ലാ കളക്ടർ 10-12-2024-ലെ നടപടി ഉത്തരവുപ്രകാരം 50 ലക്ഷം രൂപ അനുവദിച്ച് പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുമുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്

കരാർ നൽകി പീച്ചി വൈൽഡ് ലൈഫ് വാർഡൻ 20-01-2025-ന് ഉത്തരവാകുകയും പ്രവൃത്തികൾ നടന്നുവരികയുമാണ്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പിൽനിന്ന് ലഭ്യമാക്കേണ്ട ഫണ്ടുകൂടി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കും.

പദ്ധതികളിലെ വെട്ടിക്കുറവ്

148 (921) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തിക പ്രതിസന്ധി കാരണം 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള തീരുമാനത്തെത്തുടർന്ന് വനം-വന്യജീവി വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കാണ് വെട്ടിക്കുറവ് വരുത്തിയിരിക്കുന്നതെന്നും എത്ര ശതമാനം കുറവാണ് വരുത്തിയിരിക്കുന്നതെന്നുമുള്ള വിവരം പദ്ധതിതിരിച്ച് ലഭ്യമാക്കാമോ?

31-08-2024-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 76/2024/ധന. പ്രകാരം പദ്ധതി വിഹിതങ്ങളുടെ ക്രമീകരണം നടത്തി 50

ശതമാനത്തിലേക്ക് തുക ചുരുക്കാൻ നിർദേശിച്ചിരുന്നെങ്കിലും ടി ഉത്തരവ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുള്ളിൽതന്നെ പദ്ധതി അടങ്കലിന്റെ 51.61% തുക വിവിധ പദ്ധതി ശീർഷകങ്ങളിൽ (നബാർഡ്-ആർ.ഐ.ഡി.എഫ്., വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ ഒഴികെ) റിലീസ് ചെയ്ത് ലഭ്യമാക്കിയിരുന്നു. തുടർന്ന് ദിവസവേതന ജോലിക്കാർക്കുള്ള വേതനം, അടിയന്തരമായ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനുള്ള തുക, വനസംരക്ഷണത്തിനും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കുമുള്ള തുക എന്നിവ കണ്ടെത്തുന്നതിന് പദ്ധതി വിഹിതങ്ങളുടെ ക്രമീകരണം ഏറ്റവും ചുരുങ്ങിയത് 75 ശതമാനത്തിലേക്ക് നിജപ്പെടുത്തി ലഭ്യമാക്കുന്നതിനുമുള്ള പ്രൊപ്പോസൽ നിലവിൽ പരിശോധനയിലാണ്. 31-01-2025 വരെ വിവിധ പദ്ധതി ശീർഷകങ്ങളിൽ (നബാർഡ്-ആർ.ഐ.ഡി.എഫ്., വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ ഒഴികെ) 63.5 ശതമാനം തുക സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. വിവിധ പദ്ധതി ശീർഷകങ്ങൾക്കുള്ള വിഹിതം അനുവദിച്ച് നൽകിയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.[+]

ചങ്ങരം പക്ഷിസങ്കേതം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

149 (922) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്തൂർ നിയോജകമണ്ഡലത്തിൽ കോടംതുരുത്ത് പഞ്ചായത്തിൽ 'ചങ്ങരം പക്ഷിസങ്കേതം' ഒട്ടനവധി ദേശാടനപക്ഷികൾ എത്തുന്ന സ്ഥലമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിലെ അത്തൂർ നിയോജകമണ്ഡലത്തിലെ കോടംതുരുത്ത് പഞ്ചായത്തിൽ സീസണിൽ ഒട്ടനവധി ദേശാടനപക്ഷികളുടെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്തെ വികസനത്തിനുവേണ്ടി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രദേശത്തെ വികസനത്തിനുവേണ്ടി വനം വകുപ്പ് പ്രത്യേക പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. എന്നിരുന്നാലും പക്ഷികളുടെ ആവാസ വ്യവസ്ഥയെക്കുറിച്ചും പക്ഷിസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വിദ്യാർഥികൾക്കും പൊതുജനത്തിനും ബോധവൽക്കരണ ക്ലാസ്സുകൾ നൽകിയിട്ടുള്ളതും ടി പ്രദേശത്ത് അവബോധ ബോർഡുകൾ

സ്ഥാപിച്ചിട്ടുള്ളതും ഗ്രാമപഞ്ചായത്തുമായി ചേർന്ന് പ്ലാസ്റ്റിക് നിർമ്മാർജനം ഉൾപ്പെടെയുള്ള പരിസ്ഥിതി സംരക്ഷണ പ്രവർത്തനവും നടത്തിവരുന്നുണ്ട്. പക്ഷിനിരീക്ഷകരുടെ സഹകരണത്തോടെ ടി പ്രദേശം ഉൾപ്പെടുന്ന നീർത്തട പ്രദേശങ്ങളിൽ നീർപ്പക്ഷി സർവെ, കരപ്പക്ഷി സർവെ എന്നിവ എല്ലാവർഷവും നടത്തിവരുന്നു.

(സി) പ്രസ്തുത പ്രദേശം വനം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണമുള്ള പ്രദേശമാണോയെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രദേശം വനം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള വനഭൂമിയല്ല.

അകമല ഫോറസ്റ്റ് സ്റ്റേഷൻ നിർത്തലാക്കിയത് സംബന്ധിച്ച്

150 (923) ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ വനം ഡിവിഷൻ മച്ചാട് റെയിഞ്ച് ഓഫീസിന് കീഴിലുണ്ടായിരുന്ന അകമല ഡെപ്യൂട്ടി റെയിഞ്ച് ഓഫീസ് നിർത്തലാക്കിയത് എന്നാണ്; ഇത് നിർത്തലാക്കാനുള്ള

സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

18-04-2021-ലെ സ.ഉ. (കൈ) നമ്പർ 06/2021/വനം പ്രകാരമാണ് തൃശ്ശൂർ വനം ഡിവിഷനിലെ മച്ചാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസിന് കീഴിലുണ്ടായിരുന്ന അകമല ഫോറസ്റ്റ് സ്റ്റേഷൻ നിർത്തലാക്കിയത്. തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ ഡിവിഷനിലെയും പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെയും വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന്റെ ഭാഗമായാണ് ഫോറസ്റ്റ് സ്റ്റേഷനുകളുടെ പുനഃക്രമീകരണം നടത്തിയത്.

(ബി) ആയത് നിർത്തലാക്കിയതിനുശേഷം അകമല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ ചന്ദന മരങ്ങളടക്കമുള്ള വനവിഭവങ്ങൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നറിയിക്കുമോ; കാട്ടാനയും മറ്റ് വന്യജീവികളും ജനവാസകേന്ദ്രങ്ങളിലിറങ്ങി കൃഷി നശിപ്പിച്ചതായ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

നിർത്തലാക്കിയതിനുശേഷം പഴയ അകമല ഫോറസ്റ്റ് സ്റ്റേഷൻ

പരിധിയിൽ ചന്ദന മരങ്ങളടക്കമുള്ള വനവിഭവങ്ങൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് 8 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാട്ടാനയും മറ്റ് വന്യജീവികളും ജനവാസ കേന്ദ്രങ്ങളിലിറങ്ങി കൃഷി നശിപ്പിച്ചതായ കേസുകൾ ഒന്നുംതന്നെ പഴയ അകമല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) കൃഷിയിടങ്ങളും വനവിഭവങ്ങളും സംരക്ഷിക്കുന്നതിനും ജനങ്ങൾക്ക് ഭയാശങ്കകളില്ലാതെ ജീവിക്കുന്നതിനും അകമല ഫോറസ്റ്റ് സ്റ്റേഷൻ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

അകമല ഫോറസ്റ്റ് സ്റ്റേഷൻ നിർത്തലാക്കിയപ്പോൾ അതിലുൾപ്പെട്ടുവന്നിരുന്ന വനപ്രദേശം മറ്റ് ഫോറസ്റ്റ് സ്റ്റേഷനുകളിലേയ്ക്ക് ക്രമീകരിച്ച് നൽകുകയും അതനുസരിച്ച് പ്രസ്തുത സ്റ്റേഷനുകളിൽ ജീവനക്കാരുടെ എണ്ണത്തിൽ വർധനവ് വരുത്തുകയും ചെയ്തിരുന്നു. തൃശ്ശൂർ ഡിവിഷനിലെ നിലവിലെ സംരക്ഷണ വിഭാഗം ജീവനക്കാരുടെ എണ്ണം സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്. അകമല ഫോറസ്റ്റ് സ്റ്റേഷൻ

പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച ശിപാർശയൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) പുനർവിന്യസിച്ച ഉദ്യോഗസ്ഥരെ തിരിച്ച് നിയമിച്ച് അകമല ഫോറസ്റ്റ് സ്റ്റേഷൻ പുനഃസ്ഥാപിക്കുന്നതിന് മുന്തിയ പരിഗണന നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

അകമല ഫോറസ്റ്റ് സ്റ്റേഷൻ പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച ശിപാർശയൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

പുനലൂർ നിയോജകമണ്ഡലത്തിലെ വനപാതകൾ

151(924) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ വിവിധ വനം ഡിവിഷനുകളുടെ കീഴിൽ വനപാതകളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള റോഡുകളുടെ വിവരങ്ങൾ നൽകാമോ?

പുനലൂർ നിയോജകമണ്ഡലത്തിലെ പുനലൂർ, അച്ചൻകോവിൽ, ശെന്തുരുണി, തെന്മല വനം ഡിവിഷനുകളുടെ പരിധിയിലുള്ള

വനപാതകളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പുനലൂർ ഡിവിഷൻ

1. Thingalkarikom - Cherukara settlement road
2. Panayam - Kuravanthery
3. Mukkoodu - Pandarakarikon
4. Samnagar - Ezhamkulam
5. Chandanakkavu - Anakkuzhy
6. Mokka - Vanathumukku
7. Kalluvettamkuzhy - Thalapacha
8. Maruthimoodu - Maruthimoodu chathup
9. Maravachira - Vellila
10. Onthupacha - Thakaramon
1. Maravanchira - Ennapana
12. Chozhiakodu - Thakaramon
13. Uppukuzhy - Mampazhathara Road
14. Uppukuzhy - Cherukadavu Road

അച്ചൻകോവിൽ ഡിവിഷൻ

1. അച്ചൻകോവിൽ - അലിമുക്ക്
2. അച്ചൻകോവിൽ - മൂന്ന് മുക്ക് -കഴുതുരുട്ടി

തെന്മല ഡിവിഷൻ

1. ശങ്കണ്ണിപ്പിള്ളപ്പടി-പെരുവഴിക്കാല
2. അമ്പതേക്കർ-വില്ലുമല നോർത്ത്
3. പേരാംകോവിൽ-കളമ്പി
4. ആമക്കുളം-രണ്ടാംമൈൽ

5. കടമാൻപാറ ഫോറസ്റ്റ് റോഡ്
6. ആര്യങ്കാവ്-പാലരുവി
7. റോസ്മല റോഡ്

ശെന്തുരുണി വന്യജീവി ഡിവിഷൻ

ശെന്തുരുണി റെയിഞ്ച്

1. വിളക്കുമല-റോസ് മല റോഡ്
2. കട്ടിളപാറ-തെങ്ങിൻത്തോപ്പ് റോഡ്

(ബി) ഓരോ വനപാതയും ഏതൊക്കെ വനം ഡിവിഷനുകളുടെയും ഫോറസ്റ്റ് റേഞ്ചുകളുടെയും കീഴിൽ ഏതൊക്കെ പ്രദേശത്താണെന്നും അവ എത്ര മീറ്റർ നീളത്തിൽ ആണെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

പുനലൂർ ഡിവിഷൻ

അഞ്ചൽ റെയിഞ്ച്

1. Thingalkarikom - Cheurkara settlement road - 3.00 km
2. Panayam - Kuravanthery - 3.00 Km
3. Mukkoodu - Pandarakarikom - 4.00 Km
4. Samnagar - Ezhamkulam - 6.00 Km
5. Chandanakkavu - Anakkuzhy - 4.00 Km
6. Mokka - Vanathumukku - 7.00 Km
7. Kalluvettamkuzhy -Thalapacha - 2.00 Km
8. Maruthimoodu - Maruthimoodu chathup - 3.00 Km
9. Maravachira - Vellila - 5.00 Km
10. Onthupacha - Thakaramon - 1.00 Km

11. Maravanchira - Ennapana - 3.00 Km
12. Chozhiakodu - Thakaramon - 2.00 Km

പത്തനാപുരം റെയിഞ്ച്

1. Uppukuzhy - Mampazhathara Road - 7 Km
2. Uppukuzhy - Cherukadavu Road - 2.5 Km

അച്ചൻകോവിൽ ഡിവിഷൻ

അച്ചൻകോവിൽ റെയിഞ്ച്

അച്ചൻകോവിൽ - അലിമുക്ക് - 5.25 കി.മീ.
അച്ചൻകോവിൽ - മൂന്ന് മുക്ക്-കഴുതുരുട്ടി - 9 കി.മീ.

തെന്മല ഡിവിഷൻ

തെന്മല റെയിഞ്ച്

1. ശങ്കുണ്ണിപ്പിള്ളപ്പടി-പെരുവഴിക്കാല - 3 കി.മീ.
2. അമ്പതേക്കർ-വില്ലുമല നോർത്ത് -2 കി.മീ.
3. പേരാംകോവിൽ-കുളമ്പി -1.5 കി.മീ.
4. ആമക്കുളം-രണ്ടാംമൈൽ -3.4 കി.മീ.

ആര്യങ്കാവ് റെയിഞ്ച്

1. കടമാൻപാറ ഫോറസ്റ്റ് റോഡ് -3 കി.മീ.
2. ആര്യങ്കാവ്-പാലരുവി -4 കി.മീ.
3. റോസ്മല റോഡ് -10 കി.മീ.

ശെന്തുരുണി വന്യജീവി ഡിവിഷൻ

ശെന്തുരുണി റെയിഞ്ച്

1. വിളക്കുമല-റോസ്മല റോഡ് - 1 കി.മീ.
2. കട്ടിളപാറ-തെങ്ങിൻത്തോപ്പ് റോഡ് - 13 കി.മീ.

(സി) പ്രസ്തുത വനപാതകൾ ഗതാഗതയോഗ്യമാക്കുന്നതിനുവേണ്ടി ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; ഇതിനായി ചെലവഴിച്ച തുകയും വിശദവിവരങ്ങളും ലഭ്യമാക്കാമോ?

പുനലൂർ ഡിവിഷന്റെ പരിധിയിൽ വരുന്ന ഉപ്പുകുഴി - മാമ്പഴത്തറ റോഡ് 2022-ൽ 1.65 കീ. മീറ്ററോളം ഭാഗം മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് വികസന ഫണ്ടിൽനിന്നും 30 ലക്ഷത്തോളം രൂപ ചെലവാക്കി നവീകരിച്ചിട്ടുള്ളതാണ്. തെന്മല ഡിവിഷനിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 14,56,990/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) അലിമുക്ക്-അച്ചൻകോവിൽ വനപാത അവസാനമായി നവീകരിച്ചത് എന്നാണെന്നും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ; പാത നിലവിൽ തകർച്ചയിലായ പ്രദേശങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; ശബരിമല തീർത്ഥാടന പാതയായി പ്രഖ്യാപിച്ചിട്ടുള്ള ഈ പാത ഗതാഗതയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

അലിമുക്ക്-അച്ചൻകോവിൽ വനപാതയുടെ 25.2 കി.മീ. ദൂരം നവീകരണ പ്രവർത്തനങ്ങൾ 06-02-2019-ൽ ആരംഭിച്ച് 05-05-2021-ൽ പൂർത്തീകരിച്ചിട്ടുണ്ട്. അതിന് 1384 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പാതയിലെ ഗിരിജൻ നഗർ മുതൽ ചിറ്റാർ പാലം വരെയുള്ള ചില ഭാഗങ്ങൾ (അച്ചൻകോവിൽ ഡിവിഷൻ), സന്യാസികോൺ, കരിപ്പാൻതോട്, പെരുന്തോയിൽ, കാക്കപ്പൊന്ന്, തൊടിക്കണ്ടം, ഡബിൾ കട്ടിങ് നിരത്തുംപാറ, കോട്ടക്കകം, മുള്ളുമല (പുനലൂർ ഡിവിഷൻ) എന്നീ പ്രദേശങ്ങൾ തകർച്ചയിലാണ്. ശബരിമല തീർഥാടന പാതയായി പ്രഖ്യാപിച്ചിട്ടുള്ള ടി പാത ഫണ്ട് ലഭ്യമാക്കി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പുനലൂർ നിയോജകമണ്ഡലത്തിലെ ഗതാഗതയോഗ്യമല്ലാത്ത വനപാതകൾ നിലവിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; ഇവ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

10 കി.മീ. വരുന്ന ആര്യങ്കാവ്-റോസ്മല റോഡിൽ ഗതാഗതയോഗ്യമല്ലാത്ത എകദേശം 4 കി.മീ. ദൂരത്തിൽ 2024-25-ൽ 400

മീറ്റർ ദൂരം എം.എൽ.എ. ഫണ്ടുപയോഗിച്ച് ടാറിങ്ങും 100 മീറ്റർ ദൂരം വനം വകുപ്പിന്റെ ഫണ്ടുപയോഗിച്ച് കോൺക്രീറ്റ് ചെയ്യുന്ന ജോലികളും പുരോഗമിച്ചുവരുന്നു. റോസ്മല റോഡിന്റെ ഏകദേശം 3.5 കി.മീ. ദൂരവും കടമാൻപാറ റോഡിന്റെ 3 കി.മീ. ദൂരവും അറ്റകുറ്റപ്പണികൾ ആവശ്യമാണ്. അത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ശെന്തുരുണി വന്യജീവി ഡിവിഷനിലെ ഒരു കി.മീ. വിളക്കുമല-റോസ്മല റോഡ് ഗതാഗതയോഗ്യമല്ല. ടി റോഡിൽ അറ്റകുറ്റപ്പണികൾ ആവശ്യമാണ്.

(എഫ്) പ്രസ്തുത നിയോജകമണ്ഡലത്തിലെ വനപാതകളിൽ ടാർ/ കോൺക്രീറ്റ് ചെയ്യാത്ത മൺപാതകൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പുനലൂർ നിയോജകമണ്ഡലത്തിലെ വനപാതകളിൽ ടാർ/കോൺക്രീറ്റ് ചെയ്യാത്ത മൺപാതകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. Panayam-Kuravanthery - 3.00 Km
2. Mukkoodu-Pandarakarikom - 4.00 Km
3. Samnagar-Ezhamkulam - 6.00 Km
4. Mokka-Vanathumukku - 7.00 Km

5. Kalluvettamkuzhy-Thalapacha - 2.00 Km
6. Maruthimoodu-Maruthimoddu chathup - 3.00 Km
7. Maravanchira-Ennapana - 3.00 Km
8. Chozhiyakodu-Thakaramon - 2.00 Km.

തെന്മല ഡിവിഷനിലെ തെന്മല റെയിഞ്ചിലെ ശങ്കുണ്ണിപ്പിള്ളപ്പടി-പെരുവഴിക്കാല (3 കി.മീ.), അമ്പതേക്കർ-വില്ലുമല നോർത്ത് (2 കി.മീ.), പേരാംകോവിൽ-കുളമ്പി (1.5 കി.മീ.), ആര്യങ്കാവ് റെയിഞ്ചിലെ റോസ്മല റോഡ് (3.5 കി.മീ.) എന്നിവ ടാർ/കോൺക്രീറ്റ് ചെയ്യാത്ത പാതകളാണ്. ശെന്തുരുണി വന്യജീവി ഡിവിഷനിലെ ശെന്തുരുണി റെയിഞ്ചിലെ വിളക്കുമല-റോസ്മല റോഡ് (1 കി.മീ.) ടാർ/കോൺക്രീറ്റ് ചെയ്യാത്ത പാതയാണ്.

(ജി) പ്രസ്തുത മൺപാതകൾ ടാർ/കോൺക്രീറ്റ് ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുവാദം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

പ്രസ്തുത റോഡുകളിൽ ടൈബൽ കോളനികളിലേക്കുള്ളവയ്ക്ക് വനാവകാശ നിയമപ്രകാരവും മറ്റുള്ളവയ്ക്ക് 1980-ലെ വനസംരക്ഷണ നിയമ

പ്രകാരം പരിവേഷ് പോർട്ടലിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്കും നടപടികൾ സ്വീകരിക്കുന്നതാണ്.

റോഡ് നിർമ്മാണത്തിന് സർവെ നടത്താൻ വനത്തിലേയ്ക്കുള്ള പ്രവേശനാനുമതി

152 (925) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ വിലങ്ങാട്, വയനാട്ടിലെ കുഞ്ഞോം റോഡ് നിർമ്മാണം സംബന്ധിച്ച് നിയമസഭയിൽ ഉന്നയിച്ച സബ്മിഷന്റെ മറുപടിപ്രകാരം റവന്യൂ-പൊതുമരാമത്ത് വകുപ്പുകളുടെ സംയുക്ത വനസർവെയുമായി ബന്ധപ്പെട്ട് വനത്തിലേയ്ക്കുള്ള പ്രവേശനാനുമതിക്കായി വകുപ്പിന് നൽകിയിട്ടുള്ള കത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ വിലങ്ങാട്, വയനാട്ടിലെ കുഞ്ഞോം റോഡ് നിർമ്മാണം സംബന്ധിച്ച് നിയമസഭയിൽ ബഹുമാനപ്പെട്ട നാദാപുരം എം.എൽ.എ. ശ്രീ. ഇ. കെ. വിജയൻ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രി 14-02-2024-ന് മറുപടി പറയുന്നതിനായി ഉന്നയിച്ച സബ്മിഷൻ,

അതിന് ബഹുമാനപ്പെട്ട പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെ മറുപടി എന്നിവ ഉൾപ്പെടുത്തി ബഹുമാനപ്പെട്ട എം.എൽ.എ-യുടെ ആമുഖകത്ത് സഹിതം വനം വകുപ്പിൽ ലഭ്യമാക്കിയിരുന്നു. അത് തുടർനടപടികൾക്കായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & നോഡൽ ഓഫീസർക്ക് കൈമാറിയിരുന്നു. ഇക്കാര്യത്തിൽ യൂസർ ഏജൻസി പരിവേഷ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ വനം വകുപ്പിന്റെ ഭാഗത്തുനിന്നും തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

വനമേഖലയിലെ റോഡുകൾ

153(926) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വനമേഖലയിൽകൂടി കടന്നുപോകുന്ന റോഡുകളുടെ പേര്, അവയുടെ നീളം, വീതി എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ റോഡുകളുടെ പുനരുദ്ധാരണത്തിനായി നാളിതുവരെ

ചെലവാക്കിയ തുക, വർഷം, ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കിയത് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പാലക്കാട് ഡിവിഷന് കീഴിലുള്ള ഒറ്റപ്പാലം റെയിഞ്ചിലെ വനമേഖലകളിൽക്കൂടി കടന്നുപോകുന്ന റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇടുമ്പൻമല ദുബായ്ക്കുന്ന് - കരിയോട് റോഡ് - 100 മീറ്റർ നീളം, 3 മീറ്റർ വീതി, പഞ്ചായത്ത് കോൺക്രീറ്റ് റോഡ്

2. കുളക്കാടൻമലവാരം, അടക്കാപുത്തൂർ - ആലുംകുളം റോഡ് (മലയരുകിൽ റോഡ്) - 600 മീറ്റർ നീളം, 3 മീറ്റർ വീതി -പഞ്ചായത്ത് കോൺക്രീറ്റ് റോഡ്

3. മാണിക്കംപാറ റോഡ് - 50 മീറ്റർ നീളം, 3 മീറ്റർ വീതി - പഞ്ചായത്ത് കോൺക്രീറ്റ് റോഡ്

4. കിണ്ണംപറമ്പ് റോഡ് - 100 മീറ്റർ നീളം, 3 മീറ്റർ വീതി - പഞ്ചായത്ത് കോൺക്രീറ്റ് റോഡ്.

5. ചിറകാളിപ്പറമ്പ് - മേക്കാട്ടിൽ കോളനി റോഡ് 160 മീറ്റർ നീളം, 3 മീറ്റർ വീതി- പഞ്ചായത്ത് കോൺക്രീറ്റ് റോഡ്

6. പാളമല റോഡ് - 150 മീറ്റർ നീളം, 3 മീറ്റർ വീതി - പഞ്ചായത്ത് കോൺക്രീറ്റ് റോഡ്

7. അമ്പലപ്പാറ-കീഴൂർ റോഡ് - 150 മീറ്റർ നീളം, 3 മീറ്റർ വീതി - പി.ഡബ്ല്യു.ഡി. ടാർ റോഡ്

ഈ റോഡുകളുടെ പുനരുദ്ധാരണത്തിനായി വനം വകുപ്പ് തുകകളൊന്നും ചെലവാക്കിയിട്ടില്ല.

മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയ കത്തിന് വനംവകുപ്പ് സ്വീകരിച്ച നടപടി

154 (927) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ അലൈൻമെന്റിൽനിന്നും ഒഴിവാക്കിയ ആറാം മൈൽ-എളംപ്ലാശ്ശേരി-കരുത്തിക്കുടി റീച്ചിലെ പ്രവൃത്തി സംബന്ധിച്ച് മൂവാറ്റുപുഴ-ഇടുക്കി ഡിവിഷനിലെ കെ.ആർ.എഫ്.ബി. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും 23-02-2024-ലെ കെ.ആർ.എഫ്.ബി - പി.എം.യു./എം.വി.പി.എ.ഐ.ഡി.കെ./എച്ച്.എച്ച്./2021 എന്ന നമ്പറിൽ

മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയ കത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് വനം വകുപ്പ് (ഡി.എഫ്.ഒ.-മൂന്നാർ) കെ.ആർ.എഫ്.ബി.-ക്ക് എന്തെങ്കിലും നിർദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) പ്രസ്തുത കത്തിന് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 01-01-2025-ലെ എം.1- 2512/2021-ാം നമ്പർ കത്ത് പ്രകാരം ചുവടെ വിവരിക്കുന്ന തരത്തിൽ മറുപടി നൽകുകയുണ്ടായി.

മലയോര ഹൈവേയുടെ ഭാഗമായ ആറാം മൈൽ മുതൽ എളംപ്ലാശ്ശേരി വരെയുള്ള വനത്തിലൂടെയുള്ള 9 കി.മീ റോഡ്, 1980-നുമുമ്പ് നിലവിലുണ്ടായിരുന്നതിനാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിയമങ്ങൾക്കുവിധേയമായി വനം വകുപ്പിന്റെ അനുമതിയോടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനും പി.ഡബ്ല്യു.ഡി.-ക്ക് അനുമതി നൽകിയിട്ടുള്ളതാണ്. എളംപ്ലാശ്ശേരി ചെക്ക്പോസ്റ്റ് മുതൽ കുറത്തിക്കുടി വരെയുള്ള 9 കി.മീ. റോഡ് പൂർണ്ണമായും വനത്തിനുള്ളിലൂടെ മാത്രമാണ്

കടന്നുപോകുന്നത്. നിലവിൽ ഇവിടെ താമസിക്കുന്ന ആദിവാസി സമൂഹത്തിൽപ്പെട്ട ജനവിഭാഗങ്ങളും വന സംരക്ഷണത്തിൽ ഏർപ്പെടുന്ന വനം ഉദ്യോഗസ്ഥരുമാണ് പ്രസ്തുത റോഡ് ഉപയോഗിച്ചുവരുന്നത്. ടി പാത മലയാറ്റൂർ-ഇടിയറ റിസർവിന്റെ ഭാഗവും വന്യമൃഗങ്ങളുടെ വിഹാര കേന്ദ്രവുമാണ്. കൂടാതെ ഈ പാതയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C)-7525/2020, WP(C)-25663/2020, WP(C)-36141/2023 എന്നീ കേസുകൾ നിലനിൽക്കുന്നതുമാണ്. മേൽ കാരണങ്ങളാൽ ടി പാത പുനർഗതാഗതയോഗ്യമാക്കുന്നതിനും തുറന്ന് കൊടുക്കുന്നതിനും സാധിക്കുകയില്ല.

തീരദേശ ഇക്കോ ടൂറിസം പദ്ധതി

155 (928) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ പഞ്ചായത്തുകളിലാണ് തീരദേശ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതെന്നറിയിക്കുമോ?

തീരദേശ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്ന സംസ്ഥാനത്തെ

പഞ്ചായത്തുകൾ:

1. കണ്ണൂർ ജില്ലയിലെ അഴിക്കോട് ഗ്രാമപഞ്ചായത്ത്

2. ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്

(ബി) ആലപ്പുഴ ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് തീരദേശ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതെന്നറിയിക്കുമോ;

(സി) ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് പഞ്ചായത്തിലെ ഇക്കോ ടൂറിസം പദ്ധതി നടത്തിപ്പിലെ ഇതുവരെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി&സി) ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിൽ തീരദേശ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള പദ്ധതി അംഗീകാരം 2023-24-ൽ ലഭിച്ചിരുന്നുവെങ്കിലും ടി പദ്ധതി നടപ്പാക്കുന്നതിനുള്ള ഫണ്ട് ലഭ്യമായിട്ടില്ല. ആലപ്പുഴ ജില്ലയിൽ പുന്നപ്ര തെക്ക് പഞ്ചായത്ത് ഉൾപ്പെടുന്ന തീരമേഖലയിലെ കാറ്റാടി മരത്തോപ്പിൽ പരിസ്ഥിതി പഠന പരിപാടി നടപ്പാക്കുന്നതിനുള്ള പദ്ധതിക്കായി 16-09-2023-ലെ സർക്കാർ ഉത്തരവ് (സാധാ). നം. 477/2023/ടൂറിസം മുഖേന 41 ലക്ഷം രൂപയുടെ ഭരണാനുമതി

നൽകിയിരുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കാറ്റാടി മരത്തോപ്പ് കടൽഭിത്തിക്ക് പടിഞ്ഞാറ് ഭാഗത്തായതിനാൽ ഇവിടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (KCZMA)-യുടെ കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസ് അനിവാര്യമാണ്. അത് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. KCZMA ഓഫീസിൽനിന്ന് അറിയിച്ചപ്രകാരം റവന്യൂ, കെ.എസ്.ഇ.ബി.എൽ., മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വിഭാഗങ്ങളിൽനിന്നും നിരാക്ഷേപപത്രം ലഭിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് അപേക്ഷ സമർപ്പിച്ചിരുന്നതിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രം ലഭിച്ചിട്ടുള്ളതാണ്. ടി പദ്ധതിക്കായി ഇക്കോ ടൂറിസം ഡയറക്ടറുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും തുക നിക്ഷേപിക്കുന്നതിനായി ആലപ്പുഴ ജില്ലാ ട്രഷറിയിൽ പ്രത്യേകമായി പി.എസ്.റ്റി.എസ്.ബി. അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നിർവഹണത്തിനുള്ള ഫണ്ട് വിനോദസഞ്ചാര വകുപ്പിൽനിന്നും ലഭ്യമായിട്ടില്ല. പ്രസ്തുത തീരദേശ ഇക്കോ ടൂറിസം പദ്ധതി

പൂർത്തിയാക്കുന്നതിന് ടൂറിസം വകുപ്പിൽനിന്നും സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ചിരുന്ന ഒരുവർഷ കാലാവധി 15-09-2024-ൽ അവസാനിച്ചിട്ടുള്ളതാണ്. മേൽ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള കാലാവധി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകുന്നതിന് ഇക്കോ ടൂറിസം ഡയറക്ടറുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

ഇക്കോ ടൂറിസം വികസന അതോറിറ്റി

156(929) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസത്തിന്റെ സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; പ്രകൃതി അടിസ്ഥാനമാക്കിയുള്ള വിനോദ സഞ്ചാരത്തിന്റെ ഭാഗമെന്ന നിലയിൽ ഇത് സംസ്ഥാനത്തിന് എത്രത്തോളം ഗുണകരമാകും എന്നറിയിക്കുമോ; വിശദാംശം നൽകുമോ?

വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഇക്കോ ടൂറിസം സാധ്യതകൾ വിലയിരുത്തിക്കൊണ്ട് നിലവിൽ കേരള വനം വകുപ്പിനുകീഴിൽ 80 ഇക്കോ

ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. പരിസ്ഥിതി സൗഹൃദ ടൂറിസം എന്നറിയപ്പെടുന്ന ഇക്കോ ടൂറിസം, സംരക്ഷിത പ്രദേശങ്ങളിലേക്കുള്ള ഉത്തരവാദിത്വത്തോടുകൂടിയ യാത്രകളാണ്. ഇക്കോ ടൂറിസം പരിസ്ഥിതി സംരക്ഷണത്തിനോടൊപ്പം പ്രാദേശിക സമൂഹങ്ങളുടെ തൊഴിൽപരവും സാമ്പത്തിക വികസനത്തിനും ശാക്തീകരണത്തിനും പ്രയോജനം ചെയ്യുകയും ചെയ്യുന്നു. വന മേഖലകളിൽ താമസിക്കുന്ന ആദിവാസി ഗോത്ര വിഭാഗങ്ങളിൽപ്പെട്ടതും മറ്റ് വനാശ്രിതരായ ആളുകൾക്കും ഇക്കോടൂറിസം, വനശ്രീ ഇക്കോഷോപ്പുകൾ, കഫറ്റീരിയകൾ എന്നിവ മുഖേന തൊഴിൽ അവസരങ്ങൾ ലഭിക്കുകയും അതിലൂടെ അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടാനും സഹായകമാകുന്നു. ബോട്ടിങ്, ട്രക്കിങ്, ക്യാമ്പിങ് പക്ഷിനിരീക്ഷണം തുടങ്ങിയ ഇക്കോ ടൂറിസം പരിപാടികൾ ആസ്വദിക്കുന്നതിനും പങ്കെടുക്കുന്നതിനുമായി വർഷംതോറും നിരവധി ദേശീയ-അന്തർദേശീയ ടൂറിസ്റ്റുകൾ വന്നുചേരുന്നുണ്ട്. അത് പ്രാദേശിക സമ്പദ്വ്യവസ്ഥയ്ക്ക് ഉണം നൽകുന്നു. കൂടാതെ ഇവരിൽനിന്നും പ്രവേശന ഫീസ്, പാർക്കിങ് ഫീസ് എന്നിവ ഈടാക്കുന്നതിലൂടെയും വരുമാനം

ലഭിക്കുന്നുണ്ട്.

(ബി) ഇക്കോ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പ്രത്യേക വികസന അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത അതോറിറ്റി വഴി എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്തുമോ?

(ബി&സി) ഇക്കോ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കേരള ഇക്കോ ടൂറിസം ഡെവലപ്മെന്റ് ബോർഡ് രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ഇക്കോ ടൂറിസം പോളിസിയുടെ നടത്തിപ്പ്, അതിന്റെ മേൽനോട്ടം, പുതിയ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ പരിപോഷിപ്പിക്കുന്നതിനും കൂടുതൽ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുക തുടങ്ങിയവയാണ് അതിലൂടെ ലക്ഷ്യമിടുന്നത്. അതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുനലൂർ നിയോജകമണ്ഡലത്തിലെ വനം ടൂറിസം പദ്ധതികൾ

157 (930) (ശ്രീ. പി. എസ്. സുപാൽ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ നിലവിലുള്ള വനം ടൂറിസം പദ്ധതികളും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

പുനലൂർ നിയോജകമണ്ഡലത്തിൽ നിലവിലുള്ള വനം ടൂറിസം പദ്ധതികളും അവയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

പുനലൂർ ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ അഞ്ചൽ റെയിഞ്ചിൽ കുടുക്കത്തുപാറ ഇക്കോ ടൂറിസം സെന്റർ സ്ഥിതിചെയ്യുന്നു. എല്ലാ ദിവസവും രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണിവരെ സന്ദർശകർക്ക് പ്രവേശനമുണ്ട്. സന്ദർശകരെ സഹായിക്കുന്നതിനും നിർദേശങ്ങൾ നൽകുന്നതിനുമായി ഗൈഡുകളെ നിയോഗിക്കുകയും അതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ അടങ്ങിയ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കുടുക്കത്തുപാറ സന്ദർശിക്കുന്നവരുടെ സുരക്ഷക്കായി പടികൾ, കൈവരികൾ, സി.സി.ടി.വി. ക്യാമറ, പ്രാഥമികാവശ്യങ്ങൾക്കുള്ള ടോയ്ലറ്റ് ബ്ലോക്കുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഇക്കോ ടൂറിസം പ്രദേശം സന്ദർശിക്കുന്ന

സഞ്ചാരികൾക്കായി യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്.

അച്ചൻകോവിൽ ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിലുള്ള അച്ചൻകോവിൽ റെയിഞ്ചിൽ മണലാർ-കുംഭാവുരുട്ടി എന്ന പേരിൽ ഇക്കോ ടൂറിസം കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. പ്രതിവർഷം ഒരു ലക്ഷം മുതൽ ഒന്നര ലക്ഷത്തോളം വിനോദസഞ്ചാരികൾ ടി കേന്ദ്രത്തിൽ എത്തിച്ചേരുന്നുണ്ട്. ടി കേന്ദ്രത്തിൽ സന്ദർശനം നടത്തുന്ന വിനോദസഞ്ചാരികളിൽനിന്നും ഓരോ വർഷവും ഏകദേശം അറുപത് ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ വരുമാനം ശേഖരിക്കാൻ കഴിയുന്നുണ്ട്.

തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിലുള്ള കുളത്തുപ്പുഴ റെയിഞ്ചിൽ കുളത്തുപ്പുഴ മ്യൂസിയം 18-08-2023 മുതൽ പ്രവർത്തനം ആരംഭിച്ചു. കളരി ഓഡിറ്റോറിയം, ടിംബർ മ്യൂസിയം, ഓഗ്മെന്റേഷൻ റിയാലിറ്റി ഷോ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനത്തോടുകൂടി വെർച്വൽ ഷോ, ടൈബൽ ഹട്ട് എന്നിവകൂടി വനം മ്യൂസിയത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. കൂടാതെ സന്ദർശകർക്കായി കഫറ്റീരിയയും

വനോൽപന്നങ്ങൾ വിൽക്കുന്ന വനശ്രീ ഇക്കോ ഷോപ്പും പ്രവർത്തിച്ചുവരുന്നു.

തെന്മല ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിലുള്ള ആര്യങ്കാവ് റെയിഞ്ചിൽ പാലരുവി ഇക്കോ ടൂറിസം സെന്റർ സ്ഥിതിചെയ്യുന്നു. ഈ ടൂറിസം സെന്ററിൽ സഞ്ചാരികളെ പാലരുവിയുടെ പ്രവേശന കവാടത്തിൽനിന്നും 4 കി.മീ. അകലെയുള്ള വെള്ളച്ചാട്ടത്തിലേക്ക് വനം വകുപ്പിന്റെ വാഹനങ്ങളിൽ കൊണ്ടുപോയി തിരിച്ച് കൊണ്ടുവരുന്നു. സഞ്ചാരികൾക്ക് വെള്ളച്ചാട്ടത്തിൽ കുളിക്കുന്നതിനും മറ്റുമുള്ള സൗകര്യങ്ങൾ ഒരുക്കുകയും കൂടാതെ കഫറ്റീരിയ, ഇക്കോഷോപ്പ്, ടോയ്ലറ്റ് എന്നീ സൗകര്യങ്ങളും നൽകിവരുന്നു.

(ബി) പ്രസ്തുത ടൂറിസം പദ്ധതികൾക്കുവേണ്ടി ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; ചെലവഴിച്ച തുകയും വിശദവിവരങ്ങളും ലഭ്യമാക്കാമോ?

ഇത് സംബന്ധിച്ച വിശദവിവരം പട്ടിക രൂപത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) കുളത്തൂപ്പുഴ വനം മ്യൂസിയത്തിന്റെ രണ്ടാംഘട്ട നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; അവ നടപ്പാക്കുന്നതിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കുളത്തുപ്പുഴ വനം മ്യൂസിയത്തിന്റെ രണ്ടാംഘട്ട നവീകരണവുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

(ഡി) കുംഭാവുരുട്ടി വെള്ളച്ചാട്ടം, പാലരുവി വെള്ളച്ചാട്ടം എന്നിവയുടെ നവീകരണത്തിനുവേണ്ടി തയ്യാറാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ; പാലരുവി ജലപാതയിലേക്ക് സഞ്ചാരികളെ എത്തിക്കുന്നതിന് വകുപ്പിന്റെ എത്ര വാഹനങ്ങൾ ക്രമീകരിച്ചിട്ടുണ്ടെന്നും നിലവിൽ എത്ര വാഹനങ്ങൾ സേവനം ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ; സഞ്ചാരികളുടെ എണ്ണം വർധിക്കുന്ന സാഹചര്യങ്ങളിൽ ക്രമീകരിച്ചിട്ടുള്ള ബദൽ മാർഗങ്ങൾ വിശദമാക്കാമോ?

മണലാർ-കുംഭാവുരുട്ടി ഇക്കോ ടൂറിസത്തിന്റെ ഭാഗമായ കുംഭാവുരുട്ടി വെള്ളച്ചാട്ടത്തിന്റെ നവീകരണത്തിനും പ്രകൃതിക്കനുസൃതമായ രീതിയിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ 20 ഇക്കോ ടൂറിസം കേന്ദ്രങ്ങൾ ഉൾപ്പെടുത്തി ഒരു സമഗ്ര ഇക്കോ ടൂറിസം

മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുന്നു. കുംഭാവുരുട്ടി, പാലരുവി ഇക്കോ ടൂറിസം കേന്ദ്രങ്ങൾ ഇതിലുൾപ്പെട്ടിട്ടുണ്ട്. പാലരുവി ഇക്കോ ടൂറിസത്തിന്റെ നവീകരണത്തിനായി നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

പാലരുവി ഇക്കോ ടൂറിസത്തിൽ സഞ്ചാരികളെ കൊണ്ടുപോകുന്നതിനായി നിലവിൽ നാല് വാഹനങ്ങളാണ് ക്രമീകരിച്ചിട്ടുള്ളത്. സഞ്ചാരികളുടെ എണ്ണം വർധിക്കുന്ന സാഹചര്യങ്ങിൽ കെ.എസ്.ആർ.ടി.സി.-യിൽനിന്നും ബസ് വാടകയ്ക്കെടുത്ത് സഞ്ചാരികളെ കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മറ്റു വകുപ്പുകളുമായി ചേർന്ന് പുനലൂർ നിയോജകമണ്ഡലത്തിലെ വനം ടൂറിസത്തിന് സാധ്യതയുള്ള പ്രദേശങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മറ്റു വകുപ്പുകളുമായി ചേർന്ന് വനം ടൂറിസത്തിന് സാധ്യതയുള്ള പുനലൂർ നിയോജകമണ്ഡലത്തിലെ പ്രദേശങ്ങൾ നിലവിൽ കണ്ടെത്തിയിട്ടില്ല.

(എഫ്) ആര്യങ്കാവ് പഞ്ചായത്തിലുൾപ്പെട്ട രാജാത്തോട്ടം, തുവൽമല,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അച്ചൻകോവിൽ, മാമ്പഴത്തറ തുടങ്ങിയ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളെ സഞ്ചാരികൾക്ക് സന്ദർശിക്കാൻ കഴിയുന്ന നിലയിലുള്ള ടൂറിസം കേന്ദ്രങ്ങളായി ഉയർത്തുന്നതിന് സാധ്യതയുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത പ്രദേശങ്ങളെ സഞ്ചാരികൾക്ക് സന്ദർശിക്കാൻ കഴിയുന്ന നിലയിലുള്ള ടൂറിസം കേന്ദ്രങ്ങളായി ഉയർത്തുന്നതിന് സാധ്യതകൾ നിലവിൽ പരിശോധിച്ചിട്ടില്ല. ഇക്കോ ടൂറിസം മാർഗനിർദേശങ്ങൾക്കും അംഗീകൃത വർക്കിങ് പ്ലാനുകൾക്കും വിധേയമായി മാത്രമേ ടി പ്രദേശങ്ങളിലെ ടൂറിസം സാധ്യതകൾ പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

വനം സ്ലീപ്പർ സെല്ലുകളുടെ രൂപീകരണം

158 (931) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വനം സർക്കിളിലും സ്ലീപ്പർ സെല്ലുകൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

22-01-2025-ലെ സ.ഉ.(സാധാ) നം. 26/2025/വനം നമ്പർ പ്രകാരം വനം-വന്യജീവി മേഖലകളിലെ കുറ്റകൃത്യങ്ങൾ ഫലപ്രദമായി ഇല്ലായ്മ ചെയ്യുന്നതിനും ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് വനം സർക്കിളുകളിലും രഹസ്യ വിവര ശേഖരണത്തിനായി ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെൽ നിബന്ധനകൾക്ക് വിധേയമായി രൂപീകരിച്ചിട്ടുണ്ട്. ഇതിലേക്കായി രഹസ്യവിവരണത്തിൽ കഴിവും അഭിരുചിയുമുള്ള ജീവനക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ തുടർന്നുവരികയാണ്.

(ബി) സ്ലീപ്പർ സെല്ലുകൾ വനം കുറ്റകൃത്യങ്ങൾ തടയുന്നതിനും ഫീൽഡ് വിഭാഗത്തിന്റെ തുടർച്ചയായ വീഴ്ചകൾ തടയുന്നതിനും പര്യാപ്തമാകുമോയെന്ന് വ്യക്തമാക്കാമോ?

വനം-വന്യജീവി മേഖലകളിലെ കുറ്റകൃത്യങ്ങൾ ഫലപ്രദമായി ഇല്ലായ്മ ചെയ്യുന്നതിനും ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായിട്ടാണ് സ്ലീപ്പർ സെല്ലുകൾ രൂപീകരിച്ചിട്ടുള്ളത്. സ്ലീപ്പർ സെല്ലുകൾ വനം കുറ്റകൃത്യങ്ങൾ തടയുന്നതിനും ഫീൽഡ്

വിഭാഗത്തിന്റെ തുടർച്ചയായ വീഴ്ചകൾ തടയുന്നതിനും പര്യാപ്തമാകുമോയെന്ന് പ്രസ്തുത സെല്ലിന്റെ പ്രവർത്തനം പൂർണ്ണമായും ആരംഭിച്ചതിനുശേഷം പരിശോധിക്കുന്നതാണ്.

(സി) ഇത്തരത്തിലുള്ള സ്ലീപ്പർ സെല്ലുകളുടെ ചുമതല ആർക്കാണെന്നറിയിക്കുമോ; ഇതിന്റെ നടപടിക്രമങ്ങൾ ഏത് രീതിയിലാണെന്ന് വിശദമാക്കാമോ?

ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെല്ലിന്റെ പ്രവർത്തനം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്)-ന്റെ മേൽനോട്ടത്തിൽ ഫോറസ്റ്റ് ഇന്റലിജൻസ് സെൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററാണ് ചുമതലകൾ നിർവഹിച്ചുവരുന്നത്. സർക്കിൾതല മേധാവിമാരാണ് സ്ലീപ്പർ സെല്ലിലേക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയോഗിച്ച് ഉത്തരവാകേണ്ടത്. ഇതിലേക്കായി സർക്കിൾ മേധാവി രഹസ്യ വിവര ശേഖരണത്തിൽ കഴിവും അഭിരുചിയും താല്പര്യമുള്ള അഞ്ച് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ അതത് ഓഫീസുകളിൽ നിലനിർത്തിക്കൊണ്ടുതന്നെ നിയമിക്കേണ്ടതും അപ്രകാരം

നിലനിന്നുകൊണ്ടുതന്നെ അവർ രഹസ്യ വിവരശേഖരണം നടത്തേണ്ടതുമാണ്. ഇവരുടെ രഹസ്യ വിവര ശേഖരണവുമായി ബന്ധപ്പെട്ട ജോലികൾ നിയന്ത്രിക്കുന്നത് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിൽ നിന്നായിരിക്കും. എന്നാൽ ടിയാന്മാരുടെ ഡ്യൂട്ടി, അവധി എന്നിവ ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ പരിധിയിലായിരിക്കും. ഇപ്രകാരം രഹസ്യമായി ശേഖരിക്കുന്ന വിവരം ഇന്റലിജൻസ് സെൽ നിശ്ചിത ഇടവേളകളിൽ സർക്കിൾ മേധാവികൾക്ക് കൈമാറുന്നതാണ്. ഒരോ വർഷവും മാർച്ച് 15-ന് മുമ്പായി ജീവനക്കാരുടെ പ്രവർത്തനം വിലയിരുത്തി ബന്ധപ്പെട്ട സർക്കിൾ തലവന്മാർക്ക് കൈമാറുന്നതുമാണ്. ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിൽ നിയോഗിക്കപ്പെട്ട ജീവനക്കാരൻ തൃപ്തികരമായി ജോലി ചെയ്യുന്നുണ്ടോ എന്ന വിവരം ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിൽ പരിശോധിക്കപ്പെടുന്നതാണ്. സ്ലീപ്പർ സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാണെന്ന് കാണുന്നപക്ഷം തസ്തിക ബാധകമാക്കാതെ കൂടുതൽ ജീവനക്കാരെ ഇതിലേക്ക് നിയോഗിച്ചുകൊണ്ടും ഇതിന്മേൽ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. ഇക്കാര്യത്തിൽ നിലവിലെ ഉത്തരവിലെ

വ്യവസ്ഥകൾ ബാധകമാക്കിയും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലും നടപടിക്രമങ്ങൾ കൈക്കൊള്ളുന്നതാണ്.

ഇരുപത് വർഷം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാർ

159 (932) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ 2011-16 കാലയളവിൽ വിവിധ തസ്തികകളിൽ 20 വർഷം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ തസ്തികകൾ ഇപ്പോഴും സൂപ്പർന്യൂമററി തസ്തികകളായി തുടരുകയാണോ; എങ്കിൽ ഇവ സൂപ്പർ മററി തസ്തികകളായി തുടരുന്നതിന്റെ കാരണം വിശദമാക്കാമോ?

അതെ. സൂപ്പർന്യൂമററി വാച്ചറായി സ്ഥിരപ്പെടുത്തുന്ന തസ്തികകൾ അവർ സർവീസിൽനിന്നും വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുമെന്നുള്ള വ്യവസ്ഥയിലാണ് സൃഷ്ടിച്ചിട്ടുള്ളത്.

(ബി) പി.എസ്.സി മുഖാന്തരം നിയമനം ലഭിച്ച ഫോറസ്റ്റ് വാച്ചർ/

ടൈബൽ വാച്ചർമാരെപോലെ യൂണിഫോം ധരിക്കാൻ ഇവർക്ക് അനുവാദം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ 20 വർഷത്തിൽ കൂടുതലായി വാച്ചർ, ഡ്രൈവർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ/ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ ജോലികൾ നോക്കിയിരുന്ന ജീവനക്കാരെ, അവർ ജോലി നോക്കിവന്നിരുന്ന തസ്തിക ഏതുതന്നെയാണെങ്കിലും വാച്ചർക്ക് തുല്യമായ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർ അവരുടെ ജോലിയുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ യൂണിഫോം ധരിക്കുന്നുണ്ട്.

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വനമേഖലകളിൽ സൗരോർജ തൂക്കുവേലി, ആനപ്രതിരോധ കിടങ്ങ് നിർമ്മാണ പ്രവർത്തനങ്ങൾ

160(933) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി റെയിഞ്ചിൽ നബാർഡ് പദ്ധതിയിലും രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലും (ആർ.കെ.വി.വൈ.) ഉൾപ്പെടുത്തി സൗരോർജ തൂക്കുവേലികളും

ആനപ്രതിരോധ കിടങ്ങുകളും നിർമ്മിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

നബാർഡ് പദ്ധതിയിലുൾപ്പെടുത്തി എരുമേലി റെയിഞ്ചിൽ അഴുതക്കടവ് കാളകെട്ടി മുതൽ 116 വരെ 4.8 കി.മീ. ദൂരത്തിൽ 58,35,000/- രൂപ ചെലവിലും കണ്ടക്കയം മുതൽ മതമ്പ ഏരിയാ വരെ 14 കി.മീ. ദൂരത്തിൽ 1,77,86,000/- രൂപ ചെലവിലും ആകെ 18.8 കി.മീ. ദൂരത്തിൽ 2,36,21,000/- രൂപ ചെലവിൽ നിർമ്മിക്കുന്ന സൗരോർജ്ജ തൂക്കുവേലികളുടെ നിർമ്മാണം ആരംഭിക്കുന്നതിന് കോൺട്രാക്ടർക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കണ്ണാട്ടുകവല മുതൽ പന്നിവെട്ടുംപാറ ഭാഗത്ത് 0.5 കി.മീ. 13,60,000/- രൂപ ചെലവിലും കോരുത്തോട് കൊമ്പ്കുത്തി ടൈബൽ സെറ്റിൽമെന്റ് ഭാഗത്ത് ഒരു കി.മീ. 28,34,000/- രൂപ ചെലവിലും ആകെ 1.5 കി.മീ. ദൂരത്തിൽ 41,94,000/-രൂപ ചെലവിൽ ആന പ്രതിരോധകിടങ്ങ് നിർമ്മാണത്തിന്റെ മണ്ണ് നീക്കംചെയ്യൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ആർ.കെ.വി.വൈ. പദ്ധതിയിൽ എരുമേലി റെയിഞ്ചിൽ കോട്ടയം ജില്ലയിൽ കോയിക്കക്കാവ് പായസപ്പടി വരെ 9.25 കി.മീ. ദൂരത്തിൽ 74,40,000/-രൂപ ചെലവിൽ

നിർമ്മിക്കുന്ന സൗരോർജ തൂക്കുവേലിയുടെ രണ്ട് കി.മീ. നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന ഭാഗങ്ങളിലെ നിർമ്മാണം പുരോഗമിച്ചുവരുന്നു. മഞ്ഞളരുവി മുതൽ മമ്പാടി വരെ 6 കി.മീ. ദൂരത്തിൽ 48,31,000/- രൂപ ചെലവിലും മഞ്ഞളരുവി-പാക്കാനം വരെ 3.7 കി.മീ. ദൂരത്തിൽ 29,80,000,/- രൂപ ചെലവിലും സൗരോർജ തൂക്കുവേലികൾ നിർമ്മിക്കുന്നതിന്റെ വീഡിങ് ജോലികൾ പൂർത്തിയാക്കി പോസ്റ്റുകൾ സ്ഥാപിക്കുന്നത് പുരോഗമിച്ചുവരുന്നു. മമ്പാടി -പാക്കാനം ഭാഗത്ത് 1.5 കി.മീ. ദൂരത്തിൽ 37,50,000/- രൂപ ചെലവിൽ നിർമ്മിക്കുന്ന ആന പ്രതിരോധ കിടങ്ങ് 300 മീറ്റർ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന ഭാഗങ്ങളിലെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നടപടികൾ

161 (934) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം വനഭൂമിയോട് ചേർന്നുകിടക്കുന്ന കൃഷി ഭൂമികളിൽ കാർഷിക വിളകൾ, വസ്തുവകകൾ

എന്നിവയ്ക്കുണ്ടാകുന്ന നാശവും ആളുകൾക്കുണ്ടാകുന്ന പരിക്ക്, മരണം എന്നിവയും തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; ഇതിനായി വനം-വന്യജീവി നിയമത്തിൽ കാലോചിതമായ മാറ്റം കൊണ്ടുവരുവാൻ ശ്രമിക്കുമോ?

(എ&ബി) വന്യജീവി ആക്രമണം ഫലപ്രദമായി തടയാനും മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘർഷം തടയുന്നതിനും വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവുമുണ്ടെന്ന് ഉറപ്പുവരുത്താനും കൈക്കൊണ്ടിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. "മിഷൻ സോളാർ ഫെൻസിങ് 2024" - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിങ്ങുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി "മിഷൻ സോളാർ ഫെൻസിങ് 2024" എന്ന കർമ്മപദ്ധതി നടപ്പാക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം 2024-25 വർഷത്തിൽ 848 കി.മീ. സോളാർ ഫെൻസിങ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.

2. വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ സജ്ജീകരിക്കുന്നതിനുമായി "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചു. കുളങ്ങളും മറ്റ് ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനം ചെയ്തും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽതന്നെ നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

3. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിനായി 120.37 കി.മീ. സോളാർ ഹാങ്ങിങ് ഫെൻസിങ്ങും 10 കി.മീ. റെയിൽ ഫെൻസിങ്ങും 0.11 കി.മീ. അയൺ ഫെൻസിങ്ങും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

4. വന്യജീവികൾ ജനവാസമേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിനായി സംസ്ഥാനത്തെ വിവിധ വനാതിർത്തികളിൽ 69.07 കി.മീ. ആനക്കിടങ്ങ്, 1.92 കി.മീ. ആനപ്രതിരോധ മതിൽ, 1.58 കി.മീ.

കരിങ്കൽഭിത്തി, 2.09 കി.മീ. കയ്യാല എന്നീ പ്രതിരോധ നിർമ്മിതികൾ പണിതിട്ടുള്ളതാണ്.

5. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ച XXVII-ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമ്മിക്കുന്നതിനായി ലഭിച്ച 586.11 ലക്ഷം രൂപയുടെയും ട്രാഞ്ച XXIX-ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 ലക്ഷം രൂപയുടെയും പ്രവൃത്തികൾ നിർമ്മാണ പുരോഗതിയിലാണ്.

6. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിങ്ങും പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിങ്ങും അന്തർസംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിങ്ങും നടത്തുന്നുണ്ട്.

7. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 ആർ.ആർ.റ്റി.-കൾ അടക്കം സംസ്ഥാനത്തുടനീളം 28 ആർ.ആർ.റ്റി.-കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിങ്ങ്

ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേയ്ക്ക് തിരികെവിടുന്നതിനും ആർ.ആർ.റ്റി.-കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.

8. സംസ്ഥാനത്താകെ 273 പഞ്ചായത്തുകൾ വന്യജീവി സംഘർഷബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്നവയാണ്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻഡ്സ്കേപ്പുകളെ ഹോട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗസംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 21-10-2024-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

9. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ആർ.ആർ.റ്റി.-കൾക്ക് സുരക്ഷാ

ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവ ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവർത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

10. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും എ.ഐ. ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൻപ്രകാരമുള്ള പ്രവൃത്തികൾ പുരോഗതിയിലാണ്.

11. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1-ൽനിന്നും ഷെഡ്യൂൾ 2-ലേയ്ക്ക് മാറ്റുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇവയുടെ

വംശവർധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കി വരികയാണ്.

12. ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനായുള്ള ഉത്തരവിന്റെ കാലാവധി 25-02-2024- ലെ സ.ഉ.(കൈ) നം. 9/2024/വനം പ്രകാരം 28-05-2024 മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും നൽകാനായി അവരെ ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

13. പാമ്പുകൾമൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "സർപ്പ" എന്ന

മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രാം പ്രകാരം 2024-ൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

14. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ പ്രതിനിധികൾ, വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചുവരുന്നുണ്ട്.

15. ജനവാസ മേഖലയോടുചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

16. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവുമുണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക

അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

17. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽനിന്ന് മാറിത്താമസിക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

18. മനുഷ്യ-വന്യജീവി സംഘർഷബാധിതർക്കുള്ള നഷ്ടപരിഹാര രീതി പരിഷ്കരിക്കുന്നതിനും നഷ്ടപരിഹാരത്തുക വർധിപ്പിക്കുന്നതിനുമായി തയ്യാറാക്കിയ പ്രൊപ്പോസൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

19. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി"

പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിതഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

20. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കുന്നതിലേയ്ക്കായി ഏർളി വാർണിങ്ങ് സിസ്റ്റം, എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

21. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും കുറ്റിക്കാടുകളും നീക്കംചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

22. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

23. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

24. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുന്നതിനും നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി തത്സമയം ഏകോപിപ്പിക്കുന്നതിനുമായി ഡിവിഷൻ തലത്തിൽ 36 കൺട്രോൾ റൂമുകളും (Division Emergency Operations Centre-DEOC), വനം വകുപ്പ് ആസ്ഥാനത്ത് സംസ്ഥാനതല കൺട്രോൾ റൂമും (State Forest Emergency Operations Centre – SFEOC) 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു.

25. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ചിട്ടുണ്ട്.

26. സംസ്ഥാനാതിർത്തി കടന്നെത്തി സംഘർഷമുണ്ടാക്കുന്ന വന്യജീവികളെ നിരീക്ഷിച്ച് പരസ്പരം വിവരങ്ങൾ കൈമാറുക, മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുക

തുടങ്ങിയ ലക്ഷ്യങ്ങളോടെ കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ ചേർന്ന് അന്തർസംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

27. വന്യമൃഗങ്ങളുടെ സാമീപ്യത്തെക്കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിനും വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾക്ക് പൊതുജന സഹകരണം ഉറപ്പാക്കുന്നതിനും വ്യാജ വിവരങ്ങൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കുന്നത് തടയുന്നതിനുമായി പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, ബ്രോഷറുകളും പാംപ്ലെറ്റുകളും വിതരണം ചെയ്യൽ, സോഷ്യൽ മീഡിയയിലൂടെ വിവരങ്ങൾ നൽകൽ തുടങ്ങിയവ നടപ്പാക്കിവരുന്നു.

28. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന വയനാട് ജില്ലയിൽ നേരിടുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്ന പ്രവർത്തനങ്ങൾക്കുപരി ഫലപ്രദമായ ഏകോപനത്തിനും മേൽനോട്ടത്തിനും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

റാങ്കിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

29. ആധുനിക സാങ്കേതികവിദ്യയെ അടിസ്ഥാനപ്പെടുത്തിയുള്ള ഉപകരണങ്ങൾ സ്ഥാപിച്ചും മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് വിവരങ്ങൾ ശേഖരിച്ചും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തിയിട്ടുണ്ട്. ക്യാമറാ ട്രാപ്പുകൾ, റിയൽ ടൈം മോണിറ്ററിങ് സിസ്റ്റം, വൈൽഡ് വാച്ച് മൊബൈൽ ആപ്ലിക്കേൻ മുതലായ സംവിധാനങ്ങൾ ഇതിലുൾപ്പെടുന്നു.

30. വനമേഖലകളിലെ വിവിധയിടങ്ങളിലായി 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും 574 വയലുകളിലും 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞുകൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കംചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. വനപ്രദേശങ്ങളോടുചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ, കൃഷിയിടങ്ങൾ തുടങ്ങിയവയിൽ കുളകളും കുറ്റിക്കാടുകളും നീക്കം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

31. വനത്തിനുള്ളിലെ വയലുകളുടെ പരിപാലനത്തിന് നബാർഡ്

മുഖേന 25 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇവയുടെ തുടർപ്രവൃത്തികൾ നടക്കുന്നുണ്ട്.

32. സ്വാഭാവിക വനപുനഃസ്ഥാപന പദ്ധതിപ്രകാരം അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ ഡിവിഷനുകളിലെയും അംഗീകരിച്ച വർക്കിങ് പ്ലാനുകളിൽ ആവശ്യമെങ്കിൽ മാറ്റംവരുത്തുന്നതിനും പുതിയ വർക്കിങ് പ്ലാനുകളിൽ ഇക്കോ-റെസ്റ്റോറേഷൻ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5031 ഹെക്ടർ സ്ഥലത്ത് ടി പ്രവൃത്തികൾ നടപ്പാക്കിവരുന്നു. അതിൻപ്രകാരം ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവികവനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

33. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വോളന്റിയർമാർക്കും പരിശീലനം നൽകുന്നതിനുള്ള മോഡ്യൂൾ

ഇക്കാര്യത്തിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. അരിപ്പ, വാളയാർ എന്നിവിടങ്ങളിലെ സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിൽ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് പ്രസ്തുത പ്രായോഗിക വിദഗ്ധ പരിശീലനം നൽകിവരുന്നുണ്ട്.

ഇതോടൊപ്പം വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും നൽകിവരുന്നുണ്ട്. വന്യജീവി (സംരക്ഷണ) നിയമത്തിൽ കാലികമായ ഭേദഗതി വരുത്തണമെന്നുള്ള ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരന്തരം അഭ്യർഥിച്ചുവരുന്നുണ്ട്. എന്നാൽ പ്രസ്തുത നിയമത്തിൽ സംസ്ഥാന സർക്കാരുകൾക്ക് മാത്രം ഭേദഗതി വരുത്തുന്നത് ഇന്ത്യൻ ഭരണഘടന പ്രകാരം സാധ്യമല്ലാത്ത കാര്യമാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിനും വനം വകുപ്പിനും നിയമപരമായി സാധ്യമായ എല്ലാ നടപടികളും ഉപേക്ഷയില്ലാതെതന്നെ കൈക്കൊണ്ടുവരുന്നതാണ്. കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിലെ വകുപ്പ് 62 പ്രകാരം കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന പ്രമേയം സംസ്ഥാന നിയമസഭ 2024

ജനുവരി 14-ന് ഐകകണ്ഠ്യേന പാസ്സാക്കിയിട്ടുള്ളതാണ്. 2024 നവംബറിൽ കേരള വനം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നിയമസഭാ സാമാജികരും വനംവകുപ്പ് ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രിയെ സന്ദർശിച്ച വേളയിൽ അടിയന്തര പരിഗണനക്കായി സമർപ്പിച്ച് "മെമ്മോറാണ്ടം ഓഫ് റിക്വസ്റ്റ്സ്"-ൽ ഇക്കാര്യം ആവർത്തിച്ച് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 06-02-2025-ൽ ബഹുമാനപ്പെട്ട വനം-പരിസ്ഥിതി വകുപ്പുമന്ത്രി ഇക്കാര്യം പാർലമെന്റിൽ നിരാകരിച്ചിട്ടുണ്ട്.

(സി) വനഭൂമിയോട് ചേർന്ന് നിയമാനുസൃതം ഉടമസ്ഥാവകാശം സിദ്ധിച്ച ഭൂമികളിൽ വീട് നിർമ്മിക്കുന്നതിനും കൃഷി ചെയ്യുന്നതിനും ഭൂമി കൈമാറ്റം ചെയ്യുന്നതിനും മറ്റ് ആവശ്യങ്ങൾക്കും വനം വകുപ്പിൽനിന്നും ലഭ്യമാക്കേണ്ട നിരാക്ഷേപപത്രത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ ഉണ്ടായിരിക്കുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

വനഭൂമിയോട് ചേർന്നുകിടക്കുന്നതും നിയമാനുസൃതം ഉടമസ്ഥാവകാശം സിദ്ധിച്ചിട്ടുള്ളതുമായ ഭൂമികളിന്മേൽ വനം വകുപ്പിന്റെ നിരാക്ഷേപപത്രം

തേടുന്നതിനായി അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനകൾ നടത്തി ഡിവിഷൻ ഓഫീസുകളിൽനിന്ന് നിരാക്ഷേപപത്രങ്ങൾ നൽകാനും അതിന്മേലുള്ള കാലതാമസം ഒഴിവാക്കാനും നടപടി സ്വീകരിച്ചുവരുന്നു.

ചന്ദനമരം കടത്തലുമായി ബന്ധപ്പെട്ട കേസുകൾ

162 (935) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മറയൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിനുകീഴിലുള്ള റെയിഞ്ച് ഓഫീസുകളിൽ കഴിഞ്ഞ 45 വർഷത്തിനുള്ളിൽ എത്ര ഒക്വറൻസ് റിപ്പോർട്ട് (ഒ.ആർ.) കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്; വർഷവും ഓഫീസുകളും തിരിച്ച് വിശദമാക്കാമോ?

2005-ലാണ് മറയൂർ ചന്ദന ഡിവിഷൻ രൂപീകരിച്ചത്. പ്രസ്തുത ഡിവിഷൻ രൂപീകരിച്ചതിനുശേഷം 2006 മുതൽ 2024 വരെയുള്ള വർഷങ്ങളിൽ മറയൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിനുകീഴിലുള്ള മറയൂർ, കാന്തല്ലൂർ എന്നീ റെയിഞ്ചുകളിലെ ഒ.ആർ. കേസുകളുടെ വർഷം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ ചന്ദനമരം കടത്തലുമായി ബന്ധപ്പെട്ട് എത്ര കേസുകളുണ്ടെന്ന് വർഷവും ഓഫീസും തിരിച്ച് വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ചന്ദനമരം കടത്തുകേസുമായി ബന്ധപ്പെട്ട പ്രതികൾക്ക് അന്തർസംസ്ഥാന ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ആരുടെയെങ്കിലും അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കണ്ടെത്തിയിട്ടുണ്ട്. മറയൂർ ഡിവിഷനുകീഴിൽ ചന്ദനമരം കടത്തുകേസുമായി ബന്ധപ്പെട്ട് വിവിധ വർഷങ്ങളിൽ അന്തർസംസ്ഥാന ബന്ധമുള്ള 7 കേസുകളിലായി 23 പ്രതികളുള്ളതിൽ 19 പേരുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്.

തിരുവനന്തപുരം വനം ഡിവിഷനിലെ ജണ്ട നിർമ്മാണ അഴിമതി

163 (936) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജണ്ട നിർമ്മാണം നടത്തിയതിലെ അഴിമതി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സി.എം.ഒ. പോർട്ടലിൽ നാളിതുവരെ ലഭിച്ച പരാതികളുടെ ഡോക്കറ്റ് നമ്പറും ലഭിച്ച തീയതിയും വെളിപ്പെടുത്താമോ;

(ബി) അതിൽ എത്ര പരാതികളിന്മേലുള്ള അന്വേഷണം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കിയെന്നും ഓരോ പരാതിയുടെയും അന്വേഷണം പൂർത്തിയാക്കാൻ വേണ്ടിവന്ന സമയം എത്രയെന്നും വെളിപ്പെടുത്താമോ;

(സി) പരാതികളിന്മേലുള്ള അന്വേഷണ റിപ്പോർട്ടിൽ സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാമോ?

(എ-സി) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ ജണ്ട നിർമ്മാണം നടത്തിയതിലെ അഴിമതി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സി.എം.ഒ. പോർട്ടലിൽ ജി.3240801596 എന്ന ഡോക്കറ്റ് നമ്പരിൽ 24-08-2024-ൽ ഒരു പരാതി വനം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗത്തിന് ലഭിക്കുകയും തുടർന്ന് അന്വേഷണ റിപ്പോർട്ട് കോട്ടയം (ഐ&ഇ) ഫോറസ്റ്റ്

കൺസർവേറ്ററിൽനിന്നും 03-02-2025-ൽ വനം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് ഓഫീസിൽ ലഭ്യമായിട്ടുണ്ട്. ടി അന്വേഷണ റിപ്പോർട്ടിന്മേൽ സൂക്ഷ്മ പരിശോധന നടത്തിവരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് വിവിധ സെക്ഷനിൽനിന്നും വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 5 മാസവും 10 ദിവസവും വേണ്ടിവന്നു.

അപകടകരമായ നിലയിൽ നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് നടപടി

164 (937) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാലയങ്ങളോടുചേർന്ന് അപകടകരമായ നിലയിൽ നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിൽ ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ അടിയന്തര പ്രാധാന്യത്തോടെ മുറിച്ചുമാറ്റേണ്ട സാഹചര്യത്തിൽ ദുരന്തനിവാരണ

വകുപ്പിന്റെ 28-05-2018-ലെ ഡി.എം.1/217/2018/ഡി.എം.ഡി നമ്പർ പരിപത്രം പ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. അതുപ്രകാരം പഞ്ചായത്ത് തലത്തിലുള്ള പ്രാദേശികതല ടി കമ്മിറ്റിയാണ് സത്വര നടപടികൾ സ്വീകരിക്കുന്നത്. ഈ കമ്മിറ്റിയിൽ വനം വകുപ്പിൽനിന്ന് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ അംഗങ്ങളാണ്. അടിയന്തര പ്രാധാന്യമുള്ള മരംമുറി അപേക്ഷകളിൽ കാലതാമസമില്ലാതെ ഈ കമ്മിറ്റി തീരുമാനം കൈക്കൊള്ളുകയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിൽ ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

വന്യജീവി ആക്രമണത്തിൽനിന്നും സംരക്ഷണം

165(938) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം- വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും പൊതുജനങ്ങളുടെ ജീവനും സ്വത്തും

സംരക്ഷിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനംവകുപ്പ് വിവിധ നടപടികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കി വരുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

1. വനമേഖലകളിൽ ജലലഭ്യത ഉറപ്പുവരുത്താനായി വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ചെക്ക്ഡാമുകളും 574 വയലുകളും വാട്ടർഹോൾസ് തുടങ്ങി 308- ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ച് വരുന്നുണ്ട്.
2. വേനൽക്കാലത്ത് വനമേഖലയിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ സജ്ജീകരിക്കുന്നതിനായി 2025 ഫെബ്രുവരി 1 മുതൽ "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.
3. വനത്തിനുള്ളിൽ ഭക്ഷണലഭ്യത ഉറപ്പുവരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്ത് ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ

പ്രോത്സാഹിപ്പിച്ച് തനത് വൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിലുൾപ്പെടുത്തി നടപ്പാക്കിവരുന്നു. അതിൻപ്രകാരം ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. വയനാട് ജില്ലയിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനായി കേരള പേപ്പർ പ്രോഡക്ടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നബാർഡ്, ആർ.കെ.ഡി.പി. ഫണ്ടുകളും ചില സന്നദ്ധ സംഘടകളുടെ സേവനവും ഉപയോഗിച്ചുവരുന്നു.

4. വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിന് വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിത മേഖലകളിൽ പുതിയ പുല്ല് മുളപ്പിക്കുന്നതിന് അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തിവരുന്നുണ്ട്.

5. വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ

റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുള്ള പ്രവൃത്തികൾ വിവിധ ലാൻഡ്സ്കേപ്പുകളിൽ പുരോഗമിച്ചുവരുന്നു.

6. "മിഷൻ സോളാർ ഫെൻസിങ് 2024" - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിങ്ങുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് "മിഷൻ സോളാർ ഫെൻസിങ് 2024" എന്ന കർമ്മപദ്ധതി നടപ്പാക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം 2024-25 വർഷത്തിൽ 848 കി.മീ. സോളാർ ഫെൻസിങ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.

7. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിന് 120.37 കി.മീ. സോളാർ ഹാങ്ങിങ് ഫെൻസിങ്ങും 10 കി.മീ. റെയിൽ ഫെൻസിങ്ങും 0.11 കി.മീ. അയൺ ഫെൻസിങ്ങും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുണ്ട്.

8. പ്രതിരോധ നിർമ്മിതിയായ ആനക്കിടങ്ങ് (Elephant Proof Trench) 69.07 കി.മീ. ദൈർഘ്യത്തിലും 1.92 കി.മീ. ദൈർഘ്യത്തിൽ എലിഫന്റ്

പ്രൂഫ് വാളും 1.58 കി.മീ. ദൈർഘ്യത്തിൽ സ്റ്റോൺ വാളും 2.09 കി.മീ. ദൈർഘ്യത്തിൽ ബൗണ്ടറി വാൾ/കയ്യാലയും വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് തടയുന്നതിന് നിർമ്മിച്ചിട്ടുള്ളതാണ്.

9. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ച XXVII-ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമ്മിക്കുന്നതിനായി ലഭിച്ച 586.11 കോടി രൂപയുടെയും ട്രാഞ്ച XXIX ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 കോടി രൂപയുടെയും പ്രവൃത്തികൾ നിർമ്മാണ പുരോഗതിയിലാണ്.

10. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിങ്ങും പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിങ്ങും അന്തർസംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിങ്ങും നടത്തുന്നുണ്ട്.

11. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി

രൂപീകരിച്ചിട്ടുള്ള 9 ആർ.ആർ.ടി.-കൾ അടക്കം സംസ്ഥാനത്ത് ഉടനീളം 28 ആർ.ആർ.ടി-കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിങ്ങ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേയ്ക്ക് തിരികെ വിടുന്നതിനും ആർ.ആർ.റ്റി.-കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.

12. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ആർ.ആർ.റ്റി.-കൾക്ക് സുരക്ഷാ ഉപകരണങ്ങൾ സംഭരിക്കൽ, ആയുധം ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവൃത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

13. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും എ.ഐ. ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ

വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

14. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1-ൽ നിന്നും ഷെഡ്യൂൾ 2-ലേക്ക് മാറ്റുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കിവരികയാണ്.

15. ജനവാസമേഖലകളിൽ അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനുള്ള കാലാവധി 25-02-2024-ലെ സ.ഉ.(കൈ) നം. 9/2024/വനം പ്രകാരം 28-05-2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും നൽകാനായി അവരെ ഓണററി വൈൽഡ്‌ലൈഫ് വാർഡനായും സെക്രട്ടറിമാരെ അധികാരപ്പെട്ട

ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസ മേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

16. പാമ്പുകൾമൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "സർപ്പ" എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രാം പ്രകാരം 2024 വർഷത്തിൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

17. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ പ്രതിനിധികൾ, വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേയ്ക്ക് പ്രവർത്തിച്ചുവരുന്നുണ്ട്.

18. ജനവാസ മേഖലയോടുചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

19. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവുമുണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

20. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽനിന്ന് മാറിത്താമസിക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

21. വന്യജീവി സംഘർഷബാധിതർക്ക് നൽകുന്ന നഷ്ടപരിഹാര രീതി പരിഷ്കരിക്കുന്നതിനായി തയ്യാറാക്കിയ പ്രൊപ്പോസൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

22. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിതഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാകുന്നു.

23. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കുന്നതിന് ഏർളി വാർണിങ് സിസ്റ്റം, എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

24. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും കുറ്റിക്കാടുകളും നീക്കംചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

25. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

26. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

(ബി) മഞ്ചേരി നിയോജകമണ്ഡലത്തിന്റെ മലയോരമേഖലയിൽ വന്യമൃഗങ്ങളുടെ ശല്യം കാരണം പൊതുജനങ്ങളുടെ ജീവനും സ്വത്തിനും വ്യാപകമായി നാശനഷ്ടങ്ങളുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച പരിഹാരമാർഗങ്ങൾ വിശദമാക്കാമോ;

(സി) വന്യമൃഗങ്ങളിൽനിന്നും പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനാവശ്യമായ എന്തൊക്കെ നടപടികളാണ്

മഞ്ചേരിയിൽ നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

(ബി&സി) മഞ്ചേരി നിയോജകമണ്ഡലത്തിന്റെ മലയോരമേഖലയിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വന്യമൃഗങ്ങളുടെ സാന്നിധ്യം പ്രദേശവാസികളെ അറിയിക്കുന്നതിനായി എസ്.എം.എസ്. അലർട്ട് സിസ്റ്റം നിലവിലുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷ മേഖലകളിൽ ഫീൽഡ് സ്റ്റാഫ് പകലും രാത്രിയിലുമായി പട്രോളിങ് നടത്തിവരുന്നുണ്ട്. പറയൻമേട് ഭാഗത്ത് വനാതിർത്തിയോട് ചേർന്ന് 5.5 കി.മീ. ദൂരത്തിൽ സോളാർ ഫെൻസിങ് ചെയ്തിട്ടുള്ളതാണ്. ടി പ്രദേശത്ത് ആവശ്യാനുസരണം ദ്രുതകർമ്മസേനയെ വിന്യസിച്ചിട്ടുള്ളതാണ്.

വന്യജീവി ആക്രമണം

166(939) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം 2016 മുതൽ നാളിതുവരെ ഓരോ വർഷവുമുണ്ടായ കൃഷി നാശത്തിന്റെ അളവും അതുമൂലം

നഷ്ടമായതായി കണക്കാക്കിയ തുകയും സർക്കാർ നൽകിയ നഷ്ടപരിഹാരവും വർഷം തിരിച്ച് നൽകാമോ?

സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം 2016-17 വർഷം മുതൽ നാളിതുവരെ ഓരോ വർഷവുമുണ്ടായ കൃഷി നാശത്തിന്റെ അളവും അതുമൂലം നഷ്ടമായതായി കണക്കാക്കിയ തുകയും സർക്കാർ നൽകിയ നഷ്ടപരിഹാരവും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+ ഭൂരിഭാഗം വിളകൾക്കും കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം അനുവദിക്കുന്നത് നഷ്ടപ്പെട്ട വിളകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആയതിനാൽ കൃഷിനാശം സംഭവിച്ചിട്ടുള്ള കൃഷിഭൂമിയുടെ കൃത്യമായ വിസ്തൃതി ലഭ്യമല്ല.

ആനയെഴുന്നള്ളിപ്പിന് നിർദേശിച്ചിട്ടുള്ള നിയന്ത്രണങ്ങൾ

167 (940) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആനയെഴുന്നള്ളിപ്പിന് നിർദേശിച്ചിട്ടുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2012-ലെ കേരള നാട്ടാന (കാര്യകർതൃത്വവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം (8), ചട്ടം (10) എന്നിവയിലെ നിബന്ധനകൾക്ക് വിധേയമായും 20-03-2013-ലെ 2853/ഡി2/2013/വനം നമ്പർ സർക്കാർ സർക്കുലർ പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായുമാണ് കേരളത്തിൽ ആന എഴുന്നള്ളിപ്പുകൾ നടത്തിവരുന്നത്. മേൽ ചട്ടത്തിന്റെയും സർക്കുലറിന്റെയും പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ആനയെഴുന്നള്ളിപ്പിനുള്ള നിയന്ത്രണങ്ങൾ പാലിക്കാത്തതിനാൽ എഴുന്നള്ളിപ്പ് നിർത്തിവച്ചിട്ടുള്ള സംഭവങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരളത്തിൽ ആനയെഴുന്നള്ളിപ്പിന് മുൻകൂട്ടി അനുമതി വാങ്ങേണ്ടതുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമം എന്തൊക്കെയെന്ന് അറിയിക്കാമോ?

ഉണ്ട്. WP(C) No 743/2014 നമ്പർ കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 18-08-2015-ലെ ഉത്തരവിൻപ്രകാരം അനുബന്ധം-I

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ മോണിറ്ററിങ് കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേത്രങ്ങളിൽ മാത്രമേ നാട്ടാനകളെ എഴുന്നള്ളിക്കാൻ പാടുള്ളൂ. ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേത്രങ്ങൾ ഓരോ ഉത്സവത്തിനും മുന്നോടിയായി ജില്ലാ മോണിറ്ററിങ് കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. പ്രസ്തുത അപേക്ഷ പരിഗണിച്ച് അനുബന്ധം പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി ജില്ലാ മോണിറ്ററിങ് കമ്മിറ്റി നൽകുന്ന അനുമതിയുടെ അടിസ്ഥാനത്തിൽ മാത്രമെ ഓരോ ഉത്സവത്തിനും ക്ഷേത്രങ്ങളിൽ ആനയെ എഴുന്നള്ളിക്കാൻ പാടുള്ളൂ.

ഫെൻസിങ്, കിടങ്ങുകൾ എന്നിവ നിർമ്മിക്കൽ

168 (941) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര നിയോജകമണ്ഡലത്തിലെ വനമേഖലയോട് ചേർന്നുകിടക്കുന്ന ജനവാസ കേന്ദ്രങ്ങളിൽ ഫെൻസിങ്, കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

അരുവിക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വനം മേഖലയോട്

ചേർന്നുകിടക്കുന്ന ജനവാസ കേന്ദ്രങ്ങളിൽ ഫെൻസിങ്, കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ചിൽ അരുവിക്കര നിയോജകമണ്ഡലത്തിലെ ആര്യനാട് പാലോട് സെക്ഷൻ പരിധിയിൽ കുട്ടപ്പാറ സെറ്റിൽമെന്റ് പ്രദേശത്ത് ഒരു കിലോമീറ്റർ നീളത്തിൽ നബാർഡ്, ആർ.ഐ.ഡി.എഫ്. ട്രാഞ്ച XXIX-ൽ ഉൾപ്പെടുത്തി ആനക്കിടങ്ങ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്.
2. തിരുവനന്തപുരം ഡിവിഷനിൽ ആറാനക്കുഴി പ്രദേശത്ത് ഒരു കിലോമീറ്റർ നീളത്തിൽ ഹാങ്ങിങ് ഫെൻസിങ്ങിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.
3. മിഷൻ സോളാർ ഫെൻസിങ്ങിന്റെ ഭാഗമായി കോട്ടൂർ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ചിലെ പന്നിയാംകരിക്കകം സെറ്റിൽമെന്റിൽ 850 മീറ്റർ നീളത്തിൽ സോളാർ ഫെൻസിങ്ങിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.
4. കോട്ടൂർ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ചിന്റെ

ചോനാംപാറ മുതൽ കട്ടക്കുറ്റിവരെ 500 മീറ്റർ നീളത്തിൽ ആനക്കിടങ്ങിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

5. കോട്ടൂർ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ചിലെ പോങ്ങുംകുഴി സെറ്റിൽമെന്റിൽ 1.08 കിലോമീറ്റർ സോളാർ ഫെൻസിങ്ങിന്റെ അറ്റകുറ്റപ്പണികൾ പുരോഗമിക്കുന്നു.

6. കോട്ടൂർ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ചിലെ അരിയാവിള മുതൽ കൈത്തോട് വരെ 3 കിലോമീറ്റർ സോളാർ ഫെൻസിങ്ങിന്റെ അറ്റകുറ്റപ്പണികൾ പുരോഗമിക്കുന്നു.

7. പേപ്പാറ വന്യജീവി സങ്കേതത്തിൽ മിഷൻ സോളാർ ഫെൻസിങ്ങിന്റെ ഭാഗമായി കുന്നത്തേരി സെറ്റിൽമെന്റിൽ ഒരു കിലോമീറ്റർ ദൂരത്തിൽ സോളാർ ഫെൻസിങ്ങിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

വന്യജീവി ആക്രമണം തടയാൻ നടപടി

169 (942) ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം അതിരൂക്ഷമായി തുടരുകയും എട്ടുവർഷത്തിനിടെ വന്യജീവി ആക്രമണങ്ങളിൽ ആയിരത്തോളം മനുഷ്യർ കൊല്ലപ്പെടുകയും ചെയ്ത സ്ഥിതിവിശേഷം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

ഗൗരവത്തോടെയാണ് കാണുന്നത്. 2017-18 മുതൽ 2024-25 (31-01-2025) വരെയുള്ള എട്ടുവർഷക്കാലത്ത് സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെട്ടിട്ടുള്ളത് 774 പേരാണ്. അതിൽ 516 (66.67%) പേരും മരണപ്പെട്ടിട്ടുള്ളത് വനത്തിനുപുറത്തുവച്ചുള്ള പാമ്പുകടിമൂലമാണ്. കഴിഞ്ഞ മൂന്നുവർഷത്തെ സംഘർഷങ്ങളും മരണനിരക്കും പരിശോധിച്ചാൽ മുൻകാലങ്ങളെ അപേക്ഷിച്ച് മനുഷ്യ-വന്യജീവി സംഘർഷംമൂലം മരണനിരക്ക് കുറഞ്ഞുവരുന്നതായി കാണാവുന്നതാണ്.

(ബി) ഓരോ നിമിഷവും ഭീതിയുടെ മുൾമുനയിൽ നിൽക്കുന്ന വനയോര മേഖലയിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സാധ്യമായിട്ടുള്ള എല്ലാ നടപടികളും സർക്കാരും വനം വകുപ്പും സ്വീകരിക്കുന്നുണ്ട്. സ്വീകരിച്ച നടപടികളുടെ വിവരം ചുവടെചേർക്കുന്നു.

1. വനമേഖലകളിൽ ജലലഭ്യത ഉറപ്പുവരുത്താനായി വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ചെക്ക്ഡാമുകളും 574 വയലുകളും വാട്ടർഹോൾസ് തുടങ്ങി 308-ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ചുവരുന്നുണ്ട്.

2. വേനൽക്കാലത്ത് വനമേഖലയിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ സജ്ജീകരിക്കുന്നതിനുമായി 2025 ഫെബ്രുവരി 1 മുതൽ "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

3. വനത്തിനുള്ളിൽ ഭക്ഷണ ലഭ്യത ഉറപ്പുവരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്ത് ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനത് വൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിലുൾപ്പെടുത്തി നടപ്പാക്കിവരുന്നു. അതിൻപ്രകാരം

ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. വയനാട് ജില്ലയിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുരുന്നു. ഇതിനായി കേരള പേപ്പർ പ്രോഡക്ടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നബാർഡ്, ആർ.കെ.ഡി.പി. ഫണ്ടുകളും ചില സന്നദ്ധ സംഘടനകളുടെ സേവനവും ഉപയോഗിച്ചുവരുന്നു.

4. വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനായി വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിത മേഖലകളിൽ പുതിയ പുല്ല് മുളപ്പിക്കുന്നതിലേക്കായി അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തിവരുന്നുണ്ട്.

5. വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുള്ള പ്രവൃത്തികൾ വിവിധ ലാൻഡ്സ്കേപ്പുകളിൽ പുരോഗമിച്ചുവരുന്നു.

6. “മിഷൻ സോളാർ ഫെൻസിങ് 2024” - നിലവിൽ നിർമ്മിച്ചിരുന്ന

സോളാർ ഫെൻസിങ്ങുകൾ പ്രവർത്തനക്ഷമമാക്കുന്നതിനായി "മിഷൻ സോളാർ ഫെൻസിങ് 2024" എന്ന കർമ്മ പദ്ധതി നടപ്പാക്കുകയുണ്ടായി. ടി പദ്ധതിപ്രകാരം 2024-25-ൽ 848 കി.മീ. സോളാർ ഫെൻസിങ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.

7. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിനായി 120.37 കി.മീ. സോളാർ ഹാങ്ങിങ് ഫെൻസിങ്ങും 10 കി.മീ. റെയിൽ ഫെൻസിങ്ങും 0.11 കി.മീ. അയൺ ഫെൻസിങ്ങും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

8. പ്രതിരോധ നിർമ്മിതിയായ ആനക്കിടങ്ങ് (Elephant Proof Trench) 69.07 കി.മീ. ദൈർഘ്യത്തിലും 1.92 കി.മീ. ദൈർഘ്യത്തിൽ എലിഫന്റ് പ്രൂഫ് വാളും 1.58 കി.മീ. ദൈർഘ്യത്തിൽ സ്റ്റോൺ വാളും 2.09 കി.മീ. ദൈർഘ്യത്തിൽ ബൗണ്ടറി വാൾ/കയ്യാലയും വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് തടയുന്നതിന് നിർമ്മിച്ചിട്ടുള്ളതാണ്.

9. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേയ്ക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ടാഞ്ച XXVII-ൽ 101.50 കിലോമീറ്റർ സോളാർ വേലി

നിർമ്മിക്കുന്നതിനായി ലഭിച്ച 586.11 കോടി രൂപയുടെയും ടാബ്ലെ XXIX-ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 കോടി രൂപയുടെയും പ്രവൃത്തികൾ നിർമ്മാണ പുരോഗതിയിലാണ്.

10. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിങ്ങും പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിങ്ങും അന്തർസംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിങ്ങും നടത്തുന്നുണ്ട്.

11. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 ആർ.ആർ.ടി.-കളടക്കം സംസ്ഥാനത്തുടനീളം 28 ആർ.ആർ.ടി.-കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിങ്ങ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേയ്ക്ക് തിരികെ വിടുന്നതിനും ആർ.ആർ.ടി.-കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.

12. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ആർ.ആർ.ടി.-കൾക്ക് സുരക്ഷാ

ഉപകരണങ്ങൾ സംഭരിക്കൽ, ആയുധം ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനംചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവൃത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

13. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും എ.ഐ. ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

14. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1-ൽ നിന്നും ഷെഡ്യൂൾ 2-ലേക്ക് മാറ്റുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി

തയ്യാറാക്കിവരികയാണ്.

15. ജനവാസമേഖലകളിൽ അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനായിട്ടുള്ള കാലാവധി 25-02-2024 -ലെ സ.ഉ.(കൈ) നം. 9/2024/വനം പ്രകാരം 28-05-2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും നൽകാനായി അവരെ ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസ മേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

16. പാമ്പുകൾമൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "സർപ്പ' എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാധ്യത

ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രാം പ്രകാരം 2024 വർഷത്തിൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുണ്ട്.

17. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ പ്രതിനിധികൾ, വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങൾ, കർഷകരുൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിന് പ്രവർത്തിച്ചുവരുന്നുണ്ട്.

18. ജനവാസ മേഖലയോടുചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

19. ജനവാസമേഖലയിലേയ്ക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവുമുണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ

ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

20. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതിപ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേയ്ക്കായി വനാന്തരങ്ങളിൽനിന്ന് മാറിത്താമസിക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

21. വന്യജീവി സംഘർഷ ബാധിതർക്ക് നൽകുന്ന നഷ്ടപരിഹാര രീതി പരിഷ്കരിക്കുന്നതിനായി തയ്യാറാക്കിയ പ്രൊപ്പോസൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

22. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിതഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ

വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

23. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കുന്നതിലേയ്ക്കായി ഏർളി വാർണിങ് സിസ്റ്റം, എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

24. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

25. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

26. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) വന്യജീവി ആക്രമണം തടയുന്നതിന് ബജറ്റിൽ വകയിരുത്തിയ

തുക കാര്യക്ഷമമായി ചെലവഴിക്കാൻ സാധിക്കാത്തതിന്റ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത തുക കാര്യക്ഷമമായി ചെലവഴിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) സംസ്ഥാനത്തുടനീളമുള്ള മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ 2406-02-110-35 പ്രോജക്ട് എലിഫന്റ് (60:40 അനുപാതത്തിൽ) & 2406-02-110-52 IDWH – Outside PA (60:40 അനുപാതത്തിൽ) എന്നീ ശീർഷകങ്ങളിലും സംസ്ഥാന പദ്ധതികളായ 2406-02-110-09 Measures to Reduce Man-Animal Conflict & 2406-01-800-92 Relief to Victims എന്നിവയിലുമാണ് തുക ലഭിച്ചുവരുന്നത്. കേന്ദ്ര സർക്കാരിന്റെ മേൽപരാമർശിച്ച രണ്ട് പദ്ധതികളിൽ അനുവദിക്കുന്ന മുഴുവൻ തുകയും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പദ്ധതികൾക്ക് മാത്രമുള്ളവയല്ല. മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിന് വിവിധ ബജറ്റ് ശീർഷകങ്ങളായ 2406-02-110-35 പ്രോജക്ട് എലിഫന്റ് (60:40 അനുപാതത്തിൽ); 2406-02-110-52 IDWH – Outside PA (60:40

അനുപാതത്തിൽ); 2406-02-110-09 Measures to Reduce Man-Animal Conflict & 2406-01-800-92 Relief to Victims എന്നിവയിൽ ലഭിച്ച തുക യഥാക്രമം 75%; 82%; 85%; & 96% ചെലവഴിച്ചിട്ടുള്ളതാകുന്നു.

വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം

170 (943) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നിലവിൽ എത്ര രൂപയാണ് നഷ്ടപരിഹാരം നൽകുന്നതെന്ന് വ്യക്തമാക്കാമോ?

വന്യജീവികൾമൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ചാണ്. ഇതിന്റെ ഭാഗമായുള്ള 05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം,

25-10-2022-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 50/2022/ വനം, 20-01-2024-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 03/2024/വനം എന്നിവ പ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നു. ടി ഉത്തരവുകൾ പ്രകാരം വന്യജീവി ആക്രമണത്തിൽ മരണമടയുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയാണ് നൽകിവരുന്നത്. വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റും തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റും ഉണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി 2 ലക്ഷം രൂപയും നൽകിവരുന്നു.

(ബി) വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ വർധിപ്പിച്ചിട്ടുണ്ടോ; എത്ര തുകയാണ് കേന്ദ്ര സർക്കാർ നിലവിൽ നൽകുന്നത്?

കേന്ദ്ര വനം-പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (വന്യജീവി വിഭാഗം)-ന്റെ 22-12-2023 -ലെ F. No. WL-21/4/2023-WL നമ്പർ ഓഫീസ് മെമ്മോറാണ്ടം പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ Integrated

Development of Wildlife Habitats-ൽനിന്നും മനുഷ്യ-വന്യമൃഗ സംഘർഷംമൂലമുണ്ടാകുന്ന മരണത്തിന് സമാശ്വാസ ധനസഹായമായി നൽകാവുന്ന തുക 10 ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (പ്രോജക്ട് ടൈഗർ & പ്രോജക്ട് എലിഫന്റ് വിഭാഗം)-ന്റെ 25-01-2024- ലെ F. No. 3-8/2022-PE നമ്പർ കത്ത് പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രോജക്ട് ടൈഗർ, പ്രോജക്ട് എലിഫന്റ് എന്നിവയിലുള്ള വിഹിതത്തിൽനിന്നും മനുഷ്യ-വന്യമൃഗ സംഘർഷംമൂലമുണ്ടാകുന്ന മരണത്തിന് സമാശ്വാസ ധനസഹായമായി നൽകാവുന്ന തുക 10 ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്. കൂടാതെ എല്ലാ സംസ്ഥാനങ്ങളും ഈ വർധനവ് നടപ്പിൽവരുത്തുന്ന രീതിയിൽ മനുഷ്യ-വന്യമൃഗ സംഘർഷംമൂലമുണ്ടാകുന്ന മരണങ്ങൾക്ക് അതത് സംസ്ഥാനങ്ങൾ അനുവദിക്കുന്ന സമാശ്വാസ ധനസഹായം ഏകീകരിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. കേരളത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷംമൂലമുണ്ടാകുന്ന മരണങ്ങൾക്ക് നഷ്ടപരിഹാരം നൽകിവരുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ

വൈൽഡ് ആനിമൽസ് ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ചാണ്. പ്രസ്തുത ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുന്നത് സംസ്ഥാന ഫണ്ടിൽനിന്നോ കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്ന് ലഭ്യമാകുന്ന ഫണ്ടിൽനിന്നോ ആകാം. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നും അനുവദിക്കാവുന്ന നഷ്ടപരിഹാരത്തുക മേൽ സൂചിപ്പിച്ചതുപോലെ വർധിപ്പിക്കുന്നതിനും വളരെ മുമ്പുതന്നെ 05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം പ്രകാരം സംസ്ഥാന സർക്കാർ മനുഷ്യ-വന്യമൃഗ സംഘർഷംമൂലമുണ്ടാകുന്ന മരണങ്ങൾക്ക് അനുവദനീയമായ നഷ്ടപരിഹാരം 10 ലക്ഷം രൂപയായി വർധിപ്പിക്കുകയും നാലരവർഷത്തോളമായി പ്രസ്തുത നിരക്ക് നൽകിവരുകയും ചെയ്യുന്നുണ്ടായിരുന്നു. ഒരേ നഷ്ടത്തിന് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും വെവ്വേറെ നഷ്ടപരിഹാരം നൽകുന്നില്ല. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി സംസ്ഥാന വിഹിതത്തിനു പുറമേ കേന്ദ്രവിഹിതമായി തുക ലഭിച്ചുവരുന്നത് കേന്ദ്രാവിഷ്കൃത പദ്ധതികളായ 2406-02-110-35 പ്രോജക്ട് എലിഫന്റ് (60:40 അനുപാതത്തിൽ) & 2406-02-110-52 IDWH – Outside PA (60:40

അനുപാതത്തിൽ) എന്നീ ശീർഷകങ്ങളിലാണ്. ഈ രണ്ട് ശീർഷകങ്ങളിലും ഉൾപ്പെടുത്തി ഒരു ഉപഘടകമായിട്ടാണ് നഷ്ടപരിഹാരത്തിനുള്ള കേന്ദ്ര വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ നഷ്ടപരിഹാരമായി ആകെ വിതരണം ചെയ്തിട്ടുള്ള 21.79 കോടി രൂപയിൽ 74.51 ലക്ഷം രൂപയാണ് കേന്ദ്രവിഹിതമായി ചെലവഴിച്ചിട്ടുള്ളത്.

(സി) വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരമായി നിലവിൽ സംസ്ഥാന സർക്കാർ നൽകുന്നത് എത്ര രൂപയാണെന്നറിയിക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നിലവിൽ 10 ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകിവരുന്നത്. വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റും തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റുമുണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി രണ്ട് ലക്ഷം രൂപയും നൽകിവരുന്നു.

(ഡി) വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ഇരട്ടിയാക്കാൻ തയ്യാറാകുമോ?

വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുക കാലോചിതമായി വർധിപ്പിക്കുന്ന വിഷയം നിലവിൽ പരിശോധനയിലാണ്.

കടുവ ആക്രമണം

171 (944) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവും കടുവ ആക്രമണത്തിൽ മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും വിവരങ്ങൾ വർഷം, ജില്ല എന്നിവ തിരിച്ച് നൽകുമോ?

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവും കടുവ ആക്രമണത്തിൽ മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും കണക്ക് വർഷം, ജില്ല എന്നിവ തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

വന്യജീവി ആക്രമണം

172 (945) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവും കാട്ടാന ആക്രമണത്തിൽ മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും വിവരങ്ങൾ വർഷം, ജില്ല തിരിച്ചുനൽകാമോ?

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ മനുഷ്യ-കാട്ടാന സംഘർഷത്തിൽ മരണപ്പെട്ടിട്ടുള്ളവരുടെയും പരിക്ക് പറ്റിയവരുടെയും എണ്ണം വർഷം, ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

വയനാട്ടിൽ കടുവ ആക്രമണം

173(946) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട്ടിൽ 2016 മുതൽ നാളിതുവരെ ഓരോ വർഷവും കടുവ ആക്രമണത്തിൽ മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും സർക്കാർ നഷ്ടപരിഹാരം നൽകിയവരുടെയും കണക്ക് വർഷം തിരിച്ചുനൽകുമോ?

വയനാട്ടിൽ 2016 മുതൽ നാളിതുവരെ ഓരോ വർഷവും കടുവ ആക്രമണത്തിൽ മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും സർക്കാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നഷ്ടപരിഹാരം നൽകിയവരുടെയും കണക്ക് വർഷം തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

വന്യജീവി ആക്രമണത്തിൽ മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും കണക്ക്

174(947) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം 2010 മുതൽ നാളിതുവരെ ഓരോ വർഷവും മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും കണക്ക് വർഷം തിരിച്ച് നൽകുമോ?

സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം 2010-11 മുതൽ നാളിതുവരെ ഓരോ വർഷവും മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കക്കയം-കരിയാത്തുംപാറ ജനവാസകേന്ദ്രങ്ങളിലെ വന്യജീവി ഭീഷണി

175(948) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വന്യജീവികൾ കൂട്ടത്തോടെ ജനവാസകേന്ദ്രങ്ങളിലെത്തുന്നത് തടയാനായി കുരാച്ചുണ്ട്-കക്കയം-കരിയാത്തുംപാറ വനമേഖലകളിൽ ഫെൻസിങ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കക്കയംവാലി മുതൽ കക്കയം വരെ രണ്ട് കി.മീ. സൗരോർജ കമ്പിവേലി സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. കൂടാതെ ഓട്ടപ്പാലം-കാളങ്ങാലി, തുവക്കടവ്, കല്ലാനോട് 30 മൈൽ ഭാഗത്ത് ഹാങ്ങിങ് നിർമ്മിക്കുന്നതിനുള്ള നടപടിയും പരിഗണനയിലുണ്ട്.

(ബി) കക്കയം-കരിയാത്തുംപാറ വനമേഖലകളിൽ ജനങ്ങൾക്ക് ഭീഷണിയാവുന്ന വന്യമൃഗങ്ങളെ നേരിടുന്നതിനും ജനവാസ കേന്ദ്രങ്ങളിൽ അവ എത്താതിരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

കുരാച്ചുണ്ട്-കക്കയം-കരിയാത്തുംപാറ വനമേഖലകളുമായി ബന്ധപ്പെട്ട പഞ്ചവടിപ്പാലം കെ.എസ്.ഇ.ബി. കോളനി, അമ്പലക്കുന്ന് ആദിവാസി നഗർ എന്നിവിടങ്ങളിൽ 4.65 കി.മീ. സോളാർ ഫെൻസിങ് നിലവിലുണ്ട്.

നാട്ടിലേക്കിറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേക്ക് തിരികെ വിടുന്നതിനായി താമരശ്ശേരി ആസ്ഥാനമായി റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കക്കയം, പെരുവണ്ണാമൂഴി കേന്ദ്രമാക്കി രണ്ട് സാറ്റലൈറ്റ് ആർ.ആർ.ടി.-കളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പതിനഞ്ച് ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി ജനപങ്കാളിത്തത്തോടെ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. വന്യമൃഗങ്ങൾ നാട്ടിലിറങ്ങിയാൽ സമൂഹമാധ്യമ കൂട്ടായ്മ വഴി ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിവരുന്നുണ്ട്. നിലവിലുള്ള സോളാർ വേലികൾ പ്രവർത്തനക്ഷമമാക്കുന്നതിനായി ദിവസവേതന വാച്ചർമാരെ ഉപയോഗപ്പെടുത്തുകയും അറ്റകുറ്റപ്പണി നടത്തിവരികയും ചെയ്യുന്നുണ്ട്. നബാർഡ് പദ്ധതിയിൽ പെരുവണ്ണാമൂഴി റെയിഞ്ചിൽ പന്നിക്കോട്ടൂർ വനമേഖല ഉൾപ്പെടെ 18 കി.മീ. ഹാങ്ങിങ് സോളാർ ഫെൻസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ നിരീക്ഷിക്കുന്നതിനും സംഘർഷനിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി

ഏകോപിപ്പിക്കുന്നതിനുമായി കോഴിക്കോട് ഡിവിഷനിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന DEOC (District Emergency Operation Centre)-ഉം പ്രവർത്തിച്ചുവരുന്നു.

മനുഷ്യ-വന്യജീവി സംഘർഷം

176 (949) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലംമുതൽ നാളിതുവരെ സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ കൊല്ലപ്പെട്ടവരുടെയും പരിക്ക് പറ്റിയവരുടെയും വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത കാലയളവിൽ വന്യജീവി ആക്രമണത്തിന് ഇരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമായി എത്രപേർക്ക് നഷ്ടപരിഹാരം നൽകാൻ അവശേഷിക്കുന്നുണ്ടെന്നും അതിന് കാലതാമസം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നേരിടുന്നതിന് കാരണമെന്താണെന്നും വിശദമാക്കാമോ?

മുൻ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ വന്യജീവി ആക്രമണത്തിന് ഇരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമായി നഷ്ടപരിഹാരം നൽകാൻ അവശേഷിക്കുന്നവരുടെ എണ്ണവും അതിന് കാലതാമസത്തിനുള്ള കാരണവും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) സ്ഥിരമായി വന്യജീവികൾ കാടിറങ്ങുന്നതും സ്ഥിരം വന്യജീവി ആക്രമണമുണ്ടാകുന്നതുമായ ഹോട്ട്സ്പോട്ടുകൾ കണ്ടെത്തുന്നതിനും പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ?

സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ കൂടുതലുള്ള പ്രദേശങ്ങളെ കണ്ടെത്തി 12 ലാൻഡ്സ്കേപ്പുകളായി തിരിച്ചുകൊണ്ട് മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 273 പഞ്ചായത്ത്/ മുനിസിപ്പാലിറ്റികളിലെ ഹോട്ട്സ്പോട്ടുകൾ തിരിച്ചറിഞ്ഞ് പ്രതിരോധ ലഘൂകരണ പ്രവർത്തനങ്ങളടങ്ങിയ ലാൻഡ്സ്കേപ്പുതല പ്ലാനുകൾ തയ്യാറാക്കിവരുന്നു. ലാൻഡ്സ്കേപ്പുതല പ്ലാനുകൾ ക്രോഡീകരിച്ച് സംസ്ഥാനതല കർമ്മപദ്ധതി തയ്യാറാക്കും. ഇപ്രകാരം സംസ്ഥാനതല

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കർമ്മപദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി ഒരു മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 21-10-2024-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(ഡി) വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനംവകുപ്പ് വിവിധ നടപടികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കി വരുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

1. ''മിഷൻ സോളാർ ഫെൻസിങ് 2024"- നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിങ്ങുകൾ പ്രവർത്തനക്ഷമമാക്കുന്നതിനായി "മിഷൻ സോളാർ ഫെൻസിങ് 2024" എന്ന കർമ്മപദ്ധതി നടപ്പാക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം 2024-25 വർഷത്തിൽ 848 കി.മീ. സോളാർ ഫെൻസിങ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.

2. വന്യമൃഗങ്ങൾ ജനവാസമേഖലകളിലേയ്ക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽതന്നെ സജ്ജീകരിക്കുന്നതിനുമായി "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ"പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചു. കുളങ്ങളും മറ്റ് ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനം ചെയ്തും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽതന്നെ നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

3. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കി.മീ. സോളാർ ഹാങ്ങിങ് ഫെൻസിങ്ങും 10 കി.മീ. റെയിൽ ഫെൻസിങ്ങും 0.11 കി.മീ. അയൺ ഫെൻസിങ്ങും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

4. വന്യജീവികൾ ജനവാസമേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിനായി സംസ്ഥാനത്തെ വിവിധ വനാതിർത്തികളിൽ 69.07 കി.മീ. ആനക്കിടങ്ങ്, 1.92 കി.മീ. ആനപ്രതിരോധ മതിൽ, 1.58 കി.മീ.

കരിങ്കൽഭിത്തി, 2.09 കി.മീ. കയ്യാല എന്നീ പ്രതിരോധ നിർമ്മിതികൾ പണിതിട്ടുള്ളതാണ്.

5. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ച XXVII-ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമ്മിക്കുന്നതിനായി ലഭിച്ച 586.11 ലക്ഷം രൂപയുടെയും ട്രാഞ്ച XXIX-ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 ലക്ഷം രൂപയുടെയും പ്രവൃത്തികൾ നിർമ്മാണ പുരോഗതിയിലാണ്.

6. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിങ്ങും പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിങ്ങും അന്തർ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിങ്ങും നടത്തുന്നുണ്ട്.

7. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 ആർ.ആർ.ടി.-കളടക്കം സംസ്ഥാനത്തുടനീളം 28 ആർ.ആർ.ടി.-കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിങ്ങ്

ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.ടി.-കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.

8. സംസ്ഥാനത്താകെ 273 പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്നവയാണ്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻഡ്സ്കേപ്പുകളെ ഹോട്ട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗസംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 21-10-2024-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

9. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ആർ.ആർ.ടി.-കൾക്ക് സുരക്ഷാ ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവ ലഭ്യമാക്കൽ, ആധുനിക

ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവൃത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

10. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ വിളക്കുകളും ഫൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും എ.ഐ. ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൻ പ്രകാരമുള്ള പ്രവൃത്തികൾ പുരോഗതിയിലാണ്.

11. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര- വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1-ൽ നിന്നും ഷെഡ്യൂൾ 2-ലേക്ക് മാറ്റുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇവയുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള

കർമ്മപദ്ധതി തയ്യാറാക്കി വരികയാണ്.

12. ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനുള്ള കാലാവധി 25-02-2024-ലെ സ.ഉ.(കൈ) നം. 9/2024/വനം പ്രകാരം 28-05-2024 മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും നൽകാനായി അവരെ ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

13. പാമ്പുകൾമൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "സർപ്പ"എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ

അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പദ്ധതി പ്രകാരം 2024-ൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

14. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ പ്രതിനിധികൾ, വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിന് പ്രവർത്തിച്ചുവരുന്നുണ്ട്.

15. ജനവാസ മേഖലയോട് ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

16. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവുമുണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക

സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

17. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽനിന്ന് മാറിത്താമസിക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

18. മനുഷ്യ-വന്യജീവി സംഘർഷ ബാധിതർക്കുള്ള നഷ്ടപരിഹാര രീതി പരിഷ്കരിക്കുന്നതിനും നഷ്ടപരിഹാരത്തുക വർധിപ്പിക്കുന്നതിനുമായി തയ്യാറാക്കിയ പ്രൊപ്പോസൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

19. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ

വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിതഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

20. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കുന്നതിനായി ഏർളി വാർണിങ് സിസ്റ്റം, എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

21. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

22. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

23. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട

മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

24. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുന്നതിനും നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി തത്സമയം ഏകോപിപ്പിക്കുന്നതിനുമായി ഡിവിഷൻ തലത്തിൽ 36 കൺട്രോൾ റൂമുകളും (Division Emergency Operations Centre – DEOC), വനം വകുപ്പ് ആസ്ഥാനത്ത് സംസ്ഥാനതല കൺട്രോൾ റൂമും (State Forest Emergency Operations Centre – SFEOC) 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു.

25. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ചിട്ടുണ്ട്.

26. സംസ്ഥാനാതിർത്തി കടന്നെത്തി സംഘർഷമുണ്ടാക്കുന്ന വന്യജീവികളെ നിരീക്ഷിച്ച് പരസ്പരം വിവരങ്ങൾ കൈമാറുക, മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ

സംസ്ഥാനങ്ങൾ ചേർന്ന് അന്തർസംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

27. വന്യമൃഗങ്ങളുടെ സമീപ്യത്തെ കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾക്ക് പൊതുജന സഹകരണം ഉറപ്പാക്കുന്നതിനും വ്യാജ വിവരങ്ങൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കുന്നത് തടയുന്നതിനുമായി പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, ബ്രോഷറുകളും പാംലെറ്റുകളും വിതരണം ചെയ്യൽ, സോഷ്യൽ മീഡിയയിലൂടെ വിവരങ്ങൾ നൽകൽ തുടങ്ങിയവ നടപ്പാക്കിവരുന്നു.

28. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന വയനാട് ജില്ലയിൽ നേരിടുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്ന പ്രവർത്തനങ്ങൾക്കുപരി ഫലപ്രദമായ ഏകോപനത്തിനും മേൽനോട്ടത്തിനും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

29. ആധുനിക സാങ്കേതികവിദ്യയെ അടിസ്ഥാനപ്പെടുത്തിയുള്ള ഉപകരണങ്ങൾ സ്ഥാപിച്ചും മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് വിവരങ്ങൾ ശേഖരിച്ചും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തിയിട്ടുണ്ട്. ക്യാമറാ ട്രാപ്പുകൾ, റിയൽ ടൈം മോണിറ്ററിങ് സിസ്റ്റം, വൈൽഡ് വാച്ച് മൊബൈൽ ആപ്ലിക്കേഷൻ മുതലായ സംവിധാനങ്ങൾ ഇതിലുൾപ്പെടുന്നു.

30. വനമേഖലകളിലെ വിവിധയിടങ്ങളിലായി 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും 574 വയലുകളിലും 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞുകൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ, കൃഷിയിടങ്ങൾ തുടങ്ങിയവ കളകളും കുറ്റിക്കാടുകളും നീക്കം ചെയ്യാൻ വേണ്ടനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

31. വനത്തിനുള്ളിലെ വയലുകളുടെ പരിപാലനത്തിന് നബാർഡ് മുഖേന 25 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇവയുടെ തുടർപ്രവൃത്തികൾ

നടക്കുന്നുണ്ട്.

32. സ്വാഭാവികവന പുനഃസ്ഥാപന പദ്ധതിപ്രകാരം അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ ഡിവിഷനുകളിലെയും അംഗീകരിച്ച വർക്കിങ് പ്ലാനുകളിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുന്നതിനും പുതിയ വർക്കിങ് പ്ലാനുകളിൽ ഇക്കോ-റെസ്റ്റോറേഷൻ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5031 ഹെക്ടർ സ്ഥലത്ത് ടി പ്രവൃത്തികൾ നടപ്പാക്കിവരുന്നു. അതിൻപ്രകാരം ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവികവനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

33. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വോളന്റിയർമാർക്കും പരിശീലനം നൽകുന്നതിനായുള്ള മോഡ്യൂൾ ഇക്കാര്യത്തിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി

തയ്യാറാക്കിയിട്ടുണ്ട്. അരിപ്പ, വാളയാർ എന്നിവിടങ്ങളിലെ സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിൽ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് പ്രസ്തുത പ്രായോഗിക വിദഗ്ധ പരിശീലനം നൽകിവരുന്നുണ്ട്. ഇതോടൊപ്പം വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും നൽകിവരുന്നുണ്ട്. ടി നടപടികൾമൂലം മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സാധിച്ചിട്ടുള്ളതാകുന്നു. സ്വീകരിച്ചിട്ടുള്ള പ്രതിരോധ നടപടികളുടെ കാര്യക്ഷമത നിശ്ചിത ഇടവേളകളിൽ അവലോകനം നടത്തുകയും അതിനാവശ്യമായ മാറ്റങ്ങൾ വരുത്തി നടപ്പാക്കിവരുന്നുണ്ട്.

കാസർഗോഡ് ജില്ലയിലെ വന്യജീവി ശല്യം

177 (950) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ പുലി ശല്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ഡിവിഷന് കീഴിൽ കാസർഗോഡ് റെയിഞ്ച് പരിധിയിൽ പ്രധാനമായും ദേലമ്പാടി, മൂളിയാർ,

കാറടുക്ക, കുറ്റിക്കോൽ എന്നീ പഞ്ചായത്തുകളിൽ പുള്ളിപ്പുലിയുടെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ കാഞ്ഞങ്ങാട് റെയിഞ്ചിന് കീഴിലെ പനത്തടി, മടിക്കൈ, പുല്ലൂർ, പെരിയ എന്നീ പഞ്ചായത്തുകളിലും പുള്ളിപ്പുലിയുടെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

(ബി) പുലി, ആന തുടങ്ങിയ വന്യമൃഗങ്ങളുടെ ആക്രമണത്തെ പ്രതിരോധിക്കാൻ വനം വകുപ്പ് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പുള്ളിപ്പുലിയുടെ സാന്നിധ്യം സ്ഥിരീകരിച്ചതിനുശേഷം അടിയന്തരമായി പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ വിളിച്ചുകൂട്ടുകയും ജനങ്ങളുടെ സുരക്ഷയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി രണ്ട് കൂടുകൾ വാങ്ങുകയും തുടർച്ചയായി പുലികൾ കാണപ്പെട്ട പ്രദേശങ്ങളിൽ നിലവിൽ കൂടുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വി.എസ്.എസ്., ആർ.ആർ.ടി., മറ്റ് പ്രദേശവാസികൾ എന്നിവരുടെ സഹകരണത്തോടെ സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കുകയും മൂളിയാർ പഞ്ചായത്തിലെ വനത്തിനോട്

ചേർന്നുകിടക്കുന്ന നാല് സ്കൂളുകളിൽ പ്രത്യേകമായ അസംബ്ലി വിളിച്ചുചേർത്ത് കുട്ടികൾക്കാവശ്യമായ ജാഗ്രതാ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ ബോവിക്കാനത്ത് പ്രവർത്തിക്കുന്ന ദ്രുതകർമ്മസേന രാത്രിയും പകലും പ്രത്യേകമായ പട്രോളിങ്ങ് നടത്തിവരികയും സ്കൂൾ കുട്ടികൾ സഞ്ചരിക്കുന്ന വനമേഖലയിലുള്ള റോഡുകളിൽ സജീവമായ ശ്രദ്ധ ചെലുത്തിക്കൊണ്ട് പ്രവർത്തിക്കുകയും ചെയ്തുവരുന്നുണ്ട്. പുള്ളിപ്പുലിയുടെ സാന്നിധ്യം തിരിച്ചറിഞ്ഞ ജനവാസസ്ഥലങ്ങളിൽ യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സുരക്ഷയ്ക്കായി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഡ്രോൺ ഉപയോഗിച്ച് രാത്രികാല പരിശോധന നടത്തിവരുന്നുണ്ട്. കാസർഗോഡ് ഡിവിഷനിലെ കാസർഗോഡ് റെയിഞ്ചിൽ മനുഷ്യ-കാട്ടാന സംഘർഷം നിലവിലുള്ള ദേലമ്പാടി, കാറഡുക്ക, മൂളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ ഗ്രാമപഞ്ചായത്തുകളിൽ കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെയും കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെയും അതിന് കീഴിലുള്ള അഞ്ച് പഞ്ചായത്തുകളുടെയും സാമ്പത്തിക സഹായത്താൽ

കാറഡുക്ക ആന പ്രതിരോധ പദ്ധതി (KAPP) എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാനത്താദ്യമായി തയ്യാറാക്കുകയും കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വനാതിർത്തികളിൽ 29 കി.മീ. സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കി അംഗീകരിക്കുകയും ചെയ്തിരുന്നു. ഇതിൽ 21.8 കി.മീ. പ്രവൃത്തി 100.05 ലക്ഷം രൂപ ചെലവഴിച്ച് ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് റെയിഞ്ചിൽ നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ച - XXIX പദ്ധതിയിൽ ഉൾപ്പെടുത്തി 32.5 കി.മീ. സോളാർ തൂക്കുവേലി 2.79 കോടി രൂപ ചെലവിൽ നിർമ്മിക്കുന്നതിനായി നബാർഡിന്റെ അനുമതി ഇതിനകം ലഭിക്കുകയും അതിൽ അഞ്ച് കിലോമീറ്റർ സോളാർ ഫെൻസിങ് നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും ബാക്കിയുള്ള പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരികയുമാണ്. പ്രവർത്തനക്ഷമത കുറവുള്ള വിവിധ വൈദ്യുത വേലികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ വനാതിർത്തി പ്രദേശങ്ങളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചും വാട്ട്സാപ്പ് ഗ്രൂപ്പ്

കൂട്ടായ്മകൾ രൂപീകരിച്ചും ക്യാമറ ട്രാപ്പ്, ജി.പി.എസ്. മുതലായ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയും ആർ.ആർ.ടി. ജീവനക്കാർ, മറ്റ് താൽക്കാലിക വിഭാഗം ജീവനക്കാർ, വനസംരക്ഷണ ജീവനക്കാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിച്ചുവരുന്നു. കാസർഗോഡ് റെയിഞ്ചിലെ വന്യമൃഗങ്ങളുടെ നിരീക്ഷണത്തിനും പരിപാലനത്തിനുമായി പുലിപ്പറമ്പ് ഏരിയയിൽ എ.ഐ. ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നാല് വൈഫൈ ടെക്നോളജിയുള്ള ക്യാമറയും എട്ട് ക്യാമറ ട്രാപ്പുകളും സെർച്ച് ലൈറ്റുകളും നിരീക്ഷണത്തിനായി ഉപയോഗിച്ചുവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി ജില്ലാതലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സജ്ജമാക്കിയിട്ടുണ്ട്. 9188407542 എന്ന കൺട്രോൾ റൂം നമ്പറിൽ പൊതുജനങ്ങൾക്ക് 24 മണിക്കൂറും സേവനം ലഭ്യമാവുന്നതാണ്.

(സി) കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജകമണ്ഡലത്തിൽ പുതുതായി ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം വനം വകുപ്പിന്റെ

പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

(ഡി) ജില്ലയിൽ വനംവകുപ്പിന് ആവശ്യമായ വാഹനങ്ങൾ ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കാസർഗോഡ് ജില്ലയിൽ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി പുതിയ രണ്ട് ക്യാമ്പർ ജീപ്പുകൾ സംസ്ഥാന വന വികസന ഏജൻസിയുടെ ഫണ്ടുപയോഗിച്ച് വാങ്ങിയിട്ടുണ്ട്. ആയത് നിലവിൽ മേൽപറഞ്ഞ പഞ്ചായത്തുകളിലെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വാഹനം ഉൾപ്പെടെയുള്ള കൂടുതൽ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് സാധിക്കും.

കടുവയുടെ ആക്രമണം

178 (951) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:

ശ്രീ. സനീഷ് കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പഞ്ചാരക്കൊല്ലിയിൽ രാധ എന്ന സ്ത്രീയെ കടുവ കൊന്ന സംഭവത്തെത്തുടർന്ന് ഈ മേഖലയിലുണ്ടായ ആശങ്കകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

പഞ്ചാരക്കൊല്ലിയിൽ രാധ എന്ന സ്ത്രീയുടെ അപകടമരണത്തിനിടയാക്കിയ കടുവയുടെ മരണത്തിനുശേഷവും വനത്തിനോട് ചേർന്ന ജനവാസകേന്ദ്രങ്ങളിൽ പട്രോളിങ്ങും നിരീക്ഷണവും ശക്തമാക്കുകയും പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ വനത്തിനോട് ചേർന്നുകിടക്കുന്നതും കടുവ സാന്നിധ്യമുണ്ടാകാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളെ പ്രത്യേകം കണ്ടെത്തി ഹോട്ട്സ്പോട്ടുകളാക്കി പ്രത്യേകം പട്രോളിങ് നടത്തുന്നതിനായി ഓപ്പറേഷൻ വയനാട് 2.0 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. ഹോട്ട്സ്പോട്ടുകളിൽ Camera traps, live

cameras മുതലായവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ അങ്ങോളമിങ്ങോളം വന്യമൃഗങ്ങൾക്ക് വനാന്തർ ഭാഗത്തുതന്നെ ഭക്ഷണവും വെള്ളവും സുലഭമാക്കുന്നതിന്റെ ഭാഗമായി "മിഷൻ ഫുഡ്, ഫോഡർ ആൻഡ് വാട്ടർ" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി വയനാട് ലാൻഡ്സ്കേപ്പിലും ഊർജിതമായി നടപ്പാക്കാനാരംഭിച്ചിട്ടുണ്ട്. കൂടാതെ കടുവകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസ മേഖലകളിലിറങ്ങുന്നത് തടയുന്നതിന് ഫെൻസിങ്ങുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് "മിഷൻ ഫെൻസിങ്" എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

(ബി) വയനാട് ദേശീയ കടുവ സംരക്ഷണ മേഖലയിൽ കടുവകൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ എണ്ണം കാടിന് താങ്ങാവുന്നതിൽ അധികമാണോ എന്നത് പരിശോധിച്ചിട്ടുണ്ടോ?

വയനാട് വന്യജീവി സങ്കേതത്തിലുള്ള കടുവകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ എണ്ണം കാടിന് താങ്ങാവുന്നതിൽ അധികമാണെന്ന് സൂചിപ്പിക്കുന്ന ശാസ്ത്രീയ റിപ്പോർട്ടുകളൊന്നും ലഭ്യമല്ല.

(സി) കടുവകളുടെ നിരന്തര ആക്രമണത്തിൽനിന്നും കർഷകരുടെ

ജീവനും സ്വത്തും സംരക്ഷിക്കുന്നതിന് ഏർപ്പെടുത്താനുദ്ദേശിക്കുന്ന സ്ഥിരം സംവിധാനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ?

പഞ്ചാരക്കൊല്ലിയിൽ രാധ എന്ന സ്ത്രീയുടെ അപകടമരണത്തിനിടയാക്കിയ കടുവയുടെ മരണത്തിനുശേഷവും വനത്തിനോട് ചേർന്ന ജനവാസകേന്ദ്രങ്ങളിൽ പട്രോളിങ്ങും നിരീക്ഷണവും ശക്തമാക്കുകയും പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ വനത്തിനോട് ചേർന്നുകിടക്കുന്നതും കടുവ സാന്നിധ്യമുണ്ടാകാൻ സാധ്യതയുള്ളതുമായ ജനവാസ പ്രദേശങ്ങളെ പ്രത്യേകം കണ്ടെത്തി ഹോട്ട്സ്പോട്ടുകളാക്കി പ്രത്യേകം പട്രോളിങ് നടത്തുന്നതിനായി ഓപ്പറേഷൻ വയനാട് 2.0 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. ഹോട്ട്സ്പോട്ടുകളിൽ Camera traps, live cameras മുതലായവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ അങ്ങോളമിങ്ങോളം വന്യമൃഗങ്ങൾക്ക് വനാന്തർ ഭാഗത്തുതന്നെ ഭക്ഷണവും വെള്ളവും സുലഭമാക്കുന്നതിന്റെ ഭാഗമായി "മിഷൻ ഫുഡ്, ഫോഡർ ആൻഡ് വാട്ടർ" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി വയനാട്

ലാൻഡ്സ്കേപ്പിലും ഊർജിതമായി നടപ്പാക്കാനാരംഭിച്ചിട്ടുണ്ട്. കൂടാതെ കടുവകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസ മേഖലകളിലിറങ്ങുന്നത് തടയുന്നതിന് ഫെൻസിങ്ങുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് "മിഷൻ ഫെൻസിങ്" എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

(ഡി) നാട്ടിലേക്കിറങ്ങാൻ സാധ്യതയുള്ള കടുവകളെ നിരീക്ഷിച്ച് ആക്രമണങ്ങൾ തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കടുവകളെ നിരീക്ഷിച്ച് മനുഷ്യ-കടുവാ സംഘർഷം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മനുഷ്യ- വന്യമൃഗ സംഘർഷം ലഘൂകരിക്കാൻ നടപടി

179 (952) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വടക്കാഞ്ചേരിയിലെ വാഴാനി ഉൾപ്പെടെയുള്ള പ്രദേശങ്ങൾകൂടി ഉൾപ്പെടുത്തി ആർ.കെ.വി.വൈ. (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതിപ്രകാരം തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിന്റെ നിലവിലുള്ള സ്ഥിതി

വ്യക്തമാക്കാമോ?

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വാഴാനി ഉൾപ്പെടെയുള്ള പ്രദേശങ്ങൾകൂടി ഉൾപ്പെടുത്തി രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) പദ്ധതി പ്രകാരം വിവിധ വനാതിർത്തികളിലായി സൗരോർജ വേലി സ്ഥാപിക്കുന്നതിന് ഒരു പ്രൊപ്പോസൽ അംഗീകരിക്കുകയുണ്ടായി. ടി പ്രൊപ്പോസൽ പ്രകാരം വടക്കാഞ്ചേരി റെയിഞ്ചിൽ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷൻ മുതൽ കാഞ്ഞിരക്കോട് കൊടുമ്പ് റോഡ് വരെ 4 കി.മീ. സോളാർ ഫെൻസിങ് ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും ഏലിയാട്ടുകുളം മുതൽ ആര്യംകോട്ടുകര വരെ 3 കി.മീ. സോളാർ ഫെൻസിങ് ചെയ്യുന്ന പ്രവൃത്തിയും പെരിക്കുന്ന് നഗറിൽ 3 കി.മീ. സോളാർ ഫെൻസിങ് ചെയ്യുന്ന പ്രവൃത്തിയും കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. പട്ടിക്കാട് റെയിഞ്ചിൽ മെല്ലിലം മുതൽ നിന്നുകുഴി വരെ 8.44 കി.മീ. ദൂരത്തിൽ സോളാർ ഫെൻസിങ് ചെയ്യുന്ന പ്രവൃത്തിക്കും മച്ചാട് റെയിഞ്ചിൽ ചെക്കിലക്കോട് മുതൽ പട്ടാണിക്കാട് വരെ 5.67 കി.മീ., വലിയതോട് മുതൽ കരുമത്തറ വരെ 3 കി.മീ., തിരുമണി നഗർ

മുതൽ കാളിയാർ റോഡ് വരെയും കാളിയാർ റോഡ് മുതൽ മങ്കാട് വരെയും മങ്കാട് മുതൽ മണ്ണാത്തിപ്പാറ വരെയും 29.55 കി.മീ., എടപ്പാറ നഗർ മുതൽ തായംകാട് നായാടി നഗർ വരെ 3.09 കി.മീ. എന്നീ സോളാർ ഫെൻസിങ് ചെയ്യുന്ന പ്രവൃത്തികൾക്കും വർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്.

വന്യജീവി ആക്രമണത്തിൽ പരിക്ക് പറ്റിയവരുടെ ചികിത്സ

180 (953) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ ഓരോ വർഷവും സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം പരിക്ക് പറ്റിയവരിൽ, എത്ര പേരുടെ ചികിത്സ സർക്കാർ പൂർണ്ണമായും ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതുസംബന്ധിച്ച കണക്ക് വർഷം തിരിച്ചു നൽകാമോ?

2016 മുതൽ നാളിതുവരെ ഓരോ വർഷവും സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം പരിക്ക് പറ്റിയവരിൽ ആരുടെയും ചികിത്സ സർക്കാർ പൂർണ്ണമായും ഏറ്റെടുത്തിട്ടില്ല. വന്യജീവികൾമൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ്

ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ്. ഇതുപ്രകാരം സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപയും പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന യഥാർത്ഥ തുക പരമാവധി ഒരു ലക്ഷം രൂപവരെയും അനുവദിച്ചുവരുന്നു. എന്നാൽ പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസയ്ക്കായി ചെലവാകുന്ന തുക, സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ സഹിതം അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പരിധിയില്ലാതെ പൂർണ്ണമായും അനുവദിച്ചു നൽകുന്നുണ്ട്.

വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കുള്ള നഷ്ടപരിഹാരം

181 (954) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവുമുണ്ടായ വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവരുടെ എണ്ണവും ഇതിൽ എത്രപേർക്ക് സർക്കാർ നഷ്ടപരിഹാരം നൽകിയെന്ന കണക്കും വർഷം തിരിച്ചുനൽകാമോ?

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവുമുണ്ടായ വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവരുടെ എണ്ണവും ഇതിൽ എത്രപേർക്ക് സർക്കാർ നഷ്ടപരിഹാരം നൽകി എന്ന വർഷം തിരിച്ചുള്ള കണക്കും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

വന്യജീവികൾമൂലമുണ്ടായ വാഹനാപകടങ്ങൾ

182 (955) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവും വന്യജീവികൾമൂലമുണ്ടായ വാഹന അപകടങ്ങളിൽ മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും കണക്ക് വർഷംതിരിച്ച് നൽകുമോ?

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ വന്യമൃഗങ്ങൾ കാരണമുണ്ടായിട്ടുള്ള വാഹനാപകടങ്ങളിൽ മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും വർഷം തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള ധനസഹായം

183 (956) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണങ്ങളിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കും നൽകിവരുന്ന ധനസഹായം എന്തെല്ലാമാണ്?

മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയാണ് നൽകിവരുന്നത്. വനത്തിന് പുറത്തുവച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച, കടന്നൽ എന്നിവയുടെ കുത്ത് തുടങ്ങിയവമൂലമുണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി രണ്ട് ലക്ഷം രൂപയും നൽകിവരുന്നു. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപയും പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപ വരെയും അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസാ ചെലവ് മുഴുവനായും അനുവദിച്ചുവരുന്നു.

(ബി) പ്രസ്തുത ധനസഹായം അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ അത് വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

17-11-2014-ലെ സർക്കാർ ഉത്തരവ് (കൈ) നം. 96/2014/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് അഞ്ച് ലക്ഷം രൂപയാണ് നൽകിവന്നിരുന്നത്. എന്നാൽ 05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം അഞ്ച് ലക്ഷം രൂപ എന്നത് 10 ലക്ഷം രൂപയായി ഉയർത്തിയിട്ടുള്ളതാകുന്നു. വന്യജീവി ആക്രമണങ്ങളിൽ പരിക്കേൽക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സയ്ക്ക് ചെലവാകുന്ന മുഴുവൻ തുകയും ചികിത്സാ ധനസഹായമായി നൽകിവരുന്നു. എന്നാൽ വന്യജീവി ആക്രമണങ്ങളിൽ പരിക്കേൽക്കുന്ന മറ്റുള്ളവർക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപയാണ് നിലവിൽ ധനസഹായമായി നൽകിവരുന്നത്. നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുക പരിഷ്കരിക്കുന്ന വിഷയം സർക്കാർ പരിശോധനയിലാണ്.

കാട്ടുപന്നികളെ വെർമിൻ വിഭാഗത്തിൽപ്പെടുത്താൻ നടപടി

184 (957) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിസ്ഥലങ്ങളിൽ കാട്ടുപന്നികൾ അടക്കമുള്ള വന്യമൃഗങ്ങളുടെ ശല്യം കൂടിവരുന്ന എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കാട്ടുപന്നികളെ വെർമിൻ വിഭാഗത്തിൽപ്പെടുത്തണമെന്ന കർഷകരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആവശ്യം അനുഭാവപൂർവം പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിലെ വകുപ്പ് 62 പ്രകാരം കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. പ്രസ്തുത നിയമത്തിൽ സംസ്ഥാന സർക്കാരുകൾക്കുമാത്രം ഭേദഗതി വരുത്തുന്നത് ഇന്ത്യൻ ഭരണഘടന പ്രകാരം സാധ്യമല്ലാത്ത കാര്യമാണ്. കാട്ടുപന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കണമെന്ന ശിപാർശ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും അത് കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടില്ല. വന്യജീവി (സംരക്ഷണ) നിയമത്തിൽ കാലികമായ ഭേദഗതി

വരുത്തണമെന്നുള്ള ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരന്തരം അഭ്യർഥിച്ചുവരുന്നുണ്ട്. കാട്ടുപന്നികളുടെ ആക്രമണംമൂലം കൃഷിക്കും ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെത്തുടർന്ന് വനേതര പ്രദേശങ്ങളിൽ കൃഷിക്കും ജീവനും സ്വത്തിനും വലിയ തോതിൽ ഭീഷണിയുണ്ടാക്കുന്ന കാട്ടുപന്നികളുടെ എണ്ണം കുറയ്ക്കുന്നതിനായി ഇവയെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് 2011 മുതൽ ഉപാധികളോടെ അനുമതി നൽകിവരുന്നുണ്ട്.

(സി) വന്യമൃഗങ്ങളുടെ ശല്യം നിയന്ത്രിക്കുന്നതിന് കർമ്മസേന രൂപീകരിക്കാൻ വനം വകുപ്പ് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

വന്യമൃഗങ്ങൾ ജനവാസമേഖലകളിലേയ്ക്ക് എത്തിച്ചേരുന്ന സാഹചര്യങ്ങളിൽ സംഘർഷ നിവാരണത്തിനായി വിദഗ്ധ പരിശീലനം നേടിയ വനം വകുപ്പ് ജീവനക്കാരെ ഉൾപ്പെടുത്തി ദ്രുതകർമ്മ സേനകൾ (ആർ.ആർ.ടി.) രൂപീകരിച്ചിട്ടുണ്ട്. അടുത്തിടെ പുതുതായി രൂപീകരിച്ച 9 എണ്ണമടക്കം സംസ്ഥാനത്താകെ ഇത്തരത്തിലുള്ള 28 സ്ഥിരം ദ്രുതകർമ്മ

സേനകളെ വിന്യസിച്ചിട്ടുണ്ട്. പ്രസ്തുത ദ്രുതകർമ്മ സേനകൾ 24 മണിക്കൂറും സേവന സജ്ജരാണ്.

വന്യജീവി ആക്രമണത്തിൽ മരണമടഞ്ഞവർ

185 (958) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(a) സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം 2016 മുതൽ നാളിതുവരെ മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും കണക്ക് വർഷം തിരിച്ച് നൽകാമോ?

(b) സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷംമൂലം 2016-17 മുതൽ 2024-25 (31-01-2025) വരെ മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും കണക്ക് വർഷം തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.+ മേൽപ്പറഞ്ഞത് കൂടാതെ വന്യജീവി വിഭാഗത്തിൽപ്പെടാത്ത കടന്നൽ, തേനീച്ച എന്നീ ജീവികൾ കാരണം 2019-20-ൽ 2 പേരും 2021-22-ൽ ഒരാളും 2022-23-ൽ 9 പേരും 2023-24-ൽ 18 പേരും 2024-25-ൽ (31-01-2025 വരെ) 12 പേരും മരണപ്പെട്ടിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വന്യജീവി ആക്രമണം നേരിടാൻ ഹൈടെക് പ്രതിരോധ സംവിധാനങ്ങൾ

186 (959) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരഭോജികളായ വന്യമൃഗങ്ങളുൾപ്പെടെയുള്ളവയുടെ ആക്രമണത്തിൽ അതിദാരുണമായി മനുഷ്യർ മരിക്കുകയും അനവധി കുടുംബങ്ങൾ അനാഥമാകുകയും ചെയ്യുന്ന സാഹചര്യം വളരെ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റുള്ള മരണങ്ങളും തേനീച്ച, കടന്നൽ എന്നിവമൂലമുള്ള അപകടങ്ങളും വന്യജീവി ആക്രമണം എന്ന ഗണത്തിൽ ഉൾപ്പെടുത്തുന്നതിലാണ് മനുഷ്യ-വന്യജീവി സംഘർഷംമൂലമുള്ള മരണനിരക്ക് വളരെ കൂടുതലായി ചിത്രീകരിക്കപ്പെടുന്നത്. കഴിഞ്ഞ 14 വർഷങ്ങളിലെ മരണനിരക്ക് വിശകലനം ചെയ്താൽ കാട്ടാനയുടെ ആക്രമണംമൂലം ജീവഹാനി സംഭവിച്ചവർ 210 പേരും കടുവയുടെ ആക്രമണത്തിൽ മരണപ്പെട്ടവർ 10 പേരും പാമ്പുകടിമൂലം മരണപ്പെട്ടവർ 811

പേരുമാണ്. പാമ്പുകടിയേറ്റുള്ള മരണങ്ങൾ ബഹുഭ്രൂരിപക്ഷവും വനത്തിന് അകലെ, നാട്ടിൻപുറങ്ങളിലെ ജനവാസമേഖലയിൽ വച്ചുണ്ടായിട്ടുള്ളതാണ്. കാട്ടാനയും കടുവയും കാരണമുണ്ടായ അപകടങ്ങൾ ഏറിയപങ്കും വനത്തിനുള്ളിൽ വച്ചുണ്ടായിട്ടുള്ളതാണ്. കഴിഞ്ഞ 10 വർഷത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ കണക്ക് പരിശോധിച്ചാൽ അടുത്തിടെ മരണനിരക്ക് ഗണ്യമായി കുറഞ്ഞുവരുന്നതായി കാണാവുന്നതാണ്. 2011-12 മുതൽ 31-01-2025 വരെ മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ മരണപ്പെട്ടവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+ മേൽപ്പറഞ്ഞതുകൂടാതെ വന്യജീവി വിഭാഗത്തിൽപ്പെടാത്ത കടന്നൽ, തേനീച്ച എന്നീ ജീവികൾ കാരണം 2019-20-ൽ 2 പേരും 2021-22-ൽ ഒരാളും 2022-23-ൽ 9 പേരും 2023-24-ൽ 18 പേരും 2024-25- ൽ (31-01-2025 വരെ) 12 പേരും മരണപ്പെട്ടിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ പൂർണ്ണഫലപ്രാപ്തിയിലെത്തിക്കുക എന്നത് ലക്ഷ്യമാക്കി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലേക്കും വനം വകുപ്പിനുപുറമേ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും വിവിധ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സർക്കാർ വകുപ്പുകളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി മനുഷ്യ-വന്യമൃഗ സംഘർഷം 07-03-2024- ലെ ഉത്തരവ് നം. (കൈ) 4/2024/DMD പ്രകാരം "സംസ്ഥാന സവിശേഷ ദുരന്തമായി" സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. ടി ഉത്തരവിന്റെ വെളിച്ചത്തിൽ, മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിച്ചുകൊണ്ട് സംഘർഷ സാഹചര്യങ്ങൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനുള്ള മാർഗനിർദേശങ്ങൾ 07-03-2024 ലെ ഉത്തരവ് നം. (കൈ) 12/2024/വനം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങളും വനം വകുപ്പ് നടപ്പാക്കിവരുന്നുണ്ട്.

1. "മിഷൻ സോളാർ ഫെൻസിങ് 2024" - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിങ്ങുകൾ പ്രവർത്തനക്ഷമമാക്കുന്നതിനായി "മിഷൻ സോളാർ ഫെൻസിങ് 2024" എന്ന കർമ്മപദ്ധതി നടപ്പാക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം 2024-25 വർഷത്തിൽ 848 കി.മീ. സോളാർ ഫെൻസിങ്

അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.

2. വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേയ്ക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽതന്നെ സജ്ജീകരിക്കുന്നതിനുമായി "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചു. കുളങ്ങളും മറ്റ് ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനം ചെയ്തും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽതന്നെ നിലനിർത്തുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

3. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിനായി 120.37 കി.മീ. സോളാർ ഹാങ്ങിങ്ങ് ഫെൻസിങ്ങും 10 കി.മീ. റെയിൽ ഫെൻസിങ്ങും 0.11 കി.മീ. അയൺ ഫെൻസിങ്ങും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

4. വന്യജീവികൾ ജനവാസമേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിനായി സംസ്ഥാനത്തെ വിവിധ വനാതിർത്തികളിൽ 69.07 കി.മീ.

ആനക്കിടങ്ങ്, 1.92 കി.മീ. ആനപ്രതിരോധ മതിൽ, 1.58 കി.മീ. കരിങ്കൽഭിത്തി, 2.09 കി.മീ. കയ്യാല എന്നീ പ്രതിരോധ നിർമ്മിതികൾ പണിതിട്ടുള്ളതാണ്.

5. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേയ്ക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ച XXVII- ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമ്മിക്കുന്നതിനായി ലഭിച്ച 586.11 ലക്ഷം രൂപയുടെയും ട്രാഞ്ച XXIX- ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 ലക്ഷം രൂപയുടെയും പ്രവൃത്തികൾ നിർമ്മാണ പുരോഗതിയിലാണ്.

6. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിങ്ങും പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിങ്ങും അന്തർസംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിങ്ങും നടത്തുന്നുണ്ട്.

7. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 ആർ.ആർ.ടി.-കൾ അടക്കം സംസ്ഥാനത്തുടനീളം 28

ആർ.ആർ.ടി.-കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിങ്ങ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേയ്ക്ക് തിരികെ വിടുന്നതിനും ആർ.ആർ.ടി.-കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.

8. സംസ്ഥാനത്താകെ 273 പഞ്ചായത്തുകൾ വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്നവയാണ്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻഡ്സ്കേപ്പുകളെ ഹോട്ട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗസംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 21-10-2024-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

9. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ആർ.ആർ.ടി.-കൾക്ക് സുരക്ഷാ

ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവ ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവൃത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

10. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും എ.ഐ. ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൻ പ്രകാരമുള്ള പ്രവൃത്തികൾ പുരോഗതിയിലാണ്.

11. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1-ൽ നിന്നും ഷെഡ്യൂൾ 2-ലേയ്ക്ക് മാറ്റുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇവയുടെ

വംശവർധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കി വരികയാണ്.

12. ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനുള്ള കാലാവധി 25-02-2024-ലെ സ.ഉ.(കൈ) നം. 9/2024/വനം പ്രകാരം 28-05-2024 മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും നൽകാനായി അവരെ ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

13. പാമ്പുകൾമൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "സർപ്പ" എന്ന

മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രാം പ്രകാരം 2024-ൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

14. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ പ്രതിനിധികൾ, വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേയ്ക്ക് പ്രവർത്തിച്ചുവരുന്നുണ്ട്.

15. ജനവാസ മേഖലയോട് ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

16. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവുമുണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക

അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

17. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽനിന്ന് മാറിത്താമസിക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

18. മനുഷ്യ-വന്യജീവി സംഘർഷ ബാധിതർക്കുള്ള നഷ്ടപരിഹാരരീതി പരിഷ്കരിക്കുന്നതിനും നഷ്ടപരിഹാരത്തുക വർധിപ്പിക്കുന്നതിനുമായി തയ്യാറാക്കിയ പ്രൊപ്പോസൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

19. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി"

പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിതഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

20. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗ്രതകരാക്കുന്നതിലേക്കായി ഏർളി വാർണിംഗ് സിസ്റ്റം, എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

21. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

22. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

23. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

24. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുന്നതിനും നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി തത്സമയം ഏകോപിപ്പിക്കുന്നതിനുമായി ഡിവിഷൻ തലത്തിൽ 36 കൺട്രോൾ റൂമുകളും (Division Emergency Operations Centre – DEOC), വനം വകുപ്പ് ആസ്ഥാനത്ത് സംസ്ഥാനതല കൺട്രോൾ റൂമും (State Forest Emergency Operations Centre – SFEOC) 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു.

25. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ചിട്ടുണ്ട്.

26. സംസ്ഥാനാതിർത്തി കടന്നെത്തി സംഘർഷമുണ്ടാക്കുന്ന വന്യജീവികളെ നിരീക്ഷിച്ച് പരസ്പരം വിവരങ്ങൾ കൈമാറുക, മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുക

തുടങ്ങിയ ലക്ഷ്യങ്ങളോടെ കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ ചേർന്ന് അന്തർസംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

27. വന്യമൃഗങ്ങളുടെ സമീപ്യത്തെക്കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾക്ക് പൊതുജന സഹകരണം ഉറപ്പാക്കുന്നതിനും വ്യാജ വിവരങ്ങൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കുന്നത് തടയുന്നതിനുമായി പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, ബ്രോഷറുകളും പാംപ്ലെറ്റുകളും വിതരണം ചെയ്യൽ, സോഷ്യൽ മീഡിയയിലൂടെ വിവരങ്ങൾ നൽകൽ തുടങ്ങിയവ നടപ്പാക്കിവരുന്നു.

28. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന വയനാട് ജില്ലയിൽ നേരിടുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്ന പ്രവർത്തനങ്ങൾക്കുപരി ഫലപ്രദമായ ഏകോപനത്തിനും മേൽനോട്ടത്തിനും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

റാങ്കിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

29. ആധുനിക സാങ്കേതികവിദ്യയെ അടിസ്ഥാനപ്പെടുത്തിയുള്ള ഉപകരണങ്ങൾ സ്ഥാപിച്ചും മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് വിവരങ്ങൾ ശേഖരിച്ചും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തിയിട്ടുണ്ട്. ക്യാമറാ ട്രാപ്പുകൾ, റിയൽ ടൈം മോണിറ്ററിങ് സിസ്റ്റം, വൈൽഡ് വാച്ച് മൊബൈൽ ആപ്ലിക്കേൻ മുതലായ സംവിധാനങ്ങൾ ഇതിലുൾപ്പെടുന്നു.

30. വനമേഖലകളിലെ വിവിധയിടങ്ങളിലായി 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും 574 വയലുകളിലും 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞുകൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയുട്ടുണ്ട്.

31. വനത്തിനുള്ളിലെ വയലുകളുടെ പരിപാലനത്തിന് നബാർഡ് മുഖേന 25 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇവയുടെ തുടർപ്രവൃത്തികൾ നടക്കുന്നുണ്ട്.

32. സ്വാഭാവികവന പുനഃസ്ഥപന പദ്ധതിപ്രകാരം അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ ഡിവിഷനുകളിലെയും അംഗീകരിച്ച വർക്കിങ് പ്ലാനുകളിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുന്നതിനും പുതിയ വർക്കിങ് പ്ലാനുകളിൽ ഇക്കോ-റെസ്റ്റോറേഷൻ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5031 ഹെക്ടർ സ്ഥലത്ത് ടി പ്രവൃത്തികൾ നടപ്പാക്കിവരുന്നു. അതിൻപ്രകാരം ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവികവനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

33. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വോളന്റീയർമാർക്കും പരിശീലനം നൽകുന്നതിനായുള്ള മോഡ്യൂൾ ഇക്കാര്യത്തിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. അരിപ്പ, വാളയാർ എന്നിവിടങ്ങളിലെ സംസ്ഥാന

വനപരിശീലന കേന്ദ്രങ്ങളിൽ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് പ്രസ്തുത പ്രായോഗിക വിദഗ്ധ പരിശീലനം നൽകിവരുന്നുണ്ട്. ഇതോടൊപ്പം വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും നൽകിവരുന്നുണ്ട്.

(ബി) അപകടകാരികളായ വന്യമൃഗങ്ങൾ ജനവാസ മേഖലയിലേയ്ക്ക് കടക്കുന്നത് തടയുന്നതിനുവേണ്ടി ഹൈടെക് പ്രതിരോധ സംവിധാനങ്ങൾ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

വന്യമൃഗങ്ങൾ ജനവാസമേഖലകളിലേയ്ക്ക് കടക്കുന്നത് നിയന്ത്രിക്കാനായി സോളാർ വേലികൾ, സോളാർ തൂക്കുവേലികൾ, ആനക്കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ, ഉരുക്കുവേലികൾ മുതലായ അനുയോജ്യമായ നിർമ്മിതികൾ വനാതിർത്തികളിൽ നിർമ്മിച്ചുവരുന്നുണ്ട്. ഇതുകൂടാതെ ആധുനിക രീതിയിലുള്ള സ്മാർട്ട് എലിഫന്റ് ഫെൻസ്, Animal Intrusion Detection and Repellent System (ANIDERS) എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) ജനവാസമേഖലയിലെ വന്യജീവികളുടെ സാന്നിധ്യം

മനസ്സിലാക്കുന്നതിന് നിർമ്മിത ബുദ്ധിയിൽ പ്രവർത്തിക്കുന്ന ക്യാമറകളും അലാറം സംവിധാനവും നിരന്തരം വന്യജീവി ആക്രമണമുണ്ടാകുന്ന സ്ഥലങ്ങളിൽ സ്മാർട്ട് റെയിൽവേലിയും സ്ഥാപിക്കുന്ന കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

നിർമ്മിത ബുദ്ധിയിൽ പ്രവർത്തിക്കുന്ന Animal Intrusion Detection and Repellent System (ANIDERS) പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ആധുനിക രീതിയിലുള്ള സ്മാർട്ട് എലിഫന്റ് ഫെൻസും പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ ഫലം വിശകലനം ചെയ്തശേഷം അതിന്റെ അടിസ്ഥാനത്തിൽ ഇത്തരം ഹൈടെക് സംവിധാനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

വനാതിർത്തികളിലെ വന്യജീവി ആക്രമണം

187 (960) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനാതിർത്തികളിൽ താമസിക്കുന്നവർ

നേരിടേണ്ടിവരുന്ന വന്യജീവിയുടെ ആക്രമണവും കൃഷി നശിപ്പിക്കലും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ചില പ്രത്യേക വനാതിർത്തി മേഖലകളിൽ മനുഷ്യ-വന്യമൃഗ സംഘർഷമുണ്ടാവുന്നതായും കാർഷിക വിളകൾ നശിപ്പിക്കപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂപ്രകൃതി, കാലാവസ്ഥാ വ്യതിയാനം, അശാസ്ത്രീയമായ ഭൂവിനിയോഗ രീതി, ജനസാന്ദ്രത, അധിനിവേശ സസ്യങ്ങളുടെ വ്യാപനം, ആവാസ വ്യവസ്ഥയുടെ തുടർച്ച നഷ്ടമാകൽ തുടങ്ങിയവയാണ് ഇത്തരം സംഘർഷങ്ങൾ ആവർത്തിക്കപ്പെടുന്നതിന് കാരണമായി കണ്ടെത്തിയിട്ടുള്ളത്. വിവിധ സംസ്ഥാനങ്ങളുമായി വനാതിർത്തി പങ്കിടുന്ന സംസ്ഥാനമാണ് കേരളം. വേനൽക്കാലത്ത് ഭക്ഷണ ദൗർലഭ്യവും ജല ദൗർലഭ്യവും നേരിടുന്ന അവസരത്തിൽ അയൽ സംസ്ഥാനങ്ങളിലെ വനപ്രദേശത്തുനിന്നും വന്യമൃഗങ്ങൾ കേരള വനങ്ങളിലേക്ക് ദേശാടനം നടത്തുകയും തന്മൂലം കേരളത്തിലെ വനപ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ സാന്ദ്രത കൂടുന്നതിന് കാരണമാവുകയും ഇത് വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക്

എത്തിപ്പെടുന്നതിന് കാരണമാകുകയും ചെയ്യുന്നതായി റിപ്പോർട്ടുകളുണ്ട്. തുടർച്ചയായ വനപ്രദേശങ്ങൾക്കിടയിലെ വന്യമൃഗ ഇടനാഴികൾ ശിഥിലമായതുമൂലവും ഇവ ജനവാസമേഖലയിലേക്ക് എത്തിപ്പെടുന്നുണ്ട്. സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും വനം വകുപ്പ് ആധുനിക ഉപകരണങ്ങളുടെയും സാങ്കേതിക വിദ്യകളുടെയും സഹായത്തോടെ പൊതുജന പങ്കാളിത്തത്തോടുകൂടി സാധ്യമായ എല്ലാ മാർഗങ്ങളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇതിൽനിന്നും ജനത്തെ രക്ഷിക്കാനും ഒപ്പം വന്യജീവികളെ സംരക്ഷിക്കുന്നതിനുമുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായിട്ടുള്ള പ്രദേശങ്ങളെ 12 ലാൻഡ്സ്കേപ്പുകളായി തിരിച്ചുകൊണ്ട് ഹോട്ട്സ്പോട്ടുകൾ തിരിച്ചറിഞ്ഞ് പ്രതിരോധ ലഘൂകരണ

പ്രവർത്തനങ്ങളടങ്ങിയ ലാൻഡ്സ്കേപ്പ് ലെവൽ വന്യജീവി സംഘർഷ ലഘൂകരണ പ്ലാനുകൾ തയ്യാറാക്കിവരുന്നു. ടി കർമ്മപദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി ഒരു മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പരിഹാരനയം രൂപീകരിക്കുന്നതിനും 21-10-2024-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ 5 വർഷക്കാലയളവിൽ ഓരോ വർഷവും എത്ര ആക്രമണങ്ങൾ രജിസ്റ്റർ ചെയ്തുവെന്നും എത്രപേർ ആക്രമണത്തിന് ഇരയായെന്നും എത്രപേർക്ക് ജീവഹാനി സംഭവിച്ചുവെന്നും എത്ര ഹെക്ടർ കൃഷിയിടം നശിപ്പിച്ചുവെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ ജീവഹാനി സംഭവിച്ചവരുടെയും പരിക്കേറ്റവരുടെയും കൃഷിനാശം സംഭവിച്ചവരുടെയും എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ഭൂരിഭാഗം വിളകൾക്കും കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അനുവദിക്കുന്നത് നഷ്ടപ്പെട്ട വിളകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലായതിനാൽ കൃഷിനാശം സംഭവിച്ചിട്ടുള്ള കൃഷിഭൂമിയുടെ കൃത്യമായ വിസ്തൃതി ലഭ്യമല്ല.

വന്യജീവി ആക്രമണത്തിന്റെ കണക്ക്

188 (961) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2010 മുതൽ നാളിതുവരെ ഓരോ വർഷവുമുണ്ടായ വന്യജീവി ആക്രമണത്തിന്റെ കണക്ക് വർഷം തിരിച്ചുനൽകുമോ?

സംസ്ഥാനത്ത് 2010 മുതൽ നാളിതുവരെ ഓരോ വർഷവുമുണ്ടായ മനുഷ്യ-വന്യമൃഗ സംഘർഷത്തിന്റെ കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

വന്യജീവി ആക്രമണം തടയാൻ അനുവദിച്ച തുകയും ചെലവഴിച്ച തുകയും

189 (962) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവും വന്യജീവി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആക്രമണം തടയാൻ അനുവദിച്ച തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് നൽകാമോ?

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവും വന്യജീവി ആക്രമണം തടയാൻ അനുവദിച്ച തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

വന്യജീവി ആക്രമണം അനുഭവപ്പെടുന്ന സെറ്റിൽമെന്റിൽനിന്നും മാറ്റിപാർപ്പിക്കാൻ നടപടി

190 (963) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം അനുഭവപ്പെടുന്ന സെറ്റിൽമെന്റിൽനിന്നും കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകി മാറ്റിപ്പാർപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര കുടുംബങ്ങളെ ഇപ്രകാരം മാറ്റിപ്പാർപ്പിച്ചുവെന്ന് അറിയിക്കുമോ?

ആവിഷ്കരിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം അനുഭവപ്പെടുന്ന സെറ്റിൽമെന്റുകളടക്കം വനത്തിനുള്ളിലെ മനുഷ്യവാസ മേഖലകളിൽനിന്നും കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് വനം വകുപ്പിന്റെ നേതൃത്വത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആർ.കെ.ഡി.പി., കിഫ്ബി എന്നിവയുടെ സാമ്പത്തിക സഹായത്തോടെ 'നവകിരണം' എന്ന സന്നദ്ധ പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നു. ടി പദ്ധതിപ്രകാരം 818 കുടുംബങ്ങൾ ഇതിനകം താമസം മാറ്റിയിട്ടുണ്ട്. കൂടാതെ വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ 14 സെറ്റിൽമെന്റുകളിൽനിന്നായി 643 കുടുംബങ്ങൾക്ക് അനുയോജ്യമായ മറ്റ് സ്ഥലങ്ങളിലേക്ക് മാറി താമസിക്കാനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ "വയനാട് സന്നദ്ധ പുനരധിവാസ പദ്ധതി" നടപ്പാക്കിവരുന്നു. ഇതിൽ 445 അർഹതാ കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യുകയും അതിൽ 333 കുടുംബങ്ങൾ ഇതിനകം സംരക്ഷിത മേഖലയിൽനിന്നും മാറിത്താമസിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇനി എത്ര കുടുംബങ്ങളെ ഇത്തരത്തിൽ മാറ്റി പാർപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

വയനാട് സന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം 183 കുടുംബങ്ങളെ മാറ്റി പാർപ്പിക്കാനുണ്ട്. ഇതുകൂടാതെ മനുഷ്യ-വന്യജീവി സംഘർഷം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് സ്വയം സന്നദ്ധരായി

മാറിത്താമസിക്കാനുള്ള ഒരു പദ്ധതിയാണ് നവകിരണം പദ്ധതി. ഈ പദ്ധതിയിൽ സ്വയം സന്നദ്ധരായി താൽപര്യം പ്രകടിപ്പിച്ച് 4726 കുടുംബങ്ങൾ വിവിധ വന ഡിവിഷനുകളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച അപേക്ഷകളിൽ പരിശോധന പൂർത്തീകരിച്ച് 818 കുടുംബ യൂണിറ്റുകൾക്ക് പാക്കേജ് തുക നൽകിയിട്ടുണ്ട്.

വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം

191 (964) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവുമുണ്ടായ വന്യജീവി ആക്രമണത്തിൽ മരണമടഞ്ഞവരുടെ എണ്ണവും ഇതിൽ എത്രപേരുടെ കുടുംബത്തിന് സർക്കാർ നഷ്ടപരിഹാരം നൽകിയെന്ന കണക്കും വർഷം തിരിച്ച് നൽകാമോ?

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവും മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ മരണമടഞ്ഞവരുടെ എണ്ണവും അതിൽ എത്രപേരുടെ കുടുംബത്തിന് സർക്കാർ നഷ്ടപരിഹാരം നൽകിയെന്ന

കണക്കും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

വന്യജീവി ആക്രമണത്തിന് കാരണമായ ജീവികൾ

192 (965) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മേയ് മുതൽ കേരളത്തിൽ നടന്ന വന്യജീവി ആക്രമണത്തിന് കാരണമായ ജീവികളിൽ വനം വകുപ്പ് ജീവനോടെ പിടികൂടിയവയുടെ വിവരം ലഭ്യമാക്കാമോ; വിശദമാക്കാമോ?

2021 മേയ് മുതൽ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള 32 വന്യജീവികളെ ജീവനോടെ പിടികൂടിയിട്ടുണ്ട്. ഇതിൽ 3 ആനകളും 16 കടുവകളും 11 പുലികളും ഓരോ കാട്ടുപോത്ത്, കരിങ്കുരങ്ങ് എന്നിവ ഉൾപ്പെടുന്നു.

(ബി) 2021 മേയ് മുതൽ നടന്ന വന്യജീവി ആക്രമണത്തിന് കാരണമായ ജീവികളിൽ ചത്തതിനുശേഷം വനം വകുപ്പ് കണ്ടെത്തിയവയെക്കുറിച്ച് വിശദമാക്കാമോ?

2021 മേയ് മുതൽ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മനുഷ്യ-വന്യമൃഗ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംഘർഷങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള 21 മൃഗങ്ങളെ മരണപ്പെട്ട രീതിയിൽ കണ്ടെത്തിയിട്ടുണ്ട്. എട്ട് ആനകൾ, രണ്ട് കടുവകൾ, മൂന്ന് പുലികൾ, ആറ് കാട്ടുപോത്തുകൾ, ഓരോ കാട്ടുപന്നിയും കുറുനരിയും എന്നീ മൃഗങ്ങളെയാണ് മരണപ്പെട്ട രീതിയിൽ കണ്ടെത്തിയിട്ടുള്ളത്.

(സി) 2021 മേയ് മുതൽ മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും നേരെ നടന്ന വന്യജീവി ആക്രമണങ്ങൾക്ക് കാരണമായ ജീവികളിൽ വനം വകുപ്പ് ജീവനോടെ പിടികൂടിയവയിൽ വനത്തിൽ തിരികെ വിട്ടയച്ചവയുടെ വിവരം വിശദമാക്കാമോ?

5 കടുവകളും 11 പുലികളും ഓരോ ആന, കരിങ്കുരങ്ങ്, കാട്ടുപോത്ത്, എന്നിങ്ങനെ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ ഉൾപ്പെട്ട 19 മൃഗങ്ങളെ വനം വകുപ്പ് പിടികൂടി തിരികെ അനുയോജ്യമായ ആവാസവ്യവസ്ഥയിൽ വിട്ടിട്ടുണ്ട്.

(ഡി) 2021 മേയ് മുതൽ മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും നേരെ നടന്ന വന്യജീവി ആക്രമണത്തിന് കാരണമായ ജീവികളിൽ വനം വകുപ്പ് ജീവനോടെ പിടികൂടിയവയിൽ തിരികെ വനത്തിൽ വിട്ടയച്ച ജന്തുക്കളിൽ

തുടർന്നും ആക്രമണത്തിന് കാരണമായവയുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇത്തരം സംഭവങ്ങൾ ഒന്നും തന്നെയില്ല.

(ഇ) 2021 മേയ് മുതൽ കേരളത്തിൽ മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും നേരെ നടന്ന വന്യജീവി ആക്രമണത്തിന് കാരണമായിട്ടുള്ള ജീവികളിൽ സർക്കാർ വെടിവച്ച് കൊന്നിട്ടുള്ളവയുടെ വിവരം ലഭ്യമാക്കാമോ?

ഈ കാലയളവിൽ മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയായിട്ടുള്ള അപകടകാരികളായ 2372 കാട്ടുപന്നികളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരമുപയോഗിച്ച് ഇല്ലായ്മ ചെയ്തിട്ടുള്ളതാണ്.

വന്യജീവി ആക്രമണം

193 (966) ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരന്തരമായുണ്ടാകുന്ന വന്യജീവി ആക്രമണം

തടയാൻ സർക്കാർ എന്തെല്ലാം പ്രതിരോധമാർഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വന്യജീവി ആക്രമണം തടയാൻ സ്വീകരിച്ചിട്ടുള്ള പ്രതിരോധ മാർഗങ്ങൾ ചുവടെ ചേർക്കുന്നു.

1. 'മിഷൻ സോളാർ ഫെൻസിങ് 2024'- നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിങ്ങുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി 'മിഷൻ സോളാർ ഫെൻസിങ്ങ് 2024' എന്ന കർമ്മപദ്ധതി നടപ്പാക്കുകയുണ്ടായി. ടി പദ്ധതിപ്രകാരം 2024-25 വർഷത്തിൽ 848 കിലോമീറ്റർ സോളാർ ഫെൻസിങ്ങ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.

2. വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്കാവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി 'മിഷൻ ഫുഡ്, ഫോഡർ ആൻഡ് വാട്ടർ' പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചു. കുളങ്ങളും മറ്റ് ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കളസസ്യങ്ങളെ ഉന്മൂലനം ചെയ്തും ഫലവൃക്ഷങ്ങളുടെ

വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽതന്നെ നിലനിർത്തുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

3. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കിലോ മീറ്റർ സോളാർ ഹാങ്ങിങ് ഫെൻസിങ്ങും 10 കിലോ മീറ്റർ റെയിൽ ഫെൻസിങ്ങും 0.11 കിലോ മീറ്റർ അയൺ ഫെൻസിങ്ങും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

4. വന്യജീവികൾ ജനവാസമേഖലകളിലിറങ്ങുന്നത് തടയുന്നതിനായി സംസ്ഥാനത്തെ വിവിധ വനാതിർത്തികളിൽ 69.07 കിലോ മീറ്റർ ആനക്കിടങ്ങ്, 1.92 കിലോ മീറ്റർ ആനപ്രതിരോധ മതിൽ, 1.58 കിലോ മീറ്റർ കരിങ്കൽഭിത്തി, 2.09 കിലോ മീറ്റർ കയ്യാല എന്നീ പ്രതിരോധ നിർമ്മിതികൾ പണിതിട്ടുള്ളതാണ്.

5. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ച XXVII-ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമ്മിക്കുന്നതിനായി ലഭിച്ച 586.11 ലക്ഷം രൂപയുടെയും ട്രാഞ്ച XXIX-ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 ലക്ഷം

രൂപയുടെയും പ്രവൃത്തികൾ നിർമ്മാണ പുരോഗതിയിലാണ്.

6. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിങ്ങും പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിങ്ങും അന്തർസംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിങ്ങും നടത്തുന്നുണ്ട്.

7. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 ആർ.ആർ.ടി.-കളടക്കം സംസ്ഥാനത്തുടനീളം 28 ആർ.ആർ.ടി.-കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിങ്ങ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.ടി.-കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.

8. സംസ്ഥാനത്താകെ 273 പഞ്ചായത്തുകൾ വന്യജീവി സംഘർഷബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി

അനുഭവപ്പെടുന്നവയാണ്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻഡ്സ്കേപ്പുകളെ ഹോട്ട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണനയം രൂപീകരിക്കുന്നതിന് 21-10-2024-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

9. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ആർ.ആർ.ടി.-കൾക്ക് സുരക്ഷാ ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവ ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവൃത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

10. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ

നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും എ.ഐ. ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൻപ്രകാരമുള്ള പ്രവൃത്തികൾ പുരോഗതിയിലാണ്.

11. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1-ൽനിന്നും ഷെഡ്യൂൾ 2-ലേക്ക് മാറ്റുന്നതിനുള്ള ശിപാർശ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇവയുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ജനനനിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കിവരികയാണ്.

12. ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനുള്ള കാലാവധി 25-02-2024-ലെ സ.ഉ(കൈ)നം.9/2024/വനം ഉത്തരവുപ്രകാരം 28-05-2024 മുതൽ ഒരു വർഷത്തേക്കുകൂടി

ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും നൽകാനായി അവരെ ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

13. പാമ്പുകൾമൂലമുള്ള അപകടം ഒഴിവാക്കുന്നതിന് 'സർപ്പ' എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാദ്ധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധസേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രാം പ്രകാരം 2024 വർഷത്തിൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

14. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട

മറ്റ് വകുപ്പുകളുടെ പ്രതിനിധികൾ, വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചുവരുന്നുണ്ട്.

15. ജനവാസ മേഖലയോടുചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

16. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക് തിരികെവിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

17. സന്നദ്ധ പുനരധിവാസ പദ്ധതിയായ 'നവകിരണം' പദ്ധതിപ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി

മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽനിന്ന് മാറിത്താമസിക്കാനുള്ള സാഹചര്യമൊരുക്കിയിട്ടുണ്ട്.

18. മനുഷ്യ-വന്യജീവി സംഘർഷബാധിതർക്കുള്ള നഷ്ടപരിഹാര രീതി പരിഷ്കരിക്കുന്നതിനും നഷ്ടപരിഹാരത്തുക വർധിപ്പിക്കുന്നതിനുമായി തയ്യാറാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

19. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ 'സംസ്ഥാന സവിശേഷ ദുരന്തമായി' പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിതഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

20. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കുന്നതിലേക്കായി ഏർളി വാർണിംഗ് സിസ്റ്റം, എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ

സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

21. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

22. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

23. ജനവാസമേഖലകളിലും വിനോദസഞ്ചാരമേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

24. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുന്നതിനും നിവാരണപ്രവർത്തനങ്ങൾ ഫലപ്രദമായി തത്സമയം ഏകോപിപ്പിക്കുന്നതിനുമായി ഡിവിഷൻ തലത്തിൽ 36 കൺട്രോൾ റൂമുകളും (Division Emergency Operations Centre – DEOC), വനം വകുപ്പ് ആസ്ഥാനത്ത് സംസ്ഥാനതല കൺട്രോൾ റൂമും (State

Forest Emergency Operations Centre–SFEOC) 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു.

25. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ചിട്ടുണ്ട്.

26. സംസ്ഥാനാതിർത്തി കടന്നെത്തി സംഘർഷമുണ്ടാക്കുന്ന വന്യജീവികളെ നിരീക്ഷിച്ച് പരസ്പരം വിവരങ്ങൾ കൈമാറുക, മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ ചേർന്ന് അന്തർസംസ്ഥാന കോ-ഓർഡിനേഷന്റെ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

27. വന്യമൃഗങ്ങളുടെ സാമീപ്യത്തെക്കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിനും വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾക്ക് പൊതുജന സഹകരണം ഉറപ്പാക്കുന്നതിനും വ്യാജ

വിവരങ്ങൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കുന്നത് തടയുന്നതിനുമായി പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, ബ്രോഷറുകളും പാംലെറ്റുകളും വിതരണം ചെയ്യൽ, സോഷ്യൽ മീഡിയയിലൂടെ വിവരങ്ങൾ നൽകൽ തുടങ്ങിയവ നടപ്പാക്കിവരുന്നു.

28. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന വയനാട് ജില്ലയിൽ നേരിടുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്ന പ്രവർത്തനങ്ങൾക്കുപരി ഫലപ്രദമായ ഏകോപനത്തിനും മേൽനോട്ടത്തിനും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

29. ആധുനിക സാങ്കേതികവിദ്യയെ അടിസ്ഥാനപ്പെടുത്തിയുള്ള ഉപകരണങ്ങൾ സ്ഥാപിച്ചും മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് വിവരങ്ങൾ ശേഖരിച്ചും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തിയിട്ടുണ്ട്. ക്യാമറാ ട്രാപ്പുകൾ, റിയൽ ടൈം മോണിറ്ററിങ് സിസ്റ്റം, വൈൽഡ് വാച്ച് മൊബൈൽ ആപ്ലിക്കേഷൻ മുതലായ സംവിധാനങ്ങൾ ഇതിലുൾപ്പെടുന്നു.

30. വനമേഖലകളിലെ വിവിധയിടങ്ങളിലായി 1434 കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവയിലും 574 വയലുകളിലും 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞുകൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിലെ കളകളും കുറ്റിക്കാടുകളും നീക്കം ചെയ്യാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

31. വനത്തിനുള്ളിലെ വയലുകളുടെ പരിപാലനത്തിന് നബാർഡ് മുഖേന 25 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇവയുടെ തുടർപ്രവൃത്തികൾ നടക്കുന്നുണ്ട്.

32. സ്വാഭാവികവന പുനഃസ്ഥാപന പദ്ധതിപ്രകാരം അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ ഡിവിഷനുകളിലെയും അംഗീകരിച്ച വർക്കിങ് പ്ലാനുകളിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുന്നതിനും പുതിയ വർക്കിങ് പ്ലാനുകളിൽ ഇക്കോ-റെസ്റ്റോറേഷൻ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനുംവേണ്ട നടപടികൾ

സ്വീകരിച്ചുവരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5031 ഹെക്ടർ സ്ഥലത്ത് ടി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ആയതിൻപ്രകാരം ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവികവനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

33. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണപ്രവർത്തനങ്ങൾ സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വോളന്റിയർമാർക്കും പരിശീലനം നൽകുന്നതിനായുള്ള മോഡ്യൂൾ ഇക്കാര്യത്തിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. അരിപ്പ, വാളയാർ എന്നിവിടങ്ങളിലെ സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിൽ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് പ്രസ്തുത പ്രായോഗിക വിദഗ്ധ പരിശീലനം നൽകിവരുന്നുണ്ട്.

ഇതോടൊപ്പം തന്നെ വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും നൽകിവരുന്നുണ്ട്.

(ബി) വന്യജീവി ആക്രമണംമൂലം കഴിഞ്ഞവർഷം സംസ്ഥാനത്ത്

മരണപ്പെട്ട ആളുകൾക്ക് നഷ്ടപരിഹാരവും മറ്റാനുകൂല്യങ്ങളും യഥാസമയം ലഭ്യമാക്കാൻ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മരണപ്പെട്ടവരുടെ ആശ്രിതർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വന്യജീവി ആക്രമണംമൂലം കഴിഞ്ഞവർഷം സംസ്ഥാനത്ത് മരണപ്പെട്ട ആളുകളുടെ ആശ്രിതരിൽ ആവശ്യമായ രേഖകൾ യഥാസമയം സമർപ്പിച്ചിട്ടുള്ളവർക്ക് നഷ്ടപരിഹാരവും മറ്റാനുകൂല്യങ്ങളും കാലതാമസം കൂടാതെ നൽകിയിട്ടുണ്ട്.

വന്യമൃഗശല്യം തടയുന്നതിനായി സ്വീകരിച്ച നടപടികൾ

194 (967) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ വന്യമൃഗശല്യം തടയുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പാലക്കാട് മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി നെന്മാറ, മണ്ണാർക്കാട്, പാലക്കാട് എന്നീ ഡിവിഷനുകളിൽ മൂന്ന് സ്ഥിരം ദ്രുതകർമ്മസേനയും മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലുള്ള സ്ഥലങ്ങളിൽ നാല് താൽക്കാലിക ദ്രുതകർമ്മസേനയും പ്രവർത്തിച്ചുവരുന്നുണ്ട്. വന്യമൃഗങ്ങൾ ജനവാസകേന്ദ്രങ്ങളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി ഭക്ഷണലഭ്യതയും ജലലഭ്യതയും വനത്തിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി കുളങ്ങളുടെ നിർമ്മാണം, ചെക്ക് ഡാമുകൾ, ബ്രഷ്വുഡ് ചെക്ക് ഡാമുകൾ എന്നിവയുടെ നിർമ്മാണം, നിലവിലുള്ള ജലസ്രോതസ്സുകളുടെ പരിപാലനം എന്നിവയും നടത്തിവരുന്നുണ്ട്. ജനവാസമേഖലയിൽ ഇറങ്ങുന്ന കാട്ടാനകളെ തിരികെ കാട്ടിലയയ്ക്കാൻ രണ്ട് കുങ്കിയാനകളുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ആനയുടെ സാന്നിധ്യം പ്രദേശവാസികളെ അറിയിക്കുന്നതിനായി എസ്.എം.എസ്. അലർട്ട് സിസ്റ്റം നിലവിലുണ്ട്. കൂടാതെ പ്രശ്നബാധിതമേഖലകളിൽ ഫീൽഡ് സ്റ്റാഫ് നിരന്തരം പകലും രാത്രിയിലുമായി പട്രോളിങ് നടത്തിവരുന്നു. ടി പ്രവർത്തനങ്ങൾക്കൊപ്പം

വന്യമൃഗങ്ങൾ ജനവാസമേഖലയിൽ ഇറങ്ങുന്നത് തടയുന്നതിനായി 2024-25-ൽ പൂർത്തിയാക്കിയ നിർമ്മിതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെടുകയോ പരിക്കേൽക്കുകയോ കൃഷിനാശം സംഭവിക്കുകയോ ചെയ്തിട്ടുള്ളതിന് നൽകിയ നഷ്ടപരിഹാരത്തുകയുടെ വിശദാംശം നൽകാമോ?

2021-22 മുതൽ 2024-25 വരെ പാലക്കാട് ജില്ലയിൽ വിതരണം ചെയ്തിട്ടുള്ള നഷ്ടപരിഹാരത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) വന്യമൃഗശല്യത്തിനെതിരെ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് കടന്നുവരുന്നതിന് വിവിധ കാരണങ്ങളാണുള്ളത്. വന്യമൃഗ ഇടനാഴികളുടെയും വനമേഖലയുടെയും ശിഥിലീകരണം, കാലാവസ്ഥാ വ്യതിയാനം, മാലിന്യ നിക്ഷേപം, കാട്ടുതീ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വനമേഖലകളിലെ അശാസ്ത്രീയമായ ടൂറിസം പ്രവർത്തനങ്ങൾ/റോഡ് നിർമ്മാണം തുടങ്ങിയവ, ജനസാന്ദ്രത, വനമേഖലകളിൽ ജലത്തിന്റെയും ആഹാരത്തിന്റെയും ലഭ്യതക്കുറവ്, തെറ്റായ ഭൂവിനിയോഗം, വനമേഖലയോട് ചേർന്നുകിടക്കുന്ന ഭൂപ്രദേശത്തെ കൃഷി രീതി, ഭൂപ്രദേശത്തിന്റെ കിടപ്പ്, കളകളുടെ ആധിക്യം, വന്യമൃഗങ്ങളെ ആകർഷിക്കാൻ ഭക്ഷണ പദാർത്ഥങ്ങൾ നൽകുന്നത്, വനമേഖലയോട് ചേർന്നുപ്രവർത്തിക്കുന്ന അനധികൃത ഫാമുകൾ, പരിപാലിക്കാത്ത തോട്ടങ്ങൾ തുടങ്ങി വിവിധ കാരണങ്ങളാലാണ് വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് കടന്നുവരുന്നത്.

വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉണ്ടെന്ന് ഉറപ്പുവരുത്താനും വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് കടക്കാതിരിക്കാനും വനം വകുപ്പ് വിവിധ നടപടികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കിവരുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

1. വനമേഖലകളിൽ ജലലഭ്യത ഉറപ്പ് വരുത്താനായി വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ചെക്ക് ഡാമുകളും 574 വയലുകളും

വാട്ടർഹോൾസ് തുടങ്ങി 308-ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ചുവരുന്നുണ്ട്.

2. വേനൽക്കാലത്ത് വനമേഖലയിൽ വന്യമൃഗങ്ങൾക്കാവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽതന്നെ സജ്ജീകരിക്കുന്നതിനുമായി 2025 ഫെബ്രുവരി 1 മുതൽ 'മിഷൻ ഫുഡ്, ഫോഡർ ആൻഡ് വാട്ടർ' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

3. വനത്തിനുള്ളിൽ ഭക്ഷണ ലഭ്യത ഉറപ്പുവരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്ത് ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനതുവൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ആയതിൻപ്രകാരം ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. വയനാട് ജില്ലയിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനായി കേരള പേപ്പർ പ്രോഡക്ടിനെ

ചുമതലപ്പെടുത്തിയിട്ടുള്ളതും നബാർഡ്, ആർ.കെ.ഡി.പി. ഫണ്ടുകളും ചില സന്നദ്ധ സംഘടനകളുടെ സേവനവും ഉപയോഗിച്ചുവരുന്നു.

4. വന്യമൃഗങ്ങൾക്കാവശ്യമായ ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി വനമേഖലകളിൽ, പ്രത്യേകിച്ച് സംരക്ഷിതമേഖലകളിൽ പുതിയ പുല്ല് മുളപ്പിക്കുന്നതിലേക്കായി അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തിവരുന്നുണ്ട്.

5. വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുള്ള പ്രവൃത്തികൾ വിവിധ ലാൻഡ്സ്കേപ്പുകളിൽ പുരോഗമിച്ചുവരുന്നു.

6. 'മിഷൻ സോളാർ ഫെൻസിങ് 2024' - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിങ്ങുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി 'മിഷൻ സോളാർ ഫെൻസിങ് 2024' എന്ന കർമ്മപദ്ധതി നടപ്പാക്കുകയുണ്ടായി. ടി പദ്ധതിപ്രകാരം 2024-25 വർഷത്തിൽ 848 കിലോമീറ്റർ സോളാർ ഫെൻസിങ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.

7. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കിലോ മീറ്റർ സോളാർ ഹാങ്ങിങ് ഫെൻസിങ്ങും 10 കിലോ മീറ്റർ റെയിൽ ഫെൻസിങ്ങും 0.11 കിലോ മീറ്റർ അയൺ ഫെൻസിങ്ങും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

8. പ്രതിരോധ നിർമ്മിതിയായ ആനക്കിടങ്ങ് (Elephant Proof Trench) 69.07 കിലോ മീറ്റർ ദൈർഘ്യത്തിലും 1.92 കിലോ മീറ്റർ ദൈർഘ്യത്തിൽ എലിഫന്റ് പ്രൂഫ് വാളും 1.58 കിലോ മീറ്റർ ദൈർഘ്യത്തിൽ സ്റ്റോൺ വാളും 2.09 കിലോ മീറ്റർ ദൈർഘ്യത്തിൽ ബൗണ്ടറി വാൾ/കയ്യാലയും വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് തടയുന്നതിന് നിർമ്മിച്ചിട്ടുള്ളതാണ്.

9. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ച XXVII-ൽ 101.50 കിലോ മീറ്റർ സോളാർ വേലി നിർമ്മിക്കുന്നതിനായി ലഭിച്ച 586.11 കോടി രൂപയുടെയും ട്രാഞ്ച XXIX-ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 കോടി രൂപയുടെയും പ്രവൃത്തികൾ നിർമ്മാണപുരോഗതിയിലാണ്.

10. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ

കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിങ്ങും പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിങ്ങും അന്തർസംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിങ്ങും നടത്തുന്നുണ്ട്.

11. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 ആർ.ആർ.ടി.-കളടക്കം സംസ്ഥാനത്തുടനീളം 28 ആർ.ആർ.ടി.-കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിങ്ങ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെവിടുന്നതിനും ആർ.ആർ.ടി.-കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.

12. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ആർ.ആർ.ടി.-കൾക്ക് സുരക്ഷാ ഉപകരണങ്ങൾ സംഭരിക്കൽ, ആയുധം ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവൃത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന

ദുരന്തനിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

13. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും എ.ഐ. ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

14. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1-ൽനിന്നും ഷെഡ്യൂൾ 2-ലേക്ക് മാറ്റുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കിവരികയാണ്.

15. ജനവാസമേഖലകളിൽ അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനായിട്ടുള്ള കാലാവധി 25-02-2024-ലെ സ.ഉ.(കൈ) നം. 9/2024/വനം ഉത്തരവുപ്രകാരം

28-05-2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും നൽകാനായി അവരെ ഓണററി വൈൽഡ് ലൈഫ് വാർഡനായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസ മേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

16. പാമ്പുകൾമൂലമുള്ള അപകടം ഒഴിവാക്കുന്നതിന് 'സർപ്പ' എന്ന മൊബൈൽ ആപ്ലിക്കേഷനും 'സർപ്പ'-യിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രാം പ്രകാരം 2024-ൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

17. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട

മറ്റ് വകുപ്പുകളുടെ പ്രതിനിധികൾ, വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചുവരുന്നുണ്ട്.

18. ജനവാസ മേഖലയോടുചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

19. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവുമുണ്ടാക്കി കാട്ടിലേക്ക് തിരികെവിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

20. സന്നദ്ധ പുനരധിവാസ പദ്ധതിയായ 'നവകിരണം' പദ്ധതിപ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി

മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽനിന്ന് മാറിത്താമസിക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

21. വന്യജീവി സംഘർഷബാധിതർക്ക് നൽകുന്ന നഷ്ടപരിഹാര രീതി പരിഷ്കരിക്കുന്നതിനായി തയ്യാറാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

22. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ 'സംസ്ഥാന സവിശേഷ ദുരന്തമായി' പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ/പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിതഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

23. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കുന്നതിലേക്കായി ഏർളി വാർണിങ് സിസ്റ്റം, എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ

സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

24. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

25. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

26. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

വന്യജീവി ആക്രമണംമൂലമുണ്ടായ കൃഷിനാശം

195 (968) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം 2010 മുതൽ നാളിതുവരെ ഓരോ വർഷവുമുണ്ടായ കൃഷിനാശത്തിന്റെ അളവും തുകയും വർഷം തിരിച്ച്

നൽകുമോ?

സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം 2010 മുതൽ നാളിതുവരെ ഓരോ വർഷവുമുണ്ടായ കൃഷിനാശത്തിന്റെ അളവും തുകയും വർഷം തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

മനുഷ്യ-വന്യജീവി സംഘർഷം നേരിടാൻ കേന്ദ്രസഹായം

196 (969) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം നേരിടാൻ നിലവിൽ കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; ഇക്കാര്യത്തിനായി കേന്ദ്രത്തെ സമീപിച്ചിരുന്നോ; വിശദമാക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷം നേരിടാൻ നിലവിൽ പരിമിതമായ കേന്ദ്രസഹായം ലഭിക്കുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി തുക ലഭിച്ചുവരുന്നത് കേന്ദ്രാവിഷ്കൃത പദ്ധതികളായ 2406-02-110-35 പ്രോജക്ട് എലിഫന്റ് (60:40 അനുപാതത്തിൽ) & 2406-02-110-52 IDWH – Outside PA (60:40 അനുപാതത്തിൽ) എന്നീ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശീർഷകങ്ങളിലും സംസ്ഥാന പദ്ധതിയായ 2406-02-110-09 Measures to Reduce Man-Animal Conflict, & 2406-01-800-92 Relief to Victims എന്നിവയിലുമാണ്. കേന്ദ്രസർക്കാരിന്റെ മേൽപരാമർശിച്ച രണ്ട് പദ്ധതികളിൽ അനുവദിക്കുന്ന മുഴുവൻ തുകയും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പദ്ധതികൾക്ക് മാത്രമുള്ളവയല്ല. കഴിഞ്ഞ മൂന്നുവർഷത്തെ കണക്ക് പരിശോധിച്ചാൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ സംസ്ഥാന വനം വകുപ്പിന് അനുവദിച്ചത് ശരാശരി ഒരു വർഷം 585 ലക്ഷം രൂപ മാത്രമാണ്. വന്യജീവി സംരക്ഷണം ഉറപ്പുവരുത്താനുള്ള വിവിധ പദ്ധതി ഘടകങ്ങളിൽ ഒരു ഘടകം മാത്രമാണ് മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം. എന്നാൽ മേൽസൂചിപ്പിച്ച സംസ്ഥാന പദ്ധതികൾ രണ്ടും മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് മാത്രമുള്ളതാണ്. ടി സംസ്ഥാന പദ്ധതികളിലൂടെ പ്രസ്തുത ആവശ്യത്തിലേക്കായി ശരാശരി ഒരു വർഷം 3,493 ലക്ഷം രൂപ ലഭിച്ചുവരുന്നു.

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് സംസ്ഥാന

സർക്കാർ 620 കോടി (60:40 അനുപാതത്തിൽ) രൂപയ്ക്ക് 5 വർഷത്തേക്കുള്ള ഒരു കർമ്മപദ്ധതി തയ്യാറാക്കി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായത്തിനായി 07-09-2021-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിക്കുകയും ആയത് 22-11-2021-ൽ ബഹുമാനപ്പെട്ട കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിക്ക് നേരിട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് നിലവിൽ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ, CAMPA എന്നിവ മുഖാന്തരം സംസ്ഥാനവുമായി ചെലവ് പങ്കിടുന്ന പദ്ധതികൾക്ക് ധനസഹായം നൽകുന്നുണ്ടെന്നും ടി പ്രൊപ്പോസലിൽ പറഞ്ഞിട്ടുള്ള വിധത്തിലുള്ള ദീർഘകാല സുസ്ഥിര പദ്ധതികൾക്ക് ശാസ്ത്രീയവും ആധുനികവുമായ രീതികൾ അവലംബിച്ച് വിവിധ സംസ്ഥാന പദ്ധതികളിൽനിന്നും വിഭവസമാഹരണം നടത്തണമെന്നും ബഹുമാനപ്പെട്ട കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രി അറിയിച്ചിരുന്നു.

(ബി) ഈ വിഷയത്തിൽ കേന്ദ്രസഹായം ലഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം

നൽകുന്നതിനും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുമുള്ള വിവിധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി കൂടുതൽ കേന്ദ്രവിഹിതം ലഭിക്കുന്നതിന് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ Annual Plan of Operation-ൽ ഉൾപ്പെടുത്തിവരുന്നുണ്ട്.

ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള നടപടികൾ

197 (970) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ജീവന് ഭീഷണിയാകുന്നതും കൃഷിയിടങ്ങൾ നശിപ്പിക്കുന്നതുമായ വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഈ നടപടികളുടെ ലക്ഷ്യം പൂർണ്ണമായും ഫലപ്രദമാകാത്തതിന്റെ കാരണങ്ങൾ എന്താണെന്നത് പഠന വിധേയമാക്കിയിട്ടുണ്ടോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് വിവിധ നടപടികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കിവരുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

1. വനമേഖലകളിൽ ജലലഭ്യത ഉറപ്പുവരുത്താനായി വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ചെക്ക് ഡാമുകളും 574 വയലുകളും വാട്ടർഹോൾസ് തുടങ്ങി 308-ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ചുവരുന്നുണ്ട്.

2. വേനൽക്കാലത്ത് വനമേഖലയിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽതന്നെ സജ്ജീകരിക്കുന്നതിനായി 2025 ഫെബ്രുവരി 1 മുതൽ 'മിഷൻ ഫുഡ്, ഫോഡർ & വാട്ടർ' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

3. വനത്തിനുള്ളിൽ ഭക്ഷണ ലഭ്യത ഉറപ്പുവരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്ത് ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനതുവൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ആയതിൻപ്രകാരം ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവികവനങ്ങളാക്കി മാറ്റിയിട്ടുണ്ട്. വയനാട്

ജില്ലയിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനായി കേരള പേപ്പർ പ്രോഡക്ടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നബാർഡ്, ആർ.കെ.ഡി.പി. ഫണ്ടുകളും ചില സന്നദ്ധ സംഘടനകളുടെ സേവനവും ഉപയോഗിച്ചുവരുന്നു.

4. വന്യമൃഗങ്ങൾക്കാവശ്യമായ ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിതമേഖലകളിൽ പുതിയ പുല്ല് മുളപ്പിക്കുന്നതിലേക്കായി അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തിവരുന്നുണ്ട്.

5. വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുള്ള പ്രവൃത്തികൾ വിവിധ ലാൻഡ്സ്കേപ്പുകളിൽ പുരോഗമിച്ചുവരുന്നു.

6. 'മിഷൻ സോളാർ ഫെൻസിങ് 2024' - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിങ്ങുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി

'മിഷൻ സോളാർ ഫെൻസിങ് 2024' എന്ന കർമ്മപദ്ധതി നടപ്പാക്കുകയുണ്ടായി. ടി പദ്ധതിപ്രകാരം 2024-25 വർഷത്തിൽ 848 കിലോ മീറ്റർ സോളാർ ഫെൻസിങ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.

7. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കിലോ മീറ്റർ സോളാർ ഹാങ്ങിങ് ഫെൻസിങ്ങും 10 കിലോ മീറ്റർ റെയിൽ ഫെൻസിങ്ങും 0.11 കിലോ മീറ്റർ അയൺ ഫെൻസിങ്ങും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

8. പ്രതിരോധ നിർമ്മിതിയായ ആനക്കിടങ്ങ് (Elephant Proof Trench) 69.07 കിലോ മീറ്റർ ദൈർഘ്യത്തിലും 1.92 കിലോ മീറ്റർ ദൈർഘ്യത്തിൽ എലിഫന്റ് പ്രൂഫ് വാളും 1.58 കിലോ മീറ്റർ ദൈർഘ്യത്തിൽ സ്റ്റോൺ വാളും 2.09 കിലോ മീറ്റർ ദൈർഘ്യത്തിൽ ബൗണ്ടറി വാൾ/കയ്യാലയും വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് തടയുന്നതിന് നിർമ്മിച്ചിട്ടുള്ളതാണ്.

9. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി

തടയാൻ നബാർഡ് ട്രാഞ്ച XXVII-ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമിക്കുന്നതിനായി ലഭിച്ച 586.11 കോടി രൂപയുടെയും ട്രാഞ്ച XXIX-ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 കോടി രൂപയുടെയും പ്രവൃത്തികൾ നിർമ്മാണപുരോഗതിയിലാണ്.

10. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിങ്ങും പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിങ്ങും അന്തർസംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിങ്ങും നടത്തുന്നുണ്ട്.

11. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 ആർ.ആർ.ടി.-കളടക്കം സംസ്ഥാനത്തുടനീളം 28 ആർ.ആർ.ടി.-കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിങ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.ടി.-കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.

12.സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ആർ.ആർ.ടി.-കൾക്ക് സുരക്ഷാ ഉപകരണങ്ങൾ സംഭരിക്കൽ, ആയുധം ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവൃത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

13.വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും എ.ഐ. ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

14.കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1-ൽ നിന്നും ഷെഡ്യൂൾ 2-ലേക്ക് മാറ്റുന്നതിനുള്ള ശിപാർശ

കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കിവരികയാണ്.

15.ജനവാസമേഖലകളിൽ അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനായിട്ടുള്ള കാലാവധി 25-02-2024-ലെ സ.ഉ.(കൈ)നം.9/2024/വനം ഉത്തരവുപ്രകാരം 28-05-2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും നൽകാനായി അവരെ ഓണററി വൈൽഡ് ലൈഫ് വാർഡനായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസ മേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

16. പാമ്പുകൾമൂലമുള്ള അപകടം ഒഴിവാക്കുന്നതിന് 'സർപ്പ' എന്ന മൊബൈൽ ആപ്ലിക്കേഷനും 'സർപ്പ'-യിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രാം പ്രകാരം 2024-ൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

17.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചുവരുന്നുണ്ട്.

18.ജനവാസമേഖലയോടു ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

19.ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും

വെളിച്ചവുമുണ്ടാക്കി കാട്ടിലേക്ക് തിരികെവിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

20.സന്നദ്ധ പുനരധിവാസ പദ്ധതിയായ 'നവകിരണം' പദ്ധതിപ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽനിന്ന് മാറിത്താമസിക്കാനുള്ള സാഹചര്യമൊരുക്കിയിട്ടുണ്ട്.

21.വന്യജീവി സംഘർഷബാധിതർക്ക് നൽകുന്ന നഷ്ടപരിഹാര രീതി പരിഷ്കരിക്കുന്നതിനായി തയ്യാറാക്കിയ പ്രൊപ്പോസൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

22.കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ

സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ 'സംസ്ഥാന സവിശേഷ ദുരന്തമായി' പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിതഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാകുന്നു.

23.ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗ്രതുകരാക്കുന്നതിലേക്കായി ഏർളി വാർണിങ് സിസ്റ്റം, എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

24.വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

25.സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

26.ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

ടി നടപടികൾമൂലം മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സാധിച്ചിട്ടുള്ളതാകുന്നു. സ്വീകരിച്ചിട്ടുള്ള പ്രതിരോധ നടപടികളുടെ കാര്യക്ഷമത ശാസ്ത്രജ്ഞന്മാർ അടക്കമുള്ളവരുടെ സഹായത്തോടെ ഇടവേളകളിൽ അവലോകനം നടത്തി വേണ്ട മാറ്റങ്ങൾ വരുത്താറുണ്ട്. മേൽ പ്രവർത്തനങ്ങൾ ഫലപ്രദമായിത്തന്നെ നടന്നുവരുന്നുണ്ട്.

(ബി) മുൻകാലങ്ങളെയപേക്ഷിച്ച് വന്യജീവി ആക്രമണങ്ങളും അവമൂലമുള്ള കൃഷിനാശങ്ങളും വർധിച്ചുവരുന്നതിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ?

മനുഷ്യ-വന്യജീവി സംഘർഷംമൂലം മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും എണ്ണവും കൃഷിനാശവുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളും പരിശോധിച്ചാൽ കഴിഞ്ഞ വർഷത്തേക്കാൾ കുറവാണ് ഈ വർഷം നാളിതുവരെ എന്നത് അനുബന്ധമായി+ ചേർത്തിട്ടുള്ള പട്ടികയിൽനിന്നും വ്യക്തമാവുന്നതാണ്.

മുൻവർഷത്തെയപേക്ഷിച്ച് ഈ സാമ്പത്തികവർഷത്തിൽ (31-01-2025 വരെ) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറഞ്ഞിട്ടുണ്ടെങ്കിലും നിലവിൽ മനുഷ്യ-വന്യജീവി സംഘർഷം വിവിധ കാരണങ്ങളാലാണ് ഉണ്ടാകാറുള്ളത്. സാധാരണയായി മനുഷ്യ-വന്യജീവ സംഘർഷങ്ങൾക്ക് നിദാനമായ കാരണങ്ങൾ ചുവടെ ചേർക്കുന്നു.

വന്യമൃഗ ഇടനാഴികളുടെയും വനമേഖലയുടെയും ശിഥിലീകരണം, കാലാവസ്ഥാ വ്യതിയാനം, മാലിന്യനിക്ഷേപം, കാട്ടുതീ, വനമേഖലകളിലെ അശാസ്ത്രീയമായ ടൂറിസം പ്രവർത്തനങ്ങൾ/റോഡ് നിർമ്മാണം തുടങ്ങിയവ, ജനസാന്ദ്രത, വനമേഖലകളിൽ ജലത്തിന്റെയും ആഹാരത്തിന്റെയും ലഭ്യതക്കുറവ്, തെറ്റായ ഭൂവിനിയോഗം, വനമേഖലയോട് ചേർന്നുകിടക്കുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂപ്രദേശത്തെ കൃഷി രീതി, ഭൂപ്രദേശത്തിന്റെ കിടപ്പ്, കളകളുടെ ആധിക്യം, വന്യമൃഗങ്ങളെ ആകർഷിക്കാൻ ഭക്ഷണപദാർത്ഥങ്ങൾ നൽകുന്നത്, വനമേഖലയോട് ചേർന്നുപ്രവർത്തിക്കുന്ന അനധികൃത ഫാമുകൾ, പരിപാലിക്കാത്ത തോട്ടങ്ങൾ തുടങ്ങി വിവിധ കാരണങ്ങളാലാണ് വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്നുവരുന്നത്.

(സി) കൃഷികൾ വ്യാപകമായി നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ടെങ്കിലും ചില നിബന്ധനകൾ കാരണം ഫലപ്രദമാകുന്നില്ല എന്നതിനാൽ പ്രസ്തുത നിബന്ധനകൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷിക്കും ജീവനും സ്വത്തിനും വിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും അധികാരപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും കൈമാറിയിട്ടുണ്ട്. നാളിതുവരെ 2372 കാട്ടുപന്നികളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരമുപയോഗിച്ച് ഇല്ലായ്മ ചെയ്തിട്ടുണ്ട്. നിലവിൽ

തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരം ഫലപ്രദമായിത്തന്നെ വിനിയോഗിക്കുന്നുണ്ട്.

വയനാട്ടിലെ കാട്ടാന ആക്രമണം

198 (971) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട്ടിൽ 2016 മുതൽ നാളിതുവരെ ഓരോ വർഷവും കാട്ടാന ആക്രമണത്തിൽ മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും സർക്കാർ നഷ്ടപരിഹാരം നൽകിയവരുടെയും കണക്ക് വർഷം തിരിച്ചുനൽകാമോ?

വയനാട് ജില്ലയിൽ 2016 മുതൽ 31-12-2024 വരെ കാട്ടാന ആക്രമണത്തിൽ മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും സർക്കാർ നഷ്ടപരിഹാരം നൽകിയവരുടെയും എണ്ണം വർഷം തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കുള്ള നഷ്ടപരിഹാരം

199 (972) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച് ഇനംതിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ?

വന്യമൃഗങ്ങൾമൂലമുള്ള കൃഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസിലെ മാർഗനിർദേശവും തുടർന്നുള്ള സർക്കാർ ഉത്തരവുകൾപ്രകാരവും ആകുന്നു. ടി ഉത്തരവുകൾപ്രകാരം വന്യജീവി ആക്രമണത്തിൽ സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപയും പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക, പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാച്ചെലവ് മുഴുവനായും അനുവദിച്ചുനൽകുന്നു.

(ബി) ഇത്തരത്തിൽ നഷ്ടപരിഹാരം നൽകുന്നതിന്റെ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വന്യജീവികളുടെ ആക്രമണത്തിൽ പരിക്കുപറ്റുന്ന വ്യക്തികൾ e-district portal വഴി മൂന്നു മാസത്തിനകം ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ പരിശോധിച്ച് അർഹമായ തുക അനുവദിക്കുന്നതിനുള്ള ശിപാർശയടക്കം തുടർനടപടികൾക്കായി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ്-ലൈഫ് വാർഡന് സമർപ്പിക്കുകയും അർഹമായ തുക ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ്-ലൈഫ് വാർഡൻ അനുവദിച്ച് പരിക്കേറ്റ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലൂടെ നൽകിവരുന്നു.

വന്യജീവി ആക്രമണങ്ങളിൽ മരണം

200 (973) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനത്തിൽ താമസിക്കുന്ന ആദിവാസി വിഭാഗങ്ങളിലെ ആളുകൾക്ക്

വന്യമൃഗാക്രമണംമൂലം മരണം സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എത്ര പേരാണ് മരണപ്പെട്ടതെന്നും ഇങ്ങനെ മരിച്ചവരുടെ ബന്ധുക്കൾക്ക് എന്തെല്ലാം സാമ്പത്തിക സഹായമുൾപ്പെടെ ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ; പ്രസ്തുത സഹായത്തിന് അപേക്ഷിച്ചിട്ടും നൽകാൻ കഴിയാത്തത് എത്ര പേർക്കാണെന്ന് വിശദമാക്കാമോ?

(എ&ബി) സംഭവിച്ചിട്ടുണ്ട്. നിലവിലെ സർക്കാർ അധികാരത്തിൽ വന്ന 2021 മേയ് മുതൽ 31-01-2025 വരെ കേരളത്തിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട 27 പേർ മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ മരണപ്പെട്ടിട്ടുണ്ട്. ഇവരുടെ ആശ്രിതർക്ക് നാളിതുവരെ 230.25 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകിയിട്ടുള്ളൂ. ഇവരിൽ ആറ് പേരുടെ അനന്തരാവകാശികൾക്ക് തുക ഭാഗികമായി മാത്രമേ നൽകിയിട്ടുള്ളൂ. ആവശ്യമായ രേഖകൾ സമർപ്പിക്കുന്നമുറയ്ക്ക് ഇവർക്ക് ബാക്കി തുക വിതരണം ചെയ്യുന്നതാണ്. കൂടാതെ മരണപ്പെടുന്നവരുടെ ആശ്രിതരുടെ ജീവിതസാഹചര്യം കണക്കിലെടുത്ത് സാധ്യമാകുന്നയിടങ്ങളിൽ എഫ്.ഡി.എ., വി.എസ്.എസ്., ഇ.ഡി.സി. എന്നിവ മുഖാന്തരം

താൽക്കാലിക ജോലി നൽകിവരുന്നുണ്ട്.

വന്യമൃഗ ആക്രമണത്തിൽ കൊല്ലപ്പെട്ടവർ

201 (974) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2015 മുതൽ നാളിതു വരെ വന്യമൃഗ ആക്രമണത്തിൽ കൊല്ലപ്പെട്ട ആദിവാസികളുടെയും ആദിവാസികളല്ലാത്തവരുടെയും എണ്ണം വർഷവും ജില്ലയും തിരിച്ച് ലഭ്യമാക്കുമോ?

2015 മുതൽ 31-12-2024 വരെ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ മരണപ്പെട്ടിട്ടുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെയും ആദിവാസികളല്ലാത്തവരുടെയും എണ്ണം വർഷവും ജില്ലയും തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഈ കാലയളവിൽ വന്യമൃഗ ആക്രമണത്തിൽ കൊല്ലപ്പെട്ട എത്രപേർക്കാണ് ധനസഹായം ലഭ്യമാക്കിയിട്ടുള്ളത് എന്നറിയിക്കുമോ?

2015 മുതൽ 31-12-2024 വരെ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മരണപ്പെട്ടിട്ടുള്ളവരിൽ 939 പേരുടെ ആശ്രിതർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ധനസഹായം ലഭ്യമാക്കിയിട്ടില്ലാത്തവരുടെ എണ്ണം എത്രയാണ്; ഇവർക്ക് ധനസഹായം ലഭ്യമാക്കാതിരുന്നതിനുള്ള കാരണങ്ങൾ വിശദമാക്കുമോ?

38 പേരുടെ ആശ്രിതർക്ക് ധനസഹായം ലഭ്യമാക്കിയിട്ടില്ല. ഇവരിൽ ഒൻപത് അപേക്ഷകൾ അർഹമല്ലെന്നു കണ്ട് നിരസിച്ചിട്ടുള്ളതും 29 പേരുടെ അപേക്ഷകളിന്മേൽ മതിയായ രേഖകൾ സമർപ്പിക്കാത്തതിനാൽ ആശ്രിതർക്ക് ധനസഹായം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലാത്തതുമാണ്.

വന്യജീവി ആക്രമണം

202 (975) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 മുതൽ നാളിതുവരെ വന്യജീവി ആക്രമണങ്ങളിൽ എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും എത്രപേർ ചികിത്സയിലായിട്ടുണ്ടെന്നും

വ്യക്തമാക്കാമോ?

സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷംമൂലം 2016-17 മുതൽ 2024-25 (31-01-2025) വരെ മരണമടഞ്ഞവരുടെയും ചികിത്സയിലായവരുടേയും കണക്ക് വർഷം തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.+ കൂടാതെ വന്യജീവി വിഭാഗത്തിൽപ്പെടാത്ത കടന്നൽ/തേനീച്ച എന്നീ ജീവികൾ കാരണം 2019-20-ൽ രണ്ടുപേരും 2021-22-ൽ ഒരാളും 2022-23-ൽ 9 പേരും 2023-24-ൽ 18 പേരും 2024-25-ൽ (31-01-2025 വരെ) 12 പേരും മരണപ്പെട്ടിട്ടുണ്ട്.

(ബി) ഇവർക്കായി നാളിതുവരെ എത്ര രൂപ ധനസഹായമായി അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷംമൂലവും വന്യജീവി വിഭാഗത്തിൽപെടാത്ത കടന്നൽ/തേനീച്ച എന്നീ ജീവികളുടെ കുത്തേറ്റും മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്ക് പറ്റിയവർക്കുമായി 2016-17 മുതൽ 2024-25 (31-12-2024) വരെ ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് ആകെ 5288.92 ലക്ഷം രൂപ (അമ്പത്തിരണ്ട് കോടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എൺപത്തെട്ട് ലക്ഷത്തി തൊണ്ണൂറിരണ്ടായിരം രൂപ മാത്രം) ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

വന്യജീവി ആക്രമണം നേരിടാൻ ആർ.ആർ.ടി.

203 (976) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം രൂക്ഷമായതോടെ വനമേഖലയോടുചേർന്ന് താമസിക്കുന്ന ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വന്യജീവി ആക്രമണം തടയുന്നതിനും വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ഇറങ്ങി ജനങ്ങളുടെ ജീവന് ഭീഷണി ഉയർത്തുന്നതുമായ സാഹചര്യങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ; ആയത് എത്രത്തോളം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

(എ&ബി) വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്നുവരുന്നതിന് വിവിധ കാരണങ്ങളാണുള്ളത്. വന്യമൃഗ ഇടനാഴികളുടെയും

വനമേഖലയുടെയും ശിഥിലീകരണം, കാലാവസ്ഥാ വ്യതിയാനം, മാലിന്യനിക്ഷേപം, കാട്ടുതീ, വനമേഖലകളിലെ അശാസ്ത്രീയമായ ടൂറിസം പ്രവർത്തനങ്ങൾ/റോഡ് നിർമ്മാണം തുടങ്ങിയവ, ജനസാന്ദ്രത, വനമേഖലകളിൽ ജലത്തിന്റെയും ആഹാരത്തിന്റെയും ലഭ്യതക്കുറവ്, തെറ്റായ ഭൂവിനിയോഗം, വനമേഖലയോട് ചേർന്നുകിടക്കുന്ന ഭൂപ്രദേശത്തെ കൃഷി രീതി, ഭൂപ്രദേശത്തിന്റെ കിടപ്പ്, കളകളുടെ ആധിക്യം, വന്യമൃഗങ്ങളെ ആകർഷിക്കാൻ ഭക്ഷണ പദാർത്ഥങ്ങൾ നൽകുന്നത്, വനമേഖലയോട് ചേർന്നുപ്രവർത്തിക്കുന്ന അനധികൃത ഫാമുകൾ, പരിപാലിക്കാത്ത തോട്ടങ്ങൾ തുടങ്ങി വിവിധ കാരണങ്ങളാലാണ് വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് കടന്നുവരുന്നത്.

വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉണ്ടെന്ന് ഉറപ്പുവരുത്താനും വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് കടക്കാതിരിക്കാനും വനം വകുപ്പ് വിവിധ നടപടികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കിവരുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

1. വനമേഖലകളിൽ ജലലഭ്യത ഉറപ്പുവരുത്താനായി

വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ചെറുഡാമുകളും 574 വയലുകളും വാട്ടർഹോൾസ് തുടങ്ങി 308-ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ചുവരുന്നുണ്ട്.

2. വേനൽക്കാലത്ത് വനമേഖലയിൽ വന്യമൃഗങ്ങൾക്കാവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽതന്നെ സജ്ജീകരിക്കുന്നതിനുമായി 2025 ഫെബ്രുവരി 1 മുതൽ 'മിഷൻ ഫുഡ്, ഫോഡർ ആൻഡ് വാട്ടർ' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

3. വനത്തിനുള്ളിൽ ഭക്ഷണലഭ്യത ഉറപ്പുവരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്ത് ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനതുവൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ആയതിൻപ്രകാരം ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. വയനാട് ജില്ലയിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടികളും

പുരോഗമിച്ചുവരുന്നു. ഇതിനായി കേരള പേപ്പർ പ്രോഡക്ടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നബാർഡ്, ആർ.കെ.ഡി.പി. ഫണ്ടുകളും ചില സന്നദ്ധ സംഘടനകളുടെ സേവനവും ഉപയോഗിച്ചുവരുന്നു.

4. വന്യമൃഗങ്ങൾക്കാവശ്യമായ ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനായി വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിത മേഖലകളിൽ പുതിയ പുല്ല് മുളപ്പിക്കുന്നതിലേക്കായി അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തിവരുന്നുണ്ട്.

5. വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുള്ള പ്രവൃത്തികൾ വിവിധ ലാൻഡ്സ്കേപ്പുകളിൽ പുരോഗമിച്ചുവരുന്നു.

6. 'മിഷൻ സോളാർ ഫെൻസിങ് 2024' - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിങ്ങുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി 'മിഷൻ സോളാർ ഫെൻസിങ് 2024' എന്ന കർമ്മപദ്ധതി നടപ്പാക്കുകയുണ്ടായി. ടി പദ്ധതിപ്രകാരം 2024-25 വർഷത്തിൽ 848 കിലോ മീറ്റർ സോളാർ

ഫെൻസിങ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.

7. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കിലോ മീറ്റർ സോളാർ ഹാങ്ങിങ് ഫെൻസിങ്ങും 10 കിലോ മീറ്റർ റെയിൽ ഫെൻസിങ്ങും 0.11 കിലോ മീറ്റർ അയൺ ഫെൻസിങ്ങും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

8. പ്രതിരോധ നിർമ്മിതിയായ ആനക്കിടങ്ങ് (Elephant Proof Trench) 69.07 കിലോ മീറ്റർ ദൈർഘ്യത്തിലും 1.92 കിലോ മീറ്റർ ദൈർഘ്യത്തിൽ എലിഫന്റ് പ്രൂഫ് വാളും 1.58 കിലോ മീറ്റർ ദൈർഘ്യത്തിൽ സ്റ്റോൺ വാളും 2.09 കിലോ മീറ്റർ ദൈർഘ്യത്തിൽ ബൗണ്ടറി വാൾ/കയ്യാലയും വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് തടയുന്നതിന് നിർമ്മിച്ചിട്ടുള്ളതാണ്.

9. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ടാഞ്ച XXVII-ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമ്മിക്കുന്നതിനായി ലഭിച്ച 586.11 കോടി രൂപയുടെയും ടാഞ്ച XXIX-ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 കോടി രൂപയുടെയും പ്രവൃത്തികൾ നിർമ്മാണപുരോഗതിയിലാണ്.

10. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിങ്ങും പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിങ്ങും അന്തർസംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിങ്ങും നടത്തുന്നുണ്ട്.

11. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 ആർ.ആർ.ടി.-കളടക്കം സംസ്ഥാനത്തുടനീളം 28 ആർ.ആർ.ടി.-കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിങ്ങ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെവിടുന്നതിനും ആർ.ആർ.ടി.-കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.

12. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ആർ.ആർ.ടി.-കൾക്ക് സുരക്ഷാ ഉപകരണങ്ങൾ സംഭരിക്കൽ, ആയുധം ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങളുൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ

പ്രവൃത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

13. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും എ.ഐ. ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

14. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1-ൽനിന്നും ഷെഡ്യൂൾ 2-ലേക്ക് മാറ്റുന്നതിനുള്ള ശിപാർശ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കിവരികയാണ്.

15. ജനവാസമേഖലകളിൽ അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനായിട്ടുള്ള കാലാവധി

25-02-2024-ലെ സ.ഉ.(കൈ)നം.9/2024/വനം ഉത്തരവുപ്രകാരം 28-05-2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും നൽകാനായി അവരെ ഓണററി വൈൽഡ്-ലൈഫ് വാർഡനായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

16. പാമ്പുകൾമൂലമുള്ള അപകടം ഒഴിവാക്കുന്നതിന് 'സർപ്പ' എന്ന മൊബൈൽ ആപ്ലിക്കേഷനും 'സർപ്പ'-യിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രാം പ്രകാരം 2024-ൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

17. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചുവരുന്നുണ്ട്.

18. ജനവാസമേഖലയോടുചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

19. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവുമുണ്ടാക്കി കാട്ടിലേക്ക് തിരികെവിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

20. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതിപ്രകാരം

818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽനിന്ന് മാറിത്താമസിക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

21. വന്യജീവി സംഘർഷബാധിതർക്ക് നൽകുന്ന നഷ്ടപരിഹാര രീതി പരിഷ്കരിക്കുന്നതിനായി തയ്യാറാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

22. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ 'സംസ്ഥാന സവിശേഷ ദുരന്തമായി' പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധപ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിതഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാകുന്നു.

23. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗ്രതകരാക്കുന്നതിലേക്കായി ഏർളി

വാർണിങ് സിസ്റ്റം, എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

24. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

25. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

26. ജനവാസമേഖലകളിലും വിനോദസഞ്ചാരമേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

കേരളത്തിലെ മനുഷ്യ-വന്യമൃഗ സംഘർഷംമൂലമുള്ള മനുഷ്യമരണങ്ങളുടെ കഴിഞ്ഞ എട്ടുവർഷത്തെ കണക്കുകൾ പരിശോധിച്ചാൽ മരണസംഖ്യ ക്രമാനുഗതമായി കുറഞ്ഞുവരുന്നതായി കാണാവുന്നതാണ്. 2020 ആഗസ്റ്റിൽ ആരംഭിച്ച സർപ്പ ആപ്പിന്റെ പ്രവർത്തനം മുഖേന

സംസ്ഥാനത്ത് പാമ്പുകടിമൂലമുണ്ടാകുന്ന മരണങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2018-19 കാലയളവിൽ പാമ്പുകടിമൂലമുണ്ടായ മരണങ്ങൾ 123 ആയിരുന്നത് 2023-24 ആയപ്പോഴേക്കും 34 ആയി നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണങ്ങളിൽ അറുപത് ശതമാനത്തിലേറെയും വനത്തിനുപുറത്തുവച്ചുള്ള പാമ്പുകടിമൂലം സംഭവിച്ചിരുന്നതാണ്.

മേൽ നടപടികൾ ഫലപ്രദമാണെന്ന് വ്യക്തമാക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) എത്ര വനം ഡിവിഷനുകളിൽ സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) ഉണ്ടെന്ന് അറിയിക്കുമോ; വന്യമൃഗങ്ങൾ കാടിറങ്ങുന്ന സംഭവങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ മനുഷ്യ-വന്യജീവി സംഘർഷം പരമാവധി ലഘൂകരിക്കുന്നതിനായി മുഴുവൻ വനം ഡിവിഷനുകളിലും സ്ഥിരം ആർ.ആർ.ടി.-കൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

കേരളത്തിൽ പുതുതായി രൂപീകരിച്ച 9 ആർ.ആർ.ടി.-കൾ ഉൾപ്പെടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിലവിൽ 28 ആർ.ആർ.ടി.-കൾ വിന്യസിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

മുൻനിര വനപാലകരുടെയും ആർ.ആർ.ടി.കളുടെയും ഡിവിഷൻതല-സംസ്ഥാനതല കൺട്രോൾ റൂമുകളുടെയും ആധുനിക വിനിമയ മാർഗങ്ങളുടെയും പ്രതിരോധ സംവിധാനങ്ങളുടെയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഫലപ്രദമായ പ്രവർത്തനങ്ങൾ കാരണം വന്യമൃഗങ്ങൾ കാടിറങ്ങുന്ന സംഭവങ്ങൾ വർധിക്കുന്ന സാഹചര്യം നിലവിലില്ല. ആയതിനാൽ കൂടുതൽ ആർ.ആർ.ടി.-കൾ രൂപീകരിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിച്ചവർ

204 (977) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ നാലുവർഷത്തിനിടയിൽ വന്യജീവികളുടെ ആക്രമണത്തിൽ എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും എത്രപേർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്നും മണ്ഡലം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ 2020-21 മുതൽ 2023-24 വരെ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ മരണപ്പെട്ടവരുടേയും പരിക്കേറ്റവരുടേയും എണ്ണം വർഷവും മണ്ഡലവും തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും പരിക്കുപറ്റിയവരുടെ കുടുംബാംഗങ്ങൾക്കും സർക്കാർ നൽകിയ സഹായങ്ങൾ സംബന്ധിച്ച് മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ 2020-21 മുതൽ 2023-24 വരെ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്ക് പറ്റിയവർക്കും നൽകിയിട്ടുള്ള നഷ്ടപരിഹാരത്തിന്റെ വിവരം വർഷവും മണ്ഡലവും തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) വന്യജീവികളുടെ ആക്രമണംമൂലം കാസർഗോഡ് ജില്ലയിൽ സംഭവിച്ച കൃഷിനാശം എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; അതിന്റെ നഷ്ടപരിഹാരം ഇതിനകം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനെക്കുറിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ 2020-21 മുതൽ 2024-25 (31-01-2025) വരെ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണവും നഷ്ടപരിഹാരം നൽകിയിട്ടുള്ള അർഹമായ അപേക്ഷകളുടെ എണ്ണവും നഷ്ടപരിഹാരയിനത്തിൽ വിതരണം ചെയ്തിട്ടുള്ള തുകയും വർഷം തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.+ കൃഷിനാശത്തിന് ലഭിക്കുന്ന അപേക്ഷകളിൽ ആവശ്യമായ രേഖകൾ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് കാലതാമസം കൂടാതെതന്നെ നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) വന്യജീവി ആക്രമണത്തിൽനിന്നും നാടിനെയും നാട്ടുകാരെയും രക്ഷിക്കുന്നതിന് കാസർഗോഡ് ജില്ലയിൽ സ്വീകരിച്ചതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കാട്ടാന സാന്നിധ്യം കൂടുതലായി കാണപ്പെടുന്ന ഉദുമ, കാസർഗോഡ് നിയോജകമണ്ഡലങ്ങളിലെ ദേലംപാടി, മൂളിയാർ, ബെഡഡുക്ക, കുറ്റിക്കോൽ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാറഡുക്ക ഗ്രാമപഞ്ചായത്തുകളിൽ കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെയും കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെയും കൂടാതെ ആയതിനുകീഴിലുള്ള അഞ്ച് പഞ്ചായത്തുകളുടെയും സാമ്പത്തിക സഹായത്താൽ 'കാറഡുക്ക ആന പ്രതിരോധ പദ്ധതി' (KAAP) എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാനത്ത് ആദ്യമായി തയ്യാറാക്കുകയും കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വനാതിർത്തികളിൽ 29 കിലോമീറ്റർ സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കി അംഗീകരിച്ചിരുന്നു. ഇതിൽ 21.8 കിലോമീറ്റർ പ്രവൃത്തി 100.05 ലക്ഷം രൂപ ചെലവഴിച്ച് ഇതിനോടകം പൂർത്തിയാക്കുകയും കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ച XXIX പദ്ധതിയിലുൾപ്പെടുത്തി 32.5 കിലോമീറ്റർ സോളാർ തൂക്കുവേലി 279 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്നതിനും നബാർഡിന്റെ അനുമതി ഇതിനകം ലഭിക്കുകയും ആയതിൽ അഞ്ച് കിലോ മീറ്റർ സോളാർ ഫെൻസിങ് നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുമുണ്ട്. ബാക്കിയുള്ള പ്രവൃത്തികളുടെ തുടർനടപടികൾ പുരോഗമിച്ചുവരികയാണ്.

കൂടാതെ, പ്രവർത്തനക്ഷമത കുറവുള്ള വിവിധ വൈദ്യുതവേലികൾ 'മിഷൻ സോളാർ ഫെൻസിങ്ങിന്റെ' ഭാഗമായി അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ കുടിവെള്ളം ലഭിക്കുന്നതിന് ജില്ലാതലത്തിൽ 'വനനീര്' എന്നുള്ള പദ്ധതി ആംഭിക്കുകയും 70-ഓളം ജലസ്രോതസ്സുകൾ ജിയോടാഗ് ചെയ്യുകയും നിലവിൽ 18-ഓളം ചെറിയ ചെക്ക് ഡാമുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

പുള്ളിപ്പുലികൾ കാണപ്പെട്ട പഞ്ചായത്തുകളിൽ അടിയന്തരമായി ജനജാഗ്രതാ സമിതികൾ വിളിച്ചുകൂട്ടുകയും ജനങ്ങളുടെ സുരക്ഷയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി രണ്ട് കൂടുകൾ വാങ്ങുകയും ടി പ്രദേശങ്ങളിൽ നിലവിൽ കൂടുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വി.എസ്.എസ്., ആർ.ആർ.ടി., പ്രദേശവാസികൾ എന്നിവരുടെ സഹകരണത്തോടെ സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കുകയും മൂളിയാർ പഞ്ചായത്തിലെ വനാതിർത്തിയിലെ സ്കൂളുകളിൽ ആവശ്യമായ ജാഗ്രതാ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ ബോവിക്കാനത്ത്

പ്രവർത്തിക്കുന്ന ദ്രുതകർമ്മസേന രാത്രിയും പകലും പ്രത്യേകമായ പട്രോളിങ്ങ് നടത്തിവരികയും വനമേഖലയിലുള്ള റോഡുകളിൽ സജീവമായ ശ്രദ്ധചെലുത്തിക്കൊണ്ട് പ്രവർത്തിക്കുകയും ചെയ്തുവരുന്നുണ്ട്.

പുലിഭീതി നിലനിൽക്കുന്ന സ്ഥലങ്ങളിൽ യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സുരക്ഷയ്ക്കായി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഡ്രോൺ ഉപയോഗിച്ച് രാത്രികാല നിരീക്ഷണം നടത്തിവരുന്നുണ്ട്.

വനാതിർത്തി പ്രദേശങ്ങളിൽ ജനജാഗ്രതാ സമിതികൾ സമയബന്ധിതമായി വിളിച്ചുചേർക്കുകയും വാട്ട്സാപ്പ് ഗ്രൂപ്പ് കൂട്ടായ്മകൾ രൂപീകരിച്ചും ക്യാമറ ട്രാപ്പ്, ജി.പി.എസ്. മുതലായ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിയും ആർ.ആർ.ടി. ഉൾപ്പെടെയുള്ള വനസംരക്ഷണ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തി ജനവാസ മേഖലയിലെ വന്യമൃഗ സാന്നിധ്യം പരമാവധി ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. കാസർഗോഡ് റെയിഞ്ചിലെ വന്യമൃഗങ്ങളുടെ നിരീക്ഷണത്തിനും പരിപാലനത്തിനുമായി ഉദുമ മണ്ഡലത്തിലെ പുലിപ്പറമ്പ് ഏരിയയിൽ ഒരു വാച്ച് ടവർ, എ.ഐ.

ക്യാമറ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം വന്യജീവികളെ നിരീക്ഷിക്കുന്നതിനും വിവിധ വനസംരക്ഷണ പ്രവർത്തനങ്ങൾക്കുമായി ഒരു ഡ്രോൺ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 11.95 ലക്ഷം രൂപയ്ക്ക് വാങ്ങുകയും ആയതിന്റെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ മനുഷ്യ-വന്യമൃഗ സംഘർഷം സംസ്ഥാന പ്രത്യേക ദുരന്തമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി ജില്ലാതലത്തിൽ കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ വന്യജീവി ആക്രമണംമൂലം കൃഷിനാശം തടയുന്നതിനും കർഷകരെ സംരക്ഷിക്കുന്നതിനുമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആർ.കെ.വി.വൈ.-ഹ്യൂമൺ വൈൽഡ് ലൈഫ് കോൺഫ്ലിക്ട് പദ്ധതി എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കുകയും ആയതുപ്രകാരം കാസർഗോഡ് നിയോജകമണ്ഡലത്തിലെ കാറഡുക്ക ബ്ലോക്കിലെ ബെള്ളൂർ പഞ്ചായത്തിൽ ഉദ്ദേശം 37 ലക്ഷം രൂപ ചെലവിൽ 9 കിലോമീറ്റർ സൗരോർജവേലി നിർമ്മിക്കുന്നതിന് കൃഷി വകുപ്പിന് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുമുണ്ട്.

വന്യജീവി ആക്രമണങ്ങൾക്കുള്ള നഷ്ടപരിഹാരം

205 (978) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങൾക്ക് ഇരയാവുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തിന്റെ കണക്കുകൾ വിശദമാക്കുമോ; ഇതിനാധാരമായ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ കൂടി നൽകാമോ?

വന്യജീവികൾമൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05-04-2018-ലെ സ.ഉ.(കൈ)നമ്പർ17/2018/വനം, 25-10-2022-ലെ സ.ഉ.(കൈ)നമ്പർ 50/2022/വനം, 20/01/2024-ലെ സ.ഉ.(കൈ)നമ്പർ 03/2024/വനം എന്നീ ഉത്തരവുകൾപ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നു. ടി ഉത്തരവുകൾപ്രകാരം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ

അവകാശികൾക്ക് 10 ലക്ഷം രൂപയാണ് നൽകിവരുന്നത്. വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റും തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റുമുണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി 2 ലക്ഷം രൂപയും നൽകിവരുന്നു. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സക്ക് ചെലവാകുന്ന യഥാർത്ഥ തുക, പരമാവധി ഒരു ലക്ഷം രൂപ വരെയും അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ യഥാർത്ഥ ചികിത്സാച്ചെലവ് മുഴുവനായും അനുവദിച്ചുവരുന്നു.

സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) കഴിഞ്ഞ അഞ്ചുവർഷത്തിനിടെ സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളിൽ പരിക്കേറ്റവരുടെയും കൊല്ലപ്പെട്ടവരുടെയും ആകെ കണക്കുകൾ വിശദമാക്കുമോ; ഇതിനായി എത്ര തുക നഷ്ടപരിഹാരമായി വിതരണം ചെയ്തുവെന്നും ഇനി വിതരണം ചെയ്യാനുള്ള തുകയെത്രയെന്നും വ്യക്തമാക്കാമോ?

കഴിഞ്ഞ അഞ്ചുവർഷത്തിനിടെ സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംഘർഷത്തിൽ 419 പേർ മരണപ്പെടുകയും 5859 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 301 പേർ വനത്തിനുപുറത്ത് ജനവാസ മേഖലയിൽവച്ച് പാമ്പുകടിയേറ്റ് മരിച്ചതാണ്. മനുഷ്യ-വന്യജീവി സംഘർഷംമൂലവും വന്യജീവി വിഭാഗത്തിൽപ്പെടാത്ത കടന്നൽ/തേനീച്ച എന്നീ ജീവികളുടെ കുത്തേറ്റും മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്ക് പറ്റിയവർക്കുമായി 2020-21 മുതൽ 2024-25 (31-12-2024) വരെ ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് ആകെ 3414.26 ലക്ഷം രൂപ (മുപ്പത്തിനാല് കോടി പതിനാല് ലക്ഷത്തി ഇരുപത്താറായിരം രൂപ മാത്രം) ധനസഹായമായി അനുവദിച്ചിട്ടുണ്ട്. അർഹമായ നഷ്ടപരിഹാരം തിട്ടപ്പെടുത്തിയതിൽ ഇനി 371.921 ലക്ഷം രൂപ നൽകാനുണ്ട്. മതിയായ രേഖകൾ ലഭ്യമാക്കുന്നമുറയ്ക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(സി) വന്യജീവി ആക്രമണത്തിൽപ്പെട്ട് ആജീവനാന്തം കിടപ്പുരോഗികളായിത്തീർന്നവർക്ക് അധികമായി എന്തെങ്കിലും നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ടോ; ഇപ്രകാരമുള്ള എത്രപേരുണ്ടെന്ന കണക്കുകൾ നൽകാമോ?

മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ സ്ഥായിയായ അംഗവൈകല്യം സംഭവിച്ചവർക്ക് രണ്ടുലക്ഷം രൂപ നഷ്ടപരിഹാരമായി വനം വകുപ്പ് നൽകുന്നുണ്ട്. എന്നാൽ ആജീവാനന്തം കിടപ്പുരോഗികളായിത്തീർന്നവർക്ക് അധികമായി നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ഇപ്രകാരമുള്ളവരുടെ കണക്ക് വകുപ്പിൽ സൂക്ഷിക്കുന്നില്ല.

(ഡി) വന്യജീവി ആക്രമണങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്നാണ്; ആയത് പരിഷ്കരിക്കുന്നതിനുള്ള തീരുമാനമുണ്ടോ; വന്യജീവി ആക്രമണത്തിൽപ്പെട്ട് ആജീവനാന്തം കിടപ്പുരോഗികളായിത്തീർന്നവർക്ക് നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് നൽകുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കാമോ?

05-04-2018-ലെ സ.ഉ.(കൈ)നം.17/2018/വനം ഉത്തരവുപ്രകാരമാണ് നഷ്ടപരിഹാരത്തുക അവസാനമായി പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുക പരിഷ്കരിക്കുന്നതിനായി 20-01-2024-ലെ KFDHQ/321/2024-CWW/WL-11 നമ്പർ കത്തുപ്രകാരമുള്ള പ്രൊപ്പോസലും നഷ്ടപരിഹാര രീതികൾ ദുരന്തനിവാരണ അതോറിറ്റിയുടെ വ്യവസ്ഥകൾക്കുടി

കണക്കിലെടുത്ത് കാലോചിതമായി പരിഷ്കരിക്കുന്നതിനുമായി 31-12-2024-ലെ KFDHQ/1268/2024-CWW/WL11 നമ്പർ കത്തുപ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമർപ്പിച്ച പ്രൊപ്പോസലും സർക്കാരിൽ പരിശോധനയിലാണ്.

ഏറനാട് നിയോജകമണ്ഡലത്തിലെ വന്യമൃഗശല്യം

206 (979) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജകമണ്ഡലത്തിലെ രൂക്ഷമായ വന്യമൃഗശല്യം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

നിലമ്പൂർ നോർത്ത് വനം ഡിവിഷന്റെ പരിധിയിലുള്ള ഏറനാട് നിയോജകമണ്ഡലത്തിൽ 7 കിലോ മീറ്റർ സോളാർ ഹാങ്ങിങ് ഫെൻസിങ് പ്രവൃത്തി നബാർഡ് പദ്ധതിപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. 7.5 കിലോ മീറ്റർ സോളാർ ഫെൻസിങ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ ചെയ്തുവരുന്നു. ജനവാസമേഖലയിൽ ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേക്ക്

തിരികെ അയക്കുന്നതിന് വാച്ചർമാരുടെയും ആർ.ആർ.ടി. സ്റ്റാഫിന്റെയും മുഴുവൻ സമയസേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എത്ര തുക അനുവദിച്ചുവെന്നും എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തതെന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ ഏറനാട് നിയോജകമണ്ഡലത്തിൽ നബാർഡ് പദ്ധതിപ്രകാരം പൂർത്തിയാക്കിയ 7 കിലോ മീറ്റർ സോളാർ ഹാങ്ങിങ് ഫെൻസിങ്ങിനുവേണ്ടി 57.4 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും ഫെൻസിങ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

(സി) നിലമ്പൂർ നോർത്ത് ഡിവിഷനിലെ വഴിക്കടവ് പുഞ്ചക്കൊല്ലി എന്ന സ്ഥലത്തുവച്ച് വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ കരുളായി പുലിമുണ്ട നഗർ ആദിവാസി കോളനിയിലെ കാട്ടുനായിക്കൻ വിഭാഗത്തിൽപ്പെട്ട ശ്രീ. സുരേഷ് എന്നയാളിന് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നഷ്ടപരിഹാരം നൽകാത്തതിന്റെ കാരണം എന്താണെന്നും അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിന് നടപടി

സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

നഷ്ടപരിഹാരം നൽകിയിട്ടില്ല. ടിയാനെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഔദ്യോഗിക വാഹനത്തിലാണ് ആശുപത്രിയിലെത്തിച്ചത് എന്നതിനാൽ യാത്രയുടെ ആവശ്യാർഥം മറ്റുവാഹനങ്ങളൊന്നും ഉപയോഗിക്കേണ്ടിവന്നിട്ടില്ലാത്തതും അതിനാൽതന്നെ യാത്രാച്ചെലവൊന്നും ഉണ്ടായിട്ടില്ലാത്തതുമാണ്. കൂടാതെ സർക്കാർ ആശുപത്രിയിൽ ടിയാന്റെ ചികിത്സ തീർത്തും സൗജന്യമായിരുന്നതിനാൽ മെഡിക്കൽ ബില്ലുകളും ഉണ്ടായിരുന്നില്ല. എന്നാൽ ടിയാന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനുള്ള അപേക്ഷയിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

വന്യജീവി ആക്രമണം നഷ്ടപരിഹാരത്തുക വർധിപ്പിക്കാൻ നടപടി

207 (980) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ വന്യജീവി ആക്രമണത്തിൽ മരിച്ചവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ മരിച്ചവരുടെയും ഗുരുതരമായി പരിക്കേറ്റവരുടേയും എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഇക്കാലയളവിൽ വന്യജീവി ആക്രമണങ്ങൾമൂലം കർഷകർക്ക് സംഭവിച്ചിട്ടുള്ള കൃഷിനാശം, വന്യജീവികളുടെ ആക്രമണത്തിൽ വളർത്തുമൃഗങ്ങൾ കൊല്ലപ്പെട്ടതുമൂലമുണ്ടായ നാശനഷ്ടം എന്നിവ എത്രയെന്ന് അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നഷ്ടപരിഹാരം കർഷകർക്ക് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഇക്കാലയളവിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിച്ചിട്ടുള്ള വളർത്തുജീവികൾ നഷ്ടപ്പെട്ടതിനും കൃഷിനാശത്തിനും അനുവദിച്ചിട്ടുള്ള നഷ്ടപരിഹാരത്തെക്കുറിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) വന്യജീവി ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനും ജനവാസമേഖലകളിൽ പ്രവേശിക്കുന്ന വന്യമൃഗങ്ങളെ എത്രയും വേഗം കാടുകയറ്റുന്നതിനും പര്യാപ്തമാകുന്നവിധത്തിൽ കൂടുതൽ ക്വിക്ക് റിയാക്ഷൻ ടീമുകൾ രൂപീകരിക്കുന്നതിനും കൂടുതൽ വാഹനങ്ങളും അത്യാധുനിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംവിധാനങ്ങളുമടക്കം അവർക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് പ്രവർത്തിച്ചുവന്നിരുന്ന ദ്രുതകർമ്മസേനകൾക്കുപുറമെ 31-05-2024-ലെ സ.ഉ.(കൈ)നം.23/2024/വനം ഉത്തരവുപ്രകാരം ഒൻപത് ഫോറസ്റ്റ് ഡിവിഷനുകളിൽകൂടി പുതുതായി ദ്രുതകർമ്മസേനകൾ (ആർ.ആർ.ടി.) രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവാകുകയും ആയതുപ്രകാരം പുതിയ ആർ.ആർ.ടി.-കൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടുകൂടി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ആർ.ആർ.ടി.-കളുടെ എണ്ണം ആകെ 28 ആയിട്ടുണ്ട്.

വന്യജീവികൾ ജനവാസമേഖലകളിലേക്ക് എത്തിച്ചേരുന്ന സാഹചര്യങ്ങളിൽ സംഘർഷ നിവാരണത്തിനായി വിദഗ്ധ പരിശീലനം നേടി മുൻനിരയിൽനിന്നും പ്രവർത്തിക്കുന്നവരാണ് ദ്രുതകർമ്മ സേനകൾ (ആർ.ആർ.ടി.-കൾ). സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 28 ആർ.ആർ.ടി.-കളുടെ ആധുനികവൽക്കരണത്തിനായി 3 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ എസ്.ഡി.എം.എ.-ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ആധുനിക ഉപകരണങ്ങളുൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, സുരക്ഷാ ഉപകരണങ്ങൾ സംഭരിക്കൽ, കൂടുകളും ആയുധങ്ങളും ലഭ്യമാക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവൃത്തികളാണ് ടി പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടുതൽ ആർ.ആർ.ടി.-കൾ രൂപീകരിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ഡി) വന്യജീവി ആക്രമണത്തിൽ മരിക്കുന്നവർക്കും ഗുരുതരമായി പരിക്കേൽക്കുന്നവർക്കുമുള്ള നഷ്ടപരിഹാരത്തുക വർധിപ്പിക്കുന്നതിനും പരിക്കേറ്റവർക്ക് സ്വകാര്യ ആശുപത്രികളിലടക്കം സൗജന്യ വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതിനും അടിയന്തരനടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

17-11-2014-ലെ സ.ഉ.(കൈ)നം.96/2014/വനം ഉത്തരവുപ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് അഞ്ചുലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകിവരുന്നത്. എന്നാൽ 05-04-2018-ലെ സ.ഉ. (കൈ)നം.17/2018/വനം ഉത്തരവുപ്രകാരം പ്രസ്തുത നഷ്ടപരിഹാരത്തുക

ഇരട്ടിയാക്കി 10 ലക്ഷം രൂപയായി വർധിപ്പിക്കുകയും നിലവിൽ വർധിപ്പിച്ച തുക നൽകിവരികയും ചെയ്യുന്നു.

വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റും തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റുമുണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി രണ്ടുലക്ഷം രൂപയും നൽകിവരുന്നു. കൂടാതെ നിലവിലെ നഷ്ടപരിഹാര രീതികൾ ദുരന്തനിവാരണ അതോറിറ്റിയുടെ വ്യവസ്ഥകൾകൂടി കണക്കിലെടുത്ത് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ വൈൽഡ് ലൈഫ് വാർഡൻ ലഭ്യമാക്കുകയുണ്ടായി. ആയത് നിലവിൽ പരിശോധനയിലാണ്.

ചികിത്സാച്ചെലവ് അനുവദിക്കുന്നതിന് സർക്കാർ സിവിൽ സർജന്റെ സാക്ഷ്യപത്രം ആവശ്യമാണെന്ന നിബന്ധന, രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറുടെ സാക്ഷ്യപത്രം എന്ന് ലഘൂകരിച്ചിട്ടുണ്ട്. ഇതോടുകൂടി ചട്ടപ്രകാരം ചികിത്സാസഹായം നൽകുന്നതിന് സർക്കാർ, സ്വകാര്യ ആശുപത്രി ഭേദവ്യത്യാസം ഇല്ലാതാകുന്നു.

വാമനപുരം നിയോജകമണ്ഡലത്തിലെ വന്യമൃഗശല്യം

208 (981) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പാലോട് ഫോറസ്റ്റ് റെയിഞ്ചിന്റെ ദ്രുതകർമ്മസേന (ആർ.ആർ.ടി.) മുഖാന്തരം ജനവാസമേഖലയിൽനിന്നും പിടിച്ച് സുരക്ഷിതമേഖലയിലേക്ക് മാറ്റിയ വന്യജീവികളുടെ വിവരങ്ങൾ വർഷാടിസ്ഥാനത്തിൽ ഇനംതിരിച്ച് ലഭ്യമാക്കാമോ?

2023-ൽ പാലോട് ആർ.ആർ.ടി. നിലവിൽ വന്നതിനുശേഷം 31-01-2025 വരെ 39 ഇനങ്ങളിൽപ്പെട്ട 1507 വന്യജീവികളെ ജനവാസമേഖലയിൽനിന്നും പിടികൂടി സുരക്ഷിത ആവാസവ്യവസ്ഥയിൽ തുറന്നുവിട്ടിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) വാമനപുരം നിയോജകമണ്ഡലത്തിലെ വനമേഖലയോടുചേർന്ന ജനവാസമേഖലകളിൽ അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന കുരങ്ങുശല്യം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. ജനവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും അതിജീവനത്തിനും ഭീഷണിയാകുന്ന കുരങ്ങുകളെ കൂട് വച്ചോ ഡ്രോപ് നെറ്റ് ഉപയോഗിച്ചോ ആർ.ആർ.ടി. അംഗങ്ങളും മറ്റ് വനപാലകരും പിടികൂടി സുരക്ഷിതമായ ആവാസവ്യവസ്ഥയിലേക്ക് മാറ്റുന്നുണ്ട്. കേരളത്തിൽ കൂടിവരുന്ന നാടൻ കുരങ്ങുകളെയും (Macaca radiata) മറ്റ് ഉപദ്രവകാരികളായ വന്യജീവികളെയും ഫലപ്രദമായി നിയന്ത്രിക്കുന്നതിന് 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലും ബന്ധപ്പെട്ട ചട്ടങ്ങളിലും നടപടിക്രമങ്ങളിലും കാലോചിതമായ ഭേദഗതി വരുത്തുന്നതിനായുള്ള പ്രൊപ്പോസൽ സംസ്ഥാന സർക്കാർ 06-01-2025 -ന് ഡി2/242/2024-വനം കത്തുപ്രകാരം കേന്ദ്രസർക്കാരിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ പല ഭാഗങ്ങളിലും കുരങ്ങുശല്യം വർധിച്ചുവരുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. കേരളത്തിലെ നാടൻ കുരങ്ങുകളെ (Macaca radiata) നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി

(സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1-ൽനിന്നും ഷെഡ്യൂൾ 2-ലേക്ക് മാറ്റുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കാൻ തയ്യാറാക്കിവരുന്നു.

(സി) വന്യജീവികൾ നാട്ടിലിറങ്ങി കാർഷികവിളകൾ നശിപ്പിക്കുന്നത് ഒഴിവാക്കുന്നതിനായി വനത്തിനുള്ളിൽ അവയ്ക്ക് ഭക്ഷണവും വെള്ളവും ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ആവിഷ്കരിച്ചിട്ടുണ്ട്. വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉണ്ടെന്ന് ഉറപ്പുവരുത്താൻ വിവിധ നടപടികൾ വനം വകുപ്പ് ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കിവരുന്നുണ്ട്. വനമേഖലകളിൽ ജലലഭ്യത ഉറപ്പുവരുത്താനായി വനത്തിൽ വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ചെക്ക്ഡാമുകളും 574 വയലുകളും വാട്ടർഹോൾസ് തുടങ്ങി 308-ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച്

പരിപാലിച്ചുവരുന്നുണ്ട്.

വേനൽക്കാലത്ത് വനമേഖലയിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽതന്നെ സജ്ജീകരിക്കുന്നതിനുമായി 2025 ഫെബ്രുവരി 1 മുതൽ 'മിഷൻ ഫുഡ്, ഫോഡർ ആൻഡ് വാട്ടർ' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കേരളത്തിൽ മുഴുവനും നടപ്പാക്കിവരുന്നുണ്ട്. വനത്തിനുള്ളിൽ ഭക്ഷണലഭ്യത ഉറപ്പുവരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്ത് ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനതുവൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ആയതിൻപ്രകാരം ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

വന്യമൃഗങ്ങൾക്കാവശ്യമായ ഭക്ഷണലഭ്യത ഉറപ്പു വരുത്തുന്നതിലേക്കായി വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിത മേഖലകളിൽ പുതിയ പുൽനാമ്പുകൾ മുളപ്പിക്കുന്നതിലേക്കായി അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തിവരുന്നുണ്ട്.

വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ വയനാട് ജില്ലയിലെ നൂറിമുപ്പതോളം വയലുകൾ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പരിചരിക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്.

വനാതിർത്തികളിലെ വന്യജീവി ആക്രമണങ്ങൾ

209 (982) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തികളിൽ വന്യജീവി ആക്രമണങ്ങൾ വർധിച്ചുവരുന്നതും തന്മൂലം നിരവധി മനുഷ്യർക്ക് ജീവാപായമുണ്ടാകുന്നു എന്നുമുള്ള ഗുരുതര സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കഴിഞ്ഞ 10 വർഷത്തെ മനുഷ്യ-വന്യമൃഗ സംഘർഷങ്ങളുടെ കണക്ക് പരിശോധിച്ചാൽ മരണനിരക്ക് കുറഞ്ഞുവരുന്നതായി കാണാവുന്നതാണ്.

അതിൽ, മനുഷ്യ-വന്യമൃഗ സംഘർഷംമൂലമുണ്ടായ മരണങ്ങളിൽ ഏറ്റവും കൂടുതലായിട്ടുള്ളത് വനത്തിനുപുറത്തുവച്ച് പാമ്പുകടിയേറ്റുള്ള മരണങ്ങളാണ് (ഏകദേശം 70 ശതമാനം). വനത്തിനുപുറത്ത് പാമ്പ്, തേനീച്ച, കടന്നൽ എന്നിവമൂലമുള്ള അപകടങ്ങളൊക്കെ വന്യമൃഗ സംഘർഷം എന്ന ഗണത്തിൽ ഉൾപ്പെടുത്തുന്നതിനാലാണ് മനുഷ്യ-വന്യമൃഗ സംഘർഷംമൂലമുള്ള മരണനിരക്ക് ഇത്ര കൂടുതലായി ചിത്രീകരിക്കപ്പെടുന്നത്. പാമ്പുകടിയേറ്റുള്ള മരണങ്ങളിൽ ഭൂരിഭാഗവും ജനവാസമേഖലയിൽ വച്ചുണ്ടായിട്ടുള്ളതാണ്. എന്നാൽ കാട്ടാനയും (20%) കടുവയും (0.98%) കാരണമുണ്ടായ അപകടങ്ങൾ ഏറിയപങ്കും വനത്തിനുള്ളിൽ വച്ചുണ്ടായവയാണ്.

(ബി) മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് ഒരുപരിധിവരെ കാരണമാകുന്ന വനങ്ങളിലെ അധിനിവേശ സസ്യങ്ങളും ദോഷകരമായ വൃക്ഷങ്ങളും ഒഴിവാക്കുന്നതിന് ഈ സർക്കാർ വന്നശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച് 17-12-2021-ലെ സ.ഉ.(കൈ)നം.29/2021/വനം ഉത്തരവുപ്രകാരം നയരേഖ അംഗീകരിച്ച്

പുറപ്പെടുവിച്ചിട്ടുള്ളതാണ്. പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും കാലികപ്രാധാന്യം നഷ്ടപ്പെട്ടതുമായ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഒറിക്കിലിഫോർമിസ്, അക്കേഷ്യ-മാഞ്ചിയം തുടങ്ങിയ വിദേശയിനം ഏകവിള തോട്ടങ്ങളും പരാജിത തേക്ക് തോട്ടങ്ങളും സെന്ന, വാറ്റിൽ പോലുള്ള അധിനിവേശ സസ്യങ്ങളും ഘട്ടംഘട്ടമായി നീക്കം ചെയ്ത് തദ്ദേശീയ ഇനത്തിൽപ്പെട്ട മരങ്ങളും ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിക്കുകയും അതുവഴി വനങ്ങളുടെ സ്വാഭാവികത പുനഃസ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി 1583.85 ഹെക്ടർ പ്രദേശത്ത് പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതും 5031 ഹെക്ടർ പ്രദേശത്ത് പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ ചെയ്തുവരുന്നതുമാണ്. വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾ വിവിധ ലാൻഡ്സ്കേപ്പുകളിൽ പുരോഗമിച്ചുവരുന്നു.

ജൈവവൈവിധ്യത്തിന് ഭീഷണിയായി മാറിയിട്ടുള്ള അധിനിവേശ

സസ്യങ്ങളായ സെന്ന ഉൾപ്പെടെയുള്ളവ നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനത്തിനുള്ളിൽ ഭക്ഷണലഭ്യത ഉറപ്പുവരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്ത് ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനതുവൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ആയതിൻപ്രകാരം ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

(സി) വന്യജീവി ആക്രമണങ്ങളിൽനിന്നും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും വന്യജീവികളെ സംരക്ഷിക്കാനുമായുള്ള മാസ്റ്റർപ്ലാൻ നടപ്പിലാക്കൽ പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദമാക്കുമോ?

സംസ്ഥാനത്താകെ 273 പഞ്ചായത്തുകൾ മനുഷ്യ-വന്യമൃഗ സംഘർഷ ബാധിതപ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായി അനുഭവപ്പെടുന്നവയാണ്. മനുഷ്യ-

വന്യമൃഗ സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻഡ്സ്കേപ്പുകളെ ഹോട്ട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കിവരികയുമാണ്. കൂടാതെ ലാൻഡ്സ്കേപ്പുതല പ്ലാനുകൾ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 21-10-2024-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ഓരോ വർഷവും എത്ര വന്യജീവി ആക്രമണങ്ങൾ രജിസ്റ്റർ ചെയ്തു; എത്രപേർ ആക്രമണത്തിനിരയായി; എത്രപേർക്ക് ജീവഹാനി സംഭവിച്ചു; എത്ര ഹെക്ടർ കൃഷി നശിപ്പിച്ചു; ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും ജില്ലതിരിച്ചുള്ള വിവരം പട്ടികകളായി അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഭൂരിഭാഗം വിളകൾക്കും നഷ്ടപരിഹാരം അനുവദിക്കുന്നത് നശിപ്പിക്കപ്പെട്ട വിളകളുടെ എണ്ണത്തിന്റെയടിസ്ഥാനത്തിലായതിനാൽ കൃഷിഭൂമിയുടെ കൃത്യമായ വിസ്തൃതി ലഭ്യമല്ല.

കാട്ടാന ആക്രമണം

210 (983) ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടാന ആക്രമണം വർധിച്ചുവരുന്ന സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നിലമ്പൂർ മുത്തേടത്ത് കാട്ടാന ആക്രമണത്തിൽ സരോജിനി എന്ന സ്ത്രീയും കുരുളായിയിൽ മണി എന്ന ആദിവാസി യുവാവും കോതമംഗലത്ത് ക്ലാച്ചേരി സ്വദേശി കൊടിയാട്ട് എൽദോസും ആൻമേരിയുമടക്കം നിരവധി പേർ കാട്ടാന ആക്രമണത്തിൽ കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ മരിച്ച സംഭവങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) കഴിഞ്ഞ മൂന്നുവർഷത്തെ കണക്കുകൾ പരിശോധിച്ചാൽ

മുൻകാലങ്ങളെയപേക്ഷിച്ച് കാട്ടാനമൂലമുള്ള അപകടമരണം കുറഞ്ഞുവരുന്നതായി കാണാവുന്നതാണ്. പ്രസ്തുത കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+ എന്നിരുന്നാലും ഇത്തരം നിർഭാഗ്യകരമായ മരണങ്ങൾ സർക്കാർ ഗൗരവമായി കാണുകയും ഇത്തരത്തിലുള്ള അപകടങ്ങൾ സംഭവിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(സി) സംസ്ഥാനത്ത് കാട്ടാന ആക്രമണം തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ജനവാസമേഖലകളിൽ കാട്ടാനയിറങ്ങുന്നത് തടയുന്നതിനായി സോളാർ ഫെൻസിങ്, സോളാർ ഹാങ്ങിങ് ഫെൻസിങ്, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിൽ തുടങ്ങിയവ സ്ഥാപിക്കുകയും അവയുടെ പരിപാലന പ്രവർത്തനങ്ങളും ചെയ്തുവരുന്നു. പ്രശ്നമേഖലകളിൽ ഫ്ലിക്കറിങ് ലൈറ്റുകൾ സ്ഥാപിക്കുന്നുണ്ട്. ദ്രുതകർമ്മസേനകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥിരം ജീവനക്കാർക്ക് പുറമേ താൽക്കാലിക വാച്ചർമാരെയും നിയോഗിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

തദ്ദേശവാസികളും ജനപ്രതിനിധികളും വനം വകുപ്പുദ്യോഗസ്ഥരും ചേർന്ന് ജനജാഗ്രതാ സമിതികൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷമുള്ളതും വനത്താൽ ചുറ്റപ്പെട്ടതുമായ സ്ഥലങ്ങളിൽ താമസിക്കുന്ന ജനങ്ങളെ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സ്വയംസന്നദ്ധ പുനരധിവാസത്തിന്റെ ഭാഗമായി മാറ്റിപ്പാർപ്പിച്ചുവരുന്നു. കാട്ടാനകൾ സ്ഥിരമായി ഇറങ്ങുന്ന മേഖലകളിൽ വനസംരക്ഷണ ജീവനക്കാർ രാത്രികാല പട്രോളിങ് നടത്താറുള്ളതും കൂടാതെ കാട്ടാന സാന്നിധ്യം സ്ഥിരീകരിച്ചാൽ വിവരം നാട്ടുകാരെ അറിയിക്കുകയും അതുമൂലം അപകടം പരമാവധി ഒഴിവാക്കുകയും ചെയ്തുവരുന്നു. ജനവാസമേഖലകളിൽ ഇറങ്ങുന്ന ആനകളെ തിരികെ വനത്തിലേക്കയക്കുന്നതിന് ആർ.ആർ.ടി.-കളുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു. എസ്.എം.എസ്. അലർട്ട് സിസ്റ്റം, തദ്ദേശീയരായ ജനങ്ങളെ ഉൾപ്പെടുത്തി വാട്ട്സാപ്പ് ഗ്രൂപ്പ് വാണിങ് സിസ്റ്റം എന്നിവയും ഏർപ്പെടുത്തിയിട്ടുള്ളതാണ്. കാട്ടാനയടക്കമുള്ള വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്കിറങ്ങുന്നത് കുറയ്ക്കാനായി വനത്തിനകത്ത് തീറ്റയും വെള്ളവും ഉറപ്പുവരുത്തുന്നതിനായി നടപടികൾ

സ്വീകരിച്ചുവരുന്നു.

വന്യജീവി ആക്രമണം തടയാൻ നടപടി

211 (984) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങൾ വർധിച്ചുവരുന്ന ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ കഴിഞ്ഞ അഞ്ചുവർഷം മരണപ്പെട്ടവരുടെ കണക്ക് പരിശോധിച്ചാൽ മനുഷ്യ-വന്യമൃഗ സംഘർഷം കുറഞ്ഞുവരികയാണെന്ന് കാണാൻ കഴിയും. കഴിഞ്ഞ അഞ്ചുവർഷം മരണപ്പെട്ടവരിൽ 55 ശതമാനം ആളുകൾ (230 പേർ) വനത്തിനുപുറത്ത് പാമ്പുകടിയേറ്റാണ് മരിച്ചിട്ടുള്ളത്. 2020 ആഗസ്റ്റിൽ വനം വകുപ്പ് 'സർപ്പ' ആപ്പ് പ്രവർത്തനക്ഷമമാക്കിയതിനുശേഷം വനത്തിനുപുറത്ത് പാമ്പുകടിയേറ്റുള്ള മരണം നാലിലൊന്നായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം (2023-24) 1603 പേർക്ക് പരിക്ക് പറ്റിയ സ്ഥാനത്ത് ഈ സാമ്പത്തിക വർഷം (31-01-2025 വരെ) 296 പേർക്കാണ് പരിക്ക് പറ്റിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) ജനവാസമേഖലകളും വനവും തമ്മിൽ വേർതിരിക്കുന്നതിന് ഭിത്തി, വേലി എന്നിവ നിർമ്മിക്കുന്നതിനായി നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

ജനവാസമേഖലകളും വനവും തമ്മിലുള്ള അതിർത്തി ഇടമുറിയാതെ ഭിത്തിയോ വേലിയോ കെട്ടി വേർതിരിക്കുന്നത് പ്രായോഗികമല്ല. എന്നിരുന്നാലും മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന ജനവാസമേഖലകളോട് ചേർന്നുവരുന്ന വനാതിർത്തികളിൽ സോളാർ വേലികൾ, സോളാർ തൂക്കുവേലികൾ, ആനക്കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ചുറ്റുമതിലുകൾ, റെയിൽ വേലികൾ, കൽമതിലുകൾ, ക്രാഷ്ഗാർഡ് വേലികൾ തുടങ്ങിയവ നിർമ്മിക്കുന്നുണ്ട്.

(സി) വനത്തിനുള്ളിൽ തീറ്റയും കുടിവെള്ളവും ലഭ്യമല്ലാതെവരുന്ന

സാഹചര്യത്തിലാണ് വന്യജീവികൾ നാട്ടിലേക്കിറങ്ങുന്നത് എന്നത് പരിശോധിച്ചിട്ടുണ്ടോ;

പരിശോധിച്ചിട്ടുണ്ട്. വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് കടന്നുവരുന്നതിന് വിവിധ കാരണങ്ങളാണുള്ളത്. വനമേഖലയോട് ചേർന്നുകിടക്കുന്ന ഭൂപ്രദേശത്തെ കൃഷിരീതി, തെറ്റായ ഭൂവിനിയോഗം, വന്യമൃഗ ഇടനാഴികളുടെയും വനമേഖലയുടെയും ശിഥിലീകരണം, ഭൂപ്രദേശത്തിന്റെ കിടപ്പ്, കാലാവസ്ഥാ വ്യതിയാനം, കളകളുടെ ആധിക്യം, ജനസാന്ദ്രത, മാലിന്യനിക്ഷേപം, വനമേഖലകളിലെ അശാസ്ത്രീയമായ ടൂറിസം/റോഡ് തുടങ്ങി വിവിധ പദ്ധതി പ്രവർത്തനങ്ങൾ, വനമേഖലകളിൽ ജലത്തിന്റെയും ആഹാരത്തിന്റെയും ലഭ്യതക്കുറവ്, വന്യമൃഗങ്ങളെ ആകർഷിക്കാൻ ഭക്ഷണപദാർത്ഥങ്ങൾ നൽകുന്നത്, വനമേഖലയോട് ചേർന്നുപ്രവർത്തിക്കുന്ന അനധികൃത ഫാമുകൾ, കാട്ടുതീ, പരിപാലിക്കാത്ത തോട്ടങ്ങൾ തുടങ്ങി വിവിധ കാരണങ്ങളാലാണ് വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് കടന്നുവരുന്നത്.

കേരളത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം ഏറ്റവും കൂടുതൽ റിപ്പോർട്ട്

ചെയ്യപ്പെടുന്നത് ജനുവരി മുതൽ മേയ് വരെയുള്ള വേനൽക്കാലത്താണ്. കേരളവുമായി വനമേഖല പങ്കിടുന്ന തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽനിന്നും വേനൽക്കാലമാകുന്നതോടെ വന്യമൃഗങ്ങൾ കൂട്ടത്തോടെ പച്ചപ്പും തണുപ്പും ജലവും ഭക്ഷണവുമുള്ള കേരളത്തിലെ കാടുകളിലേക്ക് ദേശാടനം നടത്താറുണ്ട്. ഇത് കേരളത്തിലെ കാടുകളിലുള്ള മൃഗങ്ങളുടെ സാന്ദ്രത താൽക്കാലികമായി വർധിപ്പിക്കുകയും അവയിൽ ചിലത് മനുഷ്യവാസമേഖലകളിലേക്ക് പ്രവേശിക്കുന്നതിന് കാരണമാകുകയും ചെയ്യുന്നതായി കണ്ടുവരുന്നു.

(ഡി) വന്യജീവികൾക്ക് വനത്തിനുള്ളിൽ തീറ്റയും കുടിവെള്ളവും ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവുമുണ്ടെന്ന് ഉറപ്പുവരുത്താനും വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് കടക്കാതിരിക്കാനും വനം വകുപ്പ് വിവിധ നടപടികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കിവരുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

1. വനമേഖലകളിൽ ജലലഭ്യത ഉറപ്പുവരുത്താനായി വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ചെറുഡാമുകളും 574 വയലുകളും വാട്ടർഹോൾസ് തുടങ്ങി 308-ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ചുവരുന്നുണ്ട്.

2. വേനൽക്കാലത്ത് വനമേഖലയിൽ വന്യമൃഗങ്ങൾക്കാവശ്യമായ ജല-ഭക്ഷണലഭ്യത വനത്തിനുള്ളിൽതന്നെ സജ്ജീകരിക്കുന്നതിനുമായി 2025 ഫെബ്രുവരി 1 മുതൽ 'മിഷൻ ഫുഡ്, ഫോഡർ ആൻഡ് വാട്ടർ' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

3.വനത്തിനുള്ളിൽ ഭക്ഷണലഭ്യത ഉറപ്പുവരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്ത് ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനതുവൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ആയതിൻപ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. വയനാട് ജില്ലയിലെ അധിനിവേശ സസ്യമായ

മഞ്ഞക്കൊന്ന നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനായി കേരള പേപ്പർ പ്രോഡക്ടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നബാർഡ്, ആർ.കെ.ഡി.പി. ഫണ്ടുകളും ചില സന്നദ്ധ സംഘടനകളുടെ സേവനവും ഉപയോഗിച്ചുവരുന്നു.

4. വന്യമൃഗങ്ങൾക്കാവശ്യമായ ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിത മേഖലകളിൽ പുതിയ പുല്ല് മുളപ്പിക്കുന്നതിലേക്കായി അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തിവരുന്നുണ്ട്.

5. വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുള്ള പ്രവൃത്തികൾ വിവിധ ലാൻഡ്സ്കേപ്പുകളിൽ പുരോഗമിച്ചുവരുന്നു.

6.വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7.സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ സ്ഥലങ്ങൾ

212 (985) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായതും സംഘർഷത്തിന് കൂടുതൽ സാധ്യതയുള്ളതുമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷമുള്ള പ്രദേശങ്ങളെ 12 ലാൻഡ്സ്കേപ്പുകളായി തിരിച്ച് ലാൻഡ്സ്കേപ്പുതല സംഘർഷ ലഘൂകരണ പ്ലാനുകൾ തയ്യാറാക്കുന്നുണ്ട്. ആകെ 273 പഞ്ചായത്തുകൾ മനുഷ്യ-വന്യമൃഗ സംഘർഷമുള്ള പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30

പഞ്ചായത്തുകളിൽ മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായി അനുഭവപ്പെടുന്നുണ്ട്.

മേൽപ്പറഞ്ഞ 12 ലാൻഡ്സ്കേപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഈ സ്ഥലങ്ങളിൽ നടപ്പാക്കുന്നതിനായി കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷമുള്ള പ്രദേശങ്ങളെ 12 ലാൻഡ്സ്കേപ്പുകളായി തിരിച്ചുകൊണ്ട് ഹോട്ട്സ്പോട്ടുകൾ തിരിച്ചറിഞ്ഞ് പ്രതിരോധ ലഘൂകരണ പ്രവർത്തനങ്ങളടങ്ങിയ ലാൻഡ്സ്കേപ്പ് ലെവൽ മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുന്നു. ലാൻഡ്സ്കേപ്പുതല മാസ്റ്റർപ്ലാനുകൾ ക്രോഡീകരിച്ച് സംസ്ഥാനതല കർമ്മപദ്ധതി തയ്യാറാക്കും. ഇപ്രകാരം സംസ്ഥാനതല കർമ്മപദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി ഒരു മനുഷ്യ-വന്യമൃഗസംഘർഷ ലഘൂകരണ പരിഹാര നയം രൂപീകരിക്കുന്നതിന് 21-10-2024-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(സി) ഈ പ്രദേശങ്ങളിലെ സൗരോർജവേലികൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായ സഹകരണം പ്രയോജനപ്പെടുത്തി പ്രവർത്തനക്ഷമമല്ലാത്ത ഫെൻസിങ്ങുകൾ അടിയന്തരപ്രാധാന്യത്തോടെ പ്രവർത്തനക്ഷമമാക്കുന്നതിന് 'മിഷൻ സോളാർ ഫെൻസിങ് 2024' എന്ന ഊർജിത കർമ്മപദ്ധതി 2024 നവംബർ മാസം മുതൽ കേരളമൊട്ടാകെ നടപ്പിലാക്കി. സോളാർ വേലികളുടെ കീഴിലുള്ള അടിക്കാടുകൾ MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തിയും വാച്ചർമാരെ ഉപയോഗിച്ചും വെട്ടിമാറ്റി വേലികൾ പരിപാലിച്ചുപോരുന്നു. ഇതിന്റെ ഭാഗമായി വിവിധ ഡിവിഷനുകളിൽ 848 കിലോമീറ്റർ സൗരോർജവേലികൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇവയുടെ സംരക്ഷണത്തിനും തുടർപരിപാലനത്തിനായി പ്രാദേശിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ഡി) വനാന്തർഭാഗത്ത് വന്യമൃഗങ്ങൾക്കാവശ്യമായ ജലം, തീറ്റ

എന്നിവ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവുമുണ്ടെന്ന് ഉറപ്പുവരുത്താൻ വിവിധ നടപടികൾ വനം വകുപ്പ് ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കിവരുന്നുണ്ട്. വനമേഖലകളിൽ ജലലഭ്യത ഉറപ്പുവരുത്താനായി വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ചെറുഡാമുകളും 574 വയലുകളും വാട്ടർഹോൾസ് തുടങ്ങി 308-ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ചുവരുന്നുണ്ട്.

വേനൽക്കാലത്ത് വന്യമൃഗങ്ങൾക്കാവശ്യമായ ജല-ഭക്ഷണലഭ്യത വനത്തിനുള്ളിൽതന്നെ സജ്ജീകരിക്കുന്നതിനുമായി 2025 ഫെബ്രുവരി 1 മുതൽ 'മിഷൻ ഫുഡ്, ഫോഡർ ആൻഡ് വാട്ടർ' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

വനത്തിനുള്ളിൽ ഭക്ഷണലഭ്യത ഉറപ്പുവരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്ത് ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനതുവൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ

പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ആയതിൻപ്രകാരം ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. വയനാട് ജില്ലയിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനായി കേരള പേപ്പർ പ്രോഡക്ടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നബാർഡ്, ആർ.കെ.ഡി.പി. ഫണ്ടുകളും സന്നദ്ധ സംഘടനകളുടെ സേവനവും ഉപയോഗിച്ചുവരുന്നു.

വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിത മേഖലകളിൽ പുതിയ പുല്ല് മുളപ്പിക്കുന്നതിലേക്കായി അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തിവരുന്നുണ്ട്.

വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്താൻ നടപടി

213 (986) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണ ആവശ്യങ്ങൾക്കായി ജനവാസമേഖലകളെയും കൃഷിയിടങ്ങളെയും വന്യമൃഗങ്ങൾ ആശ്രയിക്കുന്നത് തടയുന്നതിന്റെ ഭാഗമായി വന്യമൃഗങ്ങൾക്ക് ജലലഭ്യതയും ഭക്ഷണലഭ്യതയും ഉറപ്പുവരുത്തുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിച്ച തുക എത്രയെന്നും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ?

(എ&ബി) വന്യമൃഗങ്ങൾക്ക് ജലലഭ്യതയും ഭക്ഷണലഭ്യതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

വനമേഖലകളിൽ ജലലഭ്യത ഉറപ്പുവരുത്താനായി വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ചെറുഡാമുകളും 574 വയലുകളും 308-ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ചുവരുന്നുണ്ട്.

വേനൽക്കാലത്ത് വനമേഖലയിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ജല-ഭക്ഷണലഭ്യത വനത്തിനുള്ളിൽതന്നെ സജ്ജീകരിക്കുന്നതിനായി 2025

ഫെബ്രുവരി 1 മുതൽ 'മിഷൻ ഫുഡ്, ഫോഡർ ആൻഡ് വാട്ടർ' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്ത് തദ്ദേശീയ ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ആയതിൻപ്രകാരം ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. വയനാട് ജില്ലയിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനായി കേരള പേപ്പർ പ്രോഡക്ടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നബാർഡ്, ആർ.കെ.ഡി.പി. ഫണ്ടുകളും സന്നദ്ധ സംഘടനകളുടെ സേവനവും ഉപയോഗിച്ചുവരുന്നു.

വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുള്ള പ്രവൃത്തികൾ വിവിധ

ലാൻഡ്സ്കേപ്പുകളിൽ പുരോഗമിച്ചുവരുന്നു.

വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിത മേഖലകളിൽ പുതിയ പുൽനാമ്പുകൾ മുളപ്പിക്കുന്നതിലേക്കായി അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തിവരുന്നുണ്ട്.

ജനവാസ മേഖലയോടുചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വനമേഖലയിൽ ഭക്ഷണ-ജലലഭ്യതയ്ക്കായി ഈ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

വന്യജീവി ആക്രമണം

214 (987) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം കൃഷിനാശം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നേരിടേണ്ടിവരുന്ന കർഷകർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകാൻ വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് പരമാവധി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരമാവധി വേഗത്തിൽ ചട്ടപ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. വേഗത്തിൽ നഷ്ടപരിഹാരം നൽകുന്നതിനായി ഓൺലൈൻ സംവിധാനം ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ ലഭ്യമാണ്. ബന്ധപ്പെട്ട രേഖകൾ സഹിതം ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിന് കർഷകർക്ക് അക്ഷയ സെന്ററുകളുടെ സേവനം ഉപയോഗിക്കാവുന്നതാണ്. വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം നൽകൽ 07-12-2012-ലെ G.O.(P)No.116/2012/F&WLD പ്രകാരം സേവനാവകാശ നിയമത്തിന്റെ പരിധിയിൽ സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) വന്യജീവികളുടെ ആക്രമണത്തിൽനിന്നും കർഷകരെയും കാർഷിക വിളകളെയും സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

അറിയിക്കുമോ?

1. 'മിഷൻ സോളാർ ഫെൻസിങ് 2024' - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിങ്ങുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി 'മിഷൻ സോളാർ ഫെൻസിങ് 2024' എന്ന കർമ്മപദ്ധതി നടപ്പാക്കുകയുണ്ടായി. ടി പദ്ധതിപ്രകാരം 2024-25 വർഷത്തിൽ 848 കിലോ മീറ്റർ സോളാർ ഫെൻസിങ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.

2. വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്കാവശ്യമായ ജല-ഭക്ഷണലഭ്യത വനത്തിനുള്ളിൽതന്നെ സജ്ജീകരിക്കുന്നതിനുമായി 'മിഷൻ ഫുഡ്, ഫോഡർ ആൻഡ് വാട്ടർ' പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചു. കുളങ്ങളും മറ്റ് ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കളസസ്യങ്ങളെ ഉന്മൂലനം ചെയ്തും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽതന്നെ നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

3. വന്യമൃഗങ്ങൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കിലോ മീറ്റർ സോളാർ ഹാങ്ങിങ് ഫെൻസിങ്ങും 10 കിലോ മീറ്റർ റെയിൽ ഫെൻസിങ്ങും 0.11 കിലോ മീറ്റർ അയൺ ഫെൻസിങ്ങും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

4. വന്യമൃഗങ്ങൾ ജനവാസമേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിനായി സംസ്ഥാനത്തെ വിവിധ വനാതിർത്തികളിൽ 69.07 കിലോ മീറ്റർ ആനക്കിടങ്ങ്, 1.92 കിലോ മീറ്റർ ആനപ്രതിരോധ മതിൽ, 1.58 കിലോ മീറ്റർ കരിങ്കൽഭിത്തി, 2.09 കിലോ മീറ്റർ കയ്യാല എന്നീ പ്രതിരോധ നിർമ്മിതികൾ പണിതിട്ടുള്ളതാണ്.

5. വന്യമൃഗങ്ങൾ മനുഷ്യവാസകേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ച XXVII-ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമിക്കുന്നതിനായി ലഭിച്ച 586.11 ലക്ഷം രൂപയുടെയും ട്രാഞ്ച XXIX-ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 ലക്ഷം രൂപയുടെയും പ്രവൃത്തികൾ നിർമ്മാണ പുരോഗതിയിലാണ്.

6. മനുഷ്യ-വന്യമൃഗ സംഘർഷസാധ്യതയുള്ള പ്രദേശങ്ങൾ

കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിങ്ങും പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിങ്ങും അന്തർ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിങ്ങും നടത്തുന്നുണ്ട്.

7. മനുഷ്യ-വന്യമൃഗ സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള ഒൻപത് ആർ.ആർ.ടി.-കളടക്കം സംസ്ഥാനത്തുടനീളം 28 ആർ.ആർ.ടി.-കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിങ്ങ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെവിടുന്നതിനും ആർ.ആർ.ടി.-കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.

8. സംസ്ഥാനത്താകെ 273 പഞ്ചായത്തുകൾ മനുഷ്യ-വന്യമൃഗ സംഘർഷബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായി അനുഭവപ്പെടുന്നവയാണ്. മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻഡ്സ്കേപ്പുകളെ ഹോട്ട്സ്പോട്ടുകളായി

തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 21-10-2024-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

9. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ആർ.ആർ.ടി.-കൾക്ക് സുരക്ഷാ ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവ ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവൃത്തികൾക്ക് തയ്യാറാക്കിയ മൂന്ന് കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

10. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസമേഖലകളിൽ സൗരോർജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും എ.ഐ.

ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൻപ്രകാരമുള്ള പ്രവൃത്തികൾ പുരോഗതിയിലാണ്.

11. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1-ൽനിന്നും ഷെഡ്യൂൾ 2-ലേക്ക് മാറ്റുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇവയുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കിവരികയാണ്.

12. ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനായിട്ടുള്ള കാലാവധി 25-02-2024-ലെ സ.ഉ.(കൈ)നം.9/2024/വനം ഉത്തരവുപ്രകാരം 28-05-2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

അധ്യക്ഷന്മാർക്കും നൽകാനായി അവരെ ഓണററി വൈൽഡ്-ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

13. പാമ്പുകൾമൂലമുള്ള അപകടം ഒഴിവാക്കുന്നതിന് 'സർപ്പ' എന്ന മൊബൈൽ ആപ്ലിക്കേഷനും 'സർപ്പ'-യിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധസേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രാം പ്രകാരം 2024 വർഷത്തിൽ 16453 പാമ്പുകളെ റെസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

14. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ പ്രതിനിധികൾ, വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280

ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചുവരുന്നുണ്ട്.

15. ജനവാസമേഖലയോട് ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

16. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവുമുണ്ടാക്കി കാട്ടിലേക്ക് തിരികെവിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

17. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതിപ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യമൃഗ സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽനിന്ന് മാറിത്താമസിക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

18. മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷബാധിതർക്കുള്ള നഷ്ടപരിഹാര രീതി പരിഷ്കരിക്കുന്നതിനും നഷ്ടപരിഹാരത്തുക വർധിപ്പിക്കുന്നതിനുമായി തയ്യാറാക്കിയ പ്രൊപ്പോസൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

19. കേരളത്തിലെ മനുഷ്യ-വന്യമൃഗ സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ 'സംസ്ഥാന സവിശേഷ ദുരന്തമായി' പ്രഖ്യാപിക്കുകയുണ്ടായി. മനുഷ്യ-വന്യമൃഗ സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിതഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

20. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗ്രതകരാക്കുന്നതിലേക്കായി ഏർളി

വാർണിങ് സിസ്റ്റം, എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

21. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

22. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

23. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

24. സംസ്ഥാനത്തെ മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുന്നതിനും നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി തത്സമയം ഏകോപിപ്പിക്കുന്നതിനുമായി ഡിവിഷൻ തലത്തിൽ 36 കൺട്രോൾ റൂമുകളും (Division Emergency Operations Centre – DEOC), വനം വകുപ്പ്

ആസ്ഥാനത്ത് സംസ്ഥാനതല കൺട്രോൾ റൂമും (State Forest Emergency Operations Centre – SFEOC) 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു.

25. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ചിട്ടുണ്ട്.

26. സംസ്ഥാനാതിർത്തി കടന്നെത്തി ജനവാസമേഖലയിലേക്കിറങ്ങുന്ന വന്യമൃഗങ്ങളെ നിരീക്ഷിച്ച് പരസ്പരം വിവരങ്ങൾ കൈമാറുക, മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ ചേർന്ന് അന്തർസംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

27. വന്യമൃഗങ്ങളുടെ സാമീപ്യത്തെക്കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾക്ക് പൊതുജനസഹകരണം ഉറപ്പാക്കുന്നതിനും വ്യാജവിവരങ്ങൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കുന്നത്

തടയുന്നതിനുമായി പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, ബ്രോഷറുകളും പാംലെറ്റുകളും വിതരണം ചെയ്യൽ, സോഷ്യൽ മീഡിയയിലൂടെ വിവരങ്ങൾ നൽകൽ തുടങ്ങിയവ നടപ്പാക്കിവരുന്നു.

28. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മനുഷ്യ-വന്യമൃഗ സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന വയനാട് ജില്ലയിൽ നേരിടുന്ന മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്ന പ്രവർത്തനങ്ങൾക്കുപരി ഫലപ്രദമായ ഏകോപനത്തിനും മേൽനോട്ടത്തിനും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

29. ആധുനിക സാങ്കേതികവിദ്യയെ അടിസ്ഥാനപ്പെടുത്തിയുള്ള ഉപകരണങ്ങൾ സ്ഥാപിച്ചും മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് വിവരങ്ങൾ ശേഖരിച്ചും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തിയിട്ടുണ്ട്. ക്യാമറ ട്രാപ്പുകൾ, റിയൽ ടൈം മോണിറ്ററിങ് സിസ്റ്റം, വൈൽഡ് വാച്ച് മൊബൈൽ ആപ്ലിക്കേഷൻ മുതലായ സംവിധാനങ്ങൾ ഇതിലുൾപ്പെടുന്നു.

30. വനമേഖലകളിലെ വിവിധയിടങ്ങളിലായി 1434 കുളങ്ങൾ, ചെക്ക്ഡാമുകൾ എന്നിവയിലും 574 വയലുകളിലും 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞുകൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ, കൃഷിയിടങ്ങൾ തുടങ്ങിയവയിലെ കളകളും കുറ്റിക്കാടുകളും നീക്കം ചെയ്യാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

31. വനത്തിനുള്ളിലെ വയലുകളുടെ പരിപാലനത്തിന് നബാർഡ് മുഖേന 25 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇവയുടെ തുടർപ്രവർത്തികൾ നടക്കുന്നുണ്ട്.

32. സ്വാഭാവിക വനപുനഃസ്ഥാപന പദ്ധതിപ്രകാരം അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ ഡിവിഷനുകളിലെയും അംഗീകരിച്ച വർക്കിങ് പ്ലാനുകളിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുന്നതിനും പുതിയ വർക്കിങ് പ്ലാനുകളിൽ ഇക്കോ-റെസ്റ്റോറേഷൻ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനുംവേണ്ട നടപടികൾ

സ്വീകരിച്ചുവരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5,031 ഹെക്ടർ സ്ഥലത്ത് ടി പ്രവൃത്തികൾ നടപ്പാക്കിവരുന്നു. ആയതിൻപ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

33. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വോളന്റിയർമാർക്കും പരിശീലനം നൽകുന്നതിനായുള്ള മോഡ്യൂൾ ഇക്കാര്യത്തിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. അരിപ്പ, വാളയാർ എന്നിവിടങ്ങളിലെ സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിൽ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് പ്രസ്തുത പ്രായോഗിക വിദഗ്ധ പരിശീലനം നൽകിവരുന്നുണ്ട്.

(സി) കാട്ടുപന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കാട്ടുപന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കണമെന്ന ശിപാർശ

സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും ആയത് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിലെ വകുപ്പ് 62 പ്രകാരം കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാനുള്ള അധികാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. പ്രസ്തുത നിയമത്തിൽ സംസ്ഥാന സർക്കാരുകൾക്ക് മാത്രം ഭേദഗതി വരുത്തുന്നത് ഇന്ത്യൻ ഭരണഘടനപ്രകാരം സാധ്യമല്ലാത്ത കാര്യമാണ്. വന്യജീവി (സംരക്ഷണ) നിയമത്തിൽ കാലികമായ ഭേദഗതി വരുത്തണമെന്നുള്ള ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് നിരന്തരം അഭ്യർഥിച്ചുവരുന്നുണ്ട്.

കുറ്റ്യാടിയിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

215 (988) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ 2024-25 സാമ്പത്തിക വർഷം പൂർത്തിയായതും നടന്നുവരുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ഫണ്ട്, പ്രദേശം,

പദ്ധതിയുടെ പ്രത്യേകത എന്നിവ സഹിതം വിശദമാക്കാമോ?

മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കായൽതീരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ നടപടി

216 (989) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഏങ്ങണ്ടിയൂർ, കടപ്പുറം, ഒരുമനയൂർ പഞ്ചായത്തുകളിലെ കായൽതീരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കടപ്പുറം പഞ്ചായത്തിൽ, പി.സി. കനാലിൽനിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി 1020 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി നിർമ്മാണവും സുബ്രഹ്മണ്യം കടവിന് സമീപം എടത്തോട് സ്ലൂയിസ് (sluice) നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. സുബ്രഹ്മണ്യം കടവ് സ്ലൂയിസ് നിർമ്മാണം നടന്നുവരുന്നു. ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ മീൻ കടവ്, മണപ്പാട് എന്നീ പ്രദേശങ്ങളിൽ പി.സി. കനാലിൽനിന്നുള്ള ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനാവശ്യമായുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

152.80 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ലഭിച്ച ടെൻഡർ പരിശോധിച്ചുവരുന്നു.

മലപ്പുറം ജില്ലയിൽ ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ്

217 (990) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ ഇലക്ട്രിക്കൽ വിങ്ങിന് പ്രൈസ് 3.0 സോഫ്റ്റ്വെയർ മുഖേന നിലവിൽ മേലാഫീസിലേക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം ഇറിഗേഷൻ പമ്പ് ഹൗസുകളിൽനിന്നും കൃഷിക്കായുള്ള പമ്പിങ്ങിന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് പകരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നോയെന്ന് അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ ഇറിഗേഷൻ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ കാലതാമസം ഒഴിവാക്കാൻ ജില്ലയിൽ പുതുതായി ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് അനുവദിക്കുന്നതിന് സങ്കേതിക തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ;

(എ&ബി) ഇല്ല.

(സി) തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകൾക്കായി ചാലക്കുടിയിൽ ഒരു സബ്ഡിവിഷൻ മാത്രം നിലവിലുള്ള സാഹചര്യത്തിൽ മലപ്പുറം കേന്ദ്രമായി പുതുതായി ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് അനുവദിക്കുമോ; വിശദമാക്കാമോ?

മലപ്പുറം കേന്ദ്രമായി പുതുതായി ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് അനുവദിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

സ്വകാര്യഭൂമിയിലും പൊതുസ്ഥലങ്ങളിലും എക്കലും മണലും നിക്ഷേപിക്കുന്നതിനുള്ള പദ്ധതി

218 (991) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിന്റെയും മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്ത സഹകരണത്തോടെ പുഴകളിലും തോടുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും മണലും നീക്കം ചെയ്യുന്നതിനും സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ നിക്ഷേപിക്കുന്നതിനും നിയമപരമായ വിലക്കേർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ജലപ്രവാഹം മെച്ചപ്പെടുത്തുന്നതിനും വെള്ളപ്പൊക്കം തടയുന്നതിനും സഞ്ചാരയോഗ്യത നിലനിർത്തുന്നതിനുമാണ് ജലസേചന വകുപ്പ് പുഴകളിലും തോടുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും മണലും നീക്കം ചെയ്യൽ പ്രവൃത്തികൾ പ്രധാനമായും ചെയ്തുവരുന്നത്. ഇങ്ങനെ നീക്കം ചെയ്യുന്ന എക്കലും മണലും നദികളുടെയും തോടുകളുടെയും ബണ്ട് നിർമ്മാണത്തിന് ഉപയോഗിക്കുകയോ ലേലം ചെയ്തു വിൽക്കുകയോ ആണ് പതിവ്. കൂടാതെ, അവ നീക്കം ചെയ്യുന്ന സമയത്ത് സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ നിക്ഷേപിച്ചാലും അത് പിന്നീട് ലേലം നടത്തി അതിന്റെ വരുമാനം സർക്കാർ ഖജനാവിലേക്ക് മുതൽക്കൂട്ടുകയാണ് ചെയ്യുന്നത്.

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലാവസ്ഥാ വ്യതിയാനംമൂലം വെള്ളം കയറുന്ന വൈപ്പിൻകര, കൊച്ചി ഉൾപ്പെടെയുള്ള തീരപ്രദേശങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് തണ്ണീർത്തടം, നിലം തുടങ്ങിയ പ്രദേശങ്ങളൊഴിവാക്കി വെള്ളം കയറി മുങ്ങുന്ന സ്വകാര്യവ്യക്തികളുടെ ഭൂമിയിലും പൊതുസ്ഥലങ്ങളിലും എക്കലും മണലും

നിക്ഷേപിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനായി പദ്ധതികളൊന്നുംതന്നെ വകുപ്പിന്റെ കീഴിൽ ആവിഷ്കരിച്ചിട്ടില്ല.

ഉദുമ നിയോജകമണ്ഡലത്തിലെ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികൾ

219 (992) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദുമ മണ്ഡലത്തിൽ നടപ്പാക്കിയതും പ്രവൃത്തി പുരോഗമിക്കുന്നതുമായ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

(എ&ബി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ചാലക്കുടിപ്പുഴയുടെ സംരക്ഷണത്തിന് സംയോജിത നദീതട പ്ലാൻ

220 (993) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയുടെ പുനരുജ്ജീവനത്തിന് സംയോജിത നദീതട പ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചാലക്കുടിപ്പുഴ അന്തർസംസ്ഥാന നദിയായതിനാൽ മറ്റ് വകുപ്പുകളെയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ മറ്റ് വിഭാഗങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് പഠനം നടത്താനുള്ള നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ചാലക്കുടിപ്പുഴയുടെ പുനരുജ്ജീവനത്തിന് സംയോജിത നദീതട പ്ലാൻ തയ്യാറാക്കിയിട്ടില്ല.

(ബി) ചാലക്കുടിപ്പുഴയിൽ കൂടുതൽ തടയണകൾ നിർമ്മിച്ച് വേനൽക്കാലത്തും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ചാലക്കുടിപ്പുഴയിലെ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട പ്രവൃത്തികൾ ജലസേചന വകുപ്പിനുകീഴിൽ ചെയ്തുവരുന്നുണ്ട്. നിലവിൽ ചാലക്കുടി നിയോജകമണ്ഡലത്തിൽ മേലൂർ-പരിയാരം പഞ്ചായത്തുകളെ

ബന്ധിപ്പിച്ചുകൊണ്ട് വാട്ടർ റീട്ടെയ്നിംഗ് സ്ട്രക്ച്ചറായി കയ്യാനിക്കടവ് പ്രദേശത്ത് 9.60 കോടി രൂപ എസ്റ്റിമേറ്റ് തുകയുള്ള ഒരു ചെക്ക്ഡാമിന്റെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ഭരണാനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) മേല്മൂർ-പരിയാരം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചാലക്കുടിപ്പുഴയിലെ കയ്യാനിക്കടവിൽ തടയണ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

മേല്മൂർ പരിയാരം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചാലക്കുടിപ്പുഴയിലെ കയ്യാനിക്കടവിൽ തടയണ നിർമ്മാണത്തിനായി 2020-21 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 300 ലക്ഷം രൂപ അടങ്കൽ തുകയിൽ 60 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു. ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ലഭ്യമായ ഐ.ഡി.ആർ.ബി. ഡിസൈൻപ്രകാരം 720 ലക്ഷം രൂപയുടെ ഡി.പി.ആർ. സർക്കാരിൽ ലഭിക്കുകയും ആയത് പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ ചെക്ക്ഡാമിന്റെ

സംരക്ഷണപ്രവൃത്തികളിൽ മാറ്റം വരുത്തി പദ്ധതിയുടെ എസ്റ്റിമേറ്റ് തുകയിൽ കുറവുവരുത്തുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ആയതിന്റെയടിസ്ഥാനത്തിൽ നിലവിൽ ഭരണാനുമതിക്കായി പുതുക്കിയ ഡി.പി.ആർ. സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പുതുക്കിയ ഡി.പി.ആർ. ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) റിവർ ബേസിൻ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതിനും പ്രാദേശിക ഉപജീവനമാർഗങ്ങളെ പിന്തുണയ്ക്കുന്നതിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിനും നദീതടങ്ങളുടെ സുസ്ഥിരപരിപാലനം നിർണ്ണായകമാണ്. ജനസംഖ്യാ വർധനവ്, വ്യാവസായികവൽക്കരണം, കാലാവസ്ഥാ വ്യതിയാനം എന്നിവയിൽനിന്നുള്ള വർധിച്ചുവരുന്ന സമ്മർദങ്ങൾക്കൊപ്പം, ഫലപ്രദവും സംയോജിതവുമായ ജല മാനേജ്മെന്റ്

എന്നത്തേക്കാളും അടിയന്തരമായി മാറിയിരിക്കുന്നു. നദീതടങ്ങളിലൂടനീളം സംയോജിത ജലവിഭവ മാനേജ്മെന്റ് (IWRM) നടപ്പാക്കുന്നതിനുള്ള ഒരു ആധികാരിക ഗൈഡായി സംയോജിത നദീതട സംരക്ഷണത്തിനും മാനേജ്മെന്റിനുമുള്ള പ്രവർത്തന ചട്ടക്കൂട് (Operational Framework for Integrated River Basin Conservation and Management) തയ്യാറാക്കിയ ഫ്രെയിംവർക്കിന്റെ കരട് സർക്കാർ പരിശോധനയിലാണ്.

ഏനാമാവ് പുഴയിലെ മണലും ചെളിയും നീക്കം ചെയ്യുന്നതിന് നടപടി

221 (994) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഏനാമാവ് കോൾ മേഖലയിലേക്ക് ഉപ്പുവെള്ളം കയറാതിരിക്കുന്നതിനായി അൻപത് വർഷത്തോളമായി ഏനാമാവ് റെഗുലേറ്റർ ഫേസ് കനാലിൽ നിർമ്മിച്ചുവരുന്ന താൽക്കാലിക വളയംകെട്ട് എല്ലാവർഷവും മഴക്കാലത്ത് പൊട്ടിച്ച് ഏനമാവ് പുഴയിലേക്കാണ് തള്ളിവിടുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വർഷങ്ങളായി ഏനാമാവിൽ നിർമ്മിച്ചുവരുന്ന താൽക്കാലിക ബണ്ട്

മഴക്കാലത്തോടനുബന്ധിച്ച് കരാറുകാരൻതന്നെ പൊളിക്കുകയും ആയതിൽ ഭൂരിഭാഗം മണ്ണും പുഴയിൽനിന്നും നീക്കം ചെയ്യുകയുമാണ് ചെയ്തുവരുന്നത്. അങ്ങനെ സാധിക്കാതെവരുന്ന വളരെ ചെറിയ അളവിലുള്ള നാമമാത്രമായ മണ്ണ് മാത്രമാണ് വെള്ളത്തോടൊപ്പം പുഴയിലേക്ക് ഒഴുകിപ്പോവുന്നത്.

(ബി) ഇരുപതും വർഷത്തെ ദശലക്ഷക്കണക്കിന് ക്യൂബിക് മീറ്റർ ചരൽ, മണൽ, ചെളി, മറ്റ് മാലിന്യങ്ങൾ എന്നിവ പുഴയിൽ അടിഞ്ഞുകിടക്കുന്നത് വെള്ളം ഒഴുകിപ്പോകുന്നതിന് തടസ്സമാവുകയും പുഴ ആഴം കുറഞ്ഞ് ഇല്ലാതാവുകയും ചെയ്യുന്നതിന് കാരണമാകുന്നതിനാൽ പ്രസ്തുത മണലും ചെളിയും നീക്കം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഏനാമാവ് റെഗുലേറ്ററിന് താഴ്ഭാഗത്ത് പുളിക്കക്കടവ് പാലം മുതൽ ചേറ്റുവ അഴിമുഖം ഉൾപ്പെടെയുള്ള ഭാഗത്ത് പ്രളയവും മണ്ണൊലിപ്പും മറ്റ് കാരണങ്ങളുമായി അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും മണ്ണും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കെ.ഇ.ആർ.ഐ. (KERI) പീച്ചി മുഖേന സെഡിമെന്റേഷൻ സ്റ്റഡി നടത്തുകയും ഈ ഭാഗത്ത് ഏകദേശം 23 ലക്ഷം

ഘനമീറ്റർ മണ്ണ് നീക്കം ചെയ്യേണ്ടതുണ്ടെന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൽ ചേറ്റുവ ഹാർബറിന് സമീപം മണ്ണ് നീക്കം ചെയ്യുന്നതിന് തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ഒരു കോടി രൂപയുടെ പദ്ധതിക്ക് നിരാക്ഷേപപത്രം ലഭിച്ചിട്ടുണ്ട്. അവ എത്രയും വേഗം നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പൊതുകുളങ്ങളുടെ നവീകരണം

222 (995) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതുകുളങ്ങളുടെ നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

അമൃത് 2.0-ൽ ഉൾപ്പെടുത്തി ചാവക്കാട് നഗരസഭയ്ക്ക് 1.08 കോടി രൂപയും ഗുരുവായൂർ നഗരസഭയ്ക്ക് 3.62 കോടി രൂപയും ഉൾപ്പെടെ ഗുരുവായൂർ നിയോജകമണ്ഡലത്തിന് പൊതുകുളങ്ങളുടെ നവീകരണത്തിനായി 4.70 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽനിന്നും പൊതുകുളങ്ങളുടെ നവീകരണത്തിനായി എത്ര പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

"Renovation of Tanks & Ponds under Haritha Keralam" എന്ന ശീർഷകത്തിൽ "Renovation and side protection works of Mookkinikulam in Orumayoor Grama Panchayth" എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ടി പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ 4702-00-101-65-01-Ml class ll ഹരിത കേരളം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിനായി 'ഇരിഞ്ഞംകുളത്തിന്റെ സംരക്ഷണ ഭിത്തി നിർമ്മാണവും നവീകരണവും' എന്ന 30 ലക്ഷം രൂപയുടെ പ്രവൃത്തി (ക്രമനമ്പർ: 32) ധനകാര്യ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്.

റിവർ വാട്ടർ യൂട്ടിലൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി

(1) "Renovation of Andathodu Kulam in Punnayurkulam Panchayath", (2) "Renovation of Colony Kulam in Punnayurkulam panchayath", (3)

"Renovation of Punnayurkulam in Punnayurkulam panchayath", (4) "Renovation of Parakolpadav vaka kulam in Punnayurkulam panchayath" എന്നീ കുളങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ടി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. അമൃത് 2.0-ൽ ഉൾപ്പെടുത്തി ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതുകുളങ്ങളുടെ നവീകരണത്തിനായി 6 പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്.

ഇടക്കുറിശ്ശി-കേരളമേട് റോഡ് നവീകരണ പ്രവൃത്തി

223 (996) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശിരുവാണി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട ഇടക്കുറിശ്ശി-കേരളമേട് റോഡ് നവീകരണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; വിശദമാക്കുമോ?

ഇടക്കുറിശ്ശി മുതൽ കേരളമേട് വരെയുള്ള റോഡിന്റെ നവീകരണ പ്രവൃത്തികൾക്കും കാലവർഷക്കെടുതി പരിഹരിക്കുന്ന പ്രവൃത്തികൾക്കും

അരികുഭിത്തി നിർമ്മാണത്തിനും 29-ാം ജെ.സി.ബി.-യിലെ സ്പിൽ ഓവറിലും പുതിയ പ്രൊപ്പോസലിലുമായി 29.7989 കോടി രൂപയുടെ അംഗീകാരം ലഭിച്ചിരുന്നു. ഇതിൽ ഇടക്കുറിശ്ശി മുതൽ ഇഞ്ചിക്കുന്ന് വരെയുള്ള (0/000 Km to 12/350 Km) റോഡിന്റെ അരികുഭിത്തി നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കേരളമേട് വരെയുള്ള റോഡിന്റെ താൽക്കാലിക അറ്റകുറ്റപ്പണികളും പൂർത്തീകരിച്ചിട്ടുണ്ട്. ഇഞ്ചിക്കുന്ന് മുതൽ കേരളമേട് വരെയുള്ള (12/350 Km മുതൽ 28/600 Km വരെ) അരികുഭിത്തിയുടെ നവീകരണപ്രവൃത്തികൾക്കായി തയ്യാറാക്കിയ ഡിസൈന്റെ അടിസ്ഥാനത്തിൽ റോഡിന്റെയും അരികുഭിത്തിയുടെയും പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

കുറ്റ്യാടി ഇറിഗേഷൻ പദ്ധതി

224 (997) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി ജലവിതരണം സുഗമമായി നടത്തുന്നതിന് 2024-25 സാമ്പത്തികവർഷം കുറ്റ്യാടി

നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് ചെലവഴിച്ച ഫണ്ട്, പ്രദേശം എന്നിവ സഹിതം വിശദമാക്കാമോ?

കുറ്റ്യാടി ജലസേചന പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം പ്ലാൻ ശീർഷകത്തിൽ 2.5 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ 42 ലക്ഷം രൂപയുടെ 5 പ്രവൃത്തികൾ കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ശോച്യാവസ്ഥയിലുള്ള കനാലുകളെ കോൺക്രീറ്റ് ലൈനിങ് ചെയ്ത് പുനരുദ്ധരിക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. ജലവിതരണത്തിന് മുന്നോടിയായി കനാലിലെ കാടുവെട്ടി ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തിക്കായി നോൺ പ്ലാൻ ശീർഷകത്തിൽ ലഭ്യമായ 2.88 കോടി രൂപയിൽ, 54.743 ലക്ഷം രൂപവരുന്ന 25 പ്രവൃത്തികൾ കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കനാൽ വൃത്തിയാക്കലിനായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ CADA കനാലുകൾക്കായി ലഭ്യമായ 1.55 കോടി രൂപയിൽ കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 24.70 ലക്ഷം രൂപയുടെ 2 പ്രവൃത്തികൾ സജ്ജീകരിച്ചിട്ടുണ്ട്. പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിവരുന്നു. മേൽപ്രവൃത്തികളുടെ പട്ടിക അനുബന്ധമായി

ചേർത്തിട്ടുണ്ട്.+

(ബി) കുറ്റ്യാടി ഇറിഗേഷൻ കനാലുകൾ വഴിയുള്ള ജലവിതരണം

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ എപ്പോൾ എത്തിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ജലവിതരണം 2025-ൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

കുണ്ടൂർ തോട് നവീകരണം

225 (998) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണത്തിനുള്ള പദ്ധതിയുടെ നടപടികൾ വിശദമാക്കാമോ?

കുണ്ടൂർ തോട് നവീകരണത്തിനായി കിഫ്ബി മുഖേന 15 കോടി രൂപ 2016-17-ലെ ബജറ്റിൽ അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്കാണ് തത്വത്തിൽ അനുമതി നൽകിയിരുന്നത്. തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോട് പദ്ധതിയുടെ ഡി.പി.ആർ. ആയക്കെട്ട് വിശദാംശങ്ങൾ, തോടിന്റെ ഹൈഡ്രോളിക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിശദാംശങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി കിഫ്ബിയുടെ മാനദണ്ഡങ്ങൾപ്രകാരം അംഗീകാരം ലഭിക്കുന്നതിനായി കെ.ഐ.ഐ.ഡി.സി. ശിപാർശ സമർപ്പിച്ചതിനെത്തുടർന്ന് പ്രസ്തുത പദ്ധതി കിഫ്ബി ധനസഹായത്തോടെ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പാക്കുന്നതിന് പുതുക്കിയ ഭരണാനുമതി 06-01-2021-ൽ നൽകി. കെ.ഐ.ഐ.ഡി.സി. പദ്ധതി പ്രദേശത്ത് വിശദമായ ടോപ്പോഗ്രാഫിക്കൽ സർവെ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഡിസൈനും ഡ്രോയിങ്ങുകളും എസ്റ്റിമേറ്റും തയ്യാറാക്കി, ഡി.പി.ആർ. സാമ്പത്തിക അനുമതിക്കായി കിഫ്ബിയിലേക്ക് സമർപ്പിച്ചു. പ്രസ്തുത ഡി.പി.ആർ.-ന്റെ സൂക്ഷ്മപരിശോധനയ്ക്കായി കിഫ്ബി സി.എം.ഡി.-യെ (Centre for Management Development) ചുമതലപ്പെടുത്തുകയും 06-05-2023-ന് സി.എം.ഡി.-യുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ചപ്പോൾ നിലവിലുള്ള ഇറിഗേഷന്റെ അധീനതയിലുള്ള പമ്പ് ഹൗസുകളുടെ പമ്പുകൾ പരിപാലിക്കുകയും പാടശേഖരങ്ങളിലേക്കുള്ള ജലവിതരണ കനാലുകൾകൂടി നന്നാക്കുകയും ചെയ്യണമെന്ന് നിർദേശിച്ചു.

പ്രസ്തുത അറ്റകുറ്റപ്രവൃത്തികൾകൂടി ഉൾപ്പെടുത്തി ഡി.പി.ആർ. സമർപ്പിക്കാൻ സി.എം.ഡി. നിർദ്ദേശിച്ചു. നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമും ജലവിതരണ കനാലുകളും ഇറിഗേഷൻ വകുപ്പിന്റെ അധികാരപരിധിയിൽപെടുന്നതിനാൽ ആയതിന്റെ അറ്റകുറ്റപ്രവൃത്തികൾകൂടി ഡി.പി.ആർ.-ൽ ഉൾപ്പെടുത്തുന്നതിന് അനുവാദം ആവശ്യപ്പെട്ട് 06-07-2023-ന് ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർക്ക് കെ.ഐ.ഐ.ഡി.സി.-ൽനിന്നും കത്ത് നൽകിയിരുന്നു. അതിന് മറുപടിയായി ഇറിഗേഷൻ വകുപ്പിന് ടി അറ്റകുറ്റപ്രവൃത്തികൾ ചെയ്യുന്നതിന് നിലവിൽ പദ്ധതിയുണ്ടെന്ന് മറുപടി ലഭിക്കുകയും ആയത് കിഫ്ബി മുഖേന സി.എം.ഡി.-യെ അറിയിക്കുകയും ചെയ്തു. ഡി.പി.ആർ.-ന്റെ അംഗീകാരത്തിന് കാലതാമസം നേരിടുന്നതിനാൽ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്നതിന് 08-11-2024-ൽ കിഫ്ബിയുടെ സഹായം അഭ്യർഥിക്കുകയും കിഫ്ബി പ്രസ്തുത ചുമതല സി.എം.ഡി.-യെ ഏൽപ്പിക്കുകയും ചെയ്തു. പുതുക്കിയ ഡി.പി.ആർ.-ന് കിഫ്ബിയിൽനിന്ന് സാമ്പത്തിക അനുമതി ലഭിച്ചാൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) കുണ്ടൂർ തോട് നവീകരിക്കുന്നതിന് കിഫ്ബി മുഖേന 15 കോടി രൂപ 2016-ലെ ബജറ്റിൽ അനുവദിച്ചിട്ടും ഇതുവരെ പദ്ധതി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

കുണ്ടൂർ തോട് നവീകരണത്തിനായി കിഫ്ബി മുഖേന 15 കോടി രൂപ 2016-17-ലെ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. എന്നാൽ ആദ്യം പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്കാണ് തത്വത്തിൽ അനുമതി നൽകിയിരുന്നത്. തുടർന്ന് 06-01-2021-ലെ ഉത്തരവിൻപ്രകാരമാണ് പ്രസ്തുത പദ്ധതി കിഫ്ബി ധനസഹായത്തോടെ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകിയത്.

(സി) ഭരണാനുമതി ലഭ്യമാക്കിയ പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ ടെൻഡർ നടപടികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(സി&ഡി) പുതുക്കിയ ഡി.പി.ആർ.-ന് കിഫ്ബിയിൽനിന്ന്

സാമ്പത്തിക അനുമതി ലഭിച്ചതിനുശേഷം പദ്ധതി പൂർത്തിയാക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

ശിരുവാണി പദ്ധതി

226 (999) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശിരുവാണി പദ്ധതിയുമായി ബന്ധപ്പെട്ട് തമിഴ്നാട് സർക്കാരിൽനിന്നും ലഭിക്കേണ്ട കുടിശ്ശിക തുകയുടെ വിശദാംശം ലഭ്യമാക്കാമോ; കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

07-02-2023-ലെ G.O.(Rt) No.152/2023/WRD സർക്കാർ ഉത്തരവുപ്രകാരം ശിരുവാണി പദ്ധതിയുടെ 29th JCB ആക്ഷൻ പ്ലാനിന് 52,07,50,999/- രൂപയ്ക്ക് അംഗീകാരം നൽകിയതിനുശേഷം നാല് തവണകളിലായി 7,17,53,920/- രൂപ മാത്രമാണ് തമിഴ്നാട് സർക്കാരിൽനിന്നും ലഭ്യമായിട്ടുള്ളത്. നിലവിൽ കുടിശ്ശിക തീർക്കുന്നതിനായി 10,93,07,727/- രൂപ അനുവദിക്കണമെന്ന്

വകുപ്പുതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.പി.എ.പി. ഡിവിഷൻ നം.1, കാഞ്ഞിരപ്പുഴയുടെ കാര്യാലയത്തിൽനിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, TWAD Board കോയമ്പത്തൂർ കാര്യാലയത്തിലേക്കും ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 1-ന്റെ കാര്യാലയത്തിൽനിന്ന് ചീഫ് എഞ്ചിനീയർ, TWAD Board കോയമ്പത്തൂർ കാര്യാലയത്തിലേക്കും കത്ത് നൽകിയിട്ടുണ്ട്. കൂടാതെ കുടിശ്ശിക തുക തീർത്തുതരണമെന്ന് സർക്കാർതലത്തിലും തമിഴ്നാടിനോട് ആവശ്യപ്പെട്ടിരുന്നു. ഇതുകൂടാതെ അംഗീകാരം ലഭ്യമായതിൽ ഉൾപ്പെട്ട മറ്റ് പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആയത് പൂർത്തീകരിക്കുന്നമുറയ്ക്ക് തമിഴ്നാട് സർക്കാരിൽനിന്നും ഫണ്ട് ആവശ്യപ്പെടുന്നതാണ്.

കണ്ണൂർ ജില്ലയിലെ ഇരിണാവ് ഡാം പാലം

227 (1000) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മടക്കര പുഴയിൽ നിർമ്മിച്ച ഇരിണാവ് ഡാം പാലം

കാലപ്പഴക്കത്താൽ തകർന്നതിനാൽ പ്രസ്തുത പാലം ഉപ്പുവെള്ള പ്രതിരോധത്തിനുമാത്രം ഉപയോഗിക്കുന്നതിനായി ഷട്ടറുകൾ മാറ്റി പുതിയ ഷട്ടർ സ്ഥാപിക്കുന്നതിന് വിദഗ്ധ സമിതി പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ ഇരിണാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് 1964-ൽ നിർമ്മിച്ചതാണ്. കാലപ്പഴക്കംകൊണ്ടും വർഷങ്ങളായി ഉപ്പുവെള്ളവുമായുള്ള നിരന്തര സമ്പർക്കം കാരണവും ആർ.സി.ബി.-യുടെ ഷട്ടറുകൾ പൂർണ്ണമായും നശിച്ച് ഉപയോഗശൂന്യമാണ്. കൂടാതെ പാലത്തിന്റെ പല ഭാഗങ്ങളിലും കോൺക്രീറ്റ് പൊട്ടിപ്പൊളിഞ്ഞ് പോയതായും കാണുന്നുണ്ട്. നിലവിൽ പൊതുമരാമത്ത് വിഭാഗം പ്രസ്തുത ആർ.സി.ബി-ക്ക് മുകൾഭാഗത്തായി പാലം നിർമ്മിച്ചിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള ആർ.സി.ബി. റെഗുലേറ്റർ മാത്രമായി നിലനിർത്തിയാൽ മതിയാകും. എന്നാൽ നശിച്ച് ഉപയോഗശൂന്യമായ ഷട്ടർ മാറ്റി പുതിയ ഷട്ടർ സ്ഥാപിക്കണമെങ്കിൽ നിലവിലുള്ള ആർ.സി.ബി.-യുടെ ബലം പരിശോധിക്കേണ്ടതുണ്ട്. പ്രസ്തുത ആർ.സി.ബി.-യുടെ ബലം പരിശോധിച്ച്

ആവശ്യമായ നിർദേശം നൽകുന്നതിനായി ഡയറക്ടർ, KERI, Peechi-ക്ക് കത്ത് നൽകിയിട്ടുണ്ട്.

ചെല്ലൻകാവ് മിനി ഡാം നിർമ്മാണം

228 (1001) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ നാല് കോടി രൂപ അനുവദിച്ച മലമ്പുഴ നിയോജകമണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡ്രോയിംഗ് ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ് ചീഫ് എഞ്ചിനീയറിൽ നിന്ന് 03-10-2024-ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭ്യമാക്കുന്നതിനായി പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-സി) 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ നാല് കോടി രൂപ അനുവദിച്ച മലമ്പുഴ നിയോജകമണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണപ്രവൃത്തിയുടെ ഡിസൈൻ ആൻഡ് ഡ്രോയിങ്ങ് ഐ.ഡി.ആർ.ബി.-ൽനിന്നും ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡി.പി.ആർ. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ 30-12-2024-ലെ കത്തുമുഖേന സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കാഞ്ഞിരപ്പുഴ അണക്കെട്ടിലെ ഡ്രിപ്-2 പദ്ധതി

229 (1002) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പുഴ അണക്കെട്ടിൽ ഡ്രിപ്-2 പദ്ധതിപ്രകാരം നടപ്പാക്കുന്ന പുനരുദ്ധാരണ പ്രവൃത്തികളുടെ പുരോഗതി വിവരം ലഭ്യമാക്കാമോ?

കാഞ്ഞിരപ്പുഴ ഡാമിലെ ഡാം റീഹാബിലിറ്റേഷൻ ആൻഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഇംപ്രൂവ്മെന്റ് പ്രോജക്ട് ഘട്ടം 2-ന്റെ പ്രവൃത്തി 07-05-2024-ന് ആരംഭിച്ചു. ഗ്യാലറിയിലേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം, നിലവിലുള്ള കൺട്രോൾ റൂമിന്റെ സെക്യൂരിറ്റി ക്യാബിന്റെ നിർമ്മാണം, കൺട്രോൾ റൂമിനായി അധികമുറിയുടെ നിർമ്മാണം, കൺട്രോൾ റൂമിനോടുചേർന്ന പോർച്ചിന്റെ നിർമ്മാണം, ടർഫിങ്, ഷൂട്ട് (chute) ഡ്രയിനുകളുടെ നിർമ്മാണം, ഡ്രയിനിന്റെ റിപ്പയർ, എർത്തൻ ഡാമിന്റെ റീസെക്ഷനിങ് മുതലായവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഡ്രിപ് പദ്ധതിപ്രകാരമുള്ള പുനരുദ്ധാരണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഡ്രിപ് പ്രവൃത്തിയുടെ പുരോഗതിയിലുണ്ടായ കാലതാമസം സംബന്ധിച്ച് പല തവണകളിലായി കരാറുകാരന് കത്തുകൾ നൽകുകയും

നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്യുമെന്നുകാണിച്ച് സൂപ്രണ്ടിങ് എഞ്ചിനീയർ, ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാട് നോട്ടീസ് നൽകുകയും ചെയ്തു. ആയതിന് മറുപടിയായി 2024 ഒക്ടോബർ ആദ്യവാരത്തോടെ പ്രവൃത്തി പുനരാരംഭിക്കുകയും പുതുക്കിയ മൈൽസ്റ്റോൺ ചാർട്ട് കരാറുകാരൻ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സൂപ്രണ്ടിങ് എഞ്ചിനീയർ, ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാട് പ്രവൃത്തിയുടെ പുരോഗതി കൃത്യമായി വിലയിരുത്തുന്നുണ്ട്.

ഡാമുകളിലെ ജലസംഭരണശേഷി

230 (1003) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെളിയും മണലും അടിഞ്ഞ് ഡാമുകളിലെ ജലസംഭരണശേഷി ഗണ്യമായി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡാമുകളിലെ ജലസംഭരണശേഷി വർധിപ്പിക്കേണ്ടതിന്റെ

ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഡാമുകളിലെ ചെളിയും മണലും നീക്കി ജലസംഭരണശേഷി വർധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) ഉണ്ട്. ജലസേചന വകുപ്പിനുകീഴിലുള്ള ഡാമുകളിൽ KERI പീച്ചി വിവിധ വർഷങ്ങളിലായി പരിശോധന നടത്തുകയും പ്രസ്തുത ഡാമുകളിൽ മണലും ചെളിയും അടിഞ്ഞുകൂടിയിട്ടുള്ളതായി പഠനങ്ങളിൽ കണ്ടെത്തിയിട്ടുമുണ്ട്. മംഗലം ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തിയുടെ റീടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. ചുള്ളിയാർ, മീങ്കര, വാളയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റേഷൻ പ്രവൃത്തി പുരോഗമിക്കുന്നു. മലമ്പുഴ, മലങ്കര, കാരാപ്പുഴ, പഴശ്ശി, മണിയാർ, കുറ്റ്യാടി, നെയ്യാർ, തെന്മല എന്നീ ഡാമുകളിലെ ഡീസിൽറ്റേഷൻ നടപ്പാക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭനടപടികൾ പുരോഗമിച്ചുവരുന്നു. അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഡാമുകളിലെ ചെളിയും മണലും നീക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

ഡാമുകളിലെ ചെളിയും അടിഞ്ഞുകൂടിയിട്ടുള്ള വസ്തുക്കളും നീക്കുന്നതിന്റെ നടപടിക്രമങ്ങൾ ചുവടെ പരാമർശിക്കുന്ന വിധമാണ് നടപ്പിലാക്കുന്നത്.

1. അടിഞ്ഞുകൂടിയിട്ടുള്ള ചെളിയുടെയും മണ്ണിന്റെയും അളവുകൾ പ്രത്യേകം പ്രത്യേകം കൃത്യമായി കണക്കാക്കണം.

2. ഡീസിൽറ്റേഷൻ നടപ്പാക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ (Detailed Project Report) തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കണം.

3. വിശദമായ പദ്ധതിരേഖയുടെ അംഗീകാരം നേടിയെടുക്കണം.

4. ടെൻഡർ നടപടികൾ പൂർത്തിയാക്കണം.

5. എഗ്രിമെന്റ് നടപ്പിലാക്കണം.

6. പ്രവൃത്തി നടപ്പിലാക്കണം.

അരുവിക്കര ഡാമിലെ ഡീസിൽറ്റേഷൻ പ്രവൃത്തി

231 (1004) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര ഡാമിലെ ഡീസിൽറ്റേഷൻ പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന്

വ്യക്തമാക്കാമോ?

തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ആവശ്യങ്ങൾ നിറവേറ്റുന്ന അരുവിക്കര ഡാമിൽ മണ്ണും മണലും അടിഞ്ഞുകൂടി സംഭരണശേഷിയിൽ കുറവ് സംഭവിച്ചതിന്റെയടിസ്ഥാനത്തിൽ അവ നീക്കം ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനായി ജലവിഭവ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.ഐ.ഐ.ഡി.സി.) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ഡിസിൽറ്റേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സർവെ പ്രവൃത്തികൾ കെ.ഐ.ഐ.ഡി.സി. പൂർത്തീകരിക്കുകയും വിശദമായ ഡി.പി.ആർ. തയ്യാറാക്കുകയും പദ്ധതി ടെൻഡർ ചെയ്യുകയും ചെയ്തു. ടേൺ കീ അടിസ്ഥാനത്തിലാണ് ഡിസിൽറ്റേഷൻ പദ്ധതി നടപ്പാക്കുന്നത്. എസ്റ്റിമേറ്റ് തുകയെക്കാൾ 17.52% അധികം ക്വാട്ട് ചെയ്ത കമ്പനിക്ക് സെലക്ഷൻ നോട്ടീസ് നൽകി 13.88 കോടി രൂപയുടെ കരാർ നൽകി. കരാർപ്രകാരം 12 മാസം കൊണ്ട് ഡിസിൽറ്റേഷൻ പ്രവൃത്തികൾ പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ.

പ്രസ്തുത ഡിസിൽറ്റേഷൻ പദ്ധതിയിൽ 1024586 ക്യൂബിക് മീറ്റർ ഡിസിൽറ്റ് ചെയ്യുന്നതുവഴി സർക്കാരിന് 13.88 കോടി രൂപയുടെ വരുമാനവും ഡാമിൽ ഏകദേശം 1 മില്യൺ ക്യൂബിക് മീറ്റർ അധിക ജലസംഭരണശേഷിയും ഉറപ്പാക്കാൻ സാധിക്കും. അതുവഴി തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള - ജലസേചന ആവശ്യങ്ങൾ കൂടുതൽ മെച്ചപ്പെടാനും സഹായകമാകും. നിലവിൽ കരാർ കമ്പനി സർവെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസിൽറ്റേഷൻ പദ്ധതി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വാഴാനി അണക്കെട്ടിൽ ഭൂകമ്പമാപിനി

232 (1005) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ജലകമ്മീഷനിൽനിന്ന് വാഴാനി അണക്കെട്ടിൽ ഭൂകമ്പമാപിനി സ്ഥാപിക്കുന്നതിനുവേണ്ട മാർഗ്ഗനിർദേശങ്ങൾ സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പ് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ലഭ്യമായിട്ടില്ല. സീസ്മോഗ്രാഫ് സ്റ്റേഷനുവേണ്ടി കെട്ടിടം നിർമ്മിച്ചിട്ടുള്ള

വാഴാനി അണക്കെട്ടിൽ ഭൂകമ്പമാപിനി സ്ഥാപിക്കുന്നതിനുവേണ്ട വിദഗ്ധ മാർഗനിർദേശങ്ങൾക്കായി കേന്ദ്ര ജലകമ്മീഷനോട് 2024 ഒക്ടോബറിലും 2025 ഫെബ്രുവരിയിലും അഭ്യർഥിച്ചിട്ടുണ്ട്. ആയതിന് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല.

(ബി) ഇല്ലെങ്കിൽ പ്രസ്തുത മാർഗനിർദേശങ്ങൾ ലഭ്യമാക്കി ഭൂകമ്പമാപിനി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഭൂകമ്പമാപിനി സ്ഥാപിക്കുന്നതിനുവേണ്ട കേന്ദ്ര ജലകമ്മീഷന്റെ മാർഗനിർദേശങ്ങൾ ലഭിക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

വാമനപുരം നദിയിലെ തടയണ നിർമ്മാണം

233 (1006) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കാരേറ്റ് പാലത്തിന് സമീപം വാമനപുരം നദിയിൽ തടയണ നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ കാരേറ്റ് പാലത്തിന് സമീപം ചെക്ക് ഡാം നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടത്തി 273.85 ലക്ഷം രൂപയുടെ ഡി.പി.ആർ. സർക്കാരിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ കാരേറ്റ് പാലത്തിന് സമീപത്തായി കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസിന്റെ പ്രവർത്തനം നിർത്താൻ പോകുന്നതായും പുതിയ പമ്പ് ഹൗസിന്റെ നിർമ്മാണം നടത്തുന്ന ആനാകുടിയിൽ ചെക്ക് ഡാം നിർമ്മിക്കണമെന്നും വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരുന്നു. ഇതുപ്രകാരം ആനാകുടിയിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ ലഭ്യമാക്കുന്നതിനായി ഐ.ഡി.ആർ.ബി.-ക്ക് നൽകിയിരുന്നു. ചീഫ് എഞ്ചിനീയർ, കെ.ഐ.ഐ.ഡി.സി.-യിൽനിന്നുള്ള ആവശ്യപ്രകാരം ടി പ്രവൃത്തി കെ.ഐ.ഐ.ഡി.സി.-ക്ക് കൈമാറിയതായി അറിയിച്ചതിനെത്തുടർന്ന് ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, സർവെ ഡീറ്റെയിൽസ് എന്നിവ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ കെ.ഐ.ഐ.ഡി.സി.-ക്ക് കൈമാറിയതായി അറിയിച്ചിട്ടുണ്ട്.

കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

(കെ.ഐ.ഐ.ഡി.സി.) ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ചുള്ള എസ്റ്റിമേറ്റ് പ്രൈസിൽ (PRICE) തയ്യാറാക്കിവരുന്നു. കാലതാമസം കൂടാതെ ഡിസൈനും എസ്റ്റിമേറ്റും അംഗീകാരത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ സമർപ്പിക്കാവുന്നതാണ്.

(ബി) പദ്ധതിയുടെ കാലതാമസം നിമിത്തം ജലക്ഷാമമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജലക്ഷാമം പരിഹരിക്കാൻ കഴിഞ്ഞ അഞ്ച് വർഷക്കാലം കാരേറ്റ് മുതൽ കൊല്ലമ്പുഴ വരെ വാമനപുരം നദിയിൽ ഓരോ വർഷവും എത്ര തടയണകൾ നിർമ്മിച്ചിട്ടുണ്ടെന്ന് വർഷവും സ്ഥലവും തരംതിരിച്ച് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലയളവിൽ ജലസേചന വകുപ്പുമുഖേന വാമനപുരം നദിയിൽ താൽക്കാലിക തടയണകളുടെ നിർമ്മാണം നടത്തിയിട്ടില്ല. എന്നാൽ വാമനപുരം നദിയിൽ കേരള വാട്ടർ അതോറിറ്റിക്കുവേണ്ടി ജൽ ജീവൻ മിഷൻ ഫണ്ടുപയോഗിച്ച് കൊല്ലമ്പുഴ പാലത്തിന് സമീപത്ത് ഒരു റെഗുലേറ്ററും ആനാകുടിയിൽ ഒരു ചെക്ക് ഡാമും പുഴവൂർപുഴക്കടവിൽ കിഫ്ബി ഫണ്ടുപയോഗിച്ച് ഒരു ചെക്ക് ഡാമും

നിർമ്മിക്കാൻ കെ.ഐ.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊല്ലമ്പുഴ പാലത്തിന് സമീപത്തുള്ള റെഗുലേറ്ററിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

ആനാകുടിയിൽ കേരള വാട്ടർ അതോറിറ്റി - ജൽ ജീവൻ മിഷൻ ഫണ്ടുപയോഗിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന ചെക്ക് ഡാമിന്റെ ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, സർവെ വിവരങ്ങൾ എന്നിവ ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർ കെ.ഐ.ഐ.ഡി.സി.-ക്ക് നൽകിയിട്ടുണ്ട്. തുടർന്ന് കെ.ഐ.ഐ.ഡി.സി. ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ചുള്ള എസ്റ്റിമേറ്റ് പ്രൈസിൽ (PRICE) തയ്യാറാക്കിവരുന്നു. കാലതാമസം കൂടാതെ ഡിസൈനും എസ്റ്റിമേറ്റും അംഗീകാരത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ സമർപ്പിക്കാവുന്നതാണ്.

കിഫ്ബി ഫണ്ടുപയോഗിച്ച് പുഴവൂർപുഴക്കടവിൽ കേരള വാട്ടർ അതോറിറ്റിക്കുവേണ്ടി ചെക്ക് ഡാം നിർമ്മാണത്തിനായി ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, സർവെ വിവരങ്ങൾ എന്നിവ

ഐ.ഡി.ആർ.ബി.-യിൽനിന്നും കെ.ഐ.ഐ.ഡി.സി.-ക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ചെക്ക് ഡാമിന്റെ ഡിസൈൻ കെ.ഐ.ഐ.ഡി.സി. തയ്യാറാക്കിവരുന്നു. ഡിസൈനിന് കേരള വാട്ടർ അതോറിറ്റിയുടെ അംഗീകാരം ലഭ്യമായശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്.

(സി) ആവർത്തനച്ചെലവ് ഒഴിവാക്കാൻ സ്ഥിര തടയണ നിർമ്മിക്കുന്നതിന്റെ പ്രാധാന്യം വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ടി പ്രദേശത്ത് ജലദൗർലഭ്യം പരിഹരിക്കുന്നതിനായി തടയണകൾ നിർമ്മിക്കുന്നതിനായി ആനാകുടി, വാവുപുര, അയിലം, പുഴവൂർപുഴക്കടവ് എന്നിവിടങ്ങളിൽ ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ ലഭ്യമാക്കുന്നതിനായി ഐ.ഡി.ആർ.ബി.-ക്ക് നൽകിയിരുന്നു. എന്നാൽ ആനാകുടി, പുഴവൂർപുഴക്കടവ് എന്നിവിടങ്ങളിലെ തടയണ നിർമ്മാണം കെ.ഐ.ഐ.ഡി.സി.-ക്ക് കൈമാറിയതായി ചീഫ് എഞ്ചിനീയർ, കെ.ഐ.ഐ.ഡി.സി. കത്ത് മുഖേന അറിയിച്ചതിനെത്തുടർന്ന്

ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, സർവെ ഡീറ്റെയിൽസ് എന്നിവ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ കെ.ഐ.ഐ.ഡി.സി.-ക്ക് കൈമാറിയതായി അറിയിച്ചിട്ടുണ്ട്.

തോട് സംരക്ഷണ പ്രവൃത്തികൾക്ക് ഫണ്ട്

234 (1007) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ കോട്ടയം മൈനർ ഇറിഗേഷൻ സബ് ഡിവിഷനുകീഴിൽ പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ തോട് സംരക്ഷണ ഭിത്തി കെട്ടുന്നതിനുള്ള എത്ര പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടെന്നും ഇനി ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാനുണ്ടെന്നും അറിയിക്കാമോ; ഇവയിൽ എത്ര പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ 2023-24 വർഷത്തിൽ 45 പ്രവൃത്തികളുടെയും 2024-25 വർഷത്തിൽ 10 പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ലഭിച്ചിട്ടുള്ള എല്ലാ നിവേദനങ്ങളിന്മേലും എസ്റ്റിമേറ്റ്

തയ്യാറാക്കിയിട്ടുള്ളതാണ്. അഞ്ച് പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ള ഓരോ പ്രവൃത്തിയുടെയും വിശദാംശങ്ങളും നിലവിലെ സ്റ്റാറ്റസും ഫയൽ തീർപ്പാക്കാനുള്ള ഉദ്യോഗസ്ഥതലവും ഫയൽ ഏത് തലത്തിലാണ് നിലവിലുള്ളതെന്ന വിവരവും കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണവും അറിയിക്കാമോ;

(സി) മേൽപ്പറഞ്ഞ പ്രവൃത്തികൾക്കാവശ്യമായ ഫണ്ട് അനുവദിക്കപ്പെട്ടിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും ഫണ്ടിനായുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോയെന്നും ആയതിന്റെ തീയതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും അറിയിക്കാമോ?

(ബി&സി) പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലെ സ്റ്റാറ്റസും അനുബന്ധമായി ചേർത്തിട്ടുണ്ട്.+ പ്രവൃത്തിയുടെ ആവശ്യകതയും പ്രായോഗികതയും പൊതു ഉപയോഗവും ഫണ്ടിന്റെ ലഭ്യതയും പരിഗണിച്ചാണ് അനുമതി നൽകുന്നത്.

പുളിക്കൽ കക്കം വെള്ളി തോടിന്റെ സംരക്ഷണം

235 (1008) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം നിയോജകമണ്ഡലത്തിൽ നാദാപുരം നഗരമധ്യത്തിലെ പുളിക്കൂൽ കക്കം വെള്ളി തോടിന്റെ സൈഡ് പ്രൊട്ടക്ഷൻ സംബന്ധിച്ച് നൽകിയ കത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 4711-01-103-99-01 സിവിൽ വർക്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

1. വടകര താലൂക്കിൽ നാദാപുരം നിയോജകമണ്ഡലത്തിൽ നാദാപുരം പഞ്ചായത്തിൽ പുളിക്കൂൽ തോടിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തിയും പാർശ്വഭിത്തി കെട്ടി സംരക്ഷണവും - 47 ലക്ഷം രൂപ.

2.കോഴിക്കോട് ജില്ലയിലെ നാദാപുരം പഞ്ചായത്തിൽ വാർഡ് നമ്പർ 20-ലെ പുളിക്കൂൽ കക്കം വള്ളി തോട് പാർശ്വഭിത്തി കെട്ടി സംരക്ഷണം - 45 ലക്ഷം രൂപ.

അമ്പാട്ടുതോട് സംരക്ഷണഭിത്തി നിർമ്മാണം

236 (1009) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ 1.5 കോടി രൂപ വകയിരുത്തിയ മലമ്പുഴ നിയോജകമണ്ഡലത്തിലെ അകത്തേത്തറ അമ്പാട്ടുതോട് സംരക്ഷണഭിത്തി നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം മൈനർ ഇറിഗേഷൻ വകുപ്പ് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) 2024-25 വർഷത്തെ ബജറ്റിൽ 1.5 കോടി രൂപ വകയിരുത്തിയ മലമ്പുഴ നിയോജകമണ്ഡലത്തിലെ അകത്തേത്തറ അമ്പാട്ടുതോട് സംരക്ഷണഭിത്തി നിർമ്മാണത്തിനായി തയ്യാറാക്കിയ ഡി.പി.ആർ. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ

സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

മാവേലിക്കര നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

237 (1010) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പുമുഖേന നടപ്പിലാക്കുന്നതിനായി 2020-21 വർഷം മുതലുള്ള ബജറ്റിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പുമുഖേന നടപ്പിലാക്കുന്നതിനായി 2020-21 വർഷം മുതലുള്ള ബജറ്റിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) തഴക്കര ഗ്രാമപഞ്ചായത്ത് ഏഴാം വാർഡിലെ കല്ലുവളയം പള്ളിക്ക് സമീപം അച്ചൻകോവിലാറിന്റെ സംരക്ഷണഭിത്തി നിർമ്മിക്കാൻ മൂന്ന് കോടി രൂപ ബജറ്റിൽ അനുവദിച്ചെങ്കിലും നിർമ്മാണം ആരംഭിക്കാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) തഴക്കര ഗ്രാമപഞ്ചായത്ത് ഏഴാം വാർഡിൽ കല്ലുവളയം പള്ളിക്കുസമീപം അച്ചൻകോവിലാറിന്റെ സംരക്ഷണഭിത്തി നിർമ്മിക്കാൻ പ്രസ്തുത പദ്ധതിയുടെ മണ്ണ് പരിശോധനയും ഗവേഷണവും പൂർത്തീകരിച്ച് ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും റിപ്പോർട്ട് ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-ക്ക് നൽകിയിട്ടുള്ളതാണ്. ഡിസൈൻ ലഭ്യമായാലുടൻ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

തുക്കുന്നപ്പുഴ, ആറാട്ടുപുഴ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ

238 (1011) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് രൂക്ഷമായ കടലാക്രമണം നേരിടുന്നതെന്ന്

അറിയിക്കാമോ?

തുക്കുന്നപ്പുഴ പഞ്ചായത്തിൽ പതിയങ്കരയിൽ 1.60 കിലോമീറ്റർ ഭാഗത്തൊഴികെ എല്ലാഭാഗത്തും ആറാട്ടുപുഴ പഞ്ചായത്തിൽ പെരുമ്പള്ളി, വലിയഴിക്കൽ, തറയിൽകടവ്, മംഗലം എന്നീ പ്രദേശങ്ങളിലും രൂക്ഷമായ കടലാക്രമണം നേരിടുന്നു.

തുക്കുന്നപ്പുഴ പഞ്ചായത്തിലെ തെക്കേ അതിർത്തിയായ മംഗലം മുതൽ വടക്കേ അതിർത്തിയായ കുമാരകോടി വരെയുള്ള 8.60 കിലോമീറ്റർ സ്ഥലത്ത് രൂക്ഷമായ കടലാക്രമണം നേരിടുന്നു. കൂടാതെ ആറാട്ടുപുഴ പഞ്ചായത്തിലെ വലിയഴീക്കൽ, തറയിൽക്കടവ്, പെരുമ്പള്ളി, കള്ളിക്കാട്, രാമഞ്ചേരി, മംഗലം, ആറാട്ടുപുഴ എന്നീ പ്രദേശങ്ങളുൾപ്പെട്ട 6.8 കിലോമീറ്റർ നീളത്തിലുള്ള തീരദേശപ്രദേശങ്ങൾ അതിരൂക്ഷമായ കടൽക്ഷോഭം നേരിടുന്നതിനാൽ ഹോട്ട്സ്പോട്ട് മേഖലയായി കണക്കാക്കിയിട്ടുള്ളതാണ്. പെരുമ്പള്ളി ജംഗ്ഷന് വടക്കുവശം CESCP സ്റ്റോൺ 518 മുതൽ 520 വരെയുള്ള ഭാഗത്തും വലിയഴീക്കൽ ഭാഗത്ത് CESCP സ്റ്റോൺ നമ്പർ 500 മുതൽ 502 വരെയും മംഗലം ഭാഗത്ത് CESCP സ്റ്റോൺ നമ്പർ 550 മുതൽ 561

വരെയും കടലാക്രമണം ബാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ ഇപ്പോൾ നടന്നുവരുന്ന കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

കെ.ഐ.ഐ.ഡി.സി. മുഖേന തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ നടന്നുവരുന്ന 13 പുലിമുട്ടുകളുടെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആറാട്ടുപുഴയിൽ 21 പുലിമുട്ടുകളുടെയും 40 മീറ്റർ കടൽഭിത്തിയുടെയും നിർമ്മാണം പൂർത്തിയായിവരുന്നു. വട്ടച്ചാലിൽ 16 പുലിമുട്ടുകളുടെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. നെല്ലാനിക്കലിൽ 4 പുലിമുട്ടുകളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. കൂടാതെ GENERAL-ASE Work-Reformation of damaged sea wall at Pathiyankara in between CESCP No.568 to 569 of Thrikkunnapuzha Panchayath in Haripad constituency- General Civil Work എന്ന 97 മീറ്റർ നീളത്തിലുള്ള 46 ലക്ഷം രൂപയുടെ ടെൻഡറിങ് സ്റ്റേജിലുള്ള പ്രവൃത്തി. മേൽപ്പറഞ്ഞവയാണ് നിലവിൽ പ്രസ്തുത പഞ്ചായത്തുകളിൽ നടന്നുവരുന്ന കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ.

(സി) പ്രസ്തുത പഞ്ചായത്തുകളിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് ജിയോബാഗ് സ്ഥാപിക്കുന്ന പ്രവൃത്തികൾക്കുള്ള അനുമതി നൽകിയിട്ടുള്ളതെന്നും ഇതിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും അറിയിക്കാമോ?

പ്രസ്തുത പഞ്ചായത്തുകളിലെ ജിയോബാഗ് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) ലോക ബാങ്കിന്റെയും വിവിധ ധനകാര്യ ഏജൻസികളുടെയും സഹായത്തോടെ പ്രസ്തുത പഞ്ചായത്തുകളിൽ നടപ്പാക്കാൻ വിഭാവനം ചെയ്തിട്ടുള്ള കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങളും പദ്ധതികൾ എന്നുമുതൽ പ്രാവർത്തികമാക്കാൻ സാധിക്കുമെന്നുമുള്ള വിവരങ്ങളും അറിയിക്കാമോ?

ലോക ബാങ്കിന്റെയും വിവിധ ധനകാര്യ ഏജൻസികളുടെയും സഹായത്തോടെ പ്രസ്തുത പഞ്ചായത്തുകളിൽ നടപ്പാക്കാൻ വിഭാവനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചെയ്തിട്ടുള്ള കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ മുൻഗണനയനുസരിച്ച് തയ്യാറാക്കിവരുന്നു. കേരള തീരദേശ സംരക്ഷണത്തിന്റെ ഭാഗമായി NCCR (National Centre for Coastal Research) പഠനം നടത്തി Shore Line Management Plan-ന്റെ കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കുന്നമുറയ്ക്ക് പ്രവൃത്തികളുടെ മുൻഗണനയും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് പ്രവൃത്തികൾ നടപ്പാക്കാവുന്നതാണ്.

മാടായി, മാട്ടൂൽ പഞ്ചായത്തുകളിലെ കടൽഭിത്തി നിർമ്മാണം

239 (1012) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ മാടായി, മാട്ടൂൽ എന്നീ പഞ്ചായത്തുകളിലെ കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ മാട്ടൂൽ, മാടായി പഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മാണപ്രവൃത്തി

പുരോഗമിച്ചുവരുന്നു. 2820 മീറ്റർ പുനർനിർമ്മാണ പ്രവൃത്തിയിൽ ഇതുവരെ 1510 മീറ്റർ (53%) പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി എപ്പോഴാണ്; വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ ദീർഘിപ്പിച്ച കാലാവധി 04-04-2025 വരെയാണ്. ബാക്കിവരുന്ന നിർമ്മാണപ്രവൃത്തി ദീർഘിപ്പിച്ച കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ജൽ ജീവൻ പദ്ധതിക്കായി കുഴിച്ച റോഡുകൾ

240 (1013) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ജൽ ജീവൻ പദ്ധതിക്കായി കുഴിച്ചതും പഞ്ചായത്തിൽ പണം കെട്ടിവക്കാത്തതും പൂർവസ്ഥിതിയിലാക്കാത്തതുമായ ഏതൊക്കെ റോഡുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

കുന്ദമംഗലം പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിക്കായി കുഴിച്ച

റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഇവ നന്നാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ചാത്തമംഗലം പെരുമണ്ണ, വളവണ്ണ, പെരുവയൽ, കുന്ദമംഗലം എന്നീ പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കുഴിച്ച റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിനുള്ള ഫണ്ട് അതത് പ്രവൃത്തികളിൽ വകയിരുത്തിയിട്ടുണ്ട്. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നമുറയ്ക്ക് റോഡ് പുനരുദ്ധാരണം ചെയ്യുന്നതാണ്. മാവൂർ ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ആദ്യഘട്ടത്തിലാണ് പദ്ധതികൾക്ക് അനുമതി ലഭ്യമായത്. ഈ പദ്ധതികളിൽ പഞ്ചായത്ത് റോഡിന്റെ താൽക്കാലിക പുനഃസ്ഥാപനത്തിനുള്ള തുകയാണ് അനുവദിച്ചിട്ടുള്ളത്. ഭരണാനുമതി ലഭിക്കുന്നതനുസരിച്ച് പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

241 (1014) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരന്തരപ്പിള്ളി-മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കുറുമാലിപ്പുഴയിൽ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് തകർന്ന് ഗതാഗതം തടസ്സപ്പെട്ട് വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ അപ്രോച്ച് റോഡിന്റെയും റെഗുലേറ്ററിന്റെയും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ അനുമതി നൽകുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

General Attappilly kadavu RCB Construction of regulator-cum-bridge at Attappilly kadavu across Kurumali River in Thrissur District- Balance Rectification works എന്ന പ്രവൃത്തിയുടെ 13.90 കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) അപ്രോച്ച് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ ഒരു ഘട്ടമായും റെഗുലേറ്റർ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ

അടുത്ത ഘട്ടമായും നടപ്പാക്കുന്നതരത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഐ.ഡി.ആർ.ബി.-യുടെ അംഗീകരിച്ച ഡിസൈൻ പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്. അപ്രോച്ച് റോഡിന്റെ താഴ്ഭാഗത്തുനിന്ന് soil scouring/piping സംഭവിച്ചതാണ് റോഡ് തകരാൻ കാരണമായത്. ഇത് തടയാനുള്ള പ്രൊട്ടക്ഷൻ വർക്ക്, apron വർക്ക് എന്നിവ റോഡിന്റെ സംരക്ഷണത്തിന് അനിവാര്യമാണ്. അപ്രോച്ച് റോഡ് മാത്രമായി ആദ്യഘട്ടമെന്ന നിലയിൽ ചെയ്യുന്നത് റോഡ് വീണ്ടും തകരാൻ കാരണമായിത്തീരും. ആയതിനാൽ റെഗുലേറ്ററിന്റെ പ്രൊട്ടക്ഷൻ വർക്ക്, apron വർക്ക് എന്നിവ ചെയ്തതിനുശേഷം മാത്രമേ റോഡിന്റെ പണി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

വല്ലാർപാടം പനമ്പുകാട് റിങ് ബണ്ട് റോഡിന്റെ നിർമ്മാണം

242(1015) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെയും ഗോശ്രീ ഐലൻഡ്സ് ഡെവലപ്മെന്റ്

അതോറിറ്റിയുടെയും ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുള്ള വൈപ്പിൻ നിയോജകമണ്ഡലത്തിലെ വല്ലാർപാടം പനമ്പുകാട് റിങ് ബണ്ട് റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കാമോ;

(ബി) 2012-ൽ ജിഡയുടെയും തുടർന്ന് കിഫ്ബി അനുവദിച്ച ഇരുപത് കോടി രൂപയുടെയും ധനസഹായം ലഭിച്ച പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ വരുത്തുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(സി) പദ്ധതിയുടെ ഡിസൈൻ എന്നത്തേക്ക് തയ്യാറാക്കാൻ സാധിക്കുമെന്നും എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) കാലവർഷത്തിലും വൃശ്ചിക വേലിയേറ്റത്തിലും താമസസ്ഥലത്തും ഗൃഹങ്ങളിലും ഓരു വെള്ളം കയറി ദ്വീപ് പ്രദേശമായ വല്ലാർപാടത്തെ ജനജീവിതം ദുസ്സഹമാകുന്ന സാഹചര്യം കണക്കിലെടുത്ത് നിർമ്മാണ പ്രവൃത്തി എത്രയുംവേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-ഡി) തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ഭരണാനുമതി നൽകിയ

ഗോശ്രീ ഐലന്റ്സ് ഡെവലപ്മെന്റ് അതോറിറ്റി (GIDA)-യുടെ ധനസഹായത്തോടെയുള്ള 17.1 കോടി രൂപയുടെ പ്രവൃത്തിയിൽ 5 കോടി രൂപ സ്ലൂയിസ് (sluice) നിർമ്മാണത്തിനായി മൈനർ ഇറിഗേഷൻ ഉപയോഗിച്ചിട്ടുണ്ട്. ബാക്കി 12.1 കോടി രൂപയുടെ പ്രവൃത്തിക്ക് ഇറിഗേഷൻ ഡിസൈൻ റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.)-ൽ നിന്നുള്ള ഡിസൈൻ പ്രകാരം വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കി വരുന്നു. GIDA-യുടെയും കിഫ്ബി ധനസഹായമായ 20 കോടി രൂപയുടെയും പ്രവൃത്തികൾ നടപ്പാക്കുന്നതിന് സ്ഥലത്തിന്റെ അതിർത്തി നിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഐ.ഡി.ആർ.ബി.-യിൽ നിന്നും ലഭ്യമായ ഡിസൈനിന്റെ അടിസ്ഥാനത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പെരിഞ്ചേരിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്

243 (1016) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ഉദ്ഘാടനം ചെയ്ത പേരാമ്പ്ര, കുറ്റ്യാടി

നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെട്ട പെരിഞ്ഞേരിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവൃത്തി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രവൃത്തി പഴയ കരാറിലാണോ നിലവിൽ ചെയ്യുന്നതെന്ന് അറിയിക്കാമോ; അല്ലെങ്കിൽ പുതിയ ടെൻഡർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിഞ്ഞേരിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി നടപ്പാക്കുന്നതിനായി പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. ടെൻഡർ നടപടികൾ പൂർത്തിയാക്കി, പദ്ധതിയുടെ കരാർ 07-09-2020-ന് നടപ്പിലാക്കി. തുടർന്ന് പദ്ധതി പ്രവൃത്തികൾ പുരോഗമിക്കവെ, കരാറുകാരൻ പദ്ധതിയുടെ ബിൽ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഒന്നാമത്തെയും രണ്ടാമത്തെയും ബാലൻസ് ബില്ലും ബാക്കിയുള്ള പദ്ധതി പ്രവൃത്തികളുടെ

പുതുക്കിയ എസ്റ്റിമേറ്റും കിഫ്ബിക്ക് അംഗീകാരത്തിനായി സമർപ്പിക്കുകയും കിഫ്ബി ബിൽ തുക കരാറുകാരന് അനുവദിച്ചുനൽകുകയും ചെയ്തു. കിഫ്ബിയുടെ നിർദേശപ്രകാരം പുതുക്കിയ രൂപരേഖ പരിശോധനയ്ക്കായി കോഴിക്കോട് എൻ.ഐ.ടി.-യിൽ സമർപ്പിക്കുകയും എൻ.ഐ.ടി. പദ്ധതി പ്രദേശം സന്ദർശിച്ച് പുതുക്കിയ രൂപരേഖക്കുള്ള അംഗീകാരം നൽകുകയും ചെയ്തു. കിഫ്ബിയുടെ ചീഫ് ടെക്നിക്കൽ എക്സാമിനർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും കെ.ഐ.ഐ.ഡി.സി.-ലെ ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തുകയും അതിൻപ്രകാരം പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും കരാറുകാരൻ പൂർത്തീകരണ കാലാവധി സംബന്ധിച്ച സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള കരാർ 2016 ഡി.എസ്.ആർ. ആസ്പദമാക്കിയുള്ളതാണ്. ആയത് അടിസ്ഥാനമാക്കിയാണ് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നത്. കിഫ്ബിയിൽനിന്നും പുതുക്കിയ എസ്റ്റിമേറ്റിനുള്ള

അംഗീകാരം ലഭിക്കുന്നമുറയ്ക്കും ടി എസ്റ്റിമേറ്റ് പ്രകാരമുള്ള സപ്ലിമെന്ററി എഗ്രിമെന്റ് കരാറുകാരൻ വയ്ക്കുന്നതിന്റെമുറയ്ക്കും പദ്ധതി പ്രവൃത്തികൾ പുനരാരംഭിക്കാൻ സാധിക്കുന്നതാണ്. ആയതിനാൽ പുതിയ ടെൻഡർ ചെയ്യുന്നതിന് നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല.

കുമ്പള കഞ്ചികട്ട വി.സി.ബി. -കം -ബ്രിഡ്ജ്

244 (1017) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കുമ്പള കഞ്ചികട്ട വി.സി.ബി.-കം-ബ്രിഡ്ജ് കാലപ്പഴക്കംമൂലം അപകടാവസ്ഥയിലായതിനാൽ അടച്ചിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കുമ്പള-കഞ്ചിക്കട്ട വി.സി.ബി.-കം-ബ്രിഡ്ജിന് കാലപ്പഴക്കംമൂലമുള്ള അപകടാവസ്ഥ കണക്കിലെടുത്ത് ജില്ലാ റോഡ് സേഫ്റ്റി അതോറിറ്റിയുടെ തീരുമാനപ്രകാരം വാഹന ഗതാഗതം നിരോധിക്കുകയും പാലം അടച്ചിടുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് പുതിയ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

പുതിയ വി.സി.ബി.-കം-ബ്രിഡ്ജിനുവേണ്ടിയുള്ള അപ്രൂവ്ഡ് ഡിസൈൻ ലഭ്യമായിട്ടുണ്ട്. എന്നാൽ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തത് തടസ്സം സൃഷ്ടിച്ചിരുന്നു. തുടർന്ന് മഞ്ചേശ്വരം എം.എൽ.എ.-യും പഞ്ചായത്ത് അധികൃതരും ജനകീയ കമ്മിറ്റിയും ചേർന്ന് ഡിസംബർ മാസത്തോടെ സ്ഥലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പദ്ധതി നബാർഡ് ട്രാഞ്ച XXXI-ൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇടിയഞ്ചിറ റെഗുലേറ്റർ നവീകരണം

245 (1018) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ ഇടിയഞ്ചിറ റെഗുലേറ്റർ നവീകരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

മണലൂർ നിയോജകമണ്ഡലത്തിലെ ഇടിയഞ്ചിറ റെഗുലേറ്ററിന്റെ നവീകരണപ്രവൃത്തികൾ ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ളതാണ്. നിലവിൽ റിങ് ബണ്ടിന്റെ നിർമ്മാണം

പൂർത്തീകരിച്ചിട്ടുള്ളതും ബെയ്ലിംഗ് ഔട്ട് പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ?

കാലവർഷത്തിന് മുന്നോടിയായി പ്രവൃത്തി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) നിലവിൽ റെഗുലേറ്ററിന് ഷട്ടർ ഇല്ലാത്തതിനാൽ കനാലിലേക്ക് ഉപ്പുവെള്ളം കയറിയിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉപ്പുവെള്ളം നീക്കം ചെയ്ത് മേഖലയിലെ കൃഷി സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചിരുന്ന ഇടിയഞ്ചിറ ബണ്ട് 01-12-2024, 02-12-2024 എന്നീ തീയതികളിലെ ശക്തമായ മഴയെത്തുടർന്ന് 35 മീറ്ററോളം നീളത്തിൽ പൂർണ്ണമായും തകർന്നുപോയിരുന്നുവെങ്കിലും 22-12-2024-ൽ ബണ്ട് പുനഃസ്ഥാപിച്ചിരുന്നു.

ഉപ്പിന്റെ അളവ് കുറയ്ക്കുന്നതിനായി ചിമ്മിനി ഡാമിൽനിന്നും ഈ സമയം ജലവിതരണം നടത്തിയിരുന്നു. ഉപ്പുവെള്ളം നീക്കംചെയ്ത് കൃഷി സംരക്ഷിക്കുന്നതിന്റെ ഭാഗമായി നിർമ്മാണം പൂർത്തീകരിച്ചിരുന്ന അപ്സ്ട്രീമിലെ ഇടിയഞ്ഞിറ താൽക്കാലിക ബണ്ടിന്റെ തെക്കേഭാഗം 01-01-2025-ൽ പൊളിച്ചുനീക്കം ചെയ്തിരുന്നു. ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി ഡൗൺസ്ട്രീമിൽ റിങ് ബണ്ട് നിർമ്മാണം നടന്നുകൊണ്ടിരുന്നതിനാൽ അധികദിവസം വെള്ളം തുറന്നുവിടാൻ സാധിക്കാത്ത സാഹചര്യത്തിൽ 07-01-2025-ന് ബണ്ട് വീണ്ടും അടയ്ക്കേണ്ടതായിവന്നു. 13-01-2025-ൽ ഹെബർട്ട് കനാലിലും ലിങ്ക് കനാലിലും വെള്ളം കൂടിയതിനാൽ സമീപപ്രദേശനിവാസികളുടെ പരാതി പരിഗണിച്ച് ജലവിതരണം നിർത്തിവയ്ക്കേണ്ടിവന്നു. തുടർന്ന് 14-01-2025-ലെ കോൾ അഡ്വൈസറി യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കുമാലി പുഴയുടെ താൽക്കാലിക ബണ്ടുകളുടെ നിർമ്മാണത്തിനായി 15-01-2025 മുതൽ വീണ്ടും ജലവിതരണം താൽക്കാലികമായി നിർത്തിവച്ചു. ഇടിയഞ്ഞിറയിലെ ജലനിരപ്പ്

ഉയർത്തുന്നതിനായി പീച്ചി ഡാമിൽനിന്ന് 22-01-2025-ൽ ജലവിതരണം ആരംഭിക്കുകയുണ്ടായി. കൂടാതെ 23-01-2025-ന് ചിമ്മിനി ഡാമിൽനിന്നും വീണ്ടും ജലവിതരണം ആരംഭിക്കുകയും 28-01-2025-ന് തുറന്നുവിടുന്ന വെള്ളത്തിന്റെ അളവ് വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചിമ്മിനി ഡാമിൽനിന്നുള്ള ജലവിതരണം നടക്കുന്നതിനാൽ അടുത്ത ദിവസങ്ങളിൽത്തന്നെ ഇടിയഞ്ചിറ റെഗുലേറ്ററിലെ ജലനിരപ്പ് ഉയർത്തുന്നതിനും ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നതിന്റെ വ്യാപ്തി കുറയ്ക്കുന്നതിനും സാധിക്കുന്നതാണ്.

കൊടുങ്ങല്ലൂർ പെരുംതോട്ടിൽ സ്ലൂയിസ്

246 (1019) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ കൊടുങ്ങല്ലൂർ നഗരസഭക്കും എറിയാട് ഗ്രാമപഞ്ചായത്തിനും ഇടയിൽ ഉപ്പുവെള്ളം കയറുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് അഴീക്കോട് പാലത്തിനുസമീപം

പെരുംതോട്ടിൽ സ്ലൂയിസ് നിർമ്മിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്ലൂയിസ് നിർമ്മിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

(എ&ബി) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ കൊടുങ്ങല്ലൂർ നഗരസഭയ്ക്കും എറിയാട് പഞ്ചായത്തിനും ഇടയിലുള്ള പെരുംതോട്ടിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുവേണ്ടിയുള്ള സ്ലൂയിസ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് കൊടുങ്ങല്ലൂർ നഗരസഭയുടെ കമ്മിറ്റി തീരുമാനവും പൊതുജനങ്ങളുടെ പരാതിയും ലഭിച്ചതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിക്കുവേണ്ടിയുള്ള 100 ലക്ഷം രൂപയുടെ "Construction of salt water extrusion sluice in Perumthodu near Azhicode palam in between Kodungallur Municipality and Eriyad panchayath and side protection work of Perumthodu in between Azhicode palam and MIT school" എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച്

തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

അരുണാപുരം റെഗുലേറ്റർ-കം- ബ്രിഡ്ജ് പദ്ധതി

247 (1020) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ അരുണാപുരം റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ ഡിസൈൻ റിവൈസ് ചെയ്ത് ഡീറ്റെയിൽഡ് എസ്റ്റിമേറ്റായി 48.84 കോടി രൂപയുടെ ഡി.പി.ആർ. നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) വർഷങ്ങളുടെ കാലതാമസം നേരിടുന്ന പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) പാലാ മുനിസിപ്പാലിറ്റിയിലെ അരുണാപുരത്ത് മീനച്ചിൽ നദിക്കുകുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് ഉപയോഗിച്ച് മിനി ഡാം നിർമ്മിക്കുന്നതിന് ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം-2 സമർപ്പിച്ച 48.84

കോടി രൂപയുടെ പ്രൊപ്പോസൽ നബാർഡിൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയതിന് അംഗീകാരം ലഭിച്ചിട്ടില്ല. പ്രസ്തുത പ്രൊപ്പോസലിന്റെ പുതുക്കിയ പ്രവൃത്തിയായ ചെക്ക് ഡാം-കം-ബ്രിഡ്ജിന്റെ സാധ്യത സംബന്ധിച്ച സാങ്കേതികമായ പരിശോധന നടത്തിവരികയാണ്.

കീഴ്മുറിക്കടവ് മൂതിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

248 (1021) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കുന്ന കീഴ്മുറിക്കടവ് മൂതിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് തീയതിയിൽ പൂർത്തിയാക്കാൻ കഴിയുമെന്നും പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് മണ്ഡലത്തിലെ കുടിവെള്ളപ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനാവശ്യമായ

നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

(എ&ബി) മൂതിക്കയം റെഗുലേറ്റർ പദ്ധതിയിൽ 11.09 മീറ്റർ വീതിയിൽ 156 മീറ്റർ നീളത്തിലുള്ള പാലവും 12 സ്പാനുകളുടെ റെഗുലേറ്ററും, റെഗുലേറ്ററിന്റെ അപ്സ്ട്രീമിൽ വലതുകരയിൽ 605 മീറ്റർ നീളത്തിലും ഇടതുകരയിൽ 85 മീറ്റർ നീളത്തിലുമുള്ള സംരക്ഷണഭിത്തിയും, റെഗുലേറ്ററിന്റെ ഡൗൺസ്ട്രീമിൽ വലതുകരയിൽ 245 മീറ്റർ നീളത്തിലും ഇടതുകരയിൽ 50 മീറ്റർ നീളത്തിലുമുള്ള സംരക്ഷണഭിത്തിയുമാണ് പദ്ധതി ഘടകങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നത്. കൂടാതെ 186 മീറ്റർ നീളത്തിലുള്ള അപ്രോച്ച് റോഡാണ് ഇരുകരകളിലുംകൂടി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പാലം, റെഗുലേറ്റർ, സംരക്ഷണഭിത്തി എന്നിവ പൂർത്തിയായി. നിലവിലുള്ള റോഡിൽനിന്നും പൂർത്തിയാക്കിയ പാലത്തിലേക്ക് കയറാൻ സാധിക്കുന്നതാണ്.

അപ്രോച്ച് റോഡിന്റെ വീതി വർധിപ്പിക്കുന്നതിന്റെ ഭാഗമായി 68 സെന്റ് ഭൂമി ഏറ്റെടുക്കാൻ റവന്യൂ വകുപ്പിൽനിന്ന് 07-04-2022-ലെ സ.ഉ.(സാധാ)നമ്പർ 1609/2022/റവന്യൂ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നമുറയ്ക്ക് അപ്രോച്ച് റോഡിന്റെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. 2025 മേയ് അവസാനത്തോടെ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

249 (1022) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സ്റ്റേജ് II-ന് അംഗീകാരം ലഭിക്കുന്നതിനായി പരിവേഷ് പോർട്ടലിൽ വകുപ്പ് അടയ്ക്കാനുള്ള 40,39,000 രൂപ അടച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) കോതമംഗലം നിയോജകമണ്ഡലത്തിലെ ആവോലിച്ചാൽ

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സിവിൽ വിഭാഗത്തിൽവരുന്ന ചെക്ക് ഡാമുകളുടെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്നത് പി.വി.ഐ.പി. ഭ്രതത്താൻകെട്ട് ബാരേജിന്റെ അപ്സ്ട്രീം ഭാഗത്താകയാൽ ടി ബാരേജിലെ വാട്ടർ ലെവൽ കുറയുന്നമുറയ്ക്ക് മാത്രമേ പമ്പ് ഹൗസിന്റെ പണികൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ സക്ഷൻ പൈപ്പ് കടന്നുപോകേണ്ട സ്ഥലത്തിന്റെ ഉടമസ്ഥത വനം വകുപ്പിന്റെയാകയാൽ ടി വകുപ്പിലേക്ക് തുക അടക്കേണ്ടതുണ്ട്. ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലേക്ക് അടയ്ക്കേണ്ട തുക എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടില്ല. ആയത് അനുവദിച്ചുനൽകുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

പാറയിൽ വി.സി.ബി.-യിലുണ്ടായ ചോർച്ച

250 (1023) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ച തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ പാറയിൽ വി.സി.ബി.-യിലുണ്ടായ ചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തിയായിവന്നപ്പോൾ വി.സി.ബി.-യുടെ ഫൈബർ ഷട്ടറുകളിലുണ്ടായ ചോർച്ച ശ്രദ്ധയിൽപ്പെടുകയുണ്ടായി. കരാർപ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണമാകാത്തതിനാൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിവരുന്ന കരാറുകാരനോട് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ചോർച്ച പരിഹരിക്കാൻ നിർദ്ദേശം നൽകുകയും ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) വി.സി.ബി.-യുടെ ചോർച്ച പരിഹരിക്കുന്നതിന് മൈനർ ഇറിഗേഷൻ വിഭാഗവും ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗവും സംയുക്തമായി നടത്തിയ പരിശോധനപ്രകാരം നിലവിലെ ഫൈബർ ഷട്ടർ മാറ്റി മെക്കാനിക്കൽ ഷട്ടർ സ്ഥാപിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും

ആയതിന്റെ എസ്റ്റിമേറ്റ് ഇറിഗേഷൻ വിഭാഗത്തിന് മെക്കാനിക്കൽ വിഭാഗം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വി.സി.ബി.-യുടെ ചോർച്ച പരിഹരിക്കുന്നതിന് മൈനർ ഇറിഗേഷൻ സിവിൽ വിഭാഗവും ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗവും നടത്തിയ സംയുക്ത പരിശോധനയെത്തുടർന്ന് മെക്കാനിക്കൽ വിഭാഗം പ്രൈസ് മുഖേന 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. പാറയിൽ വി.സി.ബി. നിർമ്മാണപ്രവൃത്തിയിൽ ഉൾപ്പെട്ട എഫ്.ആർ.പി. ഷട്ടറിലൂടെ വന്ന ചോർച്ച പരിഹരിക്കേണ്ടത് കരാർപ്രകാരം കരാറുകാരന്റെ ഉത്തരവാദിത്വമായതിനാൽ അപ്രകാരം നടപടി സ്വീകരിക്കാൻ സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചോർച്ച പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) നിലവിൽ സ്ഥാപിച്ചിട്ടുള്ള ഫൈബർ ഷട്ടറുകൾ പ്രസ്തുത പദ്ധതിക്ക്

അനുയോജ്യമല്ലെന്ന് കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഫൈബർ ഷട്ടറുകൾക്കിടയിലൂടെയുള്ള ചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തിക്കുവേണ്ടി ഇൻവെസ്റ്റിഗേഷൻ നടത്തി പ്രസ്തുത സൈറ്റായ പൂരപ്പുഴയേയും കീരാനല്ലൂരിനേയും ബന്ധിപ്പിക്കുന്ന old cut-ൽ പാറയിൽ എന്ന സ്ഥലത്തെ സാങ്കേതിക വിവരങ്ങളും മണ്ണിന്റെ ഘടനയും ശേഖരിച്ച് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ഐ.ഡി.ആർ.ബി. തയ്യാറാക്കിയ ഡിസൈൻ പ്രകാരവുമാണ് പ്രവൃത്തി നടത്തിയത്.

(ഡി) ഫൈബർ ഷട്ടറിന് പകരം മെക്കാനിക്കൽ ഷട്ടർ എന്നത്തേക്ക് സ്ഥാപിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ചോർച്ച പരിഹരിക്കാനുള്ള നിരന്തര ശ്രമങ്ങൾക്കുശേഷവും പരിഹരിക്കപ്പെടാതെവരികയാണെങ്കിൽ ആയത് ഡിസൈൻ വിഭാഗവും മെക്കാനിക്കൽ വിഭാഗവും സിവിൽ വിഭാഗവും സംയുക്ത സ്ഥലപരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

മൂന്നിയൂരിൽ ജലസേചന വകുപ്പിന്റെ സ്ഥലത്ത് അങ്കണവാടി കെട്ടിടം

251 (1024) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഫയൽ നം.ഐ.ആർ.1/106/2022-ഡബ്ല്യു.ആർ.ഡി.യിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്ത് പത്താം വാർഡിലെ 129-ാം നമ്പർ അങ്കണവാടിക്ക്, തെക്കേപാടം എൽ.ഐ. സ്കീമിന്റെ വലത് ശാഖാ കനാലിന്റെ വലതുഭാഗത്തായുള്ള ജലസേചന വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം അനുവദിക്കുന്ന വിഷയം തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനമെടുത്തിരുന്നു. എന്നാൽ വീണ്ടും ഇതേ ആവശ്യം സർക്കാരിലേക്ക് ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ജലസേചന പദ്ധതികൾക്കായി പൊന്നുംവിലയ്ക്ക് ഏറ്റെടുത്ത സ്ഥലം പദ്ധതി

ആവശ്യങ്ങൾക്ക് മാത്രമെ ഉപയോഗിക്കാൻ പാടുള്ളൂ. പ്രസ്തുത ആവശ്യം നിലവിലെ നിബന്ധനകൾപ്രകാരം അംഗീകരിക്കാനാവില്ല.

മെതിപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

252 (1025) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമമംഗലം പഞ്ചായത്തിലെ മെതിപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിലവിൽ പ്രവർത്തനക്ഷമമല്ലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്നതിനായി വകുപ്പുതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പദ്ധതി പ്രവർത്തനക്ഷമമല്ലാത്തത് കാരണം കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പാടശേഖരത്തേക്ക് കാർഷികാവശ്യത്തിനായി ജലം എത്തിക്കുന്നതിന് മെതിപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അടിയന്തരമായി

പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയാണ് പ്രസ്തുത പ്രതിസന്ധിക്ക് കാരണമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രതിസന്ധികൾ പരിഹരിച്ച് കാർഷിക ആവശ്യത്തിന് ജലം എത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഇ) രാമമംഗലം പഞ്ചായത്തിലെ മെതിപാറ എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന പാമ്പാക്കുട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിലവിൽ പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സ്കീമിലുള്ള 125, 110, 100, 75 എന്നീ എച്ച്.പി. കപ്പാസിറ്റിയുള്ള മോട്ടോർ പമ്പ് സെറ്റുകൾ എല്ലാം പ്രവർത്തനക്ഷമമാണ്. പ്രസ്തുത സ്കീമിലെ വൈദ്യുതിബന്ധം പുനഃസ്ഥാപിച്ചിട്ടുള്ളതാണ്. ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതി കുടിശ്ശിക സംബന്ധിച്ച അവ്യക്തത പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ 10-10-2024-ൽ ചേർന്ന ഉന്നതതലയോഗത്തിന്റെ തീരുമാനപ്രകാരം വൈദ്യുതി കുടിശ്ശിക തീർപ്പാക്കിയിട്ടുള്ളതാണ്. 2024-25 പമ്പിങ് സീസൺ ആരംഭിച്ചത് മുതൽ

കർഷകരുടെ ആവശ്യപ്രകാരം സമയബന്ധിതമായി പാമ്പാക്കുട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

പട്ടാമ്പി നിയോജകമണ്ഡലത്തിലെ ജലസേചന പദ്ധതികൾ

253 (1026) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയിട്ടുള്ള ജലസേചന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയിട്ടുള്ള ജലസേചന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത പദ്ധതികളിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ പേര്, ഭരണാനുമതി നൽകിയ തുക, പദ്ധതികളുടെ പുരോഗതി എന്നിവയെപ്പറ്റിയുള്ള വിശദവിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതികളിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ പേര്, ഭരണാനുമതി നൽകിയ തുക, പദ്ധതികളുടെ പുരോഗതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എന്നിവയെപ്പറ്റിയുള്ള വിശദവിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ നവീകരിക്കാൻ ബാക്കിയുള്ള ജലാശയങ്ങളുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിൽ നവീകരിക്കാൻ ബാക്കിയുള്ള ജലാശയങ്ങളുടെ, പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

പരവൂർ കായലിലെ മൺകൂനകൾ നീക്കം ചെയ്യുന്നതിന് നടപടി

254 (1027) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട പരവൂർ കായലിൽ അടിഞ്ഞുകൂടിയിട്ടുള്ള വലിയ മൺകൂനകൾ നീക്കം ചെയ്യുന്നതിന് മേജർ ഇറിഗേഷൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത മൺക്കൂനകൾ നീക്കം ചെയ്യുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്നും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(സി) കാലതാമസം ഒഴിവാക്കി എത്രയും വേഗം മൺക്കൂനകൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ-സി) പരവൂർ കായലിലെ മൺക്കൂനകൾ നീക്കംചെയ്യുന്ന പ്രവൃത്തിക്കായി മൺക്കൂന പരിശോധനകൾ നടത്തി അളവും തരവും ഏജൻസിയെ വച്ച് പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മണ്ണിന്റെ തരമനുസരിച്ച് നിരക്ക് നിശ്ചയിച്ച് റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. എൻ.എച്ച്. നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രസ്തുത മണ്ണ് ലഭ്യമാക്കുന്നതിനായി എൻ.എച്ച്.എ.ഐ. അപേക്ഷ നൽകിയിട്ടുണ്ട്. എൻ.എച്ച്.എ.ഐ.-ക്ക് നിർമ്മാണപ്രവൃത്തികൾക്ക് മണ്ണ് നൽകുന്ന കാര്യത്തിൽ ഒരു പൊതുതീരുമാനത്തിലെത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതാണ്.

തെന്നല മറക്കപ്പാടം കാപ്പ് നവീകരണം

255 (1028) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ തെന്നല മറക്കപ്പാടം കാപ്പ് നവീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായെങ്കിലും കൈയേറ്റമുണ്ടെന്ന പരാതിപ്രകാരം തുടർനടപടി സ്വീകരിക്കാതെ പ്രവൃത്തി മാറ്റിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ തെന്നല പഞ്ചായത്തിലെ തെന്നല മറക്കപ്പാടം കാപ്പ് നവീകരണ പ്രവൃത്തി ടെൻഡർ ചെയ്തിരുന്നെങ്കിലും പ്രസ്തുത കാപ്പ് സർവെ ചെയ്ത് അതിർത്തി നിർണ്ണയിച്ചതിനുശേഷം മാത്രമെ ടെൻഡർ ചെയ്യാവൂ എന്ന് തെന്നല പഞ്ചായത്ത് മെമ്പർ രേഖാമൂലം പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഭൂമി അന്യാധീനപ്പെടുന്നത് ഒഴിവാക്കുന്നതിനായി ടെൻഡർ നടപടികൾ റദ്ദ് ചെയ്തിട്ടുണ്ട്. മറക്കപ്പാടം കാപ്പിന്റെ കിഴക്കുഭാഗത്തെ

അതിർത്തി സർവെ നടത്തിയിരുന്നു. ബാക്കിവരുന്ന ഭാഗങ്ങൾ കൃഷിയും വെള്ളക്കെട്ടും ചെളിയും കാരണം പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നില്ല. ഇതിനായി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികളും പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ജി.എസ്.ടി. നിരക്കും എസ്റ്റിമേറ്റ് നിരക്കും വർദ്ധിച്ചതിനാൽ എസ്റ്റിമേറ്റിൽ പറയുന്ന പ്രകാരം പ്രവൃത്തി നടപ്പാക്കാൻ നിലവിലെ ഭരണാനുമതി തുക പര്യാപ്തമല്ലാത്തതിനാൽ എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) ഡി.എസ്.ആർ. 2018 നിലവിൽ വന്നതിനാലും ജി.എസ്.ടി.-യിൽവന്ന മാറ്റവും കാരണം ആയതുപ്രകാരമുള്ള എസ്റ്റിമേറ്റ് തുക നിലവിലെ ഭരണാനുമതി തുകയായ 200 ലക്ഷത്തിനേക്കാൾ അധികരിച്ച് 279 ലക്ഷം രൂപയായതിനാലും നിലവിൽ ഈ പ്രവൃത്തിയുടെ ഭരണാനുമതി

കാലഹരണപ്പെട്ടതിനാലും സർവെ നടപടികൾ പൂർത്തീകരിച്ച് ലഭിക്കുന്ന സ്കെച്ചുപ്രകാരം കൈയേറ്റം ഉണ്ടെങ്കിൽ ആയത് ഒഴിപ്പിച്ച് ആവശ്യമെങ്കിൽ വേണ്ട മാറ്റങ്ങൾ ഉൾപ്പെടുത്തി പുതിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

തുമ്പോട്ടുകോണം പാലം നിർമ്മാണത്തിന് എൻ.ഒ.സി.

256 (1029) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ പഞ്ചായത്തിൽ 2024-25 ബജറ്റിൽ അനുബന്ധം II വാല്യം II-ൽ ക്രമ നമ്പർ 2745 ആയി തുമ്പോട്ടുകോണം പാലം നിർമ്മിക്കുന്ന പദ്ധതിക്ക് 20 ശതമാനം തുക വകയിരുത്തി തദ്ദേശസ്വയംഭരണ വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നിരാക്ഷേപ സാക്ഷ്യപത്രത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ്

എഞ്ചിനീയർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നറിയിക്കാമോ; പ്രസ്തുത നടപടികളുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പിൽനിന്ന് നിരാക്ഷേപ പത്രം ലഭിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 23-05-2024-ൽ സമർപ്പിച്ചെങ്കിലും ഇതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത പ്രവൃത്തിയുടെ പ്ലാൻ, എസ്റ്റിമേറ്റ്, അനുബന്ധ രേഖകൾ എന്നിവയുടെ പകർപ്പുകൾ സമർപ്പിക്കാൻ 01-06-2024-ൽ തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചാനൽ സബ് ഡിവിഷൻ നെയ്യാറ്റിൻകര ആവശ്യപ്പെടുകയുണ്ടായി. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ 01-06-2024-ലെ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖാന്തരം നടപ്പാക്കിയ പദ്ധതികൾ

257 (1030) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖാന്തരം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

1. കൊച്ചുകോർട്ട് കുടിവെള്ള പദ്ധതി ദീർഘിപ്പിക്കൽ

2. അൻപലക്കൊടി കുടിവെള്ള പദ്ധതി ദീർഘിപ്പിക്കൽ

3.ആതുരാശ്രമം എൻ.എസ്.എസ്. ഹോമിയോ മെഡിക്കൽ കോളേജിൽ കുഴൽക്കിണർ നിർമ്മാണം

4. പൊടിപാറ കുടിവെള്ള പദ്ധതി ദീർഘിപ്പിക്കൽ

5. കാക്കാംതോട് കുടിവെള്ള പദ്ധതി ദീർഘിപ്പിക്കൽ

6. മഞ്ചാടിക്കര കുടിവെള്ള പദ്ധതി ദീർഘിപ്പിക്കൽ

7. ബി.റ്റി.കെ. എൽ.പി.എസ്., ഫാത്തിമാപുരം കുഴൽക്കിണർ നിർമ്മാണം.

8. ജി.എൽ.പി.എസ്., നിലംപേരൂർ കുഴൽക്കിണർ നിർമ്മാണം.

9. ഗവ. എച്ച്.എസ്.എസ്., കുറിച്ചി കുഴൽക്കിണർ നിർമ്മാണം

10. മുതലവച്ചിറ കോളനി കുടിവെള്ള പദ്ധതി നവീകരണം, വേട്ടടി ക്ഷേത്രത്തിന് സമീപം

11. ബി.റ്റി.കെ. എൽ.പി.എസ്. ഫാത്തിമാപുരം കുടിവെള്ള പദ്ധതി

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിനും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം എന്നിവ തരംതിരിച്ച് വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ക്രമ നം.	പദ്ധതി	അനുവദിച്ച തുക	നിലവിലെ സ്ഥിതി
1.	കൊച്ചുകോർട്ട് കുടിവെള്ള പദ്ധതി ദീർഘിപ്പിക്കൽ	9,40,000	പൂർത്തീകരിച്ചു
2.	അൻപലക്കൊടി കുടിവെള്ള പദ്ധതി ദീർഘിപ്പിക്കൽ	9,05,000	പൂർത്തീകരിച്ചു
3.	ആതുരാശ്രമം എൻ.എസ്.എസ്. ഹോമിയോ മെഡിക്കൽ കോളേജിൽ കുഴൽക്കിണർ നിർമ്മാണം	1,59,690	പൂർത്തീകരിച്ചു
4.	പൊടിപാറ കുടിവെള്ള പദ്ധതി ദീർഘിപ്പിക്കൽ	4,50,000	പൂർത്തീകരിച്ചു
5.	കാക്കാംതോട് കുടിവെള്ള പദ്ധതി ദീർഘിപ്പിക്കൽ	17,78,000	പ്രവൃത്തി പുരോഗമിച്ചുവരുന്നു

6.	മഞ്ചാടിക്കര കുടിവെള്ള പദ്ധതി ദീർഘിപ്പിക്കൽ	17,73,000	പ്രവൃത്തി പുരോഗമിച്ചുവരുന്നു
7.	ബി.റ്റി.കെ എൽ.പി.എസ്. ഫാത്തിമാപുരം കുഴൽക്കിണർ നിർമ്മാണം	2,58,727	പൂർത്തീകരിച്ചു
8.	ജി.എൽ.പി.എസ്., നീലംപേരൂർ കുഴൽക്കിണർ നിർമ്മാണം	2,73,224	പൂർത്തീകരിച്ചു
9.	ഗവ. എച്ച്.എസ്.എസ്., കുറിച്ചി കുഴൽക്കിണർ നിർമ്മാണം	3,04,800	പൂർത്തീകരിച്ചു
10.	മുതലവച്ചിറ കോളനി കുടിവെള്ള പദ്ധതി നവീകരണം, വേട്ടടി ക്ഷേത്രത്തിനുസമീപം	9,94,000	പ്രവൃത്തി പുരോഗമിച്ചുവരുന്നു
11.	ബി.റ്റി.കെ. എൽ.പി.എസ്. ഫാത്തിമാപുരം കുടിവെള്ള പദ്ധതി	1,97,000	പൂർത്തീകരിച്ചു

ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കാൻ നടപടി

258 (1031) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) മുഖേന സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച്

ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുവേണ്ടിയുള്ള പ്രാഥമിക പരിശോധനാ ലാബുകൾ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ഹയർ സെക്കൻഡറി സ്കൂൾതലത്തിൽ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പാക്കിവരുന്നുണ്ട്. ഹയർ സെക്കൻഡറി സ്കൂളുകളിൽ സയൻസ് ലാബുകളിൽ ജലഗുണനിലവാരവുമായി ബന്ധപ്പെട്ട് പരിശോധിക്കുന്ന പ്രധാന ഘടകങ്ങൾ നിറം, ഗന്ധം, പി.എച്ച്. മൂല്യം, വൈദ്യുതി ചാലകത, ലയിച്ചുചേർന്നിട്ടുള്ള ഖര പദാർഥങ്ങളുടെ അളവ്, അമോണിയയുടെ അളവ്, നൈട്രേറ്റിന്റെ അളവ്, കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം എന്നിവയാണ്. നവകേരളം കർമ്മ പദ്ധതി 2-ൽ ഉൾപ്പെടുത്തി 5.19 കോടി രൂപയുടെ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് ഫണ്ടുപയോഗിച്ച് 313 സ്കൂളുകളിൽ ജലഗുണനിലവാര ലാബുകൾ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ കേരളത്തിലെ അഞ്ച് ജില്ലകളായ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി

എന്നിവിടങ്ങളിലെ വിവിധ സ്കൂളുകളാണ് ഉൾപ്പെടുന്നത്. നിലവിൽ പ്രസ്തുത ജില്ലകളിലെ 294 സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ നവകേരളം കർമ്മപദ്ധതി 2-ൽനിന്ന് നിർദേശം നൽകിയിട്ടുണ്ട്. കെ.ഐ.ഐ.ഡി.സി. 130 സ്കൂളുകളിൽ പദ്ധതി പൂർത്തീകരിക്കുകയും 157 സ്കൂളുകളിൽ പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്. ഹരിതകേരളം മിഷൻ, എം.എൽ.എ.-മാരുടെ ആസ്തി/പ്രത്യേക വികസന ഫണ്ടുപയോഗിച്ച് 227 സ്കൂളുകളിൽ ജലഗുണനിലവാര ലാബുകൾ സ്ഥാപിക്കുന്നതിലേക്കായി 2.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ധർമ്മടം (കണ്ണൂർ), ചിറ്റൂർ (പാലക്കാട്) നിയോജകമണ്ഡലങ്ങളിലെ 18 സ്കൂളുകളിൽ ഹരിതകേരളം ഫണ്ട് ഉപയോഗിച്ചും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, ഇടുക്കി, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിലെ 227 സ്കൂളുകളിൽ 192 സ്കൂളുകളിൽ പദ്ധതി പൂർത്തീകരിക്കുകയും 27 സ്കൂളുകളിൽ പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്.

(ബി) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പൂർത്തിയായത്;

വിശദാംശം നൽകാമോ?

മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെ.ഐ.ഐ.ഡി.സി. മുഖേന പ്രസ്തുത പദ്ധതികളൊന്നുംതന്നെ നടപ്പാക്കിവരുന്നില്ല.

ജലവിഭവ സംരക്ഷണം

259 (1032) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭിക്കുന്ന ജലം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഏകദേശം വാർഷിക ശരാശരി 3000 എം.എം. മഴയാണ് സാധാരണയായി കേരളത്തിൽ ലഭിക്കുന്നത്. 44 നദികളിലൂടെ ലഭ്യമാകുന്ന ജലം, ഭൂഗർഭജലം, ശുദ്ധജല തടാകങ്ങളിലെ ജലം എന്നിവയാണ് പ്രധാനമായും ജല ഉപയോഗത്തിനായി കേരളം വിലയിരുത്തിയിട്ടുള്ളത്. കടുത്ത വരൾച്ച, അല്പവൃഷ്ടി, അതിവൃഷ്ടി, ഭൂഗർഭ ജലത്തിന്റെ ശോഷിപ്പ്,

സമുദ്രജലം ശുദ്ധീകരിക്കുന്നതിനുള്ള വലിയ ചെലവ്, മലിനീകരണം, കൂടിയ ഉപഭോഗ ശരാശരി എന്നിവയാണ് കേരളം പൊതുവെ നേരിടുന്ന പ്രശ്നങ്ങൾ. വർധിച്ചുവരുന്ന വ്യാവസായിക ആവശ്യങ്ങൾ, കാർഷിക ആവശ്യങ്ങൾ, ഗാർഹിക ആവശ്യങ്ങൾ എന്നിവ നേരിടുന്നതിന് നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിച്ചാൽ മാത്രമെ സാധിക്കുകയുള്ളൂ. ഭൂവിനിയോഗത്തിന്റെ തോത് വലിയതുപത്തിൽ വർധിച്ചതിനാൽ കിണറുകളും കുളങ്ങളും നിലനിൽക്കുന്നതിന് വലിയ പ്രതിസന്ധി നേരിടുന്നു. നെൽവയലിന്റെ വ്യാപ്തി കുറഞ്ഞുവരുന്നത് ഭൂഗർഭ ജലത്തിന്റെ റീചാർജിങ് തടസ്സമായിട്ടുണ്ട്. ശുദ്ധജലസ്രോതസ്സുകൾ സംരക്ഷിച്ചും മഴവെള്ള സംഭരണികൾ വ്യാപകമാക്കിയും മലിനീകരണം തടഞ്ഞും ഭൂഗർഭ ജലത്തിന്റെ നില വർധിപ്പിച്ചും ഉപഭോഗം ക്രമപ്പെടുത്തിയുമാണ് ജലസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടത്. നദിയിൽനിന്നും പുഴകളിൽ നിന്നുമുള്ള മണലൂറ്റ് സാധാരണ അക്വിഫറിന്റെ ശോഷിപ്പിനും പുഴകളുടെ ജലശേഷി കുറയുന്നതോടൊപ്പം എക്കലും മറ്റും അടിഞ്ഞുകൂടി ജലസംഭരണികളുടെ ശേഷികുറയുന്നതും പ്രതിസന്ധിക്ക് കാരണമാകുന്നുണ്ട്.

ഇവയെല്ലാം നേരിടുന്നതിനുള്ള ജലസംരക്ഷണ സമീപനമാണ് സ്വീകരിച്ചുവരുന്നത്.

(ബി) കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന ജലലഭ്യതയുടെ ഏറ്റക്കുറച്ചിൽ തിരിച്ചറിഞ്ഞ് ജല വർധനവിനും സംരക്ഷണത്തിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കേരളത്തിലെ ഉപരിതല ജലസ്രോതസ്സുകളിലെ ജലലഭ്യത മഴയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. കേരളത്തിൽ ശരാശരി ലഭിക്കേണ്ട മഴയുടെ കുറവ് കണക്കിലെടുത്ത് നദികളിലും ഡാമുകളിലും മറ്റ് ജലസ്രോതസ്സുകളിലും ലഭ്യമായിട്ടുള്ള ജലത്തിന്റെ അളവ് വിലയിരുത്തി വരൾച്ചയെ മുന്നിൽ കണ്ട്, ആവശ്യമായ മുൻകരുതൽ സ്വീകരിക്കുന്നതിനും ഉപ്പുവെള്ളം കയറാതെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുമുള്ള നടപടികളും കൂടാതെ ഡാമുകളിലെ ജലലഭ്യത കൃത്യമായി നിരീക്ഷിച്ച് ജലവിനിയോഗ മാനേജ്മെന്റ് ശാസ്ത്രീയമായി നിർവഹിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"-യുടെ ഭാഗമായി വിവിധ വകുപ്പുകളുടെ സഹകരണവും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംയോജിത നീർത്തടാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവൃത്തികളിൽപ്പെടുന്ന മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതി മുഖാന്തരവും മണ്ണ് സംരക്ഷണം, മണ്ണ് സർവെ വകുപ്പിന്റെ ഭാഗമായും നിർവഹിക്കുന്നതിനൊപ്പം കുളങ്ങളുടെ സംരക്ഷണവും സംഭരണശേഷി വർധിപ്പിക്കലും നീർച്ചാലുകൾ/തോടുകൾ/നദികളിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തനം, ഭൂജലപോഷണം സാധ്യമാകുംവിധമുള്ള ചെറുതടയണകൾ/വെന്റഡ് ക്രോസ് ബാറുകൾ (വി.സി.ബി.) നിർമ്മിക്കുക, നദികളെ ചെറുസംഭരണികളാക്കി പ്രാദേശിക ജലലഭ്യത വർധിപ്പിക്കാൻ സഹായിക്കുന്ന തടയണ/റെഗുലേറ്ററുകൾ എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. കൂടാതെ, വരൾച്ചയെ മുന്നിൽ കണ്ടുകൊണ്ട് ഭൂജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ/ഭൂജലനിരപ്പ് താഴ്ന്ന പ്രദേശങ്ങളിൽ മഴവെള്ളം പരമാവധി സംഭരിക്കാനും ഭൂജലപോഷണം സാധ്യമാക്കുന്നതുമായ വിവിധ പ്രവർത്തനങ്ങളും നിർവഹിച്ചുവരുന്നു.

കുടിവെള്ള പദ്ധതികൾക്കാവശ്യമായ വെള്ളം ഡാമുകളിൽ സംഭരിക്കാനായി കേരള വാട്ടർ അതോറിറ്റിയും ഇറിഗേഷൻ വകുപ്പും സംയുക്തമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ പുഴകൾക്കുകുറുകെ താൽക്കാലിക/സ്ഥിരം തടയണ നിർമ്മിച്ചും പമ്പ് ഹൗസുകളിലെ പമ്പിങ് സമയം കൂട്ടിയും വേനലിൽ ജലലഭ്യത ഉറപ്പാക്കിവരുന്നു. 'ജൽജീവൻ മിഷൻ' പദ്ധതിയുടെ ഭാഗമായി ഇൻസ്റ്റിറ്റ്യൂഷണൽ സപ്പോർട്ട് ഏജൻസി (ഐ.എസ്.എ.)-കൾ മുഖേന ജലസംരക്ഷണത്തെക്കുറിച്ച് ഗ്രാമപഞ്ചായത്തുകളിലെ വിവിധ മേഖലകളിൽ ബോധവൽക്കരണ പരിപാടികൾ നടപ്പാക്കിവരുന്നുണ്ട്. മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ശേഖരിച്ച് റീചാർജ് പിറ്റ് വഴി അനുയോജ്യമായ ഫിൽറ്റർ സംവിധാനത്തിലൂടെ ഇറന്ന കിണറുകൾ റീചാർജ് ചെയ്യുക, ചെറിയ ചെക്ക് ഡാമുകളുടെ നിർമ്മാണം, കുളങ്ങളുടെ നവീകരണം എന്നിവ വഴിയും ഭൂജലത്തെ പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ ഒരു പ്രദേശത്തെ ഭൂജലസമ്പത്ത് വർധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ, ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കുഴൽ കിണറുകൾ റീചാർജ്

ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ചുരുങ്ങിയ സമയത്ത് പെയ്യുന്ന അതിതീവ്ര മഴ സംസ്ഥാനത്തെ ഉയർന്ന പ്രദേശങ്ങളിലെ മണ്ണിൽ അതിന്റെ വാഹകശേഷിയെക്കാൾ കൂടുതൽ ജലം ശേഖരിക്കുകവഴി മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനുമൊക്കെ വഴിവയ്ക്കുന്നുണ്ട്. കാലങ്ങളായി ഓരോ പ്രദേശത്തുമുണ്ടായിരുന്ന നീർച്ചാലുകളുടെ ശൃംഖലകൾ പല ഭാഗത്തും അടഞ്ഞുപോയതാണ് പലപ്പോഴും ഇത്തരം സ്ഥിതിവിശേഷമുണ്ടാകുന്നതിന് കാരണം. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന പേരിൽ ഒരു കാമ്പയിന് ഹരിതകേരളം മിഷൻ തുടക്കംകുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 'മാപത്തോൺ' പദ്ധതിയിൽപ്പെടുത്തി പശ്ചിമഘട്ട മേഖലയിലെ 230 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 217 ഇടങ്ങളിൽ ജനകീയ ഡിജിറ്റൽ നീർച്ചാൽ മാപ്പിങ് പൂർത്തിയാക്കിയിട്ടുണ്ട്. മാപ്പിങ് പൂർത്തിയായ സ്ഥലങ്ങളിൽ നീർച്ചാൽ ശൃംഖലകൾ വീണ്ടെടുക്കുന്ന പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി മൺസൂണുകൾക്കുശേഷമുള്ള മഴദിനങ്ങൾ

കുറയുന്നത് വേനൽക്കാല ജലലഭ്യതയെ ബാധിക്കുന്നുണ്ട്. ഇതിനെ പ്രതിരോധിക്കുന്നതിനായി അധിക ജലസംഭരണം സാധ്യമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ ഭാഗമായി നടന്നുവരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഓരോ കാലയളവിലെയും ജല ആവശ്യവും ജല ലഭ്യതയും താരതമ്യം ചെയ്ത് ജല ലഭ്യത കുറഞ്ഞ കാലയളവിൽ ജല ലഭ്യത ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ പദ്ധതികൾ തയ്യാറാക്കുന്നതിന് സഹായകരമായ രീതിയിൽ ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ഹരിതകേരളം മിഷന്റെ ഭാഗമായി നടന്നുവരുന്നു. സംസ്ഥാനത്തെ 438 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇത്തരത്തിൽ ജല ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര ഭൂജല ബോർഡ് സംസ്ഥാനത്ത് ക്രിട്ടിക്കൽ ബ്ലോക്കുകളായി കണ്ടെത്തിയിട്ടുള്ള 3 ബ്ലോക്കുകളിലും സെമി ക്രിട്ടിക്കൽ ബ്ലോക്കുകളായി കണ്ടെത്തിയിട്ടുള്ള 30 ബ്ലോക്കുകളിലും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുള്ള പ്രത്യേക ഇടപെടലുകൾ ഹരിതകേരളം മിഷന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ ജലവിഭവം സംരക്ഷിക്കുന്നതിനായി ജലനയം

രൂപീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്തെ ജലമേഖലയിലെ മാറിയ സാഹചര്യത്തിന്റെ അടിസ്ഥാനത്തിലും 2012-ൽ പ്രസിദ്ധീകരിച്ച ദേശീയ ജലനയത്തിന്റെ വെളിച്ചത്തിലും 'സംസ്ഥാന ജലനയം 2008' പരിഷ്കരിക്കുന്നതിന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി, വിവിധ വകുപ്പുകളിലെ അംഗങ്ങളെ ഉൾപ്പെടുത്തി 14-11-2017-ന് ഒരു ഡ്രാഫ്റ്റിങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ 2018, 2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രളയവും തുടർന്നുള്ള കോവിഡ്-19 മഹാമാരിയും കാരണം പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാനായില്ല. തുടർന്ന് ഡ്രാഫ്റ്റിങ് കമ്മിറ്റി സമർപ്പിച്ച 'കരട് സംസ്ഥാന ജലനയം' നിരവധി തവണ ഡ്രാഫ്റ്റിങ് കമ്മിറ്റി വിശദമായി പരിശോധിക്കുകയും 27-09-2024-ൽ കൂടിയ യോഗതീരുമാനപ്രകാരം പൊതുജനങ്ങൾ, ജനപ്രതിനിധികൾ, ജലമേഖലയിലെ വിദഗ്ധർ എന്നിവരുടെ അഭിപ്രായം/നിർദേശങ്ങൾ ശേഖരിക്കുന്നതിലേക്കായി 06-11-2024-ന് ഒരു ശില്പശാല

സംഘടിപ്പിക്കുകയും പ്രസ്തുത ശില്പശാലയിൽനിന്ന് ലഭിച്ച പോയിന്റുകൾ/ നിർദേശങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് സമർപ്പിക്കപ്പെട്ട "കരട് സംസ്ഥാന ജലനയം, 2024" ഡ്രാഫ്റ്റിങ് കമ്മിറ്റി വിശദമായി പരിശോധിച്ചുവരികയും ചെയ്യുന്നു.

ചിറ്റൂർ താലൂക്കിലെ ഭൂഗർഭ ജലവിതാനം

260 (1033) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിലെ ഭൂഗർഭ ജലവിതാനത്തിന്റെ കണക്ക് പരിശോധിച്ചിട്ടുണ്ടോ; അത് മോസ്റ്റ് ക്രിട്ടിക്കൽ വിഭാഗത്തിൽ ഉൾപ്പെട്ട സ്ഥലമാണോ?

കേന്ദ്ര ഭൂജല ബോർഡ് പ്രസിദ്ധീകരിച്ച Dynamic Resources of kerala 2023 ബ്ലോക്ക് അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് പ്രകാരം ചിറ്റൂർ ബ്ലോക്ക് ക്രിട്ടിക്കൽ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. ചിറ്റൂർ ബ്ലോക്കിൽ 8 തദ്ദേശ സ്ഥാപനങ്ങളാണുള്ളത് (പെരുമാട്ടി, കൊഴിഞ്ഞാമ്പാറ, നല്ലേപ്പിള്ളി, എരുത്തേമ്പതി, വടകരപ്പതി, എലപ്പുള്ളി, ചിറ്റൂർ, തത്തമംഗലം

മുനിസിപ്പാലിറ്റി). ഈ ബ്ലോക്കിന്റെ സ്റ്റേജ് ഓഫ് ഗ്രൗണ്ട് വാട്ടർ എക്സ്ട്രാക്ഷൻ 98.28 ശതമാനമാണ്.

(ബി) പാലക്കാട് ജില്ലയിലെ മഴനിഴൽ പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

പാലക്കാട് ജില്ലയിലെ ചിറ്റൂർ മേഖല മഴനിഴൽ പ്രദേശമാണ്.

(സി) ജലദൗർലഭ്യം കാരണം പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിയും പുതുശ്ശേരിയിൽ പെപ്സികോള കമ്പനിയും പൂട്ടണമെന്നാവശ്യപ്പെട്ട് നടത്തിയ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവിടത്തെ ഇപ്പോഴത്തെ ജലവിതരണം എപ്രകാരമാണ്; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രദേശത്ത് ഭൂജല വകുപ്പുവഴി ജല വിതരണം നടത്തുന്നില്ല. എന്നാൽ പ്ലാച്ചിമട പ്രദേശമുൾപ്പെടുന്ന പെരുമാട്ടി പഞ്ചായത്തിലേക്ക് WSS to Elappully, Nalleppully, Perumatty and Pattanchery എന്ന സ്കീമിൽനിന്നും പുതുശ്ശേരി പഞ്ചായത്തിലേക്ക് RWSS to Pudussery എന്ന സ്കീമിൽനിന്നും കേരള വാട്ടർ അതോറിറ്റി നിലവിൽ കുടിവെള്ളവിതരണം നടത്തിവരുന്നു.

പൈപ്ലൈൻ പൊട്ടിച്ച് പാഴാക്കുന്ന ജലം

261 (1034) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട് ചവറ നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടിച്ച് ജലം പാഴാക്കിയതിന് പിഴയായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് നാളിതുവരെ എത്ര രൂപയുടെ ബില്ലുകൾ നൽകി എന്നറിയിക്കാമോ?

നാഷണൽ ഹൈവേയുടെ വർക്കുമായി ബന്ധപ്പെട്ട് ചവറ നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ പൊട്ടിച്ച് ജലം പാഴാക്കിയതിന് നാഷണൽ ഹൈവേ അതോറിറ്റിക്ക് കേരള വാട്ടർ അതോറിറ്റി ചവറ സബ് ഡിവിഷനിൽനിന്നും 04-05-2023-ൽ 63,109.05 രൂപയുടെ വാട്ടർ ബില്ലും 06-12-2024-ൽ 2,02,290 രൂപയുടെ ബില്ലും നൽകിയിട്ടുണ്ട്.

(ബി) ചവറ പന്മന കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ പൊട്ടിച്ച് പാഴാക്കുന്ന ജലത്തിന്റെ കണക്കുകൂടി ഉൾപ്പെടുത്തിയാണോ ബിൽ

നൽകുന്നത്; വ്യക്തമാക്കുമോ?

ചവറ പന്മന കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പമ്പിങ് മെയിനിൽ നാഷണൽ ഹൈവേയുടെ വർക്കുമായി ബന്ധപ്പെട്ട് ലീക്കുകൾ ഒന്നുംതന്നെയുണ്ടായിട്ടില്ല. എന്നാൽ വാട്ടർ അതോറിറ്റി SLEC-യുടെ ടാങ്കിൽ ലഭ്യമാക്കുന്ന മുഴുവൻ വെള്ളത്തിനും വിതരണ ശൃംഖലയിലുണ്ടാകുന്ന ചോർച്ച പരിഗണിക്കാതെയാണ് ബിൽ നൽകിക്കൊണ്ടിരിക്കുന്നത്.

(സി) അല്ലെങ്കിൽ ജലനിധിയുടെ പാഴാകുന്ന വെള്ളത്തിന് നഷ്ടപരിഹാരം ലഭിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുകയെന്ന് അറിയിക്കാമോ?

വിതരണ ശൃംഖലയിൽ ജല ചോർച്ചമൂലമുണ്ടാകുന്ന നഷ്ടം ലഘൂകരിക്കുന്നതിന് സമയബന്ധിതമായ അറ്റകുറ്റപ്പണികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്.

എരുമേലി പഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ

262(1035) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലി പഞ്ചായത്തിലെ ജലവിതരണ ശൃംഖല നവീകരിക്കുന്നതിനായി 07-11-2018-ലെ സ.ഉ.(സാധാ) നം.799/2018/ഡബ്ല്യു.ആർ.ഡി. പ്രകാരം നബാർഡ് ട്രാഞ്ച XXIV-ൽ ഉൾപ്പെടുത്തി 12.6 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ കാലാവധി 2024 സെപ്റ്റംബർ 30-ന് അവസാനിച്ചതുമൂലം എരുമേലി പഞ്ചായത്തിലെ മൂന്ന് പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായിരിക്കുന്നത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

നബാർഡ് പദ്ധതിയിലൂടെ നടപ്പാക്കുന്ന പ്രവൃത്തികളുടെ അടങ്കൽ തുകയുടെ 85% നബാർഡ് ലോൺ അനുവദിക്കുകയും ബാക്കി 15% തുക സംസ്ഥാന സർക്കാരുമാണ് വഹിച്ചിരുന്നത്. നിലവിൽ നബാർഡ് പ്രവൃത്തികളുടെ 85% മാത്രമാണ് നൽകിവരുന്നത്. പദ്ധതികളുടെ പുരോഗതിക്കും കുടിശ്ശിക തുക കൊടുത്ത് തീർക്കുന്നതിലേക്കുമായി സംസ്ഥാന വിഹിതമായ 15% നബാർഡ് ശീർഷകത്തിൽ അനുവദിച്ച് തരുന്നതിലേക്കായി 15.14 കോടി രൂപയുടെ ധനാഭ്യർഥന 11-08-2024-ൽ

സമർപ്പിച്ചിട്ടുണ്ട്. എരുമേലി പഞ്ചായത്തിലെ ജലവിതരണ ശൃംഖല നവീകരിക്കുന്നതിനായി നബാർഡ് ട്രാഞ്ച XXIV-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ കാലാവധി സെപ്റ്റംബർ 30-ന് അവസാനിച്ചു. പദ്ധതി പൂർത്തീകരണത്തിനായി എരുമേലി പഞ്ചായത്തിലെ ജലവിതരണ പദ്ധതിയിലെ മൂന്ന് പ്രവൃത്തികൾ സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എരുമേലി ഗ്രാമപഞ്ചായത്തിലെ ജൽജീവൻ മിഷന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയിൽ എരുമേലി പഞ്ചായത്തിൽ 7 പാക്കേജുകളിലായാണ് പ്രവൃത്തികൾ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പ്രവൃത്തികളിലായി 113.46 കിലോമീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ച് 10500 കുടിവെള്ള കണക്ഷനുകൾ നൽകേണ്ടതിൽ 92.54 കിലോമീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ച് 1919 കുടിവെള്ള കണക്ഷനുകൾ നാളിതുവരെ നൽകി. നിലവിലെ പാക്കേജ് 1, 2, 3 പ്രവൃത്തികൾ പ്രീ ക്ലോസ് ചെയ്യുകയുണ്ടായി. പ്രീക്ലോസ് ചെയ്ത മേല്പറഞ്ഞ പാക്കേജുകളിലെ

തുടർപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായും പഞ്ചായത്തിലെ പൈപ്പ്ലൈൻ സ്ഥാപിക്കാത്ത ബാക്കി എല്ലാ റോഡുകളിലും പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടിയും പുതിയൊരു പാക്കേജ് (പാക്കേജ് 8) രൂപീകരിക്കുകയും അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. കൂടാതെ ഈ പഞ്ചായത്തിന്റെ മുൻ എസ്റ്റിമേറ്റുകളിൽ പഞ്ചായത്ത് റോഡ് പുനരുദ്ധാരണത്തിനുള്ള നടപടികൾ ഉൾപ്പെടുത്തിയിരുന്നില്ല. അതിനാൽ നിലവിൽ പ്രീക്ലോസ് ചെയ്തതും പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളിലെ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണം സംയോജിപ്പിച്ച് ഒരു പ്രത്യേക പാക്കേജ് (പാക്കേജ് 9) രൂപീകരിക്കുകയും ചെയ്തു. അതിന്റെയും എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞു.

വാട്ടർ ടേബിൾ സംബന്ധിച്ച പഠനം

263 (1036) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വാട്ടർ ടേബിൾ സംബന്ധിച്ച് ജലവിഭവ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഒടുവിൽ നടത്തിയ പഠന റിപ്പോർട്ടിന്റെ

പകർപ്പ് ലഭ്യമാക്കാമോ?

സംസ്ഥാനമൊട്ടാകെയുള്ള ഭൂജല വകുപ്പിന്റെ നിരീക്ഷണ കിണറുകളിൽനിന്നും കേന്ദ്ര ഭൂജല ബോർഡിന്റെ നിരീക്ഷണ കിണറുകളിൽനിന്നും ശേഖരിക്കുന്ന ഭൂജല വിതാന ഡാറ്റയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വാട്ടർ ടേബിൾ സംബന്ധിച്ച പഠനം നടത്തുന്നുണ്ട്. ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി ജല വിതാന ഡാറ്റ, മഴയുടെ അളവ്, റീചാർജ്, ജല ഉപഭോഗം എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി റിപ്പോർട്ട് വർഷംതോറും തയ്യാറാക്കാറുണ്ട്. ഈ പഠന റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.[+]

വാട്ടർ അതോറിറ്റിയിലെ മീറ്റർ റീഡർ തസ്തിക

264 (1037) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ കണക്ഷന് ആനുപാതികമായി മീറ്റർ റീഡർമാർ നിലവിലുണ്ടോ; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല.

(ബി) ഇല്ലെങ്കിൽ മീറ്റർ റീഡർമാരുടെ ജില്ല തിരിച്ചുള്ള ഒഴിവുകളുടെ കണക്ക് ലഭ്യമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയിൽ സംസ്ഥാന അടിസ്ഥാനത്തിലാണ് ഒഴിവുകൾ നികത്തിവരുന്നത്. സംസ്ഥാനത്തൊട്ടാകെ അഞ്ച് ഒഴിവുകളാണ് നിലവിലുള്ളത്.

(സി) തസ്തിക പരിവർത്തനത്തിലൂടെ മീറ്റർ റീഡർ തസ്തിക വർധിപ്പിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

കേരള വാട്ടർ അതോറിറ്റിയിൽ വൈജ്ഞാനിക ഭരണനിർവഹണത്തിന്റെ ഭാഗമായി ഏതാനും തസ്തികകൾ പരിവർത്തനപ്പെടുത്തി മറ്റ് തസ്തികകളിൽ എണ്ണംകൂട്ടുന്ന ഒരു പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ അന്തിമഘട്ടത്തിലാണ്. ഇതിൽ മീറ്റർ റീഡർ തസ്തിക വർധിപ്പിക്കുന്ന കാര്യവും ഉൾപ്പെടുന്നുണ്ട്.

പൈപ്പുകൾ സ്ഥാപിക്കുന്നതിനും റെസ്റ്റോറേഷൻ പ്രവൃത്തികൾക്കുമുള്ള കാലതാമസം

265 (1038) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനും പൈപ്പുകൾ സ്ഥാപിച്ച റോഡുകളിൽ റെസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തുന്നതിനും വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, കുറുമാലി-തൊട്ടിപ്പാൾ-മുളങ്ങ് റോഡ്, ചെങ്ങാലൂർ-മണ്ണംപേട്ട-മാവിൻ ചുവട് റോഡ്, നന്ദിപുലം-വരന്തരപ്പിള്ളി റോഡ്, ആമ്പല്ലൂർ-പാലപ്പിള്ളി റോഡ്, കൊടകര-വെള്ളിക്കുളങ്ങര-കോടാലി റോഡ്, തൈക്കാട്ടുശ്ശേരി-തലോർ റോഡ്, പല്ലിശ്ശേരി ചർച്ച് റോഡ് ഉൾപ്പെടെയുള്ള വിവിധ റോഡുകളിൽ വാട്ടർ അതോറിറ്റി, ജൽ ജീവൻ മിഷൻ എന്നിവയുടെ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും അതിന്റെ റെസ്റ്റോറേഷൻ പ്രവൃത്തികളും ഉടൻ

പൂർത്തിയാക്കുന്നതിനാവശ്യമായ അനുമതിയും ഫണ്ടും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

പുതുക്കാട്-മുപ്ലിയം-കോടാലി റൂട്ടിൽ ജെ.ജെ.എം. പ്രവൃത്തിയിൽ 6.5 കി.മീറ്റർ റോഡിന്റെ ഇരുവശത്തുമായി പൈപ്പ്ലൈൻ സ്ഥാപിക്കാനുണ്ട്. അതിൽ 3.9 കി.മീറ്റർ സ്ഥാപിച്ചുകഴിഞ്ഞു. തുടർപ്രവൃത്തികൾ നടന്നുവരുന്നു. ഇതേ റോഡിൽത്തന്നെ മറ്റത്തൂർ പഞ്ചായത്തിന്റെ പരിധിയിൽവരുന്ന ഭാഗത്ത് പൈപ്പ്ലൈൻ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. എന്നാൽ വരന്തരപ്പിള്ളി പഞ്ചായത്തിന്റെ പരിധിയിൽവരുന്ന റോഡിന് കെ.ആർ.എഫ്.ബി.-യുടെ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും പൈപ്പ്ലൈൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ചെങ്ങാലൂർ-മണ്ണംപേട്ട റോഡിൽ 3.5 കി.മീറ്റർ പൈപ്പ്ലൈൻ സ്ഥാപിക്കുകയും 85 ശതമാനം റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആമ്പല്ലൂർ-പാലപ്പിള്ളി റോഡിൽ 6 കി.മീറ്റർ പൈപ്പ്ലൈൻ സ്ഥാപിക്കാനുള്ളതിൽ 2.4 കി.മീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. തുടർപ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ ചെയിനേജ് 5/700 മുതൽ 6/000 വരെയുള്ള റോഡിന് കട്ടിങ് പെർമിഷൻ

ലഭിക്കുന്നതിനായി ബാങ്ക് ഗ്യാരന്റി പൊതുമരാമത്ത് വകുപ്പിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും അനുമതി ലഭിച്ചിട്ടില്ല. പല്ലിശ്ശേരി ചർച്ച് റോഡിൽ പൈപ്പ്ലൈൻ സ്ഥാപിച്ച് താൽക്കാലിക റെസ്റ്റോറേഷൻ ചെയ്തിട്ടുണ്ട്. തൈക്കാട്ടുശ്ശേരി-തലോർ റോഡിൽ പൈപ്പ്ലൈൻ വർക്ക് പൂർത്തീകരിച്ചു. റോഡ് റെസ്റ്റോറേഷൻ ചെയ്യുന്നതിന് റോഡ് പൊതുമരാമത്ത് വകുപ്പിന് തിരികെ നൽകിയിട്ടുണ്ട്. കുറുമാലി-തൊട്ടിപ്പാൾ-മുളങ്ങ് റോഡിൽ പള്ളം, മുളങ്ങ് എന്നീ കൽവർട്ടുകൾ ഒഴികെ ബാക്കി പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. കൂടാതെ ജി.എസ്.ബി. ഇടുന്ന പ്രവൃത്തി പള്ളം മുതൽ കുറുമാലി വരെ പൂർത്തീകരിച്ചിട്ടുണ്ട്. 29-01-2025-ന് സി.എം.ടി. യോഗത്തിൽ പ്രസ്തുത റോഡിൽ റെസ്റ്റോറേഷൻ പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. ചെയ്യുമെന്നും അതിനുള്ള തുക പി.ഡബ്ല്യു.ഡി.-യിൽ അടവാക്കുവാനും തീരുമാനിച്ചതനുസരിച്ച് 01-02-2025-ന് പി.ഡബ്ല്യു.ഡി. ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി 04-02-2025-ന് തുക അടവാക്കുന്നതിനായി ഡിമാൻഡ് നോട്ട് ലഭിച്ചിട്ടുണ്ട്. കൂടാതെ തൊട്ടിപ്പാളിൽനിന്നും മുളങ്ങിലേക്ക് പോകുന്ന ദിശയിൽ ആദ്യത്തെ കൽവർട്ട് വരെയാണ് റോഡിനോട് ചേർന്ന്

പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുള്ളത്. അവിടെ ജി.എസ്.ബി. ഇട്ട് റോഡ് റെസ്റ്റോറേഷൻ ചെയ്തിട്ടുണ്ട്. ബാക്കിവരുന്ന ഭാഗങ്ങളിൽ പൂർണ്ണമായും berm-ലൂടെയാണ് പൈപ്പ്ലൈൻ സ്ഥാപിച്ചത്. അവിടെ റോഡ് റെസ്റ്റോറേഷൻ ചെയ്യേണ്ടതില്ലെന്ന് പി.ഡബ്ല്യു.ഡി. അറിയിച്ചിട്ടുണ്ട്. മറ്റത്തൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന മുപ്ലിയം-ഇഞ്ചക്കുണ്ട്-കോടാലി റോഡിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി.-യുടെ അനുമതി ലഭിച്ച് പ്രവൃത്തി പുരോഗമിക്കുന്നു. നിലവിൽ 6.82 കിലോമീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ട്. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതിക്കനുസരിച്ച് റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളും നടത്തുന്നതാണ്. ഇതേ പഞ്ചായത്തിലെ കൊടകര-വെള്ളിക്കുളങ്ങര-കോടാലി റോഡിന് പി.ഡബ്ല്യു.ഡി.-യുടെ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും പൈപ്പ്ലൈൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല. വരന്തരപ്പിള്ളി പഞ്ചായത്തിലെ നന്ദിപുലം - വരന്തരപ്പിള്ളി റോഡിന് പി.ഡബ്ല്യു.ഡി.-യുടെ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും പൈപ്പ്ലൈൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ആമ്പല്ലൂർ-പാലപ്പിള്ളി റോഡിന് ഡിമാൻഡ് നോട്ട് പ്രകാരം ബാങ്ക് ഗ്യാരന്റി

അടവാക്കിയിട്ടുണ്ടെങ്കിലും പി.ഡബ്ല്യു.ഡി.-യുടെ അനുമതി ലഭിച്ചിട്ടില്ല.

പയ്യന്നൂരിൽ ജലവിഭവ വകുപ്പിന് കീഴിലെ പദ്ധതികൾ

266 (1039) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പിനുകീഴിൽ പയ്യന്നൂർ നിയോജകമണ്ഡല പരിധിയിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും അവയ്ക്കനുവദിക്കപ്പെട്ട തുകയും നിലവിലെ അവസ്ഥയും തരംതിരിച്ച് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പിനുകീഴിൽ പയ്യന്നൂർ നിയോജകമണ്ഡല പരിധിയിൽ അനുവദിച്ച പദ്ധതികളും അവയ്ക്കനുവദിക്കപ്പെട്ട തുകയും നിലവിലെ അവസ്ഥയും തരംതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.+

ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി

267 (1040) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അരുവിക്കര നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങളുടെ ലക്ഷ്യം, നിലവിലെ നിർവഹണ പുരോഗതി, പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതി എന്നീ വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ നൽകുമോ?

ജൽ ജീവൻ മിഷനിലുൾപ്പെടുത്തി അരുവിക്കര നിയോജകമണ്ഡലത്തിലെ അരുവിക്കര, വെള്ളനാട്, ആര്യനാട്, ഉഴമലയ്ക്കൽ, കുറ്റിച്ചൽ, പൂവച്ചൽ, വിതുര, തൊളിക്കോട് എന്നീ 8 പഞ്ചായത്തുകളിലാണ് പ്രവൃത്തികൾ നടന്നുവരുന്നത്. കുടിവെള്ള കണക്ഷനില്ലാതിരുന്ന എല്ലാ ഗാർഹിക ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നൽകുകയെന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. കേന്ദ്ര സർക്കാർ പദ്ധതി കാലാവധി നിലവിൽ 2028 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തുതല വിവരങ്ങൾ ചുവടെച്ചേർക്കുന്നു.

1. അരുവിക്കര പഞ്ചായത്ത്: അരുവിക്കര പഞ്ചായത്തിൽ പൈപ്പ്ലൈൻ സ്ഥാപിക്കൽ 94% പൂത്തീകരിച്ചിട്ടുണ്ട്. വെള്ളൂർക്കോണം സമ്പ് 80% പൂർത്തിയായി.

2. വെള്ളനാട് ഗ്രാമപഞ്ചായത്ത്: വെള്ളനാട് പഞ്ചായത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പൈപ്പ്ലൈൻ സ്ഥാപിക്കൽ 85 ശതമാനത്തോളം പൂർത്തിയായി. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

3&4 കുറ്റിച്ചൽ, പൂവച്ചൽ പഞ്ചായത്തുകൾ: കുറ്റിച്ചൽ പഞ്ചായത്തിൽ 72 കി.മീ. ജലവിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 67 കി.മീ. ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്. പൂവച്ചൽ പഞ്ചായത്തിൽ 120 കി.മീ. ജല വിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 110 കി.മീ. ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്. മണ്ണൂർക്കര തൊഴുത്തിൻ കരചിറയിൽ 11.50 എം.എൽ.ഡി. പ്ലാന്റിന്റെ പണികൾ പൂർത്തിയായി ശുദ്ധജലവിതരണം ഭാഗികമായി നടത്തിവരുന്നു. എന്നാൽ ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ പണികൾ ആരംഭിക്കാത്തതുകാരണം ടി പ്രവൃത്തി ടെർമിനേറ്റ് ചെയ്യുകയും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ദർപ്പകാട് 8 ലക്ഷം ലിറ്റർ സംഭരണിയുടെ പണികൾ പൂർത്തീകരിച്ചു. പാറമുകൾ 6 ലക്ഷം ലിറ്റർ സംഭരണിയുടെ നിർമ്മാണം തുടങ്ങേണ്ടതുണ്ട്. വലിയവിള 6.10 ലക്ഷം ലിറ്റർ ടാങ്കിന്റെ

പണികൾ അവസാനഘട്ടത്തിലാണ്.

5&6 ആര്യനാട്, ഉഴമലയ്ക്കൽ പഞ്ചായത്തുകൾ: ആര്യനാട്, ഉഴമലയ്ക്കൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കൂടിവെള്ള പദ്ധതി 12 പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. ജല ശുദ്ധീകരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണം 43% പൂർത്തിയായി. കിണറിന്റെയും പമ്പ്ഹൗസിന്റെയും നിർമ്മാണം 63% പൂർത്തിയായി. ആര്യനാട് പഞ്ചായത്തിലെ ജലവിതരണ ശൃംഖലകൾ 94% പൂർത്തിയായിട്ടുണ്ട്. ഉഴമലയ്ക്കൽ പഞ്ചായത്തിലെ ജലവിതരണ ശൃംഖലകൾ 60% പൂർത്തിയായി. ജലശുദ്ധീകരണശാലയിൽനിന്നും ആര്യനാട് പഞ്ചായത്തിലെ ഉപരിതല ജലസംഭരണികളിലെത്തിക്കുന്നതിനുള്ള പ്രധാന പൈപ്പ്ലൈൻ സ്ഥാപിക്കുന്ന രണ്ട് പാക്കേജുകളുടെ ദർഘാസ് ഉയർന്ന നിരക്കിൽ ക്വാട്ട് ചെയ്തിരുന്നതിനാൽ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ ഒരു പാക്കേജിന്റെ ദർഘാസ് നടപടി പുരോഗമിക്കുന്നു.

7. തൊളിക്കോട് ഗ്രാമപഞ്ചായത്ത്: തൊളിക്കോട് പഞ്ചായത്തിൽ 13 കി.മീ. ജലവിതരണ ശൃംഖല സ്ഥാപിക്കേണ്ട പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

8. വിതുര ഗ്രാമപഞ്ചായത്ത്: ഏഴുപേർതാണകര പമ്പ് ഹൗസിൽനിന്ന് റാ വാട്ടർ പമ്പ് ചെയ്ത ട്രീറ്റ് ചെയ്ത് വാമനപുരം നദിക്ക് സമീപമുള്ള 10 എം.എൽ.ഡി.-യുടെ വാവുപുര ചെറ്റച്ചൽ പ്ലാന്റിൽനിന്ന് വിതുര ഗ്രാമപഞ്ചായത്തിലേക്ക് ജലവിതരണം നടത്തിവരുന്നു.

പഞ്ചായത്തുതല കണക്ഷൻ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ജൽ ജീവൻ മിഷൻ കരാറുകാരുടെ കുടിശ്ശിക

268 (1041) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണ്; കേന്ദ്ര വിഹിതം പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; കരാറുകാർക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ടോ; അറിയിക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയുടെ മൊത്തം അടങ്കൽ തുക 44,714 കോടി രൂപയാണ്. അതിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. ജൽ ജീവൻ മിഷൻ നടപ്പാക്കിയ വകയിൽ 4,371.32

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോടി രൂപയുടെ ബില്ലുകൾ കരാറുകാർക്ക് ഇനിയും നൽകാനുണ്ട്.

(ബി) രണ്ടാംഘട്ട കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണ്; കേന്ദ്ര വിഹിതം പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; കരാറുകാർക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ടോ?

ജൽ ജീവൻ മിഷന്റെ രണ്ടാംഘട്ടത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. ജൽ ജീവൻ മിഷൻ നടപ്പാക്കിയ വകയിൽ 4,371.32 കോടി രൂപയുടെ ബില്ലുകൾ കരാറുകാർക്ക് ഇനിയും നൽകാനുണ്ട്.

(സി) സംസ്ഥാന വിഹിതമായി സർക്കാർ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണ്; വിശദാംശം നൽകുമോ?

ജൽ ജീവൻ മിഷൻ നടപ്പാക്കിയ വകയിൽ 4,371.32 കോടി രൂപയുടെ ബില്ലുകൾ കരാറുകാർക്ക് ഇനിയും നൽകാനുണ്ട്. ജൽ ജീവൻ മിഷന്റെ ഗൈഡ്ലൈൻസ് പ്രകാരം 50% സംസ്ഥാന സർക്കാരും 50% ശതമാനം കേന്ദ്ര സർക്കാരുമാണ് വഹിക്കേണ്ടത്.

(ഡി) സംസ്ഥാന വിഹിതം നൽകാത്തതിനെത്തുടർന്ന് കരാറുകാർ പ്രവൃത്തികൾ നിർത്തിവയ്ക്കുമെന്ന മുന്നറിയിപ്പ് നൽകിയ സാഹചര്യത്തിൽ

കുടിശ്ശിക തുക കൊടുത്ത് തീർക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കുടിശ്ശിക നൽകാത്തതിന്റെ പേരിൽ ജൽ ജീവൻ മിഷന്റെ പണികൾ ഫെബ്രുവരി ഒന്നുമുതൽ നിർത്തിവയ്ക്കുമെന്ന് അറിയിച്ചുകൊണ്ട് കരാറുകാരുടെ മുന്നറിയിപ്പ് കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്. ലോകബാങ്കിൽനിന്നും 6300 കോടി രൂപ, നബാർഡ്, ഹഡ്കോ, എൽ.ഐ.സി. എന്നീ സ്ഥാപനങ്ങളിൽനിന്നും 12,000 കോടി രൂപ എന്നിങ്ങനെ ജൽ ജീവൻ മിഷന്റെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായുള്ള പ്രൊപ്പോസലുകൾ കേരള വാട്ടർ അതോറിറ്റിയിൽനിന്നും സമർപ്പിച്ചിരുന്നു. അവ സർക്കാർ പരിശോധിച്ചുവരുന്നു.

പുനലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

269 (1042) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നടപ്പാക്കിവരുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ വിശദാംശം

ലഭ്യമാക്കാമോ; ഓരോ പഞ്ചായത്തിലും നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പുനലൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ പ്രധാനമായും ജൽ ജീവൻ മിഷൻ പദ്ധതിയാണ് നടന്നുവരുന്നത്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ പുനലൂർ മുനിസിപ്പാലിറ്റിയിൽ അമൃത് 2.0, എൽ.എസ്.ജി.ഡി. ഡെപ്പോസിറ്റ് പ്രവൃത്തികൾ, എം.എൽ.എ.-എ.ഡി.എസ്. പ്രവൃത്തി എന്നിവയും നടന്നുവരുന്നു. അവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പദ്ധതി പൂർണ്ണമായും പൂർത്തീകരിച്ചിട്ടുള്ള പഞ്ചായത്തുകളുടെയും ഇനിയും പൂർത്തിയാക്കാനുള്ള പഞ്ചായത്തുകളുടെയും വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പഞ്ചായത്തുകളിൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിക്കാനുള്ളത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കരവാളൂർ, ഇടമുളയ്ക്കൽ എന്നീ പഞ്ചായത്തുകളിലായി ആകെ എത്ര ഗാർഹിക കണക്ഷനുകൾ കൊടുത്തിട്ടുണ്ടെന്നും ഈ പഞ്ചായത്തുകളിൽ ഇനിയും പൂർത്തിയാക്കാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

ജൽ ജീവൻ മിഷന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) ഏരൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട ആയിരനല്ലൂർ കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങളും പദ്ധതി നടപ്പാക്കുന്നതിന് നിലവിലെ തടസ്സങ്ങൾ എന്തൊക്കെയാണെന്നും അത് പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ?

ഏരൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട ആയിരനല്ലൂർ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികളും അവയുടെ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.+ പദ്ധതി നടത്തിപ്പിലെ നിലവിലെ തടസ്സങ്ങളും അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും ചുവടെച്ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. പുനലൂർ താലൂക്കിൽ ആയിരനല്ലൂർ വില്ലേജിൽ ആയിരനല്ലൂർ പാലത്തിന് സമീപം 10 സെന്റ് സ്ഥലം ഏരൂർ പഞ്ചായത്തിലെ ആയിരനല്ലൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായ കിണർ നിർമ്മാണത്തിന് ജില്ലാ കളക്ടർ, കേരള വാട്ടർ അതോറിറ്റിക്ക് ഉപയോഗാനുമതി നൽകിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ കരാർ നടപടികൾ പൂർത്തീകരിച്ച് കിണർ നിർമ്മാണം പുരോഗമിച്ചുവരവെ വനം വകുപ്പ് അധികാരികളുടെ ഇടപെടൽമൂലം മേയ് 2024-ൽ പ്രവൃത്തി നിർത്തിവയ്ക്കേണ്ടതായി വന്നു.

2. വേനൽക്കാലങ്ങളിൽ തടസ്സമില്ലാത്ത പമ്പിങ് ഉറപ്പുവരുത്തുന്നതിനായി ആയിരനല്ലൂർ കിണറിന് സമീപത്തായി ചെക്ക് ഡാം നിർമ്മിക്കേണ്ടതുണ്ട്. അത് ജലസേചന വകുപ്പ് മുഖേന നടപ്പാക്കുന്നതിനായി 2.98 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും അതിൻപ്രകാരം ഫണ്ട് ലഭ്യമായ 99.1 ലക്ഷം രൂപ ജലസേചന വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ജലസേചന വകുപ്പ് കരാർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി നടപ്പാക്കിവരവെ ടി

പ്രവൃത്തികളും വനം വകുപ്പ് അധികാരികളുടെ ഇടപെടൽമൂലം നിർത്തിവയ്ക്കേണ്ടതായിവന്നു. കിണർ, ചെക്ക് ഡാം എന്നിവയുടെ നിർമ്മാണത്തിനായി വനം വകുപ്പിന്റെ അനുമതിക്കായി പരിവേഷ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും നാളിതുവരെ അനുമതി ലഭ്യമായിട്ടില്ല. അതിനാൽ വെൽ-കം-പമ്പ്ഹൗസ്, ചെക്ക് ഡാം എന്നിവയുടെ പ്രവൃത്തി തീർത്തും സ്തംഭനാവസ്ഥയിലാണ്.

3. ആയിരനല്ലൂർ കുടിവെള്ള പദ്ധതിയുടെ റോ വാട്ടർ പമ്പിങ് മെയിൻ, ഗ്രാവിറ്റി മെയിൻ വിതരണ ലൈനുകൾ ഏത്തൂർ ഇടമൺ പി.ഡബ്ല്യു.ഡി. റോഡിൽക്കൂടി 11.4 കിലോമീറ്റർ ദൂരത്തിൽ പൈപ്പ് സ്ഥാപിക്കേണ്ടതുണ്ട്. ടി റോഡ് നിലവിൽ ഡി.എൽ.പി. ആയതിനാൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടില്ല. അനുമതി ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിതന്നെ പുനഃസ്ഥാപന പ്രവൃത്തികൾ ക്രമീകരിക്കണമെന്നാണ് പി.ഡബ്ല്യു.ഡി. അറിയിച്ചിരിക്കുന്നത്. അതിന്റെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

കാസർഗോഡ് ജില്ലയിലെ ജൽ ജീവൻ പ്രവൃത്തികൾ

270 (1043) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ജൽ ജീവൻ മിഷൻ മുഖേനയുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രസ്തുത പ്രവൃത്തി ജില്ലയിൽ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ജൽജീവൻ മിഷൻ പദ്ധതിപ്രകാരം 220320 വാട്ടർ കണക്ഷനുകൾ നൽകാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 40873 കണക്ഷനുകൾ (18.55 ശതമാനം) നാളിതുവരെ നൽകി. പദ്ധതിയുടെ കാലാവധി നിലവിൽ 2028 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

പാറത്തോട് ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ

271 (1044) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറത്തോട് ഗ്രാമപഞ്ചായത്തിലെ പാറത്തോട്-പാലപ്ര-കള്ളുവേലി-വേങ്ങത്താനം റോഡിൽ ജൽ ജീവൻ മിഷന് ആവശ്യമായ പൈപ്പുകൾ

ഇടുന്നതിന് റോഡ് കട്ട് ചെയ്യുന്നതിനുള്ള അനുമതിക്കായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അടയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

പാറത്തോട് ഗ്രാമപഞ്ചായത്തിലെ കള്ളുവേലി-വേങ്ങത്താനം പി.ഡബ്ല്യു.ഡി. റോഡിൽ ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം 6.5 കിലോമീറ്റർ ദൂരത്തിൽ പൈപ്പ്ലൈൻ സ്ഥാപിക്കാൻ അനുമതി നൽകാനായി 1,07,10,000 രൂപയുടെ ഡിമാൻഡ് നോട്ടീസ് പി.ഡബ്ല്യു.ഡി.-യിൽനിന്നും നൽകിയിട്ടുണ്ട്. ജൽ ജീവൻ മിഷൻ ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ടി തുക പി.ഡബ്ല്യു.ഡി.-യിൽ അടവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

അമ്പലപ്പുഴയിലെ ജൽ ജീവൻ മിഷൻ പ്രവൃത്തി

272 (1045) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ ഭാഗമായി അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നാളിതുവരെ നൽകിയ കണക്ഷനുകളും ഇനി

നൽകാനുള്ള കണക്ഷനുകളും സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നാളിതുവരെ നൽകിയ കണക്ഷനുകളും ഇനി നൽകാനുള്ള കണക്ഷനുകളും സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് ചുവടെച്ചേർത്തിരിക്കുന്നു.

ക്രമ നം.	പഞ്ചായത്ത്	നൽകിയ കണക്ഷനുകളുടെ എണ്ണം	നൽകാനുള്ള കണക്ഷനുകളുടെ എണ്ണം
1	അമ്പലപ്പുഴ വടക്ക്	4540	0
2	അമ്പലപ്പുഴ തെക്ക്	2555	912
3	പുറക്കാട്	3710	1420
4	പുന്നപ്ര വടക്ക്	3756	0
5	പുന്നപ്ര തെക്ക്	3180	801

(ബി) പുതുതായി കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങി ലഭ്യമാക്കിയ പുറക്കാട്, പുന്നപ്ര തെക്ക്, അമ്പലപ്പുഴ തെക്ക്, പുന്നപ്ര വടക്ക് എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഓവർഹെഡ് ടാങ്ക് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ?

പുന്നപ്ര വടക്ക്, പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തുകളിലെ ഉപരിതല

ജലസംഭരണികളുടെ നിർമ്മാണത്തിന് കിഫ്ബിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. പുതിയതായി കുടിവെള്ള ടാങ്ക് നിർമ്മിക്കാനുദ്ദേശിക്കുന്ന അമ്പലപ്പുഴ തെക്ക്, പുറക്കാട് എന്നിവിടങ്ങളിലെ കുടിവെള്ള ടാങ്ക് നിർമ്മാണ പ്രവൃത്തികളുടെ ദർഘാസ് ജൽ ജീവൻ മിഷൻ പ്രവൃത്തിയിലുൾപ്പെടുത്തി ക്ഷണിച്ചിട്ടുണ്ട്. ടി ദർഘാസിൽ കരാറുകാരാരും പങ്കെടുക്കാത്തതിനെത്തുടർന്ന് 18-02-2025 വരെ ടെൻഡർ ദീർഘിപ്പിച്ചിട്ടുണ്ട്.

വാമനപുരം നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ

273 (1046) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ മുഖാന്തരം ഇതുവരെ നൽകിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണവും ഇനി നൽകാനുള്ള കണക്ഷനുകളുടെ എണ്ണവും ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ മുഖാന്തരം

കുടിവെള്ള കണക്ഷൻ നൽകിയവയുടെയും ഇനി നൽകേണ്ടവയുടെയും വിവരങ്ങൾ ചുവടെചേർക്കുന്നു.

പഞ്ചായത്ത്	നൽകിയ കണക്ഷനുകളുടെ എണ്ണം	നൽകാനുള്ളത്
ആനാട്	1691	6723
നന്ദിയോട്	2668	5608
പനവൂർ	4715	1338
പുല്ലമ്പാറ	4695	1304
കല്ലറ	4285	1273
പാങ്ങോട്	6150	2595
പെരിങ്ങമ്മല	1070	5457
വാമനപുരം	2537	4851
നെല്ലനാട്	4048	874

(ബി) തിരുവനന്തപുരം പ്രോജക്ട് ഡിവിഷന്റെ കീഴിൽ മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പുരോഗമിക്കുന്നതെന്നും അതിന്റെ തൽസ്ഥിതിയും വിശദമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ തിരുവനന്തപുരം പ്രോജക്ട് ഡിവിഷൻ നടപ്പാക്കിവരുന്ന പദ്ധതികളും അവയുടെ പുരോഗതിയും

ചുവടെചേർക്കുന്നു.

1. വാമനപുരം, നെല്ലനാട്, മാണിക്കൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണപദ്ധതി

വാമനപുരം നിയോജകമണ്ഡലത്തിലുൾപ്പെട്ട നെല്ലനാട്, വാമനപുരം പഞ്ചായത്തുകൾക്കും നെടുമങ്ങാട് നിയോജകമണ്ഡലത്തിലുൾപ്പെട്ട മാണിക്കൽ പഞ്ചായത്തിനുംവേണ്ടിയുള്ള കുടിവെള്ള പദ്ധതിയാണിത്.

ഒന്നാംഘട്ടം: ഈ പദ്ധതിയുടെ ഒന്നാംഘട്ടമായി ജൽ ജീവൻ മിഷനിലുൾപ്പെടുത്തി 118.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ നെല്ലനാട് പഞ്ചായത്തിലെ കുറ്ററയിൽ വാമനപുരം നദിക്ക് സമീപം കിണറും പമ്പ്ഹൗസും നിർമ്മിച്ച് പമ്പ്സെറ്റുകളും സ്ഥാപിച്ച് 500 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പ്ലൈൻവഴി വാമനപുരം നദിയിലെ ജലം പമ്പ് ചെയ്ത് കൈലാസം കുന്നിൽ നിർമ്മിക്കുന്ന 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയിലെത്തിച്ച് ശുദ്ധീകരിച്ചശേഷം നെല്ലനാട്, വാമനപുരം, മാണിക്കൽ പഞ്ചായത്തുകളിൽ നിർമ്മിക്കുന്ന ജലസംഭരണികളിലെത്തിച്ച് ജലവിതരണ ശൃംഖലകൾവഴി വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്.

രണ്ടാംഘട്ടം: ഈ പദ്ധതിയുടെ രണ്ടാംഘട്ടമായി വാമനപുരം, നെല്ലനാട് പഞ്ചായത്തുകളിലായി 3077 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് 3.36 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

പദ്ധതിയുടെ രണ്ടുഘട്ടങ്ങളിലൂടെ വാമനപുരം, നെല്ലനാട് പഞ്ചായത്തുകളിലായി 12310 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. ഈ രണ്ടുഘട്ടങ്ങളിലുമായി വാമനപുരം, നെല്ലനാട് പഞ്ചായത്തുകളിലെ ഏകദേശം 48200 പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. വാമനപുരം, നെല്ലനാട് പഞ്ചായത്തുകൾക്കായി ആകെ അനുവദിച്ച തുക 62.035 കോടി രൂപയാണ്. മേല്പറഞ്ഞ ഒന്നും രണ്ടും ഘട്ടങ്ങളിലുൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ പല പാക്കേജുകളായി തിരിച്ചാണ് നടപ്പാക്കുന്നത്. പാക്കേജ് ഒന്നിലുൾപ്പെട്ടിട്ടുള്ള കിണർ, പമ്പ്ഹൗസ്, കൈലാസം കുന്നിലെ ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിങ് മെയിൻ തുടങ്ങിയവയുടെ പ്രവൃത്തികൾ 80% പൂർത്തിയായിട്ടുണ്ട്. പാക്കേജ് രണ്ടിലുൾപ്പെട്ടിട്ടുള്ള 18 കി.മീ ട്രാൻസ്മിഷൻ പൈപ്പ്ലൈനുകൾ സ്ഥാപിക്കൽ 80 ശതമാനവും ജലവിതരണ ശൃംഖല

സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകൽ 90 ശതമാനവും പൂർത്തിയായിട്ടുണ്ട്. പാക്കേജ് മൂന്നിലുൾപ്പെട്ട ജലവിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകൽ 32% പൂർത്തിയായിട്ടുണ്ട്. ഇതേ പാക്കേജിലുൾപ്പെട്ട 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. പാക്കേജ് നാലിൽ ഉൾപ്പെട്ടിട്ടുള്ള വാമനപുരം പഞ്ചായത്തിലെ പടിഞ്ഞാറൻ മേഖലയിൽപ്പെട്ട പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. ഇരുപഞ്ചായത്തുകളിലുമായി 76 കി.മീ. ജലവിതരണ ശൃംഖലയും 11 കി.മീ ട്രാൻസ്മിഷൻ മെയിൻ പൈപ്പ്ലൈനും സ്ഥാപിച്ചിട്ടുണ്ട്.

2. ആനാട്, കുറുപുഴ, പാലോട് സമഗ്ര വില്ലേജുകൾക്കുവേണ്ടിയുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

വാമനപുരം നിയോജകമണ്ഡലത്തിലുൾപ്പെട്ട ആനാട്, കുറുപുഴ, പാലോട് വില്ലേജുകളിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള വാമനപുരം കുടിവെള്ള പദ്ധതി വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തി രണ്ടുഘട്ടങ്ങളായി നടപ്പാക്കാനാണ് വിഭാവനം ചെയ്തിരുന്നത്.

ഒന്നാംഘട്ടം: ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾക്കായി

എൻ.ആർ.ഡി.ഡബ്ല്യു.പി. പദ്ധതിയിലുൾപ്പെടുത്തി 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ ജലശുദ്ധീകരണശാല, കിണറും പമ്പ്ഹൗസും, റോ വാട്ടർ പമ്പിങ് മെയിൻ പൈപ്പ്ലൈൻ എന്നിവ പൂർത്തീകരിക്കുകയും ചെയ്തിരുന്നു.

രണ്ടാംഘട്ടം: രണ്ടാംഘട്ട പ്രവൃത്തികൾക്കായി സ്റ്റേറ്റ്പ്ലാനിൽ ഉൾപ്പെടുത്തി 16 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഇതിൽ റോ വാട്ടർ പമ്പ് ചെയ്യുന്നതിനായി പമ്പ്സെറ്റുകൾ സ്ഥാപിക്കൽ, നന്ദിയോട് നിലവിലുള്ള ജലസംഭരണിയുടെ പുനരുദ്ധാരണവും പുതുതായി 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണിയുടെ നിർമ്മാണവും ടി ജലസംഭരണികളിലേക്ക് ജലശുദ്ധീകരണശാലയിൽനിന്നും ശുദ്ധീകരിച്ച ജലം എത്തിക്കുന്നതിനുള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ, നന്ദിയോട് പഞ്ചായത്തിൽ 63 കി.മീ. ദൈർഘ്യത്തിൽ ജലവിതരണ ശൃംഖല സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ രണ്ട് പാക്കേജുകളായാണ് നടപ്പാക്കുന്നത്. അവ പൂർത്തിയായിക്കഴിഞ്ഞു. വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

വൈദ്യുതകണക്ഷൻ ലഭ്യമായാലുടൻ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കും.

മൂന്നാംഘട്ടം: ടി പദ്ധതിയുടെ മൂന്നാംഘട്ടമായി ആനാട്, നന്ദിയോട് പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശത്തും കുടിവെള്ളമെത്തിക്കുന്നതിനായി ജൽ ജീവൻ മിഷനിലുൾപ്പെടുത്തി 65.66 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആലുംകുഴിയിൽ 5.25 ലക്ഷം ലിറ്റർ, കൂപ്പിൽ 6.25 ലക്ഷം ലിറ്റർ, കൈതക്കാട് 1.7 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, പ്രസ്തുത ജലസംഭരണികളിലേക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള പൈപ്പ്ലൈനുകൾ, പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ, ഇരുപഞ്ചായത്തുകളിലും ആവശ്യമായ ജലവിതരണ ശൃംഖലകൾ തുടങ്ങിയവ സ്ഥാപിക്കലും കുടിവെള്ളകണക്ഷനുകൾ നൽകലും ഇതിലുൾപ്പെടുന്നു. ഇതിൽ കൈതക്കാട്, കൂപ്പ് എന്നിവിടങ്ങളിലെ ഉപരിതല ജലസംഭരണികളുടെ നിർമ്മാണം പൂർത്തിയായി. ആലുംകുഴിയിലെ ജലസംഭരണിയുടെ നിർമ്മാണം പുരോഗമിക്കുന്നു. ഏകദേശം 150 കി.മീ. ജലവിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 4 മേഖലകളായിതിരിച്ച് ഏതാണ്ട് 122 കിലോമീറ്ററോളം സ്ഥാപിച്ചുകഴിഞ്ഞു. ജൽ ജീവൻ

മിഷനിലുൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾകൂടി പൂർത്തിയാകുന്നതോടെ മേല്പറഞ്ഞ പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശത്തും ശുദ്ധജലമെത്തിക്കാനാകും.

3. പെരിങ്ങമല പഞ്ചായത്തിനുവേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി

വാമനപുരം നിയോജകമണ്ഡലത്തിലുൾപ്പെട്ട പെരിങ്ങമല പഞ്ചായത്തിൽ ശുദ്ധജലവിതരണം നടത്തുന്നതിനായി ജലശുദ്ധീകരണശാലയുൾപ്പെടെയുള്ള ഘടകങ്ങളുൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിക്ക് ജൽ ജീവൻ മിഷനിലുൾപ്പെടുത്തി 123.17 കോടി രൂപയുടെ ഭരണാനുമതി നൽകിട്ടുണ്ട്. തമ്പുരാൻ വച്ചുണ്ടകയത്ത് വാമനപുരം നദിയോട് ചേർന്ന് 8.0 മീ. വ്യാസമുള്ള കിണറിന്റെയും പമ്പ്ഹൗസിന്റെയും നിർമ്മാണം, ആയിരവല്ലിക്കുന്നിൽ 5 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെയും അനുബന്ധഘടകങ്ങളുടെയും നിർമ്മാണം, റോ വാട്ടർ, ക്ലിയർവാട്ടർ പമ്പിങ് മെയിൻ പൈപ്പ്ലൈനുകൾ, പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ, ആയിരവല്ലിക്കുന്നിൽ 10.6 ലക്ഷം ലിറ്ററും അടിയോടികോളനിയിൽ 1.5 ലക്ഷം ലിറ്ററും

വെളിയൻകാലകുന്നിൽ 1 ലക്ഷം ലിറ്ററും സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, ജലവിതരണ ശൃംഖലകൾ സ്ഥാപിക്കൽ, 6527 കുടിവെള്ളകണക്ഷനുകൾ നൽകൽ എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ ജലശുദ്ധീകരണശാലയുടെ നിർമ്മാണം ഏകദേശം 55% പൂർത്തിയായി. അടിയോടി കോളനിയിലെ ഉപരിതലജലസംഭരണിയുടെയും സമ്പിന്റെയും നിർമ്മാണം പൂർത്തിയായി. ജലവിതരണ ശൃംഖലയിൽ ആകെ 190 കി.മീ. പൂർത്തീകരിച്ചു. ഇതുവരെ 1070 കുടിവെള്ള കണക്ഷനുകൾ നൽകിക്കഴിഞ്ഞു. ആയിരവല്ലിക്കുന്നിൽ നിർമ്മിക്കേണ്ട ഉപരിതല ജലസംഭരണിയിലേക്ക് മതിയായ വഴിക്കുള്ള സ്ഥലം ലഭ്യമാകാത്തതിനാൽ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയാണ്.

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പെരിങ്ങമല പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി ആയിരവല്ലിക്കുന്നിൽ നിർമ്മിക്കേണ്ട ഉപരിതല ജലസംഭരണിയിലേക്ക് മതിയായ വഴിക്കുള്ള സ്ഥലം ലഭ്യമാകേണ്ടതുണ്ട്.

വെളിയൻകാല കുന്നിലും മടത്തറയിലും നിർമ്മിക്കേണ്ട ജലസംഭരണികൾക്കാവശ്യമായ സ്ഥലവും ലഭ്യമാകേണ്ടതുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതികൾക്കുള്ള ഫണ്ടിന്റെ ലഭ്യതക്കുറവ് എല്ലാ പ്രവൃത്തികളുടെയും പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്.

കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതികൾ

274 (1047) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന കിഫ്ബി കുടിവെള്ള പദ്ധതിയുടെയും അമൃത് കുടിവെള്ള പദ്ധതിയുടെയും നിലവിലെ പുരോഗതി വിശദമാക്കാമോ?

കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതിക്കായി അമൃത് പദ്ധതിയിലുൾപ്പെടുത്തി 1669.60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ കരാറുകാരൻ 90mm പി.വി.സി. 4000 മീറ്ററും 75mm പി.വി.സി. 4200 മീറ്ററും വിതരണം ചെയ്ത് യഥാക്രമം 607 മീറ്ററും 365 മീറ്ററും പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 62mm ജി.ഐ.

242 മീറ്ററും 85mm ജി.ഐ. 192 മീറ്ററും സ്ഥാപിക്കുകയും ഗാർഹിക കണക്ഷൻ 1600 എണ്ണവും നൽകിയിട്ടുണ്ട്. കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്കുവേണ്ടി സമഗ്ര കുടിവെള്ള പദ്ധതിക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി 78.50 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബിയിൽനിന്നും 108.698 കോടി രൂപയുടെ ഫണ്ടിങ് അനുമതിയും ലഭ്യമായിട്ടുണ്ട്. ഇതിൻപ്രകാരം കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്കായി ഒരു സമഗ്ര കുടിവെള്ള പദ്ധതി ആസൂത്രണം ചെയ്ത് 6 പാക്കേജുകളായി നടപ്പാക്കിവരുന്നു.

പാക്കേജ്–1: 19 ദശലക്ഷം ലിറ്റർ ശുദ്ധീകരണശേഷിയുള്ള ശുദ്ധീകരണശാലയുടെ നിർമ്മാണം റാ വാട്ടർ പമ്പിങ് മെയിൻ സ്ഥാപിക്കൽ, മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവ 99% പൂർത്തീകരിച്ചിട്ടുണ്ട്. ജല ശുദ്ധീകരണശാലയിലേക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ഡെഡിക്കേറ്റഡ് ലൈൻ സ്ഥാപിക്കുന്നതിനായി 2.06 കോടി രൂപ കെ.എസ്.ഇ.ബി.-യിലേക്ക് അടവാക്കിയിട്ടുണ്ട്. പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട്.

പാക്കേജ്–2: ചമ്മലപ്പറമ്പിൽ 6 ലക്ഷം ലിറ്റർ സംഭണശേഷിയുള്ള

ഉന്നതതല ജല സംഭരണി, മേലങ്ങാടിയിൽ 8 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജല സംഭരണി എന്നിവയുടെ നിർമ്മാണം, ഗ്രാവിറ്റി മെയിൻ, 35.13 കിലോമീറ്റർ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കൽ എന്നിവയുടെ പ്രവൃത്തി 99% പൂർത്തീകരിച്ചിട്ടുണ്ട്.

പാക്കേജ്–2 എ: കുമ്പളപ്പാറയിൽ 14 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി 99% പൂർത്തീകരിച്ചു.

പാക്കേജ് – 3 എ: 300mm ഡി.ഐ. മുതൽ 90mm പി.വി.സി. വരെയുള്ള വിവിധതരം പൈപ്പുകൾ ഉപയോഗിച്ച് സോൺ 1, സോൺ 2, സോൺ 3 എന്നീ ഭാഗങ്ങളിൽ 128.63 കിലോമീറ്റർ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി – ഇതിൽ എൻ.എച്ച്. 966–ൽ പൈപ്പുകൾ സ്ഥാപിക്കേണ്ട പ്രവൃത്തികൾ ഒഴികെ മറ്റ് പ്രവൃത്തികൾ 100% പൂർത്തീകരിച്ചു.

പാക്കേജ്–3 ബി: കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളുൾപ്പെടുന്ന കുമ്പളപ്പാറ, മൂച്ചിക്കുണ്ട്, ചെരുപ്പടി (സോൺ 5 എ,

സോൺ 5 ബി, സോൺ 6, സോൺ 7) എന്നീ പ്രദേശങ്ങളിലേക്ക് വിതരണ ശൃംഖലയും ബൂസ്റ്റർ സ്റ്റേഷനും സ്ഥാപിക്കുന്ന പ്രവൃത്തി – ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് 19-03-2024-ന് പ്രവൃത്തി ഉത്തരവ് നൽകി പ്രവൃത്തി നടപ്പാക്കിവരുന്നു.

പാക്കേജ്–3 എ (ബാലൻസ് വർക്ക്): പാക്കേജ് 3 എ പ്രവൃത്തിയിൽ അവശേഷിക്കുന്ന എൻ.എച്ച്. 966-ലൂടെ ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, വിതരണ ശൃംഖല എന്നിവ എച്ച്.ഡി.ഡി. മെത്തേഡിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി – ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് 06-06-2024-ന് പ്രവൃത്തി ഉത്തരവ് നൽകി, പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട്-പാലക്കാട് ദേശീയപാതയിൽ പൈപ്പ് ഇടുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ ഇതിന്റെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ കിഫ്ബി പദ്ധതിയുടെ ഭാഗമായി കോഴിക്കോട്-പാലക്കാട് ദേശീയപാതയിൽ പൈപ്പ്ലൈൻ

സ്ഥാപിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതി 30-01-2025-ന് ലഭ്യമായിട്ടുണ്ട്. കരാറുകാരൻ പൈപ്പുകൾ വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ കാലാവധി 3 മാസക്കാലയളവാണ് നൽകിയിട്ടുള്ളത്.

(സി) കേരളത്തിലെ ഏറ്റവും വലിയ പട്ടികജാതി സങ്കേതങ്ങളിലൊന്നായ നെടിയിരുപ്പ് എൻ.എച്ച്. പട്ടികജാതി സങ്കേതങ്ങളിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

കേരളത്തിലെ ഏറ്റവും വലിയ പട്ടികജാതി സങ്കേതങ്ങളിലൊന്നായ നെടിയിരുപ്പ് എൻ.എച്ച്. പട്ടികജാതി സങ്കേതങ്ങൾ ഉൾപ്പെടുന്ന ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി പ്രത്യേകം പാക്കേജ് 3 ബി പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് 19-03-2024-ൽ പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്. ഷാംജി നഗർ, ചെരുപ്പടി, അമ്പലപ്പടി, മൂച്ചികുണ്ട് എന്നിവിടങ്ങളിൽ ബൂസ്റ്റർ സ്റ്റേഷനുകളും ഉന്നതതല ജലസംഭരണികളും നിർമ്മിച്ച് ഉയർന്ന

പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതാണ്. ഈ ഭാഗങ്ങളിൽ വെള്ളമെത്തിക്കുന്നതിനായി നെടിയിരുപ്പ് ഭാഗത്ത് എൻ.എച്ച്. 966 ക്രോസ്സിങ് നടത്തേണ്ടതുണ്ട്. അതിനുള്ള പ്രവൃത്തി പാക്കേജ് 3 എ ബാലൻസ് പ്രവൃത്തിയായി ക്രമീകരിച്ച് കരാറുകാരന് 06-06-2024-ന് പ്രവൃത്തി ഉത്തരവ് നൽകി പ്രവൃത്തി നടന്നുവരുന്നു.

(ഡി) ഇതിനായി അമൃത് പദ്ധതിയിൽ അഡീഷണൽ തുകയ്ക്കുവേണ്ടി മുനിസിപ്പാലിറ്റി നൽകിയ അപേക്ഷയിൽ തീരുമാനമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

അമൃത് കൊണ്ടോട്ടി മുനിസിപ്പാലിറ്റി- അഡീഷണൽ പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമായിട്ടില്ല.

ജൽ ജീവൻ മിഷൻ

275 (1048) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൽ ജീവൻ മിഷനിലൂടെ എത്ര ഗ്രാമീണ വീടുകളിൽ കുടിവെള്ളമെത്തിക്കാനാണ് ലക്ഷ്യമിട്ടതെന്നും എത്ര വീടുകളിൽ

കുടിവെള്ളമെത്തിച്ചുവെന്നും ഇനി എത്ര വീടുകളിൽ കുടിവെള്ളം ലഭ്യമാക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് ആകെ 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ നാളിതുവരെ 20.77 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇനി 33.68 ലക്ഷം കുടിവെള്ള കണക്ഷനുകൾകൂടി നൽകാനുണ്ട്.

ചവറ നിയോജകമണ്ഡലത്തിലെ ജൽജീവൻ പദ്ധതി

276(1049) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ നിയോജകമണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിച്ച പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിനായി എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്; പ്രസ്തുത തുക പഞ്ചായത്തിന് കൈമാറിയിട്ടുണ്ടോ; പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ചവറ നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ

ഭാഗമായി പൈപ്പ്ലൈൻ സ്ഥാപിച്ച പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിനായി 359.90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പഞ്ചായത്ത് നേരിട്ട് റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തിയാക്കുകയും പ്രസ്തുത പ്രവൃത്തിയുടെ ബില്ലുകൾ പി.എഫ്.എം.എസ്.-ൽ സമർപ്പിക്കുകയും ചെയ്യുമ്പോൾ ജൽ ജീവൻ മിഷന്റെ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുക നൽകുന്നതാണ്. റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മുണ്ടക്കയം, കോരുത്തോട് പഞ്ചായത്തുകളിലെ ജൽ ജീവൻ പദ്ധതി

277(1050) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കയം, കോരുത്തോട് പഞ്ചായത്തുകളിൽ നടപ്പാക്കിവരുന്ന ജൽ ജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി മുണ്ടക്കയം-കോരുത്തോട് പഞ്ചായത്തുകളിലെ പ്രവൃത്തികൾ ഏഴ് പാക്കേജുകളായി നടപ്പാക്കിവരുന്നു. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

പാക്കേജ്–1: മുണ്ടക്കയം, കോരുത്തോട് പഞ്ചായത്തുകൾക്കായി ശുദ്ധജല പദ്ധതി 9.0 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണശാല, മൂരിക്കയത്ത് 9 മീറ്റർ വ്യാസമുള്ള സംഭരണ കിണറും മുളങ്കുന്നം 5.0 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി, സിയോൻകുന്നിൽ ബൂസ്റ്റിങ് സ്റ്റേഷൻ എന്നിവയുടെ നിർമ്മാണവും കൺവെയൻസ് ആൻഡ് ട്രാൻസ്മിഷൻ ലൈനുകളുടെയും വിതരണ ശൃംഖലകളുടെയും സ്ഥാപിപ്പിക്കൽ, 6900 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തി, 175.46 കിലോമീറ്റർ ദൂരം പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി.

നിലവിലെ പുരോഗതി - ഡിസ്ട്രിബ്യൂഷൻ പൈപ്പ്ലൈൻ 19 കിലോമീറ്റർ സപ്ലൈ ചെയ്തു.

പാക്കേജ് –2: മുണ്ടക്കയം പഞ്ചായത്തിൽ മൈക്കോളജിയിൽ നാല് ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണി, ചെളിക്കുഴിയിൽ 10.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണി, പാറത്താനത്ത് ബൂസ്റ്റിങ് സ്റ്റേഷൻ എന്നിവയുടെ നിർമ്മാണവും 7909 ഗാർഹിക കണക്ഷനുകൾ

നൽകുന്നതിനുള്ള പ്രവൃത്തി, 171.5 കിലോമീറ്റർ ദൂരം പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി.

നിലവിലെ പുരോഗതി - വർക്ക് ഓർഡർ നൽകി കരാർ വയ്ക്കേണ്ടതുണ്ട്.

പാക്കേജ്-3: മുണ്ടക്കയം പഞ്ചായത്തിലെ വട്ടക്കാവിൽ ബൂസ്റ്റിങ് സ്റ്റേഷൻ, ഭൂതല ജലസംഭരണി നിർമ്മാണം, 1178 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തി, അണ്ടർ വാട്ടർ ക്രോസിങ്, 46.66 കിലോമീറ്റർ ദൂരം പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, പൈപ്പ് സ്ഥാപിക്കുന്നതിനായി വെട്ടിക്കുഴിക്കുന്ന റോഡുകൾ പുനഃസ്ഥാപിക്കുന്ന പ്രവൃത്തികൾ.

നിലവിലെ പുരോഗതി - 12 കി.മീ പൈപ്പുകൾ സപ്ലൈ ചെയ്തു.

പാക്കേജ്–4: കോരുത്തോട് പഞ്ചായത്തിൽ വെള്ളാനി കവലയിൽ ഭൂതല ജല സംഭരണി, വിതരണ ശൃംഖല സ്ഥാപിച്ച് 1325 ഗാർഹിക കണക്ഷനുകൾ നൽകൽ, 82.65 കി.മീ. ദൂരം പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി.

നിലവിലെ പുരോഗതി-ഡിസ്ട്രിബ്യൂഷൻ പൈപ്പ്ലൈൻ-42.668km

പൈപ്പ് സപ്ലൈ ചെയ്യൽ, 36.71 km പൈപ്പ് സ്ഥാപിച്ചു.

പാക്കേജ് – 5: കോരുത്തോട് പഞ്ചായത്തിൽ ചകിരിമേട്, കൊമ്പുകുത്തി എന്നിവിടങ്ങളിൽ ഭൂതല ജല സംഭരണികളുടെ നിർമ്മാണം, കൊമ്പുകുത്തിയിൽ സ്റ്റീൽ ബൂസ്റ്റിങ് ടാങ്ക് സ്ഥാപിക്കൽ, വിതരണ ശൃഖല സ്ഥാപിച്ച് 845 ഗാർഹിക കണക്ഷനുകൾ നൽകൽ, 65.18 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി.

നിലവിലെ പുരോഗതി - റീ-ടെൻഡർ നടപടിയിലാണ്.

പാക്കേജ് –6: കോരുത്തോട് പഞ്ചായത്തിൽ ഏഴാല്യംതടം ഭൂതല ജല സംഭരണികളുടെ നിർമ്മാണം, വിതരണ ശൃംഖല സ്ഥാപിച്ച് 1086 ഗാർഹിക കണക്ഷനുകൾ നൽകൽ, 63.23 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി.

നിലവിലെ പുരോഗതി-15.64 കി.മീ. പൈപ്പ് സപ്ലൈ ചെയ്യൽ.

പാക്കേജ് -7: മണിമലയാറിന് കുറുകെ ചെക്ക് ഡാം, 13 കി.മീ. 300mm ഡി.ഐ. റോ വാട്ടർ പമ്പിങ് മെയിൻ സ്ഥാപിക്കൽ, എരുമേലി ശുദ്ധീകരണശാലയിൽ ബൂസ്റ്റർ പമ്പിങ് സ്റ്റേഷൻ, എരുമേലി പഴയ ഇൻടേക്

വെല്ലിൽ പുതിയ പമ്പ് സ്ഥാപിക്കൽ, 14 കിലോമീറ്റർ പൈപ്പുകളുടെ സപ്ലൈയും സ്ഥാപിക്കലും, റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ.

നിലവിലെ പുരോഗതി - വർക്ക് ഓർഡർ നൽകി കരാർ വയ്ക്കേണ്ടതുണ്ട്.

(ബി) മുണ്ടക്കയം ശുദ്ധജലവിതരണ പദ്ധതിയിലെ പാക്കേജ് 2, പാക്കേജ് 6, പാക്കേജ് 7 എന്നിവയിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഈ പദ്ധതി പ്രവൃത്തികളിൽ പാക്കേജ് 2, പാക്കേജ് 7 ഇവയ്ക്ക് വർക്ക് ഓർഡർ നൽകി കരാർ വയ്ക്കേണ്ടതുണ്ട്. പാക്കേജ് 6-ൽ 15.64 കി.മീ. പൈപ്പ് വിതരണം ചെയ്തു. ഇതിൽ 14.5 കി.മീ. പൈപ്പ്ലൈൻ സ്ഥാപിച്ചു.

പയ്യന്നൂർ നഗരസഭ കുടിവെള്ള പദ്ധതി

278 (1051) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് 2.0 പദ്ധതിയിലുൾപ്പെട്ട പയ്യന്നൂർ നഗരസഭ കുടിവെള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

പയ്യന്നൂർ നഗരസഭ കുടിവെള്ള പദ്ധതിക്ക് അമൃത് 2.0

പദ്ധതിയിലുൾപ്പെടുത്തി 23.21 കോടി രൂപയുടെ ഭരണാനുമതി 2023-ൽ നൽകി. രണ്ട് പാക്കേജുകളായാണ് പദ്ധതി നടപ്പാക്കുന്നത്. പാക്കേജ് 1-ൽ ഉൾപ്പെടുത്തി കിണറിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകി. ഡിസൈൻ അംഗീകാരമാകുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

പാക്കേജ് 2-ൽ ഉൾപ്പെടുത്തി പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്നതിന്റെയും 7000 ഗാർഹിക കണക്ഷൻ നൽകുന്നതുമായ പ്രവൃത്തി 15 ശതമാനം പൂർത്തീകരിച്ചു. പൈപ്പ്ലൈൻ പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള ചപ്പാരപ്പടവ് കിണർ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ചപ്പാരപ്പടവ് കിണർ നിർമ്മാണത്തിനാവശ്യമായ സ്ഥലം ബന്ധപ്പെട്ട വില്ലേജ് ഓഫീസർ മുഖേന അളന്ന് തിട്ടപ്പെടുത്തി പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് കൈമാറിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തിക്കാവശ്യമായ ഡിസൈൻ ഡ്രോയിങ്ങുകൾ ബന്ധപ്പെട്ട കരാറുകാരൻ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ചില തിരുത്തലുകൾ ആവശ്യമായതിനാൽ

തിരിച്ചയച്ചിട്ടുണ്ട്. പ്രസ്തുത ഡിസൈൻ ഡ്രോയിങ്ങുകൾക്ക് അംഗീകാരം ലഭിച്ചയുടനെ പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

(സി) പദ്ധതി കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉണ്ട്. നിർമ്മാണ പ്രവൃത്തിക്കാവശ്യമായ സ്ഥലം രേഖാമൂലം ലഭ്യമാക്കുന്നതിന് താമസം നേരിട്ടിരുന്നു. നിലവിൽ സ്ഥലം ലഭ്യമായ സാഹചര്യത്തിൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കായംകുളം ഡിവിഷൻ പരിധിയിലെ കുടിവെള്ള കണക്ഷനുകൾ

279 (1052) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി കായംകുളം ഡിവിഷന്റെ പരിധിയിൽ എത്ര കുടിവെള്ള കണക്ഷനുകളാണ് നിലവിൽ അനുവദിച്ചിട്ടുള്ളത്?

കായംകുളം ഡിവിഷന്റെ പരിധിയിൽ അമൃത് പദ്ധതിവഴി 3560

കണക്ഷനുകളും ജൽ ജീവൻ മിഷൻ വഴി 156530 കണക്ഷനുകളും ഉൾപ്പെടെ ആകെ 160090 കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ജൽ ജീവൻ മിഷൻ, അമൃത് ഭാരത് എന്നീ പദ്ധതികൾ പ്രകാരം കായംകുളം ഡിവിഷന്റെ പരിധിയിൽ 2025 മാർച്ച് മാസത്തിനുള്ളിൽ എത്ര കൂടിവെള്ള കണക്ഷനുകൾ വിതരണം ചെയ്യാൻ കഴിയുമെന്നും ഈ പദ്ധതികൾ പൂർത്തീകരിക്കപ്പെടുമ്പോൾ കായംകുളം ഡിവിഷൻ ഓഫീസ് പരിധിയിൽ ആകെ എത്ര കൂടിവെള്ള കണക്ഷനുകൾ നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

കായംകുളം ഡിവിഷന്റെ പരിധിയിൽ 2025 മാർച്ച് മാസത്തിനുള്ളിൽ ജൽ ജീവൻ പദ്ധതി വഴി 67000 കണക്ഷനുകളും അമൃത് പദ്ധതി വഴി 2000 കണക്ഷനുകളും നൽകാൻ കഴിയും. അപ്രകാരം ആകെ 69000 കണക്ഷനുകൾ നൽകാൻ കഴിയും. പദ്ധതി പൂർത്തിയാകുമ്പോൾ ഏകദേശം 1.5 ലക്ഷത്തോളം കണക്ഷനുകൾ നൽകാൻ കഴിയും.

(സി) ആലപ്പുഴ ജില്ലയിലെ തെക്കൻ പ്രദേശങ്ങളിൽ ഉൾപ്പെട്ടതും കായംകുളം ഡിവിഷൻ ഓഫീസിന്റെ പരിധിയിൽ വരുന്നതുമായ 1.5 ലക്ഷം

കുടിവെള്ള കണക്ഷനുകളുള്ള ഉപഭോക്താക്കളുടെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പരാതികൾ ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ റവന്യൂ ഓഫീസർ തസ്തിക കായംകുളം കേന്ദ്ര കാര്യാലയത്തിൽനിന്നും ഷിഫ്റ്റ് ചെയ്ത് കായംകുളം ഡിവിഷണൽ ഓഫീസിലേക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കുടിവെള്ള കണക്ഷനുകളുടെ എണ്ണത്തിന് ആനുപാതികമായി പ്രസ്തുത തസ്തികയുടെ ആവശ്യകത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

ജൽ ജീവൻ മിഷന്റെ ഭാഗമായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ

280 (1053) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷന്റെ ഭാഗമായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യമായിവന്ന ഗ്രാമീണ റോഡുകളിൽ അത് നടത്തുന്നതിനാവശ്യമായ തുക പ്രസ്തുത മിഷനിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ മുഖാന്തരം കരാറുകാർക്ക് നൽകുന്നതിന് കഴിയുമോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ

അതിന്റെ വിശദാംശം നൽകാമോ?

പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിന് ലഭ്യമായ ഭരണാനുമതിക്കുള്ളിൽ പൈപ്പ്ലൈൻ സ്ഥാപിച്ച ഭാഗം പൂർവസ്ഥിതിയിലാക്കുന്നതിനുള്ള പ്രവൃത്തി പഞ്ചായത്ത് അധികൃതർതന്നെ ടെൻഡർ ചെയ്ത് പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം പ്രസ്തുത ബില്ലുകൾ ജൽ ജീവൻ മിഷന്റെ പി.എഫ്.എം.എസ്. വഴി ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത കോൺട്രാക്ടർമാർക്ക് നൽകാൻ കഴിയും. ഇതുസംബന്ധിച്ച മാനദണ്ഡങ്ങൾ 08-01-2024-ലെ സർക്കുലർ (സർക്കുലർ നം. കെ.ഡബ്ല്യു.എ. - ജെബി/164/2024-എഇ-20) പ്രകാരം പുറപ്പെടുവിച്ച് പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ആലത്തൂർ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാനത്തിൽ ജൽ ജീവൻ മിഷന് അനുവദിക്കേണ്ടിവരുന്ന തുകയുടെ വിശദാംശം നൽകുമോ?

ആലത്തൂർ- 770 ലക്ഷം രൂപ, എരിമയൂർ - 970 ലക്ഷം രൂപ, വണ്ടാഴി- 816 ലക്ഷം രൂപ, കിഴക്കഞ്ചേരി - 1757 ലക്ഷം രൂപ, തേങ്കുറിശ്ശി - 315 ലക്ഷം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപ, കുഴൽമന്ദം - 311 ലക്ഷം രൂപ.

(സി) പ്രസ്തുത തുക നൽകുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്നതാണ്. പദ്ധതിക്ക് ലഭ്യമാകുന്ന കേന്ദ്ര-സംസ്ഥാന വിഹിതങ്ങളിൽനിന്നാണ് പ്രവൃത്തികളുടെ ചെലവിനുള്ള തുക കണ്ടെത്തുന്നത്. നിലവിൽ പദ്ധതി പൂർത്തിയായ വകയിൽ നൽകാനുള്ള ബില്ലുകൾ സീനിയോറിറ്റി ക്രമമനുസരിച്ചും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചുമാണ് നൽകുന്നത്.

(ഡി) ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ ബില്ലുകൾ പാസ്സാക്കി കിട്ടുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ മറ്റ് ബില്ലുകളുടെ സീനിയോറിറ്റി തടസ്സമായി നിൽക്കുമോ; വിശദീകരണം നൽകാമോ?

ജൽ ജീവൻ മിഷൻ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്നതാണ്. പ്രസ്തുത പദ്ധതിയിലെ പ്രവൃത്തികളുടെ ബില്ലുകളുടെ സീനിയോറിറ്റി ജൽ ജീവൻ മിഷൻ പദ്ധതികൾക്ക്

മാത്രമായാണ് ക്രമീകരിച്ചിട്ടുള്ളത്. ജൽ ജീവൻ മിഷൻ പദ്ധതിയിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത സീനിയോറിറ്റിയിൽനിന്നാണ് തുക നൽകിവരുന്നത്. മറ്റ് പ്രവൃത്തികളുമായി ബന്ധപ്പെട്ട ബില്ലുകളുടെ സീനിയോറിറ്റി ഇതിനെ ബാധിക്കുന്നതല്ല.

ജലവിഭവ വകുപ്പിലെ പദ്ധതികളുടെ വെട്ടിച്ചുരുക്കൽ

281 (1054) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തിക പ്രതിസന്ധി കാരണം 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള തീരുമാനത്തെത്തുടർന്ന് ജലവിഭവ വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കാണ് വെട്ടിക്കുറവ് സംഭവിച്ചിരിക്കുന്നതെന്നും എത്ര ശതമാനം വരെ വെട്ടിക്കുറവ് സംഭവിച്ചുവെന്നുമുള്ള വിവരം പദ്ധതി തിരിച്ച് ലഭ്യമാക്കാമോ?

സാമ്പത്തിക പ്രതിസന്ധി കാരണം 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള

തീരുമാനത്തെത്തുടർന്ന് ജലവിഭവ വകുപ്പിലെ വെട്ടിക്കുറവ് വരുത്തിയ പദ്ധതികളും അവയുടെ വിശദാംശവും അനുബന്ധമായി ചേർത്തിരിക്കുന്നു.+

മഴവെള്ള സംഭരണി വഴി ജല സംഭരണം

282 (1055) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ജില്ലയിലും മഴവെള്ള സംഭരണിവഴി എത്ര ലിറ്റർ ജലം സംഭരിക്കാൻ സാധിക്കുമെന്ന കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം ഓരോ ജില്ലയിലും മഴവെള്ള സംഭരണിവഴി എത്ര ലിറ്റർ ജലം സംഭരിക്കുന്നുണ്ടെന്ന കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

(എ&ബി) ഭൂജല വകുപ്പ് നിലവിൽ മഴവെള്ള സംഭരണികളുടെ നിർമ്മാണം നടത്തുന്നില്ല. മഴവെള്ളം റീചാർജ് ചെയ്യുന്നതിനുള്ള റീചാർജ് പിറ്റുകളുടെ നിർമ്മാണം, ചെറിയ ചെക്ക് ഡാമുകളുടെ നിർമ്മാണം എന്നിവയാണ് വകുപ്പ് നടപ്പാക്കുന്നത്. കെ.ആർ.ഡബ്ല്യു.എസ്.എ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാരിന്റെ പ്ലാൻ സ്കീമിലുൾപ്പെടുത്തി നടപ്പാക്കിവരുന്ന മഴവെള്ള സംഭരണം ഭൂജല പരിപോഷണം പദ്ധതിയുടെ ഭാഗമായി വ്യക്തിഗത കുടുംബങ്ങൾക്കും സർക്കാർ വിദ്യാലയങ്ങളിലും 10000 ലിറ്റർ മഴവെള്ളം സംഭരിക്കാൻ ശേഷിയുള്ളതും ഫെറോസിമന്റ് സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ചതുമായ സംഭരണികളാണ് നിർമ്മിച്ചിരിക്കുന്നത്. ഓരോ സാമ്പത്തിക വർഷവും പ്ലാൻ സ്കീമിൽ അനുവദിക്കുന്ന തുക ഉപയോഗിച്ചാണ് തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നത്. ഗ്രാമപഞ്ചായത്ത് തലത്തിൽ ഈ പദ്ധതി നടപ്പാക്കാൻ ആരംഭിച്ചത് 2012-13 സാമ്പത്തിക വർഷം മുതലാണ്. പങ്കാളിത്താധിഷ്ഠിത മാതൃകയിലാണ് പദ്ധതി നടപ്പാക്കുന്നത്. ഇപ്രകാരം നിർമ്മിച്ച മഴവെള്ള സംഭരണികളുടെ എണ്ണം ഗ്രാമപഞ്ചായത്ത്/ജില്ലാതല അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

ക്രമ നം.	ജില്ല	ഗ്രാമപഞ്ചായത്തുകളുടെ എണ്ണം	സംഭരണികളുടെ എണ്ണം	റിമാർക്സ്
1	തിരുവനന്തപുരം	5	458	ഓരോ സംഭരണിയും 10000 ലിറ്റർ
2	കൊല്ലം	3	334	

3	പത്തനംതിട്ട	3	410	മഴവെള്ളം സംഭരിക്കാൻ ശേഷിയുള്ളവയാണ്.
4	ആലപ്പുഴ	5	960	
5	കോട്ടയം	18	2813	
6	ഇടുക്കി	20	3963	
7	എറണാകുളം	2	75	
8	തൃശ്ശൂർ	5	332	
9	പാലക്കാട്	7	829	
10	മലപ്പുറം	5	279	
11	കോഴിക്കോട്	1	38	
12	കണ്ണൂർ	4	560	
13	വയനാട്	1	172	
14	കാസർഗോഡ്	4	828	
	ആകെ	83	12051	

മേല്പറഞ്ഞിരിക്കുന്ന പട്ടികയിൽ 2012-13 മുതൽ 2023-24 സാമ്പത്തിക വർഷം വരെ സംസ്ഥാനത്ത് നിർമ്മിച്ച് നൽകിയിരിക്കുന്ന മഴവെള്ള സംഭരണികളുടെ സ്ഥിതിവിവരകണക്കാണ് വിശദമാക്കിയിരിക്കുന്നത്. എന്നാൽ ഓരോ വർഷവും മഴ ലഭിക്കുന്ന സീസണുകളിൽ എത്ര അളവിൽ മഴവെള്ളം ഓരോ സംഭരണികളിലും ശേഖരിക്കുന്നുണ്ടെന്ന കണക്ക് തിട്ടപ്പെടുത്താനുള്ള സംവിധാനം നിലവിലില്ല.

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി

283 (1056) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ജൽ ജീവൻ പദ്ധതി പ്രകാരം എത്ര തുകയുടെ പദ്ധതിയാണ് നടപ്പാക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി പ്രകാരം ലഭിച്ച ഭരണാനുമതി തുക പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുവടെച്ചേർക്കുന്നു.

ക്രമ നം.	പഞ്ചായത്ത്	ഭരണാനുമതി തുക (ലക്ഷം)
1	ഐക്കരനാട്	5137.07
2	കിഴക്കമ്പലം	1256.00
3	കുന്നത്തുനാട്	10261.81
4	മഴുവന്നൂർ	7678.34
5	പൂത്തൃക്ക	4790.01
6	തിരുവാണിയൂർ	5916.44
7	വടവുകോട് പുത്തൻകുരിശ്	4593.35
8	വാഴക്കുളം	1192.00
	ആകെ	40825.02

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ്

നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഐക്കരനാട്, കുന്നത്തുനാട് & മഴുവന്നൂർ പഞ്ചായത്തുകൾക്കായി 9 മീറ്റർ വ്യാസമുള്ള കിണർ, റോ വാട്ടർ & ക്ലിയർ വാട്ടർ പമ്പിങ് മെയിൻ 17 എം.എൽ.ഡി. ജലശുദ്ധീകരണശാല, 13 ലക്ഷം ലിറ്റർ, 20 ലക്ഷം ലിറ്റർ, 12 ലക്ഷം ലിറ്റർ, 8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണികൾ, മേൽ 3 പഞ്ചായത്തുകളിലും വിതരണ ശൃംഖല, പമ്പ് സെറ്റുകൾ എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പുത്തൻകുരിശ്, പൂത്തൃക്ക, തിരുവാണിയൂർ പഞ്ചായത്തുകളിൽ പുതിയ OHSR-ഉം ജലവിതരണ ശൃംഖലയും 17 എം.എൽ.ഡി.-യുടെ ഡബ്ല്യു.ടി.പി.-യുമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി എത്ര കണക്ഷനുകളാണ് ഈ മണ്ഡലത്തിൽ നൽകുന്നതെന്ന് പഞ്ചായത്തുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ജൽ ജീവൻ പദ്ധതി പ്രകാരം ലഭിച്ച ഭരണാനുമതി കണക്ഷനുകളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുവടെച്ചേർക്കുന്നു.

ക്രമ നം.	പഞ്ചായത്ത്	ഭരണാനുമതി നൽകിയ കണക്ഷൻ
1	ഐക്കരനാട്	4316
2	കിഴക്കമ്പലം	7324
3	കുന്നത്തുനാട്	7253
4	മഴുവന്നൂർ	7760
5	പൂത്തൃക്ക	4806
6	തിരുവാണിയൂർ	6605
7	വടവുകോട്-പുത്തൻകുരിശ്	4387
8	വാഴക്കുളം	8807
ആകെ		51258

(ഡി) ഈ പദ്ധതിയിലുൾപ്പെടുത്തി നിലവിൽ എത്ര കണക്ഷനുകൾ മണ്ഡലത്തിൽ നാളിതുവരെ നൽകിയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

ജൽ ജീവൻ പദ്ധതിയിലുൾപ്പെടുത്തി നിലവിൽ നൽകിയ കണക്ഷനുകളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുവടെച്ചേർക്കുന്നു.

ക്രമ	പഞ്ചായത്ത്	ജൽജീവൻ തുടങ്ങിയ ശേഷം

നം.		നൽകിയ കണക്ഷൻ
1	ഐക്കരനാട്	669
2	കിഴക്കമ്പലം	4360
3	കുന്നത്തുനാട്	4083
4	മഴുവന്നൂർ	1370
5	പൂത്തൃക്ക	704
6	തിരുവാണിയൂർ	381
7	വടവുകോട്-പുത്തൻകുരിശ്	789
8	വാഴക്കുളം	5417
ആകെ		17773

(ഇ) പ്രസ്തുത പദ്ധതിയിൽ ഇനി എത്ര കണക്ഷൻകൂടി മണ്ഡലത്തിൽ നൽകാനുണ്ടെന്നും ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

ജൽ ജീവൻ പദ്ധതിയിൽ ഇനി നൽകാനുള്ള കണക്ഷനുകളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുവടെച്ചേർക്കുന്നു.

ക്രമ നം.	പഞ്ചായത്ത്	ഇനി നൽകാനുള്ള കണക്ഷൻ
1	ഐക്കരനാട്	3647
2	കിഴക്കമ്പലം	1778
3	കുന്നത്തുനാട്	3170
4	മഴുവന്നൂർ	6390
5	പൂത്തൃക്ക	4102

6	തിരുവാണിയൂർ	6224
7	വടവുകോട് പുത്തൻകുരിശ്	3598
8	വാഴക്കുളം	1999
	ആകെ	30908

കേന്ദ്രസർക്കാർ 2028 വരെ ജൽ ജീവൻ മിഷന്റെ കാലാവധി നീട്ടിനൽകിയിട്ടുണ്ട്. ഈ കാലയളവിനുള്ളിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയിലെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ

284 (1057) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പുരോഗതി വിശദമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പുരോഗതി അനുബന്ധമായി

ചേർക്കുന്നു.+

(ബി) മണ്ഡലത്തിലെ പഞ്ചായത്ത് റോഡുകളുടെ റെസ്റ്റോറേഷൻ നടപടികളുടെ പുരോഗതി പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിൽപ്പെടുത്തി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭ്യമായ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളുടെ പുരോഗതി ചുവടെച്ചേർക്കുന്നു. ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അമ്പലപ്പാറ, ലക്കിടി-പേരൂർ പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയിൽ അനുമതി ലഭിച്ച പഞ്ചായത്ത് റോഡ് റെസ്റ്റോറേഷനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. തച്ചനാട്ടുകര, കരിമ്പുഴ എന്നീ പഞ്ചായത്തുകളിലെ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

285 (1058) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കുടിവെള്ളക്ഷാമം സമയബന്ധിതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടിവെള്ളക്ഷാമം സമയബന്ധിതമായി പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെച്ചേർക്കുന്നു.

1. ARWSS to Puliyannoor, Meenachil-Akalakunnam പദ്ധതിയിൽ മുത്തോലിയിലുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും മുത്തോലി പഞ്ചായത്തുകളിലെ പുലിയന്നൂർ, മുത്തോലി, കടപ്പാട്ടൂർ, പന്തത്തല, കൊഴുവനാൽ പഞ്ചായത്ത് എന്നിവിടങ്ങളിലേക്ക് ജലമെത്തിക്കുന്നു.
2. കരൂർ പഞ്ചായത്തിലെ ARWSS to Lalam Vallichira-യിൽ പേണ്ടാനാംവയലിലുള്ള ബോർവെല്ലിൽനിന്നും പഞ്ചായത്ത് പരിധിയിൽ നെല്ലിയാനി, കുവക്കമല, സെന്റ് തോമസ് മൗണ്ട് എന്നീ സ്ഥലങ്ങളിലെ ടാങ്കുകളിൽ ജലമെത്തിച്ച് വിതരണം ചെയ്തുവരുന്നു.
3. മീനച്ചിലാറിന്റെ തീരത്ത് കടപ്പാട്ടൂർ എന്ന സ്ഥലത്ത് സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുള്ള 6 മീറ്റർ വ്യാസമുള്ള വെൽ-കം-

പമ്പ് ഹൗസിൽനിന്നും പമ്പ് ചെയ്യുന്ന ജലം, വലവൂരിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ദിവസേന 6 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയിൽ എത്തിക്കുകയും തുടർന്ന് ശുദ്ധീകരിച്ച് സെന്റ് തോമസ് മൗണ്ട് (0.85 ലക്ഷം ലിറ്റർ), നെല്ലിയാനി (1.8 ലക്ഷം ലിറ്റർ) എന്നിവിടങ്ങളിൽ നിലവിലുള്ള ഭൂതല ജലസംഭരണികളിലും IIIT കാമ്പസ് (5 ലക്ഷം ലിറ്റർ), വലവൂർ (6 ലക്ഷം ലിറ്റർ) എന്നിവിടങ്ങളിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ജലസംഭരണികളിലും കൂടിവെള്ളമെത്തിച്ച് 191.69 കിലോമീറ്റർ ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് 5644 ഗാർഹിക കുടിവെള്ള കണക്ഷനുകളിൽക്കൂടി ശുദ്ധജല വിതരണം നടത്തുന്നതിനുവേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ പ്രത്യേകിച്ച് വേനൽക്കാലങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിരിക്കുന്നത്; ഈ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

വേനൽക്കാലങ്ങളിൽ ആവശ്യമെങ്കിൽ അധികമായി പമ്പിങ് സമയം

ദീർഘിപ്പിച്ച് നൽകി ജലക്ഷാമം പരിഹരിക്കാൻ ശ്രമിക്കാറുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി മീനച്ചിൽ നദി സ്രോതസ്സാക്കി പ്രതിദിനം 6 ദശലക്ഷം ലിറ്റർ ദൈനംദിന സ്ഥാപിതശേഷിയുള്ള കരൂർ കുടിവെള്ള പദ്ധതിക്ക് 71.39 കോടി രൂപയുടെ ഭരണാനുമതി നൽകുകയും എട്ട് പാക്കേജുകളായി നടപ്പാക്കിയും വരുന്നു. പ്രസ്തുത പദ്ധതി പൂർത്തിയാകുന്നമുറയ്ക്ക് കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്.

1. <u>കരൂർ കുടിവെള്ള പദ്ധതി</u>

ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി മീനച്ചിൽ നദി സ്രോതസ്സാക്കി പ്രതിദിനം 6 ദശലക്ഷം ലിറ്റർ ദൈനംദിന സ്ഥാപിതശേഷിയുള്ള കരൂർ കുടിവെള്ള പദ്ധതിക്ക് 71.39 കോടി രൂപ ഭരണാനുമതി നൽകുകയും താഴെപ്പറയുന്ന എട്ട് പാക്കേജുകളായി വിഭജിച്ച് നടപ്പാക്കിയും വരുന്നു.

- പാക്കേജ് 1 - കരുർ ഗ്രാമപഞ്ചായത്തിലെ വലവൂരിൽ സ്ഥാപിക്കുന്ന 6 എം.എൽ.ഡി. ജലശുദ്ധീകരണശാല.
- പാക്കേജ് 2 - കരുർ പഞ്ചായത്തിൽ നെല്ലിയാനി ടാങ്കിൽനിന്നും ജലവിതരണ ശൃംഖലയും കണക്ഷനുകളും
- പാക്കേജ് 3 - കരുർ പഞ്ചായത്തിലെ സെന്റ് തോമസ് മൗണ്ട് ടാങ്കിൽനിന്നും ജലവിതരണ ശൃംഖലയും കണക്ഷനുകളും
- പാക്കേജ് 4 - കരുർ പഞ്ചായത്തിലെ IIIT-ക്ക് സമീപം ജലസംഭരണിയും ജലവിതരണ ശൃംഖലയും കണക്ഷനുകളും
- പാക്കേജ് 5 - കരുർ പഞ്ചായത്തിലെ വലവൂരിൽ ജലസംഭരണിയും ജലവിതരണ ശൃംഖലയും കണക്ഷനുകളും
- പാക്കേജ് 6 - മീനച്ചിൽ നദിയിൽ കടപ്പാട്ടൂരിൽ സബ്സ്റ്റേഷൻ-കം-ഓപ്പറേറ്റേഴ്സ് റൂം പമ്പിങ് മെയിനും അനുബന്ധ പ്രവൃത്തികളും
- പാക്കേജ് 7 - കരുർ പഞ്ചായത്തിലെ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണം.
- പാക്കേജ് 8 - കരുർ പഞ്ചായത്തിലെ ശേഷിക്കുന്ന ജലവിതരണ

ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി.

2. മീനച്ചിൽ മലങ്കര കുടിവെള്ള പദ്ധതി

കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി പൂഞ്ഞാർ, പാലാ നിയോജകമണ്ഡലങ്ങളിലെ 13 പഞ്ചായത്തുകളിലെ എല്ലാ ഭവനങ്ങളിലേക്കും കുടിവെള്ളമെത്തിക്കുന്നതിന് 1243 കോടി രൂപ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത് നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതിയാണ് മീനച്ചിൽ-മലങ്കര കുടിവെള്ള പദ്ധതി. പാലാ നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി 24525 വീടുകളിലും കുടിവെള്ള കണക്ഷനുകൾ ഈ പദ്ധതി വഴി നൽകാൻ കഴിയും. 2022 സെപ്റ്റംബറിൽ ഭരണാനുമതി നൽകി 2023 ഒക്ടോബർ 21-ന് ഉദ്ഘാടനം ചെയ്ത ഈ പദ്ധതി ഇടുക്കി ജില്ലയിൽ സ്ഥിതി ചെയ്യുന്ന മലങ്കര ഡാമിൽ ഫ്ലോട്ടിങ് പമ്പ് ഹൗസ് സ്ഥാപിച്ച്, മുട്ടം വില്ലേജിലെ വള്ളിപ്പാറയ്ക്ക് സമീപം ബൂസ്റ്റിങ്സ്റ്റേഷൻ സ്ഥാപിച്ച്, ഒരു ഘട്ടംകൂടി ബൂസ്റ്റ് ചെയ്ത് കടനാട് പഞ്ചായത്തിലെ നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിനശേഷിയുള്ള ജലശുദ്ധീകരണശാലയിൽ എത്തിച്ച് ശുദ്ധീകരിച്ച്, ടി

മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിലേക്കാണ് വിഭാവനം ചെയ്തിട്ടുള്ളത്.

കിൻഫ്ര വ്യവസായ പാർക്കിലേക്ക് വെള്ളമെത്തിക്കാനുള്ള പദ്ധതി

286 (1059) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഞ്ചിക്കോട് കിൻഫ്ര വ്യവസായ പാർക്കിലേക്ക് മലമ്പുഴയിൽനിന്നും വെള്ളമെത്തിക്കാനുള്ള പദ്ധതി സംബന്ധിച്ചുള്ള സർക്കാർ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

കഞ്ചിക്കോട് കിൻഫ്ര വ്യവസായ പാർക്കിലേക്ക് മലമ്പുഴയിൽനിന്നും വെള്ളമെത്തിക്കാനുള്ള പദ്ധതി സംബന്ധിച്ചുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

മലബാർ ഡിസ്റ്റിലറിക്ക് വെള്ളം നൽകാൻ കരാർ

287 (1060) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജല അതോറിറ്റി, ചിറ്റൂർ മേനോൻപാറയിലെ മലബാർ ഡിസ്റ്റിലറിക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വെള്ളം നൽകാനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കേരള വാട്ടർ അതോറിറ്റി, ചിറ്റൂർ മേനോൻപാറയിലെ മലബാർ ഡിസ്റ്റിലറി എന്ന സ്ഥാപനവുമായി വെള്ളം നൽകുന്നതിൽ കരാറിലേർപ്പെട്ടിട്ടില്ല.

കുറ്റ്യാടിയിലെ ജൽ ജീവൻ മിഷൻ

288 (1061) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷന്റെ പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷന്റെ പുരോഗതി പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷനുവേണ്ടി റോഡിൽ കുഴിച്ച കുഴികൾ പൂർവസ്ഥിതിയിലാക്കുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും ഈ പ്രവർത്തനം മഴക്കാലത്തിനുമുമ്പ് പൂർത്തിയാക്കാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതികൾക്കായി മുറിക്കുന്ന റോഡുകളുടെ പുനഃസ്ഥാപനം സംബന്ധിച്ച പ്രവൃത്തികൾകൂടി ടെൻഡറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുറിക്കുന്ന റോഡുകൾ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന കരാറുകാരൻതന്നെ പൂർവസ്ഥിതിയിലാക്കേണ്ടുന്ന രീതിയിലാണ് കരാർ നൽകിയിട്ടുള്ളത്. കരാർ പ്രകാരം റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. പൈപ്പുകൾ സ്ഥാപിക്കുന്നതിനായി മുറിച്ച പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി ഗതാഗതയോഗ്യമാക്കുന്നത്, പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ മുഖേന ചെയ്യുവരുന്നു. കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കുന്നുമ്മൽ പഞ്ചായത്തിലെ റോഡുകൾ പൂർവസ്ഥിതിയിലാക്കേണ്ട പ്രവൃത്തി പൂർത്തീകരിച്ചു. കുറ്റ്യാടി, വില്യാപ്പള്ളി, മണിയൂർ, ആയഞ്ചേരി, തിരുവള്ളൂർ, പുറമേരി എന്നീ പഞ്ചായത്തുകളിലെ പഞ്ചായത്ത് റോഡുകൾ പൂർവസ്ഥിതിയിലാക്കേണ്ടുന്ന പ്രവൃത്തികൾ ആരംഭിച്ചു. മഴക്കാലത്തിനുമുമ്പ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടികൾ

സ്വീകരിച്ചുവരികയാണ്.

ജൽ ജീവൻ പദ്ധതി

289 (1062) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ കുടിവെള്ള പദ്ധതിക്ക് സംസ്ഥാന സർക്കാർ രണ്ടാംഘട്ട വിഹിതം നൽകാൻ ബാക്കിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ജൽ ജീവൻ പദ്ധതിയിൽ രണ്ടാംഘട്ട പ്രവൃത്തികളെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിൽനിന്ന് അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. ഒന്നാംഘട്ടത്തിൽ സംസ്ഥാന സർക്കാരിന്റെ 44714 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 11,131.39 കോടി രൂപ പദ്ധതികൾക്കുവേണ്ടി ചെലവഴിച്ചു. ഇതിൽ സംസ്ഥാന വിഹിതമായി 5,533.29 കോടി രൂപ ലഭിച്ചു. 2024-25 വർഷത്തിൽ ആദ്യ ഗഡുവിന്റെ തത്തുല്യമായ സംസ്ഥാന വിഹിതമായി 951.93 കോടി രൂപ നൽകിയിട്ടുണ്ട്. രണ്ടാമത്തെ ഗഡുവിന്റെ കേന്ദ്രവിഹിതത്തിനായിട്ടുള്ള അപേക്ഷയും ഉപയോഗ സർട്ടിഫിക്കറ്റും സമർപ്പിച്ചിട്ടുണ്ട്.

(ബി) കരാറുകാർക്ക് കോടികളുടെ കുടിശ്ശികയുണ്ടെന്നുള്ളത്

വസ്തുതയാണോ; വിശദമാക്കാമോ?

ജൽ ജീവൻ മിഷൻ നടപ്പാക്കിയ വകയിൽ 4371.32 കോടി (31-01-2025 വരെ) രൂപയുടെ ബില്ലുകൾ കരാറുകാർക്ക് ഇനിയും നൽകാനുണ്ട്.

(സി) കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ നടത്തിക്കൊണ്ടിരിക്കുന്ന സംസ്ഥാനത്തെ മൊത്തം കരാറുകാർക്ക് എത്ര രൂപയാണ് ജൽ ജീവൻ മിഷനിൽനിന്ന് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ളതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ജൽ ജീവൻ പദ്ധതികളിലെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത് കേരള വാട്ടർ അതോറിറ്റിയിലെ ഡിവിഷൻ ഓഫീസുകളെ ആസ്പദമാക്കിയാണ്. അതിനാൽ നിയമസഭാ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. ഡിവിഷൻതല വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) സീനിയോറിറ്റി മറികടന്ന് വൻകിടക്കാർക്ക് അവിഹിതമായി പണം നൽകുന്നുവെന്ന ആരോപണം സാധൂകരിക്കുന്ന തെളിവുകളുണ്ടോയെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള വ്യവസ്ഥകളും കോടതിവിധി പ്രകാരവും ജൽ ജീവൻ മിഷൻ പദ്ധതിയിൻകീഴിൽ ലഭിക്കുന്ന ഫണ്ടുകൾ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണ് വിതരണം ചെയ്യുന്നത്. എന്നാൽ "പ്രത്യേക സഹായം" എന്ന ഇനത്തിൽ ലഭിക്കുന്ന കേന്ദ്രഫണ്ടുകൾ ആ പദ്ധതി ഉത്തരവ് മാനദണ്ഡങ്ങൾ പ്രകാരമാണ് നൽകുന്നത്.

(ഇ) ഏത് വർഷമാണ് ജൽ ജീവൻ പദ്ധതി ആരംഭിച്ചതെന്നും ഏത് വർഷം പൂർത്തിയാക്കാനാണ് ആദ്യ നിർദേശമെന്നും ഇപ്പോൾ മാറ്റം വന്നിട്ടുണ്ടോയെന്നും അറിയിക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതി 2019-20 സാമ്പത്തിക വർഷത്തിലാണ് ദേശീയതലത്തിൽ ആരംഭിച്ചത്. കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ച് അഞ്ച് വർഷ കാലാവധിയാണ് പദ്ധതി പൂർത്തീകരണത്തിനായി അനുവദിച്ചിട്ടുള്ളത്. നിലവിൽ കേന്ദ്ര സർക്കാർ 2028 വരെ പദ്ധതി നീട്ടിയിട്ടുണ്ട്.

(എഫ്) ആദ്യഘട്ടത്തിൽ സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും എത്ര രൂപയാണ് ലഭ്യമാക്കിയിരുന്നതെന്ന് വ്യക്തമാക്കാമോ?

ജൽ ജീവൻ മിഷന്റെ കീഴിൽ സംസ്ഥാനത്ത് 44,714 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകി. ഇതിൽ 11,131.39 കോടി രൂപ പദ്ധതികൾക്കുവേണ്ടി ചെലവഴിച്ചു. ഇതിൽ സംസ്ഥാന വിഹിതമായി 5,533.29 കോടി രൂപ നൽകി. 2024-25 സാമ്പത്തിക വർഷത്തിൽ ആദ്യ ഗഡുവായി കേന്ദ്ര സർക്കാരിൽനിന്നും 974.67 കോടി രൂപയും സംസ്ഥാന സർക്കാരിൽനിന്നും 951.93 കോടി രൂപയും നൽകിയിട്ടുണ്ട്.

(ജി) രണ്ടാംഘട്ടത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ; സംസ്ഥാന സർക്കാർ പണം മുടക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; സംസ്ഥാനത്തിന് പണം മുടക്കാൻ കഴിയാത്തത് പദ്ധതിയെ സാരമായി ബാധിച്ചിട്ടുണ്ടെന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ ജൽ ജീവൻ പദ്ധതി 2028 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

ജൽ ജീവൻ മിഷൻ

290 (1063) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 54.45 ലക്ഷം കൂടിവെള്ള കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ നാളിതുവരെ 20.77 ലക്ഷം കൂടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ബാക്കി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ വിവിധഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ബി) 2020-ൽ തുടങ്ങിയ പ്രസ്തുത പദ്ധതി എത്ര ശതമാനം പൂർത്തിയായെന്നും ബാക്കിയുള്ളത് എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

നിലവിൽ നൽകിയ വാട്ടർ കണക്ഷനുകളുടെ അടിസ്ഥാനത്തിൽ പദ്ധതി 38.15 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഇതോടെ നിലവിൽ സംസ്ഥാനത്തെ 54.81% ഗ്രാമീണ വീടുകളിൽ കൂടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. 2028 വരെ കേന്ദ്രസർക്കാർ പദ്ധതി കാലാവധി

ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടത്തുന്ന പ്രസ്തുത പദ്ധതി എത്ര തുകയുടേതെന്നും എത്ര തുക നാളിതുവരെ ചെലവാക്കിയെന്നും ഇതിൽ കേന്ദ്ര വിഹിതം എത്ര, സംസ്ഥാന വിഹിതം എത്ര എന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതിക്കായി ആകെ 44714.79 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിക്കായി ഇതുവരെ ആകെ 11060.39 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 5493.54 കോടി രൂപ കേന്ദ്ര വിഹിതവും 5566.85 കോടി രൂപ സംസ്ഥാന വിഹിതവുമാണ്.

(ഡി) പ്രസ്തുത പദ്ധതി വഴി എത്ര ഗ്രാമീണ വീടുകളിൽ കുടിവെള്ളമെത്തിച്ചെന്നും ഇനി നൽകേണ്ടത് എത്രയെന്നും വ്യക്തമാക്കുമോ?

പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 20.77 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇനിയും 33.68 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകാൻ ബാക്കിയുണ്ട്.

ജൽ ജീവൻ മിഷൻ

291 (1064) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് പണി പൂർത്തിയാക്കിയിട്ടും തുക കൈമാറാനാകാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. നിലവിൽ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

Year & Month	തുക
2024 ജനുവരി	87,78,58,567.00
2024 ഫെബ്രുവരി	4,50,29,90,788.00
2024 മാർച്ച്	4,33,75,78,033.00
2024 ഏപ്രിൽ	3,38,55,14,579.00
2024 മേയ്	3,46,44,15,326.00
2024 ജൂൺ	3,74,20,02,574.88
2024 ജൂലൈ	3,58,58,67,301.00
2024 ആഗസ്റ്റ്	2,80,08,18,746.00
2024 സെപ്റ്റംബർ	2,84,69,71,907.00
2024 ഒക്ടോബർ	3,62,54,91,417.00
2024 നവംബർ	3,61,49,03,736.00
2024 ഡിസംബർ	3,44,56,83,101.00

2025 ജനുവരി	3,48,31,47,785.00
ആകെ	43,71,32,43,860.88

(ബി) ഇപ്രകാരം എത്ര തുക കരാറുകാർക്ക് കുടിശ്ശികയായിട്ടുണ്ട്; അറിയിക്കുമോ?

4371.32 കോടി രൂപയുടെ കുടിശ്ശിക നൽകാനുണ്ട്.

(സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ തുക കരാറുകാർക്ക് നൽകിയോ; എങ്കിൽ ഏതെല്ലാം കരാറുകാർക്കാണ് നൽകിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; അത് നൽകുന്നതിനുള്ള മാനദണ്ഡമെന്താണ്?

പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ തുക അംഗീകരിച്ച് ബില്ലിന്റെ വിശദാംശങ്ങൾ സംസ്ഥാനതല സ്കീമിന്റെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ജൽ ജീവൻ മിഷന്റെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണ് കരാറുകാർക്ക് തുക നൽകുന്നത്. ജില്ല തിരിച്ചുള്ള വിവരം ലഭ്യമല്ല.

(ഡി) ലഭ്യമാകുന്ന ഫണ്ട് സീനിയോറിറ്റി മറികടന്ന് ആർക്കെങ്കിലും ബിൽ തുക വിതരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആർക്കാണ് നൽകിയതെന്നും എന്താണ് കാരണമെന്നും അവർ ചെയ്ത പ്രവൃത്തികൾ

ഏതെല്ലാമാണെന്നും അറിയിക്കുമോ?

ജൽ ജീവൻ മിഷന്റെ കീഴിൽ സപ്പോർട്ട് & വാട്ടർ ക്വാളിറ്റി എന്ന വിഭാഗമൊഴികെ ലഭിക്കുന്ന നോർമൽ വിഭാഗം തുക പൊതുവായ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണ് കരാറുകാർക്ക് വിതരണം ചെയ്യുന്നത്. കേന്ദ്ര സർക്കാരിന്റെ "പ്രത്യേക സഹായം" എന്ന ഇനത്തിൽ ഫണ്ടുകൾ ലഭ്യമാകുകയാണെങ്കിൽ അത് ആ സ്കീമിന്റെ അനുമതി ഉത്തരവിലെ നിർദേശങ്ങൾ പാലിച്ചുകൊണ്ടാണ് വിതരണം ചെയ്യുന്നത്.

(ഇ) കരാറുകാരുടെ കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ലോകബാങ്കിൽനിന്നും 6300 കോടി രൂപ, നബാർഡ്, ഹഡ്കോ, എൽ.ഐ.സി. എന്നീ സ്ഥാപനങ്ങളിൽനിന്നും 12,000 കോടി രൂപ എന്നിങ്ങനെ ജൽ ജീവൻ മിഷന്റെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായുള്ള പ്രൊപ്പോസലുകൾ കേരള വാട്ടർ അതോറിറ്റിയിൽനിന്നും സമർപ്പിച്ചിരുന്നു. അവ സർക്കാർ പരിശോധിച്ചുവരുന്നു.

ജൽ ജീവൻ മിഷൻ

292 (1065) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷനുവേണ്ടി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പ്രാദേശിക റോഡുകളുൾപ്പെടെയുള്ള റോഡുകൾ കുഴിച്ചതിന്റെ ഫലമായി പ്രസ്തുത റോഡുകളെല്ലാം സഞ്ചാരയോഗ്യമല്ലാതായിതീർന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആലപ്പുഴ നിയോജകമണ്ഡലത്തിനുകീഴിലുള്ള മണ്ണഞ്ചേരി പഞ്ചായത്തിൽ ആകെ 25 കിലോമീറ്റർ നീളത്തിലാണ് പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുള്ളത്. പൈപ്പ്ലൈൻ സ്ഥാപിച്ച റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനായി 669.8 മീറ്റർ നീളത്തിൽ ജി.എസ്.ബി. ഫിൽ ചെയ്യുകയും 1225 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്യുകയും 748 മീറ്റർ നീളത്തിൽ ടാറിങ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 8583 മീറ്റർ റോഡുകൂടി ടാർ ചെയ്യേണ്ടതുണ്ട്. മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പ്രവൃത്തിയിൽ 10 കിലോമീറ്റർ നീളത്തിൽ പൈപ്പ്ലൈൻ

സ്ഥാപിച്ചിട്ടുണ്ട്. ഇനിയും 1.25 കിലോമീറ്റർ പൈപ്പ്ലൈൻകൂടി സ്ഥാപിക്കാനുണ്ട്. ജൽ ജീവൻ മിഷൻ പ്രവൃത്തിയിലെ കണക്ഷൻ നൽകുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനോടൊപ്പം പുനരുദ്ധാരണം ആവശ്യമായ പഞ്ചായത്ത് റോഡുകൾ ടാർ ചെയ്ത് പൂർവസ്ഥിതിയിലാക്കുന്നതാണ്. ആര്യാട് പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പ്രവൃത്തിയിലുൾപ്പെടുത്തി 438 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. റോഡുകൾ പുനർ നിർമ്മിക്കുന്നതിന് മുന്നോടിയായി പൈപ്പുകൾ സ്ഥാപിക്കണമെന്നുള്ള ആര്യാട് പഞ്ചായത്ത് അധികാരികളുടെ കത്ത് പ്രകാരമാണ് പ്രസ്തുത പഞ്ചായത്തിൽ പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുള്ളത്. ആയതിനാൽ ടി റോഡിൽ റെസ്റ്റോറേഷൻ ആവശ്യമില്ല.

(ബി) പ്രസ്തുത റോഡുകളെല്ലാം പൂർവസ്ഥിതിയിലാക്കുന്നതിന് ഫണ്ട് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ?

ജൽ ജീവൻ മിഷനിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പ്രാദേശിക റോഡുകൾ മുറിച്ച ഭാഗങ്ങൾ പൂർവസ്ഥിതിയിലാക്കുന്നതിന് ആവശ്യമായ തുക ഈ പ്രവൃത്തിയിൽത്തന്നെ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. പ്രവൃത്തി

പൂർത്തീകരിക്കുന്നതോടൊപ്പം റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതാണ്.

(സി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണം എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ജല അതോറിറ്റി പൈപ്പ് സ്ഥാപിക്കുന്നതിനായി കുഴിച്ച കുഴികൾ പൈപ്പ് സ്ഥാപിച്ചതിനുശേഷം പൂർവസ്ഥിതിയിലാക്കാറുണ്ട്. നിലവിൽ ഫണ്ട് ലഭ്യതയിലെ കുറവ് പദ്ധതിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

മഞ്ചേരി നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

293 (1066) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ ശുദ്ധജല വിതരണ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ജൽ ജീവൻ മിഷൻ

1. ജൽ ജീവൻ മിഷൻ - എടപ്പറ്റ പഞ്ചായത്തിലെ പാക്കേജ് 6- പുളിയക്കോട് 14 ടാങ്ക് നിർമ്മാണം, 5485 എണ്ണം കണക്ഷൻ നൽകുന്നത്, എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ പമ്പിങ്, വിതരണ ശൃംഖല

സ്ഥാപിക്കൽ - പൈപ്പ്ലൈൻ പ്രവൃത്തി – ടി പ്രവൃത്തികൾ 50% പൂർത്തീകരിച്ചിട്ടുണ്ട്.

2. ജൽ ജീവൻ മിഷൻ - പാണ്ടിക്കാട് പഞ്ചായത്തിൽ ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി- ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

3. ജൽ ജീവൻ മിഷൻ - തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി. ചാലിയാർ പുഴയിൽ പന്നിപ്പാറ പള്ളിമുക്ക് കടവിൽ 12 മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസും നിർമ്മിച്ച് തൃക്കലങ്ങോട് ആമയൂർ കുന്നംപുറത്ത് നിർമ്മിക്കുന്ന 31 എം.എൽ.ഡി. ജലശുദ്ധീകരണശാലയിലേക്ക് വെള്ളമെത്തിച്ച് ശുദ്ധീകരിച്ച് എല്ലാ പഞ്ചായത്തുകളിലേക്കും ജലവിതരണം നടത്താനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇവയിൽ കിണർ, റോ വാട്ടർ പമ്പിങ് മെയിൻ, ജലശുദ്ധീകരണശാല എന്നിവ ഉൾപ്പെട്ട പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. തൃക്കലങ്ങോട് പഞ്ചായത്തിൽ 2000 കണക്ഷനുകളും 180 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. പാണ്ടിക്കാട് പഞ്ചായത്തിൽ 2000

കണക്ഷനുകളും 195 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും പുരോഗമിച്ചുവരുന്നു.

4. ജൽ ജീവൻ മിഷൻ - കീഴാറ്റൂർ, മേലാറ്റൂർ, വെട്ടത്തൂർ എന്നീ 3 പഞ്ചായത്തുകൾക്കുവേണ്ടിയുള്ള പദ്ധതി. തൂത പുഴയിൽ മുറിയംകണ്ണി ഭാഗത്ത് 10 മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസും നിർമ്മിച്ച് വെട്ടത്തൂർ പൂങ്കാവനം ഭാഗത്ത് 22 എം.എൽ.ഡി. ജലശുദ്ധീകരണശാലയിലേക്ക് വെള്ളമെത്തിച്ച് ശുദ്ധീകരിച്ച് എല്ലാ പഞ്ചായത്തുകളിലേക്കും ജലവിതരണം നടത്താനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇവയിൽ റോ വാട്ടർ പമ്പിങ് മെയിൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു. കിണർ, ജലശുദ്ധീകരണശാല എന്നീ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. ജലശുദ്ധീകരണശാല, കീഴാറ്റൂർ പഞ്ചായത്തിൽ 7889 ഗാർഹിക കുടിവെള്ള കണക്ഷനുകളും 230 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതുവരെ 90 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും

പൂർത്തീകരിച്ചിട്ടുണ്ട്.

സ്റ്റേറ്റ് പ്ലാൻ

1. മഞ്ചേരി മുനിസിപ്പാലിറ്റിയിലെ ടോപ്പോഗ്രാഫിക്കൽ സർവെ പ്രവൃത്തി- ടി പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്.

2. മഞ്ചേരി മുനിസിപ്പാലിറ്റിയിലെ വീട്ടിക്കുന്ന് ഏരിയയിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി- ടി പ്രവൃത്തി കരാർ ഉടമ്പടി ഒപ്പുവച്ചു.

അമൃത്

1. മഞ്ചേരി മുനിസിപ്പാലിറ്റിയിലെ നറുകര യൂണിറ്റി കോളേജ് ഏരിയയിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള അമൃത് 2.0 –(SWAP 3) പദ്ധതിക്ക് 26.10787 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. സാങ്കേതികാനുമതിക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2022-23 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേരി നിയോജകമണ്ഡലത്തിൽ എടപ്പറ്റ പഞ്ചായത്തിലെ താഴെപുളിയക്കോട്, ജനമൈത്രി, കുണ്ടൻചോല, പുളിയക്കോട്, കൊമ്പൻകല്ല്, കക്കാടംകയം എന്നീ കുടിവെള്ള

പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ജലനിധി നടപ്പാക്കി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേരി നിയോജകമണ്ഡലത്തിൽ ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല വകുപ്പ് നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ വിവരം ചുവടെച്ചേർക്കുന്നു.

1. വെളിയാഞ്ചേരി കുടിവെള്ള പദ്ധതി - എടപ്പറ്റ ഗ്രാമപഞ്ചായത്ത്
2. ക്രമംകുളം അങ്കണവാടി-മഞ്ചേരി നഗരസഭ - മഞ്ചേരി നഗരസഭയിലെ 39 സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മാണവും 2 സ്ഥലങ്ങളിൽ ഹാൻഡ് പമ്പ് റിപ്പയർ പ്രവൃത്തിയും നടപ്പാക്കി.

(ബി) മഞ്ചേരി നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും നഗരസഭയിലെ എല്ലാ വാർഡുകളിലും പൊതുജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ പുതിയ സമ്പൂർണ്ണ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

മഞ്ചേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളായ പാണ്ടിക്കാട്, തുക്കലങ്ങോട്, കീഴാറ്റൂർ, എടപ്പറ്റ എന്നീ പഞ്ചായത്തുകളിൽ

സമ്പൂർണ്ണ കുടിവെള്ളം ലഭ്യമാക്കുന്നതിന് ജൽ ജീവൻ മിഷൻ പദ്ധതി മുഖേന പ്രവൃത്തികൾ നടപ്പാക്കിവരുന്നുണ്ട്. മഞ്ചേരി നഗരസഭയുടെ എല്ലാ വാർഡുകളിലും ബാക്കിയുള്ള പൊതുജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് അമൃത് പദ്ധതിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന് ഭരണാനുമതി ലഭ്യമാക്കാനുണ്ട്.

(സി) മഞ്ചേരി നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ നടപ്പാക്കിവരുന്ന പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് വിശദമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിൽ പാണ്ടിക്കാട്, എടപ്പറ്റ, തൃക്കലങ്ങോട്, കീഴാറ്റൂർ എന്നീ പഞ്ചായത്തുകളിലായി പ്രവൃത്തികൾ നടന്നുവരുന്നു.

എടപ്പറ്റ പഞ്ചായത്ത്

ജൽ ജീവൻ മിഷൻ - എടപ്പറ്റ പഞ്ചായത്തിലെ പാക്കേജ്-6

1) പുളിയക്കോട് 14 എൽ.എൽ.ജി.എൽ.എസ്.ആർ. നിർമ്മാണം

2) 5485 എണ്ണം ഗാർഹിക കണക്ഷൻ നൽകുന്നത്

3) എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ പമ്പിങ്, വിതരണ ശൃംഖല സ്ഥാപിക്കൽ – പൈപ്പ്ലൈൻ പ്രവൃത്തി – പ്രവൃത്തി 50% പൂർത്തീകരിച്ചിട്ടുണ്ട്.

ജൽ ജീവൻ മിഷൻ - എടപ്പറ്റ പഞ്ചായത്തിലെ പാക്കേജ് 6 - (അഡീഷണൽ വർക്ക്) - പ്രവൃത്തിയുടെ പൈപ്പ് സപ്ലൈ ചെയ്തിട്ടുണ്ട്.

പാണ്ടിക്കാട് പഞ്ചായത്ത്

ജൽ ജീവൻ മിഷൻ-പാണ്ടിക്കാട് പഞ്ചായത്തിൽ ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി-പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

തൃക്കലങ്ങോട് പഞ്ചായത്ത്

ജൽ ജീവൻ മിഷൻ-തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി - തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് എന്നീ 3 പഞ്ചായത്തുകൾക്ക് പൊതുവായിട്ടാണ് ഉൽപാദക ഘടകങ്ങൾ നിർമ്മിക്കുന്നത്. ചാലിയാർ പുഴയിൽ പന്നിപ്പാറ പള്ളിമുക്ക് കടവിൽ 12 മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസും നിർമ്മിച്ച് തൃക്കലങ്ങോട് ആമയൂർ കുന്നുംപുറത്ത് നിർമ്മിക്കുന്ന 31 എം.എൽ.ഡി. ജലശുദ്ധീകരണശാലയിലേക്ക് വെള്ളമെത്തിച്ച് ശുദ്ധീകരിച്ച് എല്ലാ പഞ്ചായത്തുകളിലേക്കും ജലവിതരണം നടത്താനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇവയിൽ കിണർ, റോ വാട്ടർ പമ്പിങ് മെയിൻ, ജലശുദ്ധീകരണശാല എന്നിവ ഉൾപ്പെട്ട പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

തൃക്കലങ്ങോട് പഞ്ചായത്തിൽ 2000 കണക്ഷനുകളും 180 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. അതുപോലെ പാണ്ടിക്കാട് പഞ്ചായത്തിൽ 2000 കണക്ഷനുകളും 195 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

കീഴാറ്റൂർ പഞ്ചായത്ത്

ജൽ ജീവൻ മിഷൻ-കീഴാറ്റൂർ, മേലാറ്റൂർ, വെട്ടത്തൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കൂടിവെള്ള പദ്ധതി - കീഴാറ്റൂർ, മേലാറ്റൂർ, വെട്ടത്തൂർ എന്നീ 3 പഞ്ചായത്തുകൾക്ക് പൊതുവായിട്ടാണ് ഉൽപാദക ഘടകങ്ങൾ നിർമ്മിക്കുന്നത്. ഭൂത പുഴയിൽ മുറിയംകണ്ണി ഭാഗത്ത് 10 മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസും നിർമ്മിച്ച് വെട്ടത്തൂർ പൂങ്കാവനം ഭാഗത്ത് നിർമ്മിക്കുന്ന 22 എം.എൽ.ഡി. ജലശുദ്ധീകരണശാലയിലേക്ക് വെള്ളമെത്തിച്ച് ശുദ്ധീകരിച്ച് എല്ലാ പഞ്ചായത്തുകളിലേക്കും ജലവിതരണം നടത്താനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇവയിൽ റോ വാട്ടർ പമ്പിങ്

മെയിൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു. കിണർ, ജലശുദ്ധീകരണശാല എന്നീ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. കീഴാറ്റൂർ പഞ്ചായത്തിൽ 7889 ഗാർഹിക കുടിവെള്ള കണക്ഷനുകളും 230 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതുവരെ 90 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) 2025-26 വർഷത്തിൽ ജലവിഭവ വകുപ്പ് മഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

2025-26 വർഷത്തിൽ അമൃത് പദ്ധതിയിൽ മഞ്ചേരി മുനിസിപ്പാലിറ്റിയിലെ ബാക്കി എല്ലാ വാർഡുകളിലും കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ജലസേചന വകുപ്പ് 2025-26 വർഷത്തിൽ മഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ വിഭാവനം ചെയ്തിരിക്കുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജൽ ജീവൻ മിഷൻ

294 (1067) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ നാളിതുവരെ 20.77 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ബാക്കി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ബി) 2020-ൽ ആരംഭിച്ച ടി പദ്ധതി എത്ര ശതമാനം പൂർത്തിയായെന്നും എപ്പോൾ പദ്ധതി പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

നിലവിലെ കണക്കനുസരിച്ച് ജൽ ജീവൻ മിഷൻ 38.15 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണ കാലാവധി 2028 വരെ നീട്ടിയിട്ടുണ്ട്.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന സംയുക്ത പദ്ധതിയുടെ വിഹിതം എത്രയാണെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് നടപ്പാക്കുന്നത്. കേന്ദ്ര വിഹിതം 50%, സംസ്ഥാന വിഹിതം 25%, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം 15%, ഗുണഭോക്തൃ വിഹിതം 10% എന്ന അനുപാതത്തിലാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്.

(ഡി) നാളിതുവരെ എത്ര തുക ചെലവാക്കിയെന്നും ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എത്രയെന്നും തരംതിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതിക്കായി ആകെ 44714.79 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ജൽ ജീവൻ മിഷൻ പദ്ധതിക്കായി ഇതുവരെ ആകെ

11060.39 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 5493.54 കോടി രൂപ കേന്ദ്ര വിഹിതവും 5566.85 കോടി രൂപ സംസ്ഥാന വിഹിതവുമാണ്.

പാലക്കാട് ജില്ലയിലെ ശുദ്ധജല വിതരണം

295 (1068) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ ഡാമിന്റെ നിലവിലെ സംഭരണശേഷി എത്രയാണ്?

മലമ്പുഴ ഡാമിന്റെ നിലവിലെ സംഭരണശേഷി 226 Mm3 ആണ്.

(ബി) പാലക്കാട് ജില്ലയിൽ പ്രതിദിനം എത്ര ദശലക്ഷം ഘനമീറ്റർ വെള്ളമാണ് ശുദ്ധജല പമ്പിങ്ങിന് ആവശ്യമായി വരുന്നത്; ഒരു മാസത്തേക്ക് ശുദ്ധജല വിതരണത്തിനായി എത്ര ദശലക്ഷം ഘനമീറ്റർ ജലം ആവശ്യമാണെന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ 367.25 എം.എൽ.ഡി. വെള്ളമാണ് ശുദ്ധജല പമ്പിങ്ങിന് ആവശ്യമായിവരുന്നത്. ഒരു മാസത്തേക്ക് ശുദ്ധജല വിതരണത്തിനായി 11.02 ദശലക്ഷം ഘനമീറ്റർ ജലം ആവശ്യമാണ്.

(സി) വേനൽ കടുക്കുന്ന മാസങ്ങളിൽ ഭാരതപ്പുഴയിലെ ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ എത്ര ദശലക്ഷം ഘനമീറ്റർ വരെ വെള്ളം കരുതിവയ്ക്കണമെന്ന്

വ്യക്തമാക്കുമോ?

വേനൽ വർധിക്കുന്ന മാസങ്ങളിൽ ഭാരതപ്പുഴയിലെ ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ 37.22 ദശലക്ഷം ഘനമീറ്റർ വരെ വെള്ളം കരുതിവയ്ക്കേണ്ടതാണ്.

(ഡി) പാലക്കാട് ജില്ലയിലെ കൃഷിക്കും രണ്ടാംവിള നെൽക്കൃഷിക്കുമായി എത്ര ദശലക്ഷം ഘനമീറ്റർ വെള്ളം ആവശ്യമാണ്; വിശദമാക്കുമോ?

പാലക്കാട് ജില്ലയിൽ കൃഷിക്കും രണ്ടാംവിള നെൽക്കൃഷിക്കുമായി വിവിധ ജലസേചന പദ്ധതികളിലായി ഏകദേശം 480.869 ദശലക്ഷം ഘനമീറ്റർ വെള്ളം ആവശ്യമാണ്.

(ഇ) എത്ര ദശലക്ഷം ലിറ്റർ വെള്ളമാണ് കിൻഫ്ര ആവശ്യപ്പെട്ടതെന്നും നിലവിൽ എത്ര ദശലക്ഷം ലിറ്റർ വെള്ളമാണ് നൽകുന്നതെന്നും അറിയിക്കാമോ?

കിൻഫ്ര 10 എം.എൽ.ഡി. ലിറ്റർ വെള്ളമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. 10 എം.എൽ.ഡി. ലിറ്റർ വെള്ളം അത്രയുംതന്നെ അനുവദിച്ചിട്ടുണ്ട്.

(എഫ്) ഒയാസിസ് കമ്പനി ദിവസേന എത്ര ദശലക്ഷം ലിറ്റർ

വെള്ളമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും എത്ര ദശലക്ഷം ലിറ്റർ വെള്ളം നൽകാമെന്നാണ് സർക്കാർ ഉറപ്പ് നൽകിയിട്ടുള്ളതെന്നും അറിയിക്കാമോ?

ഒയാസിസ് കമ്പനി ദിവസേന ഇത്ര ദശലക്ഷം ലിറ്റർ വെള്ളമാണ് ആവശ്യമുള്ളതെന്ന് പ്രതിപാദിച്ചിരുന്നില്ല. അതിനാൽതന്നെ അങ്ങനെയാതൊരു ഉറപ്പും നൽകിയിട്ടില്ല.

ജൽ ജീവൻ മിഷൻ പൈപ്പിടൽ

296 (1069) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷനുവേണ്ടിയുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ഗുരുവായൂർ നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ കുഴിച്ചത് പൂർവസ്ഥിതിയിലാക്കാത്തതിനാൽ അവ സഞ്ചാരയോഗ്യമല്ലാതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡുകൾ പുനർ നിർമ്മാണം നടത്തുന്നതിന് അനുവദിച്ച ഫണ്ടിന്റെ വിവരങ്ങൾ പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗുരുവായൂർ നിയോജകമണ്ഡലത്തിൽ

പഞ്ചായത്ത് റോഡുകൾ പുനർനിർമ്മാണം നടത്തുന്നതിന് ലഭിച്ച ഭരണാനുമതിയുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ചുവടെച്ചേർക്കുന്നു.

പഞ്ചായത്ത്	തുക (ലക്ഷത്തിൽ)
പുന്നയൂർക്കുളം	403.00
പുന്നയൂർ	10.00
വടക്കേക്കാട്	20.03
കടപ്പുറം	679.75
ഒരുമനയൂർ	125.73
എങ്ങണ്ടിയൂർ	1068.71

(ബി) മേൽപ്രകാരം തകർന്ന റോഡുകളുടെ വിശദാംശങ്ങളും അവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

റെസ്റ്റോറേഷൻ ആവശ്യമായ റോഡുകളുടെ വിശദാംശങ്ങളും അവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർക്കുന്നു.[+]

ഹരിപ്പാട് കുടിവെള്ള പദ്ധതി

297 (1070) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ നിർവഹണ പുരോഗതിയും പഞ്ചായത്ത് തലത്തിലുള്ള വിതരണ ലൈനുകളുടെ നിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ പുരോഗതിയും അറിയിക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം ഹരിപ്പാടിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര കുടിവെള്ള പദ്ധതിയിൽ ജലവിതരണ ലൈനുകളുടെ പ്രവൃത്തികളും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികളും 13 പഞ്ചായത്തുകളിലുമായി പുരോഗമിച്ചുവരുന്നു. അതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ പദ്ധതിയിൽ 5 സോണുകളിലായി നിർമ്മിക്കുന്ന 13 ജലസംഭരണികളിൽ ഒരു ഉപരിതല ജലസംഭരണിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 12 ഉപരിതല ജലസംഭരണികളുടെയും 800 mm ഡി.ഐ. റോ വാട്ടർ പമ്പിങ് മെയിനിന്റെയും പ്രവൃത്തികൾ ദർഘാസ് ഘട്ടത്തിലാണ്. നാഷണൽ ജൽജീവൻ മിഷൻ 16-08-2024-നുശേഷം ലെറ്റർ ഓഫ് അക്സെപ്റ്റൻസ് നൽകാൻ നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ ടെൻഡർ നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അനുമതി ലഭിക്കുന്നമുറയ്ക്ക് ടെൻഡർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

(ബി) ജൽ ജീവൻ മിഷന്റെ നിർവഹണ കാലാവധി അവസാനിച്ച സാഹചര്യത്തിൽ സംസ്ഥാനത്തുടനീളം ജൽ ജീവൻ മിഷൻ പ്രകാരം ടെൻഡർ ചെയ്ത വിവിധ പ്രവൃത്തികൾക്ക് ലെറ്റർ ഓഫ് അക്സെപ്റ്റൻസ് നൽകാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷന്റെ നിർവഹണ കാലാവധി നിലവിൽ 2028 വരെ നീട്ടിയിട്ടുണ്ട്. ലെറ്റർ ഓഫ് അക്സെപ്റ്റൻസ് നൽകാനുള്ള കാലാവധി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാഷണൽ ജൽ ജീവൻ മിഷന് അപേക്ഷ നൽകിയിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ മുൻപാകെ ഈ വിഷയം അവതരിപ്പിച്ചിട്ടുണ്ടോ; പ്രത്യേക പ്രതിനിധി സംഘം ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ?

കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നാഷണൽ ജൽ ജീവൻ മിഷന്റെ അവലോകന യോഗങ്ങളിൽ പ്രസ്തുത വിഷയം നിരന്തരം

ഉന്നയിച്ചുവരുന്നു.

(ഡി) ഈ സാങ്കേതിക പ്രശ്നം മറികടക്കുന്നതിന് സർക്കാർ തലത്തിൽതന്നെ പ്രത്യേക അനുമതി നൽകി ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ നാഷണൽ ജൽ ജീവൻ മിഷന്റെ അനുമതിയോടെ മാത്രമെ പുതിയ ടെൻഡറുകൾ നടപ്പാക്കാൻ കഴിയുകയുള്ളൂ. ജൽ ജീവൻ മിഷന്റെ നിർവഹണ കാലാവധി നിലവിൽ 2028 വരെ നീട്ടിയിട്ടുണ്ട്. ലെറ്റർ ഓഫ് അക്സെപ്റ്റൻസ് നൽകാനുള്ള കാലാവധി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാഷണൽ ജൽ ജീവൻ മിഷന് അപേക്ഷ നൽകിയിട്ടുണ്ട്.

കടവന്ത്ര കെ. പി. വള്ളോൻ റോഡിലെ ജല അതോറിറ്റിയുടെ പ്രവൃത്തി

298 (1071) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിലെ കടവന്ത്ര കെ. പി. വള്ളോൻ റോഡിലൂടെയുള്ള ജല അതോറിറ്റിയുടെ പൈപ്പിടുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച തുക എത്രയെന്നും ആരാണ് കരാർ ഏറ്റെടുത്തിട്ടുള്ളതെന്നും കരാർ പ്രകാരം എന്നാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടതെന്നും വിശദമാക്കാമോ;

(സി) പൈപ്പിടൽ പ്രവൃത്തിക്കായി പൊളിച്ചിട്ടിരിക്കുന്ന നഗരത്തിലെ തിരക്കേറിയ പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയുടെ നിർവഹണ ഏജൻസി ആരെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുന്നുവെന്നും വ്യക്തമാക്കാമോ?

(എ-സി) പൈപ്പിടുന്ന പ്രവൃത്തി പൂർത്തിയാക്കി, റോഡ് പുനരുദ്ധാരണ പ്രവൃത്തിയും 04-02-2025-ൽ പൂർത്തീകരിച്ചിട്ടുണ്ട്. റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയും ടി പ്രവൃത്തിയുടെ കരാറിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ കരാറുകാരൻ തന്നെയാണ് നിർവഹിക്കുന്നത്. പുനരുദ്ധാരണ പ്രവൃത്തികൾ 02-02-2025 രാത്രി മുതൽ ആരംഭിച്ച് 04-02-2025-ന് പൂർത്തീകരിച്ചിട്ടുണ്ട്.

- അനുവദിച്ച തുക – 1,73,75,845 രൂപ
- കരാറുകാരൻ- Shri M. R. Prasad, Mattiparambil House, Eroor West P.O., Thrippunithura-682306.
- കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി- 25-09-2024

(ഡി) റോഡ് പൊളിച്ചിട്ടിരിക്കുന്നതിനാൽ അനുഭവപ്പെടുന്ന പൊടിശല്യവും പ്രദേശവാസികൾ രോഗബാധിതരാകുന്നതും കണക്കിലെടുത്ത് റോഡിൽ വെള്ളം നനയ്ക്കാനും രോഗബാധിതരാകുന്നവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുമോ;

(ഇ) തിരക്കേറിയ പ്രസ്തുത റോഡ് പൊളിച്ചിട്ടിരിക്കുന്നതിനാൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി 04-02-2025-ന് പൂർത്തീകരിച്ചിട്ടുണ്ട്. അതിനാൽ പൊടിശല്യം നിലവിലുണ്ടാകുന്നില്ല. വർക്ക് ചെയ്തുകൊണ്ടിരുന്ന സമയം പൊടിശല്യം ഒഴിവാക്കുന്നതിനായി വർക്ക് നടക്കുന്ന റോഡ് ദിവസവും നനയ്ക്കാൻ സംവിധാനം ഏർപ്പെടുത്തിയിരുന്നു.

ജൽ ജീവൻ പദ്ധതി

299 (1072) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന

ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, റാന്നി, പൂഞ്ഞാർ നിയോജകമണ്ഡലങ്ങളിലെ ജൽ ജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, റാന്നി, പൂഞ്ഞാർ നിയോജകമണ്ഡലങ്ങളിലെ ജൽ ജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

(ബി) ഏതൊക്കെ ഭാഗങ്ങളിൽ തുക അനുവദിച്ചതിൻപ്രകാരം പദ്ധതി പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ?

റാന്നി നിയോജകമണ്ഡലം

റാന്നി നിയോജകമണ്ഡലത്തിൽ പൂർത്തിയായ പദ്ധതികളുടെ വിവരം ചുവടെച്ചേർക്കുന്നു.

1. JJM WSS to Vechoochira Supply and laying pipeline and providing 145 FHTCS in Vechoochira Pt.
2. JJM WSS to Mallappally Anicadu Kottangal additional pipeline work in Kottangal Pt.

ചങ്ങനാശ്ശേരി നിയോജകമണ്ഡലം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ജൽജീവൻ പദ്ധതിയുടെ ഒന്നാംഘട്ടത്തിലെയും രണ്ടാംഘട്ടത്തിലെയും എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്.

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലം

കാഞ്ഞിരപ്പള്ളി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ജൽജീവൻ മിഷൻ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 921 കണക്ഷൻ നൽകുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ബാക്കിയുള്ള സ്ഥലങ്ങളിൽ എത്രയുംവേഗം പണികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാമോ?

സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിശ്ചിത ഇടവേളകളിൽ മീറ്റിങ്ങുകൾ കൂടി പദ്ധതിയുടെ പുരോഗതി വിലയിരുത്തി ആവശ്യമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മലബാർ ഡിസ്റ്റിലറിക്ക് വെള്ളം ലഭ്യമാക്കാത്തതിനാലുണ്ടായ പ്രതിസന്ധി

300 (1073) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. എം. വിൻസെന്റ്:

ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ മേനോൻപാറയിലെ മലബാർ ഡിസ്റ്റിലറിയുടെ പ്രവർത്തനങ്ങൾ ജല അതോറിറ്റി വെള്ളം ലഭ്യമാക്കാത്തതുമൂലം പ്രതിസന്ധിയിലായ വിഷയം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

വാളയാർപുഴ അടിസ്ഥാനപ്പെടുത്തിയോ ചിറ്റൂർപുഴയിലെ RBC (Right Bank Canal)-യുടെ ഭാഗമായ കോരയാർപുഴ അടിസ്ഥാനപ്പെടുത്തിയോ മഴവെള്ള കൊയ്ത്തിലൂടെയോ ടാങ്കർ ലോറിയിലൂടെയോ ഈ പ്രോജക്ടിന് ബദൽ മാർഗ്ഗങ്ങൾ കണ്ടെത്താൻവേണ്ടിയുള്ള ശ്രമങ്ങൾ നടത്തിവരുന്നു. വാളയാർപുഴ അടിസ്ഥാനപ്പെടുത്തിയും ചിറ്റൂർപുഴ അടിസ്ഥാനപ്പെടുത്തിയും പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് ഇറിഗേഷൻ വകുപ്പിൽനിന്നും ആവശ്യമായ ജലം ലഭ്യമാക്കുമെന്നുള്ള ഉറപ്പ് ലഭ്യമാകുന്ന സാഹചര്യത്തിൽ ഇറിഗേഷൻ വകുപ്പിന്റെ അനുമതിയോടുകൂടി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

(ബി) മലബാർ ഡിസ്റ്റിലറിക്ക് ജല അതോറിറ്റി വെള്ളം നൽകാത്തതിന്റെ കാരണം അറിയിക്കുമോ?

ചിറ്റൂർ മേനോൻപാറയിലെ മലബാർ ഡിസ്റ്റിലറിക്ക് ജല അതോറിറ്റി വെള്ളം നൽകാൻ പദ്ധതി രൂപീകരിച്ചിരുന്നു. മലബാർ ഡിസ്റ്റിലറി മാനേജിങ് ഡയറക്ടർ കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർക്ക് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും അതിന്റെ ഭാഗമായി 1,87,00,000 രൂപ വാട്ടർ അതോറിറ്റിയിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരൻ പ്രസ്തുത പ്രവൃത്തിക്കാവശ്യമായ പൈപ്പ് വിതരണം ചെയ്തിരുന്നു. എന്നാൽ സമീപ പഞ്ചായത്തുകളായ എലപ്പുള്ളി, വടകരപ്പതി എന്നീ പഞ്ചായത്തുകളുടെയും പ്രാദേശികമായ എതിർപ്പുകൾമൂലവും നിലവിൽ പൈപ്പ്ലൈൻ പ്രവൃത്തി നടപ്പാക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത പൈപ്പ്ലൈൻ പ്രവൃത്തി പൂർത്തിയാക്കുന്നമുറയ്ക്ക് മാത്രമെ മലബാർ ഡിസ്റ്റിലറിക്ക് വെള്ളം നൽകാൻ സാധിക്കുകയുള്ളൂ.

(സി) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്

യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിന് ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാവശ്യമായ വെള്ളം ലഭ്യമാക്കാൻ ജല അതോറിറ്റിയുമായി ധാരണയിലെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ധാരണയിലെത്തിയിട്ടില്ല. എണ്ണ കമ്പനികൾക്ക് എഥനോൾ ഉൽപാദിപ്പിച്ച് നൽകുന്നതിനായി എലപ്പുള്ളി പഞ്ചായത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പ്ലാന്റ് നിർമ്മിക്കുന്നതിനായി ക്ഷണിക്കുന്ന ദർഘാസിന്റെ ഭാഗമായ Expression of Interest-ൽ പങ്കെടുക്കുന്നതിനായി ജല ലഭ്യത സംബന്ധിച്ച ഉറപ്പ് ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം പാലക്കാട് സർക്കിൾ സൂപ്രണ്ടിങ് എഞ്ചിനീയർ ഓഫീസിൽനിന്നും ഒരു കത്ത് നൽകിയിരുന്നു.

(ഡി) സർക്കാർ കമ്പനിക്ക് വെള്ളം നൽകാതെ സ്വകാര്യ കമ്പനിക്ക് വെള്ളം നൽകാൻ എന്തടിസ്ഥാനത്തിലാണ് ജല അതോറിറ്റി ധാരണയിലെത്തിയതെന്ന് വ്യക്തമാക്കുമോ?

ജല അതോറിറ്റി നിലവിൽ അത്തരം ധാരണയിലെത്തിയിട്ടില്ല.

മലപ്പുറം നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

301 (1074) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് 2.0 പദ്ധതിയിൽ സ്റ്റേറ്റ് വാട്ടർ ആക്ഷൻ പ്ലാൻ മൂന്നാംഘട്ട പ്രവൃത്തികളിൽ ഉൾപ്പെടുത്തി മലപ്പുറം നിയോജകമണ്ഡലത്തിൽ അഡീഷണൽ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയ പാണക്കാട്, മേൽമുറി വില്ലേജുകളിലെ മിനി കുടിവെള്ള പദ്ധതികളുടെ പുരോഗതികൾ വ്യക്തമാക്കാമോ?

അമൃത് 2.0-മലപ്പുറം മുനിസിപ്പാലിറ്റിക്ക് ഭരണാനുമതി ലഭിച്ച അഡീഷണൽ പ്രൊപ്പോസലിന്റെ സാങ്കേതികാനുമതിക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നഗരസഭയുടെയും സംയുക്ത സംരംഭമായ പ്രസ്തുത കുടിവെള്ള പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

2026 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) അമൃത് 2.0 ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട 7.5 എം.എൽ.ഡി. സംഭരണശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനായി നേരത്തെ ഭരണാനുമതി നൽകിയ 7.60 കോടി രൂപയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അമൃത് 2.0 ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട 7.5 എം.എൽ.ഡി. സംഭരണശേഷിയുള്ള ജലശുദ്ധീകരണശാലയുടെ പ്രവൃത്തി ടെൻഡർ നടപടി പൂർത്തീകരിച്ച് 2025 ജനുവരി മാസാവസാനത്തോടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ജൽ ജീവൻ മിഷനുകീഴിൽ പ്രവൃത്തികൾ പുരോഗമിക്കുന്ന പുൽപ്പറ്റ, പൂക്കോട്ടൂർ മൊറയൂർ സമഗ്ര കുടിവെള്ള പദ്ധതി, കോഡൂർ കാലമ്പറമ്പ് കുടിവെള്ള പദ്ധതി, അമൃത് പദ്ധതിക്കുകീഴിലുള്ള ഇരുമ്പുഴി കരുമാഞ്ചേരി പദ്ധതി, മലപ്പുറം നഗരസഭയിലെ പാണക്കാട്, മേൽമുറി പദ്ധതികൾ എന്നിവ വേഗത്തിൽ യാഥാർഥ്യമാക്കി മലപ്പുറം നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

മലപ്പുറം നഗരസഭയുടെ അമൃത് പദ്ധതി, കോഡൂർ കാലമ്പറമ്പ് കുടിവെള്ള പദ്ധതി, ഇരുമ്പുഴി കരുമാഞ്ചേരി പദ്ധതി എന്നിവ 2026 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാനാകുന്നവിധത്തിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ശുദ്ധീകരണശാല 20 ശതമാനവും ക്ലിയർ വാട്ടർ പമ്പിങ് മെയിൻ 30 ശതമാനവും കിണറും റോ വാട്ടർ പമ്പിങ് മെയിനും 85 ശതമാനവും ഉന്നതതല ജല സംഭരണികൾ, വിതരണ ശൃംഖല എന്നിവ 55 ശതമാനവും ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മലപ്പുറം നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന മേല്പറഞ്ഞ സമഗ്ര കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട എല്ലാ നടപടികളും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നുണ്ട്.

കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ

302 (1075) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ

കുടിവെള്ളമെത്തിക്കുന്നതിനായി കിഫ്ബി, ജൽ ജീവൻ, പ്ലാൻ ഫണ്ട്, നബാർഡ്, അമൃത്, മറ്റ് ഫണ്ടുകൾ മുഖേന എന്തൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ?

കിഫ്ബി– ആലപ്പുഴ കുടിവെള്ള പദ്ധതി

ആലപ്പുഴ മുനിസിപ്പാലിറ്റിയിലെയും ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലെയും ജലവിതരണ ശൃംഖലയുടെ വിപുലീകരണത്തിനും നവീകരണത്തിനുംവേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 299.311 കോടി രൂപയുടെ ഫണ്ടിങ് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങളിൽ 7 ഉന്നതതല ജലസംഭരണികളും 2.8 കി.മീ. (മാരാരിക്കുളം തെക്ക്), 6.5 കി.മീ. (മണ്ണഞ്ചേരി), 0.62 കി.മീ. (ആര്യാട്) ട്രാൻസ്മിഷൻ മെയിനും 580 കിലോമീറ്റർ വിതരണ ശൃംഖലയുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ പദ്ധതിയിൽ നിലവിൽ 9 പാക്കേജുകളാണുള്ളത്. ഇതിൽ പാക്കേജ് - 1, 3, 4, 5, 6, 7 എന്നീ 6 പാക്കേജുകളാണ് ആലപ്പുഴ നിയോജകമണ്ഡലത്തിലുള്ളത്. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ 374518 ജനങ്ങൾക്ക് ഇതിന്റെ

പ്രയോജനം ലഭിക്കും. പാക്കേജുകളുടെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

പാക്കേജ് 1

ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ചാത്തനാട് 16 L.L. (Litres per Litre) സംഭരണശേഷിയുള്ള OHSR (Overhead Service Reservoir), 5 L.L. സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണി, വടികാട് ഭാഗത്ത് 16 L.L. സംഭരണശേഷിയുള്ള OHSR, 3 L.L. സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണി, മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ (കാട്ടൂർ) 12 L.L. സംഭരണശേഷിയുള്ള OHSR, 3 L.L. സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണി, ഇതിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിങ് മെയിൻ (2.6 കി.മീ.), അനുബന്ധ മോട്ടോറുകളും പമ്പുകളും ഓപ്പറേറ്റർമാർക്കുള്ള ക്വാർട്ടേഴ്സ് കൂടാതെ കലവൂർ സർവോദയപുരം ഭാഗത്തെ റെയിൽവേ ക്രോസ്സിങ്ങും ഈ പാക്കേജിൽ ഉൾപ്പെടുന്നു. പ്രവൃത്തി 95% പൂർത്തീകരിച്ചു. റെയിൽവേ ക്രോസ്സിങ്ങിന് 02-04-2024-ന് അനുമതി ലഭിച്ചു. എന്നാൽ പ്രവൃത്തി നടത്തുന്നതിനുവേണ്ടി caution sanction റെയിൽവേയിൽനിന്ന് ലഭ്യമായിട്ടില്ല. വടികാട്, ചാത്തനാട്, കാട്ടൂർ ജലസംഭരണികൾ നിലവിലെ വിതരണ ശൃംഖലയിലേക്ക് ഇന്റർ കണക്ട് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി

പൂർണ്ണമാകുന്നതിന് കിഫ്ബി പാക്കേജ് 5-ൽ ഉൾപ്പെടുത്തി ജലവിതരണ ശൃംഖല പ്രാവർത്തികമാകേണ്ടതുണ്ട്.

പാക്കേജ് – 3

മണ്ണഞ്ചേരി പഞ്ചായത്തിൽ 12 L.L. സംഭരണശേഷിയുള്ള OHSR-ഉം 3 L.L. സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും ഇവയിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിങ് മെയിനും (6.5 കി.മീ.), അനുബന്ധ മോട്ടോറുകളും പമ്പുകളും 103 കി.മീ. ശൃംഖലകളുടെ വിപുലീകരണവും ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റീ-ടെൻഡറിൽ 2 ഓഫർ ലഭ്യമായിട്ടുണ്ട്. ടെൻഡർ അനുമതിക്കായുള്ള നടപടികൾ പുരോഗമിക്കുന്നു.

പാക്കേജ് – 4

ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ കൊമ്മാടി ഉന്നതതല ജലസംഭരണിയിൽനിന്നും സോൺ 1-ലേക്കുള്ള വിതരണ ശൃംഖലയും റെയിൽവേ ക്രോസ്സിങ്ങും (2 Nos. മംഗലം, മാളികമുക്ക്) ഈ പാക്കേജിൽ ഉൾപ്പെടുന്നു. ടെൻഡർ നടപടികൾക്കുശേഷം പ്രവൃത്തിക്കുള്ള ഉത്തരവ് 04-02-2025-ൽ നൽകിയിട്ടുണ്ട്.

പാക്കേജ് – 5

മാരാരിക്കുളം തെക്ക് വിതരണ ശൃംഖലയുടെ (101 കി.മീ.)

നവീകരണമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ടെൻഡർ നടപടികൾക്കുശേഷം M/s. ULCCS-ന് പ്രവൃത്തി ഉത്തരവ് 14-01-2025-ന് നൽകിയിട്ടുണ്ട്.

പാക്കേജ് – 6

ആര്യാട് പഞ്ചായത്തിൽ 9 L.L. സംഭരണശേഷിയുള്ള ജലസംഭരണിയും 19 കി.മീ. വിതരണ ശൃംഖലയും 620 മീ. ക്ലിയർ വാട്ടർ പമ്പിങ് മെയിൻമാണ് ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ടി പ്രവൃത്തി നടപ്പാക്കുന്നതിനായി 10-06-2024-ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പാക്കേജ് – 7

ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ചാത്തനാട് ഉന്നതതല ജലസംഭരണിയിൽനിന്നും സോൺ 2-ലേക്കുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയാണ് ഈ പാക്കേജിൽ ഉൾപ്പെട്ടിരിക്കുന്നത്. പ്രവൃത്തി ടെൻഡർ ചെയ്തു. വർക്ക് ഓർഡർ നൽകിയിട്ടില്ല. ജൽ ജീവൻ മിഷൻ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.[+]

അമൃത് പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ അമൃത് പദ്ധതി മുഖേന ഭരണാനുമതി നൽകിയ മൂന്ന് പ്രവൃത്തികളിലായി 7500 കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയും 3000 കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയും 500 കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയും നടന്നുവരുന്നു. കൂടാതെ 33 കി.മീ. ദൈർഘ്യത്തിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിയും നടന്നുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെ ഫണ്ട് ഉപയോഗിച്ചാണ് നടപ്പാക്കുന്നതെന്നും എത്ര തുകയാണ് ചെലവഴിക്കുന്നതെന്നും വിശദവിവരം ലഭ്യമാക്കാമോ?

കിഫ്ബി അമൃത്, ജൽ ജീവൻ മിഷൻ പദ്ധതി എന്നിവയിലൂടെയാണ് പ്രവൃത്തികൾ നടപ്പാക്കുന്നത്.

കിഫ്ബി

ആലപ്പുഴ മുനിസിപ്പാലിറ്റിയിലെയും ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലെയും ജലവിതരണ ശൃംഖലയുടെ വിപുലീകരണവും നവീകരണവും പ്രവൃത്തിയിൽ ഉൾപ്പെടുത്തി പാക്കേജ് 1-ലെ പ്രവൃത്തികൾക്കായി 1978.64 ലക്ഷം രൂപയും പാക്കേജ് 2-ലെ പ്രവൃത്തികൾക്കായി 1078.09 ലക്ഷം രൂപയും ഉൾപ്പെടെ 3056.73 ലക്ഷം രൂപ

ചെലവഴിച്ചിട്ടുണ്ട്.

ജൽ ജീവൻ മിഷൻ പദ്ധതി

നാളിതുവരെ ചെലവഴിച്ച തുക അനുബന്ധമായി ചേർത്തിരിക്കുന്നു.+

അമൃത് പദ്ധതി

ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ കണക്ഷനുകൾ നൽകുന്ന പ്രവൃത്തി, ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി എന്നിവയ്ക്കായി 36.938 കോടി രൂപയാണ് അമൃത് ഫണ്ടിൽ അനുവദിച്ചിരിക്കുന്നത്. ആലപ്പുഴ നിയോജകമണ്ഡലത്തിൽ അമൃത് ഫണ്ട് ഉപയോഗിച്ച് നിലവിൽ 1087.79 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) സമ്പൂർണ്ണ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് കിഫ്ബി, ജൽ ജീവൻ തുടങ്ങിയ പദ്ധതികളിലൂടെ എത്ര പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്നും അവ എന്ന് പൂർത്തീകരിക്കാനാകുമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

കിഫ്ബി പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജൽ ജീവൻ മിഷൻ പദ്ധതി

പ്രസ്തുത നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് ജൽ ജീവൻ മിഷനിലൂടെ മാരാരിക്കുളം നോർത്ത് പഞ്ചായത്തിൽ ഒരു പ്രവൃത്തി അവശേഷിക്കുന്നു. ഈ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) പ്രസ്തുത നിയോജകമണ്ഡലത്തിൽ കിഫ്ബി, ജൽ ജീവൻ, പ്ലാൻ ഫണ്ട്, നബാർഡ്, അമൃത്, മറ്റ് ഫണ്ടുകൾ എന്നിവ മുഖേന എത്ര കണക്ഷനുകളാണ് ഇതുവരെ നൽകിയിട്ടുള്ളതെന്ന് തദ്ദേശസ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ?

കിഫ്ബി പ്രവൃത്തികളിൽ വാട്ടർ കണക്ഷൻ നൽകുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ല.

ജൽ ജീവൻ മിഷൻ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

അമൃത് പദ്ധതി

ആലപ്പുഴ നിയോജമണ്ഡലത്തിൽ അമൃത് പദ്ധതി പ്രകാരം നിലവിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4013 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

തൃശൂർ, ആലത്തൂർ നിയോജകമണ്ഡലങ്ങളിലെ കുടിവെള്ള പദ്ധതി

303 (1076) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17-ലെ വാട്ടർ അതോറിറ്റി പ്ലാൻ ഫണ്ടിൽനിന്നും തൃശൂർ, ആലത്തൂർ നിയോജകമണ്ഡലങ്ങളിൽ ഒന്നാംഘട്ടമായി 20 കോടി രൂപ അനുവദിച്ച് നടപ്പാക്കുന്ന വണ്ടാഴി-കിഴക്കഞ്ചേരി-വടക്കഞ്ചേരി-കണ്ണമ്പ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി & കണ്ണമ്പ്ര എന്നീ പഞ്ചായത്തുകൾക്കുവേണ്ടി മംഗലം ഡാം സ്രോതസ്സാക്കിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി 20 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. ഒന്നാംഘട്ട പ്രവൃത്തിയിൽ 24.5 എം.എൽ.ഡി. ജലശുദ്ധീകരണശാല, 24.5 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി, സബ്സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പ് സെറ്റും ട്രാൻസ്ഫോർമറും വിതരണം ചെയ്ത് സ്ഥാപിക്കുന്നതും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ 24.5

എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെയും മംഗലം ഡാമിൽ നിർമ്മിക്കുന്ന 24.5 ലക്ഷം ലിറ്റർ ജലസംഭരണിയുടെയും 83% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, 600 ഡി.ഐ.കെ. 9 പൈപ്പ് 51 മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി, ക്ലിയർ വാട്ടർ പമ്പ് സെറ്റ്- 3 എണ്ണം സ്ഥാപിക്കുന്ന പ്രവൃത്തി, 900 കെ.വി.എ. ട്രാൻസ്ഫോർമർ, സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തി എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. മുടങ്ങിക്കിടന്നിരുന്ന ടി പ്രവൃത്തി കരാറുകാരനുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2025 മേയ് 31-ഓടുകൂടി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

ജൽ ജീവൻ പദ്ധതി

304 (1077) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ

നാളിതുവരെ 20.77 ലക്ഷം കൂടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇത് ഭരണാനുമതി ലഭിച്ച കണക്ഷനുകളുടെ 38.15 ശതമാനം വരും. നിലവിൽ സംസ്ഥാനത്തെ 54.82% ഗ്രാമീണ വീടുകളിലും കൂടിവെള്ള കണക്ഷനുകൾ നൽകിക്കഴിഞ്ഞു. മാത്രമല്ല 115 പഞ്ചായത്തുകൾ 'ഹർ ഘർ ജൽ' ആയി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ വിവിധഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ബി) ജൽ ജീവൻ പദ്ധതികൾക്കായി നാളിതുവരെ ലഭിച്ച കേന്ദ്രവിഹിതം എത്രയെന്നും ചെലവഴിച്ചത് എത്രയെന്നും നാളിതുവരെ വകയിരുത്തിയ സംസ്ഥാനവിഹിതം എത്രയെന്നും ചെലവഴിച്ചത് എത്രയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിക്കായി നാളിതുവരെ കേന്ദ്രസർക്കാരിൽനിന്ന് 5,610.31 കോടി രൂപയും സംസ്ഥാന സർക്കാരിൽനിന്ന് 5,533.29 കോടി രൂപയും നൽകിയിട്ടുണ്ട്. കേന്ദ്ര വിഹിതമായി ലഭിച്ച തുകയിൽനിന്ന് 5,515.83 കോടി രൂപയും സംസ്ഥാനവിഹിതമായി ലഭിച്ച തുകയിൽനിന്ന് 5,615.57 കോടി രൂപയും

ചെലവഴിച്ചിട്ടുണ്ട്.

(സി) ജൽ ജീവൻ പദ്ധതിക്കായി വിവിധ കരാറുകാർക്ക് നൽകാനുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ; അത് അടിയന്തരമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ജൽ ജീവൻ പദ്ധതിക്കായി വിവിധ കരാറുകാർക്ക് നൽകാൻ 4371.32 കോടി രൂപയുടെ കുടിശ്ശിക നിലവിലുണ്ട്. നിലവിൽ കേന്ദ്ര സംസ്ഥാന സർക്കാരിൽനിന്ന് പദ്ധതിക്ക് അനുവദിച്ചിട്ടുള്ള തുക കരാറുകാർക്ക് നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കുടിശ്ശിക കൊടുത്തുതീർത്തുവരുന്നു.

(ഡി) ജൽ ജീവൻ പദ്ധതി വഴി നാളിതുവരെ നൽകിയ ആകെ കുടിവെള്ള കണക്ഷനുകൾ എത്രയെന്നും ഇതിൽ എത്ര കണക്ഷനുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ?

ജൽ ജീവൻ പദ്ധതി ആരംഭിച്ചതിനുശേഷം നാളിതുവരെ ആകെ 20,77,333 കണക്ഷനുകൾ നൽകിയിട്ടുണ്ട്. നൽകിയ കണക്ഷനുകളിൽ കുടിവെള്ളം ലഭ്യമാണ്.

ജില്ല	നൽകിയ കണക്ഷനുകൾ
തിരുവനന്തപുരം	279527
കൊല്ലം	298644
പത്തനംതിട്ട	90312
കോട്ടയം	114047
ആലപ്പുഴ	169108
ഇടുക്കി	39223
എറണാകുളം	149818
തൃശ്ശൂർ	129353
പാലക്കാട്	232183
മലപ്പുറം	217881.
കോഴിക്കോട്	116826
വയനാട്	28345
കണ്ണൂർ	171193
കാസർഗോഡ്	40873
ആകെ	2077333

ഇതുകൂടാതെ സംസ്ഥാനത്താകെ 774089 കണക്ഷനുകൾ HTC ആയി നൽകിയിട്ടുണ്ട്. നിലവിൽ നടപ്പാക്കിവരുന്ന പദ്ധതികളുടെ ഉൽപാദന ഘടകങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് ഈ കണക്ഷനുകളിൽകൂടി കുടിവെള്ളം ഉറപ്പാക്കാൻ കഴിയും.

(ഇ) ജൽ ജീവൻ പദ്ധതിയിൽ കരാറുകാർക്ക് പലതരത്തിലുള്ള മുൻഗണനാരീതികൾ നടപ്പാക്കിവരുന്നതായും അത് യഥാർഥ

മുൻഗണനാക്രമം അട്ടിമറിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ജൽ ജീവൻ പദ്ധതിയിൽ കരാറുകാർക്ക് പലതരത്തിലുള്ള മുൻഗണനാരീതികൾ നടപ്പാക്കിവരുന്നതായോ അത് യഥാർഥ മുൻഗണനാക്രമം അട്ടിമറിക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജൽ ജീവൻ മിഷൻ പദ്ധതിയിൽ തുകകൾ നൽകുന്നത് സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണ്.

മയിലാടുംപാറ ശുദ്ധജല വിതരണ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ

305 (1078) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എ.സി.-എ.ഡി.എസ്. മുഖേന നടപ്പാക്കുന്ന കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മയിലാടുംപാറ ശുദ്ധജല വിതരണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

എൽ.എ.സി.-എ.ഡി.എസ്. മുഖേന നടപ്പാക്കുന്ന കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മൈലാടുംപാറ ശുദ്ധജല വിതരണ പദ്ധതിയുടെ

ഭാഗമായിട്ടുള്ള 35000 Ltr OHSR, 110mm PVC (12.5kg/cm 2) -1800m, 100mm, GI-30m എന്നിവ പൂർത്തിയായിട്ടുണ്ട്. പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്കായി പമ്പ് സെറ്റിന് കരാറുകാരൻ സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി 20-02-2025-ന് മുമ്പായി പൂർത്തീകരിക്കാൻ സാധിക്കും.

(ബി) പ്രസ്തുത പദ്ധതിക്ക് കെ.എസ്.ഇ.ബി. കണക്ഷൻ നൽകുന്നതിനുണ്ടായിരിക്കുന്ന കാലതാമസം വിശദീകരിക്കാമോ; പ്രസ്തുത പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റി കെ.എസ്.ഇ.ബി.-ക്ക് കണക്ഷൻ ചാർജ് അടച്ചിട്ടുണ്ടോ; അത് എന്നേക്ക് അടയ്ക്കാൻ കഴിയുമെന്നറിയിക്കാമോ?

പ്രസ്തുത പദ്ധതിക്കായി കെ.എസ്.ഇ.ബി. കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ തുക ഭരണാനുമതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. അതിനാൽ കെ.എസ്.ഇ.ബി. ചാർജ് ഉൾപ്പെടുത്തി ടി പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും കെ.എസ്.ഇ.ബി. കണക്ഷൻ ചാർജ് ഇനത്തിൽ കൊടുക്കാനുള്ള തുകയായ 1,57,666 രൂപ 30-01-2025-ലെ ചെക്ക് നം. 1219018 മുഖേന 02-02-2025-ന് തിരുവനന്തപുരം ഡിസ്ട്രിക്ട്

ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി. കണക്ഷൻ സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി കടുത്തുരുത്തി എക്സിക്യൂട്ടീവ് എഞ്ചിനീയർ 23-01-2025-ന് നൽകിയ കത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

എൽ.എ.സി.-എ.ഡി.എസ്. മുഖേന നടപ്പാക്കുന്ന കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മയിലാടുംപാറ ശുദ്ധജല വിതരണ പദ്ധതിയുടെ കെ.എസ്.ഇ.ബി. കണക്ഷൻ ചാർജ് ഇനത്തിൽ നൽകാനുള്ള തുകയായ 1,57,666/- രൂപ 30-01-2025-ലെ ചെക്ക് നം. 1219018 മുഖേന 02-02-2025-ന് തിരുവനന്തപുരം ഡിസ്ട്രിക്ട് ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ശുദ്ധജല പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പദ്ധതി 15-03-2025-ഓടുകൂടി കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

കാരോട് കുടിവെള്ള പദ്ധതി

306 (1079) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയായ കാരോട് കുടിവെള്ള പദ്ധതിയുടെ നാളിതുവരെ നടത്തിയിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഏതൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾക്ക് കിഫ്ബി വഴി 89.189 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയെ മൂന്ന് പാക്കേജുകളായി തിരിച്ചാണ് നടപ്പാക്കുന്നത്.

പാക്കേജ് – 1

പരശുവയ്ക്കൽ വില്ലേജിലെ പൊൻവിളയിൽ ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും ജലസംഭരണിയും നിർമ്മിക്കുന്നതിന് 80.16 ആർ. സ്ഥലമേറ്റെടുക്കലാണ് ഒന്നാമത്തെ പാക്കേജ്. സ്ഥലമേറ്റെടുക്കൽ നടപടികൾ 2021 ഓഗസ്റ്റ് മാസത്തിൽ പൂർത്തിയാക്കിയിരുന്നു.

പാക്കേജ് – 2

രണ്ടാമത്തെ പാക്കേജിലുൾപ്പെട്ട ഘടകങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

1. പൊൻവിളയിൽ 16 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല
2. മാവിളക്കടവിൽ 9.0 മീ. വ്യാസമുള്ള കിണറും പമ്പ്ഹൗസും.
3. പൊൻവിളയിൽ ജലശുദ്ധീകരണശാലയ്ക്കടുത്തായി സബ്സ്റ്റേഷൻ കെട്ടിടം
4. ട്രാൻസ്ഫോർമറുകളും പമ്പ് സെറ്റുകളും സ്ഥാപിക്കൽ.
5. പൊൻവിളയിൽ 30 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി.

ഈ പാക്കേജിലുൾപ്പെട്ട ഘടകങ്ങളുടെ നിർമ്മാണപ്രവൃത്തിക്കുള്ള കരാർ നൽകുകയും ജലശുദ്ധീകരണശാലയുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പാക്കേജ് – 3

മൂന്നാമത്തെ പാക്കേജിലുൾപ്പെട്ട ഘടകങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

1. പദ്ധതിയുടെ ഭാഗമായ പൈപ്പ്ലൈനുകൾ സ്ഥാപിക്കൽ.
2. ചെങ്കൽ പഞ്ചായത്തിലെ ഉദിയൻകുളങ്ങരയിൽ 17 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി.
3. കാരോട് പഞ്ചായത്തിൽ 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി.

ഈ പാക്കേജിലുൾപ്പെട്ട പ്രവൃത്തിയുടെ കരാർ നൽകുകയും

പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഉദിയൻകുളങ്ങരയിലെ ജലസംഭരണിയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്ന സമയത്ത് കണ്ടെത്തിയ സ്ഥലത്തിനോട് ചേർന്ന് സ്ഥാപിക്കുന്നത് സുരക്ഷയെ ബാധിക്കുമെന്നതിനാൽ സുരക്ഷാമാനദണ്ഡപ്രകാരം ആവശ്യമായ അകലം പാലിച്ച് ചെലവ് ക്രമപ്പെടുത്തി ഫൗണ്ടേഷൻ ഡിസൈൻ അംഗീകാരം നൽകി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കാരോട് പഞ്ചായത്തിൽ ജലസംഭരണി നിർമ്മിക്കാനായി കണ്ടെത്തിയ സ്ഥലത്ത് രണ്ട് താൽക്കാലിക വീടുകൾ നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. ഇത് മാറ്റി സ്ഥാപിക്കുന്നമുറയ്ക്ക് മാത്രമെ ജലസംഭരണിയുടെ നിർമ്മാണം ആരംഭിക്കാനാകുകയുള്ളൂ. രണ്ടും മൂന്നും പാക്കേജുകളിലുൾപ്പെട്ട പ്രവൃത്തികൾ ആരംഭിച്ചിട്ടേയുള്ളൂ. അവ മുഴുവനും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

പൈപ്പ് ലൈൻ റോഡിന്റെ തകർച്ച

307 (1080) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള മാവൂർ

ഗ്രാമപഞ്ചായത്തിലെ പൈപ്പ്ലൈൻ റോഡ് തകർന്നുകിടക്കുന്നത് ജനങ്ങൾക്ക് ഏറെ പ്രയാസം സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡ് പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജെ.ജെ.എം. (ജൽ ജീവൻ മിഷൻ) പ്രവൃത്തി നടത്താൻവേണ്ടിയാണ് പ്രസ്തുത റോഡ് കുഴിച്ചത്. പൈപ്പ്ലൈൻ സ്ഥാപിച്ച് ജലവിതരണം നടത്തുകയും അതോടൊപ്പം താൽക്കാലികമായി ഗതാഗതയോഗ്യമാക്കിയിട്ടുമുണ്ട്. അത് പുനഃസ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഫണ്ട് ലഭ്യമാക്കി പുനരുദ്ധാരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മലബാർ ഡിസ്റ്റിലറിക്ക് വെള്ളം നൽകുന്നതിനുള്ള പദ്ധതി

308 (1081) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ മേനോൻപാറയിലെ മലബാർ ഡിസ്റ്റിലറിക്ക് ജല അതോറിറ്റി വെള്ളം നൽകാൻ പദ്ധതി രൂപീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

ചിറ്റൂർ മേനോൻപാറയിലെ മലബാർ ഡിസ്റ്റിലറിക്ക് ജല അതോറിറ്റി വെള്ളം നൽകാൻ പദ്ധതി രൂപീകരിച്ചിരുന്നു. മലബാർ ഡിസ്റ്റിലറിയിലേക്ക് വെള്ളം നൽകുന്നതിനായി വടകരപ്പതി വിതരണ ശൃംഖല ലൈനിൽനിന്നും ഏകദേശം 5.50 k.m. ദീർഘിപ്പിക്കുന്നതിനായി 1,87,00,000 (ഒരു കോടി എൺപത്തിയേഴ് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് പി.എച്ച്. ഡിവിഷൻ, പാലക്കാട് ഓഫീസിൽനിന്നും മലബാർ ഡിസ്റ്റിലറിയിലേക്ക് കൈമാറുകയും 30-08-2022-ന് മലബാർ ഡിസ്റ്റിലറി 1,87,00,000 രൂപ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പൈപ്പ്ലൈൻ പ്രവൃത്തി പൂർത്തിയാക്കുന്നമുറയ്ക്ക് മാത്രമെ മലബാർ ഡിസ്റ്റിലറിക്ക് വെള്ളം നൽകാനുള്ള കരാറിൽ ഏർപ്പെടാൻ സാധിക്കുകയുള്ളൂ. കരാറുകാരൻ പ്രസ്തുത പ്രവൃത്തിക്കാവശ്യമായ പൈപ്പ് വിതരണം ചെയ്തിരുന്നു. എന്നാൽ സമീപ പഞ്ചായത്തുകളായ എലപ്പുള്ളി, വടകരപ്പതി എന്നീ പഞ്ചായത്തുകളുടെയും പ്രാദേശികമായ എതിർപ്പുകൾമൂലവും നിലവിൽ പൈപ്പ്ലൈൻ പ്രവൃത്തി നടപ്പാക്കാൻ സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ പ്രവർത്തനക്ഷമമാണോയെന്ന്

അറിയിക്കാമോ; അല്ലെങ്കിൽ കാരണം വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി നിലവിൽ പ്രവർത്തനക്ഷമമല്ല. പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

റോഡ് റെസ്റ്റോറേഷന് മുമ്പായി കുടിവെള്ള പൈപ്പ് ലീക്ക് പരിശോധന

309 (1082) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി റോഡിലെ വശങ്ങളിൽ പൈപ്പിട്ടതിനുശേഷം റെസ്റ്റോറേഷൻ നടത്തുന്നതിനുമുമ്പായി ലീക്കുകൾ പരിശോധിക്കുന്ന സംവിധാനം നിലവിലുണ്ടോ; റെസ്റ്റോറേഷന് മുമ്പ് ലീക്ക് പരിശോധന നടത്തിയില്ലെങ്കിൽ ലീക്കുണ്ടായാൽ വീണ്ടും റോഡ് കുത്തിപ്പൊളിക്കേണ്ടി വരുമെന്നതിനാൽ ഇത്തരം പരിശോധനകൾ കർശനമായി നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

ഉണ്ട്. പൈപ്പ്ലൈൻ സ്ഥാപിച്ച റോഡുകൾ ലീക്കുമൂലം വീണ്ടും

കുഴിക്കുന്നത് ഒഴിവാക്കുന്നതിനുവേണ്ടി ഫാക്ടറിയിൽ ഗുണമേന്മ പരിശോധിച്ചതിനുശേഷം ഗുണനിലവാരമുള്ളവയാണെന്ന് മുദ്ര വച്ച പൈപ്പുകളാണ് കേരള വാട്ടർ അതോറിറ്റി പ്രവൃത്തികളിൽ ഉപയോഗിക്കുന്നത്. കൂടാതെ പൈപ്പുകൾ സ്ഥാപിച്ചതിനുശേഷം പൈപ്പിന്റെയും പൈപ്പ് ജോയിന്റിന്റെയും പ്രവൃത്തിയുടെയും ഗുണനിലവാരം ഉറപ്പുവരുത്താൻ ഹൈഡ്രോളിക് പ്രഷർ ടെസ്റ്റ് ചെയ്യുന്നുണ്ട്. പ്രഷർ ടെസ്റ്റിൽ പൈപ്പുകളിൽ ലീക്കുണ്ടാകുകയാണെങ്കിൽ കരാറുകാരന്റെ പൂർണ്ണ ചെലവിൽ ഇവ പരിഹരിക്കാറുണ്ട്. ഇത്തരത്തിൽ ഹൈഡ്രോളിക് ടെസ്റ്റിങ് നടത്തി പൈപ്പ്ലൈനിൽ ചോർച്ചയില്ലെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രമെ കരാറുകാരന് ബിൽ പാസ്സാക്കി നൽകാറുള്ളൂ.

(ബി) നാഷണൽ ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ശ്രീനാരായണപുരം, മതിലകം, പെരിഞ്ഞനം, കൈപ്പമംഗലം പഞ്ചായത്തുകളിലെ കുടിവെള്ളം ഇടയ്ക്കിടെ മുടങ്ങുന്നത് പൊതു ടാപ്പിലെ കുടിവെള്ളംമാത്രം ആശ്രയിച്ച് ജീവിക്കുന്ന ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുളവാക്കുന്നതിനാൽ അത്

പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

നാഷണൽ ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളിലെ കുടിവെള്ള പൈപ്പുകൾ പൊട്ടുമ്പോൾ ഉടനടി എൻ.എച്ച്. കരാറുകാരനായ M/s SCCPL അധികൃതരെ അറിയിക്കുകയും നിലവിൽ അവർ എത്രയും പെട്ടെന്ന് റെക്ടിഫിക്കേഷൻ പ്രവൃത്തികൾ ചെയ്ത് കുടിവെള്ള വിതരണം പുനഃസ്ഥാപിക്കുകയും ചെയ്യാറുണ്ട്.

വെള്ളക്കര വർധന

310 (1083) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ എത്ര തവണ വെള്ളക്കരം വർധിപ്പിച്ചു; അവസാനമായി വെള്ളക്കരം വർധിപ്പിച്ചത് എന്നാണ്; എത്ര ശതമാനമാണ് വർധനയുണ്ടായത്; വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ ആകെ 2 തവണ വാട്ടർ ചാർജ് വർധിപ്പിച്ചിട്ടുണ്ട്. അവ താഴെപ്പറയും പ്രകാരമാണ്.

1. 10-02-2021-ലെ G.O.(MS)No.9/2021/WRD നമ്പർ ഉത്തരവ് പ്രകാരം

01-04-2022 മുതൽ 5 ശതമാനം വാട്ടർ ചാർജ് വർധിപ്പിച്ചിട്ടുണ്ട്.

2. 03-02-2023-ലെ G.O.(MS)No. 11/2023/WRD നമ്പർ ഉത്തരവ് പ്രകാരം 2023-ൽ പൊതു ടാപ്പുകൾ ഉൾപ്പെടെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ലിറ്ററിന് ഒരു പൈസ വീതവും വാട്ടർ ചാർജ് വർധനവ് വരുത്തിയിട്ടുണ്ട്.

(ബി) വെള്ളക്കരം വർധിപ്പിച്ചതുവഴി കേരള വാട്ടർ അതോറിറ്റി നാളിതുവരെ എത്ര തുക അധികം സമാഹരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

നിരക്ക് വർധനവിലൂടെ ഓരോ തവണയും സമാഹരിക്കാൻ കഴിഞ്ഞ അധിക വരുമാനത്തിന്റെ വിവരം ചുവടെച്ചേർക്കുന്നു.

സാമ്പത്തിക വർഷം	വ്യത്യാസം (കോടിയിൽ)
2022-23	2022 ഏപ്രിലിലെ നിരക്ക് വർധനവിലൂടെ ഡിമാന്റിൽ 90.17 കോടി രൂപയുടെ വർധനവുണ്ടായി.
2023-24	2023 ഫെബ്രുവരിയിലെ നിരക്ക് വർധനവിലൂടെ ഡിമാന്റിൽ 649.98 കോടി രൂപയുടെ വർധനവുണ്ടായി.

ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡുമായുള്ള കരാർ

311 (1084) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിന് ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്കാവശ്യമായ അംഗീകാരമോ സമ്മതമോ ജല അതോറിറ്റി നൽകിയിട്ടുണ്ടോ; അറിയിക്കുമോ?

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിന് ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് ആവശ്യമായ അംഗീകാരമോ സമ്മതമോ ജല അതോറിറ്റി നൽകിയിട്ടില്ല. എണ്ണ കമ്പനികൾക്ക് എഥനോൾ ഉൽപാദിപ്പിച്ച് നൽകുന്നതിനായി M/s. Oasis Commercial Pvt. Ltd. Company എലപ്പുള്ളി

പഞ്ചായത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്ലാന്റ് നിർമ്മിക്കുന്നതിനായി ക്ഷണിക്കുന്ന ദർഘാസിന്റെ ഭാഗമായ Expression of interest-ൽ പങ്കെടുക്കുന്നതിനായി ജല ലഭ്യത സംബന്ധിച്ച ഉറപ്പ് ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം സൂപ്രണ്ടിങ് എഞ്ചിനീയർ പി.എച്ച്. സർക്കിൾ പാലക്കാട് ഓഫീസിൽനിന്നും ഇതുസംബന്ധിച്ച് കത്ത് നൽകിയിരുന്നു.

(ബി) എങ്കിൽ ഏതൊക്കെ യൂണിറ്റുകൾക്കാണ് ജല അതോറിറ്റി അംഗീകാരം നൽകിയതെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല

(സി) പ്രസ്തുത പദ്ധതികൾക്ക് വെള്ളം ലഭ്യമാക്കാൻ ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി ജല അതോറിറ്റി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതികൾക്ക് വെള്ളം ലഭ്യമാക്കാൻ ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി ജല അതോറിറ്റി കരാറിൽ ഏർപ്പെട്ടിട്ടില്ല.

ജല അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശ്ശിക തുക

312 (1085) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, വൻകിട സ്വകാര്യസ്ഥാപനങ്ങൾ, ഗാർഹിക ഉപഭോക്താക്കൾ തുടങ്ങിയവ ജല അതോറിറ്റിക്ക് നൽകാനുള്ള കുടിശ്ശികയുടെ വിശദാംശം തരംതിരിച്ച് ലഭ്യമാക്കുമോ?

വാട്ടർ ചാർജ് കുടിശ്ശികയുള്ള (05-02-2025 വരെയുള്ള) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, വൻകിട സ്വകാര്യ സ്ഥാപനങ്ങൾ, ഗാർഹിക ഉപഭോക്താക്കൾ എന്നിവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

വിഭാഗം	തുക
വിവിധ സംസ്ഥാന സർക്കാർ വകുപ്പുകൾ	115.60 കോടി രൂപ (അനുബന്ധം 1)
പൊതുമേഖലാ സ്ഥാപനങ്ങൾ	7.89 കോടി രൂപ (അനുബന്ധം 2)
വൻകിട സ്വകാര്യ സ്ഥാപനങ്ങൾ	4.41 കോടി രൂപ (അനുബന്ധം 3)
ഗാർഹിക ഉപഭോക്താക്കൾ:ആകെ കുടിശ്ശിക	348.29 കോടി രൂപ (പത്ത് ലക്ഷത്തിനുമേൽ കുടിശ്ശിക - അനുബന്ധം 4)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട റോഡ് ടാറിങ്

313(1086) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതും ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മെയിൻ പൈപ്പ്ലൈൻ കടന്നുപോകുന്നതുമായ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ വേട്ടുണ്ട വരപ്പുറത്തുകണ്ടി റോഡ് ടാറിങ് ചെയ്യുന്നതിന് അനുമതി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജപ്പാൻ കുടിവെള്ള പൈപ്പ്ലൈനിന് യാതൊരുവിധ കേടും സംഭവിക്കാത്ത തരത്തിൽ പൈപ്പ്ലൈനിന് അരികിലൂടെ മൂന്ന് മീറ്റർ വീതിയിൽ റോഡ് യാത്രാസൗകര്യമുണ്ടാക്കുന്നതിന് ടാറിങ് ചെയ്യാനായി അടിയന്തരമായി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

(എ&ബി) കേരള വാട്ടർ അതോറിറ്റിയുടെ 438-ാമത് അതോറിറ്റി ബോർഡ് യോഗം പ്രസ്തുത വിഷയം അനുകൂലമായി പരിഗണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതുമാണ്.

കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

314 (1087) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. സി. ആർ. മഹേഷ്:

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടുവഴി കൊച്ചി നഗരത്തിലെ കുടിവെള്ള വിതരണ ശൃംഖലയുടെ നിയന്ത്രണവും പരിപാലനവും പത്ത് വർഷക്കാലത്തേക്ക് ബഹുരാഷ്ട്ര കമ്പനിക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ?

കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടുവഴി കൊച്ചി നഗരത്തിലെ കുടിവെള്ള വിതരണ ശൃംഖലയുടെ നിയന്ത്രണവും പരിപാലനവും 10 വർഷക്കാലത്തേക്ക് ബഹുരാഷ്ട്ര കമ്പനിക്ക് കൈമാറാൻ തീരുമാനമൊന്നുമായിട്ടില്ല.

(ബി) കേരള ജല അതോറിറ്റി ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന കൊച്ചിയിൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കുമോ?

കൊച്ചി നഗരം ഓൾ ഇന്ത്യ സ്മാർട്ട് സിറ്റി ചലഞ്ചിൽ പങ്കെടുക്കുന്നതിനുള്ള നിർദ്ദേശം ഡിസംബർ 2015-ൽ കേന്ദ്ര നഗരവികസന

മന്ത്രാലയത്തിന് സമർപ്പിക്കുകയും ജനുവരി 2016-ൽ വിജയിച്ച ആദ്യ 20 നഗരങ്ങളിൽ ഒന്നായി മാറുകയും ചെയ്തു. ഇന്ത്യയിൽ 100 നഗരങ്ങളിൽ കൊച്ചി അഞ്ചാം സ്ഥാനം നേടുകയും ചെയ്തു. സ്മാർട്ട് സിറ്റി ചലഞ്ചിൽ പ്രധാന നിർദ്ദേശങ്ങളിൽ ഒന്ന് 24x7 ജലവിതരണം ഉറപ്പാക്കുന്നതാണ്. 04-07-2016-ൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന സ്മാർട്ട് സിറ്റി സംസ്ഥാനതല ഹൈപവേർഡ് സ്റ്റിയറിങ് കമ്മിറ്റി യോഗത്തിൽ 24x7 ജലവിതരണ പദ്ധതി കെ.ഡബ്ല്യു.എ. നടപ്പാക്കുമെന്ന് പരാമർശമുണ്ടായി. സംസ്ഥാന സർക്കാരിന്റെ അഭ്യർഥന പ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനായി കൊച്ചി നഗരത്തെ തിരഞ്ഞെടുത്തത്.

(സി) പ്രസ്തുത പദ്ധതി പത്ത് വർഷത്തേക്ക് സ്വകാര്യ കമ്പനിയെ ഏൽപിക്കുന്ന നടപടി ജല അതോറിറ്റിയുടെ സ്വകാര്യവൽക്കരണത്തിലേക്ക് നയിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതി സ്വകാര്യവൽക്കരണത്തിനുവേണ്ടിയല്ല, മറിച്ച് ജലവിതരണ സംവിധാനത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉന്നതനിലവാരത്തിലുള്ള സേവനം ലഭ്യമാക്കുന്നതിനും വേണ്ടി

മാത്രമുള്ളതാണ്. കാര്യക്ഷമവും നൂതനവും കാലികവുമായ സാങ്കേതികവിദ്യകൾ ഉപയോഗത്തിൽ വരുത്തുകയും ഈ മേഖലയിലെ ഏറ്റവും പുതിയ പുരോഗതികൾക്കൊപ്പം അപ്ഡേറ്റ് ചെയ്യപ്പെടുകയും ചെയ്ത് വരുമാനരഹിത ജലം (NRW) കുറച്ചുകൊണ്ട് കെ.ഡബ്ല്യു.എ.-യുടെ വരുമാനം മെച്ചപ്പെടുത്താനും പ്രസ്തുത പദ്ധതി കൊണ്ടുദ്ദേശിക്കുന്നു.

കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുക

315 (1088) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ കേരള വാട്ടർ അതോറിറ്റിക്ക് 2016 മുതൽ ഓരോ വർഷവും എത്ര തുക അനുവദിച്ചുവെന്നും ഇതിൽ എത്ര രൂപ നൽകിയെന്നും വർഷം തിരിച്ച് ലഭ്യമാക്കാമോ?

2016 മുതൽ സംസ്ഥാന സർക്കാർ കേരള വാട്ടർ അതോറിറ്റിക്ക് പദ്ധതി വിഹിതത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെച്ചേർക്കുന്നു.

(കോടി രൂപ)

Year	Budget Provision	Grant from GOK	Loan from GOK Received as grant	Total Release
2016-17	672.5	471.72	51.17	522.89

2017-18	678.55	366.28	-	366.28
2018-19	796.43	326.7	-	326.7
2019-20	720.51	188.73	-	188.73
2020-21	645.25	773.73	-	773.73
2021-22	735.80	1716.9	-	1716.9
2022-23	856.75	1753.36	-	1753.36
2023-24	858.65	1375.21	-	1375.21
TOAL	5964.44	6972.63	51.17	7023.80

2016 മുതൽ സംസ്ഥാന സർക്കാർ കേരള വാട്ടർ അതോറിറ്റിക്ക് നോൺ പ്ലാൻ ഗ്രാന്റ് വിഭാഗത്തിൽ ശമ്പള - ശമ്പളേതര ഇനത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ.

(കോടി രൂപ)

Year	Budget Provision of Non-Plan	Non plan fund release
2016-2017	276.56	296.56
2017-2018	312.19	280.97
2018-2019	327.8	359.02
2019-2020	356.73	273.53
2020-2021	321.06	347.44
2021-2022	321.06	321.06
2022-2023	353.16	183.73
2023-2024	357.28	66.10
TOTAL	2625.84	2128.41

ഒയാസിസ് മദ്യക്കമ്പനിക്ക് വാട്ടർ അതോറിറ്റി ജലം നൽകാനുള്ള തീരുമാനം

316(1089) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് മദ്യനിർമ്മാണ യൂണിറ്റിനാവശ്യമായ വെള്ളം ലഭ്യമാക്കാൻ ജല അതോറിറ്റിയുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

കേരള വാട്ടർ അതോറിറ്റി, ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി വെള്ളം നൽകുന്നതിന് ധാരണയിൽ ഏർപ്പെട്ടിട്ടില്ല. M/s. Oasis Commercial Pvt. Ltd Company, എണ്ണ കമ്പനികൾക്ക് എഥനോൾ ഉൽപാദിപ്പിച്ച് നൽകുന്നതിനായി എലപ്പുള്ളി പഞ്ചായത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്ലാന്റ് നിർമ്മിക്കുന്നതിനായി ക്ഷണിക്കുന്ന ദർഘാസിന്റെ ഭാഗമായ Expression of interest-ൽ പങ്കെടുക്കുന്നതിനായി ജല ലഭ്യത സംബന്ധിച്ച ഉറപ്പ് ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം പാലക്കാട്

സർക്കിൾ സൂപ്രണ്ടിങ് എഞ്ചിനീയർ ഓഫീസിൽനിന്നും ഇതുസംബന്ധിച്ച് കത്ത് നൽകിയിരുന്നു. 16-06-2023-ൽ കേരള വാട്ടർ അതോറിറ്റിയിൽനിന്നും KWA/PHC/PKD/8365/01/Vol.II/KINFRA നമ്പർ കത്ത് പ്രകാരം കിൻഫ്രയിൽനിന്നും വെള്ളം Spare ചെയ്യാൻ സാധ്യമാണെന്ന കത്താണ് M/s. Oasis Commercial Pvt. Ltd., പാലക്കാടിന് നൽകിയത്.

(ബി) പ്രസ്തുത കമ്പനി പ്രതിദിനം എത്ര ലിറ്റർ വെള്ളമാണ് ആവശ്യപ്പെട്ടതെന്നും എത്ര ലിറ്റർ നൽകാനാണ് ജല അതോറിറ്റി സമ്മതിച്ചതെന്നും വ്യക്തമാക്കാമോ?

ബാധകമല്ല.

കഞ്ചിക്കോട് കിൻഫ്ര വ്യവസായ പാർക്കിലേക്ക് വെള്ളമെത്തിക്കാനുള്ള പദ്ധതി

317 (1090) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് കിൻഫ്ര വ്യവസായ പാർക്കിലേക്ക് മലമ്പുഴയിൽനിന്നും വെള്ളമെത്തിക്കാനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

ജലസേചന വകുപ്പ് കിൻഫ്രയ്ക്ക് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന്

അനുമതി നൽകിയിട്ടുള്ളതും നിയമ നിബന്ധനകൾക്ക് വിധേയമായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പാലക്കാടിന് അനുമതി നൽകിയിട്ടുള്ളതുമാണ്. നിലവിൽ പദ്ധതിയുടെ ഏകദേശം 99% നിർമ്മാണ പ്രവൃത്തികളും പൂർത്തിയായി കഴിഞ്ഞു.

(ബി) ഈ പദ്ധതി പ്രകാരം പ്രതിദിനം എത്ര യൂണിറ്റ് വെള്ളമാണ് കിൻഫ്രയ്ക്ക് നൽകാൻ വിഭാവനം ചെയ്തിരിക്കുന്നത്?

പ്രതിദിനം 10 എം.എൽ.ഡി. (10 ദശലക്ഷം ലിറ്റർ) വെള്ളം കൊണ്ടുവരുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(സി) പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്നും നാല് വർഷത്തോളം പദ്ധതി നീണ്ടുപോകാനുള്ള കാരണമെന്താണെന്നും വിശദമാക്കാമോ?

പല സാങ്കേതിക കാരണങ്ങളാലും പ്രവൃത്തി പൂർത്തീകരിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞിട്ടില്ല. 12-ാം നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി III (ഇറിഗേഷൻ & പവർ) കഞ്ചിക്കോട് മേഖലയിലെ ഭൂഗർഭ ജലവിധാനത്തെ സംരക്ഷിക്കുന്നതിനായി ഒരു പഠനം നടത്തുകയും അത് സംരക്ഷിക്കുന്നതിനായി പാലക്കാട് വ്യാവസായിക മേഖലയിലെ വ്യവസായ

യൂണിറ്റുകൾ ഉപയോഗിക്കുന്നതിന് ജലവിതരണ പദ്ധതി നടപ്പാക്കണമെന്ന് നിർദേശിക്കുന്ന റിപ്പോർട്ട് സമർപ്പിച്ചതുപ്രകാരം കിൻഫ്ര പാർക്കിലേക്ക് മലമ്പുഴയിൽനിന്നും 10 എം.എൽ.ഡി. വെള്ളം കൊണ്ടുവരുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കി. പ്രസ്തുത പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയും വാട്ടർ അതോറിറ്റി മുഖാന്തരം പദ്ധതി നടപ്പാക്കുന്നതിന് കിൻഫ്രയ്ക്ക് അനുമതിയും നൽകി. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വാട്ടർ അതോറിറ്റി ടെൻഡർ വിളിക്കുകയും ആദ്യത്തെ ടെൻഡർ കോടതി നടപടിക്രമങ്ങൾ കാരണം റദ്ദ് ചെയ്യപ്പെടുകയും 2017-ൽ റീ-ടെൻഡർ വിളിക്കുകയും ചെയ്തു. പ്രസ്തുത ടെൻഡർ ഏറ്റവും കുറഞ്ഞ തുക കോൺട്രാക്ടർക്ക് നൽകി. തുടർന്ന് പൈപ്പ് കൊണ്ടുവന്നിറക്കുന്ന സമയത്ത് ഒരു കൂട്ടം ആളുകൾ പൈപ്പ് ഇറക്കുന്നത് തടയുകയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ WPC ഫയൽ ചെയ്യുകയും ചെയ്തു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി കാര്യങ്ങൾ ബോധ്യപ്പെട്ടതനുസരിച്ച് പദ്ധതിയുമായി മുന്നോട്ടുപോകുന്നതിനുള്ള അനുകൂല വിധി നൽകി. ഇതേത്തുടർന്ന് നിർമ്മാണ പ്രവൃത്തികൾ 2018-ൽ പുനരാരംഭിച്ചു. നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് വളരെ

മുമ്പുതന്നെ കൊച്ചി-സേലം ദേശീയപാതയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും കിൻഫ്രയുടെ പദ്ധതിയുടെ അലൈൻമെന്റ് മാറ്റേണ്ടുന്ന അവസ്ഥ സംജാതകമാകുകയുമുണ്ടായി. പുതിയ റൂട്ട് തീരുമാനിക്കുകയും അതനുസരിച്ച് ആവശ്യമായ അനുമതികൾ നേടുകയും ചെയ്തു. അതിന്റെ ഭാഗമായി പാലക്കാട് ഐ.ഐ.ടി.-യുമായി സഹകരിച്ച് ഐ.ഐ.ടി.-യുടെ സ്ഥലത്തുകൂടി പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അംഗീകാരം നൽകി. ബാക്കിവരുന്ന ഏകദേശം 115 മീ. റെയിൽവേ ലൈൻ ക്രോസ് ചെയ്ത് റെയിൽവേയുടെ സ്ഥലത്തുകൂടി സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും റെയിൽവേയുടെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുകയും റെയിൽവേയുമായി നിരന്തരം മീറ്റിങ്ങുകൾ നടത്തുകയും ചെയ്തുവന്നു. എന്നാൽ റെയിൽവേ അനുമതികൾ കാലതാമസം നേരിടുന്നതുകൊണ്ട് ബദൽ പ്രൊപ്പോസൽ കിൻഫ്രയുടെ പരിഗണനയിലാണ്.

കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന് നടപടി

318 (1091) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ കുടിവെള്ള വിതരണം

കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

കോഴിക്കോട് കോർപ്പറേഷനിൽ അമൃത് 1.0 പദ്ധതിയിലുൾപ്പെടുത്തി 2 പ്രവൃത്തികളിലായി 65 പാക്കേജുകൾക്കായി 122.1 കോടി രൂപയുടെയും അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 3 പ്രവൃത്തികളിലായി 7 പാക്കേജുകൾക്കായി 119.67 കോടി രൂപയുടെയും അർബൻ അഗ്ലോമറേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 4 പ്രവൃത്തികൾക്കായി 5.97 കോടി രൂപയുടെയും ഭരണാനുമതിയും ലഭിച്ചിരുന്നു. ഇതിൽ 57 പ്രവൃത്തികൾ പൂർത്തീകരിച്ചു. 13 പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഒരെണ്ണത്തിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഒരെണ്ണത്തിന്റെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. ഒരെണ്ണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. രണ്ട് പ്രവൃത്തികൾ ഉപേക്ഷിച്ചു. ഒരു പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേല്പറഞ്ഞ പ്രവൃത്തികളിലായി 47043 FHTC കൊടുക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 25218 FHTC കൊടുത്തുകഴിഞ്ഞു. ബാക്കിയുള്ള 21825 FHTC കൊടുക്കാനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) കുടിവെള്ള പൈപ്പുകൾ പൊട്ടുന്നത് പരിഹരിക്കുന്നതിന്

മൊബൈൽ റിപ്പയറിങ് യൂണിറ്റ് സംവിധാനം ഒരുക്കുന്നത് പരിഗണനയിലുണ്ടോ?

കുടിവെള്ള പൈപ്പുകൾ പൊട്ടുന്നത് സമയബന്ധിതമായി പരിഹരിക്കാൻ നിലവിൽ മൊബൈൽ റിപ്പയറിങ് യൂണിറ്റ് സംവിധാനത്തോടുകൂടിയുള്ള ബ്ലൂ ബ്രിഗേഡ് ടീം കോഴിക്കോട് ജില്ലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) ഇല്ലെങ്കിൽ കുടിവെള്ള പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന പരാതികൾ അടിയന്തര പ്രാധാന്യത്തോടെ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കുടിവെള്ള പൈപ്പുകൾ പൊട്ടുന്നത് സമയബന്ധിതമായി പരിഹരിക്കാൻ ബ്ലൂ ബ്രിഗേഡ് ടീം പ്രവർത്തിച്ചുവരുന്നുണ്ട്.

കോങ്ങാട് നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികൾ

319(1092) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ

പ്രവൃത്തികളുടെ പുരോഗതി വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

കോങ്ങാട് നിയോജകമണ്ഡലത്തിലെ ജൽ ജീവൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പുരോഗതി വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ കാലാവധി നീട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിയുടെ കാലാവധി കേന്ദ്രസർക്കാർ 2028 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) കോങ്ങാട് നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട് NH 966 കോഴിക്കോട്-പാലക്കാട് ദേശീയപാതയിൽ പൈപ്പ്ലൈൻ ഇടുന്നതിന് അനുമതി ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ദേശീയപാത 966-ൽ പൊന്നൻകോട് ബ്രിഡ്ജ് മുതൽ മൈലംപുള്ളി ജങ്ഷൻ വരെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് NHAI-ൽ ലൈസൻസ് ഫീയും ബാങ്ക് ഗാരന്റിയും അടച്ചിട്ടുണ്ട് (Rs.2194104/-, Rs.11216292/-). പ്രസ്തുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭാഗം ഡി.എൽ.പി. ആയതിനാൽ PWD-NH വിഭാഗത്തിൽനിന്നും എൻ.ഒ.സി. ലഭ്യമാക്കുന്നതിന് NHAI, PWD-NH ന് കത്ത് നൽകിയിട്ടുണ്ട്.

മലബാർ ഡിസ്റ്റിലറിക്ക് വെള്ളം

320(1093) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ മേനോൻപാറയിലെ മലബാർ ഡിസ്റ്റിലറിക്ക് ജല അതോറിറ്റി വെള്ളം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര യൂണിറ്റ് വെള്ളമാണ് പ്രതിദിനം നൽകുന്നതെന്ന വിവരം ലഭ്യമാക്കാമോ?

ചിറ്റൂർ മേനോൻപാറയിലെ മലബാർ ഡിസ്റ്റിലറിക്ക് വാട്ടർ അതോറിറ്റി നിലവിൽ വെള്ളം നൽകുന്നില്ല.

(ബി) മലബാർ ഡിസ്റ്റിലറിക്ക് വെള്ളം നൽകാൻ നാല് വർഷമായിട്ടും ജല അതോറിറ്റിക്ക് സാധിക്കുന്നില്ലെന്നത് വസ്തുതയാണോ; എങ്കിൽ കാരണം വിശദമാക്കാമോ?

സമീപ പഞ്ചായത്തുകളായ എലപ്പുള്ളി, വടകരപ്പതി എന്നീ പഞ്ചായത്തുകളുടെയും പ്രാദേശികമായ എതിർപ്പുകൾമൂലവും നിലവിൽ

പൈപ്പ്ലൈൻ പ്രവൃത്തി നടപ്പാക്കാൻ സാധിച്ചിട്ടില്ല.

ഒയാസിസ് കൊമേഴ്സ്യൽ മദ്യകമ്പനിക്ക് ജലവിതരണം

321(1094) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എലപ്പുള്ളിയിൽ ഒയാസിസ് കൊമേഴ്സ്യൽ എന്ന മദ്യ കമ്പനിക്ക് ജലം വിതരണം ചെയ്യുന്നത് സംബന്ധിച്ച് വ്യവസായ വകുപ്പിന് തീരുമാനമെടുക്കാമെന്ന് ജല അതോറിറ്റി റിപ്പോർട്ട് ചെയ്യുകയുണ്ടായോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരം ഒരു റിപ്പോർട്ട് നൽകിയതെന്ന് അറിയിക്കുമോ?

കിൻഫ്രയ്ക്കുവേണ്ടി നിർമ്മാണം പുരോഗമിച്ചുവരുന്ന വ്യാവസായിക ജല വിതരണ പദ്ധതിയിലൂടെ M/s. ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി എന്ന കമ്പനിക്ക് എഥനോൾ ഉൽപാദിപ്പിച്ച് നൽകുന്നതിനാവശ്യമായി ക്ഷണിക്കുന്ന ദർഘാസിന്റെ ഭാഗമായ Expression of interest-ൽ പങ്കെടുക്കുന്നതിനായി ജലലഭ്യത സംബന്ധിച്ച കൺസെന്റ് ആവശ്യപ്പെട്ടതിൽ കിൻഫ്രയ്ക്കുവേണ്ടിയുള്ള ജലവിതരണ പദ്ധതിയിൽനിന്നും ജലം ലഭ്യമാക്കാവുന്ന സാധ്യത തേടാവുന്നതാണ് എന്നുള്ള കത്താണ്

പാലക്കാട് സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും നൽകിയിരുന്നത്. പ്രസ്തുത പദ്ധതി കിൻഫ്രയ്ക്കുവേണ്ടിയുള്ള പദ്ധതി ആയതിനാൽ ഇതിന്മേലുള്ള അന്തിമ തീരുമാനം കിൻഫ്ര/വ്യവസായ വകുപ്പാണ് കൈക്കൊള്ളേണ്ടത്.

(ബി) ജലം വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് കമ്പനി വകുപ്പിന് അപേക്ഷ നൽകിയത് എന്നാണ്; പ്രസ്തുത അപേക്ഷയിന്മേൽ മറുപടി നൽകിയതെന്നാണ്; മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ?

M/s. ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി അപേക്ഷ നൽകിയതും അപേക്ഷയിന്മേൽ പാലക്കാട് സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസ് മറുപടി നൽകിയതും 16-06-2023-നാണ്. മറുപടിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) കമ്പനി ഡിസ്റ്റിലറി, ബ്രൂവറി, വൈനറി യൂണിറ്റുകൾക്കായാണ് ജലം ആവശ്യപ്പെടുന്നതെന്ന വിവരം അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ എത്ര ലിറ്റർ വെള്ളം വേണമെന്നാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്; വിശദീകരിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

M/s. ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി എലപ്പുള്ളി പഞ്ചായത്തിൽ എഥനോൾ ഉൽപാദിപ്പിച്ച് നൽകുന്നതിനാവശ്യമായി ക്ഷണിക്കുന്ന ദർഘാസിന്റെ ഭാഗമായ Expression of interest-ൽ പങ്കെടുക്കുന്നതിനായി ജല ലഭ്യത സംബന്ധിച്ചാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്. കമ്പനി ഡിസ്റ്റിലറി, ബ്രൂവറി, വൈനറി യൂണിറ്റുകൾ തുടങ്ങുന്നതിനെക്കുറിച്ച് യാതൊരു പരമാർശവും ഉൾപ്പെടുത്തിയിരുന്നില്ല.

ഒയാസിസ് മദ്യക്കമ്പനിക്ക് ജലം

322(1095) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഞ്ചിക്കോട്ട് കിൻഫ്ര വ്യവസായ പാർക്കിലേക്ക് മലമ്പുഴയിൽനിന്നും വെള്ളമെത്തിക്കാനുള്ള പദ്ധതിയിൽനിന്നും ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് മദ്യ നിർമ്മാണ യൂണിറ്റിനാവശ്യമായ വെള്ളം നൽകുമെന്ന് വാട്ടർ അതോറിറ്റി പ്രസ്തുത സ്ഥാപനവുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

കേരള വാട്ടർ അതോറിറ്റി, ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ്

എന്ന സ്ഥാപനവുമായി വെള്ളം നൽകുന്നതിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല. എണ്ണ കമ്പനികൾക്ക് എത്രനോൾ ഉൽപാദിപ്പിച്ച് നൽകുന്നതിനായി എലപ്പുള്ളി പഞ്ചായത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്ലാന്റ് നിർമ്മിക്കുന്നതിനായി ക്ഷണിക്കുന്ന ദർഘാസിന്റെ ഭാഗമായ Expression of interest-ൽ പങ്കെടുക്കുന്നതിനായി ജലലഭ്യത സംബന്ധിച്ച ഉറപ്പ് ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം പാലക്കാട് സർക്കിൾ സൂപ്രണ്ടിങ് എഞ്ചിനീയർ ഓഫീസിൽനിന്നും ഇതുസംബന്ധിച്ച് കത്ത് നൽകിയിരുന്നു.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികൾ

323(1096) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) ഓരോ പഞ്ചായത്തിലും വിവിധ ഘട്ടങ്ങളിൽ ജൽ ജീവൻ പ്രവൃത്തിക്ക് ലഭിച്ച ഭരണാനുമതി സംബന്ധിച്ച വിശദാംശം നൽകാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മദ്യ നിർമ്മാണ യൂണിറ്റിന്റെ അംഗീകാരത്തിനായി നൽകിയ അപേക്ഷ

324(1097) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പാലക്കാട് കഞ്ചിക്കോട്ട് മദ്യ നിർമ്മാണ യൂണിറ്റിനാവശ്യമായ അംഗീകാരത്തിനായി ജല അതോറിറ്റിക്ക് സമർപ്പിച്ച അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

M/s. ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി എലപ്പുള്ളി പഞ്ചായത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന എണ്ണ കമ്പനികൾക്ക് എഥനോൾ ഉൽപാദിപ്പിച്ച് നൽകുന്നതിനാവശ്യമായ പ്ലാന്റ് നിർമ്മിക്കുന്നതിനായി ക്ഷണിക്കുന്ന ദർഘാസിന്റെ ഭാഗമായ Expression of interest-ൽ പങ്കെടുക്കുന്നതിനായി ജല ലഭ്യത സംബന്ധിച്ച ഉറപ്പ് ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം പാലക്കാട് സർക്കിൾ സൂപ്രണ്ടിങ് എഞ്ചിനീയർ ഓഫീസിൽനിന്നും ഇതുസംബന്ധിച്ച് കത്ത് നൽകിയിരുന്നു. കത്തിന്റെ പകർപ്പും പ്രസ്തുത കമ്പനി പാലക്കാട് സർക്കിൾ ഓഫീസിൽ സമർപ്പിച്ച

അപേക്ഷയും അനുബന്ധമായി ചേർക്കുന്നു.[+]

മദ്യ നിർമ്മാണ യൂണിറ്റിന് ജല അതോറിറ്റിയുടെ അംഗീകാരം

325(1098) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പാലക്കാട് കഞ്ചിക്കോട്ട് മദ്യ നിർമ്മാണ യൂണിറ്റിനാവശ്യമായ അംഗീകാരം ജല അതോറിറ്റി നൽകിയിട്ടുണ്ടോ; എങ്കിൽ അംഗീകാരം/അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പാലക്കാട് കഞ്ചിക്കോട്ട് മദ്യ നിർമ്മാണ യൂണിറ്റിനാവശ്യമായ അംഗീകാരം ജല അതോറിറ്റി നൽകിയിട്ടില്ല. എണ്ണ കമ്പനികൾക്ക് എഥനോൾ ഉൽപാദിപ്പിച്ച് നൽകുന്നതിനായി എലപ്പുള്ളി പഞ്ചായത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്ലാന്റ് നിർമ്മിക്കുന്നതിനായി ക്ഷണിക്കുന്ന ദർഘാസിന്റെ ഭാഗമായി Expression of interest-ൽ പങ്കെടുക്കുന്നതിനായി ജല ലഭ്യത സംബന്ധിച്ച ഉറപ്പ് ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം പാലക്കാട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കിൾ സൂപ്രണ്ടിങ് എഞ്ചിനീയർ ഓഫീസിൽനിന്നും ഇതുസംബന്ധിച്ച് കത്ത് നൽകിയിരുന്നു.

മണ്ണെണ്ണ വിഹിതം

326(1099) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാരിൽനിന്നും 2016 മുതൽ നാളിതുവരെയായി ലഭിച്ച മണ്ണെണ്ണ വിഹിതം എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

വ്യക്തമാക്കാം. 2018 മുതലാണ് ഗാർഹികേതര ആവശ്യങ്ങൾക്കുള്ള നോൺ സബ്സിഡി മണ്ണെണ്ണ കേന്ദ്രത്തിൽനിന്നും ലഭിച്ചുതുടങ്ങിയത്. പ്രസ്തുത വിഹിതത്തിൽനിന്നും മത്സ്യബന്ധന യാനങ്ങൾക്ക് നോൺ സബ്സിഡി മണ്ണെണ്ണ വിതരണം നടത്തിവരുന്നു. 2018 മുതൽ ഇതുവരെ ലഭ്യമായ നോൺ സബ്സിഡി മണ്ണെണ്ണയുടെ വിഹിതം ചുവടെച്ചേർക്കുന്നു:

സാമ്പത്തിക വർഷം	മണ്ണെണ്ണ വിഹിതം

	(കിലോ ലിറ്റർ)
2018-19	12000
2019-20	15108
2020-21	15108
2021-22	21888
2022-23	7160
2023-24	3300
2024-25	1248

മത്സ്യലഭ്യതയിലുള്ള സ്വയംപര്യാപ്തത

327(1100) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷം കഴിയുംതോറും മത്സ്യലഭ്യതയിൽ കുറവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 5 വർഷത്തെ കണക്ക് ഉൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ?

2016-17 വരെയുള്ള കാലഘട്ടത്തിലെ കണക്കുകൾ പരിശോധിക്കുമ്പോൾ കടൽ മത്സ്യലഭ്യതയിൽ ഇടിവുണ്ടായതായി കാണുന്നു. അതിനാൽ ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017

സെപ്റ്റംബറിൽ കെ.എം.എഫ്.ആർ. ആക്ട് ഭേദഗതി വരുത്തുകയും 2018 സെപ്റ്റംബറിൽ കെ.എം.എഫ്.ആർ. റൂൾ നിലവിൽവരികയും ചെയ്തു. കെ.എം.എഫ്.ആർ. ആക്ട് ശക്തമായി നടപ്പാക്കിയതിലൂടെ 2018-19 വർഷത്തിൽ കടൽ മത്സ്യോൽപാദനം 609730 മെട്രിക് ടണ്ണായി വർധിച്ചു. എന്നാൽ 2019-20, 2020-21 വർഷങ്ങളിൽ കോവിഡ് പ്രതിസന്ധിമൂലം ചില മാസങ്ങളിൽ മത്സ്യബന്ധനം നടക്കാത്തതിനാൽ കടൽ മത്സ്യോൽപാദനം കുറഞ്ഞു. തുടർന്നുവന്ന 2021-22, 2022-23 വർഷങ്ങളിലും കടൽ മത്സ്യോൽപാദനം വർധിച്ചിട്ടുണ്ട്. 2023-24 വർഷക്കാലയളവിൽ കടൽ മത്സ്യോൽപാദനം 2022-23 വർഷത്തെ അപേക്ഷിച്ച് കുറവുണ്ടായെങ്കിലും ഉൾനാടൻ മത്സ്യോൽപാദനം വർധിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ഉൾനാടൻ മത്സ്യലഭ്യതയിൽ ഇടിവുണ്ടായിട്ടില്ല. കഴിഞ്ഞ 5 വർഷത്തെ കടൽ, ഉൾനാടൻ മത്സ്യോൽപാദനത്തിന്റെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.[+]

(ബി) സംസ്ഥാനത്ത് ദൈനംദിനം വേണ്ടിവരുന്ന മത്സ്യത്തിന്റെ അളവും ലഭ്യതയും എത്രയെന്നും ദൈനംദിനം ഇതര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന മത്സ്യത്തിന്റെ അളവ് എത്രയെന്നും ഏതൊക്കെ സംസ്ഥാനങ്ങളിൽനിന്നുമാണ് മത്സ്യം എത്തുന്നതെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ ദൈനംദിനം ഏകദേശം 2281 മെട്രിക് ടൺ മത്സ്യമാണ് ആവശ്യമായി വരുന്നത്. സംസ്ഥാനത്തിന്റെ ശരാശരി ദൈനംദിന മത്സ്യലഭ്യത 1742 മെട്രിക് ടൺ ആകുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്നും ദൈനംദിനം കേരളത്തിലെത്തുന്ന മത്സ്യത്തിന്റെ അളവ് ഏകദേശം 540 മെട്രിക് ടൺ ആകുന്നു. പ്രധാനമായും തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽനിന്നുമാണ് മത്സ്യം കേരളത്തിലേക്കെത്തുന്നത്.

(സി) സംസ്ഥാനത്തിന് മത്സ്യലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്നത്തേക്ക് കഴിയുമെന്ന് വ്യക്തമാക്കുമോ?

2023-24 വർഷത്തെ ആകെ മത്സ്യോൽപാദനം 832488 മെട്രിക് ടൺ (കടൽ-581422 മെട്രിക് ടൺ, ഉൾനാടൻ- 251066 മെട്രിക് ടൺ) ആണ്. 2023-24 വർഷത്തിൽ തദ്ദേശീയമായി ലഭിച്ച മത്സ്യത്തിനുപുറമെ ഏകദേശം

196735 മെട്രിക് ടൺ (1.97 lakh എം.ടി.) മത്സ്യം അധികമായി കേരളത്തിന് ആവശ്യമായി വന്നു. ഇത്രയും അധികം മത്സ്യംകൂടി കടൽ മേഖലയിൽനിന്നും ലഭിക്കുന്നതിന് സാധ്യതയില്ല. ഈ അപര്യാപ്തത ഉൾനാടൻ മത്സ്യോൽപാദനത്തിലൂടെ നികത്താൻ കഴിഞ്ഞാൽ മാത്രമെ മത്സ്യലഭ്യതയിൽ കേരളത്തിന് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുകയുള്ളൂ.

മണ്ണെണ്ണ സബ്സിഡി

328(1101) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരം ഒഴിയുമ്പോൾ മണ്ണെണ്ണ ലിറ്ററിന് എത്ര രൂപ സബ്സിഡിയാണ് മത്സ്യഫെഡ് നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ മണ്ണെണ്ണ ലിറ്ററിന് എത്ര രൂപ സബ്സിഡിയാണ് മത്സ്യഫെഡ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഇന്ധനങ്ങളുടെ, പ്രത്യേകിച്ച് മണ്ണെണ്ണയുടെ വിലവർധനവ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് താങ്ങാവുന്നതിലും അധികമാണ്. 2014 കാലഘട്ടത്തിൽ ഒരു ലിറ്റർ മണ്ണെണ്ണയുടെ പൊതുവിപണിയിലെ വില 52 രൂപയായിരുന്നതാണ് തുടർച്ചയായി വർധിപ്പിച്ച് നിലവിൽ 100.20 രൂപയായിട്ടുള്ളത്. ഇതിനുപുറമെ സിവിൽ സപ്ലൈസ് വഴി വിതരണം ചെയ്യുന്ന സബ്സിഡിരഹിത മണ്ണെണ്ണയ്ക്കും വില വർധിക്കുന്ന സാഹചര്യമുണ്ടായി. മാത്രവുമല്ല സബ്സിഡിരഹിത മണ്ണെണ്ണയുടെ ലഭ്യതയിൽ വലിയ വെട്ടിക്കുറവാണ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുള്ളത്. പെട്രോളിയം ഉൽപന്നങ്ങളുടെ വില നിർണ്ണയാവകാശം എണ്ണ കമ്പനികൾക്ക് നൽകിയ കേന്ദ്ര സർക്കാരിന്റെ തെറ്റായ നയമാണ് വില വർധനവിന്റെ മുഖ്യകാരണം. മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദുരിതത്തിലാക്കുന്ന ഈ വില വർധനവ് പരമ്പരാഗത മത്സ്യബന്ധന മേഖലയുടെ തകർച്ചയ്ക്ക് കാരണമാകും. പരമ്പരാഗത തൊഴിൽ എന്ന നിലയിലും ഏറെ

പിന്നാക്കാവസ്ഥയിലുള്ള ഒരു മേഖല എന്ന പരിഗണന നൽകിയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കാവശ്യമായ അത്രയും മണ്ണെണ്ണ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിനോട് നേരിലും കത്തുകളിലൂടെയും ആവശ്യപ്പെട്ടിരുന്നു. വില കുത്തനെ കൂട്ടിയതിന് പിന്നാലെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതവും നിർത്തലാക്കുകയാണ്. കൂടുതൽ മണ്ണെണ്ണ ആവശ്യപ്പെട്ട് കേന്ദ്രത്തിന് നൽകിയ കത്തിന് മണ്ണെണ്ണയ്ക്ക് പകരം മത്സ്യബന്ധനത്തിന് പെട്രോൾ, ഡീസൽ, എൽ.പി.ജി. തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കണമെന്നാണ് കേന്ദ്രസർക്കാരിന്റെ നിലപാട്. സംസ്ഥാനത്തിനാവശ്യമുള്ള മണ്ണെണ്ണയുടെ രണ്ടോ മൂന്നോ ശതമാനം മാത്രമാണ് നിലവിൽ കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണയുടെ ലഭ്യത ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് കീഴിലുള്ള മത്സ്യഫെഡിന് മണ്ണെണ്ണയുടെ മൊത്ത വിതരണത്തിനുള്ള ഡീലർഷിപ്പ് അനുവദിക്കണമെന്ന് കേന്ദ്ര

സർക്കാരിനോട് നേരിലും കത്തുകളിലൂടെയും ആവശ്യപ്പെട്ടിരുന്നു. കൂടാതെ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുന്നതിന് കേരളത്തിൽനിന്നുള്ള എം.പി.-മാരുടെ സമ്മേളനങ്ങളിലും മേൽപ്പറഞ്ഞ കാര്യങ്ങൾ നിരന്തരം അവതരിപ്പിച്ചുവരുന്നുണ്ട്. കേന്ദ്ര സർക്കാരിൽനിന്നുള്ള സബ്സിഡിരഹിത മണ്ണെണ്ണ വർധിച്ച തോതിൽ ലഭ്യമായെങ്കിൽ മാത്രമെ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാകുകയുള്ളൂ. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽനിന്നും ഇതുവരെയുണ്ടായിട്ടില്ല. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖേന മത്സ്യബന്ധനത്തിനുള്ള വെള്ള മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ വീതം സബ്സിഡി ഡി.ബി.റ്റി. ആയി 2015 ജൂലൈ മാസം മുതൽ വിതരണം ചെയ്തുവരുന്നു. യാനങ്ങളുടെ എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച് 10 HP വരെ 140 ലിറ്റർ, 10 HP മുതൽ 15 HP വരെ 150 ലിറ്റർ, 15 HP-ക്ക് മുകളിൽ 190 ലിറ്റർ എന്നിങ്ങനെയാണ് പെർമിറ്റ് ഉടമകൾക്ക് സബ്സിഡി നൽകുന്നത്. ഇതേ നിരക്കിലുള്ള സബ്സിഡിയാണ് നിലവിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ള പരമ്പരാഗത

മത്സ്യത്തൊഴിലാളികൾക്കും നൽകിവരുന്നത്.

ഫിഷറീസ് വകുപ്പിന്റെ വർക്കല നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ

329(1102) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ വർക്കല നിയോജകമണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന്റെയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെയും ചുമതലയിൽ ഏതെല്ലാം വികസന പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

1. വർക്കല ഗവൺമെന്റ് മോഡൽ ഹയർ സെക്കൻഡറി സ്കൂൾ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ വർധിപ്പിക്കുന്ന 32.62 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടന്നുവരുന്നു.

2. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി.)

സഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി.)

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണ വായ്പ, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാനസൗകര്യമുണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകിവരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി പലിശരഹിത വായ്പയായി 2018-19 വർഷം മുതൽ നടപ്പാക്കിവരുന്നു. വർക്കല നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ മത്സ്യബന്ധന ഉപകരണ വായ്പയിനത്തിൽ 29.75 ലക്ഷം രൂപ നാളിതുവരെ വിതരണം ചെയ്തു.

3. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.)/ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പാ പദ്ധതികൾ.

(എ) മൈക്രോഫിനാൻസ് വായ്പ

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയംസഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി.-യുടെയും എൻ.എം.ഡി.എഫ്.സി.-യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തുവരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5% പലിശ നിരക്കിൽ രണ്ട് വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു. ഈ നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ നാളിതുവരെ 22.95 ലക്ഷം രൂപ വിതരണം ചെയ്തു.

(ബി) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി

ഈ പദ്ധതി വഴി മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശരഹിത വായ്പ വിവിധഘട്ടങ്ങളിലായി വിതരണം ചെയ്തുവരുന്നു. ആദ്യ വായ്പ പതിനായിരം രൂപ, ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർവായ്പയായി ഇരുപതിനായിരം രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശരഹിത വായ്പ

വിതരണത്തിനാവശ്യമായ വായ്പാ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നീ സ്ഥാപനങ്ങളിൽനിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ച് നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. വർക്കല നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പായിനത്തിൽ 5.80 ലക്ഷം രൂപ നാളിതുവരെ വിതരണം ചെയ്തു.

4. നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി.-യിൽ താഴെയുള്ള ഔട്ട്ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം എഞ്ചിന്റെ വിലയുടെ 20 ശതമാനം പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകിവരുന്നു. വർക്കല നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന്

പലിശരഹിത വായ്പയിനത്തിൽ നാളിതുവരെ 10,000/- രൂപ വിതരണം ചെയ്തു. കൂടാതെ വർക്കല മുനിസിപ്പാലിറ്റിയിൽ മത്സ്യഫെഡ് ഫിഷ് മാർട്ട് നിർമ്മിക്കുന്നതിനായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

5. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

6. വർക്കല ഓടയം ചെമ്മീൻ ഹാച്ചറിയെ എസ്.പി.എഫ്. സ്റ്റാറ്റസിലേക്ക് ഉയർത്തുന്നതിനായുള്ള "Upgradation of Odayam Shrimp Hatchery to SPF Status" എന്ന പദ്ധതിക്ക് 99 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുകയും ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തു.

പൊഴിയൂർ തീരദേശപ്രദേശത്ത് നടപ്പാക്കുന്ന 'പുനർഗേഹം' പദ്ധതി

330(1103) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നെയ്യാറ്റിൻകര പൊഴിയൂർ തീരദേശപ്രദേശത്ത് നടപ്പാക്കുന്ന 'പുനർഗേഹം' പദ്ധതിയിൽ രണ്ടാംഘട്ടത്തിന്റെ ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എത്ര തുകയാണ് അനുവദിച്ചതെന്നും എത്ര വീടുകളാണ് നിർമ്മിക്കുന്നതെന്നും വിശദമാക്കാമോ?

'പുനർഗേഹം' പദ്ധതിയുടെ ഭരണാനുമതി ഒന്നുംരണ്ടും ഘട്ടങ്ങൾക്ക് ഒരുമിച്ചുതന്നെ നൽകിയിട്ടുള്ളതാണ്. അതിനാൽ പദ്ധതിയുടെ നിർവഹണം തുടർച്ചയായി നടത്തിവരികയാണ്. 'പുനർഗേഹം' പദ്ധതിപ്രകാരം നെയ്യാറ്റിൻകര പൊഴിയൂർ തീരദേശപ്രദേശത്ത് 439 പേരെ ജില്ലാതല അപ്രൂവൽ കമ്മിറ്റി (ഡി.എൽ.എ.സി.) അംഗീകരിച്ചിരുന്നു. പദ്ധതിപ്രകാരം മാറിത്താമസിക്കാൻ താൽപര്യമുണ്ടായിരുന്നവർ 434 പേരാണ്. 96 പേർ ഭൂമി കണ്ടെത്തി ജില്ലാതല മോണിറ്ററിങ് കമ്മിറ്റിയുടെ (ഡി.എൽ.എം.സി.) അംഗീകാരം നേടുകയും ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 78 പേർക്ക് രജിസ്ട്രേഷൻ തുകയായി 3,61,59,110/- രൂപ അനുവദിച്ചിട്ടുണ്ട്. വീടിന്റെ ഒന്നാംഘട്ടം 57 പേർ പൂർത്തീകരിക്കുകയും

അതിനായി 1,30,66,049/- രൂപ ചെലവഴിക്കുകയും ചെയ്തു. വീടിന്റെ രണ്ടാം ഘട്ടം 43 പേർ പൂർത്തീകരിക്കുകയും അതിനായി 99,47,644/- രൂപ ചെലവഴിക്കുകയും ചെയ്തു. 15 പേർ വീടിന്റെ നിർമ്മാണം (മൂന്നാം ഘട്ടം) പൂർത്തീകരിക്കുകയും അതിനായി 17,53,828/- രൂപ ചെലവഴിക്കുകയും ചെയ്തു. ഇത്തരത്തിൽ ആകെ 6,09,26,631/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ പുനർഗേഹം പദ്ധതിയുടെ ഭാഗമായി പൊഴിയൂർ പ്രദേശത്തെ 128 കുടുംബങ്ങൾക്ക് കാരോട് പഞ്ചായത്തിൽ ഫ്ലാറ്റ് നിർമ്മിച്ച് നൽകി പുനരധിവസിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പരപ്പനങ്ങാടി തീരദേശ കോളനി പട്ടയം

331(1104) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി തീരദേശ ഫിഷറീസ് കോളനികൾക്ക് പട്ടയം നൽകുന്നതിന് ഫിഷറീസ് വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം (എൻ.ഒ.സി.) ലഭ്യമാക്കിയിട്ടുണ്ടോ;

വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

(എ&ബി) ലഭ്യമാക്കിയിട്ടില്ല. തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി തീരദേശ ഫിഷറീസ് കോളനികൾക്ക് പട്ടയം നൽകുന്നതിന് ഫിഷറീസ് വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം (എൻ.ഒ.സി.) അനുവദിക്കുന്നതിനായി മലപ്പുറം ജില്ലാ ഫിഷറീസ് ഓഫീസർ ഫിഷറീസ് ഡയറക്ടർക്ക് അപേക്ഷ നൽകിയിരുന്നുവെങ്കിലും പ്രസ്തുത അപേക്ഷയിൽ അനുബന്ധമായി ഉള്ളടക്കം ചെയ്യേണ്ട ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിരുന്നില്ല. തുടർന്ന് ഫിഷറീസ് ഡയറക്ടർ, മലപ്പുറം ജില്ലാ ഫിഷറീസ് ഓഫീസർക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച മറുപടിയും അനുബന്ധ രേഖകളും സഹിതം 04-02-2025-ന് ഫിഷറീസ് ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. ലഭ്യമായ രേഖകൾ പരിശോധിച്ച് പട്ടയം ലഭിക്കുന്നതിനായി ഫിഷറീസ്

ഡയറക്ടർ അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുന്നമുറയ്ക്ക് ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മത്സ്യത്തൊഴിലാളി മേഖലയിലെ മുതിർന്ന പൗരന്മാരുടെ ആരോഗ്യ സുരക്ഷാ പദ്ധതി

332(1105) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളി മേഖലയിൽ പണിയെടുത്തിരുന്ന മുതിർന്ന പൗരന്മാരുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളി മേഖലയിൽ പണിയെടുത്തിരുന്ന മുതിർന്ന പൗരന്മാരുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

'സാന്ത്വനതീരം' പദ്ധതി

മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും, പെൻഷണർമാരുടെയും തുടർചികിത്സ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് 'സാന്ത്വനതീരം' പദ്ധതി. ഈ പദ്ധതിപ്രകാരം ഡയാലിസിസ്, കാൻസർ ചികിത്സ, തളർവാതം/കിടപ്പുരോഗം, സ്ത്രീ സംബന്ധമായ രോഗങ്ങൾ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയയ്ക്കുശേഷമുള്ള ചികിത്സ, കരൾ രോഗത്തിനുള്ള ചികിത്സ, ഓട്ടിസം/മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ചികിത്സ എന്നിവയ്ക്കുള്ള തുടർചികിത്സ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+] കൂടാതെ 'തീരോന്നതി' പദ്ധതി വഴി ഫിഷറീസ് വകുപ്പ് ഓരോ വർഷവും മത്സ്യമേഖലയിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് രോഗനിർണ്ണയവും മരുന്ന് വിതരണവും തുടർചികിത്സാ നിർദ്ദേശവും നൽകിവരുന്നു. ഇത്തരം ക്യാമ്പുകളിൽ അലോപ്പതി/ആയുർവേദം/ഹോമിയോ വിഭാഗങ്ങളെയും ഉൾപ്പെടുത്തിയാണ് ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് പദ്ധതികൾ

333 (1106) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നാളിതുവരെ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നാളിതുവരെ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (പി.എം.എം.എസ്.വൈ.)

പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി 2020 മുതൽ 2025 വരെ നടപ്പാക്കിവരുന്നു. ഗുരുവായൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽവരുന്ന ചാവക്കാട് മത്സ്യഭവന്റെ ക്ലസ്റ്ററായ ചാവക്കാട് ക്ലസ്റ്ററിൽ അമ്പതോളം കർഷകർ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണ്. പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നു. പി.എം.എം.എസ്.വൈ., ജെ.എം.കെ.

പദ്ധതികളിലൂടെ മത്സ്യോൽപാദനം വർധിപ്പിക്കുന്നതിനായി കൂട് മത്സ്യകൃഷി, ആർ.എ.എസ്., അലങ്കാര മത്സ്യകൃഷി, മത്സ്യവിപണനത്തിന് ടൂവീലർ, ത്രീവീലർ, സൈക്കിൾ വിത്ത് ഐസ് ബോക്സ്, ലൈവ് ഫിഷ് വെന്റിങ് സെന്റർ എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. കൂടാതെ 'ശുചിത്വ സാഗരം' പദ്ധതിയും നടപ്പാക്കിവരുന്നു.

2. മറൈൻ സ്കീം

ഇൻഷ്വറൻസ് – 175-ഓളം മത്സ്യത്തൊഴിലാളികൾ ടി പദ്ധതി പ്രകാരം യാനങ്ങൾക്കായി ഇൻഷ്വറൻസ് എടുത്തിട്ടുണ്ട്.

സ്കൂയർ മെഷ് – കടൽമത്സ്യങ്ങളുടെ സംരക്ഷണത്തിനും മാനേജ്മെന്റിനുമായി മത്സ്യത്തൊഴിലാളികൾക്ക് വല നൽകുന്ന ഈ പദ്ധതിയിൽ 13 പേർ ഉൾപ്പെട്ടിട്ടുണ്ട്.

ഇൻസുലേറ്റഡ് ഐസ് ബോക്സ് – 46 മത്സ്യത്തൊഴിലാളികൾ ടി പദ്ധതിപ്രകാരം ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്.

ലൈഫ് ജാക്കറ്റ് – ഇരുന്നൂറോളം മത്സ്യത്തൊഴിലാളികൾക്ക് ടി പദ്ധതി പ്രകാരം ലൈഫ് ജാക്കറ്റ് വിതരണം ചെയ്തിട്ടുണ്ട്.

തൊഴിൽതീരം – പദ്ധതി പ്രകാരം 115 പേർ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 7 പേർക്ക് ജോലി ലഭ്യമായി.

ജി.പി.എസ്. – 34 മത്സ്യത്തൊഴിലാളികൾക്ക് ജി.പി.എസ്. നൽകിയിട്ടുണ്ട്.

3. ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിങ് വില്ലേജ്

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് മത്സ്യഭവൻ പരിധിയിൽവരുന്ന ചാവക്കാട് താലൂക്ക് പുന്നയൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന എടക്കഴിയൂർ മത്സ്യഗ്രാമത്തെയാണ് പ്രസ്തുത പദ്ധതിക്കായി തിരഞ്ഞെടുത്തിട്ടുള്ളത്. 7.38 കോടി രൂപയോളം ചെലവ് വരുന്ന പദ്ധതിയിൽ 4.428 കോടി രൂപ കേന്ദ്രവിഹിതവും 2.952 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. പ്രസ്തുത പദ്ധതിക്ക് കീഴിൽ 7 ഘടകപദ്ധതികളുണ്ട്.

i. Development of Fish Landing Centre and associated infrastructure

ടി ഘടകത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ടെൻഡർ പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ എൻ.ഒ.സി. അടിയന്തരമായി കെ.എസ്.സി.എ.ഡി.സി.-ക്ക് കൈമാറണമെന്ന് ബഹുമാനപ്പെട്ട

എം.എൽ.എ. നിർദേശിച്ചിട്ടുണ്ട്.

ii. Establishment of Rehabilitation cum awareness centre

ടി പദ്ധതി എടക്കഴിയൂർ ജി.എം.എൽ.പി. സ്കൂളിനോട് ചേർന്ന് നിർമ്മിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിൽനിന്നും എൻ.ഒ.സി. ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

iii. Establishment of fisherfolk dwelling with required basic amenities

22 വീടുകളുടെ നിർമ്മാണത്തിനും 4 വീടുകളുടെ അറ്റകുറ്റപണികൾക്കുമുള്ള തുകയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തുവരുന്നു.

iv. Establishment of Seafood Cafeteria/Fish product outlet as means of fisher women empowerment

പ്രസ്തുത പദ്ധതിക്കായി മൊബൈൽ ഫുഡ് ട്രക്ക് നടപ്പാക്കുന്നതിനായി ഗുണഭോക്തൃ തിരഞ്ഞെടുപ്പ് പുരോഗമിച്ചുവരുന്നു.

v. Establishment of OBM repair centre

യാനങ്ങളുടെ അറ്റകുറ്റപണികൾക്കായി നടപ്പാക്കിയ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ

പൂർത്തീകരിച്ചിട്ടുള്ളതാണ്. നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

vi. Creation of coastal bio-shield

സ്ഥലം നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു.

vii. Artificial Reef

നടപടികൾ പുരോഗമിച്ചുവരുന്നു.

4. ചാവക്കാട് മത്സ്യഭവൻ കെട്ടിട നിർമ്മാണം

ചാവക്കാട് മത്സ്യഭവൻ കെട്ടിട നിർമ്മാണത്തിന് 50 ലക്ഷം രൂപ ബഹുമാനപ്പെട്ട എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്. 14-02-2025-ന് പുതിയ മത്സ്യഭവൻ കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം ബഹുമാനപ്പെട്ട ഗുരുവായൂർ നിയോജകമണ്ഡലം എം.എൽ.എ. നിർവഹിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ട്.

5. ടെയിനിങ് കോളേജ്, ജി.ആർ.എഫ്.ടി.എച്ച്.എസ്., ചാവക്കാട്

ടെയിനിങ് കോളേജിനായി സ്കൂൾ കെട്ടിടത്തിലെ മുറികൾ പുതുക്കി പണിയുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ. ഫണ്ടിൽനിന്നും 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. റിനവേഷൻ വർക്ക് ഏറ്റെടുത്തിട്ടുള്ളത് ചാവക്കാട്

നഗരസഭയാണ്. വർക്കുകൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്.

6. പുനർഗേഹം

തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്ന 'പുനർഗേഹം' പദ്ധതി പ്രകാരം 45 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് നിശ്ചിത മാനദണ്ഡപ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്.

7. സമ്പാദ്യ സമാശ്വാസ പദ്ധതി

പ്രസ്തുത പദ്ധതിപ്രകാരം 2021-22 മുതൽ 2024-25 കാലഘട്ടത്തിൽ അർഹമായ എല്ലാ ഗുണഭോക്താക്കൾക്കും കേന്ദ്ര-സംസ്ഥാന ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

ഉൾനാടൻ മത്സ്യവികസനം

334(1107) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൾനാടൻ മത്സ്യവികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ്

നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യക്കൃഷി വികസനത്തിനും മത്സ്യക്കൃഷി വ്യാപന പ്രവർത്തനങ്ങൾക്കുമായി "സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി" പദ്ധതിപ്രകാരം 2021-22 സാമ്പത്തിക വർഷം 98 കോടി രൂപയുടെയും 2022-23-ൽ 73.3973 കോടി രൂപയുടെയും 2023-24-ൽ 85.7723 കോടി രൂപയുടെയും പദ്ധതികൾ അംഗീകരിച്ച് ഉത്തരവാകുകയും അതനുസരിച്ച് വിവിധ പദ്ധതികൾ നടപ്പാക്കി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം ജനകീയ മത്സ്യക്കൃഷി പദ്ധതിക്കായി 47.5113 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ടി പദ്ധതിപ്രകാരം മത്സ്യ ഇനങ്ങളിലും മത്സ്യക്കൃഷി രീതികളിലും വൈവിധ്യവൽക്കരണം നടപ്പാക്കി. പരമ്പരാഗത മത്സ്യക്കൃഷി രീതികളായ ഒരു നെല്ലും ഒരു മീനും, കാർപ്പ് മത്സ്യക്കൃഷി, കുളങ്ങളിലെ മത്സ്യ/ചെമ്മീൻ കൃഷി, നൂതന മത്സ്യക്കൃഷി രീതികളായ ബയോഫ്ലോക്ക്, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (ആർ.എ.എസ്.), കൂടുകളിലെ മത്സ്യക്കൃഷി ഉൾപ്പെടെ വിവിധയിനം കൃഷി രീതികൾ

നടപ്പാക്കിവരുന്നു. ഇതിനുപുറമെ മത്സ്യക്കൃഷിക്ക് അനുയോജ്യമായതും എന്നാൽ നിലവിൽ തരിശ് കിടക്കുന്നതുമായ പൊതുജലാശയങ്ങൾ/ തോടുകൾ/കനാലുകൾ എന്നിവ വൃത്തിയാക്കി പരിസ്ഥിതി സൗഹൃദ രീതിയിൽ തടയണ കെട്ടിയും വലവളപ്പുകൾ നിർമ്മിച്ചും തദ്ദേശീയ മത്സ്യവിത്ത് നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകൾ അവലംബിച്ച് 50 ഹെക്ടർ പ്രദേശത്ത് എംബാങ്ക്മെന്റ് മത്സ്യക്കൃഷിയും 40 എണ്ണം വലവളപ്പുകളിലെ കൃഷിയും (പെൻ കൾച്ചർ) പദ്ധതിയും നടപ്പാക്കി വരുന്നുണ്ട്. തദ്ദേശീയ മത്സ്യഇനങ്ങളായ കരിമീൻ, വരാൽ മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനായി പിന്നാമ്പുറങ്ങളിലെ കരിമീൻ, വരാൽ വിത്തുൽപാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി മത്സ്യ കർഷകർക്ക് ധനസഹായം നൽകി വരുന്നു. ഈ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം പുതിയ കരിമീൻ/വരാൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകൾക്ക് പ്രവർത്തന ചെലവിനുമായി 475 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് 539 എണ്ണം പുതിയ കരിമീൻ,

വരാൽ വിത്തുൽപാദന യൂണിറ്റുകൾ സ്ഥാപിക്കുകയും 101.946 ലക്ഷം കരിമീൻ/വരാൽ കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 493 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും അത് 100 ലക്ഷം രൂപയായി പുനർനിർണ്ണയിക്കുകയും 220 പുതിയ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. 2022 വർഷം മുതൽ നടപ്പാക്കുന്ന സംയോജിത മത്സ്യവിഭവ പരിപാലന പദ്ധതി (Integrated Fishery Management in Inland Aquatic Ecosystem)-യുടെ ഭാഗമായി 2022-24 വർഷങ്ങളിൽ 833 ലക്ഷം രൂപയുടെ പദ്ധതി 8 ജില്ലകളിലായി നടപ്പാക്കി. പ്രതിവർഷം 164 ലക്ഷം കാർപ്പ്, ചെമ്മീൻ, കരിമീൻ കുഞ്ഞുങ്ങളെ വാമനപുരം, അഷ്ടമുടി, വേമ്പനാട്, കരുവന്നൂർ-ചേറ്റുവ, കടലുണ്ടി, കുറ്റ്യാടി, ധർമ്മടം-അഞ്ചരക്കണ്ടി എന്നീ ജലാശയങ്ങളിൽ നിക്ഷേപിക്കുകയും വേമ്പനാട്, അഷ്ടമുടി കായലുകളിലും വാമനപുരം നദിയിലും 41 മത്സ്യ/കക്ക സംരക്ഷിത പ്രദേശങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്ക് ഈ സാമ്പത്തിക വർഷം 136 ലക്ഷം രൂപ വകയിരുത്തുകയും നാളിതുവരെ 100.206 ലക്ഷം മത്സ്യ/ചെമ്മീൻ

കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ജലസംഭരണികളിലെ മത്സ്യക്കൃഷി പദ്ധതിപ്രകാരം സംസ്ഥാനത്തെ 12 റിസർവോയറുകളിൽ വർഷംതോറും 78-80 ലക്ഷം വരെ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചുവരുന്നു. ഇതുവഴി എസ്.സി./എസ്.ടി. വിഭാഗത്തിൽപെട്ട അയ്യായിരത്തിലധികം പേർക്ക് തൊഴിൽ നൽകാനും 4172 മെട്രിക് ടൺ മത്സ്യം ഉൽപാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. ഉൾനാടൻ മത്സ്യമേഖലാ വികസന സംരക്ഷണത്തിന്റെ ഭാഗമായി ഉൾനാടൻ പട്രോളിങ്ങ് ശക്തമാക്കുകയും നിരോധിത മത്സ്യബന്ധന ഉപകരണങ്ങൾ/മത്സ്യബന്ധന മാർഗങ്ങൾ അവലംബിക്കുന്നവരിൽനിന്നും പിഴ ചുമത്തുകയും ചെയ്യുന്നു. 2021-22-ൽ 1.87 ലക്ഷം മെട്രിക് ടൺ ആയിരുന്ന മത്സ്യോൽപാദനം 2023-24-ൽ 2.10 ലക്ഷം മെട്രിക് ടൺ ആയി വർധിക്കുകയുണ്ടായി. കക്ക ഉൽപാദനം 2022-23-ൽ 85750 മെട്രിക് ടൺ ആയിരുന്നത് 2023-24-ൽ 89577 മെട്രിക് ടൺ ആയി വർധിച്ചിട്ടുണ്ട്. ഇതിനുപുറമെ ഉൾനാടൻ മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2020-21 മുതൽ 2023-24 സാമ്പത്തിക വർഷം വരെ പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതിയിലുൾപ്പെടുത്തി 291.61 കോടി രൂപ അടങ്കൽ തുക വരുന്ന

വിവിധ മത്സ്യക്കൃഷി പദ്ധതികളായ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂടു കൃഷി, കുളങ്ങളിലെ ഓരുജലകൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിങ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യങ്ങളുടെ റിയറിങ് യൂണിറ്റ് എന്നീ മത്സ്യക്കൃഷി പദ്ധതികൾ നടപ്പാക്കി വരുന്നു. നടപ്പ് സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യക്കൃഷി പ്രവർത്തനങ്ങൾക്കായി 6.34 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യക്കൃഷി പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ജലസംഭരണികളിൽ മത്സ്യ സമ്പത്ത് വർധിപ്പിക്കുന്നതിനായി (തദ്ദേശീയ മത്സ്യങ്ങൾ ഉൾപ്പെടെ) കൂടുകളിലെ മത്സ്യക്കൃഷിക്കായി പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിലുൾപ്പെടുത്തി അഡാക് വഴി 2020-21 വർഷം 16 കോടി രൂപയുടെയും & 2021-22 വർഷം 10.8180 കോടി രൂപയുടെയും റിസർവോയർ വികസന പദ്ധതിക്ക് (Participatory Integrated Fisheries Development in Selected Reservoirs of Kerala) കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുകയും അതുപ്രകാരം തിരഞ്ഞെടുക്കപ്പെട്ട 6 ജില്ലകളിൽ 7 റിസർവോയറുകളിലായി 700 കൂടുകളിലെ മത്സ്യക്കൃഷി പദ്ധതി നടപ്പാക്കി.

കൂടാതെ സംസ്ഥാനത്ത് വനാമി ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2022-2023 വർഷം അംഗീകാരം ലഭിച്ച 'Development of Vannamei shrimp farming' പദ്ധതി അഡാക് മുഖേന നടപ്പാക്കി. പദ്ധതി പ്രകാരം വിളവെടുപ്പ് പൂർത്തിയാക്കിയ 65.30 ഹെക്ടറിൽനിന്നും 236.5 ടൺ ചെമ്മീൻ ഉൽപാദിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ 2023-25 ജനകീയ മത്സ്യക്കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി അഡാക് മുഖേന നടപ്പാക്കുന്ന വനാമി ചെമ്മീൻ കൃഷിക്ക് 594.23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 65.93 ഹെക്ടറിൽനിന്നും 286.325 ടൺ വനാമി ചെമ്മീൻ ഉൽപാദിപ്പിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിലൂടെ മത്സ്യക്കൃഷിയിലും മത്സ്യ ഇനങ്ങളിലും വൈവിധ്യവൽക്കരണം സാധ്യമാക്കിയതുവഴി ഉൾനാടൻ മത്സ്യോൽപാദനം 2019-20-ൽ 2.05 ലക്ഷം മെട്രിക് ടണ്ണായിരുന്നത് 2023-24-ൽ 2.51 മെട്രിക് ടണ്ണായി വർധിച്ചു. ഇതിൽ മത്സ്യക്കൃഷിയിൽനിന്നുള്ള ഉൽപാദനം 25081 മെട്രിക് ടണ്ണിൽനിന്നും 40852 മെട്രിക് ടണ്ണായി വർധിച്ചു.

(ബി) സംസ്ഥാനത്തിനാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളുടെ എത്ര ശതമാനം സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

ഉൾനാടൻ മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉൾനാടൻ മത്സ്യ മേഖലയുടെ വികസനത്തിനുമായി ഗുണമേന്മയുള്ള നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നതിനും അവ മത്സ്യ കർഷകർക്ക് ലഭ്യമാക്കുന്നതിനുമായി വകുപ്പിന്റെയും അഡാക്, മത്സ്യഫെഡ് എന്നിവയുടെ കീഴിലുള്ളതുമായ 28 ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും മത്സ്യവിത്തുകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കട്ല, രോഹു, മൃഗാൽ, പൂമീൻ, ഗ്രാസ് കാർപ്പ്, കോമൺകാർപ്പ്, തിലാപ്പിയ, തിരുത, അനാബസ്, ആറ്റുകൊഞ്ച്, നാരൻ, കാരചെമ്മീൻ, വനാമി ചെമ്മീൻ, മഞ്ഞക്കൂരി തുടങ്ങിയ ഇനം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്തുവരുന്നത്. കൂടാതെ പിന്നാമ്പുറങ്ങളിലെ കരിമീൻ, വരാൽ മത്സ്യവിത്തുൽപാദന യൂണിറ്റുകളിൽനിന്നും മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നുണ്ട്. നിലവിൽ ഏകദേശം 12 കോടി മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ പദ്ധതി നടത്തിപ്പിലേക്ക് ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു. ഇതിൽ ഏകദേശം 10 കോടിയോളം (83%) മത്സ്യ/ചെമ്മീൻ വിത്തും സംസ്ഥാനത്തിനകത്തുതന്നെ ഉൽപാദിപ്പിക്കുന്നുണ്ട്.

മത്സ്യത്തൊഴിലാളികൾക്കായി പ്രഖ്യാപിച്ച വിവിധ പാക്കേജുകൾ

335(1108) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെയുള്ള വിവിധ ബജറ്റുകളിൽ, മത്സ്യത്തൊഴിലാളികൾക്കായി പ്രഖ്യാപിച്ച വിവിധ പാക്കേജുകൾ എന്തൊക്കെയാണെന്നും ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

ഫിഷറീസ് വകുപ്പ് മുഖാന്തരം തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2016-17 മുതൽ 2022-23 വരെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 2296.97 കോടി രൂപ വകയിരുത്തുകയും 2272.91 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചുവടെ പറയുന്ന പദ്ധതികളും നടപ്പാക്കിവരുന്നു.

1. പുനർഗേഹം - 2450 കോടി രൂപയുടെ പദ്ധതി നടപ്പാക്കി വരുന്നു.

2. തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം കിഫ്ബി പദ്ധതിയിൽ

66.34 കോടി രൂപയുടെ സ്ലൂകളുടെ പുനരുദ്ധാരണ പദ്ധതി പൂർത്തീകരിച്ചുവരുന്നു. 137.82 കോടി രൂപയുടെ മാർക്കറ്റ് നവീകരണ പദ്ധതി നടപ്പാക്കിവരുന്നു.

3. ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന കിഫ്ബി തീരസംരക്ഷണം - 85.40 കോടി രൂപ, ആർ.ഐ.ഡി.എഫ്. സ്കീം - 7.14 കോടി രൂപ, ടൂറിസം വകുപ്പിൽനിന്നും 8.35 കോടി രൂപയുടെയും പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബിയിൽ ഉൾപ്പെടുത്തി 209.66 കോടി രൂപയുടെ ഹാർബർ നിർമ്മാണം പുരോഗമിക്കുന്നു. ഓഖി പദ്ധതിയിൽ ഉൾപ്പെടുത്തി 54.70 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചുവരുന്നു. ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ബർത്തിങ് ജെട്ടി നിർമ്മാണം, 24.88 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചു. ഹാർബർ അടിസ്ഥാനസൗകര്യ വികസനത്തിനായി ആർ.ഐ.ഡി.എഫ്. സ്കീം മുഖേന 56.05 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചു. 102.81 കോടി രൂപയുടെ പദ്ധതി പുരോഗമിക്കുന്നു.

4. ഓഖി പുനരധിവാസ പദ്ധതി പ്രകാരം 46.54 കോടി രൂപയുടെ പദ്ധതി

പൂർത്തീകരിച്ചു.

പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കല്ലുമ്മക്കായ-കടൽമത്സ്യ വിത്തുൽപാദന കേന്ദ്രം

336(1109) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി പുതിയങ്ങാടിയിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന ആരംഭിച്ച കല്ലുമ്മക്കായ-കടൽ മത്സ്യ വിത്തുൽപാദന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പുതിയങ്ങാടിയിൽ 'Establishment of Mussel Hatchery and Marine Finfish brood Bank at Puthiyangadi' എന്ന പദ്ധതി നടപ്പാക്കുന്നതിനായി 06-10-2020-ലെ സ.ഉ.(സാധാ) നം. 554/2020/എഫ്.&പി. ഉത്തരവ് പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. ഹാച്ചറിയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണ പ്രവൃത്തികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. ഹാച്ചറി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിന് തുടർപ്രവൃത്തികൾക്കുള്ള സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനായി സി.എം.എഫ്.ആർ.ഐ.-യും ഫിഷറീസ് ഡയറക്ടറുമായി 17-01-2025-ൽ എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത കരാർ പ്രകാരമുള്ള കൺസൾട്ടൻസി ഫീസ് സി.എം.എഫ്.ആർ.ഐ.-ക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2025 ആഗസ്റ്റ് മാസത്തിൽ ഹാച്ചറി പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഫിഷറീസ് വകുപ്പിന്റെ പദ്ധതി അടങ്കലിന്റെ വെട്ടിക്കുറവ്

337(1110) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തിക പ്രതിസന്ധിമൂലം നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെതുടർന്ന് ഫിഷറീസ് വകുപ്പിലെ ഏതൊക്കെ

പദ്ധതികൾക്കാണ് വെട്ടിക്കുറവ് വരുത്തിയിരിക്കുന്നത് എന്നും എത്ര ശതമാനം വരെ വെട്ടിക്കുറവ് സംഭവിച്ചുവെന്നുമുള്ള വിവരം പദ്ധതി തിരിച്ച് ലഭ്യമാക്കാമോ?

നടപ്പ് സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പിന് അനുവദിച്ച 331.29 കോടി രൂപ ബജറ്റ് വിഹിതം 241.75 കോടി രൂപയായി പുനഃക്രമീകരിച്ച് ഭരണാനുമതി നൽകി പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. ഇത്തരത്തിൽ ആകെ പദ്ധതി അടങ്കലിൽ 27 ശതമാനമാണ് വെട്ടിക്കുറവ് വരുത്തിയിട്ടുള്ളത്. അതിന്റെ പദ്ധതി തിരിച്ചുള്ള വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.+

മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവര ശേഖരണം

338(1111) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. വി. ജോയി:
ശ്രീ. എം. നൗഷാദ്:
ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിനുശേഷം കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും കൃത്യമായ വിവരശേഖരണത്തിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

2017 നവംബർ 29, 30 തീയതികളിലായി കേരളത്തിന്റെ തീരപ്രദേശത്തെ ഒന്നടങ്കം പിടിച്ചുലച്ച ഓഖി ചുഴലിക്കാറ്റിൽ 142 മത്സ്യത്തൊഴിലാളികളെ നഷ്ടപ്പെടുകയും ധാരാളം പേർക്ക് ജീവിത സാഹചര്യങ്ങൾ നഷ്ടമാകുകയും ചെയ്തു. ഇതിന്റെ പശ്ചാത്തലത്തിൽ കടലിൽ മത്സ്യബന്ധനത്തിന് പോകുന്നതും മത്സ്യബന്ധനം കഴിഞ്ഞ് തിരിച്ചെത്തുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ വളരെ വേഗം മനസ്സിലാക്കുന്നതിനായി ഒരു സംവിധാനം രൂപപ്പെടുത്തണമെന്ന് സർക്കാർ തീരുമാനിക്കുകയും അതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ എൻ.ഐ.സി.-യുമായി ചേർന്ന് 'സാഗര' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ആവിഷ്കരിക്കുകയും ചെയ്തു. ഈ മൊബൈൽ ആപ്ലിക്കേഷൻ മത്സ്യത്തൊഴിലാളികളുടെ സ്മാർട്ട് ഫോണുകളിലേക്ക് ഡൗൺലോഡ് ചെയ്ത് നൽകുന്നതിനും ഈ ആപ്ലിക്കേഷന്റെ ഉപയോഗം മത്സ്യത്തൊഴിലാളികളെ

പഠിപ്പിക്കുന്നതിനും കടലിൽ മത്സ്യബന്ധനത്തിന് പോകുന്നതും മത്സ്യബന്ധനത്തിനുശേഷം തിരികെയെത്തുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ സാഗരയിൽ രേഖപ്പെടുത്തുന്നതിനുമായി 9 മറൈൻ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രധാനപ്പെട്ട 50 ഫിഷ് ലാൻഡിങ് സെന്ററുകളിൽ/ഫിഷിങ് ഹാർബറുകളിൽ 50 സാഗര ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം നൽകി താൽക്കാലികമായി നിയോഗിക്കുകയും ചെയ്തു. ഇവരെ ആദ്യം 8 മാസത്തേക്കാണ് നിയോഗിച്ചത്. അതിനുശേഷം അവരുടെ പ്രവർത്തന കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. കടലിൽ മത്സ്യബന്ധനത്തിന് പോകുന്നതും മത്സ്യബന്ധനത്തിനുശേഷം തിരികെയെത്തുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ അറിയാനും കടലിൽ തീരത്തോട് ചേർന്ന പ്രദേശങ്ങളിൽ കാലാവസ്ഥാ മുന്നറിയിപ്പുകൾ ലഭ്യമാക്കാനും ഈ മൊബൈൽ ആപ്ലിക്കേഷൻ മുഖേന സാധിക്കുന്നു. നാളിതുവരെ 17038 യാനങ്ങളുടെയും 11627 മത്സ്യത്തൊഴിലാളികളുടെയും മൊബൈൽ നമ്പർ ഉൾപ്പെടെയുള്ള മുഴുവൻ വിവരങ്ങളും 'സാഗര'-യിൽ രജിസ്റ്റർ ചെയ്യുകയും

ചെയ്തിട്ടുണ്ട്. എന്നാൽ മത്സ്യത്തൊഴിലാളികൾ കടലിലേക്ക് ദിനംപ്രതി പോകുമ്പോഴും തിരികെ എത്തുമ്പോഴും കൃത്യമായ വിവരങ്ങൾ സാഗര മൊബൈൽ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നില്ല എന്നതിനാൽ പദ്ധതിയിൽ പ്രതീക്ഷിച്ച വിജയം കൈവരിക്കാൻ സാധിച്ചിട്ടില്ല. എന്നാൽ ഫിഷിങ് ഹാർബറുകളിൽനിന്നും കടലിലേക്ക് ദിനംപ്രതി പോകുന്നതും തിരികെ വരുന്നതുമായ യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ ലഭ്യമായിരിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ, ഹാർബറുകൾ കേന്ദ്രീകരിച്ച് 'Bluetooth Low Energy (BLE)' സംവിധാനവും ജി.പി.എസ്. ടെക്നോളജിയും പ്രയോജനപ്പെടുത്തി ഒരു Telematics Gateway അധിഷ്ഠിതമായ സംവിധാനം ഫിഷിങ് ഹാർബറുകളിൽ കൊണ്ടുവരുന്നതിനും അതിലൂടെ കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിനുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള പഠനങ്ങൾ വകുപ്പ് നടത്തിവരുന്നു.

(ബി) മത്സ്യബന്ധന തുറമുഖങ്ങളിൽനിന്നും ലാൻഡിങ്

സെന്ററുകളിൽനിന്നും മത്സ്യബന്ധനത്തിനായി പുറപ്പെടുന്ന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിന് പഞ്ചിങ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) ഇത് പ്രായോഗികമാണോ എന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) കടൽ സുരക്ഷാ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഫിഷിങ് ഹാർബറുകളിൽനിന്നും കടലിലേക്ക് ദിനംപ്രതി പോകുന്നതും തിരികെ വരുന്നതുമായ യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ ലഭ്യമായിരിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ, ഹാർബറുകൾ കേന്ദ്രീകരിച്ച് 'Bluetooth Low Energy (BLE) സംവിധാനവും ജി.പി.എസ്. ടെക്നോളജിയും പ്രയോജനപ്പെടുത്തി ഒരു Telematics Gateway അധിഷ്ഠിതമായ സംവിധാനം ഫിഷിങ് ഹാർബറുകളിൽ കൊണ്ടുവരുന്നതിനും അതിലൂടെ കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും

വിവരങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിനുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള പഠനങ്ങൾ വകുപ്പ് നടത്തിവരുന്നു. പ്രസ്തുത സംവിധാനം കൊണ്ടുവരുന്നതിലൂടെ കടലിൽ മത്സ്യബന്ധനതിനായി പോകുന്നതും വരുന്നതുമായ യാനങ്ങളുടെയും അതിലുള്ള മത്സ്യത്തൊഴിലാളികളുടെയും REAL TIME മോണിറ്ററിങ് സംബന്ധിച്ച ഒരു കൃത്യമായ ഡാറ്റാബേസ് ഫിഷറീസ് വകുപ്പിനുണ്ടെന്ന് ഉറപ്പാക്കുക എന്നതാണ് ലക്ഷ്യംവയ്ക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും കെൽട്രോണും പ്രൊപ്പോസലുകൾ സമർപ്പിക്കുകയും വിഴിഞ്ഞം മത്സ്യബന്ധന ഹാർബർ കേന്ദ്രീകരിച്ച് ഡെമോ നടത്തുകയുമുണ്ടായി. പ്രസ്തുത സംവിധാനം മുഖാന്തരം ഹാർബറിലെ മോണിറ്ററിങ് സെന്ററുമായി ബന്ധിപ്പിക്കുന്ന ഒരു സെൻസിങ് ഉപകരണം മത്സ്യബന്ധനയാനത്തിൽ ഘടിപ്പിക്കുകയും കൂടാതെ പ്രസ്തുത സെൻസിങ് ഉപകരണവുമായി ബന്ധിപ്പിച്ചിട്ടുള്ള ഒരു Bluetooth Low Energy (BLE) റിസ്റ്റ് ബാൻഡ് യാനത്തിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ കൈയിൽ ധരിക്കാൻ നൽകുകയും ചെയ്യുന്നു. മത്സ്യബന്ധനയാനം ഹാർബറിൽനിന്നും

പുറപ്പെടുകയും സെൻസിങ് ഉപകരണത്തിൽ അടയാളപ്പെടുത്തിയിരിക്കുന്ന നിശ്ചിത രേഖാംശം (ജിയോഫെൻസിങ് സംവിധാനം) കടക്കുകയും ചെയ്യുമ്പോൾ ഈ സെൻസിങ് ഉപകരണം ഹാർബറിലെ മോണിറ്ററിങ് സെന്ററിലേക്ക് തിരികെ ആശയവിനിമയം നടത്തുകയും അതിനോടൊപ്പംതന്നെ മത്സ്യത്തൊഴിലാളികളുടെ കൈയിൽ ധരിച്ചിട്ടുള്ള BLE ഉപകരണങ്ങളിലെ വിവരങ്ങൾ മോണിറ്ററിങ് സെന്ററിലേക്ക് അയയ്ക്കുകയും ചെയ്യുന്നു. ഇപ്രകാരം ഏതെല്ലാം മത്സ്യബന്ധനയാനങ്ങൾ ഹാർബറിൽനിന്നും കടലിലേക്ക് പോയിട്ടുണ്ടെന്നും അതിൽ എത്ര മത്സ്യത്തൊഴിലാളികളുണ്ടായിരുന്നു എന്നുമുള്ള വിവരങ്ങളും ഹാർബറിലെ മോണിറ്ററിങ് സെന്ററിൽ റെക്കോർഡ് ചെയ്യപ്പെടുന്നു. ഇതേ സംവിധാനത്തിലൂടെതന്നെ കടലിൽനിന്ന് ഹാർബറിലേക്ക് തിരികെയെത്തുന്ന യാനങ്ങളുടെയും അതിലുള്ള മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങളും ലഭിക്കുന്നതിന് സാധിക്കുന്നുവെന്നും ഡെമോയിൽനിന്നും മനസ്സിലാക്കുന്നു. ഈ സംവിധാനത്തിലൂടെ ഓരോ മത്സ്യബന്ധന യാനങ്ങളുടെയും യാത്രയുടെയും തുടർച്ചയായ ഡാറ്റ റെക്കോർഡ് ചെയ്യാൻ

സാധിക്കുന്നതും ഹാർബറിലെ മോണിറ്ററിങ് സെന്ററിലേക്ക് അപ്ഡേറ്റ് ചെയ്യാനും കഴിയുമെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. കടലിനുള്ളിൽ 20 കിലോമീറ്ററാണ് ഇതിന് പരിമിതിയുള്ളത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും കെൽട്രോണും പ്രസ്തുത സാങ്കേതിക സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് പ്രൊപ്പോസലുകൾ വകുപ്പിൽ സമർപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലുകൾ, വരുന്ന സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പൈലറ്റ് അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഫിഷിങ് ഹാർബറിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

തീരദേശ വികസനം

339(1112) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തെ പശ്ചാത്തല സൗകര്യ വികസനത്തിനായി

സംസ്ഥാന സർക്കാർ മത്സ്യമേഖലയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർഷറേഷൻ വഴി നടഷാക്കുന്ന പദ്ധതികൾ

തീരദേശത്തെ പശ്ചാത്തലസൗകര്യ വികസനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ മേഖലയിൽ മത്സ്യബന്ധന ഇറമുഖങ്ങൾ, ഫിഷ് ലാൻഡിങ് സെന്ററുകൾ, ആധുനിക മത്സ്യമാർക്കറ്റുകൾ, മത്സ്യഗ്രാമങ്ങളുടെ ആധുനികവൽക്കരണം, മത്സ്യഗ്രാമങ്ങളെ കാലാവസ്ഥാ പ്രതിരോധ ഗ്രാമങ്ങളായി പര്യാപ്തമാക്കൽ, തീരദേശത്തെ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരെ മാറ്റിപാർപ്പിക്കുന്നതിനായി ഭവന സമുച്ചയ നിർമ്മാണം, ആരോഗ്യ വിദ്യാഭ്യാസാടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, തീരസംരക്ഷണം ഉറപ്പാക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള പരിസ്ഥിതി സൗഹൃദപദ്ധതികൾ, മത്സ്യ ഫാമുകൾ, ഹാച്ചറികളുടെ വികസനം എന്നീ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

'പുനർഗേഹം' പദ്ധതി

തീരദേശ മേഖലയിൽ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നതിനുവേണ്ടി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് മുഖേന 'പുനർഗേഹം' പദ്ധതി നടപ്പാക്കിവരുന്നു. തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ബൃഹത് പദ്ധതിയാണിത്. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷം 26-12-2019-ലെ സർക്കാർ സ.ഉ.(സാധാ)നം.1009/2019/മ.ഇ.വ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പാക്കിവരുന്നു.

ഇത്തരത്തിൽ മാറിത്താമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. 'പുനർഗേഹം' പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും 20-12-2021-ലെ സർക്കാർ ഉത്തരവ് (പി) നം. 130/2021/നികുതി & സർക്കാർ ഉത്തരവ് (പി) നം. 131/2021/നികുതി (അസാധാരണ ഗസറ്റ് SRO No. 962 & 963) എന്നിവ പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ചെലവാകുന്ന തുകകൂടി ഇപ്രകാരം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. വേലിയേറ്റ രേഖയിൽനിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും നിലവിൽ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവെ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ 'പുനർഗേഹം' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 'പുനർഗേഹം' മാർഗനിർദേശങ്ങളിൽ ഭേദഗതി വരുത്തിയും ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം 'പുനർഗേഹം' പദ്ധതിക്കായി ഭരണാനുമതി

നൽകിയിട്ടുള്ള 2450 കോടി രൂപയിൽനിന്നും അനുവദിച്ച് 05-01-2024-ലെ സ.ഉ.(കൈ) നം. 1/2024/മ.ഇ.വ. പ്രകാരം സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 9098 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4414 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും അതിൽ 3812 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2446 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1366 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), കൊല്ലം ജില്ലയിൽ കൃ.എസ്.എസ്. കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128) എന്നീ കെട്ടിട സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പ്രകാരം വിവിധ ജില്ലകളിലായി 1136 ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് രണ്ടാം ഘട്ടം (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ

പരിഗണനയിലാണ്. പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി 76.92 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാ കളക്ടർ/ലാൻഡ് & റവന്യൂ കമ്മീഷണർ/ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളിലുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. പദ്ധതി പ്രവർത്തനത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 250 കോടി രൂപയും സംസ്ഥാന വിഹിതത്തിൽനിന്നും 178.10 കോടി രൂപയും ഉൾപ്പെടെ 428.10 കോടി രൂപ നാളിതുവരെ അനുവദിക്കുകയും 427.85 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഹാർബർ എഞ്ചിനീയറിങ് വകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതികൾ

തീരദേശത്തെ പശ്ചാത്തലസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് മത്സ്യമേഖലയിൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കിഫ്ബി

കിഫ്ബി ധനസഹായത്തോടെയുള്ള പരപ്പനങ്ങാടി (112.22 കോടി രൂപ), ചെത്തി (97.44 കോടി രൂപ) എന്നീ രണ്ട് പുതിയ മത്സ്യബന്ധന

തുറമുഖ പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. മുതലപ്പൊഴി ഫിഷിങ് ഹാർബറിലെ തീരസംരക്ഷണ പ്രവൃത്തിക്കായി 26.51 കോടി രൂപയുടെ പ്രവൃത്തി പുരോഗമിക്കുന്നു.

2. നബാർഡ്

ഹാർബറുകളുടെ നവീകരണത്തിനും പരിപാലനത്തിനും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 250.24 കോടി രൂപയുടെ അനുമതി ലഭ്യമായി. NABARD-RIDF XXVI, NABARD-RIDF XXVII, NABARD-RIDF XXVIII, NABARD-RIDF XXIX, NABARD-RIDF XXX-ലെ പദ്ധതികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ. നബാർഡ് XXVI (57.44 കോടി രൂപ)

1. തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാനസൗകര്യ വികസനം - (514.00 ലക്ഷം രൂപ) - പൂർത്തീകരണഘട്ടത്തിലാണ്.

2. നീണ്ടകര ഫിഷിങ് ഹാർബറിലെ നിലവിലുള്ള ഘടകങ്ങളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാനസൗകര്യ വികസനവും (1000.00 ലക്ഷം രൂപ) - പൂർത്തീകരണ ഘട്ടത്തിലാണ്.

3. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിലെ വിപുലീകരണവും

ആധുനികീകരണവും (ശക്തികുളങ്ങര) (3450.00 ലക്ഷം രൂപ)– പുരോഗമിക്കുന്നു.

4. കായംകുളം മത്സ്യബന്ധന തുറമുഖത്തിലെ അധിക ബർത്തിങ് ഫെസിലിറ്റിയുടെ നിർമ്മാണം (780.00 ലക്ഷം രൂപ)- പൂർത്തീകരണഘട്ടത്തിലാണ്.

ബി. നബാർഡ് XXVII (55.54 കോടി രൂപ)

1. താനൂർ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാനസൗകര്യ വികസനം (1390.76 ലക്ഷം രൂപ) – പുരോഗമിക്കുന്നു.

2. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാനസൗകര്യ വികസനം (1343 ലക്ഷം രൂപ)- പുരോഗമിക്കുന്നു.

3. വെളളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാനസൗകര്യ വികസനം (1153 ലക്ഷം രൂപ)- പുരോഗമിക്കുന്നു.

4. വലിയഴീക്കൽ ഫിഷ് ലാൻഡിങ് സെന്ററിന്റെ അടിസ്ഥാന വികസനം - (1668 ലക്ഷം രൂപ) പുരോഗമിക്കുന്നു.

സി. NABARD XXVIII (50.94 കോടി രൂപ)

1. കൊല്ലം ജില്ലയിലെ ആലപ്പാട് അഴീക്കൽ ഫിഷിങ് ഹാർബറിന്റെ

നവീകരണം (2557.55 ലക്ഷം രൂപ) – പുരോഗമിക്കുന്നു.

2. കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷിങ് ഹാർബറിന്റെ നവീകരണം - (2536.85 ലക്ഷം രൂപ)- പുരോഗമിക്കുന്നു.

ഡി. NABARD XXIX (28.09 കോടി രൂപ)

1. മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിങ് ഹാർബറിലെ പുലിമുട്ടിന്റെ റിപ്ലെനിഷ്മെന്റ് പ്രവൃത്തി-(1694.14 ലക്ഷം) - 29-12-2023-ൽ ഭരണാനുമതി നൽകിയത് പ്രകാരം ദർഘാസ് അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കണ്ണൂർ ജില്ലയിലെ ചാലിൽ ഗോപാൽപേട്ട ഫിഷ് ലാൻഡിങ് സെന്ററിന്റെ വികസനം - (11.15 കോടി രൂപ) – പുരോഗമിക്കുന്നു.

ഇ. NABARD XXX (58.30 കോടി രൂപ)

1. തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിങ് ഹാർബറിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി (3030 ലക്ഷം രൂപ) 28-10-2024-ൽ ഭരണാനുമതി നൽകിയത് പ്രകാരം പ്രവൃത്തി ഏർപ്പാടാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കൊല്ലം ജില്ലയിലെ തങ്കശ്ശേരി ഫിഷിങ് ഹാർബറിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി (2800 ലക്ഷം രൂപ) 28-10-2024-ൽ ഭരണാനുമതി നൽകിയത് പ്രകാരം പ്രവൃത്തി ഏർപ്പാടാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ഓഖി ഡെവലപ്മെന്റ് പാക്കേജ്

ഓഖി ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി 5 മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി 54.70 കോടി രൂപയുടെ അനുമതി നൽകി. അതിൽ നീണ്ടകര മത്സ്യബന്ധന തുറമുഖ രണ്ടാംഘട്ട വികസനം, മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർധിപ്പിക്കൽ, കാസർഗോഡ് ഫിഷിങ് ഹാർബറിലെ ബ്രേക്ക് വാട്ടറിന്റെ നീളം വർധിപ്പിക്കൽ, കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം-ഒന്നാം ഘട്ടം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു.

4. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന

ഫിഷിങ് ഹാർബറുകളുടെ വിപുലീകരണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയിൽ ഉൾപ്പെടുത്തി 10

പ്രവൃത്തികൾക്ക് 29-03-2023-ൽ 161.11 കോടി രൂപയും 22-11-2024-ൽ ഒരു പ്രവൃത്തിക്ക് 177.00 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികളുടെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.

1. കാസർഗോഡ് ഫിഷിങ് ഹാർബറിന്റെ വിപുലീകരണം. (70.53 കോടി രൂപ)- വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

2. മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിങ് ഹാർബറിന്റെ ആധുനികവൽക്കരണം – (18.73 കോടി രൂപ)-വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

3. കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിങ് ഹാർബറിന്റെ ആധുനികവൽക്കരണം – (16.06 കോടി രൂപ) - വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

4. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിങ് ഹാർബറിന്റെ ആധുനികവൽക്കരണം (20.90 കോടി രൂപ) - വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

5. ആലപ്പുഴ ജില്ലയിലെ കായംകുളം ഫിഷിങ് ഹാർബറിലെ ഡ്രെഡ്ജിങ്

പ്രവൃത്തി - (5.53 കോടി രൂപ) – പുതുക്കിയ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

6. തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിങ് ഹാർബറിന്റെ ഡ്രെഡ്ജിങ് പ്രവൃത്തി – (5.53 കോടി രൂപ) –സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്.

7. മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിങ് ഹാർബറിന്റെ ഡ്രെഡ്ജിങ് പ്രവൃത്തി – (6.37 കോടി രൂപ) -പ്രവൃത്തി പുരോഗമിക്കുന്നു.

8. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഫിഷിങ് ഹാർബറിന്റെ ഡ്രെഡ്ജിങ് പ്രവൃത്തി – (5.94 കോടി രൂപ) – സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

9. കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിങ് ഹാർബറിന്റെ ഡ്രെഡ്ജിങ് പ്രവൃത്തി – (5.64 കോടി രൂപ) -പ്രവൃത്തി പുരോഗമിക്കുന്നു.

10. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിങ് ഹാർബറിന്റെ ഡ്രെഡ്ജിങ് പ്രവൃത്തി – (5.88 കോടി രൂപ) – പൂർത്തീകരിച്ചു.

11. തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി ഫിഷിങ് ഹാർബറിന്റെ വിപുലീകരണത്തിനായി (177 കോടി രൂപ)–ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

5. അമൃത് പദ്ധതി

കണ്ണൂർ ജില്ലയിലെ പയ്യാമ്പലം ബീച്ചിലെ ഗ്രോയിൻ നിർമ്മാണത്തിനായി 326.07 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചത് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചു.

6. ഫിഷറീസ് & അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്

ആലപ്പുഴ ജില്ലയിലെ അർത്തുങ്കൽ ഫിഷിങ് ഹാർബറിലെ ശേഷിക്കുന്ന പ്രവൃത്തികൾക്ക് ഫിഷറീസ് & അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ (എഫ്.ഐ.ഡി.എഫ്.) ഉൾപ്പെടുത്തി 150.73 കോടി രൂപയുടെ ഭരണാനുമതി 29-03-2023-ന് നൽകിയത് പ്രകാരം പ്രവൃത്തി വിവിധഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

7. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ റിവർ ട്രെയിനിങ് പ്രവൃത്തിക്കായി 28.6 കോടി രൂപയുടെ ഭരണാനുമതി നൽകിയത് പ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു.

8. തീരദേശ റോഡുകൾ

തീരദേശ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി എല്ലാ സാമ്പത്തിക വർഷവും ബജറ്റിൽ തുക വകയിരുത്താറുണ്ട്. അതുപ്രകാരം 2024-25 സാമ്പത്തിക വർഷം 92.61 കോടി രൂപ വകയിരുത്തിയിട്ടുള്ളത് പ്രകാരം പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

9. സ്റ്റേറ്റ് പ്ലാൻ സ്കീം

1. കോഴിക്കോട് ജില്ലയിലെ ആവിതോടിന്റെ ആഴം കൂട്ടൽ, സംരക്ഷണ പ്രവൃത്തി, ബീച്ച് റോഡിന്റെ പുനരുദ്ധാരണം എന്നിവയ്ക്കായി 5.00 കോടി രൂപയുടെ ഭരണാനുമതി നൽകിയത് പ്രകാരം ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചു. രണ്ടാംഘട്ട പ്രവൃത്തികൾ പുരോഗമിക്കുന്നു.
2. കോഴിക്കോട് ജില്ലയിലെ മുഖദാർ ഫിഷ് ലാൻഡിങ് സെന്ററിന്റെ നിർമ്മാണത്തിനായി 9.55 കോടി രൂപയുടെ ഭരണാനുമതി നൽകിയത് പ്രകാരം ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചു. രണ്ടാംഘട്ട പ്രവൃത്തികൾ പുരോഗമിക്കുന്നു.

3. മലപ്പുറം ജില്ലയിലെ താനൂർ ഫിഷിങ് ഹാർബറിന്റെ പുലിമുട്ടിന്റെ കേടുപാടുകൾ ടെട്രാപോഡുകൾ ഉപയോഗിച്ച് തീർക്കുന്നതിനുള്ള പ്രവൃത്തിക്ക് 5.85 കോടി രൂപയുടെ ഭരണാനുമതി നൽകിയതുപ്രകാരം പ്രവൃത്തി പൂർത്തീകരിച്ചു.

4. തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ ഫിഷിങ് ഹാർബർ നിർമ്മാണത്തിനായി ഷോർ സ്റ്റെബിലൈസേഷനായുള്ള പ്രാഥമിക പ്രവൃത്തികൾക്കായി 12-08-2024-ൽ 5.00 കോടി രൂപയുടെ ഭരണാനുമതി നൽകിയത് പ്രകാരം ഒന്നാംഘട്ട പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

10. സാഗർമാല പദ്ധതി

മത്സ്യബന്ധന തുറമുഖങ്ങളുടെ അധിക ബെർത്തിങ്ങിനും കരഭാഗത്തെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാനത്തെ 7 മത്സ്യബന്ധന തുറമുഖങ്ങൾക്കായി 115.20 കോടി രൂപയുടെ ഇൻ പ്രിൻസിപ്പൽ സാങ്ഷൻ ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കൊയിലാണ്ടി ഫിഷിങ് ഹാർബർ (13.27 കോടി രൂപ) –

സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. ചേറ്റുവ ഫിഷിങ് ഹാർബർ (8.83 കോടി രൂപ) – സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. മുനയ്ക്കകടവ് ഫിഷിങ് ഹാർബർ (11.67 കോടി രൂപ) – സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ചെല്ലാനം ഫിഷിങ് ഹാർബർ (12.63 കോടി രൂപ) – സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

5. വെള്ളയിൽ ഫിഷിങ് ഹാർബർ (29.96 കോടി രൂപ) – സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. താനൂർ ഫിഷിങ് ഹാർബർ (19.39 കോടി രൂപ) – സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. പൊന്നാനി ഫിഷിങ് ഹാർബർ (19.45 കോടി രൂപ) – സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ

തീരദേശത്തെ പശ്ചാത്തല സൗകര്യവികസനത്തിനായി 6 ജില്ലകളിൽ

8 ഐസ് പ്ലാന്റുകൾ സ്ഥാപിക്കൽ, എറണാകുളം ജില്ലയിൽ കോൾഡ് സ്റ്റോറേജ് അപ്ഗ്രഡേഷൻ ഇവയെ എല്ലാം ഇൻസുലേറ്റഡ് വെഹിക്കിൾസ് മുഖേന ബന്ധിപ്പിച്ചുകൊണ്ടുള്ള കോൾഡ് ചെയിൻ എന്നീ പദ്ധതികളാണ് മത്സ്യഫെഡ് മുഖേന നടപ്പാക്കി വരുന്നത്.

(ബി) മത്സ്യബന്ധന യാനങ്ങളുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായി കേന്ദ്രസർക്കാർ നടപ്പാക്കുന്ന ട്രാൻസ്പോണ്ടർ ഘടിപ്പിക്കുന്ന പദ്ധതി കേരളത്തിൽ ആദ്യഘട്ടത്തിൽ എത്ര യാനങ്ങളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ടി പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

സമുദ്ര മത്സ്യബന്ധന യാനങ്ങളുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായി ദേശീയ വെസൽ കമ്മ്യൂണിക്കേഷൻ ആൻഡ് സപ്പോർട്ട് സിസ്റ്റത്തിന്റെ ഭാഗമായി 3352 യന്ത്രവൽക്കൃത മത്സ്യബന്ധന യാനങ്ങളിലും (Motorised Mechanised) 2648 യന്ത്രവൽക്കൃതമല്ലാത്ത മത്സ്യബന്ധന യാനങ്ങളിലും (Non Mechanised) ഉൾപ്പെടെ ആകെ 6000 മത്സ്യബന്ധനയാനങ്ങളിലാണ് കേരളത്തിൽ ആദ്യഘട്ടത്തിൽ

ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പദ്ധതി നടപ്പാക്കുന്നത്. ഓഖിപോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോഴും കാലാവസ്ഥാ മുന്നറിയിപ്പുള്ളപ്പോഴും, കൂടാതെ കടലിൽവച്ച് അപകടത്തിൽപ്പെടുമ്പോഴും യഥാസമയം വിവര കൈമാറ്റം സാധ്യമല്ലാത്ത സാഹചര്യം രാജ്യത്തുടനീളം നിലനിൽക്കുന്നു. ഇതിൽ പല യാനങ്ങളും മൂന്ന് ദിവസം മുതൽ ഒരു മാസം വരെ നീളുന്ന മത്സ്യബന്ധനത്തിൽ (Multi-day fishing) ഏർപ്പെടുന്നവയാണ്. അന്താരാഷ്ട്ര അതിർത്തി കടന്ന് മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ മറ്റ് രാജ്യങ്ങളുടെ സൈന്യത്തിന്റെ പിടിയിലാകുന്ന സാഹചര്യവും കപ്പൽചാൽ തിരിച്ചറിയാൻ കഴിയാതെ കപ്പൽ ഇടിച്ച് അപകടങ്ങളുണ്ടാകുന്ന സാഹചര്യവും പലപ്പോഴും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യങ്ങൾ മറികടക്കുന്നതിന് പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (പി.എം.എം.എസ്.വൈ.)-യിൽ 60:40 എന്ന അനുപാതത്തിൽ യഥാക്രമം കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും വകയിരുത്തി ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ നൽകുന്നതോടൊപ്പം ആശയവിനിമയത്തിനും നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായി, ഗുണഭോക്തൃ വിഹിതമില്ലാതെ 100 ശതമാനം സബ്സിഡിയോടെ 6000

മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടർ ഘടിപ്പിക്കുന്നതിനുള്ള 22.665 കോടി രൂപയുടെ 'മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന ദേശീയ റോൾഔട്ട്' എന്ന ഒരു പുതിയ പദ്ധതികൂടി മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി നടപ്പാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി തുകയിൽ 13.599 കോടി രൂപ കേന്ദ്ര വിഹിതവും 9.066 കോടി രൂപ സംസ്ഥാന വിഹിതവും ഉൾപ്പെടുന്നു. കേന്ദ്ര സർക്കാരിൽനിന്നുള്ള നിർദേശ പ്രകാരം സംസ്ഥാന വിഹിതമായ 9.066 കോടി രൂപയുടെ 25% തുകയായ 2.2665 കോടി രൂപ പദ്ധതി നിർവഹണ ഏജൻസിയായ NSIL (New Space India Ltd) എന്ന കമ്പനിയുടെ അക്കൗണ്ടിലേക്ക് ആദ്യ ഗഡുവായി അനുവദിച്ച് നൽകിയിട്ടുണ്ട്. 2024 മാർച്ച് ആദ്യവാരത്തിൽ മുനമ്പം മത്സ്യബന്ധന തുറമുഖത്ത് 10 യന്ത്രവൽക്കൃത മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ സ്ഥാപിച്ചു. വൈപ്പിൻ ഫിഷറീസ് സ്റ്റേഷൻ വഴിയാണ് ഇവയുടെ നിരീക്ഷണം നടത്തുന്നത്. ട്രാൻസ്പോണ്ടറുകൾ ഘടിപ്പിച്ചിട്ടുള്ള യാനങ്ങളെ നിരീക്ഷിക്കുന്നതിനായി 'നട്മിത്ര വെബ് പോർട്ടൽ' തയ്യാറാക്കിയിട്ടുണ്ട്. വരുംമാസങ്ങളിൽ ബാക്കി യാനങ്ങളിൽകൂടി

ട്രാൻസ്പോണ്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാൻസ്പോണ്ടറുകളുടെ ഇൻസ്റ്റലേഷനും പരിപാലനവും സംബന്ധിച്ച മാസ്റ്റർ ട്രെയിനർമാരുടെ പരിശീലനം കേരളത്തിനായി കേന്ദ്ര സർക്കാർ നിയോഗിച്ച M/s Accord എന്ന സ്ഥാപനം മുഖേന ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർമാർ, സാഗർമിത്രകൾ, എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവരുൾപ്പെടെ വകുപ്പിലെ 70 ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

മത്സ്യക്കൃഷി വ്യാപനത്തിനായുള്ള പദ്ധതികൾ

340(1113) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യക്കൃഷി വ്യാപനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യക്കൃഷി വ്യാപിപ്പിക്കുന്നതിനും മത്സ്യോൽപാദനം വർധിപ്പിക്കുന്നതിനുമായി സുഭിക്ഷകേരളം ജനകീയ

മത്സ്യകൃഷി/ സംസ്ഥാനാവിഷ്കൃത പദ്ധതികൾ/കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (പി.എം.എം.എസ്.വൈ.) പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി വിവിധ മത്സ്യകൃഷി രീതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ടി മത്സ്യകൃഷി രീതികൾക്കാവശ്യമായ ഗുണമേന്മയുള്ള മത്സ്യ വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഹാച്ചറികളിലെ മത്സ്യ വിത്തുൽപാദനം വർധിപ്പിക്കുന്നതിനുമായി പ്രവർത്തന ചെലവിനത്തിൽ തുക അനുവദിക്കുന്നതിനും നഴ്സറികൾ സ്ഥാപിക്കൽ, ഹാച്ചറികളുടെ പ്രവർത്തന മാനേജ്മെന്റ് എന്നീ പദ്ധതികൾക്കുമായി സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

1. ജനകീയ മത്സ്യകൃഷി (JMK) 2023-25 പദ്ധതി

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യകൃഷി വർധിപ്പിക്കുന്നതിനായി 2023-24 & 2024-25 സാമ്പത്തിക വർഷത്തേക്ക് 85.7723 കോടി രൂപയുടെ (മത്സ്യകൃഷി വികസനം 71.2558 കോടി രൂപ +

മത്സ്യക്കൃഷി വിപുലീകരണ സേവനങ്ങൾ 14.5165 കോടി രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. അതുപ്രകാരം മത്സ്യക്കൃഷിരീതികളിലും മത്സ്യ ഇനങ്ങളിലുമുള്ള വൈവിധ്യവൽക്കരണം നടപ്പാക്കിവരുന്നു. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പരമ്പരാഗത മത്സ്യക്കൃഷികളായ 'ഒരു നെല്ലും ഒരു മീനും', കാർപ്പ് മത്സ്യക്കൃഷി, കുളങ്ങളിലെ ചെമ്മീൻ മത്സ്യക്കൃഷി, വിവിധ നൂതന സാങ്കേതികവിദ്യയിലൂടെയുള്ള ബയോഫ്ലോക്ക്, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS), കൂടുകളിലെ മത്സ്യക്കൃഷി ഉൾപ്പെടെ 25 ഇനം മത്സ്യക്കൃഷി രീതികൾ നടപ്പാക്കിവരുന്നു. ഇതിനുപുറമെ മത്സ്യക്കൃഷിക്ക് അനുയോജ്യമായതും എന്നാൽ നിലവിൽ തരിശ് കിടക്കുന്നതുമായ പൊതുജലാശയങ്ങൾ/തോടുകൾ/കനാലുകൾ എന്നിവ വൃത്തിയാക്കി പരിസ്ഥിതി സൗഹൃദ രീതിയിൽ തടയണ കെട്ടിയും വലവളപ്പുകൾ നിർമ്മിച്ചും തദ്ദേശീയ മത്സ്യ വിത്ത് നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകളിലൂടെ പരിപാലനം നടത്തുന്നതിനായി 50 ഹെക്ടർ പ്രദേശത്ത് എംബാങ്ക്മെന്റ് മത്സ്യക്കൃഷിയും 40 എണ്ണം കൂടുകളിലെ, വലവളപ്പുകളിലെ കൃഷിയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. വനാമി ചെമ്മീൻ കൃഷിയുടെ വികസനം (Development of Vannamei Shrimp Farming)

സംസ്ഥാനത്ത് വനാമി ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 100 ഹെക്ടർ പ്രദേശത്ത് "Development of Vannamei Shrimp Farming" എന്ന പദ്ധതിക്ക് 3001.04 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് കണ്ണൂർ, തൃശ്ശൂർ, കൊല്ലം ജില്ലകളിലായി തിരഞ്ഞെടുത്ത 97.31 ഹെക്ടർ ഫാമുകളിൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച് വനാമി ചെമ്മീൻ കൃഷി നടപ്പാക്കുകയും നടപ്പ് സാമ്പത്തിക വർഷത്തിൽ വിളവെടുപ്പ് പൂർത്തിയാക്കിയ 65.30 ഹെക്ടറിൽനിന്നും 236.5 ടൺ ചെമ്മീൻ ഉൽപാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (പി.എം.എം.എസ്.വൈ.) പദ്ധതി (കേന്ദ്രാവിഷ്കൃത പദ്ധതി)

പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിലുൾപ്പെടുത്തി 2020-21 മുതൽ 2023-24 സാമ്പത്തിക വർഷം വരെ 219.61 കോടി രൂപ അടങ്കൽ തുക വരുന്ന പുതിയ കുളങ്ങളുടെ നിർമ്മാണം, ബയോഫ്ലോക്ക്, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS), ചെറുകിട അലങ്കാര മത്സ്യ റിയറിങ് യൂണിറ്റ്, ഇടത്തരം അലങ്കാര മത്സ്യ റിയറിങ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യ

റിയറിങ് യൂണിറ്റ്, ഓരുജലങ്ങളിലെ കൂടുകൃഷി തുടങ്ങിയ വിവിധ മത്സ്യക്കൃഷി പദ്ധതികളും നടപ്പാക്കിവരുന്നു. കൂടാതെ പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷം അഡാക് മുഖേന പത്തനംതിട്ട, കോഴിക്കോട്, വയനാട് ജില്ലകളിലെ കക്കി, പെരുവണ്ണാമൂഴി, കാരാപ്പുഴ, ബാണാസുരാസാഗർ എന്നീ ജലസംഭരണികളിലായി 400 കൂടുകളിലെ മത്സ്യക്കൃഷിക്കായി 'Participatory Integrated Fisheries Development of selected Reservoirs in Kerala' എന്ന പദ്ധതിക്ക് 16 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി പൂർത്തീകരിച്ച് വരികയുമാണ്. ഇതിനുപുറമെ 2021-22 വർഷം അഡാക് മുഖേന തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ ജില്ലകളിലെ നെയ്യാർ, ഇടുക്കി, പീച്ചി ജലസംഭരണികളിലായി 300 കൂടുകളിലെ മത്സ്യക്കൃഷിക്കായി 'Participatory Integrated Fisheries Development of selected Reservoirs in Kerala Phase II' എന്ന പദ്ധതിക്ക് 10.8180 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നടപ്പാക്കി വരികയും ചെയ്യുന്നു.

(ബി) 2010 മുതൽ 2024 വരെയുള്ള കാലയളവിൽ

മത്സ്യക്കൃഷിയിലൂടെയുള്ള മത്സ്യോൽപാദനം എത്രയെന്ന് വിശദമാക്കാമോ?

2010-2024 കാലയളവിൽ ഉൾനാടൻ മേഖലയിൽ മത്സ്യബന്ധനത്തിലൂടെയും മത്സ്യക്കൃഷിയിലൂടെയുമായി ആകെ 27.11 ലക്ഷം മെട്രിക് ടൺ മത്സ്യം ഉൽപാദിപ്പിച്ചിട്ടുണ്ട്. ഇതിൽ മത്സ്യക്കൃഷിയിലൂടെ ടി കാലയളവിൽ ആകെ 4.43 ലക്ഷം മെട്രിക് ടൺ മത്സ്യം ഉൽപാദിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ഉൽപാദനം (ലക്ഷം മെട്രിക് ടൺ)
2010-11	-
2011-12	0.27
2012-13	0.19
2013-14	0.52
2014-15	0.57
2015-16	0.36
2016-17	0.28
2017-18	0.24
2018-19	0.25
2019-20	0.25
2020-21	0.35
2021-22	0.37
2022-23	0.38

2023-24	0.40

(സി) ബയോഫ്ലോക് ടെക്നോളജി, റീ-സർക്കുലേറ്റിങ് അക്വാകൾച്ചർ സിസ്റ്റം തുടങ്ങിയ നൂതന മത്സ്യക്കൃഷി പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പദ്ധതികളുടെ പുരോഗതി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കൃത്യമായി വിലയിരുത്തി ആവശ്യമായ ഇടപെടലുകൾ മത്സ്യഭവൻതലം മുതൽ സംസ്ഥാനതലം വരെ നടത്തിവരുന്നു. പ്രസ്തുത കൃഷി രീതികളുടെ പ്രവർത്തനം മത്സ്യക്കൃഷിക്കായി പ്രവർത്തിക്കുന്ന സംസ്ഥാനതല സ്പെഷ്യൽ സെൽ മുഖേന നിരീക്ഷിക്കുകയും ആവശ്യമായപക്ഷം ഗവേഷണ സ്ഥാപനങ്ങളിലെ വിദഗ്ധരെ ഉൾപ്പെടുത്തി പരിഹാരമാർഗങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു. കൃഷി തുടരുന്നതിന് ജനകീയ മത്സ്യക്കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി തുടർസഹായങ്ങളും ചെയ്തുവരുന്നു. നൂതന മത്സ്യക്കൃഷി പദ്ധതികൾ നടപ്പാക്കുന്ന കർഷകർക്ക് ജില്ലാ/ക്ലസ്റ്റർ തലത്തിൽ സാങ്കേതിക വിദഗ്ധരുടെ സേവനംകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് പരിശീലന പരിപാടികൾ

സംഘടിപ്പിക്കാറുണ്ട്. കൂടാതെ ആവശ്യാനുസരണം ഫീൽഡ് തലത്തിലും കർഷകർക്കാവശ്യമായ സാങ്കേതിക സഹായം നൽകുന്നു.

'പുനർഗേഹം' പദ്ധതി

341(1114) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനുമായി മത്സ്യബന്ധന മേഖലയിൽ നടപ്പാക്കിവരുന്ന പുതിയ പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) 'പുനർഗേഹം' പദ്ധതി പ്രകാരം നാളിതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്; ഇനിയെത്ര അപേക്ഷകളിൽ പരിഹാരം കാണേണ്ടതായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

'പുനർഗേഹം' പദ്ധതി പ്രകാരം 2446 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 'പുനർഗേഹം' പദ്ധതി പ്രകാരം 9098 കുടുംബങ്ങളാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ മാറിത്താമസിക്കാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4414 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും അതിൽ 3812 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2446 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1366 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. സുരക്ഷിത മേഖലയിലേക്ക് മാറിത്താമസിക്കാൻ സന്നദ്ധത അറിയിച്ചവരിൽ 4684 പേരാണ് ഇനി ഭൂമി കണ്ടെത്തേണ്ടതുള്ളത്. ഇവർ ഭൂമി കണ്ടെത്താൻ നടപടികൾ സ്വീകരിച്ചുവരികയാണ്. ഭൂമി കണ്ടെത്തി അറിയിക്കുന്ന പ്രകാരം ഇവരുടെ കാര്യത്തിലും ജില്ലാതല സമിതി ചേർന്ന് തുടർനടപടി സ്വീകരിക്കുന്നതാണ്. പദ്ധതിയിൽ ഉൾപ്പെടുത്തി 390 പേർക്ക് ഫ്ലാറ്റുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. 944 ഫ്ലാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലും 120 ഫ്ലാറ്റുകൾ ഉടൻ നിർമ്മാണം ആരംഭിക്കുന്നതുമാണ്.

പറവൂർ ചില്ലക്കൽ ഫിഷ് ലാൻഡിങ് സെന്റർ

342(1115) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലെ ചില്ലക്കൽ തീരദേശത്ത് ഫിഷ് ലാൻഡിങ് സെന്റർ ആരംഭിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി താൽക്കാലികമായി നിർത്തിവയ്ക്കുകയോ ഉപേക്ഷിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

(എ&ബി) NABARD RIDF XXVI-ൽ ഉൾപ്പെടുത്തി Development of fish landing centre at Chillakkal, Kollam District എന്ന പദ്ധതി നടപ്പാക്കുന്നതിനായി 855.21 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. റാത്തിക്കൽ, ചില്ലക്കൽ എന്നീ ഫിഷ് ലാൻഡിങ് സെന്ററുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി 15-11-2022-ന് കൂടിയ മന്ത്രിതല യോഗത്തിൽ നിലവിൽ ചില്ലക്കൽ ഫിഷ് ലാൻഡിങ് സെന്ററിന്റെ പദ്ധതി

പ്രദേശം ടൗട്ടേ ചുഴലിക്കാറ്റുമൂലം തീരം കടലെടുത്ത സാഹചര്യത്തിൽ ആദ്യപടിയായി തീരം പരിപോഷിപ്പിക്കുന്നതിനായി ജിയോട്യൂബ് സംവിധാനം ഉപയോഗിച്ചുള്ള ഗ്രോയിനുകൾ സ്ഥാപിക്കുന്നതിനും തുടർന്ന് സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ ലേലഹാൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നിർമ്മിക്കുന്നതിനും തീരുമാനിച്ചിരുന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തീരം പരിപോഷിപ്പിക്കുന്നതിനുള്ള മാതൃകാ പഠനം നടത്തുന്നതിനായി IIT Madras-നെ ചുമതലപ്പെടുത്തി National Centre for Sustainable Coastal Management (NCSM) മുഖേന സി.ആർ.ഇസ്സഡ്. സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കുകയും M/s Ultra Tech എന്ന സ്ഥാപനം മുഖേന Environment Impact Assessment (EIA) Study നടത്തുകയും ചെയ്തു. IIT Madras നൽകിയ പഠന റിപ്പോർട്ടിൽ തീരം സംരക്ഷിക്കുന്നതിന് ഗ്രോയിനുകൾ സ്ഥാപിക്കുന്നതിനാണ് ശിപാർശ ചെയ്തത്. തുടർന്ന് ഗ്രോയിൻ പ്രവൃത്തിക്കായി 625 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിച്ചു. 5 ഷോർട്ട് ഗ്രോയിനുകളാണ് തീരം പരിപോഷിപ്പിക്കുന്നതിനായി നിർദേശിച്ചിരുന്നത്. എന്നാൽ 4 തവണ

ടെൻഡർ ചെയ്തിട്ടും പ്രതികരണം ലഭിച്ചില്ല. അഞ്ചാമത് റീ-ടെൻഡറിൽ ഒരു ബിഡ്ഡർ മാത്രമാണുണ്ടായിരുന്നത്. അധിക നിരക്ക് 42.08 ശതമാനമായതിനാൽ അംഗീകാരം നൽകാൻ സാധിച്ചില്ല. പദ്ധതി ആരംഭിക്കുന്നതിൽ കാലതാമസമുണ്ടായതിനാൽ RIDF ഹൈ പവർ കമ്മിറ്റിയുടെ തീരുമാനം പ്രകാരം പദ്ധതി RIDF Tranche XXVI-ൽ നിന്ന് നീക്കം ചെയ്തതായി നബാർഡ് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രവൃത്തി നടപ്പാക്കാനായില്ല. തുടർന്ന് ടെൻഡർ കാൻസലേഷൻ നടപടികൾ സ്വീകരിച്ചു.

(സി) പ്രസ്തുത പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട തുടർനടപടികൾ എന്തെല്ലാമെന്നും ഫണ്ട് ലഭ്യതയ്ക്കുള്ള സാധ്യതകൾ എങ്ങനെയെല്ലാമെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ അംഗീകാരം നിലവിൽ നബാർഡ് റദ്ദ് ചെയ്തതിനാൽ സ്ഥല ലഭ്യതയും ഫണ്ടിന്റെ ലഭ്യതയും RIDF-ന്റെ പുതുക്കിയ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ പുതിയ പദ്ധതി തയ്യാറാക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

മത്സ്യക്കൃഷി മേഖലയിലെ വൈവിധ്യവൽക്കരണം

343(1116) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യക്കൃഷി വ്യാപിപ്പിക്കുന്നതിനും മത്സ്യോൽപാദനം വർധിപ്പിക്കുന്നതിനുമായി സുഭിക്ഷകേരളം ജനകീയ മത്സ്യക്കൃഷി/സംസ്ഥാനാവിഷ്കൃത പദ്ധതികൾ/കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (പി.എം.എം.എസ്.വൈ.) പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി വിവിധ മത്സ്യക്കൃഷി രീതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ടി മത്സ്യക്കൃഷി രീതികൾക്കാവശ്യമായ ഗുണമേന്മയുള്ള മത്സ്യ വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഹാച്ചറികളിലെ മത്സ്യ വിത്തുൽപാദനം വർധിപ്പിക്കുന്നതിനായി പ്രവർത്തന ചെലവിനത്തിൽ തുക

അനുവദിക്കുന്നതിനും, നഴ്സറികൾ സ്ഥാപിക്കൽ, ഹാച്ചറികളുടെ പ്രവർത്തന മാനേജ്മെന്റ് എന്നീ പദ്ധതികൾക്കുമായി സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

1. ജനകീയ മത്സ്യകൃഷി (JMK) 2023-25 പദ്ധതി

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യകൃഷി വർധിപ്പിക്കുന്നതിനായി 2023-24 & 2024-25 സാമ്പത്തിക വർഷത്തേക്ക് 85.7723 കോടി രൂപയുടെ (മത്സ്യകൃഷി വികസനം 71.2558 കോടി രൂപ + മത്സ്യകൃഷി വിപുലീകരണ സേവനങ്ങൾ 14.5165 കോടി രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. അതുപ്രകാരം മത്സ്യകൃഷിരീതികളിലും മത്സ്യ ഇനങ്ങളിലുമുള്ള വൈവിധ്യവൽക്കരണം നടപ്പാക്കിവരുന്നു. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പരമ്പരാഗത മത്സ്യകൃഷികളായ 'ഒരു നെല്ലും ഒരു മീനും', കാർപ്പ് മത്സ്യകൃഷി, കുളങ്ങളിലെ ചെമ്മീൻ മത്സ്യക്കൃഷി, വിവിധ നൂതന സാങ്കേതികവിദ്യയിലൂടെയുള്ള ബയോഫ്ലോക്ക്, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (ആർ.എ.എസ്.), കൂടുകളിലെ മത്സ്യകൃഷി ഉൾപ്പെടെ

25 ഇനം മത്സ്യക്കൃഷി രീതികൾ നടപ്പാക്കിവരുന്നു. ഇതിനുപുറമെ മത്സ്യക്കൃഷിക്ക് അനുയോജ്യമായതും എന്നാൽ നിലവിൽ തരിശ് കിടക്കുന്നതുമായ പൊതുജലാശയങ്ങൾ/തോടുകൾ/കനാലുകൾ എന്നിവ വൃത്തിയാക്കി പരിസ്ഥിതി സൗഹൃദ രീതിയിൽ തടയണ കെട്ടിയും വലവളപ്പുകൾ നിർമ്മിച്ചും തദ്ദേശീയ മത്സ്യ വിത്ത് നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകളിലൂടെ പരിപാലനം നടത്തുന്നതിനായി 50 ഹെക്ടർ പ്രദേശത്ത് എംബാങ്ക്മെന്റ് മത്സ്യക്കൃഷിയും 40 എണ്ണം കൂടുകളിലെ, വലവളപ്പുകളിലെ കൃഷിയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. വനാമി ചെമ്മീൻ കൃഷിയുടെ വികസനം (Development of Vannamei Shrimp Farming)

സംസ്ഥാനത്ത് വനാമി ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഭരണാനുമതി നൽകിയ 'Development of Vannamei shrimp farming' പദ്ധതി അഡാക് മുഖേന നടപ്പാക്കി. പദ്ധതി പ്രകാരം കണ്ണൂർ, തൃശ്ശൂർ, കൊല്ലം ജില്ലകളിലായി തിരഞ്ഞെടുത്ത 97.31 ഹെക്ടർ ഫാമുകളിൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച് വനാമി ചെമ്മീൻ കൃഷി നടപ്പാക്കിയതിലൂടെ നടപ്പ് സാമ്പത്തിക വർഷത്തിൽ വിളവെടുപ്പ്

പൂർത്തിയാക്കിയ 65.30 ഹെക്ടറിൽനിന്നും 287.4 ടൺ ചെമ്മീൻ ഉൽപാദിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ 2023-25 ജനകീയ മത്സ്യക്കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി അഡാക് മുഖേന നടപ്പാക്കുന്ന വനാമി ചെമ്മീൻ കൃഷിക്ക് 594.23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ 65.93 ഹെക്ടറിൽനിന്നും 286.325 ടൺ വനാമി ചെമ്മീൻ ഉൽപാദിപ്പിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (പി.എം.എം.എസ്.വൈ.) പദ്ധതി (കേന്ദ്രാവിഷ്കൃത പദ്ധതി)

പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിലുൾപ്പെടുത്തി 2020-21 മുതൽ 219.61 കോടി രൂപ അടങ്കൽ തുക വരുന്ന പുതിയ കുളങ്ങളുടെ നിർമ്മാണം, ബയോഫ്ലോക്ക്, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (ആർ.എ.എസ്.), ചെറുകിട അലങ്കാര മത്സ്യ റിയറിങ് യൂണിറ്റ്, ഇടത്തരം അലങ്കാര മത്സ്യ റിയറിങ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യ റിയറിങ് യൂണിറ്റ്, ഓരുജലങ്ങളിലെ കൂടുകൃഷി തുടങ്ങിയ വിവിധ മത്സ്യക്കൃഷി പദ്ധതികളും നടപ്പാക്കിവരുന്നു. കൂടാതെ പി.എം.എം.എസ്.വൈ.

പദ്ധതിയിലുൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷം അഡാക് മുഖേന പത്തനംതിട്ട ജില്ലയിലെ കക്കി, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി, വയനാട് ജില്ലയിലെ കാരാപ്പുഴ, ബാണാസുരസാഗർ ജലസംഭരണികളിലായി 400 കൂടുകളിലെ മത്സ്യക്കൃഷിക്കായി 'Participatory Integrated Fisheries Development of selected Reservoirs in Kerala' എന്ന പദ്ധതിക്ക് 16 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നടപ്പാക്കുകയും 78.83 ടൺ മത്സ്യം ഉൽപാദിപ്പിക്കുകയും ചെയ്തു. 2021-22 വർഷം അഡാക് മുഖേന തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, ഇടുക്കി ജില്ലയിലെ ഇടുക്കി തൃശ്ശൂർ ജില്ലയിലെ പീച്ചി എന്നീ ജലസംഭരണികളിലായി 300 കൂടുകളിലെ മത്സ്യക്കൃഷിക്കായി "Participatory Integrated Fisheries Development of selected Reservoirs in Kerala Phase II' എന്ന പദ്ധതിക്ക് 10.8180 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേജുകൾ സ്ഥാപിക്കുകയും അതിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പുതുതായി ഈ മേഖലയിലേക്ക് കടന്നുവരുന്ന സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളും സഹായവുമാണ് സർക്കാർ നൽകുന്നത്?

പുതുതായി മത്സ്യക്കൃഷി മേഖലയിലേക്ക് കടന്നുവരുന്ന സംരംഭകരെ അനുയോജ്യമായ പദ്ധതികളിലുൾപ്പെടുത്തി വകുപ്പ് മുഖേന സാങ്കേതിക പരിശീലനം നൽകുന്നു. പി.എം.എം.എസ്.വൈ. പദ്ധതിയിൽ യൂണിറ്റ് കോസ്റ്റിന്റെ 40% തുക സബ്സിഡിയായി നൽകുന്നു. ജനകീയ മത്സ്യക്കൃഷി പദ്ധതി പ്രകാരം 70-100% മത്സ്യ വിത്ത്, 40% മത്സ്യത്തീറ്റ, ഓരുജല കുളങ്ങളിലെ മത്സ്യക്കൃഷിക്ക് ബണ്ട് നിർമ്മാണത്തിന് 40% സബ്സിഡിയും നൽകിവരുന്നു.

(സി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനും വൈവിധ്യവൽക്കരണം കൊണ്ടുവരുന്നതിനും എന്തെല്ലാം സഹായമാണ് ചെയ്യുവരുന്നത്; വിശദമാക്കാമോ?

ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൻ (SAF) മുഖേന മത്സ്യത്തിൽനിന്നും മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് യൂണിറ്റുകൾക്ക് ധനസഹായവും പരിശീലനവും നൽകിവരുന്നു. മത്സ്യകർഷകർക്കും

സംരംഭകർക്കും ആവശ്യാനുസരണം CIFT, NIFPHATT തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ പരിശീലനം നൽകുന്നു. മത്സ്യഫെഡ് മുഖേന എറണാകുളം ജില്ലയിൽ സ്ഥാപിച്ചിട്ടുള്ള Ice & Freezing Plant-ൽ മത്സ്യത്തിന്റെ മൂല്യവർധിത ഉൽപന്നങ്ങളായ fish cutlet, fish pickle, prawn roast, Dressed fish, Frozen IQF fish curry mix തുടങ്ങിയ ഉൽപന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്തുവരുന്നു. RIDF XXVIII-ൽ ഉൾപ്പെടുത്തി അനുവദിച്ച മത്സ്യഫെഡിന്റെ ചെങ്ങന്നൂർ മുളക്കുഴയിലെ മൂല്യവർധിത മത്സ്യ ഉൽപന്ന യൂണിറ്റ് ഉടനെ പ്രവർത്തനസജ്ജമാകുന്നതാണ്.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

344(1117) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതും നടപ്പാക്കാൻ

ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ജില്ലാ ഫിഷറീസ് ഓഫീസ് മുഖേന മത്സ്യക്കൃഷി മേഖലയിൽ ജനകീയ മത്സ്യക്കൃഷി പദ്ധതി, പി.എം.എം.എസ്.വൈ. എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ജനകീയ മത്സ്യക്കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളിലെ മത്സ്യക്കൃഷി, പടുതാക്കുളങ്ങളിലെ മത്സ്യക്കൃഷി, ബയോഫ്ലോക്ക്, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, കൂടുകൃഷി എന്നീ പദ്ധതികൾക്ക് മത്സ്യക്കുഞ്ഞുങ്ങളെ കർഷകർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ബാക്ക്യാർഡ് ഓർണമെന്റൽ യൂണിറ്റുകൾ, മീഡിയം സ്കെയിൽ ഓർണമെന്റൽ യൂണിറ്റുകൾ, ബയോഫ്ലോക്ക്, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം എന്നീ പദ്ധതികൾക്ക് സബ്സിഡി അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലാ ഫിഷറീസ് ഓഫീസ് മുഖേന നടപ്പാക്കിയ വ്യക്തിഗത ഗുണഭോക്താക്കളുടെ ഓരോ പദ്ധതിയുടെയും യൂണിറ്റുകൾ നല്ല രീതിയിൽ

പ്രവർത്തിച്ചുവരുന്നു. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

അഴീക്കോട് ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണം

345(1118) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ അഴീക്കോട് അഴിമുഖത്തിനോട് അനുബന്ധിച്ച് പൂച്ചക്കടവ് പ്രദേശത്ത് ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണത്തിനായി സ്ഥലമെടുപ്പ് നടത്തിയിട്ടുള്ളതിനാലും അഴീക്കോട് അഴിമുഖവുമായി ബന്ധപ്പെട്ട് ധാരാളം മത്സ്യബന്ധന തൊഴിലാളികളും മത്സ്യബന്ധന ബോട്ടുകളും പ്രവർത്തിക്കുന്നതിനാലും ഇവർക്ക് ഏറെ ആശ്വാസകരമായി മാറുന്ന ഫിഷ് ലാൻഡിങ് സെന്റർ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിച്ചിരിക്കുന്നത്;

(ബി) ഇതുമായി ബന്ധപ്പെട്ട പ്രവർത്തന റിപ്പോർട്ട് നൽകാമോ?

(എ&ബി) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ നിലവിലുള്ള അഴീക്കോട് ഫിഷ് ലാൻഡിങ് സെന്ററിന്റെ വികസന പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ 20 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (പി.എം.എം.എസ്.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. പദ്ധതി പ്രൊപ്പോസൽ പരിശോധിച്ചതിൽ കേന്ദ്ര സർക്കാർ ഏജൻസിയായ CICEF-ന്റെ നിരീക്ഷണത്തിന് വിധേയമായി പുതുക്കിയ വിശദമായ പദ്ധതി രൂപരേഖ പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയിരുന്നു. എന്നാൽ പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന പദ്ധതിയിൽ മറ്റ് പദ്ധതികൾകൂടി നടപ്പാക്കുന്നതിനാൽ 2024-25 സാമ്പത്തിക വർഷത്തിൽ അഴീക്കോട് ഫിഷ് ലാൻഡിങ് സെന്ററിന്റെ വികസന പ്രവർത്തനങ്ങൾ പരിഗണിക്കുന്നത്

ഉറപ്പില്ലാത്തതിനാൽ വിവിധ ഘടകങ്ങൾകൂടി ഉൾപ്പെടുത്തി 29.10 കോടി രൂപയുടെ അഴീക്കോട് ഫിഷ് ലാൻഡിങ് സെന്ററിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഒരു പ്രൊപ്പോസൽ NABARD–RIDF XXX പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകുന്നതിന് സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതികൾക്ക് NABARD–RIDF XXX-ൽ അംഗീകാരം ലഭിച്ചില്ല. അതിനാൽ പദ്ധതി രൂപരേഖ പുതുക്കി NABARD–RIDF XXXI സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

സംസ്ഥാനത്തെ മത്സ്യോൽപാദനം വർധിപ്പിക്കാൻ "അഡാക്"

346(1119) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യക്കൃഷിയിലൂടെ സംസ്ഥാനത്തെ മത്സ്യോൽപാദനം വർധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സ്ഥാപിതമായ ജലകൃഷി വികസന ഏജൻസി (അഡാക്)-യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ

വിശദമാക്കുമോ?

അഡാക്കിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ അക്വാകൾച്ചർ പ്രവർത്തനങ്ങളുടെ വികസനത്തിനായി ഫിഷറീസ് വകുപ്പിന് കീഴിൽ 1989-ൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്ന ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (ADAK) കഴിഞ്ഞ വർഷത്തിൽ ലാഭം കൈവരിച്ചു. 2023-24 സാമ്പത്തിക വർഷം 4,31,72,919.23 രൂപയുടെ അറ്റാദായം നേടി. ജനകീയ മത്സ്യക്കൃഷി പദ്ധതിയുടെ ഭാഗമായ വനാമി ചെമ്മീൻ കൃഷിയിലൂടെയും വിവിധ ഹാച്ചറികളിലെ കരിമീൻ ഉൾപ്പെടെയുള്ള മത്സ്യവിത്തുകളുടെ ഉൽപാദനത്തിലൂടെയും കൈവരിച്ച നേട്ടമാണ് അഡാക്കിനെ ലാഭത്തിലാക്കാൻ സഹായിച്ചത്. 2012 മുതലുള്ള അഡാക്കിന്റെ വരവുചെലവ് കണക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+] മത്സ്യത്തിന്റെയും മത്സ്യക്കുഞ്ഞുങ്ങളുടെയും ഉൽപാദനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മത്സ്യോൽപാദനം (ടൺ)

2020-21	2021-22	2022-23	2023-24	2024 ഡിസംബർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

				വരെ
34.407	27.19	36.26	50.20	50.28

മത്സ്യവിത്തുൽപാദനം (ലക്ഷം – എണ്ണത്തിൽ)

2020-21	2021-22	2022-23	2023-24	2024 ഡിസംബർ വരെ
147.28	216.06	372.82	434.30	217.00

അഡാക് മുഖേന നടപ്പാക്കുന്ന പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) റിസർവോയറുകളിലെ കൂടുകൃഷി:- പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി റിസർവോയറുകളിലെ കൂടുകൃഷി പദ്ധതി ഒന്നാംഘട്ടത്തിൽ 2020-21 വർഷം പത്തനംതിട്ട ജില്ലയിലെ കക്കി, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി, വയനാട് ജില്ലയിലെ കാരാപ്പുഴ, ബാണാസുരസാഗർ എന്നീ 4 ജലസംഭരണികളിലും രണ്ടാംഘട്ടത്തിൽ 2021-22 വർഷം തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, ഇടുക്കി ജില്ലയിലെ ഇടുക്കി, തൃശ്ശൂർ ജില്ലയിലെ പീച്ചി എന്നീ ജലസംഭരണികളിലും കൂടുകൃഷി പദ്ധതിക്കായി യഥാക്രമം 16 കോടി രൂപയുടെയും 10.8180 കോടി രൂപയുടെയും ഭരണാനുമതി നൽകി. മത്സ്യക്കൂടുകളിൽ നൈൽ തിലാപ്പിയ,

കരിമീൻ, വരാൽ തുടങ്ങിയ ഇനങ്ങളിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ സംഭരിച്ച് പരിപാലിച്ചുവരുന്നു.

2) വനാമി ചെമ്മീൻ കൃഷി: ജനകീയ മത്സ്യക്കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി വനാമി ചെമ്മീൻ കൃഷി നടപ്പാക്കുന്നതിന്റെ ഭാഗമായി 65.93 ഹെക്ടർ കൃഷി സ്ഥലങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം പൂർത്തിയാക്കി 286.325 ടൺ ചെമ്മീൻ ഉൽപാദിപ്പിച്ചു. കൂടാതെ 2022-23 സാമ്പത്തിക വർഷത്തിൽ കണ്ണൂർ, തൃശ്ശൂർ, കൊല്ലം ജില്ലകളിലായി തിരഞ്ഞെടുത്ത 97.31 ഹെക്ടർ ഫാമുകളിൽ ആരംഭിച്ച വനാമി ചെമ്മീൻ കൃഷിയിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ വിളവെടുപ്പ് പൂർത്തിയാക്കിയ 65.30 ഹെക്ടറിൽനിന്നും 287.4 ടൺ ചെമ്മീൻ ഇതുവരെ ഉൽപാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സർക്കാരിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഏതെല്ലാം ഫാമുകളും ഹാച്ചറികളുമാണ് അഡാക്കിന് കൈമാറിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന ചുവടെ പറയുന്ന ഹാച്ചറികൾ അഡാക്കിന് താൽക്കാലികമായി കൈമാറിയിട്ടുണ്ട്.

1. ഫിഷ് സീഡ് ഫാം, കുളത്തുപ്പുഴ, കൊല്ലം
2. ഷ്രിംപ് ഹാച്ചറി, നീണ്ടകര, കൊല്ലം
3. ഫിഷ് സീഡ് ഫാം, പീച്ചി, തൃശ്ശൂർ
4. ഫിഷ് സീഡ് ഫാം, ഉള്ളനം, പരപ്പനങ്ങാടി, മലപ്പുറം
5. ഫിഷ് സീഡ് ഫാം, കേരള റിസർവോയർ പ്രോജക്ട്, കല്ലാനോട്, കോഴിക്കോട്.

(സി) അഡാക്കിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കുമോ?

അഡാക്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു.

(i) വനാമി ചെമ്മീൻ കൃഷി:- ഉയർന്ന സ്റ്റോക്കിങ് സാന്ദ്രതയ്ക്ക് അനുയോജ്യമായിട്ടുള്ള വനാമി ചെമ്മീനിന്റെ എസ്.പി.എഫ്. ലാർവകളുടെ ലഭ്യത സംസ്ഥാനത്തിന്റെ അക്വാകൾച്ചർ പ്രവർത്തനങ്ങൾ വർധിപ്പിക്കുന്നതിന് വളരെയധികം സഹായകരമാണ്. ഇതിന്റെ ഭാഗമായി അഡാക്കിന്റെ നിയന്ത്രണത്തിലുള്ള ആയിരംതെങ്ങ് ഫാമിലെ 4 ഹെക്ടർ, പൊയ്യ ഫാമിലെ 10 ഹെക്ടർ, ഞാറയ്ക്കൽ ഫാമിലെ 0.6 ഹെക്ടർ, എരഞ്ഞോളി

ഫാമിലെ 3 ഹെക്ടർ എന്നിങ്ങനെ വിസ്തീർണ്ണമുള്ള കുളങ്ങളിൽ വനാമി ചെമ്മീൻ കൃഷി കൂടുതൽ വ്യാപകമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി അടിസ്ഥാനസൗകര്യ വികസന ഇനത്തിൽ 5 കോടി രൂപയുടെയും ആവർത്തന ചെലവ് ഇനത്തിൽ 4 കോടി രൂപയുടെയും ചെലവുകളാണ് വകയിരുത്തിയിരിക്കുന്നത്. ഇതിനാവശ്യമായ തുക അഡാക്കിന്റെ സ്വന്തം വരുമാനത്തിൽനിന്നും സമുദ്ര ഉൽപ്പന്ന കയറ്റുമതിക്കാരിൽനിന്നും കരാർ ഫാമിങ്ങിന്റെ ഭാഗമായി ലഭിക്കുന്ന മുൻകൂർ തുകയിൽനിന്നുമാണ് കണ്ടെത്തുന്നത്.

(ii) <u>കല്ലുമ്മക്കായ കൃഷി:-</u> വേനൽക്കാലത്തെ ഉയർന്ന ലവണാംശവും നല്ല നീരൊഴുക്കുമുള്ളതിനാൽ അഡാക്കിന്റെ നിയന്ത്രണത്തിലുള്ള ആയിരംതെങ്ങ്, ഇടക്കൊച്ചി, ഞാറയ്ക്കൽ, പൊയ്യ, കടപ്പുറം, എരഞ്ഞോളി എന്നീ യൂണിറ്റുകളിൽ കല്ലുമ്മക്കായ കൃഷിക്ക് വളരെയേറെ സാധ്യതയുണ്ട്. ഇതിന്റെ ഭാഗമായി ഓരോ യൂണിറ്റിനും റാക്ക് ഫാബ്രിക്കേഷൻ ഇനത്തിൽ 50,000/- രൂപയും പ്രവർത്തന ചെലവിനത്തിൽ 90,000/- രൂപയും പ്രതീക്ഷിക്കുന്നു. അതുപ്രകാരം ഒരു യൂണിറ്റിൽനിന്നും 6,60,000/- രൂപയുടെ അധിക

വരുമാനം പ്രതീക്ഷിക്കുന്നു.

(iii) തദ്ദേശീയ മത്സ്യ ഇനങ്ങളുടെ വിത്തുൽപാദനം:- മത്സ്യകർഷകർക്ക് പ്രിയമേറിയതും ഏറെ വികസന സാധ്യതകൾ ഉള്ളതുമായ കരിമീൻ, വരാൽ, അനാബാസ് മുതലായ തദ്ദേശീയ മത്സ്യ ഇനങ്ങളുടെ വിത്തുൽപാദനം അഡാക്കിന്റെ നിയന്ത്രണത്തിലുള്ള കുളത്തുപ്പുഴ, പീച്ചി, ഉള്ളനം, കല്ലാനോട് എന്നീ ഹാച്ചറികളിൽ വ്യാപകമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുക

347(1120) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024-25 സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പിന് വിവിധ ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽ ചെലവഴിച്ച തുകയും പ്ലാൻ, നോൺ-പ്ലാൻ ഇനങ്ങൾ തിരിച്ച് വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പിന് വിവിധ പ്ലാൻ

ശീർഷകങ്ങളിലായി 33129 ലക്ഷം രൂപയും വിവിധ നോൺ-പ്ലാൻ ശീർഷകങ്ങളിലായി 12977.75 ലക്ഷം രൂപയും ബജറ്റ് വിഹിതം ലഭ്യമായിട്ടുണ്ട്. 2025 ഫെബ്രുവരി 4 വരെ പ്ലാൻ ശീർഷകങ്ങളിൽ 20112.11 ലക്ഷം രൂപയും നോൺ-പ്ലാൻ ശീർഷകങ്ങളിൽ 10884.18 ലക്ഷം രൂപയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ 2024-25 സാമ്പത്തിക വർഷം ഹാർബർ എഞ്ചിനീയറിങ് വകുപ്പിന്, ഫിഷറീസ് സെക്ടറിന് കീഴിൽ വിവിധ ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും നാളിതുവരെയുള്ള ചെലവും വിശദമാക്കികൊണ്ടുള്ള സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.+

ധാതു ഖനനം

348(1121) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മൈനിങ് വകുപ്പ് പുറപ്പെടുവിച്ച ഓഫ്ഷോർ ധാതു ഖനന ടെൻഡർ പ്രകാരം കേരളത്തിലെ ഏതൊക്കെ തീരദേശ മേഖലകളിലാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധാതു ഖനനം നടപ്പാക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

കേന്ദ്ര മൈനിങ് വകുപ്പ് പുറപ്പെടുവിച്ച ഓഫ്ഷോർ ധാതു ഖനന ടെൻഡർ പ്രകാരം കേരളത്തിലെ വർക്കല മുതൽ അമ്പലപ്പുഴ വരെ 85 കിലോമീറ്ററിലായും 3300 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലും പരന്നുകിടക്കുന്ന കൊല്ലം പരപ്പ് എന്ന കൊല്ലം ഫിഷിങ് ബാങ്കിൽ ആണ് ആദ്യഘട്ടത്തിൽ ധാതു ഖനനം നടപ്പാക്കുന്നത്. സംസ്ഥാന മൈനിങ് ആൻഡ് ജിയോളജി വകുപ്പിൽനിന്നുള്ള റിപ്പോർട്ട് പ്രകാരം, 2002-ലെ ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ടിലെ മാനദണ്ഡങ്ങളും വ്യവസ്ഥകളും അവയിൽ 2023-ൽ വരുത്തിയ ഭേദഗതി സംസ്ഥാനങ്ങളുടെ താല്പര്യങ്ങൾ പൂർണ്ണമായും കണക്കിലെടുത്തിട്ടില്ല. ധാതു സമ്പത്തിന്റെ ഖനനത്തിലൂടെ ലഭിക്കുന്ന റോയൽറ്റി പൂർണ്ണമായും കേന്ദ്ര സർക്കാരിന് ഉള്ളതുമാണ് (സെക്ഷൻ 16). മാത്രമല്ല 2023-ലെ ഭേദഗതിയിലൂടെ (സെക്ഷൻ 5) സ്വകാര്യമേഖലയ്ക്കുകൂടി ഖനനമേഖലയിൽ പങ്കാളിത്തം നൽകപ്പെട്ടിട്ടുള്ളതാണ്. ആക്ടിലെ

പോരായ്മയും പരിമിതികളും ആക്ടിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ടുള്ള അഭിപ്രായ സ്വരൂപണ വേളയിൽ സംസ്ഥാനത്തിന്റെ ശക്തമായ വിയോജിപ്പ് കേന്ദ്രത്തെ അറിയിച്ചിരുന്നു. കൂടാതെ ഓഫ്ഷോർ ധാതുക്കളുടെ ഖനനവുമായി ബന്ധപ്പെട്ടുള്ള ആക്ടിന്റെ ഭേദഗതിയിൽ പാരിസ്ഥിതിക ഘടകങ്ങളെ പരിഗണിക്കുന്നില്ല എന്നുള്ളതും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. മുമ്പ് ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ, ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ്, അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് എന്നീ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലായിരുന്ന ഓഫ്ഷോർ പര്യവേക്ഷണങ്ങളും ഖനനവും നടന്നുവന്നിരുന്നത്. എന്നാൽ 2023-ലെ ഭേദഗതിയിൽ (സെക്ഷൻ 5(2)) ഈ അധികാരം നീക്കം ചെയ്തിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ 11-01-2025-ൽ കൊച്ചി റിനൈ ഹോട്ടലിൽ നടത്തിയ റോഡ് ഷോയിൽ കേന്ദ്ര മൈൻസ് സെക്രട്ടറി ശ്രീ. കാന്തറാവു ഐ.എ.എസ്. മുൻപാകെ ഇൻഡസ്ട്രീസ് പ്രിൻസിപ്പൽ സെക്രട്ടറി അവതരിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ നയപരമായ നിലപാടും നിലവിലെ

ആശങ്കകളും ഓഫ്ഷോർ മിനറൽ ഡ്രെഡ്ജിങ് ഉയർത്താവുന്ന വിവിധ പാരിസ്ഥിതികവും സാമൂഹികവുമായ വിഷയങ്ങളും അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യം 2025 ജനുവരി 19-ന് ഒറീസ്സയിലെ ഭുവനേശ്വറിൽ നടന്ന അറുപത്തിനാലാമത് സെൻട്രൽ ജിയോളജിക്കൽ പ്രോഗ്രാമിങ് ബോർഡിൽ ചർച്ചയ്ക്ക് വരികയും കേന്ദ്ര ഖനി സെക്രട്ടറിയായ ശ്രീ. കാന്തറാവു ഐ.എ.എസ്. ടി വിഷയത്തിൽ കേരളത്തിന് ഉൽകണ്ഠയുള്ള കാര്യം അറിയിച്ചിട്ടുണ്ട്. തുടർന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി എന്ന സ്ഥാപനത്തോട്, ഓഫ്ഷോർ മൈനിങ് സംബന്ധിച്ച പാരിസ്ഥിതിക വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മത്സ്യമേഖലയെ സാരമായി ബാധിക്കുന്ന പ്രസ്തുത ധാതു ഖനനത്തിലെ സർക്കാരിന്റെ എതിർപ്പ് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

കടൽ ഖനനം ഏറെ സാമ്പത്തിക മുതൽമുടക്കും സാങ്കേതിക പിൻബലവും ആവശ്യമുള്ള മേഖലയാണ്. ഈ മേഖലയിലേക്ക് കടന്നുവരുന്നത് തീർച്ചയായും വൻകിട കുത്തക കമ്പനികളായിരിക്കും. വൻകിട കമ്പനികളുടെ ലാഭത്തിനായി പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണ മാർഗവും സാധാരണ ജനങ്ങളുടെ പോഷക സ്രോതസ്സും ഇല്ലാതാക്കുന്നത് തീരപ്രദേശത്ത് അരക്ഷിതാവസ്ഥയ്ക്ക് കാരണമാകുമെന്ന കാര്യത്തിൽ സംശയമില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് സംസ്ഥാനത്തിന്റെയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും ആശങ്കകൾ ഫിഷറീസ് വകുപ്പ് കൃത്യമായി കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ കടലിന്റെ അടിത്തട്ടിലെ ധാതു ഖനനം ടെറിട്ടോറിയൽ മേഖല, പ്രത്യേക സാമ്പത്തിക മേഖല (Exclusive Economic Zone), ആഴക്കടൽ മേഖല എന്നിവിടങ്ങളിലാണ് നടക്കുന്നത്. ഈ പ്രദേശത്തുള്ള കടൽ ഖനനം നമ്മുടെ നാട്ടിലെ കടൽ, കായൽ മത്സ്യബന്ധന മേഖലയെ പൂർണ്ണമായും ഇല്ലാതാക്കും. കടൽ ഖനനത്തിനായും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കുമായും തീരക്കടലിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്തുന്ന നിരവധി കപ്പലുകൾ/ബോട്ടുകൾ എന്നിവ മത്സ്യബന്ധനത്തിന് അസൗകര്യം സൃഷ്ടിക്കുകയും തീരക്കടലിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും അവരുടെ യാനങ്ങളുടെയും സുരക്ഷയെ നേരിട്ട് ബാധിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ തൊഴിലിടങ്ങൾ നഷ്ടപ്പെടുത്തുന്നതിനും ഹേതുവാകും. അടിത്തട്ടിലെ ധാതു ഖനനം കടലിലെയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യ ഉൽപാദനം ഗണ്യമായി കുറയാനും കാരണമാകും. താരതമ്യേന വിലകുറഞ്ഞ മാംസ്യ സ്രോതസ്സായ മത്സ്യത്തിന്റെ ലഭ്യതക്കുറവ് പൊതുജന ആരോഗ്യത്തെ നേരിട്ട് ബാധിക്കും. ധാതു ഖനനം കടലിന്റെ അടിത്തട്ടിൽ അധിശോഷണാവസ്ഥയിൽ അടിഞ്ഞുകൂടിയ വിഷവാതകങ്ങളെ സ്വതന്ത്രമാക്കുന്നതിന് ഇടയാക്കുന്നു. ഇത് കടൽ ജലത്തിന്റെ മലിനീകരണത്തിനും അതുമൂലം മത്സ്യങ്ങൾ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെ വ്യാപകമായ നാശത്തിനും കാരണമാകും. അതുപോലെ അടിത്തട്ടിലെ ധാതു ഖനനം കടൽ ജലം കലങ്ങുന്നതിന് കാരണമാകുന്നു. ഇത് കടലിലെ പ്രകാശിത മേഖലയുടെ (കടലിലെ ജലത്തിൽ പ്രകാശ രശ്മികൾ എത്തിച്ചേരുന്ന ആഴ പ്രദേശം) ശോഷണത്തിന്

ഹേതുവാകുന്നു. പ്രകാശിത മേഖലയുടെ ശോഷണം കടലിലെ പ്രകാശസംശ്ലേഷണത്തിന്റെ തോത് (പ്രാഥമിക ഉൽപാദനം) ഗണ്യമായി കുറയാൻ കാരണമാകുന്നു. കടലിലെ പ്രാഥമിക ഉൽപാദനമാണ് മത്സ്യങ്ങൾ ഉൾപ്പെടെയുള്ള സകല ജന്തുജാലങ്ങളുടെയും നിലനിൽപ്പിനുള്ള ആധാരം. അതിനാൽ കടൽ വെള്ളത്തിലെ കലക്കൽമൂലം മത്സ്യ ലഭ്യത നന്നേ കുറയാനും കാരണമാകും.

തീരദേശ സ്കൂളുകളുടെ വികസനം

349(1122) ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. നൗഷാദ്:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം മുതൽ നാളിതുവരെ എത്ര തീരദേശ സ്കൂളുകളുടെ വികസനമാണ് മത്സ്യബന്ധന വകുപ്പ് വഴി ഏറ്റെടുത്ത് നടപ്പാക്കിയത്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി

മത്സ്യബന്ധന വകുപ്പ്, കിഫ്ബി എന്നിവയുടെ ധനസഹായത്തോടെ നിർമ്മിച്ചതും, നിർമ്മാണത്തിലിരിക്കുന്നതുമായ സ്കൂളുകൾ എതെല്ലാമാണ്; വിശദമാക്കുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) തീരദേശ സ്കൂളുകളുടെ അടിസ്ഥാനസൗകര്യവികസന ആവശ്യങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം സർക്കാർതലത്തിൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

തീരദേശ മേഖലയിൽ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളുടെ സമഗ്ര വികസനം സംബന്ധിച്ച പ്രാഥമിക പഠനത്തിനായി സി.എം.ഡി.-യെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തദ്ദേശീയ മത്സ്യങ്ങളുടെ പ്രജനനത്തിനായുള്ള പദ്ധതികൾ

350(1123) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വംശനാശ ഭീഷണി നേരിടുന്ന തദ്ദേശീയ മത്സ്യങ്ങളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രജനനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

തദ്ദേശീയ മത്സ്യങ്ങളുടെ പ്രജനനത്തിനായി കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ ആസൂത്രണ ധനസഹായത്തിന് കീഴിൽ വംശനാശഭീഷണിയിലുള്ള തദ്ദേശീയ മത്സ്യ ഇനമായ 'മഞ്ഞക്കൂരി'-യുടെ കൃത്രിമ പ്രജനന സാങ്കേതികവിദ്യ കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല വികസിപ്പിച്ചെടുക്കുകയും ചാലക്കുടി നദിയിലെ പെരിങ്ങൽക്കുത്ത് അണക്കെട്ട്, ശാസ്താംകോട്ട തടാകം എന്നിവിടങ്ങളിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. വംശനാശഭീഷണി നേരിടുന്ന നാടൻ മത്സ്യങ്ങളുടെ വിത്തുൽപാദന സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനുള്ള സർവകലാശാലയുടെ ഒരു പദ്ധതിക്ക് കേരള ജൈവവൈവിധ്യ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നാടൻ മത്സ്യങ്ങളുടെ സംരക്ഷണത്തിനും ഉപജീവനത്തിനുമുതകുന്ന രീതിയിൽ ഇടമലയാർ വനമേഖലയിൽ വനം-വന്യജീവി വകുപ്പ്, വിദ്യുച്ഛക്തി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ഒരു

തദ്ദേശീയ മത്സ്യ വിത്തുൽപാദനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ സർവകലാശാല നടത്തിയിട്ടുണ്ട്.

മറൈൻ ആംബുലൻസ് സർവീസ്

351(1124) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് അപകടം സംഭവിക്കുമ്പോൾ ആരോഗ്യസേവനം ഉറപ്പാക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച മറൈൻ ആംബുലൻസ് സർവീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എത്ര മറൈൻ ആംബുലൻസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

(എ&ബി) ഉണ്ട്. ഓഖി പോലുള്ള അടിയന്തര സാഹചര്യങ്ങളിൽ കടലിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര രക്ഷാപ്രവർത്തനം നടത്തി കരയിലെത്തിക്കുക, അവർക്ക് പ്രഥമ ശുശ്രൂഷ

നൽകുക എന്നീ ലക്ഷ്യവുമായിട്ടാണ് മൈൻ ആംബുലൻസ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. സംസ്ഥാനത്തെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 ജില്ലകളിലായി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ 3 മൈൻ ആംബുലൻസുകൾ പ്രവർത്തിപ്പിക്കുന്നതിന് തീരുമാനിക്കുകയും അതിന്റെയടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ ഷിപ്പ്യാർഡ് മുഖേന ടി 3 ആംബുലൻസുകൾ നിർമ്മിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. മൊബൈൽ മോർച്ചറി, ബെഡുകൾ, അത്യാവശ്യ മരുന്നുകൾ മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയവ മൈൻ ആംബുലൻസുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

അജാന്തർ മത്സ്യബന്ധന തുറമുഖം

352(1125) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ അജാന്തർ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന്

വിശദമാക്കാമോ?

(എ&ബി) ഉണ്ട്. കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ അജാനൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി CWPRS, പൂനെ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 200 കോടി രൂപയുടെ പുതുക്കിയ പദ്ധതി രൂപരേഖ 15-01-2025-ന് ചേർന്ന State Level Approval And Monitoring Committee (SLAMC) യോഗത്തിൽ പരിഗണിക്കുകയും പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിൽ (പി.എം.എം.എസ്.വൈ.) ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി 24-01-2025-ന് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം

353(1126) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന ഭൗതിക

സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെ എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(എ&ബി) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി Special Assistance to States for Capital Investment പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം ഹാർബർ ബ്രിഡ്ജ് നിർമ്മാണത്തിനായി 28 കോടി രൂപയും ബെർത്തിങ് ഫെസിലിറ്റിക്കായി 6.89 കോടി രൂപയുടെയും പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

തീരദേശ റോഡുകളുടെ നവീകരണം

354(1127) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ റോഡുകൾ നവീകരിക്കുന്നതിനും യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി എത്ര റോഡുകൾക്കാണ് 2024-25 വർഷത്തിൽ സർക്കാർ ഫണ്ട് അനുവദിച്ചിട്ടുള്ളത്; നിയോജകമണ്ഡലാടിസ്ഥാനത്തിൽ റോഡുകളുടെ പേര്, അനുവദിച്ച തുക എന്നിവ ലഭ്യമാക്കാമോ?

തീരദേശ റോഡുകൾ നവീകരിക്കുന്നതിനും യാത്രാ ക്ലേശം പരിഹരിക്കുന്നതിനുമായി തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തികവർഷത്തിൽ 167 റോഡ് പ്രവൃത്തികൾക്കായി 95.11 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. റോഡുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

കാസർഗോഡ് തീരദേശ റോഡുകളുടെ പുനരുദ്ധാരണം

355(1128) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പ് സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഫണ്ട് അനുവദിച്ച് ഭരണാനുമതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമാക്കിയ പ്രവൃത്തികളുടെ വിശദ വിവരങ്ങൾ നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

തീരദേശ റോഡ് നവീകരണത്തിനുള്ള പദ്ധതി

356(1129) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ 2021-22 മുതൽ നാളിതുവരെ ഏതെല്ലാം തീരദേശ റോഡുകളുടെ നവീകരണത്തിനുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ട്;

(ബി) അവയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹാർബർ എഞ്ചിനീയറിങ് വകുപ്പ് സ്വീകരിക്കുന്നതാണ്.

തീരദേശ റോഡുകളുടെ പുനരുദ്ധാരണം

357(1130) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിന് കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുന്നുണ്ടോ; എങ്കിൽ കഴിഞ്ഞ 8 വർഷക്കാലം കേന്ദ്രത്തിൽനിന്നും ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ വിഹിതം പ്രസ്തുത പദ്ധതിയിൽ ഉണ്ടെങ്കിൽ കഴിഞ്ഞ എട്ട് വർഷക്കാലം സർക്കാർ നീക്കിവച്ച തുക, തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച തുക എന്നിവ എത്രയാണെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതും ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്തതുമായ റോഡുകളുടെ പേരും വർഷവും നിയോജകമണ്ഡലവും

തിരിച്ച് വ്യക്തമാക്കാമോ?

(എ-സി) തീരദേശ റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിന് കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുന്നില്ല. എന്നാൽ തീരദേശ റോഡുകൾ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 കാലയളവിൽ 97.50 കോടി രൂപയും 2017-18, 2018-19, 2019-20 കാലയളവിൽ 100 കോടി രൂപ വീതവും 2020-21, 2021-22 കാലയളവിൽ 80 കോടി രൂപ വീതവും 2022-23 കാലയളവിൽ 84 കോടി രൂപയും 2023-24 കാലയളവിൽ 88.20 കോടി രൂപയും 2024-25 കാലയളവിൽ 92.61 കോടി രൂപയും സംസ്ഥാന സർക്കാർ ബജറ്റിൽ നീക്കി വച്ചിരുന്നു. അപ്രകാരം പ്രസ്തുത ഫണ്ട് ഉപയോഗിച്ച് തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് നിയോജകമണ്ഡലം തിരിച്ച് അനുവദിച്ച തുകയുടെ വിശദാംശങ്ങളും നിർമ്മാണം പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതും ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്തതുമായ റോഡുകളുടെ പേരും വർഷവും നിയോജകമണ്ഡലവും തിരിച്ചുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുണ്ടറ നിയോജകമണ്ഡലത്തിലെ ഫിഷറീസ് റോഡുകളുടെ പ്രവർത്തനപുരോഗതി

358(1131) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലേക്ക് അനുവദിച്ചിട്ടുള്ള ഫിഷറീസ് റോഡുകളുടെ നിലവിലെ നിർമ്മാണ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളിൽ ഉത്തരവായിട്ടും നിർമ്മാണം ആരംഭിക്കാത്തതും പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാക്കാത്തതുമായ പ്രവൃത്തികൾ ഇനം തിരിച്ച് ഏതൊക്കെയാണെന്നും അത് പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്തൊക്കെയാണെന്നും വിശദമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ

359(1132) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും അതുവഴി വരുമാന ചോർച്ച പരിഹരിക്കുന്നതിനും മത്സ്യഫെഡ് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് അടിസ്ഥാനത്തിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിനായി 9 ജില്ലകളിലായി 13 മണ്ണെണ്ണ ബങ്കുകൾ മത്സ്യഫെഡിന്റെ അധീനതയിൽ പ്രവർത്തിച്ചുവരുന്നു. യാനങ്ങളുടെ എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച് പ്രതിമാസം സബ്സിഡി നിരക്കിൽ അനുവദിക്കുന്ന പരമാവധി മണ്ണെണ്ണ 10 HP വരെയുള്ള എഞ്ചിനുകൾക്ക് 140 ലിറ്റർ വീതവും 10 മുതൽ 15 HP വരെയുള്ള എഞ്ചിനുകൾക്ക് 150 ലിറ്റർ വീതവും 15 HP-ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 190 ലിറ്റർ വീതവുമാണ്. ഇപ്രകാരം അനുവദിക്കുന്ന മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25/- രൂപ നിരക്കിൽ സബ്സിഡി തുക മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഡി.ബി.റ്റി.

ആയി ഓരോ മാസവും ലഭ്യമാക്കി വരുന്നു. കൂടാതെ വിപണി നിരക്കിൽ 10 HP വരെയുള്ള എഞ്ചിനുകൾക്ക് 371 ലിറ്റർ വീതവും 10 മുതൽ 15 HP വരെയുള്ള എഞ്ചിനുകൾക്ക് 614 ലിറ്റർ വീതവും 15 HP-ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 820 ലിറ്റർ വീതവും മണ്ണെണ്ണ മത്സ്യത്തൊഴിലാളികളുടെ ആവശ്യപ്രകാരം നൽകിവരുന്നു.

(ബി) നിലവിൽ മത്സ്യഫെഡ് വഴി എത്ര രൂപയാണ് മണ്ണെണ്ണ സബ്സിഡി നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ?

മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകൾ വഴി പെർമിറ്റ് അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്ന വെള്ള മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25/- രൂപ നിരക്കിലാണ് നിലവിൽ സബ്സിഡിയായി സർക്കാർ അനുവദിച്ചുവരുന്നത്.

(സി) 2010 മുതൽ നാളിതുവരെ എത്ര തവണ മണ്ണെണ്ണ സബ്സിഡി വർധിപ്പിച്ചുവെന്ന വിവരം നൽകാമോ?

മണ്ണെണ്ണയ്ക്ക് സബ്സിഡി നൽകുന്ന പദ്ധതി ആരംഭിച്ചത് മുതൽ ലിറ്ററിന് 25/- രൂപ നിരക്കിലാണ് സബ്സിഡി തുക നൽകി വരുന്നത്.

സംസ്ഥാനത്തിനാവശ്യമായ അത്രയും അളവ് മണ്ണെണ്ണ നിലവിൽ

കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്നില്ല. കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ച് നൽകുന്ന സബ്സിഡിരഹിത മണ്ണെണ്ണ വർധിച്ച തോതിൽ ലഭ്യമാക്കിയും അതോടൊപ്പം മത്സ്യഫെഡിന് മണ്ണെണ്ണയുടെ മൊത്തവിതരണത്തിനുള്ള ഡീലർഷിപ്പ് അനുവദിച്ചുകൊണ്ടും മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന സബ്സിഡി വർധിപ്പിച്ച് നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ മേല്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽനിന്നും ഇതേവരെ ലഭിച്ചിട്ടില്ല.

ജനകീയ മത്സ്യക്കൃഷി പദ്ധതി

360(1133) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ മത്സ്യക്കൃഷിക്കായി നടപ്പ് സാമ്പത്തിക വർഷം എന്ത് തുകയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്?

മത്സ്യക്കൃഷി വികസന പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ 2405-00-101-54 OC (P) എന്ന ശീർഷകത്തിൽ 6750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ശീർഷകത്തിലാണ് ജനകീയ മത്സ്യക്കൃഷി പദ്ധതി ഉൾപ്പെടുന്നത്.

(ബി) എന്ത് തുകയ്ക്കുള്ള ഭരണാനുമതിയാണ് ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഈ സാമ്പത്തിക വർഷത്തെ ജനകീയ മത്സ്യക്കൃഷി പദ്ധതി നടത്തിപ്പിനായി 4751.13 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ജനകീയ മത്സ്യക്കൃഷിയെന്ന ബൃഹത്തായ പദ്ധതിയുടെ നേട്ടം പ്രതീക്ഷിത അളവിൽ കർഷകർക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. ജനകീയ മത്സ്യക്കൃഷി പദ്ധതിയുടെ ഗുണങ്ങൾ കർഷകർക്ക് ലഭിക്കുന്നുണ്ടെന്ന് ഫീൽഡ് തലത്തിൽ ഉൾപ്പെടെ വിലയിരുത്തുകയും ആവശ്യമായ ഇടപെടലുകൾ നടത്തി വരികയും ചെയ്യുന്നുണ്ട്. ജില്ലാതലത്തിൽ നൽകിയിട്ടുള്ള ഭൗതിക ലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടോ

എന്ന് മത്സ്യഭവൻതലം മുതൽ സംസ്ഥാനതലം വരെ വിലയിരുത്തപ്പെടുകയും ഉണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ മുൻവർഷത്തെ പോരായ്മകൾ തുടർവർഷങ്ങളിലെ പ്രോജക്ടുകളിൽ പരിഹരിക്കുന്നതിന് ശ്രദ്ധിച്ച് വരികയും ചെയ്യുന്നുണ്ട്. ജനകീയ മത്സ്യക്കൃഷിയുടെ ലക്ഷ്യങ്ങളിൽ പ്രധാനമാണ് മത്സ്യോൽപാദന വർധനവ്. ജനകീയ മത്സ്യക്കൃഷി പദ്ധതിയിലൂടെ മത്സ്യക്കൃഷിയിൽനിന്നുള്ള ഉൽപാദനം 25081 മെട്രിക് ടണ്ണിൽനിന്നും 40852 മെട്രിക് ടണ്ണായി വർധിച്ചിട്ടുണ്ട്.

(ഡി) ഇല്ലെങ്കിൽ പരിശോധിച്ച് കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ജനകീയ മത്സ്യക്കൃഷി പദ്ധതിയുടെ ഗുണങ്ങൾ കർഷകർക്ക് ലഭിക്കുന്നുണ്ടെന്ന് ഫീൽഡ് തലത്തിൽ ഉൾപ്പെടെ വിലയിരുത്തുകയും ആവശ്യമായ ഇടപെടലുകൾ നടത്തി വരികയും ചെയ്യുന്നുണ്ട്. ജില്ലാതലത്തിൽ നൽകിയിട്ടുള്ള ഭൗതിക ലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടോ എന്ന് മത്സ്യഭവൻതലം മുതൽ സംസ്ഥാനതലം വരെ വിലയിരുത്തപ്പെടുകയും

ഉണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ മുൻവർഷത്തെ പോരായ്മകൾ തുടർവർഷങ്ങളിലെ പ്രോജക്ടുകളിൽ പരിഹരിക്കുന്നതിന് ശ്രദ്ധിച്ചുവരികയും ചെയ്യുന്നുണ്ട്. ജനകീയ മത്സ്യക്കൃഷിയുടെ ലക്ഷ്യങ്ങളിൽ പ്രധാനമാണ് മത്സ്യോൽപാദന വർധനവ്. ജനകീയ മത്സ്യക്കൃഷി പദ്ധതിയിലൂടെ മത്സ്യക്കൃഷിയിൽനിന്നുള്ള ഉൽപാദനം 25081 മെട്രിക് ടണ്ണിൽനിന്നും 40852 മെട്രിക് ടണ്ണായി വർധിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ

361(1134) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡ് വഴി നിലവിൽ എത്ര രൂപയ്ക്കാണ് മണ്ണെണ്ണ നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് മത്സ്യബന്ധന യാനങ്ങൾക്ക് 2015 ജൂലൈ മാസം മുതൽ പെർമിറ്റ് അടിസ്ഥാനത്തിൽ മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകൾ വഴി

വെള്ള മണ്ണെണ്ണ വിതരണം ചെയ്യുവരുന്നു. അതുപ്രകാരം നിലവിൽ ലിറ്ററിന് 100.20/- (05-02-2025-ലെ വില) രൂപയ്ക്കാണ് മണ്ണെണ്ണ മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നത്. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ കുതിരശക്തിയുടെ (HP) അടിസ്ഥാനത്തിൽ നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25/- രൂപ വീതം സബ്സിഡി നിരക്കിൽ (ഡി.ബി.റ്റി. മുഖേന) ഓരോ മാസവും സർക്കാർ നൽകി വരുന്നുണ്ട്.

(ബി) 2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരം ഒഴിയുമ്പോൾ മണ്ണെണ്ണ ലിറ്ററിന് എത്ര രൂപ നിരക്കിലാണ് മത്സ്യഫെഡ് വഴി നൽകിയിരുന്നത് എന്ന് വ്യക്തമാക്കാമോ?

2016 മേയ് മാസം ലിറ്ററിന് 56.43 രൂപ എന്ന നിരക്കിലാണ് മണ്ണെണ്ണ നൽകിയിരുന്നത്.

'അന്തിഷച്ച' പദ്ധതിയുടെ ഭാഗമായുള്ള വാഹനം

362(1135) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 'അന്തിപ്പച്ച' പദ്ധതിയുടെ ഭാഗമായി വാഹനം വാങ്ങുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് വാഹനം നിരത്തിലിറക്കാനാകുമെന്ന് വ്യക്തമാക്കാമോ?

അന്തിപ്പച്ച പദ്ധതിയുടെ ഭാഗമായി മത്സ്യഫെഡിന് വാഹനം വാങ്ങുന്നതിന് 2023-2024 വർഷം കാട്ടാക്കട നിയമസഭാ നിയോജകമണ്ഡലത്തിന്റെ വികസനത്തിനായി വകയിരുത്തിയ ഫണ്ടിൽനിന്ന് തുക അനുവദിക്കുന്നതിന് കാട്ടാക്കട എം.എൽ.എ. സമ്മതം അറിയിച്ചതിനെത്തുടർന്ന് 06-03-2024-ലെ സ.ഉ.(സാധാ) നം.2140/2024/ധന ഉത്തരവ് പ്രകാരം പദ്ധതി നടത്തിപ്പിന് സർക്കാർ പ്രത്യേക അനുമതി നൽകിയിരുന്നു. ഇതിലേക്ക് മത്സ്യഫെഡ് പ്രൊപ്പോസൽ സമർപ്പിക്കുകയും മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. വാഹനം വാങ്ങുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ 29-09-2024-ൽ 18,00,000/- (പതിനെട്ട് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി

പുറപ്പെടുവിക്കുകയും GeM പോർട്ടൽ മുഖേന വാഹനം വാങ്ങുന്നതിനായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറെ ഇംപ്ലിമെന്റിങ് ഓഫീസറായി നിയമിക്കുകയും ചെയ്തു. എന്നാൽ നിശ്ചിത മോഡലിലുള്ള വാഹനം നാളിതുവരെ കമ്പനിയിൽനിന്ന് GeM പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടില്ല. അതിനാൽ GeM മുഖേന വാഹനം ഓർഡർ ചെയ്യുന്നതിന് സാധിച്ചിട്ടില്ല. അഡ്വാൻസായി പേമെന്റ് നൽകിയാൽ മാത്രമെ വാഹനം പോർട്ടലിൽ ലഭ്യമാക്കുകയുള്ളൂവെന്ന് കമ്പനി അധികൃതർ അറിയിച്ചിട്ടുണ്ട്. കമ്പനിക്ക് അഡ്വാൻസായി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇതിനായി വകയിരുത്തിയിട്ടുള്ള 18,00,000/- (പതിനെട്ട് ലക്ഷം രൂപ മാത്രം) രൂപ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (മേഖല) തിരുവനന്തപുരത്തിന് അനുവദിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. തുക അനുവദിച്ചുകൊണ്ട് 23-01-2025-ൽ ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഫണ്ട് അലോട്ട്മെന്റ് ലഭ്യമായിട്ടില്ല. എത്രയുംവേഗം തുക ലഭ്യമാക്കി വാഹനം വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കൂട് മത്സ്യക്കൃഷി പദ്ധതി

363(1136) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജലസംഭരണികളിൽ ഏത് പദ്ധതി പ്രകാരമാണ് കൂട് മത്സ്യക്കൃഷി നടപ്പാക്കിവരുന്നതെന്ന് അറിയിക്കാമോ; വ്യക്തമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ. പദ്ധതി പ്രകാരം വകുപ്പിന്റെ ഏജൻസിയായ അഡാക് മുഖേന 2020-21 വർഷം പത്തനംതിട്ട ജില്ലയിലെ കക്കി, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി, വയനാട് ജില്ലയിലെ കാരാപ്പുഴ, ബാണാസുരസാഗർ എന്നീ 4 ജലസംഭരണികളിലായി 400 കൂടുകളിലെ മത്സ്യക്കൃഷിക്കായി 'Participatory Integrated Fisheries Development of selected Reservoirs in Kerala Phase I' എന്ന പദ്ധതിക്ക് 16 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പദ്ധതി നടപ്പാക്കുകയും 78.83 ടൺ മത്സ്യം ഉൽപാദിപ്പിക്കുകയും ചെയ്തു. ഇതിനുപുറമെ 2021-22 വർഷം അഡാക് മുഖേന തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, ഇടുക്കി ജില്ലയിലെ

ഇടുക്കി ജലസംഭരണി, തൃശ്ശൂർ ജില്ലയിലെ പീച്ചി എന്നീ ജലസംഭരണികളിലായി 300 കൂടുകളിലെ മത്സ്യക്കൃഷിക്കായി 'Participatory Integrated Fisheries Development of selected Reservoirs in Kerala Phase II' എന്ന പദ്ധതിക്ക് 10.8180 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേജുകൾ സ്ഥാപിക്കുകയും അതിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. പീച്ചി, ഇടുക്കി, നെയ്യാർ എന്നീ റിസർവോയറുകളുടെ സമീപവാസികളായ ആദിവാസി സമൂഹത്തിൽപ്പെട്ടവരും ഇ.ഡി.സി. അംഗങ്ങളുമായവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശീയ പട്ടികവർഗ്ഗ അംഗങ്ങളെ സംഘടിപ്പിച്ച് നടപ്പാക്കുന്ന "Fish Production in cages through participatory approach with beneficiaries of Scheduled Tribe in Banasurasagar Reservoir, Wayanad District" എന്ന പദ്ധതിക്ക് 3.2 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അഡാക് മുഖേന 90 കേജുകൾ സ്ഥാപിച്ച് പദ്ധതി നടപ്പാക്കുകയും ചെയ്തു.

(ബി) കൂട് മത്സ്യക്കൃഷി നടപ്പാക്കുന്നതിന് പുതിയ പദ്ധതികൾ നിലവിലുണ്ടോ; അത് ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഈ സാമ്പത്തിക വർഷം ജനകീയ മത്സ്യക്കൃഷി പദ്ധതിയിലുൾപ്പെടുത്തി 370 യൂണിറ്റ് തിലാപ്പിയ, 650 യൂണിറ്റ് കരിമീൻ കൂട് കൃഷി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 4.90 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ജനകീയ മത്സ്യക്കൃഷി പദ്ധതി

364(1137) ശ്രീമതി യു. പ്രതിഭ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എം. മുകേഷ്:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നടപ്പാക്കിവരുന്ന ജനകീയ മത്സ്യക്കൃഷി പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ജനകീയ മത്സ്യക്കൃഷി പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിവരം പരമാവധി കർഷകരിൽ എത്തിക്കുകയും പദ്ധതിയിൽ വിഭാവനം ചെയ്തപ്രകാരമുള്ള ഗുണങ്ങൾ കർഷകർക്ക് ലഭിക്കുന്നുണ്ടെന്ന് ഫീൽഡ്തലത്തിൽ പരിശോധന

നടത്തി ഉറപ്പാക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. പദ്ധതിപ്രകാരം ജില്ലാതലത്തിൽ ഓരോകൃഷി രീതിക്കും നൽകിയിട്ടുള്ള ഭൗതിക ലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടോയെന്ന് മത്സ്യഭവൻതലം മുതൽ സംസ്ഥാനതലം വരെ വിലയിരുത്തപ്പെടുകയും ഉണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുകയും ചെയ്തുവരുന്നുണ്ട്. പദ്ധതിയുടെ പ്രായോഗിക വശങ്ങൾ അടിസ്ഥാനപ്പെടുത്തി തുടർവർഷങ്ങളിൽ നൂതന മത്സ്യക്കൃഷി സമ്പ്രദായങ്ങളും മത്സ്യ ഇനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മുൻവർഷങ്ങളിലെ പോരായ്മകൾ തുടർവർഷങ്ങളിലെ പ്രോജക്ടുകളിൽ പരിഹരിക്കുന്നതിന് ശ്രദ്ധിച്ച് വരികയും ചെയ്യുന്നുണ്ട്. കൂടാതെ കർഷകർക്ക് ലഭിക്കുന്ന നേട്ടങ്ങൾ വിലയിരുത്തുകയും മികച്ച നേട്ടം കൈവരിച്ചവർക്ക് അംഗീകാരം നൽകുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി 2016 മുതൽ നാളിതുവരെ ബജറ്റിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം ലഭ്യമാക്കുമോ?

2016 മുതൽ നാളിതുവരെ ബജറ്റിൽ അനുവദിച്ചതും ചെലവഴിച്ചതുമായ

തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	ബജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ)	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)
2016-17	1900	1900
2017-18	1838	1837.68
2018-19	4000	2622.7
2019-20	7420	4375.8
2020-21	6119	6090.55
2021-22	6262	6016.845
2022-23	7373	5707.22
2023-24	7661	5006.68
2024-25	7461	3645.17

(സി) ഇക്കാലയളവിൽ പദ്ധതി വഴിയുള്ള അധിക മത്സ്യോൽപാദനം എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

മത്സ്യക്കൃഷി പദ്ധതിയിലൂടെയുള്ള ഉൽപാദനത്തിന്റെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ഉൽപാദനം (ലക്ഷം മെട്രിക് ടൺ)
2016-17	0.28
2017-18	0.24
2018-19	0.25

2019-20	0.25
2020-21	0.35
2021-22	0.37
2022-23	0.38
2023-24	0.40

മത്സ്യമേഖലയിലെ നൂതന പദ്ധതികൾ

365(1138) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷിപ്പിങ് കണ്ടെയ്നറുകളിലെ ഫിഷ് പ്രോസസിങ് & മാർക്കറ്റിങ് കിയോസ്ക് പദ്ധതി വിശദീകരിക്കാമോ?

കേന്ദ്ര ഗവൺമെന്റിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന സ്കീമിൽ ഉൾപ്പെടുത്തി Integrated Modern Coastal Fishing Village എന്ന പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ചാലിയം മത്സ്യഗ്രാമത്തിൽ ഷിപ്പിങ് കണ്ടെയ്നറുകളിൽ ഫിഷ് പ്രോസസിങ്&മാർക്കറ്റിങ് കിയോസ്കുകൾ സ്ഥാപിക്കാൻ വിഭാവനം ചെയ്തിരുന്നു. പദ്ധതി പ്രദേശം വനം വകുപ്പിന്റെ അധീനതയിലായിരുന്നതിനാൽ പെർമനെന്റ് സ്ട്രക്ച്ചറുകൾ

അനുവദനീയമായിരുന്നില്ല. അതിനാലാണ് ഷിപ്പിങ് കണ്ടെയ്നർ ഉപയോഗിച്ച് ഫിഷ് പ്രോസസിങ് & മാർക്കറ്റിങ് കിയോസ്ക് വിഭാവനം ചെയ്തത്. പദ്ധതിയിലുൾപ്പെടുത്തി 20 അടിയുള്ള ഒരു കണ്ടെയ്നറിനെ സിമന്റ് ബോർഡ് ഉപയോഗിച്ച് തിരിച്ച്, ഒരു കമ്പാർട്ട്മെന്റ് മത്സ്യം മുറിക്കുന്നതിനും വൃത്തിയാക്കുന്നതിനും മറ്റേ കമ്പാർട്ട്മെന്റ് മത്സ്യം ഡിസ്പ്ലേ ചെയ്യുന്നതിനും വിൽക്കുന്നതിനുമാണ് വിഭാവനം ചെയ്തിരുന്നത്. ഒരു ഫ്രീസർ യൂണിറ്റ്, ഡിസ്പ്ലേ റാക്കുകൾ, സിങ്ക് എന്നിവയും പദ്ധതയിലുൾപ്പെടുത്തി സജ്ജമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) മത്സ്യവില്പന കിയോസ്ക്, ഓൺലൈൻ മത്സ്യവിപണനത്തിന് ഇ-സ്റ്റാർ എന്നീ സംരംഭങ്ങളെകുറിച്ച് വിശദീകരിക്കാമോ?

ശുദ്ധമായ മത്സ്യം മുറിച്ച്, വൃത്തിയാക്കി ഗുണഭോക്താക്കൾക്ക് വില്പന നടത്തുന്നതിനാണ് മത്സ്യ വില്പന കിയോസ്കുകൾ വിഭാവനം ചെയ്തിരിക്കുന്നത്. RCC-യിലോ/pre fab structure-ലോ നിർമ്മിക്കുന്ന പ്രസ്തുത കിയോസ്കുകളിൽ കൗണ്ടർ സൗകര്യം, മത്സ്യം വൃത്തിയാക്കി പ്രദർശിപ്പിക്കുന്നതിനായി ഡിസ്പ്ലേ യൂണിറ്റ്, മത്സ്യം വെട്ടി വൃത്തിയാക്കുന്നതിന് കട്ടിങ്

സൗകര്യത്തോടുകൂടിയ സിങ്ക് സൗകര്യം, വേസ്റ്റ് കളയുന്നതിനുള്ള സൗകര്യം എന്നിവയുണ്ടായിരിക്കും. അംഗീകരിച്ച മത്സ്യഗ്രാമത്തിലെ തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളികൾക്ക് തങ്ങളുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനായാണ് മത്സ്യവില്പന കിയോസ്കുകൾ വിഭാവനം ചെയ്തിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് ഹാർബറുകളിൽനിന്നും ഫിഷ്ലാൻഡിങ് സെന്ററുകളിൽനിന്നും ശുദ്ധമായ മത്സ്യം ശേഖരിച്ച് ഉൾപ്രദേശങ്ങളിൽ മത്സ്യ വില്പന നടത്തി ഉപജീവനമാർഗം കണ്ടെത്തുന്നതിന് ഓട്ടോ, ഇരുചക്ര വാഹനം എന്നിവ അനുവദിച്ചുവരുന്നു. എന്നാൽ ഇ–സ്കൂട്ടർ നിലവിലെ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നില്ല.

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പദ്ധതികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പാക്കിവരുന്നു.

(ഡി) പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ വിശദമാക്കാമോ?

സംസ്ഥാനത്ത് പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി 2020-21

വർഷം മുതൽ നടപ്പാക്കിവരുന്നു. 2020–21 വർഷം 9 പദ്ധതികൾക്കായി 19436.53 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. അതിൽ 6906.88 ലക്ഷം രൂപയാണ് കേന്ദ്ര വിഹിതം. 2020–21 വർഷം ലഭിച്ച 800 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചു. 2021–22 വർഷത്തിൽ 13 പദ്ധതികൾക്കായി 18190.62 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചു. അതിൽ 5987.19 ലക്ഷം രൂപയുടെ കേന്ദ്ര വിഹിതത്തിൽനിന്ന് 7810.95 ലക്ഷം രൂപ ലഭിക്കുകയും അത് പൂർണ്ണമായി ചെലവഴിച്ച് 7810.95 ലക്ഷം രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും ചെയ്തു. 2022–23 വർഷത്തിൽ 40 പദ്ധതികൾക്കായി ആകെ 31758 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചു. അതിൽ 14462.274 ലക്ഷം രൂപയാണ് കേന്ദ്ര വിഹിതം. ലഭിച്ച കേന്ദ്ര ഫണ്ടായ 15316.38 ലക്ഷം രൂപ മുഴുവനായി ചെലവഴിച്ച് അതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചു. 2023–24 വർഷത്തിൽ 41 പദ്ധതികൾക്കായി 30621.80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. അതിൽ 13327.98 ലക്ഷം രൂപയാണ് കേന്ദ്ര വിഹിതം. കേന്ദ്ര വിഹിതത്തിൽനിന്ന് ഇതുവരെ ലഭിച്ച തുക 7988.25

ലക്ഷമാണ്. അതിൽ 7949.02422 ലക്ഷം രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. 2024-25 വർഷത്തിൽ 12 പദ്ധതികൾക്കായി 25407.15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. അതിൽ 13226.17 ലക്ഷം രൂപയാണ് കേന്ദ്ര വിഹിതം. 2024-25 വർഷം ഇതുവരെയായി 2500 ലക്ഷം രൂപ ലഭിച്ചു. അത് ചെലവഴിക്കുന്നതിന് സത്വര നടപടി സ്വീകരിച്ചുവരുന്നു.

മത്സ്യമാർക്കറ്റുകളുടെ നവീകരണം

366(1139) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ തൃശ്ശൂർ ജില്ലയിൽ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനും നിർമ്മാണത്തിനുമായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2016 മുതൽ നാളിതുവരെ തൃശ്ശൂർ ജില്ലയിൽ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനും നിർമ്മാണത്തിനുമായി തയ്യാറാക്കി സർക്കാർ അംഗീകാരം നൽകി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

ക്രമ നം.	മത്സ്യ മാർക്കറ്റ്	അടങ്കൽ തുക (ലക്ഷത്തിൽ)	നിലവിലെ അവസ്ഥ
1	ചാലക്കുടി	296.66	പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
2	കുന്നംകുളം	413.59	മുനിസിപ്പാലിറ്റി നേരത്തെ ഭാഗികമായി നിർമ്മിച്ച കെട്ടിടം പൂർത്തീകരിച്ച് ആധുനിക മത്സ്യമാർക്കറ്റായി മാറ്റുന്നതാണ് പദ്ധതി. എന്നാൽ മുൻ നിർമ്മാണത്തിന്റെ കരാറുകാരുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസ് ഒത്തുതീർന്ന ശേഷം മാത്രമെ പാക്കേജിന് അനുമതി നൽകാൻ സാധിക്കുകയുള്ളുവെന്ന് കിഫ്ബിയിൽനിന്നും നിർദേശം ലഭിച്ചിട്ടുണ്ട്. കേസ് ഒത്തുതീർക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നതായി മുനിസിപ്പാലിറ്റി അറിയിച്ചിട്ടുണ്ട്. അത് പൂർത്തീകരിച്ച ശേഷം തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

വെള്ളയിൽ മത്സ്യമാർക്കറ്റ് നിർമ്മാണം

367(1140) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളയിൽ മത്സ്യമാർക്കറ്റ് നിർമ്മാണത്തിന് തയ്യാറാക്കിയ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കിഫ്ബി ധനസഹായത്തോടെ വെള്ളയിൽ മത്സ്യമാർക്കറ്റിന് 373.22 ലക്ഷം രൂപയുടെ ഭരണാനുമതി 15-03-2022-ന് നൽകിയിട്ടുണ്ട്. നിർമ്മാണ സ്ഥലം ഹാർബർ എഞ്ചിനീയറിങ് വകുപ്പിന്റെ അധീനതയിലുള്ള വെള്ളയിൽ ഫിഷിങ് ഹാർബർ കോമ്പൗണ്ടിലാണ്. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി 17-12-2024-ൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പിൽനിന്നും പെർമിസ്സീവ് സാങ്ഷൻ ലഭ്യമായിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതി അടിയന്തരമായി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ?

സ്ട്രക്ച്ചറൽ ഡിസൈൻ പൂർത്തീകരിച്ച് സാങ്കേതികാനുമതി നൽകി കിഫ്ബി നടപടിക്രമങ്ങൾ എത്രയുംവേഗം പൂർത്തീകരിച്ച് ടെൻഡർ ക്ഷണിച്ച് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ടവർ

368(1141) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 മുതൽ നാളിതുവരെ, മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ട് മരണപ്പെട്ടവരുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 2021 മുതൽ നാളിതുവരെ മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ട് മരണപ്പെട്ടവരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.+

(ബി) 2021 മുതൽ നാളിതുവരെ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കെ അപകടത്തിൽപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെ വിശദവിവരം ലഭ്യമാക്കാമോ?

2021 മുതൽ നാളിതുവരെ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കെ അപകടത്തിൽപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്ക് കേരള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകിയ നഷ്ടപരിഹാരത്തിന്റെ വിശദാംശങ്ങളും 2021 മുതൽ നാളിതുവരെ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കെ അപകടത്തിൽപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്ക് മത്സ്യഫെഡ് വഴി നൽകിയ ഇൻഷ്വറൻസ് ആനുകൂല്യത്തിന്റെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(സി) 2021 മുതൽ നാളിതുവരെ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കെ അപകടത്തിൽപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്ക് സർക്കാർ/അർദ്ധസർക്കാർ/സഹകരണ സ്ഥാപനങ്ങളിൽ ജോലി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട 12 മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 2023-24 വർഷത്തിൽ മത്സ്യഫെഡ് ജോലി നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് 2021 മുതൽ നാളിതുവരെ മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ടവരുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 2021 മുതൽ നാളിതുവരെ മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ടവരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) സംസ്ഥാനത്ത് 2021 മുതൽ ഇതുവരെ, മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ടവർക്ക് സർക്കാർ നൽകിയിട്ടുള്ള സാമ്പത്തിക സഹായത്തിന്റെ വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 2021 മുതൽ ഇതുവരെ മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ടവർക്ക് ചികിൽസാ ധനസഹായമായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 62,11,306/- രൂപ സർക്കാർ സഹായം നൽകിയിട്ടുണ്ട്. 2021 മുതൽ നാളിതുവരെ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കെ അപകടത്തിൽപ്പെട്ടവർക്ക് മത്സ്യഫെഡ് വഴി നൽകിയ ഇൻഷ്വറൻസ് ആനുകൂല്യത്തിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കടലാക്രമണം തടയുന്നതിനുള്ള നടപടികൾ

369(1142) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ തീരപ്രദേശങ്ങളിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കടലാക്രമണം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ അജാനൂർ കടപ്പുറത്ത് കടലാക്രമണം തടയുന്നതിനുവേണ്ടി 60 മീറ്റർ വടക്ക് സി.പി. സ്റ്റോൺ നമ്പർ 2614-നും 323 മീറ്റർ വടക്ക് സി.പി. സ്റ്റോൺ നമ്പർ 2620-നുമിടയിൽ 1621 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനുവേണ്ടി 37.03 കോടി രൂപയുടെ എസ്റ്റിമേറ്റ് വേൾഡ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ചിത്താരിക്കടപ്പുറത്ത് അതിരൂക്ഷമായ കടലാക്രമണമുണ്ടായിട്ടുണ്ട്. സി.പി. സ്റ്റോൺ നമ്പർ 2627-നും സി.പി. സ്റ്റോൺ നമ്പർ 2632 – നുമിടയിൽ 300 മീറ്റർ നീളത്തിൽ ചിത്താരിക്കടപ്പുറത്ത് കടൽ തീരസംരക്ഷണ പ്രവൃത്തിയുടെ 2.70 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

കടലാക്രമണത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ എണ്ണം

370(1143) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മുതൽ നാളിതുവരെ സംസ്ഥാനത്ത് കടലാക്രമണത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ എണ്ണം എത്രയാണെന്ന് വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2019 മുതൽ നാളിതുവരെ സംസ്ഥാനത്ത് കടലാക്രമണത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കാലയളവിൽ കടലിൽ കാണാതായവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും എണ്ണം എത്രയാണെന്ന് വർഷവും ജില്ലയും തിരിച്ച് അറിയിക്കാമോ?

പ്രസ്തുത കാലയളവിൽ കടലിൽ കാണാതായവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും എണ്ണം വർഷവും ജില്ലയും തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(സി) ഈ കാലയളവിൽ കടലിലുണ്ടായ അപകടങ്ങളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നഷ്ടമാകുകയോ ഉപയോഗശൂന്യമാകുകയോ ചെയ്ത യാനങ്ങളുടെ എണ്ണം എത്രയാണെന്ന് വർഷവും ജില്ലയും തിരിച്ച് കണക്ക് അറിയിക്കുമോ?

2019 മുതൽ നാളിതുവരെ അപകടങ്ങളിൽ നഷ്ടമാകുകയോ ഉപയോഗശൂന്യമാകുകയോ ചെയ്ത യാനങ്ങളുടെ എണ്ണം വർഷവും ജില്ലയും തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ഡി) കടൽ ആക്രമണങ്ങളുമായും കടലിലുണ്ടാകുന്ന അപകടങ്ങളുമായും ബന്ധപ്പെട്ടുണ്ടാകുന്ന ഇത്തരം നഷ്ടങ്ങൾക്ക് ഓരോ വ്യക്തിക്കും എത്ര രൂപ വീതമാണ് നഷ്ടപരിഹാരം നിലവിൽ അനുവദിച്ചിട്ടുള്ളത്;

(ഇ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം ഇപ്രകാരം കടലിൽ ഉണ്ടാകുന്ന അപകടങ്ങളുമായി ബന്ധപ്പെട്ട് വരുന്ന നഷ്ടങ്ങൾക്ക് പരിഹാരം ആവശ്യപ്പെട്ട് എത്ര പേരാണ് അപേക്ഷ നൽകിയത്; ഇതിൽ എത്രപേർക്കാണ് ധനസഹായം നൽകിയിട്ടുള്ളത്;

(എഫ്) അപേക്ഷ ലഭിച്ചിട്ടും ധനസഹായം അനുവദിക്കാത്ത എത്ര അപേക്ഷകളാണ് നിലവിലുള്ളത്; അവർക്ക് ധനസഹായം നൽകാതിരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി-എഫ്) നിലവിലെ സർക്കാർ അധികാരമേറ്റശേഷം കടലിലുണ്ടാകുന്ന അപകടങ്ങളുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽനിന്നായി നഷ്ടപരിഹാരം ആവശ്യപ്പെട്ട് 446 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. കടൽ ആക്രമണങ്ങളുമായും കടലിലുണ്ടാകുന്ന അപകടങ്ങളുമായും ബന്ധപ്പെട്ടുണ്ടാകുന്ന ഇത്തരം നഷ്ടങ്ങൾക്ക് അപേക്ഷകൻ നേരിട്ട് അപേക്ഷ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുമാണ് ധനസഹായം അനുവദിച്ചുനൽകുന്നത്.

അഞ്ചുർ നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

371(1144) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ അഞ്ചുർ നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു; ഇനി ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടോ; എങ്കിൽ അതിന്റെ കാരണവും വിശദമാക്കാമോ?

(എ&ബി) 2016 മുതൽ നാളിതുവരെ അഞ്ചുർ നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

മാവേലിക്കര നിയോജകമണ്ഡലത്തിലെ മത്സ്യബന്ധന – ഹാർബർ എഞ്ചിനീയറിങ് പ്രവർത്തനങ്ങൾ

372(1145) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20 സാമ്പത്തിക വർഷം മുതൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിങ് വകുപ്പുകൾ മുഖേന അനുവദിച്ചതും നടപ്പാക്കിയതുമായ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം വിശദമാക്കുമോ?

വിശദമാക്കാം. 2019-20 സാമ്പത്തിക വർഷം മുതൽ മാവേലിക്കര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയോജകമണ്ഡലത്തിൽ മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിങ് വകുപ്പുകൾ മുഖേന അനുവദിച്ചതും നടപ്പാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഉദുമ നിയോജകമണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിങ് പ്രവൃത്തികൾ

373(1146) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദുമ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയതും പുരോഗമിക്കുന്നതുമായ വിവിധ ഹാർബർ എഞ്ചിനീയറിങ് പ്രവൃത്തികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

തോട്ടപ്പള്ളി ഹാർബർ രണ്ടാംഘട്ട വികസനം

374(1147) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യത്തിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തോട്ടപ്പള്ളി ഹാർബർ രണ്ടാംഘട്ട വികസനം പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (പി.എം.എം.എസ്.വൈ.) സ്കീമിൽ ഉൾപ്പെടുത്തി നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ തയ്യാറാക്കിയ പദ്ധതിയുടെ വിശദാംശങ്ങളും കേന്ദ്ര അംഗീകാരത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

തോട്ടപ്പള്ളി ഹാർബർ രണ്ടാംഘട്ട വികസനം പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (പി.എം.എം.എസ്.വൈ.)-യിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് 200 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ 25-08-2023-ന് ചേർന്ന State Level Approval And Monitoring Committee (SLAMC) യോഗത്തിൽ അംഗീകരിച്ച് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി 05-09-2023-ൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടില്ല. എന്നാൽ ഇതേ സമയത്ത് തോട്ടപ്പള്ളി ഹാർബറിന്റെ ഏകദേശം 500 മീറ്റർ തെക്ക് ഭാഗത്തായി ഇറിഗേഷൻ വകുപ്പ് മുഖേന റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) പദ്ധതിയിൽ

ഉൾപ്പെടുത്തി ഗ്രോയിൻ/Training wall നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയാൻ സാധിച്ചു. നിർദിഷ്ട ഹാർബറിനോട് ചേർന്ന് ഇത്തരത്തിൽ കടലിലേക്ക് ഒരു നിർമ്മിതി ചെയ്യുന്നത് ഭാവിയിൽ ഫിഷിങ് ഹാർബറിന് പ്രശ്നങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ളതിനാൽ, തോട്ടപ്പള്ളി ഹാർബറും ഇറിഗേഷൻ വകുപ്പ് തോട്ടപ്പള്ളി അഴിമുഖം ഭാഗത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുംകൂടി കണക്കിലെടുത്ത് പുതുക്കിയ മാതൃകാ പഠനം നടത്തുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ അറിവോടെ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS), പൂനെയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് തോട്ടപ്പള്ളി ഹാർബറിന്റെ വികസനത്തിനായുള്ള മാതൃകാ പഠനം CWPRS, പൂനെ ആരംഭിച്ചിട്ടുണ്ട്. CWPRS-ൽ നിന്നും പഠന റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് പുതുക്കിയ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് തയ്യാറാക്കുന്നതാണ്.

കൈപമംഗലം ഹാർബർ നിർമ്മാണം

375(1148) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം ഹാർബർ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് എടുത്തിരിക്കുന്നത്;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കാമോ?

(എ&ബി) തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലത്ത് ഒരു മിനി ഫിഷിങ് ഹാർബർ നിർമ്മാണത്തിനായുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 62 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിനെത്തുടർന്ന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ ഭാഗമായി പെർമനെന്റ് പോയിന്റുകൾ സ്ഥാപിക്കൽ, ടോപ്പോഗ്രാഫിക് സർവെ, സൗണ്ടിങ്, Tide and float observation, bed (water and soil) sample collection എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. തൃശ്ശൂർ ജില്ലയിൽ പുതിയ ഫിഷിങ് ഹാർബറുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് 11-12-2024-ന് ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം, കൈപ്പമംഗലം ഹാർബർ നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ

പുനരാരംഭിക്കാനും സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ന്റെ പഠന റിപ്പോർട്ട് ലഭ്യമാക്കാനും തീരുമാനിച്ചു. CWPRS-ന്റെ പഠന റിപ്പോർട്ട് ലഭ്യമായശേഷം വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതാണ്.

അഴീക്കോട് പഞ്ചായത്തിലെ നീർക്കടവിൽ ഫിഷ് ലാൻഡിങ് സെന്റർ

376(1149) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് പഞ്ചായത്തിലെ നീർക്കടവിൽ ഫിഷ് ലാൻഡിങ് സെന്റർ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കണ്ണൂർ ജില്ലയിലെ അഴീക്കോട് പഞ്ചായത്തിലെ നീർക്കടവ് പ്രദേശത്ത് ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട 'Mathematical model studies for Littoral drift distribution and shoreline Evolution' എന്ന പഠനം നടത്താൻ 9,94,100/- രൂപ പൂനെ CWPRS-ന് കൈമാറി

നൽകിയിട്ടുണ്ട്. ഫിഷ് ലാൻഡിങ് സെന്ററിനായുള്ള സാധ്യതാപഠനം CWPRS, പൂനെ ആരംഭിച്ചിട്ടുണ്ട്.

(ബി) സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ സാധ്യതാപഠനത്തിനുള്ള തുക അനുവദിക്കുന്നതിനുള്ള നടപടിയായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ സാധ്യതാപഠനത്തിനുള്ള 9,94,100/- രൂപ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് 21-08-2024-ന് കൈമാറി നൽകിയിട്ടുണ്ട്.

(സി) സാധ്യതാപഠനം പൂർത്തിയാക്കി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പൂനെ CWPRS-ൽനിന്നും സാധ്യതാപഠന റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക്, ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് തയ്യാറാക്കുന്നതാണ്.

കണ്ടറയിലെ ഫിഷറീസ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രം

377(1150) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) കുണ്ടറയിലെ ഫിഷറീസ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രം പേരയം ഗ്രാമപഞ്ചായത്തിലെ ഒരു വാടക കെട്ടിടത്തിൽ താൽക്കാലികമായി ആരംഭിക്കുന്നതിനായി, പ്രസ്തുത സ്ഥലം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശിച്ചതിനുശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രാദേശിക കേന്ദ്രത്തിനുള്ള കെട്ടിട നിർമ്മാണത്തിനായി എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽനിന്നും തുക അനുവദിക്കുന്നതിനുള്ള സമ്മതപത്രത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) 2024-25 സാമ്പത്തിക വർഷം കേരള മത്സ്യബന്ധന സമുദ്ര പഠന സർവകലാശാലയ്ക്ക് അനുവദിച്ച പദ്ധതി വിഹിതം പ്രാദേശിക കേന്ദ്രം പൂർത്തീകരിക്കുന്നതിന് അപര്യാപ്തമായതിനാൽ കുണ്ടറ നിയോജകമണ്ഡലത്തിലേക്ക് ഫിഷറീസ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ തൽക്കാലം

നിർത്തിവയ്ക്കാനും അടുത്ത സാമ്പത്തിക വർഷം പരിഗണിക്കാനും സർവകലാശാല രജിസ്ട്രാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) ആസ്തി വികസന പദ്ധതിയിൽനിന്നും തുക അനുവദിക്കുന്നതിനുള്ള പ്രത്യേക ഉത്തരവ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ സമർപ്പിച്ചിട്ടുണ്ടോ എന്നത് വിശദമാക്കാമോ?

ആസ്തി വികസന പദ്ധതിയിൽനിന്നും തുക അനുവദിക്കുന്നതിനുള്ള പ്രത്യേക ഉത്തരവ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിൽനിന്നും കത്ത് ലഭ്യമായിട്ടില്ല.

(ഡി) പ്രസ്തുത ഉത്തരവ് സംബന്ധിച്ച് ഫിഷറീസ് സർവകലാശാലയുടെ റിപ്പോർട്ടോ അനുബന്ധ രേഖകളോ ആവശ്യപ്പെട്ട് ലഭിച്ചിട്ടുള്ള കത്തിന്റെ നമ്പരും തീയതിയും വ്യക്തമാക്കാമോ;

(ഇ) മേൽ സൂചിപ്പിച്ച കത്ത് പ്രകാരം ധനകാര്യ വകുപ്പിന് മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

(ഡി&ഇ) ബാധകമല്ല.

നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

378(1151) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാടൻകലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഗരുഡൻ തൂക്കം, മുടിയേറ്റ്, ചവിട്ടുനാടകം തുടങ്ങിയ കലകളെ പ്രോത്സാഹിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) കേരളത്തിലെ നാടൻ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള ഫോക്‌ലോർ അക്കാദമി പ്രവർത്തിച്ചുവരുന്നു. രോഗംമൂലം അവശത അനുഭവിക്കുന്ന നാടൻ കലാകാരന്മാർക്ക് ചികിത്സാസഹായം, അന്യംനിന്നുപോകുന്ന നാടൻകലകൾ പുതിയ തലമുറയ്ക്ക് പകർന്ന് കൊടുക്കൽ, നാടൻകല അഭ്യസിക്കുന്ന കുട്ടികൾക്ക് സ്റ്റൈപന്റ്, വിവിധ നാടൻകലകളിൽ പ്രാവീണ്യം നേടിയ കലാകാരന്മാർക്ക്

പുരസ്കാരങ്ങൾ എന്നിവ ഫോക്‌ലോർ അക്കാദമി നൽകിവരുന്നു. അക്കാദമിയുമായി അഫിലിയേറ്റ് ചെയ്ത സ്കൂൾ, കോളേജ്, നാടൻകലാ ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെ നാടൻകലാ സെമിനാറും ശിൽപശാലകളും പ്രദർശനങ്ങളും സംഘടിപ്പിക്കാറുണ്ട്. ഫോക്‌ലോർ ദിനാഘോഷം, നാടൻ കലയുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, വിവിധ നാടൻ കലാരൂപങ്ങളുടെ അവതരണങ്ങൾ എന്നിവയും അക്കാദമി നടത്തുന്നുണ്ട്. ഗോത്രകലകൾ, അനുഷ്ഠാന കലകൾ, നാടൻകലകൾ എന്നിവയുൾപ്പെടെയുള്ള കലാരൂപങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലും അല്ലാതെയും അണിനിരത്തിക്കൊണ്ട് കലാവിഷ്കാരങ്ങൾ പ്രദർശിപ്പിക്കുന്നതിനും കലാകാരന്മാർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുമായി ഭാരത് ഭവൻ മുഖേന 'മഴമിഴി' എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. തീരദേശ കലകളുടെ അവതരണങ്ങളും കടലോര സംസ്കൃതി വരുംതലമുറയ്ക്കായി ആർക്കൈവ് ചെയ്യുന്നതിനുമായി കടൽമിഴി എന്ന പരിപാടി ഭാരത് ഭവൻ മുഖേന നടപ്പാക്കുന്നുണ്ട്. മാപ്പിളകലകളുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യമിട്ട് മഹാകവി മോയിൻകുട്ടി

വൈദ്യർ മാപ്പിളകലാ അക്കാദമി പ്രവർത്തിക്കുന്നുണ്ട്. മാപ്പിളകലയുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, മാപ്പിളപ്പാട്ടുകളുടെ സമാഹരണം, മാപ്പിള കലാരംഗത്തെ സംഭാവനയ്ക്കായുള്ള അവാർഡ്, പരിപാടികളുടെ അവതരണങ്ങൾ എന്നിവ അക്കാദമി നടത്തിവരുന്നുണ്ട്. കേരളത്തിന്റെ തനത് കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വരുംതലമുറയ്ക്ക് കൈമാറുന്നതിനും യുവമനസ്സുകളിൽ കലാഭിമുഖ്യം ഉണർത്തുന്നതിനുമായി നടപ്പാക്കുന്ന വജ്ര ജൂബിലി ഫെല്ലോഷിപ് പദ്ധതി പ്രകാരം ക്ലാസ്സിക്കൽ, സമകാലീന, ഫോക്‌ലോർ കലകളിലായി യോഗ്യത നേടിയ 1000 കലാകാരന്മാരെ തിരഞ്ഞെടുത്ത് ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ച് സൗജന്യ സാമൂഹ്യ കലാപരിശീലനം നൽകിവരുന്നു. കലാ പരിശീലകർക്ക് ഫെല്ലോഷിപ്പായി പ്രതിമാസം 10,000/- രൂപ വീതം സാംസ്കാരിക വകുപ്പിൽനിന്നും 7500/- രൂപ വീതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നൽകിവരുന്നു. മുടിയേറ്റ്, ചവിട്ടുനാടകം എന്നീ കലാരൂപങ്ങൾ നിലവിൽ വജ്ര ജൂബിലി ഫെല്ലോഷിപ് പദ്ധതിയുടെ

നാടൻകലാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗരുഡൻ തൂക്കം, മുടിയേറ്റ്, ചവിട്ടുനാടകം ഉൾപ്പെടെയുള്ള എല്ലാ നാടൻകലകളെയും ഫോക്‌ലോർ അക്കാദമി തുല്യ പരിഗണനയോടെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

(സി) ആമ്പല്ലൂർ പഞ്ചായത്തിലെ അരയൻ കാവ് ക്ഷേത്രത്തിൽ നടത്തിയ ഗരുഡായനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

അരയൻകാവ് ക്ഷേത്രത്തിൽ നടത്തിയ ഗരുഡായനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗരുഡൻപറവ എന്ന പൗരാണിക കലാരൂപത്തെ പ്രോത്സാഹിപ്പിക്കാൻ ഏർപ്പെടുത്തിയ പരിപാടിയാണ് ഗരുഡായനം. ഈ പരിപാടിക്ക് കേരള ഫോക്‌ലോർ അക്കാദമി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

(ഡി) ഇത്തരം പൈതൃക കലാരൂപങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന തരത്തിൽ സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം കലാരൂപങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നകാര്യം പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഗരുഡൻ പറവ ഉൾപ്പെടെയുള്ള പൗരാണിക കലാരൂപങ്ങൾക്ക് കേരള

ഫോക്‌ലോർ അക്കാദമി അവസരവും പ്രോത്സാഹനവും നൽകാറുണ്ട്. പൈതൃക കലാരൂപങ്ങളുടെ സംരക്ഷണത്തിനുവേണ്ടി രൂപീകരിച്ചിട്ടുള്ള സാംസ്കാരിക സ്ഥാപനങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു.

സാംസ്കാരിക വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

379(1152) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

സാംസ്കാരിക വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ താഴെപ്പറയുന്നു.

- വജ്ര ജൂബിലി ഫെല്ലോഷിപ് - യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക സാംസ്കാരിക വികസനം സാധ്യമാക്കുകയും ചെയ്യുന്നതിനുള്ള പദ്ധതി പ്രകാരം 1000

കലാകാരന്മാർക്ക് പ്രതിമാസം 17,500/ രൂപ ഫെല്ലോഷിപ് നൽകുന്നു.

- ഉൽക്കൃഷ്ടരായ കലാ-സാഹിത്യ വ്യക്തികളുടെ സ്മാരകങ്ങൾക്ക് സഹായം നൽകുന്ന പദ്ധതി.
- സാംസ്കാരിക പ്രവർത്തനങ്ങൾക്കായി സ്ഥാപനങ്ങൾക്കും സംഘടനകൾക്കുമുള്ള ആവർത്തനേതര ധനസഹായം.
- കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെ പ്രചരിപ്പിക്കുന്നതിനും നമ്മുടെ കലാരൂപങ്ങളെ ശാക്തീകരിക്കുന്നതിനുമുള്ള സാംസ്കാരിക വ്യാപനം പദ്ധതി.
- നാടൻ കലാകാരന്മാരുടെയും കൈത്തൊഴിലുകാരുടെയും കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ഉപജീവന സാധ്യത ശക്തീകരിക്കുന്നതിനുമായുള്ള റൂറൽ ആർട്ട് ഹബ്ബ് പദ്ധതി.
- കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ സൃഷ്ടിക്കുന്നതിനായുള്ള നാട്ടരങ്ങ്.
- ജീവിതത്തിൽ ഒറ്റപ്പെട്ടുപോയ കലാകാരന്മാർക്കുള്ള അഭയ കേന്ദ്രം.
- നാടൻകലകൾ അവതരണ/പ്രകടന കലകൾ തുടങ്ങിയവ

ഓൺലൈനായും ഓഫ്‌ലൈനായും അവതരിപ്പിക്കുന്നതിന് അവസരം നൽകുന്ന മഴമിഴി പരിപാടി.

- സ്വാതന്ത്ര്യസമര സേനാനികളുടെ സ്മരണയ്ക്കായി സ്വാതന്ത്ര്യസമര അനുസ്മരണ പാർക്ക്.
- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളിൽ പ്രതിഷേധിക്കുന്നതിനും ലിംഗസമത്വത്തിനുമായുള്ള 'സമം' പരിപാടി.
- സാംസ്കാരിക വിനോദ വ്യവസായ വികസനത്തിനായി ഗെയിമിങ്-ആനിമേഷൻ ഹാബിറ്റാറ്റ്.
- വിവിധ കലാരൂപങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച കലാകാരന്മാർക്കായി ഫെല്ലോഷിപ്പുകൾ.
- ഗോത്രകലയുടെയും സംസ്കാരത്തിന്റെയും പ്രോത്സാഹനവും സംരക്ഷണവും.
- സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെ പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനായുള്ള സാംസ്കാരിക പ്രോത്സാഹന പരിപാടികൾ.

- വാർധക്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കലാകാരന്മാർക്കായി പ്രതിമാസ ധനസഹായം നൽകുന്ന കലാകാര പെൻഷൻ പദ്ധതി.
- അപകടങ്ങൾ സംഭവിച്ചും രോഗങ്ങൾമൂലവും ആശുപത്രിയിൽ കഴിയേണ്ടിവരുന്ന കലാകാരന്മാർക്കുള്ള ചികിത്സാ ധനസഹായം.
- പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും ധനസഹായം.
- അയിത്തത്തിനെതിരെ നടന്ന ഐതിഹാസിക സമരമായ വൈക്കം സത്യഗ്രഹത്തിന്റെ ശതാബ്ദി നിരവധി പരിപാടികളോടെ വിപുലമായി ആഘോഷിച്ചു.
- ശ്രീനാരായണ ഗുരുവിന്റെ നേതൃത്വത്തിൽ നടന്ന ആലുവ സർവമത സമ്മേളനത്തിന്റെ ശതാബ്ദി വിവിധ ജില്ലകളിൽ ആഘോഷിച്ചു.
- ജില്ലകളിൽ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയം ഉദ്ഘാടനം ചെയ്ത്

പ്രവർത്തിച്ചുവരുന്നു. പാലക്കാട്, കാസർഗോഡ് ജില്ലകളിൽ നിർമ്മാണം പൂർത്തിയായി. സ്ഥലം ലഭ്യമായ ജില്ലകളിൽ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ നടന്നുവരുന്നു.

- സിനിമാ രംഗത്ത് വനിതകളെയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരെയും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സിനിമയ്ക്ക് 1.5 കോടി രൂപ നിരക്കിൽ പ്രതിവർഷം നാല് സിനിമകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.
- വനിതകൾക്ക് സിനിമയുടെ സാങ്കേതിക മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി ചലച്ചിത്ര അക്കാദമി വഴി നടപ്പാക്കുന്നു.
- ഇന്ത്യയിലാദ്യമായി സർക്കാർ മേഖലയിൽ ഒ.ടി.ടി. പ്ലാറ്റ്ഫോം 'സി-സ്പെയ്സ്' നടപ്പാക്കി.
- കേരള കലാമണ്ഡലത്തിൽ പുതിയ അക്കാദമി ബ്ലോക്ക്, വള്ളത്തോൾ സ്മൃതി ഉദ്യാനം, വിസിറ്റേഴ്സ് ലോഞ്ച് എന്നീ പ്രവൃത്തികൾ നടപ്പാക്കി.
- പുതിയ കാലത്തിനനുയോജ്യമായി പുസ്തകശാലകളെ മാറ്റിയെടുക്കുന്ന

ബുക്ക് മാർക്കിന്റെ ബുക്ക് കഫെ പദ്ധതി.

- കേരള ലളിതകലാ അക്കാദമിയുടെ ആർട്ടിസ്റ്റ് റെസിഡൻസി പ്രോഗ്രാം.
- കേരള സംഗീത നാടക അക്കാദമിയുടെ അമേച്വർ നാടക നിർമ്മാണ ധനസഹായ പദ്ധതി, അന്താരാഷ്ട്ര നാടകോത്സവം.
- ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണം, വിവിധ തിയേറ്റർ കോംപ്ലക്സുകളുടെ നിർമ്മാണം.
- കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ എ. രാമചന്ദ്രൻ ആർട്ട് ഗാലറിയുടെ നിർമ്മാണം.
- കടലോര മേഖലയിലെ സാംസ്കാരിക തനിമയും കലാരൂപങ്ങളും സംരക്ഷിക്കുകയും ഡിജിറ്റലൈസ് ചെയ്യുകയും ലക്ഷ്യമിട്ടുള്ള കടൽമിഴി.
- അതിഥി തൊഴിലാളികളെ മലയാളം പഠിപ്പിക്കുന്നതിനുള്ള അതിഥി മലയാളം, അനന്യ മലയാളം പദ്ധതി, മലയാളം പഠനത്തിനായി കേന്ദ്രീയ വിദ്യാലയങ്ങളിൽ കെ.വി. മലയാളം പദ്ധതി.

ഇതുകൂടാതെ വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ വിവിധ ക്ഷേമപദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

(ബി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ചുള്ള വിവരം, ഭരണാനുമതി നൽകിയ തുക എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പാക്കിവരുന്ന വജ്ര ജൂബിലി ഫെല്ലോഷിപ് പദ്ധതിയിൽ എട്ടോളം കലാകാരന്മാരെ വിന്യസിച്ച് കലാപരിശീലനം നടത്തിവന്നിരുന്നു. സംസ്ഥാനതലത്തിലുള്ള പദ്ധതിയായതിനാൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം ഭരണാനുമതി പുറപ്പെടുവിച്ചിട്ടില്ല.

നാട്ടരങ്ങ് പദ്ധതി

380(1153) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ കടലുണ്ടി പുഴയോരത്ത് ചുഴലി മണാല പ്രദേശത്ത് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള

20-ഓളം സെന്റ് സ്ഥലത്തിൽ നാട്ടരങ്ങ് പദ്ധതി നടപ്പാക്കുന്നതിന് നിലവിൽ പദ്ധതിയുണ്ടോ; ഈ വിഷയത്തിന്മേൽ സാംസ്കാരിക വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ കടലുണ്ടിപ്പുഴയോരത്ത് ചുഴലി മണാല പ്രദേശത്ത് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള 20 സെന്റ് സ്ഥലത്ത് നാട്ടരങ്ങ് പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി നിലവിലുണ്ട്. നാട്ടരങ്ങ് സ്ഥാപിക്കുന്നതിലേക്ക് എൻ.ഒ.സി., ഭൂമിയുടെ വിശദാംശങ്ങൾ, നിർവഹണ ഏജൻസിയുടെ വിശദാംശങ്ങൾ, നിർമ്മാണ ഏജൻസിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പരമാവധി 30 ലക്ഷത്തിൽ അധികമാകാതെയുള്ള എസ്റ്റിമേറ്റ് എന്നിവ അടങ്ങിയ പ്രൊപ്പോസൽ ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സാംസ്കാരിക വകുപ്പധ്യക്ഷ കാര്യാലയം നിർദേശം നൽകിയിട്ടുണ്ട്. അത് ലഭ്യമായിട്ടില്ല. ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

സാംസ്കാരിക സ്ഥാപനങ്ങളിലെ വാഹനങ്ങളിലെ നെയിം ബോർഡ്

381(1154) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ സർക്കാർ വകുപ്പുകളായി അംഗീകരിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങളിൽ ചുവന്ന നെയിം ബോർഡുകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങളിൽ ചുവന്ന നെയിം ബോർഡുകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങളിലെ ബോർഡുകൾ എപ്രകാരമുള്ളവയായിരിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)-യുടെ നിർദ്ദേശപ്രകാരം മലയാളത്തിലുള്ള നെയിം ബോർഡ് വാഹനങ്ങളിൽ

സ്ഥാപിക്കണമെന്ന് 07-04-2024-ലെ സി2/40/2021/സാം.കാ.വ. നമ്പർ സർക്കാർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഗതാഗത വകുപ്പിന്റെ 19-11-2015-ലെ S.R.O.No.74/.2015/Tran, Thiruvananthapuram, വിജ്ഞാപനത്തിലെ നിർദ്ദേശം സ്ഥാപനങ്ങൾ പാലിക്കേണ്ടതാണ്.

(ഡി) നിയമവിരുദ്ധമായി ബോർഡുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് പിഴ ചുമത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സാംസ്കാരിക വകുപ്പ് മുഖേന പിഴ ചുമത്തിയിട്ടില്ല.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

382(1155) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2020 മുതൽ 2024 വരെ സാംസ്കാരിക വകുപ്പ് എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2020-2024 കാലഘട്ടത്തിൽ സാംസ്കാരിക വകുപ്പ് മുഖേന മലയാള സിനിമയുടെ പിതാവെന്നറിയപ്പെടുന്ന ജെ. സി. ഡാനിയേലിന്റെ ഓർമ്മയ്ക്കായി സ്മാരകം നിർമ്മിക്കുന്നതിന് വകുപ്പിലെ 2205-00-102-98-36 പ്ലാൻ ശീർഷകത്തിൽനിന്നും 25 ലക്ഷം രൂപയുടെ ഭരണാനുമതി 18-09-2023-ലെ സ.ഉ.(സാധാ) 485/2023/സാം.കാ.വ. പ്രകാരം നൽകിയിരുന്നു. ടി നിർമ്മാണത്തിന് ആദ്യ ഗഡുവായി 2023-24 വർഷം 5 ലക്ഷം രൂപയും രണ്ടാം ഗഡുവായി 20,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

സാംസ്കാരിക സർവകലാശാല

383(1156) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സാംസ്കാരിക സർവകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; എന്നത്തേക്ക് പദ്ധതി യാഥാർഥ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ?

കേരള കലാമണ്ഡലം കല്പിത സർവകലാശാലയെ സമ്പൂർണ്ണ

സാംസ്കാരിക സർവകലാശാലയാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു വിദഗ്ധ സമിതിയെ കേരള കലാമണ്ഡലം നിയമിച്ചിട്ടുണ്ട്. സമ്പൂർണ്ണ സർവകലാശാല സംബന്ധിച്ച കരട് രൂപരേഖ വിദഗ്ധ സമിതി തയ്യാറാക്കി വരുന്നു. അത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

പദ്ധതി അടങ്കലിന്റെ വെട്ടിക്കുറവ്

384(1157) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെതുടർന്ന് സാംസ്കാരിക വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കാണ് വെട്ടിക്കുറവ് സംഭവിച്ചിരിക്കുന്നത് എന്നും എത്ര ശതമാനം വരെ വെട്ടിക്കുറവ് സംഭവിച്ചുവെന്നുമുള്ള വിവരം പദ്ധതി തിരിച്ച് ലഭ്യമാക്കാമോ?

സാംസ്കാരിക വകുപ്പധ്യക്ഷ കാര്യാലയം മുഖേന നടപ്പാക്കുന്ന

പദ്ധതികളിലായി 2024-25 സാമ്പത്തിക വർഷം 28.05 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. അത് 13-12-2024-ലെ സ.ഉ (സാധാ) നം. 712/2024/സാം.കാ.വ. പ്രകാരം 50 ശതമാനമായി നിജപ്പെടുത്തി 14.02 കോടി രൂപയാക്കിയിട്ടുണ്ട്. പദ്ധതി മുൻഗണനാക്രമം പുനർ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ, വജ്ര ജൂബിലി ഫെല്ലോഷിപ് പദ്ധതിക്ക് വകയിരുത്തിയ 13 കോടി രൂപ 11 കോടി രൂപയായും കലാകാരന്മാരുടെ ഉപജീവനവും പ്രാദേശിക ആർട്ട് ഹബ്ബുകളും പദ്ധതിക്ക് വകയിരുത്തിയ 2.75 കോടി രൂപ 1.59 കോടി രൂപയായും ബാക്കി എല്ലാ പദ്ധതികൾക്കും കൂടി 1.43 കോടി രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. മറ്റ് സാംസ്കാരിക സ്ഥാപനങ്ങളിൽ മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ വിഹിതം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

മലബാർ കൾച്ചറൽ അക്കാദമി

385(1158) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മഞ്ചേരിയിൽ പ്രവർത്തിക്കുന്ന മലബാർ കൾച്ചറൽ അക്കാദമി സ്വന്തമായി കെട്ടിടം പണിയുന്നതിനുവേണ്ടി സർക്കാർ ധനസഹായത്തിനായി അപേക്ഷ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

മലബാർ കൾച്ചറൽ അക്കാദമിക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിനായി മലബാർ കൾച്ചറൽ അക്കാദമി ട്രസ്റ്റ് 2 കോടി രൂപയുടെ പ്ലാനും എസ്റ്റിമേറ്റും സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് നൽകിയിരുന്നു.

(ബി) മലബാർ കൾച്ചറൽ അക്കാദമിയുടെ സ്വന്തം കെട്ടിടനിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

അക്കാദമി, കെട്ടിട നിർമ്മാണത്തിനായി സ്വകാര്യ ഭൂവുടമയിൽനിന്നും ഭൂമി ഏറ്റെടുത്തശേഷം സാംസ്കാരിക വകുപ്പധ്യക്ഷൻ മുഖേന ശിപാർശ സർക്കാരിൽ ലഭ്യമാക്കുന്നമുറയ്ക്ക് കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കാൻ കഴിയുന്നതാണ്.

(സി) മലബാർ കൾച്ചറൽ അക്കാദമിക്ക് സ്വന്തമായി കെട്ടിടം

നിർമ്മിക്കുന്നതിന് 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മൂന്ന് കോടി രൂപയുടെ പ്രൊപ്പോസൽ പ്രകാരം ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുള്ള കാര്യം സാംസ്കാരിക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുപ്രകാരമുള്ള പ്രവൃത്തി ആരംഭിക്കാൻ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ 2022-23 സാംസ്കാരിക വകുപ്പ് ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

വിളവൂർക്കൽ പഞ്ചായത്തിൽ നാട്ടരങ്ങ് പ്രോജക്ട്

386(1159) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്തിൽ നാട്ടരങ്ങ് പ്രോജക്ട് ആരംഭിക്കുന്നതിനായുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിക്കായി വിളവൂർക്കൽ പഞ്ചായത്തിനോട് എന്തൊക്കെ വിവരങ്ങൾ ചോദിച്ചിട്ടുണ്ട്; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) ഉണ്ട്. വിളവൂർക്കൽ പഞ്ചായത്തിൽ സാംസ്കാരിക വകുപ്പിന്റെ നാട്ടരങ്ങ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിരാക്ഷേപപത്രം, ഭൂമിയുടെ വിശദാംശങ്ങൾ, നിർവഹണ ഏജൻസിയുടെ വിശദാംശങ്ങൾ അടങ്ങിയ പ്രൊപ്പോസൽ എന്നിവ ആവശ്യപ്പെട്ട് വിളവൂർക്കൽ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

നാട്ടരങ്ങ് പദ്ധതി

387(1160) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കല്ലറയിൽ ആരംഭിക്കാൻ നിശ്ചയിച്ചിട്ടുള്ള നാട്ടരങ്ങ് പദ്ധതിക്കുവേണ്ടിയുള്ള റവന്യൂ സ്ഥലത്തിന്റെ എൻ.ഒ.സി. ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ?

(എ&ബി) ഇല്ല. കല്ലറ ഗ്രാമപഞ്ചായത്തിൽ കല്ലറ ബസ് സ്റ്റാൻഡ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് കല്ലറ വില്ലേജ് ഓഫീസിനായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിനും വലിയ ആൽ മരത്തിനുമിടയിൽ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നാട്ടരങ്ങ് സ്ഥാപിക്കുന്നതിനായി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി സാംസ്കാരിക വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് നാട്ടരങ്ങ് നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിനോട് എൻ.ഒ.സി. ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ എൻ.ഒ.സി. ലഭ്യമായിട്ടില്ല. എൻ.ഒ.സി. ലഭിച്ചാലുടൻ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഓഡിയോ വിഷ്വൽ തിയേറ്റർ നിർമ്മാണ പുരോഗതി

388(1161) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലുള്ള മൊയിൻകുട്ടി വൈദ്യർ

സ്മാരക അക്കാദമിയുടെ ഉപകേന്ദ്രത്തിലെ ഓഡിയോ വിഷ്വൽ തിയേറ്ററിന്റെ നിർമ്മാണ പുരോഗതി വിലയിരുത്താമോ?

മഹാകവി മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയുടെ നാദാപുരം ഉപകേന്ദ്രത്തിൽ നിർമ്മിക്കുന്ന ഓഡിയോ വിഷ്വൽ തിയേറ്ററിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത ഉപകേന്ദ്രത്തിലെ ഓഡിയോ വിഷ്വൽ തിയേറ്റർ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അടുത്തഘട്ട നിർമ്മാണം ആരംഭിക്കുന്നതാണ്.

കലാഭവൻ മണി സ്മാരക നിർമ്മാണം

389(1162) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ തറക്കല്ലിടൽ നിർവഹിക്കുന്നതിന്

സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

(എ&ബി) തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ കേരള ഫോക്‌ലോർ അക്കാദമിയുടെ ഉപകേന്ദ്രമായാണ് കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നത്. 15-09-2021-ലെ സ.ഉ.(സാധാ)നം.335/2021/സാം.കാ.വ. പ്രകാരം മൂന്നുകോടി രൂപ ചെലവിൽ സ്മാരകം നിർമ്മിക്കുന്നതിന് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. ടി സ്മാരക നിർമ്മാണത്തിനായി തൃശ്ശൂർ ജില്ലയിലെ ചാലക്കുടി പഞ്ചായത്തിലുള്ള 438/4, 441/10 സർവെ നമ്പറുകളിലുള്ള 20 സെന്റ് ഭൂമി ലഭ്യമായിട്ടുണ്ട്. ഇതിന്റെ തൊട്ടടുത്തുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 15 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥത പ്രസ്തുത വകുപ്പിൽ നിലനിർത്തിക്കൊണ്ട് അനുവദിച്ച് നൽകണമെന്ന നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. 11-09-2024-ലെ സ.ഉ.(സാധാ) നം.527/2024/സാം.കാ.വ. നമ്പർ പ്രകാരം കലാഭവൻ മണി സ്മാരക നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമായാലുടൻ പദ്ധതിയുടെ നിർമ്മാണപ്രവൃത്തികൾ

ആരംഭിക്കാൻ കഴിയുന്നതാണ്.

പേരാമ്പ്ര മൾട്ടിപ്ലക്സ് തിയേറ്റർ കോംപ്ലക്സിന്റെ പ്രവൃത്തി

390(1163) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പേരാമ്പ്രയിൽ ആരംഭിക്കാൻ തീരുമാനിച്ച മൾട്ടിപ്ലക്സ് തിയേറ്റർ കോംപ്ലക്സിന്റെ പ്രവൃത്തിക്ക് എത്ര തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പേരാമ്പ്രയിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ള മൾട്ടിപ്ലക്സ് തിയേറ്റർ കോംപ്ലക്സിന്റെ പ്രവൃത്തിക്ക് ഏകദേശം 25 കോടി രൂപ ചെലവുവരുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത കോംപ്ലക്സിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പേരാമ്പ്ര തിയേറ്റർ സമുച്ചയ നിർമ്മാണത്തിനായി ജലസേചന വകുപ്പിന്റെ കീഴിലുള്ള 60 സെന്റ് സ്ഥലം 05-09-2024-ലെ സ.ഉ.

(കൈ)160/2024/റ.വ. ഉത്തരവ് പ്രകാരം 1,74,995/- രൂപ വാർഷിക പാട്ടനിരക്കിൽ 10 വർഷത്തേക്ക് കെ.എസ്.എഫ്.ഡി.സി.-ക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. തിയേറ്റർ നിർമ്മാണ പദ്ധതിക്ക് തിരിച്ചടവ് വ്യവസ്ഥ പ്രകാരമുള്ള കിഫ്ബി ധനസഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. 10 വർഷക്കാലാവധി അപര്യാപ്തമായതിനാൽ ടി ഉത്തരവ് ഭേദഗതി വരുത്തി 30 വർഷത്തേക്ക് പുതുക്കി ലഭ്യമാക്കുന്നത് സംബന്ധിച്ചും പാട്ടത്തുക ഒടുക്കുന്നതിന് മോറട്ടോറിയം അനുവദിക്കുന്നത് സംബന്ധിച്ചുമുള്ള വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത വിഷയത്തിൽ തീരുമാനമാകുന്നമുറയ്ക്ക് കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ തിയേറ്റർ നിർമ്മാണം

391(1164) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ ഏതെല്ലാം ജില്ലയിൽ

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തിയേറ്റർ നിർമ്മിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതികളുടെ സഹായത്തോടെ കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്ന തിയേറ്റർ സമുച്ചയങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിയിൽ തിയേറ്റർ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

നീലേശ്വരം മുനിസിപ്പാലിറ്റി നിർദ്ദേശിച്ച സ്ഥലം കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന് കൈമാറി നൽകുന്നമുറയ്ക്കും ടി പദ്ധതിക്കായി ഫണ്ട് അനുവദിക്കുന്നമുറയ്ക്കും തിയേറ്റർ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

ലെനിൻ രാജേന്ദ്രൻ സ്മാരക തിയേറ്റർ കോംപ്ലക്സ്

392(1165) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുമോ:

(എ) ലെനിൻ രാജേന്ദ്രൻ സ്മാരക തിയേറ്റർ കോംപ്ലക്സും സാംസ്കാരിക കേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള ഉത്തരവിൽ (13-11-2024-ലെ സ.ഉ. (സാധാ) നമ്പർ 656/2024) മലയിൻകീഴ് പഞ്ചായത്ത് സെക്രട്ടറി നിർദേശിച്ച ഭൂമി മാറനല്ലൂർ വില്ലേജ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അത് മലയിൻകീഴ് വില്ലേജ് എന്ന് തിരുത്തുന്നതിനുള്ള നിർദേശം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) മലയിൻകീഴ് പഞ്ചായത്ത് നിർദേശിച്ച ഭൂമി പൂർണ്ണമായും ഏറ്റെടുക്കൽ നടപടികൾക്കായി സർക്കാർ ഉത്തരവിന് സമർപ്പിച്ചിട്ടുണ്ടോ?

(എ&ബി) ലെനിൻ രാജേന്ദ്രൻ സ്മാരക തിയേറ്റർ കോംപ്ലക്സും സാംസ്കാരിക കേന്ദ്രവും സ്ഥാപിക്കുന്നതിന് അനുമതി നൽകിയ 13-11-2024-ലെ സ.ഉ.(സാധാ.) 656/2024/ സാം.കാ.വ. നമ്പർ ഉത്തരവ് പ്രകാരം ഏറ്റെടുക്കേണ്ട ഭൂമി സംബന്ധിച്ച വിഷയത്തിൽ വ്യക്തത വരുത്തുന്നതിനായി മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 06-02-2025-ലെ എസ്.സി.3-4650/23 നമ്പർ പ്രകാരം സാംസ്കാരിക വകുപ്പ്

ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. 06-02-2025-ൽ ലഭ്യമായ കത്ത് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) എങ്കിൽ ഇവ രണ്ടിനുമായി സർക്കാരിന് സമർപ്പിച്ച നിർദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.[+]

പയ്യന്നൂർ തിയേറ്റർ സമുച്ചയ നിർമ്മാണം

393(1166) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.എഫ്.ഡി.സി. മുഖേന നടപ്പാക്കുന്ന പയ്യന്നൂർ തിയേറ്റർ സമുച്ചയ നിർമ്മാണത്തിന്റെ പുരോഗതി സംബന്ധിച്ച വിവരം അറിയിക്കാമോ?

പയ്യന്നൂർ തിയേറ്റർ സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ടി പദ്ധതിയുടെ 67% പൂർത്തിയായിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തിയേറ്റർ സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ തിയേറ്റർ സമുച്ചയത്തിന്റെ സ്ട്രക്ചറൽ, ഇൻഡോർ, ബ്ലാക്ക് വർക്ക്, ക്യാറ്റ് വാക്ക്, റൂഫിങ്, ഔട്ട്ഡോർ HVAC ഇൻസ്റ്റലേഷൻ വർക്ക് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. തിയേറ്റർ എഞ്ചിനീയറിങ്, ടൈലിങ് വർക്സ്, ഫയർ ഫൈറ്റിങ് വർക്സ്, ഇലക്ട്രിക്കൽ, സമ്പ് ടാങ്ക് നിർമ്മാണ ജോലികൾ എന്നിവയാണ് പൂർത്തിയാക്കാൻ ബാക്കിയുള്ളത്. ടി ജോലികൾ പുരോഗമിച്ച് വരുന്നു. പ്രസ്തുത പദ്ധതി 2025 മേയ് മാസം പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കോഴിക്കോട് മേഖലാ ഫിലിം ഫെസ്റ്റിവൽ

394(1167) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നടക്കുന്ന ഫിലിം ഫെസ്റ്റിവൽ മാതൃകയിൽ

കോഴിക്കോട് മേഖലാ ഫിലിം ഫെസ്റ്റിവൽ നടത്തണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ കോഴിക്കോട് മേഖലാ ഫിലിം ഫെസ്റ്റിവൽ നടത്താൻ നടപടി സ്വീകരിക്കുമോ?

(എ&ബി) തിരുവനന്തപുരത്ത് നടക്കുന്ന ഫിലിം ഫെസ്റ്റിവൽ കൂടാതെ എൻ.എഫ്.എഫ്.കെ., ആർ.ഐ.എഫ്.കെ., ഡബ്ല്യു.ഐ.എഫ്.കെ. എന്നിങ്ങനെയുള്ള വിവിധ ചലച്ചിത്ര മേളകൾ കേരളത്തിന്റെ വിവിധ പട്ടണങ്ങളിൽ വച്ച് ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കാറുണ്ട്. ഇത്തരത്തിൽ സംഘടിപ്പിക്കുന്ന ചലച്ചിത്ര മേളകൾ നടത്തുന്നതിന് മുൻഗണനാക്രമത്തിലും ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായും കോഴിക്കോടിനെ പരിഗണിക്കുന്നതാണ്.

ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ

395(1168) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാരംഗത്തെ അനഭിലഷണീയമായ പ്രവണതകൾ

സംബന്ധിച്ചുള്ള ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) സിനിമാരംഗത്തുണ്ടാകുന്ന തെറ്റായ പ്രവണതകൾ ഇല്ലാതാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സിനിമാ മേഖലയിലെ സ്ത്രീകളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

I. സിനിമാ സെറ്റിൽ ലൈംഗിക പരാതികൾ കൈകാര്യം ചെയ്യുന്നതിനായി നിയമപ്രകാരമുള്ള ഇന്റേണൽ കംപ്ലയ്ന്റ് കമ്മിറ്റി രൂപീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദേശം നൽകിയിട്ടുള്ളതും നടപ്പാക്കിവരുന്നതുമാണ്.

II. സർക്കാർ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന സിനിമകളിൽ സ്ത്രീപക്ഷ പുരോഗമന വീക്ഷണങ്ങൾ ഉൾക്കൊള്ളിക്കുന്ന കാര്യം ശ്രദ്ധിക്കുന്നുണ്ട്.

III. സിനിമാ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തവും സുരക്ഷിതത്വവും

വർധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണത്തിനാവശ്യമായ പരിപാടികൾ സംഘടിപ്പിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്കും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും നിർദേശം നൽകിയിട്ടുണ്ട്.

IV. തിരഞ്ഞെടുക്കപ്പെടുന്ന വനിതകൾക്ക് സിനിമകൾ സംവിധാനം ചെയ്യുന്നതിന് കെ.എസ്.എഫ്.ഡി.സി. മുഖാന്തരം ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ട്.

V. സിനിമയുടെ ഏതെങ്കിലും മേഖലയിൽ മികവ് പുലർത്തുന്ന സ്ത്രീ, ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കായി ചലച്ചിത്ര അവാർഡുകളിൽ പ്രത്യേകം അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

VI. സിനിമയുടെ സാങ്കേതികരംഗത്ത് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി തൊഴിൽ പരിശീലന പദ്ധതി ചലച്ചിത്ര അക്കാദമി മുഖേന ആരംഭിച്ചിട്ടുണ്ട്.

VII. സിനിമയിലെ കലാകാരന്മാർക്കും സാങ്കേതിക വിഭാഗത്തിൽ പ്രവർത്തിക്കുന്നവർക്കും തൊഴിലാളികൾക്കും വേതനം, തൊഴിൽ ദിനം,

അവധി തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച വ്യക്തമായ വ്യവസ്ഥകളടങ്ങിയ രേഖാമൂലമുള്ള കരാർ ഉറപ്പുവരുത്തണമെന്ന് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

VIII. സമഗ്രമായ സിനിമാ നയം ആവിഷ്കരിക്കുന്നത് സംബന്ധിച്ച് പ്രാഥമികമായ നിർദേശങ്ങൾ രൂപീകരിക്കുന്നതിനായി ശ്രീ. ഷാജി എൻ. കരുൺ അധ്യക്ഷനായ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി സിനിമയിലെ വിവിധ വിഭാഗങ്ങളുടെ പ്രതിനിധികളുമായി ചർച്ചകൾ നടത്തിവരുന്നു. ഹേമ കമ്മിറ്റി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച അനഭിലഷണീയ പ്രവണതകൾ ഒഴിവാക്കാനും ചലച്ചിത്ര മേഖല കൂടുതൽ സ്ത്രീ സൗഹൃദപരമായ തൊഴിലിടമാക്കുന്നതിനുമുള്ള നിർദേശങ്ങൾ ഉണ്ടാകുന്ന തരത്തിലാണ് ടി കമ്മിറ്റിയുടെ കരട് നയരൂപീകരണം നടത്തുന്നത്. സിനിമാ നയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വിഭാഗം ആൾക്കാരുമായി ചർച്ച ചെയ്യുന്നതിന് സിനിമാ കോൺക്ലേവ് സംഘടിപ്പിക്കുന്നതാണ്.

IX. സിനിമയിലെ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു

ട്രിബ്യൂണൽ സ്ഥാപിക്കുന്നതുൾപ്പെടെ ഉചിതമായ നിയമ നിർമ്മാണം നടത്തുന്നകാര്യം സർക്കാർ ഗൗരവമായി പരിശോധിച്ചുവരുന്നു.

X. ഹേമ കമ്മിറ്റി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയതിനെ തുടർന്നുണ്ടായ വെളിപ്പെടുത്തലുകളുടെയും കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി ഐ.ജി. ശ്രീ. സ്പർജൻ കുമാർ ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ ഉയർന്ന വനിതാ പൊലീസ് ഓഫീസർമാരെ ഉൾപ്പെടുത്തി ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

XI. ഹേമ കമ്മിറ്റി റിപ്പോർട്ടും അനുബന്ധ രേഖകളും പ്രസ്തുത അന്വേഷണ സംഘത്തിന് കൈമാറിയിട്ടുണ്ട്. റിപ്പോർട്ട് പുറത്തുവിട്ടതിന്റെ അടിസ്ഥാനത്തിൽ, 21-01-2025 വരെയുള്ള കണക്ക് പ്രകാരം, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം 79 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ രണ്ട് കേസുകൾ ബാംഗ്ലൂരിലേക്കും ഒരു കേസ് ചെന്നൈയിലേക്കും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കേസുകളിൽ അന്വേഷണം വിവിധ

ഘട്ടങ്ങളിലാണ്. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷിക്കുന്നുമുണ്ട്.

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ യുവജനക്ഷേമ പദ്ധതികൾ

396(1169) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ യുവജനകാര്യ വകുപ്പും യുവജന ക്ഷേമ ബോർഡും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നടപ്പാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പാക്കി കഴിഞ്ഞ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. യൂത്ത്, യുവാ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം.
2. കരിയർ ഗൈഡൻസ് ക്ലാസ്

3. സ്പീക്ക് യങ് - യൂത്ത് മീറ്റ്

4. കാർഷിക ക്ലബ്ബ് രൂപീകരണം

5. കാർഷിക ക്ലബ്ബ് അവാർഡ്

6. അവളിടം യുവതീ ക്ലബ്ബ്

7. ബിഗ് സ്ക്രീൻ പ്രദർശനം

8. നീന്തൽ പരിശീലനം

9. സയൻസ് ക്വിസ്

10. ഉയിർപ്പ് - ലഹരി വിരുദ്ധ കലാജാഥ

11. യൂത്ത് യുവാ ക്ലബ്ബുകൾക്കുള്ള ധനസഹായം

12. ശാസ്ത്രീയ കൃഷി രീതി സംബന്ധിച്ച പരിശീലനം

13. പരിസ്ഥിതി ദിനാചരണം

14. കേരളോത്സവം

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പാക്കുന്നത്

തുടർപദ്ധതികളാണ്.

****